കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 മാർച്ച് 19, ബുധൻ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 196 –നമ്പർ 18

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 മാർച്ച് 19, ബുധൻ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്ജ്

ഉള്ളടക്കം

I. ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

II. അനുമോദനം

സുനിതാ വില്യംസിനും സംഘത്തിനും ആശംസകൾ

III. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

IV. ശ്രദ്ധ ക്ഷണിക്കൽ

(1) പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന വിവിധ വായ്പാ പദ്ധതികളുടെ വിപുലീകരണം
- ശ്രീ. യു. ആർ. പ്രദീപ്

(2) കൊച്ചി കായലോര പ്രദേശങ്ങളിലെ സംരക്ഷണ പ്രവൃത്തികൾ
- ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

V. സബ്മിഷൻ

(1) വേമ്പനാട് കായൽ ശുചീകരണത്തിന് പ്രത്യേക പദ്ധതി
- ശ്രീ. പി. പി. ചിത്തരഞ്ജൻ

(2) മണിമല വില്ലേജിലെ റവന്യൂ ഭൂമി സാമൂഹ്യനീതി വകുപ്പിന് കൈമാറാൻ നടപടി
- ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്)

(3) ചങ്ങനാശ്ശേരി റവന്യൂ ടവറിലെ ലിഫ്റ്റുകളുടെ പ്രവർത്തനം
- ശ്രീ. ജോബ് മൈക്കിൾ

(4) കസബ ശാന്തിനഗർ നിവാസികളുടെ പട്ടയ പ്രശ്നം
- ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

(5) വേമ്പനാട് കായൽ ഡ്രഡ്ജിങ്
- ശ്രീ. ടി. ജെ. വിനോദ്

(6) കല്ല്യാശ്ശേരിയിലെ റഗുലേറ്റർ-കം-ബ്രിഡ്ജിന് പുതിയ ഷട്ടർ
- ശ്രീ. എം. വിജിൻ

(7) ഇടുക്കി ജില്ലയിലെ നിർമ്മാണ സാമഗ്രികളുടെ ക്ഷാമം
- ശ്രീ. വാഴൂർ സോമൻ

(8) കശുവണ്ടിയുടെ ന്യായവിലയും സംഭരണവും
- ശ്രീ. സജീവ് ജോസഫ്

(9) എൻ.എച്ച്.- 66-ൽ കായംകുളത്തെ അടിപ്പാത-മേൽപ്പാലം നിർമ്മാണം
- ശ്രീമതി യു. പ്രതിഭ

(10) പെരുവള്ളൂർ സി.എച്ച്.സി.-യിലെ ഐസൊലേഷൻ വാർഡ് പൂർത്തീകരണം
- ശ്രീ. പി. അബ്ദുൽ ഹമീദ്

VI. റിപ്പോർട്ട് സമർപ്പണം

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ മുപ്പത്തിയേഴ് മുതൽ നാൽപ്പത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ

VII. ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

(1) 2021 ജൂൺ 28-ാം തീയതിയിലെ ജി.ഒ.(എം.എസ്.) നം. 120/2021/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നം. 482/2021) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2021-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസ്

(2) 2021 ജൂൺ 28-ാം തീയതിയിലെ ജി.ഒ.(എം.എസ്.) നം. 121/2021/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നം. 483/2021) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2021-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസ്

(3) 2020 ജൂലൈ 01-ാം തീയതിയിലെ സ.ഉ.(അച്ചടി) നം. 89/2020/ധനം. (എസ്.ആർ.ഒ. നം. 726/2020) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2020-ലെ കേരള ട്രഷറി (ഒന്നാമത് ഭേദഗതി) ചട്ടങ്ങൾ

(4) 2024 ഒക്ടോബർ 02-ാം തീയതിയിലെ സ.ഉ. (അച്ചടി) നം. 52/2024/ തസ്വഭവ. (എസ്.ആർ.ഒ. നം. 1104/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള പഞ്ചായത്ത് രാജ് (മൃഗാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ

VIII. ക്രമപ്രശ്നം

(1) കേരള റാഗിങ് നിരോധന നിയമത്തിന് ചട്ടങ്ങൾ രൂപീകരിക്കാത്തത് സംബന്ധിച്ച്
- ശ്രീ. എ. പി. അനിൽ കുമാർ

റൂളിങ്

IX. നിയമനിർമ്മാണകാര്യം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപവും

(i) 2025 -ലെ കേരള ധനകാര്യ ബിൽ
(ii) 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ
(iii) 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും

ക്രമപ്രശ്നം

(2) ഓർഡിനൻസ് കാലഹരണപ്പെട്ടത് സംബന്ധിച്ച്
- ശ്രീ. അൻവർ സാദത്ത്

റൂളിങ്

അനുബന്ധം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 മാർച്ച് 19, ബുധൻ

വാല്യം 196} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 18

നിയമസഭ 2025 മാർച്ച് മാസം 19-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

I. ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*361)

ഇന്നത്തെ ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ട ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുടെ അടുത്ത ബന്ധുവിന്റെ മരണത്തെത്തുടർന്ന് സഭയിൽ ഹാജരാകാൻ സാധിക്കില്ലെന്ന് ചെയറിനെ അറിയിച്ചിട്ടുണ്ട്.

പിന്നാക്ക വിഭാഗ കോർപ്പറേഷൻ മുഖാന്തരം സി.ഡി.എസ്.-കൾക്ക് വായ്പ

1 (*361) ശ്രീ. കെ. എം. സച്ചിൻദേവ്:
ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് പിന്നാക്ക വിഭാഗ പട്ടികയിൽ എത്ര സമുദായങ്ങളുണ്ടായിരുന്നു; വിശദമാക്കുമോ;

(ബി) പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ പുതുതായി എത്ര സമുദായങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പിന്നാക്ക വിഭാഗ കോർപ്പറേഷൻ മുഖാന്തരം സി.ഡി.എസ്.-കൾക്ക് വായ്പ വിതരണം നടത്തിവരുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ;

(ഡി) ഇത്തരം വായ്പാ പദ്ധതികൾ വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) 2024-25 സാമ്പത്തിക വർഷം ഈ ഇനത്തിൽ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് പിന്നാക്ക വിഭാഗ പട്ടികയിൽ 85 സമുദായങ്ങളുണ്ടായിരുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തിയ സമുദായങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഉണ്ട്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് സി.ഡി.എസ്.-കൾ മുഖേന മൈക്രോ ക്രെഡിറ്റ് വായ്പ അനുവദിക്കുന്നുണ്ട്. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ സഫായി കർമചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ ലഘുവായ്പ (മൈക്രോ ക്രെഡിറ്റ്) പദ്ധതികളാണ് ഇത്തരത്തിൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ അനുബന്ധം 1

(ഡി) മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതികൾ സി.ഡി.എസ്.-കളിലെ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിനും പദ്ധതി വിപുലീകരണത്തിനുമായി കേരളത്തിലുടനീളം ജില്ലാ, ഉപജില്ലാ ഓഫീസുകൾ മുഖേന ബോധവൽക്കരണ ക്ലാസ്സുകൾ, വായ്പാ മേളകൾ എന്നിവ കൃത്യമായ ഇടവേളകളിൽ നടത്തുന്നുണ്ട്.

(ഇ) 2024-2025 സാമ്പത്തിക വർഷം ഇതുവരെ 101 സി.ഡി.എസ്.-കളിലെ 26197 ഗുണഭോക്താക്കൾക്കായി 184,43,47,071 രൂപ അനുവദിച്ചിട്ടുണ്ട്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, രണ്ടാം പിണറായി സർക്കാർ അധികാരത്തിൽവന്നതിനുശേഷം പിന്നാക്ക വിഭാഗ കോർപ്പറേഷനിൽനിന്നും എത്ര ഗുണഭോക്താക്കൾക്ക് എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 364545 ഗുണഭോക്താക്കൾക്കായി 3,643.16 കോടി രൂപയാണ് വായ്പയായി നൽകിയിട്ടുള്ളത്. എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്ന കണക്ക് പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, അവശത അനുഭവിക്കുന്നവരുടെ വായ്പാ ലോൺ എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഗുണഭോക്താക്കൾക്ക് വായ്പാ ഇളവ് അനുവദിച്ചു; ഇതിന്റെ ഭാഗമായി എത്ര രൂപയുടെ ഇളവ് അനുവദിച്ചിട്ടുണ്ട്?

ശ്രീ. പി. രാജീവ്: സർ, ഈ പദ്ധതി പ്രകാരം 893 ഗുണഭോക്താക്കൾക്കായി 9.75 കോടി രൂപയുടെ ഇളവ് അനുവദിച്ചിട്ടുണ്ട്.

ശ്രീ. എൻ. കെ. അക്ബർ: സർ, പരമ്പരാഗത കരകൗശല തൊഴിലാളികളുടെ

ഉൽപന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വിപണന മേളകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, 'ദാരിദ്ര്യത്തിൽനിന്നും പിന്നാക്കാവസ്ഥയിൽ നിന്നും മോചനം' എന്ന ലക്ഷ്യംവച്ചുകൊണ്ടാണ് ഈ കോർപ്പറേഷൻ പ്രവർത്തിക്കുന്നത്. അതിന്റെയടിസ്ഥാനത്തിൽ പരമ്പരാഗത കരകൗശല തൊഴിലാളികളുടെ ഉൽപന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും പിന്നാക്ക വിഭാഗ വകുപ്പുമായി ചേർന്ന് ജില്ലാതലത്തിൽ വിപണനവും പ്രദർശനവും നടത്താൻ കോർപ്പറേഷൻ ആലോചിക്കുന്നുണ്ട്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, പിന്നാക്ക വിഭാഗ കോർപ്പറേഷനിൽനിന്നും വായ്പയെടുത്ത് സ്റ്റാർട്ടപ്പുകൾ ആരംഭിച്ചവരുടെ വിജയകരമായ അനുഭവങ്ങൾ പുതുതായി സ്റ്റാർട്ട്അപ്പുകൾ ആരംഭിക്കുന്നവർക്ക് പ്രയോജനമാകത്തക്ക രീതിയിൽ പങ്കുവയ്ക്കാനുതകുന്ന ബോധവൽക്കരണ പരിപാടി നടത്താൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗത്തിന്റെ ചോദ്യം വളരെ പ്രസക്തമാണ്. ഇത്തരത്തിലുള്ള വായ്പാ വിതരണത്തിലൂടെ സംരംഭങ്ങളും സ്റ്റാർട്ടപ്പുകളും ആരംഭിച്ചവർക്ക് അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കാനും അതിന്റെ ഭാഗമായി ഉൽപന്നങ്ങളുടെ പ്രദർശനം നടത്തി കൂടുതൽ ആളുകളെ ഇതിലേക്ക് ആകർഷിക്കാനും കഴിയുന്ന പരിപാടികൾ സംഘടിപ്പിക്കാനും കോർപ്പറേഷൻ ആലോചിക്കുന്നുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, 2025-26 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ മുഖാന്തരം എത്ര കോടി രൂപയുടെ വായ്പ നൽകാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, 2025-26 സാമ്പത്തിക വർഷത്തിൽ 900 കോടി രൂപയുടെ

വായ്പ നൽകാനാണ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്ന 500 കോടി രൂപയിലധികം വരുന്ന പദ്ധതികൾ വെട്ടിച്ചുരുക്കിയിട്ടുണ്ട്. സർക്കാർ ഈ വിഭാഗത്തോട് ഗുരുതരമായ അവഗണനയാണ് കാണിക്കുന്നത്. ഇനിയും ഇത്തരത്തിലുള്ള വെട്ടിച്ചുരുക്കലുകളുണ്ടോ; വെട്ടിച്ചുരുക്കിയ പണം തിരിച്ച് നൽകാൻ എന്തെങ്കിലും പദ്ധതികളുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം പിന്നാക്ക വിഭാഗ കോർപ്പറേഷനുമായി ബന്ധപ്പെട്ട ചോദ്യമാണ് ചോദിക്കേണ്ടത്. അദ്ദേഹം ചോദിച്ചത് മറ്റൊരു ചോദ്യമാണ്. പിന്നാക്ക ജനവിഭാഗങ്ങളിൽ എസ്.സി. വിഭാഗങ്ങൾക്ക് പരമാവധി സംരക്ഷണം നൽകി അവരെ ശാക്തീകരിച്ച് കൂടുതൽ പേരെ സംരംഭകരായി മാറ്റിയെടുക്കാനാണ് ഈ സർക്കാരിന് താൽപര്യം. ഈ സഭയിൽ ചട്ടം 300 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസ്താവനയിൽത്തന്നെ ഗവൺമെന്റിന്റെ സമീപനം വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 1947-നുമുമ്പ് ലത്തീൻ കത്തോലിക്ക വിശ്വാസികളായി ചേർന്നവർക്കും അവരുടെ പിൻതലമുറയ്ക്കും മാത്രമെ ലത്തീൻ കത്തോലിക്ക സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നുള്ളൂ. അതുകൊണ്ടുതന്നെ കാസർഗോഡ് ജില്ലയിലെ കൊങ്കണി ഭാഷ സംസാരിക്കുന്ന ക്രിസ്ത്യൻ വിഭാഗത്തിന് ഒ.ബി.സി. ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യമുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്

പരിഹാരം കാണാൻ ശ്രമിക്കുമോ?

ശ്രീ. പി. രാജീവ്: സർ, സാധാരണ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ഒരു പ്രൊസീജ്യറുണ്ട്. അത് പാലിച്ചുകൊണ്ട് തീരുമാനമെടുക്കുമ്പോൾ പൊതുഭരണ വകുപ്പാണ് ഗസറ്റ് നോട്ടിഫിക്കേഷൻ മുഖേന പ്രഖ്യാപിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പ്രത്യേകമായി ചൂണ്ടിക്കാണിച്ച വിഷയം പരിശോധിക്കാം.

നദികളിലെ എക്കലും ചെളിയും നീക്കം ചെയ്യാൻ നടപടി

2(*362) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും ചെളിയും നീക്കം ചെയ്യുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) നദികളിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണൽ നീക്കം ചെയ്യുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ശേഖരിക്കുന്ന മണൽ പൊതുജനങ്ങൾക്ക് വിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും ഇതിലൂടെ എത്ര തുക സംഭരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, (എ) സുസ്ഥിരമായ ജലവിഭവ മാനേജ്മെന്റ് ഉറപ്പാക്കുന്നതിനും വെള്ളപ്പൊക്ക പ്രതിരോധശേഷി മെച്ചപ്പെടുത്തുന്നതിനും

ഭൂഗർഭജല റീചാർജ് വർധിപ്പിക്കുന്നതിനുമായി ഇത്തരം പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമായും ഘട്ടംഘട്ടമായും ശാസ്ത്രീയമായും നടപ്പാക്കുന്നു. പരമാവധി കാര്യക്ഷമതയും പൊതുജന പങ്കാളിത്തവും കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (LSGI-കൾ), ജില്ലാ ദുരന്തനിവാരണ അതോറിറ്റി (DDMA), പ്രാദേശിക സമൂഹങ്ങൾ എന്നിവയുമായി ഏകോപനത്തിൽ പ്രവർത്തിക്കുന്ന ഒരു സംയോജിത സമീപനമാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്.

2022 ഫെബ്രുവരിയിൽ ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ വലിയ തോതിലുള്ള ഒരു ഡിസിൽറ്റേഷൻ പദ്ധതി ആരംഭിച്ചു.

നദികളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്നതിനായി വിവിധ ജില്ലാ നിർദിഷ്ട പദ്ധതികളും വകുപ്പ് നടപ്പാക്കുന്നുണ്ട്. എറണാകുളം ജില്ലയിൽ പെരിയാർ, മൂവാറ്റുപുഴയാർ, കടമ്പ്രയാർ നദികളിലും അവയുടെ പോഷകനദികളിലും അടിഞ്ഞുകൂടിയ ചെളിയും അവശിഷ്ടങ്ങളും നീക്കം ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് കഴിഞ്ഞ മൂന്ന് വർഷമായി ഓപ്പറേഷൻ വാഹിനി പദ്ധതി നടപ്പാക്കിവരുന്നു. വെള്ളപ്പൊക്ക ലഘൂകരണത്തിലും ജലപ്രവാഹം മെച്ചപ്പെടുത്തുന്നതിലും നിർണ്ണായക പങ്കുവഹിക്കുന്ന ഈ പദ്ധതി 2025-26-ഓടെ പൂർത്തീകരിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ കരുവന്നൂർ, കേച്ചേരി, പുഴക്കൽ നദികളിൽ ഡിസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പാക്കിവരുന്നുണ്ട്. ഇത് ഈ നദികൾക്ക് മൺസൂൺ പ്രവാഹം ഫലപ്രദമായി കൈകാര്യം ചെയ്യാൻ കഴിയുമെന്ന് ഉറപ്പാക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ കരമനയാർ, കിള്ളിയാർ, നെയ്യാർ, മാമം, വാമനപുരം, അയിരൂർ എന്നീ നദികളിലെ ഡിസിൽറ്റേഷൻ പ്രവൃത്തികൾ വാർഷിക മൺസൂൺ

മുന്നൊരുക്ക ഫണ്ട് ഉപയോഗിച്ചും പ്ലാൻ ഫണ്ട് ഉപയോഗിച്ചും നടപ്പാക്കിവരുന്നുണ്ട്.

പതിവ് മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുപുറമെ, ചരിത്രപരമായി പ്രാധാന്യമുള്ള നദികളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനുമായി നിരവധി പ്രധാന നദി പുനരുദ്ധാരണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇത്തിക്കര, കല്ലട നദികളിലെ വാർഷിക മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളും വകുപ്പ് നടത്തിവരുന്നുണ്ട്.

അച്ചൻകോവിൽ, പമ്പ ലീഡിങ് ചാനൽ, മങ്കൊട്ട പമ്പ എന്നിവിടങ്ങളിൽ വിപുലമായ ഡിസിൽറ്റേഷൻ പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. അച്ചൻകോവിൽ നദിയിൽ 3.375 കിലോമീറ്റർ, പമ്പാ നദിയിലും അതിന്റെ ലീഡിംഗ് ചാനലിലും 6 കിലോമീറ്റർ, മങ്കൊട്ട പമ്പ നദിയിൽ 5 കിലോമീറ്റർ എന്നിവിടങ്ങളിലെ ചെളി നീക്കം ചെയ്യുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തികൾ ആരംഭഘട്ടത്തിലാണ്. കുട്ടനാട്ടിൽ എക്കലും ചെളിയും അടിഞ്ഞുകൂടുന്നത് ജലസേചനത്തെയും കാർഷിക ഉൽപാദനക്ഷമതയെയും സാരമായി ബാധിച്ചതിനാൽ, Restoration of Ecosystems of Kuttanad in Alappuzha District (Phase I) എന്ന പ്രവൃത്തിയുടെ ₹59.213 കോടി രൂപയുടെ ഡി.പി.ആർ. സർക്കാരിന് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ, അരൂർ നിയോജകമണ്ഡലത്തിലെ വേമ്പനാട് കായലിന്റെ തീരങ്ങളുടെയും അനുബന്ധ ചാനലുകളുടെയും ആഴം കൂട്ടുന്നതിനായി ₹28.79 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

കോരപ്പുഴ അഴിമുഖം മുതൽ റെയിൽവെ പാലം വരെ 1600 മീറ്റർ നീളത്തിൽ ചെളിയും എക്കലും നീക്കം ചെയ്യുന്ന പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരികയാണ്. ദേശീയ ഹരിത ട്രിബ്യൂണൽ ആക്ഷൻ പ്ലാനിലുൾപ്പെട്ട സംസ്ഥാനത്തെ ഏറ്റവും മലിനീകരിക്കപ്പെട്ട പുഴകളിലൊന്നായ കല്ലായി പുഴയുടെ പുനരുജ്ജീവനത്തിനായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ നഗരസഞ്ജയ ഫണ്ട് ഉപയോഗപ്പെടുത്തി ചെളി നീക്കം ചെയ്യുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

നദികളുടെ ഡിസിൽറ്റേഷനുപുറമെ, വെള്ളപ്പൊക്ക നിയന്ത്രണത്തിലും ജലസംഭരണത്തിലും ചെക്ക് ഡാമുകളിലും റെഗുലേറ്ററുകളിലും ചെളി നീക്കം ചെയ്യുന്നതിലും വകുപ്പ് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ഈ ശ്രമങ്ങളുടെ ഭാഗമായി, പൂക്കോട്ടുമണ്ണ ആർ.സി.ബി.-യിൽനിന്ന് 30,970.40 ഘനമീറ്റർ ചെളിയും ചെറുതുരുത്തി ചെക്ക് ഡാമിൽനിന്ന് 15,744.985 ഘനമീറ്റർ ചെളിയും മഞ്ഞുമ്മൽ റെഗുലേറ്ററിൽനിന്ന് 660 ഘനമീറ്റർ ചെളിയും പുറപ്പള്ളിക്കാവ് റെഗുലേറ്ററിൽനിന്ന് 2,600 ഘനമീറ്റർ ചെളിയും നീക്കംചെയ്തിട്ടുണ്ട്. വെള്ളിയാംകല്ല് റെഗുലേറ്ററിന്റെ ഡിസിൽറ്റേഷൻ നടപ്പാക്കുന്നതിനുള്ള പ്രവൃത്തികൾ നിലവിൽ പുരോഗമിക്കുന്നു. ജലസംഭരണശേഷി കൂടുതൽ വർധിപ്പിക്കുന്നതിനും വെള്ളപ്പൊക്ക മാനേജ്മെന്റ് കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുമായി ചെറുതുരുത്തി ചെക്ക് ഡാം, പട്ടാമ്പി ചെക്ക് ഡാം, കൂട്ടക്കടവ് റെഗുലേറ്റർ എന്നിവയുടെ അപ്സ്ട്രീം ഭാഗങ്ങളിൽനിന്നുള്ള ചെളി നീക്കം ചെയ്യുന്നതിനുള്ള ടെൻഡർ പ്രക്രിയ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. റൂം ഫോർ റിവർ പദ്ധതിയുടെ കീഴിൽ കേരളത്തിലുടനീളമുള്ള നിരവധി നദീതീരങ്ങളിൽ ഒരു പ്രാഥമിക സർവെ നടത്തി, ജലത്തിന്റെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന എക്കലും ചെളിയും

2022-ൽ ഗണ്യമായ അളവിൽ നീക്കം ചെയ്തിട്ടുണ്ട്.

കാങ്കകടവ് റഗുലേറ്റർ-കം-ബ്രിഡ്ജ്, മുതിക്കയം റഗുലേറ്റർ-കം-ബ്രിഡ്ജ് തുടങ്ങിയവയിലെ റഗുലേറ്ററിന്റെ അപ്സ്ട്രീമിലും ഡൗൺസ്ട്രീമിലും അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്തില്ലെങ്കിൽ അവ ജലപ്രവാഹത്തെയും റെഗുലേറ്റർ-കം-ബ്രിഡ്ജ് ഷട്ടറുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തെയും തടസ്സപ്പെടുത്തുമെന്ന് കണ്ടതിനാൽ, ആയത് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) നദികളുടെ സ്വാഭാവിക ഒഴുക്കിന് തടസ്സമാകുന്ന രീതിയിലുള്ള എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ മാത്രമാണ് ജലസേചന വകുപ്പ് മുഖേന നടപ്പാക്കാൻ കഴിയുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഭാരതപ്പുഴയടക്കം ഒട്ടേറെ സ്ഥലങ്ങളിൽനിന്ന്, പ്രത്യേകിച്ച് കുറ്റിപ്പുറത്തെ പ്രദേശങ്ങളിൽനിന്നും കേരളത്തിലെ പല പുഴകളിൽനിന്നും എക്കലും ചെളിയും മണലും നീക്കം ചെയ്യുന്നതിനാവശ്യമായ ടെൻഡർ നടപടികൾ പുരോഗമിച്ചിട്ടുണ്ടെന്നാണ് അറിയാൻ സാധിച്ചത്. കുറ്റിപ്പുറത്തെ ആർ.സി.ബി.-യുടെ തൊട്ടടുത്തുള്ള പ്രദേശത്തുനിന്ന് ടി പ്രവൃത്തി ചെയ്യുന്നതിനായി ഏകദേശം 250 കോടി രൂപയ്ക്ക് ഗുജറാത്തിലെ എ.ആർ.എസ്. കമ്പനി ടെൻഡർ എടുത്തിട്ടുണ്ടെന്നാണ് പത്ര റിപ്പോർട്ടിൽനിന്നും അറിയാൻ സാധിച്ചത്. ഇവിടെയുള്ള പാലത്തിന്റെയും പുഴയുടെയും ആർ.സി.ബി.-യുടെയും സുരക്ഷ ഉറപ്പാക്കിയശേഷമാണ് ടെൻഡർ നൽകുന്നതെങ്കിൽ ജനങ്ങൾക്ക് എതിർപ്പുണ്ടാകുകയില്ല. മുമ്പ് ഗ്രീൻ ട്രിബ്യൂണൽ ഈ പുഴയിൽനിന്നും

മണലെടുക്കുന്നതിന് നിരോധം ഏർപ്പെടുത്തിയിരുന്നു. ജനങ്ങളുടെ ആശങ്കയകറ്റിയും അവരെ വിശ്വാസത്തിലെടുത്തുകൊണ്ടും ഈ പ്രവർത്തനം നടത്താനാവശ്യമായ പാരിസ്ഥിതിക പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഗവൺമെന്റ് ആവശ്യമായ പാരിസ്ഥിതിക പഠനം നടത്തി ജനങ്ങളുടെ ആശങ്കയകറ്റിയശേഷം ആ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനുള്ള തയ്യാറെടുപ്പ് ചെയ്യുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വാട്ടർ ബോഡികളോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ, അതിന്റെ അപ്സ്ട്രീമിലും ഡൗൺസ്ട്രീമിലും, ആ വാട്ടർ ബോഡിയിൽ ഉണ്ടായിരിക്കുന്ന ആർ.സി.ബി. ആണെങ്കിലും ബന്ധപ്പെട്ട പ്രവൃത്തികളാണെങ്കിലും അവയുടെ സുരക്ഷയ്ക്കുകൂടി വേണ്ടിയാണ് എക്കലും ചെളിയും മാറ്റേണ്ടിവരുന്നത്. ജലസംഭരണശേഷികളുടെ നിലനിൽപ്പിന് എക്കലും ചെളിയും മാറ്റേണ്ടത് അനിവാര്യമാണെന്ന ബോധ്യത്തോടുകൂടിയുള്ള പഠനത്തിന്റെ പശ്ചാത്തലത്തിലാണ് പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. എക്കലും ചെളിയും നീക്കം ചെയ്യേണ്ടത് അനിവാര്യമാണ്. എന്നാൽ അത് നിർമ്മാണ പ്രവർത്തനത്തെ കാര്യക്ഷമമായി ബാധിക്കുന്നമെന്നതിനാൽ അതിനോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ മാത്രമാണ് ഇത്തരം പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, റഗുലേറ്ററുകളുടെയും ചെക്ക് ഡാമുകളുടെയും നിശ്ചിതപരിധിയിൽനിന്നും മാറിയിട്ടല്ലാതെ എക്കലും ചെളിയും മണലുമൊക്കെ നീക്കംചെയ്താൽ റഗുലേറ്ററുകളുടെ സുരക്ഷയെ അത് ബാധിക്കുകയും പുഴകളുടെ സ്വാഭാവിക അടിത്തട്ട് കവിഞ്ഞ് വാട്ടർ ടേബിൾ താഴുന്ന അവസ്ഥയുണ്ടാകുകയും

അത് തൊട്ടടുത്ത കിണറുകളെ ബാധിക്കുകയും ചെയ്യും. റഗുലേറ്ററുകളുടെയും ചെക്ക് ഡാമുകളുടെയും സുരക്ഷ ഉറപ്പാക്കി അതിന് യാതൊരു പ്രയാസവും വരില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട് മണൽഖനനം നടത്തുന്നതിനുള്ള നിലപാട് സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, നിലവിൽ ഇറിഗേഷൻ വകുപ്പ് മണൽ ഖനനം നടത്തുന്നില്ല. എക്കലും ചെളിയും മാറ്റുകയെന്ന പ്രവൃത്തി മാത്രമാണ് ഇറിഗേഷൻ വകുപ്പിന്റെ പരിധിയിലുള്ളത്. ആവശ്യമായ പഠനം നടത്തിയശേഷമാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട പഠനം നടത്താതെ ഈ പ്രവൃത്തി ചെയ്യാൻ സാധിക്കില്ല. — റഗുലേറ്ററിന്റെയും ആർ.സി.ബി.-കളുടെയും സുരക്ഷയും അതിന്റെ പ്രശ്നങ്ങളുമെല്ലാം പരിഹരിക്കാൻ ഇത്തരം പ്രവൃത്തി ആവശ്യമായതുകൊണ്ടാണ് ഇവ ഏറ്റെടുക്കേണ്ടിവരുന്നത്. വിശദമായ പഠനം നടത്തിയതിന്റെ പശ്ചാത്തലത്തിലാണ് ഇത്തരം കാര്യങ്ങൾ ചെയ്തിട്ടുള്ളത്. ചില കാര്യങ്ങളിൽ കോടതി ഇടപെടലുകൾ ഉണ്ടായ സാഹചര്യത്തിൽ ഇക്കാര്യം കോടതിയെയും അറിയിച്ചിട്ടുണ്ട്. കോടതിയെ ബോധ്യപ്പെടുത്തിയിട്ടുള്ള ഒരു കാര്യമെന്ന നിലയിൽ ആ തീരുമാനത്തിന്റെകൂടി പശ്ചാത്തലത്തിലായിരിക്കും നടപടി സ്വീകരിക്കുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കഴിഞ്ഞ വി. എസ്. സർക്കാരിന്റെ കാലത്ത് ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അവതരിപ്പിച്ച ബജറ്റിൽ പുഴയിൽനിന്നും മണൽ വാരാനുള്ള പ്രഖ്യാപനം ഉണ്ടായിരുന്നു. മലമ്പുഴ പോലെയുള്ള ഒന്നുരണ്ട് പ്രദേശത്തുനിന്നും മണൽവാരിയെങ്കിലും ലേബർ പ്രോബ്ലവും കോസ്റ്റും ഫീസിബിളല്ലാത്തതിനാൽ ആ പദ്ധതി ഉപേക്ഷിച്ചു. അത്തരം പദ്ധതികൾ

വീണ്ടും നടപ്പാക്കാൻ മതിയായ സർവെയും പഠനങ്ങളും നടത്തിയിട്ടുണ്ടോ; ജലവിഭവ വകുപ്പിന് ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ വിവരങ്ങൾ ലഭ്യമായിട്ടുണ്ട്?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പുഴയിൽനിന്ന് മണലും മറ്റും മാറ്റുന്നത് ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിൽപ്പെട്ട കാര്യമല്ല. അത് റവന്യൂ വകുപ്പാണ് കൈകാര്യം ചെയ്യേണ്ടത്. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇതുസംബന്ധിച്ച് സഭയിൽ വിശദീകരിക്കുകയുണ്ടായി. ഇത്തരം കാര്യങ്ങൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ചചെയ്ത് വിശദമായി മനസ്സിലാക്കി മുന്നോട്ടുപോകേണ്ടതുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: സർ, മണൽവാരലുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഫണ്ട് റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്കാണ് പോകുന്നത്. റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്ന ജില്ലാതല കമ്മിറ്റിയിൽ എം.എൽ.എ.-മാർക്ക് പങ്കില്ല. ഇതൊരു ജനകീയ കമ്മിറ്റിയായി രൂപീകരിച്ചതിനാൽ പ്രയോറിറ്റിയിലും മറ്റു കാര്യങ്ങളിലും വ്യക്തതയില്ലാതെയാണ് അവർ ഈ വർക്ക് നടപ്പാക്കുന്നത്. അതിനാൽ അങ്ങ് രൂപീകരിക്കുന്ന കമ്മിറ്റിയിൽ എം.എൽ.എ.-മാരെക്കൂടി ഉൾപ്പെടുത്തി കാര്യങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, റിവർ മാനേജ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് റവന്യൂ വകുപ്പാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കഴിഞ്ഞദിവസം പ്രസ്തുത ഫണ്ട് വിനിയോഗിച്ച് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് മറുപടി പറയുകയുണ്ടായി. അത് കുറെക്കൂടി കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് റവന്യൂ വകുപ്പ് ഇപ്പോൾ മുമ്പത്തെക്കാൾ ജാഗ്രത

പുലർത്തുന്നുണ്ട്. ഈ ഫണ്ട് വിനിയോഗിച്ച് തീരങ്ങളും കൃഷിയിടങ്ങളും സംരക്ഷിക്കുന്നത് കുറെയേറെ ജനങ്ങൾക്ക് ആശ്വാസകരമായിരിക്കും. നിലവിൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കൂടുന്ന സമിതിയാണ് ഇത്തരം കാര്യങ്ങൾ ആലോചിക്കുന്നത്. ഇക്കാര്യത്തിൽ തീർച്ചയായും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി ആലോചിച്ച് കാര്യക്ഷമമായ പ്രവർത്തനം നടപ്പാക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, 2018-19 കാലത്തുണ്ടായ പ്രളയത്തിൽ നദീതീരങ്ങളിൽ, പ്രത്യേകിച്ച് മധ്യകേരളത്തിലെ നദികളിൽ വലിയതോതിൽ മണലും എക്കലും അടിഞ്ഞുകൂടിയിരുന്നു. അങ്ങനെ അടിഞ്ഞുകൂടിയ മണൽ, എക്കൽ എന്നിവ നീക്കംചെയ്യാൻ കരാർ നൽകിയിരുന്നോ; കരാർ നൽകുംമുമ്പ് ഓരോ സ്പോട്ടിലെയും അളവ് തിട്ടപ്പെടുത്തിയിരുന്നോ; എങ്കിൽ കരാർ പ്രകാരം നീക്കം ചെയ്ത മണലിന് സീനിയറേജ് ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട്?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, നമുക്ക് അത്തരത്തിലൊരു സാഹചര്യം ഉണ്ടായിട്ടുണ്ട്. 2018-19-ൽ ഇക്കാര്യം വ്യക്തമായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പുഴകളിലെയും നദികളിലെയും കൈവഴികളിലെയും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനും വാട്ടർബോഡി പഴയ രീതിയിലാക്കുന്നതിനും ഇരുവശവും സംരക്ഷിക്കുന്നതിനും സർക്കാർ തീരുമാനമെടുത്തിരുന്നു. അതിന്റെ ഭാഗമായി ഏകദേശം 3 കോടി ഘനമീറ്റർ എക്കലും ചെളിയും മാറ്റേണ്ടിവരുമെന്ന് കണക്കാക്കുകയും ഒരു കോടി ഘനമീറ്റർ എക്കലും ചെളിയും നീക്കം ചെയ്യുകയും ചെയ്തു. പക്ഷേ ഇവയെല്ലാം നീക്കി

പുറത്തിട്ടപ്പോൾ ഇത് എടുത്തുകൊണ്ടുപോകാൻ ആളില്ലാത്ത അവസ്ഥയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ ഇത് ലേലം ചെയ്തുകൊടുക്കാമെന്ന് കരുതിയപ്പോൾ അതിനുപോലും ആളിനെ ലഭിക്കാത്ത അവസ്ഥയും രൂപപ്പെട്ടു. തുടർന്ന് ഈ പ്രവൃത്തി നടപ്പാക്കേണ്ടി വരുമെന്നതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിനായി സർക്കാരിന് ഇതുമായി ബന്ധപ്പെട്ട് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ സ്വീകരിക്കേണ്ട സ്ഥിതിവിശേഷമുണ്ടായി. പിന്നീട് കാലവർഷവുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങളിലെല്ലാം വെള്ളപ്പൊക്ക നിയന്ത്രണത്തിന് ഇത് കൂടിയേതെ ഫലകരമായിരുന്നു. തിരുവനന്തപുരത്ത് തമ്പാനൂരിൽ ആമയിഴഞ്ചാൻ തോടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ചപ്പോൾ കൂടി ആശ്വാസകരമായ മാറ്റങ്ങളുണ്ടായി. ഇക്കാര്യങ്ങൾ ഐക്യത്തോടെ വർഷന്തോറും നടപ്പാക്കാൻ സാധിച്ചാൽ വളരെയേറെ മാറ്റങ്ങൾ രൂപപ്പെടുത്താൻ കഴിയും. അതിന് തക്കതായ ആലോചനകൾ നടത്തി മുന്നോട്ടുപോകാനാണ് സർക്കാർ ആഗ്രഹിക്കുന്നത്.

<u>ശ്രീ. എച്ച്. സലാം</u>: സർ, KUFOS-ന്റെ പഠന റിപ്പോർട്ടനുസരിച്ച് വേമ്പനാട് കായലിന്റെ സ്റ്റോറേജ് കപ്പാസിറ്റി 65 ശതമാനത്തിനുമുകളിൽ കുറഞ്ഞിരിക്കുന്നുവെന്നും അടിത്തട്ടിൽ വലിയൊരു പ്ലാസ്റ്റിക് ലെയർ രൂപപ്പെട്ടിട്ടുണ്ടെന്നുമാണ് പറയപ്പെടുന്നത്. കുട്ടനാടിനെ വെള്ളപ്പൊക്കത്തിൽനിന്നും രക്ഷിക്കാൻ വേമ്പനാട് കായലിന്റെയും അതിന്റെ കൈവഴികളിലെയും എക്കലും ചെളിയും പ്ലാസ്റ്റിക്കും നീക്കം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കണമെന്നത് ശ്രദ്ധേയമായ കാര്യമാണ്. ഗവൺമെന്റ് അതിനാവശ്യമായ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, സംസ്ഥാനത്തെ നദികളുടെ പുനരുജ്ജീവനം ലക്ഷ്യം വച്ച് എത്ര നദികളിൽനിന്ന് എത്ര ക്യൂബിക് മീറ്റർ എക്കലും ചെളിയും നാളിതുവരെ നീക്കം ചെയ്തിട്ടുണ്ടെന്നും എത്ര നദികളുടെ സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അതുമായി ബന്ധപ്പെട്ട കണക്ക് കൃത്യമായി പറയാൻ കഴിയില്ല. കഴിയുന്നത്ര സ്ഥലങ്ങളിൽ ആദ്യം പറഞ്ഞ പ്രൊസീജ്യർ പ്രകാരം കുറെ മാറ്റങ്ങൾ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കുറച്ചുകാര്യങ്ങളിൽ ഇതിന്റെ പ്രവർത്തനം പൂർണ്ണതോതിൽ എത്തിക്കാനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. ഈ പ്രവർത്തനങ്ങൾ ആദ്യഘട്ടത്തിൽ ഫലപ്രദമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും ഇത്തരം കാര്യങ്ങൾ കുറെക്കൂടി മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് ആലോചിച്ചുവരുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിലെ ജലസംഭരണികളുടെ സമീപത്ത് താമസിക്കുന്നവർക്ക് പ്രയാസമുണ്ടാക്കുന്ന രൂപത്തിൽ സർക്കാർ 26-12-2024-ൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ സംഭരണികളുടെ സമീപ പ്രദേശങ്ങളെ, കാറ്റഗറി 1 (ബഫർ സോൺ), കാറ്റഗറി 2 (സെക്കന്റ് സോൺ) എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. കാറ്റഗറി ഒന്നിൽ സർക്കാർ പൂർണ്ണമായും നിർമ്മാണ പ്രവർത്തനങ്ങൾ നിരോധിക്കുകയും കാറ്റഗറി

രണ്ടിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വളരെ അപ്രായോഗികമായിട്ടുള്ള നിബന്ധനകൾ ഏർപ്പെടുത്തുകയും ചെയ്തതിനാൽ ഇക്കാര്യത്തിൽ ജനങ്ങൾക്കുണ്ടാകുന്ന പ്രയാസം പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; ജനങ്ങളുടെ ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു ചരിത്രമുണ്ട്. ഇന്ത്യ-ചൈനാ യുദ്ധത്തിനുശേഷം നിലവിൽവന്ന ഡിഫൻസ് ഓഫ് ഇന്ത്യാ ആക്ട് പ്രകാരം 1985-ൽ ആഭ്യന്തര വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവനുസരിച്ച് ഇന്ത്യയിലെ മേജർ ഡാമുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പരിധി നിശ്ചയിച്ചുകൊണ്ട് ഒരു ബഫർ സോൺ നിലവിൽ വന്നിരുന്നു. എന്നാൽ ഡിഫൻസ് ഓഫ് ഇന്ത്യാ ആക്ട് സർക്കാർ പിൻവലിച്ചെങ്കിലും ഡാമുകളോട് ചേർന്നുനിൽക്കുന്ന റിസർവോയർ പ്രദേശങ്ങളിൽ മലിനീകരണം, മണ്ണൊലിപ്പ് എന്നിവ ഉൾപ്പെടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമുണ്ടായിരിക്കുകയും ആയത് Kerala Irrigation and Water Conservation Act അനുസരിച്ച് പ്രവർത്തിക്കുന്ന കേരള ഡാം സേഫ്റ്റി അതോറിറ്റി ചെയർമാനായിരുന്ന റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. രാമചന്ദ്രൻ നായർ ഓരോ നിർമ്മാണ അപേക്ഷയും പരിശോധിച്ച് അനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ 2021-ൽ ഡാം സേഫ്റ്റി ആക്ട് നിലവിൽ വന്നപ്പോൾ കേരള ഡാം സേഫ്റ്റി അതോറിറ്റി ഇല്ലാതായി. ബഹുമാനപ്പെട്ട ഹൈക്കോടതി ബാണാസുരാ സാഗർ റിസർവോയറിനോടുചേർന്ന് നിർമ്മിക്കുന്ന പ്രദേശത്തെ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്ന വിഷയം

പരിഗണിച്ചപ്പോൾ, റിസർവോയറുകളുടെ ചുറ്റുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് സമയബന്ധിതമായി ഒരു നയം രൂപീകരിക്കണമെന്ന് സർക്കാരിന് നിർദേശം നൽകുകയുണ്ടായി. നിർമ്മാണാനുമതി നൽകുന്നതിന് ഒരു പ്രത്യേക നിയമമില്ലാതിരുന്ന ഘട്ടത്തിലാണ് ഡാമുകളുടെ റിസർവോയറുകളെ സംബന്ധിച്ച പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. ഇതിൽ ജനങ്ങൾക്ക് ആശങ്കയുണ്ടാകേണ്ട കാര്യമില്ല. കാരണം, നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങളെ ഇത് ബാധിക്കില്ല.

രണ്ടാമത്തെ വിഷയം, ഇവിടെ 'ബഫർ' എന്ന വാക്കുതന്നെ ആവശ്യമില്ല. അങ്ങനെയൊരു പ്രശ്നം രൂപപ്പെടുത്തണമെന്ന ആഗ്രഹവുമില്ല. ഇത്തരം കാര്യങ്ങൾ കോടതിയുടെ പരിഗണനയിൽ വന്നപ്പോൾ, ഒരുപക്ഷെ 100 മീറ്ററോ 200 മീറ്ററോ എന്നൊരു ഇൻസ്ട്രക്ഷൻ വന്നാൽ ഇത് കൂടുതൽ ദോഷകരമായി ബാധിക്കാനുള്ള സാധ്യതയുള്ളതുകൊണ്ടാണ് അത്തരത്തിലൊരു ഉത്തരവ് പുറപ്പെടുവിക്കേണ്ടിവന്നത്. ഓരോ അപേക്ഷയും പ്രത്യേകമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്ന അവസരത്തിൽ, ഈ ഉത്തരവ് മോഡിഫൈ ചെയ്താൽ കാര്യങ്ങൾ കുറെക്കൂടി അക്സപ്റ്റബിളാകും എന്ന് ബോധ്യപ്പെട്ടാൽ അതിന് ഗവൺമെന്റ് തയ്യാറാകുന്നതാണ്. ഇത്തരം കാര്യങ്ങളിൽ യാതൊരു ആശങ്കയുടെ ആവശ്യവുമില്ല. നേരത്തെ ചെയ്തതുപോലെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് നടപടി സ്വീകരിക്കും. ഡാമിന്റെ തീരത്തോട് ചേർന്ന് റിസോർട്ടുകൾ നിർമ്മിക്കുന്നതിന് അനുവാദം നൽകണോ വേണ്ടയോ എന്നുള്ള ചില വിഷയങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; അവ ഓരോന്നിന്റെയും കാര്യങ്ങൾ പ്രത്യേകം

പരിശോധിച്ച് നടപടി സ്വീകരിക്കും. ആ ഉത്തരവ് ഇറങ്ങി എന്നൊരു ബുദ്ധിമുട്ട് ജനങ്ങൾക്കുണ്ടാകില്ല. പ്രസ്തുത ഉത്തരവിനെക്കാൾ ഉപരിയായി ജനജീവിതത്തെ ബാധിക്കാതെ, നിലവിലുള്ള നിർമ്മാണത്തെ ബാധിക്കാതെ കാര്യങ്ങൾ ചെയ്യുന്നതിനും ഉത്തരവിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ അത് ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോൾ ടൂറിസം രംഗത്ത് ഒരു മാറ്റമുണ്ടാക്കാനായി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ടൂറിസം പ്രോജക്ടുകൾ കൊണ്ടുവന്നിട്ടുണ്ട്. കേരളത്തിൽ പൊതുവിൽ ഇറിഗേഷൻ ബോഡികളെ ടൂറിസവുമായി ബന്ധപ്പെടുത്തി ജനങ്ങൾക്ക് കൂടുതൽ സാമീപ്യമുണ്ടാകാൻ കഴിയുന്ന സാഹചര്യങ്ങൾ രൂപപ്പെടുത്തുന്ന പശ്ചാത്തലത്തിൽ ഇത് ആശങ്കയ്ക്ക് ഇടനൽകുന്നില്ല. അത്തരത്തിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഈ ഉത്തരവിന്റെ ഭാഗമായി നിലനിൽക്കുന്നുണ്ടെങ്കിൽ, അത് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉളാവാക്കുന്ന സാഹചര്യങ്ങളുണ്ടെന്ന് ബോധ്യപ്പെട്ടാൽ ടി ഉത്തരവിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അത് ഒഴിവാക്കികൊണ്ടുതന്നെ മുന്നോട്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. ലിന്റോ ജോസഫ്: സർ, കേരളത്തിലുടനീളം ഇറിഗേഷൻ വകുപ്പിന്റെ വിവിധ സ്ഥലങ്ങളെ നാട്ടുകാർ അനുവാദമില്ലാതെ കളിക്കളങ്ങളായി ഉപയോഗപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കളിക്കളങ്ങളുടെ എണ്ണം പൊതുവിൽ കുറഞ്ഞുവരുന്നതും കളിക്കളങ്ങൾ കൃത്യമായി ഉപയോഗിക്കാത്തതും കുട്ടികളുടെ മാനസിക വളർച്ചയെ ബാധിക്കുന്നുണ്ടെന്ന കണ്ടെത്തലിന്റെ ഭാഗമായാണ് ജനങ്ങൾ വിവിധ സ്ഥലങ്ങൾ ഇങ്ങനെ കളിക്കളങ്ങളായി ഉപയോഗപ്പെടുത്തുന്നത്. ഇപ്രകാരം ഉപയോഗിക്കുന്നതിന് ഒരു രൂപരേഖ തയ്യാറാക്കാൻ കഴിയുമോ; ഇവ കളിക്കളങ്ങളായി ഉപയോഗപ്പെടുത്താൻ അനുമതി നൽകുന്നതിന്

എന്തൊക്കെ ശ്രമങ്ങളാണ് നടത്തേണ്ടത്?

മി. സ്പീക്കർ: ഇതൊരു നല്ല ചോദ്യമാണ്. കാരണം പൊതുവിലൊരു പെർമിസീവ് സാങ്ഷൻ നൽകിയാൽ മതി. വേക്കൻഡ് ലാൻഡ് പലപ്പോഴും ആന്റി സോഷ്യൽ ആക്ടിവിറ്റീസിനാണ് ഉപയോഗിക്കുന്നത്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞ കാര്യം ഉൾക്കൊള്ളുന്നു. നമ്മൾ അപ്രകാരം കൊണ്ടുവന്നൊരു പദ്ധതിയാണ് ഇറിഗേഷൻ ടൂറിസം. ഭൂതത്താൻകെട്ടിലും പാലക്കാട് കാഞ്ഞിരപ്പുഴയിലും പൈലറ്റ് പ്രോജക്ടായി ആരംഭിക്കാനുള്ള സ്ഥിതിവിശേഷമായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇറിഗേഷൻ പ്രോജക്ടുകളോട് ചേർന്നുകിടക്കുന്ന, പി.പി.പി./ബി.ഒ.ടി. വ്യവസ്ഥകളിൽ ഒരു പദ്ധതി നടപ്പാക്കാൻ കഴിയുന്ന പ്രദേശങ്ങളിൽ, നിലവിൽ അവിടെ ഇറിഗേഷൻ കൂടുതൽ ആവശ്യമില്ലെന്ന് കണ്ടെത്തുകയും അവിടത്തെ ഗ്രാമത്തിലെ ജനങ്ങൾക്കുവേണ്ടി കൂടുതൽ സൗകര്യപ്രദമായി ടൂറിസം നടപ്പാക്കാൻ കഴിയുമെന്നും സർക്കാരിന് ബോധ്യപ്പെടുകയാണെങ്കിൽ അവിടത്തെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഇറിഗേഷൻ ടൂറിസം പദ്ധതികൾ ആരംഭിച്ചിട്ടുള്ളത്. നിരവധി സ്ഥലങ്ങളിൽ ഇറിഗേഷൻ ടൂറിസം രൂപകൽപന ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം കായിക മേഖല പുഷ്ടിപ്പെടുത്തേണ്ടത് പ്രസക്തമായ കാര്യമാണ്. ഈ വിഷയത്തെക്കുറിച്ച് ഞാൻ കായിക വകുപ്പുമന്ത്രിയുമായി ചർച്ചചെയ്തിരുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ ശരിയാണ്. ഇറിഗേഷൻ വകുപ്പിന്റെ പല സ്ഥലങ്ങളിലും ഇപ്പോൾ ഫുട്ബോൾ കോർട്ട്, വോളിബോൾ കോർട്ട് എന്നിവയുണ്ടെന്ന് മാത്രമല്ല അവിടെ കളികളും സംഘടിപ്പിക്കുന്നുണ്ട്. അത് പ്രോത്സാഹിപ്പിക്കേണ്ടതുണ്ടെന്ന്

സർക്കാർ കരുതുന്നു. സമീപകാലത്തുണ്ടായ ലഹരിയും കള്ളക്കടത്തും മയക്കുമരുന്നും മാനസികനില തകരാറിലാക്കുന്ന ഇന്നത്തെ സ്ഥിതിവിശേഷത്തിൽ, നമ്മുടെ യുവതലമുറയെ കർമ്മോത്സുകരാക്കുന്നതിനായി ഗ്രാമീണതലങ്ങളിൽ കൂടുതൽ ഫലപ്രദമായ നടപടികൾ കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ, പല സ്ഥലങ്ങളിലും പൊതുസ്ഥലങ്ങൾ കണ്ടെത്തുക ബുദ്ധിമുട്ട് തന്നെയാണ്. ഇറിഗേഷൻ വകുപ്പിന് സമീപകാലങ്ങളിലൊന്നും ആവശ്യമില്ലെന്ന് ബോധ്യപ്പെടുന്ന സ്ഥലത്ത് പെർമിസീവ് സാങ്ഷൻ നൽകിക്കൊണ്ട് അവിടെ താൽക്കാലികമായ ചില കൺസ്ട്രക്ഷൻസ് നടത്താൻ സാധിക്കും. ഉദാഹരണത്തിന് വോളിബോൾ കളിക്കുന്നതിന് നെറ്റും കോർട്ടും, പോലുള്ള സൗകര്യങ്ങൾ താത്കാലികമായി ഏർപ്പെടുത്തി നടപ്പാക്കുന്നതിന് പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ കോർപ്പറേഷനോ താൽപര്യപൂർവം അപേക്ഷ സമർപ്പിച്ചാൽ, അവിടത്തെ സാഹചര്യംകൂടി പരിഗണിച്ചുകൊണ്ട് നമുക്ക് ഇക്കാര്യം പോസിറ്റീവായി പരിഗണിക്കാൻ സാധിക്കും. അത് കേരളത്തിലെ യുവതലമുറയെ കായിക മേഖലയിലേയ്ക്ക് കൂടുതൽ അടുപ്പിക്കാനും വൈകുന്നേര സമയം പ്രയോജനപ്പെടുത്താനുമുള്ള പ്രോത്സാഹജനകമായ സാഹചര്യത്തിന് അവസരം നൽകുകയും ചെയ്യുന്നതാണ്. അതുകൊണ്ട് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

യുവാക്കൾക്കിടയിലെ മാനസികപ്രശ്നങ്ങൾ പരിഹരിക്കാൻ കർമ്മപദ്ധതി

3 (*363) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കൾക്കിടയിൽ മാനസികാരോഗ്യ പ്രശ്നങ്ങളും ആത്മഹത്യാ പ്രവണതയും വർധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പ്രതിരോധിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യുവജനങ്ങൾക്കിടയിൽ ആത്മഹത്യാ പ്രവണത വർധിക്കുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെ 'മാനസികാരോഗ്യം ശക്തിപ്പെടുത്തുക' എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ 18-നും 40-നും ഇടയിൽ പ്രായമുള്ള യുവജനങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ നടന്ന ആത്മഹത്യകൾ പഠന വിധേയമാക്കുകയും എല്ലാ ജില്ലകളിലുമായി 800-ൽ അധികം ആത്മഹത്യകളെ സംബന്ധിച്ച് വിദഗ്ധ സംഘം ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ യുവജനങ്ങളുടെ തൊഴിലിടങ്ങളിലെ മാനസികാരോഗ്യത്തെ സംബന്ധിച്ചും യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ ശാസ്ത്രീയ പഠനം നടത്തി 'Mental Health of Youth at Work' എന്ന പേരിൽ തയ്യാറാക്കിയ പഠന റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ട്. ഐ.റ്റി., ഗിഗ് ഇക്കോണമി, മീഡിയ, ഇൻഷുറൻസ്/ബാങ്കിംഗ്, റീട്ടെയിൽ/ഇൻഡസ്ട്രിയൽ എന്നീ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന 18-നും 40-നും ഇടയിൽ പ്രായമുള്ള 1548 യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടാണ് സർവ്വെ നടത്തിയത്. നിലവിൽ യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുള്ള ശാസ്ത്രീയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുവതലമുറയെ ഇത്തരം മാനസികാവസ്ഥയിൽനിന്നും

മോചിപ്പിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

യുവജനങ്ങളുടെ മാനസിക പ്രശ്നങ്ങളെ സമഗ്രമായി അഭിസംബോധന ചെയ്യുക എന്ന ലക്ഷ്യത്തോടെ 2024 ജനുവരി 31, ഫെബ്രുവരി 1 തീയതികളിലും 2025 മാർച്ച് 3, 4 തീയതികളിലും യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ ദേശീയ സെമിനാറുകൾ സംഘടിപ്പിച്ചു. ദേശീയ സെമിനാറിനോടൊപ്പം എല്ലാ ജില്ലകളിലും സർവ്വകലാശാലകളിലും പ്രാദേശിക ഇടങ്ങളിലും ആത്മഹത്യാ പ്രതിരോധത്തിനായി സെമിനാറുകളും കമ്മീഷൻ സംഘടിപ്പിക്കുന്നുണ്ട്.

ഇന്ന് ഒരു സാമൂഹ്യവിപത്തായി മാറിക്കൊണ്ടിരിക്കുന്ന മയക്കുമരുന്നിന്റെ ഉപയോഗം യുവാക്കളിലുണ്ടാക്കുന്ന മാനസികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ വളരെ വലുതാണ്. മയക്കുമരുന്നിന്റെ ഉപയോഗം തടയുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. 'No To Drugs' എന്ന മുദ്രാവാക്യമുയർത്തി മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധമൊരുക്കാനുള്ള കേരള സർക്കാരിന്റെ വിപുലമായ പദ്ധതിയിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പങ്കാളിയാകുകയും 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി 2022 മാർച്ച് 30-ന് "ജനസഭ" എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുമുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. മന്ത്രിമാർ, എം.എൽ.എ.-മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പൊലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. കൂടാതെ, യുവജനക്ഷേമ

ബോർഡ് 2022 ഒക്ടോബർ മുതൽ 2023 ജനുവരിവരെ വിവിധങ്ങളായ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയുണ്ടായി. ലഹരിവിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ട്രാൻസ്ജെൻഡേഴ്സ് വിഭാഗങ്ങളിലുള്ളവരുടെ ക്യാമ്പയിൻ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐ.റ്റി. പ്രൊഫഷണലുകളുടെ ക്യാമ്പയിൻ എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപീകരിച്ച 'അവളിടം' യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും “ഉയിർപ്പ്" എന്ന പേരിൽ ലഹരിക്കെതിരെയുള്ള കലാജാഥ സംഘടിപ്പിക്കുകയുണ്ടായി. ഈ കലാജാഥയിൽ തെരുവുനാടകം, തെരുക്കൂത്ത്, ഫ്ളാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൃഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. കൂടാതെ ലഹരിക്കെതിരെയായി തിരുവനന്തപുരത്തുള്ള കരിമഠം, ചെങ്കൽച്ചൂള (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാരുടെ പങ്കാളിത്തത്തോടുകൂടി ‘Real to Reel’ എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമാ നിർമ്മാണ ശിൽപശാല ബോർഡ് സംഘടിപ്പിക്കുകയും ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രവും നിർമ്മിക്കുകയുണ്ടായി.

മയക്കു മരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗംമൂലം യുവാക്കൾക്കിടയിൽ ഉണ്ടാകുന്ന പെരുമാറ്റ പ്രശ്നങ്ങളും മാനസിക ആരോഗ്യ പ്രശ്നങ്ങളും നേരിടാനുള്ള നയരൂപീകരണം നടപ്പാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പ് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നുണ്ട്. കൂടാതെ ഈ നയത്തിന്റെ ഭാഗമായി യുവാക്കൾക്കിടയിലും കുട്ടികൾക്കിടയിലും വർധിച്ചുവരുന്ന ആക്രമണങ്ങളും ലഹരി ഉപയോഗവും കുറയ്ക്കുന്നതിനുള്ള

നടപടിയുടെ ഭാഗമായി ഒരു പദ്ധതി രൂപീകരിക്കുന്നതിനും ആലോചിച്ചുവരുന്നു.

സാമൂഹ്യനീതി വകുപ്പ് നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി മാനസികരോഗ ചികിത്സ കഴിഞ്ഞ് ആരും ഏറ്റെടുക്കാൻ സാധ്യതയില്ലാത്തവരെ താമസിപ്പിച്ച് പുനരധിവാസ ഇടപെടൽ നടത്തുന്നതിന് 6 സർക്കാർ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകൾ നടത്തുന്ന 120-ൽ അധികം സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 42 സ്ഥാപനങ്ങൾക്ക് സൈക്കോ സോഷ്യൽ റിഹാബിലിറ്റേഷൻ പദ്ധതി പ്രകാരം സർക്കാർ ഗ്രാന്റും അനുവദിക്കുന്നുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, കോവിഡ് കാലത്തിനുശേഷമാണ് യുവാക്കളിലും വിദ്യാർഥികളിലും വിഷാദരോഗങ്ങളും ആത്മഹത്യാപ്രേരണയും വലിയ തോതിൽ വർധിച്ചുവരുന്നതായി കണ്ടുവരുന്നത്. പലതരത്തിലുള്ള ഒറ്റപ്പെടലുകളിലൂടെ കടന്നുപോയ യുവാക്കളും വിദ്യാർഥികളും മൊബൈൽ ഫോണുകളെ കൂടുതലായി ആശ്രയിച്ചത് കോവിഡ് കാലത്താണ്. മൊബൈൽ ഫോണിനെ ആശ്രയിച്ചപ്പോൾ കുട്ടികൾ വീഡിയോ ഗെയിമുകൾ ഉപയോഗിക്കുന്ന സാഹചര്യമുണ്ടായി. വീഡിയോ ഗെയിമിന്റെ ഉപയോഗത്തിലൂടെ പല അപകടങ്ങൾ ഉണ്ടാകുന്നുവെന്ന് മാത്രമല്ല, അവസാനം അവർ ആത്മഹത്യയിലേയ്ക്കെത്തുന്ന സാഹചര്യവും സംജാതമാകുന്നുണ്ട്. യുവാക്കളിൽ കണ്ടുവരുന്ന അതിക്രമസ്വഭാവങ്ങൾ ഇതിന്റെ അനന്തരഫലമാണെന്ന് നാം ഇന്ന് നിരന്തരമായി കേൾക്കുന്ന വാർത്തകളിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു. അതിന് പരിഹാരമെന്ന നിലയിൽ സർക്കാർ നടപ്പാക്കുന്ന നിരവധി പരിപാടികളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അവ ഫലപ്രദമായി എപ്രകാരം നടപ്പാക്കാൻ സാധിക്കും; യുവാക്കളെ നല്ല രീതിയിൽ പറഞ്ഞു മനസ്സിലാക്കാൻ

കഴിയുന്ന വ്യക്തികളെ ഉൾപ്പെടുത്തിക്കൊണ്ട് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കാൻ സാധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, വിഷാദം, ഉത്കണ്ഠ, മയക്കുമരുന്നിന്റെ ദുരുപയോഗം പോലുള്ള മാനസിക പ്രശ്നങ്ങൾ, പഠന സമ്മർദ്ദം, സാമ്പത്തികവും സാമൂഹ്യവുമായ പ്രശ്നങ്ങൾ, സൈബറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മൊബൈൽ ഉപയോഗം, സാമൂഹ്യ മാധ്യമങ്ങളുമായുള്ള മറ്റ് ഇടപെടലുകൾ, സിനിമയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവയെല്ലാം യുവാക്കളുടെ മാനസിക പിരിമുറുക്കത്തിന് കാരണമാകുന്നു. ഇതിനെതിരെ സർക്കാർ ഒരു കൂട്ടായ പ്രവർത്തനമാണ് സംഘടിപ്പിക്കുന്നത്. ഇപ്പോൾ എക്സൈസ്, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളും വിവിധ ഏജൻസികളും ചേർന്ന് ധാരാളം കർമ്മ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഏറ്റവും പ്രഗത്ഭരായ ആളുകളെ ഇത്തരം പദ്ധതികളിൽ ഉൾക്കൊള്ളിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസുകൾ എടുക്കുന്നുണ്ട്. ഭാവിയിൽ എല്ലാവരെയും യോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനത്തിന് മുൻകൈയെടുക്കാനുള്ള പരിശ്രമം നടത്താവുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഇന്ന് യുവാക്കൾ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി തൊഴിലില്ലായ്മയാണ്. നമ്മുടെ സംസ്ഥാനത്ത് അവരുടെ യോഗ്യതയ്ക്കനുസരിച്ചുള്ള ജോലി ലഭിക്കാനുള്ള സാധ്യതയുണ്ടാകുന്നില്ല. മലയാളി യുവാക്കൾക്ക് യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭിക്കാത്തത് മാനസിക പരിമുറുക്കത്തിന് കാരണമാകുന്നുണ്ട്. നിലവിലെ പ്രശ്നങ്ങൾ അവലോകനം ചെയ്ത് കേരളത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമോ; യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കാതെ വരുമ്പോഴാണ് അവർ മറ്റ് ചിന്താഗതികളിലേക്ക്

പോകുന്നതും അനാവശ്യ പ്രവണതകൾക്ക് മാനസികമായി തയ്യാറെടുക്കുന്നതും. അതുകൊണ്ട് യുവജനകാര്യ വകുപ്പിനെ ബന്ധപ്പെടുത്തിക്കൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് അവരുടെ മാനസിക പിരിമുറുക്കത്തിന് അയവുവരുത്തുകയും അവരെ നല്ല മേഖലകളിലേക്ക് എത്തിക്കുവാനും സർക്കാരിന് സാധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, തൊഴിൽ ചെയ്യുന്നതിന്റെ മാനസിക സമ്മർദ്ദത്തെക്കുറിച്ച് സർക്കാരിന്റെ വിവിധ പഠന റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. പക്ഷേ തൊഴിലില്ലാത്തതിന്റെ പേരിൽ ഏതെങ്കിലും തരത്തിലുള്ള മാനസിക സമ്മർദ്ദമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള എല്ലാ സംവിധാനങ്ങളും കേരളത്തിൽ സർക്കാർ ഒരുക്കുന്നുണ്ട്. അതിലേയ്ക്കായി മൂലധന നിക്ഷേപങ്ങളും സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഏറ്റവും പ്രധാനപ്പെട്ട മാനസിക സമ്മർദ്ദത്തിന്റെ ഒരു കാരണം തൊഴിലില്ലായ്മയാണ്. കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചകാര്യം അങ്ങ് സൂചിപ്പിക്കുകയുണ്ടായി. യുവജന ക്ഷേമ ബോർഡിന്റെ പരിമിതിക്കകത്ത് നിന്നുകൊണ്ട് ചെയ്തകാര്യങ്ങളാണ് അങ്ങ് സൂചിപ്പിച്ചത്. ലഹരിയുടെ ഉപയോഗം നമ്മുടെ സമൂഹത്തെ എപ്രകാരം ബാധിക്കുന്നുവെന്ന് സർക്കാർ വളരെ ഗൗരവപൂർവ്വം കാണണം. പരീക്ഷകളിലെ പരാജയം, പ്രണയ നൈരാശ്യം എന്നിങ്ങനെ ചെറിയ പരാജയങ്ങളിൽപ്പോലും കുട്ടികൾ പെട്ടെന്ന് അതിവൈകാരികതയിലേക്കെത്തി കൊലപാതകത്തിലേക്കും ആത്മഹത്യയിലേക്കുമൊക്കെ പോകുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. ഇക്കാര്യത്തെക്കുറിച്ച്

പ്രത്യേക പരിശോധനയും പഠനവും നടത്തി അത് പരിഹരിക്കാനാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇത്തരത്തിലുള്ള പഠനം നടത്തിയതിനെക്കുറിച്ചും അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പാകെ ഒരു റിപ്പോർട്ട് സമർപ്പിച്ചതിനെക്കുറിച്ചും നേരത്തെ മറുപടിയിൽ വ്യക്തമാക്കിയിരുന്നു. ആ പഠന റിപ്പോർട്ടിൽ പരാമർശിക്കുന്ന കാര്യങ്ങൾ തുടർപ്രവർത്തനമെന്ന നിലയിൽ ഏറ്റെടുത്ത് നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. ടി. ജെ. വിനോദ്: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തൊഴിലില്ലാത്തതുമൂലം യുവജനങ്ങൾക്ക് മാനസിക സമ്മർദ്ദം ഉണ്ടാകുന്നില്ലെന്ന് പറഞ്ഞത് വേദനാജനകമാണ്. ഐ.റ്റി. മേഖലയിലടക്കം ജോലി ചെയ്യുന്ന യുവാക്കൾക്ക് ജോലി സമ്മർദ്ദം വർധിച്ചുവരുന്നുവെന്ന് അടുത്തകാലത്ത് നടന്നിട്ടുള്ള സംഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. സ്ത്രീകൾക്കുൾപ്പെടെ എട്ട് മണിക്കൂറിലധികം ജോലി ചെയ്യേണ്ടിവരികയും നൈറ്റ് ഷിഫ്റ്റ് അടക്കമുള്ള ജോലിയിൽ പോകേണ്ട അവസ്ഥയും നിലനിൽക്കുന്നു. അടുത്തകാലത്ത് പൂനെയിൽ ഒരു അന്താരാഷ്ട്ര കമ്പനിയിൽ ജോലി ചെയ്തിരുന്ന മലയാളി പെൺകുട്ടിയുടെ ആത്മഹത്യയെത്തുടർന്ന് ഐ.റ്റി. മേഖലയിൽ നടക്കുന്ന ചൂഷണത്തെക്കുറിച്ച് സമൂഹത്തിൽ വലിയ ചർച്ചയായിരുന്നു. കേരളത്തിലെ ഐ.റ്റി. പാർക്കുകളിലും സമാന സ്ഥിതിയാണുള്ളത്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ പഠനം നടത്തിയെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ഇത്തരം നിലപാടുകൾ സ്വീകരിക്കുന്ന കമ്പനികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ പറഞ്ഞ കാര്യത്തെ അങ്ങ് തെറ്റിദ്ധരിച്ചതാണ്. തൊഴിലില്ലായ്മയെക്കുറിച്ച് പറഞ്ഞ കൂട്ടത്തിൽ യഥാർഥത്തിൽ തൊഴിൽ ചെയ്യുന്ന മേഖലയിലെ സമ്മർദ്ദങ്ങളും പ്രയാസങ്ങളും മാനസികാവസ്ഥയ്ക്ക് മാറ്റം വരുത്താൻ ഇടവരുത്തുന്നുവെന്നാണ് ഞാൻ ഉദ്ദേശിച്ചത്. എന്നാൽ കേരളത്തിൽ തൊഴിലില്ലായ്മയുടെ പേരിൽ ആർക്കെങ്കിലും ഏതെങ്കിലും തരത്തിലുള്ള മാനസിക പ്രയാസമുണ്ടായതായോ അലഞ്ഞുതിരിഞ്ഞ് നടക്കുന്നതായോ എന്റെ ശ്രദ്ധയിൽപ്പെടാത്ത കാര്യം എനിക്ക് അങ്ങയോട് സമ്മതിക്കാൻ കഴിയുമോ? അങ്ങനെയുള്ള കാര്യത്തിൽ എന്തെങ്കിലും തെളിവുണ്ടെങ്കിൽ ലഭ്യമാക്കിയാൽ പരിശോധിച്ച് പരിഹരിക്കാം.

മാനസിക സമ്മർദ്ദം ഉണ്ടാകുന്നില്ലെന്ന് ഞാൻ പറയുന്നില്ല. ആറ് മണിക്കൂറോ എട്ട് മണിക്കൂറോ ജോലി ചെയ്യേണ്ട സ്ഥലത്ത് പന്ത്രണ്ടും പതിനാറും മണിക്കൂർ ജോലി ചെയ്യിപ്പിക്കുന്നുണ്ടെന്നത് ശരിയാണ്. ഐ.റ്റി. മേഖലയിൽ നിരവധി പ്രശ്നങ്ങളുണ്ട്. 'Mental Health of Youth at Work' എന്ന പ്രോജക്ട് പഠന വിധേയമാക്കി എല്ലാ മേഖലയിലുമുള്ള യുവാക്കളുടെ പ്രശ്നങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. അടുത്ത ഒരു വർഷത്തിനുള്ളിൽ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുവാക്കൾക്കിടയിൽ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകിയിരിക്കുകയാണ്.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, Anxiety, Depression, Acute Mood Swings, Work Pressure, Panic Attack തുടങ്ങിയ പദങ്ങളും അവസ്ഥകളും ചെറുപ്പക്കാർക്കിടയിൽ നിത്യേന സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇവയിൽ കൂടുതലും കൃത്യവും ശാസ്ത്രീയവുമായ മനഃശാസ്ത്ര

ചികിത്സയിലൂടെ പരിഹരിക്കാവുന്ന പ്രശ്നങ്ങളാണ്. പക്ഷേ അത് പരിഹരിക്കപ്പെടാത്തതുകൊണ്ടുതന്നെ Substance abuse-ലൂടെയും violence-ലൂടെയും ആത്മഹത്യയിലും ഉറ്റവരുടെ കൊലപാതകത്തിലുമൊക്കെ എത്തിച്ചേരുകയാണ്. ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം തേടുകയാണ് ഈ പ്രശ്നത്തിനുള്ള പ്രതിവിധി. വളരെ പ്രശസ്തരായ ഓങ്കോളജിസ്റ്റിനെയോ ന്യൂറോളജിസ്റ്റിനെയോ കൺസൾട്ട് ചെയ്യുന്നതിനെക്കാൾ കൂടുതൽ ചെലവാണ് ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ കണസൾട്ടേഷന് വേണ്ടിവരുന്നത്. ഒരു സിറ്റിംഗ്കൊണ്ട് ചികിത്സ അവസാനിക്കുന്നുമില്ല. തൊഴിലുള്ളതും തൊഴിലില്ലാത്തതുമായ യുവാക്കൾക്കിടയിൽ ഏറ്റവും രൂക്ഷമായി പടർന്നുകൊണ്ടിരിക്കുന്ന ഇത്തരം മാനസികപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി യുവജനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ ക്യാമ്പുകളായോ സിറ്റിംഗുകളായോ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം ഏർപ്പെടുത്താൻ സാധിക്കുമോ; അങ്ങനെ എന്തെങ്കിലും ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, നിലവിലുള്ള സംവിധാനത്തിൽ ജില്ലാ താലൂക്ക് ആശുപത്രികളിലെ psychiatry യൂണിറ്റുകൾ മുഖേനയും മാനസിക ആരോഗ്യ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് നടത്തുന്ന 306 ക്ലിനിക്കുകൾ മുഖേനയും മാനസികാരോഗ്യ സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നു. ഇതിനുപുറമെ യുവാക്കളിൽ വർധിച്ചുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ നേരത്തെതന്നെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിനും ആത്മഹത്യ തടയുന്നതിനുമായി 'സമ്പൂർണ്ണ മാനസികാരോഗ്യം പദ്ധതി' കേരളത്തിൽ നടപ്പാക്കും. മാനസിക പ്രശ്നങ്ങളും വൈകല്യങ്ങളും ലഹരി വസ്തുക്കളുടെ ഉപയോഗങ്ങളും

കണ്ടെത്തി തൊട്ടടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ചികിത്സയും മറ്റ് സേവനങ്ങളും ആരോഗ്യ വകുപ്പിന്റെ 'ആശ്വാസം പദ്ധതി' വഴി നടപ്പാക്കുന്നുണ്ട്. അതുപോലെ 'ജീവൻ രക്ഷ പദ്ധതി'-യും ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കുന്നുണ്ട്. നമ്മുടെ യുവജനകാര്യ മേഖലയിലുള്ള സർക്കാർ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തി ഇത്തരത്തിലുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നിലവിൽ സർക്കാരിന് സാമ്പത്തിക പരിമിതിയുണ്ടെങ്കിലും യുവജന നേതാവ് എന്ന നിലയിൽ അങ്ങ് ഉന്നയിച്ച പ്രശ്നം ഗൗരവമായി കാണുന്നു. അതിനനുസരിച്ചുള്ള പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു.

ശ്രീ. എം. വിജിൻ: സർ, ക്രൂരകൃത്യങ്ങളും ലഹരി ഉപയോഗങ്ങളും വളരെ നിസാരമായി അവതരിപ്പിക്കുന്ന സിനിമാരംഗങ്ങൾ കുട്ടികളിലും യുവാക്കളിലും വലിയ രീതിയിലുള്ള സ്വാധീനം ചെലുത്തുകയും ലഹരിയോട് ആസക്തി വളർത്തുകയും ചെയ്യുന്നു. അക്കാര്യം കണക്കിലെടുത്ത് ഇത്തരം സിനിമകളുടെ നിർമ്മാണം ഒഴിവാക്കുന്നതിന് സിനിമ സംഘടനകളുമായും നിർമ്മാതാക്കളുമായും പ്രത്യേകം ചർച്ച നടത്തി പരിഹാരം കാണുമോ; അതോടൊപ്പം, ലഹരിയുടെ അമിത ഉപോയോഗംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ നേരത്തെതന്നെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, സിനിമാ നിർമ്മാണം പൂർത്തിയായാൽ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷനാണ് അവർക്ക് പ്രദർശനാനുമതി നൽകുന്നത്. ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ വിഷയമുള്ളതിനാൽ സിനിമയുടെ ഉള്ളടക്കത്തിൽ ഇടപെടാൻ സർക്കാരിന് പരിമിതിയുണ്ട്. ഇത്തരം പരാതികൾ സർക്കാർ സെൻസർ ബോർഡിന്റെ

ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കഴിഞ്ഞ ദിവസം ഈ വിഷയവുമായി ബന്ധപ്പെട്ട് സിനിമാ രംഗത്തെ പ്രധാനപ്പെട്ട വ്യക്തികളുമായി യോഗംചേരുകയും ഇത്തരത്തിലുള്ള സിനിമകൾ ഒരുതരത്തിലും പ്രോത്സാഹിപ്പിക്കാൻ പാടില്ലെന്ന നിർദേശം അവർ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി മയക്കുമരുന്ന് ഉപയോഗം, അക്രമവാസനകൾ പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ പ്രവണതകൾ സിനിമയിൽ പ്രദർശിപ്പിക്കുന്നത് തടയുന്ന കാര്യത്തിലും ഒ.ടി.ടി. പ്ലാറ്റ്ഫോമിലൂടെ പ്രദർശിപ്പിക്കുന്ന സിനിമകൾക്ക് സെൻസറിംഗ് ഏർപ്പെടുത്തുന്നത് സംബന്ധിച്ചും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ കേന്ദ്ര വാർത്താവിതരണ മന്ത്രാലയത്തിന്റെയും സെൻസർ ബോർഡിന്റെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടെന്ന് സഭയെ അറിയിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, കോവിഡ് മഹാമാരി പൊതുജനാരോഗ്യത്തിൽ ഗണ്യമായ ചില വ്യതിയാനങ്ങൾ ഉണ്ടാക്കിയിട്ടുള്ളതായി പറയപ്പെടുന്നു. 40 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ളവരിൽ, പ്രത്യേകിച്ച് യുവാക്കളിൽ മരണനിരക്ക് കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ യുവാക്കളുടെ മാനസികവും ശാരീരികവുമായ ഇത്തരം പ്രശ്നങ്ങൾ പഠിക്കുന്നതിനും അതിനെ അടിസ്ഥാനമാക്കി നടപടി സ്വീകരിക്കാനും സർക്കാർ തയ്യാറാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ വിഷയത്തെക്കുറിച്ച് ഇവിടെ വിശദീകരിച്ചിട്ടുണ്ട്. ആത്മഹത്യാപ്രവണതയും അക്രമവാസനയും വർധിക്കുന്നുവെന്ന കാര്യത്തിൽ സംശയമില്ല. അതിന് പല കാരണങ്ങളുണ്ട്. അക്കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

അതുസംബന്ധിച്ച് സർക്കാരിന് ലഭ്യമായ പഠന റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ദിവസേന നാം കാണുന്നതും നമ്മൾ ചർച്ച ചെയ്തതിൽ ഏറ്റവും ഗൗരവമുള്ളതുമായ വിഷയമെന്ന നിലയിലാണ് ഞാൻ ഈ പ്രശ്നത്തെ കാണുന്നത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞതുപോലെ വളരെ വ്യാപകവും വിശാലവുമായ ഈ പ്രശ്നത്തിന്റെ കാരണങ്ങളെക്കുറിച്ചാണ് ചർച്ച ചെയ്യേണ്ടത്. അടിസ്ഥാനപരമായ വെല്ലുവിളികൾ എല്ലാക്കാലത്തുമുണ്ട്. ആ വെല്ലുവിളികളെ നേരിടാനുള്ള ശേഷി അവരിൽ വളർത്തുന്നതിൽ നാം പരാജയപ്പെടുകയാണ്. കാരണം, നമ്മുടെ വിദ്യാഭ്യാസം ഫോക്കസ് ചെയ്യുന്നത് ഐ.ക്യൂ.-വിലാണ്. ശ്രീ. എ. പി. അനിൽ കുമാർ സൂചിപ്പിച്ചതുപോലെ നമ്മുടെ വിദ്യാർഥികളുടെ ഇ.ക്യൂ. ലെവൽ വളരെ കുറവാണ്. അതുകൊണ്ട് ഇക്കാര്യങ്ങൾ ഏതെങ്കിലും ഒരു വകുപ്പ് മാത്രം കൈകാര്യം ചെയ്യേണ്ട വിഷയമല്ല. I think there should be a comprehensive approach. വിദ്യാഭ്യാസം, ആരോഗ്യം, സാംസ്കാരികം എന്നീ വകുപ്പുകൾ ചേർന്ന് കൈകാര്യം ചെയ്യേണ്ട വിഷയങ്ങളാണിവ. ഈ വിഷയം സംബന്ധിച്ച് നിയമസഭയിൽ അരമണിക്കൂർ ചർച്ച നടത്തുന്നത് നമ്മൾ യുവാക്കളോട് ചെയ്യുന്നൊരു നീതിയായിരിക്കുമെന്നാണ് ബഹുമാനപ്പെട്ട സ്പീക്കറോട് എനിക്ക് അഭ്യർഥിക്കാനുള്ളത്. അതിനുവേണ്ടിയുള്ള അപേക്ഷയായി അങ്ങ് ഇതിനെ പരിഗണിക്കണമെന്നുകൂടി അഭ്യർഥിക്കുന്നു.

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് ഗൗരവമായ വിഷയമാണ്. ഇപ്പോൾത്തന്നെ ആരോഗ്യം, വിദ്യാഭ്യാസം, സാംസ്കാരികം, യുവജനകാര്യം

എന്നീ വകുപ്പുകൾ ചേർന്ന് വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ ഇക്കാര്യത്തിൽ ഒരു യോജിച്ച തലത്തിലുള്ള കൂട്ടായ്മ ആവശ്യമാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ മുമ്പിൽ അങ്ങ് സമർപ്പിച്ച കാര്യത്തോട് ഞാൻ യോജിക്കുകയാണ്. അക്കാര്യത്തിൽ ഒരു ചർച്ച നടത്തുന്നത് നല്ലതായിരിക്കും.

മി. സ്പീക്കർ: ഇക്കാര്യം നമുക്ക് കാര്യോപദേശക സമിതിയിൽ ചർച്ച ചെയ്ത് തീരുമാനിക്കാം.

ശ്രീമതി ഒ. എസ്. അംബിക: സർ, അടുത്ത കാലത്തായി യുവാക്കളുടെ മാനസിക പ്രശ്നങ്ങൾ സങ്കീർണമാകുന്ന സാഹചര്യം നിലവിലുണ്ട്. ഇത് പരിഹരിക്കുന്നതിന് ശാസ്ത്രീയമായ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, പ്രസ്തുത വിഷയം സംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാണ്. ആയത് നടപ്പാക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, യുവാക്കളുടെ ആത്മഹത്യപോലെതന്നെ ഒരു പ്രശ്നമാണ് കുട്ടികൾക്കിടയിലെ ആത്മഹത്യ. കഴിഞ്ഞ ദിവസം എന്റെ നിയോജകമണ്ഡലത്തിലെ നെടുമ്പനയിൽ ഒമ്പത് വയസ്സുള്ള ഒരു കുട്ടി ആത്മഹത്യ ചെയ്തു. ഈ പ്രായത്തിൽ ഒരു കുട്ടിക്ക് ആത്മഹത്യ ചെയ്യേണ്ടതെങ്ങനെയാണെന്ന് ചിന്തിക്കാൻ കഴിയുമോ എന്നൊക്കെ സംശയിച്ചാണ് ഞങ്ങൾ അവിടെ എത്തിയത്. എന്നാൽ ഇപ്പോൾ പത്രങ്ങളിൽ, പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടി, 13 വയസ്സായ കുട്ടി ആത്മഹത്യ ചെയ്തു എന്നൊക്കെയുള്ള വാർത്തകളാണ് നിരന്തരം വന്നുകൊണ്ടിരിക്കുന്നത്.

ഇതിനൊരു പരിഹാരമെന്ന നിലയിൽ സ്കൂളുകളിൽ കൗൺസിലിംഗ് സംവിധാനങ്ങൾ

വിപുലപ്പെടുത്തേണ്ടതുണ്ട്. ക്ലാസ് നടക്കുന്ന സമയത്ത്, കൗൺസിലിംഗിനായി കുട്ടിയോട് എച്ച്.എം.-ന്റെ മുറിയിലേക്ക് എത്തണമെന്ന അറിയിപ്പ് നൽകുന്ന അപരിഷ്കൃത രീതി പല സ്ഥലങ്ങളിലും സ്വീകരിക്കുന്നുണ്ട്. ഇതൊക്കെ വളരെ ശാസ്ത്രീയമായി ചെയ്യേണ്ട കാര്യങ്ങളാണ്. ഇത്തരം കുട്ടികളെ പരിഗണിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും കൗൺസിലിംഗ് നൽകാനും എല്ലാ സ്കൂളുകളിലും ആഴ്ചയിൽ ഒരിക്കലെങ്കിലും ശാസ്ത്രീയമായ കൗൺസിലിംഗിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുംവേണ്ടി സാംസ്കാരികം, യുവജനകാര്യം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ സംയുക്തമായി പദ്ധതി നടപ്പാക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, പ്രസ്തുത വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, മിക്ക ഹയർ സെക്കൻഡറി സ്കൂളുകളിലും വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി കൗൺസിലിംഗിനായി പ്രത്യേക റൂമുകളും സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലും ഈ സംവിധാനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. നിശ്ചിത കേന്ദ്രങ്ങളിൽ കൗൺസിലിംഗ് ആവശ്യമായ കുട്ടികളെ മാത്രം എത്തിച്ച് അവർക്ക് പ്രത്യേക പരിശീലനം നൽകേണ്ടത് ആവശ്യമാണ്. പ്രസ്തുത നിർദ്ദേശം പരിഗണിച്ച് മറ്റുവകുപ്പുകളുമായി ചർച്ചചെയ്ത് ഉചിതമായ നടപടി സ്വീകരിക്കാം.

ശ്രീ. കെ. പ്രേംകുമാർ: സർ, യുവാക്കൾക്കിടയിലുള്ള മാനസികാരോഗ്യത്തിന്റെ കുറവ് ഏറെ ഗൗരവമുള്ളതും സമൂഹം വളരെയേറെ പ്രാധാന്യത്തോടുകൂടി ചർച്ച ചെയ്യേണ്ടതുമായ വിഷയമാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി വ്യത്യസ്തവും സമഗ്രവുമായ ഇടപെടൽ ആവശ്യമാണ്. എന്നാൽ നിലവിലുള്ള സാഹചര്യത്തിൽ, യുവാക്കൾക്കിടയിലുള്ള മാനസിക

പ്രശ്നങ്ങൾക്ക് ടെലഫോൺ മുഖേനയുള്ള സേവനങ്ങൾ സംസ്ഥാനത്ത് ലഭ്യമാണോ; അതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ടെലഫോൺവഴി കൗൺസിലിംഗിനും അറിവുകൾ പകരുന്നതിനും നിലവിൽ സംവിധാനങ്ങളുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, പ്രസ്തുത സൗകര്യം കുറച്ചുകൂടി വിപുലപ്പെടുത്തി കൂടുതൽ ആളുകളിലേക്ക് എത്തിക്കാം. നിലവിൽ അത്തരത്തിലൊരു സംവിധാനം വകുപ്പുതലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം

4(*364) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക ക്ഷേമത്തിന് ധനസഹായം ലഭ്യമാക്കുന്നതിൽ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നിർണ്ണായകമായ ഇടപെടൽ നടത്തുന്നുണ്ടോ; വിശദമാക്കുമോ;

(ബി) യുവസംരംഭകരുടെ നൂതനാശയങ്ങൾക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്ന പദ്ധതി കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ടോ; പ്രൊഫഷണൽ കോഴ്സുകൾ പാസായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഈ പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിലെ യുവാക്കളെ സംരംഭകരും മികച്ച വരുമാനമുള്ളവരുമാക്കി മാറ്റുന്നതിനുവേണ്ടി ആരംഭിച്ച ആദിവാസി സംരംഭക വായ്പാ പദ്ധതി പ്രകാരം എന്തെല്ലാം സംരംഭങ്ങൾക്കാണ് സഹായം നൽകിവരുന്നത്; വിശദീകരിക്കുമോ;

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകളുടെ ശാക്തീകരണത്തിനായി കുടുംബശ്രീയുമായി സഹകരിച്ച് കോർപ്പറേഷൻ നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ) പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് മിതമായ പലിശ നിരക്കിൽ അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് 50,000/- രൂപ മുതൽ 50 ലക്ഷം രൂപ വരെ വിവിധ വരുമാനദായക ക്ഷേമ പദ്ധതികളിലൂടെ കോർപ്പറേഷൻ വായ്പകൾ ലഭ്യമാക്കുന്നുണ്ട്. അതുവഴി അവരുടെ സാമ്പത്തികനില മെച്ചപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനാണ് കോർപ്പറേഷൻ നിലകൊള്ളുന്നത്. 1972-ൽ വളരെ ചെറിയ രീതിയിൽ 4 ശാഖകളുമായാണ് കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ കോർപ്പറേഷന് കേരളത്തിലെ 14 ജില്ലകളിലും ജില്ലാ ബ്രാഞ്ചുകളും കിളിമാനൂർ, വണ്ടൂർ, ചേലക്കര എന്നിവിടങ്ങളിൽ ഉപജില്ലാ ഓഫീസുകളുമുണ്ട്. നാളിതുവരെ 218000 പേർക്ക് വിവിധ ആവശ്യങ്ങൾക്കുള്ള വായ്പകൾ നൽകാൻ കോർപ്പറേഷന് സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ മൂലധന സഹായവും കേന്ദ്ര പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷനുകളുടെ പുനർവായ്പാ സഹായവും ഉപയോഗിച്ച് സംസ്ഥാന പട്ടികജാതി-

പട്ടികവർഗ വികസന കോർപ്പറേഷൻ നൽകുന്ന വിവിധ വായ്പാപദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ കോർപ്പറേഷൻ നൽകിയ വായ്പകളുടെ എണ്ണവും തുകയും അനുബന്ധമായി+ ചേർക്കുന്നു.

(ബി) കോർപ്പറേഷൻ നടപ്പാക്കിവരുന്ന എല്ലാ പദ്ധതികളും യുവ സംരംഭകർക്കുകൂടി പ്രയോജനപ്പെടുന്ന തരത്തിലാണ് വിഭാവന ചെയ്തിട്ടുള്ളത്. ആയവയ്ക്കുപുറമെ യുവ സംരംഭകരുടെ നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് 'സ്റ്റാർട്ട് അപ്പ് സംരംഭകർക്കുള്ള വായ്പാ പദ്ധതി'. ഈ പദ്ധതിയിൻകീഴിൽ സാങ്കേതിക വിദ്യയിലും പുതിയ ബിസിനസ് ആശയങ്ങളിലും അധിഷ്ഠിതമായ യുവസംരംഭകരുടെ നൂതന സംരംഭങ്ങൾക്കാണ് പ്രാമുഖ്യം നൽകുന്നത്. പരമാവധി പദ്ധതി തുക 50.00 ലക്ഷം രൂപയാണ്. വായ്പയുടെ പലിശ നിരക്ക് 7 ശതമാനവും തിരിച്ചടവ് കാലാവധി 5 മുതൽ 7 വർഷം വരെയുമാണ്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി (പരമാവധി) 25 ലക്ഷം രൂപയാണ്.

നിശ്ചിത പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയും വൈദഗ്ധ്യവുമുള്ള (ഡോക്ടർ, എഞ്ചിനീയർ, ചാർട്ടേർഡ് അക്കൗണ്ടന്റ്, ഫാർമസിസ്റ്റ് തുടങ്ങിയ) പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കൾക്ക് സ്വന്തമായി പ്രാക്ടീസ് ചെയ്യുന്നതിനോ സ്വയം തൊഴിൽ ചെയ്യുന്നതിനോ പരമാവധി 5.00 ലക്ഷം രൂപ വരെ വായ്പ നൽകുന്നതിന് കോർപ്പറേഷൻ ആരംഭിച്ച പദ്ധതിയാണ് 'പ്രൊഫഷണൽ സർവീസ് പദ്ധതി'. വായ്പയുടെ തിരിച്ചടവ് കാലാവധി 5

+ അനുബന്ധം 1

+ അനുബന്ധം 1

വർഷമാണ്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി (പരമാവധി) 3.50 ലക്ഷം രൂപയാണ്.

സ്വയംതൊഴിൽ സംരംഭം തുടങ്ങാൻ താൽപര്യമുള്ള പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് അവരുടെ അഭിരുചിക്കനുസരിച്ചുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ആയത് സംബന്ധിച്ച് പരിശീലനം നൽകി വിജയകരമായ സംരംഭം നടത്തുന്നതിന് പ്രാപ്തരാക്കുന്ന ഒരു സംരംഭകത്വ വികസന പരിശീലന പരിപാടി നടത്താൻ 2025-26 വർഷം കോർപ്പറേഷൻ ലക്ഷ്യമിടുന്നുണ്ട്.

(സി) പട്ടികവർഗ വിഭാഗത്തിലെ യുവാക്കളെ സംരംഭകരും മികച്ച വരുമാനമുള്ളവരുമാക്കി മാറ്റുന്നതിനുവേണ്ടി ആരംഭിച്ച ആദിവാസി സംരംഭക വായ്പ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി[+] ചേർക്കുന്നു.

(ഡി) പട്ടികവർഗ വിഭാഗത്തിലെ സ്ത്രീകളുടെ ശാക്തീകരണത്തിനായി കുടുംബശ്രീയുമായി സഹകരിച്ച് കോർപ്പറേഷൻ നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

(എ) ആദിവാസി മഹിളാ ശാക്തീകരണ പദ്ധതി (കുടുംബശ്രീ):

കോർപ്പറേഷൻ സംസ്ഥാന കുടുംബശ്രീ മിഷനുമായി ചേർന്ന് വനിതകളുടെ ഗ്രൂപ്പുകൾക്ക് (അയൽക്കൂട്ടങ്ങൾക്ക്) ജാമ്യമില്ലാതെ വായ്പ നൽകുന്ന മൈക്രോ ഫിനാൻസ് പദ്ധതിയാണിത്. 10 പേരുൾപ്പെട്ട ഒരു സംഘത്തിന് നൽകുന്ന പരമാവധി തുക 5 ലക്ഷം

+ അനുബന്ധം 1

രൂപയാണ്. പലിശ നിരക്ക് 5 ശതമാനവും തിരിച്ചടവ് കാലയളവ് 4 വർഷവുമാണ്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 3,00,000/- രൂപയാണ്.

(ബി) സി.ഡി.എസ്. മുഖേന കുടുംബശ്രീ അംഗങ്ങൾക്കുള്ള വായ്പാ പദ്ധതി: കോർപ്പറേഷൻ സംസ്ഥാന കുടുംബശ്രീ മിഷന്റെ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (CDS)-കൾവഴി അവയ്ക്കുകീഴിൽവരുന്ന അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്ക് ജാമ്യമില്ലാതെ വായ്പ നൽകുന്ന മൈക്രോ ഫിനാൻസ് പദ്ധതിയാണിത്. പരമാവധി 1 ലക്ഷം രൂപയാണ് വായ്പാ തുക. തിരിച്ചടവ് കാലാവധി 4 വർഷവും പലിശ നിരക്ക് 6 ശതമാനവുമാണ്.

ജാമ്യമില്ലാതെ വനിതാ ശാക്തീകരണ പദ്ധതികൾ (ഗ്രൂപ്പ്), (സി.ഡി.എസ്.) വഴി നൽകിയ വായ്പകളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ശ്രീ. സി. സി. മുകുന്ദൻ: സർ, പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ സോഫ്റ്റ്വെയർ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, നേരത്തെ 'Corp net' എന്ന സോഫ്റ്റ്വെയറാണ് ഉപയോഗിച്ചിരുന്നത്. ടി സോഫ്റ്റ്വെയറിന്റെ പ്രവർത്തനം സംബന്ധിച്ച് വലിയ തോതിലുള്ള പരാതികളുണ്ടായിരുന്നു. നിലവിൽ പിന്നാക്ക വികസന കോർപ്പറേഷൻ ഉപയോഗിച്ചിരുന്ന സോഫ്റ്റ്വെയറിന് അനുസൃതമായി കെ.എസ്.ഡി.സി. സ്മാർട്ട് എന്ന പുതിയ സോഫ്റ്റ്വെയറാണ് ഉപയോഗിക്കുന്നത്. ടി സോഫ്റ്റ്വെയറിന്റെ പ്രവർത്തനം പൊതുവെ

+ അനുബന്ധം 1

തൃപ്തികരമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

ശ്രീ. സി. സി. മുകുന്ദൻ: സർ, പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം കേരളത്തിലെ 35 ലക്ഷത്തോളംവരുന്ന പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് എത്തിച്ചേരുന്ന തരത്തിൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, കേരളത്തിലെ പതിനാല് ജില്ലകളിലും പ്രസ്തുത വിഭാഗത്തിന്റെ ഓഫീസുകളുണ്ട്. കൂടാതെ മൂന്ന് ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുമുണ്ട്. 35 ലക്ഷത്തോളംവരുന്ന എസ്.സി. വിഭാഗത്തിലുൾപ്പെട്ട എല്ലാവർക്കും സേവനം ലഭ്യമാക്കാൻ കഴിയുന്ന രൂപത്തിൽ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. താലൂക്കുകളിൽ പട്ടികജാതി വിഭാഗത്തിന്റെ ജനസംഖ്യയുടെ സ്വഭാവത്തിനനുസരിച്ച് ഘട്ടംഘട്ടമായി ഇത് വ്യാപിപ്പിക്കുന്നതിനെക്കുറിച്ചും 2025-26 സാമ്പത്തിക വർഷം ഏതാനും ശാഖകൾകൂടി ആരംഭിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷൻ പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് വിവിധ വായ്പാ പദ്ധതികളിലൂടെ സ്വയംപര്യാപ്തത ഉറപ്പുവരുത്താനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. എന്നാൽ വായ്പ വാങ്ങിയശേഷം, ദീർഘകാലങ്ങളായി പല പ്രശ്നങ്ങൾ കാരണം തുക തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്നതിന്റെ ഫലമായി അത് കോർപ്പറേഷന്റെ പ്രവർത്തനത്തെ ബാധിക്കുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കോർപ്പറേഷനിൽ ദീർഘകാലമായുള്ള കുടിശ്ശിക

നിവാരണം ചെയ്യാനുള്ള പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; നടപ്പാക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ പ്രസക്തമായ ചോദ്യമാണ്. പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ നേരിടുന്ന വളരെ ഗൗരവമേറിയ വിഷയമായ വായ്പ കുടിശ്ശികയുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി മൊത്തം ബാധ്യതയുടെ 70 ശതമാനത്തോളം തുക ഇളവ് നൽകിക്കൊണ്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയാണ് നടപ്പാക്കുന്നത്. ഇത്തരമൊരു പദ്ധതി നടപ്പാക്കുന്നുണ്ടെങ്കിലും നല്ലൊരു വിഭാഗം ആളുകൾക്കും അതുപോലും അടയ്ക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അവരെ സഹായിക്കുന്നതിനു വേണ്ടി 'പ്രത്യാശ പദ്ധതി' എന്ന രൂപത്തിൽ വായ്പാ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനുവേണ്ടി, പുതിയ വായ്പ നൽകുന്ന പദ്ധതിയും നിലവിൽ കോർപ്പറേഷൻ നടപ്പാക്കിവരുന്നുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 2075 പേർക്ക് 2 കോടി 75 ലക്ഷം രൂപ ഇളവ് നൽകിയിട്ടുണ്ട്. പ്രത്യാശ പദ്ധതിപ്രകാരം 273 പേർക്ക് 4 കോടി 6 ലക്ഷം രൂപയുടെ പുതിയ വായ്പയും നൽകിയിട്ടുണ്ട്.

ശ്രീ. വി. ശശി: സർ, പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ സഞ്ചിത നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ; ഇത് പരിഹരിക്കാൻ കോർപ്പറേഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവമുള്ള

വിഷയമാണ്. ഇതുസംബന്ധിച്ച് നേരത്തെ നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. കുടിശ്ശികയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇതിൽ ഉൾപ്പെടുന്നതാണ്. 2022-23 സാമ്പത്തിക വർഷത്തെ സഞ്ചിത നഷ്ടം 100 കോടി 46 ലക്ഷം രൂപയായിരുന്നു. എന്നാൽ പിന്നീട് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തനലാഭം 2.84 കോടി രൂപയായിരുന്നു. എന്നാൽ 2023-24 സാമ്പത്തിക വർഷം 3.84 കോടി രൂപയുടെ പ്രവർത്തന ലാഭമുണ്ടാക്കാൻ കോർപ്പറേഷന് കഴിഞ്ഞു. 2024-25 സാമ്പത്തിക വർഷത്തിലും ഭേദപ്പെട്ട ലാഭമാണ് പ്രതീക്ഷിക്കുന്നത്. ഈ സാമ്പത്തിക വർഷം അവസാനത്തോടുകൂടി, നേരത്തെ സൂചിപ്പിച്ച 100 കോടി 46 ലക്ഷം രൂപയായിരുന്ന സഞ്ചിത നഷ്ടം 90 കോടി രൂപയ്ക്കുതാഴെ എത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സർക്കാരിന്റെ ഇടപെടലിന്റെയും മാനേജ്മെന്റിന്റെയും ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനത്തിന്റെയും ഫലമായാണ് പ്രസ്തുത നേട്ടം കൈവരിക്കാൻ സാധിച്ചത്. അടുത്ത അഞ്ചുവർഷംകൊണ്ട് സഞ്ചിത നഷ്ടം പൂർണ്ണമായി ഇല്ലാതാക്കാനാവശ്യമായ നടപടികളാണ് കോർപ്പറേഷൻ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തി, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി പ്രസ്തുത വകുപ്പും കോർപ്പറേഷനും മെച്ചപ്പെട്ട പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സ്വകാര്യ പണമിടപാടുകാരുടെയും ബ്ലേഡ് മാഫിയകളുടെയും ചൂഷണത്തിൽനിന്നും പട്ടികജാതി വിഭാഗത്തിലെ ജനങ്ങളെ മോചിപ്പിക്കുന്നതിന് സ്വർണ പണയ വായ്പാ പദ്ധതി നടപ്പാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; സാമ്പത്തിക അച്ചടക്കത്തോടെ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന

ഗുണഭോക്താക്കൾക്ക് പ്രോത്സാഹനമായി ഇൻസെന്റീവ് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, രണ്ട് ചോദ്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ആദ്യ ചോദ്യത്തിൽ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആളുകളാണ് അടിയന്തര ആവശ്യങ്ങൾക്കായി സ്വകാര്യ സാമ്പത്തിക സ്ഥാപനങ്ങളെ സ്വർണ വായ്പയ്ക്കുവേണ്ടി ആശ്രയിക്കുന്നത്. കോർപ്പറേഷൻ മുഖാന്തരം സ്വർണ വായ്പാ പദ്ധതി നടപ്പാക്കാൻ കഴിയുമോ എന്നാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടത്. അതുസംബന്ധിച്ച നിർദേശം ലഭിച്ചിട്ടുണ്ട്; അക്കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നുണ്ട്. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് പ്രോത്സാഹനമായി ഇൻസെന്റീവ് നൽകുന്ന കാര്യത്തെക്കുറിച്ച് പരിശോധിക്കുന്നതാണ്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, കോർപ്പറേഷന്റെ സഹായത്തോടെ എസ്.സി.-എസ്.ടി. മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കുന്നുണ്ടോ; നിലവിൽ ആരംഭിച്ച സംരംഭങ്ങൾ നിലനിർത്താനും മുന്നോട്ടുകൊണ്ടുപോകാനും കഴിയുന്നുണ്ടോ; ആദിവാസി മേഖലയിൽ കിർത്താഡ്സ് നടത്തിയ പഠന റിപ്പോർട്ടിൽ ആ മേഖലയിൽ ആരംഭിക്കുന്ന സംരംഭങ്ങൾ പരാജയത്തിലാണെന്ന് വ്യക്തമാക്കുന്നുണ്ടോ; ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാന്യയായ അംഗം ഉന്നയിച്ച ആദ്യ ചോദ്യത്തിനുള്ള മറുപടി പ്രധാന ഉത്തരത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട്. 'ലഘുവ്യവസായ യോജന',

'മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പ്രോഗ്രാം' തുടങ്ങിയ പദ്ധതികൾ മുഖേന സംരംഭകർക്ക് സഹായം നൽകിയിട്ടുണ്ട്. കൂടാതെ ഇന്നത്തെ കാലഘട്ടത്തിൽ പ്രധാനപ്പെട്ട ഒന്നായ സ്റ്റാർട്ടപ്പ് സംരംഭകർക്കുവേണ്ടി ഒരു വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 50 ലക്ഷം രൂപവരെയാണ് പരമാവധി പദ്ധതി തുകയായി നൽകുന്നത്. ഇത് 7 ശതമാനം പലിശ നിരക്കും 5 വർഷം മുതൽ 7 വർഷംവരെ തിരിച്ചടവ് കാലാവധിയുമുള്ള ഒരു സ്കീമാണ്. ഈ വായ്പാ പദ്ധതി മുഖേന 25 ലക്ഷം രൂപവരെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് ഈ വായ്പ അനുവദിക്കുന്നുണ്ട്. അതോടൊപ്പം ഈ മേഖലയിൽ നിന്നുള്ള പ്രൊഫഷണൽ സർവീസുകൾക്ക്, അതായത് ചാർട്ടേഡ് അക്കൗണ്ടന്റ്, എഞ്ചിനീയർമാർ, സ്വതന്ത്രമായി പ്രാക്ടീസ് ചെയ്യുന്നവർ എന്നിവർക്ക് തുടക്ക കാലഘട്ടത്തിൽ കുറച്ച് പ്രതിസന്ധികൾ നേരിടേണ്ടിവരും. അവർക്ക് 5 വർഷ കാലാവധിയിൽ പ്രത്യേക വായ്പാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്വയംതൊഴിൽ സംരംഭം ആരംഭിക്കാൻ താല്പര്യമുള്ള പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലുൾപ്പെട്ട യുവതീയുവാക്കൾക്ക് അവരുടെ അഭിരുചികൾക്ക് അനുസൃതമായ സംരംഭങ്ങൾ തുടങ്ങാൻ വായ്പ നൽകുന്നുണ്ട്. അതോടൊപ്പം, സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് അവർക്ക് പരിശീലനം നൽകുന്നത് കൂടുതൽ ഗുണകരമായിരിക്കും. 2025-26 സാമ്പത്തിക വർഷം അത്തരത്തിലുള്ള പദ്ധതികൾ കോർപ്പറേഷൻ വിഭാവനം ചെയ്യുന്നുണ്ട്.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ അടുത്തകാലത്തായി നല്ല മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് നല്ല രീതിയിലുള്ള ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. 1972-ൽ തുടങ്ങിയ സ്ഥാപനം

അതിന്റെ നിയമങ്ങളെല്ലാം അതേ അർഥത്തിൽതന്നെ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. പുതിയ കാലഘട്ടത്തിനനുസരിച്ച് സ്റ്റേറ്റ് ലെവലിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ആവശ്യമായ മാറ്റം വരുത്തേണ്ടതുണ്ട്. സർക്കാരിന്റെ കീഴിൽ ധാരാളം കോർപ്പറേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. കോർപ്പറേഷനുകളിലെ അതത് സമയത്തെ ആവശ്യങ്ങൾ സമയബന്ധിതമായി പരിഹരിച്ചുകൊടുക്കാൻ സ്റ്റേറ്റ് ലെവലിൽ ഒരു കമ്മിറ്റി രൂപീകരിക്കാനും സഹായിക്കാനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയുമോ?

ശ്രീ. പി. രാജീവ്: സർ, ഓരോ കോർപ്പറേഷനുകളും അതത് കോർപ്പറേഷനുകളുടെ ബൈലാ അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യത്തിലെ ഒരുഭാഗം വളരെ പ്രസക്തമാണ്. മാറുന്ന കാലത്തിനനുസരിച്ച് സാങ്കേതികവിദ്യയും സാമ്പത്തിക പ്രവർത്തന രീതികളും മറ്റ് കാര്യങ്ങളിലും മാറ്റം ഉണ്ടാകുന്നുണ്ട്. അതിൻപ്രകാരം നിലവിലുള്ള ചട്ടങ്ങളിലോ നിയമങ്ങളിലോ പ്രൊസീജ്യുവറുകളിലോ കാലോചിതമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രസക്തമാണ്. അത്തരത്തിലുള്ള നിർദ്ദേശങ്ങൾ പരിശോധിക്കാവുന്നതാണ്.

ആഴക്കടൽ മത്സ്യബന്ധന പദ്ധതികൾ

5(*365) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി കാനത്തിൽ ജമീല ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. എം. മുകേഷ്:
ശ്രീ. മുരളി പെരുനെല്ലി:

ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് സർക്കാർ തലത്തിൽ പരിശീലന പരിപാടികൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക് ഇതിനകം പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ആഴക്കടൽ മത്സ്യബന്ധന പദ്ധതികൾക്കായി കേന്ദ്ര സർക്കാർ നൽകുന്ന ധനസഹായം പര്യാപ്തമാണോ; ആയത് വർധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംസ്ഥാനം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യിക്കുന്നതിനുവേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY 2020-21 പദ്ധതിയിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി പ്രകാരം ഒരു യൂണിറ്റ് ആഴക്കടൽ മത്സ്യബന്ധന ബോട്ടിന് 1.20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം (40%) രൂപയാണ് (കേന്ദ്ര വിഹിതം 28.8 + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ) ബാക്കി 72 ലക്ഷം (60%) രൂപ ഗുണഭോക്തൃ വിഹിതവുമാണ്. എന്നാൽ കൊച്ചിൻ ഷിപ്പ്യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ വില 1.50 കോടി രൂപയാണ്. ആയതിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുംകൂടി PMMSY പദ്ധതി പ്രകാരം നൽകുന്ന 48 ലക്ഷം രൂപ കിഴിച്ച് ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതമാണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) അധിക ഗ്രാന്റായി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും Chief Minister's Entrepreneurship Development Programme (CMEDP) ലോൺ മുഖേന ലഭ്യമാക്കുന്നതിനും സർക്കാർതലത്തിൽ ഉത്തരവാകുകയും അധിക ഗ്രാന്റായി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾക്ക് ആകെ 306 ലക്ഷം രൂപ സംസ്ഥാന സർക്കാർ അനുവദിക്കുകയും ചെയ്തു.

ഇപ്രകാരം കൊച്ചിൻ ഷിപ്പ്യാർഡിന്റെ Malpe കപ്പൽ നിർമ്മാണശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 ബോട്ടുകൾ രജിസ്ട്രേഷൻ, ഇൻഷ്വറൻസ് നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾക്ക്

വിതരണം ചെയ്ത്, മത്സ്യബന്ധനം നടത്തിവരുന്നു. ബാക്കിയുള്ള 4 യൂണിറ്റുകൾകൂടി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ PMMSY (2023-24) പദ്ധതിയിലുൾപ്പെടുത്തി 1.20 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വ്യക്തിഗത മത്സ്യത്തൊഴിലാളികൾക്ക്/മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പദ്ധതി പ്രകാരം സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് യൂണിറ്റ് തുകയുടെ 40% ആയ 48 ലക്ഷം രൂപയാണ് (കേന്ദ്ര വിഹിതം 28.8 + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ). ബാക്കി 72 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമാണ്. പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്തിട്ടുള്ള യാന നിർമ്മാണശാലകളിൽ സ്വന്തം നിലയ്ക്ക് യാനങ്ങൾ നിർമ്മിക്കാവുന്നതാണ്. ആയതിലേക്ക് PMMSY മാർഗരേഖയുടെ അടിസ്ഥാനത്തിൽ യാന നിർമ്മാണശാലകളിൽനിന്നും Expression of Interest ക്ഷണിക്കുകയും അപ്രകാരം യോഗ്യതയുള്ള രണ്ട് യാന നിർമ്മാണശാലകൾ ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലകളിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് പൂർത്തീകരിച്ച് ഗുണഭോക്താക്കൾ തിരഞ്ഞെടുക്കുന്ന എംപാനൽ ചെയ്ത യാന നിർമ്മാണ ശാലയുമായി കരാറിൽ ഏർപ്പെട്ട് യാന നിർമ്മാണം ആരംഭിക്കുന്നതിലേക്ക് വകുപ്പ് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. 2023-2024 സാമ്പത്തിക വർഷത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ആഴക്കടൽ മത്സ്യബന്ധനം

പ്രോത്സാഹിപ്പിക്കുന്നതിലേക്കും അതുവഴി ആഴക്കടലിൽനിന്നുള്ള വിഭവങ്ങൾകൂടി പരമ്പരാഗത മേഖലയ്ക്ക് പ്രയോജനപ്പെടുത്തുന്നതിലേക്കുമായി 75 ശതമാനം സബ്സിഡിയോടുകൂടി 14 പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് അനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും നൽകുന്ന 132.50 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കി.

(ബി) പദ്ധതിയിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളിൽനിന്നും തിരഞ്ഞെടുത്ത 30 മത്സ്യത്തൊഴിലാളികൾക്ക് ലോങ് ലൈൻ ഫിഷിംഗ്, ഗിൽ നെറ്റിംഗ് എന്നീ ആഴക്കടൽ മത്സ്യബന്ധന രീതികളിൽ CIFT-ന്റെ നേതൃത്വത്തിൽ NCDC-യുടെ സാമ്പത്തിക സഹായത്തോടെ NIFAM-ൽ വച്ച് മൂന്നുദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് എല്ലാ ഗുണഭോക്തൃ ഗ്രൂപ്പുകളിലെയും തിരഞ്ഞെടുക്കപ്പെട്ട 20 അംഗങ്ങൾക്ക് കൊച്ചിൻ ഷിപ്പ്യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽവച്ച് പരിശീലനം നൽകിയിട്ടുണ്ട്. അതോടൊപ്പം മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് അവബോധം നൽകുന്നതിനും ആനുകാലികമായി നടത്തേണ്ട അറ്റകുറ്റപ്പണികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുന്നതുമായ പ്രവർത്തന മാന്വൽ പരിചയപ്പെടുത്തുന്നതിനും തുടർപരിശീലനം നൽകുന്നതിലേക്കുമായി കൊച്ചിൻ ഷിപ്പ്യാർഡിന് നിർദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ ഗുണഭോക്തൃ ഗ്രൂപ്പുകളിലെയും അംഗങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ beneficiary oriented പദ്ധതികൾക്കും യൂണിറ്റ് തുകയുടെ 24% കേന്ദ്ര വിഹിതവും 16% സംസ്ഥാന വിഹിതവും ചേർത്ത് 40% തുക ധനസഹായവും ബാക്കി 60% ഗുണഭോക്തൃ വിഹിതവുമാണ്. പ്രസ്തുത പദ്ധതി പ്രകാരം ഒരു യൂണിറ്റ് ആഴക്കടൽ മത്സ്യബന്ധന ബോട്ടിന് 1.20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ കൊച്ചിൻ ഷിപ്പ്യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ വില 1.50 കോടി രൂപയാണ്. ആയതിനാൽ യൂണിറ്റ് തുകയായ 120 ലക്ഷം രൂപ എന്നത് 150 ലക്ഷം രൂപയാക്കി (60 ലക്ഷം രൂപ കേന്ദ്ര-സംസ്ഥാന സർക്കാർ സഹായവും 90 ലക്ഷം ഗുണഭോക്തൃ വിഹിതവും) ഉൾപ്പെടുത്തി 10 യൂണിറ്റുകൾ അനുവദിക്കുന്നതിന് 15 കോടി രൂപയുടെ പ്രൊപ്പോസൽ സ്റ്റേറ്റ് ലെവൽ അപ്രൂവൽ മോണിറ്ററിങ് കമ്മിറ്റിയുടെ അംഗീകാരത്തോടെ, PMMSY 2023-24 പദ്ധതിയിൻകീഴിൽ ഭരണാനുമതിക്കായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിരുന്നെങ്കിലും ആയത് യൂണിറ്റ് തുക 120 ലക്ഷം രൂപ എന്ന നിരക്കിൽ 10 യൂണിറ്റുകൾക്കായി 12 കോടി രൂപയ്ക്കാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്. അപ്രകാരം പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, ഇപ്പോൾ മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ബോട്ടുകളും യാനങ്ങളും ഒന്നുംതന്നെ ആഴക്കടൽ മത്സ്യബന്ധനത്തിന് മതിയാകില്ല. അങ്ങനെ വരുമ്പോൾ ആഴക്കടൽ മത്സ്യബന്ധനത്തിന് ബോട്ടുകൾ നിർമ്മിക്കുന്നതിന് കൊച്ചിൻ ഷിപ്പ്യാർഡിന് പുറമെ സ്വകാര്യ മേഖലയെക്കൂടി ഉപയോഗിക്കുന്നുണ്ടോ; അതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിന്റെ നിർമ്മാണം എംപാനൽ ചെയ്തിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി നമ്മൾ പത്ത് ബോട്ടുകൾ നിർമ്മിക്കാൻ ചുമതലപ്പെടുത്തിയത് കൊച്ചിൻ ഷിപ്പ്യാർഡിനെയാണ്. എന്നാൽ കൊച്ചിൻ ഷിപ്പ്യാർഡിന് പുറമെ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾക്കും അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങൾക്കും അനുവാദം നൽകുന്നുണ്ട്. ഇതിനായി expression of interest ക്ഷണിച്ച്, ഫിഷറീസ് വകുപ്പിനുകീഴിൽ രണ്ട് യാന നിർമാണശാലകൾ എംപാനൽ ചെയ്ത് 28-01-2025-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ആഴക്കടൽ മത്സ്യബന്ധനത്തിലൂടെ ലഭിക്കാൻ പോകുന്ന മത്സ്യം ഇപ്പോൾ നമ്മൾ ഉപയോഗിക്കുന്ന തരത്തിലുള്ള മത്സ്യമായിരിക്കില്ല, പ്രത്യേക തരത്തിലുള്ളതായിരിക്കും. മത്സ്യത്തൊഴിലാളികൾക്ക് അതിന് കൃത്യമായ വിലനിശ്ചയിച്ചു നൽകുമെന്ന കാര്യത്തിൽ എന്തെങ്കിലും ഗ്യാരന്റിയുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യത്തൊഴിലാളികൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഈ മത്സ്യം ഏറ്റെടുക്കുന്നതിന് മത്സ്യഫെഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകില്ല.

ശ്രീ. എം. മുകേഷ്: സർ, ആഴക്കടൽ മത്സ്യബന്ധന യാനങ്ങളിൽ ഏതൊക്കെ തരത്തിലുള്ള മത്സ്യബന്ധന രീതികളാണ് അനുവദിച്ചിട്ടുള്ളത്; ട്രോളിംഗ് അനുവദനീയമാണോ?

ശ്രീ. സജി ചെറിയാൻ: സർ, പദ്ധതിയുടെ മാർഗരേഖ പ്രകാരം സുസ്ഥിര മത്സ്യബന്ധന

രീതികളായ ലോങ് ലൈൻ ഫിഷിങ്, ഗിൽ നെറ്റിങ് എന്നിവയാണ് അനുവദിച്ചിട്ടുള്ളത്. ട്രോളിംഗ് അനുവദനീയമല്ല.

ശ്രീ. മുരളി പെരുനെല്ലി: സർ, പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കാനും തീരദേശത്തെ അനാരോഗ്യകരമായ മത്സരം ഒഴിവാക്കാനുംവേണ്ടി സംഘടിപ്പിക്കുന്ന ഈ പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, അതുസംബന്ധിച്ച് മറുപടിയിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്.

ശ്രീമതി ദെലീമ: സർ, മത്സ്യബന്ധന മേഖലയിൽ മികച്ച ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുന്നു. ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾ നൽകുന്ന പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണ് ?

ശ്രീ. സജി ചെറിയാൻ: സർ, ആഴക്കടൽ മത്സ്യബന്ധനത്തിൽ പരിചയമുള്ളതും ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളതുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ ഗ്രൂപ്പുകൾ എന്നിവർക്ക് ഇതിലെ ഗുണഭോക്താക്കളാകാൻ സാധിക്കും.

ശ്രീ. ആന്റണി രാജു: സർ, തീരദേശമേഖലയുടെ സമഗ്രമായ വികസനത്തിന് ബഹുമാനപ്പെട്ട മന്ത്രി നടത്തുന്ന തിളക്കമാർന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. നരസിംഹ

റാവു പ്രധാനമന്ത്രിയായിരുന്ന കാലത്താണ് ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ കപ്പലുകൾക്ക് ലൈസൻസ് നൽകുന്ന തൊഴിലാളി ദ്രോഹ തീരദേശ വിരുദ്ധ പദ്ധതി ഇന്ത്യയിൽ നടപ്പാക്കിയത്. ഇപ്പോൾ ബി.ജെ.പി. സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന കടൽ മണൽ ഖനന പദ്ധതി പോലെതന്നെ മത്സ്യത്തൊഴിലാളികൾക്ക് ഏറ്റവും ദ്രോഹം ചെയ്യുന്ന പദ്ധതിയാണ് കോൺഗ്രസ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ കപ്പലുകൾക്ക് ലൈസൻസ് നൽകുന്ന പദ്ധതി. ഇതൊരു തീരദേശ ദ്രോഹ പദ്ധതിയാണ്. .....(ബഹളം)..... ഈ രണ്ട് മത്സ്യത്തൊഴിലാളി വിരുദ്ധ പദ്ധതികളും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ആഴക്കടൽ മത്സ്യബന്ധനത്തെ ബാധിക്കുമെന്നതിനാൽ അവയെ അതിജീവിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. സജി ചെറിയാൻ: സർ, വളരെ പ്രധാനപ്പെട്ട ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. അതിൽ രാഷ്ട്രീയം കാണേണ്ടതില്ല. ഇത് കേരളത്തിന്റെ തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ ബാധിക്കുന്ന പ്രശ്നമാണ്. ഇപ്പോൾ ഇരുപത് നോട്ടിക്കൽ മൈൽ അധികാരമുള്ള സംസ്ഥാനത്തിന്റെ പരിധിയിലും അപ്പുറത്തേക്ക് ആഴക്കടലിലും ഉൾപ്പെടെയാണ് ഖനനം നടത്താൻ കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളത്. ഒരുമാസംകൂടി അതിന്റെ നടപടിക്രമങ്ങൾ നീട്ടിയെങ്കിലും അപകടകരമായ അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച് ഭരണ-പ്രതിപക്ഷാംഗങ്ങൾ യോജിച്ച് പാസ്സാക്കിയ പ്രമേയം കേന്ദ്ര ഗവൺമെന്റിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് നമ്മുടെ എല്ലാ സംഘടനകളും ഒരുമിച്ച് ആരംഭിച്ച സമരങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം. ആഴക്കടൽ ഖനനവും വിദേശ ട്രോളറുകളും കപ്പലുകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനവും നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലകളെ കാര്യമായി ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ടി വിഷയം നിരന്തരമായി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിനുവേണ്ടി ആവശ്യമായ പ്രക്ഷോഭം സംഘടിപ്പിക്കുന്നുമുണ്ട്. ആ പ്രക്ഷോഭത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ പിന്തുണയും അറിയിച്ചിട്ടുണ്ട്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മത്സ്യബന്ധന മേഖലയിൽ സംസ്ഥാന സർക്കാർ വളരെ ഫലപ്രദമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്ന കാലമാണ്. മത്സ്യബന്ധന മേഖലയിലെ യുവാക്കൾക്കും യുവതികൾക്കുംവേണ്ടി ആരംഭിച്ച 'തൊഴിൽതീരം' എന്ന വലിയ തൊഴിൽദാന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഇതുവരെയുള്ള സ്ഥിതിയെന്താണ്; എത്രപേർക്ക് ട്രെയിനിംഗ് നൽകാൻ കഴിഞ്ഞിട്ടുണ്ട്?

ശ്രീ. സജി ചെറിയാൻ: സർ, കേരളത്തിൽ 'തൊഴിൽതീരം' രണ്ടാം പിണറായി ഗവൺമെന്റിന്റെ ഏറ്റവും അഭിമാനകരമായ പദ്ധതിയാണ്. ഈ പദ്ധതിയിൽ ഇതിനോടകം ഇരുപത്തിയേഴായിരത്തോളം ആളുകൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. അതിൽ ആദ്യഘട്ടമായി മൂവായിരം ആളുകൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന തരത്തിലുള്ള പരിശീലന പരിപാടി ആരംഭിച്ചുകഴിഞ്ഞു. കഴിഞ്ഞ ദിവസം എറണാകുളത്തുവച്ച് ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഞാൻ നിർവഹിക്കുകയുണ്ടായി. ഇരുപത്തയ്യായിരം പേർക്ക് ട്രെയിനിംഗ്

നൽകുകയും അതിനെത്തുടർന്ന് ഒമ്പത് തീരദേശ ജില്ലകളിൽ ആവശ്യമായ തൊഴിൽ മേളകൾ സംഘടിപ്പിച്ചുകൊണ്ടും വിവിധ സ്ഥാപനങ്ങളും വകുപ്പുകളുമായി ബന്ധപ്പെട്ട് ഇവർക്ക് തൊഴിൽ നൽകുന്നതിനുള്ള എല്ലാ സംവിധാനങ്ങളും ഗവൺമെന്റ് ഒരുക്കിയിട്ടുണ്ട്. കേരളത്തിൽ 'തൊഴിൽതീരം' വലിയൊരു പദ്ധതിയായി മാറിയിട്ടുണ്ടെന്ന സന്തോഷകരമായ കാര്യം ഞാൻ സഭയെ അറിയിക്കുന്നു.

വിവിധ തൊഴിൽ മേഖലകളിലെ യുവജനങ്ങളുടെ മാനസികാരോഗ്യം ഉറപ്പാക്കാൻ നടപടി

6(*366) ശ്രീ. എം. വിജിൻ:
ശ്രീ. പി. പി. സുമോദ്:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്കിടയിൽ തൊഴിൽ സമ്മർദ്ദവും ആത്മഹത്യാ പ്രവണതയും വർധിച്ചുവരുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെ മാനസികാരോഗ്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന യുവജന കമ്മീഷൻ നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവെ ഏതെല്ലാം മേഖലകളിൽ ജോലി ചെയ്യുന്നവർക്കിടയിലാണ് നടത്തിയതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ ഐ.ടി. മേഖലയിലും മാധ്യമരംഗത്തും തൊഴിൽ ചെയ്യുന്ന യുവജനങ്ങൾക്കിടയിലാണ് തൊഴിൽ സമ്മർദ്ദം കൂടുതലെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത കണ്ടെത്തലുകളെ അടിസ്ഥാനമാക്കി മാനസികാരോഗ്യത്തിന് മുൻഗണന നൽകുന്നതും യുവജനങ്ങൾക്ക് പിന്തുണ നൽകുന്നതുമായ തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ഇടപെടൽ നടത്തുമോ; വ്യക്തമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ&ബി) കേരള സംസ്ഥാന യുവജന കമ്മീഷൻ തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച് Mental Health of Youth at Work എന്ന പേരിൽ ഒരു ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഐ.റ്റി., ഗിഗ് ഇക്കോണമി, മീഡിയ, ഇൻഷ്വറൻസ്/ബാങ്കിങ്, റീട്ടെയിൽ/ഇൻഡസ്ട്രിയൽ എന്നീ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന 18-നും 40-നും ഇടയിൽ പ്രായമുള്ള 1548 യുവജനങ്ങൾക്കിടയിലാണ് സർവെ നടത്തിയത്.

(സി) കണ്ടെത്തിയിട്ടുണ്ട്.

(ഡി) യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച് ഒരു ശാസ്ത്രീയ പഠനം നടത്തുകയും Mental Health of Youth at Work എന്ന പേരിൽ തയാറാക്കിയ പഠന റിപ്പോർട്ട് സർക്കാരിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഐ.റ്റി., ഗിഗ് ഇക്കോണമി, മീഡിയ, ഇൻഷ്വറൻസ്/ബാങ്കിങ്, റീട്ടെയിൽ/ ഇൻഡസ്ട്രിയൽ എന്നീ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന 18-നും 40-നും ഇടയിൽ പ്രായമുള്ള 1548 യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടാണ് സർവെ നടത്തിയത്. സാമ്പത്തിക അരക്ഷിതാവസ്ഥയും 'വർക്ക് ലൈഫ് ബാലൻസ്' സംബന്ധമായ പ്രശ്നങ്ങൾ എന്നിവയുമാണ് മാനസിക സമ്മർദ്ദത്തിനുള്ള പ്രധാന കാരണമായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ജോലിയുമായി ബന്ധപ്പെട്ട സമ്മർദ്ദങ്ങളിൽ, ജോലിയുടെ

സ്വഭാവം (ജോലിയുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങളും വിഭവങ്ങളും, സമയ സമ്മർദ്ദം, സമയപരിധികൾ, തൊഴിൽ അന്തരീക്ഷം, ഷെഡ്യൂൾ എന്നിവ) തൊഴിലാളികളിൽ തൊഴിൽ സമ്മർദ്ദത്തിന് ഏറ്റവും പ്രധാനപ്പെട്ട സംഭാവന നൽകുന്നതായി കണ്ടെത്തി.

പഠനത്തിലെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി മാനസികാരോഗ്യത്തിന് മുൻഗണന നൽകുന്ന ജീവനക്കാർക്ക് കൂടുതൽ പിന്തുണ നൽകുന്നതും ഉൾക്കൊള്ളൽ ശേഷിയുള്ളതുമായ ഒരു തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ചുവടെ പറയും പ്രകാരം നിർദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്.

- തൊഴിൽ സ്ഥാപനങ്ങളിൽ 'Recreational Corners' സ്ഥാപിക്കുക. ഇത് ജോലി സമ്മർദ്ദം ലഘൂകരിക്കാനും തിരക്കേറിയ ജോലി ഷെഡ്യൂളിൽനിന്ന് ആശ്വാസം കണ്ടെത്താനും സഹായിക്കും.
- തൊഴിലിടങ്ങളിൽ നിശ്ചിത ഇടവേളകളിൽ 'Stress Audit' നടത്തുക. ജീവനക്കാരുടെ സമ്മർദ്ദനിലയും മൊത്തത്തിലുള്ള മാനസികാരോഗ്യ സ്ഥിതിയും നിരീക്ഷിക്കാൻ സഹായിക്കും.
- വർക്ക് ലൈഫ് ബാലൻസ് പോളിസികൾ' തൊഴിലിടങ്ങളിൽ നടപ്പാക്കുക.
- Stress Management സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കി ജീവിതത്തിലെ വ്യക്തിപരവും തൊഴിൽപരവുമായ വെല്ലുവിളികളെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ വരുംതലമുറയെ പ്രാപ്തരാക്കുക.

- ആഴ്ചയിൽ ഒരുമണിക്കൂർ എങ്കിലും 'Wellness Hour', തൊഴിലാളികൾക്കായി മാനസികാരോഗ്യ സംബന്ധിയായ ആശങ്കകളും മറ്റ് അനുബന്ധ പ്രശ്നങ്ങളും ചർച്ച ചെയ്യാനും പങ്കുവെക്കാനും ഇതിലൂടെ സാധിക്കുന്നു.
- സമ്മർദ്ദം കുറയ്ക്കുന്നതിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന സാമ്പത്തിക അച്ചടക്ക സംബന്ധിയായ (ബജറ്റിംഗ്, സമ്പാദ്യം, കടം കൈകാര്യം ചെയ്യൽ, നിക്ഷേപം) ശിൽപശാലകൾ, സ്ഥാപനങ്ങൾ എന്നിവ തൊഴിലാളികൾക്കായി ആസൂത്രണം ചെയ്തുനടപ്പാക്കുക.
- തൊഴിൽ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താൻ മാനസികാരോഗ്യ വിദഗ്ധരെ, ഓർഗനൈസേഷൻ സൈക്കോളജിസ്റ്റിനെ നിയമിക്കുക.
- ആരോഗ്യ ഇൻഷ്വറൻസ് ആനുകൂല്യങ്ങളുടെ ഭാഗമായി മാനസിക ആരോഗ്യ ഇൻഷ്വറൻസും നിയമംമൂലം ഉൾക്കൊള്ളിക്കേണ്ടതാണ്.

ജീവനക്കാരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിന് അടിസ്ഥാന ഫിറ്റ്നസ് സൗകര്യങ്ങൾ, മൈൻഡ്ഫുൾനെസ് പ്രോഗ്രാമുകൾ, സമ്മർദ്ദം കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കുന്ന വർക്ക്ഷോപ്പുകൾ തുടങ്ങിയ സംരംഭങ്ങൾ നടപ്പാക്കാൻ സ്ഥാപനങ്ങൾ മുൻകൈയെടുക്കേണ്ടതുണ്ട്.

റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുന്നതാണ്.

യൂത്ത് എംപവർമെന്റ്, 'മെന്റൽ റെസീലിയൻസ്, ഹാപ്പിനസ്സ്: ചലഞ്ചസ് ആൻഡ് പോസിബിലിറ്റീസ്' എന്ന വിഷയത്തിൽ യുവജന കമ്മീഷൻ അക്കാദമികമായ സാധ്യതയ്ക്ക് പുറത്ത് യുവജനങ്ങളുടെ മാനസിക പ്രശ്നങ്ങളെ സമഗ്രമായി അഭിസംബോധന ചെയ്യുകയെന്ന

ലക്ഷ്യത്തോടെ 2024 ജനുവരി 31, ഫെബ്രുവരി 1 തീയതികളിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. ആ ചർച്ചകളുടെയും സംവാദങ്ങളുടെയും തുടർച്ചയെന്ന നിലയിലും വിപുലീകരണമെന്ന നിലയിലുമാണ് 2025 മാർച്ച് 3, 4 തീയതികളിൽ 'Modern World of Work and Youth Mental Health' എന്ന വിഷയത്തിൽ കഴക്കൂട്ടം ടെക്നോപാർക്കിൽ വെച്ച് യുവജന കമ്മീഷൻ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചത്. ദേശീയ സെമിനാറിനോടൊപ്പം മുഴുവൻ ജില്ലകളിലും സർവകലാശാലകളിലും പ്രാദേശിക ഇടങ്ങളിലും മാനസികാരോഗ്യത്തിന് മുൻഗണന നൽകുന്നതിനും ആത്മഹത്യ പ്രതിരോധത്തിനുമായി സെമിനാറുകളും സംഘടിപ്പിക്കുന്നു.

യുവജനങ്ങളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങൾ, വേഗത്തിലും സുതാര്യവുമായ പരാതി പരിഹാരത്തിനായി നിരന്തരമായ അദാലത്തുകൾ, ആരോഗ്യകാമ്പുകൾ എന്നിങ്ങനെ നിരവധി കർമ്മപദ്ധതികൾ യുവജന കമ്മീഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായത്തിനായി 18001235310 എന്ന ടോൾഫ്രീ നമ്പരും യുവജന കമ്മീഷൻ ഒരുക്കിയിട്ടുണ്ട്.

ശ്രീ. എം. വിജിൻ: സർ, ഐ.ടി. ഉൾപ്പെടെയുള്ള മറ്റു മേഖലകളിലെ യുവാക്കളിൽ തൊഴിൽ സമ്മർദ്ദം ഏറിവരികയാണ്. പക്ഷെ തൊഴിൽ നഷ്ടപ്പെടുമോ എന്ന ഭയം യുവാക്കൾക്കിടയിൽ ഉണ്ടാകുന്ന സാഹചര്യത്തിൽ പേര് വെളിപ്പെടുത്തിക്കൊണ്ട് പരാതിപ്പെടാൻ ഇവർ പലപ്പോഴും ഭയപ്പെടുന്നു. അതുകൊണ്ടുതന്നെ പേര് വെളിപ്പെടുത്താതെ സ്വകാര്യമായി പരാതി നൽകാനുള്ള സംവിധാനവും അതിൽ നടപടി കൈക്കൊള്ളാനും സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. ഇത് തൊഴിൽ വകുപ്പുമായി കൂടിയാലോചിച്ച് കൈകാര്യം ചെയ്യേണ്ട വിഷയമായതിനാൽ ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരാം.

ശ്രീ. എം. വിജിൻ: സർ, യുവാക്കളുടെ മാനസിക ആരോഗ്യംകൂടി കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തെ യുവജന സംഘടനകൾ, ക്ലബ്ബുകൾ ഇവയെല്ലാം കോർത്തിണക്കി തൊഴിൽ മേഖലകളിൽ പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ആലോചിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, തീർച്ചയായും യുവജനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ അത്തരത്തിലൊരു പരിപാടി ആവിഷ്കരിക്കാൻ ആലോചിക്കുന്നുണ്ട്. അടിയന്തരമായി ആ പരിപാടിയുമായി മുന്നോട്ടുപോകും.

ശ്രീ. പി. പി. സുമോദ്: സർ, തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യം ഉറപ്പാക്കുന്നതിന് ലഞ്ച് ബ്രേക്ക് സമയത്ത് യോഗ പോലുള്ള മാനസിക സമ്മർദ്ദം കുറയ്ക്കാനുള്ള വ്യായാമ മുറകൾ നൽകാൻ വകുപ്പ് ആലോചിക്കുന്നുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ഇപ്പോൾതന്നെ നമ്മുടെ യൂത്ത് ഫോഴ്സിനെ ഉപയോഗിച്ചുകൊണ്ടുള്ള ചില പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അത് കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കും.

ഡോ. സുജിത് വിജയൻപിള്ള: സർ, ഐ.ടി. പോലുള്ള മേഖലകളിൽ relaxed mindset-ലാണ് കൂടുതൽ പ്രൊഡക്ടിവിറ്റി ഉണ്ടാകുന്നത്. അക്കാരണങ്ങളാൽ stand up comedians-ന്റെ

പ്രകടനങ്ങളും stress relieving exercises-ഉം ധാരാളമായി ചെയ്യുവരുന്നുണ്ട്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിലെയും പ്രൈവറ്റ് സ്ഥാപനങ്ങളിലെയും തൊഴിലിടത്തെ സമ്മർദ്ദത്തെക്കുറിച്ച് താരതമ്യ പഠനം നടത്തിയിട്ടുണ്ടോ? ഇങ്ങനെയുള്ള വ്യായാമങ്ങൾ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽക്കൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, മെന്റൽ ഹെൽത്തുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ടിൽ അങ്ങ് പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ഇതിനായി ആരോഗ്യ, വിദ്യാഭ്യാസ, തൊഴിൽ വകുപ്പുകളുമായി ചേർന്ന് നടത്തുന്ന പ്രവർത്തനങ്ങളുണ്ട്. പ്രസ്തുത വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്; അതുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ശ്രീ. വി. കെ. പ്രശാന്ത്.... Not in the seat.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചിരുന്നു. മെന്റൽ ഹെൽത്ത് പ്രൊഫഷണൽസും സൈക്യാട്രി സോഷ്യൽ വർക്കർമാരും സൈക്യാട്രിസ്റ്റ് അടക്കമുള്ള മെന്റൽ ഹെൽത്ത് പ്രൊഫഷണൽ ടീമിന്റെ സേവനം എല്ലാ പ്രദേശങ്ങളിലുമുള്ള യുവജനതയ്ക്ക് affordable ആകുന്ന തരത്തിൽ സൗകര്യം ഒരുക്കികൊടുക്കാൻ കഴിയുമോ?

ശ്രീ. സജി ചെറിയാൻ: സർ, അത്തരത്തിലുള്ള സൗകര്യം നമുക്ക് ഒരുക്കിക്കൊടുക്കാൻ കഴിയില്ല. ആരോഗ്യവകുപ്പിന്റെ കീഴിൽ ധാരാളം മാനസിക ആരോഗ്യ പ്രവർത്തനങ്ങൾ

നടക്കുന്നുണ്ട്. ആരോഗ്യവകുപ്പുമായി ചേർന്ന് ഇക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്ന് ആലോചിക്കാം.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)+

[10.00 AM]

II. അനുമോദനം

സുനിതാ വില്യംസിനും സംഘത്തിനും ആശംസകൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ഇന്ന് ലോകം ധീരവനിതയെന്ന് വാഴ്ത്തുന്ന സുനിതാ വില്യംസും സംഘവും ബഹിരാകാശ പര്യവേക്ഷണ യജ്ഞം പൂർത്തിയാക്കി സുരക്ഷിതമായി ഭൂമിയിൽ തിരിച്ചെത്തിയിരിക്കുകയാണ്. ഒമ്പത് മാസത്തെ അതിദീർഘമായ ബഹിരാകാശ യാത്രയ്ക്ക് ശേഷമുള്ള ഈ മടങ്ങി വരവ് ധൈര്യത്തിന്റെയും അർപ്പണബോധത്തിന്റെയും ഉജ്ജ്വല പ്രതീകമായ ഇന്ത്യൻ വംശജയായ ശ്രീമതി സുനിതാ വില്യംസ് തന്റെ വിജയത്തിലൂടെ ലോകത്തിന് മുന്നിൽ ആത്മവീര്യം ഉയർത്തികാണിച്ചിരിക്കുകയാണ്. ഈ അസാധാരണ നേട്ടം നമ്മുടെ രാജ്യത്തിന്റെയും അഭിമാനമാണ്. ബഹിരാകാശ പര്യവേക്ഷണത്തിൽ ഈ വിജയം ലോകമെമ്പാടുമുള്ള സ്ത്രീകൾക്കും നമ്മുടെ യുവതലമുറയ്ക്കും പ്രചോദനമാകേണ്ടതാണ്. സ്വപ്നങ്ങൾക്ക് അതിരുകളില്ലെന്ന് ഒരിക്കൽക്കൂടി

+ അനുബന്ധം 2

ഓർമ്മിപ്പിക്കുന്നതാണ് സുനിതാ വില്യംസിന്റെ ഈ വിജയം. ഈ യാത്രയിൽ സുനിതാ വില്യംസിനെ പിന്തുണച്ച ബാരി യൂജിൻ ബുച്ച് വിൽമോർ, നിക് ഹേഗ്, ആലക്സാണ്ടർ ഗോർബുനോവ് എന്നിവർക്കും ഈ നേട്ടത്തിൽ പങ്കാളിയായ എല്ലാവർക്കും ഈ സഭയുടെ പേരിലുള്ള ഹൃദയം നിറഞ്ഞ ആശംസകൾ അറിയിക്കുന്നു.

[10.00 AM]

III. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: ഇന്ന് ചട്ടം 50 പ്രകാരം ലഭിച്ച നോട്ടീസ് ഒരു ക്ഷേത്രോത്സവത്തോടനുബന്ധിച്ച് ഉണ്ടായ സംഘർഷത്തെ സംബന്ധിച്ചാണ്. ഈ വിഷയം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 50 പ്രകാരം പൊതുപ്രധാന്യമർഹിക്കാത്തതും അടിയന്തര സ്വഭാവത്തോട് കൂടിയുള്ളതും അല്ലാത്തതിനാൽ റൂൾ 50 അനുവദിക്കാൻ സാധിക്കില്ല. നമ്മുടെ സഭയുടെ കീഴ്വഴക്കം അനുസരിച്ച് ഇത്തരം കാര്യങ്ങൾ സാധാരണയായി സബ്മിഷനായാണ് അനുവദിക്കുന്നത്. ഈ നോട്ടീസ് ആദ്യ സബ്മിഷനായി അനുവദിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇത് വളരെ ഗൗരവതരമായ പൊതുപ്രധാന്യമുള്ള വിഷയമാണ്. ഇതിലെ കേസ് അമ്പലത്തിൽ നടത്തിയ ഉത്സവത്തെക്കുറിച്ചല്ല. പോലീസിനെ ആക്രമിച്ച കേസിൽ പോലീസ് ഉദ്യോഗസ്ഥരെ സ്ഥലം

മാറ്റിയതാണ് വിഷയം .....(ബഹളം)..... ഇത് ശരിയായ കാര്യമല്ല. നിങ്ങളുടെ സർക്കാരിന്റെ സൗകര്യം അനുസരിച്ചല്ല നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നൽകേണ്ടത് .....(ബഹളം).... ഈ വിഷയത്തിന് പൊതുപ്രധാന്യമില്ലെന്ന് എങ്ങനെയാണ് പറയുന്നത്.

മി. സ്പീക്കർ: അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് ശരിയായ നടപടിയല്ല. നിങ്ങൾക്ക് അപ്രീയമായ കാര്യങ്ങൾ സഭയിൽ കൊണ്ടുവരാൻ സമ്മതിക്കില്ലെന്ന് പറയുന്നത് ശരിയായ നടപടിയല്ല. ഇത് കീഴ്വഴക്കങ്ങളുടെ ലംഘനമാണ്. ഇവിടെ അമ്പലത്തിലെ ഉത്സവത്തെക്കുറിച്ചല്ല ചർച്ച ചെയ്യുന്നത്. നമ്മൾ ചർച്ച ആവശ്യപ്പെട്ടത് പ്രതികൾ പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ചതും ആ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയതിനെക്കുറിച്ചുമാണ്. ഇത്തരം നടപടികൾ പോലീസിന്റെ ആത്മവീര്യം തകർക്കുന്നതാണ്. നിങ്ങൾ തലശ്ശേരി പോലീസ് സ്റ്റേഷനിലുണ്ടാകില്ല എന്ന് ക്രിമിനലുകൾ പറഞ്ഞു. ഇത് ഗൗരവമായ വിഷയമാണ്. ...(ബഹളം).....

മി. സ്പീക്കർ: പ്രസ്തുത വിഷയം സബ്മിഷനായി അവതരിപ്പിക്കാൻ തയ്യാറാണോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഈ വിഷയം സബ്മിഷനായി അവതരിപ്പിക്കുന്നില്ല. അങ്ങ് ഈ വിഷയം റൂൾ 50 ആയി അവതരിപ്പിക്കാൻ അനുമതി നൽകണം.

മി. സ്പീക്കർ: Sorry. റൂൾ 50 ഡിസ്പോസ് ചെയ്യുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ഈ വിഷയം റൂൾ 50 പ്രകാരം അവതരിപ്പിക്കാൻ അനുമതി നൽകാത്തതിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ

വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

[10.03 AM]

IV. ശ്രദ്ധ ക്ഷണിക്കൽ

(1) പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന വിവിധ വായ്പാ പദ്ധതികളുടെ വിപുലീകരണം

ശ്രീ. യു. ആർ. പ്രദീപ്: സർ, സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി സ്ഥാപിതമായ പട്ടികജാതി/പട്ടികവർഗ വിഭാഗ വികസന കോർപ്പറേഷൻ നൂതന പദ്ധതികൾ തയ്യാറാക്കി ഈ വിഭാഗക്കാരെ സഹായിക്കാനുള്ള ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ സ്ഥാപനം 1972-ൽ ആരംഭിച്ചപ്പോൾ രൂപീകരിക്കപ്പെട്ട അതേ നിയമമാണ് നിലവിലും തുടർന്നുപോരുന്നത്. പുതിയ കാലഘട്ടത്തിനനുസരിച്ച് ഈ നിയമങ്ങളിൽ കാലോചിതമായ മാറ്റം വരുത്തി ഈ സ്ഥാപനത്തെ മുന്നോട്ട് കൊണ്ടുപോകാനുള്ള ഇടപെടൽ നടത്തേണ്ടതുണ്ട്. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽ ഉൾപ്പെടുന്നവർ സ്വർണ്ണ പണയ വായ്പയ്ക്കായി നാഷണലൈസ്ഡ് ബാങ്കുകളെ സമീപിച്ചാൽ അവരിൽനിന്നും ഏകദേശം 10 ശതമാനം പലിശയാണ് ഈടാക്കുന്നത്. ചില അവസരങ്ങളിൽ അവരുടെ കൈവശം ചെറിയ തോതിലുള്ള സ്വർണ്ണം മാത്രമെ ഉണ്ടായിരിക്കുകയുള്ളൂ. സ്വർണ്ണത്തിന്റെ തൂക്കം കുറവായാൽ

പണയത്തിന് സ്വീകരിക്കാത്ത സ്ഥിതിയും നിലനിൽക്കുന്നുണ്ട്. ഈ വിഭാഗക്കാരെ സാമ്പത്തികമായി സഹായിക്കാൻ പട്ടികജാതി/പട്ടികവർഗ വിഭാഗ വികസന കോർപ്പറേഷൻ 6 ശതമാനം പലിശയ്ക്ക് സ്വർണ്ണപ്പണയ വായ്പാ പദ്ധതി ആരംഭിക്കുന്നതിനെക്കുറിച്ച് പരിശോധന നടത്തണം. ഐ.ടി.ഐ., പോളിടെക്നിക്, എഞ്ചിനീയറിങ് പഠിച്ചിറങ്ങുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെടുന്ന നിരവധി വിദ്യാർഥികൾക്ക് സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ ടെയിനിങ് നൽകുന്നതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഇത്തരം പരിശീലന പരിപാടികൾ പട്ടികജാതി/പട്ടികവർഗ വിഭാഗ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിയാൽ ഈ സ്ഥാപനത്തിന് നല്ല മുന്നേറ്റമുണ്ടാക്കാൻ സാധിക്കും. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഈ വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനാൽ ഈ സൗകര്യം ഉപയോഗപ്പെടുത്തികൊണ്ട് പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സഹായകരമായ രീതിയിൽ ടെയിനിങ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കണം. ഈ കോർപ്പറേഷൻ സ്ഥാപിതമായ കാലംമുതലുള്ള നിയമങ്ങൾ കൈകാര്യം ചെയ്യുന്നതിന്റെ ഫലമായി നിരവധി കാര്യങ്ങളിൽ തടസ്സം നേരിടുന്നുണ്ട്; അതുകൊണ്ട് നിയമങ്ങളിൽ കാലാനുസൃതമായി മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ വിഭാഗ വികസന കോർപ്പറേഷൻ കേന്ദ്ര ധനകാര്യ സ്ഥാപനത്തിൽ നിന്ന് വായ്പയെടുത്താണ് വായ്പ നൽകുന്നത്. പല അവസരങ്ങളിലും കേന്ദ്ര ഏജൻസികൾ സമയബന്ധിതമായി വായ്പ നൽകാത്തതിന്റെ ഫലമായി വലിയ വിഷമവും ബുദ്ധിമുട്ടും നേരിടുന്നുണ്ട്. വായ്പയെടുക്കുന്ന തുക കൃത്യമായി തിരിച്ചടയ്ക്കുന്നതിന്റെ

ഭാഗമായി എല്ലാ വർഷവും ഈ സ്ഥാപനത്തിന് അവാർഡ് ലഭിക്കുന്നുണ്ട്. നമുക്ക് അവാർഡ് അല്ല വേണ്ടത്; സമയബന്ധിതമായി ഫണ്ട് ലഭ്യമാക്കാനുള്ള നിലപാടാണ് വേണ്ടത്. ഈ ഫണ്ട് നമ്മുടെ ഗവൺമെന്റിന് വായ്പയായി നൽകാൻ സാധിച്ചാൽ അത് സ്ഥാപനത്തിനുതന്നെ സഹായകരമായി മാറുമെന്ന് മാത്രമല്ല, പുതിയ ബ്രാഞ്ചുകൾ ആരംഭിക്കാനും സാധിക്കും. നിലവിൽ മൊത്തം ജനസംഖ്യയുടെ 5 ശതമാനത്തിൽ താഴെയുള്ളവർക്ക് മാത്രമാണ് ഇതുവരെ വായ്പ നൽകാൻ സാധിച്ചത്. പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്ക് സേവനം ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ താലൂക്കടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ഇപ്രകാരം സ്ഥാപനങ്ങൾ ആരംഭിച്ചാൽ സാമ്പത്തിക പ്രതിസന്ധിക്ക് സാധ്യതയുള്ളതുകൊണ്ട് ആ സ്ഥാപനത്തിന് വായ്പയായി തുക നൽകാൻ സാധിച്ചാൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്ക് അതൊരു ആശ്വാസമായി മാറും. അക്കാര്യങ്ങളിൽ ആവശ്യമായ സർക്കാർ ഇടപെടൽ ഉണ്ടാകണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർഥിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇത് ഇന്നത്തെ ചോദ്യോത്തര വേളയിൽ പ്രധാനമായും ചർച്ച ചെയ്ത വിഷയമാണ്. കേരളത്തിൽ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിന്റെ സാമ്പത്തികവും

സാമൂഹികവുമായ ഉന്നമനം ലക്ഷ്യമിട്ട് 1972-ൽ രൂപീകരിക്കപ്പെട്ട പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ വളരെ ചെറിയ രീതിയിൽ 4 ശാഖകളായാണ് പ്രവർത്തനം ആരംഭിച്ചത്. നിലവിൽ ഈ കോർപ്പറേഷന് കേരളത്തിന്റെ 14 ജില്ലകളിലും ജില്ലാ ബ്രാഞ്ചുകളും വണ്ടൂർ, ചേലക്കര എന്നിവിടങ്ങളിൽ ഉപജില്ലാ ആഫീസുകളും പ്രവർത്തിക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്ക് പ്രധാനമായും വരുമാനദായക ക്ഷേമ പദ്ധതികൾക്ക് മിതമായ പലിശനിരക്കിൽ കോർപ്പറേഷൻ വായ്പ നൽകിവരുന്നുണ്ട്. വിവിധ വരുമാനദായക ക്ഷേമ പദ്ധതികളിലൂടെ 50,000 മുതൽ 50 ലക്ഷം രൂപ വരെയുള്ള വായ്പ ലഭ്യമാക്കുന്നുണ്ട്. നാളിതുവരെ 218000 പേർക്ക് വിവിധ ആവശ്യങ്ങൾക്ക് വായ്പ നൽകാൻ കോർപ്പറേഷന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഗ്യാരന്റിയിലാണ് ഇത്തരത്തിലുള്ള വായ്പകൾ നൽകുന്നത്. 265 കോടി രൂപയായി ഗ്യാരന്റി ഉയർത്തിയിട്ടുണ്ട്. വായ്പ പദ്ധതികളെല്ലാം വിപുലപ്പെടുത്തുന്നതിന് അത് സഹായകരമായിരിക്കും. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വ്യക്തമായ മാനദണ്ഡ പ്രകാരമാണ് പദ്ധതികൾ നടപ്പാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നത്. അതോടൊപ്പം സ്വർണ്ണ പണയ വായ്പ ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്. കൂടാതെ, തുടക്കക്കാരായ പ്രൊഫഷണലുകൾക്ക് അവരുടെ പ്രവർത്തനത്തിന് ആവശ്യമായ സഹായമെന്ന നിലയിൽ ഇപ്പോൾ 5 ലക്ഷം രൂപ വരെ വായ്പ നൽകുന്നുണ്ട്. സർക്കാരിന്റെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ വികസന കോർപ്പറേഷനെ അക്രഡിറ്റഡ് ഏജൻസിയായി നിശ്ചയിക്കുന്നതിന് മാനദണ്ഡ പ്രകാരം മാത്രമെ തീരുമാനമെടുക്കാൻ സാധിക്കുള്ളൂ.

ശ്രീ. യു. ആർ. പ്രദീപ്: സർ, വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന സ്റ്റാഫ് പാറ്റേൺ തന്നെയാണ് 50 വർഷമായി സ്ഥാപനത്തിൽ തുടർന്നുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ഇടപെട്ട് കാലാനുസൃതമായ രീതിയിൽ സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തി അവരെ സഹായിക്കാൻ സാധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷന്റെ പുനഃസംഘടനയ്ക്കുവേണ്ടി ലഭ്യമാക്കിയിട്ടുള്ള, ഐ.എം.ജി.-യുടെ പഠന റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്; അക്കാര്യംകൂടി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

(2) കൊച്ചി കായലോര പ്രദേശങ്ങളിലെ സംരക്ഷണ പ്രവൃത്തികൾ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന കൊച്ചി കോർപ്പറേഷൻ പ്രദേശങ്ങളായ ഇടക്കൊച്ചി, പള്ളുരുത്തി, കോണം എന്നിവിടങ്ങളിലും കുമ്പളം പഞ്ചായത്തിലും വൈപ്പിൻ, എറണാകുളം, കൊച്ചി, പറവൂർ എന്നീ നിയോജകമണ്ഡലങ്ങളിലും നിരന്തരമായി വേലിയേറ്റം ഉണ്ടാകാറുണ്ട്. ഈ പ്രശ്നം തീരദേശങ്ങളുള്ള എല്ലാ നിയോജകമണ്ഡലങ്ങളിലും നിരന്തരമായി സംഭവിക്കാറുണ്ടെന്ന് പല എം.എൽ.എ.-മാരും പറയുന്നുണ്ട്. കാലാകാലങ്ങളായി കായലിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കൽ നീക്കം ചെയ്യാത്തത് കായലിന്റെ സംഭരണശേഷി കുറയുന്നതിനും കാലാവസ്ഥാ വ്യതിയാനം വേലിയേറ്റത്തിനും മുഖ്യകാരണമാകുന്നുണ്ട്.

വേമ്പനാട് കായലിന്റെ carrying capacity 80 ശതമാനമായി കുറഞ്ഞിട്ടുണ്ട്; കൂടാതെ 8 മീറ്റർ ആഴമുണ്ടായിരുന്ന ടി കായലിന് ഇപ്പോൾ 2 മീറ്റർ ആഴം മാത്രമെയുള്ളൂ. നാലായിരം ടൺ മാലിന്യങ്ങളാണ് കായലിൽ അടിഞ്ഞുകൂടിയിരിക്കുന്നത്. കായലിന്റെ സംഭരണശേഷി കുറഞ്ഞതും ഒരു പ്രധാനപ്പെട്ട കാര്യമാണ്. സാധാരണഗതിയിൽ ഫെബ്രുവരി മാസത്തിൽ അവസാനിക്കുന്ന വേലിയേറ്റം ഇപ്പോഴും തുടർന്നുകൊണ്ടേയിരിക്കുന്നു. ഈ പ്രദേശങ്ങളിൽ കായലിന് സംരക്ഷണഭിത്തിയില്ലാത്തതും ഒരു പ്രധാന പ്രശ്നമാണ്. വീടുകളിൽ വെള്ളം കയറുന്നതുമൂലം പ്രദേശവാസികൾക്ക് ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഓരുവെള്ളം കയറി സെപ്റ്റിക് ടാങ്കുകൾ നിറയുകയും അത് കുടിവെള്ളത്തിൽ കലരുകയും ചെയ്യുന്നതിനാൽ കുടിവെള്ളം പോലും ലഭ്യമാകാത്ത സ്ഥിതിവിശേഷമാണുള്ളത്. കുടിവെള്ള പൈപ്പുകളിലും ഈ മാലിന്യം കയറുന്നതുകൊണ്ട് തീരദേശവാസികൾക്ക് ശുദ്ധജലം ലഭിക്കുന്നില്ല. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ അനവധി ദിവസം പണിപ്പെട്ടാണ് പൈപ്പുകളിലൂടെ ശുദ്ധജലമെത്തിക്കുന്നത്. തീരദേശവാസികൾക്ക് ഒരു ചായപോലും ഉണ്ടാക്കി കുടിക്കാൻ സാധിക്കാത്ത ഗുരുതരമായ അവസ്ഥയിലൂടെയാണ് അവർ കടന്നുപോകുന്നത്. മത്സ്യത്തൊഴിലാളികൾക്ക് വള്ളമിറക്കാൻ സാധിക്കുന്നില്ല. ഈ പ്രദേശങ്ങളിലെ തകർന്നുകിടക്കുന്ന സംരക്ഷണഭിത്തികൾ പുനർനിർമ്മിക്കാനും മറ്റുമുള്ള നടപടിയും സ്വീകരിക്കണം. 15-05-2023-ലെ G.O.(Rt)No.458/2023WRD പ്രകാരം 4 കോടി 85 ലക്ഷം രൂപയ്ക്ക് തൃപ്പൂണിത്തുറ നിയോജകമണ്ഡലമുൾപ്പെടുന്ന ചില പ്രദേശങ്ങളിൽ സ്ലൂയിസും സംരക്ഷണഭിത്തിയും നിർമ്മിക്കാനുള്ള സാങ്കേതിക അനുമതി ലഭിച്ചിരുന്നു. എന്നാൽ ഈ പ്രവൃത്തികൾ 9 സ്ഥലങ്ങളിലായി ചിതറിക്കിടക്കുകയാണ്. ഈ പ്രവൃത്തികൾ ഉൾപ്പെടുന്ന

ഭൂരിഭാഗം സ്ഥലങ്ങളിലും സംരക്ഷണഭിത്തി നിർമ്മിക്കാനുള്ള കല്ലുകൾ ലോറിമാർഗ്ഗം എത്തിക്കാൻ സാധിക്കാത്തതിനാൽ ബോട്ട്, ട്രോളി എന്നിവ ഉപയോഗിച്ച് അവ എത്തിക്കേണ്ടിവരും. മേൽ പരാമർശിച്ചിരിക്കുന്ന പ്രായോഗിക ബുദ്ധിമുട്ട് കാരണം പല പ്രാവശ്യം ടെൻഡർ ചെയ്തിട്ടും പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല. അതുകൊണ്ട് ഈ പ്രവൃത്തികൾ എ.എസ്. തുകയിൽ വ്യത്യാസം വരുത്താതെ മൂന്നായി വിഭജിച്ച് ടെൻഡർ ചെയ്യുന്നതിനുള്ള സർക്കാർ അനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച ഫയൽ നിലവിൽ ഇറിഗേഷൻ വകുപ്പിൽനിന്നും ധനകാര്യവകുപ്പിലേക്ക് അയച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ പരിഗണനയിലിരിക്കുന്ന പ്രസ്തുത ഫയലിൽ ധനകാര്യ വകുപ്പുമന്ത്രി ആവശ്യമായ ഇടപെടൽ നടത്തി വേഗത്തിൽ തീരുമാനമെടുക്കണമെന്ന് അഭ്യർഥിക്കുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി എറണാകുളം ജില്ലയിലെ എല്ലാ എം.എൽ.എ.-മാരെയും ജില്ലാ കളക്ടറെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് വിളിച്ചുചേർത്ത ഓൺലൈൻ യോഗത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ബഹുമാനപ്പട്ട മന്ത്രിയെ ഞാൻ കുറ്റപ്പെടുത്തുകയല്ല; പ്രസ്തുത യോഗത്തിൽ പല നിർദേശങ്ങളും മുന്നോട്ടുവച്ചുവെങ്കിലും ഇതുവരെ ഒരു തീരുമാനവും ഉണ്ടായിട്ടില്ല. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നമ്മുടെ നിയന്ത്രണത്തിൽ വരുന്നതല്ലെങ്കിലും സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കണം. മേൽ സൂചിപ്പിച്ച നിർമ്മാണ പ്രവൃത്തികൾ മഴക്കാലം തുടങ്ങിയാൽ ചെയ്യാൻ സാധിക്കില്ലെന്നുള്ളത് ഒരു പ്രശ്നമാണ്. എറണാകുളം നഗരത്തിലെ പ്രധാനപ്പെട്ട പാർപ്പിട പ്രദേശങ്ങളായ ഗിരിനഗർ, പനമ്പള്ളിനഗർ, ജഡ്ജസ് അവന്യൂ

എന്നിവിടങ്ങളിലും ഓരുവെള്ളം കയറുന്ന പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട എറണാകുളം അംഗം ശ്രീ. ടി. ജെ. വിനോദ് ഇതേ വിഷയം സബ്മിഷനായി ഇന്ന് സഭയിൽ ഉന്നയിക്കുന്നുണ്ട്. സമീപ നിയോജകമണ്ഡലങ്ങളായ കരുനാഗപ്പള്ളി, ഹരിപ്പാട് എന്നിവിടങ്ങളിലും ഗുരുതരമായ ഇതേ പ്രശ്നമുണ്ട്. അതുകൊണ്ട് ഈ വിഷയത്തിൽ താൽക്കാലിക പരിഹാരമെന്ന നിലയിൽ തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പ്രദേശങ്ങളിലെ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. ഇക്കാര്യത്തിൽ ശ്വാശത പരിഹാരങ്ങൾക്കുള്ള നടപടികളും സർക്കാർ സ്വീകരിക്കേണ്ടതുണ്ട്. കായലുകളിൽ അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്യുന്നതിനും സാധ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നത്. വേമ്പനാട് കായലിലേക്ക് ഒഴുകിയെത്തുന്ന പെരിയാർ, പമ്പ, മീനച്ചിൽ, മണിമല, അച്ചൻകോവിൽ എന്നീ പ്രധാന നദികളിൽനിന്നും വലിയ അളവിലുള്ള Silt-ഉം debris-ഉം കായലിൽ എത്തിച്ചേരുന്നു. 2018-ലെ വെള്ളപ്പൊക്കം കായലിന്റെ ഹൈഡ്രോളിക് കാര്യക്ഷമത കുറയ്ക്കുകയുണ്ടായി. തന്മൂലം കാലവർഷത്തോടനുബന്ധിച്ചുള്ള അമിത ജലപ്രവാഹത്തെ വഹിക്കാൻ വേമ്പനാട് കായലിനും ഇതിന്റെതന്നെ ഭാഗമായ ഉൾനാടൻ കായലുകൾക്കും സാധിക്കാതെ വരുന്നത് അനിയന്ത്രിതമായ വെള്ളക്കെട്ടിനും പ്രദേശവാസികളിൽ ആരോഗ്യപ്രശ്നങ്ങൾക്കും കാരണമായിട്ടുണ്ട്. വേലിയേറ്റ സമയത്ത് ഒഴുകിയെത്തുന്ന ജലപ്രവാഹം

വേലിയിറക്കത്തോടുകൂടി ഒഴുകി മാറുന്നതിന് ഇത്തരത്തിൽ വിവിധ പ്രദേശങ്ങളിൽ അടിഞ്ഞുകൂടിയ എക്കൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്. കൂടാതെ, കായൽ തീരങ്ങളിലെ അനിയന്ത്രിതമായ ഭൂമി നികത്തൽ, കൈയേറ്റങ്ങൾ എന്നിവയും ജലപാതകളുടെ വീതി കുറച്ചിരിക്കുന്നു.

തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന ഇടക്കൊച്ചി, പെരുമ്പടപ്പ്, കുമ്പളങ്ങി, കുമ്പളം തുടങ്ങി വിവിധ പ്രദേശങ്ങളിൽ കാലാകാലങ്ങളായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ വെള്ളക്കെട്ടിനും അനുബന്ധ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനായി മേൽസ്ഥലങ്ങളിലെ കായലുകൾക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും എക്കൽ നീക്കി ആഴം വർധിപ്പിക്കുന്നതിനും സ്ലൂയിസ് നിർമ്മിക്കുന്നതിനുംവേണ്ടി വിഭാവന ചെയ്ത പ്രവൃത്തിക്ക് 15-05-2023-ലെ GO(Rt) No.458/2023/WRD പ്രകാരം 4.85 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും 02-02-2024-ൽ സാങ്കേതികാനുമതി നല്കിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് ലൊക്കേഷൻ അടിസ്ഥാനമാക്കി മൂന്ന് പ്രവൃത്തികളാക്കി വിഭജിച്ച് തയ്യാറാക്കിയ 4.85 കോടി രൂപയുടെ എസ്റ്റിമേറ്റും അനുബന്ധ വിവരങ്ങളും അടങ്ങിയ വിശദമായ പദ്ധതി റിപ്പോർട്ട് ഭരണാനുമതി പുനഃക്രമീകരിച്ച് നൽകുന്നതിനായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയും വളരെ ഗൗരവപൂർവമായി കാണുന്നതുമാണ്. നിലവിൽ ഫയൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. എത്രയുംവേഗം അനുമതി ലഭ്യമാക്കി പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വേമ്പനാട് കായലിന്റെ വിവിധ പ്രദേശങ്ങളിൽനിന്നായി ഏകദേശം 50 ലക്ഷം m3 ചെളിയും/എക്കലും നീക്കം ചെയ്യേണ്ടതുണ്ട്. അതിൽ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റെയിൽ പാലത്തിന്റെ സമീപത്തായി മാത്രം (1 km U/S & 2 km D/S) 25.15 ലക്ഷം m3 ചെളിയും/എക്കലും നീക്കം ചെയ്യേണ്ടതുണ്ട്. പ്രസ്തുത സ്ഥലത്തെ 257.50m3 എക്കലും/ചെളിയും അടിയന്തരമായി ടേൺകീ അടിസ്ഥാനത്തിൽ നീക്കം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ഇടക്കൊച്ചി അരൂർ ബ്രിഡ്ജ് മുതൽ പെരുമ്പടപ്പ് കുമ്പളങ്ങി ബ്രിഡ്ജ് വരെയുള്ള ഭാഗത്ത് ഏകദേശം 2362.50 m3 -ഉം, പെരുമ്പടപ്പ് കുമ്പളങ്ങി ബ്രിഡ്ജ് മുതൽ കണ്ണമാലി സൈഡ് വരെ ഏകദേശം 1125.00 m3-ഉം എക്കലും ചെളിയും നീക്കം ചെയ്യേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തികളും ടേൺകീ അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. എന്നാൽ 28-11-2024-ലെ സർക്കാർ ഉത്തരവ് (കൈ) നം.7/2024/CSND പ്രകാരം വേമ്പനാട് കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ട പ്രദേശത്തുനിന്നും സ്പോയിൽ ഡ്രഡ്ജ് ചെയ്തെടുത്ത് ദേശീയപാത-66-ന്റെ വികസനത്തിന് ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രദേശം ദേശീയ ജലപാതയുടെ ഫീഡർ ചാനൽ ആയതിനാൽ ടി സർക്കാർ ഉത്തരവ് മാതൃകയാക്കി മേൽപ്പറഞ്ഞ കായൽ പ്രദേശത്ത് അമിതമായി അടിഞ്ഞുകൂടിയ എക്കലും ചെളിയും ഡ്രഡ്ജ് ചെയ്ത് സമാനരീതിയിൽ NHAI-യുടെ പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്താവുന്നതാണോ എന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ 2025-26 ബജറ്റിൽ ക്രമനമ്പർ 442-ൽ ഉൾപ്പെടുത്തി വടുതല-

ചിറ്റൂർ-മൈൻഡ്രൈവ് കായലുകളിൽ ഡ്രഡ്ജ് ചെയ്ത് ചെളി നീക്കം ചെയ്ത് കായൽ ഗതാഗതത്തിനും നഗരത്തിലെ വെള്ളക്കെട്ടിനും പരിഹാരം കാണുന്നതിനുള്ള പ്രവൃത്തിക്കായി 20 ശതമാനം പദ്ധതി വിഹിതത്തോടെ തുകയായി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വേലിയേറ്റംമൂലമുള്ള വെള്ളപ്പൊക്കം വൈപ്പിൻ മേഖലയിലെ ഞാറയ്ക്കൽ, നായരമ്പലം, എടവനക്കാട്, കുഴിപ്പിള്ളി പഞ്ചായത്തുകളിലെ വീടുകളിലും നിരത്തുകളിലും വെള്ളം കയറുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. തോടുകളുടെ സംരക്ഷണ ഭിത്തികൾ ഉയർത്തിയും കായൽ പ്രദേശങ്ങളിൽ അമിതമായി അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്യുകയും ചെയ്യുന്നതുവഴി പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകുന്നതാണ്. കായൽതീരങ്ങളിൽ സ്പോയിൽകൊണ്ട് ബണ്ട് പിടിപ്പിക്കുകവഴി വേലിയേറ്റം കരപ്രദേശങ്ങളിലേക്ക് കയറുന്നത് തടയാൻ സാധിക്കും. 2022 ഓപ്പറേഷൻ വാഹിനിയിൽ ഉൾപ്പെടുത്തി എടവനക്കാട് പഞ്ചായത്തിൽ 2.548 ലക്ഷം രൂപയുടെയും നായരമ്പലം പഞ്ചായത്തിൽ 2.492 ലക്ഷം രൂപയുടെയും പളളിപ്പുറം പഞ്ചായത്തിൽ 11.517 ലക്ഷം രൂപയുടെയും കുഴിപ്പിള്ളി പഞ്ചായത്തിൽ 5.84 ലക്ഷം രൂപയുടെയും ഡീസിൽറ്റേഷൻ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. 2023 ഓപ്പറേഷൻ വാഹിനിയിൽ ഉൾപ്പെടുത്തി തോടുകളുടെ പുനരുജ്ജീവനത്തിനായി ഞാറക്കൽ പഞ്ചായത്തിൽ 32.44 ലക്ഷം രൂപയുടെയും എളങ്കുന്നപ്പുഴ പഞ്ചായത്തിൽ 4.386 ലക്ഷം രൂപയുടെയും നായരമ്പലം പഞ്ചായത്തിൽ 5.278 ലക്ഷം രൂപയുടെയും പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. 2024 ഓപ്പറേഷൻ വാഹിനിയിൽ ഉൾപ്പെടുത്തി ഞാറക്കൽ പഞ്ചായത്തിൽ 6.272 ലക്ഷം രൂപയുടെയും എടവനക്കാട് പഞ്ചായത്തിൽ 7.459 ലക്ഷം രൂപയുടെയും ഡീസിൽറ്റേഷൻ പ്രവൃത്തി

ചെയ്തിട്ടുണ്ട്.

വൈപ്പിൻ നിയോജകമണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലെ പുഴകളുടെയും ചെറുതോടുകളുടെയും എക്കൽ നീക്കി ആഴം കൂട്ടുന്നതിനും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുമായി നവകേരള സദസ്സ്, തീര സദസ്സ് എന്നിവയിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ 1,684 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എളങ്കുന്നപ്പുഴ പഞ്ചായത്തിൽ വരുന്ന ആർ.എം.പി. തോടിന്റെ പാർശ്വ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുമുള്ള 600.13 ലക്ഷം രൂപയുടെ ഡി.പി.ആർ. സർക്കാരിൽ ലഭിച്ചിട്ടുണ്ട്; ആയത് പരിശോധിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പട്ട എറണാകുളം എം.പി.-യും ജില്ലയിലെ എം.എൽ.എ.-മാരും ഉൾപ്പെടെയുള്ളവരുടെ ഒരു യോഗം ബഹുമാനപ്പട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വിളിച്ചുചേർത്തിരുന്നു. പ്രസ്തുത യോഗത്തിൽ കാര്യക്ഷമമായി നടന്ന ചർച്ചയിലെ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്ന്, നീക്കം ചെയ്യുന്ന എക്കലും ചെളിയും ദേശീയപാതാ നിർമ്മാണത്തിനായി NHAI-യ്ക്ക് നൽകാൻ കഴിയുമോ എന്നുള്ളതും മറ്റൊന്ന് ചെല്ലാനത്തെ ടെട്രോപാഡ് കടൽഭിത്തിക്ക് സമീപം കൃത്രിമ ബീച്ച് നിർമ്മിക്കാൻ സാധിക്കുമോ എന്നുള്ളതുമാണ്. തീർച്ചയായും ഇക്കാര്യങ്ങൾ പരിശോധിച്ച് നടപ്പാക്കാൻ സാധിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. വീടുകളിൽ വെള്ളം കയറി നാശനഷ്ടങ്ങളുണ്ടായ അതിരൂക്ഷമായ അവസ്ഥയാണ് ഈ മേഖലകളിൽ ഉണ്ടായിട്ടുള്ളത്. ഇത്തരം സന്ദർഭങ്ങളിൽ അവർക്ക് നഷ്ടപരിഹാരം നൽകാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച്

റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിനായി പ്രസ്തുത യോഗത്തിൽ തഹസീൽദാരെ ചുമതലപ്പെടുത്തുകയുണ്ടായി. കൂടാതെ ഓരുവെള്ളം കയറിയ പഞ്ചായത്തുകളിൽ ആരോഗ്യപ്രശ്നങ്ങൾ രൂപപ്പെട്ടതിനാൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്ന കാര്യത്തിലും യോഗത്തിൽ തീരുമാനമെടുക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി കണ്ടുകൊണ്ട് പ്രസ്തുത യോഗതീരുമാനങ്ങളും കൂടി ഉൾപ്പെടുത്തി ആവശ്യമായ പരിശോധന നടത്തി മുന്നോട്ടുപോകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ച് അക്കാര്യത്തിൽ അടിയന്തര തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് എ.എസ്. തുകയിൽ മാറ്റമില്ലാതെയാണ് വർക്ക് മൂന്നായി സ്പ്ലിറ്റ് ചെയ്തിട്ടുള്ളത്. നിരവധി തവണ ടെൻഡർ വിളിച്ചിട്ടും കോൺട്രാക്ടർമാർ ആരും പ്രവൃത്തിയേറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകതകൂടി പരിഗണിച്ചുകൊണ്ട് അത് ലഭിക്കുന്നതിനാവശ്യമായ റിപ്പോർട്ടോടുകൂടിയാണ് ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുള്ളത്. അക്കാര്യം വകുപ്പുതന്നെ ഫോളോ അപ് ചെയ്യുന്നതാണ്. ഈ നിലയിൽതന്നെ പ്രവൃത്തികൾ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാരോടും അംഗങ്ങളോടും ഒരു അപേക്ഷയുണ്ട്. ഇന്ന് ധനകാര്യ ബില്ലിന്മേൽ മൂന്ന് മണിക്കൂർ ചർച്ചയുണ്ട്. അതിനുശേഷം മൂന്ന് നിയമങ്ങൾ, 2024-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും തുടർന്ന് ക്ലോസ് ബൈ ക്ലോസ് ചർച്ചയും നടത്തേണ്ടതുണ്ട്. ആയതിനാൽ, ബഹുമാനപ്പെട്ട അംഗങ്ങളും മന്ത്രിമാരും സബ്മിഷന്റെ സാരാംശം മാത്രം അവതരിപ്പിക്കണമെന്ന് അഭ്യർഥിക്കുന്നു.

[10.22 AM]

V. സബ്മിഷൻ

(1) വേമ്പനാട് കായൽ ശുചീകരണത്തിന് പ്രത്യേക പദ്ധതി

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 1512 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന വേമ്പനാട് കായൽ ഇന്ന് നിരവധി പാരിസ്ഥിതിക വെല്ലുവിളികൾ നേരിടുകയാണ്. കായലിന്റെ പുനരുദ്ധാരണത്തിനുവേണ്ടി സമഗ്രമായ ഒരു പദ്ധതിക്ക് രൂപം കൊടുക്കേണ്ടതുണ്ട്. വളരെ മാതൃകാപരമായി ആലപ്പുഴ ജില്ലയിൽ 28 ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തും മുനിസിപ്പാലിറ്റിയും ജില്ലാ ഭരണകൂടവും മുൻകൈയെടുത്തുകൊണ്ടും കൂട്ടിയോജിപ്പിച്ചുകൊണ്ടുമുള്ള ഒരു സമഗ്ര പദ്ധതിയിലൂടെ ഏകദേശം 1.8 കോടി രൂപ ചെലവഴിച്ച് ജനകീയ പങ്കാളിത്തത്തോടുകൂടി നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി

കായലിൽനിന്ന് ഏകദേശം 12 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങളടക്കം നിർമാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് വേമ്പനാട് കായലിനെ സംബന്ധിച്ചിടത്തോളം പ്ലാസ്റ്റിക് മാലിന്യങ്ങളും പോളപ്പായലുംമൂലം വലിയ പാരിസ്ഥിതിക പ്രശ്നങ്ങളാണ് നേരിടുന്നത്. ഇപ്പോൾ ആരംഭിച്ചിട്ടുള്ള 'പ്ലാസ്റ്റിക് വിമുക്ത വേമ്പനാട്' പദ്ധതി ആലപ്പുഴയിൽ മാത്രമായി നിലനിൽക്കുകയാണ്. ഒരു സമഗ്ര പദ്ധതിയെന്ന നിലയിൽ ടി പദ്ധതി എറണാകുളം, കോട്ടയം ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി സംസ്ഥാന സർക്കാർതന്നെ മുൻകൈയെടുത്ത് നടപ്പാക്കണമെന്ന് അഭ്യർഥിക്കുന്നു.

തദ്ദേശ സ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, വളരെ പ്രധാനപ്പെട്ട ഈ പ്രശ്നം ഉന്നയിച്ചതിന് ബഹുമാനപ്പെട്ട അംഗം പി. പി. ചിത്തരഞ്ജനെ ഞാൻ അഭിനന്ദിക്കുന്നു. വീടുകൾ, സ്ഥാപനങ്ങൾ, ഹൗസ് ബോട്ടുകൾ എന്നിവയിൽനിന്നുള്ള കക്കൂസ് മാലിന്യങ്ങളുൾപ്പെടെയുള്ളവയാണ് വേമ്പനാട് കായലിനെ മലിനമാക്കുന്നത്. വളരെ ഗുരുതരമായി മാറിയ ഈ മലിനീകരണ പ്രശ്നം തടയുന്നതിന് ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി പഞ്ചായത്ത് മുനിസിപ്പൽ തലങ്ങളിലും ജില്ലാതലത്തിലും സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. 932 സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ നോട്ടീസ് നൽകുകയും പിഴ ഇനത്തിൽ 51,50,000 രൂപ ചുമത്തുകയും ചെയ്തിട്ടുണ്ട്.

ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ രണ്ട് ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകളും അഞ്ച് ശുചിമുറി മാലിന്യ സംസ്കരണ പ്ലാന്റുകളും അഞ്ച് മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റുകളും സ്ഥാപിക്കും. ആലപ്പുഴ, ചേർത്തലയിൽ 250 KLD ശുചിമുറി മാലിന്യ പ്ലാന്റിന്റെ നിർമ്മാണം

പൂർത്തിയായിക്കഴിഞ്ഞു. മുനിസിപ്പാലിറ്റിയിൽ രണ്ട് മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റിൽ ഒന്ന് ഇതിനകം വാങ്ങുകയും മറ്റൊന്നിന്റെ ട്രയൽ റൺ നടത്തിക്കൊണ്ടിരിക്കുകയുമാണ്. ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലും മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റ് വാങ്ങി. എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷനിൽ 1 MLD (ദശലക്ഷം ലിറ്റർ) കക്കൂസ് മാലിന്യം സംസ്കരിക്കുന്ന പ്ലാന്റ് മരട് 1 MTU എന്നിവ ഏറ്റെടുത്തിട്ടുണ്ട്. ആലപ്പുഴ നഗരസഭയ്ക്കുകീഴിൽ ജനറലാശുപത്രിയിൽ 240 KLD പ്ലാന്റ്, ആലിശ്ശേരി വാർഡിൽ 5000 KLD ശേഷിയുള്ള FSTP (Faecal Sludge Treatment Plant), ഭജനമഠം സെറ്റിൽമെന്റ് കോളനിയിൽ 12 KLD ശേഷിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയെല്ലാം നിലവിൽ സ്ഥാപിച്ചുകഴിഞ്ഞു. വേമ്പനാട് കായൽ ശുചീകരിക്കുന്നതിനുള്ള വിപുലമായ പരിപാടി ജില്ലാ കളക്ടറുടെ നേതൃത്വത്തിലും ജില്ലാ പഞ്ചായത്ത് മുൻകൈയെടുത്തും നടപ്പാക്കുന്നുണ്ട്. ഈ വിഷയം സംബന്ധിച്ച് സമഗ്രമായ നടപടികളാണ് സർക്കാരും തദ്ദേശസ്ഥാപനങ്ങളും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

(2) മണിമല വില്ലേജിലെ റവന്യൂ ഭൂമി സാമൂഹ്യനീതി വകുപ്പിന് കൈമാറാൻ നടപടി

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, മണിമല വില്ലേജിലെ റവന്യൂ ഭൂമി ഭിന്നശേഷി ഗ്രാമത്തിനുവേണ്ടി വിട്ടുനൽകണമെന്നുള്ള ആവശ്യത്തിന് ഒന്നരവർഷത്തെ പഴക്കമുണ്ട്. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഇത്തരമൊരു പദ്ധതിക്കുവേണ്ടി സർക്കാർ വിഭാവനം ചെയ്തതുതന്നെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പുനരധിവാസവും അതുമായി ബന്ധപ്പെട്ട് അവരുടെ രക്ഷിതാക്കളുടെ താമസവും ലക്ഷ്യമിട്ടുകൊണ്ടാണ്. കൈത്തൊഴിലുകൾ പരിശീലിപ്പിക്കാനും ഉൽപ്പന്നങ്ങൾ

വിറ്റഴിക്കാനും ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സ്വയംപര്യാപ്തതയ്ക്കും വേണ്ടിയുള്ള സർക്കാർ പ്രോജക്ടിന്റെ ഭാഗമാണിത്. ആദരണീയനായ മന്ത്രിയുടെ പ്രത്യേക താൽപര്യപ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിച്ചത്. അതിനുള്ള സ്ഥലം ഡീമാർക്ക് ചെയ്ത് അവിടത്തെ മരങ്ങളുടെ വില തീരുമാനിച്ചെങ്കിലും ഇതിലേയ്ക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് പദ്ധതി പൂർത്തിയാക്കാൻ ഇനിയും സാധിച്ചിട്ടില്ല. കാലതാമസം നേരിടുമെങ്കിൽ ഉപയോഗാനുമതി നൽകിക്കൊണ്ടെങ്കിലും പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. ഞാൻ രണ്ടുവർഷമായി ഈ പ്രവൃത്തിയുടെ പിന്നാലെയാണ്. ഇക്കാര്യത്തിൽ അനുകൂലമായ നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയോട് അഭ്യർഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, മരങ്ങളുടെ വില നിർണ്ണയിക്കുന്നതിന് വനം വകുപ്പിൽനിന്ന് ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തിയിട്ടുള്ളതും ഭിന്നശേഷിക്കാർക്ക് പുനരധിവാസ ഗ്രാമം ആരംഭിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനായി ടി സ്ഥലത്ത് നിൽക്കുന്ന മരങ്ങളുടെ വാല്യുവേഷൻ നടത്തി 10-03-2025-ന് റിപ്പോർട്ട് തഹസിൽദാർക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ടി മൂല്യനിർണ്ണയ റിപ്പോർട്ട് പരിശോധിച്ച് ഭൂമി കൈമാറ്റ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കാഞ്ഞിരപ്പള്ളി തഹസിൽദാർ നടപടി സ്വീകരിച്ചുവരികയാണ്. പ്രൊപ്പോസൽ സമയബന്ധിതമായി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതും പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായാലുടൻ ഇക്കാര്യത്തിൽ കാലതാമസം

കൂടാതെ തുടർനടപടി സ്വീകരിക്കുന്നതുമാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(3) ചങ്ങനാശ്ശേരി റവന്യൂ ടവറിലെ ലിഫ്റ്റുകളുടെ പ്രവർത്തനം

ശ്രീ. ജോബ് മൈക്കിൾ: സർ, താലൂക്കാഫീസും ട്രഷറിയുമുൾപ്പെടെയുള്ള 26 സർക്കാർ ഓഫീസുകളും 120-ഓളം സ്വകാര്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്ന ചങ്ങനാശ്ശേരി റവന്യൂ ടവറിൽ ദിവസേന ആയിരത്തിലധികം ആളുകൾ വിവിധ ആവശ്യങ്ങൾക്കായി വരാറുണ്ട്. ആറു നിലകളിലായി പ്രവർത്തിക്കുന്ന ഈ റവന്യൂ ടവറിലെ ലിഫ്റ്റുകൾ പ്രവർത്തിക്കാത്തതുകൊണ്ട് വളരെയധികം ബുദ്ധിമുട്ട് നേരിടുകയാണ്. ടി കെട്ടിടത്തിൽ അഞ്ച് ലിഫ്റ്റ് ഡക്ടുകളുള്ളതിൽ മൂന്ന് ഡക്ടുകളിൽ ലിഫ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഒരു ലിഫ്റ്റിൽ ആളുകൾ കുടുങ്ങിയപ്പോൾ ഫയർ ഫോഴ്സ് എത്തി വാതിൽ പൊളിച്ചുമാറ്റിയാണ് അവരെ രക്ഷപ്പെടുത്തിയത്. തുടർന്ന് നാളിതുവരെ ഈ ലിഫ്റ്റ് പ്രവർത്തനക്ഷമമായിട്ടില്ല. മറ്റൊരു ലിഫ്റ്റ് 2025 ജനുവരി മാസം മുതൽ പ്രവർത്തിക്കുന്നില്ല. ടി ലിഫ്റ്റിന്റെ തകരാർ പരിഹരിക്കുന്നതിന് കരാറുകാർ ആവശ്യപ്പെട്ടിട്ടും നടപടി സ്വീകരിച്ചിട്ടില്ല. ശേഷിക്കുന്ന പ്രവർത്തനക്ഷമമല്ലാത്ത ഒരു ലിഫ്റ്റ് നിരന്തരം ഉപയോഗിക്കുന്നതുമൂലം കഴിഞ്ഞ കുറെ ദിവസങ്ങളായി തകരാറിലാണ്. പ്രസ്തുത വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് ചങ്ങനാശ്ശേരി റവന്യൂ ടവറിലെ അഞ്ച് ഡക്ടുകളിലെയും ലിഫ്റ്റുകൾ പ്രവത്തനക്ഷമമാക്കണമെന്ന് അഭ്യർഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ യാഥാർത്ഥ്യമായതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. പക്ഷേ അങ്ങ്

+ അനുബന്ധം 3

പറയാതെപോയ പ്രധാനപ്പെട്ട പ്രശ്നം, ചങ്ങനാശ്ശേരി റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന സർക്കാർ കാര്യാലയങ്ങളിൽനിന്ന് 216.29 ലക്ഷം രൂപയും സ്വകാര്യ സ്ഥാപനങ്ങളിൽനിന്ന് 46.46 ലക്ഷം രൂപയും കുടിശ്ശികയിനത്തിൽ ബോർഡിന് വാടക തുക ലഭിക്കേണ്ടതുണ്ട്. ബോർഡിന് ലഭിക്കേണ്ട വാടക കൃത്യമായി ലഭിക്കാത്തതിനാൽ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, ലിഫ്റ്റ് മാറ്റി സ്ഥാപിക്കൽ, നിലവിലുള്ള ലിഫ്റ്റിന്റെ എ.എം.സി. പുതുക്കി നൽകൽ എന്നിവ യഥാസമയം ചെയ്യാൻ സാധിക്കുന്നില്ല. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് പുതിയ ലിഫ്റ്റുകൾ സ്ഥാപിച്ച് പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ സാധിക്കാത്തത്. ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച് നിർദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന്റെകൂടി സഹായം സ്വീകരിച്ചുകൊണ്ട് കുടിശ്ശിക തുക സമാഹരിക്കാൻ സാധിച്ചാൽ റവന്യൂ ടവറിലെ പോരായ്മകളുമായി ബന്ധപ്പെട്ട പരാതികൾക്ക്/പ്രശ്നങ്ങൾക്ക് എത്രയുംവേഗം ശാശ്വത പരിഹാരം കണ്ടെത്താൻ സാധിക്കും.

(4) കസബ ശാന്തിനഗർ നിവാസികളുടെ പട്ടയ പ്രശ്നം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പുതിയങ്ങാടി വില്ലേജിൽ ശാന്തിനഗർ കോളനിയിലെ പട്ടയ പ്രശ്നത്തെക്കുറിച്ചാണ് ഞാൻ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 2011-ലെ സർക്കാർ, ഹൗസിങ് ബോർഡ് മുഖേന 217 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെങ്കിലും ഇവയ്ക്കൊന്നും ഇപ്പോഴും പട്ടയം നൽകിയിട്ടില്ല. ഇക്കാരണത്താൽ ഗുണഭോക്താക്കൾ നിരവധി പ്രശ്നങ്ങൾ നേരിടുകയാണ്. ഇതിൽ 196 പേർക്ക് നേരത്തെ പട്ടയം ഉണ്ടായിരുന്നതാണ്. വീട് നിർമ്മിച്ച് നൽകിയ അവസരത്തിൽ പട്ടയ ഭൂമിയുടെ രേഖകൾ നൽകാത്തതിനാൽ കോർപ്പറേഷൻ വീട്ടുനമ്പർ നൽകിയിട്ടില്ല. നിലവിൽ വീട്

ലഭ്യമായവരുടെ രേഖകൾ പരിശോധിച്ച് പട്ടയം നൽകാൻ നടപടി സ്വീകരിക്കണം. ഇതിനുപുറമെ കടലിൽനിന്ന് 30 മീറ്റർ പരിധി നിശ്ചയിച്ചാണ് കെ.എസ്.എച്ച്.ബി. (Kerala State Housing Board) വീടുകൾ നിർമ്മിച്ച് നൽകിയത്. ഈ പ്രശ്നങ്ങളെക്കുറിച്ച് അറിയാവുന്ന ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ഇതിന് പരിഹാരം കണ്ടെത്തുന്നതിനായി ഒരു മീറ്റിങ് വിളിച്ചുചേർത്തിട്ടുണ്ട്. അവരുടെ ദീർഘകാലത്തെ ആവശ്യമായ പട്ടയപ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ ഗൗരവമായ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഈ പ്രശ്നത്തിന് ദീർഘകാലത്തെ പഴക്കമുണ്ട്; ഒരുപാട് സാങ്കേതിക പ്രശ്നങ്ങളുമുണ്ട്. ഞാനും ബഹുമാനപ്പെട്ട അംഗവും ചേർന്ന് മറ്റൊരു പരിപാടിയുമായി ബന്ധപ്പെട്ട് ശാന്തിനഗർ കോളനി സന്ദർശിച്ചിരുന്നു. കടൽഭിത്തിയിൽനിന്ന് ഏതാണ്ട് 50 മീറ്ററിനുള്ളിലുള്ളവരെ കടൽക്ഷോഭം നടക്കുന്ന പ്രദേശങ്ങളിൽനിന്ന് സ്ഥിരമായി മാറ്റിപ്പാർപ്പിക്കേണ്ടി വരുന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള വിഷയങ്ങളാണുള്ളത്. പുനർഗേഹം പദ്ധതിയിലൂടെ അനുവദിക്കുന്ന 10 ലക്ഷം രൂപ വിനിയോഗിച്ച് പരിസര പ്രദേശങ്ങളിൽനിന്ന് ഭൂമി വാങ്ങാൻ കഴിയാത്തതുകൊണ്ട് അവർക്ക് ആ പദ്ധതിയിൽ താൽപര്യമില്ല. പുനർഗേഹം പദ്ധതി മുഖേന 10 ലക്ഷം രൂപ നൽകിയതുകൊണ്ട് കോളനിയിലെ പ്രശ്നം അവസാനിക്കുകയില്ല. ശാന്തിനഗർ കോളനിയിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്നതിനായി ഒന്നിലേറെ വിഷയങ്ങളുണ്ട്. പുനരധിവാസ പ്രശ്നത്തിൽ കൈവശക്കാരുടെകൂടി അഭിപ്രായം കണക്കിലെടുത്തുകൊണ്ട് മാത്രമെ അന്തിമ പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളൂ.

അതുകൊണ്ട് നേരിട്ട് സ്ഥലപരിശോധന നടത്തി താമസക്കാരുടെ അഭിപ്രായംകൂടി ആരാഞ്ഞ് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ടുകൂടി ലഭിച്ചതിനുശേഷം ബഹുമാനപ്പെട്ട അംഗത്തെയും അവരുടെ പ്രതിനിധികളെയും ജില്ലാ ഭരണകൂടത്തെയും പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേരുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

(5) വേമ്പനാട് കായൽ ഡ്രഡ്ജിങ്ങ്

ശ്രീ. ടി. ജെ. വിനോദ്: സർ, വേമ്പനാട് കായലിലെയും കൈവഴികളിലെ ചെറിയ കനാലുകളിലെയും അടിത്തട്ടിൽ എക്കലും മണ്ണും അടിഞ്ഞുകൂടിയതുമൂലം ജലസംഭരണശേഷി കുറഞ്ഞത് കൊച്ചി നഗരത്തിലെ വേലിയേറ്റത്തിന്റെ പ്രധാന കാരണമായിരിക്കുകയാണ്. തീരദേശ മേഖലയിൽ മാത്രമല്ല, കൊച്ചി നഗരത്തിന്റെ താഴ്ന്ന പ്രദേശങ്ങളിലും പ്രത്യേകിച്ച്, കടവന്ത്ര, ചെലവന്നൂർ, തേവര, പനമ്പിള്ളി നഗർ, കോന്തുരുത്തി, കൊറുങ്കോട്ട, താന്തോന്നിതുരുത്ത്, ചിറ്റൂർ, വടുതല പ്രദേശങ്ങളിലും വെള്ളക്കെട്ട് രൂക്ഷമാണ്. നഗരമധ്യത്തിലുള്ള കലൂർ ജഡ്ജസ് അവന്യൂവിൽപോലും അതിരൂക്ഷമായ വേലിയേറ്റംമൂലം വെള്ളക്കെട്ട് ഉണ്ടാകുന്നു. ഇത് പരിഹരിക്കുന്നതിന് പല തലങ്ങളിൽ ചർച്ചകൾ നടത്തുന്നുണ്ടെങ്കിലും യാതൊരു പരിഹാരവുമുണ്ടാകുന്നില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം യോഗം വിളിച്ചുകൂട്ടി തീരുമാനങ്ങളെടുത്തെങ്കിലും അവയിൽ പലതും നടപ്പാക്കാൻ കഴിയില്ലെന്നതാണ് യാഥാർഥ്യം. 2018-ലും 2019-ലും വെള്ളപ്പൊക്കംമൂലം പുഴയിൽ എക്കലും മണ്ണും

+ അനുബന്ധം 3

അടിഞ്ഞുകൂടിയതിനെത്തുടർന്ന് വേമ്പനാട് കായലിന്റെ സംഭരണശേഷി നഷ്ടപ്പെട്ടിരിക്കുകയാണ്. കൂടാതെ, വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേക്ക് ROB (Road Over Bridge) നിർമ്മിച്ചപ്പോൾ അതിന്റെ ഭാഗമായി ഉണ്ടാക്കിയ ബണ്ടുപോലും നമുക്ക് പൊളിക്കാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് 2021-ൽ പല തവണ സബ്മിഷനുകൾ ഉന്നയിച്ചിട്ടുണ്ട്. വേലിയേറ്റം മൂലമുള്ള ഈ വെള്ളക്കെട്ടിന് ശാസ്ത്രീയ പഠനം നടത്തി പരിഹാരം കണ്ടെത്തുന്നതിന് ഗവൺമെന്റ് തയ്യാറാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് പ്രധാനപ്പെട്ട വിഷയമാണ്. ഇതേ വിഷയം രാവിലെ ശ്രദ്ധക്ഷണിക്കലായി അവതരിപ്പിച്ചപ്പോൾ ഞാൻ മറുപടി പറഞ്ഞതാണ്. ഇതിലെ പ്രശ്നം പരിഹരിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു യോഗം ചേരുകയും ചില തീരുമാനങ്ങളെടുക്കുകയും ചെയ്തിരുന്നു; അത് പ്രാവർത്തികമാക്കേണ്ടതുണ്ട്. ഇതിൽ പ്രധാനം, ശാസ്ത്രീയമായ പഠനവും നടപടികളും അനിവാര്യമാണ് എന്നതാണ്. വേലിയേറ്റംമൂലമാണ് ഇത്തരം പ്രശ്നങ്ങളുണ്ടാകുന്നത്. 2018-19-ലെ പ്രളയകാലത്ത് എക്കലും മണലും അടിഞ്ഞുകൂടി ജലസംഭരണശേഷി കുറഞ്ഞുവെന്നുള്ള പ്രധാനപ്പെട്ട വിഷയത്തെ അഡ്രസ്സ് ചെയ്താൽ മാത്രമെ ഈ വിഷയം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ഇത്തരം കാര്യങ്ങളിൽ ശാസ്ത്രീയ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഗൗരവതരമായ ഈ വിഷയത്തിൽ വീണ്ടും ചർച്ച നടത്തി പരിഹാരം കണ്ടെത്താൻ ശ്രമിക്കാം.

(6) കല്യാശ്ശേരിയിലെ റഗുലേറ്റർ-കം-ബ്രിഡ്ജിന് പുതിയ ഷട്ടർ

ശ്രീ. എം. വിജിൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും

തീരദേശ പഞ്ചായത്തുകളിലാണ് ഉൾപ്പെടുന്നത്. വേനൽക്കാലമായതിനാൽ ഉപ്പുവെള്ളം കയറി കിണറുകളിലെ വെള്ളം ഉപയോഗിക്കാൻ സാധിക്കാത്ത നിലയിലേയ്ക്ക് മാറിയിരിക്കുന്നു. ഉപ്പുവെള്ളം കയറുന്നതിനാൽ 25 ഏക്കറിൽ അധികം ഭൂമി കൃഷി ചെയ്യാൻ സാധിക്കാതെ ഭൂമി തന്നെ നഷ്ടപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. കർഷകരുടെ കൃഷിയിടങ്ങളിലെ നെല്ല്, ഉഴുന്ന്, പയർ കൃഷികളെല്ലാം പൂർണ്ണമായും നശിച്ചുപോകുന്നു. ഇതിന്റെ ഭാഗമായി രൂക്ഷമായ ആരോഗ്യ പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. നിയോജകമണ്ഡലത്തിലെ കണ്ണപുരം, ചെറുകുന്ന്, മാടായി, ഏഴോം, പട്ടുവം പഞ്ചായത്തുകളിൽ അതിരൂക്ഷ സാഹചര്യമാണുള്ളത്. മറ്റ് പഞ്ചായത്തുകളിലും ഈ പ്രശ്നം നിലനിൽക്കുന്നുണ്ട്. നേരത്തെതന്നെ മുട്ടിൽകാപ്പ് ആർ.സി.ബി.-യുടെയും ബാപ്പുക്കൽ തോടിന് കുറുകെ മുണ്ടപ്രം ആർ.സി.ബി.-യുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം നട്ടിക്കടവിൽ ആർ.സി.ബി.-യുടെ നിർമ്മാണത്തിന് 8 കോടി രൂപ ബജറ്റിൽ പാസാക്കിയതിന്റെ നടപടിക്രമങ്ങൾ ആരംഭിക്കേണ്ടതുണ്ട്. ഇരിണാവ് ആർ.സി.ബി.-യുടെ ഷട്ടറുകൾ നശിച്ച് നേരത്തെതന്നെ ഉപയോഗശൂന്യമായെങ്കിലും അതിന്റെ ഷട്ടർ മാറ്റി പുതിയ ഷട്ടർ സ്ഥാപിച്ചാൽ ഉപ്പുവെള്ള പ്രതിരോധത്തിന് വലിയ സഹായകമാകും. ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് ആവശ്യമായ മാറ്റങ്ങൾ വരുത്താനും എസ്റ്റിമേറ്റ് തയ്യാറാക്കിയ പദ്ധതികൾക്ക് തുക അനുവദിക്കാനും സർക്കാർ തയ്യാറാകണം. പുഴയോരങ്ങളിൽ മണൽതിട്ട കെട്ടുന്നതിനും സംരക്ഷണഭിത്തി നിർമ്മിക്കാനും ആവശ്യമായ ഫണ്ട് അനുവദിച്ചുകൊണ്ട് ഈ രൂക്ഷമായ ഉപ്പുവെള്ള പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പ്രധാനമായും ഉപ്പുവെള്ളം കയറുന്നതിലൂടെ കൃഷിയിടങ്ങൾ നഷ്ടപ്പെടുകയും ആരോഗ്യ പ്രശ്നങ്ങൾ രൂക്ഷമാകുകയും ചെയ്യുന്ന സാഹചര്യത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. നിലവിലുള്ള ആർ.സി.ബി.-കളുടെ നിർമ്മാണ പ്രവർത്തനത്തോടൊപ്പം റിപ്പെയർ ചെയ്യേണ്ടവകൂടി ബന്ധപ്പെടുത്തി സമഗ്രമായൊരു പദ്ധതിയാണ് നിലവിലുള്ളത്. അത് അടിയന്തരമായി പ്രാവർത്തികമാക്കാൻ സാധ്യമാകുന്നതലത്തിൽ മുന്നോട്ടുകൊണ്ടുപോകുന്നതോടൊപ്പം ഈ വിഷയം പരിഹരിക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

(7) ഇടുക്കി ജില്ലയിലെ നിർമ്മാണ സാമഗ്രികളുടെ ക്ഷാമം

ശ്രീ. വാഴൂർ സോമൻ: സർ, ഇടുക്കി ജില്ലയിലെ പീരുമേട് നിയോജകമണ്ഡലത്തിലെ വിവിധ പദ്ധതികളിലുൾപ്പെടുത്തി ആരംഭിച്ച പ്രവൃത്തികളുടെ പൂർത്തീകരണത്തിനാവശ്യമായ നിർമ്മാണ സാമഗ്രികൾ ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. അവിടെ പ്രവർത്തിച്ചിരുന്ന ക്രഷറുകൾക്ക് തുടർപ്രവർത്തനത്തിന് അനുവാദം നൽകാത്തതും പുതിയ ക്രഷറുകൾ അനുവദിക്കാത്തതുമാണ് പ്രതിസന്ധിക്ക് പ്രധാന കാരണം. പീരുമേടിൽ കഴിഞ്ഞ 5 വർഷക്കാലമായി ഒരു ക്രഷറിന് മാത്രമാണ് അനുവാദം നൽകിയിട്ടുള്ളത്. അതും നിലവിൽ യന്ത്രതകരാർ എന്ന കാരണത്താൽ പൂട്ടിയിട്ടിരിക്കുകയാണ്. നിലവിൽ തമിഴ്നാട്ടിലെ തേനിയിൽ നിന്നാണ് ഇടുക്കി ജില്ലയിലേക്ക് കല്ലുകളും മെറ്റലും മറ്റും ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. 100 കിലോമീറ്ററോളം അകലം വരുന്ന സ്ഥലത്തുചെന്ന്

+ അനുബന്ധം 3

കരാറുകാർ ഭീമമായ തുകയ്ക്കാണ് നിർമ്മാണ സാമഗ്രികൾ ഇടുക്കിയിലേക്കെത്തിക്കുന്നത്. ഇതുമൂലം സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട നികുതിയും ലഭിക്കുന്നില്ല. നിലവിൽ തമിഴ്നാട്ടിലെ കൃഷിയിടങ്ങളിലേക്ക് ഇ-പാസ് ഏർപ്പെടുത്തിയതുമായി ബന്ധപ്പെട്ട് അവിടെയും സമരംനടക്കുകയാണ്. 16 വർഷമായി തകർന്നുകിടന്ന വണ്ടിപ്പെരിയാർ-പശുമല-മ്ലാമല റോഡ് പുനർനിർമ്മിക്കാൻ പി.ഡബ്ല്യു.ഡി. തുക അനുവദിക്കുകയും കഴിഞ്ഞ ഫെബ്രുവരി മാസം 27-ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതുമാണ്. എന്നാൽ ലെവൽസ് റിപ്പോർട്ട് ചെയ്തതിനുശേഷം നിർമ്മാണ സാമഗ്രികൾ ലഭിക്കാത്തതിനാൽ അവിടെ റോഡ് നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ല. പരിസ്ഥിതിയുടെ പ്രശ്നം പറഞ്ഞ് കല്ല് പൊട്ടിക്കാൻ അനുവാദം കൊടുക്കാത്തത് ഖേദകരമാണ്. ഇടുക്കി ജില്ലയെക്കാളും പരിസ്ഥിതിലോല പ്രദേശങ്ങളുള്ള പല രാജ്യങ്ങളിലും വൻകിട കെട്ടിടങ്ങളുടെയും റോഡുകളുടെയും നിർമ്മാണം നടക്കുന്നതിനെക്കുറിച്ച് ശാസ്ത്രീയമായി പരിശോധിച്ച് സംസ്ഥാനത്ത് അവ നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഇടുക്കി ജില്ലയിലെ കർഷകർക്ക് കൃഷിയിടം നനയ്ക്കുന്നതിനുവേണ്ടി കുളം നിർമ്മിക്കാനുള്ള അപേക്ഷ ജിയോളജിസ്റ്റിന് നൽകുമ്പോൾ ജിയോളജി ഉദ്യോഗസ്ഥർ പരിശോധിച്ച് ആർ.ഡി.ഒ.-യുടെ നേതൃത്വത്തിൽ പരിശോധന നടത്തിയശേഷം വീണ്ടും സർക്കാരിന്റെ അനുവാദം വാങ്ങണമെന്ന നിയമമാണ് നിലവിലുള്ളത്. ഇങ്ങനെ നൂറുകണക്കിന് അപേക്ഷകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികളും സർക്കാരിന്റെ ഫണ്ടുപയോഗിച്ചുള്ള റോഡ് നിർമ്മാണവും എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളുമൊന്നുംതന്നെ മാർച്ച് മാസം കഴിയാറായിട്ടും

ആരംഭിക്കാൻ കഴിയാത്തത് ഖേദകരമാണ്. ഈ സാഹചര്യത്തിൽ ശാസ്ത്രീയ പഠനം നടത്തി നിബന്ധനകൾക്ക് വിധേയമായി ക്വാറികൾക്ക് അനുവാദം നൽകിയോ അല്ലെങ്കിൽ നദികളിൽ വെള്ളത്തിന്റെ ഒഴുക്കിന് തടസ്സമായി കുന്നുകൂടി കിടക്കുന്ന വൻകിട പാറകൾ പൊട്ടിച്ചുമാറ്റിയോ ടി നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പാറ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇടുക്കി ജില്ലയുമായി ബന്ധപ്പെട്ട് നടത്തിയ പഠന റിപ്പോർട്ട് പ്രകാരം 41.5 ശതമാനം വനഭൂമിയാണുള്ളത്. അതോടൊപ്പം ഉരുൾപൊട്ടൽ സാധ്യതാ മേഖല, വന്യജീവി സങ്കേതങ്ങളുടെ ബഫർ സോൺ, ഭൂപതിവ് ചട്ടങ്ങൾ പ്രകാരം മറ്റ് കാര്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്ന കോടതി വിധികൾ എന്നിവയുടെയെല്ലാം പരിധിയിൽപ്പെടുന്ന പ്രദേശമാണിത്. കോടതി വിധികളുടെയും നിയമങ്ങളുടെയും ഭാഗമായി ഈ പ്രദേശത്ത് പുതിയ കൃഷിക്കുകൾക്ക് അനുമതി നൽകാൻ കഴിയാത്ത സാഹചര്യം വന്നിട്ടുണ്ട്. റവന്യൂ ഭൂമിയാണെങ്കിൽ സർക്കാരിന് ലേലം ചെയ്തുകൊടുക്കാനുള്ള സംവിധാനം പുതുതായി വ്യവസ്ഥയിൽ വന്നിട്ടുണ്ട്. കളക്ടർമാരുടെ എൻ.ഒ.സി. അനുസരിച്ച് റവന്യൂ വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. 47 വില്ലേജുകളാണ് പരിസ്ഥിതിലോല പ്രദേശങ്ങളിലുൾപ്പെട്ടിട്ടുള്ളത്. അവിടെയും അനുമതി നൽകാൻ കഴിയാത്ത സാഹചര്യമുണ്ട്. നിലവിൽ പതിനൊന്ന് ക്വാറിയിങ് ലീസും ഒരു ക്വാറിയിങ് പെർമിറ്റും പീരുമേട് താലൂക്കിൽ ഒരു ക്വാറിയിങ് ലീസ് എന്നിവയാണ് അനുവദിച്ചിട്ടുള്ളത്. പീരുമേട് താലൂക്കിൽ കാലാവധിയുള്ള രണ്ട് ക്വാറിയിങ് ലീസുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല. പീരുമേട് താലൂക്കിൽനിന്നും ആറ് അപേക്ഷകളും

ഉടുമ്പൻചോല താലൂക്കിൽനിന്നും മൂന്ന് അപേക്ഷകളും ഇടുക്കി താലൂക്കിൽനിന്നും ഒരു അപേക്ഷയും ഇടുക്കി ജില്ലാ ഓഫീസിൽ ലഭിച്ചിട്ടുണ്ട്; അതുസംബന്ധിച്ച് തുടർനടപടി സ്വീകരിച്ചുവരികയാണ്. കുളം കുഴിക്കുന്നതിനായി ആർ.ഡി.ഒ., കൃഷി ഓഫീസർ, ജിയോളജിസ്റ്റ് എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരം സർക്കാരിന് അനുമതി നൽകാൻ കഴിയുന്നതാണ്. ജില്ലാതലത്തിൽ 51 അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ 3 എണ്ണത്തിന് അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. ചട്ടപ്രകാരം പ്രൊസീജ്യുവറുകൾ പാലിച്ചുകൊണ്ടുമാത്രമെ അനുമതി നൽകാൻ കഴിയുകയുള്ളൂ എന്നതിനാൽ അത് പരമാവധി വേഗത്തിലാക്കാൻ ശ്രമിക്കുന്നുണ്ട്. പട്ടയത്തിന് നൽകിയിട്ടുള്ള ഭൂമിയിൽ പുതുതായി ഉൾക്കൊള്ളിക്കപ്പെടുന്ന ചട്ടങ്ങൾക്കനുസൃതമായി തുടർനടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

മി. സ്പീക്കർ: വിദേശ രാജ്യങ്ങളിലെ പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർമ്മാണം നടക്കുന്നുണ്ടെന്നും നമ്മുടെ രാജ്യത്താണ് ഇത്തരം പ്രശ്നങ്ങളുള്ളതെന്നുമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്.

ശ്രീ. പി. രാജീവ്: സർ, ഇന്ത്യയിൽ നിലനിൽക്കുന്ന നിയമങ്ങൾക്കനുസരിച്ചുമാത്രമെ സർക്കാരിന് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. മിക്കവാറും പാരിസ്ഥിതിക നിയമങ്ങളെല്ലാം കേന്ദ്ര നിയമങ്ങളാണ്. അതുകൊണ്ട് ഇത് യൂണിയൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. രാജ്യത്തെ നിയമങ്ങൾ കാലോചിതമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്. അങ്ങ് ചൂണ്ടിക്കാണിച്ചത് വളരെ പ്രസക്തമാണ്. പലയിടങ്ങളിലും കടലിനുള്ളിലാണ് റിസോർട്ടുകളുള്ളത്. എന്നാൽ കേരളത്തിലും ഇന്ത്യയിലും ഇത് അനുവദനീയമല്ല. ഇത്തരം പല വ്യത്യാസങ്ങളും

നിലവിലുണ്ട്.

(8) കശുവണ്ടിയുടെ ന്യായവിലയും സംഭരണവും

ശ്രീ. സജീവ് ജോസഫ്: സർ, കേരളത്തിന്റെ സവിശേഷ കൃഷിയായി വളർന്നുവന്ന കാശുമാവ് കൃഷിയെ സംരക്ഷിക്കണമെന്നും കശുവണ്ടിക്ക് ന്യായവില ഏർപ്പെടുത്തി സംഭരണമുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ശക്തമായി ആവശ്യപ്പെടുകയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കശുമാവ് കൃഷിയുണ്ടായിരുന്ന കേരളം ഇന്നിപ്പോൾ ആറാം സ്ഥാനത്താണുള്ളത്. മഹാരാഷ്ട്രയാണ് ഈ രംഗത്ത് മുന്നിൽ നിൽക്കുന്നത്. ഉൽപാദനം കുറഞ്ഞതും വിലയില്ലായ്മയുമാണ് ഈ രംഗത്ത് തിരിച്ചടി നേരിടാനുള്ള പ്രധാന കാരണം. കശുവണ്ടി കൃഷിക്ക് പ്ലാന്റേഷൻ സ്റ്റാറ്റസ് കൊടുക്കാത്തതും ടി കൃഷി പിന്തള്ളപ്പെടാൻ പ്രധാനപ്പെട്ട കാരണമായിട്ടുണ്ട്. ലോകത്തുതന്നെ ഏറ്റവും ഡിമാൻഡുള്ളത് കണ്ണൂരിലെ കശുവണ്ടിക്കാണ്. ഉൽപാദനച്ചെവിന് ആനുപാതികമായ വില ലഭിക്കാത്തതുകൊണ്ട് കർഷകർ വളരെയേറെ ദുരിതത്തിലൂടെയാണ് കടന്നുപോകുന്നത്. കഴിഞ്ഞവർഷം 114 രൂപയാണ് താങ്ങുവിലയായി സർക്കാർ നിശ്ചയിച്ചതെങ്കിലും അതിന്റെ സംഭരണംപോലും നടത്തിയിട്ടില്ല. കശുവണ്ടിപരിപ്പിന്റെ വില കണക്കിലെടുക്കുമ്പോൾ കശുവണ്ടിക്ക് 250 രൂപയെങ്കിലും കൊടുക്കാൻ സാധിക്കും. യഥാർഥത്തിൽ, മാർക്കറ്റിൽ 155-160 രൂപ ലഭിക്കുമ്പോൾ സർക്കാർ 110/- രൂപ താങ്ങുവിലയായി പ്രഖ്യാപിച്ചിരിക്കുന്നത് തികച്ചും നിരാശാജനകമാണ്. എന്തിനാണ് ഈ താങ്ങുവില? വില ഇനിയും കുറയുമോ എന്ന് കർഷകർ ഉൽകണ്ഠപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ ലഭിച്ചുകൊണ്ടിരുന്ന സബ്സിഡി കർഷകർക്ക് ലഭിക്കുന്നില്ല. ഇത്തരം പ്രശ്നങ്ങളിന്മേൽ നടപടിയുണ്ടാകണം. കശുവണ്ടിയുടെ

താങ്ങുവില 250/- രൂപയായി നിശ്ചയിക്കണം. കശുവണ്ടി കൃഷിയുമായി ബന്ധപ്പെട്ട് പൂകരിച്ചിൽപോലുള്ള നിരവധി കാരണങ്ങളാൽ ഉൽപാദനം കുറയുന്നതിനെക്കുറിച്ച് ഗൗരവമായി പഠനം നടത്തണം. നമുക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുന്ന കോടിക്കണക്കിന് രൂപയുടെ കശുമാമ്പഴമാണ് നഷ്ടപ്പെടുന്നത്. ഇതുപയോഗിച്ച് ഗോവ മോഡൽ ഫെനിയും സോഫ്റ്റ് ഡ്രിങ്ക്സുമുണ്ടാക്കാൻ സർക്കാർ അനുമതി നൽകുന്നതിനെക്കുറിച്ച് ഗൗരവമായി പരിഗണിക്കണം. കണ്ണൂർ ബ്രാൻഡ് കശുവണ്ടി കൂടുതൽ ലഭ്യമാക്കാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിച്ച് നടപടി സ്വീകരിക്കണം. സാധിക്കുമെങ്കിൽ കണ്ണൂരിൽ ഒരു കശുവണ്ടി ഫാക്ടറി ആരംഭിക്കാൻ മുൻകൈയെടുക്കണമെന്നുകൂടി അഭ്യർഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കശുവണ്ടിയുടെ വില നിർണ്ണയത്തിനായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കമ്മിറ്റിയുണ്ട്. 2024-ൽ നാടൻ തോട്ടണ്ടിക്ക് കിലോയ്ക്ക് 105/-രൂപയാണ് നിശ്ചയിച്ചിരുന്നത്. 2025-ൽ വില നിർണ്ണയ സമിതിയുടെ ആദ്യ യോഗം 110/- രൂപ നിശ്ചയിച്ചെങ്കിലും 11-03-2025-ൽ യോഗം ചേർന്ന് 140/- രൂപ അടിസ്ഥാനവില നിശ്ചയിച്ചിട്ടുണ്ട്. കശുവണ്ടിപ്പരിപ്പിന് വിലയുണ്ടെങ്കിലും 250/- രൂപയ്ക്ക് കൊടുത്താലും പ്രശ്നമില്ലെന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ഈ നിലയ്ക്ക് സംഭരണം നടത്തിയിട്ടുപോലും പ്രോസസ്സിംഗ് റേറ്റ് വർധിക്കുമ്പോൾ വിപണിയിൽ കശുവണ്ടി വിൽക്കാൻ കഴിയാതെ നഷ്ടം വരുന്നുവെന്നത് യഥാർഥ്യമാണ്. പരമാവധി വില നൽകാനാണ് ശ്രമിക്കുന്നത്. കൂടാതെ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ കശുമാവ് തൈയുടെ പ്രോത്സാഹനത്തിനുവേണ്ടി

KSACC (Kerala State Agency for the expansion of Cashew Cultivation) പ്രവർത്തിക്കുന്നുണ്ട്. 48135 ഹെക്ടറിൽ വിവിധ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. പക്ഷെ ഇത് ഡീസെൻട്രലൈസ് ചെയ്തതുകൊണ്ട് പ്രൊക്യൂർമെന്റിന് ചില പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ആഭ്യന്തര പ്രൊക്യൂർമെന്റിന് ടെൻഡർ വിളിച്ച് തുടർ നടപടി സ്വീകരിക്കാൻ കശുവണ്ടി ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 20000 മെടിക് ടൺ കശുവണ്ടി മറ്റ് രാജ്യങ്ങളിൽനിന്നും നമ്മൾ ഇറക്കുമതി ചെയ്തിരുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ, കശുമാവിൽനിന്ന് വീര്യമുള്ള മദ്യം ഉൾപ്പെടെ ഉൽപാദിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന നിർദേശം തീരുമാനമായി വരുമ്പോൾ പുതിയ പ്രശ്നങ്ങളൊന്നും ഉണ്ടാകരുതെന്നാണ് പറയാനുള്ളത്. എന്തായാലും അത്തരം കാര്യങ്ങൾ പൊതുവിൽ ചർച്ച ചെയ്യാവുന്നതാണ്.

(9) <u>എൻ.എച്ച്-66-ൽ കായംകുളത്തെ അടിപ്പാത-മേൽപ്പാലം നിർമ്മാണം</u>

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഒ.എൻ.കെ. ജംഗ്ഷൻ അടക്കമുള്ള കായംകുളം നിയോജകമണ്ഡലത്തിലെ അടിപ്പാതകൾ, മേൽപ്പാലങ്ങൾ എന്നിവയുടെ വിശദാംശങ്ങളെക്കുറിച്ചാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 13 കിലോമീറ്റർ ദേശീയപാത കടന്നുപോകുന്ന നിയോജകമണ്ഡലമാണ് കായംകുളം. എസ്.വി.യു.പി., എച്ച്.വി.യു.പി. എന്നിങ്ങനെ ഏകദേശം അഞ്ചോളം അടിപ്പാതകളുടെ പ്രവൃത്തി ചെയ്തിട്ടുണ്ട്. സുനാമി ഉണ്ടായപ്പോൾ ഏറ്റവും കൂടുതൽ രക്ഷാപ്രവർത്തനം നടത്താൻ കഴിഞ്ഞ റോഡാണ് ആറാട്ടുപുഴയും കായംകുളവുമായി ബന്ധിപ്പിക്കുന്ന ഒ.എൻ.കെ. റോഡ്. പ്രസ്തുത റോഡിന്റെ അടിപ്പാത സംബന്ധിച്ച് കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്ത് കോൺഗ്രസിന്റെയും ബി.ജെ.പി.-യുടെയും ഭാഗത്തുനിന്നും തെറ്റായ

പ്രചരണങ്ങളാണുണ്ടായത്. ഈ നാടിനെ വെട്ടിമുറിച്ചവർക്ക് വോട്ടില്ലെന്ന തരത്തിൽ നാട് മുഴുവൻ ബോർഡ് വച്ചു. ദേശീയപാത വികസനത്തെ വോട്ട് രാഷ്ട്രീയമായി കണ്ടുകൊണ്ടാണ് പലപ്പോഴും കോൺഗ്രസും ബി.ജെ.പി.-യും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നത്. ഒ.എൻ.കെ. ജംഗ്ഷനിൽ അടിപ്പാതയാണോ എലിവേറ്റഡ് ഹൈവെയാണോ അഭികാമ്യമെന്ന് പറയാൻ സാധിക്കുന്നത് ഹൈവേ അതോറിറ്റിക്കാണ്. എന്നാൽ, ഹൈവേ അതോറിറ്റി അക്കാര്യത്തിൽ ഇരട്ടതാപ്പ് കാണിക്കുകയാണ്. ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചതിന്റെ ഭാഗമായി അവിടത്തെ ജനങ്ങളുടെ ഭാഗത്തുനിന്നും വലിയ സമരങ്ങളൊക്കെയുണ്ടായിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് കളക്ടറേറ്റിൽ മൂന്ന് യോഗങ്ങൾ ചേരുകയും തുടർന്ന്, കളക്ടറും ദേശീയപാത അതോറിറ്റിയും ഉറപ്പുനൽകിയെങ്കിലും നാളിതുവരെ എന്താണ് അവിടെ നടക്കാൻ പോകുന്നതെന്നതിനെക്കുറിച്ച് യാതൊരു വ്യക്തതയും നൽകിയിട്ടില്ല. ഇപ്പോഴും അവിടെ വലിയ രാഷ്ട്രീയ മുതലെടുപ്പാണ് നടക്കുന്നത്. അതുകൊണ്ട് ഒ.എൻ.കെ. ജംഗ്ഷനിൽ മേൽപ്പാലമാണോ അടിപ്പാതയാണോ വേണ്ടതെന്ന കാര്യത്തിൽ വ്യക്തത വരുത്തണമെന്നും പ്രസ്തുത പ്രദേശത്തെ വെള്ളക്കെട്ട് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കണമെന്നും അവിടെ രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ആരെയും അനുവദിക്കരുതെന്നും ഞാൻ അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനായി ഉന്നയിച്ചിരിക്കുന്നത്. കായംകുളം നിയോജകമണ്ഡലത്തിലെ അംഗമെന്ന

നിലയിൽ ശ്രീമതി യു. പ്രതിഭ ടി പ്രശ്നങ്ങൾ നേരിട്ട് പറയുകയും സഭയിൽ ഉന്നയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഇടപെട്ട് പല പ്രശ്നങ്ങളും പരിഹരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കായംകുളം നിയോജകമണ്ഡലത്തിൽ 7 അടിപ്പാതകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഓച്ചിറ, കായംകുളം കൃഷ്ണപുരം, കായംകുളം കെ.പി.എ.സി. ജംഗ്ഷൻ, കായംകുളം കെ.എസ്.ആർ.ടി.സി., കായംകുളം-ഒ.എൻ.കെ. ജംഗ്ഷൻ, പുട്ടേൻ റോഡ് എന്നിവിടങ്ങളിലാണ് വ്യത്യസ്ത തരത്തിലുള്ള അണ്ടർപാസുകൾ അംഗീകരിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് എന്തൊക്കെ പ്രചരണങ്ങൾ നടന്നാലും ജനങ്ങൾക്ക് കൃത്യമായി കാര്യങ്ങൾ അറിയാം. ആരൊക്കെ ബോധപൂർവ്വം തടയാൻ ശ്രമിച്ചാലും ഏത് പ്രതിസന്ധിയെയും തട്ടിമാറ്റി എൻ.എച്ച്-66-ന്റെ പ്രവൃത്തി പൂർത്തികരിക്കുമെന്ന് ഒരിക്കൽക്കൂടി ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. ന്യായമായ കാര്യങ്ങളിൽ സർക്കാർ ഇടപെട്ടിട്ടുണ്ട്. തുടർന്നും ജനങ്ങളുടെ ന്യായമായ പ്രശ്നങ്ങളിൽ ഇടപെട്ട് മുന്നോട്ടുപോകും. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+ അതിന്റെ കോപ്പി എം.എൽ.എ.-യ്ക്ക് കൈമാറുകയും ചെയ്യാം.

(10) പെരുവള്ളൂർ സ.എച്ച്.സി.-യിലെ ഐസൊലേഷൻ വാർഡ് പൂർത്തീകരണം

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ പെരുവള്ളൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സ്തംഭനാവസ്ഥയിലായ ഐസൊലേഷൻ വാർഡിന്റെ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കണം. 2021-ലാണ് പ്രസ്തുത പദ്ധതിക്ക് അനുമതി ലഭിച്ചത്. ഈ നാല് വർഷത്തിനിടയിൽ ടി പദ്ധതിയുടെ സ്ലാബ്പോലും പൂർത്തീകരിക്കാൻ

+ അനുബന്ധം 3

സാധിച്ചിട്ടില്ല. പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരിക്കുന്ന തൃശ്ശൂർ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഈ വിഷയം സഭയിൽ പലതവണ അവതരിപ്പിക്കുകയും രണ്ടോമൂന്നോ തവണ ബഹുമാനപ്പെട്ട മന്ത്രി ഇടപെടുകയും ചെയ്തിട്ടുണ്ട്. അടിയന്തരമായി ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനമാരംഭിച്ച് പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മലപ്പുറം ജില്ലയിലെ ആരോഗ്യ കേന്ദ്രങ്ങളിലെ മൊത്തത്തിലുള്ള ഐസൊലേഷൻ വാർഡുകളുടെ സ്ഥിതി ഇതുതന്നെയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒരിക്കൽക്കൂടി പ്രസ്തുത വിഷയത്തിൽ ഇടപെട്ട് ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനം അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ അംഗം ഉന്നയിച്ചതുപോലെ 2021-22-ലെ പുതുക്കിയ ബജറ്റിൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലാണ് 140 നിയോജകമണ്ഡലങ്ങളിലും ഐസൊലോഷൻ ബ്ലോക്ക് അനുവദിച്ചത്. ഇതിലേയ്ക്കായി ചെലവഴിച്ച 1,75,00,000/- രൂപയുടെ പകുതി തുക എം.എൽ.എ. ഫണ്ട് മുഖേനയും പകുതി തുക കിഫ്ബി മുഖേനയും എന്ന നിലയിലാണ് നിർമ്മാണം നടത്തുന്നത്. ആദ്യഘട്ടത്തിൽ 88 ഐസൊലേഷൻ ബ്ലോക്കുകൾ അനുവദിച്ചതിൽ 51 എണ്ണമാണ് പൂർത്തിയാക്കിയത്. ബാക്കിയുള്ള 34 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ടെൻഡറിലൂടെ ഇതിന്റെ നിർമ്മാണ ചുമതല നൽകിയിരിക്കുന്നത് തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ്. ടി ഏജൻസി വർക്ക് ഏറ്റെടുത്തെങ്കിലും

സാമ്പത്തിക പ്രതിസന്ധി നേരിട്ട പശ്ചാത്തലത്തിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമല്ലെന്ന് അവർ അറിയിച്ചതിനെത്തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്ക് വലിയ കാലതാമസം നേരിടുകയും തുടർന്ന്, നിയമപരമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ നിർദേശിക്കുകയും ചെയ്തിരുന്നു. ഇതുസംബന്ധിച്ച് കിഫ്ബിയും കെ.എം.എസ്.സി.എൽ.-മായി നിരവധി തവണ ചർച്ച നടത്തിയിരുന്നു. ബഹുമാനപ്പെട്ട അംഗത്തിന്റെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പെരുവള്ളൂർ സി.എച്ച്.സി.-ൽ 2022-ലാണ് നിർമ്മാണ പ്രവൃത്തികൾക്കുള്ള ഉത്തരവ് ഇറക്കിയത്. അവിടത്തെ ഇ.പി.എസ്. വാൾപാനൽ, പഫ് റൂഫിംഗ് ഷീറ്റ് ഉൾപ്പെടെയുള്ളവയുടെ ഗുണനിലവാരംകൂടി ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. 18-11-2024-ൽ നിർമ്മാണം പുനരാരംഭിക്കാനാണ് തീരുമാനിച്ചിരുന്നത്. തേർഡ് പാർട്ടിയെക്കൊണ്ട് ഗുണനിലവാരം പരിശോധിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അത് ഗുണനിലവാര പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. ഗുണനിലവാര സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

[10.50 AM]

VI. റിപ്പോർട്ട് സമർപ്പണം

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ മുപ്പത്തിയേഴ് മുതൽ നാൽപ്പത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. എം. എം. മണി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. യു. ജനീഷ് കുമാർ: സർ,

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അംഗമായ ഞാൻ സമിതിയുടെ മുപ്പത്തിയേഴ് മുതൽ നാൽപ്പതിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

[10.50 AM]

VII. ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

(1) 2021 ജൂൺ 28-ാം തീയതിയിലെ ജി.ഒ.(എം.എസ്) നം.120/2021/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നം.482/2021) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2021-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസ്

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2021 ജൂൺ 28-ാം തീയതിയിലെ ജി.ഒ. (എം.എസ്.)നം.120/2021/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നം. 482/2021) മുഖേന പുറപ്പെടുവിച്ചിട്ടുള്ള കേരള പഞ്ചായത്ത് ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസ് 2021-ലെ ചട്ടങ്ങളിൽ താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. In Principal Rule 2(1)(i) proposed to be amended by Rule 2(1)(a) after the word "acknowledgement" the word "receipt" shall be inserted.
2. In the Table under the principal Rule 5(4), against Sl no.5 in Column 3 proposed to be amended by Rule 2(4)(ii) for the word "Panchayat" the words "Panchayat Committee concerned" shall be substituted.
3. In Principal Rule 14(3) proposed to be amended by Rule 2(8)(b)

for the words “forty five days” the words “thirty days” shall be substituted.

4. In Principal Rule 15(1) proposed to be amended by Rule 2(9)(a) before the word “acknowledgement” the words “or an” shall be inserted.

5. In Principal Rule 15(2) proposed to be amended by Rule 2(9)(b) for the words “acknowledgement certificate” the words “acknowledgement receipt” shall be substituted.

6. In Principal Rule 15(4) proposed to be amended by Rule 2(9)(c) for the words “acknowledgement certificate” the words “acknowledgement receipt” shall be substituted.

7. In the Marginal Heading of Rule 19A proposed to be inserted in the Principal Rule by Rule 2(10) for the words “acknowledgement certificate” the words “acknowledgement receipt” shall be substituted.

8. In Rule 19A(2) proposed to be inserted in the Principal Rule by Rule 2(10) delete “in Appendix-A1A”.

9. In Rule 19A(2) proposed to be inserted in the Principal Rule by Rule 2(10) In Rule 2(10) for the words “acknowledgement certificate” the words “acknowledgement receipt” shall be substituted.

10. In Rule 99(7) proposed to be inserted in the Principal Rule by Rule 2(16) delete “Institution/”.

11. In the second para occuring after Rule 99(7) proposed to be inserted in the Principal Rule by Rule 2(16) shall be numbered as “(8)”.

12. In the second para of Rule 99(7) proposed to be inserted in the Principal Rule by Rule 2(16) for the words “The fee” the words

"The one time fee" shall be substituted.

13. In the second para of Rule 99(7) proposed to be inserted in the Principal Rule by Rule 2(16) after the words "shall be" the word "at" shall be inserted.

സർ, 2021-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസിലെ ഭേദഗതി പ്രകാരം കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനായി ഒരാൾ അപേക്ഷ സമർപ്പിച്ചാൽ, പ്ലാനിന്റെ അംഗീകാരത്തിനായി തീരുമാനമെടുക്കുന്നതിന് 15 ദിവസം എന്നാണ് നിശ്ചയിച്ചിരുന്നത്. അത്തരത്തിൽ പരിഗണനയ്ക്കുശേഷം 'shall be deemed to have been given' എന്നാണ് പറഞ്ഞിരിക്കുന്നത്. പക്ഷെ അതിനുശേഷം ഇപ്പോൾ വീണ്ടുമൊരു 15 ദിവസംകൂടി സമയം അനുവദിച്ചിരിക്കുന്നു. യഥാർഥത്തിൽ നമ്മൾ ഉദ്ദേശിച്ച 30 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കാനുള്ള അനുവാദം കൊടുക്കണമെന്നുള്ളതിന് പുതിയൊരു ക്ലോസ് കൊണ്ടുവന്നതിലൂടെ വീണ്ടുമൊരു 15 ദിവസംവരെ അപേക്ഷകന് കാത്തിരിക്കേണ്ടി വരുമെന്ന പ്രശ്നമുണ്ട്. മറ്റൊന്ന്, ഇതിലെ സർട്ടിഫിക്കറ്റ് എന്നുപറയുന്നത് യഥാർഥത്തിൽ റെസീപ്റ്റാണ്. നമ്മുടെ ഫോമിൽ റെസീപ്റ്റിനുപകരം സർട്ടിഫിക്കറ്റ് എന്നാണ് അച്ചടിച്ചിരിക്കുന്നത്. അത് കറക്ട് ചെയ്തില്ലെങ്കിൽ റെസീപ്റ്റും സർട്ടിഫിക്കറ്റും തമ്മിലുള്ള ഇഷ്യൂ ഉണ്ടാകും.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2021-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസുമായി ബന്ധപ്പെട്ട എസ്. ആർ. ഒ. നം. 482/2021-ന് ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 4, 13

എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 4, 13 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു. ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1, 2, 3, 5, 6, 7, 8, 9, 10, 11, 12 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(2) 2021 ജൂൺ 28-ാം തീയതിലെ ജി.ഒ.(എം.എസ്.)നം. 121/2021/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നം. 483/2021) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2021-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസ്

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 2021 ജൂൺ 28-ാം തീയതിയിലെ ജി.ഒ. (എം.എസ്)നം. 121/2021/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നം.483/2021) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2021-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസ് 2021 ചട്ടങ്ങളിൽ താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. In Principal Rule 2(1)(i) proposed to be amended by Rule 2(1)(a) after the word “acknowledgment” the word “receipt” shall be inserted.
2. In the Table under the Principal Rule 5(4), against Sl. no. 5 in Column 3 proposed to be amended by Rule 2(4)(ii) for the word “Municipality” the words “Municipality council concerned” shall be substituted.
3. In Principal Rule 14(3) proposed to be amended by Rule 2(8)(b) for the words “forty five days” the words “thirty days” shall be substituted.

4. In Principal Rule 15(1) proposed to be amended by Rule 2(9)(a) before the word “acknowledgment” the words “or an” shall be inserted.
5. In Principal Rule 15(2) proposed to be amended by Rule 2(9)(b) for the words “acknowledgment certificate” the words “acknowledgment receipt” shall be substituted.
6. In Principal Rule 15(4) proposed to be amended by Rule 2(9)(c) for the words “acknowledgment certificate” the words “acknowledgment receipt” shall be substituted.
7. In the Marginal Heading of Rule 19A proposed to be inserted in the Principal Rule by Rule 2(10) for the words “acknowledgment certificate” the words “acknowledgment receipt” shall be substituted.
8. In Rule 19A(2) proposed to be inserted in the Principal Rule by Rule 2(10) delete “in Appendix-A1A”.
9. In Rule 19A(2) proposed to be inserted in the Principal Rule by Rule 2(10) for the words “Acknowledgment Certificate” the words “Acknowledgment Receipt” shall be substituted.
10. In Rule 19B(1) proposed to be inserted in the Principal Rule by Rule 2(10) for the words “as intimate to the authority” the words “shall intimate the authority concerned” shall be substituted.
11. In Rule 99(7) proposed to be inserted in the Principal Rule by Rule 2(15) delete “Institution/”.
12. The second paragraph occuring after Rule 99(7) proposed to be inserted in the Principal Rule by Rule 2(15) shall be numbered as sub-rule “(8)”.
13. The second paragraph of Rule 99(7) proposed to be inserted in the Principal Rule by Rule 2(15) for the words “The fee” the words “The one time fee” shall be substituted.

14. The second paragraph of Rule 99(7) proposed to be inserted in the Principal Rule by Rule 2(15) after the words "shall be" the word "at" shall be inserted.

15. In Appendix A1A proposed to be inserted in the Principal Rule by Rule 2(17), in the entry against serial no. 9 for the letters "KPBR" the letters "KMBR" shall be substituted.

16. In Appendix A1A proposed to be inserted in the Principal Rule by Rule 2(17), in the entry against serial no. 19 for the words and figures "Kerala Panchayth Building Rules 2019" the words, symbol and figures "Kerala Municipality Building Rules, 2019" shall be substituted.

17. In Appendix A1A proposed to be inserted in the Principal Rule by Rule 2(17), in the entry against serial no. 19 for the words and figures "Kerala Panchayath Raj Act, 1994" the words, symbol and figures "Kerala Municipality Act, 1994 (20 of 1 994)" shall be substituted.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2021-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസുമായി ബന്ധപ്പെട്ട എസ്.ആർ.ഒ. നം. 483/2021-ന് ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 4, 10, 14, 15, 16, 17 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 4, 10, 14, 15, 16, 17 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു. ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1, 2, 3, 5, 6, 7, 8, 9, 11, 12, 13 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(3) 2020 ജൂലൈ 01-ാം തീയതിയിലെ സ. ഉ. (അച്ചടി) നം. 89/2020/ധനം. (എസ്.ആർ.ഒ. നം. 726/2020) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2020-ലെ കേരള ട്രഷറി (ഒന്നാമത് ഭേദഗതി) ചട്ടങ്ങൾ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 2020 ജൂലൈ 01-ാം തീയതിയിലെ സ.ഉ. (അച്ചടി) നം. 89/2020/ധനം.(എസ്.ആർ.ഒ. നം.726/2020) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2020-ലെ കേരള ട്രഷറി (ഒന്നാമത് ഭേദഗതി) ചട്ടങ്ങളിൽ താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. In Rule 19, Note 2 of Appendix 3 of the Kerala Treasury Rules, 1963-Volume II, proposed to be amended by Rule 2, after the words "holder is", the words and symbol "above eighty years of age, on his request or" shall be inserted.
2. In Rule 19, Note 2 of Appendix 3 of the Kerala Treasury Rules, 1963-Volume II, proposed to be amended by Rule 2, after the word "Parliament", the words "or the thumb impression is identified by a responsible treasury official as witness" shall be inserted.

സർ, ഇത് ട്രഷറിയുമായി ബന്ധപ്പെട്ട വിഷയമാണ്. 80 വയസ്സ് കഴിഞ്ഞവർക്ക് ട്രഷറിയിൽനിന്നും പണം പിൻവലിക്കുന്നതിന് ചെക്കിൽ ഒപ്പ് രേഖപ്പെടുത്താൻ ബുദ്ധിമുട്ട് നേരിടുന്ന പക്ഷം തുക പാസ്സാക്കി നൽകുന്നതുമായി ബന്ധപ്പെട്ട ഭേദഗതിയാണ് അവതരിപ്പിച്ചിരിക്കുന്നത്. പ്രായാധിക്യം ബാധിച്ചവർക്കും ശാരീരിക ബുദ്ധിമുട്ടുള്ളവർക്കും നൽകിയിരിക്കുന്ന ആനുകൂല്യവുമായി ബന്ധപ്പെട്ട് റിസർവ് ബാങ്കിന്റെ ഡയറക്ഷൻ നിലവിലുണ്ട്. കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്കും എല്ലാ സ്റ്റേറ്റ്-സെൻട്രൽ-കോ-ഓപ്പറേറ്റീവ്-

കൊമേഴ്സ്യൽ ബാങ്കുകൾക്കും ഈ ഡയറക്ഷൻ ബാധകമാണെന്ന് നേരത്തെതന്നെ ഓർഡറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ളവർക്ക് ട്രഷറി സേവിംഗ്സ് ചെക്കിൽ ഒപ്പിടാൻ കഴിയാത്ത സാഹചര്യത്തിൽ ഇതിനായി അവിടത്തെ ഒരു ഉദ്യോഗസ്ഥൻ വീട്ടുകളിലെത്തി വ്യക്തിയുടെ തമ്പ് ഇംപ്രഷൻ എടുത്താൽ മതി. ഇക്കാര്യം നിലവിൽ ട്രഷറിക്ക് മാത്രം ബാധകമല്ലാത്തതിനാൽ, ട്രഷറികൾക്കുകൂടി ബാധകമാക്കിയാൽ പ്രായാധിക്യമുള്ള പ്രത്യേകിച്ച്, 80 വയസ്സുകഴിഞ്ഞവർക്ക് ഇത് കുറെക്കൂടി പ്രയോജനപ്രദമാകുമെന്നതാണ് ഈ അമെന്റ്മെന്റിലൂടെ ഉദ്ദേശിക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇങ്ങനെയൊരു ഭേദഗതി നോട്ടീസ് നൽകിയ ഡോ. എൻ. ജയരാജിനെ ആദ്യമായി അഭിനന്ദിക്കുന്നു. ഇത്തരം കാര്യങ്ങൾ ചെയ്യാനുള്ള നിരവധി സാധ്യതകൾ നിയമസഭാ സാമാജികർക്കുണ്ട്. അദ്ദേഹത്തിന്റെ ഈ ഉദ്യമത്തിലൂടെ കുറച്ചുകൂടി ഗൗരവത്തോടെ എസ്.ആർ.ഒ. പുറപ്പെടുവിക്കാൻ ഗവൺമെന്റിന്റെ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് ശ്രമിക്കുമെന്ന് ഉറപ്പാണ്. അദ്ദേഹം പറഞ്ഞതുപോലെ 80 വയസ്സ് കഴിഞ്ഞവർക്ക് ട്രഷറിയിൽനിന്നും പണം പിൻവലിക്കുന്നതിന് ചെറിയ ബുദ്ധിമുട്ടുണ്ട്. പ്രായഭേദമെന്യേ ഏത് ഇടപാടുകാർക്കും ചെക്കിൽ ഒപ്പ് രേഖപ്പെടുത്താൻ ബുദ്ധിമുട്ട് നേരിടുന്ന പക്ഷം തുക പാസ്സാക്കി നൽകാനുള്ള അനുമതിയാണ് എസ്.ആർ.ഒ. നമ്പർ 726/2020 മുഖേന പുറപ്പെടുവിച്ച ഭേദഗതിയിലൂടെ സർക്കാർ ലക്ഷ്യമിട്ടത്. എന്നാൽ ഡോ. എൻ. ജയരാജ് അവതരിപ്പിച്ച ഒന്നാം ഭേദഗതി നിർദ്ദേശം അംഗീകരിക്കുന്നപക്ഷം, ആയത്, 80 വയസ്സും അതിനുമുകളിൽ പ്രായമുള്ളവർക്കും മാത്രമായി ടി വ്യവസ്ഥ പരിമിതപ്പെടുന്നതായി

വ്യഖ്യാനിക്കാൻ സാധ്യതയുള്ളതാണ്. അതുകൊണ്ട് പ്രസ്തുത ഭേദഗതി അംഗീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. രണ്ടാമതായി, നിലവിൽ രോഗിയും ശയ്യാവലംബരുമായ ഇടപാടുകാർക്ക് ട്രഷറി സേവിംഗ്സ് ചെക്കിൽ ഒപ്പിടാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത അക്കൗണ്ട് ഉടമകൾ വിരലടയാളം ചെക്കിൽ പതിച്ച്, അതൊരു ഗസറ്റഡ് ഓഫീസർ, വില്ലേജ് ഓഫീസർ, ഗ്രാമപഞ്ചായത്തിലെയോ ബ്ലോക്ക് പഞ്ചായത്തിലെയോ ജില്ലാ പഞ്ചായത്തിലെയോ മുൻസിപ്പാലിറ്റിയിലെയോ കോർപ്പറേഷനിലെയോ നിയമസഭയിലെയോ ലോകസഭയിലെയോ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ സാക്ഷ്യപ്പെടുത്തി നൽകിയാൽ അത് പാസ്സാക്കുന്നതിന് ട്രഷറി ഓഫീസറെ അധികാരപ്പെടുത്തിയിട്ടുള്ളതാകുന്നു. പ്രസ്തുത ഗസറ്റഡ് ഓഫീസർ എന്നുപറയുമ്പോൾ സീനിയർ സൂപ്രണ്ട് മുതലുള്ള ട്രഷറി ഓഫീസർ ഉൾപ്പെട്ടിട്ടുള്ളതാകുന്നു. എന്നാൽ ഡോ. എൻ. ജയരാജ് എം.എൽ.എ.-യുടെ രണ്ടാം ഭേദഗതി നിർദേശത്തിൽ ട്രഷറി ഒഫിഷ്യൽ എന്ന പദത്തിന് വ്യക്തതയില്ലാത്തതിനാൽ ആയത് ദുർവ്യാഖ്യാനിക്കപ്പെടാൻ സാധ്യതയുള്ളതുകൊണ്ട് പ്രസ്തുത ഭേദഗതിയും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, ഞാൻ ഭേദഗതികൾ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(4) 2024 ഒക്ടോബർ 2-ാം തീയതിയിലെ സ.ഉ.(അച്ചടി) നം. 52/2024/തസ്വഭവ. (എസ്.ആർ.ഒ. നം. 1104/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള പഞ്ചായത്ത് രാജ് (മൃഗാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടങ്ങൾ)

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2024 ഒക്ടോബർ 02-ാം തീയതിയിലെ സ.ഉ. (അച്ചടി) നം. 52/2024/തസ്വഭവ.(എസ്.ആർ.ഒ. നം.1104/2020) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള പഞ്ചായത്ത് രാജ് (മൃഗാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങളിൽ താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. ചട്ടം 3(2) ix)-ൽ,-

   i) “മൃഗക്ഷേമ സംഘടനയുടെ പ്രതിനിധി” എന്നതിന് ശേഷമുള്ള അല്പവിരാമം (,) നീക്കം ചെയ്യുകയും തൽസ്ഥാനത്ത് "എന്നിവരിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കുകയും ചെയ്യുക.

   ii) "താമസിക്കുന്നവരിൽനിന്നും" എന്നതിന് പകരം "താമസിക്കുന്നതും" എന്നും "നാമനിർദ്ദേശം ചെയ്യുന്ന" എന്നതിന് പകരം "നാമനിർദ്ദേശം ചെയ്യുന്നതുമായ" എന്നും ചേർക്കുക.

2. ചട്ടം 3(3)-ൽ " പ്രധാന വെറ്ററിനറി ആഫീസർ" എന്നതിന് മുമ്പായി "മൃഗാരോഗ്യ സ്ഥാപനത്തിന്റെ" എന്ന് ചേർക്കുക.

3. ചട്ടം 3(4)-ൽ,-

   i) "രൂപീകരിച്ചുകൊണ്ട് പഞ്ചായത്തിന്റെ" എന്നതിന് പകരം 'രൂപീകരിച്ചുകൊണ്ട് മാനേജിംഗ് കമ്മിറ്റിയുടെ' എന്ന് ചേർക്കുക.

ii) "വെറ്ററിനറി ആഫീസർ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും" എന്നതിന് പകരം "വെറ്ററിനറി ആഫീസറുടെ ശിപാർശ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും" എന്ന് ചേർക്കുക.

4. ചട്ടം 3(5)-ൽ "കാലാവധി അതത് പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധി തീരുന്ന മുറയ്ക്ക് അവസാനിക്കുന്നതാണ്" എന്നതിന് പകരം "കാലാവധി അഞ്ച് വർഷമോ അല്ലെങ്കിൽ അതത് പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധി തീരുന്ന മുറയ്ക്കോ ഏതാണോ അവസാനം സംഭവിക്കുന്നത് അതായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

5. ചട്ടം 3(6)-ൽ "അംഗമായി തീരുന്നതും യഥാസ്ഥാനം വഹിക്കുന്നതുമാണ്" എന്നതിന് പകരം "അംഗമായി തീരുന്നതും ശേഷിക്കുന്ന കാലയളവിലേയ്ക്ക് യഥാസ്ഥാനം വഹിക്കുന്നതുമാണ്" എന്ന് ചേർക്കുക.

6. ചട്ടം 3(8)-ൽ "ഉൾപ്പെട്ട ഒരു കുറ്റത്തിന് " എന്നതിന് പകരം "ഉൾപ്പെടെ ഏതെങ്കിലും ഒരു കുറ്റത്തിന് " എന്ന് ചേർക്കുക.

7. ചട്ടം 3(9)-ൽ “(7)-ഉം (8)-ഉം" എന്നതിന് പകരം “(6)-ഉം (7)-ഉം (8)-ഉം" എന്ന് ചേർക്കുക.

8. ചട്ടം 4(1) (i)-ൽ "പ്രത്യേക തരത്തിലുള്ള ആശുപത്രിക്കോ" എന്നതിന് പകരം "പ്രത്യേക തരത്തിലുള്ള മൃഗാശുപത്രിക്കോ" എന്ന് ചേർക്കുക.

9. ചട്ടം 4(1) (iv)-ൽ "ആവശ്യമായ" എന്നതിന് പകരം "മൃഗാരോഗ്യ സ്ഥാപന വികസന ഫണ്ട് എന്ന പേരിൽ ഒരു" എന്ന് ചേർക്കുക.

10. ചട്ടം 4(2)(i)-ൽ "രോഗികളും പൊതുജനങ്ങളും" എന്നതിന് പകരം "പൊതുജനങ്ങൾ" എന്ന് ചേർക്കുക.

11. ചട്ടം 6(4)-ൽ "കാർബൺ പകർപ്പോട് " എന്നതിന് പകരം "പകർപ്പോട് " എന്ന് ചേർക്കുക.

12. ചട്ടം 9(4)-ൽ "വർഷത്തിലൊരിക്കൽ" എന്നതിന് പകരം "അതത് സാമ്പത്തിക വർഷം അവസാനിച്ചശേഷം മൂന്നു മാസത്തിനകം" എന്ന് ചേർക്കുക.

സർ, ഇത് ക്ഷീരവകുപ്പുമായി ബന്ധപ്പെട്ട വിഷയമാണ്. പ്രസ്തുത എസ്.ആർ.ഒ. പ്രകാരം ആകെയുള്ള മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളുടെ എണ്ണം 15 എന്ന് പറയുകയും തുടർന്ന്, 'താഴെപ്പറയുന്ന അംഗങ്ങളുടെ എണ്ണ'മെടുത്താൽ അതിൽ 18 പേരുൾപ്പെടുകയും ചെയ്യുന്നുണ്ട്. ചട്ടത്തിൽ 15 എന്ന് പറയുകയും അംഗസംഖ്യയിൽ 18 വരികയും ചെയ്യുമ്പോൾ അതിലൊരു വൈരുദ്ധ്യം നിലനിൽക്കുന്നതിനാൽ അത് ഒഴിവാക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടൊപ്പം ഞാനും ഡോ. എൻ. ജയരാജിനെ അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നു. കാരണം വളരെ സൂക്ഷ്മമായി ചട്ടങ്ങളെല്ലാം പരിശോധിച്ച് നിരന്തരം ഭേദഗതികൾ നിർദ്ദേശിക്കുന്നതിനായി അദ്ദേഹം നടത്തുന്ന ഗൃഹപാഠം പുതിയ അംഗങ്ങൾക്ക് മാതൃകയാക്കാവുന്നതാണ്. ഇതിനുമുമ്പും അദ്ദേഹത്തെ അഭിനന്ദിക്കാൻ അവസരമുണ്ടായിട്ടുണ്ട്; അദ്ദേഹം ഇനിയും ഭേദഗതികൾ സമർപ്പിക്കുമെന്നതിനാൽ തുടർന്നും അതിനുള്ള അവസരം ഉണ്ടാകും. ഡോ. എൻ. ജയരാജ് അവതരിപ്പിച്ച എസ്.ആർ.ഒ. നം. 1104/2020-ലെ ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, ഞാൻ ഭേദഗതികൾ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നിയമനിർമ്മാണത്തിൽ നടക്കുന്ന കാര്യങ്ങൾ വളരെ മൈന്യൂട്ടായി ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ് അവതരിപ്പിക്കുമ്പോൾ അംഗങ്ങൾ പരസ്പരം സംസാരിക്കാതെ അത് മനസ്സിലാക്കുന്നത് നല്ലതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കേരള നിയമസഭക്ക് പൊതുവേ അഭിമാനിക്കാവുന്ന കാര്യമാണിത്. കാരണം നമ്മൾ പാർലമെന്റിൽ പ്രവർത്തിക്കുമ്പോൾ ചരിത്രത്തിലാദ്യമായിട്ടാണ് ഏറെ കാലത്തിനുശേഷം സ്റ്റാറ്റ്യൂട്ടറി മോഷൻ കൊണ്ടുവന്നത്. അന്ന് അതിനെ ഒരത്ഭുതമായാണ് ഞാനും ശ്രീ. കെ. എൻ. ബാലഗോപാലും കണ്ടിരുന്നത്. പക്ഷേ, കേരള നിയമസഭയിലേയ്ക്ക് വന്നപ്പോൾ ഇവിടത്തെ ഓരോ ചട്ടങ്ങളെയും കുറിച്ചുള്ള ഭേദഗതികൾ കൊണ്ടുവരികയെന്നത് ഒരു സ്ഥിരം രീതിയാണെന്ന് മനസ്സിലായി. ഇത്തരത്തിലുള്ള കാര്യങ്ങൾ പാർലമെന്റിൽ വരുന്നതിനുമുമ്പുതന്നെ കേരള നിയമസഭ അവയെല്ലാം വളരെ നല്ല രീതിയിൽ പ്രാവർത്തികമാക്കുന്നതിൽ നമുക്കെല്ലാവർക്കും അഭിമാനിക്കാവുന്നതാണ്.

മി. സ്പീക്കർ: ഈ സഭയ്ക്കകത്ത് നിരവധി അംഗങ്ങൾ ഇത്തരത്തിൽ സ്റ്റാറ്റ്യൂട്ടറി മോഷൻ അവതരിപ്പിച്ച് കൊണ്ടുവന്ന് നിയമനിർമ്മാണത്തിൽ ഇടപെടുന്നുണ്ട്. കേരള നിയമസഭ അക്കാര്യത്തിൽ ഒരു മാതൃക തന്നെയാണ്.

[10.59 AM]

VIII. ക്രമപ്രശ്നം

(1) കേരള റാഗിങ് നിരോധന നിയമത്തിന് ചട്ടങ്ങൾ രൂപീകരിക്കാത്തത് സംബന്ധിച്ച്

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇന്ന് കേരളം ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നൊരു വിഷയമാണ് റാഗിങ്. കുട്ടികൾ ക്രൂരമായ റാഗിങ്ങിന് ഇരയാകുന്നത് സംബന്ധിച്ച് ദിനംപ്രതി പത്രങ്ങളിൽ വാർത്ത വരുകയാണ്. 1998-ൽ ഈ നിയമസഭ പാസാക്കിയ റാഗിങ് നിരോധന നിയമത്തിന് 1998 ഏപ്രിൽ 23-ന് ഗവർണറുടെ അനുമതി ലഭിക്കുകയും 1998 ജൂൺ 24-ന് പത്താം നമ്പർ ആക്ടായി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമത്തിന്റെ എട്ടാം വകുപ്പിൽ നിയമം നടപ്പാക്കുന്നതിന് ചട്ടങ്ങൾ രൂപീകരിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. ചട്ടങ്ങളുടെ അഭാവംമൂലം സംസ്ഥാനത്ത് നിയമം ഫലപ്രദമായി നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 238 (2) പ്രകാരം 'ഒരു സ്റ്റാറ്റ്യൂട്ട് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾക്കനുസൃതമായി ഉണ്ടാക്കേണ്ടതായിട്ടുള്ള കരട് ചട്ടങ്ങൾ എത്രയുംവേഗം തയ്യാറാക്കേണ്ടതും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക്, ഏതൊരു സംഗതിയിലും പ്രസ്തുത ആക്ടിന്റെ ഗസറ്റിലെ പ്രസിദ്ധീകരണ തീയതി മുതൽ തൊണ്ണൂറ് ദിവസങ്ങൾക്ക് പിൻപല്ലാതെ, അയച്ചുകൊടുക്കേണ്ടതുമാണ്.' എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നിയമം നിലവിൽ വന്ന് 27 വർഷം ആകുമ്പോഴും ചട്ടങ്ങൾ രൂപീകരിക്കാൻ യാതൊരു നടപടിയും

സ്വീകരിച്ചിട്ടില്ലെന്നത് ഗുരുതരമായ വീഴ്ചയാണ്. 2018 ജൂൺ 18-ന് കേരള പോലീസ് ആക്ടിന്റെ ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ കാലതാമസമുണ്ടായ വിഷയം സഭ പരിഗണിച്ചപ്പോൾ നിയമസഭ പാസ്സാക്കിയ നിയമങ്ങളുടെ ചട്ടങ്ങൾ സമയബന്ധിതമായി തയ്യാറാക്കുന്നതിന് സെക്രട്ടറിമാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് സർക്കാർ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയ്ക്ക് ഉറപ്പുനൽകിയതാണ്. പ്രസ്തുത നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട ചെയർ റൂളിങ് നൽകിയതുമാണ്. എന്നാൽ ഏഴുവർഷം പിന്നിടുമ്പോൾ ആഭ്യന്തര വകുപ്പിന്റെ പരിധിയിൽ വരുന്ന ഒരു നിയമത്തെക്കുറിച്ച് ഇങ്ങനെയൊരു ക്രമപ്രശ്നം ഉന്നയിക്കേണ്ടിവന്നത് ഏറെ ദൗർഭാഗ്യകരമാണ്. ചട്ടങ്ങൾ സമയബന്ധിതമായി രൂപീകരിക്കണമെന്ന് നിർദേശിക്കുന്ന നിരവധി റൂളിങ്ങുകൾ മുൻകാലങ്ങളിലുണ്ടായിട്ടുണ്ട്. 2010 മാർച്ച് 3, 2015 ജൂലൈ 20, 2016 നവംബർ 19, 2017 മേയ് 25, 2018 ഫെബ്രുവരി 6 തുടങ്ങി ഒട്ടനവധി റൂളിങ്ങുകളുണ്ടായിട്ടുണ്ട്. കേരള നിയമസഭ റാഗിങ് നിരോധന നിയമം പാസ്സാക്കി 27 വർഷങ്ങൾക്കുശേഷവും ചട്ടം രൂപീകരിച്ച് കാര്യക്ഷമമായി നിയമം നടപ്പാക്കാൻ എക്സിക്യൂട്ടീവ് നടപടി സ്വീകരിക്കാത്തതിനാൽ നിയമനിർമ്മാണത്തിന്റെ ഉദ്ദേശ്യലക്ഷ്യം തന്നെ പരാജയപ്പെട്ടിരിക്കുകയാണ്. ഇത് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 238-ാം നിയമങ്ങൾക്ക് സമയബന്ധിതമായി ചട്ടങ്ങൾ രൂപീകരിക്കണമെന്ന് നിർദേശിച്ചിട്ടുള്ള നിരവധി മുൻകാല റൂളിങ്ങുകൾക്കും വിരുദ്ധമായ ഗുരുതരമായ കൃത്യവിലോപമാണ്. അതിനാൽ 30 ദിവസത്തിനകം റാഗിങ് നിരോധന നിയമത്തിന് ചട്ടങ്ങൾ രൂപീകരിക്കണമെന്ന് സർക്കാരിന് കർശന നിർദേശം

നൽകിക്കൊണ്ടുള്ള റൂളിങ് അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

[11.00 AM]

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ അംഗം ഉന്നയിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. സാധാരണ നിയമങ്ങൾ പുറപ്പെടുവിച്ചാൽ അതിനനുസൃതമായി ചട്ടങ്ങൾ സമയബന്ധിതമായി രൂപീകരിക്കേണ്ടതാണ്. നിയമത്തിനകത്ത് പൊതുവെ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് ഗവൺമെന്റിന്റെ അധികാരം പര്യാപ്തമാണ്. അതേസമയം പ്രത്യേകം വകുപ്പുകളെ പരാമർശിക്കുന്ന പ്രയോഗങ്ങളിൽ റൂൾ അനിവാര്യമായി വരും. യഥാർഥത്തിൽ 1998-ലാണ് കേരള റാഗിങ് നിരോധന നിയമം നിലവിൽ വന്നത്. അതിനുശേഷം 2009-ൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷൻ വരികയുണ്ടായി. റാഗിങ്ങുമായി ബന്ധപ്പെട്ട് വളരെ ചെറിയൊരു നിയമമാണുള്ളത്. അതിൽ ചട്ടങ്ങളില്ലാതെതന്നെ ഇക്കാര്യങ്ങൾ നടപ്പാക്കാൻ പ്രാപ്തമാണെന്നാണ് കണ്ടിരുന്നത്. റാഗിങ് നിരോധനം, റാഗിങ്ങിന്റെ ശിക്ഷ, ശിക്ഷിക്കപ്പെടുന്ന വിദ്യാർഥിയെ പിരിച്ചുവിടൽ, റാഗിങ് സംബന്ധിച്ച് പരാതിപ്പെട്ടാൽ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യുക, കുറ്റം ചെയ്യാൻ പ്രേരിപ്പിച്ചാലുള്ള ശിക്ഷ ഇതെല്ലാം നിയമത്തിൽ സ്പെസിഫിക്കായി വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ചട്ടങ്ങളുണ്ടാക്കാൻ അധികാരമുണ്ടെങ്കിലും, പ്രസ്തുത നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ നടപ്പാക്കാൻ പ്രത്യേക ചട്ടം രൂപീകരിക്കണമെന്നുള്ളത് ആ നിയമം പരിശോധിച്ചാൽ കാണാൻ കഴിയില്ല. എന്നാൽ ഇപ്പോൾ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളതും ഇപ്പോഴത്തെ പുതിയ സാഹചര്യവുംകൂടി

പരിഗണിച്ച് ഈ ചട്ടങ്ങൾ രൂപീകരിക്കുന്നതിനോ അല്ലെങ്കിൽ നിയമത്തിൽത്തന്നെ പുന:പരിശോധന നടത്തേണ്ട സാഹചര്യമാണോ വന്നിട്ടുള്ളതെന്നും പരിശോധിക്കാം. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി നൽകിയ ചില നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

[11.03 AM]

റൂളിങ്

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... 1998-ൽ സഭ പാസ്സാക്കിയ കേരള റാഗിങ് നിരോധന നിയമപ്രകാരം രൂപീകരിക്കേണ്ട ചട്ടങ്ങൾ നാളിതുവരെ പുറപ്പെടുവിക്കാത്തത് സംബന്ധിച്ചാണ് ചട്ടം 303 പ്രകാരം ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ ക്രമപ്രശ്നമായി ഉന്നയിച്ചത്. ഈ നിയമപ്രകാരം ചട്ടങ്ങൾ രൂപീകരിക്കാതിരുന്നത് സംബന്ധിച്ച ഭരണപരമായ കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വിശദീകരിച്ചു. ഇവിടെ ഉന്നയിക്കപ്പെട്ട വിഷയത്തിന്റെ നാനാവശങ്ങൾ ചെയറും വിശദമായി പരിശോധിക്കുകയുണ്ടായി. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിങ് ഒരു ക്രിമിനൽ കുറ്റമായി വീക്ഷിക്കണമെന്നും കുറ്റവാളികളെ സാധാരണ കുറ്റവാളികളെപ്പോലെതന്നെ പ്രോസിക്യൂട്ട് ചെയ്യണമെന്നും റാഗിങ് തടയുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോലീസിന് പ്രവേശിക്കാമെന്നും ഇതുമായി ബന്ധപ്പെട്ട ഒരു കേസിൽ 1991-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പുറപ്പെടുവിച്ചിരുന്നു. അതിനെത്തുടർന്ന് സർക്കാർ വിവിധ എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നെങ്കിലും അതിന് ഉദ്ദേശിച്ച ഫലമുണ്ടാകാതിരുന്നതിനാലും റാഗിങ്ങിന്റെ പേരിൽ വിദ്യാർഥികളെ

തുടർന്നും ക്രൂരമായി പീഡിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലുമാണ് പത്താം കേരള നിയമസഭയിൽ 1998 ഏപ്രിൽ 21-ാം തീയതി കേരള റാഗിങ് നിരോധന നിയമം പാസ്സാക്കിയത്. ഏകദേശം 27 വർഷങ്ങൾക്കുമുമ്പ് കേരള നിയമസഭ ഈ നിയമം പാസ്സാക്കുമ്പോൾ ഇന്ത്യയിൽത്തന്നെ ഇത്തരത്തിലുള്ള ആദ്യ നിയമമായിരുന്നു.

പ്രസ്തുത നിയമനിർമ്മാണം നടത്തി കാൽ നൂറ്റാണ്ട് പിന്നിട്ട കാലത്ത് നമ്മുടെ കലാലയങ്ങളിൽ നടന്നുവന്നിരുന്ന തരത്തിലുള്ള റാഗിങ് രീതിയല്ല സമീപകാലങ്ങളിൽ നടന്നുവരുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ക്രൂരവും പൈശാചികവുമായ രൂപഭേദങ്ങൾ ഇക്കാര്യത്തിൽ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. ഒരുപക്ഷെ, നിലവിലുള്ള നിയമത്തിലെ ദൗർബല്യങ്ങൾ ഇത്തരം പ്രവണതകൾ ശക്തിപ്പെടുന്നതിന് കാരണമായിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട്. അങ്ങനെ കാണുന്നുണ്ടെങ്കിൽ പ്രസ്തുത വിഷയത്തിന് അടിയന്തര പരിഹാരം കാണേണ്ടതാണെന്നാണ് ചെയറിന്റെ അഭിപ്രായം. ഇവിടെ പരാമർശിക്കപ്പെട്ട യു.ജി.സി റെഗുലേഷൻ എന്നത് ഒരു റെഗുലേഷൻ മാത്രമാണ്. ഒരു നിയമനിർമ്മാണസഭ പാസ്സാക്കിയ നിയമത്തിന്മേൽ അതിന് അതിപ്രഭാവം നൽകേണ്ട കാര്യമില്ലെന്നാണ് കാണുന്നത്.

റാഗിങ് എന്നപേരിൽ കലാലയങ്ങളിൽ വർഷങ്ങളായി നടന്നുവരുന്ന ഏറ്റവും പ്രാകൃതമായ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് 1998-ലെ നിയമത്തിൽ ഏതെങ്കിലും തരത്തിലുള്ള കൂട്ടിച്ചേർക്കലുകൾ ആവശ്യമുണ്ടോ എന്നും നിയമത്തിലെ വ്യവസ്ഥകൾ കൂടുതൽ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നതിലേക്കായി വിശദമായ ചട്ടങ്ങൾ രൂപീകരിക്കേണ്ടതുണ്ടോ എന്നും നിലവിലെ സാഹചര്യത്തിൽ സർക്കാർ വിശദമായി

പരിശോധിക്കണമെന്ന് ചെയർ നിർദേശിക്കുന്നു.

ഇക്കാര്യം ക്രമപ്രശ്നമായി സഭയുടെ സജീവ ശ്രദ്ധയിൽ കൊണ്ടുവന്നതിന് ശ്രീ. എ. പി. അനിൽ കുമാറിനെ ചെയർ അനുമോദിക്കുന്നു.

[11.05 AM]

IX. നിയമനിർമ്മാണകാര്യം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപവും:

(i) 2025 – ലെ കേരള ധനകാര്യ ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2025-ലെ കേരള ധനകാര്യ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ ബാലഗോപാൽ: സർ, 2025-ലെ കേരള ധനകാര്യ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെയും ഭ്രനികൃതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനക്കയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ ബാലഗോപാൽ: സർ, 2025-26-ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള നികുതി നിർദേശങ്ങളാണ് ഈ ബില്ലിന്റെ രൂപത്തിൽ അവതരിപ്പിക്കുന്നത്. ഇക്കാര്യം വിശദമായി സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്യണമെന്ന ഉപക്ഷേപവും ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. നികുതി നിയമങ്ങളിൽ കാലോചിതമായ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. നമ്മുടെ സംസ്ഥാനത്തെ പല നിയമങ്ങളിലും നികുതിയുമായി ബന്ധപ്പെട്ടവയ്ക്ക് ചില ഭേദഗതികൾ നിർദേശിക്കാനാണ് പ്രസ്തുത ബില്ലുകൾ അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ കാര്യമായ നികുതി നിർദേശങ്ങളൊന്നും ഈ ബജറ്റിൽ അവതരിപ്പിച്ചിട്ടില്ല. ചിലത് കാലോചിതമായി അപ്ഡേറ്റ് ചെയ്യുന്നതോടൊപ്പം സാങ്കേതികമായി ചില കാര്യങ്ങൾകൂടി കറക്ട് ചെയ്യണമെന്നതല്ലാതെ മേജറായിട്ടുള്ള നികുതി നിർദേശങ്ങളില്ല.

ആദ്യത്തേത് കോടതി ഫീസിന്റെ പരിഷ്കരണവുമായി ബന്ധപ്പെട്ടതാണ്. പൊതുവിൽ മുപ്പതിലധികം വർഷമായി പരിഷ്കരിച്ചിട്ടില്ലാത്ത കോടതി ഫീസുകളുണ്ട്. കോടതിയുടെ ഫീസ് പരിഷ്കരിക്കുന്നത് സംബന്ധിച്ച് വേണ്ടത്ര പഠനം നടത്തി അതിന് സാധ്യമാകുന്ന തരത്തിലൊരു കമ്മിറ്റിയെവച്ച് പഠിക്കുക എന്ന സമീപനമാണ് സ്വീകരിച്ചത്. ഇതിന്റെ ഭാഗമായി റിട്ട. ഹൈക്കോടതി ജഡ്ജി ശ്രീ. വി. കെ. മോഹനന്റെ അധ്യക്ഷതയിൽ എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിക്കുകയും അവർ പ്രാഥമികമായി സൂചിപ്പിച്ച കാര്യങ്ങൾ കഴിഞ്ഞ വർഷത്തെ ബജറ്റിൽ അവതരിപ്പിക്കുകയും അതിന്റെ ചില ഭാഗങ്ങൾ പാസ്സാക്കുകയും ചെയ്തിരുന്നു. എന്നാൽ വിശദമായ പഠനം നടത്തുന്നതിന് ടി കമ്മിറ്റി കേരളത്തിലെ എല്ലാ ജില്ലകളിലെയും ബാർ അസോസിയേഷനുമായും കോടതികളുമായും ബന്ധപ്പെട്ട് തെളിവെടുപ്പ് നടത്തി. അതിൽ ബന്ധപ്പെട്ട വക്കീലന്മാരും വക്കീൽ ഗുമസ്തൻമാരുടെ സംഘടനകളുമായും

സ്റ്റേക്ക് ഹോൾഡർമാരുമായും ചർച്ച നടത്തിയശേഷം ലഭിച്ച നിർദ്ദേശങ്ങൾകൂടി ഈ ബില്ലിന്റെ ഭാഗമായി ഇൻകോർപ്പറേറ്റ് ചെയ്യുകയാണുണ്ടായത്. അഭിഭാഷകരുടെ ക്ഷേമനിധി, അഡ്വക്കേറ്റ് ക്ലാർക്കിന്റെ ക്ഷേമനിധി ഉൾപ്പെടെയുള്ള കാര്യങ്ങളിലും ചില പരിഷ്കരണങ്ങൾ വരുത്തണമെന്നുള്ള നിർദ്ദേശം വച്ചിട്ടുണ്ട്.

മറ്റൊന്ന്, ടൂറിസം പ്രൊമോഷന്റെ ഭാഗമായി പബ്ലിക് ട്രാൻസ്പോർട്ട് സ്പെഷ്യൽ ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ട്. അതിലേയ്ക്കായി പബ്ലിക് ട്രാൻസ്പോർട്ട്, പ്രൈവറ്റ് ബസ്സുകൾ എന്നീ സ്റ്റേജ് ക്യാരിയേഴ്സിനുള്ള നികുതി കഴിഞ്ഞ രണ്ടുഘട്ടങ്ങളിലും കുറച്ചിരുന്നു. റോഡിൽ ഓടുന്ന സാധാരണ പ്രൈവറ്റ് റൂട്ട് ബസ്സുകളുടെ ടാക്സ് പത്ത് ശതമാനം കുറയ്ക്കുന്നതിന് ബജറ്റ് നിർദേശമുണ്ടായിരുന്നു. അത് സ്വകാര്യ ബസ്സുകളുടെ മേഖലയ്ക്ക് വലിയൊരു സഹായമാകും. പൊല്യൂഷൻ കുറയണമെങ്കിൽ പൊതുവാഹനങ്ങൾ കൂടുതലുണ്ടാകണം. അതിന് സഹായിക്കുന്ന തരത്തിലുള്ള നിലപാടുകൾ ട്രാൻസ്പോർട്ട് വകുപ്പ് സ്വീകരിക്കുന്നതായിരിക്കും. ബസുകളുടെ കാര്യം പറയുമ്പോൾ, കോൺട്രാക്ട് കാര്യേജുകൾക്ക് രണ്ടുതരത്തിലുള്ള നികുതിയാണുള്ളത്. പുഷ്ബാക്ക് സീറ്റുള്ള ബസ്സുകൾക്ക് പ്രത്യേകമായി ഉയർന്ന നികുതി നിരക്കും സാധാരണ സീറ്റുകളുള്ള ബസ്സുകൾക്ക് വ്യത്യസ്ത നിരക്കുമാണ്. ഇതിൽ ഉയർന്ന നികുതി നിരക്ക് കുറയ്ക്കുന്നതിനുള്ള സമീപനമെടുത്തിട്ടുണ്ട്. ഓൺലൈനായി വാഹൻ സോഫ്റ്റ്വെയർ മുഖേന സംസ്ഥാനത്തുനിന്നും തമിഴ്നാട്ടിൽനിന്നും വാഹനം രജിസ്റ്റർ ചെയ്യുമ്പോൾ വാഹനം പുഷ്ബാക്കല്ലെന്ന് കാണിച്ച് രജിസ്റ്റർ ചെയ്യുകയും പിന്നീട് അതിൽ മാറ്റം വരുത്തുകയും ചെയ്യുന്ന സ്ഥിതി ഉണ്ടാകുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന ഓരോ വാഹനങ്ങളും പരിശോധിക്കുന്നത് അത്ര എളുപ്പമല്ല. അതിനാൽ systematic ആയി

അത്തരം കാര്യങ്ങൾ നടപ്പാക്കാനും അതോടൊപ്പം ടാക്സ് അടയ്ക്കുന്നവർക്കും നാട്ടിലെ ടൂറിസ്റ്റുകൾക്കും സഹായകരമാകുന്നതിനും പ്രസ്തുത മേഖലയിൽ ചെറിയൊരു പരിഷ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്. അന്യസംസ്ഥാനത്തുനിന്നും നമ്മുടെ സംസ്ഥാനത്തേയ്ക്ക് പ്രവേശിക്കുന്ന ബസ്സുകൾക്കുൾപ്പെടെ ഓൺലൈനായി ഒറ്റപ്രാവശ്യം രജിസ്റ്റർ ചെയ്ത് ടി റസീപ്റ്റ് പരിശോധനയ്ക്ക് വിധേയമാക്കുന്ന സംവിധാനത്തിലൂടെ കാര്യങ്ങൾ കുറച്ചുകൂടി എളുപ്പമാകുന്നതരത്തിൽ ക്രമീകരിക്കുന്നതാണ്. കൂടുതൽ പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിച്ചുകൊണ്ട് ടൂറിസത്തെ സഹായിക്കുന്നതിനുള്ള നടപടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ പുതുതായി റൂട്ട് ഫോർമുലേഷൻ നടപ്പാക്കിയിട്ടുണ്ട്. ഇതുവരെ ബസ്സുകൾ ഓടാത്ത റൂട്ടുകളിൽ ചെറിയ ബസ്സുകൾക്ക് ലൈസൻസ് നൽകുന്ന സംവിധാനമാണിത്. കാലഹരണപ്പെട്ട (15 വർഷം കഴിഞ്ഞ) വാഹനങ്ങൾക്ക് ടാക്സിന്റെ കാര്യത്തിൽ ചെറിയ വ്യത്യാസം വരുത്തുന്ന നിർദേശം കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിട്ടുണ്ട്. 15 വർഷത്തിലേറെ പഴക്കമുള്ള എല്ലാ സർക്കാർ വാഹനങ്ങളും കണ്ടം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സ്വകാര്യവാഹനങ്ങൾക്ക് ആ പ്രശ്നം ഉണ്ടാകുന്നില്ല; അവയുടെ ടാക്സിന്റെ കാര്യത്തിലാണ് ചെറിയൊരു വ്യത്യാസം വരുത്തിയിട്ടുള്ളത്. മറ്റൊന്ന്, ജി.എസ്.ടി. വാറ്റ് നിയമവുമായി ബന്ധപ്പെട്ടാണ്. ചില ഉൽപന്നങ്ങൾ വലിയ തോതിൽ നമ്മുടെ നാട്ടിലേക്ക് കള്ളക്കടത്തായി കൊണ്ടുവന്ന് വിൽക്കാറുണ്ട്. കഴിഞ്ഞ ദിവസം ഡീസൽ കടത്തുമായി ബന്ധപ്പെട്ട വിഷയം സഭയിൽ ചർച്ച ചെയ്തിരുന്നു. അത്തരം വസ്തുക്കൾ കൊണ്ടുവരുന്ന വാഹനങ്ങൾ പിടിച്ചെടുക്കാൻ കഴിയുന്ന തരത്തിൽ നിയമം ഭേദഗതി ചെയ്യേണ്ടതുണ്ട്. അത്തരം വാഹനങ്ങൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരുമ്പോൾ ഉടനെതന്നെ

ടാക്സ് അടച്ചുപോകുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഖജനാവിനെ വലിയ തോതിൽ ബാധിക്കുന്ന തരത്തിലുള്ള കള്ളക്കടത്ത് ഒഴിവാക്കാൻവേണ്ടി അത്തരത്തിലുള്ള വാഹനങ്ങൾ പിടിച്ചെടുക്കാൻ കഴിയുന്ന ചില നിയമഭേദഗതികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡീസൽ പോലുള്ള വസ്തുക്കൾ കള്ളക്കടത്ത് രൂപത്തിൽ കൊണ്ടുവന്ന് യഥേഷ്ടം ബ്ലാക്ക് മാർക്കറ്റിൽ വിൽക്കുന്നത് തടയാനാണ് ആ നിയമം അവതരിപ്പിച്ചത്. 2025-ലെ യൂണിയൻ ഫിനാൻസ് ബില്ലിന്റെ ഭാഗമായി 2017-ലെ കേന്ദ്ര ചരക്കുസേവന നികുതി നിയമത്തിൽ വന്നിട്ടുള്ള ഭേദഗതി സ്വാഭാവികമായും ഇവിടെ അംഗീകരിക്കേണ്ടതാണ്. അത് നിയമത്തിൽ ഉൾക്കൊള്ളിക്കുന്നതിനെ കുറിച്ചും ബില്ലിൽ സൂചിപ്പിക്കുന്നുണ്ട്.

സഹകരണ ബാങ്കുകളുടെ ഗഹാൻ സംബന്ധിച്ച ഫീസിൽ പരിഷ്കരണം ഏർപ്പെടുത്തുന്നതിനുള്ള നിർദേശം ലഭിച്ചിട്ടുണ്ട്. ഭൂ നികുതി സംബന്ധിച്ച് കാലോചിതമായ ചെറിയ പരിഷ്കാരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം ഉൾപ്പെടുത്തി ഏറ്റവും കുറച്ച് നികുതി നിർദേശങ്ങളുള്ള ഒരു ബജറ്റാണ് ഇത്തവണ അവതരിപ്പിച്ചത്. അവയെല്ലാം സിസ്റ്റമാറ്റിക് ആക്കുന്നതിന്റെ ഭാഗമായാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ഇതെല്ലാം ഏപ്രിൽ 1 മുതൽ നടപ്പാക്കേണ്ട കാര്യങ്ങളായതുകൊണ്ട് സബ്ജക്ട് കമ്മിറ്റി വിശദമായി പരിശോധിച്ച് ഈ സെഷനിൽത്തന്നെ ഈ ബിൽ പാസ്സാക്കേണ്ടതുണ്ട്. പ്രസ്തുത ബിൽ സഭ ചർച്ച ചെയ്ത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ഡീസൽ കടത്തിനെക്കുറിച്ചാണ് അങ്ങ് ഇവിടെ സംസാരിച്ചത്. നമ്മുടെ കോൺസ്റ്റിറ്റ്യൂവൻസിയുമായി ഷെയർ ചെയ്യുന്ന പ്രദേശമാണ് മാഹി. മാഹിയിലെ സർവീസ്

റോഡിലേക്ക് വലിയ വാഹനങ്ങൾ പ്രവേശിക്കാൻ പാടില്ലെന്നാണ് നിയമം. പക്ഷേ പല വാഹനങ്ങളും ഈ സർവീസ് റോഡിലിറങ്ങി മാഹിയിൽനിന്ന് ഡീസൽ നിറച്ചു പോവുകയാണ്. ഇത് നമ്മുടെ സംസ്ഥാനത്തിന് നഷ്ടം വരുത്തുന്നുണ്ട്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, 2025-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-06-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2025-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീമതി യു. പ്രതിഭ: സർ, 2025-ലെ കേരള ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചെങ്കിലും നമ്മുടെ സർക്കാർ നടപ്പാക്കിയ വികസനപരിപാടികളുടെ ഗുണഫലമായി സാമ്പത്തിക വളർച്ചയിൽ വലിയ പുരോഗതി നേടാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കേരളം ഇന്ന് ഉയർന്ന ആഭ്യന്തര ഉൽപാദനവും പ്രതിശീർഷ വരുമാനവുമുള്ള ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നായി മാറിയിരിക്കുന്നു. നീതി ആയോഗിന്റെ 2023-ലെ മൾട്ടി ഡൈമെൻഷണൽ പോവെർട്ടി ഇൻഡക്സിൽ ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി തുടർച്ചയായി രണ്ടാമതും കേരളം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനങ്ങളിൽ ഒന്നാമത് കേരളമാണ്. എന്നാൽ സംസ്ഥാനത്തിന് എന്തെങ്കിലും കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ എന്ന

ചോദ്യം ഉയർത്തേണ്ടത് ഈ അവസരത്തിലാണ്. കേരളത്തിൽ നിരവധി സമരങ്ങളും മറ്റും നടക്കുമ്പോൾ ആ സമരത്തെപ്പോലും തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലേക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പ്, അസംബ്ലി തെരഞ്ഞെടുപ്പ്, തെരഞ്ഞെടുപ്പ് രാഷ്ട്രീയം എന്നിവ മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ചില രാഷ്ട്രീയ തൽപരകക്ഷികൾ കേരളത്തിലുണ്ട്. തെരഞ്ഞെടുപ്പ് വേളകളിലല്ലാതെ മറ്റ് അവസരങ്ങളിലൊന്നും ജനങ്ങളുടെ യാതൊരു പ്രശ്നത്തിലും ഇവർ സജീവമായി ഇടപെടാറില്ലെന്ന് സാമാന്യം രാഷ്ട്രീയം നിരീക്ഷിക്കുന്നവർക്ക് മനസ്സിലാക്കാവുന്നതാണ്. എന്തുകൊണ്ടോ കേന്ദ്രത്തിന്റെ അവഗണനയെക്കുറിച്ച് ഇവർ പറയാറില്ല. പക്ഷെ, വസ്തുതാപരമായ കാര്യങ്ങൾ ബോധ്യപ്പെടുത്തേണ്ട ധാർമ്മിക ഉത്തരവാദിത്വം ഉത്തരവാദപ്പെട്ട രാഷ്ട്രീയപാർട്ടിയിൽ പ്രവർത്തിക്കുന്ന ഞങ്ങൾക്കെല്ലാവർക്കും ഉള്ളതുകൊണ്ടാണ് അത് ജനങ്ങളോട് പറയുന്നത്. നല്ല അറിവും കഴിവുമുള്ള ധാരാളം ആളുകൾ പ്രതിപക്ഷത്തും ഉണ്ടല്ലോ എന്ന് ഞാൻ പലപ്പോഴും ഓർക്കാറുണ്ട്. പക്ഷെ, രാഷ്ട്രീയ താൽപര്യത്തിനുവേണ്ടി അല്ലെങ്കിൽ സ്വാർഥതാൽപര്യത്തിനുവേണ്ടി കേരളം ചെയ്യുന്ന നല്ല കാര്യങ്ങളിൽ ഒന്നിനുപോലും പ്രതിപക്ഷത്തുനിന്ന് ഒരു പ്രശംസയും ലഭിക്കാറില്ല. ഈ സർക്കാർ ചെയ്യുന്ന നല്ല കാര്യങ്ങളുടെ നിരവധി ഉദാഹരണങ്ങൾ നിങ്ങളുടെ മുന്നിലുണ്ട്. ഒരിക്കലും അക്കാര്യങ്ങളെക്കുറിച്ച് പറയാതെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് മാധ്യമസഹായത്തോടെ കുറച്ചുകൂടി ആക്കംകൂട്ടി പ്രചരിപ്പിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. കേന്ദ്രസഹായം ലഭിക്കുന്നതിന് അധികാരപ്പെട്ട ഫിനാൻസ് കമ്മീഷന്റെ തീർപ്പുപ്രകാരമുള്ള നികുതി വിഹിതത്തിൽ നമുക്ക് വർധനവുണ്ടായിട്ടില്ല. കേന്ദ്രം നൽകുന്ന ഗ്രാന്റിൽ വർധനവ് ഉണ്ടോയോ എന്ന് ചോദിച്ചാൽ

അതിൽപോലും കുറവ് സംഭവിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. കേന്ദ്രം നൽകുന്ന വായ്പയിൽ ഭീമമായ ഇടിവാണുണ്ടായിരിക്കുന്നത്. അതിന്റെ ഫലമായി സ്വാഭാവികമായും സംസ്ഥാനത്തിന് ഒരു ഫെഡറൽ സംവിധാനമെന്ന നിലയിൽ ലഭിക്കേണ്ട വരുമാനമാർഗം നഷ്ടപ്പെട്ടിരിക്കുകയാണ്. കേന്ദ്രം നൽകുന്ന വായ്പയിലെ ഇടിവുമൂലം പല കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും വലിയ തോതിലുള്ള കുറവ് സംഭവിച്ചിരിക്കുന്നു. വായ്പ പകുതിയായി വെട്ടിക്കുറച്ചിരിക്കുന്നു. കേരളത്തിൽനിന്നും 1 രൂപ നികുതി പിരിച്ചാൽ 25 പൈസ മാത്രമെ നമുക്ക് ലഭിക്കുകയുള്ളൂവെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. അതായത് കേന്ദ്രം പിരിക്കുന്ന നികുതിയിൽ 25 ശതമാനം മാത്രമെ നമുക്ക് ലഭിക്കുന്നുള്ളൂ. എന്നാൽ ബി.ജെ.പി. ഭരിക്കുന്ന യു.പി. പോലുള്ള സംസ്ഥാനങ്ങൾ പിരിക്കുന്ന നികുതിയിൽ 150 ശതമാനവും അവർക്കുതന്നെ കൊടുക്കുകയാണ്. ഇത്തരത്തിലുള്ള വ്യത്യസ്തമായ സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. മുൻകാലങ്ങളിൽ വ്യക്തമായ പ്ലാനും പ്ലാനിങ്ങുമുണ്ടായിരുന്നു. ഇന്ന് അതൊന്നും ഇല്ലാതെയാണ് കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ നിരവധി സ്പെഷ്യൽ പാക്കേജുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ദുരന്തബാധിതമായ വയനാട് ജില്ലയ്ക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് നിരന്തരം ഇടപെട്ടിട്ടുപോലും അത് അനുവദിച്ചുനൽകിയിട്ടില്ല. അതിനെക്കുറിച്ച് പ്രതിപക്ഷത്തുനിന്ന് യാതൊരു ആശങ്കയോ ആക്ഷേപമോ വിഷമമോ പ്രകടിപ്പിച്ചിട്ടില്ല. കേരളത്തിൽനിന്നും കേന്ദ്രത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ബഹുഭൂരിപക്ഷം എം.പി.-മാരും കോൺഗ്രസിൽ നിന്നുള്ളവരാണ്. അവർ ഷോ ഓഫ് പ്രവർത്തനങ്ങൾ മാത്രമാണ് ചെയ്യുന്നത്. പാർലമെന്റ് പ്രവർത്തനമെന്നത് വെറും

ഷോ ഓഫ് പ്രവർത്തനമല്ല; അർഹതപ്പെട്ട ആനുകൂല്യങ്ങൾ കൃത്യമായി അവരവരുടെ സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള ആത്മാർഥമായ പ്രവർത്തനമാണ്. പക്ഷെ അവരത് ചെയ്യുന്നില്ല. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് പ്രത്യേകമായി ആനുകൂല്യങ്ങൾ കൊടുക്കുമ്പോൾപോലും കേരളത്തിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാത്തതിൽ കേരളത്തിലെ കോൺഗ്രസ് എം.പി.-മാർക്ക് വേദനയോ വേവലാതിയോ ഇല്ല. അവരുടെ നിയോജകമണ്ഡലത്തിൽ യാതൊരു പ്രവർത്തനവും നടപ്പാക്കിയില്ലെങ്കിലും മറ്റാരുംതന്നെ അവരെ മോണിറ്ററിങ് ചെയ്യുന്നില്ലെന്നുള്ളത് വളരെ ആശങ്കപ്പെടുത്തുന്നതും അതിശയപ്പെടുത്തുന്നതുമാണ്. രാഷ്ട്രീയപരമായി കൃത്യമായും സത്യസന്ധമായും പ്രവർത്തിക്കുന്നവർക്കെതിരെ ജനശ്രദ്ധ തിരിച്ചുവിടുന്ന തരത്തിലേക്ക് പലപ്പോഴും മാധ്യമങ്ങളിൽ വാർത്തകൾ കൊടുക്കുന്ന ദൗർഭാഗ്യകരമായ അവസ്ഥയും നമ്മുടെ നാട്ടിൽ കണ്ടുവരുന്നുണ്ട്.

റബ്ബർ കർഷകരെ സഹായിക്കുന്നതിനുവേണ്ടി എത്രയോ കാലങ്ങളായി പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടും അവർ നൽകുന്നില്ല. വലിയ തീരപ്രദേശമുള്ള കേരളത്തിൽ കടലാക്രമണം തടയുന്നതിന് പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടിട്ടും തുകയൊന്നും അനുവദിക്കാതെ കേരളത്തിനെതിരെ ഓരോ പ്രസ്താവനകൾ നടത്തുകയാണ്. കേരളത്തിൽ നിന്നുള്ള കോൺഗ്രസ് എം.പി.-മാർ സംസ്ഥാനത്തിനുവേണ്ടി കേന്ദ്ര സർക്കാരിനോട് ഒന്നും ആവശ്യപ്പെടുന്നില്ലെന്നത് നമ്മെ അതിശയിപ്പിക്കുകയാണ്.

ബഹുമാനപ്പെട്ട മന്ത്രി ജി. ആർ. അനിൽ കഴിഞ്ഞ ദിവസം നെൽകർഷകരെക്കുറിച്ച് ശ്രദ്ധേയമായൊരു മറുപടി പറഞ്ഞിരുന്നു. നെല്ല് സംഭരിച്ച വകയിൽ 1232 കോടി രൂപ കേന്ദ്ര ഗവൺമെന്റ് കേരളത്തിന് നൽകാനുണ്ട്. സ്പെഷ്യൽ പാക്കേജില്ലെന്നു മാത്രമല്ല, അർഹതപ്പെട്ട ആനുകൂല്യങ്ങൾപോലും നൽകുന്നില്ല. കിഫ്ബി നിലവിൽവന്നപ്പോൾ വലിയ തരത്തിലുള്ള അപമാനകരമായ പ്രസ്താവനകളാണ് പലപ്പോഴും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉന്നയിച്ചത്. ആ കാലയളവിൽ ഞാൻ ഈ സഭയിലുണ്ടായിരുന്നു. അന്ന് എന്തെല്ലാം മോശപ്പെട്ട സ്റ്റേറ്റ്മെന്റുകളാണ് അവർ പറഞ്ഞത്. കിഫ്ബിയിലൂടെ അരുപതിനായിരം കോടിയിൽപ്പരം രൂപ മുടക്കി നമ്മുടെ നാടിന്റെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ്, ടൂറിസം/ പൊതുവിദ്യാഭ്യാസം/ഉന്നതവിദ്യാഭ്യാസം/ആരോഗ്യം തുടങ്ങി എല്ലാ മേഖലകളിലും നമുക്ക് മാറ്റങ്ങൾ വരുത്താൻ സാധിച്ചു. അതിന്റെ ഫലമായി കേരളത്തിന്റെ തനത് നികുതി വരുമാനം വർധിച്ചിട്ടുണ്ട്. കേന്ദ്രത്തിന്റെ ദയാദാക്ഷിണ്യം കാത്തിരിക്കാതെ സ്വതന്ത്രമായി തങ്ങളുടെ നാട്ടിലെ ജനങ്ങൾക്ക് വികസന ക്ഷേമ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്ന തരത്തിലേക്ക് നമ്മുടെ ഗവൺമെന്റ് ഉയിർത്തെഴുന്നേറ്റിട്ടുണ്ട്.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കുള്ള കേന്ദ്രവിഹിതം വെട്ടിക്കുറച്ചിട്ടുപോലും നമ്മുടെ സർക്കാർ സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകുന്നതിൽ മുടക്കം വരുത്തിയിട്ടുണ്ടോ? ശ്രീ. എച്ച്. സലാം സൂചിപ്പിച്ചതുപോലെ യു.ഡി.എഫ്. ഭരണകാലത്ത് പറഞ്ഞിരുന്നത്, ഓണപ്പരീക്ഷ വൈകിയതല്ല ഓണം നേരത്തെ എത്തിയതുകൊണ്ടാണ് പാഠപുസ്തകങ്ങൾ വരാതിരുന്നത് എന്നാണ്. എന്നാൽ ഇന്ന് ഇത്തരത്തിലുള്ള മണ്ടൻ സ്റ്റേറ്റ്മെന്റുകളൊന്നും കേൾക്കുന്നില്ല. ഏതെല്ലാം ഇനത്തിനുവേണ്ടിയുള്ള പദ്ധതി വിഹിതം കേന്ദ്ര സർക്കാർ നൽകിയില്ലെങ്കിലും

അതെല്ലാം എങ്ങനെയെങ്കിലും കൃത്യമായി നടപ്പാക്കാൻ ഈ സർക്കാർ ശ്രമിക്കുകയല്ലേ? നെല്ല് സംഭരണത്തിന് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചില്ലെങ്കിലും സംസ്ഥാന സർക്കാർ അഡ്വാൻസായിത്തന്നെ പണം നൽകുന്നുണ്ട്. പക്ഷെ, സംസ്ഥാന സർക്കാർ ഫണ്ട് നൽകുന്നില്ലെന്ന് പറഞ്ഞുകൊണ്ടാണ് സമരം നടത്തുന്നത്. എന്നാൽ അതിനുപോലും കേന്ദ്ര സർക്കാർ ഫണ്ട് നൽകുന്നില്ലെന്ന ഒരു വാക്ക് അവർ പറയുന്നില്ല. ദേശീയ ആരോഗ്യ മിഷന്റെ ബ്രാൻഡിംഗ് പൂർത്തീകരിച്ചില്ലെന്ന് പറഞ്ഞുകൊണ്ട് ആരോഗ്യ മേഖലയ്ക്ക് ലഭിക്കേണ്ട ഗ്രാന്റുകൾ കേന്ദ്ര സർക്കാർ നിഷേധിച്ചിരിക്കുകയാണ്. ഇപ്പോഴത്തെ ആരോഗ്യ മേഖലയ്ക്ക് പഴയകാലത്തെ സ്ഥിതിയല്ല. ബഹുമാന്യയായ മുൻ ആരോഗ്യ വകുപ്പുമന്ത്രിയും ഇപ്പോഴത്തെ ആരോഗ്യ വകുപ്പുമന്ത്രിയും കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് തുടർച്ചയായി ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഏറ്റവും ശ്രദ്ധേയമായ ക്ഷേമപ്രവർത്തനങ്ങൾ ആരോഗ്യ മേഖലയിൽ നടപ്പാക്കുന്നുണ്ട്. എന്നാൽ ബ്രാൻഡിംഗ് ഇല്ലെന്നുപറഞ്ഞുകൊണ്ട് എൻ.എച്ച്.എം.-ൽനിന്നും ലഭിക്കേണ്ട പണം കേന്ദ്ര സർക്കാർ പിടിച്ചുവച്ചിരിക്കുകയാണ്. സംസ്ഥാനത്തിന് നൽകാനുള്ള പണം നൽകുന്നില്ലെന്ന് മാത്രമല്ല, അനാവശ്യമായ കാര്യങ്ങൾ പറഞ്ഞ് അർഹതപ്പെട്ട വിഹിതംപോലും പിടിച്ചുവയ്ക്കുന്ന അവസ്ഥയാണുള്ളത്. ഈ സാഹചര്യത്തിലും കേന്ദ്ര സർക്കാരിൽനിന്ന് അർഹമായ വിഹിതം നേടിയെടുക്കുന്നതിനായി സംസ്ഥാനത്തെ എം.പി.-മാരുടെ ഭാഗത്തുനിന്നും ഒരു തരത്തിലുള്ള സമീപനവും ഉണ്ടാകുന്നില്ല. ഇത്തരത്തിലുള്ള സാമ്പത്തിക ബാധ്യതകൾക്കിടയിലും ഏകദേശം 431488 വീടുകൾ സർക്കാർ നിർമ്മിച്ചുനൽകിയത് ഒരു ചെറിയ കാര്യമാണോ? ഈ മേഖലയ്ക്കായി 18000 കോടി രൂപ സംസ്ഥാന സർക്കാർ മാറ്റിവച്ചിട്ടുണ്ടെന്ന് രേഖകൾ പരിശോധിച്ചാൽ മനസ്സിലാകും.

എന്നാൽ ഈ ഇനത്തിൽ കേന്ദ്ര സർക്കാർ കേവലം 559 കോടി രൂപ മാത്രമാണ് നൽകിയത്. കേന്ദ്ര സർക്കാരിന്റെ നയം സൂചിപ്പിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇക്കാര്യം പറഞ്ഞത്. നെല്ലുസംഭരണത്തിന്റെ കാര്യത്തിൽ കോടിക്കണക്കിന് രൂപയുടെ വ്യത്യാസമാണ് ഉണ്ടായിരിക്കുന്നത്. എന്നിരുന്നാലും കേരളം തളരില്ല. ഈ സർക്കാർ തനത് നികുതി വരുമാനം വർധിപ്പിക്കാനായി നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതുകൊണ്ടുതന്നെ 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ നികുതി വരുമാനം 47,660 കോടി രൂപ ആയിരുന്നത് 2021-22 ആയപ്പോൾ 71,968 കോടി രൂപയായി വർധിപ്പിക്കാൻ സാധിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ Judicial Court fee, gallonage fee, സ്വന്തമായി വൈദ്യുതി ഉൽപാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കുള്ള വൈദ്യുതി തീരുവ എന്നിവയുടെ പരിഷ്കരണത്തിലൂടെ തനത് വരുമാനം വർധിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ ധാരാളം ആഡംബര വിവാഹങ്ങൾ നടക്കുന്നുണ്ട്, അവർ പണമുള്ളവരല്ലേ; അതുകൊണ്ടുതന്നെ അവരിൽനിന്നും നികുതി ഈടാക്കാമല്ലോ? ആഡംബര വിവാഹങ്ങൾക്കും അത്തരത്തിലുള്ള ആഡംബര വിഷയങ്ങൾക്കും നികുതി ഏർപ്പെടുത്തുന്ന സമീപനം സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. "ധാരാളമായി വിതയ്ക്കുന്നവൻ ധാരാളമായി കൊയ്യും" (2 കൊരിന്ത്യർ 9:6-8) എന്ന ബൈബിൾ വാചകം സൂചിപ്പിക്കുന്നതുപോലെ നമ്മുടെ ഗവൺമെന്റ് സാധാരണ ജനങ്ങൾക്കുവേണ്ടി ധാരാളം പണം ചെലവഴിക്കുകയാണ്. മറ്റൊരു ബൈബിൾ വാചകമാണ് "അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടേ, സങ്കടത്തോടെ അരുത്" (2 കൊരിന്ത്യർ 9:7). കേന്ദ്രം തരാതിരിക്കുന്നതുപോലെയല്ല, ഏത് പ്രതിസന്ധിയിലും സന്തോഷത്തോടെയാണ് സർക്കാർ ജനങ്ങൾക്കുവേണ്ടി

പ്രവർത്തിക്കുന്നത്. ഇതൊന്നും ആരുടെയും നിർബന്ധത്തിന് വഴങ്ങിയല്ല ചെയ്യുന്നത്. അവർക്ക് അർഹതപ്പെട്ടതാണ് നൽകുന്നത്. അതായത് 600 രൂപയായിരുന്ന പെൻഷൻ 1600 രൂപയായി ഉയർത്തി വീട്ടിൽ എത്തിച്ചുനൽകുകയാണ്. ഇങ്ങനെ ചെയ്യുന്നത് സങ്കടത്താലുമല്ല, നിർബന്ധത്താലുമല്ല; സന്തോഷത്തോടെയാണ് കൊടുക്കുന്നത്. "നിങ്ങൾ സകലതിലും എപ്പോഴും പൂർണ്ണതൃപ്തിയുള്ളവരായി സകല സത്പ്രവൃത്തിയിലും പെരുകിവരുമാറ് നിങ്ങളിൽ സകല കൃപയും പെരുക്കുവാൻ ദൈവം ശക്തൻ ആകുന്നു" എന്നുപറയുന്നതുപോലെ സാധാരണ ജനങ്ങളോടൊപ്പം അവരുടെ വികസന ക്ഷേമ പ്രവർത്തനങ്ങളിലും ദൈനംദിന ജീവിതത്തിലും ഈ ഗവൺമെന്റ് കൂടെയുണ്ട്. അങ്ങനെയുള്ളവരെയാണ് ദൈവമെന്ന് പറയുന്നത്. നമ്മുടെ മുമ്പിൽ കാണുന്ന ശരിയാണ് ദൈവമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഈ ബില്ലിനെ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, 2025-ലെ കേരള ധനകാര്യ ബില്ലിനെ എതിർക്കുന്നു. ബഹുമാന്യയായ കായംകുളം അംഗം പാർലമെന്റ് അംഗങ്ങളെ മോണിറ്റർ ചെയ്യണമെന്ന് പറഞ്ഞല്ലോ! അക്കാര്യം ചെയ്യാം; പാർലമെന്റ് അംഗങ്ങളെ ഞങ്ങൾ മോണിറ്റർ ചെയ്തോളാം. കേരള ഗവൺമെന്റിന്റെ ഡൽഹി പ്രതിനിധി പ്രൊഫ. കെ. വി. തോമസിനെ നിങ്ങൾ മോണിറ്റർ ചെയ്തിരുന്നെങ്കിൽ ഈ പ്രസംഗം തന്നെ നിങ്ങൾക്ക് ഒഴിവാക്കാമായിരുന്നു. ഇന്ന് രാവിലെ മലയാള മനോരമ പത്രത്തിൽ നിങ്ങളുടെ പാർട്ടി ഓഫീസിന്റെ പുതിയ മന്ദിരം കണ്ടു, നിങ്ങൾക്കെല്ലാവർക്കും അതിൽ വലിയ സന്തോഷവുമുണ്ടാകും. പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കാൻ രണ്ട് വർഷംപോലും വേണ്ടിവന്നില്ല. പാർട്ടി ഓഫീസ് നിർമ്മിക്കുന്നതിലുള്ള ശ്രദ്ധാന്തി കേരളത്തിലെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിൽ നിങ്ങൾ

കാണിക്കണം. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി ചെയ്യുന്നത് അദാനിയാണ്. ഗവൺമെന്റ് ചെയ്യേണ്ട രണ്ട് കാര്യങ്ങൾ റെയിൽ കണക്റ്റിവിറ്റിയും റോഡ് കണക്റ്റിവിറ്റിയുമാണ്. 9 വർഷമായിട്ടും റെയിൽ കണക്റ്റിവിറ്റിക്കാവശ്യമായ നിർമ്മാണപ്രവർത്തനം തുടങ്ങിയിട്ടുപോലുമില്ല. പാർട്ടി ഓഫീസ് നിർമ്മിക്കുന്നതിന് നിങ്ങൾക്ക് വളരെ ശ്രുഷ്കാന്തിയായിരുന്നല്ലോ? റോഡിന്റെ കണക്റ്റിവിറ്റിക്കായി ഹൈവേയിലേക്കുള്ള ഒരു കിലോമീറ്റർ ദൂരം കണക്റ്റ് ചെയ്യാനായി 9 വർഷമെടുത്തിട്ടും സാധിച്ചില്ല; എന്നുമാത്രമല്ല ഒരു താൽക്കാലിക സംവിധാനത്തെക്കുറിച്ചാണ് ഇപ്പോഴും ആലോചിക്കുന്നത്. അന്നത്തെ ഭരണത്തിൽ ഡോ. ടി. എം. തോമസ് ഐസക് ആദ്യം അവതരിപ്പിച്ചത് അദ്ദേഹത്തിന്റെ ഡ്രീം ബഡ്ജറ്റായിരുന്നു. അതിലെ ഒരു ഡ്രീം പ്രോജക്ടാണ് അഴീക്കൽ പോർട്ട്; അതിനായി 500 കോടി രൂപ വകയിരുത്തുകയും ചെയ്തു. എന്നാൽ ഒരു ഐ.എ.എസ്. ഓഫീസറെ അവിടെ ഇരുത്തി ശമ്പളം കൊടുക്കുന്നതല്ലാതെ 9 വർഷമായിട്ടും ഇന്നുവരെ അത് പൂർത്തീകരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. തിരുവനന്തപുരം മെട്രോ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി അവിടെ ഒരു ഓഫീസും അതിൽ കുറച്ച് ഉദ്യോഗസ്ഥരും ഇരിക്കുന്നതല്ലാതെ പദ്ധതിയുടെ ഡി.പി.ആർ. പോലും തയ്യാറാക്കാൻ നിങ്ങൾക്ക് ഇന്നുവരെ കഴിഞ്ഞിട്ടില്ല. എന്നാൽ തൊട്ടപ്പുറത്തെ സംസ്ഥാനമായ തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. എം. കെ. സ്റ്റാലിൻ ചെയ്യുന്നത് നിങ്ങൾ കാണണം. അവിടെ നടപ്പാക്കാൻ പോകുന്ന മധുര മെട്രോ പദ്ധതി 11,360 കോടി രൂപയും കോയമ്പത്തൂർ മെട്രോ പദ്ധതി 10,740 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്ന പ്രോജക്ടുകളാണ്. ഈ രണ്ട് പ്രോജക്ടുകളുടെയും എല്ലാ നടപടികളും പൂർത്തീകരിച്ച് രണ്ട് പദ്ധതിയായി സമർപ്പിച്ചാൽ അംഗീകാരം ലഭിക്കില്ലെന്ന് മനസ്സിലാക്കിക്കൊണ്ട്, രണ്ട് പദ്ധതിയും കൂട്ടിച്ചേർത്ത് അവർ

കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചു; രണ്ടോമൂന്നോ മാസങ്ങൾക്കുള്ളിൽ അതിന്റെ അനുമതി ലഭിക്കുകയും ചെയ്യും. മൂന്ന് വർഷംകൊണ്ട് തമിഴ്നാട്ടിൽ 9,75,000 കോടി രൂപയുടെ മൂലധന നിക്ഷേപമാണ് ഉണ്ടായിരിക്കുന്നത്. പുതിയ 27 വൻകിട ഫാക്ടറികൾ, 31 ലക്ഷം പേർക്ക് ജോലി തുടങ്ങിയവയെല്ലാം വളരെ ചുരുങ്ങിയ കാലംകൊണ്ട് അവിടെ സാധ്യമായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിനെതിരെ തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. എം. കെ. സ്റ്റാലിൻ നടത്തുന്ന സമരത്തിൽ പങ്കെടുക്കാനായി മാർച്ച് 22-ാം തീയതി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി അവിടേയ്ക്ക് പോകുകയാണ്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമനുമായി ചർച്ച നടത്തിയതുപോലെ അനൗദ്യോഗികമായെങ്കിലും അങ്ങ് ശ്രീ. എം. കെ. സ്റ്റാലിനുമായി ഒരു ചർച്ച നടത്തണം. ഗവർണ്ണറുടെ സാന്നിധ്യമില്ലെന്ന് പറഞ്ഞാലും ചർച്ചയ്ക്ക് ഒരു കുറവും ഉണ്ടാകില്ല. ശ്രീ. എം. കെ. സ്റ്റാലിനുമായുള്ള ചർച്ചയിൽ 'ഉന്നാൽ എപ്പടി മുടിയിത് തമ്പി' എന്ന് അങ്ങ് ചോദിക്കണം. കേന്ദ്രത്തിനെതിരെ ഏറ്റവും ശക്തമായ പോർമുഖം തുറക്കുമ്പോൾത്തന്നെ തമിഴ്നാടിന് അവകാശപ്പെട്ട എല്ലാ ആനുകൂല്യങ്ങളും പ്രോജക്ടുകളും നേടിയെടുക്കുന്നത് എങ്ങനെയാണെന്ന് അദ്ദേഹത്തെ കണ്ടുപഠിക്കാൻ കേരള മുഖ്യമന്ത്രിയുടെ ഈ യാത്ര ഉപയോഗിക്കണം. ശ്രീമതി നിർമ്മലാ സീതാരാമനുമായുള്ള ചർച്ചയ്ക്കുശേഷം അദ്ദേഹം ഇവിടെ പറഞ്ഞത്, 'വ്യത്യസ്ത രാഷ്ട്രീയ സ്വഭാവമുള്ളവർ കണ്ടാൽ ഉരുകിപ്പോകുന്നതല്ല രാഷ്ട്രീയം' എന്നാണ്. ശ്രീ. എൻ. കെ. പ്രേമചന്ദ്രന് ഇത് ബാധകമല്ലേ? അദ്ദേഹം ലഞ്ച് കഴിച്ചതിന്റെ പേരിൽ എത്രമാത്രം അധിക്ഷേപങ്ങളാണ് ഇവിടെ കേട്ടത്. സംഘി, ആർ.എസ്.എസ്.-ന്റെ ഏജന്റ് എന്നൊക്കെ നിങ്ങൾ അദ്ദേഹത്തെ വിളിച്ചില്ലേ? അങ്ങനെയാണെങ്കിൽ മുഖ്യമന്ത്രിയെ എന്തുവിളിക്കണമെന്ന് നിങ്ങൾ ആലോചിക്കണം.

അങ്ങനെയൊന്നും വിളിക്കാൻ ഞങ്ങളില്ല. ബ്രേക്ക്ഫാസ്റ്റ് ആകാം ലഞ്ച് ആകാൻ പാടില്ലെന്നതാണോ നിങ്ങളുടെ ഈ നിലപാട് മാറ്റത്തിന് കാരണമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. തുടർഭരണം സി.പി.ഐ.(എം)-ന് പണമുണ്ടാക്കാനുള്ള ഒരു വഴിയാക്കി ഇവർ മാറ്റുകയാണ്. ....(ബഹളം).... നിങ്ങൾ ബഹളം വയ്ക്കണ്ട, ഞാൻ ആക്ഷേപിക്കുന്നതല്ല, സി.പി.ഐ.(എം)-ന്റെ സംസ്ഥാന സമ്മേളനത്തിലെ സംഘടനാ പ്രമേയത്തിലാണ് ഇങ്ങനെ കുറ്റപ്പെടുത്തിയിരിക്കുന്നത്. സി.പി.ഐ.(എം)-കാരുടെ തെറ്റായ വഴിയിലുള്ള പോക്കിനെതിരെ ആത്മവിമർശനം നടത്തുമെന്ന് നിങ്ങൾ പറയും. എന്നാൽ എല്ലായ്പ്പോഴും ആത്മവിമർശനം നടത്തിക്കൊണ്ടിരുന്നാൽ മതിയോ? പാർട്ടിയുടെ കൽക്കട്ടാ പ്ലീനത്തിൽ നിങ്ങൾ ഇതുപോലുള്ള വിമർശനം ഉന്നയിച്ചു. പാലക്കാട് നടന്ന സംഘടനാ പ്ലീനത്തിലും ഈ വിമർശനങ്ങൾ ഉന്നയിച്ചിരുന്നു, ഇപ്പോൾ കൊല്ലം സമ്മേളനത്തിലും ഉന്നയിക്കുന്നു. രോഗം കണ്ടുപിടിക്കാൻ നിങ്ങൾ മിടുക്കരാണ്, പക്ഷേ ചികിത്സിക്കില്ല. നിങ്ങളുടെ പാർട്ടിയെ ഗ്രസിച്ചിരിക്കുന്ന അഴിമതിയും കൊള്ളയുമെല്ലാം കണ്ടെത്താൻ നിങ്ങൾക്ക് കഴിയും, പക്ഷേ ചികിത്സിക്കാൻ കഴിയില്ല. പാർട്ടിയുടെ കൊല്ലം സമ്മേളനത്തിലാണ് സ്വകാര്യ മൂലധനത്തിനുവേണ്ടിയുള്ള തീരുമാനം കൈക്കൊണ്ടത്. 'ദാസ് ക്യാപ്പിറ്റൽ' വായിച്ചിട്ടുള്ള കമ്മ്യൂണിസ്റ്റുകാർ ഇപ്പോൾ ക്യാപ്പിറ്റലിസത്തിന്റെ ദാസന്മാരായി മാറിയിരിക്കുകയാണ്. വികസനത്തിനായി കടമെടുക്കുന്നതിൽ തെറ്റില്ല. എന്നാൽ കടമെടുത്ത് മാത്രമെ വികസനം നടത്തുകയുള്ളൂവെന്ന് ഗവൺമെന്റ് നിർബന്ധം പിടിക്കരുത്. നമുക്ക് ഇവിടെ എഫ്.ആർ.ബി.എം. ആക്ടുണ്ട് (Fiscal Responsibility and Budget Management Act); അതനുസരിച്ച് ജി.എസ്.ഡി.പി.-യുടെ 29 ശതമാനത്തിൽ താഴെ പൊതുകടം നിലനിർത്തണം. ദക്ഷിണേന്ത്യയിലെ എല്ലാ

സംസ്ഥാനങ്ങളും ഇത് 29 ശതമാനത്തിൽ താഴെ നിലനിർത്തിയിട്ടും നമ്മുടെ ഈ വർഷത്തെ പൊതുകടത്തിന്റെ റേഷ്യോ 33.77 ശതമാനമായിരുന്നു. കോവിഡ് സമയത്ത് റേഷ്യോ 38 ശതമാനമായി വർധിച്ചു. ഞങ്ങൾ റേഷ്യോ കുറച്ചുകൊണ്ടുവരുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. കോവിഡ് മഹാമാരിക്കാലത്ത് സ്വാഭാവികമായും ഇത് വർധിക്കില്ലേ? എന്നാൽ ഇപ്പോഴും നമ്മുടെ പൊതുകടത്തിന്റെ റേഷ്യോ 33.77 ശതമാനത്തിൽ നിൽക്കുകയാണ്. എഫ്.ആർ.ബി.എം. ആക്ട് പ്രകാരം പൊതുകടത്തിന്റെ റേഷ്യോ നിലനിർത്തണ്ടേ? ധനപ്രതിസന്ധി മറികടക്കാനായി ധനസമാഹരണത്തിനുള്ള മാർഗങ്ങൾ നമ്മുടെ മുമ്പിലുണ്ട്. കേരളത്തിലെ പ്രതിപക്ഷനേതാവ് സ്വർണ്ണത്തെക്കുറിച്ച് എത്രയോ തവണ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. വേൾഡ് ഗോൾഡ് കൗൺസിലിന്റെ കണക്കുപ്രകാരം ഇന്ത്യയിൽ വിപണനം ചെയ്യുന്ന സ്വർണ്ണത്തിന്റെ ഇരുപത് ശതമാനവും കേരളത്തിലാണ് വിറ്റഴിക്കുന്നത്. ഈ വിഷയത്തിൽ ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡി ടാക്സേഷൻ നടത്തിയ പഠനത്തിൽ പറയുന്നത് പ്രതിവർഷം ഗോൾഡിൽനിന്നും ടാക്സായി മാത്രം മുപ്പതിനായിരം കോടി രൂപ നമുക്ക് ലഭിക്കുമെന്നാണ്. എന്നാൽ ഈയിനത്തിൽ ആകെ 1000 കോടി രൂപയിൽ താഴെ മാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. ' Operation Torre del Oro' എന്ന പേരിൽ ഒരു റെയ്ഡ് നടത്തിയപ്പോൾ ഒരു സ്വർണ്ണക്കടയിൽനിന്നുമാത്രം 104 കിലോ സ്വർണ്ണം പിടിച്ചു. എന്നാൽ ഒറ്റ റെയ്ഡോടെ ആ പരിപാടി നിർത്തി. ഒരു കടയിൽമാത്രം റെയ്ഡ് നടത്തിയപ്പോൾ 104 കിലോ! പക്ഷേ മറ്റൊരിടത്തും പിന്നീട് റെയ്ഡ് നടത്തിയതുമില്ല.

നോൺ-ടാക്സ് റവന്യൂ ഇനത്തിൽ 2020-ൽ 21 ശതമാനമായിരുന്ന ഫോറസ്റ്റ് റവന്യൂ ഇപ്പോൾ 2.23 ശതമാനമായി കുറഞ്ഞിരിക്കുന്നു. ക്വാറിക്ക് ഇ-പാസ് സംവിധാനം

ഏർപ്പെടുത്തിയാൽ ഒരു പാസുപയോഗിച്ച് പലതവണ ലോഡ് കൊണ്ടുപോകുന്നത് ഒഴിവാക്കാനും നമ്മുടെ വരുമാനം വർധിപ്പിക്കാനും സാധിക്കും. ഇതെല്ലാം പറയുമ്പോഴും ധൂർത്തിന്റെ കാര്യം പറയാതിരിക്കാൻ സാധിക്കില്ല. മുഖ്യമന്ത്രിക്കും സർക്കാരിനും എത്ര പി.ആർ. ഏജൻസികളാണുള്ളത്; പി.ആർ.ഡി.-യുണ്ടായിട്ടും ഇത്രയും പി.ആർ. ഏജൻസികൾ എന്തിനാണ്? ഡൽഹിയിലെ പ്രതിനിധിക്കും പി.എസ്.സി. മെമ്പർമാർക്കും കോടികളുടെ വരുമാനം, ഗവൺമെന്റ് പ്ലീഡർമാർക്ക് ശമ്പള വർധനവ്, ലോകകേരള സഭ, കേരളീയം, നവകേരള സദസ്സ് തുടങ്ങിയ പരിപാടികൾക്ക് കോടിക്കണക്കിന് രൂപ ചെലവഴിച്ച് മാമാങ്കങ്ങൾ നടത്താൻ പണമുണ്ട്. പാവപ്പെട്ട ആശാ വർക്കർമാർക്ക് വേതനം വർധിപ്പിക്കാൻ നിങ്ങൾക്ക് സാധിക്കുന്നില്ല. സമരം ചെയ്യുന്ന അങ്കണവാടി ജീവനക്കാരുടെ പ്രശ്നം പരിഹരിക്കാൻ നിങ്ങൾ തയ്യാറാകണം. പിടിവാശി ഒഴിവാക്കി മുഖ്യമന്ത്രി അവരുമായി ചർച്ച നടത്തണം. ശ്രീമതി നിർമ്മല സീതാരാമനുമായി ചർച്ച നടത്തിയ മുഖ്യമന്ത്രിക്ക് അങ്ങയുടെ മൂക്കിനുതാഴെ ആഴ്ചകളായി സമരം നടത്തുന്ന ആശാ വർക്കർമാരുമായി ചർച്ച നടത്താൻ കഴിയേണ്ടതല്ലേ? നിയമസഭയ്ക്കകത്തായാലും പാർട്ടി സമ്മേളനത്തിലായാലും ടാക്സ്, സെസ്സ്, ഫീസ്, ഡിജിറ്റൽ കോസ്റ്റ് എന്നിങ്ങനെ എവിടെപോയാലും അമിത നികുതിയും ഫീസും ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്നത് ശീലമായി ഏറ്റെടുത്തിരിക്കുന്നത് എന്തുകൊണ്ടാണ്? ഇതുവഴി ജനങ്ങളിൽനിന്ന് സർക്കാരിലേക്കാണ് പണമൊഴുക്കിയത്. യഥാർഥത്തിൽ സർക്കാരിൽനിന്നും ജനങ്ങൾക്കാണ് പണം എത്തേണ്ടത്. കഴിഞ്ഞ ബജറ്റിൽ 4500 കോടി രൂപ അനുവദിച്ചതിന് പുറമെയാണ് വെള്ളക്കരവും ഇലക്ട്രിസിറ്റി ചാർജും ബസ് ചാർജും വർധിപ്പിച്ചത്. ജനങ്ങളിൽനിന്നും പണം അങ്ങോട്ടുപോകുന്നതല്ലാതെ

സർക്കാരിൽനിന്ന് അവശ ജനവിഭാഗങ്ങളിലേക്ക് പണം വരുന്നില്ല. ജനങ്ങൾക്ക് ആനുകൂല്യം ലഭ്യമാകാതെ എന്തിനാണ് ടാക്സ് കൊടുക്കുന്നത്; ബ്രിട്ടീഷുകാരും ഈ നയമല്ലേ സ്വീകരിച്ചിരുന്നത്? ജനങ്ങളിൽനിന്നും കരം പിരിച്ചിട്ടും അവർക്ക് പുതിയ ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല. പഴയൊരു സിനിമയുണ്ട്, വീരപാണ്ഡ്യ കട്ടബൊമ്മൻ. സിനിമയിൽ ആ റോൾ അഭിനയിച്ചത് ശിവാജി ഗണേശനാണ്. ജനങ്ങൾക്കൊരു ആനുകൂല്യവും കൊടുക്കാത്ത ബ്രിട്ടീഷുകാർ നികുതി പിരിക്കാൻ വരുമ്പോൾ വീരപാണ്ഡ്യ കട്ടബൊമ്മൻ ബ്രിട്ടീഷ് ഭരണാധികാരിയോട് ചോദിക്കുകയാണ്, എന്തിനാണ് നിങ്ങൾ നികുതി പിരിക്കുന്നത്?

'എങ്കളോട് വയലുക്ക് വന്തായാ?

നാറ്റ നട്ടായാ? കളൈ പറിത്തായാ?

അത് അങ്കേ കൊഞ്ചി വിളയാടും എംകുല

പെൺകളുക്ക് മഞ്ചൾ അരൈത്ത് പണി പുരിന്തായാ?

അല്ലത് മാമനാ? മച്ചാനാ? മാനം കെട്ടവനെ!

യാരിടം കേട്കിറായ് വട്ടി

എതർക്ക് കേട്കിരായ് കിസ്തി'

കേരളത്തിലെ ജനങ്ങൾ നിങ്ങളോട് പറയാൻ പോകുന്നത്, ഞങ്ങൾക്കൊരു ആനുകൂല്യവും നൽകാത്ത നിങ്ങൾ എന്തിന് ടാക്സുകൊണ്ട് ഞങ്ങളെ പീഡിപ്പിക്കുന്നു എന്നാണ്. ഈ ബില്ലിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, 2025-ലെ കേരള ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു.

ഇന്ന് പ്രഭാതം വിടർന്നപ്പോൾ ശ്രീമതി സുനിതാ വില്യംസും ശ്രീ. ബാരി യൂജിൻ ബുച്ച് വിൽമോറും സുരക്ഷിതമായി ഫ്ലോറിഡ തീരത്ത് സ്പ്ലാഷ് ലാൻഡ് ചെയ്ത ആഹ്ലാദകരമായ വാർത്ത കേട്ടുകൊണ്ടാണ് ഉണരാൻ കഴിഞ്ഞത്. ടെലിവിഷനിൽ അതിന്റെ കുറച്ച് ചിത്രങ്ങളും കണ്ടു. ലോകമൊട്ടാകെ സന്തോഷിച്ച ഈ അവസരത്തിൽ കേരള നിയമസഭയും അഭിനന്ദനം രേഖപ്പെടുത്തി. നേരത്തെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച ശ്രീ. എം. വിൻസെന്റ് പറഞ്ഞ കാര്യങ്ങൾക്കൊന്നും ഞാൻ മറുപടി നൽകുന്നില്ല. കാരണം 'വക്കുപൊട്ടിയാൽ ചരിച്ച് വയ്ക്കാം; മൂട് പൊട്ടിയാൽ വലിച്ചെറിയാനേ സാധിക്കൂ'. അതുകൊണ്ട് സംസാരിച്ചിട്ട് കാര്യമില്ല. ഡിവിസിബിൾ പൂളിൽനിന്ന് ഓരോ വർഷവും കേന്ദ്ര വിഹിതത്തിൽനിന്നും ലഭിക്കാനുള്ള പണം വെട്ടിക്കുറയ്ക്കുമ്പോൾ അതിനെതിരെ സത്യസന്ധമായി പ്രതികരിക്കുകയും മലയാളിയുടെ ആത്മാഭിമാനം ഉയർത്തിപ്പിടിക്കുകയും ചെയ്തുകൊണ്ട് കേരളത്തിനുള്ള വിഹിതം നേടിയെടുക്കാൻ ശ്രമിക്കുന്നതിനുപകരം കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾക്ക് അടിവരയിടുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ഭരണഘടനയുടെ 270-ാം അനുച്ഛേദപ്രകാരം ഡിവിസിബിൾ പൂളിൽനിന്ന് ഓരോ അഞ്ചുവർഷവും സർചാർജ്ജും സെസ്സും ഒഴിച്ചുള്ള വിഹിതത്തിൽനിന്നും ലഭിക്കേണ്ട കേന്ദ്ര വിഹിതം ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. അതിൽ ഏത് മാനദണ്ഡങ്ങൾ പരിശോധിച്ചാലും ആർക്കും നിഷേധിക്കാനാകാത്തവിധം കേരളം മറ്റ് സംസ്ഥാനങ്ങളെക്കാൾ മുന്നിൽ നിൽക്കുകയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. തുല്യതാധിഷ്ഠിതമായും ആവശ്യത്തിലൂന്നിയും വരുമാന മാനദണ്ഡങ്ങളുടെയും ജനസംഖ്യയുടെയും കാര്യക്ഷമതയുടെയും

അടിസ്ഥാനത്തിലുമാണ് ഡിവിസിബിൾ പൂളിൽനിന്ന് നമുക്ക് പണം ലഭിക്കേണ്ടത്. ഇക്കാര്യത്തിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്ന കേരളം എങ്ങനെയാണ് അവഗണിക്കപ്പെടുന്നത്? അതിൽ കോർപ്പറേറ്റ് ഫെഡറലിസത്തിന്റെ തകർച്ചയുണ്ട്. കേന്ദ്രത്തിന്റെ രാഷ്ട്രീയ വൈരനിര്യാതന ബുദ്ധി പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് കാണാതെ തിമിരം ബാധിച്ച കണ്ണുകളോടെ കേരളത്തിനെതിരെ ഡൽഹിയിലും പാർലമെന്റിലും കേന്ദ്രമന്ത്രിമാർ നടത്തുന്ന തികച്ചും തെറ്റായ പരാമർശങ്ങളോട് പ്രതികരിക്കാനുള്ള സന്നദ്ധതപോലും കാണിക്കാതെ കേരള നിയമസഭയ്ക്കകത്ത് പ്രസംഗിക്കുന്ന പ്രതിപക്ഷാംഗങ്ങൾക്ക് ധനകാര്യ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിനുള്ള ഈ ബില്ലിനെ എതിർക്കാൻ എന്ത് ധാർമ്മികതയാണുള്ളത്? ആശാ വർക്കർമാരുടെ സമരത്തിന് നിത്യവും പിന്തുണ നൽകിക്കൊണ്ടിരിക്കുകയാണ്. അവരുടെ ന്യായമായ ആവശ്യങ്ങളോട് സർക്കാർ പ്രതികരിക്കണമെന്നുള്ള ഉദ്ദേശ്യംതന്നെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിക്കുമുള്ളത്. എന്നാൽ ഇതിനെക്കാളും വലിയ സമരം കേരള നിയമസഭയുടെയും സെക്രട്ടേറിയറ്റിന്റെയും മുന്നിൽ കണ്ടിട്ടില്ലേ? കേരളത്തിലെ ആദിവാസി സമൂഹം ഒരു തുണ്ട് ഭൂമിക്കുവേണ്ടി സമരം നടത്തിയപ്പോൾ ആ സമരം ഒത്തുതീർപ്പ് ചർച്ചയിലൂടെ അവസാനിപ്പിച്ചുവെന്ന് പറഞ്ഞശേഷം ശ്രീമതി സി. കെ. ജാനുവുമൊത്ത് സെക്രട്ടേറിയറ്റിന്റെ മുന്നിൽവച്ച് കോൽകളി നടത്തിയ ശ്രീ. എ. കെ. ആന്റണിയുടെ സമീപനമെന്തായിരുന്നു? കേരള ചരിത്രത്തിലാദ്യമായി ജോഗി എന്ന ആദിവാസി യുവാവിനെ വെടിവച്ചുകൊന്ന് നൂറുകണക്കിന് ആദിവാസികളെ വനാന്തരങ്ങളിൽ മൃതപ്രായരായി കടന്നാക്രമിച്ച പോലീസ് സംവിധാനത്തെ നിയന്ത്രിച്ചിരുന്നത് ആരാണ്? ഇവരുടെ

അടിസ്ഥാനവിഭാഗങ്ങളോടുള്ള സ്നേഹം അന്ന് എവിടെയായിരുന്നു? ഇപ്പോൾ പൊമ്പിളൈ ഒരുമൈയുടെ സമരത്തെക്കുറിച്ചാണ് പറയുന്നത്. സുസ്ഥിര വികസനത്തിന്റെ പാതയിലൂടെ നൈപുണ്യകേരളം കെട്ടിപ്പടുക്കുന്നതിനായി എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് ഈ സംസ്ഥാനത്തുള്ളത്. ആ ഗവൺമെന്റിന്റെ ധനകാര്യ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിനും ബജറ്റ് അലോക്കേഷന്റെ ഭാഗമായ ഫണ്ട് വിനിയോഗിക്കുന്നതിനുംവേണ്ടി ഭരണഘടനാനുപാതികമായ നിയമ സംവിധാനത്തിന്റെ ഭാഗമായാണ് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരഗണനയ്ക്ക് അയയ്ക്കുന്നത്. കേരളം ഏതു മേഖലയിൽ പുറകിലാണെന്നാണ് ഇവർ ചൂണ്ടിക്കാണിക്കുന്നത്? നഗരവികസനത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനം കേരളത്തിനാണ്. പട്ടിണി മരണം ഏറ്റവും കുറവുള്ള രണ്ടാമത്തെ സംസ്ഥാനമായി കേരളത്തെയാണ് അടയാളപ്പെടുത്തിയിരിക്കുന്നത്.

അതിദരിദ്രരില്ലാത്ത കേരളമെന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നിർണ്ണായകമായ നിശ്ചയലക്ഷ്യംകൂടി സാക്ഷാത്കരിക്കുന്നതിലൂടെ കേരളം വീണ്ടും മുന്നേറാൻ പോകുകയാണ്. വിദ്യാഭ്യാസ, തൊഴിൽ മേഖലകളും സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങളും പരിശോധിച്ചാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വിഭിന്നമായ അന്തരീക്ഷം എല്ലാ മേഖലകളിലും കാണാൻ കഴിയും. സംരംഭകത്വത്തിന്റെ കാര്യത്തിൽ കേരളം ഇരുപത്തിയെട്ടാം സ്ഥാനത്തിൽനിന്ന് ഒന്നാം സ്ഥാനത്ത് എത്തുകയാണ്. കേരളം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ ഭീതിയായ ലഹരി മാഫിയയ്ക്കെതിരെ ഉണർന്ന് പോരാടുന്ന സർക്കാരാണുള്ളത്. ഗ്രന്ഥശാലാ പ്രസ്ഥാനമടക്കമുള്ള

കേരളത്തിന്റെ സാംസ്കാരിക പ്രസ്ഥാനങ്ങളെല്ലാം ഒരുമിച്ച് കൈകോർത്ത് നവനൈപുണ്യ-വൈജ്ഞാനിക കേരളം സൃഷ്ടിക്കുന്നതിന് എല്ലാതരത്തിലുള്ള തയ്യാറെടുപ്പുകളും നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ നിയമസഭയിൽ ഇത്തവണ അവതരിപ്പിച്ച ബജറ്റിൽ എന്താണ് കാണാൻ കഴിയുന്നത്? ഈ ധനകാര്യ ബില്ലിൽ ശ്രീ. കെ. എൻ. ബാലഗോപാൽ മുന്നോട്ടുവച്ച നികുതി നിർദേശങ്ങൾ കേരളത്തിലെ ഏത് വിഭാഗം ജനങ്ങളെയാണ് സാരമായി ബാധിക്കുന്നത്? നെഞ്ചടക്കിപ്പിടിച്ച് മുന്നോട്ടുപോയ ചരിത്രമുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഈ രാജ്യത്തെ പാവപ്പെട്ട ജനങ്ങളെ ഏത് ഘട്ടത്തിലും സംരക്ഷിക്കാൻ സാധിക്കും. ഇപ്പോൾ മലയാളികൾ ചില മലയാള പത്രങ്ങളെ ആശ്രയിക്കുന്നത് ചരമകോളം നോക്കുന്നതിനുവേണ്ടി മാത്രമാണ്. ആ പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന ബാക്കിയെല്ലാ വാർത്തകളും പച്ചക്കള്ളമാണ്. അടുത്തിടെ ഒരു പത്രത്തിന്റെ ചരമ കോളത്തിൽത്തന്നെ 'പരേതൻ നിര്യാതനായിട്ടില്ല' എന്ന തലേദിവസത്തെ തെറ്റ് തിരുത്തിക്കൊണ്ടുള്ള ശ്രദ്ധേയമായ വാർത്ത വന്നത് കാണാനിടയായി. സാധാരണഗതിയിൽ ചരമ കോളത്തിൽ അങ്ങനെയുള്ള തെറ്റുകൾ സംഭവിക്കാറില്ല. മരിക്കുന്നതിന് മുമ്പ് ഫോട്ടോ പ്രസിദ്ധീകരിച്ചതിനുശേഷം 'പരേതൻ നിര്യതനായിട്ടില്ല' എന്ന് പിറ്റേദിവസത്തെ പത്രത്തിൽ തിരുത്ത് നൽകുന്ന ചില പത്രങ്ങൾ ഈ മുന്നണിക്കും രാഷ്ട്രീയ നിലപാടുകൾക്കുമെതിരെയും കേരളത്തിൽ പുതിയ സമീപനങ്ങളൊന്നും കടന്നുവരരുത് എന്ന് നിഷ്കർഷിച്ചുകൊണ്ടും പ്രതിപക്ഷത്തിന്റെ പിന്തുണയോടെ നിഷ്ഠുരമായ നടപടികളാണ് സ്വീകരിക്കുന്നത്. ശ്രീമതി സുനിത വില്യംസും ശ്രീ. ബാരി യൂജിൻ ബുച്ച് വിൽമോറും തിരികെ ഭൂമിയിലെത്തിയതിനെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് ഞാൻ പ്രസംഗം ആരംഭിച്ചത്. അവരെ

ഭ്രമിയിലേക്ക് തിരികെ കൊണ്ടുവരാൻ സ്പേസ് റിസർച്ച് നടത്തുന്ന ശ്രീ. ഇലോൺ മസ്കിന്റെ ഇന്റർനെറ്റ് സംവിധാനം പുതിയ പേരിൽ ഇന്ത്യയിലേക്ക് വരുന്നുവെന്നാണ് അറിയാൻ സാധിച്ചത്. അങ്ങനെ വന്നാൽ ഇന്ന് 1200 രൂപയ്ക്കും 500 രൂപയ്ക്കുമൊക്കെ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഇന്റർനെറ്റിന് ആഗോളാടിസ്ഥാനത്തിൽ പതിനായിരത്തിലേറെ രൂപ ചെലവാക്കേണ്ടിവരുമെന്നാണ് ശ്രീ. ഇലോൺ മസ്കിന്റെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പത്രവാർത്തകൾ വ്യക്തമാക്കുന്നത്. അതിനെ പ്രതിരോധിക്കാനായി കേരളം സ്മാർട്ട് ഫോണിന്റെ ഉൽപാദനത്തിലും ഉപയോഗത്തിലും സാർവജനികമായ പശ്ചാത്തലമൊരുക്കുകയും അവ പാവപ്പെട്ടവർക്കുകൂടി ഉപയോഗിക്കുന്നതിനായി കെ-ഫോൺ സംവിധാനം കൊണ്ടുവരികയും ചെയ്തു. സ്റ്റാർലിങ്ക് വരുന്നതിന് മുമ്പുതന്നെ കേരളത്തിലെ പാവപ്പെട്ടവർക്ക് എല്ലാ തലത്തിലുമുള്ള സംരക്ഷണം നൽകുന്നതിനുള്ള നവസംരംഭങ്ങൾ കൊണ്ടുവരുന്നതിന് എല്ലാ പശ്ചാത്തലവും ഒരുക്കുന്ന കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ധനാഭ്യർഥനകളെയും 2025-ലെ കേരള ധനകാര്യ ബില്ലിനെയും ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനകാര്യ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ഇന്ന് ശ്രീമതി സുനിത വില്യംസ് ഭ്രമിയിൽ തിരിച്ചെത്തിയ സന്തോഷം സഭ രേഖപ്പെടുത്തുകയുണ്ടായി. അതോടൊപ്പം ഇന്ന് നമുക്ക് വേദനയുടെ ദിവസം കൂടിയാണ്. അമേരിക്കയുടെ ഹങ്ക് ഉപയോഗപ്പെടുത്തി നിരപരാധികളായ പലസ്തീൻകാർക്കുനേരെ വ്യാപകമായി ബോംബ് വർഷിച്ചതിന്റെ ഫലമായി ഇന്ന് ഏകദേശം

ആയിരം ആളുകൾ മരണപ്പെട്ടതിലുള്ള വേദന ഞാൻ പങ്കുവയ്ക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനകാര്യ ബില്ലിനെക്കുറിച്ച് ഭരണപക്ഷത്തുനിന്നും സാധാരണയുണ്ടാകാറുള്ള വിമർശനങ്ങൾ ഇന്നും ഉയർന്നുവരികയുണ്ടായി. കേന്ദ്ര സർക്കാരിനെതിരെ പാർലമെന്റ് അംഗങ്ങൾ ശബ്ദിക്കുന്നില്ലെന്നതാണ് പ്രധാന അപവാദം. കേരളത്തോടുള്ള അവഗണനയെന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റിനോടുള്ള അവഗണനയല്ല; കേരളത്തിലെ ജനങ്ങളോടുള്ള അവഗണനയാണ്. അതുസംബന്ധിച്ച് യു.ഡി.എഫ്. എം.പി.-മാർക്ക് ബോധ്യമുണ്ട്. ഇവിടെ ആദ്യം പ്രസംഗിച്ച അംഗം വയനാട് ദുരന്തത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. വയനാട് ദുരന്തത്തിനുശേഷം ഈ വിഷയവുമായി ബന്ധപ്പെട്ട് വയനാട് എം.പി.-യുടെ നേതൃത്വത്തിൽ ഭരണകക്ഷി എം.പി.-മാരും യു.ഡി.എഫ്. എം.പി.-മാരും ഉൾപ്പെടെയുള്ള എല്ലാ കക്ഷികളും പാർലമെന്റിൽ ഒരുമിച്ച് പ്രതിഷേധമുയർത്തുകയും എല്ലാവരുംകൂടി പാർലമെന്റിന് പുറത്ത് സത്യാഗ്രഹം നടത്തുകയുമുണ്ടായി. അക്കാര്യങ്ങൾ നിങ്ങൾ മറച്ചുവയ്ക്കരുത്. പാർലമെന്റ് നടപടികൾ സംബന്ധിച്ച് പ്രാഥമിക വിവരമുണ്ടായിരുന്നെങ്കിൽ അവർ ഇത്തരത്തിൽ സംസാരിക്കില്ലായിരുന്നു. കേരളത്തോട് കാണിക്കുന്ന അവഗണനയെക്കുറിച്ചും ഭരണസംവിധാനം തകർക്കുന്നതിനെക്കുറിച്ചും ഞങ്ങളുടെ രാജ്യസഭാംഗം അഡ്വ. ഹാരിസ് ബീരാൻ അതിശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് പ്രസംഗിച്ചിട്ടുണ്ട്. പാർലമെന്റിനകത്ത് നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളെല്ലാം ചെയ്യുന്നുണ്ട്. കാരണം എൽ.ഡി.എഫ്. ഗവൺമെന്റിനോടുള്ള വിരോധമല്ല; കേരളത്തോടുള്ള അവഗണനയാണ് എന്ന രീതിയിലാണ് ഞങ്ങൾ ഇതിനെ കാണുന്നത്. അതുകൊണ്ട് ഇത്തരത്തിലുള്ള പരാമർശങ്ങൾ കഴിവതും

ഒഴിവാക്കേണ്ടതാണ്. ജി.എസ്.ടി. നിലവിൽ വന്നതോടുകൂടിയാണ് സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിച്ചത്. ജി.എസ്.ടി. നിലവിൽവരുന്നതിന്റെ ഫലമായുണ്ടാകുന്ന ഭവിഷ്യത്തുകളോ ബുദ്ധിമുട്ടുകളോ നാം മുൻകൂട്ടി കണ്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അന്ന് അതിനെ സഹർഷം സ്വാഗതം ചെയ്യുകയാണുണ്ടായത്. ഇപ്പോൾ അഞ്ച് വർഷത്തേയ്ക്കുള്ള ജി.എസ്.ടി. കോമ്പൻസേഷൻ ലഭിച്ചു. എല്ലാ രീതിയിലും വളരെ പ്രയാസത്തിലേയ്ക്കുപോകുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഈ സാമ്പത്തിക വർഷം നല്ലൊരു സേഫ് ലാൻഡിങ് ഉണ്ടാകുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയുന്നുണ്ടെങ്കിലും അത് എങ്ങനെയാണെന്ന് മനസ്സിലാകുന്നില്ല. സർക്കാർ ജീവനക്കാർക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള ഭീമമായ സംഖ്യ ഉൾപ്പെടെ എല്ലാ മേഖലകളിലും വ്യാപകമായി കുടിശ്ശിക കൊടുക്കാനുള്ളതിനെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രി ഒന്നും പറയുന്നില്ല. കാരുണ്യ പദ്ധതി, വിവിധ ക്ഷേമ പദ്ധതികൾ, വയോമിത്രം പോലുള്ള സ്കീമുകൾ, കുടുംബശ്രീ നടത്തുന്ന ഹോട്ടലുകൾക്ക് നൽകുന്ന സബ്സിഡി, ഉച്ചഭക്ഷണ വിതരണവുമായി ബന്ധപ്പെട്ടും കാർഷിക മേഖലയിലെ വിവിധ പദ്ധതികളുടെയും നെല്ല് സംഭരണത്തിന്റെയും കുടിശ്ശിക, മരുന്ന് കമ്പനികൾക്കും സപ്ലൈകോ കരാറുകാർക്കും നൽകാനുള്ള കുടിശ്ശിക, പി.ഡബ്ല്യു.ഡി. കരാറുകാർക്കും ജൽജീവൻ പദ്ധതിയുടെ കരാറുകാർക്കും നൽകാനുള്ള കുടിശ്ശിക എന്നിങ്ങനെ വിവിധ മേഖലകളിൽ കുടിശ്ശിക നിലനിൽക്കുമ്പോഴാണ് ഒരു സേഫ് ലാൻഡിങ് ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. അദ്ദേഹത്തിന്റെ വിശ്വാസം അദ്ദേഹത്തെ രക്ഷിക്കട്ടെ എന്ന് മാത്രമെ ഞാൻ പറയുന്നുള്ളൂ. ബജറ്റിൽ നാം പാസാക്കിയ തുക അൻപത് ശതമാനം വെട്ടിക്കുറച്ചിരിക്കുയാണ്. നിയമസഭയിൽ ബജറ്റ് അവതരിപ്പിച്ച്, അത്

ചർച്ച ചെയ്ത് പാസാക്കി അവസാന ഘട്ടത്തിലെത്തുമ്പോൾ തുക വെട്ടിക്കുറയ്ക്കുകയാണ്. അതിന്റെ ഫലമായി എല്ലാ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ നിശ്ചലമാകുകയും വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്ന കാഴ്ച നാം കാണുന്നുണ്ട്. അടുത്ത സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ഇത്തരത്തിൽ പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഈ സഭയിൽ ഉറപ്പ് നൽകാൻ കഴിയുമോ? അതിന് കഴിഞ്ഞില്ലെങ്കിൽ നമുക്ക് ബുദ്ധിമുട്ട് നേരിടും. കേരളം വലിയൊരു വിപത്തിലേക്ക് പോകുന്ന ഘട്ടമാണിത്. ഇവിടെനിന്നും പഠനത്തിനും തൊഴിലിനുംവേണ്ടി യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് പോയിട്ടുള്ളവർ അടുത്ത ഏതാനും വർഷങ്ങൾകൊണ്ട് തിരിച്ചുവരുന്ന ഘട്ടത്തിലാണ്. എ.ഐ. (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) വന്നതോടുകൂടി അനേകം കമ്പനികൾ തൊഴിലാളികളെ പിരിച്ചുവിടുകയാണ്. ഇത്തരത്തിൽ തൊഴിലാളികളെ പിരിച്ചുവിടാൻ കമ്പനികൾ തീരുമാനമെടുക്കുകയാണ്. ഗൾഫ് മേഖലയിലെ തൊഴിലില്ലായ്മ പ്രശ്നത്തിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ട എത്രയോ വ്യക്തികൾ നാട്ടിലേയ്ക്ക് തിരിച്ചുവരുന്നു. ഈ സ്ഥിതി തുടർന്നാൽ കേരളത്തിന് പ്രയാസകരമാകും. ഇക്കാര്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കേരളം വലിയ അപകടത്തിലേയ്ക്കെത്താനുള്ള സാധ്യതയുണ്ട്. അത്തരമൊരു സാഹചര്യമുണ്ടായാൽ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്നവരുടെ ഉത്തരവാദിത്വംകൂടി നാം ഏൽക്കേണ്ടിവരും. ഇപ്രകാരം ചെറുപ്പക്കാർക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമായാൽ അവർക്കിടയിൽ ലഹരി ഉപയോഗവും മറ്റും വർധിച്ച് കേരളം പ്രയാസകരമായ സ്ഥിതിവിശേഷത്തിലെത്തും. ജനസംഖ്യാനുപാതത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിന് പദ്ധതി വിഹിതം

ലഭിക്കുന്നത് ശിശുനിരക്ക് കുറയുകയും വൃദ്ധർ വർധിക്കുകയും ചെയ്യുന്ന ഒരു പ്രത്യേക പ്രതിഭാസമാണ് ഇപ്പോൾ കേരളത്തിലുള്ളത്. ഗവൺമെന്റ് പ്രഖ്യാപിച്ച കാര്യങ്ങളിന്മേൽ കാര്യമായ നടപടി സ്വീകരിച്ചതുകൊണ്ടാണ് ജനസംഖ്യയിൽ കുറവുണ്ടായത്. പക്ഷെ അത് പരിഹരിക്കാതെ ജനസംഖ്യാനുപാതികമായ സംവിധാനം വരുമ്പോൾ നമുക്ക് ബുദ്ധിമുട്ട് ഉണ്ടായേക്കാം. നിയോജകമണ്ഡലങ്ങൾ പുനർവിഭജിക്കാൻ പോകുന്ന ഈ അവസരത്തിലും ജനസംഖ്യയെ പ്രധാന മാനദണ്ഡമായി കണക്കാക്കുമ്പോൾ ഹിന്ദി ബെൽറ്റിൽ ഉൾപ്പെട്ട സംസ്ഥാനങ്ങൾക്ക് കാര്യമായ ഗുണമുണ്ടാകുകയും നമ്മുടെ സംസ്ഥാനത്തിന് പ്രയാസകരമായ സ്ഥിതിയുണ്ടാകുകയും ചെയ്യും. അതുപോലെ വയോജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളെ സാമൂഹികപ്രശ്നമായി നമ്മൾ ഏറ്റെടുക്കേണ്ടിവരും. അതിനുവേണ്ടി പല പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും അതൊന്നും ശരിയായ രീതിയിൽ നടപ്പാക്കുന്നില്ല. 'വയോമിത്രം' പദ്ധതിക്കാവശ്യമായ ഫണ്ട് നൽകാത്തതുകൊണ്ട് ഡോക്ടർമാരും നഴ്സുമാരും പിന്മാറുകയാണെന്നു മാത്രമല്ല ഈ പദ്ധതിയിലൂടെ വയോജനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ നൽകുന്നുമില്ല. അതുകൊണ്ട് വയോജനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നം ഇരുതരമായി ബാധിക്കുന്ന സാഹചര്യമാണുള്ളത്. ഇന്ന് മലയാള മനോരമ ദിനപത്രത്തിൽ വന്ന ഒരു വാർത്ത ഓർമ്മവരുകയാണ്: അതിൽ പറയുന്നത്, ചൈനയിലെ സ്വയംഭരണ പ്രദേശമായ ഇന്നർ മംഗോളിയയുടെ തലസ്ഥാന നഗരമായ ഹോഹോട്ട് എന്ന സ്ഥലത്ത് ഒരു കുടുംബത്തിൽ ജനിക്കുന്ന ആദ്യ സന്താനത്തിന് പതിനായിരം യുവാൻ, രണ്ടാമത്തെ കുട്ടിക്ക് വർഷംതോറും പതിനായിരം യുവാൻ എന്നിങ്ങനെ ആനുകൂല്യങ്ങൾ നൽകുമത്രേ. ചൈനയിലെ യുവജനങ്ങളിൽ അഞ്ചിൽ ഒരാൾ മാത്രമെ വിവാഹത്തിന് തയ്യാറാകുന്നുള്ളൂ.

രാജ്യത്തിന്റെ ജനസംഖ്യ തുടർച്ചയായി മൂന്നാം വർഷവും താഴ്ന്നുകൊണ്ടിരിക്കുന്നു. ഇതെല്ലാം കണ്ടുകൊണ്ട് പുതിയ പാക്കേജ് നടപ്പാക്കുകയാണ്. കേരളത്തിലും ഇതേസ്ഥിതി വരാൻപോകുകയാണ്. ഇപ്പോൾ എല്ലാ വീടുകളിലും വൃദ്ധരായ ഒരു പുരുഷനും സ്ത്രീയുമുണ്ടാകും; കുട്ടികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു. ചൈനയിലുണ്ടായ സ്ഥിതിതന്നെയാണ് കേരളത്തിലും വരാൻപോകുന്നത്. പത്തിരുപത് വർഷം കഴിയുമ്പോൾ കേരളത്തിൽ നമ്മെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നം ജനസംഖ്യാ നിയന്ത്രണത്തിന്റെ ഫലമായുണ്ടാകുന്നതായിരിക്കും. ഈ പ്രശ്നത്തെ വേണ്ടവിധം പരിഗണിച്ചില്ലെങ്കിൽ ഭാവിയിൽ അത് പ്രയാസകരമാകുന്നതാണ്.

ഏതാനും ദിവസങ്ങൾക്കുമുമ്പ് എന്റെ മണ്ഡലത്തിൽനിന്നും പോലീസ് രണ്ട് ചെറുപ്പക്കാരെ പിടിച്ചുകൊണ്ടുപോയി. അവരുടെ പേരിൽ എന്ത് കേസാണുള്ളതെന്ന് അറിയില്ല. രാഷ്ട്രീയമായി സമരത്തിൽ പങ്കെടുത്തതുമായി ബന്ധപ്പെട്ട കേസുണ്ട്. പക്ഷെ അർധരാത്രി തിരുരങ്ങാടി സ്റ്റേഷൻ പരിധിക്ക് പുറത്തുള്ള താനൂർ ഡിവൈ.എസ്.പി. അടക്കമുള്ള പോലീസുകാർ വന്നാണ് ഞങ്ങളുടെ പ്രധാനപ്പെട്ട പ്രവർത്തകരായ സി. എച്ച്. അബൂബക്കർ സിദ്ദിഖ്, മുനിസിപ്പൽ വൈസ് ചെയർമാൻ കൂടിയായിരുന്ന എം. അബ്ദുറഹ്മാൻ കുട്ടി എന്നിവരെ പിടിച്ചുകൊണ്ടുപോയത്. സാധാരണനിലയിൽ അവർ പോലീസുമായി നല്ല ബന്ധം പുലർത്തുന്ന ആളുകളായിട്ടുപോലും രാത്രി വീട്ടിൽ കയറി ഭീകരാന്തരീക്ഷമുണ്ടാക്കി അറസ്റ്റ് ചെയ്യാനുള്ള നീക്കം നടത്തുകയാണുണ്ടായത്. ഇതിനെതിരെ എസ്.പി.-യെ കണ്ട് വിഷയം അവതരിപ്പിച്ചെങ്കിലും അവർക്ക് മറുപടി നൽകാൻ കഴിയുന്നില്ല. സബ്മിഷൻ അവതരിപ്പിക്കാൻ അവസരം ലഭിക്കാത്തതുകൊണ്ടാണ് ഞാൻ ഇക്കാര്യം ഇവിടെ

സൂചിപ്പിച്ചത്. ഈ വിഷയത്തിന്മേൽ നടപടി സ്വീകരിക്കണം എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഈ ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. കഥകളിയുടെ ഉപജ്ഞാതാവ് കൊട്ടാരക്കര തമ്പുരാൻ അങ്ങനെ അറിയപ്പെടുന്നതിന് ഒരു കാരണമുണ്ട്. കോഴിക്കോട് സാമൂതിരിയോട് അന്നത്തെ തിരുവിതാംകൂർ ഭാഗത്തേക്കുകൂടി കൃഷ്ണനാട്ടം അവതരിപ്പിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ തിരുവിതാംകൂറുകാർക്ക് കൃഷ്ണനാട്ടം എന്താണെന്ന് മനസ്സിലാകില്ലെന്ന് പറഞ്ഞുകൊണ്ട് അവിടെ അവതരിപ്പിച്ചില്ലെന്നും അതിനുള്ള പ്രതികാരമെന്ന നിലയിലാണ് പിന്നീട് കൊട്ടാരക്കര തമ്പുരാൻ കഥകളി എന്ന കേരളത്തിന്റെ തനതായ കലാരൂപം ആവിഷ്കരിച്ചതെന്നുമുള്ള ഒരു ഐതിഹ്യമുണ്ട്. ഞാൻ ഇത് പറയാൻ കാരണം, കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അർഹതപ്പെട്ട ഫണ്ട് നൽകുന്നില്ലെങ്കിൽപ്പോലും കൊട്ടാരക്കരയുടെ പ്രതിനിധികൂടിയായ ധനകാര്യ വകുപ്പുമന്ത്രി തന്റേതായ ഒരു വഴി വെട്ടിത്തുറന്നുകൊണ്ട് കേരളത്തിന്റെ സമഗ്ര വികസനത്തിന് പന്ഥാവ് ഒരുക്കുകയും കേരള മോഡലിന്റെ ഭാഗമെന്ന നിലയിൽ ഒരു മികച്ച ധനകാര്യ മാനേജ്മെന്റ് രൂപപ്പെടുത്തിയെടുക്കുകയും ചെയ്യുന്നുവെന്ന് പറയുന്നതിൽ വളരെയേറെ സന്തോഷമുണ്ട്. കേന്ദ്ര ഗവൺമെന്റിനെ നമ്മൾ കുറ്റം പറയുമ്പോഴും നമ്മുടേതായ ഒരു നിലപാടിൽ നിന്നുകൊണ്ട് ആത്മവിശ്വാസത്തോടെ മുമ്പോട്ടുപോകാൻ ഈ ഗവൺമെന്റിന് കഴിയുന്നുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ സംസ്ഥാനം വളരെ പരിമിതമായ സാഹചര്യത്തിലാണ് മുന്നോട്ടുപോകുന്നത്. ജി.എസ്.ടി. വന്നതിനുശേഷമുള്ള

ഗവൺമെന്റിന്റെ ടാക്സ് പ്രൊപ്പോസലിന് പരിമിതികളുണ്ട്. ഏതായാലും വളരെ പരിമിതമായ ഒരു അന്തരീക്ഷത്തിൽ നിന്നുമാത്രമെ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ഈ സാമ്പത്തിക ഉപരോധമൊക്കെ ഉള്ളപ്പോഴും ജനങ്ങൾക്ക് അധികം നികുതിഭാരം അടിച്ചേൽപ്പിക്കാതെയുള്ളൊരു ബില്ലാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്; വികസന ക്ഷേമപ്രവർത്തനങ്ങൾ നമുക്ക് തുടരാതിരിക്കാൻ കഴിയില്ല. സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ 73 ശതമാനത്തോളം നമ്മുടെ തനത് വരുമാനമാണ്. തനത് നികുതിയാകട്ടെ മൊത്തം റവന്യൂ വരുമാനത്തിന്റെ 60 ശതമാനവും. 2015-16-ൽ 39,004 കോടി രൂപ മാത്രമായിരുന്ന കേരളത്തിന്റെ തനത് നികുതി വരുമാനമെങ്കിൽ 2025-26 ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ഇത് 91,515 കോടി രൂപയായി ഉയരുകയാണ്. അതായത് ഈ പ്രതിസന്ധികൾക്കിടയിലും ഒൻപത് വർഷംകൊണ്ട് തനത് നികുതി വരുമാനത്തിൽ ഏകദേശം 120 ശതമാനത്തോളം വർധനയുണ്ടായത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ധനകാര്യ മാനേജ്മെന്റിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേന്ദ്ര നികുതിവിഹിതത്തിന്റെ കാര്യത്തിൽ നമുക്ക് ഗണ്യമായ കുറവാണുണ്ടായത്; ഏറ്റവും ദുഃഖകരമായ കാര്യമാണത്. ഇതുമായി ബന്ധപ്പെട്ട ഒരു ലഘുലേഖ നേരത്തെ ഇറക്കിയിട്ടുണ്ട്. നികുതിയിനത്തിൽനിന്നും നമുക്ക് കിട്ടുന്ന ഷെയർ എപ്പോഴും കുറവാണെന്ന് മാത്രമല്ല, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുകയും വായ്പാ നിയന്ത്രണമേർപ്പെടുത്തുകയും ചെയ്തു. ഒരുവിധത്തിലും പിടിച്ചുനിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടും തനത് വരുമാനത്തിലുണ്ടായ വർധനയാണ് സംസ്ഥാനത്തെ പിടിച്ചുനിർത്തിയതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്ന്

പറയാതിരിക്കാൻ കഴിയില്ല.

എല്ലാ വർഷവും ബജറ്റ് അവതരണത്തിനുശേഷം എന്തെങ്കിലും പരാതികളുമായി വ്യാപാരികൾ ബഹളമുണ്ടാക്കുന്ന കാലമുണ്ടായിരുന്നു. നിലവിൽ വ്യാപാരി സമൂഹത്തെ സംബന്ധിച്ചിടത്തോളം അവർ വളരെയധികം സംതൃപ്തരാണ്. അവർക്ക് ആകെ രണ്ട് കാര്യങ്ങളിലാണ് പരാതിയുള്ളത് . ഇത് ബഹുമാനപ്പെട്ട മന്ത്രി ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കേണ്ട പ്രധാനപ്പെട്ട ഒരു വിഷയംകൂടിയാണ്. വാടകയുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരിക്കുന്ന ജി.എസ്.ടി. വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. ഉദാഹരണത്തിന്, അച്ഛൻ സ്വന്തം കെട്ടിടം തന്റെ മകന് വാടകയ്ക്ക് കൊടുത്താൽപ്പോലും അതിന് താരിഫ് കൊടുക്കണമെന്ന നിലപാടാണുള്ളത്. സത്യത്തിൽ അത് വളരെ ദുഃഖകരമാണ്. ഇതിൽനിന്നും Composition Scheme-കാരെ ഒഴിവാക്കിയിട്ടുണ്ട്. പക്ഷെ Regular Scheme-ലുള്ളവരെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ഹോട്ടൽ വ്യവസായികളാണ്. ഇൻപുട്ട് ടാക്സ് ഇല്ലാത്തിടത്തോളംകാലം അവർ കൊടുക്കുന്ന ജി.എസ്.ടി. തിരിച്ചുകിട്ടാനുള്ള സാധ്യതയില്ല, അതുകൊണ്ട് അവർക്ക് ക്ലെയിം ചെയ്യാൻ കഴിയില്ല എന്നതും പ്രധാന വിഷയമാണ്.

ട്രാൻസ്പോർട്ട് മേഖലയിലെ നികുതിയുമായി ബന്ധപ്പെട്ട് പറയുമ്പോൾ, ടാക്സ് ഒഴിവാക്കാനായി വാഹനങ്ങൾക്ക് പുഷ് ബാക്ക് സീറ്റ് വയ്ക്കുകയും അതിന് നോൺ പുഷ് ബാക്ക് സീറ്റിന്റെ ടാക്സ് കൊടുക്കുകയും ചെയ്യുന്ന തന്ത്രമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോഴത് ഏകീകരിച്ച് ഒരേ ശതമാനത്തിൽത്തന്നെ ടാക്സ് ഏർപ്പെടുത്തിയതുകൊണ്ട് ഗവൺമെന്റിന്റെ നികുതി നഷ്ടം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇലക്ട്രോണിക് കാറിന്റെ കാര്യം

പറയുകയാണെങ്കിൽ, റെന്റൽ സംവിധാനത്തിൽ ബാറ്ററി ഉപയോഗിച്ചുകൊണ്ട് വിലയിൽ മാറ്റംവരുത്തി ഗവൺമെന്റിന് ലഭിക്കേണ്ട വരുമാനം ഇല്ലാതാക്കുക എന്ന ബോധപൂർവമായ തന്ത്രമാണ് നടപ്പാക്കിക്കൊണ്ടിരുന്നത്. ഇപ്പോൾ ഏത് രീതിയിലാണെങ്കിലും അതിനുള്ള നിരക്ക് പത്ത് ശതമാനമായി ഏകീകരിച്ചു. ഇത് ഗവൺമെന്റ് ചെയ്ത നല്ലൊരു നിലപാടാണെന്ന് പറയാതിരിക്കാൻ കഴിയില്ല. ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ ഗവൺമെന്റിന്റെ വരുമാനം വർധിപ്പിക്കാൻ കഴിയുന്ന രീതിയിൽ മികച്ച മാനേജ്മെന്റിലൂടെയാണ് സംസ്ഥാനം കടന്നുപോകുന്നത്. ഈ നികുതി നിർദ്ദേശങ്ങൾ ജനങ്ങൾക്ക് വലിയ ഭാരം ഏല്പിക്കുന്നില്ല. പൂവിൽനിന്ന് തേനെടുക്കുന്ന വണ്ടിന്റെ അതേ സ്വഭാവത്തിൽ വലിയ വേദനയില്ലാതെ സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കാൻ സ്വീകരിച്ച മികച്ച ധനകാര്യ മാനേജ്മെന്റിനെ പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[12.00 Noon]

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, 2025-ലെ കേരള ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. യു.ഡി.എഫ്. എം.എൽ.എ. ശ്രീ. എം. വിൻസെന്റ് പ്രസംഗിക്കുന്നത് കേട്ടപ്പോൾ പൂന്താനത്തിന്റെ ജ്ഞാനപ്പാനയിലെ വരികളാണ് ഓർമ്മവരുന്നത്.

"വിത്തത്തിലാശപറ്റുക ഹേതുവായ്
സത്യത്തെ ത്യജിക്കുന്ന ചിലരഹോ!"

എന്നാണ് നൂറ്റാണ്ടുകൾക്കുമുമ്പ് പൂന്താനം ജ്ഞാനപ്പാനയിൽ പറഞ്ഞിട്ടുള്ളത്. ശ്രീ. എം. വിൻസെന്റിന് അത് തമിഴിൽ പറയാൻ അറിയാമോ എന്ന് എനിക്കറിയില്ല. ഞങ്ങൾക്കത് അറിയാത്തതുകൊണ്ടാണ് തമിഴിൽ പറയാത്തത്. തമിഴിൽ പറയുകയാണെങ്കിൽ

കേൾക്കാൻ സുഖമുള്ള കാര്യമാണ്. മനസ്സിലെ ആഗ്രഹംവച്ച് സത്യത്തെ ത്യജിക്കുന്ന നിലപാടാണ് യു.ഡി.എഫ്. സ്വീകരിക്കുന്നത് എന്ന ആശയമാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിലുടനീളം പ്രതിഫലിച്ചത്. അദ്ദേഹം പറഞ്ഞ എല്ലാ കാര്യങ്ങൾക്കും മറുപടി പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. കേരളത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കുന്ന ഓരോ പദ്ധതികളെക്കുറിച്ചും സഭയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ പല ആവർത്തി എണ്ണിയെണ്ണി പറഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. എം.എൽ.എ.-മാർ അവയുടെയെല്ലാം ഗുണഭോക്താക്കളാണ്. 'സി.പി.ഐ.(എം.)-ന്റെ പാർട്ടി ഓഫീസ് നിർമ്മിക്കുന്നതിൽ എടുക്കുന്ന ശ്രദ്ധാന്തി നാടിന്റെ വികസനത്തിൽ പ്രകടിപ്പിച്ചിരുന്നെങ്കിൽ കേരളം എത്രമാത്രം മുന്നോട്ടുപോകുമായിരുന്നു' എന്ന് പ്രതിപക്ഷം സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ അസൂയപ്പെട്ടിട്ട് കാര്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്. മലബാറിൽനിന്ന് കേരളത്തിന്റെ രാഷ്ട്രീയരംഗത്ത് സൂര്യതേജസ്സോടെ വന്ന കെ.പി.സി.സി. പ്രസിഡന്റായിരുന്ന സി. കെ. ഗോവിന്ദൻ നായരുടെ പേരിൽ ഫണ്ട് പിരിച്ച് ഓഫീസ് നിർമ്മിക്കുന്നതിനുവേണ്ടി ശ്രമിച്ച കോൺഗ്രസ്സിന്റെ ഇപ്പോഴത്തെ ഗതി എന്താണ്; സി.കെ.ജി.-യുടെ ഓഫീസ് എവിടെയുണ്ടെന്ന് പറയാൻ നിങ്ങൾക്ക് സാധിക്കുമോ; കേന്ദ്ര മന്ത്രിയായിരുന്ന സി. എം. സ്റ്റീഫന്റെ പേരിൽ കെട്ടിടനിർമ്മാണത്തിനായി പിരിച്ച ഫണ്ട് ഇപ്പോൾ എവിടെയാണെന്ന് കോൺഗ്രസ് അംഗങ്ങൾക്ക് പറയാൻ സാധിക്കുമോ? നിങ്ങളുടെ തലവരയെഴുത്താണത്. എന്ത് ലക്ഷ്യം വച്ചാണോ നിങ്ങൾ ഫണ്ട് പിരിക്കുന്നത് ആ പ്രവൃത്തി ചെയ്യാതെ ഫണ്ട് ഒഴുക്കി കളയുകയും അവനവന്റെ കൈകളിലേക്കെത്തുകയും ചെയ്യുന്നതിനെക്കുറിച്ച്

നമുക്കറിയാവുന്നതാണ്. ഞങ്ങളുടെ നിലപാടിനെക്കുറിച്ച് നിങ്ങൾ അസൂയപ്പെട്ടിട്ട് ഒരു കാര്യവുമില്ല.

ശ്രീ. എൻ. കെ. അക്ബർ: സർ, കരുണാകരൻ ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പേരിൽ..... (മൈക്ക് ഓഫ്).....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം വഴങ്ങുന്നുണ്ടോ?

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ വഴങ്ങുന്നില്ല. കരുണാകരന്റെ പേരിലുള്ള സപ്തതി മന്ദിരം നിർമ്മിക്കുന്നതിനുള്ള ഫണ്ട് ദുരുപയോഗം ചെയ്തതിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചത് അതിനോട് ചേർത്ത് വായിക്കേണ്ട കാര്യമാണ്. കോൺഗ്രസ്സിന്റെ ആളുകൾ അതുകൂടി പറയുന്നത് നല്ലതാണ്. എ.കെ.ജി. പഠന ഗവേഷണ കേന്ദ്രം ഇന്ന് എ.കെ.ജി. സെന്ററായി പ്രവർത്തിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഏകദേശം ആറ് ലക്ഷത്തോളം അംഗങ്ങൾ പണംമുടക്കി ഉണ്ടാക്കിയതാണ് തിരുവനന്തപുരത്തെ സി.പി.ഐ.(എം.)-ന്റെ സംസ്ഥാന കമ്മിറ്റി ഓഫീസ്. കേരളീയ സമൂഹത്തിന് മുമ്പിൽ അഭിമാനത്തോടുകൂടി ഞങ്ങൾ അത് സമർപ്പിക്കാൻ പോകുകയാണ്. സി.പി.ഐ.-യുടെ ഓഫീസായ എം.എൻ. സ്മാരകം ഈ നാടിന്റെയും ചരിത്രത്തിന്റെയും ഭാഗമാണ്. കോൺഗ്രസ് സുഹൃത്തുക്കൾ ആ സ്മാരകം സന്ദർശിക്കണം. ഞങ്ങൾക്ക് തിരുവനന്തപുരത്ത് മാത്രമല്ല ഡൽഹിയിലും എ.കെ.ജി. ഭവനുണ്ട്. എന്നാൽ അവിടെ സ്വന്തമായി ഒരു കെട്ടിടം നിർമ്മിച്ചിട്ടുണ്ടെന്ന് പറയാൻ നിങ്ങൾക്ക് കഴിയുമോ? നിങ്ങൾ ഇപ്പോൾ പലസ്ഥലത്തും ഓഫീസുകൾ മാറിമാറി പോകുന്നുണ്ട്. ഞങ്ങൾക്ക് തിരുവനന്തപുരത്ത് എ.കെ.ജി. സെന്ററുണ്ട്. ഇത്തരത്തിൽ

കമ്മ്യൂണിസ്റ്റുകാർ നാടിനുവേണ്ടി എല്ലാ സ്ഥലങ്ങളിലും പൊതുകേന്ദ്രമായി ഓഫീസുകൾ നിർമ്മിച്ചിട്ടുണ്ട്. അവയെ ജനങ്ങളുടെ സ്വത്തായിട്ടും ഈ നാടിന്റെ അഭിമാനകരമായ ജനാധിപത്യ രാഷ്ട്രീയ പ്രവർത്തനത്തിന്റെ കേന്ദ്രവുമായാണ് ഞങ്ങൾ കാണുന്നത്. അതിന് നിങ്ങൾ അസൂയപ്പെട്ടിട്ട് എന്താണ് കാര്യം? നിങ്ങൾ തമിഴ്നാട്ടിൽ പോയി അവിടെനിന്നുകൊണ്ട് മെട്രോ ഉണ്ടായതും റോഡുകൾ വരുന്നതും എങ്ങനെയാണെന്ന് ചോദിക്കാതെ കേരളത്തിൽ നിന്നുകൊണ്ട് ദേശീയപാതയുണ്ടായത് എങ്ങനെയാണെന്ന് ചോദിക്കൂ. നിങ്ങളുടെ ഭരണകാലത്ത് പൂട്ടിക്കെട്ടിയ ദേശീയപാത 66-ന്റെ നിർമ്മാണം ഇന്ന് ഏറെക്കുറെ പൂർത്തിയാകുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ ബജറ്റ് സമ്മേളനത്തിൽ പറഞ്ഞത്: അടുത്ത ബജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് അതിസുന്ദരമായ പ്രകൃതിഭംഗി ആസ്വദിച്ചുകൊണ്ട് കാസർഗോഡുനിന്നും തിരുവനന്തപുരത്തേക്ക് ദേശീയപാതയിലൂടെ കടന്നുവരാനുള്ള വഴി ഒരുങ്ങുകയാണെന്നാണ്. ദേശീയപാതയുടെ പ്രോഗ്രസ് റിപ്പോർട്ട് സഭയുടെ രേഖകളിൽ കാണാൻ കഴിയും. അതിനായി കേരളം 5,800 കോടി രൂപ ചെലവഴിക്കുകയും 79,000 കോടി രൂപ കേന്ദ്രത്തിൽനിന്നും വാങ്ങുകയും ചെയ്തു. അത്തരത്തിലാണ് ദേശീയപാത പദ്ധതിയും വികസനകാര്യങ്ങളും മുന്നോട്ടുപോകുന്നത്. കേരളത്തിൽ ഒരു ഗവൺമെന്റുണ്ടാക്കാൻ ഒരുകാലത്തും നിങ്ങൾക്കിനി കഴിയില്ലെന്ന വേവലാതിയോടുകൂടി ഇങ്ങനെ സത്യത്തെ ത്യജിച്ച്, അസത്യങ്ങളും അർധസത്യങ്ങളും പറഞ്ഞ് മുന്നോട്ടുപോകുന്ന രീതി നിങ്ങൾ അവസാനിപ്പിക്കുന്നത് കേരളത്തിന്റെ നന്മയ്ക്ക് ഗുണംചെയ്യും. ഇന്നലെ മാധ്യമങ്ങളിൽ വന്ന ഒരു വാർത്തയെക്കുറിച്ച് ഈ സഭയിലും ഉന്നയിച്ചിരുന്നു. അതായത്, ശമ്പളം ലഭിക്കാൻ വൈകുമെന്നും ജീവനക്കാർ അതിനോട്

സഹകരിക്കണമെന്നും തെലങ്കാന മുഖ്യമന്ത്രി ശ്രീ. രേവന്ത് റെഡ്ഡി നിയമസഭയിൽ പറഞ്ഞു. അദ്ദേഹം ഏത് പാർട്ടിയുടെ ആളാണ്; അദ്ദേഹം പഴയകാലത്ത് ടി.ഡി.പി.-യിലാണെന്ന് പറയുന്നുണ്ടെങ്കിലും നിലവിൽ കോൺഗ്രസ്സിന്റെ യഥാർഥ നേതാവാണ്. കേരളത്തിൽ പലസ്ഥലങ്ങളിലും അദ്ദേഹത്തെ ഏറ്റവും വലിയ ആളായി പ്രതിപക്ഷം കൊണ്ടുനടന്നിട്ടുണ്ട്. തെലങ്കാന മുഖ്യമന്ത്രി ശ്രീ. രേവന്ത് റെഡ്ഡി പറഞ്ഞ അതേ കാര്യം മുമ്പ് ശ്രീ. എ. കെ. ആന്റണി പറഞ്ഞിട്ടുള്ളത് ഞങ്ങൾ മറക്കില്ല. കേരളത്തിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നത് എന്തിനാണെന്ന് ജീവനക്കാരോട് ചോദിച്ചിട്ടുണ്ട്. അധ്യാപകർ 150 ദിവസം ജോലി ചെയ്ത് 365 ദിവസത്തെ ശമ്പളം വാങ്ങുന്നുവെന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞിട്ടുണ്ട്. ഉമ്മൻ ചാണ്ടി അന്ന് യു.ഡി.എഫ്. കൺവീനറായിരുന്നു. ശ്രീ. എ. കെ. ആന്റണിയുടെ കാലത്ത് കോവളത്ത് വച്ചുചേർന്ന ഒരു യോഗത്തിൽ എൺപതിനായിരം ജീവനക്കാരെയും അവരുടെ ശമ്പളവും വെട്ടിക്കുറയ്ക്കണമെന്നും അവർക്ക് ശമ്പളം നൽകേണ്ടതില്ലെന്നും പറഞ്ഞതുപോലെ ഇന്ന് ഇന്ത്യയിലെ, കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനമായ തെലങ്കാനയിലെ മുഖ്യമന്ത്രി ശ്രീ. രേവന്ത് റെഡ്ഡിക്കും പറയേണ്ടിവന്നു. കേന്ദ്രം ഞങ്ങളെ ഞെരുക്കുകയാണെന്നും ബുദ്ധിമുട്ടിക്കുകയാണെന്നും വികസന കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ഒരു വഴിയുമില്ലാത്ത നിലയിൽ കാര്യങ്ങൾ പ്രയാസത്തിലാണ് നിൽക്കുന്നതെന്നുമാണ് അദ്ദേഹം പറയുന്നത്. ഇതുതന്നെയാണ് ഞങ്ങൾക്കും പറയാനുള്ളത്. കേന്ദ്രം കേരളത്തെ ഞെരുക്കിക്കൊണ്ടിരിക്കുന്നു. അതിനെതിരെ ശ്രീ. രേവന്ത് റെഡ്ഡി എടുക്കുന്ന നിലപാടിനൊപ്പം കേന്ദ്ര വിരുദ്ധ സമരത്തിന്റെ പാതയിൽ ഏതെങ്കിലും നിലയിൽ നിൽക്കുന്നതിന് കേരളത്തിലെ യു.ഡി.എഫ്. സന്നദ്ധമാകുമോ? ധനകാര്യ

ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് നിങ്ങൾ ഈ സഭയിൽ പറയേണ്ട ഒരു കാര്യമാണത്. തെലങ്കാനയിലേതുപോലെ നിങ്ങൾക്ക് പറയാൻ കഴിയില്ലെങ്കിലും നിങ്ങളുടെ സ്വപ്നങ്ങൾ സഫലമാകാത്തതിന്റെ വേവലാതികളോടെ പോകുമ്പോഴും കേരളത്തിൽ ഏറ്റവും ഫലപ്രദമായി വികസന പ്രവർത്തനങ്ങൾ നടപ്പാക്കി മുന്നോട്ടുപോകുന്ന അനുഭവങ്ങളാണ് കണ്ടുകൊണ്ടിരിക്കുന്നത്.

കേരളത്തിലെ പിണറായി വിജയൻ ഗവൺമെന്റ് സ്കൂളുകൾ ലാഭകരമല്ലെന്ന് പറഞ്ഞ് പൂട്ടുന്ന നിലപാട് സ്വീകരിക്കുന്നില്ല. കേരളത്തിന്റെ വികസനത്തിന് ഗുണകരമാകുന്ന കാര്യങ്ങളെ സംബന്ധിച്ച് ശ്രീ. പിണറായി വിജയൻ എഴുതി 2025 മാർച്ച് മാസം പ്രസിദ്ധീകരിച്ച 'മുഖാമുഖം' എന്ന പുസ്തകം യു.ഡി.എഫ്. സുഹൃത്തുക്കൾ വാങ്ങി വായിക്കണം (പുസ്തകം ഉയർത്തിക്കാണിച്ചു). ഈ പുസ്തകത്തിൽ കേരളത്തിന്റെ വികസന പ്രശ്നങ്ങളെ സംബന്ധിച്ച് വിവിധ ജനവിഭാഗങ്ങളുടെ അഭിപ്രായങ്ങൾ ആരായുകയും അവരോട് ജനാധിപത്യപരമായി ചർച്ച ചെയ്ത് കേരളം വികസനത്തിൽ എങ്ങനെ മുന്നോട്ടുപോകണമെന്ന കാര്യങ്ങൾ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. നിങ്ങൾ ആ പുസ്തകം വാങ്ങി വായിക്കുന്നത് നല്ലതാണ്.

സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സമ്മേളനത്തെ സംബന്ധിച്ച് കേരളത്തിന്റെ മുന്നേറ്റങ്ങൾക്കുവേണ്ടിയുള്ള രേഖ അവതരിപ്പിച്ചുവെന്നാണ് നിങ്ങൾ പറയുന്നത്. അത് ഞങ്ങളുടെ ചുമതലയും രാഷ്ട്രീയ ഉത്തരവാദിത്വവുമാണ്. കേരളം എങ്ങനെ മുന്നോട്ടുപോകണമെന്നും എങ്ങനെ വികസന ലക്ഷ്യം നേടിയെടുക്കാൻ കഴിയുമെന്നും അവ

നേടിയെടുക്കുന്നതിന് എല്ലാവരെയും സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ എപ്രകാരം നടപ്പാക്കണമെന്നതും സംബന്ധിച്ചുള്ള കാര്യങ്ങളുമായാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. കേരളത്തിലെ ഗവൺമെന്റ് പരിമിതികൾക്കിടയിൽ നിന്ന് ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് സഭയിൽ ഉത്തരം നൽകിയിട്ടുണ്ട്. കഴിഞ്ഞ കുറച്ചുകാലങ്ങളായി സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ചുവരുന്നുണ്ടെന്നത് വസ്തുതയാണ്. നോട്ട് നിരോധനം, പ്രകൃതിദുരന്തങ്ങൾ, കോവിഡ് മഹാമാരി, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയിട്ടുള്ള മാറ്റംമൂലം സംസ്ഥാനത്തിന്റെ നികുതി വിഹിതത്തിലുണ്ടായ കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ, സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതവരുന്ന രീതിയിൽ ഭേദഗതി ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ എന്നിവയെല്ലാം കേരളത്തിന്റെ സാമ്പത്തിക രംഗത്തെ ഞെരിച്ചുകൊണ്ടിരിക്കുകയാണ്. സാധാരണക്കാരെ ബാധിക്കാതെ എന്തുകൊണ്ട് ചെറിയ നികുതി പരിഷ്കരണം വരുത്തിക്കൂടാ എന്നതാണ് ഈ ധനകാര്യ ബിൽ മുഖ്യമായും മുന്നോട്ടുവയ്ക്കുന്നത്. കേരളത്തിന്റെ ആവശ്യത്തിനും മുന്നേറ്റത്തിനും സാമ്പത്തിക സമാഹരണത്തിനുംവേണ്ടി നികുതി സമാഹരിക്കുക എന്നത് കേരളത്തിലെ ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ഈ കാലയളവിൽ കേരളത്തിന്റെ നികുതി വരുമാനത്തിൽ 15.85 ശതമാനത്തിന്റെ വർധനയും നികുതിയേതര വരുമാനത്തിൽ 17.4 ശതമാനത്തിന്റെ വർധനയും നേടിയെടുക്കാൻ സാധിച്ചുവെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ സഭയിൽ പറഞ്ഞു. ഇന്ത്യയിലെ ഉയർന്ന പ്രതിശീർഷ വരുമാനമുള്ള സംസ്ഥാനമായി കേരളം

അഭിമാനത്തോടുകൂടി തലയുയർത്തി നിൽക്കുന്നു. ഈ പ്രയാസങ്ങൾക്കും ബുദ്ധിമുട്ടുകൾക്കുമിടയിൽ കേരളം എങ്ങനെയാണ് മുന്നോട്ടുപോകുന്നത് എന്നതിനെക്കുറിച്ചുള്ള കാര്യങ്ങളാണ് ധനകാര്യ ബില്ലിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് കേരളത്തിന്റെ വികസനത്തിനും മുന്നേറ്റത്തിനും കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഗുണകരമായ നിലയിൽ കാര്യങ്ങൾ നിർവഹിച്ചുപോരുന്നതിന് ചെറിയ നികുതി വർധന വരുത്തേണ്ടതും വരുമാന സ്രോതസ്സുകൾ കണ്ടെത്തേണ്ടതും അത്യാവശ്യമാണ്. അക്കാര്യത്തിൽ എല്ലാവരുടെയും പിന്തുണയുണ്ടാകണം.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, 2025-ലെ കേരള ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ഇന്ന് ആധുനിക കേരളത്തിന്റെ ശില്പിയായ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഓർമ്മ ദിനമാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ പ്രണാമം അർപ്പിക്കുന്നു. ഒന്നാം കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ കേരള മോഡലിന്റെ അടിത്തറയിൽനിന്നുകൊണ്ട് നവകേരളത്തിലേയ്ക്കുള്ള ഉജ്ജ്വല പ്രയാണത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി നേതൃത്വം നൽകുന്ന പിണറായി വിജയൻ സർക്കാരെന്ന് ഈ അവസരത്തിൽ പ്രത്യേകം സൂചിപ്പിക്കുന്നു. മഹാനായ കവി വയലാർ രാമവർമ്മയുടെ കവിതയിൽ സൂചിപ്പിക്കുന്ന ചില വരികൾ വായിക്കാം:

"ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ?
ദിഗ്വിജയത്തിനെൻ സർഗ്ഗശക്തിയാ
മിക്കുതിരയെ വിട്ടയയ്ക്കുന്നു ഞാൻ!"

ഇടതുപക്ഷ ഭരണം കേരളത്തിന്റെ വിജയത്തിനായി സമസ്തമേഖലകളെയും

ഒന്നാമതെത്തിക്കാനാവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുമ്പോൾ ഇവിടെ പ്രതിപക്ഷം അസ്വസ്ഥരാകുകയും നിങ്ങൾ എന്ത് ചെയ്യുന്നു എന്നാവർത്തിച്ച് ചോദിക്കുകയും ചെയ്യുന്നുണ്ട്. ഞങ്ങൾ നല്ലരീതിയിൽ ഇടപെട്ടതുകൊണ്ടും എല്ലാവിഭാഗം ജനങ്ങളെയും ചേർത്തുപിടിക്കാൻ ശ്രമിച്ചതുകൊണ്ടും അത് കൃത്യമായി ജനങ്ങൾക്ക് ബോധ്യപ്പെട്ടതുകൊണ്ടുമാണ് കേരളത്തിൽ നിങ്ങൾക്ക് ഭരണം നൽകാതെ വീണ്ടും ഇടതുപക്ഷത്തിന് ഭരണം നൽകുന്ന സ്ഥിതിയുണ്ടായത്. പ്രതിപക്ഷത്തിന് ഭരണം കൊടുത്താൽ സ്വാഭാവികമായും പാലാരിവട്ടം പാലം തകർന്നതുപോലെ അഴിമതിനിറഞ്ഞ ഭരണമായി കേരളം മാറുമെന്ന് ജനങ്ങൾക്കറിയാം. അങ്ങനെയുള്ള ഭരണമുണ്ടാകാതിരിക്കാനും കേരളത്തെ മുന്നോട്ടു നയിക്കാനുംവേണ്ടിയാണ് ജനങ്ങൾ ഇടതുപക്ഷത്തെ വീണ്ടും ഭരണമേൽപിക്കുന്ന സാഹചര്യമുണ്ടായത്. ഒരു നവകേരള നിർമ്മിതിയിലേയ്ക്ക് കുതിച്ചുകൊണ്ട് മുന്നോട്ടുപോകുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക ഉപരോധത്തിന്റെ ഫലമായുണ്ടാകുന്ന വർത്തമാനകാല സാഹചര്യങ്ങളെ പ്രതിരോധിക്കാനും അതിജീവിക്കാനും സാധിക്കുന്ന നിരവധി പ്രവർത്തനങ്ങൾ ഈ സർക്കാർ ഏറ്റെടുക്കുകയാണ്. കേരളത്തെക്കുറിച്ച് പ്രതിപക്ഷം നേരത്തെ പ്രഖ്യാപിച്ചത് 'കേരളം ഒരു ശ്രീലങ്കയാകും' എന്നാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇങ്ങനെ പറഞ്ഞവരുടെ മോഹങ്ങൾക്ക് തീയിടുകയായിരുന്നു. ശ്രീലങ്കയുടെ അവസ്ഥയെന്താണ്? ശ്രീലങ്കയിൽ ഇടതുപക്ഷ മനോഭാവമുള്ള കമ്മ്യൂണിസ്റ്റ് അധികാരത്തിലേയ്ക്കുവരുന്ന സാഹചര്യമുണ്ടായി. നമ്മുടെ പ്രധാനമന്ത്രി കേരളത്തെക്കുറിച്ച് സൊമാലിയ എന്ന പരാമർശം നടത്തുകയുണ്ടായി. എന്താണ് പിന്നീട് കണ്ടത്? ആ പ്രധാനമന്ത്രിതന്നെ കേരളം സന്ദർശിച്ചതിനുശേഷം,

കേരളത്തിലെ ഭരണം രാജ്യത്തിന് മാതൃകയാണെന്ന് തിരുത്തിപ്പറയേണ്ട അവസ്ഥയിലേയ്ക്കെത്തി. ഈ നിലയിലുള്ള മാറ്റങ്ങളാണ് കേരളത്തിൽ ഇടതുപക്ഷം സൃഷ്ടിച്ചത്. ഇന്ത്യയിൽ ഉയർന്ന പ്രതിശീർഷ വരുമാനമുള്ള ആദ്യ സംസ്ഥാനമായി കേരളം മാറി. 2023-24-ൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജി.എസ്.ടി. സ്ഥിരവിലയിൽ 5.5 ശതമാനം വർധിച്ച് 1,76,072 രൂപയായി മാറുന്നു. ദേശീയ ശരാശരിയെക്കാൾ ഏതാണ്ട് 1,26,000 രൂപ അധികമാണ്. കേരളത്തിന് ഈ നേട്ടം കൈവരിക്കാനുള്ള സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ദേശീയ ശരാശരിയെക്കാൾ ഏതാണ്ട് 1.4 മടങ്ങായി വർധിക്കുന്ന സാഹചര്യമുണ്ടായി. സാക്ഷരത, ആയുർദൈർഘ്യം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം, താഴ്ന്ന ജനനനിരക്ക്, കുറഞ്ഞ ശിശുമരണ നിരക്ക്, അതിദാരിദ്ര്യം തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിയവ പരിശോധിക്കുമ്പോൾ മാനവിക സൂചികയിൽ രാജ്യത്ത് ഒന്നാമതായി കേരളം മാറുന്ന സാഹചര്യമാണുണ്ടായത്. ഈ കാലഘട്ടത്തിലെല്ലാം പ്രകൃതിദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റങ്ങൾ, അതുമൂലമുണ്ടായ നികുതി വരുമാനത്തിലെ കുറവ് എന്നിവയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രം മുമ്പ് നൂറുശതമാനം പണം ചെലവാക്കിയ സ്ഥിതിയിൽനിന്നും വ്യത്യസ്തമായി സംസ്ഥാന ഗവൺമെന്റ് 40 ശതമാനവും അതിലധികവും വഹിക്കേണ്ട സാഹചര്യം സൃഷ്ടിക്കപ്പെട്ടതും സർക്കാരിന്റെ വായ്പകളുമായി ബന്ധപ്പെട്ട് കടമെടുക്കുന്ന രീതിയിൽ വെട്ടിക്കുറവ് വരുത്തിയതും തുടങ്ങിയ സാമ്പത്തിക ഞെരുക്കങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമ്പോഴും അതിൽനിന്നെല്ലാം വ്യത്യസ്തമായി കേരളത്തെ ഏറ്റവും മികച്ച

നിലയിലേയ്ക്ക്, ഒന്നാമതെത്തിക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഈ ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി കഴിഞ്ഞിട്ടുണ്ട്. പത്താം ധനകാര്യ കമ്മീഷന്റെ കാലഘട്ടത്തിൽ 3.88 ശതമാനമായിരുന്ന കേന്ദ്രവിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷനാകുമ്പോൾ ഏതാണ്ട് 1.92 എന്ന ഏറ്റവും കുറഞ്ഞ ശതമാനത്തിലെത്തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം കുറയുന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. 2021-22 കാലഘട്ടത്തിൽ കേന്ദ്രത്തിന്റെ 41 ശതമാനം ധനകാര്യ കൈമാറ്റമുണ്ടായിരുന്നത് 2025-ലേയ്ക്കെത്തുമ്പോൾ ഏതാണ്ട് 25 ശതമാനത്തിലേയ്ക്ക് കൂപ്പുകുത്തുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ആ നിലയിൽ കേരളത്തിന് ഏതാണ്ട് 28848 കോടി രൂപയുടെ കുറവാണുണ്ടായത്. ഇത്തരത്തിലുള്ള കുറവുവരുമ്പോഴും സാമ്പത്തിക അച്ചടക്കം പാലിച്ച് സുസ്ഥിര വികസനം മുന്നോട്ടുകൊണ്ടുപോകുന്നതിന് ഏറ്റവും ഫലപ്രദമായ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി 2021 മുതൽ 2025 വരെയുള്ള കണക്ക് പരിശോധിക്കുമ്പോൾ നികുതി വളർച്ച 15.8 ശതമാനമായും നികുതിയേതര വളർച്ച 17.4 ശതമാനമായും ഉയർന്നിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. ഇത്തരത്തിലുള്ള നമ്മുടെ റവന്യൂ സമാഹരണത്തെ പ്രശംസിക്കാനും പ്രകീർത്തിക്കാനും നീതി ആയോഗ് പ്രത്യേകമായി തയ്യാറാകുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചതനുസരിച്ച് ധന ദൃഢീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി, 2023-24-ൽ 3.5 ശതമാനമായിരുന്ന ധനകമ്മി 2.9 എന്ന നിലയിലേയ്ക്ക് മാറ്റാൻ സർക്കാരിന് സാധിച്ചു. ദേശീയപാതയുമായി ബന്ധപ്പെട്ട് ഇവിടെ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്? ദേശീയപാതകൾ, ഗ്രാമീണപാതകൾ, ഗെയിൽ പൈപ്പ്ലൈൻ പദ്ധതി, അന്തർസംസ്ഥാന വൈദ്യുതി

പ്രസരണം, കെ-ഫോൺ, വിവരസാങ്കേതിക രംഗത്തെ പശ്ചാത്തല വികസനങ്ങൾ, വാട്ടർ മെട്രോ, ദേശീയ ജലപാത, വിഴിഞ്ഞം തുറമുഖം, വിമാനത്താവളങ്ങളുടെ വികസനം, കൊച്ചി കപ്പൽശാലയുടെ തുറമുഖ പുരോഗതി എന്നീ മേഖലകളിൽ അഭ്രതപൂർവമായ നേട്ടം കൈവരിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളം ഭരിക്കുമ്പോഴാണ്, യു.ഡി.എഫ്. ഭരിക്കുമ്പോഴല്ല. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സുമായി ബന്ധപ്പെട്ട് വ്യത്യസ്തമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. നിക്ഷേപ സൗഹൃദ റാങ്കിങ്ങിൽ കേരളം ഒന്നാമതെത്തിയത് അഭിമാനത്തോടെ കാണേണ്ടതിനുപകരം അതിനെതിരായ വാദങ്ങളാണ് ഉയർത്തിക്കൊണ്ടുവരുന്നത്. തമിഴ്നാട്ടിൽനിന്നുള്ള എം.പി.-മാർ പാർലമെന്റിലേയ്ക്ക് പോകുമ്പോൾ അവർ തമിഴ്നാടിനുവേണ്ടി സംസാരിക്കും. എന്നാൽ കേരളത്തിൽനിന്നുമുള്ള 19 എം.പി.-മാർ കേരളത്തിനുവേണ്ടി സംസാരിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല. എന്നാൽ കേരളത്തെ തകർക്കുന്നതിനും മോശപ്പെടുത്തുന്നതിനും വേണ്ടിയുള്ള ചർച്ചകളല്ലേ അവർ പാർലമെന്റിൽ നടത്തുന്നത്. കേരളത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് പാർലമെന്റിൽ സംസാരിക്കേണ്ട ഉത്തരവാദിത്വം 19 എം.പി.മാർക്കുമുണ്ടെന്ന് പ്രത്യേകം സൂചിപ്പിക്കുന്നു. നൈപുണ്യ വികസനത്തിലൂടെ വിദ്യാർഥികളുടെ അഭിരുചികൾക്കനുസരിച്ച് പഠിക്കാനും തൊഴിൽ ചെയ്യാനുമായുള്ള സംവിധാനങ്ങൾ കേരളത്തിലുണ്ടാകണം. 62 ലക്ഷത്തിലധികംവരുന്ന ക്ഷേമനിധി അംഗങ്ങൾക്കായി ഏകദേശം 50,000 കോടി രൂപയിലധികം ചെലവഴിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനം വർധിപ്പിച്ചുകൊണ്ട് സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ്, കേന്ദ്ര നികുതി വിഹിതം എന്നിവയിലൂടെ വിഭവസമാഹരണം നടത്തിയും

സാമൂഹികക്ഷേമ വികസന ചെലവുകളിൽ പരമാവധി വർധന വരുത്തിയും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവും വികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയാണ് ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. ബജറ്റിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. ജനറൽ ആംനസ്റ്റിപോലെയുള്ള പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ ചരിത്രത്തിലെ ഏറ്റവും വിജയകരമായ ആംനസ്റ്റി 2024-ലേതായിരുന്നു. അതിന്റെ തുടർച്ചയായി 2025-ലും മൂന്നുമാസത്തേയ്ക്കുകൂടി പ്രസ്തുത പദ്ധതി നീട്ടി നൽകുന്നത് ചെറുകിട വ്യാപാരികൾക്ക് വലിയ ആശ്വാസമാണ്. വലിയ സ്ലാബിലെ ആംനസ്റ്റി നിരക്കുകൾ മുൻകാല ആംനസ്റ്റി നിരക്കിലേയ്ക്ക് എത്തിക്കുന്നതോടുകൂടി ദീർഘകാലമായി കെട്ടിക്കിടക്കുന്ന വലിയ തുകകളുടെ വ്യവഹാരം കുറയുമെന്ന് മാത്രമല്ല, ഖജനാവിലേയ്ക്ക് വരുമാനം ലഭിക്കുന്നതിനും സഹായകരമാകുന്നതാണ്. ഇത്തരം പ്രായോഗിക സമീപനം സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കുമെന്ന് മാത്രമല്ല, പഴയകാല കേസുകൾക്കുവേണ്ടി വിലപ്പെട്ട സമയം പാഴാക്കാതെ നിലവിലെ നികുതിപിരിവിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ജി.എസ്.ടി. വകുപ്പിന് സാധിക്കുകയും ചെയ്യും. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ആധുനിക വിഭവ സമാഹരണത്തിനുവേണ്ടി സർക്കാർ ഏർപ്പെടുത്തിയ ഫ്ലഡ് സെസ്സിന് പിഴയും പലിശയും വേണ്ട എന്നതരത്തിലുള്ള ആംനസ്റ്റിയാണ് നൽകുന്നത്. ഇനിയും അത്തരത്തിലുള്ള സെസ്സ് അടയ്ക്കാൻ ആരെങ്കിലുമുണ്ടെങ്കിൽ മുന്നോട്ടുവരുന്നതിന് ഇത് പ്രചോദനമാകും. തുടക്കകാലഘട്ടത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജി.എസ്.ടി. കൗൺസിൽ ആംനസ്റ്റി നൽകിയപ്പോൾ അതോടൊപ്പമുള്ള സെസ്സിന് ആംനസ്റ്റി നൽകാനുള്ള തീരുമാനം ചെറുകിട വ്യാപാരമേഖലയ്ക്ക് വലിയ ഉണർവ് നൽകുന്നതാണ്. സാധാരണക്കാരിൽ സാധാരണക്കാരായ ലോട്ടറി

തൊഴിലാളികളുടെ ഭാഗ്യക്കുറി വിതരണത്തിന് കോമൺ പൂൾ സംവിധാനം നടപ്പാക്കുമെന്നതുകൊണ്ട് ലോട്ടറി ടിക്കറ്റിന് ക്ഷാമം നേരിടാൻ സാധ്യതയുള്ളതിനാൽ ആ പ്രശ്നം പരിഹരിക്കാനും ചെറുകിട ഭാഗ്യക്കുറി ഏജന്റുമാർക്ക് ആവശ്യത്തിന് ടിക്കറ്റ് ലഭ്യമാക്കാനുള്ള സാഹചര്യം ഒരുക്കുകയും വേണം. അങ്ങനെ നവകേരളത്തിലേയ്ക്ക് നയിക്കുന്നതും എല്ലാവരും പ്രായോഗികമായി കാണുകയും ചെയ്യുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ ഈ നാടിന്റെ വികസനത്തിന് ഉപകരിക്കുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ധനകാര്യ ബില്ലിനെ ഞാൻ എതിർക്കുന്നു. ഇന്ന് പറയേണ്ടതും ഈ ആഴ്ച പറയേണ്ടതുമായ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ രാഷ്ട്രീയത്തിനതീതമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മളെല്ലാവരും ഇന്ത്യൻ വംശജയായ ബഹിരാകാശ യാത്രിക ശ്രീമതി സുനിത വില്യംസ് ഒമ്പത് മാസത്തിനുശേഷം ഭൂമിയിൽ തിരിച്ചെത്തിയ സന്തോഷത്തിലാണ്. ബഹുമാനപ്പെട്ട സ്പീക്കർ അവരുടെ ബഹിരാകാശ പര്യവേക്ഷണ യജ്ഞത്തെക്കുറിച്ച് നിയമസഭയിൽ അനുമോദിക്കുകയും ആശംസിക്കുകയും ചെയ്തത് എന്തുകൊണ്ടും നന്നായി. ഞാൻ അതിന് ബഹുമാനപ്പെട്ട സ്പീക്കറെ അഭിനന്ദിക്കുന്നു. ശ്രീമതി സുനിത വില്യംസിനൊപ്പം ശ്രീ. ബുച്ച് വിൽമോറും തിരിച്ചെത്തിയെന്നുള്ളതും സന്തോഷകരമാണ്. അവർ തിരിച്ചെത്തണമെന്ന ദൈവത്തോടുള്ള എന്റെ നിരന്തരമായ പ്രാർഥന ഫലം കണ്ടുവെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇനി എന്റെ പ്രാർഥന, ഗാസയിലെ കൂട്ടക്കൊല: ഇസ്രായേൽ ഭരണകൂടത്തോട് 'മാ നിഷാദ' എന്ന് പറയാനുള്ള ചങ്കൂറ്റം നമുക്കുണ്ടാകണമെന്നാണ്. ലോകം ദുഃഖിക്കുമ്പോൾ നമുക്കാർക്കും

സന്തോഷിക്കാൻ കഴിയില്ല. ഈയൊരു സാഹചര്യത്തിൽ, ഈ നോമ്പുകാലത്ത് ഇത്തരത്തിലുള്ള കൂട്ടക്കൊലകൾ ഉണ്ടാകരുതെന്നുള്ള വലിയ പ്രാർഥനയാണ് എനിക്കുള്ളത്. മറ്റൊന്ന്, മലങ്കരയിലെ യാക്കോബ് ബുർദാന എന്നറിയപ്പെടുന്ന യാക്കോബായ സുറിയാനി സഭയുടെ കാതോലിക്ക ബാവ അഭിവന്ദ്യ ശ്രേഷ്ഠ പിതാവ് ആബൂൻ മാർ ബസേലിയോസ് തോമസ് പ്രഥമൻ കാലംചെയ്തതാണ്. നിലവിലെ മലങ്കര മെത്രാപ്പൊലീത്ത കൊച്ചി മദ്രാസ് അധിപൻ അഭിവന്ദ്യ ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പൊലീത്ത മാർച്ച് 25-ാം തീയതിയാണ് ലബനനിൽ വച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ മുഖ്യ കാർമ്മികത്വത്തിൽ സഭയുടെ കാതോലിക്കയായി വാഴിക്കപ്പെടുന്നത്. ആ സഭയിലെ ഒരംഗമെന്ന നിലയിൽ നിയുക്ത കാതോലിക്ക ബാവയ്ക്ക് എല്ലാവിധ ആശംസകളും നേരാൻ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ സഭയിൽ ഉള്ളതുകൊണ്ട് എനിക്കേറെ സന്തോഷമുണ്ട്. ഞാൻ കഴിഞ്ഞ സഭയിലെപോലെ രൂക്ഷമായ ഭാഷയിൽ ഈ സർക്കാരിനെ കടന്നാക്രമിക്കുന്നില്ല. കാരണം, 'എന്തിനാണ് അമ്മാവാ എന്നെ തല്ലുന്നത്; ഞാൻ നന്നാവാൻ പോകുന്നില്ല' എന്ന വാചകമാണ് എന്റെ മനസ്സിലേക്ക് കടന്നുവരുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരു പ്രത്യേക കഴിവുണ്ട്. നമ്മൾ എന്തെങ്കിലും സഭയിൽ ഉന്നയിച്ചാൽ അതെല്ലാം ശ്രദ്ധിച്ച് മനസ്സിലാക്കി ട്വിസ്റ്റ് ചെയ്ത് വേറെ രീതിയിലാക്കി മാറ്റും. എന്റെ മണ്ഡലത്തിൽ ഗ്രാമയാത്ര നടത്തി വീടുവീടാന്തരം കയറിയിറങ്ങി, ഒരു വീട്ടിലെത്തി അവിടത്തെ കുടുംബനാഥനെ പരിചയപ്പെട്ടു. എന്താണ് ജോലിയെന്ന് അന്വേഷിച്ചപ്പോൾ, എ.സി. മെക്കാനിക്കാണെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ അദ്ദേഹത്തോട് വീണ്ടും ചോദിച്ചു, നിങ്ങൾക്ക് റഫ്രിജറേറ്റർ കൂടി മെക്കാനിക്ക് ചെയ്യാൻ

കഴിയില്ലേ? അതിന് അദ്ദേഹം നൽകിയ മറുപടി, പണിക്കാരെ കിട്ടാനില്ലെന്നും ഇവിടെ ചില യുവാക്കൾ ഗ്രാമങ്ങളിലെയും മുനിസിപ്പാലിറ്റികളിലെയും തെരുവോരങ്ങളിൽവന്ന് കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും എം.ഡി.എം.എ.-യുടെയും വാഹകരായി പ്രവർത്തിച്ച് പണം വാങ്ങുന്നുണ്ടെന്നുമാണ്. ഞാൻ ആ വിവരം സഭയിൽ സൂചിപ്പിച്ചു. ധനകാര്യ വകുപ്പുമന്ത്രി എന്താണ് പറഞ്ഞത്; ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ചെയ്തത് വലിയ അപരാധമാണ്. ഉടൻതന്നെ എക്സൈസ് വകുപ്പുമന്ത്രി എനിക്കെതിരെ അന്വേഷണം പ്രഖ്യാപിക്കുന്നു. ഞാൻ ആലോചിച്ചു, ദൈവമേ ഞാനാണോ പ്രതി, ഞാൻ ഇനി കീഴടങ്ങേണ്ടി വരുമോ; ഞാൻ പറഞ്ഞതെന്താണ്; അങ്ങ് മനസ്സിലാക്കിയതെന്താണ്? ഒരു കിണറിൽ നിറച്ചും വെള്ളമുണ്ടാകും, നമ്മൾ കോരി കുടിക്കും. അത് എവിടെനിന്ന് കുമിളകളായി വരുന്നുവെന്ന് അന്വേഷിച്ച് കണ്ടുപിടിച്ചിട്ടാണോ ആ കിണറിൽ നിന്നും വെള്ളം കുടിക്കുന്നത്. വലിയ കുളത്തിലെയും സമുദ്രത്തിലെയും വെള്ളംപോലെ ലഹരി മാഫിയ അഴിഞ്ഞാറാടുകയാണ്. ഞാൻ പറഞ്ഞതിനുശേഷം നിങ്ങൾ റെയ്ഡ് നടത്തി കിലോക്കണക്കിന് കഞ്ചാവ് പിടിച്ചില്ലേ? പത്ത് കിലോ കഞ്ചാവ് പിടിക്കുമ്പോൾ പതിനായിരക്കണക്കിന് കിലോ കഞ്ചാവ് സംസ്ഥാനത്തുണ്ടെന്ന് നാം ചിന്തിക്കണം. സാമ്പിൾ മാത്രമാണ് നമുക്ക് കിട്ടിയിട്ടുള്ളത്. ഞാൻ എന്തുകൊണ്ടാണ് അക്കാര്യം ഇവിടെ പറഞ്ഞത്? സംസ്ഥാനം ഭരിക്കുന്നത് നിങ്ങളാണ്; നിങ്ങളുടെ കൈയിലാണ് അധികാരവും ചെങ്കോലും. നിങ്ങൾ ഇക്കാര്യങ്ങൾ ചെയ്യാൻ യോഗ്യതപ്പെട്ടവരാണ്. പാവപ്പെട്ട കുട്ടികൾ മയക്കുമരുന്നിന് അടിപ്പെടാതിരിക്കുവാൻ വേണ്ട സാഹചര്യമുണ്ടാകണം. സംസ്ഥാനത്തുള്ള വ്യാപാര സ്ഥാപനങ്ങൾ പരിശോധിക്കണം. പാൻപരാഗ് പോലുള്ള ലഹരി വസ്തുക്കൾ

നിരോധിക്കപ്പെട്ടതാണെങ്കിലും നമ്മുടെ നാട്ടിൽ ഇന്ന് അവ സുലഭമായി ലഭ്യമാകുന്നുണ്ട്. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി തെറ്റായി ഉദ്ധരിച്ച് ട്വിസ്റ്റ് ചെയ്ത് പറഞ്ഞ കാര്യങ്ങൾ എളിയവനായ എന്റെ തലയിൽനിന്നും മാറ്റിത്തരണം. ഇതേതുടർന്ന് അടുത്തദിവസം ദേശാഭിമാനിയിൽ വന്ന വാർത്ത 'എൽദോസ് കുടുങ്ങി'. എന്നാണ്. ഒരിക്കൽക്കൂടി കുടുങ്ങാനുള്ള ത്രാണി എനിക്കില്ല. രാജാവ് നഗ്നനാണെന്ന് വിളിച്ച് പറയുന്ന കുട്ടിയുടെ നിഷ്കളങ്കമായ മനോഭാവത്തോടുകൂടിയാണ് പാവപ്പെട്ട ഞാനും കാര്യങ്ങൾ തുറന്നുപറയുന്നത്. ഇവിടെ തൊട്ടുമുമ്പ് സംസാരിച്ച എന്റെ സുഹൃത്ത് ശ്രീ. എം. എസ്. അരുൺ കുമാർ നല്ല മനുഷ്യനാണ്; എനിക്കിഷ്ടപ്പെട്ട, അനിയനെപ്പോലെ ഞാൻ സ്നേഹിക്കുന്നൊരു ചെറുപ്പക്കാരനാണ്. വയലാർ രാമവർമ്മയുടെ വിപ്ലവ ഗാനങ്ങൾ അദ്ദേഹം പാടി. പ്രിയപ്പെട്ട ശ്രീ. എം. എസ്. അരുൺ കുമാർ, ഇന്ന് വിപ്ലവ ഗാനങ്ങൾ ആർക്ക് വേണം? ഇന്ന് വാഴ്ത്തുപാട്ടുകളും സ്തുതിഗാനങ്ങളും മതി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിങ്ങളിൽനിന്നും ആഗ്രഹിക്കുന്നത് അതാണ്. 'ഇന്നീ കേരളം ഭരിച്ചീടും പിണറായി വിജയനെന്ന സഖാവിന് നൂറ് കോടി അഭിവാദ്യങ്ങൾ' എന്നിങ്ങനെയുള്ള പാട്ടുകളാണ് വേണ്ടത്. കാരണഭ്രതൻ തിരുവാതിരയും, വാഴ്ത്തുപാട്ടായ കാവലാളും മറ്റും കേട്ട് ആനന്ദലബ്ധിയിൽ ആറാടിക്കൊണ്ടിരിക്കുകയാണ്. ഒരു ഫീനിക്സ് പക്ഷിയെപ്പോലെ നിങ്ങൾ ഉയർത്തെഴുന്നേൽക്കുമെന്നാണ് ഞങ്ങൾ കരുതിയത്. 2016-ൽ ഒരു കേരളയാത്ര നടത്തി, മുഖ്യമന്ത്രി പ്രാവിനെ മുകളിലേക്ക് പറത്തിയ കഥ നമുക്കറിയാം. ആ പ്രാവിന് പറക്കാൻ കഴിഞ്ഞോ? ആ പ്രാവ് താഴേക്ക് പതിക്കുകയാണുണ്ടായത്. കഴിഞ്ഞ ദിവസം ശ്രീമതി സുനിത വില്യംസ് മടങ്ങിയെത്തിയതുമായി ബന്ധപ്പെട്ട ചർച്ചയിൽ ഒരു സുഹൃത്ത് എന്നോട്

പറഞ്ഞു. ആ പേടകത്തിൽ നമ്മുടെ ഒരു മന്ത്രിക്കൂടി പോയിരുന്നെങ്കിൽ ഒരിക്കലും ആകാശത്ത് കൂടുങ്ങുകയില്ലായിരുന്നു. ഞാൻ ചോദിച്ചു എന്താണ് കാരണം? 'പറന്നുയർന്നിട്ടുവേണ്ടേ കൂടുങ്ങാൻ' എന്നാണ് അവർ എന്നോട് പറഞ്ഞത്. നിങ്ങൾ സെക്രട്ടേറിയറ്റിനുമുന്നിൽ പോകണം. 24 മണിക്കൂറുണ്ടെങ്കിൽ സമരക്കാരുടെ പ്രശ്നം പരിഹരിക്കാൻ കഴിയും. റോമാ നഗരം കത്തിയെരിയുമ്പോൾ വീണ വായിക്കുന്ന നീറോ ചക്രവർത്തിയെപ്പോലെ ഇവിടെ ആശാവർക്കർമാരും അങ്കണവാടി ജീവനക്കാരും കത്തിയെരിയുമ്പോൾ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വീണ വായിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ പ്രശ്നം പരിഹരിക്കണ്ടേ? ചെറിയ തുകയ്ക്ക് വേണ്ടിയാണ് അവർ നിങ്ങളുടെ മുന്നിൽ കൈക്കൂപ്പി നിൽക്കുന്നത്. 24 മണിക്കൂറുണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയില്ലേ? ശ്രീമതി വീണാ ജോർജ് ഒരു പത്രപ്രവർത്തക കൂടിയാണ്. ചാനൽ ചർച്ച നടത്തുമ്പോൾ പലപ്പോഴും പറഞ്ഞിട്ടുണ്ട്: 24 മണിക്കൂറുണ്ടെങ്കിൽ നിങ്ങൾക്ക് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്ന്. ബഹുമാനപ്പെട്ട മന്ത്രി സമരപ്പന്തലിൽച്ചെന്ന് അവരെ കാണണം. നിങ്ങൾ തിരിഞ്ഞ് നോക്കണം, സഹതപിക്കണം. ഇപ്പോൾ ആശാവർക്കർമാരുടെ പിന്നാലെ അങ്കണവാടി ടീച്ചർമാരും സമരത്തിനിറങ്ങി. പഞ്ചായത്ത്, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ് എന്നിവർ നൽകേണ്ട വിഹിതങ്ങളൊന്നുംതന്നെ കൃത്യമായി ലഭിക്കുന്നില്ലെന്നുമാത്രമല്ല അവർക്ക് മുന്നോട്ട് പോകാൻ കഴിയുന്നുമില്ല. തൊട്ടപ്പുറത്തായി 62-ഉം, 65-ഉം, 70-ഉം വയസ്സുള്ള കുറച്ച് അമ്മമാർ മഴ നനഞ്ഞിരിക്കുകയാണ്. എന്തിനാണ്? പെൻഷനുവേണ്ടി. അങ്കണവാടി ടീച്ചർമാർക്ക് 50 വർഷത്തെ പാരമ്പര്യ ചരിത്രമുണ്ട്. അങ്കണവാടി എന്നത് ശിശുക്കളുടെ യൂണിവേഴ്സിറ്റിയല്ലേ? കുഞ്ഞുങ്ങളെ നോക്കി വളർത്തുന്ന ഈ അമ്മമാരെ

സഹായിക്കാൻ നിങ്ങൾക്ക് സാധിക്കണം. അതിനുള്ള വരുമാന മാർഗങ്ങളുണ്ടാകണം. തുടർന്നുവന്ന വഴികളിലൂടെ മാത്രം ധനം സമ്പാദിച്ച് വരുമാനം വർധിപ്പിക്കാമെന്നുള്ള ശൈലി മാറ്റിവച്ച് നമുക്ക് മുന്നോട്ട് പോകാം. ഇന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു; 'എന്റെ മണ്ഡലത്തിന് അപ്പുറമാണ് മാഹി; അവിടെപോയി ആളുകൾ ഡീസൽ അടിക്കുന്നത് സംസ്ഥാനത്തിന് നഷ്ടം വരുത്തുന്നു.' എന്തിനാണ് മാഹിയിലെ പള്ളിയിൽ നിരന്തരം ആളുകൾ വന്നുകൊണ്ടിരിക്കുന്നത്? പള്ളിയിൽ പോയി പ്രാർഥിക്കുകയും ചെയ്യാം അവിടെനിന്നും പെട്രോളുമടിക്കാം. നമ്മുടെ കൈയിൽ പണമില്ലാത്തതുകൊണ്ടാണ് അവിടെപ്പോയി വാങ്ങുന്നത്. എന്തായാലും നിങ്ങൾക്ക് പെട്രോൾ-ഡീസൽ വില മാഹിയിലെ റേറ്റിലേക്ക് കൊണ്ടുവരാൻ കഴിയില്ലെങ്കിലും അവിടെപോയി ഒരു ലിറ്റർ ഡീസലടിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം. ഒരിക്കൽക്കൂടി ധനകാര്യ ബില്ലിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. സി. കെ. ഹരീന്ദ്രൻ]

ശ്രീ. പി. മമ്മിക്കുട്ടി: സർ, ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. 'പാണ്ടൻ നായയുടെ പല്ലിന് ശൗര്യം പണ്ടേപോലെ ഫലിക്കുന്നില്ല' എന്നാണ് കുഞ്ചൻ നമ്പ്യാരുടെ കവിതയിൽ പറഞ്ഞിരിക്കുന്നത്. ആ രീതിയിൽ കോൺഗ്രസ്സിലെ അംഗങ്ങൾക്ക് ആശയ ദാരിദ്ര്യം വന്നതിന്റെ ഭാഗമായി എന്താണ് പറയുന്നതെന്ന് അവർക്കുതന്നെ നിശ്ചയമില്ല. ശ്രീ. എം. വിൻസെന്റ് പറഞ്ഞതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ശ്രീ. ടി. ഐ. മധുസൂദനൻ ഇവിടെ മറുപടി പറഞ്ഞിരുന്നു. ഞങ്ങളുടെ പാർട്ടി ഓഫീസുകൾ കണ്ട് നിങ്ങൾ

അസൂയപ്പെടേണ്ടതില്ല. ഇനി നൂറുജന്മം കഴിഞ്ഞ് ജനിച്ചാലും നിങ്ങൾക്ക് അതിനൊന്നും സാധിക്കില്ല. നിങ്ങൾക്ക് നിരപ്പലകയിട്ട ഓഫീസിൽ കുത്തിയിരിക്കാനാണ് യോഗം. ഇതെല്ലാം ഇവിടെ പറഞ്ഞവരും അല്ലാത്തവരുമായ കുറെ ആളുകളുണ്ട്. പ്രാദേശികമായി പാർട്ടി ഓഫീസുകൾ നിർമ്മിക്കാൻ ഫണ്ട് പിരിച്ചശേഷം ഫണ്ടുമില്ല, രസീതുമില്ല, ആളുമില്ല. 'ബാപ്പ പത്തായത്തിലുമില്ല, അകത്തുമില്ല' എന്ന് പറഞ്ഞതുപോലെയാണ് കോൺഗ്രസ്സിൽ രസീതും ഫണ്ടുമില്ലാത്തത്. കെ. കരുണാകരന്റെ നവതിയുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിലെ ഡി.സി.സി.-യിൽ അഞ്ച് പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നാണ് പറഞ്ഞത്. തുടർനടപടികൾ സ്വീകരിക്കുമ്പോൾ എല്ലാവർക്കുമെതിരെ നടപടി സ്വീകരിക്കേണ്ടി വരുമെന്നതിനാൽ ആ അധ്യായം ക്ലോസ് ചെയ്തു. അതിനാൽ സി.പി.ഐ./സി.പി.ഐ.(എം.) പാർട്ടിയിലുള്ളവർ പാർട്ടി ഓഫീസുകൾ നിർമ്മിക്കുന്നതിൽ നിങ്ങൾ അസൂയപ്പെടേണ്ട കാര്യമില്ല. അതിന് ഞങ്ങൾ ജനങ്ങളോട് പണം ചോദിക്കുകയും അവരത് നൽകുകയും ചെയ്യും. അത് ജനങ്ങളെ ബോധ്യപ്പെടുത്താൻ കൃത്യമായി ഞങ്ങൾക്ക് കഴിയുന്നതുകൊണ്ടാണ് ആവർത്തിച്ച് ഓഫീസുകൾ നിർമ്മിക്കാൻ സാധിക്കുന്നത്. 1957-ൽ അധികാരത്തിൽ വന്ന ഇ.എം.എസ്. ഗവൺമെന്റിനെ അട്ടിമറിക്കുന്നതിനുവേണ്ടി CIA (Central Intelligence Agency)-യുടെ പണം ഇവിടെ ഉപയോഗപ്പെടുത്തിയെന്ന് അമേരിക്കൻ അംബാസിഡറായ ഡാനിയൽ പാടിക് മൊയ്നിഹാൻ എഴുതിയ പുസ്തകത്തിൽ പറയുന്നുണ്ട്. അത്തരം കാര്യങ്ങൾക്ക് പാരമ്പര്യം അവകാശപ്പെടുന്ന ആളുകൾക്ക് വിമോചന സമരം സംഘടിപ്പിച്ചുകൊണ്ടോ സി.ഐ.എ.-യുടെ പണം ഉപയോഗിച്ചുകൊണ്ടോ ഈ ഗവൺമെന്റിനെ ഒന്നും ചെയ്യാൻ സാധിക്കില്ലെന്ന് നിങ്ങൾക്കും ഞങ്ങൾക്കും

അറിയാവുന്നതല്ലേ; 1957-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 'ഐക്യകേരളം' രൂപപ്പെട്ടതിനുശേഷം 69 സംവത്സരങ്ങൾ പിന്നിട്ടിരിക്കുന്നു. 1957-ലെ ഇ.എം.എസ്. ഗവൺമെന്റ് അധികാരത്തിൽ വരികയും 1959-ൽ നിങ്ങൾ ആ സർക്കാരിനെ പിരിച്ചുവിടുകയും പിന്നീട് 1967-ൽ മുതൽ 1969 വരെ എൽ.ഡി.എഫ് വീണ്ടും അധികാരത്തിൽ വന്നപ്പോൾ നിങ്ങൾ കൂറുമാറ്റം സംഘടിപ്പിച്ച് അതിനെ തകർത്തു. 1980-81 കാലഘട്ടത്തിൽ ഇ. കെ. നായനാർ സർക്കാർ അധികാരത്തിൽ വരികയും അതിനുശേഷം 1987 മുതൽ 1991 വരെ അധികാരത്തിലിരിക്കുകയും ചെയ്തു. പിന്നീട് 1996 മുതൽ 2001 വരെയും 2006 മുതൽ 2011 വരെയും ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിലിരുന്നു. 2016 മുതൽ ഒൻപത് വർഷങ്ങളായി ഈ സർക്കാർ തുടർച്ചയായി ഭരിക്കുകയാണ്. ഈ കാലാവധി കണക്കാക്കുമ്പോൾ 69 വർഷത്തെ അനുഭവമുള്ള കേരളത്തിൽ 29 വർഷമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണം നടത്തിയിട്ടുള്ളതെന്ന് നിങ്ങൾക്ക് മനസ്സിലായിക്കാണുമല്ലോ? ബാക്കി 40 വർഷം നിങ്ങൾ അധികാരത്തിൽ വന്ന് ഭരണം നടത്തിയതുമായി ബന്ധപ്പെട്ട വികസനമാണ്. നിങ്ങൾ 40 വർഷം ഭരിച്ചില്ലായിരുന്നെങ്കിൽ കേരളം ഇപ്പോൾ എവിടെ എത്തുമായിരുന്നു; നിങ്ങൾ എം. കരുണാനിധിയുടെ കഥപറഞ്ഞ് ശ്രീ. എം. കെ. സ്റ്റാലിനെ കണ്ടുപഠിക്കുവെന്ന് പുകഴ്ത്തിയല്ലോ? അദ്ദേഹത്തെ കണ്ട് പഠിക്കാൻ ഒന്നുമില്ല. അൻപത് വർഷം മുമ്പ് കോൺഗ്രസ്സിനെ തമിഴ്നാട്ടുകാർ ചവിട്ടി പുറത്താക്കിയതിന്റെ ഭാഗമായാണ് പിന്നീട് അവിടെ ഭരണം വന്നത്. അത് കരുണാനിധിയായാലും എം.ജി.ആർ. ആണെങ്കിലും അങ്ങനെ തന്നെയാണ്. കോൺഗ്രസ് അധികാരത്തിൽ വന്നതിന്റെ ഭാഗമായി എം. കരുണാനിധി ഉൾപ്പെടെയുള്ള

ആളുകൾ ഭരണത്തിൽ വന്നു. അങ്ങനെയാണ് അവിടെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉണ്ടായത്. ഇവിടെ ഇടതുപക്ഷ സർക്കാർ 29 കൊല്ലമാണ് ഭരിച്ചത്. വസ്തുതകൾ മനസ്സിലാക്കാതെ ആക്ഷേപങ്ങൾ ചൊരിയുകയാണ്. നമുക്ക് കഴിയാത്ത കാര്യങ്ങൾ ആരെങ്കിലും ചെയ്യുമ്പോൾ അത് നന്നായി എന്നല്ലേ പറയേണ്ടത്. അങ്ങനെ പറയുന്നതിനുപകരം ഇടതുപക്ഷ ജനാധിപത്യ മുന്നണിയെയും കമ്യൂണിസ്റ്റ് പാർട്ടിയെയും അധിക്ഷേപിച്ചുകൊണ്ട് ഇത്തരത്തിൽ പുകമറ സൃഷ്ടിക്കാൻവേണ്ടി നടത്തുന്ന ശ്രമങ്ങൾക്ക് യാതൊരു പ്രയോജനവുമുണ്ടാകുകയില്ല. ഇത് അന്തരിച്ച ഉമ്മൻ ചാണ്ടി സാറിനെ ഞാൻ ആക്ഷേപിക്കുന്നതോ മറ്റ് രൂപത്തിൽ പറയുന്നതോ അല്ല. 'അതിവേഗം ബഹുദൂരം' എന്ന ആശയത്തിൽ കേരളത്തെ ഇങ്ങനെ കൊണ്ടുപോയപ്പോൾ ജനങ്ങൾ പറഞ്ഞു, ഇത്ര വേഗവും ഇത്ര ബഹുദൂരവുമായാൽ പറ്റില്ല, നിങ്ങൾ അധികാരത്തിൽനിന്ന് പൊയ്ക്കോളൂ; കേരളത്തെ 'അതിവേഗം ബഹുദൂരം' എന്നുപറഞ്ഞ് പിന്നിലേയ്ക്ക് അടുപ്പിക്കാൻ സമ്മതിക്കില്ലെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പിൽ ഞങ്ങൾ അധികാരത്തിൽ വന്നത്. 'അതിവേഗം ബഹുദൂരം' എന്ന മുദ്രാവാക്യം അതോടുകൂടി കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. ബജറ്റിൽ റവന്യൂ വരവ് 1,52,351.67 കോടി രൂപയും റവന്യൂ ചെലവ് 1,79,476.20 കോടി രൂപയും റവന്യൂ കമ്മി 27,124.53 കോടി രൂപയുമാണെന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങനെയുള്ള ഒരു ബജറ്റിൽ അധിക വിഭവ സമാഹരണമായി 366 കോടി രൂപയാണ് നിർദേശിക്കപ്പെട്ടിട്ടുള്ളത്. കോടതി ചെലവും മറ്റ് നികുതികളും വാഹന ടാക്സുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് കാര്യമായ രീതിയിൽ ബുദ്ധിമുട്ടുകൾ ബാധിക്കാതെ ഒരു ചെറിയ നിരക്കിൽ നികുതി വിഹിതം വർധിപ്പിക്കാൻ തീരുമാനിക്കുമ്പോൾ അതിനെയും

അംഗീകരിക്കില്ലെന്ന് പറഞ്ഞാൽ എങ്ങനെയാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്? എല്ലാ കാര്യങ്ങളും നടക്കണം; എന്നാൽ ലഭിക്കുന്നതൊന്നും തികയുന്നതുമില്ല. എല്ലാ കാര്യങ്ങളെയും സംബന്ധിച്ച് അവകാശവാദങ്ങൾ ഉന്നയിക്കുന്നുണ്ട്; അതിലൊന്നും തർക്കമില്ല. പക്ഷെ ജനങ്ങൾക്ക് പ്രയാസമില്ലാത്ത രീതിയിൽ ചെറിയ നികുതി വിഹിതം വർധിപ്പിക്കാൻ നിലപാട് സ്വീകരിക്കുമ്പോൾ അതിനെ നിങ്ങൾ വിമർശിക്കുകയാണ്. വിമർശിക്കുന്നത് നിങ്ങളുടെ തൊഴിൽ തന്നെയാണ്. ഇവിടെ സാമൂഹിക സുരക്ഷാ ക്ഷേമ പെൻഷൻ സംബന്ധിച്ച് നിങ്ങൾ അവകാശവാദങ്ങൾ പറയുന്നുണ്ടല്ലോ? ആ പെൻഷൻ 62 ലക്ഷത്തിലധികം ആളുകൾക്ക് നൽകുന്നുണ്ട്. അതുപോലെ ഒട്ടേറെ മറ്റ് സാമൂഹിക സുരക്ഷാ പദ്ധതികൾ പൊതു ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് നടക്കുന്നുണ്ട്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്നത് നമ്മുടെ സംസ്ഥാനത്തല്ലേ; ഹൃദയം മാറ്റിവയ്ക്കൽ, വാൽവ് മാറ്റിവയ്ക്കൽ, ലിവർ മാറ്റിവയ്ക്കൽ, കിഡ്നി മാറ്റിവയ്ക്കൽ എന്നീ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രിയിൽ ചെയ്യുന്നുണ്ട്. സാധാരണയായി ഒരു സ്വകാര്യ ആശുപത്രിയിൽ ലക്ഷക്കണക്കിന് രൂപ ചികിത്സാ ചെലവിനത്തിൽ കൊടുക്കേണ്ടി വരുമ്പോൾ ഇവയെല്ലാം ഇപ്പോൾ സർക്കാർ ആശുപത്രിയിൽ ചെയ്യാൻ കഴിയുന്ന സ്ഥിതിയല്ലേ വന്നിട്ടുള്ളത്. അത് ഇന്ത്യാ രാജ്യത്ത് മറ്റെവിടെയെങ്കിലും നടക്കുന്നുണ്ടോ? വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പറയുമ്പോൾ, സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നല്ലരീതിയിലുള്ള വികസനമാണ് ഉണ്ടായിരിക്കുന്നത്. മറ്റേത് മേഖല പരിശോധിച്ചാലും വികസനം തന്നെയാണ് കാണാൻ സാധിക്കുന്നത്. കേരളത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളെല്ലാം നേരിട്ട് കണ്ട് ബോധ്യംവരുന്ന സത്യങ്ങളല്ലേ?

കേരളത്തിൽനിന്ന് ഒരാൾ മറ്റൊരു സ്ഥലത്തേക്ക് പോയി 10 വർഷം കഴിഞ്ഞ് തിരിച്ച് വന്നാൽ പഴയ സ്ഥലത്ത് തന്നെയാണോ താൻ എത്തിയതെന്ന് സംശയം തോന്നുന്ന രീതിയിലാണ് വികസന പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്. എല്ലാനിലയിലും വികസനം നടപ്പാക്കിക്കൊണ്ടിരിക്കുകയല്ലേ? അതെല്ലാം അപ്പാടെ നിഷേധിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെയും കമ്മ്യൂണിസ്റ്റുകാരെയും അധിക്ഷേപിക്കുന്ന സ്ഥിരം തൊഴിലുമായി നിങ്ങൾ മുന്നോട്ടുപോകുകയാണ്. ജനങ്ങൾ ഇക്കാര്യങ്ങൾ മനസ്സിലാക്കുകയും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അതിന്റെ പദ്ധതിയുമായി മുന്നോട്ടുപോകുകയുമാണ് ചെയ്യുന്നത്. രണ്ട് കൂട്ടർക്കും മുന്നോട്ടുപോകാനുള്ള അവകാശങ്ങളുണ്ട്. കേരളത്തിന് അർഹതപ്പെട്ട നികുതി വിഹിതവും പദ്ധതി വിഹിതവും ഗ്രാന്റും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കാവശ്യമായ തുകയും കേന്ദ്ര സർക്കാർ നൽകുന്നില്ല. പിന്നെ എങ്ങനെയാണ് മുന്നോട്ടുപോകുന്നത്? അല്പം നികുതി വർധിപ്പിച്ചും ശരിയായ നികുതി പിരിച്ചും ധൂർത്തും അഴിമതിയും ഇല്ലാതാക്കിയും ഈ ഗവൺമെന്റ് സ്വന്തം കാലിൽ നിൽക്കാൻ ശ്രമിച്ച് മുന്നോട്ടുപോകുമ്പോൾ ഇപ്പോഴും പണ്ടത്തെപ്പോലെ ഇവിടെ ദാരിദ്ര്യമാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നത് ശരിയല്ലല്ലോ? കേരളം മുന്നോട്ടുപോകുന്നുവെന്നത് നമ്മൾ പറയുന്നതല്ല, ലോകരാജ്യങ്ങളിലെ ആധികാരികമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് വ്യക്തമാക്കപ്പെട്ടത്. അത് നിങ്ങൾ അംഗീകരിക്കാതെ ഇപ്പോഴും ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിനെതിരെ ആക്ഷേപങ്ങൾ ചൊരിഞ്ഞുകൊണ്ട് മുന്നോട്ടുപോകുന്ന നിലപാട് ശരിയല്ല. 1957-ലെ ഇ.എം.എസ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ മുതൽ കോൺഗ്രസ് പലരൂപത്തിലുള്ള കൈക്രീയകൾ ചെയ്തും ഭരണഘടനാ വിരുദ്ധമായ നടപടികൾ സ്വീകരിച്ചും

ഞങ്ങളെ തകർക്കാൻ ശ്രമിക്കുകയാണ്. 1967-ലെ ഗവൺമെന്റിന്റെ കാലത്താണ് ലോട്ടറി സംവിധാനം ആരംഭിച്ചതെന്ന് നിങ്ങൾക്കറിയാമോ? ഭാഗ്യക്കുറിയും ചിട്ടിയും ആരംഭിച്ചപ്പോൾ ഇ.എം.എസ്. ഗവൺമെന്റ് ഭാഗ്യക്കുറി നടത്തിയും ചിട്ടിപിരിച്ചുമാണ് ഭരണം നയിക്കുന്നതെന്ന് ആക്ഷേപിച്ചവരല്ലേ നിങ്ങൾ? അങ്ങനെ ചിട്ടിയും ലോട്ടറിയും ആരംഭിച്ച് ആ ഗവൺമെന്റ് സാധ്യമാകുന്ന വിധത്തിൽ കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണി അതിന്റെ തുടർച്ചയായി അധികാരത്തിൽ വരുന്ന സ്ഥിതിയാണുണ്ടായത്. നിങ്ങൾ വേവലാതിപ്പെടേണ്ട; അസൂയയ്ക്കും കഷണ്ടിക്കും മരുന്നില്ലെന്ന് പറയുന്ന രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. കാര്യങ്ങൾ മനസ്സിലാക്കി പരിഹരിച്ച് പോകുകയാണ് വേണ്ടത്. ഞാൻ കൂടുതൽ കടന്നാക്രമിക്കുന്നില്ല; കാരണം നിങ്ങളെ കൂടുതൽ കടന്നാക്രമിച്ചിട്ട് കാര്യമില്ല. കടന്നാക്രമിക്കാനുള്ള ആശയങ്ങളും നിലപാടുകളും നിങ്ങളുടെ കൈവശമില്ല. കമ്യൂണിസ്റ്റുകാർ നൂറ് കൊല്ലത്തേക്ക് അധികാരത്തിൽ വരില്ലെന്ന് ശ്രീ. എ. കെ. ആന്റണി പറയുകയുണ്ടായി. .....(മൈക്ക് ഓഫ്).... ഇത്രയും പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മുന്നോട്ടുവച്ച 2025-ലെ കേരള ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. 2016-ൽ ഉമ്മൻ ചാണ്ടി ഗവൺമെന്റ് പൊതുചെലവിനായി ഏകദേശം 80,000 കോടി രൂപയ്ക്ക് താഴെയാണ് ബജറ്റിൽ കണക്കാക്കിയത്. എന്നാൽ സംസ്ഥാനത്ത് എട്ടര വർഷത്തിനുശേഷം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ പൊതുചെലവ് 2,00,000

കോടി രൂപയിലധികമായി വർധിച്ചു. ഇതാണ് നമ്മൾ കാണേണ്ടത്. തമിഴ്നാട്ടിലെ പ്രധാനപ്പെട്ട സ്വാതന്ത്ര്യ സമരപോരാളിയായ വീരപാണ്ഡ്യ കട്ടബൊമ്മൻ ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ പോരാട്ടം നടത്തിയ ആളാണ്. നരേന്ദ്ര മോദി ഗവൺമെന്റ് കേരളത്തെ സാമ്പത്തികമായി ഞെരിക്കുമ്പോൾ, കേരളത്തിലെ 3.50 കോടിയിലധികം മനുഷ്യരെ സംരക്ഷിക്കുന്നതിനും അവരുടെ ക്ഷേമപ്രവർത്തനം നടത്തുന്നതിനുംവേണ്ടി കേരളത്തിലെ പിണറായി വിജയൻ ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെതിരെ അതിശക്തമായ പോരാട്ടവും സമരമുഖവും തുറക്കുകയാണ്. അതിന്റെ ഭാഗമായാണ് 2024 ഫെബ്രുവരി 8-ാം തീയതി ഡൽഹിയിൽ സമരം നടത്തിയത്. ബി.ജെ.പി. ഇതര ഗവൺമെന്റുകളുമായും കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെയും അതിശക്തമായ പ്രക്ഷോഭം നടത്തുമ്പോൾ കട്ടബൊമ്മനെ ചതിച്ച കഥാപാത്രമായ എട്ടപ്പന്റെ പണിയാണ് കേരളത്തിലെ പ്രതിപക്ഷം ചെയ്യുന്നത്. ശ്രീ. എം. വിൻസെന്റ് വീരപാണ്ഡ്യ കട്ടബൊമ്മൻ സിനിമ പൂർണ്ണമായും ഒരിക്കൽക്കൂടി കാണുന്നത് നന്നായിരിക്കും.

ഇക്കഴിഞ്ഞ എട്ടര വർഷമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് വ്യത്യസ്ത മേഖലകളിൽ അധികബാധ്യത ഏറ്റെടുത്തിരിക്കുകയാണ്. ആ ബാധ്യതയെന്താണ്? 2016-ലെ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ ഭരണകാലത്ത് അദ്ദേഹമാണ് ബജറ്റ് അവതരിപ്പിച്ചത്. അന്ന് ബജറ്റ് അവതരിപ്പിച്ചശേഷം അദ്ദേഹത്തോട് പത്രക്കാരും മാധ്യമപ്രവർത്തകരും ചോദിച്ചത് 18 മാസത്തോളം കുടിശ്ശികയുള്ള ക്ഷേമപെൻഷനുകൾ നൽകുന്നത് സംബന്ധിച്ച് ബജറ്റിൽ പ്രത്യേകിച്ചൊന്നും തീരുമാനിച്ചില്ലല്ലോ എന്നാണ്. അപ്പോൾ ഉമ്മൻ ചാണ്ടി സാർ പറഞ്ഞ വാചകം ഇപ്പോഴും

യൂട്യൂബിൽ കാണാൻ കഴിയും. അദ്ദേഹം പറഞ്ഞത്, 'ആയത് ഒന്ന് പരിശോധിക്കാം; കേരളത്തിലെ റവന്യൂ വരുമാനത്തിന്റെ 83 ശതമാനം തുകയും സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകുന്നതിനുവേണ്ടി മാറ്റിവയ്ക്കപ്പെടേണ്ടിവരും. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്.' എന്നാണ്. അതുകൊണ്ട് 34 ലക്ഷത്തോളം പേർക്ക് ക്ഷേമ പെൻഷൻ നൽകാൻ നിർവ്വാഹവും നിവൃത്തിയുമില്ലെന്ന് പ്രഖ്യാപിച്ച് ഭരിച്ചവരാണ് നിങ്ങളുടെ മുൻമുറക്കാരെന്നത് ഓർത്താൽ നന്നായിരിക്കും. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ക്ഷേമ പെൻഷൻ മാത്രമല്ല; ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് തീർപ്പുകൽപ്പിക്കാതെ ഫ്രീസ് ചെയ്തിരുന്ന, വിവിധഘട്ടങ്ങളിലെ വിധവ പെൻഷൻ, വികലാംഗ പെൻഷൻ, അഗതി പെൻഷൻ, വാർധക്യകാല പെൻഷൻ, കാൻസർ രോഗികളുടെ പെൻഷൻ എന്നിവയടക്കമുള്ള അപേക്ഷകളെല്ലാം സോർട്ട് ചെയ്ത് അർഹതപ്പെട്ടവരുടെ പെൻഷൻ തുക ആകെ 62 ലക്ഷം രൂപയായി വർധിപ്പിച്ചു. 600 രൂപയായിരുന്ന വാർധക്യകാല പെൻഷൻ 1600 രൂപയായി വർധിപ്പിച്ചു. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് പെൻഷൻ നൽകുന്നതിനുവേണ്ടി ഒരു മാസം മാറ്റിവയ്ക്കേണ്ട തുക 220 കോടിരൂപയാണെങ്കിൽ പിണറായി സർക്കാർ മാറ്റിവയ്ക്കുന്നത് 900 കോടിരൂപയാണ്. ഇവിടെ വലിയ പ്രശ്നമുണ്ടെന്നാണ് ശ്രീ. എം. വിൻസെന്റ് പറഞ്ഞത്. ശ്രീ. എം. വിൻസെന്റ്, ഇവിടെ ഒരു പ്രശ്നവുമില്ല.

വിഴിഞ്ഞത്ത് റെയിൽ-റോഡ് കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട നിർമാണ പ്രവൃത്തികളൊന്നും നടപ്പാക്കുന്നില്ലെന്ന് പറഞ്ഞ് നിങ്ങൾ മുതലക്കണ്ണീർ ഒഴുക്കുകയാണ്. വിഴിഞ്ഞത്ത് ദൂരാലോചന നടത്തി പാവപ്പെട്ട വികാരിമാരെയും

മത്സ്യത്തൊഴിലാളികളെയും കുത്തിത്തിരിപ്പുണ്ടാക്കി സമരം നടത്തി വിഴിഞ്ഞം തുറമുഖത്ത് പ്രവർത്തനങ്ങൾ നടത്താൻ അനുവദിക്കില്ലെന്നുള്ള പ്രഖ്യാപനത്തിന് ആസൂത്രണം വഹിച്ച വ്യക്തിയാണ് ഇവിടെവന്ന് റിംഗ് റോഡിന്റെയും റെയിൽ-റോഡുമായി ബന്ധപ്പെട്ട പ്രവൃത്തി നടപ്പാകുന്നില്ലെന്നും പറഞ്ഞ് പരിതപിക്കുന്നത്. ഇതെന്ത് ഇരട്ടവേഷം? ഇവിടെ ഇരട്ട വേഷമൊന്നും നടത്തേണ്ടതില്ല.

വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. നാല് ലക്ഷത്തിലധികം കുട്ടികളാണ് 2011-16 വരെയുള്ള ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് സർക്കാർ സ്കൂളുകളിൽനിന്ന് ടി.സി. വാങ്ങി അൺ എയ്ഡഡ് സ്കൂളുകളിലേയ്ക്ക് പോയത്. അതുമായി ബന്ധപ്പെട്ട കണക്കുകൾ ഇവിടെയുണ്ട്. കോഴിക്കോട് ജില്ലയുടെ ഒരു ഭാഗത്തുള്ള യു.പി. സ്കൂൾ വിൽപ്പനയ്ക്കുവച്ച അവസരത്തിലാണ് കേരളത്തിൽ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പ്രഖ്യാപിച്ചത്.

ശ്രീ. എം. വിൻസെന്റ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിൽ നിരന്തരമായി ഭരണകക്ഷി അംഗങ്ങൾ നടത്തുന്ന അടിസ്ഥാനരഹിതമായ ആരോപണമുണ്ട്. വിഴിഞ്ഞം തുറമുഖ പദ്ധതിയെ അട്ടിമറിക്കാൻ പ്രതിപക്ഷം ആരുടെയൊ കൂടെനിന്ന് ഗൂഢാലോചന നടത്തിയെന്ന അടിസ്ഥാനരഹിതമായ പ്രചാരവേലയാണ് ഇവർ നടത്തുന്നത്. ഞാൻ അന്നും ഇന്നും ഈ സഭയിൽ പറയുന്നത്, എവിടെയെങ്കിലും ഒരു വാക്കോ ഏതെങ്കിലും തരത്തിലുള്ള ഒരു പ്രസംഗമോ വിഴിഞ്ഞം തുറമുഖത്തിനെതിരെ ഞങ്ങൾ നടത്തിയിട്ടില്ല

എന്നാണ്. മേലാൽ ഇത്തരം കാര്യങ്ങൾ ഈ സഭയിൽ ഉന്നയിക്കരുതെന്നുള്ള മുന്നറിയിപ്പ് അങ്ങ് നൽകണം; ഈ വിഷയം സഭാരേഖയിലുണ്ടാകാനും പാടില്ല.

ചെയർപേഴ്സൺ: ശരി, ആയത് പരിശോധിക്കാം.+

ശ്രീ. കെ. ആൻസലൻ: സർ, അതുസംബന്ധിച്ച് മനോരമ പത്രത്തിന്റെ പേജ് പരിശോധിച്ചാൽ ശ്രീ. എം. വിൻസെന്റിന് ബോധ്യപ്പെടും. നമുക്കറിയാമല്ലോ; പതിനായിരക്കണക്കിന് കോടി രൂപ വിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ചു. ലൈഫ് പാർപ്പിട പദ്ധതി, സാഫല്യം പദ്ധതി തുടങ്ങിയവ പ്രഖ്യാപിച്ചു. എന്തായിരുന്നു സാഫല്യം പദ്ധതി? 5 വർഷക്കാലം എത്രപേർക്ക് വീട് നൽകിയെന്നത് സംബന്ധിച്ച കണക്ക് ഇവിടെയുണ്ട്. സംസ്ഥാനത്ത് 4,30,000 പേരുടെ വീട് നിർമാണം പൂർത്തീകരിച്ചു. 5 ലക്ഷത്തിലധികം വീടുകളുടെ നിർമാണം ഈ സാമ്പത്തികവർഷം പൂർത്തീകരിച്ചുകൊണ്ട് കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന സാധാരണക്കാരുടെ വീടെന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയാണ്. കേന്ദ്രം നൽകുന്ന വിഹിതത്തെ സംബന്ധിച്ച് നേരത്തെ ശ്രീമതി യു. പ്രതിഭ സൂചിപ്പിച്ചു. നിങ്ങൾ ഒന്നൊന്നായി എണ്ണിപ്പറയുകയാണ്.

വിഴിഞ്ഞം തുറമുഖത്തിനാവശ്യമായ തുക ഈ ഗവൺമെന്റ് വകയിരുത്തുകയും ആയത് നൽകുകയും ചെയ്തതിനാൽ തടസ്സമില്ലാതെ തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കപ്പെടുകയാണ്. 2035-ൽ കമ്മീഷൻ ചെയ്യുന്നത് 2025-ൽ പൂർത്തീകരിക്കുകയാണ്. അതാണ് പിണറായി വിജയൻ ഗവൺമെന്റിന്റെ ഇച്ഛാശക്തി.

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം. KLS/2685/EB തീയതി 20-03-2025) സഭാരേഖകളിൽ നിലനിർത്തി.

'കെ-ഫോൺ' പദ്ധതിയിലൂടെ സാധാരണക്കാരന് നെറ്റ് സൗജന്യമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ആരോഗ്യമേഖലയിലെ സേവനങ്ങൾ, പ്രാഥമിക ആരോഗ്യമേഖലകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചതിലൂടെ സാധാരണക്കാരന് വീടിനടുത്ത് സൗജന്യ ചികിത്സ സാധ്യമായിരിക്കുന്നു. ഇപ്രകാരം ആരോഗ്യ മേഖലയുടെ വ്യാപ്തി വർധിപ്പിക്കുന്നതിനായി പതിനായിരക്കണക്കിന് കോടിരൂപയാണ് ഗവൺമെന്റ് കഴിഞ്ഞ ഏഴെട്ട് വർഷക്കാലമായി നൽകിയത്.

ദാരിദ്ര്യ നിർമ്മാർജന പദ്ധതിയിലൂടെ അറുപതിനായിരത്തിലധികം വരുന്ന ദരിദ്ര കുടുംബങ്ങളെ സമ്പൂർണ്ണമായി മോചിപ്പിച്ചുകൊണ്ട് 2025 നവംബർ മാസം 1-ാം തീയതി കേരളപ്പിറവി ദിനത്തിൽ രാജ്യത്തിനും ലോകത്തിനും മാതൃകയായി ദാരിദ്ര്യ നിർമ്മാർജ്ജനം പ്രഖ്യാപിക്കുന്ന ഒരു സംസ്ഥാനമായി ഈ കൊച്ചുകേരളം മാറുകയാണ്.

കാർഷികമേഖലയിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ നമ്മൾ പ്രത്യേകം പരിശോധിക്കണം. 25 ലക്ഷം കോടിരൂപ സംസ്ഥാനങ്ങൾക്കുവേണ്ടി കേന്ദ്ര സർക്കാർ മാറ്റിവയ്ക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിന് ആളോഹരി വിഹിതമായി ഏകദേശം 75000 കോടിരൂപ ലഭിക്കേണ്ട സ്ഥാനത്ത്, അതിന്റെ പകുതിക്ക് താഴെ മാത്രം തുകയാണ് കേരളത്തിന് നൽകുന്നത്. കൂടാതെ ജി.എസ്.ടി.-യുടെ കോമ്പൻസേഷൻ നിർത്തലാക്കുകയും ഗ്രാന്റുകൾ വെട്ടിക്കുറയ്ക്കുകയും ചെയ്തു. കഴിഞ്ഞ രണ്ട് സാമ്പത്തികവർഷമായി 40,000 കോടി രൂപയുടെ സാമ്പത്തിക ഞെരുക്കത്തിലേയ്ക്ക് കേരളത്തെ കൊണ്ടുവരുന്ന രീതിയിലാണ് കേന്ദ്ര സർക്കാർ നിലപാടുകൾ സ്വീകരിക്കുന്നത്. ഇതിനിടയിൽ നാം നേരിടേണ്ടിവന്ന ഓഖി, പ്രളയങ്ങൾ, നിപ, കോവിഡ്, വയനാട്

ദുരന്തമടക്കം കേരളത്തിലുണ്ടായ പ്രകൃതിദുരന്തങ്ങളെയും കരുത്തോടെ നേരിട്ടുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

കേരളത്തിലെ പ്രതിപക്ഷത്തിന്റെ സ്ഥിതിയെന്താണ്? മനോരമയടക്കമുള്ള കുത്തകമാധ്യമങ്ങളുടെ കള്ളപ്രചാരവേലകളും മനോരമ പത്രത്തിന്റെ വാചകങ്ങളും അച്ചനിരത്തലുകളുമില്ലെങ്കിൽ കേരളത്തിലെ പ്രതിപക്ഷം വട്ടപ്പൂജ്യമായി മാറുമായിരുന്നു. കേരളത്തിലെ ഇടതുപക്ഷ-കമ്മ്യൂണിസ്റ്റ് വിരുദ്ധ നിലപാടുകൾക്കനുസരിച്ച് താളംതുള്ളുന്ന പ്രതിപക്ഷം കേരളത്തിലെ ജനങ്ങളുടെ ശത്രുക്കളാണെന്ന് പ്രഖ്യാപിക്കേണ്ടിവരും. ഈ ഗവൺമെന്റിനെതിരെ പ്രതിപക്ഷം എന്തെല്ലാം ആരോപണങ്ങളാണ് കൊണ്ടുവന്നത്. സ്വർണ്ണക്കടത്ത് കേസുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആരോപണങ്ങൾ തുടങ്ങി മുഖ്യമന്ത്രിയെയും കുടുംബത്തെയും ലക്ഷ്യംവച്ചുകൊണ്ടുള്ള ദുഷ്പ്രചരണങ്ങളാണ് കേരളത്തിലെ ഒരു മന്ത്രിക്കെതിരായി നടത്തിയിട്ടുള്ളത്. ഒരു മതവിഭാഗത്തെ ചുറ്റിപ്പറ്റി ഖുറാനെയും ബിരിയാണിയെയുമൊക്കെ ആക്ഷേപിച്ചുകൊണ്ട് കേരളത്തിലെ വലതുപക്ഷ മാധ്യമങ്ങളും പ്രതിപക്ഷവും കൊണ്ടുവന്ന കള്ളക്കഥകൾ പൊളിഞ്ഞുവീണല്ലോ; അക്കാര്യം ഇവിടെ ആരെങ്കിലും ചർച്ച ചെയ്തോ? ആ കേസിലെ തട്ടിപ്പുകാരിയടക്കമുള്ള സ്വർണ്ണക്കടത്തുകാർക്കെതിരായി കേന്ദ്ര അന്വേഷണ ഏജൻസിയായ കസ്റ്റംസ് അവസാനം ഒരു വിധി പുറപ്പെടുവിച്ചു; ആറരക്കോടി രൂപ അടയ്ക്കണമെന്നാണ് പ്രഖ്യാപിച്ചത്. ഖുറാന്റെയും ഈന്തപ്പഴത്തിന്റെയും പേരിലുണ്ടായത് കെട്ടുകഥകളാണെന്ന് അന്വേഷണ ഏജൻസികൾ പ്രഖ്യാപിച്ചപ്പോൾ ഏതെങ്കിലും ചാനലുകാരും മാധ്യമങ്ങളും ഇത് ചർച്ച ചെയ്യുകയോ കഥകളെഴുതുകയോ ചെയ്തോ? അപ്പോൾ കള്ളപ്രചാരവേലകൾ

നടത്തിക്കൊണ്ട്, നുണക്കഥകൾ പ്രചരിപ്പിച്ചുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ തകർക്കാനാണ് നിങ്ങൾ ശ്രമിച്ചിട്ടുള്ളത്. ആ നുണക്കഥകളുടെയും അപസർപ്പക കഥകളുടെയും പരിലാളനയിൽ മോഹംകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ തകർത്തുകളയാമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ ഇത് 1959 കാലഘട്ടമല്ലെന്നും ഇപ്പോൾ 2025 ആണെന്നും നന്നായി ഓർത്തുകൊള്ളണം. 1959-ൽ കള്ളപ്രചാരവേല നടത്തി സാധാരണക്കാരിൽ സാധാരണക്കാരെ തെറ്റിദ്ധരിപ്പിച്ച് മതമൗലീകവാദികളുടെ പിന്തുണയോടുകൂടി കേന്ദ്രഭരണം ഉപയോഗപ്പെടുത്തി ഒന്നാം കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ അട്ടിമറിക്കാൻ നിങ്ങൾക്കുണ്ടായിരുന്ന കരുത്ത് ഇന്നില്ലെന്ന തിരിച്ചറിവ് വേണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി സാധാരണക്കാരോടൊപ്പമാണ് നിൽക്കുന്നത്.

ഇപ്പോൾ പ്രതിപക്ഷം ആശാപ്രവർത്തകരെക്കുറിച്ച് പറഞ്ഞ് കണ്ണീരൊഴുക്കുകയാണ്. ആയിരം രൂപ ഉമ്മൻചാണ്ടി ഗവൺമെന്റ് നൽകിയ സ്ഥാനത്ത്, കേരളത്തിലിപ്പോൾ 7000-ലധികം രൂപയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നൽകുന്നത്. ഇത് കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി 2016-ൽ അധികാരത്തിൽ വരുമ്പോൾ, അങ്കണവാടി ടീച്ചർമാർക്ക് 2,000 രൂപയായിരുന്ന ശമ്പളം 12,000 രൂപയായി വർധിപ്പിച്ച് നൽകിയിട്ടുണ്ട്. സ്കൂളിലെ പാചകത്തൊഴിലാളികൾക്ക് 600 രൂപ കേന്ദ്രം നൽകുമ്പോൾ 8,500 രൂപയാണ് കേരളം നൽകുന്നത്. സാധാരണക്കാരായ തൊഴിലാളികളെയും ക്ഷേമനിധിക്ക് അർഹതപ്പെട്ടവരെയും സംരക്ഷിക്കുന്ന നിലപാടെടുത്തുകൊണ്ടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി

മുന്നോട്ടുപോകുന്നത്. ആ ഗവൺമെന്റിന്റെ കരുത്ത് വർധിപ്പിക്കാനും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ കൂടുതൽ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാനും സാമ്പത്തിക പ്രയാസങ്ങളുടെ ദുരിതക്കടൽ നീന്തിക്കടന്നുകൊണ്ടും ഈ കാലഘട്ടത്തെ അതിജീവിച്ചുകൊണ്ടും കേരളത്തെ മുന്നോട്ട് നയിക്കുന്നതിനുവേണ്ടി ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി മുന്നോട്ടുവച്ച ചെറിയ നികുതി നിർദേശങ്ങളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. മികച്ച ധനകാര്യ മാനേജ്മെന്റുകൊണ്ട് 70 ശതമാനത്തിലധികം നികുതി വരവുകൾ വർധിപ്പിച്ചാണ് കേരളം കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുന്ന സാമ്പത്തിക പ്രയാസത്തെ തരണം ചെയ്തുകൊണ്ടിരിക്കുന്നതെന്ന യാഥാർഥ്യം നാം മനസ്സിലാക്കണം. 2017-ൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച കിഫ്ബി എന്ന നൂതന പദ്ധതിയെ ആകാശ കുസുമമെന്നും മലർപ്പൊടിക്കാരന്റെ ദിവാസ്വപ്നമെന്നുമാണ് യു.ഡി.എഫ്. അഭിസംബോധന ചെയ്തിരുന്നത്. എന്നാൽ 69968 കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബി കേരളത്തിൽ അങ്ങോളമിങ്ങോളം നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ കിഫ്ബി ഇല്ലാതാകുകയെന്നതും ഇല്ലാതെയാക്കുകയെന്നതും കേന്ദ്രസർക്കാരിന്റെ മാത്രം ലക്ഷ്യമല്ല, അതിലുപരി യു.ഡി.എഫ്.-ന്റെ എല്ലാകാലത്തെയും താൽപര്യമാണെന്നുകൂടി നാം തിരിച്ചറിയണം. കേരളത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന ക്ഷേമപെൻഷൻ ഇനത്തിലുള്ള കുടിശ്ശികകളെല്ലാം തീർക്കുകയും പെൻഷൻ തുക കാലോചിതമായി

വർധിപ്പിക്കുകയും ചെയ്ത ഒന്നാം പിണറായി സർക്കാർ 35000 കോടി രൂപയും രണ്ടാം പിണറായി സർക്കാർ നാലുവർഷംകൊണ്ട് നൽകിയ 33000 കോടി രൂപയും ചേർത്ത് ആകെ 68000 കോടി രൂപയാണ് വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണകാലത്ത് അഞ്ച് വർഷംകൊണ്ട് നൽകിയത് കേവലം 10000 കോടി രൂപയായിരുന്നു. 'കേരളം' എന്ന പദംപോലും കേന്ദ്ര ബജറ്റ് രേഖയിൽ വരാതിരിക്കാൻ കാണിച്ച മോശപ്പെട്ട ജാഗ്രതയെ മുഴുവൻ മലയാളികളും മനസ്സിലാക്കിയിട്ടുണ്ട്. ചൂരൽമല-മുണ്ടക്കൈ ദുരന്തത്തിൽ സർവവും നഷ്ടപ്പെട്ട ജനതയെ പുനരധിവസിപ്പിക്കാൻ ഒരു ഓട്ടക്കാലണയുടെ സഹായംപോലും നൽകാത്ത കേന്ദ്ര ബജറ്റിനോട് കേരളം വലിയ രോഷത്തിലാണ്. എന്നാൽ കേരളത്തോടുള്ള ഈ അവഗണനയെ ഏറ്റവും നന്നായി യു.ഡി.എഫ്. ആസ്വദിക്കുകയാണ് ചെയ്തത്. മകൻ മരിച്ചാലും മരുമകളുടെ കണ്ണീര് കാണണം എന്നുമാത്രമാണ് അവരുടെ ലക്ഷ്യം. കേന്ദ്രത്തിൽനിന്നും ന്യായമായും ലഭിക്കേണ്ട ഗ്രാന്റുകളും വിഹിതവും ന്യായരഹിതമായി തടയുകയും അട്ടിമറിക്കുകയും ചെയ്യുമ്പോൾ തടസ്സപ്പെടുന്ന ജനകീയ പദ്ധതികളുടെ കണക്കെടുപ്പിൽ യു.ഡി.എഫ്. സ്വയം അർമാദിക്കുകയാണ് ചെയ്യുന്നത് എന്നുള്ള ദുഃഖസത്യം നമ്മൾ വിസ്മരിക്കരുത്. ഇത് യു.ഡി.എഫ്.-ന്റെ ഒറ്റപ്പെട്ട മനോഭാവമാണെന്ന് നാം കാണരുത്. ഡൽഹി തെരഞ്ഞെടുപ്പിൽ ഇതിന്റെ ഏറ്റവും മോശപ്പെട്ട മാനസികാവസ്ഥയുടെ പ്രകാശനമാണ് നാം കണ്ടത്. രാഷ്ട്രീയ സംഘടനാ കാര്യങ്ങളാൽ വിജയസാധ്യതയുള്ള ഏതെങ്കിലും പത്തോ പതിനഞ്ചോ സീറ്റിൽ രാഷ്ട്രീയ സാന്നിധ്യമറിയിക്കാൻ ഇടതുപക്ഷം ചെയ്യുന്ന മാതൃകയിൽ ഒറ്റയ്ക്ക് മത്സരിക്കുകയും മറ്റ് സീറ്റുകളിൽ ബി.ജെ.പി.-യെ പരാജയപ്പെടുത്തുന്നതിനായി എ.എ.പി.-ക്ക്

വോട്ടുചെയ്യാൻ തയ്യാറാകുകയും ചെയ്തിരുന്നെങ്കിൽ ബി.ജെ.പി.-യുടെ പരാജയം ഉറപ്പിക്കാമായിരുന്നു എന്നാണ് തിരഞ്ഞെടുപ്പ് ഫലങ്ങൾ വ്യക്തമാക്കുന്നത്. എന്നാൽ കോൺഗ്രസ് വട്ടപൂജ്യമാകുമെന്ന് 100 ശതമാനം ഉറപ്പുള്ള ഒരു സംസ്ഥാനത്ത് ഇന്ത്യാമുന്നണി നേതാവും ബി.ജെ.പി.-യുടെ ബദ്ധവൈരിയുമായ ശ്രീ. അരവിന്ദ് കെജ്‌രിവാളിനെ രാജ്യദ്രോഹിയും വലിയ അഴിമതിക്കാരനുമായാണ് സാക്ഷാൽ കോൺഗ്രസിന്റെ വലിയ നേതാക്കൾപോലും വിശേഷിപ്പിച്ചതും അപഹസിച്ചതും. ഇക്കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ പരാജയം ഉറപ്പുവരുത്താൻ ഇന്ത്യാമുന്നണിക്ക് സാധിച്ചത് പ്രാദേശിക കക്ഷികളുടെ പിൻബലത്തിലും സഹകരണത്തിലും മാത്രമായിരുന്നു. ഈ യാഥാർഥ്യം അംഗീകരിക്കാനോ മനസ്സിലാക്കാനോ കോൺഗ്രസ് നേതൃത്വം ഇനിയും തയ്യാറാകുന്നില്ലെന്നതാണ് ഡൽഹി തിരഞ്ഞെടുപ്പ് ഫലം നമുക്ക് നൽകുന്ന പാഠം. 'ന്റപ്പപ്പാക്കൊരാനേണ്ടാർന്ന്' എന്ന മട്ടിൽ ഇപ്പോഴും നിഗളിച്ചു നടക്കുന്ന അവർക്ക് ഇപ്പോൾ ആനപ്പിണ്ടത്തിന്റെ വിലപോലുമില്ലെന്ന് മനസ്സിലാക്കണം. ബാബറി മസ്ജിദ് മുതൽ രാമക്ഷേത്ര നിർമ്മാണം വരെയുള്ള കോൺഗ്രസ് ചരിത്രമെന്ന് പറയുന്നത് ചതിയുടെയും സംഘ് പരിവാറിന് മതന്യൂനപക്ഷങ്ങളെ ചവിട്ടിയരയ്ക്കാൻ ഭൂമി പാകപ്പെടുത്തി നൽകിയതിന്റേതുമാണ്. ബാബറി മസ്ജിദിന്റെ mihrab-ൽ സംഘ് പരിവാർ പ്രതിഷ്ഠിച്ച വിഗ്രഹത്തെ സരയൂ നദിയിലേയ്ക്കെറിയാൻ കൽപ്പിച്ച ജവഹർലാൽ നെഹ്റുവിന്റെ പാരമ്പര്യത്തിലേയ്ക്ക് കോൺഗ്രസ് മടങ്ങാത്ത കാലത്തോളം ഇന്ത്യയിൽ സംഘ് പരിവാറിന് അർമാദിക്കാനും ആഹ്ലാദിക്കാനുമുള്ള വക ലഭിച്ചുകൊണ്ടിരിക്കും. ഡൽഹി ഇതിന്റെ അവസാനത്തെ

ഉദാഹരണമാണ്. 2011-16 കാലത്തെ സർക്കാരിന്റെ മൂലധന ചെലവ് വെറും 24505 കോടി രൂപയായിരുന്നെങ്കിൽ ഈ സർക്കാരിന്റെ മൂന്നുവർഷത്തെ മൂലധന ചെലവ് 41772 കോടി രൂപയും മുൻസർക്കാരിന്റെ അഞ്ച് വർഷത്തെ ചെലവ് 47650 കോടി രൂപയുമായിരുന്നെന്ന വസ്തുത നാം ഉൾക്കൊള്ളേണ്ടതുണ്ട്. കേന്ദ്ര നിലപാടിൽനിന്നും ശക്തമായ സാമ്പത്തിക വിവേചനം നാം നേരിടുന്നുവെന്നത് വളരെ വ്യക്തമായ യാഥാർഥ്യമാണ്. എന്നിട്ട് ബി.ജെ.പി.-യും പ്രതിപക്ഷവും പറയുന്നത് കേന്ദ്രസർക്കാരിന്റെ നയങ്ങളല്ല, സംസ്ഥാന സർക്കാരിന്റെ ധൂർത്താണ് സാമ്പത്തിക ഞെരുക്കത്തിന് കാരണം എന്നാണ്.

ദേശീയപാതാ വികസനം, വിഴിഞ്ഞം തുറമുഖ പദ്ധതി തുടങ്ങിയവ ഉൾപ്പെടെ വിസ്മയിക്കുന്ന രീതിയിൽ ദ്രുതഗതിയിൽ നടപ്പാക്കിയ വമ്പൻ വികസനങ്ങൾ മറച്ചുവയ്ക്കാൻ ചില മാധ്യമങ്ങളുടെ സഹകരണത്തോടെ പ്രതിപക്ഷം തീവ്രശ്രമം നടത്തിവരുന്ന സമയമാണിത്. ചലനാത്മകമായ സമൂഹസൃഷ്ടിക്ക് കൃത്യമായ ധന മാനേജ്മെന്റോടുകൂടിയ ചെലവഴിക്കൽ അത്യാവശ്യമാണ്. അതിനുതകുന്ന നിർദേശങ്ങൾ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ കൃത്യമായി അടയാളപ്പെടുത്തിയിട്ടുണ്ട്. വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്തിന്റെ വികസന കുതിപ്പുകളെ മുൻനിർത്തിക്കൊണ്ട് വോട്ടർമാരുടെ ചർച്ചയും പരിഗണനയും ഉണ്ടായാൽ നിശ്ചയമായും എൽ.ഡി.എഫ്.-ന് തിളങ്ങുന്ന വിജയം നേടാൻ സാധിക്കും. ഇക്കാര്യങ്ങളെല്ലാം മറ്റാരെക്കാളും അറിയുന്നത് യു.ഡി.എഫ്.-ന് ആയതുകൊണ്ടുതന്നെയാണ് അവർ അനാവശ്യ വിവാദങ്ങൾ സൃഷ്ടിച്ച് തടസ്സങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഒരു രാജ്യം മറ്റൊരു രാജ്യത്തിനെതിരെ സാമ്പത്തിക ഉപരോധം നടത്തുന്നതുപോലെ ഒരു യൂണിയൻ ഭരണകൂടം ഇവിടത്തെ ഒരു

സംസ്ഥാനത്തിനെതിരെ സാമ്പത്തിക ഉപരോധം തുടരുന്നത് എത്രമാത്രം ഭീതിജനകമാണ്. അതിനെ ന്യായീകരിക്കാൻ ശ്രമിക്കുന്ന ബി.ജെ.പി. നേതാക്കളുടെ തൊലിക്കട്ടി സമ്മതിക്കണം. കേന്ദ്ര ബജറ്റിൽ കേരളത്തിന് കാര്യമായ സഹായങ്ങളൊന്നും അനുവദിക്കാത്തതിനെക്കുറിച്ച് ചോദിച്ചപ്പോൾ അടുത്ത ബജറ്റവതരണത്തിന് അധികം സമയമില്ലെന്ന മറുപടി പറഞ്ഞ കേരളത്തിൽനിന്നുള്ള കേന്ദ്ര മന്ത്രിയെ നാം എന്തുപേരിട്ടാണ് വിളിക്കുക? കിഫ്ബി വഴി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി തുക ചെലവഴിച്ചതുകൊണ്ടാണ് കേരളത്തിന് സാമ്പത്തിക പ്രയാസം അനുഭവപ്പെടുന്നതെന്നും അങ്ങനെ തുക ചെലവഴിക്കേണ്ടതില്ലെന്ന് നേരത്തെ യു.ഡി.എഫ്. പറഞ്ഞതാണെന്നും അതെല്ലാം സ്വകാര്യ മേഖല നോക്കിക്കൊള്ളുമെന്നും പ്രതിപക്ഷ ഉപനേതാവ് കഴിഞ്ഞദിവസം സഭയിൽ പറഞ്ഞ വാക്കുകൾ എന്നെ അത്ഭുതപ്പെടുത്തി. വികസന പ്രവർത്തനങ്ങൾക്ക് തുക ചെലവഴിക്കുന്നതിനെ യു.ഡി.എഫ്. ഏത് കണ്ണിലൂടെയാണ് കാണുന്നത് എന്നതിന് വേറെ തെളിവിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

നമ്മുടെ സംസ്ഥാനത്ത് വളരെ ഗൗരവതരമായി ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ് ലഹരിയുടെ വ്യാപനം. ഏതാനും ദിവസങ്ങൾക്കുമുമ്പ് കോഴിക്കോട് ജില്ലയിലെ താമരശ്ശേരിയിൽ കാൻസർ രോഗിയായ സ്വന്തം മാതാവിനെ വെട്ടിക്കൊലപ്പെടുത്തിയ ഇരുപത്തിനാലുകാരൻ പോലീസിന് മൊഴി നൽകിയത് 'എന്നെ ജനിപ്പിച്ചതിനുള്ള ശിക്ഷ ഞാൻ നടപ്പാക്കി' എന്നാണ്. മാരകമായ കാൻസർ പിടിപെട്ട് ചികിത്സയിലായിരിക്കുമ്പോഴും കൂലിവേല ചെയ്ത് മകനെ പോറ്റി വളർത്തിയ അമ്മയ്ക്ക് മകൻ നടപ്പാക്കിയ ശിക്ഷ ലോക മനഃസാക്ഷിയെ ഞെട്ടിച്ചതാണ്. രണ്ടുദിവസം മുമ്പ് ഇതേ

പ്രദേശത്ത് ഒരു ഇരുപത്തിയേഴുകാരൻ സ്വന്തം ഭാര്യയെ കുത്തിക്കൊലപ്പെടുത്തി. രണ്ടുപേരും സുഹൃത്തുക്കളാണെന്നാണ് വാർത്തകളിലൂടെ അറിയാൻ സാധിച്ചത്. ഇതുപോലെ എത്ര വാർത്തകളാണ് ഓരോ ദിവസവും നാം കേൾക്കേണ്ടിവരുന്നത്. കൊലപാതക ശ്രമങ്ങൾ, സ്ത്രീപീഡനങ്ങൾ, വാഹനാപകടങ്ങൾ, കുടുംബ കലഹങ്ങൾ തുടങ്ങി ഓരോ സംഭവങ്ങൾക്ക് പിന്നിലും ലഹരിയുടെ പങ്ക് വ്യക്തമാണ്. ലഹരി സർവ തിന്മകളുടെയും താക്കോലാണെന്ന പ്രവചനങ്ങളെ അന്വർഥമാക്കുംവിധം സർവ കുറ്റകൃത്യങ്ങളിലും ലഹരി വില്ലനാണ്. കൂട്ടുകെട്ടുകളിലൂടെ കമ്പനികൂടി ആസ്വാദനത്തിനുവേണ്ടി തുടങ്ങുകയും പിന്നീടൊരിക്കലും ജീവിതത്തിലേയ്ക്ക് തിരിച്ചുവരാനാകാത്തവിധം ദുരന്തങ്ങളിൽ അകപ്പെടുകയും ചെയ്യുന്ന എത്രയെത്ര ലഹരി ജീവിതങ്ങളുണ്ട്. കൂട്ടുകെട്ടുകളും സൗഹൃദങ്ങളും നന്മയുടെ വഴികളെക്കാൾ ഏറെ തിന്മയുടെ വഴികളിലേയ്ക്കാണ് പുതുതലമുറയെ നയിച്ചുകൊണ്ടിരിക്കുന്നത്. ഈ രംഗത്ത് അതിശക്തമായ നിയമ നടപടികൾ കൊണ്ടുവരാൻ സാധിച്ചെങ്കിൽ മാത്രമെ ഇതിനെ തടയിടാൻ സാധിക്കുകയുള്ളൂവെന്ന് സാന്ദർഭികമായി സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[1.00 PM]

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ഇന്നത്തെ ദിവസത്തിന്റെ പ്രാധാന്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. നാം ഇന്ന് കാണുന്ന കേരളത്തെ രൂപപ്പെടുത്തുന്നതിൽ മുഖ്യപങ്ക് വഹിച്ച കേരള ശില്പി സഖാവ്

ഇ.എം.എസ്.-ന്റെ ഓർമ്മ ദിനമാണ് ഇന്ന്. ആ ഓർമ്മകൾക്കുമുന്നിൽ ഒരുപിടി പൂക്കൾ അർപ്പിക്കുന്നു.

യഥാർഥത്തിൽ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ കൂടുതൽ നികുതി നിർദേശങ്ങൾ ഉണ്ടാകുമെന്നായിരുന്നു ജനങ്ങൾ പൊതുവെ പ്രതീക്ഷിച്ചത്. കാരണം കേന്ദ്ര സർക്കാർ നമ്മുടെ സംസ്ഥാനത്തോട് സ്വീകരിക്കുന്ന ശത്രുതാപരമായ നിലപാടിന്റെ ഫലമായി കേരളത്തിന് മുന്നോട്ടുപോകണമെങ്കിൽ കൂടുതൽ നികുതി ചുമത്തേണ്ടി വരുമെന്നതന്നെയാണ് പ്രതീക്ഷിച്ചിരുന്നത്. ആ പ്രതീക്ഷകൾക്ക് അപ്പുറത്തേയ്ക്ക് ജനങ്ങളുടെ മേൽ വലിയ നികുതിഭാരം ഏൽപ്പിക്കാതെ, ഏറ്റവും ശരിയായ രീതിയിലുള്ള നിലപാട് സ്വീകരിച്ച ഒരു ബജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. അതിനായി കണ്ടെത്തിയ മാർഗങ്ങളെക്കുറിച്ച് അദ്ദേഹം ഇവിടെ വിശദീകരിച്ചു. കോടതി ഫീസ് പരിഷ്കരണത്തിലൂടെ 150 കോടി രൂപയുടെ അധികവരുമാനമാണ് പ്രതീക്ഷിക്കുന്നത്. അതു സംബന്ധിച്ച് കോടതി ഫീസ് പരിഷ്കരണ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള തീരുമാനങ്ങൾ, വാഹനങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള സമീപനം ഇവയെല്ലാം എടുത്തുപറയേണ്ടവയാണ്. നമ്മുടെ സംസ്ഥാനത്ത് വലിയ തോതിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആർക്കും ഒരു ബുദ്ധിമുട്ടും പ്രയാസവും വരാത്ത രീതിയിലുള്ള നികുതിയാണ് കണ്ടെത്തിയിട്ടുള്ളത്. യഥാർഥത്തിൽ നമ്മുടെ സംസ്ഥാനത്തോട് കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ സംബന്ധിച്ച് ഗൗരവ ബുദ്ധിയോടെ വിശദമായ പരിശോധന നടത്താൻ നിർഭാഗ്യവശാൽ സഭയ്ക്കകത്തുപോലും പ്രതിപക്ഷം തയ്യാറാകുന്നില്ല. നമ്മുടെ സംസ്ഥാനത്തിന് വായ്പ

എടുക്കാനുള്ള പരിധി പോലും കേന്ദ്രസർക്കാർ നിശ്ചയിക്കുകയുണ്ടായി. എന്നാൽ കേന്ദ്രസർക്കാരിന്റെ മൊത്തം കടം എത്ര രൂപയാണെന്ന് ചിന്തിച്ചിട്ടുണ്ടോ; 171.78 ലക്ഷം കോടി രൂപയാണ് കേന്ദ്രസർക്കാരിന്റെ കടം. എല്ലാ സംസ്ഥാനങ്ങൾക്കും കൂടിയുള്ള മൊത്തം കടം 52.8 ലക്ഷം കോടി രൂപയാണ്. കേന്ദ്രത്തിന്റെ മൊത്തം കടം 77 ശതമാനമാണ്. സംസ്ഥാനങ്ങളുടെ മൊത്തം കടം 23 ശതമാനവും. അങ്ങനെയുള്ള ഒരു രാജ്യത്താണ് നമുക്ക് വായ്പയെടുക്കാനുള്ള അവകാശത്തെ, 4 ശതമാനമെന്നത് വെട്ടിച്ചുരുക്കി 3 ശതമാനമാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചത്. കേന്ദ്രത്തെ സംബന്ധിച്ചിടത്തോളം കടം ഉയരേണ്ട ഒരു സാഹചര്യവും വന്നിട്ടില്ല. ഏതെല്ലാം നിലയിലുള്ള വരുമാനമാണ് ലഭിക്കുന്നത്; സെസ്സ്, സർചാർജ്ജുകളുടെ വർധന, ഓഹരി വിറ്റഴിക്കൽ, പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കൽ, റിസർവ് ബാങ്കിന്റെ ലാഭം ഊറ്റിയെടുക്കൽ, സബ്സിഡികൾ വെട്ടിക്കുറയ്ക്കൽ, കൃഷി, വിദ്യാഭ്യാസം, ചികിത്സ, തൊഴിലുറപ്പ് പദ്ധതി എന്നീ ഇനങ്ങളുടെയെല്ലാം തുക വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ വിവിധ സർവീസുകളിലായുള്ള പത്ത് ലക്ഷത്തോളം ഒഴിവുകൾ നികത്താതെ, അവിടെ പുതിയ നിയമനങ്ങളൊന്നും നടത്താതെ പെൻഷനുമായി ബന്ധപ്പെട്ട ചെലവ് വെട്ടിക്കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. കേന്ദ്ര സർക്കാർ നമ്മുടെ രാജ്യത്ത് എത്രതരം നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് യാഥാർഥ്യ ബോധത്തോടുകൂടി നമുക്ക് മനസ്സിലാക്കാൻ കഴിയേണ്ടതുണ്ട്.

കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയെ ഈ അവസരത്തിൽ ഒരിക്കൽകൂടി പ്രത്യേകം അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ജി.എസ്.ടി.

പിരിച്ചെടുക്കുന്നതിൽ ഇത്രയധികം ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് ഇന്റലിജൻസ് വിഭാഗം കാണിച്ചിട്ടുള്ള ശ്രദ്ധ സ്തുത്യർഹമാണ്. സർക്കാരിനെ എതിർക്കുന്ന മാധ്യമങ്ങൾപോലും അക്കാര്യം അംഗീകരിച്ചിട്ടുള്ളതാണ്. ഏതെല്ലാം പുതിയ മാർഗങ്ങളിലൂടെയാണ് ഈ സംവിധാനം ശക്തമാക്കിയത്. ആക്രി, റസ്റ്റോറന്റുകൾ, റെഡി മിക്സ് കോൺക്രീറ്റ്, ബ്യൂട്ടി പാർലർ, അടയ്ക്ക, പ്ലൈവുഡ് എന്നീ മേഖലകളിലെല്ലാം ജി.എസ്.ടി. വകുപ്പ് നടത്തിയ പരിശോധന ചെറുതാണോ; അതിശക്തമായ ഇടപെടലിലൂടെ ഇന്റലിജൻസ് വിഭാഗം 450 കോടി രൂപയാണ് ഖജനാവിൽ എത്തിക്കാൻ തയ്യാറാക്കിയിട്ടുള്ളത്. ജി.എസ്.ടി. കൗൺസിൽ ഇതു സംബന്ധിച്ച് എന്താണ് സൂചിപ്പിച്ചത്? ഇന്റലിജൻസിന്റെ പ്രവർത്തനത്തിൽ ഏറ്റവും മികച്ച പങ്കുവഹിച്ചിട്ടുള്ളതും നല്ല പ്രകടനം കാഴ്ചവച്ചിട്ടുള്ളതുമായ സംസ്ഥാനം കേരളമാണെന്നാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങൾ കേരളത്തെ കണ്ട് പഠിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിന്റെ ജി.എസ്.ടി. ഡിപ്പാർട്ടുമെന്റ് പരാമർശിക്കുന്ന നിലയിലേക്ക് കേരളം എത്തിയില്ലേ. എന്നിട്ടും കേരളത്തിൽ ശരിയായ രീതിയിൽ നികുതി പിരിവ് നടത്തുന്നില്ലെന്ന് പരാമർശിച്ചുകൊണ്ട് ആക്ഷേപിക്കാനാണ് പ്രതിപക്ഷം തയ്യാറാകുന്നത്. 2025 ജനുവരി മാസം 583 കേസുകളിലായി 674 കോടി രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തിയത്. അതിൽ 405.67 കോടി രൂപ നികുതിയിനത്തിൽ ഈടാക്കാൻ കഴിഞ്ഞില്ലേ; സ്വർണ്ണത്തിന്റെ ജി.എസ്.ടി. പിരിക്കുന്നില്ലെന്ന് സൂചിപ്പിച്ചത് വസ്തുതയുമായി ബന്ധപ്പെട്ട കാര്യമാണോ? ആക്രി, സ്വർണ്ണം, ഹോട്ടൽ തുടങ്ങിയ മേഖലകളിൽ നടത്തിയിട്ടുള്ള പരിശോധനയുടെ ഭാഗമായല്ലേ വലിയ തോതിലുള്ള നികുതി വെട്ടിപ്പ് കണ്ടെത്താൻ കഴിഞ്ഞത്; ഇതിന്മേൽ അറസ്റ്റ് ഉൾപ്പെടെയുള്ള

നടപടികൾ സ്വീകരിച്ചില്ലേ; വ്യാജ ബില്ലുകൾ ഉപയോഗിച്ചതിന്റെ ഭാഗമായുള്ള ഐ.റ്റി.സി. ഫ്രോഡ് കേസുകൾ കണ്ടെത്താൻ ശക്തമായ നടപടി സ്വീകരിച്ചില്ലേ. ഇതെല്ലാം കേരളത്തിലെ ധനകാര്യ വകുപ്പ് നമ്മുടെ വരുമാനം ഉയർത്താൻവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങളാണ്. ബില്ലിന്റെ ഉള്ളടക്കത്തിൽ നിന്നുകൊണ്ട് സംസാരിക്കുമ്പോൾ ഇക്കാര്യങ്ങൾ കാണാതെ പോകാൻ കഴിയുമോ. ഏറ്റവും സൗഹൃദപരമായ ഒരു വ്യാപാര മേഖല നിലനിൽക്കുന്ന സംസ്ഥാനമായി കേരളം മാറിയില്ലേ? വ്യാപാരി സമൂഹത്തിന് ഏതെങ്കിലും തരത്തിൽ ഒരു ശക്തമായ പരാതി ഉന്നയിക്കാൻ കഴിയുന്നുണ്ടോ. 2024-ൽ ആംനെസ്റ്റി സ്കീം നടപ്പാക്കി. അൻപതിനായിരം രൂപയിൽ താഴെ നികുതി കുടിശ്ശികയുണ്ടായിരുന്ന കേരളത്തിലെ 22,941 ചെറുകിട വ്യാപാരികളുടെ കുടിശ്ശിക എഴുതിത്തള്ളാൻ ഈ സർക്കാർ തയ്യാറായില്ലേ; ഒരു ഭാഗത്ത് ചെറുകിട കച്ചവടക്കാർക്കും വ്യാപാരികൾക്കും പരമാവധി ആശ്വാസം കൊടുക്കാനുള്ള നടപടി സ്വീകരിക്കാനും മറുഭാഗത്ത് ജനങ്ങളുടെ തലയിലേക്ക് വീണ്ടും പുതിയ ഭാരങ്ങൾ ഏൽപ്പിക്കാതെ കേരളത്തെ മുന്നോട്ട് കൊണ്ടുപോകാനും സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ചെറുതാണോ? കേരളത്തിൽ ഒരു തരത്തിലുള്ള വികസനവും നടക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട കോവളം അംഗം സൂചിപ്പിക്കുകയുണ്ടായി. അതെങ്ങനെ പറയാൻ കഴിയും? ഇവിടെ വികസനം നടക്കുന്നില്ലെന്ന് പറഞ്ഞ് ആക്ഷേപിച്ച ആശാന്മാരുടെ നിയോജകമണ്ഡലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ ഈ അടുത്ത ദിവസം കാണാനിടയായി. ബഹുമാനപ്പെട്ട അങ്കമാലി അംഗത്തിന്റെ നിയോജകമണ്ഡലത്തിൽ അദ്ദേഹം നാട്ടിൽ നടത്തിയ വികസന പ്രവത്തനങ്ങൾക്ക് മുൻകൈയെടുത്തത് സംബന്ധിച്ച ബോർഡായിരുന്നു സ്ഥാപിച്ചിരുന്നത്.

ഹരിപ്പാട് അടക്കം എല്ലാ പ്രതിപക്ഷാംഗങ്ങളുടെയും ഭരണപക്ഷാംഗങ്ങളുടെയും നിയോജക മണ്ഡലങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കാരണം നാം കേരളീയരാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട കുണ്ടറ അംഗത്തിന് തന്റെ നിയോജകമണ്ഡലത്തിന് ലഭിച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയാമല്ലോ. അവിടെ അദ്ദേഹത്തിന് പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ടതില്ല. ഫണ്ട് നേരത്തെ ലഭ്യമായതുകൊണ്ട് അതെല്ലാം നടപ്പാക്കിയാൽ മതിയാകും. എല്ലാ നിയോജകമണ്ഡലങ്ങളിലും ഇതേ സ്ഥിതി തന്നെയാണുള്ളത്. എന്നിട്ട് യാതൊരു ഉളുപ്പുമില്ലാതെയാണ് കേരളത്തിൽ എവിടെയാണ് വികസനമെന്ന് ബഹുമാനപ്പെട്ട കോവളം അംഗം ചോദിക്കുകയാണ്. കേരളത്തിൽ ഇതുപോലെ വികസനം നടന്ന കാലം ഏതാണ്; നാഷണൽ ഹൈവേ, മലയോര ഹൈവേ, തീരദേശ ഹൈവേ, റോഡുകൾ, പാലങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിങ്ങനെ ചിന്തിക്കാൻ കഴിയുന്ന നിലയിലുള്ള കാര്യങ്ങളോണോ. ഇത് കേരളത്തിലാകെ വന്നിട്ടുള്ള വികസന പ്രവർത്തനങ്ങളല്ലേ. നമുക്ക് സാമ്പത്തികമായി പ്രയാസങ്ങളും ഞെരുക്കങ്ങളുമുണ്ടെന്ന് പറയുമ്പോഴും കേരളത്തിന്റെ വികസന പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന തരത്തിലുള്ള എന്തെങ്കിലും നടപടികളുണ്ടായിട്ടുണ്ടോ; കേരളം മുന്നേറുകയല്ലേ. സംസ്ഥാനത്തിന്റെ തനത് വരുമാനം വർധിപ്പിച്ചുകൊണ്ട് നമ്മൾ ഈ പ്രതിസന്ധി മുറിച്ചുകടക്കാൻ ശ്രമിക്കുകയാണ്. എല്ലാ അർഥത്തിലും കേന്ദ്ര സർക്കാർ നമ്മെ വരിഞ്ഞുകെട്ടാൻ ശ്രമിക്കുമ്പോൾ കേരളത്തിന് മുന്നോട്ട് പോകണ്ടേ? ജനങ്ങളുടെ തലയിൽ ഭാരം ഏൽപ്പിക്കാതെ അതിനാവശ്യമായ തുക കണ്ടെത്തേണ്ടതല്ലേ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിനുവേണ്ടിയുള്ള ഏറ്റവും കൃത്യമായ ഇടപെടലാണ് നടത്തിയിട്ടുള്ളത്.

ഈ സഭാ സമ്മേളനത്തിൽ നിരന്തരമായി പ്രസംഗത്തിൽ ഉൾപ്പെടുത്തുന്ന വിഷയമാണ് ആശാ വർക്കർമാരുടെ സമരവുമായി ബന്ധപ്പെട്ട പ്രശ്നം. സുഹൃത്തുക്കളേ, നിങ്ങൾക്ക് എങ്ങനെയാണ് ഇത് പറയാൻ തോന്നുന്നത്. യു.ഡി.എഫ്. ഭരിച്ചിരുന്ന കാലഘട്ടത്തിൽ ഇതിനെക്കുറിച്ചൊക്കെ നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണകാലത്ത് ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്തിരുന്നത് ശ്രീ. വി. എസ്. ശിവകുമാർ ആയിരുന്നു. അവർക്ക് 5000 രൂപ ഓണറേറിയം കൊടുക്കുമെന്ന് പറഞ്ഞിട്ട് കൊടുത്തോ; അത് വാങ്ങിക്കൊടുത്തിട്ടാണ് ഇത് പറഞ്ഞിരുന്നതെങ്കിൽ മനസ്സിലാക്കാമായിരുന്നു.

നിങ്ങളുടെ ഭരണകാലത്ത് ഈ പാവങ്ങൾക്ക് എത്ര രൂപയാണ് കൊടുത്തിട്ടുള്ളത്. 7,000 രൂപ ഓണറേറിയം നൽകുന്നത് വലിയ തുകയാണെന്ന് ഞങ്ങൾ ഇവിടെ പറഞ്ഞിട്ടില്ല. പക്ഷേ ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ഇല്ലാത്ത നിലയിൽ ഇവിടെ അവർക്ക് തുക കൊടുക്കുകയല്ലേ ചെയ്തത്. കേന്ദ്ര ഗവൺമെന്റ് ഈ തുക വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിനെതിരെ, അവിടെയല്ലേ നമ്മൾ ഒന്നിച്ച് ശക്തമായി സമരം ചെയ്യുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്യേണ്ടത്. നിങ്ങൾ പറയുന്നത് കേട്ടാൽ 26000-ത്തോളം ആശാ വർക്കർമാർ ഇവിടെ വന്ന് സമരം ചെയ്യുകയാണെന്ന് തോന്നും. ഏതാണ്ട് ആയിരത്തിൽ താഴെ (500-നും 1000-നും ഇടയിൽ) ആൾക്കാർ മാത്രമെ സമരം ചെയ്യുന്നവരിൽ ഉൾപ്പെടുന്നുള്ളൂ. ഇന്ത്യൻ നാഷണൽ ട്രേഡ് യൂണിയൻ കോൺഗ്രസ് (ഐ.എൻ.ടി.യു.സി.) ഈ സമരത്തിന് എതിരാണ്. നിങ്ങൾ ഇവിടെ സംസാരിക്കുമ്പോൾ ഇക്കാര്യങ്ങൾ മനസ്സിലാക്കണം. ഐ.എൻ.ടി.യു.സി. അടക്കമുള്ള ട്രേഡ് യൂണിയൻ

പ്രസ്ഥാനങ്ങളൊന്നും ഈ സമരത്തോട് യോജിക്കുന്നില്ല. പക്ഷേ ഇടതുപക്ഷത്തിനെതിരെ ആരൊക്കെ എന്തെല്ലാം പറഞ്ഞാലും നിങ്ങൾ അവരെ പ്രോത്സാഹിപ്പിക്കുന്ന നിലപാട് സ്വീകരിക്കുകയാണ്. നിങ്ങളുടേത് മുതലക്കണ്ണീരാണ്. നിങ്ങൾ ഇവിടെ നേരത്തെ അങ്കണവാടി ജീവനക്കാരുടെ കാര്യം സൂചിപ്പിച്ചു. പണിയെടുക്കുന്ന തൊഴിലാളികളെ കൊണ്ടുവന്ന് സമരം ചെയ്യിപ്പിച്ച് അവരെക്കൊണ്ട് ഗവൺമെന്റിനെതിരായ വികാരമുണ്ടാക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്. എന്നാൽ അവരിൽ മഹാഭ്രൂരിപക്ഷവും ഇടതുപക്ഷ പ്രസ്ഥാനങ്ങളിൽ ഉള്ളവർ തന്നെയാണെന്ന വസ്തുത നിങ്ങൾ മനസ്സിലാക്കണം. ക്ഷേമനിധിയായാലും പെൻഷനായാലും അങ്കണവാടി ജീവനക്കാർക്ക് എല്ലാം കൊടുത്തിട്ടുള്ളത് ഏതു ഗവൺമെന്റാണെന്ന് അവർക്ക് നന്നായി അറിയാം. നിലവിൽ അവർക്ക് പെൻഷൻ നൽകുന്നതിന് പത്തുകോടി രൂപ കൂടി അനുവദിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. ക്ഷേമനിധിയിലെ അംശദായത്തിന്റെ കുറവുകൊണ്ട് അവർക്ക് അർഹമായ വിഹിതം കൃത്യമായി ലഭ്യമാകാത്തതുകൊണ്ട് കാര്യങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യത്തിൽ കുടിശ്ശിക ഉണ്ടായിരുന്നുവെങ്കിലും ആ കുടിശ്ശികയുൾപ്പെടെ കൊടുത്തു തീർക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അതുകൊണ്ട് ഇങ്ങനെയുള്ളവരെ തെറ്റിദ്ധരിപ്പിച്ച് ഈ ഗവൺമെന്റിന് എതിരായി തിരിക്കാമെന്ന് വിചാരിച്ചാൽ അത് വിജയിക്കാൻ പോകുന്നില്ലെന്ന് വീണ്ടും ഓർമ്മപ്പെടുത്തിക്കൊണ്ട് എന്റെ പ്രസംഗം നിർത്തുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ധനകാര്യ ബില്ലിനെ ഞാൻ എതിർക്കുന്നു. ഏതൊരു പദ്ധതിയും ആവിഷ്കരിക്കേണ്ടത് ഏറ്റവും പാവപ്പെട്ടവനെ അത് എങ്ങനെ ബാധിക്കുമെന്ന് മുന്നിൽ കണ്ടുകൊണ്ടായിരിക്കണമെന്നാണ് രാഷ്ട്രപിതാവ് മഹാത്മാഗാന്ധി പറഞ്ഞിട്ടുള്ളത്.

എന്നാൽ ഇവിടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിലെ ധനകാര്യ mismanagement-ന്റെ ഫലമായി ബലിയാടാവുന്നത് സാധാരണക്കാരും പാവപ്പെട്ടവരുമാണ്. അവർ ഏത് ആവശ്യത്തിന് വേണ്ടിയാണോ ഒരു സർക്കാരിനെ പുലർത്തിപോകുന്നത് ആ ആവശ്യങ്ങൾക്കൊന്നും ഇന്ന് പണമില്ല. ക്ഷേമ പെൻഷൻ, സപ്ലൈകോയിലെ അവശ്യവസ്തുക്കൾ, ആശുപത്രി സേവനങ്ങൾ, തുടങ്ങിയവയ്ക്ക് സർക്കാരിൽനിന്നും ലഭിക്കേണ്ട തുക ഇപ്പോഴും കുടിശ്ശികയാണ്. 2022-23-ലെ ദേശീയ സർവെ പ്രകാരം ഗ്രാമങ്ങളിലും നഗരങ്ങളിലും ഏറ്റവും കൂടുതൽ അസമത്വം നിലനിൽക്കുന്ന സംസ്ഥാനം കേരളമാണ്. നബാർഡിന്റെ സർവെ പ്രകാരം ഇന്ത്യയിൽ സമ്പാദ്യമില്ലാത്ത കുടുംബങ്ങൾ ഏറ്റവും കൂടുതലുള്ളതും കേരളത്തിലാണ്. ഒരു വിഭാഗം ജനങ്ങൾ പാവപ്പെട്ടവരായി മാറിക്കൊണ്ടേയിരിക്കുന്നു. സി. & എ.ജി.-യുടെ കഴിഞ്ഞ വർഷത്തെ റിപ്പോർട്ടിൽ സംസ്ഥാന ബജറ്റിനെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത് 'യാഥാർഥ്യബോധമില്ലാത്ത ബജറ്റാണ് അവതരിപ്പിച്ചതെന്നും കടം വാങ്ങുന്നതിന്റെ 98 ശതമാനവും വികസന പ്രവർത്തനങ്ങൾക്ക് നീക്കിവയ്ക്കാതെ കടം വീട്ടുന്നതിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്' എന്നുമാണ്. പൊതുവിഭവങ്ങളുടെ സമാഹരണവും അതിലെ വിന്യാസവും തമ്മിലുള്ള പൊരുത്തക്കേടാണ് ഇതിന്റെ അടിസ്ഥാന കാരണം. ഈ ഗവൺമെന്റ് ശമ്പളം, പെൻഷൻ, പലിശ എന്നിവ മാത്രമാണ് ഉറപ്പുവരുത്തുന്നത്. ഇത് മൊത്തം വരുമാനത്തിന്റെ 67.27 ശതമാനം വരും. കേരളത്തിന്റെ തനത് വരുമാനത്തിന്റെ 62 ശതമാനത്തോളം സമാഹരിക്കപ്പെടുന്നത് മദ്യം, ഭാഗ്യക്കുറി, പെട്രോളിയം ഉൽപന്നങ്ങൾ, മോട്ടോർ വാഹനങ്ങൾ എന്നീ നാല് ഇനങ്ങളിൽ നിന്നാണ്. പാവപ്പെട്ടവൻ ഇത്രമാത്രം പൊതു വിഭവങ്ങൾ ഖജനാവിൽ എത്തിക്കുന്ന മറ്റൊരു

സംസ്ഥാനം ഇന്ത്യയിലില്ല. ഈ പണം ശമ്പളത്തിന്റെയും പെൻഷന്റെയും രൂപത്തിൽ എത്തിച്ചേരുന്നത് മധ്യവർഗത്തിന്റെയും സമ്പന്ന വർഗത്തിന്റെയും പോക്കറ്റിലേക്കാണ്. ആഡംബര ഉപഭോഗ വസ്തുക്കൾ വിൽക്കുന്ന ഇവരുടെ മാളുകൾ കൊള്ളലാഭം ഉണ്ടാക്കുമ്പോൾ സാധാരണക്കാരന്റെ കടകൾ പൂട്ടിപ്പോകുന്നു. എന്നാൽ ഈ ഗവൺമെന്റ് ഇന്നലെവരെ പറഞ്ഞത് സംസ്ഥാനത്തിന് വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടെന്നാണ്. വികസന പ്രവർത്തനങ്ങൾ നിശ്ചലമായി, ക്ഷേമപെൻഷനും മെഡിക്കൽ ആനുകൂല്യങ്ങളും വൃഥാ വാക്കായി. ക്ഷേമപെൻഷൻ ഇനത്തിൽ നൽകുന്ന തുകയിൽ നയാപൈസപോലും വർധിപ്പിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എസ്.സി./എസ്.ടി. വിഭാഗത്തിന്റെ ആനുകൂല്യങ്ങൾ, പിന്നാക്ക വിഭാഗത്തിന്റെ സ്കോളർഷിപ്പ് തുടങ്ങി എല്ലാ കാര്യങ്ങൾക്കും കടിഞ്ഞാണിട്ടു. ഇതിനെല്ലാമുള്ള കാരണം സാമ്പത്തിക പ്രതിസന്ധിയാണ്. ഈ സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി ബജറ്റിന്റെ അൻപത് ശതമാനം വെട്ടിക്കുറയ്ക്കേണ്ടി വന്നിട്ടും ഇപ്പോഴും ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് കേരളം ധനപ്രതിസന്ധിയിൽനിന്ന് കരകയറി, ടേക്ക് ഓഫിന് തയ്യാറായി നിൽക്കുകയാണ് എന്നാണ്. എങ്കിൽപ്പിന്നെ എന്തിനാണ് ഇവിടെ അവതരിപ്പിച്ച ഈ ധനകാര്യ ബില്ലിൽ സാധാരണക്കാരുടെ മേൽ വിവിധ ഇനങ്ങളിൽ ഇത്ര അധികം ഫീസും നികുതിയും ചുമത്തുന്നത്? ഇതിനർഥം സാമ്പത്തിക ഞെരുക്കം തുടരുന്നുവെന്നാണ്. ഈ അവസ്ഥ തുടർന്നാൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 360 ബാധകമാകുമെന്ന് ധനകാര്യ വകുപ്പുമന്ത്രി ഭയപ്പെടുന്നു. ആർട്ടിക്കിൾ 360-ൽ പറയുന്നത് വായിക്കാം.

"(1) If the President is satisfied that a situation has arisen whereby the financial

stability or credit of India or of any part of the territory thereof is threatened, he may by a Proclamation make a declaration to that effect."

അങ്ങനെയൊരു proclamation വന്നാൽ താഴപ്പറയുന്ന വ്യവസ്ഥ ബാധകമാകും.

".....(4) Notwithstanding anything in this Constitution—

(a) any such direction may include—

(i) a provision requiring the reduction of salaries and allowances of all or any class of persons serving in connection with the affairs of a State;...."

ഈ വ്യവസ്ഥ വരുമെന്ന് ഭയപ്പെടുന്നതുകൊണ്ടാണ് ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറിയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവകാശപ്പെടുന്നത്. ഭരണഘടനയിലെ ആർട്ടിക്കിൾ 207-ൽ പറയുന്നത്, ഇങ്ങനെ ഒരു ബിൽ അവതരിപ്പിക്കുമ്പോൾ ഗവൺമെന്റിന്റെ റെക്കമൻഡേഷൻ വേണമെന്നാണ്. ആർട്ടിക്കിൾ 199-ലാണ് Money Bill-ന്റെ നിർവചനമുള്ളത്. അതിൽ (a) മുതൽ (f) വരെ പറയുന്ന കാര്യങ്ങൾ ബില്ലിൽ ഉണ്ടെങ്കിൽ അതിന് ഗവർണ്ണറുടെ റെക്കമൻഡേഷൻ മുൻകൂട്ടി വേണമെന്നാണ് പറയുന്നത്. നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ പുറപ്പെടുവിച്ച ബുള്ളറ്റിൻ നമ്പർ: 616-ൽ പറയുന്നത്, 'The Governor has made necessary recommendation under Article 207(1) of the Constitution of India in respect of the above Bill' എന്നാണ്. ഇത് പുറപ്പെടുവിച്ചിരിക്കുന്ന 2025 മാർച്ച് മാസം 12-ാം തീയതി തന്നെ ഗവർണ്ണറുടെ റെക്കമൻഡേഷൻ ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണം. എന്തുകൊണ്ടാണ് ഈ

ബുള്ളറ്റിനിൽ അതിന്റെ തീയതി രേഖപ്പെടുത്താത്തതെന്നും പരിശോധിക്കേണ്ടതാണ്. സംസ്ഥാനത്ത് എല്ലാ കാര്യങ്ങൾക്കും നികുതി വർധിപ്പിച്ചു. ഈ ബില്ലിന്റെ 1 മുതൽ 31 വരെയുള്ള പേജുകളിൽ കോടതികളിൽ എത്തുന്നവരുടെ മേൽ ചുമത്തുന്ന അധിക ഫീസിനെക്കുറിച്ചും മറ്റുമാണ് നിർദേശിച്ചിട്ടുള്ളത്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഞാൻ മുമ്പൊരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. ഫീസും മറ്റും നൂറിരട്ടി വർധിപ്പിക്കുന്നത് മനസ്സിലാക്കാം. പക്ഷേ ഇത് ഇരുന്നൂറും മുന്നൂറും ഇരട്ടിയായി വർധിപ്പിക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 39A-യുടെ ലംഘനമാണ്. ആർട്ടിക്കിൾ 39A വളരെ വ്യക്തമായി പറയുന്നത്, "The State shall secure that the operation of the legal system promotes justice, on a basis of equal opportunity, and shall, in particular, provide free legal aid, by suitable legislation or schemes or in any other way, to ensure that opportunities for securing justice are not denied to any citizen by reason of economic or other disabilities." എന്നാണ്. ഇവിടെ എന്താണ് ചെയ്യുന്നത്; ഭരണഘടനയുടെ ഈ ആർട്ടിക്കിളിന് വിരുദ്ധമായിട്ടാണ് സാമ്പത്തികമായി ഒരുപാട് നികുതികളും ഫീസുകളും അടിച്ചേൽപ്പിക്കുന്നത്. ഇവിടെ ഭൂനികുതിയും വാഹന നികുതിയും വില്പന നികുതിയും മറ്റ് നിരവധി നികുതികളും കുത്തനെ വർധിപ്പിച്ചു. എന്നിട്ടും ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് വളരെ ചുരുങ്ങിയ തോതിലാണ് നികുതി വർധിപ്പിച്ചതെന്നാണ്. അതുകൊണ്ടാണ് ഈ ബില്ലിലെ നികുതി നിർദേശങ്ങളെ ഞാൻ എതിർക്കുന്നത്.

കായിക വകുപ്പിന്റെ കീഴിൽ ഓരോ പഞ്ചായത്തിനും ഓരോ കളിക്കളം നിർമ്മിക്കുമെന്ന് പറഞ്ഞെങ്കിലും അത് വാഗ്ദാനം മാത്രമായി മാറിയിരിക്കുന്നു. പ്രസ്തുത പദ്ധതി

നടപ്പാക്കിയിട്ടില്ലെന്ന് കഴിഞ്ഞ ആഴ്ച ശ്രീ. നജീബ് കാന്തപുരം സൂചിപ്പിച്ചിരുന്നു. എന്നാൽ അതിന് മറുപടി നൽകാതെ ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രി ക്രിമിനൽ കേസുകളിലെ പ്രതികൾ ലീഗുകാരാണെന്ന് ആക്ഷേപിക്കുകയാണ് ചെയ്തത്. എന്ത് അടിസ്ഥാനത്തിലാണ് അങ്ങ് ഇങ്ങനെ പറഞ്ഞത്? ഞാൻ ഇവിടെ മാർക്സിസ്റ്റ് പാർട്ടിയിൽപ്പെട്ട പ്രതികളുടെ കണക്ക് പറയുന്നില്ല. അക്കാര്യം ഓർക്കുന്നത് നല്ലതാണ്. സി.പി.ഐ(എം.)-ന്റെ കൊല്ലം സമ്മേളനത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഉയർത്തിയ കൊടിയുടെ നിറം ആദർശ വ്യതിയാനത്തിന്റെയും കമ്മ്യൂണിസ്റ്റ് മൂല്യശോഷണത്തിന്റെയും പേരിൽ മങ്ങിയെന്ന് മലപ്പുറം എം.എൽ.എ. ശ്രീ. പി. ഉബൈദുള്ള പറഞ്ഞപ്പോൾ ഭാഷ മനസ്സിലാകാത്തതുകൊണ്ടാണോ എന്നറിയില്ല, ആരോഗ്യ വകുപ്പുമന്ത്രി അദ്ദേഹത്തിന് നേരെ വിമർശനവുമായി മുന്നോട്ടുവന്നു. ബാബറി മസ്ജിദിന്റെ പേര് പറഞ്ഞുകൊണ്ടാണ് ലീഗിനെ വിമർശിച്ചത്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഉത്ഭവിച്ച രാജ്യത്ത് ഇന്ന് ചെങ്കൊടി ഇല്ല. ഇത് സംഭവിച്ചിരിക്കുന്നത് മോസ്കോയിലോ വിയറ്റ്നാമിലോ അല്ല; പടിഞ്ഞാറൻ ബംഗാളിലാണ്. മൂന്നര പതിറ്റാണ്ട് തുടർച്ചയായി ഇവർ ഭരിച്ചിട്ടും കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഒരു സി.പി.ഐ.(എം) സ്ഥാനാർഥിപോലും ജയിച്ചില്ലെന്ന് മാത്രമല്ല, ഒരു സി.പി.ഐ.(എം) സ്ഥാനാർഥിക്കുപോലും കെട്ടിവച്ച തുക ലഭിച്ചില്ല. അതുകൊണ്ട് തുടർഭരണം സ്വപ്നം കാണുന്ന ഇവിടത്തെ എല്ലാ ഭരണപക്ഷാംഗങ്ങളും ആരോഗ്യ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും അക്കാര്യം മനസ്സിൽ വയ്ക്കുന്നത് നല്ലതാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഈ ധനകാര്യ ബില്ലിലെ നികുതി നിർദ്ദേശങ്ങളെ ഞാൻ എതിർക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, സംസ്ഥാനത്തെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച

2025-ലെ കേരള ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ഈ ബില്ലിൽ ബജറ്റിന്റെ ഭാഗമായുള്ള നികുതി നിർദേശം കാലോചിതമായ മാറ്റത്തോടുകൂടി അവതരിപ്പിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി നികുതി വർധനവ് മാത്രമല്ല നികുതി കുറയ്ക്കലും ഉണ്ടായിട്ടുണ്ടെന്ന സവിശേഷത കൂടിയുണ്ട്. ബഹുമാന്യനായ ജസ്റ്റിസ് വി. കെ. മോഹനന്റെ നേതൃത്വത്തിലുള്ള സമിതി അഡ്വക്കേറ്റുമാരുടെയും വക്കീൽ ഗുമസ്തൻമാരുടെയും സംഘടനകളുമായി ചർച്ചകളും പഠനവും ആവശ്യമായ തെളിവെടുപ്പുകളും നടത്തിയതിന് ശേഷമുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് കോടതി വ്യവഹാരവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കാലാനുസൃതമായി ചെറിയൊരു മാറ്റം വരുത്തുന്നത്. ടൂറിസം പ്രൊമോഷനുമായി ബന്ധപ്പെടുത്തി പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി 10 ശതമാനം കുറവ് വരുത്തുന്ന നിർദേശം കൂടിയാണ് ഈ ബില്ലിലുള്ളതെന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി കാരിയർ കോൺട്രാക്ട് സിസ്റ്റത്തിനും പൊതു വാഹനങ്ങളിലും അതിന്റേതായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള നിർദേശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ജി.എസ്.ടി., വാറ്റ് നിയമങ്ങൾ മറികടക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി ഡീസലിന്റെ കാര്യത്തിലും മറ്റ് ചില മേഖലകളിലും കള്ളക്കടത്തുകൾ നടത്തുന്ന വാഹനങ്ങൾ കണ്ടുകെട്ടാനുള്ള പ്രവർത്തനങ്ങളും ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്രകാരമാണ് നികുതി ഭാരം അടിച്ചേൽപ്പിക്കാതെ ബജറ്റ് അവതരിപ്പിക്കുകയും നിർദേശങ്ങളും പരിഷ്കാരങ്ങളും ഈ ബില്ലിലൂടെ നിർദേശിക്കുകയും ചെയ്തിട്ടുള്ളത്.

കേരളം ഏറെ പ്രയാസകരമായ സാഹചര്യത്തിലൂടെ കടന്നുപോയ

അവസരത്തിൽപ്പോലും ഒരു ജനകീയ സർക്കാർ എന്ന നിലയിൽ ജനങ്ങളിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് ജനകീയ പിന്തുണയോടെ അവ അതിജീവിച്ച് മുന്നോട്ട് പോകാനുള്ള ശ്രമമാണ് നടത്തിയിരുന്നത്. കേരളീയ സമൂഹമാകെ ഒരുമിച്ചു നിന്നതിന്റെ ഫലമായി സർക്കാരിന്റെ ശ്രമം പൂർണ്ണമായി വിജയിപ്പിക്കാൻ കഴിയുകയും ചെയ്തു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പുതിയ ധനകാര്യ മാനേജ്മെന്റ് സംവിധാനത്തിലൂടെ അതിവേഗ സാമ്പത്തിക വളർച്ചയുടെ പാതയിലേക്കുള്ള പുതിയ ഘട്ടത്തിലേയ്ക്കാണ് കേരളം കടക്കുന്നത്. നമ്മുടെ അഭ്യന്തര ഉൽപാദനം വർധിക്കുകയും ധനക്കമ്മിയും റവന്യൂ കമ്മിയും കുറയുകയും തനത് വരുമാനം കഴിഞ്ഞ 4 വർഷത്തിനിടയ്ക്ക് 70 ശതമാനം വർധിപ്പിക്കാൻ സാധിച്ചതും ശ്രദ്ധേയമാണ്. ബഹുമാനപ്പെട്ട മന്ത്രിയെയും അതിന് സഹായിച്ച എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. നാം ഒരു നവ കേരള സൃഷ്ടിയിലേയ്ക്കാണ് നീങ്ങുന്നത്. ഫെഡറൽ സംവിധാനത്തെത്തന്നെ തകർക്കുന്ന നിലയിലുള്ള നടപടികളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇവിടെ ഇടതുപക്ഷമാണ് ഭരിക്കുന്നത് എന്നതുകൊണ്ടാണ് ഇത്തരമൊരു നിലപാട് സ്വീകരിക്കുന്നത്. ഇതിന്റെ ഭാഗമായി നേരത്തെ ഈ ഗവൺമെന്റിന് ലഭിക്കേണ്ട ജി.എസ്.ടി. വിഹിതമുൾപ്പെടെ മറ്റ് ഉപരോധങ്ങൾ സൃഷ്ടിച്ചപ്പോൾ അതിന്റെ പ്രതിഷേധം രേഖപ്പെടുത്താൻ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ മന്ത്രിമാരും എം.എൽ.എ.-മാരും ഡൽഹിയിൽ പോയി സമരം നടത്തി. ഇത്തരത്തിലൊരു സമീപനം നമുക്ക് കൈക്കൊള്ളണമെന്ന് പ്രതിപക്ഷത്തോടാണ് കേരളത്തിലെ മുഖ്യമന്ത്രി ആദ്യം പറഞ്ഞത്. അന്ന് അത് കേൾക്കാനോ ശ്രദ്ധിക്കാനോ കേരളത്തിലെ യു.ഡി.എഫ്. താൽപര്യം കാണിച്ചില്ല. എന്നാൽ അവിടെ ചെല്ലുന്നതിന്റെ തലേദിവസം

കർണ്ണാടകയിൽനിന്നും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കുറച്ചുപേർ വന്ന് അവിടെ സമരം നടത്തിയ അനുഭവമുണ്ടായി. ആ സമരത്തെ അഭിവാദ്യം ചെയ്യാനും ബി.ജെ.പി.-യുടെ സമീപനങ്ങൾക്കെതിരെ ആശംസകൾ അർപ്പിക്കാനുമായി ഒട്ടേറെ സംസ്ഥാനങ്ങളിൽനിന്നുള്ള മുഖ്യമന്ത്രിമാർ അവിടെ വന്നിരുന്നു. ഇന്നലെ ധനകാര്യ വകുപ്പുമന്ത്രി തെലങ്കാനയുടെ അനുഭവം ഇവിടെ സൂചിപ്പിച്ചു. ശമ്പളം കൃത്യമായി നൽകാൻ കഴിയാത്ത സാഹചര്യം വന്നിട്ടുണ്ടെന്ന് തെലങ്കാന നിയമസഭയിൽ അവിടത്തെ മുഖ്യമന്ത്രി പറയുകയാണ്. അന്ന് തെലങ്കാനയിൽ ഈ പ്രശ്നം ഭരണരംഗത്തേക്ക് എത്തിയിരുന്നില്ല. എന്നാൽ ഇപ്പോൾ അവർ പ്രതിസന്ധി നേരിടുകയാണ്. അങ്ങനെയുള്ള അവസ്ഥ തെലങ്കാനയ്ക്കുണ്ടാകണമെന്ന് നമ്മൾ ആഗ്രഹിക്കുന്നില്ല. അവിടെയും ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടേണ്ടതാണ്. പക്ഷേ എന്താണ് ബി.ജെ.പി.-എന്ന് തെളിയിക്കുന്നതിന്റെ ഭാഗമായാണ് തെലങ്കാനയിൽ ഇപ്പോൾ സാമ്പത്തികമായി പ്രയാസപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടതെന്ന് ആ നിയമസഭയിൽ അവിടത്തെ മുഖ്യമന്ത്രിക്ക് പറയേണ്ടിവന്നു. ശ്രീ. എം. കെ. സ്റ്റാലിനെ നോക്കിക്കൊണ്ട് ഭരണം നടത്തണമെന്ന് ഇവിടെ സൂചിപ്പിച്ചു. അന്നത്തെ ആ സമരത്തെ അഭിവാദ്യം ചെയ്യാൻ തമിഴ്നാട്ടിൽനിന്നും ശ്രീ. എം. കെ. സ്റ്റാലിന് വരാൻ കഴിഞ്ഞില്ലെങ്കിലും അവിടത്തെ മുഴുവൻ എം.പി.-മാരും ആ സമരത്തിൽ പങ്കാളികളായി. മാത്രമല്ല അവർ പ്രതിഷേധം രേഖപ്പെടുത്തുന്നതിന്റെ ഭാഗമായി കറുത്ത വസ്ത്രം ധരിച്ചുകൊണ്ടാണ് ആ സമരത്തിൽ പങ്കെടുക്കാൻ വന്നതെന്നതും നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യമാണ്. അത്തരമൊരു സാഹചര്യം സൃഷ്ടിച്ച് മുന്നോട്ടുപോകുന്ന സമയത്ത് ഈ പ്രതിസന്ധിയെ തരണം ചെയ്യുന്ന കാര്യത്തിൽ നിങ്ങൾക്ക് ഇപ്പോൾപ്പോലും ബോധം

ഉണ്ടാകുന്നില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. 'കേരളം തകരില്ല, തകർക്കാൻ അനുവദിക്കുകയില്ല' എന്ന് കേരളത്തിലെ മുഖ്യമന്ത്രിയും എൽ.ഡി.എഫ്.-ഉം പ്രഖ്യാപിക്കുന്നു. ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി ഗവൺമെന്റിന് നമ്മുടെ തനതു വരുമാനം 70 ശതമാനമായി വർധിപ്പിക്കാൻ സാധിച്ചു; ഇനിയും അത് വർധിപ്പിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. അതിനുള്ള ചുവടുവയ്പാണ് ഈ ബില്ലിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നത്. സംസ്ഥാനത്തുണ്ടായ നിരവധി പ്രതിസന്ധികളെക്കുറിച്ചും വയനാട്ടിലെ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട സംഭവങ്ങളെക്കുറിച്ചും നമ്മൾ ചർച്ച ചെയ്തു. എന്നാൽ നമ്മൾ അറിയേണ്ട ഒരു കാര്യം, ഇന്ത്യയിലെ കോർപ്പറേറ്റുകളുടെയും വൻകിടക്കാരുടെയും 8.26 ലക്ഷം കോടി രൂപ എഴുതിത്തള്ളിയെന്നാണ് പാർലമെന്റിനകത്ത് കേന്ദ്ര ധനമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞത്. കോടാനുകോടി ജനസംഖ്യയുള്ള, പട്ടിണി പാവങ്ങളുള്ള ഈ രാജ്യത്ത് ദാരിദ്ര്യംകൊണ്ട് മരിക്കുന്ന പാവപ്പെട്ട മനുഷ്യന്റെ കാര്യങ്ങൾ പറയാനോ അവന്റെ പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന സമീപനത്തിനോ തയ്യാറാകാതെയാണ് ഇന്ത്യയിലെ കോർപ്പറേറ്റുകളുടെ ഇത്രയേറെ കടം എഴുതിത്തള്ളുന്ന നിലപാട് സ്വീകരിച്ചത്. കേരളം ചെയ്തത് എന്താണ്? അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുമെന്ന പ്രഖ്യാപിത നയം ഇവിടെ നടപ്പിലാക്കി. രണ്ട് ഗവൺമെന്റുകളെ തമ്മിൽ താരതമ്യം ചെയ്യാൻ അതുമാത്രം പോരെ? അഞ്ചുസെന്റിലും പത്തുസെന്റിലും താമസിക്കുന്ന പാവപ്പെട്ട മനുഷ്യന് സർഫാസി ആക്ട് നടപ്പാക്കുന്ന നിലപാട് സ്വീകരിച്ച കേന്ദ്ര ഗവൺമെന്റ് ഇന്ത്യയിലെ ഏറ്റവും വലിയ കോടീശ്വരന്മാർക്ക് പണം എഴുതിത്തള്ളാനുള്ള അവസരവും സൃഷ്ടിക്കുന്നു. ഇന്ത്യൻ പാർലമെന്റിൽ ജനാധിപത്യത്തെ

സാക്ഷിനിർത്തിക്കൊണ്ട് ചെയ്യുന്ന നിലപാടിന്റെ വിരോധാഭാസം നിങ്ങൾ കാണേണ്ടതല്ലേ? അത്തരത്തിലുള്ള സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. അതിലൂടെ എത്ര ഞെരുക്കി കൊല്ലാൻ ശ്രമിച്ചാലും സ്വന്തം കാലിൽ നിന്നുകൊണ്ട് രക്ഷപ്പെടാൻ കഴിയണമെന്ന ധാരണയോടും യാഥാർഥ്യബോധത്തോടും കൂടിയാണ് മലയാളികളെ കൂട്ടിപ്പിടിച്ച് മുന്നോട്ടുപോകുന്നത്. പ്രതീക്ഷയുടെയും നിശ്ചയദാർഢ്യത്തിന്റെയും പ്രകടമായ നിലപാടുകളിലൂടെയാണ് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ മറികടന്നത്. ഈ ബജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരിപ്പിക്കാനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി കേരളത്തെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. കേന്ദ്ര സർക്കാരിന്റെ കടുത്ത അവഗണനയും സാമ്പത്തിക ഉപരോധവും മറികടന്ന് ചരക്ക് സേവന നികുതി പോലെയുള്ള വരുമാന കേന്ദ്രീകൃത നീക്കങ്ങളുമായാണ് സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലും പ്രധാന കടമകൾ നിർവഹിക്കുന്നത്. 2020-21-ൽ തനത് നികുതി വരുമാനം 47660 കോടി രൂപയായിരുന്നത് നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുമ്പോഴേക്കും 81,000 കോടി രൂപയാകും. തനത് നികുതി വരുമാനത്തിൽ 4 വർഷംകൊണ്ട് 70 ശതമാനത്തിന്റെ വർധനവുണ്ടായി. സംസ്ഥാനത്ത് നടപ്പാക്കില്ലെന്ന് തീരുമാനിച്ച എല്ലാ പദ്ധതികളും നടപ്പാക്കിക്കൊണ്ടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുപോകുന്നതെന്ന് ദേശീയപാതാ വികസനം മുതലുള്ള ഏത് പ്രശ്നം പരിശോധിച്ചാലും മനസ്സിലാക്കാൻ കഴിയും. ദേശീയ പാതയ്ക്കുവേണ്ടി ഭൂമി എറ്റെടുക്കാൻ തുക ചെലവഴിച്ച ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. ഇതിന്റെ ചെലവ് ആറ് ലക്ഷം

കോടി രൂപ എന്നത് ഏകദേശം ഏഴര ലക്ഷം കോടി രൂപയിലേക്ക് എത്തുകയാണ്. ഭാവിതലമുറയെ കണ്ടുകൊണ്ടാണ് അത്തരമൊരു സമീപനം സ്വീകരിച്ചിട്ടുള്ളത്. ശിശുമരണനിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണെന്ന് ഇന്ത്യൻ പാർലമെന്റിൽവച്ച് കേന്ദ്ര ആരോഗ്യമന്ത്രിപോലും സൂചിപ്പിക്കുകയുണ്ടായി.

'ഓരോ ശിശുരോദനത്തിലും കേൾപ്പു ഞാൻ

ഒരു കോടി ഈശ്വര വിലാപം'

ഈ വരികൾ ശ്രീ. വി. മധുസൂദനൻ നായരുടെ അതേ ശബ്ദത്തിൽ പാടാൻ എനിക്ക് കഴിയില്ല. മേൽ സൂചിപ്പിച്ച വരികൾ പോലെയാണ് ഇന്നത്തെ ഇന്ത്യയുടെ അവസ്ഥ. അതിനെ മറികടന്ന് മുന്നോട്ടുപോകുമ്പോൾ കേരളത്തിലെ സാഹചര്യമാണ് ഞാൻ സൂചിപ്പിച്ചത്. പ്രവാസികൾ ഉൾപ്പെടെ എല്ലാവരും കേരളത്തിലെ ആരോഗ്യ മേഖലയിലെ വികസന പ്രവർത്തനങ്ങൾ പ്രതീക്ഷയോടെ നോക്കിക്കാണുകയാണ്. ലോകത്തിലെ മറ്റൊരു രാജ്യത്തും ചികിത്സ ലഭിക്കാത്ത പ്രത്യേക സാഹചര്യങ്ങളിൽപ്പോലും നമ്മുടെ മലയാളികൾ ചികിത്സയ്ക്കുവേണ്ടി കേരളത്തിലെ സർക്കാർ ആശുപത്രികളിലേക്കും സ്വകാര്യ ആശുപത്രികളിലേക്കും തിരിച്ചുവരുന്ന അവസ്ഥയാണുള്ളത്. അപ്പോൾ ഈ സംസ്ഥാനത്ത് നടക്കുന്ന മാറ്റം എന്താണ്? ഒരു നവ കേരളം സൃഷ്ടിക്കുന്നതിന്റെ ഭാഗമായുള്ള പാതയിലാണ് നാം ഈ മാറ്റത്തെ കാണുന്നതെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. കെ. ബാബു (നെന്മാറ): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2025-ലെ കേരള ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. യൂണിയൻ സർക്കാർ സൃഷ്ടിക്കുന്ന സാമ്പത്തിക ശൂന്യതയിൽനിന്നും പ്രൊഫ. ഗോപിനാഥ് മുതുകാടിന്റെ മാന്ത്രികവിദ്യയോ ശ്രീ. കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാടിന്റെ താന്ത്രികവിദ്യയോ ഇല്ലാതെ സ്വന്തമായി വരുമാന സ്രോതസ്സ് വർധിപ്പിച്ച് റൺവേ സൃഷ്ടിക്കുകയും അതിൽ ടേക്ക്ഓഫിന് തയ്യാറെടുക്കുകയും ചെയ്യുന്ന സാമ്പത്തിക സ്രോതസ്സിന്റെ കേന്ദ്രമായി കേരളം മാറുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

" പോകുക പേമാരിയും ഇടിയും കൂസിടാതെ...

കാവുകൾ പൂ ചൂടുന്നു കാത്തുനിൽക്കയാം ഓണം..."

സമ്പൽസമൃദ്ധമായ ഓണത്തിന്റെ ഓർമ്മകളിലേക്ക് കേരളത്തെ എത്തിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങളാണ് നവകേരളത്തിന്റെ പുതുവഴികളിലൂടെ ഈ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ എന്ത് പേര് വിളിക്കണമെന്നതാണ് ശ്രീ. എം. വിൻസെന്റിന്റെ സംശയം. വർഗീയവാദികൾ തീർക്കുന്ന പ്രതിസന്ധികൾക്കെതിരെ 'ഇരട്ട ചങ്കൻ' എന്ന് കേരളത്തിലെ ജനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിളിക്കുന്നുണ്ടെങ്കിൽ ആ പേര് നിങ്ങൾക്കും വിളിക്കാം. 2018-ലെയും 2019-ലെയും പ്രളയകാലവും തുടർന്നുവന്ന കോവിഡും കേരളത്തെ പടുകുഴിയിലാഴ്ത്താൻ ശ്രമിച്ചപ്പോഴും ജനങ്ങൾക്കൊപ്പംനിന്ന് കേരളത്തെ നയിച്ച അദ്ദേഹത്തിന് ജനങ്ങൾ നൽകിയ പേരാണ് ക്യാപ്റ്റൻ സഖാവ് പിണറായി വിജയൻ; ആ പേരും നിങ്ങൾക്ക് വിളിക്കാം. അതുമല്ലെങ്കിൽ

സഖാവ് പിണറായി വിജയനെന്ന് ഞങ്ങൾ വിളിക്കുന്ന പേരുണ്ട്. പക്ഷേ നിങ്ങളുടെ നിഘണ്ടുവിൽ ഈ പേരുണ്ടാകുമെന്ന് ഞങ്ങൾ കരുതുന്നില്ല; കാരണം നിങ്ങളുടെ ഗുരു ശ്രീ. കെ. സുധാകരനാണ്. അദ്ദേഹം പ്രതിപക്ഷത്തെ വിളിച്ച പേര് ഈ നാട്ടിലെ ജനങ്ങളെക്കൊണ്ട് വിളിപ്പിക്കാൻ ഇടവരുത്തരുതെന്നാണ് അഭ്യർഥിക്കാനുള്ളത്. ലഹരി കണ്ടെത്തുന്നതിൽ ത്രികാലജ്ഞാനിയും സുവിശേഷ പ്രസംഗകനുമായ എന്റെ സുഹൃത്ത് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി വീണാ ജോർജ്ജിനെക്കുറിച്ച് ഇവിടെ പറയുന്നത് കേട്ടു. ശ്രീമതി വീണാ ജോർജ്ജ് വീണ വായിക്കുകയായിരുന്നില്ല, കേരളത്തിലെ ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങളിലിടപെട്ട് മുന്നോട്ട് നയിക്കുകയായിരുന്നുവെന്ന് നിങ്ങൾക്ക് ബോധ്യം വേണം. യൂണിയൻ സർക്കാർ വിഭവ സമാഹരണം നടത്തുന്നതെങ്ങനെയാണ്? അവർ 14.82 ലക്ഷം കോടി രൂപ കടമെടുക്കുകയും 47,000 കോടി രൂപയുടെ ആസ്തികൾ വിൽക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ കേരളത്തിൽ ഏതെങ്കിലും ഒരു ആസ്തി വിറ്റിട്ടാണോ വികസനക്കുതിപ്പിന് ആക്കവും തുക്കവും നൽകുന്നത്. സംസ്ഥാനത്തിന്റെ സ്വന്തം നികുതി വരുമാനം 70 ശതമാനമായി വർധിപ്പിച്ചു. 2024-25-ൽ 81,000 കോടി രൂപയാണ് നികുതി വരുമാനത്തിലൂടെ സമാഹരിച്ചത്. 2024-25-ൽ റവന്യൂ കമ്മി 1.58 ശതമാനമായും ധനക്കമ്മി 4.04 ശതമാനമെന്നത് 2.9 ശതമാനമായും കുറച്ചു. നികുതിയേതര വരുമാനമുൾപ്പെടെ 1,02,240 കോടി രൂപയുടെ വർധനവാണുണ്ടായത്. അതാണ് കേരളത്തിലെ ബജറ്റ്. ഇപ്പോഴത്തെ റവന്യൂ ചെലവ് 1,79,476 കോടി രൂപയാണെങ്കിൽ അത് രണ്ട് ലക്ഷം കോടി രൂപയിലേയ്ക്കെത്തി കേരളം സാമ്പത്തികമായി കുതിക്കുമെന്നതിൽ നമുക്ക് അഭിമാനിക്കാം.

മൂലധന ചെലവും വർധിപ്പിക്കുകയുണ്ടായി. കേരളത്തിന്റെ വികസനം കിഫ്ബിയിലൂടെ സാധ്യമാക്കാനുള്ള ശ്രമം നടത്തുമ്പോൾ കിഫ്ബി മുഖാന്തരമെടുക്കുന്ന വായ്പകൂടി വായ്പാപരിധിയിൽ ഉൾപ്പെടുത്തുമെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. കേരളത്തിലെ പാവപ്പെട്ട 62 ലക്ഷം ആളുകൾക്ക് എല്ലാമാസവും 1-ാം തീയതി മുടങ്ങാതെ പെൻഷൻ കൊടുക്കുന്നതിനുവേണ്ടിയാണ് പെൻഷൻ ഫണ്ട് ലിമിറ്റഡ് കമ്പനി സ്ഥാപിച്ചത്. എന്നാൽ ഈ ഇനത്തിൽ കടമെടുക്കുന്നതും നമ്മുടെ വായ്പാപരിധിയിൽ ഉൾപ്പെടുമെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. എന്നാൽ കേന്ദ്രം എടുക്കുന്ന കടം ഏതുപരിധിയിൽ വരുമെന്ന് ഇവിടെ ആരും ചർച്ച ചെയ്യുന്നില്ല. കേന്ദ്രം അവതരിപ്പിച്ച ബജറ്റിൽ എല്ലാ മേഖലകളിലും വെട്ടിക്കുറവുണ്ടായിട്ടുണ്ട്. കാർഷിക മേഖലയിലെ മൂലധന നിക്ഷേപം 93,000 കോടി രൂപയാണ് കുറച്ചത്. ഭക്ഷ്യ വിലക്കയറ്റം അതിരൂക്ഷമാകുമ്പോഴാണ് 8394 കോടി രൂപ കുറച്ചത്. ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളായ പട്ടികജാതിക്കാരുടെ ബജറ്റ് വിഹിതത്തിൽ 27,000 കോടി രൂപയുടെയും പട്ടികവർഗക്കാരുടെ ബജറ്റ് വിഹിതത്തിൽ 17,000 കോടി രൂപയുടെയും കുറവുണ്ടായി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾക്ക് 100 കോടി രൂപയും ഫെലോഷിപ്പുകളുടെ തുകയും കുറച്ചു. 8.8 ശതമാനമായിരുന്ന ജെൻഡർ ബജറ്റും 1.6 ശതമാനമായി കുറച്ചു. ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ, പാചക തൊഴിലാളികൾ എന്നിവരുടെ പേരുപോലും കേന്ദ്ര ബജറ്റിലുണ്ടായിരുന്നില്ല. നമുക്ക് ലഭിക്കേണ്ട ഫണ്ടുകൾ വെട്ടിക്കുറയ്ക്കുക മാത്രമല്ല, കേരളം ആവശ്യപ്പെട്ട 24,000 കോടി രൂപയുടെ പ്രത്യേക പാക്കേജിനുവേണ്ടി ഒരു നയാ പൈസപോലും നൽകിയിട്ടുമില്ല. പ്രതികാരം തീർക്കുന്നതിനായി കേന്ദ്ര ബജറ്റിൽ കേരളമെന്ന പേരുപോലും അവർ

ഉപേക്ഷിച്ചുവെന്നതാണ് വസ്തുത.

അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിലും കേരളം മുന്നിലാണ്. 42 മാസമായി 33,210 കോടി രൂപയാണ് സാമൂഹ്യക്ഷേമ പെൻഷനായി നൽകുന്നത്. ലൈഫ് മിഷനിലൂടെ വീട് നിർമ്മാണത്തിനും ആരോഗ്യ സംരക്ഷണത്തിനും കാർഷികമേഖലയ്ക്കും ടൂറിസം വികസനത്തിലൂടെ വരുമാനം വർധിപ്പിക്കാനുള്ള ഇടപെടലുകളിലും വ്യാവസായിക മുന്നേറ്റത്തിനും മൃഗസംരക്ഷണ വകുപ്പിലെയും സ്പോർട്സ്-യുവജന മേഖലകളിലെയും മുന്നേറ്റങ്ങൾക്കും ഉൾപ്പെടെ ഒരു രൂപ പോലും വെട്ടിക്കുറയ്ക്കാതെ കഴിഞ്ഞ ബജറ്റിനെക്കാൾ കൂടുതൽ തുക നൽകിക്കൊണ്ടുതന്നെയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സംസ്ഥാനത്തിന്റെ വിഭവ സ്രോതസ്സുകൾ ഓരോന്നായി യൂണിയൻ ഗവൺമെന്റ് കവർന്നെടുക്കുകയാണ്. കേരളത്തിന് ഇനിയും മുന്നോട്ടുപോകേണ്ടതല്ലേ; അതിലേയ്ക്കായി വിഭവശേഖരണം നടത്തുന്നതിനാവശ്യമായ സമ്പത്ത് കണ്ടെത്താനാണ് ഈ ബില്ലിലൂടെ ചെറിയ തോതിലുള്ള ഒരു നികുതി വർധനവ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പ്രതിപാദിച്ചത്. കോടതികളിൽ പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും വക്കീലന്മാർക്കും ഗുമസ്തൻമാർക്കും അവർ ആവശ്യപ്പെടുന്നതിനനുസരിച്ച് ക്ഷേമനിധിയിൽ സമ്പത്ത് നൽകാനും നമുക്ക് കഴിയണം. 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്ടിൽ ചെറിയൊരു ഭേദഗതി വരുത്തിയപ്പോൾ സമ്പത്തിൽ വലിയ വർധനവാണുണ്ടായതെന്ന് വക്കീലന്മാർതന്നെ പറയുകയുണ്ടായി. എന്നാൽ കോടതികളുടെ വികസനത്തിനാവശ്യമായ രൂപത്തിലുള്ള സമ്പത്തിൽ ഒരു ചെറിയ വർധനവാണുണ്ടായത്. മോട്ടോർ വാഹന വകുപ്പിൽ

ടൂറിസ്റ്റ് കോൺട്രാക്ട് കാര്യേജുകളുണ്ട്. 6 മുതൽ 10 വരെ സീറ്റുകളുള്ള വാഹനങ്ങളുടെ ത്രൈമാസ നികുതി നിരക്ക് 250 രൂപ മുതൽ 900 രൂപ വരെയുണ്ടായിരുന്നത് 70 രൂപ വർധിപ്പിച്ചപ്പോൾ 500 രൂപയുടെ ഇളവാണ് പ്രഖ്യാപിച്ചത്. അത്തരത്തിൽ 13 മുതൽ 20 വരെ സീറ്റുകളുള്ള വാഹനങ്ങളുടെ ത്രൈമാസ നികുതി നിരക്ക് 480 മുതൽ 1350 രൂപ വരെയുണ്ടായിരുന്നിടത്ത് 120 രൂപയുടെ വർധനവ് വരുത്തിയപ്പോൾ 900 രൂപയുടെ കിഴിവ് നൽകുകയും ചെയ്തു. അധിക വരുമാനമെന്നു പറയുന്നത് കേവലം ഒരു കോടി രൂപയാണ്. പൊതുഗതാഗത സൗകര്യം വർധിപ്പിക്കുന്നതിനാവശ്യമായ സ്റ്റേജ് കാരിയർ വാഹനങ്ങളുടെ നികുതിയിൽ 10 ശതമാനം ഇളവുകൊടുത്തു. 15 വർഷം കാലപ്പഴക്കമുള്ള വാഹനങ്ങൾ പൊളിച്ചെടുക്കണമെന്ന് കേന്ദ്രഗവൺമെന്റ് തീരുമാനിച്ചപ്പോൾ കേരളത്തിലെ പൊതുനിരത്തുകളിൽ ഓടുന്ന വാഹനങ്ങൾക്ക് കേരള ഗവൺമെന്റ് 22 വർഷത്തെ ഗാരന്റി നൽകുകയുണ്ടായി. 15 വർഷം കാലപ്പഴക്കമുള്ള സ്വകാര്യ വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് അവരുടെ നിലവിലെ നികുതിയിൽ ഒരു ചെറിയ വർധനവ് വരുത്താനാണ് തീരുമാനിച്ചത്.

നാടിന്റെ വികസനത്തിന്റെ ഭാഗമായി ഗ്രാമ-നഗര വ്യത്യാസമില്ലാതെ ഓരോ പ്രദേശങ്ങളിലും ഭൂമിയുടെ വില അധികരിച്ചുവരികയാണ്. ഭൂമി വാങ്ങുമ്പോൾ നൽകുന്ന വിലയല്ല പ്രമാണത്തിൽ രേഖപ്പെടുത്തുന്നത്. അതുകൊണ്ട് ഭൂമിയുടെ രജിസ്ട്രേഷനിൽ ചെറിയ വർധനവ് വരുത്തിയെന്നുള്ളത് ശരിയാണ്. ഇത്തരത്തിലുള്ള വർധനവുകൾ ഉണ്ടാക്കുന്നത് പാവപ്പെട്ടവർക്ക് വീട് നൽകുന്നതിനും അവർ വസിക്കുന്ന പ്രദേശങ്ങളിൽ റോഡ്

സൗകര്യങ്ങളും വൈദ്യുതിയും എത്തിക്കുന്നതിനും മലയാളികളുടെ വിദ്യാഭ്യാസവും ആരോഗ്യവും സംരക്ഷിക്കുന്നതിനും കൃഷിയും വ്യവസായവും വളർത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഓരോ മാസവും 62 ലക്ഷം ആളുകൾക്ക് പെൻഷൻ മുടങ്ങാതെ നൽകുന്നതിനും സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമുൾപ്പെടെ ശമ്പളവും അവരുടെ സർവീസ് പെൻഷനും മുടങ്ങാതെ നൽകുന്നതിനും വേണ്ടിയാണ്. കേരളത്തിന്റെ വളർച്ചയ്ക്കാവശ്യമായ രൂപത്തിൽ കൃഷിയും വ്യവസായവുമെല്ലാം മുന്നോട്ടുനയിക്കണമെങ്കിൽ അത്യാവശ്യം സമ്പത്ത് സ്വരൂപിക്കേണ്ടതുണ്ട്. ആരെയും വിഷമിപ്പിക്കാതെയും ദ്രോഹിക്കാതെയുമുള്ള ചെറിയ വർധനവാണ് ഈ ബില്ലിലൂടെ പ്രഖ്യാപിച്ചത്. ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ, പാചക തൊഴിലാളികൾ എന്നിവർക്കുവേണ്ടി കണ്ണുനീർ ഒഴുക്കുന്ന യു.ഡി.എഫ്.-ലെ അംഗങ്ങൾ ഇവിടെ പ്രസംഗിച്ചപ്പോൾ, അവർക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിനെതിരെ ഒരു വാക്കുപോലും പറയാൻ തയ്യാറായില്ല. മനുഷ്യനാകണം.... മനുഷ്യനാകണം... എന്ന ഗാനം ശ്രീ. പി. സി. വിഷ്ണുനാഥ് പാടിയത് വളരെ ആസ്വാദ്യകരമായിരുന്നു. അദ്ദേഹം കമ്മ്യൂണിസത്തെക്കുറിച്ച് അറിഞ്ഞിരിക്കുന്നുവെന്ന് അറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. പക്ഷേ ജന്മം കൊണ്ടുമാത്രമല്ല മനുഷ്യനാകേണ്ടത്, കർമ്മം കൊണ്ടും ഒരു മലയാളിയാകണം, ഒരു മനുഷ്യനാകണം. കേന്ദ്രം കേരളത്തെ അവഹേളിക്കുന്നതിനെതിരെയുള്ള പോരാട്ടങ്ങളിൽ നിങ്ങൾകൂടി പങ്കാളികളാകണം. വടക്ക് ദിശയിൽ വാഴുന്ന ബി.ജെ.പി.-ക്കാർ കനിയുന്നില്ല; ഇവിടെ തെക്കുള്ള യു.ഡി.എഫ്.-കാർ ശകുനികളെപ്പോലെ വഴിമുടക്കുന്ന രീതി മാറ്റണം. നമുക്ക് ഒന്നാകണം, കേരളം ഒന്നാമതായി മാറുന്നതിലേക്ക് ഒന്നിച്ചുനിൽക്കണമെന്നാണ് എനിക്ക്

അഭ്യർഥിക്കാനുള്ളത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 2025-ലെ കേരള ധനകാര്യ ബില്ലിനെ ഞാൻ എതിർക്കുന്നു. ഇന്നത്തെ വർത്തമാന പത്രങ്ങളിലെ പ്രധാനപ്പെട്ട വർത്തകളിൽ ഒരുവശത്ത് ശ്രീമതി സുനിത വില്യംസ് ബഹിരാകാശത്തുനിന്ന് തിരികെയെത്തി എന്ന ആശ്വാസമേകുന്ന വാർത്തയും മറുവശത്ത്, ഈ പരിശുദ്ധ റമദാൻ മാസത്തിലും ഇസ്രായേൽ ഗാസയിൽ കൂട്ടക്കൊല നടത്തുന്ന വേദനാജനകമായ വാർത്തയുമാണുള്ളത്. പിഞ്ചുകുഞ്ഞുങ്ങളെയും സ്ത്രീകളെയുമടക്കം അരുംകൊല ചെയ്യുന്നതിനെതിരെ ലോകത്തിന്റെ മനഃസാക്ഷി ഉണർത്തുന്നതോടൊപ്പം പ്രാർഥിക്കുകയും വേണം. കളക്ടറേറ്റിലെ തേനീച്ചക്കൂടിളകി കളക്ടറെയും സബ് കളക്ടറെയുമെല്ലാം കുത്തി എന്നതാണ് ഇന്നത്തെ പത്രങ്ങളിൽ വന്ന മറ്റൊരു വാർത്ത. മൂന്നുമാസമായി തേനീച്ചക്കൂട് മാറ്റണമെന്ന് വനം വകുപ്പിനോട് ആവശ്യപ്പെട്ടിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നാണ് കളക്ടർ പ്രസ്താവിച്ചിരിക്കുന്നത്. കളക്ടറേറ്റിലെ തേനീച്ചക്കൂട് അവിടെനിന്നും നീക്കംചെയ്യാൻ ഒരു കളക്ടർ പറഞ്ഞിട്ടുപോലും മൂന്നുമാസമായി നടപടിയെടുക്കാത്ത ഒരു സർക്കാരിന്റെ ബില്ലിനെ എന്തിനാണ് പിന്തുണയ്ക്കേണ്ടത്; ഇത് ഈ സർക്കാരിന്റെ കഴിവുകേടിന്റെ ഉദാഹരണമായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ഇവിടത്തെ പ്രതിപക്ഷം സർക്കാരിനെ വിമർശിക്കുന്നു; ബജറ്റിനെ വിമർശിക്കുന്നു; പ്രതിപക്ഷം മര്യാദ കാണിക്കുന്നില്ല എന്നൊക്കെ പറയുന്നത് ഞാൻ രാവിലെ മുതൽ കേൾക്കുകയാണ്. ഞാൻ ഈ സഭയിലുണ്ടായിരുന്ന സമയത്താണ്, അതായത് 2015 മാർച്ച് 13-ന് കെ. എം. മാണിയെ ബജറ്റ് അവതരിപ്പിക്കാൻ അനുവദിക്കില്ലെന്ന് അതിന്റെ

തലേദിവസമാണ് അന്നത്തെ പ്രതിപക്ഷം പ്രഖ്യാപിച്ചത്. വേണമെങ്കിൽ ഉമ്മൻ ചാണ്ടി ബജറ്റ് അവതരിപ്പിച്ചോളൂ, എങ്കിലും കെ. എം. മാണിയെ ഞങ്ങൾ അനുവദിക്കില്ലെന്ന് കോടിയേരി ബാലകൃഷ്ണൻ അന്ന് പറയുകയുണ്ടായി. ഈ സഭയിൽ നിരവധി വർഷം പ്രവർത്തിക്കാൻ ജനം എനിക്ക് അവസരം നൽകിയിട്ടുണ്ട്. എന്നാൽ ആദ്യമായി ഈ സഭയിൽ കിടന്നുറങ്ങേണ്ട സ്ഥിതിയുണ്ടായത് 2015 മാർച്ച് 12-ന് രാത്രിയായിരുന്നു. കാരണം, കെ. എം. മാണിയെ സഭയ്ക്കുള്ളിൽ കടന്നുവരാൻ സമ്മതിക്കാതെ അന്നത്തെ പ്രതിപക്ഷ എം.എൽ.എ.-മാർ നിയമസഭയിലേക്ക് കയറിവരുന്ന കവാടങ്ങൾ ഉപരോധിക്കുമെന്ന് പോലീസിന്റെ റിപ്പോർട്ട് ഉണ്ടായിരുന്നു. അതുകൊണ്ട് ഞങ്ങൾ ചെറുപ്പക്കാരായ എം.എൽ.എ.-മാർ ഈ കവാടങ്ങളുടെ അടുത്തുതന്നെ രാത്രിയിൽ കിടന്നു. രാവിലെ എഴുന്നേറ്റ് ഇവിടെ പ്രഭാതകൃത്യങ്ങളെല്ലാം നിർവഹിച്ച് സഭയിൽ വന്നു. രാവിലെ 9.00 മണിക്ക് ബജറ്റ് അവതരിപ്പിക്കണമായിരുന്നു. 8.45-ന് അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സ്പീക്കറുടെ അടുത്തുപോയി ഒരു കത്ത് കൊടുത്തു. ഇപ്പോൾ ഇവിടെ ശ്രീ. കെ. രാജൻ ഇരിക്കുന്ന മൂന്നാമത്തെ സീറ്റ് അന്ന് കെ. എം. മാണിയുടെ സീറ്റായിരുന്നു. അദ്ദേഹം സ്പീക്കറോട് പറഞ്ഞു, 'സി. എൻ. ബാലകൃഷ്ണന്റെയും കെ. എം. മാണിയുടെയും സീറ്റുകൾ പരസ്പരം മാറ്റണം. കെ. എം. മാണി വന്നാൽ അദ്ദേഹത്തിന്റെ ബജറ്റിനെ വലിച്ചുകീറിക്കളയാൻ പ്രതിപക്ഷം ഒരു സ്ക്വാഡിനെ അവിടെ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. ഉമ്മൻ ചാണ്ടി ഒരു ബുദ്ധികൂടി കാണിച്ചു. സീറ്റുകൾ പരസ്പരം മാറ്റിക്കൊണ്ട് സ്പീക്കർ ഉത്തരവിറക്കിയെങ്കിലും പ്രസംഗപീഠം ആ പഴയ സീറ്റിനുമുന്നിൽത്തന്നെ വച്ചു. അപ്പോൾ പ്രതിപക്ഷം കരുതി അവിടെയാണ് കെ. എം. മാണി വരാൻപോകുന്നതെന്ന്. കെ. എം. മാണി ബജറ്റിന്റെ തലേദിവസം തന്നെ ഇവിടെ വന്ന്

കിടക്കുകയായിരുന്നു. ഞങ്ങളെല്ലാവരും ചേർന്ന് അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവന്നു. സി. എൻ. ബാലകൃഷ്ണൻ അദ്ദേഹത്തിന്റെ കൂടെയാണ് വന്നത്. ഇപ്പോൾ ശ്രീ. പി. എ. മുഹമ്മദ് റിയാസ് ഇരിക്കുന്ന സീറ്റിൽവന്ന് കെ. എം. മാണി ബജറ്റ് വായിക്കാൻ ശ്രമിച്ചപ്പോൾ ഇപ്പോൾ അവിടെ താടിക്ക് കൈ കൊടുത്തിരിക്കുന്ന ഡോ. കെ. ടി. ജലീലും ശ്രീ. ഇ. പി. ജയരാജനും ഉൾപ്പെടെയുള്ളവർ ഡയസിലൂടെ പറന്നുനടക്കുകയായിരുന്നു, അവിടെയിരുന്ന കമ്പ്യൂട്ടറുകൾ തകർത്തു. ആരുടെയും പേരുകൾ ഞാൻ പറയുന്നില്ല; പേര് പറയുന്നതിൽ പ്രസക്തിയില്ല. അന്നത്തെ സ്പീക്കറായിരുന്ന ശ്രീ. എൻ. ശക്തന് അകത്തേയ്ക്ക് വരാൻ പ്രയാസമായിരുന്നു. എങ്കിലും അദ്ദേഹം ഒരുവിധം അകത്തുവരികയും കെ. എം. മാണിയോട് ബജറ്റ് അവതരിപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അദ്ദേഹം ബജറ്റ് അവതരിപ്പിച്ചു. കുറച്ചുനേരം വായിച്ചതിനുശേഷം തുടർന്ന് അത് മേശപ്പുറത്തുവച്ചു. ഇങ്ങനെയെല്ലാം ചെയ്ത നിങ്ങൾ എന്തിനെക്കുറിച്ച് ഞങ്ങളെ ഉപദേശിച്ചാലും പ്രതിപക്ഷ പ്രവർത്തനം എങ്ങനെയാകണമെന്ന കാര്യത്തിൽ മാത്രം ഉപദേശിച്ച് ഞങ്ങളെ ക്ഷീണിപ്പിക്കരുത്. പ്രതിപക്ഷ പ്രവർത്തനം എങ്ങനെ നടത്തണമെന്നത് സംബന്ധിച്ച നിങ്ങളുടെ ഉപദേശം കേൾക്കാനുള്ള കരുത്തും ത്രാണിയും ഞങ്ങൾക്കില്ല. പ്രതിപക്ഷത്തിന്റെ ചെറിയ വിമർശനംപോലും ഭരണപക്ഷം ഇപ്പോൾ സഹിക്കുന്നില്ല. ഡൽഹിയിൽ കുറെ ആളുകളുണ്ട്. കേന്ദ്ര സർക്കാരിനെ വിമർശിച്ചാൽ രാജ്യദ്രോഹി, കേരള സർക്കാരിനെ വിമർശിച്ചാൽ കേരള ദ്രോഹി എന്നുപറയും. ഞങ്ങൾ പിന്നെയെന്ത് ചെയ്യണം? നിങ്ങൾ പറയുന്നത്, 'ഞങ്ങൾ നമ്പർ വൺ ആണ്, അതുകൊണ്ട് ഞങ്ങളെ വിമർശിക്കാൻ പാടില്ല' എന്നാണ്. അതുകൊണ്ട് എന്തുചെയ്യണം; ആശയറ്റ ആശാ തൊഴിലാളികൾ സെക്രട്ടേറിയറ്റ് നടയിൽ നിരന്നുനിന്നു

പാടണം, 'നമ്പർ വൺ കേരളം', ഉദ്യോഗം കിട്ടാത്ത ഉദ്യോഗാർഥികൾ ശയനപ്രദക്ഷിണം ചെയ്ത് ഉരുളുന്നതിനിടയിൽ ഉരുകിപ്പാടണം, 'നമ്പർ വൺ കേരളം', മരുന്ന് കിട്ടാതെ വലയുന്ന രോഗികൾ എല്ലാം മറന്ന് പാടണം, 'നമ്പർ വൺ കേരളം', പെൻഷൻ കിട്ടാത്ത അങ്കണവാടി വർക്കർമാരും നിർമ്മാണത്തൊഴിലാളികളും നിർവികാരരായിനിന്ന് പാടണം, 'നമ്പർ വൺ കേരളം', ജോലിയില്ലാത്ത കശുവണ്ടി തൊഴിലാളി, കയർ തൊഴിലാളി, കൈത്തറി തൊഴിലാളി, ഖാദി തൊഴിലാളി എന്നിവരെല്ലാം പാടണം, 'നമ്പർ വൺ കേരളം', നെല്ലിന് കാശ് കിട്ടാത്ത കർഷകരും റബ്ബറിന് വില ലഭിക്കാത്ത കർഷകരും നെഞ്ചുപൊട്ടി പാടണം, 'നമ്പർ വൺ കേരളം', ശമ്പളം കിട്ടാത്ത പാചകത്തൊഴിലാളികൾ ശപിച്ചുകൊണ്ട് പാടണം, 'നമ്പർ വൺ കേരളം', ഡി.എ. കിട്ടാത്ത ജീവനക്കാർ ഡീറ്റെയിലായി പാടണം, 'നമ്പർ വൺ കേരളം', ഇ-ഗ്രാന്റ്സ് കിട്ടാത്ത കുട്ടികൾ ഈണത്തിൽ പാടണം, 'നമ്പർ വൺ കേരളം', സ്കോളർഷിപ്പ് കിട്ടാത്ത കുട്ടികൾ ഓളത്തിൽ പാടണം, 'നമ്പർ വൺ കേരളം'. അങ്ങനെയങ്ങനെ കുടിശ്ശികയുള്ള കരാറുകാർ, കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻകാർ, റേഷൻകട വ്യാപാരികൾ, വന്യമൃഗപ്പേടിയിൽ കഴിയുന്നവർ, എല്ലാവരും പാടണം, 'നമ്പർ വൺ കേരളം'..., എന്നാൽ അങ്ങനെ പാടാൻ മനസ്സില്ല. ഇന്നുമുതൽ ഒരു പുതിയ വിഷയം നിങ്ങൾ കൊണ്ടുവന്നിട്ടുണ്ട്, സർക്കാർ ജീവനക്കാരുടെ ശമ്പളവുമായി ബന്ധപ്പെട്ട് തെലങ്കാന മുഖ്യമന്ത്രി നടത്തിയ പ്രസ്താവന സംബന്ധിച്ച് പറഞ്ഞു. ശരിയാണ്, ശമ്പളം കൊടുക്കാൻ പ്രയാസമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പക്ഷേ അദ്ദേഹം എപ്പോഴാണ് അത് പറഞ്ഞത്? തെലങ്കാനയിൽ കോൺഗ്രസ് സർക്കാർ അധികാരത്തിൽവന്ന് ഒരു വർഷത്തിനുള്ളിൽ 200 യൂണിറ്റ് വൈദ്യുതി സൗജന്യമാക്കി. അത് തിരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു. അവിടെ

സ്ത്രീകൾക്ക് പൊതുഗതാഗതം സൗജന്യമാക്കിയതും തിരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു. 500 രൂപയ്ക്ക് ഗ്യാസ് സിലിണ്ടർ കൊടുത്തതും രണ്ടുലക്ഷം രൂപ വരെയുള്ള കാർഷിക കടം എഴുതിത്തള്ളാൻ 30,000 കോടി രൂപ മാറ്റിവച്ചതും തിരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു. ഒരു വർഷത്തിനുള്ളിൽ തിരഞ്ഞെടുപ്പ് വാഗ്ദാനം മാത്രം പാലിക്കാൻ 50,000 കോടി രൂപ ചെലവഴിക്കേണ്ടിവന്ന ഒരു സർക്കാരായിരുന്നു അത്. അതായത്, നിങ്ങൾ പറയുന്നതുപോലെ കേന്ദ്രം വീർപ്പുമുട്ടിക്കുന്ന ഒരു സർക്കാർ. സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന കേന്ദ്ര വിഹിതത്തെ സംബന്ധിച്ച് ശ്രീ. സിദ്ധരാമയ്യക്കും ശ്രീ. രേവന്ത് റെഡ്ഡിക്കും ശ്രീ. വി. ഡി. സതീശനും ഒരു നിലപാടേയുള്ളൂ. അത് ശ്രീ. രാഹുൽ ഗാന്ധിയുടെയും ശ്രീ. മല്ലികാർജുൻ ഖാർഗെയുടെയും കോൺഗ്രസ്സിന്റെയും നിലപാടാണ്. അതുകൊണ്ടാണ് പതിനാറാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട അംഗങ്ങൾ കേരളത്തിലേക്ക് വന്നപ്പോൾ ശ്രീ. വി. ഡി. സതീശൻ സമർപ്പിച്ച നിവേദനത്തിൽ നിങ്ങൾ പറഞ്ഞ അതേ കാര്യങ്ങൾതന്നെ ഉൾപ്പെടുത്തിയിരുന്നത്. പ്രതിപക്ഷവും ഭരണപക്ഷവും ഒരുമിച്ചുനിന്ന് നിലപാട് സ്വീകരിക്കുന്നത് ഏതെങ്കിലും കാലത്തുണ്ടായിട്ടുണ്ടോ? 50,000 കോടി രൂപ ഒരു കൊല്ലം കൊണ്ട് കൊടുത്ത തെലങ്കാനയിലെ മുഖ്യമന്ത്രിയുമായി കെട്ടിട നികുതിയും ഭൂനികുതിയും കറന്റ് ചാർജ്ജും വെള്ളക്കരവും ബസ് ചാർജ്ജും വർധിപ്പിച്ചതും പെട്രോളിനും ഡീസലിനും അധിക സെസ് ഏർപ്പെടുത്തിയതുമായ ഇവിടത്തെ സർക്കാരുമായി താരതമ്യം ചെയ്യരുത്. അവിടെ സർക്കാർ ജനങ്ങൾക്ക് അങ്ങോട്ട് കൊടുക്കുമ്പോൾ ഇവിടത്തെ സർക്കാർ ജനങ്ങളിൽനിന്ന് പിടിച്ചുപറിക്കുകയാണ്. ആ മുഖ്യമന്ത്രിയെയും ഈ സർക്കാരിനെയും തമ്മിൽ താരതമ്യം ചെയ്യരുത്; അത് ശരിയാകില്ല. ഇവിടെ വിഴിഞ്ഞം തുറമുഖത്തെക്കുറിച്ച്

പറഞ്ഞല്ലോ. ഉമ്മൻ ചാണ്ടി വന്ന് കല്ലിട്ടു, കല്ലിട്ടാൽ വിഴിഞ്ഞം ആകുമോ എന്ന് ചില അംഗങ്ങൾ ചോദിച്ചു. കല്ലിട്ടത് മാത്രമല്ല, പാരിസ്ഥിതികാനുമതിക്കുള്ള ടേംസ് ഓഫ് റഫറൻസ് (ToR) തീരുമാനിച്ചത് ഏത് സർക്കാരായിരുന്നു; പാരിസ്ഥിതികാനുമതി വാങ്ങിയെടുത്തത് ഏത് സർക്കാരായിരുന്നു; കൺസൾട്ടൻസിയെ നിയോഗിച്ചത് ഏത് സർക്കാരായിരുന്നു; ആർക്കിടെക്ചറൽ ഡിസൈൻ തയ്യാറാക്കിയത് ഏത് സർക്കാരായിരുന്നു; ഗ്ലോബൽ ടെൻഡർ ക്ഷണിച്ചത് ഏത് സർക്കാരായിരുന്നു; ആ ടെൻഡറിൽ ക്വാളിഫൈ ചെയ്ത കമ്പനിയുമായി കരാർ ഒപ്പിട്ടത് ഏത് സർക്കാരായിരുന്നു; ആ കരാറിന്റെ അടിസ്ഥാനത്തിൽ നിർമ്മാണോദ്ഘാടനവും നിർമ്മാണവും തുടങ്ങിയത് ഏത് സർക്കാരായിരുന്നു; അവിടെ ഭൂമിയേറ്റെടുത്തത് ഏത് സർക്കാരായിരുന്നു; മത്സ്യത്തൊഴിലാളികൾക്കുവേണ്ടി 350 കോടി രൂപയുടെ നഷ്ടപരിഹാര പാക്കേജ് അനുവദിച്ച് നടപ്പാക്കിയത് ഏത് സർക്കാരായിരുന്നു; ആയിരം ദിവസം കൊണ്ട് പൂർത്തിയാക്കുമെന്ന് ഒരു ബോർഡ് വച്ച് അതുമായി മുന്നോട്ടുപോയത് ഏത് സർക്കാരായിരുന്നു; അത് ഉമ്മൻ ചാണ്ടിയുടെ സർക്കാരായിരുന്നു. അല്ലാതെ ഒരു കല്ലിട്ടിട്ട് മാറി പോയിരുന്നതല്ല. വികസനം തുടർച്ചയാണ്. ഇപ്പോൾ നിങ്ങൾ തുടങ്ങിവച്ച പല കാര്യങ്ങളും അടുത്തതായി ഞങ്ങളുടെ സർക്കാർ വരുമ്പോൾ ഞങ്ങൾക്ക് മുന്നോട്ടുകൊണ്ടുപോകണ്ടേ; ഞങ്ങൾ അവ മുന്നോട്ടുകൊണ്ടുപോകും. അതുകൊണ്ട് അതിനെ ആ രൂപത്തിൽ അധിക്ഷേപിക്കാൻ പാടില്ല. ശ്രീ. കെ. ആൻസലൻ സഭയിൽ ഒരു വാചകം ഉപയോഗിച്ചു. അൺപാർലമെന്ററി ആയതുകൊണ്ട് ഞാനത് പറയുന്നില്ല. ആശാ വർക്കർമാർക്ക് ഉമ്മൻ ചാണ്ടി സർക്കാർ 1000 രൂപയാണ് നൽകിയതെന്ന് പറഞ്ഞത് നിയമസഭാ രേഖയിലുണ്ട്, അത് പരിശോധിച്ചാൽ

മതിയാകും. അടുത്തിടെ പുറത്തിറങ്ങിയ വളരെ ശ്രദ്ധേയമായ ഒരു സിനിമയാണ് 'പൊൻമാൻ'. അത് തിയേറ്ററിൽ ഹിറ്റായിരുന്നു, ഇപ്പോൾ ഒ.ടി.ടി.-യിലും റിലീസ് ചെയ്തിട്ടുണ്ട്. അങ്ങേയ്ക്കും കാണാം. അതിൽ ശ്രീ. ബേസിൽ ജോസഫ് ഒരു ഗംഭീര കഥാപാത്രത്തെയാണ് അവതരിപ്പിച്ചിരിക്കുന്നത്. ശ്രീ. ജി. ആർ. ഇന്ദുഗോപന്റെ 'നാലഞ്ച് ചെറുപ്പക്കാർ' എന്ന നോവലിനെ അടിസ്ഥാനമാക്കി ശ്രീ. ജ്യോതിഷ് ശങ്കർ സംവിധാനം ചെയ്ത സിനിമയാണത്. നോവലിൽ ഒരു ഭാഗമുണ്ട്, 2006-ലെ തിരഞ്ഞെടുപ്പിൽ സഖാവ് വി. എസ്. അച്ചുതാനന്ദന് സെക്രട്ടേറിയറ്റിൽ സീറ്റ് നിഷേധിക്കുമ്പോൾ കൊല്ലം ജില്ലയിൽ കുറച്ച് ചെറുപ്പക്കാർ ചേർന്ന് ഒരു തെരുവുനാടകം കളിച്ചു. ആ തെരുവുനാടകത്തെ ആക്രമിക്കാൻ, സ്റ്റെഫി ഗ്രാഫ് എന്ന നായികയുടെ സഹോദരനും പാർട്ടി പ്രവർത്തകനുമായ ടെറർ ബ്രൂണോ പോകുന്നതാണ് നോവലിലുള്ളത്. പക്ഷേ, സിനിമയിൽ വന്നപ്പോൾ ആ രംഗം ഒഴിവായി. സിനിമയിൽ ശ്രീ. വി. എസ്. അച്ചുതാനന്ദനെ ഒഴിവാക്കുന്നതുപോലെ നിയമസഭയിലും നിങ്ങൾ അദ്ദേഹത്തെ ഒഴിവാക്കുകയാണ്. ആശാവർക്കർമാർക്ക് ഉമ്മൻ ചാണ്ടി സർക്കാർ 1000 രൂപയാണ് നൽകിയതെന്ന് നിങ്ങൾ പറയുന്നു. 2007-ൽ വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയും ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ പൊളിറ്റിക്കൽ സെക്രട്ടറിയുമായിരുന്ന 2007 മുതൽ 2011 വരെയുള്ള ഭരണകാലത്ത് എത്ര രൂപയായിരുന്നു അവർക്ക് കൊടുത്തത്; അത് ഞാൻ പറയുന്നില്ല. 60 ലക്ഷം പേർക്ക് പെൻഷൻ കൊടുത്തുവെന്ന് നിങ്ങൾ പറയുന്നു. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് 11 ലക്ഷം പേർക്കാണ് പെൻഷൻ കൊടുത്തത്. നമ്മുടെ സർക്കാർ അധികാരമൊഴിയുമ്പോൾ അത് 34 ലക്ഷം പേരായി. നിങ്ങളുടെ സർക്കാർ അത് 60 ലക്ഷം പേർ എന്ന് മാറ്റി. വി. എസ്. സർക്കാരിന്റെ കാലത്തെ

11 ലക്ഷം മറച്ചുവച്ചുകൊണ്ട് നിങ്ങൾ 60 ലക്ഷം പേർ എന്ന് പറയരുത്. അന്നുള്ള 11 ലക്ഷം പേർ എന്നത് ഞങ്ങൾ 34 ലക്ഷം പേരായും നിങ്ങൾ 60 ലക്ഷം പേരും എന്ന് മാറ്റി. പത്താം ധനകാര്യ കമ്മീഷന്റെ മാതൃക ആവർത്തിക്കണമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയുന്നുണ്ട്. പത്താം ധനകാര്യ കമ്മീഷനിൽ 29.5 ശതമാനമായിരുന്നു ഡെവല്യൂഷൻ. കേരളത്തിന് അതിന്റെ 3.57 ശതമാനം ലഭിച്ചപ്പോൾ ഏകദേശം 6,000 കോടി രൂപ മാത്രമെ ഉണ്ടായിരുന്നുള്ളൂ. നിലവിൽ പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 90,000 കോടി രൂപ ലഭിച്ചിട്ടുണ്ട്. പത്താം ധനകാര്യ കമ്മീഷനിൽ ലഭിച്ച 3.57 ശതമാനം പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഡെവല്യൂഷനായ 41 ശതമാനത്തിൽ കിട്ടണം. അപ്പോൾ മാത്രമേ നമുക്ക് അർഹതപ്പെട്ട കേന്ദ്രവിഹിതം ലഭിക്കുന്നത് കറക്ട് ആകുകയുള്ളൂ. അന്നത്തെ ഡെവല്യൂഷനായ 29.5 ശതമാനത്തിലേക്ക് പോകാൻ പാടില്ല. നമ്മുടെ അവകാശത്തിനുവേണ്ടി പൊരുതണം. അക്കാര്യത്തിൽ അങ്ങ് എന്ത് നടപടി സ്വീകരിച്ചാലും പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടാകും.

കോടതികളിൽ കൂടുതൽ ഫീസ് വാങ്ങുന്ന തീരുമാനം സംബന്ധിച്ച് ധനകാര്യ ബില്ലിന്റെ രണ്ടാം വകുപ്പിൽ പറയുന്നുണ്ട്. ഇപ്പോൾത്തന്നെ, പിരിച്ച ഏകദേശം 100 കോടി രൂപ നിയമസഹായനിധിയിലേക്ക് അടച്ചിട്ടില്ല. നിയമ സഹായനിധി പാവപ്പെട്ടവരെ സഹായിക്കാൻ വേണ്ടിയുള്ളതാണ്. വീണ്ടും കോടതി ഫീസ് അധികമായി പിരിക്കുന്നത് ആളുകൾക്ക് പ്രയാസമുണ്ടാക്കും എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[2.00 PM]

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2025-ലെ കേരള ധനകാര്യ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്ത അംഗങ്ങൾ പൊതുവിൽ കാര്യമായ വിമർശനങ്ങളൊന്നും ഉന്നയിച്ചിട്ടില്ല. കാരണം കേരള ധനകാര്യ ബില്ലിൽ പേജുകൾ അധികമുണ്ടെങ്കിലും ഏറ്റവും കുറച്ച് നികുതി നിർദ്ദേശങ്ങളുള്ള, ധനകാര്യ കാര്യങ്ങൾക്കുവേണ്ടി അധികം ഫണ്ട് റേസ് ചെയ്യാത്തൊരു ബില്ലാണിത്. സാധാരണഗതിയിൽ ഇക്കാര്യങ്ങളെ സംബന്ധിച്ച് നിയമസഭയിൽ രാഷ്ട്രീയമായി ചർച്ച ചെയ്യാറുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ നല്ലതാണെന്ന് പറയാനുള്ള ആർജവം പ്രതിപക്ഷം കാണിക്കില്ലെന്നുള്ളത് ഞങ്ങൾ പ്രതീക്ഷിക്കുന്നത് തന്നെയാണ്. കാസർഗോഡ് മുതൽ പാറശ്ശാലവരെ യാത്ര ചെയ്യുമ്പോഴും കേരളത്തിന്റെ തെക്കേയറ്റത്തുനിന്നും വടക്കേയറ്റത്തേയ്ക്കും തമിഴ്നാട് അതിർത്തിയിലേക്കും കർണാടക അതിർത്തിയിലേക്കും യാത്ര ചെയ്യുമ്പോഴും കേരളമെന്താണെന്നും കേരളത്തിലാകെ ഉണ്ടായിട്ടുള്ള മാറ്റങ്ങളെന്താണെന്നുമുള്ള കാര്യങ്ങൾ മറച്ചുവച്ചുകൊണ്ട് നിങ്ങൾക്ക് പ്രസംഗിക്കാൻ സാധിക്കുമോ? തമിഴ്നാട്ടിൽ പോകുമ്പോൾ തമിഴിൽ സംസാരിക്കുന്നതിനായി ശ്രീ. എം. വിൻസെന്റ് ചില തമിഴ് വാക്കുകൾ പറഞ്ഞിരുന്നല്ലോ? തമിഴ് അല്ലെങ്കിൽ ഇംഗ്ലീഷോ മലയാളമോ പറഞ്ഞാലും അവർക്ക് മനസ്സിലാകുമായിരിക്കും. എങ്ങനെയാണ് തമിഴ്നാട്ടിൽ ഇതൊക്കെ നടക്കുന്നത്? ഇവിടെ കാര്യങ്ങളൊന്നും നടക്കുന്നില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. വസ്തുതാപരമായി പറഞ്ഞാൽ, അങ്ങയുടെ

നിയോജകമണ്ഡലത്തിലെ വിഴിഞ്ഞം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നടക്കുന്ന കാര്യങ്ങൾ മറച്ചുവച്ചുകൊണ്ട് ഇങ്ങനെ സഭയിൽവന്ന് പറഞ്ഞിട്ട് ബഹുമാനപ്പെട്ട അംഗം വിഴിഞ്ഞത്തേക്കും കോവളത്തേക്കുമൊക്കെ പോകുമ്പോൾ അവിടത്തെ ആളുകൾ അത് അംഗീകരിക്കുമോ? ധാരാളം വികസന കാര്യങ്ങൾ ചെയ്യുന്നൊരു സ്ഥലത്തെക്കുറിച്ച് എന്തൊക്കെ കാര്യങ്ങളാണ് പറഞ്ഞത്? അവിടെ എന്തൊക്കെ കാര്യങ്ങളാണ് നടപ്പാക്കിയിട്ടുള്ളതെന്നും നടപ്പാക്കാത്തതെന്നും അദ്ദേഹം പറഞ്ഞല്ലോ? റെയിൽവേയുടെ കാര്യത്തിൽ ഏകദേശം രണ്ടായിരം കോടി രൂപയുടെ പ്രോജക്ട് ഇന്നലത്തെ ക്യാബിനറ്റ് അംഗീകരിച്ചിട്ടുണ്ട്. നേരത്തെതന്നെ അതിന്റെ പരിപാടികൾ നടക്കുന്നതിന്റെ ഭാഗമായാണ് ധനകാര്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അംഗീകരിക്കുന്നത്. റോഡുമായി ബന്ധപ്പെട്ടകാര്യം അംഗീകരിച്ചിട്ടുണ്ട്. പത്തു-പതിനഞ്ച് വർഷം കഴിഞ്ഞ് പൂർത്തിയാക്കേണ്ട വിഴിഞ്ഞം പദ്ധതി 2028-ൽ പൂർത്തീകരിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുകയും അതിനനുസരിച്ചുള്ള പ്രവൃത്തികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണ്. കാസർഗോഡ് നിന്ന് ഇവിടേയ്ക്ക് വരുമ്പോഴും ഇവിടെനിന്ന് കൊല്ലത്തേക്കും ആലപ്പുഴയിലേക്കും പോകുമ്പോഴുമുള്ള എൻ.എച്ച്.-ന്റെ പകുതിയോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കേരളത്തിലാകെ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളും നാഷണൽ ഹൈവേയുടെയും മറ്റ് റോഡുകളുടെയും അവസ്ഥയും പരിശോധിച്ചാൽ ഇവിടെ ഒരു വികസനവും നടക്കുന്നില്ലെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ? കേരളത്തിലെ ആശുപത്രികളും സ്കൂളുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പരിശോധിച്ചാൽ അങ്ങനെ പറയാൻ സാധിക്കുമോ? നിങ്ങൾ നിയമസഭയിൽ വന്ന് കേരളത്തിലൊന്നും നടക്കുന്നില്ലെന്ന്, കേരളമൊട്ടാകെ സഞ്ചരിക്കുന്നതും എല്ലാ കാര്യങ്ങളും

അറിയുകയും ചെയ്യുന്ന കേരളത്തിലെ ജനങ്ങളോട് പറഞ്ഞാൽ നിങ്ങളെക്കുറിച്ച് എന്തായിരിക്കും അവർ ചിന്തിക്കുന്നത്? തമിഴ്നാട്ടിൽ നടപ്പാക്കാൻ പോകുന്ന മെട്രോ റെയിലിനെക്കുറിച്ച് പറഞ്ഞു. കൊച്ചിയിൽ ഇതിനോടകം മെട്രോ റെയിൽ നടപ്പാക്കിക്കഴിഞ്ഞു. തിരുവനന്തപുരം മെട്രോ റെയിൽ ആരംഭിക്കാൻ പോകുന്ന പ്രവൃത്തികളിലേയ്ക്ക് നമ്മൾ കടക്കുമെന്ന് പറഞ്ഞു. കോഴിക്കോട് ഇത് ആരംഭിക്കുന്നതിനെക്കുറിച്ച് നമ്മൾ ആലോചിക്കുകയാണ്. കേരളം തമിഴ്നാടിനെപ്പോലെ അത്രയും വലിയ ജനസംഖ്യയുള്ള നഗരമല്ലെങ്കിലും നാം അക്കാര്യങ്ങൾ ചെയ്യുന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ നടന്ന ചർച്ചയിൽ ശ്രീ. കെ. പി. എ. മജീദ് സംസാരിച്ചപ്പോൾ വളരെ റിയലിസ്റ്റിക്കായി കുറെ കാര്യങ്ങൾ പറഞ്ഞു; അത് ബജറ്റിനെ സംബന്ധിച്ചല്ല പകരം കേരളത്തിന്റെ ഭാവിയെക്കുറിച്ചാണ് പറഞ്ഞത്. ബജറ്റിനെ സംബന്ധിച്ച് അദ്ദേഹത്തിന് അഭിപ്രായമുണ്ടായിരിക്കും; പക്ഷേ, കേരളത്തിന്റെ ഭാവിയെ സംബന്ധിച്ചും നാം ചർച്ച ചെയ്യേണ്ടതല്ലേ; കേരളം നേരിടാൻ പോകുന്ന ഏറ്റവും ഗുരുതരമായ വിഷയത്തെക്കുറിച്ച് ഇപ്പോൾ ജീവിച്ചിരിക്കുന്നവർ ചർച്ച ചെയ്തില്ലെങ്കിൽ നാളത്തെ അവസ്ഥ എന്താകും? 6 ലക്ഷം കുട്ടികൾ ഒന്നാം ക്ലാസിൽ അഡ്മിഷൻ എടുത്തുകൊണ്ടിരുന്ന കേരളത്തിൽ ഈ വർഷം 298000 പേർ മാത്രമാണ് അഡ്മിഷനെടുത്തത് എന്ന കാര്യം ഗൗരവമായി കാണേണ്ടതാണ്. ഈ സർക്കാരിന്റെ ഒന്നാമത്തെ ബജറ്റ് മുതൽ ഞാൻ ഇക്കാര്യം പറയുന്നതാണ്. നമ്മുടെ സംസ്ഥാനത്തുള്ളവർ വിദേശത്തേക്ക് പോകുന്നുവെന്നും ഇവിടെ ആരും നിൽക്കുന്നില്ലെന്നും തമാശ രൂപത്തിൽ അന്ന് ചില പ്രതിപക്ഷ മെമ്പർമാർ പറഞ്ഞതായി ഞാൻ ഓർക്കുന്നു. കേരളം സീനിയർ സിറ്റിസൺസിന്റെ ഒരു സംസ്ഥാനമായി

മാറാൻ പോകുകയാണെന്ന് പറഞ്ഞാൽ നമുക്ക് അംഗീകരിക്കാൻ സാധിക്കില്ല. ഈ ലോകത്തെ ജനസംഖ്യാ മാറ്റത്തിലുള്ള പ്രത്യേകതകൾ കേരളത്തിനും ബാധകമാണ്. യൂറോപ്പ്, അമേരിക്ക, കാനഡ പോലുള്ള വളരെ വികസിതമായ രാജ്യങ്ങളിലൊക്കെ ജനസംഖ്യ കുറവായിരിക്കും. ഇക്കണോമിക് പ്രോഗ്രസ് സാധാരണഗതിയിൽ ഡെമോഗ്രാഫിക് പ്രോഗ്രഷനെ ബാധിക്കാറുണ്ട്. ചൈനയിൽ ഒരു ഒറ്റ കുട്ടി മാത്രം മതിയെന്നുള്ള കൺസെപ്റ്റില്ല. ഏറ്റവും വലിയ ജനസംഖ്യയെ നിയന്ത്രിക്കാനായി അവർ ചെയ്ത കാര്യം ഇപ്പോൾ പ്രായോഗികമല്ലെന്നാണ് പറയുന്നത്. അവർ ഇതുമായി ബന്ധപ്പെട്ട് പുതിയ ഇൻസെന്റീവുകൾ നൽകുന്നുണ്ട്. കേരളത്തിന് അത്തരത്തിലൊരു സ്ഥിതി വന്നില്ലെങ്കിലും സംസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിച്ച് പത്തുമുപ്പത് വർഷങ്ങൾക്കുശേഷം അന്നത്തെ ജനത നോക്കുമ്പോൾ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരള നിയമസഭയിലെ എം.എൽ.എ.-മാർ ഇത് ഗൗരവത്തോടെ കണ്ടിരുന്നുവെന്ന് മനസ്സിലാക്കും. അതുകൊണ്ട് ശ്രീ. കെ. പി. എ. മജീദിന്റെ വാക്കുകളെ ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുന്നു. കേരളത്തിന്റെ ജനസംഖ്യ കുറയുമ്പോൾ കേരളത്തിലെ പുതുതലമുറക്കാർക്ക് ഇവിടെത്തന്നെ നിൽക്കാൻ സാധിക്കണം. കേരളത്തിലുള്ളവർക്ക് മാത്രമല്ല പുറത്തുനിന്നുള്ളവർക്കും കേരളത്തിൽ വന്ന് താമസിക്കാം. ഇന്നിപ്പോൾ ബാംഗ്ലൂർ, ഹൈദരാബാദ്, മുംബൈ തുടങ്ങിയ കോസ്മോപൊളിറ്റൻ സിറ്റികളിൽ ആളുകൾ നിൽക്കുന്നതുപോലെ കേരളത്തിന്റെ ഏത് ഭാഗവും ഒരു കോസ്മോപൊളിറ്റൻ സിറ്റിയാക്കാം. കാരണം കേരളത്തിലെ ഭാഷ, സംസ്കാരം, സാമാധാന അന്തരീക്ഷം, മതേതര മനോഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലേക്ക് എല്ലാവർക്കും വരാനും പ്രവർത്തിക്കാനും കഴിയുന്നൊരു സ്ഥലം എന്ന

നിലയിലുള്ള കാഴ്ചപ്പാടോടുകൂടി കേരളത്തിന്റെ ആരോഗ്യം, വിദ്യാഭ്യാസം, ടൂറിസം, കെയർ ഇക്കോണമി തുടങ്ങിയ കാര്യങ്ങളിൽ വലിയ മുൻഗണന നൽകുന്നതിന് എല്ലാ ബജറ്റുകളിലും ഇടതുപക്ഷ ജനാധിപത്യമുന്നണി ശ്രമിക്കുന്നുണ്ട്. കേരളത്തെ സംബന്ധിച്ച് കേരളത്തിന്റെ knowledge-based economy ഉപയോഗിച്ചുകൊണ്ട് മുന്നോട്ടുവരണം. അങ്ങനെ നമ്മുടെ പൂർവികർ ശ്രമിച്ചതുകൊണ്ടാണ് കേരളം ഇത്തരത്തിൽ മാറിയത്. കേരളത്തെക്കുറിച്ച് അഭിമാനകരമല്ലാതെ അപമാനകരമായി പറയുന്ന അവസ്ഥയുണ്ടോ? നിങ്ങൾക്ക് അതൊക്കെ രാഷ്ട്രീയത്തിനുവേണ്ടി പറയാം. മഹാത്മാഗാന്ധി മഹാനായ ശ്രീനാരായണ ഗുരുദേവനെ സന്ദർശിച്ചതിന്റെ നൂറാം വാർഷികം കഴിഞ്ഞ ദിവസമായിരുന്നു. അന്നത്തെ കേരളം എന്തായിരുന്നുവെന്ന് ഓർമ്മിപ്പിക്കേണ്ടതില്ല. അന്നത്തെ കേരളവും ഇന്നത്തെ കേരളവും ഒരുപോലെയാണോ? ലോകത്തെമ്പാടുമുള്ളവർ കേരളത്തിന്റെ ജാതി വ്യവസ്ഥയെക്കുറിച്ചും പൊതുവായ അവസ്ഥയെക്കുറിച്ചും ഫ്യൂഡൽ സംസ്കാരത്തെക്കുറിച്ചുമൊക്കെ പറഞ്ഞിരുന്ന അവസ്ഥയിൽനിന്ന് കേരളം ഇന്ന് മാതൃകയായി മാറിയെന്നും കേരളത്തിന്റെ മോഡൽ അംഗീകരിക്കണമെന്നും മറ്റുള്ളവർ പറയുന്ന അവസ്ഥയിലാണ് എത്തിയിരിക്കുന്നത്. പക്ഷെ ഈ അവസ്ഥയിലൂടെ കടന്നുപോകുമ്പോഴും കേരളത്തിൽ മൊത്തം ശിശുരോദനം ഉണ്ടാകുന്നുവെന്നും ആകെ പട്ടിണിക്കാരാണുള്ളതെന്നും ആശാവർക്കർമാർക്ക് ശമ്പളം കിട്ടുന്നില്ലെന്നും രോഗികൾക്ക് മരുന്ന് കിട്ടുന്നില്ലെന്നുമൊക്കെ ഈ സഭയിൽ പ്രതിപക്ഷാംഗങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. 'എല്ലാവർക്കും വീട്' എന്ന ആശയം കേരളത്തിലല്ലാതെ ലോകത്ത് മറ്റ് എവിടെയുണ്ട്? കേരളത്തിലെ ഏതാനും ലക്ഷം ആളുകൾക്കുകൂടി വീട് നൽകിക്കഴിഞ്ഞാൽ സംസ്ഥാനത്തെ മൊത്തം ആളുകൾക്കും വീട്

ലഭ്യമാകുന്ന ലൈഫ് പദ്ധതി പൂർത്തീകരിക്കാൻ സാധിക്കും. ഈ വർഷം 5 ലക്ഷം പേർക്ക് വീട് ലഭിക്കാൻ പോകുകയാണ്. 42 ലക്ഷം കുടുംബങ്ങൾക്ക് ചികിത്സയ്ക്കായി 5 ലക്ഷം രൂപവരെ ലഭ്യമാകുന്ന ചികിത്സാ പദ്ധതികളാണ് കേരളത്തിലുള്ളത്. ഇരുപത്തിയഞ്ച് വർഷങ്ങൾക്ക് മുമ്പ് ആശുപത്രികളിൽ മരുന്നില്ലെന്നുള്ള പരാതിയുണ്ടായിട്ടുണ്ട്. അന്ന് പാരസെറ്റാമോളോ പെൻസിലിനോ ഡയബറ്റിസിന്റെ മരുന്നോ ഇല്ലെന്നുള്ളതായിരുന്നു പരാതിയെങ്കിൽ ഇന്ന് സ്റ്റെന്റ് കിട്ടുന്നില്ലെന്ന പരാതിയാണുള്ളത്. കോട്ടയം മെഡിക്കൽ കോളേജിലും കോഴിക്കോട് മെഡിക്കൽ കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലും വേണ്ടത്ര സ്റ്റെന്റ് കിട്ടുന്നില്ലെന്ന പരാതിയാണ് ഇപ്പോഴുള്ളത്. കാൻസറിന് ഏറ്റവും വിലയുള്ള മരുന്നുകൾ വേണ്ടത്ര ലഭിക്കുന്നില്ലെന്ന് വരാം. പക്ഷെ ലോകത്തെവിടെയുമുള്ള സംവിധാനങ്ങളെക്കാൾ മാതൃകാപരമായ സംവിധാനങ്ങളാണ് കേരളത്തിലുള്ളത്. ഇംഗ്ലണ്ട് പോലെയുള്ള രാജ്യങ്ങളിൽ എല്ലാവർക്കും ചികിത്സാ സംവിധാനം ഒരുക്കിയിട്ടുണ്ട്. പക്ഷേ, ഒരു അസുഖം പിടിപെട്ടാൽ അവിടത്തെ ആരോഗ്യ സംവിധാനമനുസരിച്ച് ഡോക്ടറെ കാണണമെങ്കിൽ മാസങ്ങളോളം കാത്തിരിക്കേണ്ടിവരുമെന്ന് ഭരണ-പ്രതിപക്ഷാംഗങ്ങൾക്ക് അറിയാവുന്നതാണ്. ഇക്കാര്യങ്ങളെക്കുറിച്ച് ഇതൊക്കെ കണ്ടുകൊണ്ടിരിക്കുന്ന ഈ നാട്ടിലുള്ളവർക്കും അറിയാം. ശ്രീ. കെ. പി. എ. മജീദ് പറഞ്ഞതുപോലെ ഈ പുതിയ കാലഘട്ടത്തിൽ നമ്മുടെ വിദ്യാഭ്യാസ മേഖലയിലെ സംവിധാനങ്ങളെക്കുറിച്ച് ചർച്ച ചെയ്തേ മതിയാകൂ. 6 ലക്ഷം പേർ പഠിച്ചിരുന്ന കാലത്തുള്ള സ്കൂളും 3 ലക്ഷം പേർ പഠിക്കുന്ന കാലത്തുള്ള സ്കൂളും അവിടത്തെ സംവിധാനങ്ങളും വിദ്യാഭ്യാസം നൽകുന്ന രീതിയെക്കുറിച്ചും ഗൗരവമായി ചർച്ച ചെയ്യേണ്ട വേദിയാണ്

നിയമസഭ. ഇവിടെ ആരോഗ്യ രംഗത്തെയും ഭാവിയെയും കുറിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്യണം. അതോടൊപ്പം സംസ്ഥാനത്തിന് പൊളിറ്റിക്കലായി ലഭിക്കേണ്ട അവകാശങ്ങളെ സംബന്ധിച്ച ചർച്ചകൾ നടക്കേണ്ട സ്ഥലംകൂടിയാണ് നിയമസഭ. അല്ലാതെ അന്ന് ഞങ്ങളിവിടെ ഉറക്കമിളച്ചുകിടന്നുവെന്നും ഇപ്പോൾ കിടക്കുന്നില്ലെന്നും ഞങ്ങൾ ഇങ്ങനെയൊക്കെ ചെയ്തുവെന്നുമൊക്കെ പരസ്പരം പറയാമെന്ന് മാത്രമെയുള്ളൂ. പക്ഷേ, അതൊന്നും അടിസ്ഥാനപരമായ കാര്യമെന്ന നിലയിൽ കേരളത്തിന്റെ ഭാവിയെ വലിയ തോതിൽ സഹായിക്കുന്നവയല്ല. ഈ ബജറ്റിന്റെ ഭാഗമായി സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് ചെറിയരീതിയിൽ ചർച്ചകൾ ഉണ്ടായിരുന്നല്ലോ; കഴിഞ്ഞ ദിവസം തെലങ്കാന മുഖ്യമന്ത്രി പറഞ്ഞ പ്രസ്താവനയെക്കുറിച്ച് ഞാൻ പ്രസംഗിച്ചത് അദ്ദേഹത്തെ മോശപ്പെടുത്തിക്കൊണ്ടോ കോൺഗ്രസ് ആയതുകൊണ്ടോ അല്ല. ഈ കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങളുണ്ട്. അതിൽ തെലങ്കാന മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞത് ഞെട്ടിക്കുന്ന കാര്യമായി തോന്നി. തെലങ്കാനയുടെ ഫിനാൻഷ്യൽ കണ്ടീഷൻ നമ്മുടെ സംസ്ഥാനത്തെക്കാളും വളരെ മെച്ചമാണെന്ന് അറിയാം. കർണാടകയും തമിഴ്നാടും അങ്ങനെയാണ്. അവരുടെ ആകെയുള്ള ഐ.ടി. എക്സ്പോർട്ട് തന്നെ അത്രയും വലുതാണ്. അങ്ങനെയുള്ളൊരു സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ഒന്നാം തീയതി ശമ്പളം നൽകാൻ പണമില്ലെന്ന് തെലങ്കാന മുഖ്യമന്ത്രി തുറന്നുപറഞ്ഞെന്ന വാർത്ത വന്നപ്പോൾ ഞാൻ അവരെ സപ്പോർട്ട് ചെയ്തുകൊണ്ടാണ് സംസാരിച്ചത്. അല്ലാതെ അതിനെ താരതമ്യം ചെയ്തത് അവിടെ കോൺഗ്രസ് ഭരണം ആയതുകൊണ്ട് അവർ മോശമാണെന്ന് ഉദ്ദേശിച്ചുകൊണ്ടല്ല. 'കടം കയറി സംസ്ഥാനം മുടിഞ്ഞു; ശമ്പളം കിട്ടാതെ ഉദ്യോഗസ്ഥർ;

രക്ഷാമാർഗം കാട്ടിലെ തടിയും കഞ്ചാവും'... ഇതൊക്കെ സെപ്റ്റംബർ മാസം ഹിമാചൽപ്രദേശിനെക്കുറിച്ച് മനോരമ ഓൺലൈനിൽ വന്ന വാർത്തയാണ്.

ആ സംസ്ഥാനത്തെ ട്രാൻസ്പോർട്ട് ജീവനക്കാരുടെ ശമ്പളം ആദ്യംമുടങ്ങി, അതുകഴിഞ്ഞ് സർക്കാർ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കഴിയാതെ വന്നു. മൂവായിരം കിലോമീറ്റർ അകലെയുള്ള ഹിമാചൽപ്രദേശിലെ കോൺഗ്രസ് ഗവൺമെന്റിന്റെ സ്ഥിതിയെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഈ രണ്ട് സംസ്ഥാനങ്ങളും ഭരിക്കുന്നത് കോൺഗ്രസ് ഗവൺമെന്റുകളാണ്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-ക്ക് അനുകൂലമായ നിലപാടുള്ള ഗവൺമെന്റ് അല്ല, അതാണ് വ്യത്യാസം. കർണ്ണാടകയ്ക്കും പഞ്ചാബിനും നേരെ ഇത്തരം സമീപനം വരും; കേരളത്തിന് നേരെ ഈ സമീപനം വന്നിട്ടുണ്ടെന്ന് നമുക്കറിയാം. ആ ഒരു സാഹചര്യത്തിന് രാഷ്ട്രീയ പ്രശ്നം വേണ്ടേ; ബി.ജെ.പി. സപ്പോർട്ടുള്ള ഗവൺമെന്റായതുകൊണ്ട് പോണ്ടിച്ചേരിക്ക് വലിയ പ്രശ്നമില്ല. എന്നാൽ നേരത്തെ പോണ്ടിച്ചേരിക്ക് പ്രശ്നമുണ്ടായിരുന്നുവെന്ന് നിങ്ങൾക്ക് അറിയാമെന്ന് കരുതുന്നു. ഞങ്ങളൊക്കെ ജി.എസ്.ടി. കൗൺസിലിന്റെ ഭാഗമായും മറ്റും ഈ സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരെയും മറ്റുള്ള മന്ത്രിമാരെയുമൊക്കെ കാണുന്നവരാണ്. ആന്ധ്രാപ്രദേശിൽ പ്രശ്നമുണ്ടായിരുന്നു, പക്ഷേ തെലുങ്ക് ദേശം പാർട്ടി അധികാരത്തിൽ വന്നതോടുകൂടി ആന്ധ്രാപ്രദേശിന് കേന്ദ്ര ഗവൺമെന്റ് പ്രത്യേക പാക്കേജ് അനുവദിച്ചു. ബീഹാറിന് പ്രശ്നമുണ്ടായിരുന്നുവെങ്കിലും അവർക്കും പ്രത്യേക പാക്കേജ് അനുവദിച്ചു. ഫെഡറലിസം കൃത്യമായി കൈകാര്യം ചെയ്യാത്തതിന്റെ പ്രശ്നങ്ങൾ ഇന്ത്യയിലെ സംസ്ഥാനങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അക്കാര്യം കളക്ടീവായി സൂചിപ്പിക്കണ്ടേ;

ഇടതുപക്ഷാംഗങ്ങൾ പത്താം ധനകാര്യ കമ്മീഷന്റെ കാലയളവിലെ കണക്കും ഇപ്പോഴത്തെ കണക്കും പറയുന്നുവെന്നാണ് നിങ്ങൾ പറയുന്നത്. പത്താം ധനകാര്യ കമ്മീഷന്റെ കാലയളവിലെ കണക്ക് പറയുമ്പോൾ, അന്നത്തെ ഡിവിസിബിൾ പൂളിന്റെ ഫോർമുല ഇതല്ലായിരുന്നുവെന്ന് ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ളവർക്ക് അറിയാവുന്ന കാര്യമാണ്. അന്ന് ജി.എസ്.ടി. സംവിധാനമുണ്ടായിരുന്നില്ല. ഉദാഹരണമായി, പതിനാലാം ധനകാര്യ കമ്മിഷന്റെ സമയത്ത് ഡിവിസിബിൾ പൂൾ 2.5 ശതമാനമുണ്ടായിരുന്നു, അതിനുമുമ്പ് 2.9 ശതമാനമായിരുന്നു; ഇതിൽനിന്ന് മനസ്സിലാകുന്നത്, റേറ്റ് കുറച്ചുവെന്ന് മാത്രമല്ല, നമ്മുടേതിനു തുല്യമായി ലഭിച്ചുകൊണ്ടിരുന്ന ആസ്സാം, ഛത്തീസ്ഗഡ്, ഝാർഖണ്ഡ്, ഒഡീഷ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് അവരുടെ പഴയ ശതമാന നിരക്കുതന്നെയാണ് ഇപ്പോഴുമുള്ളത്. എന്നാൽ നമുക്ക് ലഭിച്ചുകൊണ്ടിരുന്നത് നേർപകുതിയായി കുറച്ചതിന്റെ ഭാഗമായി സംസ്ഥാനത്തിന് ഇപ്പോൾ ലഭിക്കുന്നത് 24,000/- കോടി രൂപയാണ്. പഴയ നിരക്കായിരുന്നുവെങ്കിൽ 48,000/- കോടി രൂപ ലഭിക്കുമായിരുന്നു. അതായത്, മൂന്ന് ശതമാനത്തിനടുത്ത് ലഭിച്ചെങ്കിൽപ്പോലും നമുക്കിപ്പോൾ ലഭിക്കുന്നതിന്റെ പത്ത്-പന്ത്രണ്ടായിരം കോടി രൂപ അധികമായി ലഭിക്കുമായിരുന്നു; അത് ലഭിക്കുന്നില്ല. ഇത്തരത്തിലുള്ള കാര്യങ്ങളെക്കുറിച്ച് സഭയിൽ എടുത്ത് പറയണമെന്നുണ്ട്. സംസ്ഥാനം ഇത്തരം പ്രശ്നങ്ങൾ നേരിടുമ്പോഴും, മറ്റ് സംസ്ഥാനങ്ങളിലെ സ്ഥിതിയുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ ജീവനക്കാർക്ക് ശമ്പളം മുടങ്ങിയിട്ടില്ല എന്നത് അഭിമാനകരമായ കാര്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള മേഖലകളിലെ പെൻഷൻ പൂർണ്ണമായും നേരത്തെ കൊടുക്കാൻ തുടങ്ങിയത്.

ഒരു മാസത്തെ ശമ്പളം ഉൾപ്പെടെ കൊടുക്കാൻവേണ്ടി ആകെ 50 കോടി രൂപയാണ് സർക്കാർ അനുവദിക്കുന്നത്. എല്ലാ മേഖലകളിലും ഇത്തരത്തിൽ ഫണ്ട് അനുവദിക്കുന്നുണ്ട്. പക്ഷേ ഒരു സംസ്ഥാനത്തെ ഇങ്ങനെ ശ്വാസംമുട്ടിച്ചാൽ അതിനെ നമുക്ക് കളക്ടീവായി നേരിടാതിരിക്കാൻ സാധിക്കുമോ എന്ന പ്രശ്നം മാത്രമെ ഞങ്ങൾ ഉന്നയിക്കുന്നുള്ളൂ. ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയുടെ ഭാഗമായി കോടതി വ്യവഹാരത്തിനുള്ള ഫീസിന്റെയും മറ്റുംകാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. കോടതി വ്യവഹാരത്തിനുള്ള ഫീസ് വളരെയധികം വർധിപ്പിച്ചെന്ന് ശ്രീ. യു. എ. ലത്തീഫ് സൂചിപ്പിച്ചിരുന്നു. ഈ ഫീസ് ദശാബ്ദങ്ങളായി വർധിപ്പിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ അഭിപ്രായം ആരാഞ്ഞശേഷമാണ് ഫീസ് വർധിപ്പിച്ചത്. കോടതിക്ക് ആകെ ഉണ്ടാകുന്ന ചെലവിന്റെ ചെറിയ ശതമാനംപോലും ഫീസ് ഇനത്തിൽനിന്ന് ലഭിക്കുന്നില്ല; അത് ലഭിക്കാനും പോകുന്നില്ല. ഇപ്പോൾ നമുക്ക് രണ്ട് രൂപയുടെ സ്റ്റാമ്പ് ഉപയോഗിക്കാൻ സാധിക്കുമോ? സ്റ്റാമ്പുകളുടെ ഫീസിലും താരതമ്യേന വർധനവുണ്ടായിട്ടുണ്ട്. ജുഡീഷ്യൽ ഓഫീസേഴ്സും ഹൈക്കോടതി റിട്ടയേർഡ് ചീഫ് ജസ്റ്റിസും ലാ സെക്രട്ടറിയും ഫിനാൻസ് സെക്രട്ടറിയും ഉൾപ്പെടുന്ന കമ്മിറ്റിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് കോടതി വ്യവഹാരത്തിനുള്ള ഫീസ് വർധിപ്പിക്കാൻ നടപടി സ്വീകരിച്ചത്. ജുഡീഷ്യൽ സിസ്റ്റത്തിന് ആവശ്യമുള്ള പണത്തിന്റെ പത്തിലൊന്നുപോലും ഇപ്പോൾ വർധിപ്പിച്ച നിരക്കിൽനിന്നും ലഭിക്കില്ല. സാമ്പത്തിക ഞെരുക്കത്തിന് പരിഹാരമെന്ന നിലയ്ക്കുള്ള നടപടികളൊന്നും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. മൂന്നൂറ് കോടി രൂപയുടെ വരുമാനം ലഭിച്ചാൽ അതിനൊരു പരിഹാരം ഉണ്ടാകുകയില്ല. നമ്മുടെ സംസ്ഥാനം വളരെ മോശപ്പെട്ട സാഹചര്യത്തിലും

പിടിച്ചുനിൽക്കുന്നുവെന്നത് പ്രധാനപ്പെട്ട കാര്യമാണ്. രാഷ്ട്രീയപരമായ രണ്ടു കാര്യങ്ങളും രണ്ട് സംസ്ഥാനങ്ങളുടെ കാര്യവും ഞൻ ഇവിടെ എടുത്ത് പറഞ്ഞത്, രാഷ്ട്രീയമായി ആ സംസ്ഥാനങ്ങൾക്കുനേരെ ശ്വാസംമുട്ടിക്കൽ ഉണ്ടാകുന്നു എന്നതുകൊണ്ടാണ്. പതിനാറാം ധനകാര്യ കമ്മിഷനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവരുമായും രാഷ്ട്രീയ പാർട്ടികളുമായും ഞങ്ങൾ സംസാരിച്ച് നിലപാട് സ്വീകരിച്ചിട്ടില്ലെന്ന് പറയുന്നില്ല. സഭയ്ക്കകത്ത് പറയുന്ന കാര്യങ്ങൾക്ക് ഒരു ഇംപാക്ടുണ്ട്. ഇവിടെ ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മന്ത്രിമാരും പ്രമുഖ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമെല്ലാം പറയുന്ന കാര്യങ്ങൾ ഇന്ത്യയിലെ ദേശീയ പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. നാം വസ്തുതാപരമായി കാര്യങ്ങൾ പറഞ്ഞില്ലെങ്കിൽ പല കാര്യങ്ങളിലും യോജിച്ച സമീപനമില്ലെന്ന ധാരണയിൽ നമ്മുടെ സംസ്ഥാനത്തെ അത് പ്രതികൂലമായി ബാധിക്കുമെന്നതുകൊണ്ടാണ് ഇക്കാര്യം എടുത്തുപറയുന്നത്. ഞാൻ ബജറ്റ് ചർച്ചയിൽ ഈ വർഷം സേഫ് ലാൻഡിങ്ങ് ഉണ്ടാകുമെന്ന് പറഞ്ഞെന്നും അത് തെറ്റായൊരു കാര്യത്തക്കുറിച്ചാണ് പറഞ്ഞതെന്നുമാണ് പ്രതിപക്ഷം വാദിക്കുന്നത്. ഞാൻ പറഞ്ഞത് സേഫ് ലാൻഡിങ്ങ് എന്നല്ല; ടേക്ക് ഓഫിലേക്ക് വരികയാണെന്നാണ് പറഞ്ഞത്. ഇന്ത്യൻ വംശജയായ ശ്രീമതി സുനിത വില്യംസ് ഇവിടെ സേഫായി തിരിച്ചെത്തുന്ന കാര്യമാണ് ഇന്നലെ പറഞ്ഞത്. കാരണം, നാട്ടിൽനിന്ന് ഒൻപത് മാസക്കാലം ഒരു കണക്ഷനുമില്ലാതെ ബഹിരാകാശ നിലയത്തിൽ നിൽക്കേണ്ടിവന്നതിനെക്കുറിച്ച് സാധാരണഗതിയിൽ നമുക്കാർക്കും ചിന്തിക്കാൻപോലും കഴിയുന്നതല്ല. ഒരു ലിഫ്റ്റിനകത്ത് കുടുങ്ങിപോയാൽപ്പോലും നമ്മളെല്ലാവരും പേടിച്ചുപോകും. എന്നാൽ വാഹനത്തിനുപോലും പോകാൻ സാധിക്കാത്ത

ബഹിരാകാശത്ത് അവർക്ക് നിൽക്കേണ്ടിവരികയും അവിടെനിന്ന് ഫൈറ്റ് ചെയ്ത് സേഫായി തിരികെവരികയും ചെയ്തിരിക്കുകയാണ്. ശ്രീമതി സുനിത വില്യംസിന്റേത് അഭിമാനകരമായ നേട്ടമാണ്; അത് നമുക്കെല്ലാവർക്കും സന്തോഷമുള്ള കാര്യമാണ്. ഇപ്രകാരം കേരളവും വലിയതോതിൽ ശ്വാസംമുട്ടൽ നേരിട്ടുകൊണ്ട് മുന്നോട്ടുപോകുമെന്നാണ് അഭിമാനത്തോടുകൂടി പറയുന്നത്. നമ്മൾ ഇപ്പോൾ ടേക്ക് ഓഫിന്റെ ഘട്ടത്തിലാണ് എന്നതുകൊണ്ട് ഉദ്ദേശിച്ചത്, നാം അങ്ങേയറ്റം ലക്ഷ്യം കൈവരിച്ചുവെന്നല്ല; ഇപ്പോൾ നാം റൺവേയിലൂടെ ഓടുകയാണ്, അതിൽനിന്ന് അല്പം മെച്ചപ്പെട്ട സ്ഥിതിയിലേക്ക് വരികയാണ് എന്നാണ്. ഭരണപക്ഷത്തും പ്രതിപക്ഷത്തുമിരിക്കുന്നവർ വ്യക്തിപരമായിത്തന്നെ ഇക്കാര്യങ്ങൾ ഫോളോ ചെയ്യുന്നവരാണ്. കേരളത്തിന് ഏകദേശം 1,60,000 കോടി രൂപ മാത്രമെ ചെലവഴിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. അതൊരു ചെറിയ തുകയല്ല. കോവിഡ് സമയത്ത് 1,15,000 കോടി രൂപയോളം വലിയതോതിൽ ചെലവാക്കാൻ കഴിഞ്ഞ സർക്കാരിന് സാധിച്ചിട്ടുണ്ട്. ആ ഗവൺമെന്റിന്റെ സമയത്തെക്കാളും ഇപ്പോൾ ചെലവ് വർധിച്ചിട്ടുണ്ട്. വാർഷിക വരുമാനം 16-17 ശതമാനത്തോളം വർധിപ്പിച്ചെങ്കിലും നമുക്ക് 1,60,000 കോടി രൂപയ്ക്കപ്പുറം ചെലവാക്കാൻ സാധിച്ചില്ല. ഈ വർഷം കാര്യങ്ങളെല്ലാം കുറച്ചുകൂടി മെച്ചപ്പെട്ട അവസ്ഥയിൽ മുന്നോട്ടുവരുന്നതുകൊണ്ടുതന്നെ എല്ലാം നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്ന് കരുതുന്നു. നമ്മുടെ തനത് വരുമാനത്തിൽ നാല് വർഷം കൊണ്ടുണ്ടായ വർധനവിനെക്കുറിച്ച് പലതവണ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും വിമർശനം വന്നതുകൊണ്ടാണ് സഭയിൽ വീണ്ടും പറയുന്നത്. 2021-22-ലെ തനത് നികുതി വരുമാനം 47,660/- കോടി രൂപയാണ്. ഈ വർഷം അത് 81,000/- കോടി രൂപയാകുമെന്നാണ് കണക്കുകൾ

വ്യക്തമാക്കുന്നത്. ഇത് അടുത്തവർഷം 91,515/- കോടി രൂപയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; അതായത്, ഏകദേശം ഇരട്ടിയോളം തുക വരും. 2020-21-ൽ തനത് നികുതിയും നികുതിയേതര വരുമാനവും കൂടി ചേരുമ്പോൾ 54,958/- കോടി രൂപയായിരുന്നത് 2024-25 ആയപ്പോൾ 1,03,240/- കോടി രൂപയായി വർധിച്ചിട്ടുണ്ട്. അടുത്ത വർഷം 1,10,660/- കോടി രൂപയാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ നികുതി/നികുതിയേതര വരുമാനം അഞ്ച് വർഷംകൊണ്ട് 54,000/- കോടി രൂപയിൽനിന്നും 1,10,000/- കോടി രൂപയായി എന്നുപറഞ്ഞാൽ ഇന്ത്യയിലെ റിക്കോർഡ് വളർച്ചയാണ്. അതിനർഥം ഇരട്ടിയായി നികുതിയും നികുതിയേതര വരുമാനവും വർധിപ്പിക്കാൻ സാധിക്കുമെന്നാണ്. അത് അംഗീകരിക്കാൻ എല്ലാവരും തയ്യാറാകണം. 2021-22-ൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 2.25 ശതമാനമായിരുന്നു. അത് 2024-25 ആയപ്പോൾ 1.58 ശതമാനമായി കുറഞ്ഞു. കേരളത്തിൽ ധനകമ്മി 4.04 ശതമാനത്തിൽനിന്ന് 2.9 ശതമാനമായി കുറഞ്ഞു. ഡെബ്റ്റ്- ജി.എസ്.ഡി.പി. റേഷ്യോ വലിയതോതിൽ വർധിച്ചുവെന്നാണ് പ്രതിപക്ഷം പറയുന്നത്. എന്നാൽ അങ്ങനെയല്ല; എഫ്.ആർ.ബി.എം. ആക്ടിന്റെ ഡയറക്ഷൻ അനുസരിച്ച് നമ്മുടെ പൊതുവായ കടം നിലനിർത്താൻ സാധിച്ചിട്ടുണ്ട്. ഓരോ വർഷം കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിക്കുന്ന വരുമാനം കുറയുന്നതിന്റെ കണക്ക് ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നു. 2016-17-ൽ 75,612/- കോടി രൂപയുടെ റവന്യൂ വരുമാനമാനത്തിൽ 23,735/- കോടി രൂപ കേന്ദ്ര വിഹിതമായിരുന്നു, അതായത് 32 ശതമാനം. 2020-21-ൽ അത് 42,629/- കോടി രൂപയായി വർധിച്ചു; അതായത് കോവിഡ് സമയത്ത് 44 ശതമാനം ആയി വർധിച്ചു. 2021-22-ൽ ഇത് 47,837/- കോടി രൂപയായി; ഇത്

ആകെയുള്ള റവന്യൂ വരുമാനത്തിൽനിന്ന് 41 ശതമാനമായി കുറഞ്ഞു. 2022-23-ൽ അത് 48,230/- കോടി രൂപ ആയി, അതായത് ആകെയുള്ള റവന്യൂ വരുമാനത്തിൽനിന്ന് 36 ശതമാനമായി. എന്നാൽ 2023-24-ൽ 33,811/- കോടി രൂപയായി ചുരുങ്ങി. അതായത് ആകെ റവന്യൂ വരുമാനത്തിന്റെ 27 ശതമാനമായി കുറഞ്ഞു. 2024-25-ൽ 33,397/- കോടി രൂപയാണ് നമുക്ക് ലഭിക്കുന്നത്; അതായത് ഇത് റവന്യൂ വരുമാനത്തിന്റെ 25 ശതമാനം മാത്രമാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങൾക്കും അവരുടെ റവന്യൂ വരുമാനത്തിന്റെ 50 ശതമാനത്തോളം തുക ലഭിക്കുമ്പോഴാണ് നമുക്ക് 25 ശതമാനം കിട്ടുന്നത്. ഇന്ത്യൻ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ ഇരുപതും തുകകൂടി നമുക്ക് ലഭിക്കേണ്ടതാണ്. നമുക്ക് അർഹതയുള്ള തുക ലഭിച്ചാൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല. കേരളത്തെക്കാളും കൂടുതൽ കേന്ദ്രവിഹിതം തെലങ്കാനയ്ക്കും ഹിമാചൽപ്രദേശിനും ലഭിക്കുന്നുണ്ടെന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷവും കോൺഗ്രസ് നേതാക്കളുൾപ്പെടെ ശ്രദ്ധിക്കണം. തെലങ്കാനയ്ക്കും ഹിമാചൽപ്രദേശിനും കേരളത്തെക്കാളും കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ടെങ്കിലും അവരും ആ പ്രശ്നം നേരിടുന്നുണ്ട്. നമുക്കിരുപതും കുറഞ്ഞനിരക്കിലുള്ള കേന്ദ്രവിഹിതം ലഭിച്ചിട്ടും ഈ പ്രതിസന്ധിയിലൂടെ മുന്നോട്ട് പോകുന്നുണ്ട്. റവന്യൂ വരുമാനം 4-5 വർഷം കൊണ്ട് 20 ശതമാനം വരെ കുറഞ്ഞു. പൊതുവിപണിയിൽ നിന്ന് കടമെടുക്കുന്നതിലൂടെ 2021-22-ൽ 30,698/- കോടി രൂപ ബജറ്റിൽ വകയിരുത്തിയെങ്കിലും 18,120/- കോടി രൂപയാണ് ലഭിച്ചത്. കേന്ദ്ര സർക്കാരിന്റെ നിലപാടുകളിലെ അസ്വഭാവികത മുന്നിൽക്കണ്ട് 2022-23-ലെ ബജറ്റിൽ കടമെടുത്തതിലൂടെ ലഭിക്കാവുന്ന തുകയുടെ അടങ്കൽ നമ്മൾ കുറച്ചു. അന്ന് 23,914/- കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും 15,620/- കോടി രൂപയാണ് ലഭിച്ചത്. 2023-24-

ലും നമ്മൾ പ്രതീക്ഷിച്ചതിനെക്കാളും കുറഞ്ഞ തുക കടമെടുക്കാൻ മാത്രമാണ് കേന്ദ്രം അനുവാദം നൽകിയത്. വസ്തുതകൾ ഇതൊക്കെയാണെങ്കിലും നിലവിൽ അവതരിപ്പിച്ചിരുന്ന ബജറ്റ് പ്രകാരം അടുത്ത വർഷം അവസാനമാകുമ്പോൾ 2 ലക്ഷം കോടി രൂപയിലധികം അധികരിച്ച് ചെലവാക്കാൻ സാധിക്കും. വരുമാനവും ചെലവും അങ്ങനെ വന്നുവെന്നുള്ളത് കേരളത്തെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ അടയാളമാണ്. ആ ചരിത്രനേട്ടം കൈവരിക്കാൻ നമുക്ക് സാധിക്കുമെന്ന നിലയിൽ തന്നെയാണ് മുന്നോട്ടുപോകുന്നത്. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിൽപ്പോലും മുൻ സർക്കാരിന്റെ അഞ്ച് വർഷത്തെക്കാളും 40 ശതമാനം ചെലവും വരുമാനവും വർധിപ്പിക്കാൻ കഴിഞ്ഞു. എല്ലാ മേഖലയിലും ക്ഷേമത്തിന്റേതായ അംശങ്ങൾ എത്തിക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. ഇനി വിതരണം ചെയ്യാനുള്ള മൂന്ന് മാസത്തെ ക്ഷേമ പെൻഷൻ കൃത്യമായി കൊടുക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന പദ്ധതികൾക്ക് പണം ചെലവാക്കാൻ കഴിയുന്നില്ലെന്ന് സൂചിപ്പിച്ചു. എല്ലാ കാര്യങ്ങൾക്കും പണം ആവശ്യത്തിന് ചെലവാക്കാൻ സാധിക്കും; പക്ഷെ അതിൽ ചില പ്രയോറിറ്റൈസേഷൻ ഉണ്ടായിട്ടുണ്ട്. എങ്കിലും സംസ്ഥാന പദ്ധതിയിൽ ഈ വർഷം 73 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. ഈ മാർച്ച് മാസം അവസാന ഘട്ടത്തിലേയ്ക്ക് എത്തുമ്പോൾ ബാക്കി തുകകൂടി ചേർത്ത് ഇനിയും കൂടുതൽ ചെലവാക്കാൻ സാധിക്കും. സംസ്ഥാനത്തിന്റെ പദ്ധതി ഇനങ്ങളിൽ മാത്രം 21,838/- കോടി രൂപയിൽ 15,945/- കോടി രൂപ ഇതുവരെ ചെലവായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഇപ്പോൾ തന്നെ 94.5 ശതമാനം ട്രഷറിയിൽനിന്നും ചെലവാക്കി കഴിഞ്ഞു. ട്രഷറിയിൽ നിന്നുള്ള ചെലവുകൾ ആ ഹെഡിലേയ്ക്ക് പോകുന്ന

പണമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നമ്മൾ ഉദ്ദേശിച്ചതുപോലുള്ള ചെലവ് ഉണ്ടായിട്ടില്ല. 8,516/- കോടി രൂപയിൽ 3,317/- കോടി രൂപയാണ് ചെലവാക്കാൻ സാധിച്ചത്. നമ്മൾ നീക്കിവയ്ക്കുന്ന വിഹിതം അനുസരിച്ച് കേന്ദ്രത്തിൽനിന്നും ഫണ്ട് ലഭിക്കാത്തതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. കേന്ദ്ര സർക്കാർ കൂടുതൽ തുക തരുമെന്ന പ്രതീക്ഷയിൽ നമ്മൾ കൂടുതൽ തുകയുടെ പ്രൊജക്ഷൻ കാണിക്കും. എന്നാൽ അവർ വേണ്ടത്ര പണം നൽകാത്തതുകൊണ്ട് ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് ചെലവുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാനത്തൊട്ടാകെ ജനങ്ങൾ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ് മുദ്രപത്രങ്ങളുടെ ലഭ്യതക്കുറവ്. പ്രത്യേകിച്ച് 50/- രൂപ, 100/- രൂപ, 200/- രൂപയുടെ മുദ്രപത്രങ്ങൾ കേരളത്തിലെവിടെയും ലഭ്യമല്ല. സാധാരണക്കാരൻ വിവിധ ആവശ്യങ്ങൾക്കുവേണ്ടിയും ജനന-മരണ സർട്ടിഫിക്കറ്റിന് വേണ്ടിയും അപേക്ഷ കൊടുക്കുന്നതിനായി മുദ്രപത്രങ്ങൾ വാങ്ങുന്നതിന് കാത്ത് നിൽക്കുകയാണ്. 100/- രൂപയുടെയും 200/- രൂപയുടെയും പത്രം ലഭിക്കാതെ വരുമ്പോൾ ഗത്യന്തരമില്ലാതെ 500/- രൂപയുടെയും 1000/- രൂപയുടെയും പത്രങ്ങൾ വാങ്ങാൻ ജനം നിർബന്ധിതരാകുന്നു. ഇത് സാധാരണക്കാരനുണ്ടാക്കുന്ന ബുദ്ധിമുട്ട് വളരെ വലുതാണ്. ഇക്കാര്യത്തിൽ അങ്ങ് നേരിട്ട് ഇടപെട്ട് പരിഹാരം കണ്ടെത്തണം.

മി. സ്പീക്കർ: ഇതിനെക്കുറിച്ച് രജിസ്ട്രേഷൻ വകുപ്പുമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ ഇതിനുമറുപടി നൽകാം. മുദ്രപത്രം ടഷറിയുമായി ബന്ധപ്പെട്ട കാര്യമാണ്. ഇ-പേപ്പർ, ഇ-സ്റ്റാമ്പ് തുടങ്ങിയ സംവിധാനങ്ങൾ നിലവിൽവന്നപ്പോൾ ആ മേഖലയിൽ പ്രവർത്തിക്കുന്ന വെൻഡർമാരുടെ ആവശ്യമനുസരിച്ച് 1 ലക്ഷം രൂപ വരെയുള്ള സ്റ്റാമ്പ് അവർ മുഖേനയാണ് കൊടുക്കുന്നത്. ബാക്കിയുള്ളവ ഓൺലൈനായി നൽകുന്നു. ഇത്തരത്തിലുള്ള ചെറിയ ഡിനോമിനേഷൻ മുദ്രപ്പത്രങ്ങളുടെ പ്രശ്നം ഇടയ്ക്ക് ഉണ്ടായിരുന്നു; അതുപരിഹരിക്കുന്നതിന് ഒന്നു-രണ്ട് തവണ ചർച്ചകൾ നടത്തുകയും കുറെയേറെ സ്ഥലങ്ങളിൽ ഈ പ്രശ്നം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ പ്രിന്റിംഗും മറ്റു കാര്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്നമുണ്ടായിരുന്നു. എന്തായാലും ഇവിടെ ഈ വിഷയം അവതരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ശക്തമായി ഇടപെടുകയും അവയുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുകയും ചെയ്യാം. ഇവിടെ ഭരിക്കുന്നത് ഇടതുപക്ഷ ഗവൺമെന്റായാലും വലതുപക്ഷ ഗവൺമെന്റായാലും ഈ ബജറ്റിനെക്കുറിച്ചും നമ്മുടെ ചെലവുകളെയും നമ്മുടെ നാട്ടിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ചും കൃത്യമായി പറയണം. ഇവിടെ ചില അംഗങ്ങൾ രാഷ്ട്രീയം പറഞ്ഞല്ലോ. എ.കെ.ജി. സെന്ററിൽ സി.പി.ഐ.(എം.)-ന്റെ പുതിയ സംസ്ഥാന കമ്മിറ്റി ഓഫീസ് നിർമിക്കുന്നതുമായി ബന്ധപ്പെട്ട് ചില അംഗങ്ങൾ സൂചിപ്പിച്ചിരുന്നു. ഈ ബില്ലിന്റെ ചർച്ചാവേളയിൽ ഈ വിഷയം ക്ലബ് ചെയ്ത് പറഞ്ഞത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സാധാരണ ഇത്തരം ചർച്ചാവേളകളിൽ ഞാൻ രാഷ്ട്രീയ കാര്യങ്ങൾ പറയാത്തതാണ്. എന്തായാലും എ.കെ.ജി. സെന്റർ മാത്രമല്ല, സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സമ്മേളനം കൊല്ലത്തുവച്ച് നടത്തി. 53000 പാർട്ടി മെമ്പർമാരുടെ വീടുകളിൽ മൂന്ന് മാസം മുമ്പ് ഫ്രണ്ടിക

നൽകി ആ ഹുണ്ടികയിലൂടെ ശേഖരിച്ച പണമാണ് ആ സമ്മേളനത്തിന്റെ മേജർ ചെലവുകൾ വഹിക്കാൻ ഉപയോഗിച്ചത്. ഞാൻ മുമ്പ് കൊല്ലം ജില്ലയിലെ സി.പി.ഐ.(എം.)-ന്റെ ജില്ലാ സെക്രട്ടറിയായിരുന്നു. ആ സമയത്ത് അവിടെയുള്ള പാർട്ടി അംഗങ്ങൾ കൊല്ലത്ത് പാലിയേറ്റീവ് കെയറിനുവേണ്ടി 4 കോടി രൂപ മുടക്കി ഏഴര ഏക്കർ സ്ഥലം വാങ്ങി. എല്ലാ സ്ഥലത്തും ഇത്തരം മാതൃകകളുണ്ട്. ഞങ്ങളുടെ സംസ്ഥാന കമ്മിറ്റി ഓഫീസ് നിർമിക്കുന്നതിന് പുറത്തുനിന്ന് തുക പിരിക്കുമെങ്കിലും വ്യാപകമായ പിരിവ് നടത്തുന്നില്ല. കോടി കണക്കിന് രൂപ ജനങ്ങളുടെ പക്കൽനിന്ന് കളക്ട് ചെയ്തശേഷമാണ് കാര്യങ്ങളെല്ലാം ചെയ്യുന്നത്. പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി ഓഫീസ് നിർമാണത്തെ വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെടുത്തി ബഹുമാനപ്പെട്ട അംഗം സംസാരിക്കുന്നത് കേട്ടു. നിങ്ങൾ സംസ്ഥാന കമ്മിറ്റി ഓഫീസിന്റെ നിർമാണം നടത്തുന്നതിനെക്കുറിച്ച് ആലോചിച്ചിരുന്നതാണോ? നിങ്ങൾ അത് കെട്ടുന്ന കാര്യം, ശ്രീ. എം. വിൻസെന്റിനെ പോലൊരു എം.എൽ.എ. പറഞ്ഞതുകൊണ്ട് ഞാൻ പറഞ്ഞതാണ്. അദ്ദേഹം സംസാരിച്ചത് തുടങ്ങിയത് അങ്ങനെയാണ്. (ബഹളം.....)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിങ്ങളുടെ കൊല്ലം സംസ്ഥാന സമ്മേളനത്തിൽ എക്സിബിഷൻ നടത്തുന്നതിനുവേണ്ടി പി.ആർ.ഡി.-യിൽനിന്നും 2 കോടി രൂപ കൊടുത്തതിന്റെ ഗവൺമെന്റ് ഓർഡർ എന്റെ കൈവശമുണ്ട്. ദയവായി അങ്ങ് അതിനെക്കുറിച്ച് പറയാതിരിക്കുന്നതാണ് നല്ലത്; ഞങ്ങൾ ഈ കാര്യം പറയാതിരുന്നതാണ്. പാർട്ടി സമ്മേളനത്തിന് 2 കോടി രൂപ അനുവദിച്ചുകൊണ്ട് അങ്ങയുടെ വകുപ്പിൽനിന്ന് തന്നെ ഇറക്കിയിട്ടുള്ള ഉത്തരവാണ്. അത് ശരിയാണോ; അതാണ് താരതമ്യം ചെയ്യാൻ കാരണം.

അല്ലെങ്കിൽ അങ്ങനെയൊരു ഉത്തരവ് ഉണ്ടായിട്ടില്ലെന്ന് അങ്ങേയ്ക്ക് ഇവിടെ പറയാൻ പറ്റുമോ?

ശ്രീ. എം. വിൻസെന്റ്: സർ, നിങ്ങളുടെ പാർട്ടി ഓഫീസ് നിർമാണത്തെ ആക്ഷേപിച്ചതല്ല. പാർട്ടി ഓഫീസ് നിർമിച്ചാൽ നിങ്ങൾക്ക് വലിയ സന്തോഷമുണ്ടാകും. പക്ഷേ സംസ്ഥാനത്തെ വികസന പദ്ധതികൾ അനിശ്ചിതമായി വൈകുമ്പോൾപ്പോലും പാർട്ടി ഓഫീസിന്റെ നിർമാണം നിങ്ങൾ വളരെ വേഗത്തിൽ തീർക്കുകയാണ്. ഇക്കാര്യത്തിന് കാണിക്കുന്ന വേഗതയും ശ്രദ്ധാന്തിയും സംസ്ഥാനത്ത് വികസന പദ്ധതികൾ നടപ്പാക്കുന്നതിൽ കൂടി പ്രകടിപ്പിക്കണമെന്നാണ് ഞാൻ ഉദ്ദേശിച്ചത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഏതായാലും നിങ്ങൾക്ക് ഞങ്ങൾ ഓഫീസ് നിർമിക്കുന്നതിലുള്ള വിഷമമോ അസൂയയോ ഒന്നുമില്ലെന്ന് മനസ്സിലായി. കൊല്ലത്തെ സംസ്ഥാന സമ്മേളനത്തിന് ഫ്രണ്ടിക വച്ച് കളക്ട് ചെയ്യുന്നതും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതും തമ്മിൽ ബന്ധമില്ല. പി.ആർ.ഡി. ഓരോ ജില്ലയിലും ചെയ്യുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി അവിടെയും പ്രചാരണം നടത്തിയിട്ടുണ്ടാവും. അതല്ലാതെ പാർട്ടി സമ്മേളനത്തിന്റെ ഭാഗമായിട്ടൊന്നും പി.ആർ.ഡി.-യുടെ പ്രവർത്തനം നമുക്കാവശ്യമില്ല. സംസ്ഥാന സർക്കാരിന്റെ വാർഷികാഘോഷങ്ങളുടെ ഭാഗമായി എല്ലാ ജില്ലയിലും പ്രചരണം ഉണ്ടാകില്ലേ; അതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ചെയ്ത നല്ല കാര്യങ്ങൾ അല്ലാതെ ഞങ്ങൾക്ക് വേറെ എന്തെങ്കിലും പറയാൻ പറ്റുമോ? ഏത് സമയത്തും പി.ആർ.ഡി. അത് ചെയ്യുന്നതാണ്. അതല്ലാതെ ആളുകളുടെ വീടുകളിൽ ഫ്രണ്ടിക വച്ച്

കളക്ട് ചെയ്ത കാര്യം മാത്രമെ പറഞ്ഞുള്ളൂ. ഞാൻ മോശപ്പെടുത്താൻവേണ്ടി വേറെ കാര്യമൊന്നും പറഞ്ഞില്ല. അദ്ദേഹം അങ്ങനെയൊരു പരാമർശം നടത്തിയതുകൊണ്ടു മാത്രം ഞാൻ പറഞ്ഞതാണ്. പലപ്പോഴും ഇവിടെ വ്യക്തിപരമായി നേതാക്കന്മാരെ അപമാനിക്കുന്ന തരത്തിലേയ്ക്ക് പോകാറുണ്ട്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സംസാരിച്ച കാര്യങ്ങൾക്ക് മറുപടി പറയുന്നില്ല. ആ സമയം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഇല്ലായിരുന്നു. ചില കാര്യങ്ങൾ സംസാരിക്കുമ്പോൾ ചില താരതമ്യങ്ങളൊക്കെ പറഞ്ഞ് സഭയുടെ അന്തരീക്ഷത്തെ മോശമാക്കാതിരിക്കുന്നതാണ് നല്ലത്. അദ്ദേഹം ഇതുപോലെ ന്യായത്തിനുവേണ്ടി പ്രസംഗിക്കാൻ യോഗ്യതയുള്ള ആളാണെന്നതുകൊണ്ട് ഞാൻ തർക്കിക്കാൻ നിൽക്കുന്നില്ല. അങ്ങനെ പറയേണ്ട കാര്യമില്ലല്ലോ, ഇവിടെ നിങ്ങൾ പാട്ട് പാടുന്നത് എന്താണ്... നിങ്ങളുടെ പാട്ട് എന്താണ്? സ്വയം ഇങ്ങനെ പറഞ്ഞ് മോശമാകേണ്ട കാര്യമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഔട്ട് സ്റ്റാൻഡിംഗ് പെർഫോമൻസാണ്, ഭയങ്കര ടേക്ക് ഓഫാണെന്ന് പറഞ്ഞു. ഇന്ന് മാർച്ച് 19-ാം തീയതിയാണ്. ഇനി മാർച്ച് 31-ാം തീയതി ആകാൻ 12 ദിവസം കൂടിയാണുള്ളത്. ഇന്നത്തെ പ്ലാൻ എക്സ്പെൻഡിച്ചർ 54.22 ശതമാനമാണ്. ഈ സാമ്പത്തിക വർഷം തീരാൻ 12 ദിവസം മാത്രം ബാക്കിയുള്ളപ്പോൾ അങ്ങ് എന്ത് പെർഫോമൻസാണ് അവകാശപ്പെടുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പ്ലാൻ എക്സ്പെൻഡിച്ചറിന്റെ കണക്ക് ഈ വർഷാവസാനം കഴിഞ്ഞ് ഫൈനൽ അക്കൗണ്ട് വരുമ്പോൾ സെറ്റിൽ ചെയ്യാം.

ട്രഷറിയിൽനിന്നുള്ള എക്സ്പെൻഡിച്ചർ പാർട്ടാണ് ഞാൻ സൂചിപ്പിക്കുന്നത്. 73.01 ശതമാനമാണ് ട്രഷറിയിൽനിന്നുമുള്ള ഔട്ട് ഗോയിംഗ് ഫണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എക്സ്പെൻഡിച്ചർ പരിശോധിച്ചാൽ, ട്രഷറിയിൽനിന്നുള്ള outgoing fund 94.48 ശതമാനമാണ്. അക്കൗണ്ട് സെറ്റിൽ ചെയ്യുമ്പോൾ അതിൽ പല അക്കൗണ്ടിങ്ങും വരും. സാധാരണഗതിയിൽ ഈ സമയത്തുതന്നെയാണ് പൂളിൽ പണം വരുന്നത്. എല്ലാ ദിവസവും പരിദേവനവും ബുദ്ധിമുട്ടും പറയേണ്ട കാര്യമില്ല. നമുക്ക് കിട്ടാനുള്ള പണത്തിന്റെ ഒരു സെറ്റ് ബോറോയിങ് ലഭിച്ചത് ഇന്നലെയാണ്. പല ബില്ലുകളും നമ്മൾ സമർപ്പിച്ചിട്ടുണ്ട്. നെല്ല് സംഭരണത്തിനും മറ്റുമായി 352 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കാരുണ്യ പദ്ധതിക്ക് 300 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കണക്കുകൾ രഹസ്യമല്ലല്ലോ. ഇന്നലെയാണ് 5000 കോടി രൂപയുടെ സാങ്ഷൻ കിട്ടിയത്. ഇതുകൂടാതെ ഇനിയും ഫണ്ട് ലഭിക്കാനുണ്ട്. ഇതൊന്നും പ്രത്യേക ഔദാര്യമല്ല. എഫ്.ആർ.ബി.എം. (ഫിസ്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബഡ്ജറ്റ് മാനേജ്മെന്റ്) നിയമം അനുസരിച്ച് നമുക്ക് അംഗീകാരം ലഭിച്ച കാര്യത്തിനുപോലും ഇനിയും തുക ലഭിക്കാനുണ്ട്. അതു ലഭിക്കുമ്പോൾ ഇതിനെക്കാൾ കൂടുതൽ ചെലവ് വരും. ഇപ്പോൾ യഥാർഥത്തിൽ ചെലവായ തുകയുടെ കാര്യമാണ് ഞാൻ പറയുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എൽ.എസ്.ജി.ഡി.-യിൽ ഏകദേശം 50,131 ബില്ലുകൾ പെൻഡിങ്ങിലുണ്ടെന്ന് വെബ്സൈറ്റിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ മെയിന്റനൻസിന്റേതടക്കം 1012 കോടി രൂപയുടെ പെൻഡിങ്ങാണുള്ളത്. ഇനി ബില്ലുകൾ മാറുന്നതിന് വളരെ ചുരുങ്ങിയ ദിവസങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്. ഇത് വളരെ ഗുരുതരമായ വിഷയമാണ്. ഒടുവിൽ അങ്ങ് പ്രതീക്ഷിക്കുന്ന എക്സ്പെൻഡിച്ചർ എത്രയാണെന്ന്

സൂചിപ്പിക്കാമോ; ആക്ച്വൽ എത്രയാണെന്ന് പറയണ്ടേ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അമ്പതിനായിരം ബിൽ എന്നുപറയുന്നത് തദ്ദേശസ്വയംഭരണ വകുപ്പിനെ സംബന്ധിച്ച് വലിയൊരു നമ്പർ അല്ല. നിലവിൽ ട്രഷറി ബാൻ ഒന്നുമില്ലാത്തതിനാൽ ഈ ദിവസങ്ങളിൽതന്നെ ബില്ലുകൾ മാറാൻ സാധിക്കും. ക്യാരിഓവർ ഉൾപ്പെടെ എല്ലാംകൂടി നൂറുശതമാനത്തിനു മുകളിലെത്തും. ട്രഷറിയിൽനിന്നുമുള്ള ഔട്ട്ഗോയിങ്ങ് 94 ശതമാനമാണ്. എന്തായാലും ബാക്കി പണംകൂടി വരും. ഇപ്രാവശ്യം അതിൽ കുറവ് വരില്ല. ഇന്നലെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മറുപടി പറഞ്ഞല്ലോ. സാധാരണ തദ്ദേശസ്വയംഭരണ വകുപ്പിന് മാസംതോറും നൽകുന്നതിൽ ഒരു ഗഡു മാറ്റിവച്ചിട്ടാണ് ജനറൽ പർപ്പസ് ഫണ്ട് നൽകിയിരുന്നത്. അത് ഈ മാസം നൽകും. ബാക്കി പതിനൊന്ന് മാസത്തെയും ഫണ്ട് കൊടുത്തിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റും ഡെവലപ്മെന്റ് ഫണ്ടുമൊക്കെ നൽകിക്കഴിഞ്ഞു. അതുകൊണ്ട് തുക നൽകുന്നില്ലെങ്കിൽ അത് പറയുന്നതിന് എനിക്ക് ബുദ്ധിമുട്ടില്ല. കാരണം ഇത് കണക്കിൽ ഉൾപ്പെടുന്നതാണ്. 94 ശതമാനം എന്നത് ട്രഷറിയിൽനിന്നും നിലവിൽ ഉണ്ടായിരിക്കുന്ന ഔട്ട്ഫ്ലോയാണ്. സാധാരണഗതിയിൽ ഈ ദിവസങ്ങളിലാണ് ഏറ്റവും കൂടുതൽ പണം വരുന്നത്. ഇപ്പോൾ പെൻഡിങ്ങിലുള്ള ബില്ലുകളെല്ലാം കൊടുത്തുതീർക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. അക്കാര്യത്തിൽ ഒരു കുറവും ഉണ്ടാകില്ല. ഓരോ ബില്ലിന്റെയും സ്ഥിതി എന്താണെന്ന് അറിയില്ല. ഇവിടെ പല സമരങ്ങളുടെയും കാര്യം പറഞ്ഞല്ലോ. യു.ഡി.എഫ്.-ലെ ഉൾപ്പെടെയുള്ള നേതാക്കൾ ശ്രദ്ധിക്കേണ്ട കാര്യമാണിത്. ആശാ വർക്കർമാർ സമരം ചെയ്യുമ്പോൾ ബി.ജെ.പി.-യുടെ

നേതാവ് സമരത്തിൽ പങ്കെടുത്തവർക്ക് കടയും കൃപ്പായവും വാങ്ങിക്കൊടുത്തിട്ട് അവരുമായി സംസാരിക്കുകയും തിരിച്ചുവരികയും ചെയ്യുന്നു. നമ്മൾ ഇതിനെ രാഷ്ട്രീയമായി കാണേണ്ട; ബി.ജെ.പി. നേതൃത്വം രണ്ടുദിവസത്തേയ്ക്ക് സമരം പ്രഖ്യാപിക്കുന്നു. കേന്ദ്രസർക്കാരാണ് ഇവർക്കുള്ള വേതന വർധനവ് ചെയ്യുകൊടുക്കേണ്ടത്. ഞാനും കർണ്ണാടകയിലെയും തെലങ്കാനയുടെയും ഹിമാചൽപ്രദേശിന്റെയും പഞ്ചാബിന്റെയും ബംഗാളിന്റെയും ഉൾപ്പെടെയുള്ള ധനകാര്യ മന്ത്രിമാർ ജി.എസ്.ടി. കൗൺസിലിൽ സ്കീം വർക്കേഴ്സിന്റെ വേതനം പന്ത്രണ്ട് വർഷമായി വർധിപ്പിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇക്കാര്യത്തിൽ ഞങ്ങൾക്ക് ഒരു തർക്കവുമില്ല. കേന്ദ്ര ഗവൺമെന്റാണ് അവർക്ക് വേതന വർധനവ് നൽകേണ്ടത്. അത് നൽകാതെ അവിടത്തെ കേന്ദ്രമന്ത്രി വളരെ സന്തോഷത്തോടുകൂടി സമരത്തിൽ പങ്കെടുക്കുകയും ശേഷം ആ സമരത്തെ വീണ്ടും പ്രോത്സാഹിപ്പിക്കുകയും, തിരിച്ചുവന്ന് വീണ്ടും സംസാരിക്കുകയും ചെയ്യുകയാണ്; അവർ വീണ്ടും സമരം നടത്തുകയാണ്. കോൺഗ്രസ്സും ഇക്കാര്യത്തിൽ ഒരുപോലെ ഫൈറ്റ് ചെയ്യുന്നതുകൊണ്ടാണ് ഞാൻ ഇക്കാര്യം പറയുന്നത്. ഈ നാട്ടിലെ ഏറ്റവും സാധാരണക്കാർക്ക് ആയിരം രൂപ മാത്രം നൽകുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇന്ന് ആർ.ജെ.ഡി.-യുടെ ഭരണകക്ഷി എം.പി. പറഞ്ഞത് ബീഹാറിൽ ഇവർക്ക് നൽകുന്ന ശമ്പളം രണ്ടായിരം രൂപയ്ക്കുതാഴെയാണെന്നും കേരളത്തിൽ ഏഴായിരം രൂപയും ഇൻസെന്റീവുമുൾപ്പെടെ ആകെ പതിമൂന്നായിരം രൂപയാണ് നൽകുന്നത് എന്നുമാണ്. ഇത് തിരഞ്ഞെടുപ്പ് വർഷമായതിനാൽ ബി.ജെ.പി ഉൾപ്പെടെയുള്ളവർക്ക് ഇതിൽ രാഷ്ട്രീയ താല്പര്യമുണ്ട്. അത് ദയവുചെയ്ത് യു.ഡി.എഫ്. മനസ്സിലാക്കണം. ഞങ്ങൾക്ക്

ഒരു കാര്യം മാത്രമെ പറയാനുള്ളൂ; സമരം ചെയ്യുന്ന സാധാരണക്കാരായ ആശാപ്രവർത്തകരായ സഹോദരിമാരുടെയും മറ്റുള്ളവരുടെയും കാര്യത്തിൽ ഞങ്ങൾക്ക് കൺസേൺ ഉണ്ട്. അങ്കണവാടി ജീവനക്കാരുടെ സമരവുമായി ബന്ധപ്പെട്ടും കഴിഞ്ഞ ദിവസം നേതാക്കൻമാർ എന്നെ കണ്ടിരുന്നു. അവരുടെ ക്ഷേമനിധിയിൽ വേണ്ടത്ര പണമില്ലാത്തതിനാൽ ഗ്രാന്റായാണ് ഇത് നൽകുന്നത്. പ്രസ്തുത ക്ഷേമനിധിക്ക് കഴിഞ്ഞ ദിവസം പത്തുകോടി രൂപയാണ് പെൻഷൻ നൽകാനായി അനുവദിച്ചത്. പാവപ്പെട്ട ആളുകൾക്ക് ആനുകൂല്യങ്ങളൊന്നും കൊടുക്കാതെ എല്ലാ സ്ഥലത്തും ആളുകളെ പിരിച്ചുവിടുകയും കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി നൽകുകയും ചെയ്യുന്ന ബി.ജെ.പി.-യുടെ രാഷ്ട്രീയം തിരിച്ചറിയാൻ നമുക്ക് കഴിയണം. ഇത്തരമൊരു സാഹചര്യത്തിൽ യു.ഡി.എഫും കോൺഗ്രസ്സും വീഴ്ന്നുപോകരുത്. പക്ഷേ സാധാരണക്കാരായ ആ സഹോദരിമാരുടെ കാര്യത്തിൽ നമുക്ക് എല്ലാവിധ സപ്പോർട്ടുമുണ്ട്. അവരുടെ കൂടെ ഈ ഗവൺമെന്റുണ്ട്. നേരത്തെ ഈ കാര്യം ചർച്ചയിൽ പറഞ്ഞതുകൊണ്ടും ബി.ജെ.പി. അടുത്തദിവസം സമരം പ്രഖ്യാപിച്ചിട്ടുള്ളതുകൊണ്ടുമാണ് ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്. 2025-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. എസ് അരുൺ കുമാർ, 2025-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, 2025-ലെ കേരള ധനകാര്യ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാത്തതിനാൽ ഭേദഗതി പ്രസ് ചെയ്തില്ല.)

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2025-ലെ കേരള ധനകാര്യ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെയും ഭ്രനികൃതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

മി. സ്പീക്കർ: ഇനി മൂന്ന് നിയമങ്ങൾകൂടി പരിഗണിക്കേണ്ടതുള്ളതിനാൽ ബഹുമാനപ്പെട്ട മന്ത്രിമാരും ചർച്ചയിൽ പങ്കെടുക്കുന്ന അംഗങ്ങളും സമയകൃത്യത പാലിക്കണമെന്ന് ചെയർ അഭ്യർഥിക്കുന്നു.

(ii) 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, കേരളത്തിന്റെ പുതിയ കായിക നയത്തിൽ സവിശേഷമായ ഒരു നിർദേശമാണ് മുന്നോട്ടുവച്ചിട്ടുള്ളത്. കായിക ശാരീരികക്ഷമതാ പ്രവർത്തനങ്ങൾ ഓരോ പൗരന്റെയും അവകാശമാക്കുകയെന്നതാണ് പ്രധാന നിർദേശം. അതുകൊണ്ടുതന്നെ ഓരോ വ്യക്തിക്കും കായിക സൗകര്യങ്ങൾ ഉറപ്പാക്കാനുള്ള മാർഗങ്ങൾ ഈ നയത്തിൽ അവതരിപ്പിക്കുന്നുണ്ട്. എല്ലാവർക്കും സ്പോർട്സ്, കായിക രംഗത്തെ മികവ് എന്നീ അടിസ്ഥാന നിലപാടുകളിലാണ് നയം വികസിപ്പിച്ചിട്ടുള്ളത്. എന്നാൽ നയത്തിന്റെ

മൊത്തത്തിലുള്ള മാനുഷിക അംശങ്ങളെ മുന്നിൽനിർത്തുകയും സമഗ്രമായ കായിക ഇടപെടലുകളിലൂടെ സമൂഹത്തിൽ അതിന്റെ ഗുണഫലങ്ങൾ എത്തിക്കുകയുമാണ് ആത്യന്തികമായ ലക്ഷ്യം. പുതിയ കായിക നയത്തിലൂടെ സർക്കാരിന്റെ നവകേരള സങ്കൽപ്പത്തോട് ഏറ്റവും അടുത്തുനിൽക്കുന്ന കാഴ്ചപ്പാടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുന്നോട്ടുവച്ചിട്ടുള്ളത്. കായിക പ്രതിഭകളെ കണ്ടെത്തുക, ആരോഗ്യമുള്ള സമൂഹം സൃഷ്ടിക്കുക, സംസ്ഥാന ജി.ഡി.പി.-ലേയ്ക്ക് നല്ലൊരു വിഹിതം സംഭാവന ചെയ്യുക, കൂടുതൽപേർക്ക് തൊഴിൽ ലഭ്യമാക്കുക, കുട്ടികളും യുവജനങ്ങളും തെറ്റുകളിലേയ്ക്ക് പോകുന്നത് തടയുക എന്നിങ്ങനെ സ്പോർട്സ് എന്ന വാക്കിന്റെ കൃത്യമായ പ്രയോഗത്തിലൂടെ ഉന്നത നിലവാരമുള്ള കേരള സൃഷ്ടിയിൽ സുപ്രധാന പങ്ക് വഹിക്കാൻ കായിക മേഖല ഒരുങ്ങുകയാണ്. പുതിയ ലോകത്തെ സ്പോർട്സിന്റെ പ്രാധാന്യം വളരെ നേരത്തെ ഈ ഗവൺമെന്റ് മനസ്സിലാക്കുകയും അതിനനുസൃതമായ പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്. ഇതേ കാഴ്ചപ്പാടോടുകൂടിയാണ് ദീർഘവീക്ഷണമുള്ള കായിക നയം രൂപീകരിച്ചത്. സ്പോർട്സ് എന്ന വാക്കിന്റെ നിർവചനത്തിന് അടിമുടി മാറ്റം വന്നു; ആ മാറ്റം പൂർണ്ണമായും ഉൾക്കൊള്ളുന്നതാണ് പുതിയ കായിക നയം. ഈ നയത്തിന്റെ ബഹുമുഖമായ നിർദേശങ്ങൾ പ്രാവർത്തികമാക്കാൻ അതിവേഗം നടപടികൾ സ്വീകരിച്ചുവരികയാണ്. കായിക നയം ഫലപ്രദമായി നടപ്പാക്കാൻ നിലവിലെ കേരള സ്പോർട്സ് ആക്ടിൽ കാര്യമായ ഭേദഗതികൾ ആവശ്യമാണ്. നിലവിലെ ആക്ടിൽ വിപുലമായ കൂട്ടിച്ചേർക്കലുകളാണ് പ്രധാനമായും ആവശ്യം എന്നതിനാൽ ആ ദൗത്യമാണ് നിർവഹിക്കുന്നത്. സ്പോർട്ട്സ് കൗൺസിലിന്റെ ഘടനയിൽ മാറ്റം വരുത്തുന്നതിനു വേണ്ടിയായിരുന്നു പ്രധാനമായും 2018-ൽ സ്പോർട്ട്സ് ആക്ട് ഭേദഗതി

ചെയ്തത്. എന്നാൽ കായിക രംഗത്ത് നവീനമായ ആശയങ്ങൾ നടപ്പാക്കാനും കായിക പ്രചാരണം ശക്തമാക്കാനും ലക്ഷ്യമിടുന്നതാണ് പുതിയ ഭേദഗതി ബിൽ. 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബില്ലിന്റെ ലക്ഷ്യവും കൃത്യതയും വ്യക്തമാണ്. കായികരംഗത്തെ സ്വയംപര്യാപ്തമാക്കുന്ന നവീന ആശയങ്ങൾ നടപ്പാക്കുക, കായിക സമ്പദ്ഘടനയുടെ വളർച്ച പ്രോത്സാഹിപ്പിക്കുക, വിദ്യാഭ്യാസതല കായിക വികസനത്തിന് പ്രാധാന്യം നൽകുക, എലൈറ്റ് സ്പോർട്സ് പരിശീലനം ഗൗരവമായി പരിഗണിക്കുക, കായികരംഗത്തെ വികേന്ദ്രീകൃത സമീപനം ശക്തമാക്കുക, കായിക ഭരണത്തിൽ ഏകോപനം കൊണ്ടുവരിക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഭേദഗതിക്ക് രൂപം നൽകിയിട്ടുള്ളത്. ഈ പ്രവർത്തനത്തിലൂടെ എല്ലാവരെയും സ്പോർട്സുമായി ബന്ധപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ കായിക രംഗത്ത് വലിയ സ്വാധീനമുള്ള സ്പോർട്സ് കൗൺസിലിന് കൂടുതൽ അധികാരങ്ങളും അവകാശങ്ങളും അനുവദിക്കാൻ സാധിക്കുന്ന ഭേദഗതികൾ എന്ന നിലയിലും ഈ ബില്ലിന് പ്രാധാന്യമുണ്ട്. പുതിയകാല മാറ്റങ്ങൾ ഉൾക്കൊള്ളാനാണ് ഈ ഭേദഗതിയെന്നത് കേരള സ്പോർട്ട്സ് (ഭേദഗതി) ബില്ലിന്റെ തുടക്കത്തിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിൽ സ്പോർട്സും ഗെയിംസും പ്രോത്സാഹിപ്പിക്കാനും കായികക്ഷമത വർധിപ്പിക്കാനും സംസ്ഥാന/ജില്ലാ/പ്രാദേശിക തലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കാനും വ്യവസ്ഥ ചെയ്യുന്നതാണ് "2000-ലെ കേരള സ്പോർട്ട്സ് ആക്ട്." ഈ ബില്ലിൽ "സ്പോർട്ട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിനും" എന്നീ വാക്കുകൾക്ക് പകരം "സ്പോർട്ട്സ്, ഗെയിംസ്, ഇ-സ്പോർട്ട്സ്, കായിക സമ്പദ്ഘടന എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കാനാണ് വ്യവസ്ഥ

ചെയ്യുന്നത്. കായികപരിശീലന രംഗത്ത് ഫലപ്രദമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടത് അനിവാര്യമായതിനാൽ അതുസംബന്ധിച്ച ഭേദഗതികളും കണക്കിലെടുത്തിട്ടുണ്ട്. അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന താരങ്ങൾക്ക് പരിശീലനത്തിന് ദേശീയ അക്കാദമികളുടെ ശൃംഖല സ്ഥാപിക്കുക, തിരഞ്ഞെടുക്കപ്പെട്ട ഇനങ്ങളിൽ ശാസ്ത്രീയ പരിശീലനം നൽകുക, തിരഞ്ഞെടുക്കപ്പെട്ട സ്പോർട്സ് താരങ്ങളെ തുടർച്ചയായി വിലയിരുത്തുന്നതിനായി 'സ്പോർട്ട് ടാലന്റ് കണ്ടിനൃയസ് ഇവാല്യുവേഷൻ' നടത്തുക, പരിശീലകരുടെ പ്രകടനം വിലയിരുത്താൻ സംവിധാനം ഏർപ്പെടുത്തുക, മെഡൽ സാധ്യത അനുസരിച്ച് കായിക ഇനങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുക, 'എല്ലാവർക്കും സ്പോർട്സ്' എന്ന കായിക നയത്തിലെ അടിസ്ഥാന നിലപാട് വാക്കുകളിൽ മാത്രം ഒതുങ്ങാതിരിക്കാൻ ശക്തമായ പ്രചരണവും പ്രോത്സാഹന നടപടികളും സ്വീകരിക്കുക എന്നീ ദിശയിലേയ്ക്കുള്ള ഭേദഗതികൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. ശാരീരിക ക്ഷമത പ്രചരണ പരിപാടികൾ നടത്തുക, community physical tracking സംവിധാനം വികസിപ്പിക്കുക, തൊഴിലാളികൾ, കർഷകർ, പോലീസ് തുടങ്ങിയ വിഭാഗങ്ങൾക്കുള്ള കായിക മത്സരങ്ങൾ നടത്തുക, വനിതകൾക്കും പാരാകായിക താരങ്ങൾക്കുമായി പ്രത്യേക കളിസ്ഥലങ്ങൾ തയ്യാറാക്കുക, വിനോദസഞ്ചാര വകുപ്പുമായി ചേർന്ന് ട്രെക്കിങ്, പാരാഗ്ലൈഡിങ്, കയാക്കിങ്, സ്കൂബ ഡൈവിങ് തുടങ്ങിയവ സംഘടിപ്പിക്കുക എന്നീ നിർദേശങ്ങൾ ഉൾപ്പെടുത്തുന്നതിലൂടെ കൂടുതൽ പേരെ കളിക്കളത്തിലേക്കും ഫിസിക്കൽ ആക്റ്റിവിറ്റിയിലേക്കും കൊണ്ടുവരാൻ സാധിക്കും. കായിക മേഖലയെ സ്വയംപര്യാപ്തമാക്കേണ്ടത് അത്യാവശ്യമായിരിക്കുന്ന കാലഘട്ടമാണിത്. ബില്ലിൽ കായിക മേഖലയെ സ്വന്തം കാലിൽ നിൽക്കാൻ

പര്യാപ്തമാക്കുന്ന ഭേദഗതികൾ അടങ്ങുന്നുണ്ട്. ക്രിയാത്മകമായ കായിക സമ്പദ്ഘടനയ്ക്ക് അടിത്തറപാകുക എന്ന ലക്ഷ്യത്തോടെ കായിക അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, കായിക ഉപകരണങ്ങളുടെ നിർമ്മാണം, വിതരണം തുടങ്ങിയ കാര്യങ്ങളിൽ പങ്കാളിത്ത സ്വഭാവം കൊണ്ടുവരും. കായിക അടിസ്ഥാന സൗകര്യങ്ങൾ, കായിക മേളകൾ, അക്കാദമികൾ എന്നിവയിലെല്ലാം സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ തീരുമാനിക്കുകയും അതിൻപ്രകാരം ഭേദഗതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സ്പോർട്സ് നിക്ഷേപ സംഗമങ്ങൾ നടത്തുക, ലോക പ്രശസ്തമായ അക്കാദമികളിൽ നിക്ഷേപം ശേഖരിച്ച് എലൈറ്റ് അക്കാദമികൾ രൂപീകരിക്കുക, സ്പോർട്സ് സ്റ്റാർട്ടപ്പുകൾക്ക് ഗ്രാന്റുകളോ ഫണ്ടുകളോ വഴി സഹായം നൽകുക, സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണത്തോടുകൂടി ഒരു സ്പോർട്സ് ഇന്നൊവേഷൻ സോൺ സ്ഥാപിക്കുക, കായിക സാമ്പത്തിക സ്പോർട്സ് സർവെ നടത്തുക തുടങ്ങിയ ഭേദഗതികൾ സ്പോർട്സ് ഇക്കോണമിയുടെ വളർച്ച ലക്ഷ്യംവച്ചാണ് നടത്തിയിട്ടുള്ളത്. സ്പോർട്സ് എഞ്ചിനീയറിങ് എന്നത് നമ്മുടെ രാജ്യത്ത് പ്രൊഫഷണലായിട്ടില്ല. സ്പോർട്സ് എഞ്ചിനീയറിങിലെ വൈദഗ്ധ്യം പ്രയോജനപ്പെടുത്താൻ കായിക വകുപ്പിനുകീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ (എസ്.കെ.എഫ്.) എന്ന സ്ഥാപനം നിലവിലുണ്ട്. കായിക നിർമ്മിതികളുടെ കൃത്യമായ ചട്ടക്കൂടുണ്ടാക്കുന്നതിന് എസ്.കെ.എഫ്.-ന് കൂടുതൽ ചുമതലകളും അധികാരങ്ങളും നൽകേണ്ടത് ആവശ്യമാണ്. ഇത് കണക്കിലെടുത്താണ് ഈ ബില്ലിൽ പ്രധാനമായ ഭേദഗതികൾ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്റ്റേഡിയം, കളിസ്ഥലം, നീന്തൽക്കുളം, സ്പോർട്സ് ഹോസ്റ്റലുകൾ എന്നീ കായിക സംവിധാനങ്ങളുടെ നിർമ്മാണം, നവീകരണം, പരിപാലനം എന്നിവ സ്വകാര്യ

പങ്കാളിത്തത്തോടെ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) മുഖേന നടത്തുന്നതാണ്. ഇതിലെ 'എസ്.പി.വി'. എന്നാൽ കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത എസ്.കെ.എഫ്. എന്ന് അർഥമാക്കുന്നു.

സ്കൂൾ, കോളേജ് രംഗത്തെ സ്പോർട്സ് - പുതിയ ലോകത്തെ എല്ലാ കുട്ടികളെയും കളിക്കളങ്ങളിലേയ്ക്ക് എത്തിക്കുക എന്നതാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ രംഗത്ത് സ്പോർട്സിന് കൂടുതൽ പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾക്ക് സഹായിക്കുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് സ്പോർട്സ് കേരള സ്കൂൾ ഗെയിംസ്, സ്പോർട്സ് കേരള സർവകലാശാല ഗെയിംസ് എന്നിവ സംഘടിപ്പിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് ഈ സ്ഥാപനങ്ങളിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, സ്പോർട്സ് സ്കൂൾ, സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ കായികാധിഷ്ഠിത പാഠ്യപദ്ധതി തയ്യാറാക്കൽ- അതിൽ അഭിപ്രായങ്ങളും നിർദേശങ്ങളും നൽകുക, വിദ്യാഭ്യാസ രംഗത്ത് സ്പോർട്സ് പാഠ്യപദ്ധതി തയ്യാറാക്കൽ- അതിനാവശ്യമായ അഭിപ്രായങ്ങളും നിർദേശങ്ങളും നൽകുക തുടങ്ങിയ ഭേദഗതികൾ കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് സ്പോർട്സിന്റെ സ്വാധീനം വർധിപ്പിക്കാൻ സഹായിക്കുന്നതാണ്. സ്പോർട്സിൽ സമൂഹത്തിലെ എല്ലാ വ്യക്തികളുടെയും ക്ഷേമത്തിനും നാടിന്റെ പുരോഗതിക്കും ആവശ്യമായ സംഭാവനകൾ നൽകുന്ന തലത്തിലേക്ക് കായിക മേഖലയെ ഉയർത്തുന്നതാണ്. ഈ ലക്ഷ്യത്തോടൊപ്പംതന്നെ സാമൂഹ്യ പ്രതിബദ്ധതയുള്ള ചില പ്രവർത്തനങ്ങൾക്കുവേണ്ടിയും ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. സ്പോർട്സ് അരീനകൾ, സ്പോർട്സ് ടർഫുകൾ, വെൽനസ്

സെന്ററുകൾ എന്നിവയ്ക്ക് പ്രവർത്തന മാനദണ്ഡങ്ങൾ നിശ്ചയിക്കുക, സ്പോർട്സ് താരങ്ങളുടെ പരാതികൾ കൈകാര്യം ചെയ്യാൻ പരാതിപരിഹാര സംവിധാനം, ഗ്രീൻ സ്പോർട്സ് ഇനമായ ഗോൾഫ് പോലെയുള്ള കളികൾ പ്രോത്സാഹിപ്പിക്കുക എന്നിവയെല്ലാം നിയമ പരിരക്ഷ ആവശ്യമാണ്.

കായിക ശാസ്ത്രസാങ്കേതിക വിദ്യകൾ - കായിക രംഗത്ത് നവീനമായ ശാസ്ത്രസാങ്കേതിക വിദ്യകൾ അനായാസം ലഭ്യമാകാനാവശ്യമായ നിയമങ്ങൾ ആവശ്യമാണ്. അന്താരാഷ്ട്ര സഹകരണത്തിൽ ഉൾപ്പെടുന്ന ഈ വിഷയം പ്രസ്തുത ബില്ലിൽ നല്ലരീതിയിൽ കണക്കിലെടുത്തിട്ടുണ്ട്. സ്പോർട്സ് മെഡിസിൻ, സ്പോർട്സ് എഞ്ചിനീയറിങ് മേഖലകളെ പ്രോത്സാഹിപ്പിക്കുക, അന്താരാഷ്ട്ര പരിശീലകർ, കായിക വിദഗ്ധർ എന്നിവരുടെ സേവനങ്ങൾ ലഭ്യമാക്കുക, കായിക താരങ്ങൾക്കാവശ്യമായ നിർദേശം നൽകുന്നതിന് കായിക ഗവേഷകരും അനലിസ്റ്റുകളും ന്യൂട്രീഷൻ സ്പെഷ്യലിസ്റ്റുകളും അടങ്ങുന്ന ടീം രൂപീകരിക്കുക, കായിക താരങ്ങളുടെ മികച്ച അഭിരുചി വിലയിരുത്താൻ സ്പോർട്സ് ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോട്ടോക്കോൾ സംവിധാനം ഏർപ്പെടുത്തുക, ഇവയെല്ലാം പ്രാധാന്യമുള്ള ഘടകമായ സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക എന്നതും പുതിയ കാലത്തെ സ്പോർട്സിന്റെ സാധ്യത പ്രയോജനപ്പെടുത്താൻ സഹായകരമായിരിക്കും. സ്പോർട്സ് കൗൺസിലിന്റെയും സ്പോർട്സ് ഡയറക്ടറേറ്റിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. എൽ.ഡി.എഫ്. സർക്കാരിന്റെ വാഗ്ദാനങ്ങളിൽ ഒന്നാണിത്. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറിയും കായിക യുവജനകാര്യ ഡയറക്ടറും ഒരേ ആൾ തന്നെയായിരിക്കണമെന്ന ബില്ലിലെ വ്യവസ്ഥ പ്രവർത്തനങ്ങളുടെ

ഏകോപനത്തിന് സഹായകരമായിരിക്കും. സംസ്ഥാന സ്പോർട്സ് കൗൺസിൽ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സ്പോർട്സ് കൗൺസിലിന്റെ സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങൾക്ക് ഓരോ കായിക ഇനത്തിനും ചുമതല നൽകുന്നതിനും വ്യവസ്ഥ ചെയ്യുന്നുണ്ട്. സമഗ്രമായ കായിക നയത്തിലൂടെ കേരളത്തിലെ കായിക രംഗത്തിന് ഉയർച്ചയുണ്ടാക്കുന്നതിനും എല്ലാവർക്കും കായിക മേഖലയിൽ പ്രവർത്തിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കുന്ന രീതിയിലേയ്ക്ക് മാറ്റംവരുമെന്ന പ്രതീക്ഷയോടുകൂടി ഈ ഭേദഗതി ബിൽ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. പി. മോഹനൻ: സർ, 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-03-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 'എല്ലാവർക്കും സ്പോർട്സ്' എന്ന മഹത്തായ ആശയം കേരളത്തിലെ യുവാക്കൾക്കും കായിക പ്രേമികൾക്കുമെല്ലാം ആവേശം നൽകുന്നതാണ്. സംസ്ഥാനത്തെ കായികമേഖലയെ സമഗ്രമായി പുനർനിർവചിക്കാനും കേരള സ്പോർട്സിന്റെ അതിവേഗ വളർച്ചയ്ക്കായി രൂപവൽക്കരിച്ച 'വിഷൻ 2033'-ൽ നിർവചിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനും സാധിക്കുന്ന തരത്തിലുള്ള ഒരു കായികനയത്തിന് സ.ഉ. (എം.എസ്.) നം.6/2023/എസ്.&വൈ.എ. പ്രകാരം അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചത് കായിക മേഖലയ്ക്ക് കൂടുതൽ ഉത്തേജനം നൽകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒളിമ്പിക് ഗെയിംസ് ഉൾപ്പെടെ അന്താരാഷ്ട്രതലത്തിൽ കായിക മികവ് കൈവരിക്കുക,

അഴിമതിമുക്തവും സുശക്തവുമായ കായിക മേഖല സൃഷ്ടിക്കുക, ശക്തമായ കായിക വിനോദ വ്യവസായവും കായിക സാക്ഷരതാ നിലവാരമുള്ള കായിക സംസ്കാരവും രൂപപ്പെടുത്തുക, പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശാസ്ത്രീയമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ സ്പോർട്സ് നയത്തിന്റെ ലക്ഷ്യങ്ങളാണെന്നുള്ളത് അഭിനന്ദനാർഹമാണ്. പൊതുജനങ്ങൾക്കിടയിൽ ശക്തമായ കായിക വ്യായാമ സാക്ഷരതാ നിലവാരവും സജീവമായ കമ്മ്യൂണിറ്റി സ്പോർട്സ് അടിത്തറയുള്ള ഊർജസ്വലമായ കായിക സംസ്കാരവും രൂപപ്പെടുത്തി 'എല്ലാവർക്കും സ്പോർട്സ്' എന്ന ലക്ഷ്യത്തിലെത്തിക്കുന്നതിനും കായിക പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനുതകുന്ന തരത്തിലാണ് കായികനയം രൂപപ്പെടുത്തിയിട്ടുള്ളത്. കായിക പ്രതിഭകളെ കണ്ടെത്തുന്നതിന് പുതിയ സ്പോർട്സ് ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോട്ടോക്കോൾ രൂപീകരിക്കുന്നതിനും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും കൂടുതൽ കായിക അക്കാദമികൾ, മികവിന്റെ കേന്ദ്രങ്ങൾ, ഹൈ പെർഫോമൻസ് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നിർദേശങ്ങൾ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാമൂഹികസേവനവും കായിക പ്രതിഭകളും, അടിസ്ഥാന സൗകര്യങ്ങൾ, ശാസ്ത്രീയ പിന്തുണ, വിദ്യാഭ്യാസം, മികച്ച ഭരണവും തന്ത്രപരമായ ആസൂത്രണവും തുടങ്ങിയ അഞ്ച് ആധാര ശിലകൾ അടിസ്ഥാനമാക്കിയുള്ള കായിക സംസ്കാരത്തിന്റെ അടിത്തറ രൂപപ്പെടുത്തുന്ന കാഴ്ചപ്പാടുകളും നയം മുന്നോട്ടുവയ്ക്കുന്നുണ്ട്. നാം നേരിട്ടുകൊണ്ടിരിക്കുന്ന നിരവധി പ്രതിസന്ധികൾ അതിജീവിക്കാനുള്ള ശ്രമങ്ങൾ സർക്കാർ സംഘടിപ്പിച്ചു വരികയാണ്. ഇന്ന് സമൂഹത്തിൽ തിന്മയുടെ അച്ചുതണ്ടായി ലഹരി മാറിയിരിക്കുകയാണ്. ഓരോ ദിവസവും നമ്മെ ഞെട്ടിപ്പിക്കുകയും അതിലേറെ

വേദനിപ്പിക്കുകയും ചെയ്യുന്ന സംഭവ വികാസങ്ങളാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിൽ കായികവുമായി ബന്ധപ്പെടുത്തി ലഹരിക്കെതിരെ ഏറ്റവും ശക്തമായി ക്യാമ്പയിൻ നടത്താൻ സാധിക്കുന്നതാണ്. ഏതുകാലഘട്ടത്തിലും നമ്മുടെ യുവാക്കളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്നത് കായിക മേഖലയായിരുന്നു. ലയണൽ മെസ്സി അടക്കമുള്ള ലോകോത്തര താരങ്ങൾ കേരളത്തിൽ കളിക്കാൻ താൽപര്യം കാണിക്കുന്നതിന്റെ പ്രധാന കാരണം കേരളത്തിലെ യുവജനങ്ങൾക്ക് കളിയോട് അമിതമായ താൽപര്യമുള്ളതുകൊണ്ടാണ്. ഒട്ടനവധി ലോകോത്തര കായികതാരങ്ങളെ കേരളത്തിൽനിന്നും സംഭാവന ചെയ്യാൻ സാധിക്കുന്നുണ്ട്. ഗ്രാമ-ഗ്രാമാന്തരങ്ങൾ ഫുട്ബോളിന്റെയും ക്രിക്കറ്റിന്റെയും വോളിബോളിന്റെയുമൊക്കെ തരംഗം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അതിന് ആക്കം കൂട്ടുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ കേരളത്തിലെ കായിക വകുപ്പും ഈ സർക്കാരും നടപ്പാക്കിവരുന്നുണ്ട്. ലഹരിക്കെതിരെ 'കളിയാണ് ലഹരി' എന്ന പുതിയ ആപ്തവാക്യത്തിലൂടെ നമ്മൾ സഞ്ചരിക്കണം.

കളി പോലെ പ്രധാനപ്പെട്ട ആയോധന കലയാണ് കളരിപ്പയറ്റ്. പലരുടെയും ധാരണ 'കളരിപ്പയറ്റ്' എന്നാൽ മറ്റുള്ളവരെ അക്രമിക്കാനോ അവർക്കെതിരെ പൊരുതാനോ ഉള്ള പരിശീലനമാണെന്നാണ്. ദീർഘകാലം കളരിപ്പയറ്റ് പരിശീലിച്ച ഒരാളെന്ന നിലയിൽ എനിക്ക് അറിയാവുന്ന കാര്യം സൂചിപ്പിക്കാം. കളരിപ്പയറ്റ് പഠിക്കുന്ന ആദ്യവർഷങ്ങളിൽ നാലുപേരെ നേരിടാൻ കഴിയുമെന്നും മൂന്നുനാല് വർഷം കഴിയുമ്പോൾ രണ്ടുപേരെ പ്രതിരോധിക്കാൻ കഴിയുമെന്നും നമുക്ക് തോന്നും. എന്നാൽ കളരി അഭ്യസിച്ച് വർഷങ്ങൾ കഴിയുമ്പോൾ ഒരാളുടെയും ശരീരത്തിൽ കൈവയ്ക്കാൻപോലും നമ്മുടെ മനസ്സ് അനുവദിക്കില്ല

കാരണം, ശരീരത്തിന്റെ ഓരോ മർമ്മങ്ങളും തിരിച്ചറിയുന്നതോടെ നാം ആരെയും ഉപദ്രവിക്കില്ല. ആത്മനിയന്ത്രണത്തിന്റെയും ശാരീരിക മെയ്വഴക്കത്തിന്റെയും ഒരു മേഖലയാണ് കളരിപ്പയറ്റ് എന്ന ആയോധനകല. ഈ ആയോധനകലപോലെ മനസ്സിന് ഇത്രമാത്രം ആത്മ നിയന്ത്രണമുണ്ടാക്കുന്ന,ശരീരത്തെ ഇത്രയുമധികം പ്രതിരോധിക്കുന്ന മറ്റൊരു ആയോധനവിദ്യയില്ല എന്നതുകൊണ്ട് സാർവത്രികമായ രീതിയിൽ കളരിപ്പയറ്റ് പരിശീലനം വ്യാപിപ്പിക്കണം. ദേശീയ ഗെയിംസിൽ കളരിപ്പയറ്റ് മത്സര ഇനമാക്കാൻ കഴിയില്ലെന്ന് മലബാറിന്റെയും വടകരയുടെയും ഉണ്ണിയാർച്ചയുടെയും തച്ചോളി ഒതേനന്റെയും നാട്ടിൽ നിന്നുംപോയ കേരളത്തിന്റെ ശ്രീമതി പി. ടി. ഉഷ പറഞ്ഞത് വളരെ ഖേദകരമാണ്. നിർബന്ധമായും ആയോധനകലയായ കളരിപ്പയറ്റ് മത്സരയിനങ്ങളിൽ ഉൾപ്പെടുത്താൻ സാധിക്കണം. വടക്കെ ഇന്ത്യയിലെ ഫരീദാബാദിലെ ഹർഷിത യാദവാണ് കളരിപ്പയറ്റ് മത്സരയിനങ്ങളിൽ ഉൾപ്പെടുത്തണമെന്ന് പറഞ്ഞത്. എന്നാൽ കേരളത്തിൽനിന്ന് പോയ ഒളിമ്പിക്സ് അസോസിയേഷന്റെ പ്രസിഡന്റായ ശ്രീമതി പി. ടി. ഉഷ അത് വേണ്ടെന്ന് പറയുകയാണ് ചെയ്തത്. കഴിഞ്ഞ തവണ ഗോവയിൽ നടന്ന ദേശീയ ഗെയിംസിൽ കളരിപ്പയറ്റ് മത്സര ഇനമായിരുന്നു. കേരളത്തിന് കളരിപ്പയറ്റിൽ 19 മെഡൽ ലഭിച്ചിട്ടുണ്ട്. കുത്തുപറമ്പിൽ ഒരുകൂട്ടം സ്പോർട്സ് പ്രേമികൾ, മുൻ കായികാധ്യാപകന്മാർ, പൊതുപ്രവർത്തകർ എന്നിവർ ചേർന്ന് രണ്ടുവർഷമായി 'ഇൻസൈറ്റ്' പദ്ധതിയിലൂടെ കൂടുതൽ ആളുകളെ ഈ രംഗത്തേക്ക് കൊണ്ടുവരുന്നുണ്ട്. 2018-ൽ അന്നത്തെ സി.ഐ. ആയിരുന്ന ശ്രീ. വി. വി. ബെന്നിയുടെ നേതൃത്വത്തിൽ പാനൂർ ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിലാണ് 'ഇൻസൈറ്റ് പദ്ധതി' ആരംഭിച്ചത്. ബഹുമാനപ്പെട്ട സ്പീക്കറും ആ

പരിപാടിയിൽ പങ്കെടുത്തിരുന്നു. രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, തദ്ദേശസ്വയംഭരണ മേധാവികൾ എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ആ കമ്മിറ്റിയുടെ കീഴിൽ അക്കാദമി കമ്മിറ്റിക്കൂടി രൂപീകരിക്കുകയും അവിടെ കേന്ദ്ര സേനയിലേയ്ക്കുള്ള പരിശീലനം ആരംഭിക്കുകയും ചെയ്തു. പാനൂർ പോലീസ് സ്റ്റേഷനിൽ വച്ച് 150 വിദ്യാർഥികൾക്ക് തിയറിയും പാനൂർ ഹൈസ്കൂൾ ഗ്രൗണ്ടിൽ വച്ച് (രാവിലെ 6.30 മുതൽ 8 മണി വരെ) കായിക പരിശീലനവും നൽകി. ഈ പരിശീലനം ഇപ്പോഴും തുടരുകയാണ്. മാറിമാറി വരുന്ന പോലീസ് ഇൻസ്പെക്ടർമാർ ഇതിന് പ്രോത്സാഹനം നൽകി വരുന്നുണ്ട്. ജനപ്രതിനിധികളുടെയും മറ്റും സഹായങ്ങൾ ലഭിക്കുന്നുമുണ്ട്. കായികാധ്യാപകരും ചില പോലീസ് കോൺസ്റ്റബിൾമാരുമാണ് ഇപ്പോൾ പരിശീലനത്തിന് നേതൃത്വം നൽകുന്നത്. കേന്ദ്രസേന, കേരള പോലീസ്, വനിതാ കോൺസ്റ്റബിൾ, എക്സൈസ് ഗാർഡ്, അഗ്നിപഥ് എന്നിങ്ങനെ വിവിധ സേനകളിലായി ഇതുവരെ 77 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ മൂന്ന് വിദ്യാർഥികൾക്ക് എസ്.ഐ.-മാരായി പോലീസിൽ പ്രവേശനം ലഭിച്ചു. യുവതലമുറ വഴിതെറ്റാതിരിക്കാൻ സഹായിക്കുന്ന ഒറ്റമൂലിയായി നല്ല ശരീരം, നല്ല മനസ്സ്, നല്ല ജോലി എന്ന ലക്ഷ്യത്തോടെ കായിക പരിശീലനം നടത്തണം. ശ്രീ. ഇ. സുരേഷ് ബാബു, ശ്രീ. വി. കെ. മോഹൻദാസ്, ശ്രീ. രാജീവൻ, ശ്രീ. ജയപ്രകാശ്, ശ്രീ. പ്രവീൺ കുമാർ, ശ്രീ. കെ. മുകുന്ദൻ എന്നിവരും സി.പി.ഒ.-മാരായ ശ്രീ. ശിവകുമാർ, ശ്രീ. ദേവദാസ്, ശ്രീ. ശിവദാസ് എന്നിവരുമാണ് ജ്യോതിസ് സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായ ഇൻസൈറ്റ് പ്രോഗ്രാമിന് നേതൃത്വം നൽകുന്നത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, തെക്കൻ കളരി, വടക്കൻ കളരി ഇതിൽ ഏത് കളരിപ്പയറ്റാണ് അങ്ങ് അഭ്യസിച്ചിട്ടുള്ളത്?

ശ്രീ. കെ. പി. മോഹനൻ: സർ, വടക്കൻ കളരിയാണ് ഞാൻ അഭ്യസിച്ചത്. ശരീരം ഫ്ലെക്സിബിളാകുകയും പ്രെസൻസ് ഓഫ് മൈൻഡുണ്ടാകുകയും ചെയ്യുമെന്നതാണ് വടക്കൻ കളരിപ്പയറ്റിന്റെ പ്രത്യേകത. 'അമർന്ന് അമർച്ചയിൽ ഇടതുവച്ച് വലതുകാലിന്മേൽ ചാടിക്കെട്ടി, ചവിട്ടി, വലിഞ്ഞമർന്ന് നിവർന്ന്, ഇടത്തുതിരിഞ്ഞ് വലത്തുതിരിഞ്ഞ്, ഇടത്ത് നേരെ, വലത് നേരെ' എന്ന വായ്ത്താരിതന്നെ നമുക്ക് വളരെയധികം ഊർജം നൽകുന്നതാണ്. അങ്ങനെ പറയുമ്പോൾ നമുക്ക് ആരെയും നേരിടാൻ കഴിയുമെന്ന് മാത്രമല്ല, പ്രതിരോധിക്കാനുള്ള കഴിവുകൂടിയുണ്ടാകുകയാണ്. ഓരോ പഞ്ചായത്തിലും ഒരു ആയോധനകല പഠിപ്പിക്കാനുള്ള ഒരു കളരിയുണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ഇക്കാര്യം പറഞ്ഞപ്പോൾ അദ്ദേഹം അത് സമ്മതിച്ചിരുന്നു.

ഇപ്പോൾ മണ്ഡലത്തിലെ സ്കൂളുകൾക്ക് സ്പോർട്സ് കിറ്റുകൾ നൽകിയിട്ടുണ്ട്. സ്കിപ്പിങ് റോപ്, നെറ്റ്, ബാൾ, ബാഡ്മിന്റൺ, ഷട്ടിൽ കോക്ക് തുടങ്ങിയ ധാരാളം സ്പോർട്സ് ഉപകരണങ്ങളടങ്ങിയ സ്പോർട്സ് കിറ്റും അലമാരയും നൽകിയിട്ടുണ്ട്. ഒരു വിദ്യാലയത്തിന് ഒരു കളിസ്ഥലമെന്ന രീതിയിൽ 12 വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ടുപയോഗിച്ച് കളിസ്ഥലങ്ങൾ നിർമ്മിച്ചിരിക്കുകയാണ്. അതിൽ ഷട്ടിൽ ബാഡ്മിന്റണിന്റെയും ഫുട്ബോളിന്റെയും വോളിബോളിന്റെയുമൊക്കെ കളിസ്ഥലങ്ങളുണ്ട്. സ്പോർട്സ് കൗൺസിലിന്റെ ധാരാളം കളിസ്ഥലങ്ങളുണ്ട്; അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

അത് വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോടും സർക്കാരിനോടും എനിക്ക് വളരെ വിനയപൂർവം ആവശ്യപ്പെടാനുള്ളത്; ഇല്ലെങ്കിൽ ആ കളിസ്ഥലങ്ങളൊക്കെ ഇല്ലാതായിപ്പോകും. ബഹുമാനപ്പെട്ട സ്പീക്കറുടെ നിയോജകമണ്ഡലമായ തലശ്ശേരിയിലെ കളിസ്ഥലങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുനൽകാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. കുത്തുപറമ്പ് മണ്ഡലത്തിലെ ചെറുവാഞ്ചേരിയിൽ നാല് ഏക്കർ സ്ഥലത്ത് കളിസ്ഥലം കണ്ടെത്തിയിട്ടുണ്ട്. കുന്നോത്തുപറമ്പിൽ മറ്റ് കളിസ്ഥലങ്ങളും ഇൻഡോർ കോർട്ടുകളുമുണ്ട്. ഇവയെല്ലാം ഇന്ന് കായികമേഖലയ്ക്ക് ഉത്തേജനം നൽകുന്നതാണ്. ഈ ഉദ്ദേശ്യങ്ങൾ മുൻനിർത്തി അവതരിപ്പിച്ചിരിക്കുന്ന ഈ ബിൽ നല്ലരീതിയിൽത്തന്നെ മുന്നോട്ടുകൊണ്ടുപോകുന്നതിന് സർക്കാരിനൊപ്പം നിയമസഭയിലെ മുഴുവൻ അംഗങ്ങളും ഒന്നിച്ചുനിൽക്കണം. സ്പോർട്ട്സിനെ ലഹരിക്കെതിരെയുള്ള ഏറ്റവും വലിയ ആയുധമാക്കി മാറ്റാൻ നമുക്ക് സാധിക്കും. ചെറിയ കുട്ടികളെയടക്കം കായികരംഗത്തേക്ക് കൊണ്ടുവരണം. ഷട്ടിൽ ബാറ്റും റിങ്ങുമെല്ലാം വാങ്ങി നൽകിയാൽ ചെറിയ കുട്ടികൾ അതുപയോഗിച്ച് കളിക്കുന്നത് കാണാം. ഇങ്ങനെയുള്ള കളി ഉപകരണങ്ങൾ കുട്ടികൾക്ക് വാങ്ങി നൽകണം. ഞാനൊരു ബാസ്കറ്റ് ബാൾ, വോളിബോൾ, ഷട്ടിൽ ബാഡ്മിന്റൺ പ്ലെയറായിരുന്നു. വൈകുന്നേരങ്ങളിൽ മറ്റു പരിപാടികളെല്ലാം മാറ്റിവച്ച് കളിയിലേക്കുമാത്രം ശ്രദ്ധിച്ചുകൊണ്ട് ധാരാളം ആളുകൾ ഞങ്ങളുടെ പ്ലേഗ്രൗണ്ടിൽ തിങ്ങിനിറയുമായിരുന്നു. കായികമേഖലയെ കൂടുതൽ ശക്തിപ്പെടുത്താൻ കഴിയുന്ന രൂപത്തിലേക്കുള്ള ഈ ബിൽ സമൂഹത്തിന് ഗുണകരമാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ

ആയോധനകലയുടെ കൂട്ടത്തിൽ വരുന്ന ഒരു കലയാണ് താെയ്ക്കാണ്ടോ. അത് അങ്ങ് പഠിച്ചിട്ടുണ്ടോ? ഒരു കാൽ മണ്ണിൽ വച്ച് മറ്റേ കാൽ പൊക്കി എതിരാളികളെ തൊഴിച്ചുവീഴ്ത്താൻ പറ്റുന്ന ആയോധനകലയാണിത്. സ്ത്രീകൾക്ക് ഉൾപ്പെടെ വളരെയധികം താൽപര്യമുള്ള ഈ ആയോധനകല താങ്കളുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: സർ, കേരളത്തിന്റെ തനതായ ആയോധനകലയിൽ നിന്നാണ് ഇതെല്ലാം ഉടലെടുത്തത്. പഴയ കാലത്ത് തച്ചോളി ഒതേനനും ഉണ്ണിയാർച്ചയുമെല്ലാം ആയോധനകലയിൽ പ്രഗത്ഭരായിരുന്നുവെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. കരാട്ടെ പോലും ആയോധനകലയുടെ ഭാഗമായിട്ടുള്ളതാണ്. ജാപ്പനീസുകാരാണ് കരാട്ടെ ആരംഭിച്ചത്. അതെല്ലാംതന്നെ ഈ ആയോധനകലയുടെ രൂപത്തിലുള്ളതാണ്. ശരീരത്തിന്റെ ഉന്മേഷത്തിനും ആരോഗ്യം ഗുണകരമാക്കുന്നതിനും വലിയ രോഗങ്ങളൊന്നുമുണ്ടാകാതെ ശരീരത്തെ ഫ്ലക്സിബിളാക്കാനും മറ്റെല്ലാ കാര്യങ്ങളിൽനിന്നും വിട്ടുനിൽക്കാനും presence of mind ഉണ്ടാകാനും ആയോധനകലകൾ ഗുണകരമാണ്. അതായത്, ഒരാൾ നമ്മെ നേരിടാൻ വരുമ്പോൾ അങ്ങോട്ട് ആക്രമിക്കുന്നതിനുപകരം അതിൽനിന്നും പിന്മാറാൻ കഴിയുന്നവിധത്തിൽ നമ്മെ നല്ല മനസ്സിന്റെ ഉടമകളാക്കി മാറ്റാനും ഈ ആയോധനകല അഭ്യസിക്കുന്നതിലൂടെ സാധിക്കുന്നു. അതിനാൽ ഇതൊരു നല്ല ബില്ലാണെന്നാണ് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ ഒരു

സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കേണ്ടത് പ്രധാനപ്പെട്ട കാര്യമാണെന്ന് ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രി സംസാരിക്കുകയുണ്ടായി. ഇന്ന് കേരളത്തിന്റെയും ഇന്ത്യയുടെയും പൊതുവെയുള്ള സാഹചര്യം പരിശോധിക്കുമ്പോൾ നമ്മെ ഞെട്ടിപ്പിക്കുന്ന ചില യാഥാർഥ്യങ്ങളുണ്ട്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പാർലമെന്റിൽ ടേബിൾ ചെയ്ത 2023-2024-ലെ ഇക്കണോമിക് സർവേയിൽ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ ചില പഠനങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. അതിൽ പറയുന്നത്, 'It notes that 56.4 per cent of total disease burden in India is due to unhealthy diets. The upsurge in the consumption of highly processed foods coupled with reduced physical activity and limited access to diverse foods, exacerbate micronutrient deficiencies and overweight/obesity problems.' അതായത്, ഇന്ത്യയിലെ ആകെ രോഗങ്ങളുടെ 56.4 ശതമാനവും അനാരോഗ്യകരമായ ഭക്ഷണക്രമം കാരണമാണുണ്ടാകുന്നത്. അതായത്, നമ്മുടെ ഭക്ഷണക്രമത്തിലുണ്ടായിട്ടുള്ള മാറ്റങ്ങളും അതോടൊപ്പം കായികാധ്വാനങ്ങളിൽ ഏർപ്പെടാത്തതും കാരണമാണ് രോഗങ്ങളുണ്ടാകുന്നതെന്നാണ് ഇതിലൂടെ വ്യക്തമാകുന്നത്. കേരളം ഉൾപ്പെടുന്ന നമ്മുടെ രാജ്യം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നമാണ് 'obesity crisis'. 'The adult obesity rate in India has more than tripled' എന്നാണ് ഇക്കണോമിക് സർവെ റിപ്പോർട്ടിൽ പറയുന്നത്. നാഷണൽ ഫാമിലി ഹെൽത്ത് സർവെ ഡാറ്റാ അനുസരിച്ച് "...the percentage of men facing obesity (in the age 18-69) has increased to 22.9 per cent in NFHS-5 from 18.9 per cent in

NFHS-4." അതായത് ദേശീയതലത്തിൽ 23 ശതമാനത്തോളം പുരുഷന്മാരും 24 ശതമാനം സ്ത്രീകളും obesity പ്രശ്നം അനുഭവിക്കുന്നുണ്ട്. കേരളത്തിലെ കണക്കുകൾ പരിശോധിച്ചാൽ Obesity levels in Kerala are among the highest in the country. I don't want to mention the numbers here, but it is really alarming. വളരെ ഗൗരവമായി ഈ വിഷയത്തെ അഡ്രസ് ചെയ്യേണ്ടതുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി 'Aardram Health Lifestyle Disease Detection Programme'-ന്റെ ഭാഗമായി ആരോഗ്യ വകുപ്പിനുകീഴിൽ ഏതാണ്ട് ഒരു കോടിയിൽപ്പരം ആളുകളെ സ്ക്രീൻ ചെയ്യുകയുണ്ടായി. ആ സ്ക്രീനിംഗിനുശേഷം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിതന്നെ പറഞ്ഞത് ഏതാണ്ട് 44.85 ശതമാനം, അതായത് 45 ശതമാനത്തോളം ആളുകൾ കേരളത്തിൽ ജീവിതശൈലീ രോഗങ്ങളുടെ അപകടം അഭിമുഖീകരിക്കുന്നുവെന്നാണ്. നാഷണൽ ഹെൽത്ത് അക്കൗണ്ട്സിന്റെ കണക്കുകൾ അനുസരിച്ച് "Kerala's per capita out-of-pocket expenditure on health stands at 7889" എന്നാണ്. എന്നുവച്ചാൽ രാജ്യത്ത് ഏറ്റവും കൂടുതൽ per capita out-of-pocket health expenditure നടത്തുന്ന ഒരു സംസ്ഥാനമാണ് കേരളം. ഒരു വ്യക്തി ഒരു വർഷം ശരാശരി 8000 രൂപയോളം അവരുടെ ആരോഗ്യ പരിരക്ഷയ്ക്കായി/ചികിത്സാ ചെലവുകൾക്കായി ചെലവാക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് ഭയാനകമായ ഒരവസ്ഥയാണ്. ഗവൺമെന്റും സ്വകാര്യ മേഖലയും ആയിരക്കണക്കിന്/പതിനായിരക്കണക്കിന് കോടി രൂപ ആരോഗ്യ സംരക്ഷണത്തിനും വിവിധ ചികിത്സകൾക്കുംവേണ്ടി ചെലവഴിക്കുമ്പോൾ മറുവശത്ത്, ആരോഗ്യ വകുപ്പിന്റെ കണക്കനുസരിച്ച് ആ അസുഖങ്ങളിൽ 45% ആളുകൾ ജീവിതശൈലീ രോഗങ്ങൾ

നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ കണക്കുകളിൽനിന്നും നാം ആലോചിക്കേണ്ടത് കേരളം എവിടേക്കാണ് പോകുന്നതെന്നാണ്. അസുഖം വന്നതിനുശേഷം കോടിക്കണക്കിന് രൂപ ചെലവഴിച്ച് ചികിത്സ നടത്തണമോ അതോ അസുഖം വരാതെ ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിച്ചെടുക്കണമോ, ഏതാണ് വേണ്ടതെന്ന ചോദ്യം നമ്മുടെ മുമ്പിലുണ്ട്. ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിച്ചെടുക്കാനായി വലിയ ഇൻവെസ്റ്റ്മെന്റ് നടത്തേണ്ടതുണ്ട്. നിർഭാഗ്യവശാൽ അസുഖം വന്നതിനുശേഷമുള്ള ചികിത്സക്ക് വലിയ തുക ചെലവ് ചെയ്യുകയും ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി സ്പോർട്ട്സ് പോലുള്ള മേഖലയെ പൂർണ്ണമായും തള്ളിക്കളയുകയും ചെയ്യുന്ന നിലപാട് കേരളം സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. കായിക മേഖലയിൽ ഒരുതരത്തിലുമുള്ള ഇൻവെസ്റ്റ്മെന്റോ ഇടപെടലുകളോ നടത്താതെ സംസ്ഥാനം മുന്നോട്ടുപോകുന്നതിന്റെ പ്രശ്നമാണ് ഇന്ന് നാം അഭിമുഖീകരിക്കുന്നത്. ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുന്നതോടൊപ്പം ഒരു ഹെൽത്ത്/ഫിറ്റ്നെസ് കൾച്ചർ വളർത്തിയെടുക്കുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ടാണ് സ്പോർട്ട്സ് കൾച്ചർ വളരെ പ്രധാന്യമർഹിക്കുന്നത്. നിർഭാഗ്യവശാൽ നമ്മൾ അക്കാര്യം ചെയ്യാതെപോകുന്നു എന്നതാണ് കേരളം ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. 40 വയസ്സ് കഴിഞ്ഞാൽ ഗ്ലൂക്കോമ കഴിക്കാത്തവരായി കേരളത്തിൽ അപൂർവം ആളുകളേയുള്ളൂ. എല്ലാവരെയും കാണുമ്പോൾ വളരെ യോഗ്യന്മാരായി തോന്നുമെങ്കിലും ഒരു പരിശോധന നടത്തിയാൽ ഷുഗർ, കൊളസ്ട്രോൾ, പ്രഷർ എന്നുതുടങ്ങി എല്ലാ പ്രശ്നങ്ങളുമുണ്ടാകും. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? ഒരു കാലഘട്ടത്തിൽ 60 വയസ്സിനുശേഷം വന്നുകൊണ്ടിരുന്ന പല രോഗങ്ങളും ഇപ്പോൾ 30-40 വയസ്സിൽത്തന്നെ

മലയാളികൾക്ക് പിടിപെട്ടുകൊണ്ടിരിക്കുകയാണ്. ഈ രീതിയിൽ മുമ്പോട്ടുപോയാൽ കേരളം എവിടെ എത്തിനിൽക്കുമെന്ന് നാം കാണേണ്ടതായിട്ടുണ്ട്. ഇപ്രകാരം തന്നെയാണ് ലഹരി വ്യാപനത്തിന്റെ കാര്യത്തിലും സംഭവിക്കുന്നത്. കഴിഞ്ഞ ദിവസത്തെ സഭാചർച്ചകളിൽ ആ വിഷയത്തെക്കുറിച്ച് ഞാൻ സംസാരിച്ചിരുന്നു. കേരളത്തിലെ ആരോഗ്യ പ്രശ്നങ്ങൾക്കും ലഹരിയുടെ അതിവ്യാപനത്തിനും ഏറ്റവും വലിയ ബദൽ എന്നുപറയുന്നത് നമ്മുടെ നാട്ടിൽ ഒരു കായിക സംസ്കാരം, ഫിറ്റ്നെസ് കൾച്ചർ വളർത്തിയെടുക്കുക എന്നതാണ്. നിർഭാഗ്യവശാൽ നമ്മൾ അക്കാര്യം ചെയ്യാതെ പോകുന്നു. നമ്മുടെ ശരീരവും ആരോഗ്യവും ഏറ്റവും പ്രധാനപ്പെട്ടതാണെന്ന് കേരളത്തിലെ ഓരോ വ്യക്തിക്കും ബോധ്യമുണ്ടായാൽത്തന്നെ ലഹരിയുടെ അഡിക്ഷനിൽനിന്നും പലതരത്തിലുള്ള ജീവിതശൈലീ രോഗങ്ങളിൽനിന്നും മോചനം നേടാൻ സാധിക്കും. അതുകൊണ്ട് ആരോഗ്യ വകുപ്പ് എല്ലാതലത്തിലും എപ്രകാരമാണോ പ്രാധാന്യം നൽകി പണം ചെലവഴിക്കുന്നത്, അതിനെക്കാൾ പ്രാധാന്യത്തോടെ രോഗം വരാതിരിക്കാനുള്ള പ്രതിരോധ നടപടിയെന്ന നിലയ്ക്ക് സ്പോർട്സിനെ കണ്ടുകൊണ്ട് കേരളത്തിൽ ഒരു സ്പോർട്സ് കൾച്ചർ വളർത്തിയെടുക്കണം; അത് ചെയ്യേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ലഹരിയെ ഏറ്റവും മികച്ചരീതിയിൽ ഇല്ലായ്മ ചെയ്യാൻ കഴിയുന്നത് സ്പോർട്സിലൂടെയാണെന്ന് നമ്മളെല്ലാവരും ചർച്ചചെയ്തതാണ്. സ്പോർട്സിനെ സംബന്ധിച്ച ഒരു ഭേദഗതി ബിൽ അവതരിപ്പിക്കുകയും ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ, കബഡി തുടങ്ങിയ പല ഗെയിമുകൾക്കും പിന്തുണയും പ്രോത്സാഹനവും നൽകുന്ന ഈ അവസരത്തിൽ പ്രാദേശികമായി നിലനിന്നിരുന്ന ചില കായിക മേഖലകൾ

സമ്പൂർണ്ണമായും വിസ്മൃതിയിലേക്ക് പോയിട്ടുണ്ട്. തുളുനാട് മേഖലയായ മഞ്ചേശ്വരത്ത് 'Under-arm cricket' എന്നൊരു ക്രിക്കറ്റ് മേഖലയുണ്ട്. ഓരോ വർഷവും മഴക്കാലം കഴിഞ്ഞ് വേനൽക്കാലം വന്നാൽ കോടിക്കണക്കിന് രൂപയുടെ ടേൺഓവർ ഉണ്ടാകുന്ന ഈ ക്രിക്കറ്റ് മേഖല, മഞ്ചേശ്വരത്തിന്റെ സൗഹൃദവും മാനവീകതയും ഉയർത്തിപ്പിടിക്കുകയും ലഹരി ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നുണ്ട്. നമ്മിൽനിന്നും വിസ്മൃതിയിലേയ്ക്ക് പോയ പ്രാദേശിക കായിക മേഖലകളെക്കുടി തിരിച്ചുകൊണ്ടുവരുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. റോജി എം. ജോൺ: സർ, തീർച്ചയായും ഞാനും ഇതുതന്നെയാണ് പറയുന്നത്. നമുക്ക് ഏതൊക്കെ മേഖലകളിൽ സ്പോർട്ട്സിന് പ്രാധാന്യം നൽകാൻ സാധിക്കുമെന്ന് കണ്ടെത്തി അവിടെ വലിയ രീതിയിലുള്ള ഇൻവെസ്റ്റ്മെന്റ് നടത്തി മുന്നേറ്റം നടത്തേണ്ടതായിട്ടുണ്ട്. പലപ്പോഴും സ്പോർട്ട്സ് എന്നുപറയുന്നത് നിയമസഭയിൽപോലും എല്ലാ വകുപ്പുകൾക്കുംശേഷമാണ് പരിഗണിക്കുന്നത്. മറ്റൊരു പരിപാടിയും ഇല്ലെങ്കിൽ ചെയ്യാമെന്ന് കരുതുന്ന ഒരു കാര്യം എന്നനിലയിലാണ് സ്പോർട്ട്സിനെ കാണുന്നത്. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള കളിസ്ഥലങ്ങളുടെ വികസന പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി പ്രത്യേക അനുമതി ലഭ്യമാക്കേണ്ട അവസ്ഥയുണ്ട്. കളിസ്ഥലം ചിലപ്പോൾ പഞ്ചായത്തിന്റെയോ ജലസേചന വകുപ്പിന്റെയോ മറ്റേതെങ്കിലും വകുപ്പുകളുടേതോ ആയിരിക്കും. ഒരു കളിസ്ഥലം ഒരു പഞ്ചായത്തിൽ അല്ലെങ്കിൽ ഒരു മണ്ഡലത്തിൽ ഉണ്ടാക്കുക എന്നത് വളരെ പ്രധാനമാണ്. എം.എൽ.എ. ഫണ്ടിൽനിന്നും തുക ചെലവഴിച്ച് കളിസ്ഥലം നിർമ്മിക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ ഓരോ പദ്ധതിക്കും സ്പെഷ്യൽ സാങ്ഷനുവേണ്ടി ധനകാര്യ വകുപ്പിൽ

കയറിയിറങ്ങേണ്ട അവസ്ഥ നിലനിൽക്കുന്നു. സ്കൂളുകളിൽ സ്പോർട്ട്സ് കിറ്റുകൾ കൊടുക്കാൻ സാധിക്കണം. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് അത് നൽകാൻ നമ്മൾ തയ്യാറാണ്. അത്തരം കാര്യങ്ങൾ ചെയ്യുന്നത് സ്കൂളുകളിൽ ഉൾപ്പെടെ കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന് സഹായകരമാകും. ഇതിനെല്ലാം ഗവൺമെന്റ് കൂടുതൽ ക്രിയാത്മകമായി ഇടപെടണം. ഇവിടെ നിലനിൽക്കുന്ന യാഥാർഥ്യം എന്താണ്? കഴിഞ്ഞ കുറച്ച് കാലമായി കേരളം കായിക രംഗത്ത് വളരെ പിന്നാക്കം പൊയ്ക്കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. രാജ്യത്തെ കായിക കരുത്ത് നിർണ്ണയിക്കുന്ന ദേശീയ ഗെയിംസിൽ ആദ്യത്തെ പത്ത് സ്ഥാനങ്ങളിൽനിന്നും ചരിത്രത്തിൽ ആദ്യമായി കേരളം പുറത്തുപോയിരിക്കുകയാണ്. അതായത് വംശീയ കലാപംകൊണ്ട് സകലതും നഷ്ടപ്പെട്ട മണിപ്പൂരിനെക്കാൾ താഴെ പതിനാലാം സ്ഥാനത്താണ് ഇത്തവണത്തെ ദേശീയ ഗെയിംസിൽ കേരളം ഇടംപിടിച്ചതെന്ന് പറയുമ്പോൾ അത് എത്രമാത്രം അപമാനകരമാണ്; നമ്മൾ എവിടേയ്ക്കാണ് പോയിക്കൊണ്ടിരിക്കുന്നത്? 2015-ലെ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് നടന്ന ദേശീയ ഗെയിംസിൽ കേരളം രണ്ടാം സ്ഥാനത്തായിരുന്നു.

[3.00 PM]

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ പറഞ്ഞതുപോലെ കായിക മേഖലയിൽ മൂവായിരം കോടി രൂപയുടെ പ്രവൃത്തി നടന്നിട്ടുണ്ടെങ്കിൽ അത് വളരെ നല്ല കാര്യമാണ്. ഇവിടെ ഇങ്ങനെയൊക്കെ പറയുമ്പോഴും ദേശീയ ഗെയിംസിൽ 14-ാം സ്ഥാനത്തേയ്ക്ക് നമ്മൾ പിന്തള്ളപ്പെട്ടിരിക്കുകയാണ്. ഇവിടെ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? ഒരു വശത്ത്

മന്ത്രിയും മറുവശത്ത് വിവിധ കായിക സംഘടനാനേതാക്കളും തമ്മിൽ ചക്കളത്തിപ്പോര് നടത്തി അങ്ങോട്ടുമിങ്ങോട്ടും പഴിചാരുകയാണ്. 'കായിക വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ വട്ടപൂജ്യമെന്ന് കേരള ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. വി. സുനിൽ കുമാർ.'; ഒളിമ്പിക് അസോസിയേഷന്റെ പ്രസിഡന്റിന്റെ വാക്കുകളാണ് ഞാൻ ഉദ്ധരിച്ചത്. ദേശീയ ഗെയിംസിലെ മോശം പ്രകടനത്തിന് കാരണം ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിയും സ്പോർട്ട്സ് കൗൺസിലുമാണെന്നാണ് അദ്ദേഹത്തിന്റെ ആക്ഷേപം. സംസ്ഥാന സർക്കാരിന് കീഴിലുള്ള സ്ഥാപനമാണിത്. ബഹുമാനപ്പെട്ട മന്ത്രിയും ഒട്ടും വിട്ടുകൊടുത്തില്ല. ശ്രീ. സുനിൽ കുമാർ അടക്കം കേരളത്തിലെ കായികസംഘടനയുടെ സാരഥികൾ കാട്ടുകള്ളന്മാരാണെന്നും കായിക താരങ്ങൾക്ക് കൊടുക്കുന്ന പണം ഇവരെല്ലാംകൂടി പൂട്ടടിക്കുകയാണെന്നും ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി വന്നു. കായികതാരങ്ങൾക്കും സംഘടനകൾക്കും നൽകുന്ന പണം ആ സംഘടനയുടെ തലപ്പത്തിരിക്കുന്ന ആളുകൾ പൂട്ടടിക്കുകയാണെന്ന് ആ വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുമ്പോൾ പിന്നെ എന്തിനാണ് മന്ത്രീ, ഇങ്ങനെയൊരാൾ ആ കസേരയിലിരിക്കുന്നത്? എത്ര മോശപ്പെട്ട സാഹചര്യമാണിത്.

ദേശീയ ഗെയിംസിൽ ഇത്തവണ നാണക്കേടിന്റെ കിരീടം ലഭിച്ചെങ്കിലും ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിയും കായിക സംഘടനാ നേതാക്കളും തമ്മിലുള്ള ചക്കളത്തിപോര് ദേശീയ ഗെയിംസിലെ ഒരു ഇനമായിരുന്നെങ്കിൽ നമുക്ക് ഒന്നാം സ്ഥാനം ലഭിക്കുമായിരുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയമില്ല. അത്തരത്തിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. ഉത്തരാഖണ്ഡിൽ ഇത്തവണ നടന്ന ദേശീയ ഗെയിംസിന്

മുന്നോടിയായി ടീമുകളുടെ ക്യാമ്പുകൾ നടത്താനുള്ള ചെലവിന് പണമുണ്ടായില്ല. ആവശ്യമായ മത്സര ഉപകരണങ്ങളും യഥാസമയം വാങ്ങാൻ സാധിച്ചില്ല. അറുന്നൂറോളം ടീം അംഗങ്ങളുടെ യാത്ര അനിശ്ചിതത്വത്തിലായ കാര്യം നമ്മൾ ചർച്ചചെയ്തതാണ്. വോളിബോളിൽ ആര് ടീമിനെ അയയ്ക്കുമെന്ന തർക്കത്തിനൊടുവിൽ ബഹു. ഹൈക്കോടതിക്ക് ഇടപെടേണ്ട സാഹചര്യമുണ്ടായി. ഒടുവിൽ ബഹു. ഹൈക്കോടതി നിരീക്ഷിച്ചത്, ആഭ്യന്തര തർക്കങ്ങളും കലഹങ്ങളും നടക്കുമ്പോൾ അത്‌ലറ്റുകൾക്കും കായിക രംഗത്തിനും ഇതിന്റെ ആഘാതം അനുഭവിക്കേണ്ടിവരുമെന്നാണ്. ഈ വിഷയത്തിൽ അതിന് മുമതലപ്പെട്ടവർ ഇടപെടേണ്ട സമയം അതിക്രമിച്ചുവെന്നാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പറഞ്ഞത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഇവിടെ അങ്ങോട്ടുമിങ്ങോട്ടും പഴിചാരുകയാണ്. കായിക വകുപ്പുമന്ത്രിക്കും സ്പോർട്സ് കൗൺസിലിനുമെതിരെ കേരള ഒളിമ്പിക് അസോസിയേഷൻ ആരോപണങ്ങളുമായി രംഗത്തെത്തി. ബഹുമാനപ്പെട്ട മന്ത്രിക്ക് താൽപര്യമുള്ളവരെ ഭാരവാഹികളാക്കാത്തതിന്റെ പേരിൽ വോളിബോൾ അസോസിയേഷൻ ഉൾപ്പെടെയുള്ള കായിക സംഘടനകളെ തകർക്കാൻ ശ്രമിക്കുകയാണെന്നും നാലുവർഷമായി കായിക സംഘടനകൾക്ക് ഗ്രാന്റ് നൽകിയിട്ടില്ലെന്നുമാണ് ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് പറയുന്നത്. സ്പോർട്ട്സ് ഹോസ്റ്റലുകൾ വളരെ ദയനീയമായ സാഹചര്യം നിലനിൽക്കുന്നത് സംബന്ധിച്ച് എത്രയോ തവണ ചർച്ച ചെയ്തതാണ്. സ്പോർട്ട്സ് ഹോസ്റ്റലുകളിൽ പലതും അടച്ചുപൂട്ടലിന്റെ വക്കിലായിരുന്നു. കായികതാരങ്ങൾക്കുള്ള കഞ്ഞിക്കാശുപോലുമില്ലാതെ ഒരു വർഷത്തോളമായി സ്പോർട്ട്സ് കൗൺസിൽ ഹോസ്റ്റലുകൾ പ്രതിസന്ധിയിലായിരുന്നു. ഈ ഹോസ്റ്റലുകൾക്ക് ഏതാണ്ട് പത്തുകോടി രൂപയിലേറെ നൽകാനുണ്ടായിരുന്നു. സ്പോർട്ട്സ്

കൗൺസിലിന് കീഴിലുള്ള കോളേജ് ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർഥികൾ അധികാരികളുടെ കണ്ണ് തുറപ്പിക്കാനായി സെക്രട്ടേറിയറ്റിന് മുമ്പിൽ തോർത്തും ജേഴ്സിയും വിരിച്ച് ഭിക്ഷ യാചിച്ച് സമരം ചെയ്യുന്ന സാഹചര്യം കേരളം കാണാനിടയായി. കായിക താരങ്ങളെ അവഹേളിച്ചതിനാൽ ദേശീയ ഗെയിംസിൽ ലഭിച്ച മെഡലുകൾ കടലിലെറിയുമെന്നാണ് അവർ പറയുന്നത്. ദേശീയ ഗെയിംസിൽ താരങ്ങൾ ഒത്തുകളിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുകയാണ്. സ്പോർട്ട്സിലെ വിവിധ മത്സരയിനങ്ങളിൽ മെഡൽ കൈവരിക്കുന്നവരിൽ അർഹതപ്പെട്ടവർക്ക് സർക്കാർ ജോലികളിൽ നിയമനം നൽകുന്നില്ല. എന്നാൽ അർഹതയില്ലാത്തവർക്ക് പിൻവാതിലിലൂടെ നിയമനം നൽകുന്നു. അവർ കോടതി കയറിയിറങ്ങുകയാണ്. ഈ നിലയിൽ നമുക്കെങ്ങനെ മുന്നോട്ടുപോകാൻ സാധിക്കും? ആരോഗ്യകരമായ തലമുറയെ നമുക്കാവശ്യമാണ്; അതിലേയ്ക്കായി സ്പോർട്ട്സ് മേഖലയിൽ വലിയ തോതിലുള്ള നിക്ഷേപം നടത്തേണ്ടതുണ്ട്. ഇതുപോലെയുള്ള മത്സരങ്ങളും തർക്കങ്ങളും കേരളത്തിന്റെ കായിക മേഖലയെയും കായികതാരങ്ങളെയും സഹായിക്കാനുള്ളതല്ല. ഇക്കാര്യത്തിൽ എം.എൽ.എ.-മാർ എന്ന നിലയിൽ ഒറ്റക്കെട്ടായിനിന്ന് സഹകരിക്കാനും എം.എൽ.എ. ഫണ്ട് നൽകാനും തയ്യാറാണ്. അതിനാവശ്യമായ അനുമതി നൽകിയാൽ മതിയാകും. നമുക്കൊരു ഫിറ്റ്നെസ് കൾച്ചറും കായിക സംസ്കാരവും വളർത്തിയെടുക്കാൻ ഒറ്റക്കെട്ടായി മുന്നോട്ടുപോകണം. അക്കാര്യത്തിൽ സർക്കാർ ഏതുനിലപാട് സ്വീകരിച്ചാലും ഞങ്ങൾ അതിനെല്ലാം കൂടെനിൽക്കും. പക്ഷേ ബില്ലുകൾ അവതരിപ്പിക്കുമ്പോൾ ബില്ലിന്റെ ഉദ്ദേശലക്ഷ്യവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും പ്രസംഗങ്ങളിലും ചർച്ചകളിലുംമാത്രം ഒതുങ്ങി നൽക്കുകയും അത്

പ്രവൃത്തിപഥത്തിൽ വരുമ്പോൾ നമ്മൾ നടപ്പാക്കാതിരിക്കുകയും ചെയ്താൽ കേരളത്തിലെ കായിക മേഖല വളരില്ല; കൂടുതൽ തകർച്ചയിലേക്ക് മാത്രമെ പോകുകയുള്ളൂ. അതുകൊണ്ട് ദേശീയ ഗെയിംസിലുൾപ്പെടെ ഉയർന്ന സ്ഥാനങ്ങളിലേക്ക് കടന്നുവരാനുള്ള അന്തരീക്ഷമാണ് നമുക്കുവേണ്ടത്. അക്കാര്യത്തിൽ നമ്മളെല്ലാവരും കൂടെയുണ്ടാകുമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇന്ന് സഭയിൽ അവതരിപ്പിച്ചത് 2025-ലെ കേരള സ്പോർട്ട്സ് ഭേദഗതി ബില്ലാണ്. നമ്മുടെ സമൂഹത്തിൽ മാറുന്ന ഒരു സ്പോർട്ട്സ് സങ്കൽപ്പമാണുള്ളത്. പുതിയ തലമുറയ്ക്ക് ഇന്നത്തെ സ്പോർട്ട്സിനോടുള്ള കാഴ്ചപ്പാട് വളരെ വ്യത്യസ്തമാണ്. ഞാൻ കഴിഞ്ഞ ദിവസം കളമശ്ശേരിയിൽ ഒരു പരിപാടിയിൽ പങ്കെടുക്കുന്നതിനായി പോയപ്പോൾ അവിടെ ചെറുപ്പക്കാരുടെ ആൾക്കൂട്ടം ഉണ്ടായിരുന്നു. ചെറുപ്പക്കാരായ കുട്ടികൾക്ക് മോട്ടോർ സ്പോർട്ട്സിന് വലിയ താൽപ്പര്യമുള്ളതുകൊണ്ടുതന്നെ മിടുക്കരായ പെൺകുട്ടികളടക്കം അവിടെ ഓഫ്-റോഡിങ് നടത്തുന്നതാണ് കാണാൻ സാധിച്ചത്. സ്പോർട്ട്സ് പ്രോത്സാഹിപ്പിക്കുന്നതിന് നമുക്ക് സിസ്റ്റമാറ്റിക്കായ നയമില്ല. ഒന്നാം സമ്മാനം ലഭിച്ച കുട്ടിയെ ഞാൻ അഭിനന്ദിക്കുകയും അതിനുശേഷം എം.എൽ.എ. ആണെന്ന് അറിഞ്ഞപ്പോൾ എന്നോട് ആ കുട്ടി ആദ്യം പറഞ്ഞത് ഇതുപോലെയുള്ള സ്പോർട്ട്സിന് സർക്കാരിൽനിന്നും ഒരു പിന്തുണയും ലഭിക്കുന്നില്ലെന്നാണ്. മോട്ടോർ സ്പോർട്ട്സും ഓഫ് റോഡിങും നടത്തുന്നതിലൂടെ നമ്മുടെ നാടിന്റെ മാറുന്ന സ്പോർട്ട്സ് നയം മനസ്സിലാക്കാൻ സാധിക്കും. ഇന്നത്തെ കാലത്ത് ചെറുപ്പക്കാർ അവരുടെ ബൈക്കിന്റെ രൂപഭേദം മാറ്റിയാൽ ശിക്ഷിക്കാനും അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കാനും ആർ.ടി.ഒ. ഉണ്ട്. ഇപ്പോഴത്തെ മാറുന്ന

ചെറുപ്പക്കാരുടെ/വിദ്യാർഥികളുടെ കാഴ്ചപ്പാടനുസരിച്ച് സ്പോർട്ട്സ് നയത്തിലെ സമീപനത്തിന് മാറ്റം അനിവാര്യമല്ലേ?

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ശ്രീ. റോജി എം. ജോൺ പറഞ്ഞ കാര്യത്തിൽ ഒരു ഫാക്ച്വൽ മിസ്റ്റേക്കുണ്ട്. കേരള ഒളിമ്പിക് അസോസിയേഷൻ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഒരു സംഘടനയല്ല, അത് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ കീഴിലുള്ള ഒരു സ്വതന്ത്ര സംഘടനയാണ്. കായിക മേഖല ഇന്ന് വലിയ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഫിസിക്കൽ ടെയിനിംഗ് പീരിയഡ് ടൈംടേബിളിൽ ഉൾപ്പെടുത്തിയിട്ടില്ല. അഞ്ചാം ക്ലാസ് മുതൽ എട്ടാം ക്ലാസുവരെ ഒരാഴ്ചയിൽ മൂന്ന് ദിവസത്തെ ഫിസിക്കൽ ടെയിനിംഗ് പീരിയഡും ഒൻപതാം ക്ലാസിൽ രണ്ട് ഫിസിക്കൽ ടെയിനിംഗ് പീരിയഡുമാണുള്ളത്. പത്താം ക്ലാസിലും പ്ലസ് വണ്ണിനും പ്ലസ് ടുവിനും ഓരോ പീരിയഡ് വീതവുമാണുള്ളത്. നിർഭാഗ്യവശാൽ പല സ്കൂളുകളിലും പീരിയഡുകൾ നിർണ്ണയിക്കുമ്പോൾ ഫിസിക്കൽ ടെയിനിംഗ് പിരീയഡുകൾ കട്ടുചെയ്ത് മറ്റ് പീരിയഡുകൾക്ക് കൂടുതൽ പ്രാധാന്യം നൽകിവരുന്നുണ്ട്; അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കർശന നടപടി സ്വീകരിക്കേണ്ടതല്ലേ?

ശ്രീമതി സി. കെ. ആശ: സർ, കളിസ്ഥലങ്ങൾ ഒരുക്കുകയെന്നത് ഗവൺമെന്റ് നയത്തിന്റെ ഭാഗമാണ്. പക്ഷേ കളിസ്ഥലങ്ങൾക്കാവശ്യമായ ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലാണുള്ളത്. എന്റെ മണ്ഡലത്തിൽ വേമ്പനാട്ട് കായലിന്റെ തീരത്ത് ആറ് ഏക്കർ ഭൂമിയുണ്ട്. കളിസ്ഥലത്തിനുവേണ്ടി ഫണ്ട് വകയിരുത്തിയാലും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതിനുവേണ്ടി ഭൂമി വിട്ടുനൽകാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഈ നിയമം ഭേദഗതി ചെയ്യുമ്പോൾ ടി വിഷയവുമായി ബന്ധപ്പെട്ട് പ്രത്യേക പരാമർശം ഉൾപ്പെടുത്താൻ സാധിക്കുമോ; മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കാത്ത ഭൂമിയാണെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എതിർപ്പ് പ്രകടിപ്പിക്കാത്ത തരത്തിൽ ഭൂമി കളിസ്ഥലത്തിനുവേണ്ടി വിട്ടുനൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, കേരളത്തിലെ കായികതാരങ്ങളിൽ അർഹതപ്പെട്ട ഏതെങ്കിലുമൊരാൾക്ക് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തൊഴിൽ നിഷേധിച്ചതായി ബഹുമാനപ്പെട്ട അംഗത്തിന് എഴുതിത്തരാൻ കഴിയുമെങ്കിൽ തീർച്ചയായും അക്കാര്യം പരിഗണിക്കാം. എന്റെ അറിവിൽ കായിക മേഖലയിൽ പ്രവർത്തിക്കുന്ന കായികതാരങ്ങളിൽ ഒരാൾപോലും നമ്മുടെ നോംസ് പ്രകാരം പുറത്തുപോയിട്ടില്ല. കഴിഞ്ഞദിവസത്തെ പ്രസംഗത്തിൽ ശ്രീ. പി. കെ. ബഷീറും കൊണ്ടോട്ടി എം.എൽ.എ.-യും അടക്കമുള്ളവർ ഒരു ഫുട്ബോൾ താരത്തിന്റെ പേര് പറഞ്ഞു. അദ്ദേഹം ഈ കാറ്റഗറിയിൽപ്പെടുന്ന ആളല്ല. അതുകൊണ്ടാണ് അദ്ദേഹത്തിന് ആ ജോലി ലഭിക്കാത്തത്. സ്പോർട്സ് ഹോസ്റ്റലുകളുടെ കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചു. കേരളത്തിൽ ഒരു സ്പോർട്ട്സ് ഹോസ്റ്റൽപോലും പണമില്ലാത്തതിന്റെ പേരിൽ അടച്ചുപൂട്ടിയിട്ടില്ല. കേരളത്തിലെ ചില സ്പോർട്ട്സ് ഹോസ്റ്റലുകൾക്ക് പണം അനുവദിക്കാൻ വൈകിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. നിലവിൽ ആ തുക അനുവദിച്ചുകൊണ്ട് സംസ്ഥാന സ്പോർട്ട്സ്

കൗൺസിലിൽ അതിന്റെ ബിൽ പ്രോസസ്സ് ചെയ്തിട്ടുണ്ട്. അക്കാര്യം ഗൗരവമായെടുക്കും. കഴിഞ്ഞ വാർഷിക പദ്ധതിയിലുണ്ടായ ചില സംവിധാനങ്ങളെക്കുറിച്ച് നിങ്ങൾക്കറിയാമെന്ന് കരുതുന്നു. കായിക ഉച്ചകോടിയിലുണ്ടായ ധാരണപ്രകാരം, ഡെക്കാത്‌ലോൺ പോലുള്ള സ്പോർട്ട്സ് ബിസിനസ്സ് രംഗത്തെ പ്രമുഖ കമ്പനികൾ വിദ്യാലയങ്ങളിൽ സൗജന്യമായി സ്പോർട്ട്സ് കിറ്റുകൾ നൽകുന്നുണ്ട്. എം.എൽ.എ. ഫണ്ടുപയോഗിച്ച് കിറ്റ് നൽകുന്നതിനെക്കുറിച്ചും കളിസ്ഥലങ്ങൾക്ക് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനെക്കുറിച്ചും ശ്രീ. കെ. പി. മോഹനൻ സൂചിപ്പിച്ചു. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിപ്രകാരം ഇപ്പോൾ കായിക വകുപ്പ് നൽകുന്ന അൻപത് ലക്ഷം രൂപ ഉപയോഗിച്ച് ഭൂമി വാങ്ങാൻ കഴിയുമോ എന്ന് ധനകാര്യ വകുപ്പിനോട് ആരാഞ്ഞിട്ടുണ്ട്. അക്കാര്യത്തിൽ അനുമതി ലഭിക്കുന്ന മുറയ്ക്ക്, കളിസ്ഥലങ്ങളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും സ്വന്തമായി സ്ഥലം വാങ്ങുന്നതിനുള്ള തുക കായിക വകുപ്പിൽനിന്ന് അനുവദിക്കാനുള്ള ശ്രമം നടത്തിവരികയാണ്.

ദേശീയ ഗെയിംസിൽ ഇരുപത്തിയൊൻപത് കായിക ഇനങ്ങളിൽ 21 മുതൽ 30 ദിവസത്തെ ക്യാമ്പുകൾ നടത്തുകയും അതിനാവശ്യമായ തുക നൽകുകയും ചെയ്തിട്ടുണ്ട്. കേരള ചരിത്രത്തിലാദ്യമായി കായിക താരങ്ങളും ഒഫീഷ്യലുകളുമടക്കമുള്ള 619 പേർക്ക് വിമാന ടിക്കറ്റെടുത്താണ് ദേശീയ ഗെയിംസിൽ പങ്കെടുക്കാൻ അയച്ചതും തിരികെയെത്തിച്ചതും. ആ കാര്യത്തിലൊന്നും ഒരു കുറവും വരുത്തിയിട്ടില്ല. ചില സംഘടനകൾ പറഞ്ഞ അഭിപ്രായങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അവയെല്ലാം സ്വകാര്യ സംഘടനകളാണെന്ന് മാത്രമല്ല, അവർ സർക്കാരിൽനിന്ന് അനധികൃതമായി ഗ്രാന്റ് കൈപ്പറ്റുന്നുമുണ്ട്. അത്

തിരിച്ചടയ്ക്കണമെന്ന് അവരോട് നിർദേശിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ നടത്തിയ ഏതോ ഒരു കായികമേളയിൽ ധാരാളം പണം പിരിച്ചുവെന്ന ആക്ഷേപം ഉയർന്നുവന്നതിനെത്തുടർന്ന് അക്കാര്യം അന്വേഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കായിക മേഖലയിൽ അഴിമതി ഇല്ലാതാക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്; അതിനാവശ്യമായ കാര്യങ്ങളാണ് വകുപ്പ് ചെയ്തുവരുന്നത്. മുമ്പ് ഇത്തരം കാര്യങ്ങളിൽ ഇടപെടുന്ന ആളുകൾക്ക് ചില ബുദ്ധിമുട്ടുകളുണ്ടായിരുന്നു. കൃത്യമായ പരിശോധനകൾ നടത്തുന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുന്നത്. കാര്യങ്ങൾ തുറന്നുപറയാൻ എനിക്ക് ഒരു മടിയുമില്ല; പുട്ടടിക്കുന്നുവെന്ന് കണ്ടാൽ പുട്ടടിക്കുന്നുവെന്ന് തന്നെ ഞാൻ പറയും. അതിൽനിന്ന് ഒരിഞ്ചുപോലും പിന്നോട്ട് പോകാൻ ആഗ്രഹിക്കുന്നില്ല.

എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കളരിപ്പയറ്റ് അടക്കമുള്ള അഞ്ച് ഇനങ്ങൾ പരിശീലിപ്പിക്കാനുള്ള കോംപാക്ട് സ്പോർട്ട്സ് സംവിധാനം ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം കഴിഞ്ഞ വർഷം നടപ്പാക്കാൻ സാധിച്ചില്ല. കളരിയും കരാട്ടെയുമടക്കമുള്ള അഞ്ച് ഇനങ്ങൾ പരിശീലിപ്പിക്കുന്ന പതിനാല് കേന്ദ്രങ്ങൾ ഈ വർഷം ആരംഭിക്കുന്നതാണ്.

ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ശ്രീ. റോജി എം. ജോൺ പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കായികക്ഷമതാ മിഷൻ അടക്കമുള്ള സംവിധാനങ്ങൾ നടപ്പാക്കിക്കഴിഞ്ഞു. സ്പോർട്ട്സ് കൗൺസിലിന് 2025-26 ബജറ്റിൽ 39 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ കായികക്ഷമതാ മിഷന് തുക നീക്കിവച്ചിട്ടുണ്ട്. നിലവിൽ ഏകദേശം 820 പഞ്ചായത്തുകളിൽ പഞ്ചായത്ത്തല സ്പോർട്ട്സ് കൗൺസിൽ

രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്ക് പ്രത്യേക കായിക ഇനങ്ങളുടെ ചുമതല നൽകുകയും അത് ജില്ലാതലങ്ങളിൽ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് സ്പോർട്ട്സ് കൗൺസിൽ മുഖാന്തരം ഓരോ പഞ്ചായത്തിലും അതത് പഞ്ചായത്തിന് അനിവാര്യമായ സ്പോർട്ട്സ് ഇനങ്ങൾ പരിശീലിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ, ചില കാര്യങ്ങളിൽ കാലതാമസം നേരിട്ടിട്ടുണ്ട്; അത് അഗീകരിക്കുന്നതിൽ ഒരു തെറ്റുമില്ല. ദേശീയ ഗെയിംസിൽ സംഭവിച്ചതിനെക്കുറിച്ച് ശ്രീ. കെ. പി. മോഹനൻ സൂചിപ്പിച്ചു. ഈ നാട്ടിൽ ജനിച്ച്, ഇവിടെനിന്ന് കായിക പ്രവർത്തനം ആരംഭിച്ച ഓൾ ഇന്ത്യാ ഒളിമ്പിക് കമ്മിറ്റിയുടെ അധ്യക്ഷതന്നെ ആ ഇനത്തെ പുറത്താക്കാൻ ശ്രമിക്കുകയുണ്ടായി. ഇതുസംബന്ധിച്ച പരാതി കേന്ദ്ര കായിക വകുപ്പ് മന്ത്രാലയത്തിന് നൽകിയപ്പോൾ, ഇത് പൂർണ്ണമായും ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റിന്റെ അറിവോടുകൂടിയാണ് ചെയ്തത് എന്ന മറുപടിയാണ് ലഭിച്ചത്. ഡൽഹി ഹൈക്കോടതിയിൽ ഇത് ചോദ്യം ചെയ്ത് കളരി താരങ്ങൾ ഹർജി നൽകി. കളരിയെ മത്സരയിനത്തിൽ ഉൾപ്പെടുത്തണമെന്ന് ഡൽഹി ഹൈക്കോടതി ആവശ്യപ്പെട്ടെങ്കിലും കേരള ഒളിമ്പിക് അസോസിയേഷനും ദേശീയ ഒളിമ്പിക് അസോസിയേഷനും ആ നിർദേശം സ്വീകരിക്കാതെ തള്ളിക്കളയുകയാണ് ചെയ്തത്. അതുകൊണ്ടാണ് പത്തൊൻപതാമത്തെ സ്വർണ്ണ മെഡൽ നമുക്ക് നഷ്ടമായത്. നമ്മൾ പങ്കെടുത്ത 18 ഇനങ്ങളിലും മെഡൽ നേടിയിട്ടുണ്ട് എന്ന കാര്യം ശ്രദ്ധേയമാണ്.

വോളിബോളിന് അഖിലേന്ത്യാ തലത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. വോളിബോൾ

അസോസിയേഷന്റെ ടെക്നിക്കൽ കമ്മിറ്റിയാണ് അവിടെ പ്രവർത്തിക്കുന്നത്. ഇതിനെ മറികടക്കാൻ ഹൈക്കോടതിയെ സമീപിക്കുകയും ഡൽഹിയിൽനിന്ന് ഒളിമ്പിക് അസോസിയേഷന്റെ അഡ്വക്കേറ്റിനെവച്ച് വാദിച്ച് അവർ വിജയം നേടുകയും ചെയ്തു. ആ ഇനത്തിൽ നമുക്ക് ഒരു സ്വർണ്ണം നഷ്ടമായി. കേരള സർക്കാർ നൽകിയ ടീമിൽ ഒളിമ്പിക് അസോസിയേഷൻ മാറ്റം വരുത്തുകയും ആ ടീമിലെ മൂന്ന് അംഗങ്ങളെ ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിൽ വനിതാ വോളിബോളിൽ നമുക്ക് സ്വർണ്ണം നഷ്ടപ്പെടുകയും ചെയ്തു. അടിസ്ഥാനപരമായി, അഴിമതി നിർമ്മാർജനമെന്ന ലക്ഷ്യത്തോടുകൂടി മുന്നോട്ടുപോകുമ്പോൾ തുടക്കത്തിൽ ചില പ്രശ്നങ്ങളൊക്കെ ഉണ്ടാകുമെങ്കിലും പൂർണ്ണമായും അഴിമതിരഹിതമായ, സ്വജനപക്ഷപാതമില്ലാത്ത ഒരു സ്പോർട്ട്സ് മേഖലയാണ് കേരളത്തിൽ നാം ആഗ്രഹിക്കുന്നത്. ഏതെങ്കിലും അസോസിയേഷന്റെ ഭാരവാഹികളാണെന്നോ മറ്റോ ഉള്ള താൽപര്യം മന്ത്രിക്കില്ലെന്ന് അറിയിക്കുന്നു. ഏറ്റവും നല്ല രീതിയിൽ കാര്യങ്ങൾ നടക്കണമെന്ന് മാത്രമാണ് കേരള ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനാവശ്യമായ ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ: സർ, ...

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... ഇങ്ങനെ സമയം നഷ്ടപ്പെടുത്താൻ കഴിയില്ല. വേറെ മൂന്ന് ബില്ലുകൾകൂടി ഇനി പരിഗണിക്കാനുണ്ട്. നേരത്തെ സംസാരിച്ച സമയത്ത് എല്ലാ കാര്യങ്ങളും പറയേണ്ടതായിരുന്നില്ലേ?

ശ്രീ. കെ. പി. മോഹനൻ: സർ, വിരമിക്കുന്ന കായികാധ്യാപകരുടെ സ്ഥാനത്ത് പുതിയ കായികാധ്യാപകരെ പകരം നിയമിക്കുന്നില്ല. കൂടുതൽ കുട്ടികൾ വേണമെന്നതാണ്

ഇതിന് കാരണമായി പറയുന്നത്. ഇത്തരത്തിൽ പുതിയ കായികാധ്യാപകരെ നിയമിക്കുന്നതിനാവശ്യമായ നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, അങ്ങേയ്ക്ക് അറിവുള്ള കാര്യത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന സർക്കാരിന്റെ നയം ഇംപ്ലിമെന്റ് ചെയ്യുന്നതിൽ ചില പ്രശ്നങ്ങളുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ രണ്ട് ബജറ്റ് വർക്കുകളും സ്റ്റേഡിയവുമായി ബന്ധപ്പെട്ടതായിരുന്നു. ഈ പദ്ധതിക്കുവേണ്ടി മറ്റ് വകുപ്പുകളുടെ കൈവശ ഭൂമിയും അവിടെയുണ്ട്. സർക്കാരിന്റെ നയമെന്ന രീതിയിൽ, സർക്കാർതന്നെ ഇടപെട്ട്, മറ്റ് വകുപ്പുകളുടെ കൈവശമുള്ള ഭൂമി സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനായി മാറ്റുന്നതിനാവശ്യമായ ഇടപെടൽ നടത്തിയാൽ നന്നായിരിക്കും. ഇക്കാര്യത്തിൽ എം.എൽ.എ.-മാർ സംസാരിക്കുന്നതിലെ പരിമിതി സംബന്ധിച്ച് അങ്ങേയ്ക്ക് നല്ല ബോധ്യമുള്ളതാണല്ലോ.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ധാരാളം കായിക പ്രതിഭകളെ സംഭാവന ചെയ്ത നിരവധി എയ്ഡഡ് സ്കൂളുകളുണ്ട്. അവിടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചാൽ കൂടുതൽ പ്രതിഭകളെ വളർത്തിയെടുക്കാൻ സാധിക്കും. നേരത്തെ എയ്ഡഡ് സ്കൂളുകളിൽ സർക്കാർ സഹായത്തോടെ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുണ്ടായിരുന്നു. ആ മാതൃകയിൽ ഇന്നത്തെ പ്രത്യേക പരിതസ്ഥിതിയിൽ, അടിസ്ഥാനസൗകര്യ വികസന രംഗത്ത് കായിക പ്രതിഭകൾക്ക് പ്രാധാന്യമുള്ള എയ്ഡഡ് സ്കൂളുകളെയെങ്കിലും പരിഗണിക്കുന്നത് സംബന്ധിച്ച് ഉചിതമായ ഇടപെടൽ നടത്താൻ സാധിക്കുമോ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഒരു കാലത്ത് കേരള ഫുട്ബോൾ ടീമിൽ എന്റെ

നിയോജകമണ്ഡലമായ കുണ്ടറയിലെ ALIND (Aluminium Industries Limited)-ലെ എട്ടോളം കളിക്കാർ ഉണ്ടായിരുന്നു. അവിടെ ഏക്കർകണക്കിന് ഭൂമി വെറുതെ കിടക്കുകയാണ്. ഗവൺമെന്റ് ഒരു തീരുമാനമെടുത്താൽ ALIND-ന്റെ ഭൂമിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയം നിർമ്മിക്കാൻ കഴിയും. ഇത്തരത്തിലുള്ള സ്ഥലങ്ങൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി, ALIND-ന്റെ ഫുട്ബോൾ പാരമ്പര്യംകൂടി പരിഗണിച്ച് സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. അൻവർ സാദത്ത്: സർ, എന്റെ മണ്ഡലമായ ആലുവയിലെ നെടുമ്പാശ്ശേരിയിൽ ഒരു ക്രിക്കറ്റ് സ്റ്റേഡിയം ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെ പ്രഖ്യാപിച്ചിരുന്നു. അതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണ്; ഉടൻതന്നെ അതിന്റെ പ്രവൃത്തി ആരംഭിക്കുമോ?

ശ്രീ. എം. വിൻസെന്റ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ കാഞ്ഞിരംകുളം പ്രദേശം നാടൻ കളരിപ്പയറ്റിന്റെ കേന്ദ്രമാണ്. നാടൻ കളരിപ്പയറ്റ് പ്രോത്സാഹിപ്പിക്കുന്നതിനായി ആ പ്രദേശത്ത് ഇതിന്റെ ഒരു കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കണം. അതോടൊപ്പം തീരപ്രദേശങ്ങളിൽ ഗ്രൗണ്ടുകൾ നിർമ്മിക്കാൻ എം.എൽ.എ. ഫണ്ട് ഉൾപ്പെടെ അനുവദിക്കുമ്പോൾ CRZ-ന്റെ പ്രശ്നംമൂലം അവിടെ നിർമ്മിതികളൊന്നും നടപ്പാക്കാൻ സാധിക്കുന്നില്ല. ചെളിയിട്ട് ഉറപ്പിച്ചെടുത്താണ് ഗ്രൗണ്ട് തയ്യാറാക്കുന്നത്. അതിന് പലപ്പോഴും അനുമതി ലഭിക്കാത്ത സാഹചര്യമുണ്ട്. ഏറ്റവും കൂടുതൽ ഫുട്ബോൾ താരങ്ങൾ തീരദേശങ്ങളിൽനിന്നാണ് വരുന്നത് എന്നുള്ളതുകൊണ്ട് ഈ ഒരു തടസ്സം നീക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ആദ്യം മനസ്സിലാക്കേണ്ടത്, ചെയറിന്റെ

അനുമതിയോടെ മാത്രമെ സഭയിൽ സംസാരിക്കാൻ സാധിക്കുകയുള്ളൂ. സഭയിൽ ചോദ്യം ഉന്നയിക്കണമെങ്കിൽ ചെയറിന്റെ അനുവാദം വേണം. ബഹുമാനപ്പെട്ട മന്ത്രിയുടെ അനുമതിയോടെ മന്ത്രിയുടെ ഓഫീസിൽവച്ചാണ് സംസാരിക്കേണ്ടത്.

ശ്രീ. എം. വിജിൻ: സർ, നിലവിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുകൊണ്ട് ലൈബ്രറി കൗൺസിൽ അഫിലിയേറ്റ് ചെയ്ത വായനശാലകൾക്ക് കെട്ടിടം ഏറ്റെടുത്തുകൊടുക്കുന്നുണ്ട്. എന്റെ പ്രദേശത്തുള്ള വായനശാലകൾ, ക്ലബുകൾ എന്നിവയുടെ പക്കൽ ധാരാളം സ്ഥലമുണ്ടെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് കാരണം അവ നവീകരിച്ച് ഗ്രൗണ്ടുകളാക്കി മാറ്റാൻ സാധിക്കുന്നില്ല. ഇപ്പോൾ കെട്ടിടം ഏറ്റെടുത്തുകൊടുക്കാൻ കഴിയുമെങ്കിലും ഗ്രൗണ്ട് ഏറ്റെടുത്തുകൊടുക്കാൻ സാധിക്കില്ല. അതുകൊണ്ട് നിയമത്തിൽ ചെറിയ ഭേദഗതി വരുത്തി പ്രത്യേക അനുമതി നൽകിയാൽ ക്ലബ്ബുകളുടെയും വായനശാലകളുടെയും അത്തരം സ്ഥലങ്ങൾ എം.എൽ.എ. ഫണ്ടുപയോഗിച്ച് നവീകരിച്ച ഗ്രൗണ്ടുകളാക്കി മാറ്റാനുള്ള സാഹചര്യമുണ്ടാകും. അക്കാര്യം പരിഗണിക്കണം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ നിയോജകമണ്ഡലത്തിൽ ഏഴ് ഗ്രാമപഞ്ചായത്തുകളാണുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്പോർട്ട്സ് വകുപ്പിന്റെ നേതൃത്വത്തിൽ 9 കളിസ്ഥലങ്ങളുടെ നിർമ്മാണത്തിൽ ആറെണ്ണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. അതിൽ നാല് കളിസ്ഥലവും എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് ഗ്രൗണ്ട് വിട്ടുനൽകിയതുകൊണ്ടാണ് നിർമിക്കാൻ സാധിച്ചത്. അതിന് നേതൃത്വം കൊടുത്തത് സ്പോർട്ട്സ് വകുപ്പാണ്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. കെ. ആൻസലൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പൊഴിയൂരിൽ പരുത്തിയൂർ എന്ന സ്ഥലം സന്തോഷ് ട്രോഫി ഫുട്ബോൾ ടീമിലെ ക്യാപ്റ്റൻസി അടക്കം വഹിച്ചിട്ടുള്ള ഒട്ടനവധി കളിക്കാർ തിരഞ്ഞെടുക്കുന്ന പ്രധാനപ്പെട്ട കേന്ദ്രമാണ്. അവിടെ സ്പോർട്ട്സ് വകുപ്പ് 1.62 കോടി രൂപ ചെലവഴിച്ച് പരുത്തിയൂർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 24-ാം തീയതി ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. എന്നാൽ പ്രസ്തുത പ്രദേശം CRZ-ന്റെ പരിധിയിൽ ഉൾപ്പെടുന്നുവെന്ന കാരണത്താൽ പഞ്ചായത്ത് അവിടെ വൈദ്യുതി കണക്ഷൻ നൽകുന്നില്ല. CRZ ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ അവർക്ക് ഇക്കാര്യത്തിൽ തർക്കമൊന്നുമില്ലെന്നാണ് പറഞ്ഞത്. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് അവിടെ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള ഇടപെടൽ നടത്താൻ നടപടി സ്വീകരിക്കണം.

ശ്രീമതി ശാന്തകുമാരി കെ.: സർ, എന്റെ നിയോജകമണ്ഡലത്തിൽ പ്രധാനമായും ഇറിഗേഷന്റെ ഭൂമിയാണുള്ളത്. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിപ്രകാരം തച്ചമ്പാറ പഞ്ചായത്തിൽ കളിക്കളം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിവേദനം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി 50 ലക്ഷം രൂപ അനുവദിച്ചു; അതിലേയ്ക്കായി എം.എൽ.എ. ഫണ്ടും കൊടുക്കാൻ തയ്യാറാണ്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലുണ്ടായാൽ എല്ലാ പഞ്ചായത്തിലും കളിക്കളമുണ്ടാകും. അക്കാര്യം പരിഗണിക്കുമോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, തൃശ്ശൂർ ജില്ലയിൽ രണ്ടുമൂന്ന് ഹൈസ്കൂൾ-ഹയർ സെക്കൻഡറി സ്കൂളുകളെ ക്ലബ് ചെയ്ത് ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകനെ

നിയമിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഈ ബില്ലിലൂടെ കഴിയുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഏറ്റവും പ്രധാനമായി വന്ന ആവശ്യം കളിക്കളങ്ങൾക്ക് സ്ഥലം കണ്ടെത്തുക എന്നതാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുമായി കഴിഞ്ഞ ദിവസം നടത്തിയ ചർച്ചയിൽ ഇറിഗേഷൻ വകുപ്പിന്റെ ഭൂമിയുണ്ടെങ്കിൽ അവിടെ കളിക്കളങ്ങൾ നിർമ്മിക്കാൻ പ്രത്യേക അനുമതി നൽകാൻ തയ്യാറാണെന്ന് അദ്ദേഹം അറിയിച്ചിട്ടുണ്ട്. CRZ-ന്റെ പരിധിയിൽവരുന്ന കാര്യങ്ങളെക്കുറിച്ച് ശ്രീ. എം. വിൻസെന്റും ശ്രീ. കെ. ആൻസലനും സൂചിപ്പിച്ചു. അവിടെ കളിക്കളങ്ങൾ നിർമ്മിക്കുന്നതിന് ഇപ്പോൾ ബുദ്ധിമുട്ടുകളൊന്നുമില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് കായിക അധ്യാപകരെ നിയമിക്കാൻവേണ്ടി 20 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. നിലവിൽ കേരളത്തിൽ നമ്മൾ നിർമ്മിച്ച ഗ്രൗണ്ടുകളിൽ 72 എണ്ണവും സ്കൂളുകളിലാണുള്ളത്. സ്കൂൾ പ്രവൃത്തി ദിവസങ്ങളല്ലാത്ത സമയത്ത് അത് പൊതുജനങ്ങൾക്കുകൂടി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത്. കേരളത്തിലെ കായിക രംഗത്ത് ഏറ്റവും മികവ് പ്രകടിപ്പിച്ച പറളി ഹയർസെക്കൻഡറി സ്കൂളിൽ ഏഴ് കോടി രൂപ ചെലവഴിച്ചാണ് പ്രധാനപ്പെട്ട ഒരു സ്റ്റേഡിയം നിർമ്മിച്ചത്. ഇനിയും കളിക്കളങ്ങൾ നിർമ്മിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും സഹായങ്ങൾ നൽകാൻ തയ്യാറാണ്. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതി പ്രകാരം ഇപ്പോൾ നൽകുന്ന തുകയിൽ 50 ലക്ഷം രൂപ സ്ഥലം വാങ്ങാൻ ഉപയോഗിക്കുന്ന തരത്തിൽ നിയമത്തിൽ മാറ്റം വരുത്തുന്നതിന് കായിക വകുപ്പ് ധനകാര്യ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭാഗത്തുനിന്നും ധാരാളം നിർദേശങ്ങൾ ഉണ്ടായിട്ടുണ്ട്. കായിക മേഖലയുമായി ബന്ധപ്പെട്ട്

കാലഘട്ടത്തിന്റെ ആവശ്യമെന്താണെന്ന് ഈ ചർച്ചയിലൂടെ ബോധ്യമായി. എന്തുകൊണ്ടും ഈ മേഖലയെ ഏറ്റവും സമ്പന്നമാക്കാനുള്ള ശ്രമങ്ങളാണ് സർക്കാർ ചെയ്യുന്നത്. കമ്മ്യൂണിറ്റി സ്പോർട്ട്സുമായി ബന്ധപ്പെട്ട്, തൃശ്ശൂർ നിയോജകമണ്ഡലത്തിൽ ഇപ്പോൾ ഒരു കായിക പരിപാടി നടപ്പാക്കുന്നുണ്ട്. അതിന്റെ ഭാഗമായി രാവിലെയും വൈകിട്ടും അവിടത്തെ കളിക്കളങ്ങളിൽ ഏകദേശം 250-300 ആളുകൾ കായിക പരിശീലനം നടത്തുന്ന ഒരു സംവിധാനമുണ്ട്. അതിനെ കമ്മ്യൂണിറ്റി സ്പോർട്ട്സായി ഏറ്റെടുത്തുകൊണ്ട് എല്ലാ മണ്ഡലങ്ങളിലും അത്തരത്തിലുള്ള പരിശ്രമങ്ങൾ നടത്തണമെന്ന നിർദേശം മുന്നോട്ടുവച്ചിരിക്കുകയാണ്. കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ ഇ-സ്പോർട്ട്സ് അടക്കമുള്ള സംവിധാനങ്ങൾ അവതരിപ്പിക്കുന്ന 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പി. മോഹനൻ, 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ, 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

(iii) 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ ബിൽ)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ ബിൽ) ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഡോ. ആർ. ബിന്ദു: സർ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ ബിൽ) വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക്

അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2025 മാർച്ച് മാസം 3-ാം തീയതി നിയമസഭയിൽ അവതരിപ്പിച്ച 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ ബിൽ)-ൽ ഉൾപ്പെട്ട ഭേദഗതികൾ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവകലാശാല ആക്ടിലും തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാല ആക്ടിലും എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവകലാശാലാ ആക്ടിലും ഉൾപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഏറ്റവും വേഗത്തിൽ വളരെ ലളിതമായ രീതിയിൽ അക്കാദമിക് സമൂഹത്തിന് ആവശ്യമായ സേവനങ്ങൾ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തിനായി ഈസ് ഓഫ് ഡൂയിങ് എഡ്യൂക്കേഷൻ എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് കേരളത്തിലെ സർവകലാശാലകളിൽ നിലവിലുള്ള നിയമങ്ങളിൽ കാലാനുസൃതമായ പരിഷ്കരണങ്ങൾ കൊണ്ടുവരുന്നത്. ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്കരണങ്ങളുടെ ഗതിവേഗം വർധിപ്പിക്കുക, പൊതുസർവകലാശാലകളുടെ ശാക്തീകരണം ഉറപ്പാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളും ഇതിന് പിന്നിലുണ്ട്. കാലഹരണപ്പെട്ട പല നിയമങ്ങളും ഇപ്പോഴത്തെ സർവകലാശാലാ നിയമത്തിന്റെ ഭാഗമായി ഉൾപ്പെട്ടിട്ടുണ്ട്. നിലവിലുള്ള നിയമങ്ങളിൽ കാലാനുസൃതമായ പരിഷ്കരണങ്ങൾ ഏർപ്പെടുത്തുന്ന ഈ ഘട്ടത്തിൽ ഇത്തരത്തിലുള്ള കാലഹരണപ്പെട്ട നിയമങ്ങൾ പുതിയ കാലത്തെ വിദ്യാഭ്യാസ സമീപനങ്ങൾക്ക് വലിയ രീതിയിലുള്ള തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഗവേഷണ

മേഖലകളിലെല്ലാം വലിയ രീതിയിലുള്ള മാറ്റങ്ങളാണ് നിലവിലുള്ളത്. എന്നാൽ ഇത് സംബന്ധിച്ചുള്ള നിയമങ്ങളെല്ലാം വളരെ പഴഞ്ചനായാണ് കാണപ്പെടുന്നത്. പുതിയ കാലത്തെ ഗവേഷണം, നൂതന ആശയങ്ങൾ, സഹകരണം എന്നീ മേഖലകളിലൊക്കെ സർവകലാശാലാതലത്തിലുള്ള പ്രാധാന്യം കണക്കിലെടുത്തുകൊണ്ടാണ് ഇത്തരത്തിലുള്ള മാറ്റങ്ങൾ നിർദ്ദേശിക്കുന്നത്. കേരളത്തെ ഒരു വിജ്ഞാന സമൂഹമാക്കി പരിവർത്തനം ചെയ്യുക എന്നുള്ളതാണ് ലക്ഷ്യം. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിപോലെ ശാസ്ത്ര സാങ്കേതികവിദ്യാ മേഖലയിൽ പ്രവർത്തിക്കുന്ന സർവകലാശാലകൾക്ക് പുതിയ കാലത്തിനനുസൃതമായ ശാസ്ത്ര ഗവേഷണ പദ്ധതികളുമായി മുന്നോട്ടുപോകുന്നതിന് തടസ്സമായിനിൽക്കുന്ന നിയമങ്ങൾ മാറ്റി എഴുതേണ്ടതുണ്ട്. അതുപോലെ ഈ ബില്ലിന്റെ ഭാഗമായി നേരത്തെ നിയമത്തിലില്ലാതിരുന്ന ചില കാര്യങ്ങളിൽ വ്യക്തത വരുത്തിയിട്ടുമുണ്ട്. ചാൻസലറുടെ അഭാവത്തിൽ പ്രോ ചാൻസലർ അദ്ദേഹത്തിന്റെ ചുമതലകൾ വഹിക്കുന്നത് സംബന്ധിച്ച് ചില വ്യക്തതകൾ വരുത്തുകയാണ് ചെയ്തിട്ടുള്ളത്. സർക്കാരിന്റെ നയങ്ങൾ സർവകലാശാലയെ അറിയിക്കുക എന്ന ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി നിർവഹിക്കേണ്ട ചുമതലയെക്കുറിച്ചും അതിൽ പറഞ്ഞിട്ടുണ്ട്. വൈസ് ചാൻസലറുടെ emergency power അക്കൗണ്ടബിൾ ആക്കുന്നതിനുവേണ്ടി, ഏത് സമിതിയുടെ അധികാരമാണോ മുൻകൂറായി ഉപയോഗിക്കുന്നത് അതത് സമിതികളെ രേഖാമൂലം അറിയിക്കണം എന്ന നിലയിലുള്ള പരിഷ്കാരമാണ് വരുത്തിയിട്ടുള്ളത്.

സെനറ്റ് അംഗീകരിച്ചാൽ മാത്രമെ കേരള, കാലിക്കറ്റ് സർവകലാശാലകളിലെ വിദ്യാർഥികൾക്ക് ഒറിജിനൽ ബിരുദ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളുവെന്ന

സാഹചര്യമുണ്ടായിരുന്നു. അതുകൊണ്ടാണ് അത് നൽകുന്നതിന്റെ ചുമതല സിൻഡിക്കേറ്റിലേക്ക് മാറ്റുന്നതിനായി കഴിഞ്ഞ ബില്ലിൽ നിർദേശിച്ചത്. സിൻഡിക്കേറ്റുകളുടെ ഘടനയിൽ ചില പരിഷ്കാരങ്ങൾ നിർദേശിച്ചിട്ടുണ്ട്. പ്രാതിനിധ്യ സ്വഭാവത്തിൽ മാറ്റം വരുത്താതെതന്നെ നിലവിലുള്ള അംഗങ്ങളുടെ എണ്ണം കുറയ്ക്കാനാണ് ബില്ലിൽ നിർദേശിക്കുന്നത്. കുസാറ്റ്, മലയാളം സർവകലാശാലകളിലെ അധ്യാപകരുടെയും വിദ്യാർഥികളുടെയും തിരഞ്ഞെടുപ്പ് രീതി സെനറ്റിൽനിന്നുള്ള തിരഞ്ഞെടുപ്പ് എന്ന രീതിയിലേക്ക് മാറ്റിയിട്ടുണ്ട്. ഗവേഷണ മേഖലയെ കൂടുതൽ സജീവമാക്കുന്നതിന് സഹായകരമായ വിധത്തിൽ ഒരു ഗവേഷണ കൗൺസിൽ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നിർദേശവും മുന്നോട്ടുവച്ചിട്ടുണ്ട്. സംസ്ഥാനത്ത് നാലുവർഷ ബിരുദം നടപ്പാക്കിയതിന്റെ പശ്ചാത്തലത്തിൽ വിദ്യാർഥികൾക്ക് അന്തർ കോളേജ് മാറ്റങ്ങൾ സാധ്യമാകുന്ന വിധത്തിലും അംഗീകൃത ഓൺലൈൻ സംവിധാനങ്ങളിൽനിന്ന് കോഴ്സുകൾ തിരഞ്ഞെടുക്കുമ്പോൾ ക്രെഡിറ്റ് ആർജിക്കാനുമൊക്കെ കഴിയുന്ന വിധത്തിലുള്ള മാറ്റങ്ങളും നിയമപരമായി കൊണ്ടുവരേണ്ടതുണ്ട്. ഇക്കാര്യങ്ങളൊക്കെ വേഗത്തിലും ലളിതമായും നടപ്പാക്കുന്നതിനാവശ്യമായ നിയമങ്ങൾ രൂപീകരിക്കാനാണ് ശ്രമിക്കുന്നത്. ഇതുമായി ബന്ധപ്പെട്ടുള്ള അധികാരം അക്കാദമിക് കൗൺസിലിന് നൽകിയിരിക്കുകയാണ്. വിദ്യാർഥികളുടെ അവകാശങ്ങൾ സംബന്ധിച്ച സുപ്രധാനമായ ഒരു വകുപ്പുകൂടി ഈ ആക്ടിൽ ചേർത്തിട്ടുണ്ട്. വിദ്യാർഥികളുടെ ജനാധിപത്യപരമായ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതോടൊപ്പം അവർക്ക് ലഭിക്കേണ്ട അക്കാദമിക സേവനങ്ങൾ അവരുടെ അവകാശമാക്കി മാറ്റുകയും സമയബന്ധിതമായി അത് ലഭിക്കുന്നതിനുള്ള അവരുടെ

അവകാശത്തെ നിയമപരമായിത്തന്നെ പ്രഖ്യാപിക്കുകയും ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം അധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച മറ്റൊരു വകുപ്പുകൂടി ബില്ലിൽ നിർദേശിച്ചിട്ടുണ്ട്. പുതിയ കാലത്തെ ക്യാമ്പസിനാവശ്യമായ നൂതന സംവിധാനങ്ങൾ ഈ ബില്ലിലൂടെ കൊണ്ടുവരുന്നുണ്ട്. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, കോളേജ് കൗൺസിൽ, ERP (Educational Resource Planning), കമ്പനീസ് ആക്ടിന്റെ സെക്ഷൻ 8 പ്രകാരം കമ്പനികളായി സ്ഥാപിക്കപ്പെടാവുന്ന റിസർച്ച് പാർക്ക്, കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ എന്നിവയെല്ലാം നിയമത്തിന്റെ ഭാഗമാക്കി വ്യവസ്ഥാപിത സംവിധാനങ്ങളായി കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, ഈ സർവകലാശാലകളുടെ സാമ്പത്തിക ട്രാൻസാക്ഷനുവേണ്ടി എസ്.ബി.ഐ. ബാങ്കിനെയാണ് പ്രധാനമായും ഉപയോഗപ്പെടുത്തിയിട്ടുള്ളത്. എസ്.ബി.ഐ.-യോടൊപ്പം കേരളാ ബാങ്ക്, മറ്റ് ദേശസാൽകൃത ബാങ്കുകൾ എന്നിവയെയും സർവകലാശാലകളുടെ പണം നിക്ഷേപിക്കുന്നതിനും ട്രാൻസാക്ഷൻ നടത്തുന്നതിനും അനുവദിക്കുന്ന വ്യവസ്ഥയും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതിയ കാലത്തിനും പുതിയ ലോകത്തിനും അനുസൃതമായ നിലയിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖല മുന്നോട്ടുകുതിക്കുമ്പോൾ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും വലിയ രീതിയിലുള്ള പരിമിതികളാണ് അടിച്ചേൽപ്പിക്കുന്നത് എന്നതുകൊണ്ട് അതിനെ മറികടക്കാൻ കഴിയുന്ന വിധത്തിലുള്ള പരിഷ്കരണങ്ങൾ, ഇതുമായി ബന്ധപ്പെട്ട് അനിവാര്യമാണെന്നുള്ളതുകൊണ്ടാണ് ഈ ബിൽ ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീമതി ദെലീമ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. എം. സച്ചിൻദേവ്: സർ, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-05-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാന്യയായ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ വലിയ മാറ്റത്തെയും ശരിയായ രീതിയിലുള്ള മുന്നോട്ടുപോക്കിനെയും ലക്ഷ്യം വച്ചുകൊണ്ടാണ് ഇത്തരത്തിൽ ഒരു ഭേദഗതി ബിൽ അവതരിപ്പിച്ചിരിക്കുന്നത്. സർവകലാശാലയുടെ വൈസ്-ചാൻസലർ തലപ്പത്തെ നിയമനത്തെ സംബന്ധിച്ചുൾപ്പെടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി വിശാലമായ കാഴ്ചപ്പാടാണ് മുന്നോട്ടുവച്ചിട്ടുള്ളത്. രാഷ്ട്രീയ നിയമനം എന്നതിനപ്പുറത്തേക്ക് ഓരോ മേഖലയിലും വൈദഗ്ധ്യമുള്ള പ്രഗല്ഭരായ വ്യക്തിത്വങ്ങളെ വൈസ്-ചാൻസലർപോലുള്ള ഉന്നത പദവിയിൽ നിയോഗിച്ചുകൊണ്ട് സർവകലാശാലകളുടെ ജനാധിപത്യ സ്വഭാവവും നിഷ്പക്ഷതയും അക്കാദമിക് എഫിഷ്യൻസിയുമെല്ലാം നിലനിർത്താൻ കഴിയുന്ന വിധത്തിലുള്ള സമൂലമായ മാറ്റത്തിന്റെ തുടക്കമാണ് ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. കേരളം ഇപ്പോൾ വിജ്ഞാന സമൂഹത്തിലേക്കുള്ള പരിവർത്തന ഘട്ടത്തിലാണ്. ഇന്ത്യയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറ്റവും കൂടുതലുള്ള നാടാണ് കേരളം. ഒരു നീണ്ട കാലത്തെ നിരന്തരമായ സമരങ്ങളുടെയും പ്രക്ഷോഭങ്ങളുടെയുമെല്ലാം ഫലമായാണ് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മണ്ഡലത്തിൽ സർക്കാർ വലിയരീതിയിലുള്ള മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുള്ളത്. പൊതുവിദ്യാഭ്യാസ മണ്ഡലത്തിൽ വരുത്തിയ മാറ്റങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് ലോകത്തുതന്നെ ഏറ്റവും മികവാർന്ന വിദ്യാഭ്യാസം പ്രദാനം ചെയ്യാൻ

കഴിയുന്ന വിധത്തിൽ ഉന്നത വിദ്യാഭ്യാസ രീതിയെ രൂപപ്പെടുത്താൻ സാധിക്കേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്റെ അനന്തമായ സാധ്യതകളെ എല്ലാ വിഭാഗം വിദ്യാർഥികൾക്കും അനുഭവിക്കാൻ കഴിയുന്ന വിധത്തിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല മാറുന്നുവെന്നതാണ് ഈ കാലയളവിൽ കാണാൻ സാധിക്കുന്ന ഏറ്റവും പ്രധാന പ്രത്യേകത. പുതിയ കാലത്തിന് അനുയോജ്യമായ വിധത്തിൽ വിവിധവും വൈവിധ്യവുമാർന്ന വ്യത്യസ്തങ്ങളായ നിരവധി പുതിയ കോഴ്സുകൾ അനുവദിക്കാൻ ഈ ഗവൺമെന്റിന് സാധിക്കുന്നുണ്ട്. സീറ്റുകൾ വർധിപ്പിച്ച് കൂടുതൽ വിദ്യാർഥികൾക്ക് യു.ജി., പി.ജി. കോഴ്സുകൾക്കുൾപ്പെടെ സർവകലാശാലകൾക്ക് കീഴിൽ പഠിക്കാൻ കഴിയാവുന്ന പൊതുഅന്തരീക്ഷം സൃഷ്ടിക്കുന്നതിനാവശ്യമായ പരമാവധി സാധ്യതകളിലേക്ക് ഇന്ന് കേരളം ഉയരുകയാണ്. നിലവിൽ കേന്ദ്ര ഗവൺമെന്റ് ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് തികച്ചും തെറ്റായ സമീപനമാണ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ നല്ലരീതിയിലുള്ള സഹായം സംസ്ഥാന സർവകലാശാലകൾക്ക് ലഭിക്കേണ്ടതുണ്ട്. എന്നാൽ കേരളത്തിലെ സർവകലാശാലകളോട് ഏതെങ്കിലും വിധത്തിലുള്ള സഹായകരമായ സമീപനം സ്വീകരിക്കുന്നതിനുപകരം, തികച്ചും തെറ്റായ നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. മൊത്തം ജി.ഡി.പി.-യുടെ 2.9 ശതമാനം മാത്രമാണ് വിദ്യാഭ്യാസ മേഖലയ്ക്കായി കേന്ദ്ര ഗവൺമെന്റ് മാറ്റിവച്ചിട്ടുള്ളത്. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ആകെ ചെലവിന്റെ കാര്യത്തിൽ സംസ്ഥാനങ്ങളുടെ പങ്ക് 76 ശതമാനവും കേന്ദ്ര സർക്കാരിന്റേത് 24 ശതമാനവുമാണ്. അതിൽ കേന്ദ്ര സർക്കാരിന്റെ പങ്ക് കുറച്ചുകൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ രാഷ്ട്രീയ ദുഷ്ടലാക്കിന്റെ ഭാഗമായി കേന്ദ്രം പ്രവർത്തിക്കുകയാണ്. കേന്ദ്രം

ഭരിക്കുന്ന ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന രാഷ്ട്രീയ കക്ഷിയുടെ താൽപര്യത്തിനനുസൃതമായ വിധത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ വരുതിയിലാക്കുന്നതിനുള്ള മാർഗങ്ങൾ തേടിക്കൊണ്ട് കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് എല്ലാ തരത്തിലും കേരളത്തിന് തികഞ്ഞ അവഗണനയാണ് കേന്ദ്രം സമ്മാനിച്ചുകൊണ്ടിരിക്കുന്നത്. അതിലേയ്ക്കുവേണ്ടി യു.ജി.സി. മാർഗരേഖകളിലും മാനദണ്ഡങ്ങളിലും മാറ്റം വരുത്തുകയും സംസ്ഥാന സർവകലാശാലകളുടെ അധികാരങ്ങളും അവകാശങ്ങളും സമ്പൂർണ്ണമായി കവരുന്നതിനുള്ള സമീപനം സ്വീകരിക്കുകയുമാണ് കേന്ദ്ര സർക്കാർ ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റ് ഫണ്ട് നൽകാതിരിക്കുകയും സംസ്ഥാന സർവകലാശാലകളെ അവഗണിക്കുകയും ചെയ്യുന്ന അതേ സന്ദർഭത്തിൽത്തന്നെ സംസ്ഥാന സർവകലാശാലകളുടെ പരിപൂർണ്ണ അവകാശവും അധികാരവും പിടിച്ചെടുക്കാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുകയും ചെയ്യുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഫണ്ട് നൽകേണ്ടത് സംസ്ഥാന സർക്കാരും എല്ലാനിലയിലുമുള്ള അധികാരം കൈയാളുന്നത് കേന്ദ്ര സർക്കാരുമാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഈ നിലയിലേക്ക് കാര്യങ്ങൾ എത്തുന്നുവെന്നത് നാം കാണേണ്ട പ്രധാനപ്പെട്ട വസ്തുതയാണ്. സംസ്ഥാനങ്ങളുടെ ഫണ്ട് നൽകി പ്രവർത്തിക്കുന്ന സർവകലാശാലകളുടെ അക്കാദമിക നിലയിലേക്കുള്ള വലിയ നിയന്ത്രണം ഏറ്റെടുക്കാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുകയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധി രൂപപ്പെട്ടുനിൽക്കുന്ന സന്ദർഭത്തിലും കേരളം ഉന്നതവിദ്യാഭ്യാസ രംഗത്തിന് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. വൈജ്ഞാനികമായ ഒരു സമ്പദ്ഘടനയുടെ രൂപീകരണത്തിന്റെയും വികസനത്തിന്റെയും ഫലമായി കേരളത്തിലെ

ഗവൺമെന്റ് ഉന്നതവിദ്യാഭ്യാസ രംഗത്തെ അതീവ പ്രാധാന്യത്തോടെയാണ് നോക്കിക്കാണുന്നത്. കഴിഞ്ഞ നാല് വർഷക്കാലത്തിനിടയിൽ ആറായിരം കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉണ്ടായത്. വൈസ്-ചാൻസലർമാരുടെ നിയമനത്തിന്റെ ഭാഗമായി ഗവർണർമാരെ ഉപയോഗപ്പെടുത്തി ചാൻസലർ പദവിയെപ്പോലും ദുരുപയോഗപ്പെടുത്തിയാണ് കേന്ദ്രഗവൺമെന്റ് സംസ്ഥാന സർവകലാശാലകളെ വരുതിയിലാക്കുന്നതിനുള്ള ശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. കേരള സർവകലാശാലകളുടെ സമീപകാല അനുഭവങ്ങളെക്കുറിച്ച് നമുക്കറിയാം. തിരഞ്ഞെടുക്കപ്പെട്ട ഒരു വിദ്യാർഥി യൂണിയനെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കാൻ അനുവദിക്കാതെ കേരളത്തിലെ ഒരു വൈസ്-ചാൻസലർ നിലപാടെടുത്തിരിക്കുകയാണ്. ജനാധിപത്യ അവകാശ വിനിയോഗത്തിന്റെ ഭാഗമായി രൂപീകരിക്കപ്പെടുന്ന, വിദ്യാർഥികൾ തിരഞ്ഞെടുക്കുന്ന ഒരു വിദ്യാർഥി യൂണിയനെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കാൻ അനുവദിക്കാത്ത തരത്തിലുള്ള ജനാധിപത്യവിരുദ്ധമായ സമീപനം കേരളത്തിലെ ഒരു വൈസ്-ചാൻസലർ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ആർ.എസ്.എസ്. സംഘപരിവാർ രാഷ്ട്രീയം വിഭാവന ചെയ്യുന്നവിധത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് ശക്തമായ ഇടപെടലുകൾ തെറ്റായ നിലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. അതുകൊണ്ടുതന്നെ ഈ ബില്ലിലെ വ്യവസ്ഥകൾ ഉൾപ്പെടെ സർവകലാശാലകളുടെ സംരക്ഷണത്തിന് അനിവാര്യമാണെന്ന് ഇപ്പോൾ തെളിയിക്കപ്പെട്ടിരിക്കുകയാണ്. വൈസ്-ചാൻസലർമാർ ആർ.എസ്.എസ്. നോമിനികളായി മാറുന്നു. ചാൻസലർമാർ അവരുടെ അധികാരം ദുർവിനിയോഗം ചെയ്ത് വൈസ്-ചാൻസലർ പദവിയിലേക്ക് ബി.ജെ.പി.-യും

ആർ.എസ്.എസ്.-ഉം നൽകുന്ന പേരുകൾ കൊണ്ടുവരാൻ ശ്രമം നടത്തുന്നതിന്റെ ഭാഗമായി ആർ.എസ്.എസ്.-ന്റെ മസ്തിഷ്കംപേറി നടക്കുന്ന വൈസ്-ചാൻസലർമാർ അവരുടെ അജണ്ടകൾ കേരളത്തിലെ സർവകലാശാലകളിൽ നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് വലിയ അപകടമുണ്ടാക്കുന്നുണ്ട്. ഈ പ്രശ്നം സർവകലാശാലകളെ പ്രതികൂലമായി ബാധിക്കുന്നു. സിൻഡിക്കേറ്റ് യോഗങ്ങൾ ചേരാൻ സാധിക്കുന്നില്ല. ഇപ്പോൾ എം.എൽ.എ.-മാരിൽ പലരും സിൻഡിക്കേറ്റ് അംഗങ്ങളായിരിക്കും. മുമ്പ് വിദ്യാർഥി സംഘടനാ പ്രവർത്തന കാലയളവിലും പൊതുരംഗത്ത് പ്രവർത്തിക്കുന്നതിന്റെയുമെല്ലാം ഭാഗമായി സർവകലാശാലകളുടെ വിവിധ ഭരണസമിതികളിൽ, സെനറ്റിൽ, സിൻഡിക്കേറ്റിൽ, അക്കാദമിക് കൗൺസിലിൽ, സ്റ്റുഡന്റ്സ് കൗൺസിലിൽ തുടങ്ങി സർവകലാശാലകളുടെ ജനാധിപത്യപരമായ വേദികളിൽ വിവിധഘട്ടങ്ങളിൽ പ്രവർത്തിച്ചവരാണ് ഇവിടെയിരിക്കുന്ന മഹാഭ്രരിപക്ഷം അംഗങ്ങളും. ആ സിൻഡിക്കേറ്റുൾപ്പെടെയുള്ള, ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട വേദികളിൽ ശരിയായ നിലയിൽ പ്രവർത്തിക്കാൻ അനുവദിക്കാത്തവിധം വൈസ്-ചാൻസലർമാർ ഇടപെടുകയാണ്. ഞാൻ സാങ്കേതിക സർവകലാശാലയുടെ സിൻഡിക്കേറ്റ് അംഗംകൂടിയാണ്. കഴിഞ്ഞ സിൻഡിക്കേറ്റ് യോഗം ചേർന്ന് അതിന്റെ അജണ്ട ചർച്ച ചെയ്ത് യോഗം അവസാനിച്ച് പിരിയുന്ന സന്ദർഭത്തിലാണ് പത്രസമ്മേളനം നടത്തി ഈ സിൻഡിക്കേറ്റ് യോഗം അസാധുവാണെന്നും ഇവിടെ എടുത്ത തീരുമാനങ്ങളൊന്നും സാധൂകരിക്കപ്പെടില്ലെന്നും വൈസ്-ചാൻസലർ പറഞ്ഞത്. ഇത്തരത്തിൽ ഏകാധിപതികളെപ്പോലെ സർവകലാശാലകളുടെ ജനാധിപത്യ സ്വാഭാവങ്ങളെ തകർത്ത് ജനാധിപത്യത്തിന്റെയും സർഗാത്മകതയുടെയുമെല്ലാം കേന്ദ്രമായി

നാം കണക്കാക്കുന്ന പരിപാവനവും പവിത്രവുമായ സർവകലാശാല എന്ന ഉന്നതനിലവാരത്തിലുള്ള സ്ഥാപനത്തിന്റെ എല്ലാ ഗുണങ്ങളെയും തകർക്കുന്ന വിധത്തിലേക്ക് ആർ.എസ്.എസ്. നോമിനേറ്റ് ചെയ്ത വൈസ്-ചാൻസലർമാർ പ്രവർത്തിക്കുന്ന സന്ദർഭത്തിൽ ഈ ബില്ലിലൂടെ അത്തരം പ്രശ്നങ്ങളെ ശരിയായരീതിയിൽ നിയന്ത്രിക്കാൻ സാധിക്കണം. സംസ്ഥാന സർവകലാശാലകളുടെ വൈസ്-ചാൻസലർമാരുൾപ്പെടെ, സിൻഡിക്കേറ്റ് അംഗങ്ങളുടെ നോമിനേഷനുൾപ്പെടെ സർവകലാശാലകളുടെ എല്ലാ ചട്ടങ്ങളെയും തകർത്തുകൊണ്ട് അവർ ഇടപെട്ട് മുന്നോട്ടുവരികയാണ്. ഈ പ്രശ്നങ്ങൾ ഉയർന്നുനിൽക്കുന്ന സന്ദർഭത്തിലാണ് വിദ്യാഭ്യാസ മേഖലയിലെ കാതലായ പ്രശ്നങ്ങളെ മാറ്റിനിർത്തിക്കൊണ്ട് കേവലം രാഷ്ട്രീയ സംവാദത്തിന്റെ ഭാഗമായി പ്രതിപക്ഷം ഈ പ്രശ്നത്തെ കാണുന്നത്. ഏത് സന്ദർഭത്തിലും വിദ്യാഭ്യാസ രംഗത്ത് ഒരു പ്രശ്നംവന്നാൽ പ്രതിപക്ഷ നേതാവാണെങ്കിലും മുൻ പ്രതിപക്ഷ നേതാവാണെങ്കിലും ഇടതുപക്ഷ രാഷ്ട്രീയം ഉയർത്തി പ്രവർത്തിക്കുന്ന സംഘടനകൾക്കുനേരെ കക്ഷി രാഷ്ട്രീയത്തിന്റെ നിലവാരത്തിൽ നിന്നുകൊണ്ടുമാത്രമാണ് ഇത് ചൂണ്ടിക്കാണിക്കാൻ ശ്രമിക്കുന്നത്. വിദ്യാർഥി സംഘടനകളുടെ പ്രശ്നങ്ങളെ സ്വാഭാവികമായും എസ്.എഫ്.ഐ.-ക്കെതിരെയുള്ള പ്രശ്നമെന്ന നിലയിലാണ് കാണുന്നത്. ഉന്നതവിദ്യാഭ്യാസ രംഗത്തെ സുപ്രധാനമായ പ്രശ്നങ്ങളെ ലഘൂകരിച്ച് അതിന്റെ പ്രാധാന്യം മനസ്സിലാക്കി, പ്രസക്തി ഉൾക്കൊണ്ടുകൊണ്ട് ആ പ്രശ്നത്തിനെതിരെ സംസാരിക്കുന്നതിനുപകരം ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഭാഗമായി പ്രവർത്തിക്കുന്ന വിദ്യാർഥി പ്രസ്ഥാനങ്ങളെ നിരോധിക്കണമെന്നും അതിന്റെ പ്രവർത്തനത്തെ ഇല്ലാതാക്കണമെന്നുമുള്ള തരത്തിൽ പ്രതിപക്ഷത്തിന്റെ ഇടപെടലുകൾ ഉണ്ടാകുന്നത്

ഗൗരവത്തോടെ കാണേണ്ടതായിട്ടുണ്ട്. ഈ പ്രശ്നത്തെ എന്തുകൊണ്ട് കേരളത്തിലെ യു.ഡി.എഫ്. ഗൗരവമായി കാണുന്നില്ല? യൂത്ത് കോൺഗ്രസും കെ.എസ്.യു.-ഉം വലിയ സമരങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നില്ലേ; കേരളത്തിന്റെ സർവകലാശാലകളുടെ എല്ലാവിധത്തിലുള്ള പുരോഗതിയെയും തകർക്കുന്ന സംഘപരിവാർ രാഷ്ട്രീയത്തിന്റെ അജണ്ടയെ സമൂഹത്തിന്റെ മുന്നിൽ അവതരിപ്പിച്ച് ശരിയായ രീതിയിൽ ഈ കാതലായ പ്രശ്നത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു സമരം നടത്താൻ ഇവിടത്തെ യു.ഡി.എഫ്.-ന്റെ ഭാഗമായി പ്രവർത്തിക്കുന്ന രാഷ്ട്രീയ കക്ഷികളും കെ.എസ്.യു. ഉൾപ്പെടെയുള്ള വിദ്യാർഥി സംഘടനകളും സന്നദ്ധമാകുന്നില്ല എന്നത് ഗൗരവതരമായ പ്രശ്നമാണ്. അതിനുപകരം കക്ഷി-രാഷ്ട്രീയ താൽപര്യത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാഭ്യാസ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന എസ്.എഫ്.ഐ.-ക്കെതിരെയുള്ള നിലപാടുകളാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ഇന്ന് രാവിലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിക്കുന്ന സന്ദർഭത്തിൽ വാക്കൗട്ട് പ്രസംഗത്തിനുശേഷം പ്രതിപക്ഷ നേതാവ് നടത്തിയ പത്രസമ്മേളനത്തിൽ, കേരളത്തിലെ പ്രബലമായ വിദ്യാർഥി പ്രസ്ഥാനമായ എസ്.എഫ്.ഐ. ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങൾക്കെതിരായി ഒരു കാരണവുമില്ലാതെ, ആധികാരികതയുടെ ഒരംശം പോലുമില്ലാതെ, ഇല്ലാത്തകാര്യങ്ങൾ ശക്തമായ രീതിയിൽ അവതരിപ്പിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ഈ രീതിയെ അംഗീകരിക്കാൻ സാധിക്കില്ല; ഇത് ശരിയായ നടപടിയല്ല; ഇവിടത്തെ പ്രശ്നത്തെ എന്തുകൊണ്ട് ചൂണ്ടിക്കാണിക്കുന്നില്ല? ഇവിടെ കെ.എസ്.യു. ഉൾപ്പെടെയുള്ള സംഘടനകൾ പിരിച്ചുവിടണമെന്ന് ഞങ്ങളാരും പറയില്ല. ജനാധിപത്യപരമായി പ്രവർത്തിക്കുന്ന

വിദ്യാഭ്യാസ സംഘടനയെ പിരിച്ചുവിടുന്നതും ഈ പ്രശ്നത്തെ വിലകുറച്ചുകാണുകയും ചെയ്യുന്ന സമീപനം സ്വീകരിക്കുന്നത് കേരളത്തിന്റെ വിദ്യാഭ്യാസ മണ്ഡലത്തിന് ഭ്രഷണമല്ല എന്നുകൂടി ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത് ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സർവകലാശാല നിയമങ്ങളുടെ 2-ാം നമ്പർ ബില്ലാണ് ഇപ്പോൾ ചർച്ച ചെയ്യുന്നത്. 1-ാം നമ്പർ ബില്ലിന് സമാനമായ ബിൽ തന്നെയാണിത്. കേരളത്തിലെ യൂണിവേഴ്സിറ്റികളും കോളേജുകളും ധാരാളം പ്രതിസന്ധികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ എന്ത് ഉദ്ദേശ്യത്തിലാണ് ഈയൊരു ബിൽ അവതരിപ്പിച്ചത്? സംഘപരിവാറിന്റെ രാഷ്ട്രീയത്തെക്കുറിച്ചാണ് ശ്രീ. കെ. എം. സച്ചിൻദേവ് സൂചിപ്പിച്ചത്. സംഘപരിവാറിന്റെ രാഷ്ട്രീയത്തെ എതിർക്കാൻ നമ്മൾ ഒരുമിച്ചുനിന്നവരാണ്. ഇതുസംബന്ധിച്ച് ഈ സഭ അംഗീകരിച്ച ഉപക്ഷേപത്തിലെ ഒരു ഭാഗം ഞാൻ വായിക്കാം; "ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാതെയുള്ളതും വൈസ് ചാൻസലർ നിയമനത്തിലടക്കം സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങളെ പൂർണ്ണമായും ഒഴിവാക്കുന്നതുമായ 2025-ലെ കരട് യു.ജി.സി. മാനദണ്ഡങ്ങൾ ഫെഡറൽ സംവിധാനത്തിനും ജനാധിപത്യത്തിനും നിരക്കാത്ത ഒന്നാണെന്നാണ് ഈ സഭയുടെ വ്യക്തമായ അഭിപ്രായം.... ഉന്നതവിദ്യാഭ്യാസ രംഗത്തെ ജനാധിപത്യമൂല്യങ്ങൾ തകർക്കാനും പ്രസ്തുത മേഖലയിൽ മത-വർഗീയ ആശയങ്ങൾ പ്രചരിപ്പിക്കുന്നവരുടെ പിടിയിലൊതുക്കാനുമുള്ള നീക്കങ്ങളുടെ ഭാഗമായി മാത്രമെ 2025-ലെ

കരട് യു.ജി.സി. മാനദണ്ഡങ്ങളെ കാണുവാൻ കഴിയൂ". ഇത് ഈ സഭയിലെ പ്രതിപക്ഷവും ഭരണപക്ഷവും ഐകകണ്ഠ്യേന അംഗീകരിച്ച ഉപക്ഷേപമാണ്. സംഘപരിവാർ രാഷ്ട്രീയത്തെ എതിർക്കുന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു വിട്ടുവീഴ്ചയുമില്ല. യൂണിവേഴ്സിറ്റികളെ കാവിവൽക്കരിക്കാൻ സംഘപരിവാർ ശ്രമിക്കുമ്പോൾ അതിനെ ശക്തമായി എതിർക്കാൻ നിങ്ങളോടൊപ്പം ഞങ്ങളുമുണ്ട്. പക്ഷേ, അതിനെതിരെ ഒരുമിച്ചുനിന്ന് പോരാടുന്നതിനുപകരം നിങ്ങൾ എന്താണ് ചെയ്യുന്നത്? നിങ്ങൾ യൂണിവേഴ്സിറ്റികളെ ചുവപ്പുവൽക്കരിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. അവിടെയാണ് ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുള്ളത്. നാം ഒരുമിച്ചുനിന്ന് കാര്യങ്ങൾ ചെയ്യുന്നതിനുപകരം ബി.ജെ.പി. ഗവൺമെന്റ് എന്ത് ചെയ്യുന്നു; യു.ജി.സി. എന്ത് ചെയ്യുന്നു; അതിനെതിരെ നിങ്ങളുടേതായ കാര്യങ്ങളിൽ എന്ത് ചെയ്യാൻ കഴിയും എന്നൊക്കെയാണ് നിങ്ങൾ ആലോചിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ധാരാളം കാരണങ്ങൾ വായിക്കുകയും ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് നിരവധി കാര്യങ്ങൾ സൂചിപ്പിക്കുകയും ചെയ്തു. ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ 'പ്രസ്തുത റിപ്പോർട്ടുകളുടെ പരിശോധനയിൽ പ്രോ-ചാൻസലറുടെ പ്രാധാന്യം വർധിപ്പിക്കുക, പ്രോ-വൈസ്-ചാൻസലറിൽ ചില അധികാരങ്ങൾ നിക്ഷിപ്തമാക്കുക....' എന്നതുകൊണ്ട് നിങ്ങൾ ഉദ്ദേശിക്കുന്നത് എന്താണ്? വകുപ്പുമന്ത്രിയെന്നുള്ളനിലയ്ക്ക് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് അങ്ങേയ്ക്ക് അധികാരമുണ്ട്. എന്നാൽ അതിനും അപ്പുറത്തേക്ക് മന്ത്രിക്ക് അധികാരം വേണമെന്ന് പറയുകയാണ്. ഇതിൽ എന്താണ് ബി.ജെ.പി. ആഗ്രഹിക്കുന്നത്? ജനാധിപത്യ മൂല്യങ്ങളെയും ഫെഡറൽ സംവിധാനത്തെയും ബി.ജെ.പി. തകർക്കുമ്പോൾ നിങ്ങൾ ജനാധിപത്യ

മൂല്യങ്ങളുടെയും ഫെഡറൽ സംവിധാനത്തിന്റെയും കൂടെ യൂണിവേഴ്സിറ്റികളുടെ ഓട്ടോണമിയെയും തകർക്കുകയാണ്. മന്ത്രിക്ക് കൂടുതൽ അധികാരം വേണമെന്നുള്ളതുതന്നെയാണ് പ്രസ്തുത ഭേദഗതി ബില്ലിന്റെ ലക്ഷ്യമെന്നുള്ളത് എല്ലാവർക്കും ബോധ്യമുള്ള കാര്യമാണ്. അതോടൊപ്പം വൈസ്-ചാൻസലറെ ബൈപ്പാസ് ചെയ്യുന്നതിന് പ്രോ-വൈസ്-ചാൻസലർക്ക് കൂടുതൽ അധികാരം നൽകണമെന്നും രജിസ്ട്രാർക്ക് കൂടുതൽ അധികാരം നൽകണമെന്നുമാണ് നിങ്ങളുടെ ആവശ്യം.

ഇന്നത്തെ സാഹചര്യത്തിൽ രാഷ്ട്രീയമായി യൂണിവേഴ്സിറ്റികൾ നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കാൻ ഒരു ബിൽ കൊണ്ടുവരിക എന്നുപറഞ്ഞാൽ എന്ത് അർഥമാണുള്ളത്? ഇതിൽ പറയുന്ന കാര്യങ്ങൾ വായിച്ചപ്പോൾ എനിക്ക് അത്ഭുതം തോന്നി; കാരണം ഒരു യൂണിവേഴ്സിറ്റിയെ എത്ര ലാഘവത്തോടെയാണ് നിങ്ങൾ കൈകാര്യം ചെയ്യുന്നത്, ഇങ്ങനെയാണോ കേരളത്തിലെ യൂണിവേഴ്സിറ്റികളെ കാണേണ്ടത്? ഈ ബില്ലിലെ ഖണ്ഡം 2(ബി)(3)-ൽ പറയുന്നത്, "പ്രോ-ചാൻസലർക്ക് സർവകലാശാലയുടെ അക്കാഡമികവും ഭരണപരവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ട ഏതൊരു വിവരവും വിളിച്ചുവരുത്തുവാൻ അവകാശം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള അർത്ഥന സർവകലാശാല പാലിക്കേണ്ടതുമാണ്" എന്നാണ്. ഡിപ്പാർട്ടുമെന്റിൽനിന്ന് ഫയൽ വിളിച്ചുവരുത്താൻ നമുക്ക് അവകാശമുണ്ട്. യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട അവകാശങ്ങളും നിലവിലുണ്ടല്ലോ; നിലവിലുള്ള ആ അവകാശങ്ങൾക്കുമപ്പുറത്തേയ്ക്ക് പോകണമെന്ന് ആഗ്രഹിക്കുന്നത് എന്തിനാണ്?

ബില്ലിലെ ഖണ്ഡം 2(ബി)(4)-ൽ "പ്രോ-ചാൻസലർക്ക്, പ്രധാനപ്പെട്ടതെന്ന് അദ്ദേഹം കരുതുന്ന ഏതൊരു കാര്യമോ സർക്കാരിന്റെ നയത്തിൽപെടുന്ന ഏതൊരു സംഗതിയോ ചാൻസലറുടെയോ സർവകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഉചിതമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്." എന്നാണ് പറയുന്നത്. അതിലേറെ ഗൗരവമായി തോന്നിയ കാര്യമാണ് ഖണ്ഡം 2(ബി)(5)-ൽ പറഞ്ഞിരിക്കുന്നത്. "പ്രോ-ചാൻസലർക്ക് അദ്ദേഹം നിർദേശിച്ചേക്കാവുന്ന പ്രകാരമുള്ള വ്യക്തിയെക്കൊണ്ടോ വ്യക്തികളെക്കൊണ്ടോ സർവകലാശാലയെയും അതിന്റെ കെട്ടിടങ്ങളെയും ലബോറട്ടറികളെയും ഉപകരണങ്ങളെയും സർവകലാശാല പരിപാലിക്കുന്ന ഏതെങ്കിലും കോളേജിനെയോ സ്ഥാപനത്തെയോ; കൂടാതെ പരീക്ഷകളെയും അധ്യാപനത്തെയും സർവകലാശാല നടത്തിയിട്ടുള്ളതോ ചെയ്തിട്ടുള്ളതോ ആയ മറ്റു പ്രവൃത്തിയെയും സംബന്ധിച്ച് പരിശോധന നടത്തിപ്പിക്കുന്നതിനും സർവകലാശാലയുടെയും കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമോ സാമ്പത്തികപരമോ ആയ എതൊരു സംഗതിയുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് സമാനരീതിയിൽ അന്വേഷണം നടത്തിപ്പിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്" എന്നാണ് പറയുന്നത്. അതായത് ഭരണപരമായതും സാമ്പത്തികമായതുമായ കാര്യങ്ങളിൽ ഇടപെടാൻ കഴിയുമെന്നാണ്. സർവകലാശാലയുടെ ഓട്ടോണമിയെക്കുറിച്ചും സ്വയം വരുമാനമുണ്ടാക്കുന്നതിനെക്കുറിച്ചും നമുക്കറിയാം. അതിലെല്ലാം നമുക്ക് ഇടപെടാൻ കഴിയുന്ന സ്ഥിതിയാണ് ഉണ്ടാകാൻ പോകുന്നത്. ഇതിൽപ്പറയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഏതെങ്കിലും കാര്യങ്ങളെക്കുറിച്ച്

അന്വേഷിക്കുന്നതിന് നിങ്ങൾക്ക് ഒരാളെ നിർദേശിക്കാമെന്നതാണ്. യൂണിവേഴ്സിറ്റിയിൽ ചെന്ന് ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിന് പ്രോ-ചാൻസലർക്ക് ഒരാളെ നിർദേശിക്കാമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നതിലൂടെ എന്താണ് ഉദ്ദേശിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം വ്യക്തമാക്കണം. ഈ ബിൽ തയ്യാറാക്കുമ്പോൾ ചർച്ചയെങ്കിലും ചെയ്യണ്ടേ? ഏറ്റവും കുറഞ്ഞത് ഉന്നത വിദ്യാഭ്യാസ സെക്രട്ടറിക്ക് മുകളിലുള്ള ഒരാളെ ചുമതലപ്പെടുത്തുന്നു എന്നെങ്കിലും ബില്ലിൽ വ്യവസ്ഥ ചെയ്യണ്ടേ? ഈ ബിൽ പാസായാൽ അങ്ങ് ചെയ്തില്ലെങ്കിലും നാളെ വേറൊരു മന്ത്രി ചുമതലയെടുക്കുമ്പോൾ ഇത്തരം കാര്യങ്ങൾ അന്വേഷിക്കാൻവേണ്ടി വേണമെങ്കിൽ നിങ്ങളുടെ ലോക്കൽ കമ്മിറ്റി സെക്രട്ടറിയെപോലും യൂണിവേഴ്സിറ്റിയിൽ പറഞ്ഞയക്കാനുള്ള അധികാരമാണ് ഈ ബില്ലിലൂടെ ലഭിക്കുന്നത്. ഇപ്രകാരം ഒരു ബില്ലിൽ പറയാമോ; അങ്ങനെ ആരെയെങ്കിലും പറഞ്ഞയയ്ക്കാൻ കഴിയുമോ; മന്ത്രിക്ക് അതിനുള്ള അധികാരമുണ്ടോ? യൂണിവേഴ്സിറ്റിയെപോലെയുള്ള ഒരു സ്ഥാപനത്തെക്കുറിച്ച് അന്വേഷിക്കുന്നതിനും അവിടെ നടക്കുന്ന സാമ്പത്തികമായ കാര്യങ്ങളെക്കുറിച്ചും പരാതികളെക്കുറിച്ചും അന്വേഷിക്കുന്നതിനും ആരെ വേണമെങ്കിലും പറഞ്ഞുവിടാൻ കഴിയുന്ന തരത്തിൽ ബില്ലിൽ ഭേദഗതി കൊണ്ടുവരാമോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ലോക്കൽ കമ്മിറ്റി സെക്രട്ടറിയേയും പറഞ്ഞുവിടാം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അതെ, ഇങ്ങനെ വന്നാൽ ലോക്കൽ കമ്മിറ്റി സെക്രട്ടറിയേയും പറഞ്ഞുവിടാൻ കഴിയും.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ലോക്കൽ കമ്മിറ്റി സെക്രട്ടറി അത്ര മോശമല്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ലോക്കൽ കമ്മിറ്റി സെക്രട്ടറി നിങ്ങൾക്ക് മോശമായിരിക്കില്ല. പക്ഷേ, യൂണിവേഴ്സിറ്റിയെപ്പോലൊരു സ്ഥാപനത്തിൽ, എന്തൊക്കെ അധികാരങ്ങളാണ് ബില്ലിൽ കൊണ്ടുവരുന്നത്. ഇതൊരു ഗൗരവമായ കാര്യമല്ലേ; മന്ത്രിക്ക് ഇത്രമാത്രം അധികാരം വേണോ; ഇത് യൂണിവേഴ്സിറ്റിയുടെ ഓട്ടോണമിയെ തകർക്കുകയല്ലേ? യൂണിവേഴ്സിറ്റി എന്നത് ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഒരു ഡിപ്പാർട്ടുമെന്റാണോ; ബ്രാഞ്ചോ കോർപ്പറേഷനോ ആണോ? അല്ലല്ലോ. യൂണിവേഴ്സിറ്റിക്ക് അതിന്റേതായ സ്വതന്ത്ര അധികാരമുണ്ട്, സ്വന്തമായി ഭരണപരമായ കാര്യങ്ങൾ നടത്താനുള്ള അവകാശമുണ്ട്. അങ്ങനെയുള്ള ഒരു യൂണിവേഴ്സിറ്റിയിൽ വകുപ്പുമന്ത്രി അമിത അധികാരം കൊണ്ടുവരാൻ ശ്രമിക്കുന്നുവെന്ന് പറഞ്ഞാൽ എന്ത് അർഥമാണുള്ളത്? വൈസ്-ചാൻസലറുടെ അധികാരത്തെക്കുറിച്ച് ശ്രീ. കെ. എം. സച്ചിൻദേവ് ഇവിടെ സൂചിപ്പിച്ചു. ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടെന്ന് കരുതി ഇങ്ങനെ ബൈപാസ് ചെയ്യണോ? വൈസ്-ചാൻസലർ പദവിയെ ബൈപാസ് ചെയ്തുകൊണ്ടാണോ പ്രോ-വൈസ്-ചാൻസലർക്ക് അധികാരം കൊടുക്കുന്നത്. മുൻകാലങ്ങളിൽ പ്രോ-വൈസ്-ചാൻസലറെ നിയമിച്ചിരുന്നത് ആരായിരുന്നു? ഇപ്പോൾ ആരാണ് നിയമിക്കുന്നത്; സിൻഡിക്കേറ്റാണ്. സിൻഡിക്കേറ്റ് പ്രോ-വൈസ്-ചാൻസലറെ നിയമിക്കുമ്പോൾ യഥാർഥത്തിൽ അതൊരു പൊളിറ്റിക്കൽ അപോയിന്റ്മെന്റ് അല്ലേ? ആ പ്രോ-വൈസ്-ചാൻസലറെ സംബന്ധിച്ചിടത്തോളം സിൻഡിക്കേറ്റിന്റെ അനുവാദമില്ലാതെ കാര്യങ്ങൾ നടപ്പാക്കാൻ കഴിയുമോ? നിലവിലുള്ള സാഹചര്യത്തിൽനിന്ന് വ്യത്യസ്തമായി എന്തിനാണ് സിൻഡിക്കേറ്റ് നോമിനേറ്റ് ചെയ്യുന്നൊരു പ്രോ-വൈസ്-ചാൻസലറെ നിങ്ങൾ

നിയമിക്കുന്നത്. ഇതിന്റെ ഉദ്ദേശ്യമെന്താണ്? യഥാർഥത്തിൽ നമ്മുടെ യൂണിവേഴ്സിറ്റിയുടെ സ്ഥിതിയെന്താണ്? എല്ലാ കാര്യവും വ്യക്തമാണ്, യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് യാതൊരു പ്രയാസവും ബുദ്ധിമുട്ടുമില്ല എന്നൊക്കെയാണ് അങ്ങ് ഇവിടെ സംസാരിക്കുമ്പോൾ പറഞ്ഞത്. നമ്മുടെ യൂണിവേഴ്സിറ്റിയിൽ കുട്ടികൾ കുറയുന്നതിനെക്കുറിച്ച് എത്ര തവണ ഇവിടെ പറഞ്ഞിട്ടുണ്ട്; അത് യാഥാർഥ്യമല്ലേ? നമ്മുടെ കോളേജുകളിലെ പല കോഴ്സുകളിലും ഇന്ന് കുട്ടികൾ പഠിക്കാൻ വരാത്ത സാഹചര്യമാണുള്ളത്; പ്രത്യേകിച്ച് സയൻസ് കോഴ്സുകൾ. ഇന്ന് നമ്മുടെ പ്രധാനപ്പെട്ട കോളേജുകളിലെ വിദ്യാർഥികളുടെ എണ്ണം പരിശോധിച്ചാൽ ഫിസിക്സ്, മാത്സ്, കെമിസ്ട്രി എന്നീ കോഴ്സുകളിലെല്ലാം എണ്ണം കുറഞ്ഞുവരുന്ന കാര്യം മന്ത്രിക്ക് അറിയാവുന്നതല്ലേ; അത്തരമൊരു സാഹചര്യത്തിൽ യൂണിവേഴ്സിറ്റികളെ ശക്തിപ്പെടുത്താൻ എന്തുചെയ്യാൻ സാധിക്കുമെന്ന് ആലോചിക്കുന്നതിനുപകരം നിങ്ങളെന്താണ് ചെയ്യുന്നത്? ഇത്തരം കാര്യങ്ങളാണോ നിങ്ങൾ ചെയ്യേണ്ടത്. എൻറോൾമെന്റ് റേറ്റിൽ കുറവ് സംഭവിച്ചിരിക്കുന്നു; അക്കാര്യം അങ്ങേയ്ക്കറിയില്ലേ. യൂണിവേഴ്സിറ്റികളിലെ അഡ്മിഷൻ നൂറ് ശതമാനം ആയിരുന്നത് ഇപ്പോൾ 75 ശതമാനമായി. ഇതുകൂടാതെ പല കോഴ്സുകളുടെയും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു. നിലവിലുള്ള സയൻസ് ഗ്രൂപ്പുകൾ മാറ്റി പുതിയത് അനുവദിക്കണമെന്ന ആവശ്യവുമായി പല കോളേജുകളിൽനിന്നും ഗവൺമെന്റിലേക്ക് അപേക്ഷ വരുന്നില്ലേ? യൂണിവേഴ്സിറ്റികളിൽ പഠിക്കാൻ കുട്ടികളെ ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നു; കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു; കുട്ടികൾക്ക് യൂണിവേഴ്സിറ്റികളിൽ പഠിക്കുന്നതിനുള്ള വിശ്വാസം കുറഞ്ഞുവരുന്ന എന്ന അവസ്ഥ നിലനിൽക്കുമ്പോഴും റാങ്കിങ്ങും വലിയ കണക്കുകളും വിശദീകരിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇന്നലെയും ഇവിടെ

സംസാരിക്കുകയുണ്ടായി. ഈ യാഥാർഥ്യംകൂടി കാണണ്ടേ? എൻറോൾമെന്റ് റേറ്റ് കുറയുന്ന സാഹചര്യത്തിൽ നമ്മുടെ യൂണിവേഴ്സിറ്റികളെ ശക്തിപ്പെടുത്താനുള്ള നടപടിയെടുക്കേണ്ടത് പ്രധാനപ്പെട്ട കാര്യമല്ലേ? ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനുപകരം ഇതിന്റെ അധികാരം പിടിച്ചെടുത്ത് എപ്രകാരം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നതിനെക്കുറിച്ചാണ് നിങ്ങൾ ചിന്തിക്കുന്നത്. ബി.ജെ.പി. കൈകൾ പിടിച്ചും സി.പി.ഐ.(എം) കാലുകൾ പിടിച്ചും വലിച്ചുകഴിഞ്ഞാൽ ഈ കുഞ്ഞിന്റെ സ്ഥിതി എന്താകും? യൂണിവേഴ്സിറ്റി എന്ന കുഞ്ഞ് ഇല്ലാതാകും. ആ സാഹചര്യം ഉണ്ടാകുന്നതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ പറയുന്നത്.

ഡോ. കെ. ടി. ജലീൽ: സർ, ഇത്തരത്തിലുള്ളൊരു ഭേദഗതിക്ക് അനുസൃതമായ സാഹചര്യം നമ്മൾ മറന്നുപോകരുത്. ഇത് ഈ ഗവൺമെന്റിനും ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും മാത്രം ബാധകമായ കാര്യമല്ല. യു.ഡി.എഫ്. എന്നെങ്കിലും നമ്മുടെ നാട്ടിൽ അധികാരത്തിൽ വരികയാണെങ്കിൽ അന്നത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും ബാധകമായ കാര്യമാണ്. ഇപ്പോൾ എന്തിനാണ് ഇത്തരത്തിലൊരു ബിൽ കൊണ്ടുവരുന്നത്? ബി.ജെ.പി., ചാൻസലറെ/ഗവർണറെ ഉപയോഗിച്ച് നമ്മുടെ സർവകലാശാലകളെ മുഴുവൻ വരുതിയിൽ കൊണ്ടുവരാൻ ശ്രമിക്കുകയാണ്. ആർ.എസ്.എസ്.-നെ അനുകൂലിക്കുന്നവരെ വൈസ്-ചാൻസലർ പദവിയിലേക്ക് കൊണ്ടുവരുന്നു. സർക്കാരോ ബന്ധപ്പെട്ടവരോ രണ്ടോ-മൂന്നോ പേരുടെ പാനൽ കൊടുക്കുമ്പോൾ, അതിൽനിന്ന് ഭരിക്കുന്ന സർക്കാരിന് ഏറ്റവും യോജ്യനായിട്ടുള്ളതും തൃപ്തിയുള്ളതുമായ ആളുകളെയാണ് വൈസ് ചാൻസലർ പദവിയിലേക്ക് കൊണ്ടുവരുന്നത്. ആർ.എസ്.എസ്.വൽക്കരണത്തെ ഞങ്ങൾ ഒരിക്കലും പ്രോത്സാഹിപ്പിക്കില്ല. കാരണം, കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് നിങ്ങൾ നിയമിച്ച

രണ്ട് വൈസ്-ചാൻസലർമാർ ഇന്ന് ബി.ജെ.പി.-ക്കാരാണെന്നു മാത്രമല്ല അവരുടെ സ്ഥാനാർഥികളുമാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ പ്രൊഫ. അബ്ദുൾ സലാം. അദ്ദേഹത്തെ നിങ്ങൾക്ക് ഓർമയില്ലേ; അദ്ദേഹം ഇപ്പോൾ എവിടെയാണ്? ശ്രീ. രാധാകൃഷ്ണൻ ഇപ്പോൾ എവിടെയാണ്? കമ്മ്യൂണിസ്റ്റ്വൽക്കരണത്തെയും കാവിവൽക്കരണത്തെയും കുറിച്ച് നിങ്ങൾ പറഞ്ഞു. ഏതാണ് കൂടുതൽ അപകടകരം; കമ്മ്യൂണിസ്റ്റ് സർക്കാർ നിയോഗിച്ച ഏതെങ്കിലുമൊരു വൈസ്-ചാൻസലർ ബി.ജെ.പി.-യിൽ ചേർന്നിട്ടുണ്ടോ; കാവി പുതച്ചിട്ടുണ്ടോ? പ്രൊഫ. അബ്ദുൾ സലാം ചെയ്തില്ലേ? .....(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: എന്തിനാണ് നിങ്ങൾ ബഹളമുണ്ടാക്കുന്നത്? ശ്രീ. എ. പി. അനിൽ കുമാറാണ് സംസാരിച്ചുകൊണ്ടിരുന്നത്. അദ്ദേഹമല്ലേ വഴങ്ങിയത്. നമുക്ക് ഇനിയും രണ്ട് ബില്ലുകൾ കൂടിയുണ്ട്. അങ്ങ് ചുരുക്കി സംസാരിക്കൂ.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അദ്ദേഹം ഒരു പ്രസംഗമാണ് നടത്തിയത്, ചോദ്യമല്ല. ആർ.എസ്.എസ്.വൽക്കരണത്തെ എല്ലാ ശക്തിയുമെടുത്ത് ഞങ്ങൾ എതിർക്കാറുണ്ടെന്ന് ഞാൻ ആമുഖമായി പറഞ്ഞല്ലോ. അതുകൊണ്ടാണല്ലോ ഈ ഉപക്ഷേപത്തിനൊപ്പം ചേർന്നത്. പക്ഷേ, ഒരു കാര്യം ഉറപ്പാണ്; കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ കാവിവൽക്കരണവും ചുവപ്പുവൽക്കരണവുമല്ല വേണ്ടത്; നമുക്കാവശ്യം വിദ്യാഭ്യാസവൽക്കരണമാണ് എന്നതാണ് ഞങ്ങളുടെ അഭിപ്രായം. വിദ്യാഭ്യാസവൽക്കരണത്തിനുപകരം ഒരു വിഭാഗക്കാർ കാവിവൽക്കരണം നടത്തുന്നു; മറുഭാഗത്തുള്ളവർ ചുവപ്പുവൽക്കരണം നടത്തുന്നു. ഇതിന് പരിഹാരം ഇതാണോ? ഇത് ആർ.എസ്.എസ്. സംഘപരിവാർ ചെയ്യുന്ന വിദ്യാഭ്യാസ മേഖലയിലെ കടന്നുകയറ്റത്തിനുള്ള

ശ്രമമാണ്, പരിഹാരമല്ല; നിങ്ങളുടെ തെറ്റായ ധാരണയാണ്.

രജിസ്ട്രാറുടെ അധികാരത്തെക്കുറിച്ച് നമുക്കറിയാം; കഴിഞ്ഞ കാലങ്ങളിൽ വൈസ്-ചാൻസലർക്ക് ഇലക്ഷൻ നേരിട്ട് നടത്താനുള്ള അധികാരമുണ്ടായിരുന്നു. ഇപ്പോൾ സിൻഡിക്കേറ്റ് ഇലക്ഷൻ നടത്താനുള്ള അധികാരംപോലും രജിസ്ട്രാർക്ക് കൊടുത്തിരിക്കുകയാണ്. മറ്റെല്ലാ ഇലക്ഷനും രജിസ്ട്രാറാണ് നടത്തുന്നത്. ഈ രീതിയിൽ നിങ്ങൾക്കൊരു ഉദ്ദേശ്യമുണ്ട്. യഥാർഥത്തിൽ മന്ത്രിക്ക് അധികാരങ്ങൾ നൽകി, ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലേക്ക് യൂണിവേഴ്സിറ്റികളെ കൊണ്ടുവന്ന് ഏതുസമയവും ഫയൽ വിളിച്ചുവരുത്താവുന്നതും ആരെവിട്ടും അന്വേഷിക്കാവുന്നതുമായ രീതിയിലുള്ള ഇടപെടലും നടത്താവുന്ന സ്ഥിതിയാണ് വരാൻ പോകുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ ബില്ലിൽ ഞങ്ങൾ എതിർക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, പ്രോ-ചാൻസലറായ വകുപ്പുമന്ത്രിക്ക് അക്കാദമിക് കാര്യങ്ങളിലിടപെടാനുള്ള അവകാശം കൊടുത്തിരിക്കുകയാണ് എന്നതാണ്. മാത്രമല്ല, സർവകലാശാലയുടെ വിശദീകരണം ഏതുകാര്യത്തിലും ആവശ്യപ്പെടാനും ആ വിശദീകരണം കേട്ട് പ്രോ-ചാൻസലറായ മന്ത്രി കൊടുക്കുന്ന നിർദേശങ്ങൾ നടപ്പാക്കാൻ യൂണിവേഴ്സിറ്റിക്ക് ബാധ്യതയുണ്ടാകുന്ന പ്രൊവിഷൻ വയ്ക്കുന്നത് എന്തിനാണ്? അതായത്, സർവകലാശാലയുടെ എല്ലാ ഓട്ടോണമിയും മാറ്റിവച്ച് സംസ്ഥാന സർക്കാരിന്റെ ഡിപ്പാർട്ടുമെന്റാക്കി മാറ്റിയിരിക്കുന്നുവെന്ന് നിങ്ങൾ പ്രഖ്യാപിച്ചാൽ പോരെ? കേരളത്തിൽ വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സർവകലാശാലകളെ മുഴുവൻ സർക്കാരിന്റെ ഡിപ്പാർട്ടുമെന്റുകളാക്കി അധഃപതിപ്പിക്കാനുള്ള വ്യവസ്ഥകളല്ലേ ഈ ഭേദഗതി ബില്ലിലൂടെ

കൊണ്ടുവന്നിരിക്കുന്നത്?

[4.00 PM]

ശ്രീ. എ. പി. അനിൽ കുമാർ: സർ, വളരെ ഗൗരവമുള്ള ഒരു വിഷയമാണിത്. യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ ഇത്തരത്തിലുള്ള നിയമങ്ങൾ കൊണ്ടുവരാൻ പാടില്ല. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടേതായ അധികാരങ്ങൾക്കുപുറമെ യൂണിവേഴ്സിറ്റിയുടെ അധികാരങ്ങൾകൂടി കവർന്നെടുക്കുന്ന സമീപനം മന്ത്രിക്കും യൂണിവേഴ്സിറ്റിക്കും ഗുണകരമാകില്ല. ഞങ്ങൾ അതിനെയാണ് എതിർക്കുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, അങ്ങ് വഴങ്ങുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങനെ സമയം നൽകാൻ കഴിയില്ല. കഴിഞ്ഞ ദിവസം ഒരു മന്ത്രി മറുപടി പറഞ്ഞപ്പോൾ നിങ്ങളുടെ സമയംപോയെന്ന് പറഞ്ഞ് നിങ്ങൾ സഭ ബഹിഷ്കരിച്ചു. ഒരു ബില്ലുകൂടി പരിഗണിക്കേണ്ടതിനാൽ കൃത്യസമയം പാലിക്കേണ്ടതുണ്ട്. നിങ്ങൾ ഇത്തരം സമീപനം സ്വീകരിക്കുന്നത് ശരിയല്ല. ശ്രീ. എ. പി. അനിൽകുമാർ സംസാരിക്കൂ; അങ്ങനെ സമയം നൽകാൻ സാധിക്കില്ല. സഭയിൽ നമ്മൾ പരസ്പരം അംഗീകരിച്ച് മുന്നോട്ടുപോകുന്നവരാണ്. നിങ്ങൾ മാത്രം അങ്ങനെ ഒരു സമീപനം സ്വീകരിക്കുന്നത് ശരിയല്ല. അങ്ങനെയാണെങ്കിൽ സഭ തീരുന്നതുവരെ നിങ്ങൾ ഇവിടെ ക്ഷമയോടെ ഇരിക്കണം. നിങ്ങളുടെ സമീപനം ശരിയല്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഈ മന്ത്രിയല്ലെങ്കിൽ നാളെ വേറെയൊരു മന്ത്രി വന്ന് പുതിയ തീരുമാനങ്ങളെടുക്കുമ്പോൾ അത് നിങ്ങൾക്കും ബാധകമാകില്ലേ

എന്നാണ് ഡോ. കെ. ടി. ജലീൽ ചോദിച്ചത്. നമ്മൾ അടുത്തകാലത്തുതന്നെ അധികാരത്തിൽ വരുമെന്ന ഡോ. കെ. ടി. ജലീലിന്റെ കൃത്യമായ മറുപടിയിൽ സന്തോഷമുണ്ട്. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ബഹുമാന്യനായ ഇ. ടി. മുഹമ്മദ് ബഷീർ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ യൂണിവേഴ്സിറ്റിയിൽനിന്ന് അനുചിതമായ ഉത്തരവ് വരികയും ആ ഫയൽ വിളിച്ചുവരുത്തി അത് പരിശോധിക്കണമെന്ന് പറഞ്ഞതിനെ എൽ.ഡി.എഫ്.-ലെ അംഗങ്ങളും അധ്യാപക സംഘടനങ്ങളും കൃത്യമായും വളരെ ശക്തമായും എതിർത്തിട്ടുണ്ട്. ആ സംഭവത്തിന്റെ പേരിൽ വലിയൊരു സമരമാണ് നടത്തിയത്. യൂണിവേഴ്സിയുടെ അധികാരത്തിൽ മന്ത്രി ഇടപെടുകയോ കൈകടത്തുകയോ ചെയ്യേണ്ടതില്ലെന്നുമുള്ള നിലാപാടാണ് അന്ന് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറും കെ. കരുണാകരനും സ്വീകരിച്ചത്. ശ്രീ. എ. പി. അനിൽകുമാർ പറഞ്ഞതുപോലെ, വിദ്യാഭ്യാസ നയം ഉദാരവൽക്കരണമാണ് ആഗ്രഹിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്ക് സംസാരിക്കാൻ ഇനി എത്ര സമയമാണ് ആവശ്യമായി വരുന്നത്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, അഞ്ച് മിനിട്ട്. സഭയിൽ ഡിമാന്റ് ഡിസ്കഷൻ നടക്കുമ്പോൾ സമയ പരിമിതിയുണ്ട്. മുൻകാലങ്ങളിലെ കീഴ്വഴക്കമനുസരിച്ച് സ്വാഭാവികമായും ബില്ലിലെ ചർച്ചകൾ നടക്കുമ്പോൾ ഇരുപത്തിയഞ്ചും മുപ്പതും മുപ്പത്തിയഞ്ചും മിനിട്ടാണ് സംസാരിക്കുന്നത്. ഇവിടെ സമയത്തിന്റെ പരിമിതി എല്ലാവർക്കും ബോധ്യമുള്ളതുകൊണ്ടാണ് ചെയർ അങ്ങനെയൊരു തീരുമാനമെടുക്കുമ്പോൾ ഞങ്ങൾ അംഗീകരിക്കുന്നത്. ഞങ്ങൾ

ബഹിഷ്കരിച്ച് പോയതിനെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞു. ഇന്നലത്തെ ഡിമാന്റ് ഡിസ്കഷന് 40 മിനിട്ടാണ് അനുവദിച്ചതെങ്കിൽ രണ്ടേകാൽ മണിക്കൂറാണ് മന്ത്രിമാർ മറുപടി പറഞ്ഞത്. അംഗങ്ങൾക്ക് ഒരു മിനിട്ടുപോലും അധികമായി നൽകിയില്ല. പ്രതിപക്ഷനേതാവിനുപോലും രണ്ട് മിനിട്ട് സമയം കൊടുക്കാൻ ചെയർ തയ്യാറായില്ല. അതുകൊണ്ട് ഞാൻ നേരത്തെ പറഞ്ഞതുപോലെ എല്ലാവരുടെയും അവകാശങ്ങൾ ഒരുപോലെ പാലിക്കേണ്ട ഉത്തരവാദിത്വം ചെയറിനുണ്ടെന്ന് അങ്ങയോട് ഞാൻ സൂചിപ്പിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അക്കാര്യം തന്നെയാണ് ഞാനും പറഞ്ഞത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞത് പ്രധാനപ്പെട്ട കാര്യമാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ചെറിയ രീതിയിലുള്ള ഇടപെടലുകൾ നടത്തുമ്പോൾപോലും നിങ്ങൾ എതിർത്തിട്ടുണ്ട്. എന്തൊക്കെ കാര്യങ്ങളാണോ നിങ്ങൾ എതിർത്തിട്ടുള്ളത് ആ കാര്യങ്ങളെല്ലാം അംഗീകരിച്ച് മുന്നോട്ടുപോകുക എന്നുള്ളതാണ് ഇപ്പോൾ നിങ്ങളുടെ നയം. യു.ഡി.എഫ്. ഭരണകാലത്ത് കേരളത്തിലെ കോളേജുകൾക്ക് ഓട്ടോണമസ് പദവി നൽകാൻ തീരുമാനിച്ചപ്പോൾ നിങ്ങൾ എതിർത്തു. എന്നാൽ നിങ്ങൾ അധികാരത്തിൽ വന്നപ്പോൾതന്നെ ഓട്ടോണമസ് കോളേജ് അനുവദിച്ചു. അതാണ് നിങ്ങളുടെ നിലപാട്. ഏതൊരു കാര്യത്തെയും നിങ്ങൾ എതിർക്കുകയാണ് ചെയ്യുന്നത്. യു.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം ആ നിലപാടല്ല സ്വീകരിക്കുന്നത്. യൂണിവേഴ്സിറ്റികൾ നന്നായി പ്രവർത്തിക്കണമെന്ന നിലപാടാണ് നമ്മുടേത്. യൂണിവേഴ്സിറ്റി വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. കുട്ടികൾ ഇന്ന് മറ്റ് പല

സ്ഥലങ്ങളിലേക്കും പഠനത്തിനായി പോകുന്നുണ്ട്. നമ്മുടെ സർവകലാശാലകളിൽ വിദ്യാർഥികളുടെ എണ്ണം കുറഞ്ഞുവരുന്നു. നിലവിലെ കോഴ്സുകൾ പഠിക്കാൻ വിദ്യാർഥികളില്ല. യൂണിവേഴ്സിറ്റികളെ നമുക്ക് എങ്ങനെ സ്ട്രെങ്തൻ ചെയ്യാൻ സാധിക്കും? അതിനായി ആലോചിച്ച് തീരുമാനമെടുത്ത് പിന്തുണച്ചുകൊണ്ട് മുന്നോട്ടുപോകണം. വിദേശ സർവകലാശാല ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നമ്മൾ ഇവിടെ നിയമം കൊണ്ടുവന്നുവെന്ന് ചില അംഗങ്ങൾ പറഞ്ഞു. ഞങ്ങൾ നിയമമൊന്നും കൊണ്ടുവന്നില്ല; അതിന്റെപേരിൽ ഞങ്ങളുടെ റിപ്പോർട്ടാണ് വന്നത്. വിദേശ സർവകലാശാല കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് ഒരു യോഗം മാത്രമെ ഞങ്ങൾ നടത്തിയിട്ടുള്ളൂ. ഇതുമായി ബന്ധപ്പെട്ട് ഞങ്ങൾക്കൊരു ആശയമുണ്ടായിരുന്നു. അന്ന് മുഴുവൻ എയ്ഡഡ് കോളേജുകളിലുമായി കുട്ടികൾക്ക് പഠിക്കാൻ സീറ്റ് ലഭിക്കാത്ത സാഹചര്യമുണ്ടായിരുന്നു. ഇന്ന് ചിത്രം മാറിയിരിക്കുകയാണ്. നിങ്ങളാണ് ഇന്ന് വിദേശ സർവകലാശാലകൾ കൊണ്ടുവന്നിരിക്കുന്നത്. സ്വകാര്യ സർവകലാശാലകളെയും സെൽഫ് ഫൈനാൻസിങ് സർവകലാശാലകളെയും ഏറ്റവും ശക്തമായി എതിർത്തിട്ടുള്ളവരാണ് നിങ്ങൾ. ഇന്ന് നിങ്ങൾക്ക് അതൊക്കെ ആവശ്യമായി വന്നിരിക്കുകയാണ്. അദ്ദേഹം പറഞ്ഞ ഒരു കാര്യത്തിന് മറുപടി പറയുകയാണ്: സ്വകാര്യ സർവകലാശാലകളെയും സെൽഫ് ഫൈനാൻസിങ് കോളേജുകളെയും നിങ്ങൾ എതിർത്തിട്ടില്ലെന്ന് ശ്രീ. പി. രാജീവ് പറഞ്ഞു. പരിയാരം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട സമരത്തിൽ കുത്തുപറമ്പ് വെടിവയ്പുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞപ്പോൾ ശ്രീ. പി. രാജീവ് പറഞ്ഞ മറുപടി എന്നെ അത്ഭുതപ്പെടുത്തി. അദ്ദേഹം പറഞ്ഞത്, അത് സ്വകാര്യ വിദ്യാഭ്യാസ മേഖലയ്ക്കോ സ്വാശ്രയ

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കോ എതിരായിട്ടുള്ള സമരമായിരുന്നില്ലെന്നും കെ. കരുണാകരനും എം. വി. രാഘവനും വ്യക്തിപരമായ ചില അജണ്ടകൾ നടപ്പാക്കുന്നുവെന്ന് ചൂണ്ടിക്കാട്ടിയുള്ള സമരമായിരുന്നുവെന്നുമാണ്. സ്വകാര്യ വിദ്യാഭ്യാസ മേഖലയ്ക്കും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും എതിരെയുള്ള സമരമല്ല അദ്ദേഹം നടത്തിയതെന്ന് പറഞ്ഞു. ആ സംഭവം നടക്കുമ്പോൾ ഞാൻ യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന ഭാരവാഹിയായിരുന്നു. പക്ഷെ ആ സമരം സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സ്വാശ്രയ കോളേജുകൾക്കുമെതിരെയാണ് നടത്തിയതെന്ന് എനിക്ക് നല്ല ഓർമയുണ്ട്. എന്നാൽ ശ്രീ. പി. രാജീവിനപ്പോലെ ഒരാൾ അക്കാര്യം ഈ സഭയിൽ പറയുമ്പോൾ, പാർട്ടി ക്ലാസുകളിൽ അദ്ദേഹം പറയുന്ന എല്ലാ കാര്യങ്ങളും വെള്ളംകൂട്ടാതെ വിഴുങ്ങുന്ന അളുകളെപ്പോലുള്ളവരല്ല പ്രതിപക്ഷത്തിരിക്കുന്നത് എന്ന കാര്യമെങ്കിലും അദ്ദേഹം മനസ്സിലാക്കണ്ടേ? എന്നിട്ടും അദ്ദേഹം പറഞ്ഞപ്പോൾ എനിക്കും സംശയമായി. എല്ലാ കാര്യങ്ങളും എത്ര മനോഹരമായി പറയാൻ കഴിയുമെന്നത് അദ്ദേഹത്തിനും എനിക്കും ബോധ്യമുണ്ട്. അതുകൊണ്ട് ഞാൻ അന്നത്തെ വെടിവയ്പ് നടന്നതിന്റെ അടുത്ത ദിവസത്തെ ദേശാഭിമാനി പത്രമെടുത്തു നോക്കി. അതാണല്ലോ നിങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട പത്രം. ആ പത്രത്തിൽ വളരെ വ്യക്തമായി പറയുന്നത് 'കണ്ണൂർ ജില്ലാ സഹകരണ ബാങ്കിലെ അഴിമതി - വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണത്തിൽ പ്രതിഷേധിച്ചാണ് രാഘവനെതിരെ കരിങ്കൊടി കാട്ടിയത്. വിദ്യാഭ്യാസം വിറ്റ് കാശ് മാറുന്ന കരുണാകര ഭരണത്തിനെതിരെ വ്യാപകമായ പ്രക്ഷോഭ സമരങ്ങളാണ് കഴിഞ്ഞ ഒരു മാസമായി കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. വിദ്യാർഥികൾ മാത്രമല്ല കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് താൽപ്പര്യവും

ഉൽകണ്ഠയുമുള്ള മുഴുവൻ ആളുകളും സർക്കാരിന്റെ വിദ്യാഭ്യാസക്കച്ചവടത്തിനെതിരെ സമര രംഗത്താണ്', എന്നാണ്. അതുമായി ബന്ധപ്പെട്ട സമരമാണ് അന്ന് നടന്നതെന്ന് പത്രത്തിലെ ഈ വാർത്തയിൽനിന്നും മനസ്സിലായില്ലേ. ഇപ്പോൾ 25 കോടി രൂപയും 10 ഏക്കറും ലഭിച്ചാൽ ആർക്കുവേണമെങ്കിലും യൂണിവേഴ്സിറ്റി ആരംഭിക്കാം. അതിന്റെ ക്വാളിറ്റിയോ നിലവാരമോ ഒന്നും നോക്കേണ്ട കാര്യമില്ല. (....ബഹളം...) ആ സമരം അങ്ങനെ നടത്തിയപ്പോൾ അഞ്ചാറ് ആളുകൾ രക്തസാക്ഷികളായി. ഇപ്പോൾ നിങ്ങൾ പറയുന്നു, അന്ന് സമരം നടത്തിയത് അതുമായി ബന്ധപ്പെട്ട കാര്യത്തിനല്ലെന്ന്. (....ബഹളം...) ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള യൂണിവേഴ്സിറ്റികളെപ്പോലും പൂർണ്ണമായി തകർക്കുന്ന രീതിയിലുള്ള നടപടിയാണ് സ്വീകരിക്കുന്നത്. (....ബഹളം...) ഈ നിയമം പാസ്സായാൽ ഇവിടത്തെ യൂണിവേഴ്സിറ്റികളുടെ ഓട്ടോണമി തകരും, അവിടത്തെ ജനാധിപത്യവും തകരും. യൂണിവേഴ്സിറ്റികൾ സ്വന്തമായി ഇൻകം ജനറേറ്റ് ചെയ്യുന്ന വിഭാഗമാണ്. അതിനുള്ളിലെ സാമ്പത്തിക ഇടപാടുകളിൽപോലും ഗവൺമെന്റിന് ഇടപെടാൻ കഴിയും. അങ്ങനെ എല്ലാ രീതിയിലും ഇന്ന് തകർന്നുകൊണ്ടിരിക്കുന്ന, പ്രയാസപ്പെട്ടുകൊണ്ടിരിക്കുന്ന നമ്മുടെ യൂണിവേഴ്സിറ്റികളുടെ പതനം പൂർത്തീകരിക്കുന്നതിനുള്ള ഒരു ബില്ലായി മാത്രമെ ഇതിനെ കാണാൻ കഴിയുകയുള്ളൂവെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. രാജീവ്: സർ, ഇക്കാര്യത്തിൽ മാസങ്ങൾക്കുശേഷം ഗവേഷണം നടത്തുകയും അതിൽ പ്രതികരിക്കുകയും ചെയ്ത ബഹുമാന്യനായ അംഗത്തിന്റെ ഗവേഷണ ചാതുരിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ വിഷയം പലതവണ ഇവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്.

ഇതുസംബന്ധിച്ച് അന്ന് ഞാൻ പറഞ്ഞത് ഓർമ്മയിൽനിന്നും പറയാം. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരനും സഹകരണ വകുപ്പുമന്ത്രിയായിരുന്ന എം. വി. രാഘവനും പ്രൈവറ്റ് സ്റ്റാറ്റസിൽ ഒരു സൊസൈറ്റി രൂപീകരിച്ചു. ആ സൊസൈറ്റിയിലേക്ക് ഈ സ്വത്തുക്കളൊക്കെ കൈമാറാനുള്ള തീരുമാനമെടുക്കുകയും അത് നടപ്പാക്കാനായി അവിടെ പോയപ്പോൾ വലിയ പ്രതിഷേധമാണുണ്ടായത്. ആ അവസരത്തിൽ സ്വാശ്രയ വിദ്യാഭ്യാസ മേഖലയ്ക്കെതിരെ മറ്റൊരു സമരം നടക്കുകയായിരുന്നു. അക്കാര്യത്തെക്കുറിച്ചാണ് ഞാൻ പരാമർശിച്ചത്. ഈ സംഭവത്തിൽ ഞാൻ പറഞ്ഞതിന്റെ ആദ്യ ഭാഗം ഒഴിവാക്കിക്കൊണ്ടുള്ള ഭാഗമാണ് ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞത്. അന്നത്തെ ദേശാഭിമാനി പത്രത്തിൽ അങ്ങ് വായിച്ച പേജിനകത്തുള്ള വിവരങ്ങൾ ഉൾപ്പെടെ വേണമെങ്കിൽ ഞാൻ നൽകാം. ഇവിടെ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് അന്ന് പറഞ്ഞതാണ് ശരി. അദ്ദേഹം പറഞ്ഞത്, 'ഞങ്ങളായിരുന്നുവെങ്കിൽ നേരത്തെ പറഞ്ഞതാണ് സ്വകാര്യവൽക്കരണം.' ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു, 'വിദ്യാഭ്യാസത്തിനുവേണ്ടി നിങ്ങൾ ഇത്രയും പണം മുടക്കുകയാണല്ലോ, ഞങ്ങൾ അന്ന് പറഞ്ഞത് കേട്ടിരുന്നെങ്കിൽ അത് വേണ്ടിവരുമായിരുന്നില്ല, സ്വകാര്യ മൂലധനം നിങ്ങൾക്ക് ഉപയോഗിക്കാമായിരുന്നു' എന്ന് പറയുകയുണ്ടായി. അതാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. ഞങ്ങൾ ചെയ്യുന്നത് പൊതു വിദ്യാഭ്യാസത്തിനാവശ്യമായ പരമാവധി ഫണ്ട് വർധിപ്പിക്കുകയും അതോടൊപ്പം സ്വകാര്യ മൂലധന സാധ്യതകൾ ഉപയോഗപ്പെടുത്തുകയുമാണ്. അതാണ് നിങ്ങളുടെ നയവും ഞങ്ങളുടെ നയവും തമ്മിലുള്ള വ്യത്യാസം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഈ ബിൽ അവതരിപ്പിക്കേണ്ടതിന്റെ എന്താവശ്യമാണുള്ളതെന്ന് ശ്രീ. എ. പി. അനിൽകുമാർ ചോദിച്ചു. അടിസ്ഥാനപരമായ മാറ്റങ്ങളിലൂടെയും ശക്തമായ മുന്നേറ്റങ്ങളിലൂടെയുമാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസമേഖല നീങ്ങിക്കൊണ്ടിരിക്കുന്നത്. സമഗ്രവും സമൂലവുമായ പരിവർത്തനങ്ങൾ ആവശ്യമായ ഒരു ഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഇത് വിവര വിസ്ഫോടനത്തിന്റെ യുഗമാണ്. ഓരോ നിമിഷവും വൈജ്ഞാനിക മേഖലകളിൽ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ അതിനനുസരിച്ച് സർവ്വകലാശാലകളും മാറേണ്ടതുണ്ട്. പതിറ്റാണ്ടുകൾക്കുമുമ്പ് എഴുതിവയ്ക്കപ്പെട്ട നിയമങ്ങളെ ആധാരമാക്കി പ്രവർത്തിക്കേണ്ടവയല്ല ഇന്നത്തെ യൂണിവേഴ്സിറ്റികൾ. ഇന്റർനെറ്റ് ഉപയോഗിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനങ്ങളിലൂടെ ക്രെഡിറ്റ് ആർജിക്കാൻ വിദ്യാർഥികൾക്ക് കഴിയുന്നൊരു കാലത്ത് അതിനനുസൃതമായ മാറ്റങ്ങൾ നമ്മുടെ സർവകലാശാല നിയമങ്ങളിലുണ്ടാകേണ്ടതുണ്ട്. നിങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് മുഴുവൻ പ്രോ-ചാൻസലറുടെ അധികാരങ്ങളുടെ ഭാഗത്താണ്. ഇത്രയും പേജുകളുള്ള ഈ നിയമത്തിൽ വെറും അര പേജിൽ വളരെ ചെറിയൊരു ഭാഗത്തു മാത്രമാണ് പ്രോ-ചാൻസലറെക്കുറിച്ച് പരാമർശിക്കുന്നത്. നിങ്ങൾ ബില്ലിന്റെ മറ്റ് ഭാഗങ്ങൾ വായിക്കാതെ ആ ഭാഗം മാത്രം വായിച്ചുകൊണ്ട് അഭിപ്രായം പറയുകയാണ്. Internal Quality Assurance Cell (IQAC), റിസർച്ച് പാർക്കുകൾ എന്നുതുടങ്ങി നൂതന സംവിധാനങ്ങൾ നമ്മുടെ സർവകലാശാലകളിലും കോളേജുകളിലും ആരംഭിക്കുമ്പോൾ അതിനനുസൃതമായ മാറ്റങ്ങൾ നിയമങ്ങളിലും ഉൾപ്പെടുത്തണ്ടേ? കല്പാന്ത കാലത്തോളം ഇവിടത്തെ ഉന്നത വിദ്യാഭ്യാസ

വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു ആയിരിക്കില്ലല്ലോ. എല്ലാക്കാലവും ഒരേ കക്ഷിതന്നെയാണ് ഇവിടെ ഭരിക്കുകയെന്ന് നമുക്ക് പറയാൻ കഴിയില്ല. വളരെ സബ്ജക്ടീവായി വർത്തമാനം പറയേണ്ട വേദിയല്ലിത്. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, താങ്കളൊരു ചെറുപ്പക്കാരനായതിനാലും താങ്കൾക്ക് ഈ വിഷയങ്ങളെക്കുറിച്ച് അറിയാത്തതിനാലും ഒബ്ജക്ടീവായി സംസാരിക്കേണ്ട സഭയാണ് ഇതെന്ന് ഓർമ്മിപ്പിക്കുന്നു.

മതവർഗ്ഗീയതയുമായി ബന്ധപ്പെട്ട് യു.ജി.സി. റെഗുലേഷനുകൾ സർവകലാശാലകളെ എങ്ങനെയാണ് സാഫ്രോണൈസേഷൻ ചെയ്യാൻ ഉപയോഗിക്കുന്നത് എന്നതുസംബന്ധിച്ച് ഉത്തമ ബോധ്യമുണ്ടെന്ന് ശ്രീ. എ. പി. അനിൽകുമാർ വ്യക്തമാക്കി. പ്രോ-ചാൻസലറിന്റെ അവകാശങ്ങൾ നിലവിൽ പ്രോ-ചാൻസലർക്കുള്ളതായ അധികാരങ്ങൾ തന്നെയാണെന്ന് ഞാൻ വളരെ വ്യക്തമായി പറയുകയാണ്. പക്ഷേ സർവകലാശാല നിയമങ്ങളിൽ അത് സംബന്ധിച്ച് നേരത്തേ വ്യക്തത വരുത്തിയിരുന്നില്ല എന്നുമാത്രമെയുള്ളൂ. ഇപ്പോൾ ഉള്ളതിൽനിന്നും കൂടുതലായി യാതൊരു അധികാരങ്ങളും ഈ ബില്ലിന്റെ ഭാഗമായി പ്രോ-ചാൻസലർക്ക് ലഭിക്കില്ലെന്ന് ഈ നിയമം പരിശോധിച്ചാൽ മനസ്സിലാകും.

പുതിയ സാഹചര്യത്തിൽ, അഖിലേന്ത്യാ തലത്തിൽ യു.ജി.സി.-യെ ഉപയോഗിച്ച് വലിയ രീതിയിലുള്ള കേന്ദ്രീകരണ പരിശ്രമങ്ങൾ നടത്തി ഫണ്ട് ചെലവാക്കുകയും യൂണിവേഴ്സിറ്റികളുടെ സൂപ്പർവിഷൻ നടത്തുകയും ചെയ്യുന്ന സംസ്ഥാന ഗവൺമെന്റുകൾക്ക് സർവകലാശാലയിൽ അയിത്തം കൽപ്പിക്കുന്നരീതി തുടരുന്നതിനാലുമാണ് അക്കാര്യത്തിൽ കൃത്യത വരുത്തുന്ന നിലയിൽ ഈ ബില്ലിലൂടെ ചില മാറ്റങ്ങൾ കൊണ്ടുവരേണ്ടിവന്നത്.

ഈ ബില്ലിന്റെ കേന്ദ്ര വിഷയം വിശദീകരിച്ചുകഴിഞ്ഞിട്ടും അദ്ദേഹത്തിന് പല കാര്യങ്ങളിലും തെറ്റിദ്ധാരണയുണ്ടായിട്ടുണ്ട്. പ്രോ-വൈസ് ചാൻസലറുടെ നിയമനം സംബന്ധിച്ചുണ്ടായ മാറ്റം യു.ജി.സി. റെഗുലേഷന് അനുസൃതമായാണ് കൊണ്ടുവന്നിട്ടുള്ളത്. വൈസ് ചാൻസലറുടെ ശിപാർശയിൽ സിൻഡിക്കേറ്റ് നിയമിക്കണമെന്നുള്ളത് യു.ജി.സി. നിർദ്ദേശമാണ്. ഇപ്പോഴും പല ചുമതലകളുടെയും നിയമനാധികാരി സിൻഡിക്കേറ്റാണ്.

തിരഞ്ഞെടുപ്പ് നടത്താൻ ചുമതലയുള്ളയാൾ രജിസ്ട്രാറാണെന്നുള്ള നിലയിൽ ഇവിടെ സംസാരിക്കുകയുണ്ടായി. നിലവിലെ ചട്ടങ്ങളനുസരിച്ചും രജിസ്ട്രാർ തന്നെയാണ് വരണാധികാരി. വൈസ് ചാൻസലർ തിരഞ്ഞെടുപ്പിന്റെ ഫലം പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. വിവിധ സർവകലാശാല ബോഡികളിലേക്ക് നടത്തുന്ന തിരഞ്ഞെടുപ്പിൽ വൈസ് ചാൻസലർക്ക് വോട്ടവകാശമുണ്ട്. അപ്പോൾ അദ്ദേഹമാണോ വരണാധികാരിയാകേണ്ടത്? നിലവിൽ സർവകലാശാലകളിൽ തിരഞ്ഞെടുപ്പുകളുടെ വരണാധികാരിയായി പ്രവർത്തിക്കുന്നത് രജിസ്ട്രാർ തന്നെയാണ്. മുമ്പ് സർവകലാശാല ബോഡികളിലൊക്കെ പ്രവർത്തിച്ച അനുഭവം ബഹുമാനപ്പെട്ട അംഗത്തിനുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചു.

വൈസ് ചാൻസലറെ ബൈപ്പാസ് ചെയ്യുന്നതിനോ അവകാശങ്ങൾ എടുത്തുമാറ്റപ്പെടുന്ന രീതിയിലുള്ള കാര്യങ്ങളോ ഈ ബില്ലിൽ ഉൾപ്പെട്ടിട്ടില്ല. ഏതെങ്കിലും സമിതികളുടെ തീരുമാനം മുൻകൂറായി പ്രതീക്ഷിച്ചുകൊണ്ട് വൈസ് ചാൻസലർ എടുക്കുന്ന തീരുമാനങ്ങൾക്ക് എഴുത്ത് രൂപേണയുള്ള അറിയിപ്പ് ബന്ധപ്പെട്ട ബോഡികൾക്ക് നൽകണമെന്നും ഇതുസംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള തർക്കം ബന്ധപ്പെട്ട

ബോഡികളും വൈസ് ചാൻസലറും തമ്മിലുണ്ടായാൽ അത് പരിഹരിക്കാനായി ഒരു സംവിധാനമുണ്ടാകണമെന്നതും മാത്രമാണ് ഈ ബില്ലിലെ മാറ്റങ്ങളുടെ ഭാഗമായി ഉദ്ദേശിച്ചിട്ടുള്ളത്.

ഏതൊരു സമിതിയുടെ തീരുമാനമാണോ മുൻകൂറായി വൈസ് ചാൻസലറുടെ പവർ ഉപയോഗിച്ച് എടുക്കുന്നത്, ആ വിഷയവുമായി ബന്ധപ്പെട്ട് ഏതെങ്കിലും നിലയിൽ അഭിപ്രായ ഭിന്നതകളുണ്ടാകുന്ന പക്ഷം ആ വിഷയം സർവകലാശാല ട്രിബ്യൂണലിന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് നിർദ്ദേശിക്കുന്നു. സമീപകാലത്ത് ആ വിധത്തിലുള്ള വിവാദങ്ങൾ നമ്മുടെ സർവകലാശാലകളിൽ ഉയർന്നുവരുന്നതുകൊണ്ടാണ് ഇത്തരത്തിൽ ഒരു നിർദ്ദേശം വച്ചിരിക്കുന്നത്. സർവകലാശാലകളുടെ സ്വയംഭരണത്തെ തകർക്കാനല്ല; മറിച്ച് അതിനെ ശക്തിപ്പെടുത്താനാണ് ഈ ഗവൺമെന്റ് ശ്രമിച്ചിട്ടുള്ളത്.

സിൻഡിക്കേറ്റ് നിയമിക്കുന്ന പ്രോ-വൈസ് ചാൻസലറെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചിരുന്നു. സിൻഡിക്കേറ്റാണ് അപ്പോയിന്റിംഗ് അതോറിറ്റിയായി വരുന്നത്. കോളേജുകളിൽ കുട്ടികൾ അഡ്മിഷൻ എടുക്കുന്നില്ലെന്നും കുട്ടികളുടെ എണ്ണം കുറയുന്നുവെന്നും എൻറോൾമെന്റ് റേഷ്യോ കുറഞ്ഞുവെന്നും ബഹുമാനപ്പെട്ട അംഗം സൂചിപ്പത് വസ്തുതാവിരുദ്ധമാണ്. കോളേജുകളിലെ എൻറോൾമെന്റ് റേഷ്യോ 37 ശതമാനത്തിൽനിന്നും 42 ശതമാനമായി ഉയർന്നിരിക്കുന്നു. All India Higher Education Survey പരിശോധിച്ചാൽ രാജ്യത്തിന്റെ ആവറേജ് എൻറോൾമെന്റിനെക്കാൾ വളരെക്കൂടുതലാണ് കേരളത്തിന്റെ എൻറോൾമെന്റ് നിരക്ക്. മാത്രമല്ല, കോളേജുകളിൽ കുട്ടികളുടെ അഡ്മിഷൻ കുറയുന്നുവെന്ന് പറയുന്ന ബഹുമാനപ്പെട്ട മെമ്പർ കേൾക്കണം;

സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും പഠിക്കാൻ കുട്ടികൾ അഡ്മിഷനെടുക്കുന്നില്ല എന്നൊരു പ്രശ്നമേ ഉണ്ടാകുന്നില്ല. യു.ഡി.എഫ്. ഭരണകാലത്ത് യാതൊരു അടിസ്ഥാന സൗകര്യവും ക്വാളിറ്റിയും നോക്കാതെ അനുവദിച്ച സ്വാശ്രയ കോളേജുകളാണ് കുട്ടികളില്ലാത്തതിനാൽ അടച്ചുപൂട്ടപ്പെടുന്നത്. ഗവൺമെന്റ് കോളേജിലും എയ്ഡഡ് കോളേജിലും എൻറോൾമെന്റ് നമ്പരൊന്നും കുറയുന്നില്ല; അത് ഈ ഗവൺമെന്റിന്റെ കാലത്ത് 5 ശതമാനം വർധിച്ചു. സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ മുഴുവൻ എൻറോൾമെന്റും നടക്കുന്നുണ്ട്. പ്രധാനമായും സ്വാശ്രയകോളേജുകളുടെ കാര്യത്തിലാണ് എൻറോൾമെന്റ് കുറഞ്ഞുപോകുന്നത്. (....ബഹളം....) അതുസംബന്ധിച്ച കണക്ക് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഉത്തമ ബോധ്യത്തോടെ തന്നെയാണ് ഞാൻ മറുപടി പറയുന്നത്. കേരളത്തിലെ യൂണിവേഴ്സിറ്റികളും കലാലയങ്ങളും മികവാർന്ന പെർഫോർമൻസ് കാഴ്ചവയ്ക്കുന്നതിനെക്കുറിച്ച് ഞാൻ ഇന്നലെ സൂചിപ്പിച്ചിരുന്നു. ദേശീയ-അന്തർദേശീയ ഗുണനിലവാര പരിശോധനകളിൽ നമ്മുടെ കലാലയങ്ങൾ മിന്നുന്ന പ്രകടനമാണ് കാഴ്ചവയ്ക്കുന്നത്. സർവകലാശാലകളെ രാഷ്ട്രീയവൽക്കരിക്കാനാണ് ഈ ബിൽ അവതരിപ്പിച്ചതെന്ന് പറഞ്ഞ് ആക്ഷേപിക്കുന്നവർക്കുള്ള മറുപടിയായി എനിക്ക് പറയാനുള്ളത്, ഡോ. ഖാദർ മാങ്ങാടിനെപ്പോലുള്ള ഡി.സി.സി. പ്രസിഡന്റിനെ വൈസ് ചാൻസലറാക്കാൻ മുൻകൈയെടുത്ത യു.ഡി.എഫ്. ഭരണ സംവിധാനത്തിന് അതേ സാധിക്കൂ എന്നാണ്. നിങ്ങളെപ്പോലെയല്ല ഞങ്ങൾ. ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് ഞങ്ങൾ നിയമിച്ച, ഗവൺമെന്റിന്റെ പ്രതിനിധികൾ അംഗങ്ങളായ സമിതികൾ തിരഞ്ഞെടുത്ത വൈസ്

ചാൻസലർമാർ അക്കാദമിക്കലി മുന്നിൽനിൽക്കുന്നവരും ദേശീയ-അന്തർദേശീയ പ്രശസ്തിയുള്ളവരുമായിരുന്നു. സർവകലാശാലകളെ ശാക്തീകരിക്കുകയാണ് ഈ ബില്ലിന്റെ ഉത്തമമായ ഉദ്ദേശ്യം. സർവകലാശാലകളെ ശാക്തീകരിക്കുന്നതിന് മുൻഗണന കൊടുത്തൊരു സർക്കാരാണിത്. അത് നന്നായി ഫലം കണ്ടുവെന്നുള്ളതാണ് NAAC അക്രെഡിറ്റേഷനും NIRF റാങ്കിങ്ങുമെല്ലാം സൂചിപ്പിക്കുന്നത്. ആ മുന്നേറ്റം തുടരുന്നതിന് സഹായകരമായ നിലയിലാണ് ഈ ബില്ലിന്റെ ഓരോ പ്രൊവിഷനും തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിച്ചുകൊണ്ട് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. എം. സച്ചിൻദേവ്, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 2(ബി) നമ്പർ

ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെപരിഗണനയ്ക്കയയ്ക്കുന്നു.

[4.22 PM]

(2) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ക്രമപ്രശ്നം

ഓർഡിനൻസ് കാലഹരണപ്പെട്ടത് സംബന്ധിച്ച്

ശ്രീ. അൻവർ സാദത്ത്: സർ, ഇന്ന് സഭയിൽ പരിഗണനയ്ക്കെടുക്കുന്ന 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ (ബിൽ നമ്പർ 236) 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസിന് (2024-ലെ 3-ാം നമ്പർ ഓർഡിനൻസ്) പകരമുള്ള ഒരു ബില്ലാണ്. 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് 2024 ഡിസംബർ 19-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തി, 2024 ഡിസംബർ 21-ാം തീയതി 4050-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതും 2025 ജനുവരി 21-ാം തീയതി സഭയുടെ മേശപ്പുറത്തുവച്ചതുമാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 213 പ്രകാരം പുറത്തിറക്കുന്ന ഓർഡിനൻസിനുപകരമുള്ള ബിൽ നിയമസഭാ സമ്മേളനം ആരംഭിച്ച തീയതി മുതൽ ആറ് ആഴ്ചയ്ക്കുള്ളിൽ സഭ അംഗീകരിക്കേണ്ടതാണ്. നിയമസഭയുടെ നടപ്പുസമ്മേളനം ആരംഭിച്ചത് 2025 ജനുവരി 17-ാം തീയതിയാണ്. പ്രസ്തുത തീയതി മുതൽ ആറ് ആഴ്ചയ്ക്കുള്ളിൽ 42 ദിവസം, അതായത് ഫെബ്രുവരി 27-ാം തീയതിക്കകം പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബിൽ നിയമസഭ പാസ്സാക്കി ഗവർണറുടെ അംഗീകാരം വാങ്ങേണ്ടതായിരുന്നു. അപ്രകാരം അംഗീകാരം വാങ്ങാത്ത സാഹചര്യത്തിൽ, 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് (2024-ലെ 3-ാം നമ്പർ ഓർഡിനൻസ്) ഫെബ്രുവരി 27-ാം തീയതി കാലഹരണപ്പെട്ടിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ ഇതോടൊപ്പം ഇല്ലാതായിരിക്കുന്നു. 2025-ലെ കേരള സംസ്ഥാന

വയോജന കമ്മീഷൻ ബിൽ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള റിപ്പോർട്ട് 2025 മാർച്ച് 3-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. 2025 ഫെബ്രുവരി 13-ാം തീയതി സബ്ജക്ട് കമ്മിറ്റി ബിൽ പരിഗണിക്കുമ്പോൾ ഓർഡിനൻസ് നിലവിലുണ്ടായിരുന്നു. അതിനുശേഷം ഫെബ്രുവരി 27-ാം തീയതിയാണ് ഈ ഓർഡിനൻസ് ലാപ്സായത്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ബില്ലിലെ 'റദ്ദാക്കലും ഒഴിവാക്കലും' എന്ന ക്ലോസ് 20-ൽ പറയുന്നത്, '2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് (2024-ലെ 3) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.' എന്നാണ്. ഫെബ്രുവരി 27-ാം തീയതിതന്നെ കാലഹരണപ്പെട്ട ഓർഡിനൻസ് റദ്ദാക്കുന്ന നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. ഓർഡിനൻസ് ലാപ്സായതോടുകൂടി അത് റീപ്ലെയ്സ് ചെയ്യാൻ കൊണ്ടുവന്ന ബിൽ കൂടി കാലഹരണപ്പെട്ടിരിക്കുകയാണ്. 20 ദിവസംമുമ്പ് കാലഹരണപ്പെട്ട ഓർഡിനൻസ് പ്രകാരമുള്ള, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ ഇപ്പോൾ പരിഗണിക്കുന്നത് ഓർഡറിൽ അല്ല. അതിനാൽതന്നെ കാലഹരണപ്പെട്ട ഓർഡിനൻസിനുപകരമുള്ള ബിൽ ഇപ്പോൾ പരിഗണനയ്ക്കെടുക്കുന്നത് ക്രമപ്രകാരമല്ല.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സംസ്ഥാനത്തെ വയോജനങ്ങൾക്ക് കൂടുതൽ ക്ഷേമവും സംരക്ഷണവും ഏർപ്പെടുത്താനും അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും മറ്റുമാണ് വയോജന കമ്മിഷൻ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുംവിധം 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് വിളംബരം ചെയ്തിട്ടുള്ളത്. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി നിയമസഭ പാസ്സാക്കുന്ന ആക്ട് കൊണ്ടുവരുന്നതിലേയ്ക്കാണ് ബിൽ

അവതരിപ്പിച്ചത്. 2025 ജനുവരി 17-ാം തീയതി ആരംഭിച്ച സമ്മേളനത്തിൽ 2025 ഫെബ്രുവരി 13-ാം തീയതി ബിൽ സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസംതന്നെ അത് സാമൂഹ്യസേവനം സംബന്ധിച്ച സംബ്ലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും പ്രസ്തുത സബ്ലക്ട് കമ്മിറ്റി ബിൽ ഖണ്ഡംഖണ്ഡമായി പരിശോധിക്കുകയും ചില ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്ത ശേഷമാണ് ഇപ്പോൾ സഭയുടെ പരിഗണനയ്ക്കായി വന്നിട്ടുള്ളത്. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 213(2)(a) പ്രകാരം സഭ സമ്മേളിക്കുന്ന തീയതി മുതൽ ആറ് ആഴ്ച അവസാനിക്കുമ്പോൾ ഓർഡിനൻസ് പ്രവർത്തന രഹിതമാകും. എന്നാൽ ഓർഡിനൻസ് ലാപ്സായിരുന്നാൽത്തന്നെയും സഭയിൽ അവതരിപ്പിച്ച ബില്ലിൽ ഉൾപ്പെട്ട നിയമനിർമ്മാണ പ്രൊപ്പോസലുകൾ നിലനിർത്തുന്നതിന് അവയ്ക്ക് നിയമപ്രാബല്യവും തുടർച്ചയും നൽകി ബിൽ പാസാക്കിയെടുക്കേണ്ടതുണ്ട്. ഓർഡിനൻസിന് പ്രാബല്യമില്ലാതായതിനാൽ ആ കാലയളവിലേയ്ക്കുകൂടി നിയമവ്യവസ്ഥകൾ ബാധകമാക്കുന്ന തരത്തിൽ ഒരു സാധൂകരണ വ്യവസ്ഥ സബ്ലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ബില്ലിൽ ഔദ്യോഗിക ഭേദഗതിയായി ഉൾപ്പെടുത്തിക്കൊണ്ട് നിയമം കൊണ്ടുവരണമെന്നതാണ് സർക്കാരിന്റെ ഉദ്ദേശ്യം. സഭയിൽ അവതരിപ്പിച്ച് സഭയുടെ സജീവ പരിഗണനയിലിരിക്കുന്ന ഒരു ബിൽ ഓർഡിനൻസ് ലാപ്സായി എന്ന കാരണത്താൽ മാത്രം അസാധുവാക്കാൻ ഗവൺമെന്റിന് സാധിക്കില്ല. അതുകൊണ്ടാണ് ഒറിജിനൽ ബില്ലിലെ റിപ്പീൽ ക്ലോസിനുപകരം ഖണ്ഡം 20 ആയി പുതിയൊരു സാധൂകരണ വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം സഭയുടെ പരിഗണനയിലിരിക്കവെ ഓർഡിനൻസുകൾ ലാപ്സായെങ്കിലും ബില്ലുകൾ കൊണ്ടുവന്ന പാസ്സാക്കിയ നിരവധി കീഴ്വഴക്കങ്ങളും അതുമായി

ബന്ധപ്പെട്ട മുൻ റൂളിങ്ങുകളും ഈ സഭയിൽത്തന്നെ ഉണ്ടായിട്ടുണ്ട്. ആയതിനാൽ, ബഹുമാനപ്പെട്ട അംഗത്തിന്റെ വാദം നിലനിൽക്കുന്നതല്ലെന്നും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ഈ ബിൽ പരിഗണനയ്ക്കെടുക്കാനുള്ള അനുമതി നൽകണമെന്നും ബഹുമാനപ്പെട്ട ചെയറിനോട് അഭ്യർഥിക്കുന്നു.

[4.29 PM]

റൂളിങ്ങ്

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ.. ഓർഡർ.. ഇന്ന് സഭ പരിഗണിക്കാനിരിക്കുന്ന, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബില്ലിന് ആധാരമായ 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് (2024-ലെ 3-ാം നമ്പർ ഓർഡിനൻസ്) റദ്ദായ സാഹചര്യത്തിൽ, പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബിൽ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതിലെ അസാംഗത്യം സംബന്ധിച്ചാണ് ശ്രീ. അൻവർ സാദത്ത് ക്രമപ്രശ്നം ഉന്നയിച്ചത്. ഇക്കാര്യത്തിൽ നിലവിലുള്ള നിയമ വ്യവസ്ഥയെയും നിയമസഭയുടെ കീഴ്വഴക്കത്തെയും സംബന്ധിച്ച് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി വിശദമായ മറുപടി പറഞ്ഞു.

ചെയർ ഇക്കാര്യം പരിശോധിച്ചു. ഇവിടെ ഉന്നയിക്കപ്പെട്ട വിഷയം സംബന്ധിച്ച് ഭരണഘടന വ്യവസ്ഥകൾ, നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ, കീഴ്വഴക്കങ്ങൾ എന്നിവയെ സംബന്ധിക്കുന്ന യാതൊരു ലംഘനവും ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, സമാന സ്വഭാവമുള്ള നിരവധി സന്ദർഭങ്ങളിൽ ഓർഡിനൻസിന് പകരമുള്ള ബില്ലുകൾ കേരള നിയമസഭയിൽ

അവതരിപ്പിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതായി കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു. ഓർഡർ.... ഓർഡർ....

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വർത്തമാനകാല സാമൂഹിക സാഹചര്യങ്ങളിൽ നമ്മുടെ വയോജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുവേണ്ടി വളരെ ശക്തമായ സംവിധാനമുണ്ടാകണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ അവതരിപ്പിക്കുന്നത്. സാമൂഹികാരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ കേരളം ആർജിച്ചിട്ടുള്ള നേട്ടങ്ങൾ വികസിത രാജ്യങ്ങളോട് കിടപിടിക്കാവുന്ന നിലയിലുള്ളതാണ്. ഉയർന്ന സ്റ്റാൻഡേർഡ് ഓഫ് ലിവിങ് പുലർത്തി മുന്നോട്ടുപോകാൻ സാധിക്കുന്നതുകൊണ്ടുതന്നെ, കേരള ജനതയുടെ ജീവിത നിലവാരത്തിന്റെ ഭാഗമായി ആയുർദൈർഘ്യവും വർധിച്ചിട്ടുണ്ട്. ഇന്ന് നമ്മുടെ വൃദ്ധജനങ്ങളുടെ ജീവിത കാലയളവ് ദീർഘിക്കുകയും രോഗാതുരത കുറയുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. 2011-ലെ സെൻസസ് പ്രകാരം 12.6 ശതമാനം മുതിർന്ന പൗരന്മാരാണ് കേരളത്തിലുണ്ടായിരുന്നത്. പക്ഷെ 2018-ലെ കണക്കുകൾ സൂചിപ്പിക്കുന്നത് 23 ശതമാനത്തോളം പേർ വയോജനങ്ങളായിരിക്കുന്നു എന്നാണ്. 2030 ആകുമ്പോഴേക്കും അത് നമ്മുടെ ജനസംഖ്യയുടെ കാൽഭാഗത്തോളം ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ഇന്നത്തെ സാമൂഹിക സാഹചര്യങ്ങളിൽ, പ്രത്യേകിച്ച് വികസിത മുതലാളിത്തത്തിന്റെ അന്തരീക്ഷത്തിൽ, അപമാനവീകരണത്തിന്റെ സാഹചര്യങ്ങൾ ശക്തിപ്പെട്ടുകൊണ്ടിരിക്കുമ്പോൾ 'ഉപയോഗിക്കൂ.. വലിച്ചെറിയൂ..'; 'Use and throw'; എന്ന്

ആഹ്വാനം ചെയ്യുന്ന കമ്പോള സംസ്കാരത്തിന്റെ ഭാഗമായി ഏറ്റവും അധികം ദുരിതം ഏറ്റുവാങ്ങുന്ന വിഭാഗങ്ങളായിട്ടാണ് വയോജനങ്ങൾ അവരുടെ നിത്യജീവിതം മുന്നോട്ടുകൊണ്ടുപോകുന്നത്. വീടുകളുടെ ഇരുണ്ട മൂലകളിൽ ഏകാന്തതയിൽ കഴിയാൻ വിധിക്കപ്പെടുകയും അവരുടെ ആവശ്യങ്ങൾക്ക് അവഗണന നേരിടുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ, വലിയ രീതിയിലുള്ള പ്രതിസന്ധികളും പ്രതിബന്ധങ്ങളും വയോജനങ്ങളുടെ ജീവിതത്തിൽ വന്നുചേരുന്നുണ്ട്. ഓറഞ്ച് ജ്യൂസ് കുടിച്ചശേഷം അതിന്റെ ചണ്ടി ലാഘവത്തോടെ വലിച്ചെറിയുന്ന വിധത്തിലാണ് പുത്തൻ മുതലാളിത്ത സമൂഹത്തിൽ മനുഷ്യരെയും വലിച്ചെറിയുന്നത്. ജീവിതത്തിലെ ഏറ്റവും സജീവവും കർമോന്മുഖവുമായ കാലത്ത് കുടുംബത്തിനും സമൂഹത്തിനുംവേണ്ടി ഊർജവും ആരോഗ്യവും ചെലവഴിച്ചിരുന്ന വയോജനങ്ങളെ അവരുടെ കർമ്മശേഷി കുറഞ്ഞുപോകുന്ന ജീവിത സായന്തനത്തിൽ സ്വസ്ഥമായ അന്തരീക്ഷത്തിൽ പരിപാലിക്കേണ്ട ഉത്തരവാദിത്വം കുടുംബാംഗങ്ങൾക്കും സമൂഹത്തിനുമുണ്ട്. പക്ഷെ അപമാനവീകരിക്കപ്പെട്ട വർത്തമാനകാല സാഹചര്യങ്ങളിൽ അങ്ങേയറ്റം അവമതിപ്പും അതിക്രമങ്ങളും ഏറ്റുവാങ്ങിയാണ് വയോജനങ്ങൾ അവരുടെ ജീവിതം തള്ളിനീക്കുന്നത്. പലപ്പോഴും പല ഗൃഹാന്തർഭാഗങ്ങളിലും, സുരക്ഷിതത്വത്തിന്റെ ഇടമെന്ന് കരുതപ്പെടുന്ന സ്ഥലങ്ങളിൽപ്പോലും വലിയ രീതിയിലുള്ള ശാരീരിക അതിക്രമങ്ങൾക്ക് വിധേയരാകുന്ന വയോജനങ്ങളുടെ എണ്ണം വർധിച്ചുവരിയാണ്. ഈ സാഹചര്യത്തിൽ അനിവാര്യമായ സംവിധാനമെന്ന രീതിയിലാണ് പ്രസ്തുത കമ്മീഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങളിലേക്ക് നാം പോകുന്നത്. The Maintenance and Welfare of Parents and Senior Citizens Act, 2007 (MWPSC Act); മുതിർന്ന

പൗരന്മാർക്കും രക്ഷിതാക്കൾക്കും സുരക്ഷിതത്വം ഉറപ്പുവരുത്തും വിധത്തിലുള്ള പ്രസ്തുത കേന്ദ്ര ആക്ട് നിർദേശിക്കുന്ന പല ഘടകങ്ങളും കൃത്യമായ രീതിയിൽ നടപ്പുവരുത്തുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. MWPSC Act അനുസരിച്ച് വയോജനങ്ങളെ പരിപാലിക്കുന്നതിന് മക്കൾക്കും പേരക്കുട്ടികൾക്കും നിയമംമൂലം ബാധ്യതയുണ്ട്. പക്ഷെ പല സാഹചര്യങ്ങളിലും ഈ രീതിയിലുള്ള ഉത്തരവാദിത്വബോധം അവർ പ്രദർശിപ്പിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ബന്ധപ്പെട്ടവരുടെ ഉത്തരവാദിത്വം കൃത്യമായി ഓർമ്മിപ്പിച്ചുകൊണ്ട്, നിയമപരമായ നടപടികളിലേക്ക് നയിക്കാവുന്ന വിധത്തിലും വയോജനങ്ങൾക്കുവേണ്ടി സംരക്ഷണ സംവിധാനങ്ങൾ രൂപീകരിക്കുന്നതിന് സർക്കാരിന് മാർഗനിർദേശം നൽകുന്ന വിധത്തിലും പ്രവർത്തിക്കാൻ കഴിയുന്ന തരത്തിലുമാണ് വയോജന കമ്മീഷൻ വിഭാവനം ചെയ്യപ്പെടുന്നത്. വയോജനങ്ങളുടെ ശാക്തീകരണവും പുനരധിവാസവും സാധ്യമാക്കാനും അവർക്ക് നിയമ സഹായം ആവശ്യമുള്ളിടത്ത് അത് ലഭ്യമാക്കാനും വയോജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റുകൾ കൃത്യമായി തയ്യാറാക്കാനും അനുഭവ സമ്പന്നരായ വയോജനങ്ങളുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയോഗപ്രദമായ വിധത്തിൽ ഏറ്റെടുത്ത് ശരിയായ രീതിയിൽ പ്രയോജനപ്പെടുത്താനും കഴിയുന്ന വിധത്തിലാണ് വയോജന കമ്മീഷൻ ചുമതലകൾ നിർവചിച്ചിട്ടുള്ളത്. ഈ കമ്മീഷൻ നിലവിൽ വരുന്നതോടെ വയോജന സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിലുള്ള സംവിധാനങ്ങളുടെ പോരായ്മകൾ ചൂണ്ടിക്കാട്ടി ഗവൺമെന്റ് ഇടപെടലുകൾ ഉറപ്പാക്കാനും കുറ്റമറ്റ നിലയിലുള്ളതാക്കിത്തീർക്കാനും നമുക്ക് സാധിക്കുന്നതാണ്. ചെയർപേഴ്സണും മൂന്നിൽ കവിയാത്ത അംഗങ്ങളും ഉൾപ്പെടുന്ന ഒരു കമ്മീഷനെയാണ് ഈ നിയമം വിഭാവനം ചെയ്യുന്നത്. ചെയർപേഴ്സൺ ഉൾപ്പെടെ

കമ്മീഷനിൽ നിയമിക്കപ്പെടുന്ന എല്ലാ അംഗങ്ങളും വയോജനങ്ങൾ ആയിരിക്കേണ്ടതും വയോജനക്ഷേമ മേഖലയിൽ പ്രവർത്തന പരിചയമുള്ള ആളുകളായിരിക്കേണ്ടതും അവരിൽ ഒരാൾ പട്ടികജാതികളിലോ പട്ടിക ഗോത്രവർഗ്ഗങ്ങളിലോപെട്ടയാളും മറ്റൊരാൾ വനിതയും ആയിരിക്കണമെന്നും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് ബില്ലിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. നമ്മുടെ വയോജനങ്ങൾ ഈ സമൂഹത്തിന്റെ സമ്പത്താണ്. ഔദ്യോഗിക ജീവിതത്തിലൂടെയും ദൈനംദിന ജീവിതത്തിലൂടെയും വയോജനങ്ങൾ സമാഹരിച്ച വിലയേറിയ അനുഭവ സമ്പത്തിനെ ക്രിയാത്മകമായി ഉപയോഗിക്കുന്നതിനും തലമുറകൾ തമ്മിലുള്ള ബന്ധത്തെ ശക്തിപ്പെടുത്തി ഊഷ്മളമായ വൈകാരികതയോടെ നിലനിർത്തുന്നതിനും സഹായകരമായ ഒട്ടേറെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ഈ കമ്മീഷൻ നിലവിൽ വരുന്നതോടെ സാധ്യമാകും. കലാ-കായിക-സാംസ്കാരിക പ്ലാറ്റ്ഫോമുകളും മാനസിക ഉല്ലാസത്തിനുള്ള വേദികളും സൃഷ്ടിച്ചുകൊണ്ട് അവരുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കാൻ ഈ കമ്മീഷനിലൂടെ സാധ്യമാകുന്നതാണ്. സർഗാത്മകമായ കഴിവുകൾ പ്രകടിപ്പിക്കുന്ന വയോജനങ്ങൾക്ക് സമ്മാനങ്ങളും പുരസ്കാരങ്ങളും നൽകുന്നതിന് അധികാരമുള്ള ഒരു സംവിധാനമായാണ് ഈ കമ്മീഷനെ വിഭാവനം ചെയ്തിട്ടുള്ളത്. കേന്ദ്ര നിയമത്തെ ശക്തിപ്പെടുത്തുംവിധം ശരിയായ രീതിയിൽ പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് സഹായകമാകുന്ന വിധത്തിലാണ് പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ വിഭാവന ചെയ്തിട്ടുള്ളത്. വാർധക്യം, പ്രായം, രോഗാവസ്ഥ തുടങ്ങിയ വിവിധ കാരണങ്ങളാൽ ഗൃഹാന്തർഭാഗത്ത് ഒതുങ്ങിപ്പോകേണ്ടിവരുന്ന വയോജനങ്ങളെ സാമൂഹികമായ ഇടപെടൽ ഉറപ്പാക്കി

ജീവിതത്തിലേക്കും സകർമ്മകമായ ദൈനംദിന ഇടപെടലുകളിലേക്കും തിരിച്ചുകൊണ്ടുവരുന്ന ഒരു പ്രക്രിയ ഏറ്റെടുക്കാനാണ് കമ്മീഷൻ ഉദ്ദേശിക്കുന്നത്. ഡിമെൻഷ്യ, സ്മൃതിനാശം എന്നിങ്ങനെയുള്ള അവസ്ഥകളെ വളരെ ഫലപ്രദമായ രീതിയിൽ തരണം ചെയ്യുന്നതിന് വയോജനങ്ങൾക്ക് മാനസിക പിന്തുണയും ധാർമിക പിന്തുണയും നൽകാൻ കഴിയുന്ന വിധത്തിലുള്ള വയോജന കമ്മീഷൻ ബിൽ സഭയുടെ സജീവമായ ചർച്ചയ്ക്കും പരിഗണനയ്ക്കുമായി സമർപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗനിർദേശങ്ങൾ നൽകുന്നതിനും വയോജനങ്ങളുടെ പുനരധിവാസം സാധ്യമാക്കുന്നതിനും അവരുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്നതിന് ഒരു പ്രത്യേക കമ്മീഷൻ രൂപീകരിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. എന്നാൽ, നിലവിലെ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ ഈ വിഷയത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് പര്യാപ്തമായി കാണുന്നില്ല. മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും സംബന്ധിച്ച 2007-ലെ കേന്ദ്രനിയമം (The Maintenance and Welfare of Parents and Senior Citizens Act, 2007) നിലവിലുണ്ട്. സ്വയം സംരക്ഷിക്കാൻ പ്രാപ്തിയില്ലാത്ത മുതിർന്ന പൗരന്മാർക്ക് ആവശ്യമായ സംരക്ഷണം മക്കളും ബന്ധുക്കളും

നൽകണമെന്ന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

കേന്ദ്ര നിയമത്തിന്റെ സെക്ഷൻ 7 പ്രകാരം സംസ്ഥാനങ്ങളിൽ മെയിന്റനൻസ് ട്രിബ്യൂണലുകൾ സ്ഥാപിക്കുന്നതിനും സെക്ഷൻ 18 പ്രകാരം ട്രിബ്യൂണലിൽ വയോജനങ്ങളെ പ്രതിനിധീകരിക്കുന്നതിനുംവേണ്ടി മെയിന്റനൻസ് ഓഫീസർമാരെ നിയോഗിക്കുന്നതിനും വ്യവസ്ഥയുണ്ട്. മുതിർന്ന പൗരന്മാരുടെ സംരക്ഷണവുമായി ബന്ധപ്പെട്ട നടപടികൾ ട്രിബ്യൂണലുകളിലും അപ്പലേറ്റ് ട്രിബ്യൂണലിലും ഏകോപിപ്പിക്കുന്നത് പ്രസ്തുത മെയിന്റനൻസ് ഓഫീസർമാരാണ്. എന്നാൽ ബില്ലിലെ വകുപ്പ് 9-ൽ പരാമർശിക്കുന്ന കമ്മീഷന്റെ ചുമതലകൾ, കേന്ദ്ര നിയമപ്രകാരമുള്ള മെയിന്റനൻസ് ട്രിബ്യൂണലുകളുടെയും മെയിന്റനൻസ് ഓഫീസർമാരുടെയും ചുമതലകൾ സംബന്ധിച്ച വ്യവസ്ഥകളുമായി overlap ചെയ്യുന്ന രീതിയിലാണുള്ളത്. ഈ കമ്മീഷന്റെ ഉദ്ദേശ്യം എന്താണ്; എന്ത് അധികാരമാണ് ഈ കമ്മീഷനുള്ളത്; എന്താണ് ഈ കമ്മീഷന്റെ ചുമതലകൾ? കമ്മീഷന്റെ ചുമതലകളെക്കുറിച്ച് പ്രതിപാദിക്കുന്ന 9-ാം വകുപ്പിൽ പറയുന്നത് 'ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി, വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി മാർഗനിർദേശങ്ങൾ നൽകുന്നതും സഹായിക്കുന്നതും..... അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവഹിക്കുന്നതും കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്' എന്നാണ്. പ്രസ്തുത കമ്മീഷന് യാതൊരു നടപടിയും അധികാരവുമില്ല. ബില്ലിന്റെ ഖണ്ഡം 9(2)-ൽ പറയുന്നത്, "കമ്മീഷന് അതിന്റെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി താഴെപ്പറയുന്ന ചുമതലകൾ നിർവഹിക്കാവുന്നതാണ്:

(എ) വയോജനക്ഷേമത്തിനും സംരക്ഷണത്തിനുംവേണ്ടി ഭാരതത്തിന്റെ

ഭരണഘടനയിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഉത്തരവിലോ ഉള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച പരിശോധന അല്ലെങ്കിൽ അന്വേഷണം നടത്തി ആവശ്യമായ പരിഹാരമാർഗങ്ങൾ ശിപാർശ ചെയ്യുക;

(ബി) വയോജനക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് വേണ്ടി സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുക;

(സി) ഉപേക്ഷിക്കപ്പെടുകയോ അനാഥരാകപ്പെടുകയോ ചെയ്യുന്ന വയോജനങ്ങളെ സംരക്ഷണ കേന്ദ്രത്തിൽ എത്തിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക;

(ഡി) വയോജനക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്ന പദ്ധതികൾ സംബന്ധിച്ച് സർക്കാരിന് ഉപദേശം നൽകുക;' എന്നാണ്.

ഖണ്ഡം 9 അനുസരിച്ച് ഒരു ചുമതലയും ഈ കമ്മീഷന് നൽകുന്നില്ല. കമ്മീഷന്റെ അധികാരങ്ങളെക്കുറിച്ച് പറയുന്ന ഖണ്ഡം 10-ൽപ്പോലും ഒരധികാരത്തെക്കുറിച്ചും പറയുന്നില്ല. അത് ഞാൻ വായിക്കാം:

"10. കമ്മീഷന്റെ അധികാരങ്ങൾ- (1) കമ്മീഷന്, അതിന്റെ ചുമതലകൾ നിറവേറ്റുന്ന ആവശ്യത്തിലേക്കായി,-

(എ) സർക്കാർ അനുമതിയോടുകൂടി ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥന്റെയോ; അല്ലെങ്കിൽ

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള കോർപ്പറേഷനുകളുടെയോ തദ്ദേശാധികാര

സ്ഥാനങ്ങളുടെയോ അനുമതിയോടും സർക്കാരിന്റെ സമ്മതത്തോടുംകൂടി ബന്ധപ്പെട്ട കോർപ്പറേഷന്റെയോ തദ്ദേശാധികാര സ്ഥാനത്തിന്റെയോ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ, സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) കമ്മീഷന്, 9-ാം വകുപ്പ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവഹിക്കുമ്പോൾ, താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് 1908-ലെ സിവിൽ നടപടി നിയമസംഹിതയിൻ (1908-ലെ 5-ാം കേന്ദ്ര ആക്ട്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്.-

(എ) ഏതെങ്കിലും ആളെ വിളിച്ചുവരുത്തുന്നതിനും ഹാജർ ഉറപ്പുവരുത്തുന്നതിനും സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും;..."

ഇതിൽ എന്ത് അധികാരം ഉണ്ടെന്നാണ് പറയുന്നത്? അപ്പോൾ ഒരു ചുമതലയുമില്ലാത്ത, ഒരു അധികാരവുമില്ലാത്ത ഒരു ബില്ലാണ് വയോജനങ്ങൾക്കുവേണ്ടി അവതരിപ്പിക്കുന്നത്. മാത്രമല്ല അധ്യായം V-ൽ ഖണ്ഡം 19-ൽ ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരത്തെക്കുറിച്ച് പറയുന്നുണ്ട്. ഖണ്ഡം 19(2)-ൽ പറയുന്നത്, 'പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അപ്രകാരമുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:-

(എ) ചെയർപേഴ്സണ് നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും വ്യവസ്ഥകളും, അംഗങ്ങൾക്ക് നൽകേണ്ടതായ ഓണറേറിയവും ബത്തകളും അല്ലെങ്കിൽ സിറ്റിങ് ഫീസും;

(ബി) 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന സെക്രട്ടറി, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ അധികാരങ്ങളും ചുമതലകളും;

(സി) 5-ാം വകുപ്പ് പ്രകാരം കമ്മീഷനിൽ നിയമിക്കപ്പെടേണ്ട ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനരീതിയും ശമ്പളവും ബത്തകളും സേവന വ്യവസ്ഥകളും;...'

എന്നാണ്.

അതായത് ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ഓണറേറിയം, ശമ്പളം, ക്ഷാമബത്ത എന്നിവയെക്കുറിച്ച് ഇതിൽ പ്രതിപാദിക്കുന്നുണ്ട്. അതായത് ഈ ഇനത്തിൽ exchequer-ൽനിന്നും വലിയ സംഖ്യ ചെലവ് വരുന്നുണ്ടെന്നാണ് മനസ്സിലാകുന്നത്. 2007-ലെ കേന്ദ്ര നിയമം (The Maintenance and Welfare of Parents and Senior Citizens Act, 2007) ഒരുപാട് അധികാരങ്ങൾ നൽകുന്നുണ്ട്. ഇവിടെ 150-ഓളം വൃദ്ധസദനങ്ങൾ പരിപാലിക്കുന്നതിന് നിരവധി അധികാരങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. കൂടാതെ, കേന്ദ്ര നിയമത്തിലെ സെക്ഷൻ 19 പ്രകാരം സംസ്ഥാന സർക്കാരുകൾ എല്ലാ ജില്ലകളിലും പ്രാപ്യമായ സ്ഥലങ്ങളിൽ ഘട്ടം ഘട്ടമായി ഓൾഡ് ഏജ് ഹോം (വയോജന മന്ദിരം) സ്ഥാപിക്കാനും സംസ്ഥാന ഗവൺമെന്റിന് ആവശ്യമായ സമയത്ത് ഇതിലെ ഏത് വകുപ്പും ഉപയോഗിക്കുവാനുള്ള അധികാരവും നൽകുന്നുണ്ട്. അതുകൊണ്ട് ഇത്തരത്തിലൊരു ബില്ലിന്റെ ആവശ്യവും കാണുന്നില്ല. മാത്രമല്ല ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 254(1)-ൽ പറയുന്നത് "If any provision of a law made by the Legislature of a State is repugnant to any provision of a law made by Parliament which Parliament is competent to enact, or to

any provision of an existing law with respect to one of the matters enumerated in the Concurrent List, then, subject to the provisions of clause (2), the law made by Parliament, whether passed before or after the law made by the Legislature of such State, or, as the case may be, the existing law, shall prevail and the law made by the Legislature of the State shall, to the extent of the repugnancy, be void." എന്നാണ്. ഇത് എല്ലാവർക്കും അറിയാവുന്ന പ്രൊവിഷനാണ്. ഇതിൽ വളരെ repugnant ആയിട്ട് പറയുന്നില്ലെങ്കിലും 2007-ലെ ആക്ടിൽ എല്ലാ അധികാരങ്ങളും ചുമതലകളും നൽകിയ സ്ഥിതിക്ക് കേന്ദ്ര ആക്ടിലോ സംസ്ഥാന ആക്ടിലോ പറഞ്ഞിട്ടില്ലാത്ത ഒരു കമ്മീഷനെ ഇവിടെ നിയമിക്കുന്നത് ആരെയോ മുന്നിൽകണ്ടുകൊണ്ടോ, ആർക്കെങ്കിലും ചെയർമാൻ സ്ഥാനം നൽകുന്നതിനുവേണ്ടിയോ, ആരെയൊക്കെയോ അംഗങ്ങൾ ആകുന്നതിനുവേണ്ടിയോ ആയിരിക്കുമെന്ന് ഞാൻ സംശയിക്കുന്നു. ഞാൻ ഇത്രയും പറയുന്നത് അധികമാണെന്ന് തോന്നുന്നില്ല. അതുകൊണ്ട് യാതൊരു അധികാരവുമില്ലാത്ത, ഒരു ചുമതലയും നടപ്പാക്കാൻ സാധിക്കാത്ത ഈ ബിൽ അവതരിപ്പിച്ചതുകൊണ്ട് ഇവിടത്തെ വയോജനങ്ങൾക്കും 60 വയസ്സ് പ്രായമായ പാവപ്പെട്ട വൃദ്ധജനങ്ങൾക്കും യാതൊരു ഗുണവുമുണ്ടാകുകയില്ല എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. **[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]**

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. ഒരു കാലത്ത് കർമ്മോന്മുഖരായിനിന്ന, സമൂഹ നന്മയ്ക്കായുള്ള യത്നം ആനന്ദമായി കരുതിയ ഒരു വിഭാഗത്തെ

നമ്മൾ എല്ലാ അർഥത്തിലും സംരക്ഷിക്കുകയും പരിലാളിക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനോട് യോജിക്കുന്നു. ഇപ്പോൾ എന്റെ കൈയിലുള്ളത് 2019-ൽ ശ്രീ. പി. ഉബൈദുള്ള സഭയിൽ അവതരിപ്പിച്ച കേരള വയോജന കമ്മീഷൻ രൂപീകരണവുമായി ബന്ധപ്പെട്ട ഒരു പ്രൈവറ്റ് ബില്ലാണ്. വയോജന കമ്മീഷൻ രൂപീകരിക്കുന്നതിന് 2007-ലെ കേന്ദ്ര നിയമം വ്യവസ്ഥ ചെയ്യുന്നില്ലെന്നാണ് ഈ ബില്ലിന് മറുപടിയായി അന്നത്തെ മന്ത്രി പറഞ്ഞത്. ഈ ആക്ടിന്റെ പിൻബലത്തോടെ രൂപീകരിക്കുന്ന കമ്മീഷനുകൾക്ക് മാത്രമെ സിവിൽ കോടതികളുടെ അധികാരങ്ങൾ നിക്ഷിപ്തമാക്കാൻ കഴിയുകയുള്ളൂ. നിയമത്തിന്റെ പിൻബലമില്ലാതെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽമാത്രം രൂപീകൃതമാകുന്ന ഒരു കമ്മീഷന് സിവിൽ കോടതിയുടെ അധികാരങ്ങൾ നൽകാനോ ഉത്തരവുകൾ നടപ്പാക്കാനോ സാധിക്കില്ല. ഇത്തരം ഒരു സാഹചര്യത്തിൽ പ്രസ്തുത ബിൽ നിയമമായി പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ ഈ കമ്മീഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഒരു ബില്ലിന് പ്രസക്തിയില്ലെന്നായിരുന്നു അന്ന് ഗവൺമെന്റ് അഭിപ്രായപ്പെട്ടത്. ഇപ്പോൾ ഗവൺമെന്റിന്റെ അഭിപ്രായം മാറിയത് എന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. വയോജന കമ്മീഷന്റെ രൂപീകരണത്തെ സംബന്ധിച്ച് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിൽ പറയുന്നത് 'ചെയർപേഴ്സൺ ഉൾപ്പെടെ കമ്മീഷനിൽ നിയമിക്കപ്പെടുന്ന എല്ലാ അംഗങ്ങളും വയോജനങ്ങൾ ആയിരിക്കേണ്ടതും വയോജനക്ഷേമ മേഖലയിൽ പ്രവർത്തന പരിചയമുള്ള ആളുകളായിരിക്കേണ്ടതും അവരിൽ ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോ പെട്ടയാളും മറ്റൊരാൾ വനിതയും ആയിരിക്കേണ്ടതുമാണ്' എന്നാണ്. കമ്മീഷനിലെ എല്ലാ

വ്യക്തികളുടെയും പ്രായം അറുപതായിരിക്കണമെന്നും, ചെയർപേഴ്സൺ ഗവൺമെന്റ് സെക്രട്ടറി പദവിയിലുള്ള ഒരു പൂർണ്ണസമയ ഉദ്യോഗസ്ഥനായിരിക്കണമെന്നും, നിർണ്ണയിക്കപ്പെടുന്നപ്രകാരമുള്ള ശമ്പളത്തിനും ക്ഷാമബത്തകൾക്കും അർഹത ഉണ്ടായിരിക്കുമെന്നും വ്യക്തമാക്കുന്നുണ്ട്. അങ്ങനെ വരുമ്പോൾ കമ്മീഷന് നേതൃത്വം കൊടുക്കുന്ന വ്യക്തി ഗവൺമെന്റ് ഉദ്യോഗസ്ഥനാണെങ്കിൽ അദ്ദേഹത്തിന്റെ പ്രായം 60 വയസ്സ് ആയിരിക്കില്ലല്ലോ; പിന്നെ എങ്ങനെയാണ് കമ്മീഷന്റെ ചെയർപേഴ്സൺ ഗവൺമെന്റ് ഉദ്യോഗസ്ഥനാകുന്നത്? വയോജന കമ്മീഷന്റെ ചെയർപേഴ്സൺ സർക്കാർ ഉദ്യോഗസ്ഥനായിരിക്കണമെന്നും ടിയാൻ ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിലുള്ള ഒരു പൂർണ്ണസമയ ഉദ്യോഗസ്ഥനായിരിക്കണമെന്നും 60 വയസ്സായ ആളുകൾക്ക് മാത്രമെ ഇതിൽ അംഗങ്ങളാകാൻ സാധിക്കുകയുള്ളുവെന്നുമുള്ള ബില്ലിലെ വ്യവസ്ഥ സംബന്ധിച്ച് വ്യക്തത വരുത്തണം.

"ചെയർപേഴ്സണിനോ അംഗത്തിനോ സർക്കാരിനെ സംബോധന ചെയ്തുകൊണ്ട് സ്വന്തം കൈപ്പടയിൽ എഴുതിനൽകിയ രാജിക്കത്ത് മുഖേന ഏതുസമയത്തും തന്റെ ഔദ്യോഗികസ്ഥാനം രാജി വയ്ക്കാവുന്നതാണ്" എന്ന് ബില്ലിൽ പറയുന്നുണ്ട്. എന്റെ സംശയം, രാജിക്കത്ത് സ്വന്തം കൈപ്പടയിൽ തന്നെ എഴുതണമോ? ഡി.റ്റി.പി.-യിൽ പ്രിന്റ് എടുത്ത് ഒപ്പിട്ട് നൽകുന്ന കത്ത് സ്വീകരിക്കുമോ ഇല്ലയോ എന്നുള്ളതാണ് വിഷയം. ഈ ബില്ലിലെ വ്യവസ്ഥപ്രകാരം അത് സ്വീകരിക്കാൻ പാടില്ല. കൈപ്പടയിൽ തന്നെ രാജിക്കത്ത് എഴുതണമെന്നാണ് പറഞ്ഞിരിക്കുന്നത്.

ആരോഗ്യ, ചികിത്സാ രംഗത്തുണ്ടായ പുരോഗതി നമ്മുടെ ആയുസ്സ് വർധിപ്പിച്ചിരിക്കുകയാണ്. 2030 മുതൽ യുവാക്കളെക്കാൾ വയോധികരുടെ എണ്ണം വർധിക്കുമെന്നാണ് പറയപ്പെടുന്നത്. 1960-ൽ ഇന്ത്യയിലെ മനുഷ്യായുസ്സ് 42 വയസ്സായിരുന്നു. നിലവിൽ ഇന്ത്യയിലെ ആയുർദൈർഘ്യം 68 വയസ്സും കേരളത്തിൽ 74 വയസ്സും മധ്യപ്രദേശിൽ 58 വയസ്സുമാണ്. ലോകജനസംഖ്യയിൽ 8 മുതൽ 12 ശതമാനം വരെയുള്ളവർ വയോധികരാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറയുന്നത് സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നത്തെക്കുറിച്ചാണ്. വീടുകളിൽ വൃദ്ധരെ പരിപാലിക്കുന്നതിന് ആളുകളില്ലാതെ പോകുന്ന അവസ്ഥയെക്കുറിച്ചുള്ള വിഷയം നിലനിൽക്കുന്നുണ്ട്. മധ്യതിരുവിതാംകൂറിലെ പലപ്രദേശങ്ങളിലും വലിയ വീടുകളുണ്ടെങ്കിലും അവിടെ താമസിക്കാൻ പ്രായമായ ആളുകൾ മാത്രമാണുള്ളത്. അവരുടെ ജീവിത സുരക്ഷിതത്വം ഒരു പ്രധാന വിഷയമാണ്. സ്വാഭാവികമായും അവർക്ക് time pass-നുള്ള അവസരങ്ങളുണ്ടാകില്ല. അതേസമയം അവർക്കുവേണ്ടിയുള്ള 'പകൽ വീട്' പദ്ധതികളുണ്ടെങ്കിലും പലയിടത്തും പ്രാവർത്തികമാകുന്നില്ല. ഈ സാഹചര്യത്തിൽ അവർ 'ആൾക്കൂട്ടത്തിൽ തനിയെ' എന്നതുപോലെ ഒറ്റപ്പെട്ട് ജീവിക്കുന്ന സാഹചര്യമാണുള്ളത്. ആ സോഷ്യൽ ഫാക്ടർ എങ്ങനെ മറികടക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അക്കാര്യത്തെക്കുറിച്ച് ഞാൻ ഇവിടെ പറയാൻ

ആഗ്രഹിച്ചതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ,വയോജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങളെക്കുറിച്ചാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞത്. ഇത് നേരത്തെ ബോധ്യപ്പെട്ടതുകൊണ്ടാണ് 2019 നവംബർ 15-ന് ഒരു സ്വകാര്യ ബിൽ ഞാൻ സഭയിൽ കൊണ്ടുവന്നത്. പ്രസ്തുത ബില്ലിനെക്കുറിച്ച് പരാമർശിച്ചതിന് ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്നിനോട് നന്ദി പറയുന്നു. എനിക്ക് ബഹുമാനപ്പെട്ട ചെയറിനോട് പറയാനുള്ളത്, ഒരു സ്വകാര്യ ബില്ലിനെ സർക്കാർ പിന്നീട് ഔദ്യോഗിക ബില്ലായി കൊണ്ടുവരുമ്പോൾ അക്കാര്യത്തെക്കുറിച്ച് പരാമർശിക്കുന്നത് അംഗങ്ങൾക്ക് സ്വകാര്യ ബിൽ അവതരിപ്പിക്കാൻ പ്രേരണയും പ്രചോദനവും നൽകുന്നതിന് ഇടവരുത്തുമെന്നാണ്. അക്കാര്യം ചെയർ ശ്രദ്ധിക്കണമെന്ന അഭിപ്രായമുണ്ട്.

മി. സ്പീക്കർ: അക്കാര്യം ശ്രദ്ധിക്കാം. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, വൈകുന്നേരം 6.30-നാണ് ബാങ്ക് വിളിക്കുന്നത്. തുടർന്ന് ഇഫ്താർ വിരുന്ന് ഒരുക്കിയിട്ടുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ച കാര്യം എന്റെ ശ്രദ്ധയിലുണ്ടായിരുന്നതാണ്. വയോജനങ്ങളെന്ന് കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ഓടിയെത്തുന്നത് ഓൾഡ് ഏജ് ഹോമുകളിൽ താമസിക്കുന്നവരെയാണ്; എന്നാൽ അവരെ മാത്രമല്ല വയോജനങ്ങൾ എന്നുപറയുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ വലിയ വീടുണ്ടായിരിക്കുമെങ്കിലും പല കാരണങ്ങളാൽ പ്രായമുള്ള ആളുകൾ അവിടെ ഒറ്റയ്ക്കായിരിക്കും താമസിക്കുന്നത്. സ്വന്തം മക്കളാൽപ്പോലും ദൂരെയാക്കപ്പെട്ട

വൃദ്ധജനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. വലിയ സമ്പത്തുള്ളവരാണെങ്കിലും മക്കൾ വലുതായാൽ അവർ സ്വന്തം അച്ഛനെയും അമ്മയെയും പരിപാലിക്കാനോ ശുശ്രൂഷിക്കാനോ മുന്നോട്ടുവരുന്നില്ല. അക്കാരണത്താൽ ദയനീയാവസ്ഥയിൽ കഴിയുന്ന ഒരുപാട് ആളുകളെക്കുറിച്ച് നമുക്കറിയാം. ഓൾഡ് ഏജ് ഹോം സന്ദർശിക്കുമ്പോൾ നമ്മുടെ ധാരണ, ആരുമില്ലാത്തതും ആരും സംരക്ഷിക്കാനില്ലാതെ അവഗണിക്കപ്പെട്ടതുമായ ആളുകളാണ് അവിടെയുള്ളതെന്നാണ്. ഞാൻ എല്ലാ ആഴ്ചയും ഓൾഡ് ഏജ് ഹോമിൽ പോകുന്ന ആളാണ്. അവിടെ സമ്പന്ന വീടുകളിലെ ആളുകളാണ് കൂടുതലുമുള്ളതെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. സ്വന്തം വീടുകളിൽ അവർക്ക് വേണ്ടത്ര സ്നേഹവും പരിലാളനയും ലഭിക്കാത്ത സാഹചര്യത്തിൽ അങ്ങനെയുള്ള ആളുകളും ഓൾഡ് ഏജ് ഹോമിലേയ്ക്ക് വരുന്നുണ്ട്. ഈ ബിൽ അത്തരം ആളുകളെ ഉദ്ദേശിച്ചായിരിക്കും എന്ന് കരുതുന്നതുകൊണ്ട് സർക്കാരിന് വൈകിയാണെങ്കിലും വിവേകം ഉദിച്ചതിൽ ഞാൻ അഭിനന്ദിക്കുന്നു. ശ്രീ. പി. ഉബൈദുള്ള സ്വകാര്യ ബില്ലായി സഭയിൽ കൊണ്ടുവന്നപ്പോൾത്തന്നെ ഈ വിഷയം എടുക്കാമായിരുന്നെങ്കിലും അന്ന് ഇത് പരിഗണിച്ചില്ല. Better late than never എന്ന് പറയാറുണ്ടല്ലോ. അക്കാര്യത്തിൽ സർക്കാരിനെ ഞാൻ അഭിനന്ദിക്കുന്നു.

വയോജനങ്ങൾക്ക് നിലവിൽ 1600/- രൂപയാണ് പെൻഷനായി ലഭിക്കുന്നത്. 1600/- രൂപവച്ച് ജീവിക്കാൻ സാധിക്കില്ലെന്ന് നമുക്ക് എല്ലാവർക്കും അറിയാം. ഒരു മനുഷ്യന് ചെലവ് വരുന്നത് ഭക്ഷണത്തിന് മാത്രമല്ല; ചെറിയ സംഖ്യയുണ്ടെങ്കിലും ഭക്ഷണം വാങ്ങി കഴിക്കാം. രോഗം വരുമ്പോഴാണ് ചെലവ് വർദ്ധിക്കുന്നത്. ഇന്ന് പല രോഗങ്ങളും മനുഷ്യനെ ആക്രമിച്ചുകൊണ്ടിരിക്കുകയാണ്. രോഗം വന്നാൽ ചികിത്സിക്കാൻ സാധിക്കാതെ ബുദ്ധിമുട്ടുന്ന

നിരവധി ആളുകൾ നമ്മുടെ നാട്ടിലുണ്ട്. അത്തരം ആളുകളെ എപ്രകാരം സഹായിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ചാണ് ചിന്തിക്കേണ്ടത്.

വൃദ്ധസദനത്തിന്റെ പേര് മാറ്റണമെന്നാണ് എന്റെ അഭിപ്രായം. ഇംഗ്ലീഷിൽ 'ഹാപ്പി ഹോം' എന്നതിനെ തർജ്ജമചെയ്ത് 'ആനന്ദാലയം'/ 'ആനന്ദഭവനം' എന്ന് ഭേദഗതി ചെയ്യാം. ഈ സ്ഥാപനങ്ങളുടെ പേര് ആനന്ദാലയം/ആനന്ദഭവനം എന്തുമായി കൊള്ളട്ടെ; 'വൃദ്ധസദനം' എന്ന വാക്ക് ഒഴിവാക്കണം. നമ്മൾ വൃദ്ധസദനത്തെ ജയിലായി കാണാതെ അവിടെ ഒരു വീടിന്റെ അന്തരീക്ഷം നൽകണം. അത്തരത്തിലുള്ള അന്തരീക്ഷം പ്രതീക്ഷിച്ചുകൊണ്ടാണ് വയോജനങ്ങൾ വൃദ്ധസദനത്തിൽ എത്തുന്നത്. വൃദ്ധസദനത്തിൽ ദമ്പതികൾക്ക് പ്രത്യേക സൗകര്യമില്ല. ദമ്പതികളായി ആനന്ദാലയത്തിൽ താമസിക്കുന്നവർക്ക് പ്രത്യേക സൗകര്യം ഏർപ്പെടുത്തണം. കിടപ്പുരോഗികളെ ചികിത്സിക്കാൻ പലയിടങ്ങളിലും സംവിധാനമില്ല. ഡോക്ടർമാർ ആഴ്ചയിലോ/രണ്ടാഴ്ചയിലോ ഒരിക്കൽ മാത്രം ഹാപ്പി ഹോമിൽ വരുന്ന രീതിയിൽ മാറ്റം വരുത്തണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ വൈകുന്നേരങ്ങളിൽ വയോജനങ്ങൾക്ക് ഒത്തുചേരാൻ സൗകര്യമൊരുക്കുകയും അതിന്റെ ഭാഗമായി സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാനും അവർക്ക് ചിരിക്കാനും പാടാനും ഉറന്ന് സംസാരിക്കാനുമുള്ള സംവിധാനങ്ങളുമൊരുക്കണം. അതുപോലെ ഇവരുടെ സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് വയോജന കമ്മീഷൻ മാത്രം പോര; പ്രത്യേക വകുപ്പുതന്നെ വേണമെന്ന് അഭ്യർഥിക്കുന്നു. വയോധികരുടെ ആരോഗ്യം, തൊഴിൽ,

നൈപുണ്യ വികസനം എന്നിവ ലക്ഷ്യമാക്കി നിരന്തരമായുള്ള ഇടപെടലുണ്ടാകണം. സമയപരിമിതിമൂലവും ബഹു. സ്പീക്കറുടെ നിർദേശം മാനിച്ചുകൊണ്ടും നോമ്പ് തുറക്കാൻ സമയമായെന്ന് അങ്ങ് വീണ്ടും വീണ്ടും ഓർമ്മിപ്പിച്ചതുകൊണ്ടും അങ്ങയുടെ അഭ്യർഥന മാനിച്ച് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ഈ സർക്കാരിനെ പ്രത്യേകമായി പ്രശംസിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. ഇന്നത്തെ കാലത്ത് നാം ചെയ്യേണ്ട പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ് ഈ ബില്ലിലൂടെ നിർവ്വഹിക്കപ്പെടുന്നത്. വയോജനങ്ങൾ എന്നാൽ രക്ഷകർത്താക്കളാണ്. നാട്ടിലെ പാടത്ത് പണിയെടുക്കുന്ന സാധാരണ മനുഷ്യൻ മുതൽ ഉന്നത ശ്രേണിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള സമൂഹത്തിലെ മുതിർന്ന പൗരന്മാർ നമ്മുടെ നാടിന്റെ അസറ്റ് ആണ്. ഇന്നത്തെ ആധുനിക ജീവിത സംവിധാനത്തിന്റെ ഭാഗമായി അവർക്ക് വന്നുചേർന്ന അവസ്ഥയെക്കുറിച്ച്, ഈ ചർച്ചയിൽ പങ്കെടുത്ത ശ്രീ. യു. എ. ലത്തീഫ്, ശ്രീ. എൻ. എ. നെല്ലിക്കുന്ന് എന്നിവർ വ്യക്തമാക്കിയിട്ടുണ്ട്. വയോജനങ്ങൾ അഭിമുഖീകരിക്കുന്ന ഒട്ടേറെ സാമൂഹിക പ്രശ്നങ്ങളിലേക്കാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വിരൽചൂണ്ടുന്നത്. ഇന്ത്യയിലെ പ്രധാനപ്പെട്ട ഒരു മാഗസിൻ നടത്തിയ പഠനത്തിൽ സൂചിപ്പിക്കുന്നത് ഇന്ത്യയിലെ വയോജനങ്ങൾ financial insecurity, health issues, social

isolation എന്നീ മൂന്ന് പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുവെന്നാണ്. ഇത് വയോജനങ്ങൾ അനുഭവിക്കുന്ന പ്രധാനപ്പെട്ട പ്രശ്നമായി കണ്ടുവരുന്നുണ്ട്.

[5.00 PM]

ഐക്യരാഷ്ട്രസഭയുടെ വാർഷിക റിപ്പോർട്ടിൽ ലോകം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് വയോജനങ്ങൾ അനുഭവിക്കുന്ന ഒറ്റപ്പെടലാണെന്ന് പറയുന്നുണ്ട്. 65 മുതൽ 74 വയസ്സുള്ളവർ Young old, 75 മുതൽ 84 വയസ്സുള്ളവർ Middle Old, 85 വയസ്സിനു മുകളിലുള്ളവർ Old old എന്നിങ്ങനെ മൂന്ന് കാറ്റഗറിയായാണ് ഐക്യരാഷ്ട്രസഭ വയോജനങ്ങളെ നിർവചിച്ചിരിക്കുന്നത്. ഈ മൂന്ന് ഘട്ടങ്ങളിലും വയോജനങ്ങൾക്ക് മാനസികമായ ധാരാളം പരിണാമങ്ങൾ സംഭവിക്കുന്നുണ്ട്. സൂര്യപ്രകാശം ഏൽക്കുമ്പോൾപ്പോലും അവരുടെ മനസിലും ശരീരത്തിലുമുണ്ടാകുന്ന ഭാവങ്ങളും വ്യത്യാസങ്ങളും അവരുടെ സ്വഭാവരീതിയെപ്പോലും ബാധിക്കുന്നതാണ്. ഓർമ്മക്കുറവ്, അവർ ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ ചെയ്യാൻ സാധിക്കാതെ വരുമ്പോഴുണ്ടാകുന്ന വിമ്മിട്ടം, അതിനാവശ്യമായ സഹായങ്ങൾ ലഭിക്കാതെ വരുമ്പോൾ തോന്നുന്ന അനിഷ്ടം എന്നിവയെല്ലാം പല കുടുംബങ്ങളിലും പല രൂപത്തിലുള്ള ധാരാളം പ്രയാസങ്ങളുണ്ടാക്കുന്നതായാണ് പ്രധാനമായും അവരുടെ റിപ്പോർട്ടിൽ പറയുന്നത്. 2022-ൽ ലോകത്താകെയുള്ള വയോജനങ്ങളുടെ എണ്ണത്തിൽ 10 ശതമാനം വർധനവാണുണ്ടായിട്ടുള്ളത്; 2050 ആകുമ്പോൾ അവരുടെ എണ്ണം 16 ശതമാനമാകുമെന്നും പറയുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ ഒരു വയോജന സൗഹൃദ ബജറ്റ്

അവതരിപ്പിച്ചവേളയിൽ സൂചിപ്പിച്ചത് ഇവിടെ പ്രായമുള്ളവരുടെ എണ്ണം വർധിക്കുകയും ജനനനിരക്ക് വളരെയധികം കുറയുകയും ചെയ്യുന്നുവെന്നാണ്. കേരളം ഒരു വയോജന സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണെന്ന് മാത്രമല്ല 2025-ൽ കേരളത്തിൽ വയോജനങ്ങളുടെ എണ്ണം 25 ശതമാനത്തിലേക്കെത്തുമെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. 2030 കഴിയുമ്പോൾ വയോജനങ്ങളുടെ എണ്ണം ഏകദേശം ജനസംഖ്യയ്ക്ക് തുല്യമായ നിലയിലെത്തുകയും ചെയ്യും. സാധാരണഗതിയിൽ ആരാണ് ഏറ്റവും മികച്ച അധ്യാപകനെന്ന ചോദ്യത്തിനുത്തരമായി പറയേണ്ടത് നമ്മെ പഠിപ്പിച്ച ഏതെങ്കിലും ഒരു അധ്യാപകന്റെ പേരല്ല; മറിച്ച് 'Experience is the best teacher, അനുഭവമാണ് ഏറ്റവും പ്രധാനപ്പെട്ട അധ്യാപകൻ എന്നാണ്'. 65 വയസ്സോ 70 വയസ്സോ 80 വയസ്സോ കഴിഞ്ഞയാൾ 100 PhD. (Doctor of Philosophy) നേടിയ ഒരാൾക്കു തുല്യമാണ്; മാത്രമല്ല, അവർ ഒരുപാട് അറിവും ജീവിതാനുഭവങ്ങളുമുള്ള പ്രധാനപ്പെട്ട വ്യക്തികളാണ്. ഒരു കുടുംബത്തിൽ മാതാപിതാക്കൾ അവരുടെ കുഞ്ഞുങ്ങളെ വളർത്തി വലുതാക്കി, ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി എടുക്കുന്ന റിസ്കും സ്ട്രെയിനും വളരെ വലുതാണ്. കേരളം പോലെയുള്ള സംസ്ഥാനത്തും വേദനയുണ്ടാക്കുന്ന വാർത്തകൾ നാം കാണുന്നുണ്ട്. മാന്നാറിൽ വൃദ്ധദമ്പതികളെ പൂട്ടിയിട്ട് കത്തിക്കുന്ന സംഭവമുണ്ടായി. കണ്ണൂരിൽ പ്രായമായ അമ്മ ഏതോ ആവശ്യത്തിനായി വാശിപിടിച്ചപ്പോൾ അവരെ ചൂലുകൊണ്ട് അടിക്കുന്ന കാഴ്ചയാണ് ഏഷ്യാനെറ്റ് ചാനൽ പുറത്തുവിട്ടത്. വയോജനങ്ങൾ അനുഭവിക്കുന്ന ഇത്തരത്തിലുള്ള ഒറ്റപ്പെട്ട ചില സംഭവങ്ങൾ നമ്മുടെ നാട്ടിലുണ്ടാകുകയും അതിന്റെ എണ്ണം വർധിച്ചുവരികയും ചെയ്യുന്നുണ്ട്. മാതാപിതാക്കൾ അവരുടെ എല്ലാ ആഗ്രഹങ്ങളും മാറ്റിവച്ച്

കുഞ്ഞായിരിക്കുന്ന അവരുടെ മക്കളെ വളർത്തി ജീവിതത്തിന്റെ ഒരു പ്രധാന ഘട്ടത്തിലേക്ക് കൈപിടിച്ചുയർത്തുമ്പോൾ, സ്വത്തിന്റെ പേരിൽ മാതാപിതാക്കളെ വീട്ടിനുള്ളിൽ പൂട്ടിയിട്ട് കത്തിക്കാൻ എങ്ങനെയാണ് നമ്മുടെ നാട്ടിലെ പുതിയ തലമുറയിലെ അഭ്യസ്തവിദ്യരും മാതാപിതാക്കളെക്കാൾ വിദ്യാഭ്യാസ യോഗത്യയുള്ളവരുമായ മക്കൾക്ക് കഴിയുന്നത്. സ്നേഹത്തിന്റെയും ആർദ്രതയുടെയും കരുണയുടെയും പരസ്പര സംരക്ഷണത്തിന്റെയും ഒരുതലം നഷ്ടപ്പെട്ടുപോകുന്നതും സ്വത്ത് വീതം വയ്ക്കുന്നതുമാണ് നമ്മൾ കാണുന്നത്. മാതാപിതാക്കൾ അവരുടെ ആഗ്രഹങ്ങൾ മാറ്റിവച്ചും ഇഷ്ടങ്ങളെ അവഗണിച്ചുകൊണ്ടുമാണ് നമ്മെ വളർത്തിയെടുത്തത്. അവസാനം അവരുണ്ടാക്കിയ സ്വത്ത് വീതം വയ്ക്കുമ്പോൾ അവരെത്തന്നെ അതിന്റെ ഭാഗമായി പീഡിപ്പിക്കുന്ന സാഹചര്യം നമ്മുടെ നാട്ടിലെ കുറച്ച് കുടുംബങ്ങളിലെങ്കിലും ഉണ്ടാകുന്നുണ്ട്. സോഷ്യൽ ഐസൊലേഷൻ എന്നത് പ്രധാന പ്രശ്നമായി മാറിയിരിക്കുന്നു. വയോജനങ്ങൾക്കായി ധാരാളം പരിപാടികളും പരിഷ്കാരങ്ങളും നമ്മുടെ ഗവൺമെന്റ് നടപ്പാക്കിയിട്ടുണ്ട്. വയോജനങ്ങൾ നേരിടുന്ന ഇത്തരം പ്രശ്നങ്ങൾക്കുള്ള സഹായത്തിനായി Elder line എന്ന ഹെൽപ്പ് ലൈനിൽ വിളിക്കാവുന്നതാണ്; കൂടാതെ അവർക്ക് നേരെയുണ്ടാകുന്ന അക്രമങ്ങൾക്കെതിരെ സഹായത്തിനായുള്ള സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതിയാണ് വയോരക്ഷ. ഇതിനുപുറമെ സംസ്ഥാനത്ത് വയോജന വെബ് പോർട്ടലും ചികിത്സാ മേഖലയിൽ വയോമിത്രം പദ്ധതിയും നടപ്പാക്കുന്നുണ്ട്. സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതിയായ പകൽവീടുകളെക്കുറിച്ചുള്ള വിഷയത്തിൽ 'പകൽവീടുകൾ' എന്ന പേര് നിലനിർത്തുന്നതുകൊണ്ട് വലിയ പ്രശ്നമില്ല; എന്നാൽ വൃദ്ധസദനമെന്ന പേര് വേണമോ എന്നതിനെക്കുറിച്ച് പുനരാലോചന ചെയ്യണമെന്ന കാര്യം ബഹുമാനപ്പെട്ട

മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അഴീക്കോട് മണ്ഡലത്തിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഒരു വൃദ്ധസദനത്തിൽ ഇടയ്ക്കിടയ്ക്ക് ഞങ്ങൾ സന്ദർശനം നടത്താറുണ്ട്. ഇതിനുമുമ്പ് അവിടെ Hindustan Latex Limited-ന്റെ CSR (Corporate Social Responsibility) ഫണ്ടിന്റെ ഭാഗമായി സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതിയുണ്ടായിരുന്നെങ്കിലും ഇടക്കാലത്ത് ഈ പദ്ധതി നിർത്തലാക്കിയിരുന്നു. വൃദ്ധസദനത്തിലുള്ള അന്തേവാസികളെ കാണുന്നതിനായി അവിടെയെത്തുമ്പോൾത്തന്നെ ഭൂരിപക്ഷം ആളുകളും കരയാൻ തുടങ്ങും, കാരണം അവരുടെ മാനസികാവസ്ഥ അതാണ്. അവിടെയെത്തിപ്പെട്ടവരിൽ ഭൂരിപക്ഷം ആളുകളും തിരിഞ്ഞുനോക്കാത്ത അവസ്ഥയായിരുന്നു. വൃദ്ധസദനങ്ങളിൽ താമസിക്കുന്നവരുടെ ജീവിതവും അന്തരീക്ഷവും നമ്മൾ കാണുന്നതിലും എത്രയോ പ്രയാസകരമാണ്. എന്തെങ്കിലും പ്രത്യേക പരിപാടികളുടെ ഭാഗമായി നമ്മൾ അവരെപ്പോയി കാണുകയും സംസാരിക്കുകയും ചെയ്യുന്നതിലൂടെ കുറഞ്ഞത് ആറ് മാസമെങ്കിലും കൂടുതലായി ജീവിച്ചിരിക്കാൻ അവർക്ക് സഹായകരമാകുന്നതാണ്. Old age home എന്ന പേര് വേണമോയെന്ന് പുനരാലോചിക്കണമെന്ന് ഞാൻ പറഞ്ഞത് ബില്ലിന്റെ ഭാഗമായിട്ടല്ലെങ്കിലും അതിന് മറ്റെന്തെങ്കിലും പേര് നൽകാൻ കഴിയുമോയെന്ന് പരിശോധിക്കണം. പ്രായമുള്ളവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെയും ഒറ്റപ്പെടലിനെയും അതിജീവിക്കാൻ സാധിക്കുന്ന വയോ അമൃതം, മന്ദഹാസം, വയോനിധി, ഓർമ്മത്തോണി എന്നിങ്ങനെ ഒട്ടേറെ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. അൽഷിമേഴ്സ് പോലെയുള്ള രോഗങ്ങളും പ്രായത്തിന്റെ ഭാഗമായ ഓർമ്മക്കുറവും പലർക്കും സംഭവിക്കുന്നുണ്ട്. പ്രായമാകുന്നത് ഒരു കുറ്റമല്ല. Living together എന്നതും കുട്ടികൾ വേണ്ടെന്നുമുള്ള പുതിയൊരു പ്രവണത

വർധിച്ചുവരുന്നതിനെക്കുറിച്ച് ശ്രീ. ഇ. കെ. വിജയനുമായി സംസാരിച്ചപ്പോൾ സൂചിപ്പിച്ചിരുന്നു. അത്തരത്തിലുള്ള പ്രവണതയെ ഞാൻ എതിർക്കുകയല്ല; പക്ഷെ ഇത്തരം സാഹചര്യത്തിൽ എന്താണ് സംഭവിക്കുന്നത്? മുമ്പ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ വലിയൊരു വീട്ടിൽ, കുട്ടികളെല്ലാം സംസ്ഥാനംവിട്ട് പുറത്തുപോയി പഠിക്കുകയായിരിക്കും, അവിടെ പ്രായമായ മാതാപിതാക്കൾ മരിച്ചാൽപ്പോലും മക്കൾ അറിയുകയില്ല. നമ്മുടേതുപോലെ സാമൂഹികമായി ഇന്ററാക്ഷൻ നടക്കുന്ന സംസ്ഥാനത്തുപോലും രോഗബാധിതരായി വീട്ടിൽ ഒറ്റയ്ക്കാകുന്ന മാതാപിതാക്കൾ മരിച്ചാൽപ്പോലും അറിയാൻ സാധിക്കാത്ത ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. Living together എന്ന കൾച്ചറിലേക്കും കുട്ടികൾ വേണ്ടെന്നുള്ള പുതിയ ജീവിത ശൈലിയിലേക്കും പോകുന്നത് ധാരാളം സാമൂഹിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. വയോജനങ്ങളുടെ പെരുമാറ്റത്തിലുണ്ടാകുന്ന വ്യതിയാനം സയന്റിഫിക്കാണ്. ഐക്യരാഷ്ട്രസഭ പറയുന്നതനുസരിച്ച് ഓരോ age group-നും Young Old-ലും Middle Old-ലും Old old-ലും വ്യത്യസ്തമായ സ്വഭാവരീതികളായിരിക്കും. എന്നെ വളർത്തിയ അച്ഛനെയും അമ്മയെയും എനിക്ക് സംരക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ ഞാൻ എം.എൽ.എ. ആയാലും മന്ത്രിയായാലും ഏതുസ്ഥാനത്തിരിക്കുന്ന വ്യക്തിയായാലും എന്റെ യോഗ്യതയെന്നുപറയുന്നത് കാലിന്റെ അടിയിലുള്ള ഒരു കടലാസിന്റെ വില പോലുമില്ലാത്തതാണെന്ന ബോധ്യത്തിലുള്ള ഒരു മെസേജ് ഈ സമൂഹത്തിന് നൽകാൻ ഈ ബിൽ ഉപകരിക്കുന്നതാണ്. അത്തരത്തിലൊരു പ്രത്യേക സംസ്കാരം നാം രൂപപ്പെടുത്തിയെടുക്കണം.

ശ്രീ. അൻവർ സാദത്ത്: സർ, വയോജനങ്ങളെയോ അല്ലെങ്കിൽ മാതാപിതാക്കളെയോ

പരിരക്ഷിക്കാത്തതും പ്രായമായ ആളുകൾക്ക് നൽകേണ്ട സ്നേഹവും പരിഗണനയും ആനുകൂല്യവും കൊടുക്കാത്തതുമായ മക്കൾക്കോ അല്ലെങ്കിൽ ഉത്തരവാദിത്വമുള്ളവർക്കോ എതിരെ നിയമപരമായി നേരിടാൻ സാധിക്കാത്ത സാഹചര്യത്തിൽ ഇത്തരക്കാർക്കെതിരെ സഭയിൽ കർശനനിയമം കൊണ്ടുവരാൻ സാധിക്കുമോ?

<u>ശ്രീ. കെ. വി. സുമേഷ്:</u> സർ, നിയമപരമായ സാധ്യതയെക്കുറിച്ച് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രിയും സർക്കാരും ആലോചിക്കേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ലഹരി വിഷയം ചർച്ച ചെയ്യുന്നതുപോലെതന്നെ വയോജനങ്ങളുടെ വിഷയവും കുറച്ചുകൂടി ഗൗരവമായി കണക്കാക്കേണ്ടതാണ്. ഇവിടെ ഉത്തരവാദിത്വത്തിൽനിന്നും അവർ ഒളിച്ചോടുകയാണ്. എന്നെ വളർത്തിയ മാതാപിതാക്കളെ ഏതുഘട്ടത്തിലും സംരക്ഷിക്കാൻ സാധിക്കുന്നില്ലെങ്കിൽ ഞാൻ മകളാണ് അല്ലെങ്കിൽ മകനാണ് എന്നുപറയുന്നതിന്റെ അർഥവും യുക്തിയുമെന്താണ്? കേരളം പോലൊരു സംസ്ഥാനത്ത് മെച്ചപ്പെട്ട സാമൂഹ്യ ജീവിതാന്തരീക്ഷത്തിൽ ഇത് വളരെ അനിവാര്യമാണ്. അവർ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറുന്നുവെന്നത് ഗൗരവമുള്ള ഒരു വിഷയവുമാണ്. ഈ ബില്ലിനെ സൂക്ഷ്മമായി പരിശോധിക്കുന്ന ഘട്ടത്തിൽ ഇതിനൊരു സിവിൽ പാർട്ടിന്റെയോ അർദ്ധ ജുഡീഷ്യൽ സംവിധാനത്തിന്റെയോ അധികാരങ്ങളുണ്ടോയെന്ന തർക്കത്തിലേക്ക് പോകരുത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ സാമൂഹ്യ വികസന ജീവിതാന്തരീക്ഷത്തിൽ കേരളത്തിലെ വർധിച്ചുവരുന്ന ജനസംഖ്യാനുപാതത്തിലെ മാറ്റം പ്രധാനപ്പെട്ട ഒരു വിഷയമായി വരാൻ പോകുകയാണ്. ഈ

വിഷയത്തെ അഡ്രസ് ചെയ്യാതെ നമുക്ക് മുന്നോട്ടു പോകാൻ സാധിക്കില്ല. വയോജനങ്ങൾ സംരക്ഷിക്കപ്പെടേണ്ടവരാണ്, ജീവിതത്തിന്റെ ഭാഗമായി വയോജനങ്ങൾ അനുഭവിക്കുന്ന മാനസികവും ശാരീരികവുമായ പ്രയാസങ്ങളെ അഡ്രസ് ചെയ്യാൻ ഒരു കമ്മീഷൻ വേണമെന്നുള്ളത് അനിവാര്യമായ തലത്തിലേക്ക് മാറിയിരിക്കുന്നു. സാമൂഹ്യനീതി വകുപ്പ് സാമൂഹ്യ പ്രതിബദ്ധതയുള്ള മന്ദഹാസം, ഓർമ്മത്തോണി തുടങ്ങിയ പതിനഞ്ചിലേറെ പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പാക്കുന്നുണ്ട്. കേരളം പോലൊരു സംസ്ഥാനത്ത് ഈ കമ്മീഷന്റെ വരവോടെ മെച്ചപ്പെട്ട ഒരു വയോജന സൗഹൃദ അന്തരീക്ഷം ഉണ്ടാക്കിയെടുക്കാൻ സാധിക്കും. നമ്മുടെ സംസ്ഥാനത്ത് ജനനനിരക്കിലുണ്ടായ കുറവിനെ പ്രധാനമായി കാണണം. ഇത്തവണത്തെ ഒന്നാം ക്ലാസിലേക്കുള്ള കുട്ടികളുടെ പ്രവേശനത്തിന്റെ എണ്ണം വളരെ കുറഞ്ഞിരിക്കുന്നവെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. കേരളത്തിന്റെ സാമൂഹിക ജീവിതാന്തരീക്ഷം വലിയൊരു മാറ്റത്തിലേക്ക് പോകുന്ന ഈ ഘട്ടത്തിൽ ഇത്തരത്തിലൊരു വയോജന കമ്മീഷൻ രൂപീകരിക്കേണ്ടത് അനിവാര്യമാണ്. വയോജനങ്ങൾ സമൂഹത്തിന്റെ രക്ഷകർത്താക്കളാണ്. എത്ര ഉയരത്തിലെത്തിയാലും എത്ര താഴെയെത്തിയാലും ഒരേ മനസോടെ നമ്മെ ചേർത്തുപിടിക്കുന്നത് നമ്മുടെ സ്വന്തം മാതാപിതാക്കൾ മാത്രമാണെന്നുള്ളതാണ് ലോകത്തെ ഇത:പര്യന്തമുള്ള യാഥാർഥ്യമെന്ന് നാം മനസിലാക്കണം. അച്ഛനും അമ്മയുമെന്ന് നാം പറയുന്നത് ഒരു പർവതനിരയേക്കാൾ ഉയരമുള്ള സ്നേഹത്തിന്റെയും ആർദ്രതയുടെയും സൗഹൃദത്തിന്റെയും തലോടലിന്റെയും വാചകങ്ങളാണ്. അവർക്ക് പകരം വയ്ക്കാൻ നമുക്ക് മറ്റൊരു വാചകമില്ല. നിശ്ചയമായും രക്ഷകർത്താക്കളുടെ സംരക്ഷണത്തിനും പരിരക്ഷയ്ക്കും അവരുടെ സാമൂഹ്യ ശ്രദ്ധയ്ക്കുംവേണ്ടി

എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു അവതരിപ്പിച്ച വയോജന കമ്മീഷൻ ബിൽ കേരളത്തിലെ വയോജനസൗഹൃദ അന്തരീക്ഷത്തിന്റെ ഒരു ചരിത്ര നിമിഷമായി മാറുമെന്ന കാര്യത്തിൽ തർക്കമില്ല. എല്ലാ അർഥത്തിലും ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വളരെ പരിപക്വമായ വ്യക്തിത്വവും നിയമജ്ഞനുമായ ശ്രീ. യു. എ. ലത്തീഫ് വയോജന കമ്മീഷന്റെ ആവശ്യമെന്താണെന്ന് സഭയിൽ ചോദിച്ചതു കേട്ടപ്പോൾ വളരെയധികം വേദന തോന്നി. തൊട്ടടുത്തിരിക്കുന്ന ശ്രീ. പി. ഉബൈദുള്ളയ്ക്ക് 2019-ൽ കമ്മീഷൻ വേണമെന്ന ബോധ്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സ്നേഹിതനും സീനിയർ സിറ്റിസണും നിയമജ്ഞനുമായ ശ്രീ. യു. എ. ലത്തീഫ് പറയുന്നത് കേന്ദ്ര നിയമമുള്ളതുകൊണ്ട് ഒരു കമ്മീഷന്റെ ആവശ്യമില്ലെന്നാണ്. ഏട്ടിലെ പശു പുല്ല് തിന്നില്ല. നിയമമുള്ളതുകൊണ്ട് ഇവിടെ സംരക്ഷണ സംവിധാനങ്ങളോ മറ്റ് നീതിനിർവഹണ സംവിധാനങ്ങളോ വേണ്ടെന്ന് നമുക്ക് പറയാൻ കഴിയുമോ; ബലാൽസംഗത്തിനെതിരെ നിയമമില്ലേ; എന്നിട്ടും ഈ രാജ്യത്ത് അത് നടക്കുന്നില്ലേ? സ്ത്രീകളുടെ സംരക്ഷണാർത്ഥം കേന്ദ്ര-സംസ്ഥാന നിയമങ്ങളുണ്ട്, എന്നിട്ടും വനിതാ കമ്മീഷൻ പ്രവർത്തിക്കുന്നില്ലേ; ഇവിടെ കുറ്റകൃത്യങ്ങൾ വർധിക്കുകയാണ്. 2019-ൽ വേണ്ടെന്ന് പറഞ്ഞ കാര്യം ഇപ്പോൾ എങ്ങനെ ആവശ്യമുണ്ടായി എന്ന് ചോദിച്ചു. ഓരോ ദിവസം കഴിയുംതോറും അവസ്ഥ മോശമായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ

പ്രധാനപ്പെട്ട കാരണം നിങ്ങൾതന്നെ ഏറ്റവും ഗംഭീരമായ നിലയിൽ ഉദ്ഘാടനം ചെയ്ത ആഗോളവൽക്കരണ നയങ്ങൾ കൂടിയാണ്; അതായത്, 'ഉപയോഗിക്കൂ വലിച്ചെറിയൂ' അഥവാ 'Use and throw' എന്ന നയം. 'ചായ കുടിക്കുക ഗ്ലാസ് വലിച്ചെറിയുക, വെള്ളം കുടിക്കുക കുപ്പി വലിച്ചെറിയുക' എന്ന ഡിസ്പോസിബിൾ സംസ്കാരത്തിന്റെ ഭാഗമായാണ് ഇന്ന് വയോജനങ്ങൾ യാതന അനുഭവിക്കേണ്ടിവരുന്നത്. സ്വന്തം മക്കൾ തന്നെ അമ്മയെയും അമ്മൂമ്മയെയും തല്ലിക്കൊല്ലുന്ന അവസ്ഥ ഉണ്ടാകുന്നെങ്കിൽ അതിന്റെ കാരണം കമ്പോളാധിഷ്ഠിതമായ മൂല്യങ്ങൾ ശക്തിപ്പെടുന്നതാണ്. കമ്പോള കേന്ദ്രീകൃതമായ വ്യവസ്ഥയ്ക്കാണ് ആ രീതിയിൽ പ്രവർത്തിക്കാൻ സാധിക്കുന്നത്. അതുകൊണ്ട് ആ വ്യവസ്ഥയിൽ മർദ്ദകമായ രീതിയിലുള്ള ഹിംസാത്മകത വർധിച്ചുവരുമ്പോൾ നമ്മുടെ വയോജനങ്ങൾക്ക് നല്ലരീതിയിൽ സംരക്ഷണം കൊടുക്കേണ്ടതുകൊണ്ടാണ് ഇന്നത്തെ കാലത്ത് വയോജന കമ്മീഷൻ അനിവാര്യമായി കരുതപ്പെടുന്നത്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് വളരെ പോസിറ്റീവായി ഈ ബില്ലിനെ കാണുകയും മനോഹരമായ നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. അവയെല്ലാം പരിഗണിക്കുന്നതാണ് എന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുന്നു.

വിയോജനക്കുറിപ്പിന്റെ ഭാഗമായി MWPSC (Maintenance and Welfare of Parents and Senior Citizens Act, 2007) ആക്ടുമായി വൈരുദ്ധ്യമുള്ള യാതൊരംശവും ഇപ്പോൾ അവതരിപ്പിച്ച ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. മാത്രമല്ല ഈ ആക്ട് നിഷ്കർഷിക്കുന്ന വിധത്തിലുള്ള കാര്യങ്ങൾ ഫലപ്രാപ്തിയിൽ കൊണ്ടുവരുന്നതിന് നല്ലരീതിയിൽ ഇടപെടാൻ

കഴിയുന്നവിധത്തിലാണ് വയോജന കമ്മീഷൻ വിഭാവനം ചെയ്തിട്ടുള്ളത്. പൂർണ്ണമായും വയോജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ കഴിയുന്ന ഒരു സംവിധാനമായി നമുക്കതിനെ നിലനിർത്തണമെന്നാണ് ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർഥിക്കാനുള്ളത്. വയോജന കമ്മീഷന്റെ ചെയർപേഴ്സണിന് ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയായിരിക്കും എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്; മറിച്ച് ഗവൺമെന്റ് സെക്രട്ടറിയാണ് ചെയർമാൻ ആയിരിക്കുക എന്നല്ല ഉദ്ദേശിക്കുന്നത്. അതുകൊണ്ടുതന്നെ കമ്മീഷന്റെ ചെയർപേഴ്സൺ വിരമിച്ച വ്യക്തിയാണോ എന്നുള്ള ചോദ്യത്തിന് പ്രസക്തിയില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ സർക്കാർ വൃദ്ധസദനങ്ങളുടെ പേര് 'സ്നേഹാലയം' എന്നാക്കി മാറ്റിയിട്ടുണ്ട്. ഈ ബില്ലിൽ 'വൃദ്ധസദനം' എന്ന വാക്കുപയോഗിക്കാൻ പ്രധാന കാരണം 'സംരക്ഷണകേന്ദ്രം' എന്നതിന്റെ നിർവചനത്തിൽ 'വൃദ്ധസദനങ്ങൾ' എന്നാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആക്ടിലെ വ്യവസ്ഥകൾ വയോജനങ്ങളെ സംരക്ഷിക്കുന്ന ഏത് കേന്ദ്രത്തെയും ഉൾപ്പെടുന്ന വിധത്തിലാണ് എന്നുള്ളതുകൊണ്ടുകൂടിയാണ് 'വൃദ്ധസദനങ്ങൾ' എന്ന വാക്കുതന്നെ ഉപയോഗിച്ചത്. ബില്ലിൽ വ്യവസ്ഥ ചെയ്യുന്നതുപ്രകാരം സ്വന്തം കൈപ്പടയിൽ എഴുതുന്ന രാജിക്കത്തിനെ സംബന്ധിച്ച് ഒരു സംശയം ഇവിടെ ഉയർന്നുവന്നു. അതിന് എന്ത് മാർഗ്ഗങ്ങളാണോ നിലവിൽ സ്വീകരിക്കുന്നത് അതിൽനിന്ന് വ്യത്യസ്തമായി എല്ലാവരും കൈകൊണ്ട് എഴുതിക്കൊടുക്കണമെന്നല്ല ഉദ്ദേശിക്കുന്നത്. സ്വമനസ്സാലെ ഒപ്പിട്ട് നൽകണമെന്നുതന്നെയാണ് അതിന്റെ ആശയം. വയോജനങ്ങളെ സംരക്ഷിക്കാത്ത മക്കൾക്കോ ഉത്തരവാദിത്വമുള്ളവർക്കോ എതിരെ ഒരു നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ശ്രീ. അൻവർ സാദത്ത് സൂചിപ്പിച്ചു. നിലവിലുള്ള കേന്ദ്ര നിയമത്തിൽ പിഴയും തടവും

നിഷ്കർഷിക്കുന്നുണ്ട്. MWPSC Act എന്നത് വളരെ ശക്തമായൊരു നിയമമാണ്. അതിന്റെ ഇംപ്ലിമെന്റേഷൻ കൃത്യമായി നടപ്പാക്കുന്നതിനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ഇന്നത്തെ അരക്ഷിതമായ സാഹചര്യത്തിലും അത് കൂടുതൽ തീവ്രമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലും വയോജനങ്ങൾക്കുനേരെ ശാരീരികവും മാനസികവുമായ അതിക്രമങ്ങൾ വർധിച്ചുവരുന്ന പശ്ചാത്തലത്തിലും ഇത്തരത്തിൽ ഒരു വയോജന കമ്മീഷൻ അനിവാര്യമായി വരികയാണ്. സംസ്ഥാനത്ത് വനിതാ കമ്മീഷനും യുവജന കമ്മീഷനും മനുഷ്യാവകാശ കമ്മീഷനും ഭിന്നശേഷിക്കാർക്കുള്ള കമ്മീഷനുമുണ്ട്. ഭിന്നശേഷിക്കാർക്കുള്ള കേന്ദ്രനിയമം നിലവിലുണ്ട്. വയോജന കമ്മീഷൻ രൂപീകരിക്കുന്നത് അത്തരം നിയമങ്ങളൊക്കെ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും വിജിലന്റായി പ്രവർത്തിക്കുന്നതിനും വേണ്ടിയാണ്. കേന്ദ്ര വയോജന നയത്തിൽ ഇത്തരത്തിൽ വയോജന കമ്മീഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിർദേശം മുന്നോട്ടുവയ്ക്കുന്നുണ്ട്. ഇത് യാതൊരുവിധത്തിലും കേന്ദ്രനിയമവുമായി വൈരുദ്ധ്യമുള്ള ഒരു നിയമമല്ലെന്ന മാത്രമല്ല, ഇന്നത്തെ കാലത്ത് അനിവാര്യമായ ഒരു സംവിധാനമായി അത് മാറുകയാണ്. മുൻകാലത്തെപ്പോലെ വയോജനങ്ങളെ കേന്ദ്രീകരിച്ചുനിൽക്കുന്ന കുടുംബവ്യവസ്ഥയല്ല ഇന്ന് നമുക്കുള്ളത്. കൂട്ടുകുടുംബത്തിന്റെ അവസാനം കുറിച്ചുകൊണ്ട് അണുകുടുംബത്തിലേക്ക് സമൂഹമാകെ വഴിമാറിയപ്പോൾ ഏറ്റവും പ്രയാസമനുഭവിക്കുന്ന ഒരു ജനത എന്നുപറയുന്നത് വയോജനങ്ങളാണ്. ഒരുപക്ഷേ സാമ്പത്തികമായി ശേഷിയുള്ളവരെക്കാളും വളരെ ശോചനീയാവസ്ഥയിലാണ് മരുന്നുപോലും കൃത്യസമയത്ത് ലഭിക്കാനില്ലാത്ത സാധാരണക്കാരായ വയോജനങ്ങൾ. അവരിലേയ്ക്ക് സഹായമെത്തിക്കാൻ

കഴിയുന്നവിധത്തിലാണ് വയോജന കമ്മീഷൻ വിഭാവനം ചെയ്തിട്ടുള്ളത്. സമൂഹത്തിന്റെ ഏത് തലത്തിലുള്ളവരായാലും സമ്പന്നരായാലും ദരിദ്രരായാലും വയോജനങ്ങൾ ഇന്ന് പലരീതിയിലുള്ള സങ്കടങ്ങളും നിവൃത്തികേടും ഏറ്റുവാങ്ങിയാണ് ജീവിക്കുന്നത്. അതുകൊണ്ടുതന്നെ വയോജന കമ്മീഷൻ കൃത്യമായ അധികാരങ്ങളും ചുമതലകളും നിർവഹിക്കുമ്പോൾ അത് വലിയൊരളവിൽ ഈ ജനതയുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന് കണ്ടുകൊണ്ടുതന്നെ പ്രസ്തുത ബില്ലിന്മേൽ സബ്ജക്ട് കമ്മിറ്റി പരിഗണിച്ച എല്ലാ കാര്യങ്ങളും സഭ അംഗീകരിക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ബഹുമാനപ്പെട്ട മന്ത്രി ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിച്ച് കേൾപ്പിച്ചതിൽ വളരെ സന്തോഷം. പക്ഷേ ഞാൻ പറഞ്ഞത് ഈ ബില്ലിൽ വയോജനങ്ങളെ സഹായിക്കുന്ന ഒരു വകുപ്പുമില്ല എന്നാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട 9, 10 വകുപ്പുകളിൽ വയോജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള എന്തെങ്കിലും അധികാരമോ നടപടിയോ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നില്ല. വയോജനങ്ങളെ സഹായിക്കാനുള്ള നിലപാടുണ്ടാകണമെന്നാണ് ഉദ്ദേശിച്ചത്.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന്, 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതിയെ

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ്, 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

225. ഖണ്ഡം 2-ൽ "മറ്റ് " എന്നതിന് പകരം "മറ്റുള്ള" എന്ന് ചേർക്കുക.

227. ഖണ്ഡം 2(എ)-ൽ "സംരക്ഷിക്കുന്നതിനുള്ള" എന്നതിന് പകരം "സംരക്ഷിക്കാനുള്ള" എന്ന് ചേർക്കുക.

270. ഖണ്ഡം 2(സി)-ൽ "പ്രകാരം" എന്നതിന് പകരം "പ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

228. ഖണ്ഡം 2(എ)-ൽ "സർക്കാർ വൃദ്ധസദനങ്ങളോ അല്ലെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ" എന്നതിന് പകരം "സർക്കാരിന്റെയോ ഓർഫനേജ് കൺട്രോൾ ബോർഡിന്റെയോ" എന്ന് ചേർക്കുക.

246. ഖണ്ഡം 2(എ)-ൽ "വൃദ്ധസദനങ്ങളോ അല്ലെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള വൃദ്ധസദനങ്ങളോ" എന്നതിന് പകരം "നിയന്ത്രണത്തിലുള്ള വയോജന കേന്ദ്രങ്ങളോ, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിലുള്ള വയോജന കേന്ദ്രങ്ങളോ" എന്ന് ചേർക്കുക.

275. ഖണ്ഡം 2 (ഡി)-ൽ "പൂർത്തിയായിട്ടുള്ള ഒരാൾ" എന്നതിന് പകരം "പൂർത്തിയായവർ മുതലുള്ള വ്യക്തികൾ" എന്ന് ചേർക്കുക.

299. ഖണ്ഡം 2(എച്ച്) ഒഴിവാക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

231. ഖണ്ഡം 2(എ)-ൽ "സർക്കാർ വൃദ്ധസദനങ്ങളോ അല്ലെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള വൃദ്ധസദനങ്ങളോ" എന്നതിന് പകരം "സർക്കാരിന്റെ നിയന്ത്രണത്തിലുള്ള വയോജന കേന്ദ്രങ്ങളോ, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്ന വയോജനകേന്ദ്രങ്ങളോ" എന്ന് ചേർക്കുക.

260. ഖണ്ഡം 2 (എ)-ൽ "വൃദ്ധസദനങ്ങളോ അല്ലെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള വൃദ്ധസദനങ്ങളോ" എന്നതിന് പകരം "വയോജനകേന്ദ്രങ്ങളോ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനുള്ള വയോജന കേന്ദ്രങ്ങളോ" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

234. ഖണ്ഡം 2(എ)-ൽ "സർക്കാർ" എന്നതിന് ശേഷം "നടത്തുന്ന" എന്ന് ചേർക്കുക.

305. ഖണ്ഡം 2(എച്ച്)-ൽ "വയോജനങ്ങളെ പാർപ്പിക്കുന്നതോ സംരക്ഷിക്കുന്നതോ ആയ" എന്നതിന് പകരം "സംരക്ഷണം നൽകുന്ന" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

238. ഖണ്ഡം 2(എ)-ൽ "സർക്കാർ" എന്നതിന് ശേഷം "നിയന്ത്രണത്തിലുള്ള" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

249. ഖണ്ഡം 2(എ)-ൽ "വൃദ്ധസദനങ്ങളോ അല്ലെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള വൃദ്ധസദനങ്ങളോ" എന്നതിന് പകരം" വയോജന കേന്ദ്രങ്ങളോ അല്ലെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള വയോജന കേന്ദ്രങ്ങളോ" എന്ന് ചേർക്കുക.

301. ഖണ്ഡം 2(എച്ച്)-ൽ "വൃദ്ധസദനം" എന്നതിന് പകരം "വയോജന കേന്ദ്രം" എന്ന് ചേർക്കുക.

325. ഖണ്ഡം 2(ഐ)-ൽ "നിർണ്ണയിക്കപ്പെട്ട" എന്ന വാക്ക് വരുന്നിടത്തെല്ലാം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

252. ഖണ്ഡം 2 (എ)-ൽ "വൃദ്ധസദനങ്ങളോ അല്ലെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള വൃദ്ധസദനങ്ങളോ" എന്നതിന് പകരം "നിയന്ത്രണത്തിലുള്ളതോ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിലുള്ള അംഗീകൃത വയോജന കേന്ദ്രങ്ങളോ" എന്ന് ചേർക്കുക.

295. ഖണ്ഡം 2 (ജി)-ൽ "എന്നാൽ" എന്നതിന് ശേഷം "സർക്കാർ" എന്ന് ചേർക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

263. ഖണ്ഡം 2(എ)-ൽ "അംഗീകാരമുള്ള വൃദ്ധസദനങ്ങളോ" എന്നതിനു ശേഷം "മറ്റ് സർക്കാർ അംഗീകാരത്തോടെയോ സർക്കാർ സഹായത്തോടെയോ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങളോ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

264. ഖണ്ഡം 2(എ)-ൽ "അംഗീകാരമുള്ള" എന്നതിന് ശേഷം "സ്വകാര്യ" എന്ന് ചേർക്കുക.

321. ഖണ്ഡം 2(എച്ച്)-ൽ "ആയ" എന്നതിന് പകരം "ആയയും നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിച്ചു പോരുന്നതുമായ" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

269. ഖണ്ഡം 2(സി)-ൽ "എന്നാൽ" എന്നതിന് ശേഷം "ഈ ആക്ടിലെ" എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

278. ഖണ്ഡം 2 (ഡി)-ൽ "പൂർത്തിയായിട്ടുള്ള ഒരാൾ"എന്നതിന് പകരം "പൂർത്തിയായിട്ടുള്ളവരും അതിന് മുകളിൽ പ്രായമുള്ളവരും" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

285. ഖണ്ഡം 2 (ഡി)-ൽ, "ഒരാൾ" എന്നതിന് പകരം "ഒരു ഇൻഡ്യൻ പൗരൻ" എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

289. ഖണ്ഡം 2 (എഫ്)-ൽ, "എന്നാൽ" എന്നതിന് ശേഷം "വയോജന" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

303. ഖണ്ഡം 2(എച്ച്)-ൽ "എന്നാൽ" എന്നതിന് ശേഷം "സ്വന്തം വീട്ടിലോ ബന്ധു വീടുകളിലോ അല്ലാതെ" എന്ന് ചേർക്കുക.

322. ഖണ്ഡം 2(എച്ച്)-ൽ "ആയ" എന്നതിന് പകരം "ആയി പ്രത്യേകമായി നടത്തപ്പെടുന്ന" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

308. ഖണ്ഡം 2(എച്ച്)-ൽ "പാർപ്പിക്കുന്നതോ" എന്നതിന് പകരം "താമസിപ്പിക്കുന്നതോ" എന്ന് ചേർക്കുക.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

311. ഖണ്ഡം 2(എച്ച്)-ൽ "പാർപ്പിക്കുന്നതോ സംരക്ഷിക്കുന്നതോ" എന്നതിന് പകരം "താമസിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള അംഗീകൃത വയോജന കേന്ദ്രം" എന്ന് ചേർക്കുക.

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

329. ഖണ്ഡം 2(ഐ)-ൽ "ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട" എന്നതിന് പകരം "ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: 229, 230 എന്നീ നമ്പർ ഭേദഗതികൾ 228-ാം നമ്പർ ഭേദഗതിക്കും 232, 233 എന്നീ നമ്പർ ഭേദഗതികൾ 231-ാം നമ്പർ ഭേദഗതിക്കും 235 മുതൽ 237 വരെയുള്ള

ഭേദഗതികൾ 234-ാം നമ്പർ ഭേദഗതിക്കും 242 മുതൽ 245 വരെയുള്ള ഭേദഗതികളും 247, 248 എന്നീ നമ്പർ ഭേദഗതികളും 246-ാം നമ്പർ ഭേദഗതിക്കും 250, 251 എന്നീ നമ്പർ ഭേദഗതികൾ 249-ാം നമ്പർ ഭേദഗതിക്കും 253 മുതൽ 256 വരെയുള്ള ഭേദഗതികൾ 252-ാം നമ്പർ ഭേദഗതിക്കും 257 മുതൽ 259 വരെയുള്ള ഭേദഗതികൾ 260-ാം നമ്പർ ഭേദഗതിക്കും 276, 277 എന്നീ നമ്പർ ഭേദഗതികൾ 275-ാം നമ്പർ ഭേദഗതിക്കും 279, 280 എന്നീ നമ്പർ ഭേദഗതികൾ 278-ാം നമ്പർ ഭേദഗതിക്കും 286 മുതൽ 288 വരെയുള്ള ഭേദഗതികൾ 285-ാം നമ്പർ ഭേദഗതിക്കും 290, 291 എന്നീ നമ്പർ ഭേദഗതികൾ 289-ാം നമ്പർ ഭേദഗതിക്കും 294, 296 എന്നീ നമ്പർ ഭേദഗതികൾ 295-ാം നമ്പർ ഭേദഗതിക്കും 297, 298 എന്നീ നമ്പർ ഭേദഗതികൾ 299-ാം നമ്പർ ഭേദഗതിക്കും 300, 302 എന്നീ നമ്പർ ഭേദഗതികൾ 301-ാം നമ്പർ ഭേദഗതിക്കും 304, 306, 307 എന്നീ നമ്പർ ഭേദഗതികൾ 305-ാം നമ്പർ ഭേദഗതിക്കും 309, 310 എന്നീ നമ്പർ ഭേദഗതികൾ 308-ാം നമ്പർ ഭേദഗതിക്കും 312, 313 എന്നീ നമ്പർ ഭേദഗതികൾ 311-ാം നമ്പർ ഭേദഗതിക്കും 326, 327 എന്നീ നമ്പർ ഭേദഗതികൾ 325-ാം നമ്പർ ഭേദഗതിക്കും 330-ാം നമ്പർ ഭേദഗതി 329-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 225, 227, 270 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 228, 246, 275, 299 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 231, 260 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 234, 305 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 238-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 249, 301, 325 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 252, 295 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 263-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 264, 321 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 269-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 289-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 303, 322 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതിക്കൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

339. ഖണ്ഡം 3(1)-ൽ "സർക്കാർ," എന്നത് ഒഴിവാക്കുക.

377. ഖണ്ഡം 3 (1) താഴെപ്പറയും പ്രകാരം മാറ്റുക.
"(1) ഈ നിയമം പ്രാബല്യത്തിൽ വന്നതിന് ശേഷം കഴിയുന്നത്രവേഗം ഈ നിയമത്തിൻകീഴിലുള്ള വയോജന കമ്മീഷനിലേക്ക് എത്തിച്ചേർന്നിട്ടുള്ള അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് വേണ്ടി സർക്കാർ ഗസറ്റ് വിജ്ഞാപനം മുഖേന, 'കേരള സംസ്ഥാന വയോജന സംരക്ഷണ കമ്മീഷൻ' എന്ന പേരിൽ ഒരു ആസ്ഥാനം രൂപീകരിക്കേണ്ടതാണ്. "

428. ഖണ്ഡം 3(3)-ൽ "വയോജനങ്ങൾ ആയിരിക്കേണ്ടതും" എന്നത് ഒഴിവാക്കുക.

474. ഖണ്ഡം 3(4)-ൽ "നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരാളെ" എന്നതിന് പകരം "നിയമ ബിരുദധാരി കൂടിയായ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനെ" എന്ന് ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

342. ഖണ്ഡം 3(1)-ൽ "സർക്കാർ, ഈ ആക്ടിന്റെ പ്രാരംഭ തീയതിക്കു" എന്നതിന് പകരം " ഈ ആക്ട് പ്രാബല്യത്തിൽ വന്നതിന് " എന്നത് ചേർക്കുക.

355. ഖണ്ഡം 3(1)-ൽ "പ്രാരംഭ തീയതിക്കു" എന്നതിന് പകരം "പ്രാബല്യത്തിൽ വന്നതിന്" എന്ന് ചേർക്കുക.

415. ഖണ്ഡം 3(2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) സർക്കാർ നാമനിർദ്ദേശം വഴി നിയമിക്കുന്ന ഒരു ചെയർപേഴ്സനും, ആറ് അംഗങ്ങളിൽ കവിയാത്ത എണ്ണം അംഗങ്ങളും ചേർന്നതാണ് വയോജന കമ്മീഷൻ."

455. ഖണ്ഡം 3(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) ചെയർപേഴ്സൺ ഉൾപ്പെടെ കമ്മീഷനിൽ സർക്കാർ നാമനിർദ്ദേശം നൽകുന്ന അംഗങ്ങളിൽ 50% വയോജനങ്ങളിൽ നിന്നുള്ളവരും വയോജന ക്ഷേമ മേഖലകളിൽ പ്രവർത്തന പരിചയമുള്ളവരോ, പൊതുരംഗത്ത് പ്രവൃത്തിപരിചയ മുള്ളവരോ ആയിരിക്കേണ്ടതും, അംഗങ്ങളിൽ ഒരാൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ളവരും മറ്റൊരാൾ വനിതയുമായിരിക്കേണ്ടതുമാണ്".

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

345. ഖണ്ഡം 3(1)-ൽ "സർക്കാർ, ഈ ആക്ടിന്റെ പ്രാരംഭ തീയതിക്കു ശേഷം കഴിയുന്നത്ര വേഗം" എന്നതിന് പകരം " ഈ നിയമം പ്രാബല്യത്തിൽ വന്നതിനു ശേഷം എത്രയും വേഗം " എന്ന് ചേർക്കുക.

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

348. ഖണ്ഡം 3 (1)-ൽ "ആക്ടിന്റെ പ്രാരംഭ" എന്നതിന് പകരം "ആക്ട് പ്രാബല്യത്തിൽ വന്ന" എന്ന് ചേർക്കുക.

402. ഖണ്ഡം 3(2)-ൽ "നാലിൽ" എന്നതിന് പകരം "അഞ്ചിൽ" എന്ന് ചേർക്കുക.

466. ഖണ്ഡം 3(4)-ൽ, "സർക്കാർ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്നതിന് പകരം "സംസ്ഥാന സർക്കാർ സാമൂഹ്യനീതി വകുപ്പിലെ ഗസറ്റഡ് റാങ്കിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

351. ഖണ്ഡം 3(1)-ൽ "ആക്ടിന്റെ പ്രാരംഭ" എന്നതിന് പകരം "ആക്ട് നിലവിൽ വന്ന" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

369. ഖണ്ഡം 3(1) താഴെപ്പറയും പ്രകാരം മാറ്റുക.

"(1) ഈ നിയമം പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക്, ഈ നിയമത്തിൻ കീഴിൽ വയോജന കമ്മീഷന് നൽകിയിട്ടുള്ള അധികാരാവകാശങ്ങൾ വിനിയോഗിക്കുന്നതിനും, ചുമതലകൾ നിർവ്വഹിക്കുന്നതിനും, സർക്കാർ ഒരു ഗസറ്റ് വിജ്ഞാപനത്തിലൂടെ, 'കേരള സംസ്ഥാന വയോജന കമ്മീഷൻ' എന്ന പേരിൽ ഒരു ആസ്ഥാനം രൂപീകരിക്കേണ്ടതാണ്."

475. ഖണ്ഡം 3(4)-ൽ "സർക്കാർ ധനകാര്യ വകുപ്പ് " എന്നതിന് പകരം "സംസ്ഥാന സർക്കാർ വകുപ്പിലെ" എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

381. ഖണ്ഡം 3 (2)-ൽ "കമ്മീഷനിൽ " എന്നതിന് മുമ്പായി "വയോജന" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

384. ഖണ്ഡം 3(2)-ൽ "സർക്കാർ" എന്നതിന് ശേഷം "ഗസറ്റ്" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

386. ഖണ്ഡം 3(2)-ൽ "വിജ്ഞാപനം വഴി" എന്നതിന് പകരം "നാമനിർദ്ദേശം നൽകുന്ന"എന്ന് ചേർക്കുക.

389. ഖണ്ഡം 3(2)-ൽ "നിയമിക്കുന്ന" എന്നതിന് പകരം "നിയമിക്കപ്പെടുന്ന" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

395. ഖണ്ഡം 3(2)-ൽ "നാലിൽ" എന്നതിന് പകരം "മൂന്നിൽ" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

409. ഖണ്ഡം 3(2)-ൽ "നാലിൽ കവിയാത്ത" എന്നതിന് പകരം "6-ൽ കുറയാത്ത" എന്ന് ചേർക്കുക.

441. ഖണ്ഡം 3(3)-ൽ "മേഖലയിൽ" എന്നതിന് പകരം "മേഖലയിലോ അനുബന്ധ മേഖലകളിലോ" എന്ന് ചേർക്കുക.

471. ഖണ്ഡം 3(4)-ൽ "സർക്കാർ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്നതിന് പകരം "സംസ്ഥാന സർക്കാർ സാമൂഹ്യക്ഷേമവകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

490. ഖണ്ഡം 3(5)-ൽ "നിർണ്ണയിക്കപ്പെടുന്ന" എന്നതിന് പകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

413. ഖണ്ഡം 3(2)-ൽ "കവിയാത്ത എണ്ണം" എന്നതിന് പകരം "കവിയാത്ത മറ്റ്" എന്ന് ചേർക്കുക.

423. ഖണ്ഡം 3(3)-ൽ "ഉൾപ്പെടെ" എന്നതിന് ശേഷം "(2)-ാം ഉപവകുപ്പ് പ്രകാരം" എന്ന വാക്കുകളും അക്കവും ചിഹ്നവും ചേർക്കുക.

452. ഖണ്ഡം 3(3)-ൽ "പട്ടികജാതികളിലോ പട്ടിക ഗോത്രവർഗ്ഗങ്ങളിലോ" എന്നതിന് പകരം "പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോ " എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

417. ഖണ്ഡം 3(2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) വയോജന കമ്മീഷനിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ചെയർപേഴ്സനും, ആറിൽ കുറയാത്ത അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്."

459. ഖണ്ഡം 3(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) വയോജന കമ്മീഷനിൽ സർക്കാർ നാമനിർദ്ദേശം നൽകുന്ന അംഗങ്ങളിൽ അൻപത് ശതമാനത്തിൽ കുറയാത്ത വയോജനങ്ങളുണ്ടാകേണ്ടതും, ചെയർപേഴ്സൺ അടക്കമുള്ള അംഗങ്ങൾ വയോജനക്ഷേമ മേഖലയിലോ, മറ്റു പൊതുരംഗങ്ങളിലോ സേവനപരിചയമുള്ളവരോ ആയിരിക്കേണ്ടതും, അംഗങ്ങളിൽ ഒരാൾ പട്ടികജാതി-പട്ടികവർഗ്ഗ മേഖലയെ പ്രതിനിധീകരിക്കുന്നവരും മറ്റൊരാൾ വനിതയുമായിരിക്കേണ്ടതുമാണ്".

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

427. ഖണ്ഡം 3(3)-ൽ "അംഗങ്ങളും" എന്നതിനുശേഷം "കേരളത്തിൽ ജനിച്ച് വളർന്ന് " എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

431. ഖണ്ഡം 3(3)-ൽ "വയോജനങ്ങൾ ആയിരിക്കേണ്ടതും" എന്നതിന് പകരം "അറുപത് വയസ്സ് പൂർത്തിയായിട്ടുള്ളവരും" എന്ന് ചേർക്കുക.

451. ഖണ്ഡം 3(3)-ൽ "പരിചയമുള്ള ആളുകളായിരിക്കേണ്ടതും " എന്നതിന് പകരം "

പരിചയമുള്ളവരും ആയിരിക്കേണ്ടതും " എന്ന് ചേർക്കുക.

465. ഖണ്ഡം 3(4)-ൽ, "അഡീഷണൽ" എന്ന വാക്കിന് മുന്നിലുള്ള "സർക്കാർ" എന്നതിന് പകരം "ഗവൺമെന്റ്" എന്ന് ചേർക്കുക.

491. ഖണ്ഡം 3(6)-ൽ "തിരുവനന്തപുരത്ത്" എന്നതിന് പകരം "തിരുവനന്തപുരം" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

432. ഖണ്ഡം 3(3)-ൽ "വയോജനക്ഷേമ" എന്നതിന് പകരം "സാമൂഹ്യക്ഷേമ" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

433. ഖണ്ഡം 3(3)-ൽ "വയോജനക്ഷേമ മേഖലയിൽ" എന്നതിന് പകരം "വയോജനക്ഷേമത്തിലോ അനുബന്ധ മേഖലകളിലോ" എന്ന് ചേർക്കുക.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

436. ഖണ്ഡം 3(3)-ൽ "മേഖലയിൽ" എന്നതിന് പകരം "മേഖലയിലോ, പൊതുരംഗത്തോ" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

442. ഖണ്ഡം 3(3)-ൽ "മേഖലയിൽ പ്രവർത്തന" എന്നതിന് പകരം "പ്രവർത്തനങ്ങളിൽ" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

449. ഖണ്ഡം 3 (3)-ൽ "മേഖലയിൽ" എന്നതിന് ശേഷം " കുറഞ്ഞത് 15 വർഷത്തെ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

460. ഖണ്ഡം 3(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) വയോജന കമ്മീഷനിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളിൽ അൻപത് ശതമാനം പേരും വയോജനങ്ങളാകേണ്ടതും, എല്ലാ അംഗങ്ങളും വയോജന ക്ഷേമം, മറ്റ് സാമൂഹ്യ പ്രവർത്തനങ്ങളിലും പരിചയമുള്ളവരും അവരിൽ ഒരംഗം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്നും, മറ്റൊരാൾ വനിതയുമായിരിക്കേണ്ടതുമാണ്".

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

469. ഖണ്ഡം 3(4)-ൽ, "സർക്കാർ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്നതിന് പകരം "സംസ്ഥാന സർക്കാർ സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

479. ഖണ്ഡം 3(4)-ൽ "ഫിനാൻസ് ഓഫീസറായും "എന്നതിന് ശേഷം "ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ" എന്ന് ചേർക്കുക.

493. ഖണ്ഡം 3(6)-ൽ "തിരുവനന്തപുരത്ത്" എന്നതിന് പകരം "എറണാകുളത്ത് "എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

481. ഖണ്ഡം 3(4) താഴെപ്പറയും പ്രകാരം മാറ്റുക.

"(4)സംസ്ഥാന സർക്കാർ സാമൂഹ്യനീതിവകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ജീവനക്കാരനെ കമ്മീഷന്റെ സെക്രട്ടറിയായും, സർക്കാർ സർവ്വീസിലുള്ളതും നിയമ ബിരുദധാരിയും ഗസറ്റഡ് ഉദ്യോഗസ്ഥനുമായ ഒരു ജീവനക്കാരനെ രജിസ്ട്രാറായും, ഡെപ്യൂട്ടി

സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു സർക്കാർ ജീവനക്കാരനെ കമ്മീഷന്റെ ഫിനാൻസ് ഓഫീസറായും സർക്കാർ നിയമിക്കേണ്ടതാണ്."

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

485. ഖണ്ഡം 3(5)-ൽ "ഉദ്യോഗസ്ഥർക്ക്"എന്നതിന് പകരം "ഏതൊരു ഉദ്യോഗസ്ഥർക്കും" എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

495. ഖണ്ഡം 3(6) താഴെപ്പറയും പ്രകാരം മാറ്റുക.

"(6)കമ്മീഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള വയോജനങ്ങൾ ഒരുപോലെ വന്നുപോകുന്നതിന് സൗകര്യപ്രദവുമായ സ്ഥലമെന്ന നിലയിൽ തൃശ്ശൂർ ജില്ലയിൽ ആയിരിക്കേണ്ടതാണ്."

മി. സ്പീക്കർ: 333 മുതൽ 338 വരെയുള്ള ഭേദഗതികൾ ശീർഷകത്തിലാകയാൽ ക്രമപ്രകാരമല്ലാത്തതിനാലും 340, 341 എന്നീ നമ്പർ ഭേദഗതികൾ 339-ാം നമ്പർ ഭേദഗതിക്കും 343, 344 എന്നീ നമ്പർ ഭേദഗതികൾ 342-ാം നമ്പർ ഭേദഗതിക്കും 346, 347 എന്നീ നമ്പർ ഭേദഗതികൾ 345-ാം നമ്പർ ഭേദഗതിക്കും 349, 350 എന്നീ നമ്പർ ഭേദഗതികൾ 348-ാം നമ്പർ ഭേദഗതിക്കും 352, 353 എന്നീ നമ്പർ ഭേദഗതികൾ 351-ാം നമ്പർ ഭേദഗതിക്കും 354, 356 എന്നീ നമ്പർ ഭേദഗതികൾ 355-ാം നമ്പർ ഭേദഗതിക്കും 370, 371 എന്നീ നമ്പർ ഭേദഗതികൾ 369-ാം നമ്പർ ഭേദഗതിക്കും 375, 376, 378, 379, 380 എന്നീ നമ്പർ ഭേദഗതികൾ 377-ാം നമ്പർ ഭേദഗതിയിൽ അടങ്ങിയിരിക്കുന്നതിനാലും 382, 383 എന്നീ നമ്പർ ഭേദഗതികൾ 381-ാം നമ്പർ ഭേദഗതിക്കും 385-ാം നമ്പർ ഭേദഗതി 384-ാം നമ്പർ

ഭേദഗതിക്കും 387, 388 എന്നീ നമ്പർ ഭേദഗതികൾ 386-ാം നമ്പർ ഭേദഗതിക്കും 390, 391 എന്നീ നമ്പർ ഭേദഗതികൾ 389-ാം നമ്പർ ഭേദഗതിക്കും 396 മുതൽ 399 വരെയുള്ള ഭേദഗതികൾ 395-ാം നമ്പർ ഭേദഗതിക്കും 400, 401, 403 മുതൽ 408 വരെയുള്ള ഭേദഗതികൾ 402-ാം നമ്പർ ഭേദഗതിക്കും 410, 411 എന്നീ നമ്പർ ഭേദഗതികൾ 409-ാം നമ്പർ ഭേദഗതിക്കും 414, 416 എന്നീ നമ്പർ ഭേദഗതികൾ 415-ാം നമ്പർ ഭേദഗതിക്കും 418, 419 എന്നീ നമ്പർ ഭേദഗതികൾ 417-ാം നമ്പർ ഭേദഗതിക്കും 429, 430 എന്നീ നമ്പർ ഭേദഗതികൾ 428-ാം നമ്പർ ഭേദഗതിക്കും 434, 435 എന്നീ നമ്പർ ഭേദഗതികൾ 433-ാം നമ്പർ ഭേദഗതിക്കും 437, 438 എന്നീ നമ്പർ ഭേദഗതികൾ 436-ാം നമ്പർ ഭേദഗതിക്കും 439, 440 എന്നീ നമ്പർ ഭേദഗതികൾ 441-ാം നമ്പർ ഭേദഗതിക്കും 443 മുതൽ 445 വരെയുള്ള ഭേദഗതികൾ 442-ാം നമ്പർ ഭേദഗതിക്കും 450-ാം നമ്പർ ഭേദഗതി 449-ാം നമ്പർ ഭേദഗതിക്കും 454, 456 എന്നീ നമ്പർ ഭേദഗതികൾ 455-ാം നമ്പർ ഭേദഗതിക്കും 457, 458 എന്നീ നമ്പർ ഭേദഗതികൾ 459-ാം നമ്പർ ഭേദഗതിക്കും 461, 462 എന്നീ നമ്പർ ഭേദഗതികൾ 460-ാം നമ്പർ ഭേദഗതിക്കും 467, 468 എന്നീ നമ്പർ ഭേദഗതികൾ 466-ാം നമ്പർ ഭേദഗതിക്കും 470-ാം നമ്പർ ഭേദഗതി 469-ാം നമ്പർ ഭേദഗതിക്കും 472, 473 എന്നീ നമ്പർ ഭേദഗതികൾ 474-ാം നമ്പർ ഭേദഗതിക്കും 476, 477 എന്നീ നമ്പർ ഭേദഗതികൾ 475-ാം നമ്പർ ഭേദഗതിക്കും 480-ാം നമ്പർ ഭേദഗതി 479-ാം നമ്പർ ഭേദഗതിക്കും 482, 483 എന്നീ നമ്പർ ഭേദഗതികൾ 481-ാം നമ്പർ ഭേദഗതിക്കും 486, 487 എന്നീ നമ്പർ ഭേദഗതികൾ 485-ാം നമ്പർ ഭേദഗതിക്കും 488, 489 എന്നീ നമ്പർ ഭേദഗതികൾ 490-ാം നമ്പർ ഭേദഗതിക്കും 496, 497 എന്നീ നമ്പർ

ഭേദഗതികൾ 495-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 339, 377, 428, 474 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 342, 355, 415, 455 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 345-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 348, 402, 466 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 351-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 369, 475 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 381-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 384-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 386, 389 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 409, 441, 471, 490 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 413, 423, 452 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 417, 459 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 427-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 431, 451, 465, 491 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 432-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 433-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 436-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 442-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 449-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 460-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 469-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 479, 493 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ അവതരിപ്പിച്ച 481-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 485-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 495-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി വാക്കാൽ അവതരിപ്പിക്കുന്നു.

(i) (6)-ാം ഉപഖണ്ഡത്തിന്റെ നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കുപകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കണം.

"എന്നാൽ (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം നിയമിക്കപ്പെടുന്നതും ഒരു വർഷമോ അതിൽ കുറവോ കാലയളവിലേക്ക് മാത്രം ഔദ്യോഗികസ്ഥാനം വഹിക്കുന്നതുമായ ഒരാളുടെ സംഗതിയിൽ, പ്രസ്തുത കാലയളവ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കാലാവധിയായി

കണക്കാക്കാൻ പാടില്ലാത്തതാകുന്നു".

(ii) (8)-ാം ഉപഖണ്ഡത്തിൽ "ഉദ്യോഗസ്ഥനായിരിക്കുന്നതും" എന്ന വാക്കിനു പകരം "ഓഫീസർ ആയിരിക്കുന്നതും" എന്നീ വാക്കുകൾ ചേർക്കണം.

(iii) (9)-ാം ഉപഖണ്ഡത്തിൽ, "ബത്തകൾക്കോ അല്ലെങ്കിൽ സിറ്റിംഗ് ഫീസിനോ" എന്നീ വാക്കുകൾക്കു പകരം "ബത്തകൾക്കും അല്ലെങ്കിൽ സിറ്റിംഗ് ഫീസിനും" എന്നീ വാക്കുകൾ ചേർക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സ്വാഭാവികമായും ഭേദഗതികൾ സർക്കുലേറ്റ് ചെയ്യണമെന്നതാണ് വ്യവസ്ഥ. അങ്ങനെ സർക്കുലേറ്റ് ചെയ്താൽമാത്രമെ ഞങ്ങൾക്ക് അതിന്മേൽ എന്തെങ്കിലും ഭേദഗതിയുണ്ടെങ്കിൽ നിർദേശിക്കാനുള്ള സന്ദർഭം ലഭിക്കുകയുള്ളൂ. ഔദ്യോഗിക ഭേദഗതിയെന്ന് ഫ്ലോറിൽ വന്ന് പറയുമ്പോഴല്ലാതെ സഭാംഗങ്ങൾക്ക് അതുസംബന്ധിച്ച് നേരത്തെ അറിയാൻ കഴിയുന്നില്ല. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുള്ള ഈ ഒബ്ജക്ഷൻ അങ്ങ് രേഖപ്പെടുത്തണം. ഭാവിയിൽ ഇത്തരത്തിൽ ഔദ്യോഗിക ഭേദഗതി വരുന്നപക്ഷം അത് സഭയിൽ സർക്കുലേറ്റ് ചെയ്യണമെന്ന് അങ്ങ് നിർദേശം നൽകണം.

മി. സ്പീക്കർ: ഭാവിയിൽ ആവശ്യമായ തിരുത്തലുകൾ വരുത്താം.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

498. ഖണ്ഡം 4 (1)-ൽ "ഏറ്റെടുത്ത തീയതി മുതൽ " എന്നതിന് പകരം "ഏറ്റെടുക്കുന്ന തീയതി മുതൽ പരമാവധി " എന്ന് ചേർക്കുക.

669. ഖണ്ഡം 4(6)-ൽ "രണ്ടിൽ കൂടുതൽ തവണ" എന്നതിന് ശേഷം "തുടർച്ചയായി"എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

510. ഖണ്ഡം 4(1)-ന്റെ ക്ലിപ്തനിബന്ധനയിൽ " എന്നാൽ " എന്നതിന് ശേഷം ", "എന്ന ചിഹ്നം ചേർക്കുക.

536. ഖണ്ഡം 4(3)-ൽ "ഒഴിവ് ഉണ്ടാകുന്ന പക്ഷം" എന്നതിന് ശേഷം "പരമാവധി രണ്ടാഴ്ച കാലയളവിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

517. ഖണ്ഡം 4(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "തന്റെ പിൻഗാമി 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുകയും അദ്ദേഹം തന്റെ "എന്നതിന് പകരം "3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം തന്റെ പിൻഗാമിയായി നിയമിക്കപ്പെടുന്നയാൾ"എന്ന് ചേർക്കുക.

548. ഖണ്ഡം 4(3)-ൽ "ആരുടെ" എന്നതിന് പകരം "ഏതു" എന്ന് ചേർക്കുക.

662. ഖണ്ഡം 4(6)-ൽ "ഒരംഗത്തിനോ" എന്നതിന് പകരം "അംഗങ്ങൾക്കോ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

520. ഖണ്ഡം 4(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "നിയമിക്കപ്പെടുകയും" എന്നതിന് പകരം "സർക്കാർ നാമനിർദ്ദേശിക്കുകയും" എന്ന് ചേർക്കുക.

527. ഖണ്ഡം 4(2)-ൽ "ചെയർപേഴ്സണിനോ" എന്നതിന് പകരം "ചെയർപേഴ്സണോ" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

524. ഖണ്ഡം 4(1)-ന്റെ ക്ലിപ്തനിബന്ധന ചുവടെപ്പറയും പ്രകാരം മാറ്റുക

"എന്നാൽ ചെയർപേഴ്സൺ, 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം തന്റെ പിൻഗാമിയായി നിയമിക്കപ്പെടുന്നയാൾ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്നതുവരെയോ അല്ലെങ്കിൽ ആറുമാസത്തേക്കോ, ഏതാണോ ആദ്യം അതുവരെ, ഔദ്യോഗിക സ്ഥാനത്ത് തുടരാവുന്നതാണ്."

571. ഖണ്ഡം 4(3)-ൽ "അവകാശം ഉണ്ടായിരിക്കുന്നതുമാണ്" എന്നതിന് പകരം "കഴിയുന്നതുമാണ്" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

531. ഖണ്ഡം 4(2)-ൽ "ചെയർപേഴ്സണിനോ" എന്നതിന് ശേഷം "ഏതൊരു" എന്ന് ചേർക്കുക.

534. ഖണ്ഡം 4(3)-ൽ "ചെയർപേഴ്സന്റെയോ" എന്നതിന് ശേഷം "ഏതൊരു" എന്ന് ചേർക്കുക.

721. ഖണ്ഡം 4(9)-ൽ "അർഹതയുണ്ടായിരിക്കുന്നതാണ്" എന്നതിന് പകരം "അർഹതയുണ്ടായിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

537. ഖണ്ഡം 4(3)-ൽ "ഒഴിവ് ഉണ്ടാകുന്ന പക്ഷം" എന്നതിന് ശേഷം "പരമാവധി ഒരു മാസക്കാലയളവിനുള്ളിൽ" എന്ന് ചേർക്കുക.

629. ഖണ്ഡം 4(4)ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നാൽ" എന്നതിന് ശേഷം " , " എന്ന ചിഹ്നം ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

539. ഖണ്ഡം 4(3)-ൽ "ഉണ്ടാകുന്ന പക്ഷം" എന്നതിന് ശേഷം "സർക്കാർ എത്രയും വേഗം" എന്ന് ചേർക്കുക.

581. ഖണ്ഡം 4(4)(ബി)-യിൽ "തടവു" എന്നത് ഒഴിവാക്കുക.

697. ഖണ്ഡം 4(8)-ൽ "ഉദ്യോഗസ്ഥനായിരിക്കുന്നതും" എന്നതിന് പകരം "ഉദ്യോഗസ്ഥയായിരിക്കുന്നതും" എന്ന് ചേർക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

540. ഖണ്ഡം 4(3)-ൽ "അവ" എന്ന വാക്കിന് മുമ്പ് "സർക്കാർ" എന്ന് ചേർക്കുക.

698. ഖണ്ഡം 4(8)-ൽ "നിർണ്ണയിക്കപ്പെടുന്ന" എന്നതിന് മുമ്പിൽ "അദ്ദേഹത്തിന്" എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

543. ഖണ്ഡം 4(3)-ൽ "നിയമിക്കപ്പെടുന്ന വ്യക്തിക്ക്" എന്നതിന് പകരം "സർക്കാർ നാമനിർദ്ദേശം നൽകുന്ന വ്യക്തിക്ക്" എന്ന് ചേർക്കുക.

553. ഖണ്ഡം 4(3)-ൽ "അദ്ദേഹത്തെ" എന്നതിന് പകരം "അദ്ദേഹം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

549. ഖണ്ഡം 4(3)-ൽ "സ്ഥാനത്തേക്കാണോ" എന്നതിന് പകരം "ഒഴിവിലേക്കാണോ" എന്ന് ചേർക്കുക.

593. ഖണ്ഡം 4(4)(സി) താഴെപ്പറയും പ്രകാരം മാറ്റുക:

"(സി) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുകയോ;"

605. ഖണ്ഡം 4(4) (ഡി)-ൽ "വാങ്ങാതെ" എന്നതിന് ശേഷം "കമ്മീഷന്റെ" എന്ന്

ചേർക്കുക.

681. ഖണ്ഡം 4(6)-ന്റെ ക്ലിപ്തനിബന്ധനയിൽ "ആദ്യ നിയമനമായി" എന്നതിന് പകരം "ഒരു തവണയായി" എന്ന് ചേർക്കുക.

704. ഖണ്ഡം 4(8)-ൽ "പ്രകാരമുള്ള" എന്നതിന് ശേഷം "അങ്ങനെയുള്ള" എന്ന് ചേർക്കുക.

716. ഖണ്ഡം 4(9)-ൽ "യോഗങ്ങളിൽ" എന്നതിന് മുമ്പിൽ "കമ്മീഷന്റെ' എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

556. ഖണ്ഡം 4(3)-ൽ "നിയമിക്കപ്പെടുന്നത്" എന്നതിന് പകരം "നാമനിർദ്ദേശം ചെയ്യപ്പെട്ടത് " എന്ന് ചേർക്കുക.

636. ഖണ്ഡം 4(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "യാതൊരാളെയും" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

562. ഖണ്ഡം 4 (3)-ൽ "ഉദ്യോഗം" എന്നതിന് പകരം "ചുമതല" എന്ന് ചേർക്കുക.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

575. ഖണ്ഡം 4(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) രാജി, മരണം, നീക്കം ചെയ്യൽ അല്ലെങ്കിൽ അതുപോലെയുള്ള മറ്റെന്തെങ്കിലും കാരണങ്ങളാൽ ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ ആകസ്മിക ഒഴിവ് ഉണ്ടാകുന്നപക്ഷം അവ നികത്തേണ്ടതും, അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തിക്ക് ആരുടെ സ്ഥാനത്തേയ്ക്കാണോ അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്തിട്ടുള്ളത് ആ അംഗത്തിന്റെ ഔദ്യോഗിക കാലയളവിലേക്ക് മാത്രം ചുമതല വഹിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതുമാണ്."

600. ഖണ്ഡം 4(4)(ഡി)-ൽ "കമ്മീഷന്റെ" എന്നതിന് പകരം "അതതുസംഗതിപോലെ

സർക്കാരിന്റെയോ കമ്മീഷന്റെയോ" എന്ന് ചേർക്കുക.

610. ഖണ്ഡം 4(4) (ഇ)-ൽ "താല്പര്യത്തിനോ " എന്നതിന് പകരം "കമ്മീഷന്റെ താൽപര്യങ്ങൾക്കോ" എന്നത് ചേർക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

582. ഖണ്ഡം 4(4)(സി)-യിൽ "ഇല്ലാത്ത" എന്നതിന് പകരം "നഷ്ടപ്പെട്ട" എന്ന് ചേർക്കുക.

592. ഖണ്ഡം 4(4)(സി) താഴെപ്പറയും പ്രകാരം മാറ്റുക.
"(സി) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിത്തീരുകയോ ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിച്ചിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിലോ;"

606. ഖണ്ഡം 4(4) (ഡി) താഴെപ്പറയും പ്രകാരം മാറ്റുക.
"(ഡി) സർക്കാരിന്റെ അനുവാദം വാങ്ങാതെ ചെയർപേഴ്സണോ, ചെയർപേഴ്സന്റെ അനുവാദം വാങ്ങാതെ അംഗങ്ങളോ തുടർച്ചയായ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ; " .

632. ഖണ്ഡം 4(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "യാതൊരാളെയും" എന്നതിന് പകരം "ഏതൊരു അംഗത്തിനും" എന്ന് ചേർക്കുക.

680. ഖണ്ഡം 4(6)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഒരാളുടെ സംഗതിയിൽ" എന്നതിന് പകരം "ഒരു അംഗത്തിന്റെ കാര്യത്തിൽ" എന്ന് ചേർക്കുക.

684. ഖണ്ഡം 4(6)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഔദ്യോഗികസ്ഥാനം വഹിക്കാൻ" എന്നതിന് മുമ്പായി "കൂടി" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

594. ഖണ്ഡം 4(4)(ഡി)-ൽ "കമ്മീഷന്റെ" എന്നത് ഒഴിവാക്കുക.

653. ഖണ്ഡം 4(5)-ൽ "വ്യാപൃതനാകാൻ" എന്നതിന് പകരം "ഏർപ്പെടാൻ " എന്ന് ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

601. ഖണ്ഡം 4(4) (ഡി)-ൽ "കമ്മീഷന്റെ" എന്നതിന് പകരം "സർക്കാരിന്റെയോ കമ്മീഷന്റെയോ " എന്ന് ചേർക്കുക.

627. ഖണ്ഡം 4(4)(ജി)-ൽ "പ്രവർത്തിക്കാൻ കഴിവില്ലാതായിത്തീരുകയോ" എന്നതിന് പകരം "പ്രവർത്തനശേഷി നഷ്ടപ്പെടുകയോ" എന്ന് ചേർക്കുക.

660. ഖണ്ഡം 4 (5) താഴെപ്പറയും പ്രകാരം മാറ്റുക.

"(5) ചെയർപേഴ്സൺ, തൽസ്ഥാനത്ത് തുടരുന്ന കാലത്തോളം സർക്കാർ വേതനം പറ്റുന്ന മറ്റു ജോലികളിലോ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലോ മറ്റ് പ്രവൃത്തികളിൽ വ്യാപൃതനാകാൻ പാടില്ലാത്തതാകുന്നു."

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

604. ഖണ്ഡം 4(4) (ഡി)-ൽ "കമ്മീഷന്റെ " എന്നതിന് ശേഷം "മുൻകൂർ" എന്ന് ചേർക്കുക.

666. ഖണ്ഡം 4(6)-ൽ "രണ്ടിൽ" എന്നതിന് മുൻപായി "തുടർച്ചയായി" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

612. ഖണ്ഡം 4(4)(ഇ)-ൽ, "താല്പര്യത്തിനോ പൊതുതാല്പര്യത്തിനോ" എന്നതിന് പകരം "താൽപര്യത്തിന്" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

621. ഖണ്ഡം 4(4)(എഫ്)-ൽ "അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

638. ഖണ്ഡം 4(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "ന്യായമായ ഒരു അവസരം" എന്നതിന് പകരം "രേഖാപരമായ അറിയിപ്പ്" എന്ന് ചേർക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

643. ഖണ്ഡം 4(5)-ൽ "തത്സ്ഥാനത്ത്" എന്നതിന് പകരം "തൽസ്ഥാനത്ത്" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

675. ഖണ്ഡം 4(6)-ന്റെ ക്ലിപ്തനിബന്ധനയിൽ "കാലയളവിലേയ്ക്ക്" എന്നതിന് പകരം "കാലയളവിലേക്ക്" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

686. ഖണ്ഡം 4(6)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.
"എന്നിരുന്നാലും ചെയർപേഴ്സണോ അംഗത്തിനോ സ്ഥാനം ഒഴിഞ്ഞശേഷം കമ്മീഷന്റെ നിർണ്ണയിക്കപ്പെട്ട രണ്ട് ഘട്ട ഔദ്യോഗിക കാലാവധിക്കുശേഷം വീണ്ടും ഔദ്യോഗിക സ്ഥാനം വഹിക്കുന്നതിന് അർഹത ഉണ്ടായിരിക്കും."

708. ഖണ്ഡം 4(8) താഴെപ്പറയും പ്രകാരം മാറ്റുക.
"(8) ചെയർപേഴ്സൺ ഒരു പൂർണസമയ ഉദ്യോഗസ്ഥനായിരിക്കുന്നതും ഗവൺമെന്റ് സെക്രട്ടറിയുടെ പദവി അനുസരിച്ച് നിർണയിക്കപ്പെടുന്ന പ്രകാരമുള്ള ശമ്പളത്തിനും ബത്തകൾക്കും അർഹത ഉണ്ടായിരിക്കുന്നതുമാണ്. "

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

701. ഖണ്ഡം 4(8)-ൽ "നിർണ്ണയിക്കപ്പെടുന്ന" എന്നതിന് പകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

705. ഖണ്ഡം 4(8)-ൽ "അർഹത" എന്നതിനുമുമ്പിൽ "അദ്ദേഹത്തിന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 499, 500 എന്നീ നമ്പർ ഭേദഗതികൾ 498-ാം നമ്പർ ഭേദഗതിക്കും 511-ാം നമ്പർ ഭേദഗതി 510-ാം നമ്പർ ഭേദഗതിക്കും 518, 519 എന്നീ നമ്പർ ഭേദഗതികൾ 517-ാം

നമ്പർ ഭേദഗതിക്കും 521, 522 എന്നീ നമ്പർ ഭേദഗതികൾ 520-ാം നമ്പർ ഭേദഗതിക്കും 525, 526 എന്നീ നമ്പർ ഭേദഗതികൾ 524-ാം നമ്പർ ഭേദഗതിക്കും 528 മുതൽ 530 വരെയുള്ള ഭേദഗതികൾ 527-ാംനമ്പർ ഭേദഗതിക്കും 535-ാം നമ്പർ ഭേദഗതി 536-ാംനമ്പർ ഭേദഗതിക്കും 538-ാം നമ്പർ ഭേദഗതി 537-ാംനമ്പർ ഭേദഗതിക്കും 541, 542 എന്നീ നമ്പർ ഭേദഗതികൾ 540-ാം നമ്പർ ഭേദഗതിക്കും 544, 545 എന്നീ നമ്പർ ഭേദഗതികൾ 543-ാം നമ്പർ ഭേദഗതിക്കും 546, 547 എന്നീ നമ്പർ ഭേദഗതികൾ 548-ാം നമ്പർ ഭേദഗതിക്കും 550 മുതൽ 552 വരെയുള്ള ഭേദഗതികൾ 549-ാം നമ്പർ ഭേദഗതിക്കും 554, 555 എന്നീ നമ്പർ ഭേദഗതികൾ 553-ാം നമ്പർ ഭേദഗതിക്കും 557, 558 എന്നീ നമ്പർ ഭേദഗതികൾ 556-ാം നമ്പർ ഭേദഗതിക്കും 563, 564 എന്നീ നമ്പർ ഭേദഗതികൾ 562-ാം നമ്പർ ഭേദഗതിക്കും 569, 570 എന്നീ നമ്പർ ഭേദഗതികൾ 571-ാം നമ്പർ ഭേദഗതിക്കും 576, 577 എന്നീ നമ്പർ ഭേദഗതികൾ 575-ാം നമ്പർ ഭേദഗതിക്കും 583, 584 എന്നീ നമ്പർ ഭേദഗതികൾ 582-ാം നമ്പർ ഭേദഗതിക്കും 590, 591 എന്നീ നമ്പർ ഭേദഗതികൾ 592-ാം നമ്പർ ഭേദഗതിക്കും 595 മുതൽ 597 വരെയുള്ള ഭേദഗതികൾ 594-ാം നമ്പർ ഭേദഗതിക്കും 598, 599 എന്നീ നമ്പർ ഭേദഗതികൾ 600-ാം നമ്പർ ഭേദഗതിക്കും 602, 603 എന്നീ നമ്പർ ഭേദഗതികൾ 601-ാം നമ്പർ ഭേദഗതിക്കും 607, 608 എന്നീ നമ്പർ ഭേദഗതികൾ 606-ാം നമ്പർ ഭേദഗതിക്കും 609, 611 എന്നീ നമ്പർ ഭേദഗതികൾ 610-ാം നമ്പർ ഭേദഗതിക്കും 613 മുതൽ 615 വരെയുള്ള ഭേദഗതികൾ 612-ാം നമ്പർ ഭേദഗതിക്കും 626, 628 എന്നീ നമ്പർ ഭേദഗതികൾ 627-ാം നമ്പർ ഭേദഗതിക്കും 630-ാം നമ്പർ ഭേദഗതി 629-ാം നമ്പർ ഭേദഗതിക്കും 631, 633 എന്നീ

നമ്പർ ഭേദഗതികൾ 632-ാം നമ്പർ ഭേദഗതിക്കും 634, 635 എന്നീ നമ്പർ ഭേദഗതികൾ 636-ാം നമ്പർ ഭേദഗതിക്കും 652-ാം നമ്പർ ഭേദഗതി 653-ാം നമ്പർ ഭേദഗതിക്കും 659, 661 എന്നീ നമ്പർ ഭേദഗതികൾ 660-ാം നമ്പർ ഭേദഗതിക്കും 663, 664 എന്നീ നമ്പർ ഭേദഗതികൾ 662-ാം നമ്പർ ഭേദഗതിക്കും 667, 668 എന്നീ നമ്പർ ഭേദഗതികൾ 666-ാം നമ്പർ ഭേദഗതിക്കും 676, 677 എന്നീ നമ്പർ ഭേദഗതികൾ 675-ാം നമ്പർ ഭേദഗതിക്കും 678, 679 എന്നീ നമ്പർ ഭേദഗതികൾ 680-ാം നമ്പർ ഭേദഗതിക്കും 683, 685 എന്നീ നമ്പർ ഭേദഗതികൾ 684-ാം നമ്പർ ഭേദഗതിക്കും 699, 700 എന്നീ നമ്പർ ഭേദഗതികൾ 698-ാം നമ്പർ ഭേദഗതിക്കും 702, 703 എന്നീ നമ്പർ ഭേദഗതികൾ 701-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 527-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 540-ാം നമ്പർ ഭേദഗതിയും ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 553-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വിജിൻ അവതരിപ്പിച്ച 621-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 643-ാം നമ്പർ ഭേദഗതിയും ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 705-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച 527, 540, 553,

621, 643, 705 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 498, 669 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 510, 536 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 517, 548, 662 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 520-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 524, 571 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 531, 534, 721 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ.കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 537, 629 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 539, 581, 697 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 698-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 543-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 549, 593, 605, 681, 704, 716 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 556, 636 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 562-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 575, 600, 610 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 582, 592, 606, 632, 680, 684 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 594, 653 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 601, 627, 660 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 604, 666 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 612-ാം നമ്പർ ഭേദഗതി സഭ

നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 638-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 675-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 686, 708 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 701-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

723. ഖണ്ഡം 5(1)-ൽ "ജീവനക്കാരെയും" എന്നതിന് ശേഷം "ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

724. ഖണ്ഡം 5(1)-ൽ "സർക്കാർ" എന്നതിന് ശേഷം "അന്യത്രസേവന വ്യവസ്ഥയിൽ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

732. ഖണ്ഡം 5(2)-ൽ "മുതലായവ" എന്നതിന് ശേഷം "സർക്കാർ" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

736. ഖണ്ഡം 5(2)-ൽ "നിർണ്ണയിക്കപ്പെടുന്ന" എന്നതിന് പകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: 733 മുതൽ 735 വരെയുള്ള ഭേദഗതികൾ 732-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 727-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

727. ഖണ്ഡം 5(1)-ൽ "ലഭ്യമാക്കേണ്ടതാണ്" എന്നതിന് പകരം "നിയമിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 723-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 724-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 732-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 736-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

740. ഖണ്ഡം 6-ൽ "പരാമർശിച്ചിട്ടുള്ള" എന്നതിന് മുമ്പിൽ "8-ാം വകുപ്പിന്റെ (3)-ാം

ഉപവകുപ്പിലും" എന്ന് ചേർക്കുക.

741. ഖണ്ഡം 6-ൽ "ജീവനക്കാരുടെയും" എന്നതിനുശേഷം "ക്ഷണിതാക്കളുടെയും" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

742. ഖണ്ഡം 6-ൽ "ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള" എന്നതിന് ശേഷം "സർക്കാരിൽ നിന്നുള്ള" എന്ന് ചേർക്കുക.

മി. സ്പീക്കർ: 743 മുതൽ 745 വരെയുള്ള ഭേദഗതികൾ 742-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 739-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

739. ഖണ്ഡം 6-ൽ "ഓണറേറിയവും ബത്തകളും" എന്നതിന് ശേഷം "സിറ്റിംഗ് ഫീസും" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 740, 741 എന്നീ നമ്പർ

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 742-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

(അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 753-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

753. ഖണ്ഡം 7-ൽ "പ്രവൃത്തികളും" എന്നതിന് പകരം "പ്രവൃത്തിയും"എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി വാക്കാൽ അവതരിപ്പിക്കുന്നു.

(2)-ാം ഉപഖണ്ഡത്തിൽ "ഉദ്യോഗസ്ഥന്റെയോ" എന്ന വാക്കിനു പകരം "ഓഫീസറുടെയോ" എന്ന വാക്ക് ചേർക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

760. ഖണ്ഡം 8(1)-ൽ, "അങ്ങനെയുള്ള" എന്നത് വരുന്നിടത്തെല്ലാം അവ ഒഴിവാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

768. ഖണ്ഡം 8(2)-ൽ, "സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന" എന്നതിന് പകരം "ഇതിലേക്ക് ചെയർപേഴ്സൺ അധികാരപ്പെടുത്തുന്ന മറ്റേതൊരു" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

769. ഖണ്ഡം 8(3)-ൽ, "പ്രത്യേക വിഷയം പരിഗണിക്കുന്നതിലേക്കായോ" എന്നതിന് ശേഷം "നിർണയിക്കപ്പെടുന്ന പ്രകാരം" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

772. ഖണ്ഡം 8(3)-ൽ "എണ്ണം ആളുകളെ" എന്നതിന് പകരം "വ്യക്തികളെ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

773. ഖണ്ഡം 8(3)-ൽ "എണ്ണം ആളുകളെ" എന്നതിന് പകരം "വിശിഷ്ട വ്യക്തികളെ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

777. ഖണ്ഡം 8(3)-ൽ "വിളിക്കാവുന്നതും" എന്നതിനുശേഷം "യോഗങ്ങളിൽ പങ്കെടുപ്പിക്കാവുന്നതുമാണ് " എന്ന് ചേർക്കുക.

മി. സ്പീക്കർ: 761 മുതൽ 763 വരെയുള്ള ഭേദഗതികൾ 760-ാം നമ്പർ ഭേദഗതിക്കും 770-ാം നമ്പർ ഭേദഗതി 769-ാം നമ്പർ ഭേദഗതിക്കും 774 മുതൽ 776 വരെയുള്ള ഭേദഗതികൾ 773-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 777-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

777. ഖണ്ഡം 8(3)-ൽ "വിളിക്കാവുന്നതും" എന്നതിനുശേഷം "യോഗങ്ങളിൽ പങ്കെടുപ്പിക്കാവുന്നതും " എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന്

അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ഭേഗതിയോടെ സ്വീകരിച്ച 777-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 760-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 768-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 769-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 772-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 773-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി വാക്കാൽ അവതരിപ്പിക്കുന്നു.

(2)-ാം ഉപഖണ്ഡത്തിൽ "കമ്മീഷന്" എന്ന വാക്കിനുപകരം "കമ്മീഷൻ"എന്ന വാക്ക് ചേർക്കണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

779. ഖണ്ഡം 9(1)-ൽ "സംരക്ഷണത്തിനുമായി" എന്നതിന് മുമ്പിൽ "അവകാശ" എന്ന് ചേർക്കുക.

786. ഖണ്ഡം 9(1)-ൽ "കഴിവുകൾ" എന്നതിന് പകരം "കഴിവുകളും പരിചയസമ്പത്തും" എന്ന് ചേർക്കുക.

798. ഖണ്ഡം 9(2)-ൽ "നിർവ്വഹിക്കാവുന്നതാണ്" എന്നതിന് പകരം "നിർവ്വഹിക്കേണ്ടതാണ്"എന്ന് ചേർക്കുക.

799. ഖണ്ഡം 9(2)(എ)-ൽ "സംരക്ഷണത്തിനും" എന്നതിന് മുമ്പായി "അവകാശ"എന്ന് ചേർക്കുക.

806. ഖണ്ഡം 9(2)(സി)-ൽ "ഉപേക്ഷിക്കപ്പെടുകയോ" എന്നതിന് മുമ്പിൽ "കുടുംബാംഗങ്ങളാലോ ബന്ധുക്കളാലോ " എന്ന് ചേർക്കുക.

808. ഖണ്ഡം 9(2)(സി)-ൽ "അനാഥരാകപ്പെടുകയോ" എന്നതിന് പകരം "അനാഥരാക്കപ്പെടുകയോ " എന്ന് ചേർക്കുക.

828. ഖണ്ഡം 9(2)(ഇ)-ൽ "റിപ്പോർട്ട് തയ്യാറാക്കി" എന്നതിനു ശേഷം "കഴിവതും വേഗം" എന്ന് ചേർക്കുക.

841. ഖണ്ഡം 9(2)(ജി)-ൽ "തയ്യാറാക്കുക" എന്നതിന് പകരം "തയ്യാറാക്കി പ്രസിദ്ധീകരിക്കുക" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

782. ഖണ്ഡം 9(1)-ൽ "സാദ്ധ്യമാക്കുന്നതും" എന്നതിന് പകരം "സാധ്യമാക്കുന്നതും" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

787. ഖണ്ഡം 9(1)-ൽ "കഴിവുകൾ"എന്നതിന് ശേഷം "പരിപോഷിപ്പിച്ച്" എന്ന് ചേർക്കുക.

813. ഖണ്ഡം 9(2)(സി)-ൽ "എത്തിക്കുന്നതിന്" എന്നതിന് പകരം "എത്തിക്കുകയും ഉപേക്ഷിക്കുകയോ അനാഥമാക്കുകയോ ചെയ്തവർക്കെതിരെ അന്വേഷണം നടത്തി നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുന്നതിന് "എന്നുചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

793. ഖണ്ഡം 9(1)-ൽ "നടത്തുന്നതും" എന്നതിന് ശേഷം "വയോജനങ്ങളുടെ അവകാശ സംരക്ഷണം ഉറപ്പാക്കുന്നതും" എന്ന് ചേർക്കുക.

805. ഖണ്ഡം 9(2)(ബി)-ൽ "വയോജനക്ഷേമവും" എന്നതിന് പകരം "വയോജനങ്ങളുടെ ക്ഷേമവും " എന്ന് ചേർക്കുക.

842. ഖണ്ഡം 9(2)(ജി)-ക്കു ശേഷം താഴെ പറയുന്നത് ചേർക്കുകയും ശേഷിക്കുന്ന ഇനം പുനരക്ഷരം ചെയ്യുകയും ചെയ്യുക.
"(എച്ച്) വയോജനങ്ങളുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയുക്തമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക;"

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

794. ഖണ്ഡം 9(1)-ൽ "അങ്ങനെയുള്ള"എന്നത് ഒഴിവാക്കുക.

824. ഖണ്ഡം 9(2)(ഡി)-ൽ "ഉപദേശം" എന്നതിന് പകരം "നിർദ്ദേശം" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

807. ഖണ്ഡം 9(2)(സി)-ൽ "അനാഥരാകപ്പെടുകയോ" എന്നതിന് പകരം "അനാഥരാകുകയോ " എന്ന് ചേർക്കുക.

830. ഖണ്ഡം 9(2)(എഫ്)-ൽ "എന്നിവയിൽ നിന്നും" എന്നതിന് പകരം "എന്നിവിടങ്ങളിൽ നിന്നും" എന്ന് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

814. ഖണ്ഡം 9(2)(സി)-ൽ "പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക" എന്നതിന് പകരം "നടപടികൾ സ്വീകരിക്കുക"എന്ന് ചേർക്കുക.

മി. സ്പീക്കർ: 783-ാം നമ്പർ ഭേദഗതി 782-ാം നമ്പർ ഭേദഗതിക്കും 795 മുതൽ 797 വരെയുള്ള ഭേദഗതികൾ 794-ാം നമ്പർ ഭേദഗതിക്കും 815-ാം നമ്പർ ഭേദഗതി 814-ാം നമ്പർ ഭേദഗതിക്കും 821 മുതൽ 823 വരെയുള്ള ഭേദഗതികൾ 824-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ഡോ. എം. കെ. മുനീറിന്റെ 788-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

788. ഖണ്ഡം 9(1)-ൽ "ഉപയുക്തമാക്കുന്നതിനാവശ്യമായ" എന്നതിന് പകരം "പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 782-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 786, 798, 828, 841 എന്നീ നമ്പർ ഭേദഗതികളും ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 807, 830 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 782, 786, 798, 807, 828, 830, 841 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 779, 799, 806, 808 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 787, 813 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 793, 805, 842 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 794, 824 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 814-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(1)-ാം ഉപഖണ്ഡത്തിലെ (ബി) ഇനത്തിൽ "ഉദ്യോഗസ്ഥന്റെയോ" എന്ന വാക്കിനുപകരം "ഓഫീസറുടെയോ" എന്ന വാക്ക് ചേർക്കണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

844. ഖണ്ഡം 10 (1)-ൽ "നിറവേറ്റുന്ന" എന്നതിന് പകരം "നിറവേറ്റുന്നതിന് ഏതെങ്കിലും പ്രത്യേക" എന്ന് ചേർക്കുക.

845. ഖണ്ഡം 10(1)(എ)-ൽ "അനുമതിയോടുകൂടി" എന്നതിന് ശേഷം "നിശ്ചിത കാലയളവിലേക്ക്" എന്ന് ചേർക്കുക.

854. ഖണ്ഡം 10(1)(ബി)-ൽ "സേവനങ്ങൾ" എന്നതിന് ശേഷം "നിശ്ചിത കാലയളവിലേക്ക്" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

846. ഖണ്ഡം 10(1)(ബി)-ൽ "ഉടമസ്ഥതയിലുള്ള" എന്നതിന് പകരം "നിയന്ത്രണത്തിലുള്ള" എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

849. ഖണ്ഡം 10(1)(ബി)-ൽ "ഉടമസ്ഥതയിലുള്ള" എന്നതിന് പകരം "കീഴിലുള്ള" എന്ന് ചേർക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

852. ഖണ്ഡം 10(1)(ബി)-ൽ "കോർപ്പറേഷനുകളുടെയോ" എന്നതിന് ശേഷം "ബോർഡുകളുടേയോ" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

855. ഖണ്ഡം 10(2)(എ)-ൽ "ഹാജർ" എന്നതിന് പകരം "ഹാജരാക്കൽ" എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

859. ഖണ്ഡം 10(2)(ഡി)-ൽ "മറ്റ് സ്ഥാപനത്തിൽ നിന്നോ" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

863. ഖണ്ഡം 10(3)-ൽ "കമ്മീഷൻ" എന്ന വാക്കിനുശേഷം വരുന്ന "ഒരു" എന്നത് ഒഴിവാക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

864. ഖണ്ഡം 10(3)-ൽ "നേരിട്ടോ" എന്നതിന് പകരം "സ്വമേധയായോ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

867. ഖണ്ഡം 10(3)-ൽ "അല്ലെങ്കിൽ" എന്നതിന് ശേഷം "ഒരു അഭിഭാഷകൻ മുഖേനയോ അല്ലെങ്കിൽ" എന്ന് ചേർക്കുക.

868. ഖണ്ഡം 10(4)-ൽ "പരിഹാരത്തിനായോ" എന്നതിന് ശേഷം "അന്വേഷണം പൂർത്തിയാക്കി മൂന്ന് മാസങ്ങൾക്കകം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 847, 848 എന്നീ നമ്പർ ഭേദഗതികൾ 846-ാം നമ്പർ ഭേദഗതിക്കും 850, 851 എന്നീ നമ്പർ ഭേദഗതികൾ 849-ാം നമ്പർ ഭേദഗതിക്കും 856, 857 എന്നീ നമ്പർ ഭേദഗതികൾ 855-ാം നമ്പർ ഭേദഗതിക്കും 860, 861 എന്നീ നമ്പർ ഭേദഗതികൾ 859-ാം നമ്പർ ഭേദഗതിക്കും 865, 866 എന്നീ നമ്പർ ഭേദഗതികൾ 864-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ

സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 852-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 868-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

868. ഖണ്ഡം 10(4)-ൽ "പരിഹാരത്തിനായോ" എന്നതിനുശേഷം
"അന്വേഷണം പൂർത്തിയാക്കി ഒരു മാസത്തിനകം" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 852, 868 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 844, 845, 854 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 846-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 849-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 855-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 859-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 863-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 864-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 867-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

871. ഖണ്ഡം 11-ൽ "വിവിധ തരത്തിലുള്ള സാഹിത്യവും സാംസ്കാരികവും കായികവും ആയ" എന്നതിന് പകരം "സാഹിത്യവും സാംസ്കാരികവും കായികവും ആയ വിവിധ തരത്തിലുള്ള" എന്ന് ചേർക്കുക.

873. ഖണ്ഡം 11-ൽ "പ്രവൃത്തികളിൽ" എന്നതിന് പകരം "കർമ്മപരിപാടികൾ" എന്ന്

ചേർക്കുക.

878. ഖണ്ഡം 11-ൽ "പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി" എന്നതിന് പകരം "പങ്കാളികളാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി" എന്ന് ചേർക്കുക.

887. ഖണ്ഡം 11-ൽ "വ്യക്തിയിൽ നിന്നോ" എന്നതിന് ശേഷം "കമ്പനിയിൽ നിന്നോ" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

879. ഖണ്ഡം 11-ൽ "പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി" എന്നതിന് ശേഷം "നിർണയിക്കപ്പെടാവുന്ന പ്രകാരം" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

881. ഖണ്ഡം 11-ൽ "സമ്മാനങ്ങൾ" എന്നതിനു പകരം "പുരസ്കാരങ്ങൾ" എന്നത് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

884. ഖണ്ഡം 11-ൽ "സമ്മാനങ്ങൾ നൽകുന്നതിനും" എന്നതിന് ശേഷം "സർക്കാർ അംഗീകരിച്ചതും, എന്നാൽ രാജ്യത്തിനകത്തുള്ളതുമായ" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

885. ഖണ്ഡം 11-ൽ "നൽകുന്നതിനും" എന്നതിന് ശേഷം "ആയതിലേക്ക്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

893. ഖണ്ഡം 11-ൽ "മറ്റേതെങ്കിലും പേരിലോ" എന്നതിന് ശേഷം "അംഗീകൃത ഡിജിറ്റൽ മാർഗ്ഗങ്ങളിലൂടെയോ ബാങ്ക് അക്കൗണ്ട് മുഖേനയോ മാത്രം " എന്നത് ചേർക്കുക.

മി. സ്പീക്കർ: 880-ാം നമ്പർ ഭേദഗതി 879-ാം നമ്പർ ഭേദഗതിക്കും 882, 883 എന്നീ

നമ്പർ ഭേദഗതികൾ 881-ാം നമ്പർ ഭേദഗതിക്കും 886-ാം നമ്പർ ഭേദഗതി 885-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 881-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

881. ഖണ്ഡം 11-ൽ "സമ്മാനങ്ങളോ" എന്നതിനു പകരം "പുരസ്കാരങ്ങളോ" എന്നത് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 885-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. സ്വീകരിച്ച ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 881, 885 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 871, 873, 878, 887 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 879-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 884-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 893-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

895. ഖണ്ഡം 12(1)-ൽ "ഈ ആക്ടിന്റെ ആവശ്യത്തിലേക്ക്" എന്നതിന് പകരം "കേരള സംസ്ഥാന വയോജന കമ്മീഷന്റെ " എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

902. ഖണ്ഡം 12(1)-ൽ "ഗ്രാന്റായി" എന്നതിന് മുമ്പിൽ "പ്രതിവർഷം" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

907. ഖണ്ഡം 12(2)-ൽ "ഗ്രാന്റിൽ നിന്ന്" എന്നതിന് മുമ്പിൽ "സർക്കാർ ബജറ്റിൽ നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള ഉപാധികൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി" എന്ന് ചേർക്കുക.

മി. സ്പീക്കർ: 896-ാം നമ്പർ ഭേദഗതി മുതൽ 898-ാം നമ്പർ ഭേദഗതി വരെ 895-ാം

നമ്പർ ഭേദഗതിക്കും 908, 909 എന്നീ നമ്പർ ഭേദഗതികൾ 907-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 895-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 902-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 907-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിമൂന്നാം വകുപ്പ്

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

913. ഖണ്ഡം 13(1)-ൽ, "കണക്കുകളും" എന്നതിനു പകരം "അക്കൗണ്ടുകളും" എന്ന്

ചേർക്കുക.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

916. ഖണ്ഡം 13(1)-ൽ, "പ്രസക്ത"എന്നതിനു പകരം "പ്രസക്തമായ" എന്ന് ചേർക്കുക.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

919. ഖണ്ഡം 13(1)-ൽ, "വച്ചുപോരേണ്ടതും" എന്നതിനു പകരം "സൂക്ഷിക്കേണ്ടതും"എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

922. ഖണ്ഡം 13(2)-ൽ "അക്കൗണ്ടുകൾ" എന്നതിന് പകരം "കണക്കുകൾ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

925. ഖണ്ഡം 13(2)-ൽ "അക്കൗണ്ടന്റ് ജനറലിന് കമ്മീഷൻ" എന്നതിന് പകരം "കമ്മീഷൻ അക്കൗണ്ടന്റ് ജനറലിന് " എന്ന് ചേർക്കുക.

938. ഖണ്ഡം 13(4)-ൽ "ആറുമാസക്കാലത്തിനകം" എന്നതിന് ശേഷം വരുന്ന "ആഡിറ്റ് റിപ്പോർട്ട്" എന്നത് ഒഴിവാക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

927. ഖണ്ഡം 13(3)-ൽ "ആഫീസും" എന്നതിന് ശേഷം" ആവശ്യപ്പെടുന്ന അവസരത്തിൽ" എന്ന് ചേർക്കുക.

936. ഖണ്ഡം 13(4)-ൽ "ആറുമാസക്കാലത്തിനകം" എന്നതിന് പകരം "തൊട്ടടുത്ത സമ്മേളന കാലയളവിൽ" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

928. ഖണ്ഡം 13(4)-ൽ "സാമ്പത്തിക വർഷവും" എന്നതിന് ശേഷം "കഴിവതും വേഗം" എന്ന് ചേർക്കുക.

935. ഖണ്ഡം 13(4)-ൽ "ആറുമാസക്കാലത്തിനകം" എന്നതിന് പകരം "ആറുമാസക്കാലത്തിനകമോ തൊട്ടടുത്ത നിയമസഭാ സമ്മേളനമോ ഏതാണോ ആദ്യം" എന്ന് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

929. ഖണ്ഡം 13(4)-ൽ "അത് ലഭിച്ച തീയതി മുതൽ ആറുമാസക്കാലത്തിനകം" എന്നതിന് പകരം "അടുത്ത നിയമസഭാ സമ്മേളനത്തിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 914, 915 എന്നീ നമ്പർ ഭേദഗതികൾ 913-ാം നമ്പർ ഭേദഗതിക്കും 917, 918 എന്നീ നമ്പർ ഭേദഗതികൾ 916-ാം നമ്പർ ഭേദഗതിക്കും 920, 921 എന്നീ നമ്പർ ഭേദഗതികൾ 919-ാം നമ്പർ ഭേദഗതിക്കും 923, 924 എന്നീ നമ്പർ ഭേദഗതികൾ 922-ാം നമ്പർ ഭേദഗതിക്കും 930-ാം നമ്പർ ഭേദഗതി 929-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 913-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 916-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 919-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 922-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 925, 938 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 927, 936 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 928, 935 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 929-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

939. ഖണ്ഡം 14(1)-ൽ "മൂന്ന്"എന്നതിന് പകരം "ആറ്" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

943. ഖണ്ഡം 14(1)-ൽ "തീയതിയിലും" എന്നതിന് പകരം "രീതിയിലും"എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

949. ഖണ്ഡം 14(1)-ൽ "വാർഷിക റിപ്പോർട്ട്" എന്നതിന് ശേഷം "വയോജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ"എന്ന് ചേർക്കുക.

953. ഖണ്ഡം 14(2)-ൽ "അത് ലഭിച്ചതിനു ശേഷം ആറു മാസത്തിനകം സർക്കാർ," എന്നതിന് പകരം "സർക്കാരിന് അത് ലഭിച്ചതിനു ശേഷം ആറു മാസത്തിനകം" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

950. ഖണ്ഡം 14(2)-ൽ "റിപ്പോർട്ടിന്റെ ഒരു പകർപ്പ് "എന്നതിന് പകരം "റിപ്പോർട്ട് "എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

954. ഖണ്ഡം 14(2)-ൽ "ആറു മാസത്തിനകം" എന്നതിന് പകരം "അടുത്ത സമ്മേളനത്തിൽ "എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

956. ഖണ്ഡം 14(2)-ൽ "ആറുമാസത്തിനകം"എന്നതിന് പകരം "അടുത്ത നിയമസഭാ സമ്മേളനത്തിൽ" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

958. ഖണ്ഡം 14(2)-ൽ "ആറുമാസത്തിനകം" എന്നതിന് പകരം "ആറുമാസത്തിനകമോ തൊട്ടടുത്ത നിയമസഭാ സമ്മേളനമോ ഏതാണോ ആദ്യം" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

959. ഖണ്ഡം 14(2)-ൽ "ആറുമാസത്തിനകം സർക്കാർ, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്" എന്നതിന് പകരം "അടുത്ത നിയമസഭാ സമ്മേളനത്തിൽ തന്നെ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 940, 941 എന്നീ നമ്പർ ഭേദഗതികൾ 939-ാം നമ്പർ ഭേദഗതിക്കും 944-ാം നമ്പർ ഭേദഗതി 943-ാം നമ്പർ ഭേദഗതിക്കും 951, 952 എന്നീ നമ്പർ ഭേദഗതികൾ 950-ാം നമ്പർ ഭേദഗതിക്കും 957-ാം നമ്പർ ഭേദഗതി 956-ാം നമ്പർ ഭേദഗതിക്കും 960-ാം നമ്പർ ഭേദഗതി മുതൽ 962-ാം നമ്പർ ഭേദഗതി വരെ 959-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 943-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 943-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 939-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 949, 953 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 950-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 954-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 956-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 958-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 959-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനഞ്ചാം വകുപ്പ്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ,

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി വാക്കാൽ ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

“മറ്റെതൊരു ഉദ്യോഗസ്ഥനോ ജീവനക്കാരനോ എന്നീ വാക്കുകൾക്ക് പകരം "മറ്റ് ഉദ്യോഗസ്ഥർക്കോ ജീവനക്കാർക്കോ" എന്നീ വാക്കുകൾ ചേർക്കണം.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

963. ഖണ്ഡം 15-ൽ "ആക്ടിൻ കീഴിൽ" എന്നതിന് പകരം "ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ അതിനുകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരമോ ഉത്തരവുകൾ പ്രകാരമോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 964, 965 എന്നീ നമ്പർ ഭേദഗതികൾ 963-ാം നമ്പർ ഭേദഗതക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭേദഗതി സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി വാക്കാൽ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 963-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

972. ഖണ്ഡം 17-ൽ, "തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിന്" എന്നതിന് പകരം "2007-ലെ മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരെന്റ്സ് ആന്റ് സീനിയർ സിറ്റിസൻസ് ആക്ടിലോ (കേന്ദ്ര ആക്ട് 2007-ലെ 56) അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

973. ഖണ്ഡം 17-ൽ, "നിയമത്തിന്" എന്നതിന് പകരം "നിയമത്തിനോ അതിന്മേൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 974-ാം നമ്പർ ഭേദഗതി 973-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ

അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 972-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 973-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനെട്ടാം വകുപ്പ്

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

976. ഖണ്ഡം 18 (1)-ൽ "വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്" എന്നതിന് പകരം "വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിന്" എന്ന് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

977. ഖണ്ഡം 18(1)-ൽ "വിരുദ്ധമല്ലാത്തതുമായ" എന്നതിന് പകരം "അസംഗതമല്ലാത്തതുമായ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

979. ഖണ്ഡം 18(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നാൽ" എന്നതിന് ശേഷം "," ചിഹ്നം ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

982. ഖണ്ഡം 18(2)-ൽ "ഏതൊരു" എന്നതിന് പകരം "ഓരോ" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

984. ഖണ്ഡം 18(2)-ൽ "കഴിയുന്നത്രവേഗം" എന്നതിന് പകരം "അടുത്ത നിയമസഭാ സമ്മേളനത്തിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 980-ാം നമ്പർ ഭേദഗതി 979-ാം നമ്പർ ഭേദഗതിക്കും 985-ാം നമ്പർ ഭേദഗതി 984-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 976-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 977-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 979-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 982-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 984-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്തൊൻപതാം വകുപ്പ്

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

990. ഖണ്ഡം 19(1)-ൽ "ഗസറ്റ് വിജ്ഞാപനം വഴി" എന്നതിന് പകരം "ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴിയും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്ക് വിധേയമായും" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

991. ഖണ്ഡം 19(1)-ൽ "നടപ്പാക്കുന്നതിനായി" എന്നതിന് പകരം "പ്രഭാവത്തിൽ കൊണ്ടുവരുന്നതിനു വേണ്ടി" എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

992. ഖണ്ഡം 19(1)-ൽ "ഉണ്ടാക്കാവുന്നതാണ്" എന്നതിന് പകരം "രൂപീകരിക്കാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

993. ഖണ്ഡം 19(2)-ൽ "മേൽപ്പറഞ്ഞ" എന്നതിന് പകരം "മുൻപറഞ്ഞ" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

994. ഖണ്ഡം 19(2)-ൽ "അപ്രകാരമുള്ള" എന്നതിന് പകരം "അങ്ങനെയുള്ള" എന്ന് ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

995. ഖണ്ഡം 19(2)-ൽ "ഏതെങ്കിലുമോ" എന്നതിന് മുമ്പിൽ "അല്ലെങ്കിൽ" എന്ന് ചേർക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

996. ഖണ്ഡം 19(2)-ൽ "കാര്യങ്ങൾക്കായി" എന്നതിന് പകരം"സംഗതികൾക്കോ വേണ്ടി' എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

997. ഖണ്ഡം 19(2)(എ)-ൽ "സേവനം" എന്നതിന് മുമ്പിൽ "നിയമനം," എന്ന വാക്കും ചിഹ്നവും ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

999. ഖണ്ഡം 19(2)(എ)-ൽ "ഓണറേറിയവും" എന്നതിന് പകരം "ഹോണറേറിയവും" എന്ന് ചേർക്കുക.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1001. ഖണ്ഡം 19(2)(എ)-ൽ "അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1002. ഖണ്ഡം 19(2)(ഡി)-ൽ "യോഗം" എന്നതിന് മുമ്പിൽ "യോഗത്തിന്റെ ക്വോറവും" എന്ന് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1006. ഖണ്ഡം 19(2)(ഇ)-ൽ "ക്ഷണിതാക്കൾക്ക് നൽകേണ്ടതായ ബത്തകളും" എന്നതിന് പകരം "ക്ഷണിതാക്കളുടെ യോഗ്യതയും (4)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ടതായ ബത്തകളും" എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1013. ഖണ്ഡം 19(3)-ൽ "പതിനാല്" എന്നതിന് പകരം "മുപ്പത് " എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1014. ഖണ്ഡം 19(3)-ൽ "പ്രാബല്യമുണ്ടായിരിക്കുകയോ" എന്നതിന് പകരം "പ്രഭാവം ഉണ്ടായിരിക്കുകയോ " എന്ന് ചേർക്കുക.

മി. സ്പീക്കർ: 1000-ാം നമ്പർ ഭേദഗതി 999-ാം നമ്പർ ഭേദഗതിക്കും 1007-ാം നമ്പർ ഭേദഗതി 1006-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 990-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ അവതരിപ്പിച്ച 991-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 992-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 993-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ

പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 994-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 995-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 996-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 997-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 999-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 1001-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 1002-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 1006-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 1013-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 1014-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപതാം വകുപ്പ്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1016. ഖണ്ഡം 20 താഴെപ്പറയും പ്രകാരം മാറ്റുക.

"20. സാധൂകരണം.—2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസിന്റെ (2024-ലെ 3) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നാൽ തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്ടിൻ കീഴിൽ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്;

(ബി) പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നതിനുശേഷവും ഈ ആക്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതിയ്ക്ക് മുമ്പും ചെയ്ത ഏതൊരു കാര്യവും എടുത്ത ഏതൊരു നടപടിയും പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നില്ലായെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്യാമായിരുന്ന അഥവാ എടുക്കാമായിരുന്ന എങ്കിൽ ഈ ആക്ട് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്."

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. ദീർഘശീർഷകത്തിൽ "ക്ഷേമവും" എന്നതിന് ശേഷം "അവകാശങ്ങളും" എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

115. ദീർഘശീർഷകത്തിൽ “സംരക്ഷണവുമായി” എന്നതിന് പകരം “സംരക്ഷണവും ഉറപ്പുവരുത്തുന്നതുമായി” എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

118. ദീർഘശീർഷകത്തിൽ "സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും" എന്നതിന് പകരം "സംരക്ഷണം ഉറപ്പാക്കുന്നതിനും" എന്ന് ചേർക്കുക.

165. പീഠികയിൽ “സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും” എന്നതിന് പകരം" സംരക്ഷണം ഉറപ്പാക്കുന്നതിനും " എന്ന് ചേർക്കുക.

224. ഖണ്ഡം 1(2)-ൽ “കരുതപ്പെടേണ്ടതാണ്” എന്നതിന് പകരം "കണക്കാക്കപ്പെടേണ്ടതാണ്”എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

122. ദീർഘശീർഷകത്തിൽ "ബന്ധപ്പെട്ട്” എന്നതിനു ശേഷം "നടപ്പിലാക്കേണ്ട”എന്ന് ചേർക്കുക.

170. പീഠികയിൽ “ബന്ധപ്പെട്ട്” എന്നതിന് ശേഷം “നടപ്പാക്കേണ്ട” എന്നും “കഴിവുകൾ” എന്നതിന് ശേഷം “പരിപോഷിപ്പിക്കുന്നതിനും” എന്നും ചേർക്കുക.

215. ഖണ്ഡം 1(1)-ൽ "വയോജന" എന്നതിന് ശേഷം "ക്ഷേമവും സംരക്ഷണവും" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. ദീർഘശീർഷകത്തിൽ "മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും” എന്നതിന് പകരം "നടപടികൾ സ്വീകരിക്കുന്നതിനും” എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

124. ദീർഘശീർഷകത്തിൽ "പുനരധിവാസം" എന്നതിന് ശേഷം "ആവശ്യമാകുന്നിടത്ത്" എന്ന് ചേർക്കുക.

127. ദീർഘശീർഷകത്തിൽ "കഴിവുകൾ" എന്നതിന് പകരം "കഴിവുകളും പരിചയസമ്പത്തും" എന്ന് ചേർക്കുക.

140. ദീർഘശീർഷകത്തിൽ “പ്രവർത്തനങ്ങൾ” എന്നതിന് പകരം “പദ്ധതികളും പ്രവർത്തനങ്ങളും” എന്ന് ചേർക്കുക.

147. ദീർഘശീർഷകത്തിൽ “നടത്തുന്നതിനും” എന്നതിന് ശേഷം “അവർക്ക്” എന്ന് ചേർക്കുക.

175. പീഠികയിൽ “പുനരധിവാസം” എന്നതിന് ശേഷം “ആവശ്യമാകുന്നിടത്ത്” എന്ന് ചേർക്കുക.

186. പീഠികയിൽ “കഴിവുകൾ” എന്നതിന് പകരം "കഴിവുകളും പരിചയസമ്പത്തും" എന്ന് ചേർക്കുക.

203. പീഠികയിൽ “പ്രവർത്തനങ്ങൾ ”എന്നതിന് പകരം “പദ്ധതികളും പ്രവർത്തനങ്ങളും ”എന്ന് ചേർക്കുക.

204. പീഠികയിൽ “നടത്തുന്നതിനും ”എന്നതിന് ശേഷം “അവർക്ക് ” എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

125. ദീർഘശീർഷകത്തിൽ "സാധ്യമാക്കുന്നതിനും" എന്നതിന് ശേഷം "ശാരീരികവും മാനസികവുമായ ആരോഗ്യ സംരക്ഷണത്തിനും" എന്ന് ചേർക്കുക.

145. ദീർഘശീർഷകത്തിൽ “ഏറ്റെടുത്ത് നടത്തുന്നതിനും” എന്നതിന് ശേഷം “നിയമ സഹായം നൽകുന്നതിനും” എന്ന് ചേർക്കുക.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

126. ദീർഘശീർഷകത്തിൽ "അവരുടെ" എന്നതിന് പകരം "വയോജനങ്ങളുടെ" എന്ന് ചേർക്കുക.

169. പീഠികയിൽ “ബന്ധപ്പെട്ട്” എന്നതിന് പകരം “ബന്ധപ്പെട്ടുള്ള” എന്ന് ചേർക്കുക.

216. ഖണ്ഡം 1(2)-ൽ "ഇത്" എന്നതിന് പകരം "ഈ ആക്ട്" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

128. ദീർഘശീർഷകത്തിൽ "പൊതുസമൂഹത്തിന്" എന്നതിന് പകരം "പൊതുസമൂഹത്തിനായി" എന്ന് ചേർക്കുക.

173. പീഠികയിൽ “നൽകുന്നതിനും” എന്നതിനു ശേഷം വരുന്ന “വയോജനങ്ങളുടെ” എന്നതിന് പകരം “വയോജനങ്ങൾക്ക് ഉചിതമായ” എന്ന് ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

131. ദീർഘശീർഷകത്തിൽ “ഉപയുക്തമാക്കുന്നതിനാവശ്യമായ” എന്നതിന് പകരം “ഉപയോഗപ്രദമായ”എന്ന് ചേർക്കുക.

139. ദീർഘശീർഷകത്തിൽ “ഉപയുക്തമാക്കുന്നതിനാവശ്യമായ” എന്നതിന് പകരം “ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ”എന്ന് ചേർക്കുക.

196. പീഠികയിൽ “ഉപയുക്തമാക്കുന്നതിനാവശ്യമായ”എന്നതിന് പകരം “പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ”എന്ന് ചേർക്കുക.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

134. ദീർഘശീർഷകത്തിൽ “ഉപയുക്തമാക്കുന്നതിനാവശ്യമായ” എന്നതിന് പകരം “പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ”എന്ന് ചേർക്കുക.

182. പീഠികയിൽ “അവരുടെ” എന്നതിന് പകരം "വയോജനങ്ങളുടെ വ്യത്യസ്തങ്ങളായ" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

141. ദീർഘശീർഷകത്തിൽ “ഏറ്റെടുത്ത് നടത്തുന്നതിനും” എന്നതിന് ശേഷം “പ്രശ്നങ്ങൾ പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും”എന്ന് ചേർക്കുക.

207. പീഠികയിൽ “ഏറ്റെടുത്ത് നടത്തുന്നതിനും” എന്നതിന് ശേഷം “പ്രശ്നങ്ങൾ പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും”എന്ന് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

148. ദീർഘശീർഷകത്തിൽ “അവകാശ സംരക്ഷണം” എന്നതിന് പകരം “അവകാശവും സംരക്ഷണവും”എന്ന് ചേർക്കുക.

176. പീഠികയിൽ “സാധ്യമാക്കുന്നതിനും” എന്നതിന് പകരം “ഒരുക്കുന്നതിനും”എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

152. ദീർഘശീർഷകത്തിൽ “ഒരു വയോജന കമ്മീഷൻ” എന്നതിന് പകരം “ഒരു വയോജന സംരക്ഷണ കമ്മീഷൻ”എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

155. പീഠികയിൽ “ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട്” എന്നതിന് പകരം "ക്ഷേമവും സംരക്ഷണവും അവകാശവുമായി ബന്ധപ്പെട്ട്" എന്ന് ചേർക്കുക.

159. പീഠികയിൽ “സംരക്ഷണവുമായി" എന്നതിന് പകരം "സംരക്ഷണം ഉറപ്പുവരുത്തുന്നതുമായി" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. പീഠികയിൽ "മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും" എന്നതിന് പകരം "നടപടികൾ സ്വീകരിക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

179. പീഠികയിൽ "സാധ്യമാക്കുന്നതിനും" എന്നതിന് ശേഷം "ശാരീരികവും മാനസികവുമായ ആരോഗ്യ സംരക്ഷണത്തിനും" എന്ന് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

183. പീഠികയിൽ "അവരുടെ" എന്നതിന് ശേഷം "വ്യത്യസ്തങ്ങളായ" എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

190. പീഠികയിൽ "ഉപയുക്തമാക്കുന്നതിനാവശ്യമായ" എന്നതിന് പകരം "ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ" എന്ന് ചേർക്കുക.

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

213. പീഠികയിൽ "അവകാശ സംരക്ഷണം" എന്നതിന് പകരം "അവകാശവും സംരക്ഷണവും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 106-ാം നമ്പർ ഭേദഗതി മുതൽ 111-ാം നമ്പർ ഭേദഗതി വരെ ശീർഷകത്തിലുള്ളതാകയാൽ ക്രമപ്രകാരമല്ല. 113, 114 എന്നീ നമ്പർ ഭേദഗതികൾ 112-ാം നമ്പർ ഭേദഗതിക്കും 116, 117 എന്നീ നമ്പർ ഭേദഗതികൾ 115-ാം നമ്പർ ഭേദഗതിക്കും 119-ാം നമ്പർ ഭേദഗതി മുതൽ 121-ാം നമ്പർ ഭേദഗതി വരെ 118-ാം നമ്പർ ഭേദഗതിക്കും 132, 133 എന്നീ നമ്പർ ഭേദഗതികൾ 131-ാം നമ്പർ ഭേദഗതിക്കും 135, 136 എന്നീ നമ്പർ ഭേദഗതികൾ 134-ാം നമ്പർ ഭേദഗതിക്കും 137, 138 എന്നീ നമ്പർ ഭേദഗതികൾ 139-ാം നമ്പർ ഭേദഗതിക്കും 142-ാം നമ്പർ ഭേദഗതി മുതൽ 144-ാം നമ്പർ ഭേദഗതി വരെ 141-ാം നമ്പർ ഭേദഗതിക്കും 146-ാം നമ്പർ ഭേദഗതി 145-ാം നമ്പർ ഭേദഗതിക്കും 149, 150 എന്നീ നമ്പർ ഭേദഗതികൾ 148-ാം നമ്പർ ഭേദഗതിക്കും 153, 154 എന്നീ നമ്പർ ഭേദഗതികൾ 152-ാം നമ്പർ ഭേദഗതിക്കും 156, 157 എന്നീ നമ്പർ ഭേദഗതികൾ 155-ാം നമ്പർ ഭേദഗതിക്കും 158, 160 എന്നീ നമ്പർ ഭേദഗതികൾ 159-ാം നമ്പർ ഭേദഗതിക്കും 166-ാം നമ്പർ ഭേദഗതി മുതൽ 168-ാം നമ്പർ

ഭേദഗതി വരെ 165-ാം നമ്പർ ഭേദഗതിക്കും 172, 174 എന്നീ നമ്പർ ഭേദഗതികൾ 173-ാം നമ്പർ ഭേദഗതിക്കും 177, 178 എന്നീ നമ്പർ ഭേദഗതികൾ 176-ാം നമ്പർ ഭേദഗതിക്കും 180, 181 എന്നീ നമ്പർ ഭേദഗതികൾ 182-ാം നമ്പർ ഭേദഗതിക്കും 184, 185 എന്നീ നമ്പർ ഭേദഗതികൾ 183-ാം നമ്പർ ഭേദഗതിക്കും 191-ാം നമ്പർ ഭേദഗതി മുതൽ 195-ാം നമ്പർ ഭേദഗതി വരെ 190-ാം നമ്പർ ഭേദഗതിക്കും 197, 198 എന്നീ നമ്പർ ഭേദഗതികൾ 196-ാം നമ്പർ ഭേദഗതിക്കും 205, 206, 208 എന്നീ നമ്പർ ഭേദഗതികൾ 207-ാം നമ്പർ ഭേദഗതിക്കും 221-ാം നമ്പർ ഭേദഗതി മുതൽ 223-ാം നമ്പർ ഭേദഗതി വരെ 224-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ശ്രീ. പി. സി. വിഷ്ണുനാഥിന്റെ 151-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

151. ദീർഘശീർഷകത്തിൽ "ഉറപ്പവരുത്തുന്നതിനുമായി" എന്നതിന് പകരം "ഉറപ്പുവരുത്തുന്നതിനുമായി" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 127, 140, 186, 203 എന്നീ നമ്പർ ഭേദഗതികളും ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതിയും ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 151-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 127, 134, 140, 186, 196, 203 എന്നീ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 118, 165, 224 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 112, 170, 215 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 124, 147, 175, 204 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 125, 145 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 126, 169, 216 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 128, 173 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 131, 139 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 141, 207 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 148, 176 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 155, 159 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ കുഞ്ഞമ്പു അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും 20-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 മാർച്ച് മാസം 20-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 5.50-ന് പിരിഞ്ഞു.)

* * * *

അനുബന്ധം 1

(1) 19-03-2025-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*361)-ന്റെ ഉത്തരത്തിന്റെ (ബി) പിരിവിലെ അനുബന്ധം

പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തിയ സമുദായങ്ങൾ

(1) SIUC ഒഴികെ ക്രിസ്തുമതത്തിൽ ഉൾപ്പെടുന്ന നാടാർ സമുദായങ്ങളെ ഇനം നമ്പർ 49 C ആയി സംസ്ഥാന പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി.

(2) കുമാര ക്ഷത്രിയ സമുദായത്തെ ഇനം നമ്പർ 39 A ആയി സംസ്ഥാന പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി.

(3) കുരുക്കൾ/ഗുരുക്കൾ, ചെട്ടിയാർ, ഹിന്ദുചെട്ടി, പപ്പടചെട്ടി സമുദായങ്ങളെ ഇനം നമ്പർ 73 ആയി വീരശൈവയുടെ മറ്റ് ഉപവിഭാഗങ്ങൾക്കൊപ്പം സംസ്ഥാന പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി.

(4) പുലുവ ഗൗണ്ടർ, വേട്ടുവ ഗൗണ്ടർ, പടയാച്ചി ഗൗണ്ടർ, കാവലിയ ഗൗണ്ടർ സമുദായങ്ങളെ ഇനം നമ്പർ 55 A ആയി സംസ്ഥാന പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി.

(5) സംസ്ഥാന ഒ.ബി.സി പട്ടികയിലെ ഇനം നമ്പർ 63 ആയ Senai Thalavar എന്നതിന് Senai Thalavar, Senaithalaivar, Elavaniar, Elavaniya, Elavania എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിച്ചു.

(6) സംസ്ഥാന ഒ.ബി.സി. പട്ടികയിലെ ഇനം നമ്പർ 53 ആയ പണ്ഡിതാർസ് എന്ന

സമുദായപദം പണ്ഡിതാർസ്, പണ്ഡിതർ എന്നാക്കി മാറ്റംവരുത്തി.

(7) ദാസ് എന്ന സമുദായത്തെ സംസ്ഥാന പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 13 A ആയി ഉൾപ്പെടുത്തി.

(8) പാർക്കവകുലം സമുദായത്തെ സംസ്ഥാന പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 54 A ആയി ഉൾപ്പെടുത്തി.

(9) സംസ്ഥാന ഒ.ബി.സി. പട്ടികയിലെ ഇനം നമ്പർ 10 ആയ ചക്കാല എന്ന സമുദായപ്പേര് ചക്കാല, ചക്കാല നായർ എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിച്ചു.

(10) സംസ്ഥാന ഒ.ബി.സി പട്ടികയിലെ ഇനം നമ്പർ 67 ആയ Vaduvans, Vadugans, Vadukars, Vadukas (Vadukans) എന്നീ സമുദായ പദങ്ങൾക്ക് പകരം Vaduka (Vadukan, Vaduga, Vadugan, Vaduva, Vaduvan, Vadukar, Vaduvans, Vadugans, Vadukars, Vadukas, Vadukans) എന്നാക്കി മാറ്റം വരുത്തിയിട്ടുണ്ട്.

(11) സംസ്ഥാന ഒ.ബി.സി പട്ടികയിലെ ഇനം നമ്പർ 26 ആയ Kadupattan എന്നത് നീക്കം ചെയ്യും പ്രസ്തുത പട്ടികയിലുള്ള ഇനം നമ്പർ 18 ആയ "Ezhuthachan" എന്നത് Ezhuthachan, Ezhuthassan, Kadupattan എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(12) Kallar, Kallan including Isanattu Kallar എന്ന സമുദായത്തെക്കൂടി സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഇനം നമ്പർ 29 ബി ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

(2) 19-03-2025-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*364)-ന്റെ ഉത്തരത്തിന്റെ (എ) പിരിവിലെ അനുബന്ധം

(1) സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നൽകുന്ന വിവിധ വായ്പാ പദ്ധതികളുടെ വിശദവിവരങ്ങൾ

(a) ദേശീയ പുനർവായ്പാ ഏജൻസിയായ എൻ.എസ്.എഫ്.ഡി.സി. വഴി നടപ്പാക്കുന്ന പദ്ധതികൾ

Sl. No.	Scheme	Maximum unit cost	Interest Rate	Repayment Period	Max. Annual Family Income
1	Laghu Vyavasay Yojana	4,00,000	6%	5 years	Rs. 3 lakh
2	Micro Credit Finance Programme	60,000	5%	3 years	
3	Mahila Samridhi Yojana	60,000	4%	3 years	
4	Women Empowerment Programme (Kudumbasree Group)	60,000 (per person)	5%	3 years	
5	Community Development Society Loan	1,00,000 (per person)	5%	3 years	
6	Education Loan	Upto 20,00,000/-	4%	12 years (after course Completion)	

(b) ദേശീയ പുനർവായ്പാ ഏജൻസിയായ എൻ.എസ്.ടി.എഫ്.ഡി.സി. വഴി നടപ്പിലാക്കുന്ന പദ്ധതികൾ

Sl. No.	Scheme	Maximum unit cost	Interest Rate	Repayment Period	Max. Annual Family Income
1	Adhivasi Mahila Sasakthikaran Yojana	2,00,000	4%	5 years	Rs. 3 lakh
2	Loan for Tribal Entrepreneurs	Upto 4,00,000	6%	5 years	
3	Adhivasi Siksha Rin Yojana (Education Loan)	5,00,000	6%	5 years (after course Completion)	
4	Women Empowerment Programme (Kudumbasree Group)	5,00,000	5%	4 years	
5	Community Development Society Loan	50,000-1,00,000 (per person)	5%	4 years	

(c) സർക്കാരിന്റെ മൂലധനസഹായം ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

Sl. No.	Scheme	Maximum Loan per unit	Interest Rate	Repayment Period	Max. Annual Family Income
1	Beneficiary Oriented Scheme	3,00,000	7 %	5 years	Rs. 3.5 lakh
2	Professional Service Scheme (SC only)	5,00,000	8 %	5 years	
3	Foreign Employment Scheme	50,000	6 %	3 years	
4	Foreign Employment	2,00,000	6 %	3 years	

	Scheme (SC only)				
5	Vehicle Loan	10,00,000	Upto 5 lakh 7 % above 5 lakh 8%	5 years	
6	Multi Purpose Unit Loan (Available to Govt. Contractors)	25,00,000	Upto 5 lakh 7 % above 5 lakh 9%	5 years	Rs. 20 lakh
7	Loan for Rehabilitation of Return Emigrants	20,00,000	Upto 5 lakh 6 % above 5 lakh 8%	5 years	
8	Education Loan	2,00,000 to 4,00,000	6 %	5 years(after course completion)	Rs. 3.5 lakh
9	Foreign Education Loan	10,00,000	Upto 5 lakh 6 % above 5 lakh 8.5%	5 years(after course completion)	Rs. 5 lakh
10	Loan for Start up Entrepreneurs	50,00,000	7 %	5-7 years	Rs. 25 lakh
11	Working Capital Loan to Petroleum Dealers	10,00,000	4 %	8 years	Rs. 6 lakh
12	Marriage Loan (Parents shall be aged within 65 years)	3,50,000	7 %	5 years	Rs. 7 lakh
13	Housing Loan	20,00,000	Upto 5 lakh 7 % above 5 lakh 8% Govt. Employee 8.75% (both)	20 years	Rs. 20 lakh
14	House Renovation Loan	5,00,000	7 % Govt. Employee - 8%	6 years	No limit
15	Car Loan	7,00,000	9 %	5 years	Rs. 6 lakh
16	Car Loan to Govt.	7,00,000	9 %	5 years	No limit

	Employees				
17	Personal Loan others	4,00,000	10 %	5 years	Rs. 6 lakh
18	Personal Loan Govt. Employees	4,00,000	10 %	5 years	No limit
19	Two wheeler loan to Govt. Employees	1,00,000	9 %	5 years	

(2) കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നൽകിയ വായ്പകളുടെ എണ്ണവും തുകയുടെയും വിശദാംശങ്ങൾ

(a) Achievement in Loan Disbursement during the last Six Years.

(Rs. In Lakhs)

Year	SC		ST		Total	
	No. of Beneficiaries	Amount	No. of Beneficiaries	Amount	No. of Beneficiaries	Amount
2024-25 (upto 31-01-2025)	3491	7571.23	443	997.35	3934	8568.58
2023-24	5092	10173.31	701	1591.61	5793	11764.92
2022-23	5283	9506.50	643	983.27	5926	10489.77
2021-22	5207	9399.94	528	936.57	5735	10336.51
2020-21	3726	6043.44	505	717.78	4231	6761.22
2019-20	4869	8299.97	425	692.69	5294	8992.66

(b) ജാമ്യമില്ലാതെ വനിതാ ശാക്തീകരണ പദ്ധതികൾ (ഗ്രൂപ്പ്), (സി.ഡി.എസ്.) വഴി നൽകിയ വായ്പകളുടെ വിശദാംശങ്ങൾ

Financial Year	SC		ST		Total	
	No. of	Amount	No. of	Amount	No. of	Amount

	Beneficiaries	(Rs)	Beneficiaries	(Rs)	Beneficiaries	(Rs)
2024-25* (upto 31-01-2025)	313	27150000	6	300000	319	27450000
2023-24	483	28030000	30	1500000	513	29530000
2022-23	817	48150000	180	9230000	997	57380000
2021-22	765	49880000	56	3945000	821	53825000
2020-21	385	18125000	87	3030000	472	21155000
2019-20	448	14775000	0	0	448	14775000
2018-19	1063	30090000	0	0	1063	30090000

(3) 19-03-2025-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*364)-ന്റെ ഉത്തരത്തിന്റെ (സി) പിരിവിലെ അനുബന്ധം

ആദിവാസി സംരംഭക വായ്പ പദ്ധതികളുടെ വിശദാംശങ്ങൾ

ദേശീയ പുനർവായ്പാ ഏജൻസിയായ എൻ.എസ്.ടി.എഫ്.ഡി.സി. വഴി നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ

Age limit 18-55 years

Sl. No.	Scheme	Maximum Unit Cost	Interest Rate	Repayment Period	Maximum Annual Family Income
1	Adhivasi Mahila Sasakthikaran Yojana	2,00,000	4%	5 years	Rs. 3 lakhs
2	Loan for Tribal Entrepreneurs	Upto 4,00,000	6%	5 years	
3	Adhivasi Siksha Rin Yojana (Education Loan)	5,00,000	6%	5 years (after course completion)	
4	Women	5,00,000	5%	4 years	

	Empowerment Programme (Kudumbasree Group)				
5	Community Development Society Loan	50,000-1,00,000 (Per Person)	5%	4 years	

കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ മൂലധനസഹായം ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ

Age limit 18-55 years, unless specified

No.	Scheme	Maximum Loan per Unit	Interest Rate	Repayment Period	Maximum Annual Family Income
1	Beneficiary Oriented Scheme	3,00,000	7%	5 years	Rs. 3.50 lakh
2	Foreign Employment Scheme	50,000	6%	3 years	
3	Vehicle Loan	10,00,000	Upto 5 lakh 7% Above 5 lakh 8%	5 years	Rs. 20 lakh
4	Multi Purpose Unit Loan (also available to Govt. Contractors)	25,00,000	Upto 5 lakh 7% Above 5 lakh 9%	5 years	
5	Loan for Rehabilitation of Return Emigrants	20,00,000	Upto 5 lakh 6% Above 5 lakh 8%	5 years	
6	Loan for Start Up Entrepreneurs	50,00,000	7%	5-7 years	Rs. 25 lakh
7	Working Capital Loan	10,00,000	4%	8 years	6 lakh

	to Petroleum Dealers				

(4) 19-03-2025-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*364)-ന്റെ ഉത്തരത്തിന്റെ (ഡി) പിരിവിലെ അനുബന്ധം

ജാമ്യമില്ലാതെ വനിതാ ശാക്തീകരണ പദ്ധതികൾ (ഗ്രൂപ്പ്), (സി.ഡി.എസ്.) വഴി നൽകിയ വായ്പകളുടെ വിശദാംശങ്ങൾ

Financial Year	ST	
	No. of Beneficiaries	Amount
2024-25* (upto 31-01-2025)	6	300000
2023-24	30	1500000
2022-23	180	9230000
2021-22	56	3945000
2020-21	87	3030000

അനുബന്ധം 2

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വനം വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ

7 (*367) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. എം. മണി:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ 2023-24 സാമ്പത്തിക വർഷത്തെ പ്രധാന നേട്ടങ്ങൾ വിശദമാക്കാമോ?

വനം വകുപ്പിന്റെ 2023-24 സാമ്പത്തിക വർഷത്തെ പ്രധാന നേട്ടങ്ങൾ താഴെപ്പറയുന്നവയാണ്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

1. സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം

2. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ

3. വനം സംരക്ഷണം

4. വനാശ്രിതരായ പട്ടികവർഗ വിഭാഗത്തിൽ നിന്ന് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

5. ഇക്കോട്ടൂറിസം

6. തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ അത്യാധുനിക ആന പുനരധിവാസ കേന്ദ്രം.

7. പുത്തൂർ വനമേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള മൃഗശാല

8. വനവത്കരണം

9. സർക്കാർ വരുമാനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

10. ആദിവാസി വനസംരക്ഷണ സമിതികളിൽ ലൈബ്രറിയുടെ രൂപീകരണം

11. 'സ്നേഹ ഹസ്തം' മെഡിക്കൽ ക്യാമ്പ്

12. വിദ്യാവനം പദ്ധതി

13. നഗരവനം പദ്ധതി

14. ഫോറസ്ട്രി ക്ലബുകൾ

15. കാവുകളുടെ സംരക്ഷണത്തിന് ധനസഹായം

16. ഗ്രീൻ ഇന്ത്യ മിഷൻ

17. നഗർ വൻ യോജന

18. PVTG VDVK

19. വനശ്രീ പദ്ധതി

20. അടിസ്ഥാന സൗകര്യ വികസനം

(ബി) വനപരിപാലനത്തിൽ സാമൂഹിക പങ്കാളിത്തവും സുസ്ഥിരമായ വനസംരക്ഷണത്തിൽ പ്രാദേശിക പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ?

വനപരിപാലനത്തിൽ സാമൂഹിക പങ്കാളിത്തവും സുസ്ഥിരമായ

വനസംരക്ഷണത്തിൽ പ്രാദേശിക പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.+

സേഫ് പദ്ധതി

8 (*368) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രധാന വികസന പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രധാന വികസന പരിപാടികൾ ചുവടെ ചേർക്കുന്നു.

- SAFE (സേഫ്) പദ്ധതി
- TRACE (ട്രെയിനിങ് ഫോർ കരിയർ എക്സലൻസ്)
- JWALA (ജസ്റ്റിസ് വെൽഫെയർ ആൻഡ് ലീഗൽ അസിസ്റ്റൻസ്)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- HOME (ഹൗസ്ഹോൾഡ് ഓറിയന്റഡ് മൈക്രോ പ്ലാനിങ് ഫോർ എംപവർമെന്റ്)
- ഹരിത വരുമാന പദ്ധതി (ഗ്രീൻ ഇൻകം പ്രോജക്ട്)

പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) സാങ്കേതികമായി പണിതീർത്തതും എന്നാൽ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ അറ്റകുറ്റപ്പണികൾ, പൂർത്തീകരണം, നവീകരണം എന്നിവയ്ക്കായി 'സേഫ്' എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ ഭവന പൂർത്തീകരണവും നവീകരണവും ലക്ഷ്യമിട്ട് 2022-23 സാമ്പത്തിക വർഷം മുതൽ സേഫ് പദ്ധതി നടപ്പാക്കിവരുന്നു. ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയുള്ളതും 2010 ഏപ്രിൽ 1-നുശേഷം ഭവന പൂർത്തീകരണം നടത്തിയിട്ടുള്ളതുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ ഭവന നവീകരണത്തിനായി 2 ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ വികസന വകുപ്പ് 07-11-2022-ലെ സ.ഉ. (സാധാ)നം.1116/2022/പ.ജ.പ.വ.വി.വ പ്രകാരം എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 2.50 ലക്ഷം രൂപ വരെ സേഫ് പദ്ധതി പ്രകാരം അനുവദിക്കുന്നു.

(സി) പ്രസ്തുത പദ്ധതി വഴി വീടുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് സേഫ് പദ്ധതിക്കായി ചെലവഴിച്ച തുക സംബന്ധമായ വിവരം ചുവടെ ചേർക്കുന്നു.

വർഷം	ചെലവഴിച്ച തുക (രൂപയിൽ)
2022-23	44,36,98,632 /-
2023-24	126,15,87,296 /-
2024-25 (നാളിതുവരെ)	49,05,53,573 /-

പട്ടികവർഗ വികസന വകുപ്പ് മുഖേന പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം, മുൻവർഷങ്ങളിൽ ഭവന പുനരുദ്ധാരണത്തിനായി തിരഞ്ഞെടുത്ത ഭവനങ്ങളുടെ പൂർത്തീകരണം, ജനറൽ ഹൗസിങ് പദ്ധതി പ്രകാരം അനുവദിച്ച ഭവനങ്ങളുടെ പൂർത്തീകരണം, കാലവർഷ കെടുതിയിൽ തകർന്ന വീടുകളുടെ

നിർമ്മാണം, സേഫ് പദ്ധതി പ്രകാരമുള്ള നിർമ്മാണം/നവീകരണം എന്നിവയ്ക്കായി ചുവടെ പരാമർശിക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

വർഷം	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2022-23	4918.42
2023-24	3900.398
2024-25 (നാളിതുവരെ)	4827.59

ആറളം ഫാമിലെ വന്യജീവി ആക്രമണം

9 (*369) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) ആറളം പുനരധിവാസ മേഖലയിലും ഫാമിലുമായി വന്യജീവി ആക്രമണത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ പന്ത്രണ്ട് പേരുടെ ജീവൻ നഷ്ടമായി എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ?

ഗൗരവമായി കാണുന്നുണ്ട്. ഇത്തരം സംഭവങ്ങൾ തടയുന്നതിനുള്ള സത്വര

പ്രതിരോധ മാർഗങ്ങൾ സർക്കാർ സ്വീകരിച്ചുവരുന്നു. വനം വകുപ്പിന്റെ നേതൃത്വത്തിൽ ആറളം ഫാമിൽനിന്നും ആനകളെ ആറളം വന്യജീവി സങ്കേതത്തിലേക്ക് കടത്തിവിടുന്ന നടപടികൾ തുടർന്നുവരുന്നു. വനം വകുപ്പുമന്ത്രിയുടെ യോഗത്തിലെടുത്ത തീരുമാനപ്രകാരം രൂപീകരിച്ച പ്രാദേശിക കമ്മിറ്റിയുടെ അവലോകന യോഗം പേരാവൂർ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 01-03-2025-ന് ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽവച്ച് ചേരുകയുണ്ടായി.

മേൽ യോഗത്തിൽ ഫാമിൽനിന്നും ആനകളെ ആറളം വന്യജീവി സങ്കേതത്തിലേക്ക് കടത്തിവിടുന്ന സാഹചര്യത്തിൽ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ജനങ്ങളുടെ സഹകരണവും വിവിധ വകുപ്പുകളുടെ ഏകോപനവും ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. പുനരധിവാസ മേഖലയിലെ കാടുമൂടിക്കിടക്കുന്ന സ്ഥലങ്ങൾ വിവിധ വകുപ്പുകളുടെയും യുവജന, സന്നദ്ധ സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി അടിക്കാടുകൾ വെട്ടിമാറ്റുന്ന പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്. സോളാർ ഹാങ്ങിങ് ഫെൻസിങ് അനെർട്ട് മുഖേന വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആറളം ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ആനകളെ ആറളം വന്യജീവി സങ്കേതത്തിലേക്ക് കടത്തിവിടുന്ന ദൗത്യം കഴിയുന്നതുവരെ പ്രദേശത്ത് പോലീസ്, ഫയർഫോഴ്സ്, എക്സൈസ് എന്നീ വകുപ്പുകളുടെ സാന്നിധ്യം ഉറപ്പാക്കുന്നതിനും ജനങ്ങളുടെ സുരക്ഷ മുൻനിർത്തി ഈ മേഖലയിലെ പരിപ്പ്തോട്-കോട്ടപ്പാറ റോഡിലെ ഗതാഗതം നിർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രദേശത്ത് വനം വകുപ്പ് രാവിലെയും വൈകിട്ടും ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം നടത്തിവരികയും 24 മണിക്കൂറും പട്രോളിങ് നടത്തിവരികയും ചെയ്യുന്നുണ്ട്. പകൽ 40-ഓളം ജീവനക്കാരും രാത്രിയിൽ 3 വാഹനങ്ങളിലായി 15 ജീവനക്കാരും പട്രോളിങ് നടത്തിവരുന്നുണ്ട്. വന്യമൃഗങ്ങളിൽ നിന്നുള്ള അപകടം ഒഴിവാക്കുന്നതിന് ആറളം പുനരധിവാസമേഖലയിൽ താമസിക്കുന്ന പൊതുജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസും സോഷ്യൽ മീഡിയ വഴി അടിയന്തര അറിയിപ്പുകളും നൽകിവരുന്നു. ആറളം പുനരധിവാസ മേഖലയിൽ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും സുരക്ഷ ഒരുക്കുന്നതിനും വനം വകുപ്പിനെ സഹായിക്കുന്നതിനും വേണ്ടി പ്രദേശത്തെക്കുറിച്ച് അറിവും പരിചയവുമുള്ള തദ്ദേശീയ വോളന്റിയർമാരെ ഉൾപ്പെടുത്തി പ്രൈമറി റെസ്പോൺസ് ടീം (പി.ആർ.ടി.) രൂപീകരിച്ചിട്ടുണ്ട്.

23-02-2025-ൽ ആറളം ഫാമിൽ കശുവണ്ടി ശേഖരിക്കുകയായിരുന്ന ബ്ലോക്ക് 13-ലെ പ്ലോട്ട് നമ്പർ 1542-ലെ താമസക്കാരായ വെള്ളി, ലീല എന്നീ ദമ്പതികൾ കാട്ടാനയുടെ മുന്നിൽ അകപ്പെട്ട് മരണപ്പെട്ട സംഭവത്തിൽ അടിയന്തര സഹായമായി 10 ലക്ഷം രൂപ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിയിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി 10 ലക്ഷം രൂപകൂടി നൽകാൻ സാധിക്കും.

ആറളം വന്യജീവി സങ്കേതവും ആറളം പുനരധിവാസമേഖലയും അതിർത്തി പങ്കിടുന്ന ടി.ആർ.ഡി.എം.-ന്റെ സ്ഥലത്ത് 10.5 കി.മീ. നീളമുള്ള ആന പ്രതിരോധമതിലിന്റെ പ്രവൃത്തി പി.ഡബ്ല്യൂ.ഡി.-യുടെ മേൽനോട്ടത്തിൽ പുരോഗമിച്ചുവരുന്നുണ്ട്. ഇതുവരെ ഏകദേശം 4 കി.മീ. ദൂരത്തിൽ ആനപ്രതിരോധ മതിലിന്റെ പണി പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന 6.5 കി.മീ. വരുന്ന മതിലിന്റെ പണിപൂർത്തിയാക്കാനുള്ള ദൂരത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ടുപയോഗിച്ച് അനെർട്ട് വഴി അടിയന്തരമായി ഹാങ്ങിങ്ങ് ഫെൻസിങ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ആറളം ഫാമിൽ ജനങ്ങളുടെ സുരക്ഷ മുൻനിർത്തി സാധ്യമായ എല്ലാ നടപടികളും വനം വകുപ്പ് മറ്റ് വകുപ്പുകളുമായി സഹകരിച്ച്

സ്വീകരിച്ചുവരികയാണ്.

(ബി) ആറളം പുനരധിവാസ മേഖലയിൽ ദമ്പതിമാരെ കാട്ടാന ചവിട്ടിക്കൊന്ന സംഭവത്തിനുശേഷവും കാട്ടാനയുടെ ആക്രമണം ഉണ്ടായി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ആറളം പുനരധിവാസ മേഖലയിൽ ദമ്പതിമാരെ കാട്ടാന ചവിട്ടിക്കൊന്ന സംഭവത്തിനുശേഷം അത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടായിട്ടില്ല. എന്നാൽ 01-03-2025-ന് ആറളം ഫാമിലെ തന്നെ 13-ാം ബ്ലോക്കിൽ താമസിക്കുന്ന രണ്ടുപേർ ആകസ്മികമായി ആനയുടെ മുന്നിൽപ്പെട്ടതിനെ തുടർന്ന് ഇരുചക്രവാഹനത്തിൽനിന്ന് വീണ് പരിക്ക് പറ്റിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളി മേഖലയിൽ നൂതന സാങ്കേതികവിദ്യ

10 (*370) ശ്രീമതി കെ. കെ. രമ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മത്സ്യം സംസ്കരിച്ച് മൂല്യവർധിത ഉൽപന്നമാക്കി മാറ്റുന്നതിന് നടത്തിയ ഇടപെടൽ

കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മത്സ്യം സംസ്കരിച്ച് മൂല്യവർധിത ഉൽപന്നമാക്കി മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ് എന്നിവ വഴി വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്. ഇവിടം കേന്ദ്രീകരിച്ച് നടത്തിയ പരിശോധനകളിൽ മത്സ്യം സംസ്കരിച്ച് മൂല്യവർധിത ഉൽപന്നമാക്കി മാറ്റുന്നതിന് നടത്തിയ ഇടപെടൽ കാര്യക്ഷമമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മത്സ്യഫെഡ്:- എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് ആൻഡ് ഫ്രീസിങ് പ്ലാന്റിൽനിന്നും വിവിധതരം മത്സ്യ മൂല്യവർധിത ഉൽപന്നങ്ങൾ (ചെമ്മീൻ, ചൂര, ഓലക്കോടി, കണവ എന്നിവയുടെ അച്ചാറുകൾ) കട്‌ലറ്റ് തുടങ്ങി വിവിധ ഉൽപന്നങ്ങൾ കേന്ദ്ര മത്സ്യഗവേഷണ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-യുടെ സാങ്കേതിക സഹായത്തോടെ ഉൽപാദിപ്പിച്ച് വിപണനം നടത്തിവരുന്നു. കൂടാതെ സ്വയംസഹായ ഗ്രൂപ്പുകളിലെ വനിതകൾ നിർമ്മിക്കുന്ന റെഡി ടു ഈറ്റ് & റെഡി ടു കുക്ക് വിഭവങ്ങൾ മത്സ്യഫെഡ് ഈറ്റ്സ് &

മത്സ്യഫെഡ് ട്രീറ്റ്സ് എന്ന പേരിൽ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, ഫിഷ് കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നീ മത്സ്യ ഉൽപന്നങ്ങളും വിപണനം ചെയ്തുവരുന്നു. ഇവ വിവിധ ജില്ലകളിൽ സ്ഥാപിച്ച ഫിഷ് മാർട്ടുകൾ വഴി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഉൽപന്നങ്ങൾക്ക് വ്യാപകമായ സ്വീകാര്യത ഉപഭോക്താക്കളിൽനിന്നും ലഭിച്ചിട്ടുണ്ട്. അതോടൊപ്പം ടി ഉൽപന്നങ്ങൾ ഓൺലൈൻ ആയി കെ-ഷോപ്പിൽ (ഗവൺമെന്റ് ഓൺലൈൻ പ്ലാറ്റ്ഫോം) കൂടി വില്പനയും ആരംഭിച്ചിട്ടുണ്ട്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ:- കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കൊല്ലം ശക്തികുളങ്ങരയിൽ സ്ഥിതിചെയ്യുന്ന മത്സ്യ സംസ്കരണ യൂണിറ്റിൽ വിവിധ മത്സ്യയിനങ്ങൾ സംസ്കരിച്ച് സൗരോർജ ഡ്രൈയറിൽ ഉണക്കിയെടുത്ത് 'ഡ്രിഷ് കേരള' (DRISH KERALA) എന്ന ബ്രാൻഡിൽ വളരെ കാര്യക്ഷമമായി തദ്ദേശ വിപണിയിലും വിദേശ വിപണിയിലും എത്തിച്ചുവരുന്നു. വകുപ്പുതല മീറ്റിംഗുകളിൽ ഇതുസംബന്ധിച്ച വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്.

സാഫ്:- സാഫിന്റെ നിയന്ത്രണത്തിൽ മത്സ്യം സംസ്കരിച്ച് മൂല്യവർധിത ഉൽപന്നമാക്കി മാറ്റുന്ന സാഫ് യൂണിറ്റുകൾ മത്സ്യം ഹാർബറിൽനിന്നും നേരിട്ട്

ശേഖരിച്ച് ഉണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കുകയാണ് ചെയ്യുന്നത്. ടി ഉൽപന്നങ്ങൾ ആകർഷകമായ പാക്കിങ്ങിലും ലേബലുകളിലും തീരമൈത്രി ബ്രാന്റിൽ ലഭ്യമാക്കുന്നു. Prawns, Angovy, Sole Fish, Lizard fish, Shark, Silverbelly എന്നീ ഉണക്കമത്സ്യങ്ങൾ കേന്ദ്ര ഏജൻസിയായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-യിൽ ക്വാളിറ്റി ടെസ്റ്റ് നടത്തിയാണ് വിപണിയിൽ എത്തിക്കുന്നത്. മറ്റ് മത്സ്യ മൂല്യവർധിത ഉൽപന്നങ്ങളായ Fish Pickle, Clam Processing, Prawns pickle, Tuna Pickle, Squid Pickle, Prawns Chutney Powder, Prawns ready to cook, Anchovy ready to cook, Dry Fish Roast, Fish mixture, Fish finger, Fish cutlet എന്നിവയും യൂണിറ്റുകൾ തയ്യാറാക്കിവരുന്നു. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി ആൻഡ് ട്രെയിനിങ് (NIPHAT) എന്നീ ഏജൻസികൾ മുഖേന യൂണിറ്റുകൾക്ക് വിവിധ പരിശീലനങ്ങൾ നൽകിവരുന്നു.

ഓൺലൈൻ മാർക്കറ്റിങ് & സെയിൽസ് സംവിധാനം കൊണ്ടുവരുന്നതിനുള്ള ആദ്യപടിയായി സാഫിന്റെ സഹായത്തോടെ യൂണിറ്റുകൾ സ്വന്തം നിലയ്ക്ക് QR code, UPI Payment, Online/Home Delivery, Social media

തുടങ്ങിയ സംവിധാനങ്ങളിലൂടെ ഓൺലൈൻ മാർക്കറ്റിങ് & സെയിൽസ് ചെയ്തുവരുന്നു.

(ബി) മൂല്യവർധിത ഉൽപന്നങ്ങളിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർധനവ് സാധ്യമാക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മൂല്യവർധിത ഉൽപന്നങ്ങളിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർധനവ് സാധ്യമാക്കുന്നതിനായി മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ് എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മത്സ്യത്തൊഴിലാളി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മത്സ്യത്തൊഴിലാളി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>മത്സ്യഫെഡ്:-</u> മത്സ്യഫെഡ് ഐസ് & ഫ്രീസിങ് പ്ലാന്റിൽ 30

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമായി 520 ലക്ഷം രൂപ അടങ്കൽ തുകയിൽ സ്ഥാപിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതി അന്തിമഘട്ടത്തിലാണ്. ഇവിടെ 32-ൽ അധികം പേർക്ക് പ്രത്യക്ഷമായി തൊഴിലവസരം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മത്സ്യഫെഡിന്റെ നിയന്ത്രണത്തിലുള്ള ഫിഷ് മാർട്ടുകൾ, അന്തിപ്പച്ച യൂണിറ്റുകൾ എന്നിവയിലും പ്രത്യക്ഷമായി തൊഴിൽ അവസരങ്ങൾ സാധ്യമാകുന്നുണ്ട്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ:- കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കൊല്ലം ശക്തികുളങ്ങരയിലുള്ള മത്സ്യ സംസ്കരണ യൂണിറ്റിൽ പ്രത്യേകം പരിശീലനം നൽകിയ വനിതകൾ മുഖേനയാണ് മത്സ്യം സംസ്കരിക്കുന്നതും പാക്കിങ് നടത്തിവരുന്നതും. കൂടാതെ കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന ധനസഹായത്തോടെ "ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിങ് വില്ലേജ്, കേന്ദ്ര ധനസഹായത്തോടെ Climate Resilient Coastal Fishermen Villages (CRCFV) 2024-25 എന്നീ പദ്ധതികളിൽ മത്സ്യത്തൊഴിലാളി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്.

കൊല്ലം ആസ്ഥാനമാക്കിയുള്ള ശക്തികുളങ്ങരയിൽ സ്ഥിതി ചെയ്യുന്ന മത്സ്യസംസ്കരണ യൂണിറ്റിൽ സൗരോർജ്ജ ഡ്രയറിൽ വിവിധയിനം മത്സ്യയിനങ്ങൾ സംസ്കരിച്ച് മൂല്യവർധിത മത്സ്യ ഉൽപന്നങ്ങളാക്കി വിവിധ സാങ്കേതിക സഹായത്തോടെ ഗ്രണഭോക്താക്കൾക്ക് എത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽനിന്നും ഗ്രണനിലവാരം ഉറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രയറിൽ ഉണക്കിയെടുത്ത വിവിധ മൂല്യവർധിത മത്സ്യ ഉൽപന്നങ്ങൾ 'ഡ്രിഷ് കേരള' (DRISH KERALA) എന്ന ബ്രാന്റിൽ തദ്ദേശ വിപണിയിലും വിദേശ വിപണിയിലും എത്തിച്ചുവരുന്നു. കൂടാതെ വിവിധയിനം മത്സ്യ അച്ചാറുകളും മൂല്യവർധിത ഉൽപന്നങ്ങളും തദ്ദേശ വിപണികളിൽ എത്തിച്ചുവരുന്നു. പ്രത്യേകം പരിശീലനം ലഭിച്ച വനിതകൾ മുഖേനയാണ് പ്ലാന്റിൽ ഉൽപന്ന നിർമ്മാണം നടത്തിവരുന്നത്. ഇതുവഴി വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

സാഫ്:- മൂല്യവർധിത ഉൽപന്നങ്ങളിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർധനവ് സാധ്യമാക്കുന്നതിനായി മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി സാഫ് വഴി നടപ്പാക്കിവരുന്നു. രണ്ട് മുതൽ അഞ്ച് വരെ അംഗബലത്തിൽ മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ഗ്രൂപീകരിക്കുന്ന

ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ഇതുകൂടാതെ മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനുള്ള പരിശീലനങ്ങളും സ്കിൽ ടെയിനിങ്ങുകളും നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു.

Fish Booth, Dry Fish, Fish processing units, Pickle, Ornamental Fish, Clam Processing, Peeling shed, Fish manure എന്നീ സംരംഭങ്ങൾ നടത്തുന്ന 295 യൂണിറ്റുകളാണ് ഈ ഫെഡറേഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നത്. ഇതിൽ വാല്യു ആഡഡ് ഫിഷ് പ്രോസസിങ് എന്ന നിലയിൽ പ്രവർത്തിക്കുന്ന 76 യൂണിറ്റുകളുണ്ട്. ഇതുവഴി 228 മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്ഥിരതൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ട്.

വന്യജീവി ആക്രമണ ഹോട്ട് സ്പോട്ടുകളിൽ നൂതന പ്രതിരോധ നടപടികൾ

11 (*371) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി

നൽകുമോ:

(എ) വന്യജീവി ആക്രമണത്തിന് പരിഹാരമായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ഇതുസംബന്ധിച്ച് ചേർന്ന ഉന്നതതലയോഗത്തിന്റെയും അതിലെടുത്ത തീരുമാനങ്ങളുടെയും വിശദാംശം അറിയിക്കുമോ;

(ബി) ഹോട്ട് സ്പോട്ടുകളായി കണ്ടെത്തിയിട്ടുള്ള മേഖലകളിൽ സ്വീകരിച്ച നൂതന പ്രതിരോധ നടപടികൾ വ്യക്തമാക്കുമോ?

(എ & ബി) സംസ്ഥാനത്തെ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

മനുഷ്യ-വന്യമൃഗ സംഘർഷത്തെ 07-03-2024-ലെ സർക്കാർ ഉത്തരവ് നം. (കൈ)4/2024/DMD പ്രകാരം "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിച്ചു.

- മനുഷ്യ-വന്യമൃഗ സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി സർക്കാരിന്റെ വിവിധ തലങ്ങളിൽ നാല് സമിതികൾ രൂപീകരിച്ചിട്ടുണ്ട് (07-03-2024-ലെ സ.ഉ. (കൈ) നം. 12/2024/വനം). സർക്കാർ

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.[+]

- അയൽ സംസ്ഥാനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കർണ്ണാടകയിലെ ബന്ദിപ്പൂരിൽ 10-03-2024-ന് കേരളവും കർണ്ണാടകയും തമിഴ്നാടും അന്തർ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ധാരണാപത്രം ഒപ്പിട്ടു.
- വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി 2021-22 മുതൽ 2023-24 വരെ 1444.20 ലക്ഷം രൂപ വിനിയോഗിച്ച് 653.33 കി.മീ. പ്രതിരോധ സംവിധാനങ്ങൾ നിർമ്മിച്ചു.
- "മിഷൻ സോളാർ ഫെൻസിങ്ങിന്റെ" ഭാഗമായി ഇതുവരെ 848 കി.മീ. സോളാർ വേലികൾ നന്നാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.
- വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ 101.50 കിലോമീറ്റർ സോളാർ വേലി നിർമ്മിക്കുന്നതിനായി 586.11 ലക്ഷം രൂപയും മറ്റുവിവിധ പ്രതിരോധ നിർമ്മിതികൾക്കായി 6203.02 ലക്ഷം രൂപയും നബാർഡിൽനിന്ന് ലഭ്യമാക്കി ആയതിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.
- വയനാട്, മലപ്പുറം ജില്ലകളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് 142 കി.മീ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സോളാർ ഹാങ്ങിങ് ഫെൻസ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

- മനുഷ്യ-വന്യമൃഗ സംഘർഷംമൂലം ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും സ്വത്തിനും കൃഷിക്കും നാശം സംഭവിച്ചവർക്കുമുള്ള നഷ്ടപരിഹാരമായി 2020-21 മുതൽ 2023-24 വരെ 33784 അപേക്ഷകളിന്മേൽ 5584.35 ലക്ഷം രൂപ അനുവദിച്ചു.
- 2011 മുതൽ 2016 വരെയുള്ള കാലയളവിൽ 80% കുടിശ്ശികയുണ്ടായിരുന്ന നഷ്ടപരിഹാര തുക ഉൾപ്പെടെ ഇതേവരെ ഉണ്ടായിരുന്ന കുടിശ്ശികയുടെ 95 ശതമാനവും കൊടുത്തുതീർത്തു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്ത കേസുകളിൽ മാത്രമാണ് ഇനി നഷ്ടപരിഹാര തുക നൽകാനുള്ളത്.
- സ്വയം സന്നദ്ധ പുനഃരധിവാസ പദ്ധതി (നവകിരണം) യുടെ ഭാഗമായി കേരളത്തിലെ വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി ഇതര സമൂഹത്തിൽപ്പെട്ട 815 കുടുംബങ്ങൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ 111 കോടി രൂപ അനുവദിച്ച് പുനഃരധിവാസത്തിന് സാഹചര്യമൊരുക്കി.
- വയനാട് വന്യജീവി സങ്കേതത്തിൽ IDWH സന്നദ്ധ പുനഃരധിവാസ പദ്ധതിയിൽ 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ 922.50

ലക്ഷം രൂപ (2023-24 വർഷത്തിൽ) അനുവദിച്ചു.

- വന്യമൃഗ ആക്രമണ സാധ്യതയുള്ള പ്രദേശങ്ങളിൽ സമയാസമയം ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ വാട്ട്സാപ്പ് ഗ്രൂപ്പുകൾ തുടങ്ങിയിട്ടുണ്ട്. ഇത്തരത്തിൽ ഇരുപതിനായിരത്തോളം അംഗങ്ങളുള്ള നാന്നൂറിലധികം വാട്ട്സാപ്പ് ഗ്രൂപ്പുകളുണ്ട്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി 280 ജനജാഗ്രതാ സമിതികൾ പ്രവൃത്തിച്ചുവരുന്നു.
- പാമ്പുകൾ മൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "സർപ്പ" എന്ന മൊബൈൽ ആപ്ലിക്കേഷൻ നടപ്പാക്കിയിട്ടുണ്ട്.
- സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായുള്ള നയരേഖ ഇന്ത്യയിൽ ആദ്യമായി രൂപീകരിച്ചു.
- വന്യമൃഗങ്ങൾക്ക് ഭക്ഷ്യ-ജലലഭ്യത വർധിപ്പിക്കുന്നതിനായി വനത്തിനുള്ളിൽ ഫലവൃക്ഷങ്ങളും അതോടൊപ്പം മുള, ഈറ്റ, നെല്ലി,

കമ്പകം, പൂവം, താന്നി, വേപ്പ്, കുമ്പിൾ, ഞാവൽ, വട്ട, സീതപ്പഴം, പുന്ന, കണിക്കൊന്ന, മലവേപ്പ് തുടങ്ങിയ തദ്ദേശീയ സസ്യങ്ങളും 1346.54 ഹെക്ടർ സ്ഥലത്ത് ഇതിനോടകം തന്നെ വച്ചുപിടിപ്പിച്ചു.

- വനമേഖലകളിലെ കുളങ്ങൾ, ചെക്കുഡാമുകൾ, വയലുകൾ, മറ്റിതര ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ അധികമായി അടിഞ്ഞുകൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.
- കിഫ്ബി ഫണ്ടുപയോഗിച്ച് 46 ചെക്ക് ഡാമുകൾ പുതുതായി നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് അനുവദിച്ച 25 കോടി രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു.
- വയനാട് ജില്ലയിൽ ജൈവവൈവിധ്യത്തിന് ഭീഷണിയായ അധിനിവേശ സസ്യമായ സെന്നയുടെ (മഞ്ഞക്കൊന്ന) നിർമ്മാർജനത്തിന്റെ ഭാഗമായി വയനാട് വൈൽഡ്‌ലൈഫ് മേഖലയിൽ 5000 മെട്രിക് ടൺ സെന്ന മുറിച്ചുനീക്കുന്നതിന് പൊതുമേഖല സ്ഥാപനമായ കേരള പേപ്പർ

പ്രോഡക്ട്സ് ലിമിറ്റഡിന് (KPPL) അനുമതി നൽകി. നാളിതുവരെ 4958 മെട്രിക് ടൺ സെന്ന മുറിച്ച് നീക്കംചെയ്തിട്ടുണ്ട്.

- വിദേശയിന ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളായി മാറ്റുന്നതിന്റെ ഭാഗമായി 2023-24 വർഷത്തിൽ വിവിധ വനം ഡിവിഷനുകളിലെ 748 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം തോട്ടങ്ങളിൽനിന്നും 50,000 മെട്രിക് ടൺ അസംസ്കൃത വസ്തുക്കൾ KPPL മുഖാന്തരം നീക്കം ചെയ്ത് തൽസ്ഥാനത്ത് തനത് വൃക്ഷയിനങ്ങൾ വച്ചുപിടിപ്പിച്ചിട്ടുള്ളതാണ്.
- ജനവാസ മേഖലകളിലിറങ്ങി ജീവനും സ്വത്തിനും ഭീഷണിയുണ്ടാക്കുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് ഉത്തരവ് നൽകാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും അധികാരങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- പുതുതായി 9 RRT-കൾ രൂപീകരിച്ചു. ഇതടക്കം 28 RRT-കളുണ്ട്.
- ആദിവാസി വിഭാഗത്തിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിച്ചു.
- 891 താൽക്കാലിക വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്.
- കിഫ്ബി ഫണ്ടുപയോഗിച്ച് വനാതിർത്തിയോട് ചേർന്നുള്ള

ജനവാസമേഖലകളിൽ 1000 സോളാർ ലൈറ്റുകളും 60 ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- വന്യമൃഗങ്ങളുടെ സാമീപ്യത്തെക്കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് ഏർളി വാണിങ് സിസ്റ്റം/SMS അലെർട്ട്, വ്യാജ വിവരങ്ങൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കുന്നത് തടയുന്നതിനായി പബ്ലിക് അഡ്രസ്സ് സിസ്റ്റം, കൂടാതെ ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ, ബ്രോഷറുകൾ, പാംലെറ്റുകൾ, സോഷ്യൽ മീഡിയ എന്നിവ ഉപയോഗിച്ചുവരുന്നു.
- 2025-26 സാമ്പത്തിക വർഷത്തിലേക്ക് 70.40 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇത് കഴിഞ്ഞ വർഷത്തെക്കാൾ 21.55 കോടി രൂപ കൂടുതലാണ്.
- സംസ്ഥാനത്ത് ആകെ 273 പഞ്ചായത്തുകൾ വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്നവയാണ്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻഡ്സ്കേപ്പുകളെ ഹോട്ട്സ്പോട്ടുകളായി തിരിച്ച് ഓരോ

ലാൻഡ്സ്കേപ്പിന്റെയും ഭൂമിശാസ്ത്രം, ഭൂവിനിയോഗം, കാലാവസ്ഥ, സാമൂഹികാന്തരീക്ഷം, പ്രകൃതിവിഭവങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത തുടങ്ങിയവ അനുസരിച്ച് ഓരോ ലാൻഡ് സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 23-10-2024-ൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് അനുമതി നൽകിയിട്ടുണ്ട്.

- അതത് പ്രദേശത്തെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനുമായി അഞ്ച് സർക്കിളുകളിലെയും സി.സി.എഫ്.-മാരെ നോഡൽ ഓഫീസർമാരായി നിയമിച്ചു. ഹോട്ട്സ്പോട്ടുകളിൽ നോഡൽ ഓഫീസർമാരുടെ മേൽനോട്ടത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചു.
- വനം വകുപ്പ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവൃത്തിക്കുന്ന സംസ്ഥാനതല കൺട്രോൾ റൂം (State Forest Emergency Operation Centre – SFEOC) തുറന്നു. കൂടാതെ സർക്കിൾതലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നു. 36 വനം ഡിവിഷനുകളിലും കൺട്രോൾ റൂമുകൾ

(Divisional Forest Emergency Operation Centre – DEOC) പ്രവർത്തിച്ചുവരുന്നു. സംസ്ഥാന-ഡിവിഷൻതല ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ ശാക്തീകരിക്കുന്നതിനായി 21-02-2025-ലെ G.O. (Rt.) No.79/2025/DMD പ്രകാരം 372.796 ലക്ഷം രൂപ SDMA അനുവദിച്ചിട്ടുണ്ട്.

- നിലവിലെ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിന്റെ ഭാഗമായി 26-02-2025-ലെ സർക്കാർ ഉത്തരവ് (കൈ)നം.8/2025/വനം പ്രകാരം സംസ്ഥാനത്തെ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളെ വിവിധോന്മുഖങ്ങളായ 10 പ്രത്യേക യജ്ഞങ്ങളായി തിരിച്ച് ഓരോ യജ്ഞവും വ്യാഖ്യാനിച്ച് ഓരോന്നിനും സംസ്ഥാന/റീജിയണൽ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.[+] പത്ത് യജ്ഞങ്ങൾ ചുവടെ ചേർക്കുന്നു.

  1. Mission Real Time Monitoring

  2. Mission Primary Response Teams

  3. Mission Tribal Knowledge

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. Mission Food, Fodder & Water

5. Mission Bonnet Macaque

6. Mission Wild Pig

7. Mission SARPA

8. Mission Knowledge

9. Mission Solar Fencing

10. Mission Sensitization to Public

മനുഷ്യ-വന്യമൃഗ സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദേശങ്ങൾ നൽകുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി 07-03-2024-ലെ സ.ഉ.(കൈ) നം. 12/2024/വനം പ്രകാരം രൂപീകൃതമായ സംസ്ഥാനതല സമിതിയുടെയും സംസ്ഥാനതല ഉദ്യോഗസ്ഥ നിയന്ത്രണ സമിതിയുടെയും സംയുക്ത യോഗം 14-03-2024-ൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്നിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.+ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാനതല ഉദ്യോഗസ്ഥ നിയന്ത്രണ സമിതിയുടെ യോഗം 14-08-2024-ൽ ചേരുകയും മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.[+] സംസ്ഥാനത്തെ വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും ഊർജിതപ്പെടുത്തുന്നതിനുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 27-02-2025-നും ഉന്നതതല യോഗം ചേരുകയുണ്ടായി.

(സി) വന്യജീവി ആക്രമണം തടയുന്നതിന് ദുരന്തനിവാരണ അതോറിറ്റിയുമായി ചേർന്ന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷത്തെ 07-03-2024-ലെ സർക്കാർ ഉത്തരവ് നം. (കൈ)4/2024/DMD പ്രകാരം "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിച്ചു. ഇതോടെ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയുള്ള പ്രവർത്തനം സാധ്യമായിട്ടുള്ളതാണ്.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് ആസ്ഥാനത്തും 36 വനം ഡിവിഷനുകളിലും എമർജൻസി ഓപ്പറേഷൻ സെന്റർ സജ്ജമാക്കുന്നതിന് 21-02-2025-ലെ G.O. (Rt.) No 79/2025/DMD പ്രകാരം 372.796 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

നാട്ടിലിറങ്ങി ജീവനും സ്വത്തിനും ഭീഷണിയുണ്ടാക്കുന്ന കാട്ടുപന്നികളെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വെടിവയ്ക്കുന്നതിനുള്ള ഓണറേറിയം 1,500/- രൂപയും ജഡം മറവു ചെയ്യുന്നതിനുള്ള തുക 2,000/- രൂപയും നൽകുന്നതിന് 06-03-2025-ലെ GO(Rt)No.108/2025/DMD പ്രകാരം ഉത്തരവായിട്ടുണ്ട്. ദുരന്തനിവാരണ അതോറിറ്റി ടി തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്നു.

RRT-കൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനും ടൂൾ റൂമുകൾ സജ്ജീകരിക്കുന്നതിനും RRT ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുമായി മൂന്ന് കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും ആയത് SDMA-യുടെ പരിഗണനയിലുമാണ്.

വനം വകുപ്പിൽ നിലവിലുള്ള വിവിധ വൈൽഡ് ലൈഫ് വെറ്ററിനറി യൂണിറ്റുകൾ ശാക്തീകരിക്കുന്നതിന് 2.26 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും ആയത് SDMA-യുടെ പരിഗണനയിലുമാണ്.

(ഡി) വന്യജീവികൾക്ക് വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും സുലഭമാക്കാനുള്ള ശ്രമങ്ങൾ ഊർജിതമാക്കുമോ?

വന്യജീവികൾക്ക് വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും സുലഭമാക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

വനത്തിനുള്ളിലെ കുളങ്ങൾ/ചെറുഡാമുകൾ (1434 എണ്ണം), വയലുകൾ (574

എണ്ണം), വാട്ടർഹോൾസ് തുടങ്ങിയ മറ്റിതര ജലസ്രോതസ്സുകൾ (308 എണ്ണം) എന്നിവ അറ്റകുറ്റപ്പണികൾ ചെയ്ത് നവീകരിക്കുകയും ആവശ്യമായിടത്ത് പുതിയവ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

അധിനിവേശ സസ്യങ്ങൾ നിർമ്മാർജനം ചെയ്യും തനത് വൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പ്രവർത്തനങ്ങളും പുതിയ പുൽനാമ്പുകൾ മുളപ്പിക്കുന്നതിലേക്കായി Control Burning ചെയ്യും വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ തന്നെ പരമാവധി ഭക്ഷ്യ-ജലലഭ്യത ഉറപ്പ് വരുത്താൻ ലക്ഷ്യമിടുന്നു.

വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ തന്നെ ഭക്ഷ്യ-ജലലഭ്യത ഉറപ്പുവരുത്താൻ "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" എന്ന തീവ്രയജ്ഞ പദ്ധതി വനം വകുപ്പ് നടപ്പാക്കിവരുന്നുണ്ട്.

വയനാട് ജില്ലയിൽ ജൈവവൈവിധ്യത്തിന് ഭീഷണിയായ അധിനിവേശ സസ്യമായ സെന്ന (മഞ്ഞക്കൊന്ന) നിർമ്മാർജനം ചെയ്തുവരുന്നു. നോർത്ത് വയനാട് ഡിവിഷനിൽ 400 ഹെക്ടറിലെ സെന്ന നശിപ്പിച്ചു. വയനാട് വൈൽഡ്‌ലൈഫ് മേഖലയിൽ 5000 മെട്രിക് ടൺ സെന്ന മുറിച്ചുനീക്കുന്നതിന് പൊതുമേഖല സ്ഥാപനമായ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് (KPPL)

അനുമതി നൽകി. നാളിതുവരെ 4958 മെട്രിക് ടൺ സെന്ന മുറിച്ച് നീക്കംചെയ്തിട്ടുണ്ട്.

വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് അനുവദിച്ച 25 കോടി രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു.

കിഫ്ബി ഫണ്ടുപയോഗിച്ച് 46 ചെക്ക് ഡാമുകൾ പുതുതായി നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

മലയാളം മിഷൻ

12 (*372) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് 'മലയാളം മിഷൻ' നടത്തിവരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി

13-06-2022-ൽ ചീഫ് സെക്രട്ടറിയുടെയും 14-05-2024-ന് സാംസ്കാരിക വകുപ്പുമന്ത്രിയുടെയും അധ്യക്ഷതയിൽ യോഗങ്ങൾ നടത്തിയിരുന്നു. പ്രസ്തുത യോഗങ്ങളിൽ എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, സർക്കാർ അംഗീകരിച്ച മലയാളം സ്റ്റൈൽ ബുക്ക് ആസ്പദമാക്കി മലയാളം ലിപിയുടെ യൂണിഫോം പ്രിന്റിങ് ഉറപ്പുവരുത്തിയിട്ടുണ്ട്. മലയാളം മിഷൻ അധ്യാപകർക്ക് IGNOU-യുടെ 'MIL Malayalam Course' പരിചയപ്പെടുത്തിക്കൊടുക്കുകയും കോഴ്സിൽ ചേർന്ന് ഭാഷാപ്രാവീണ്യം നേടാൻ അവരെ സഹായിക്കുകയും ചെയ്തു. ഇംഗ്ലീഷ് ഭാഷ മാത്രമറിയാവുന്ന പ്രവാസി മലയാളി കുട്ടികൾക്കായി ഇംഗ്ലീഷിലൂടെ മലയാളം പഠിപ്പിക്കുക എന്ന ആശയം പ്രായോഗികമാക്കാനുള്ള 'Malayalam Academy of North America' മുന്നോട്ടുവച്ച പദ്ധതി സംബന്ധിച്ച് പരിശോധിക്കുന്നതിനായി ചർച്ചകൾ നടന്നുവരുന്നു. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി സിലബസിൽ മലയാളം അംഗീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ അംഗീകാരം നേടിയെടുക്കുന്നതിനുള്ള സാധ്യതകൾ ആരായുവാൻ യു.എസ്. ചാപ്റ്ററുകളോട് ആവശ്യപ്പെട്ടിരിക്കുന്നു. സുഗതാഞ്ജലി കാവ്യാലാപന മത്സരം പോലുള്ളവ വർഷംതോറും മലയാളം മിഷൻ സംഘടിപ്പിച്ചുവരുന്നുണ്ട്. കാവ്യകേളി, അക്ഷരശ്ലോകം, ഭാഷാകേളികൾ തുടങ്ങിയവ അധ്യാപകരെ

പരിചയപ്പെടുത്താനായി പരിശീലനങ്ങൾ നൽകി. അക്ഷരമാല പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിലേതുപോലെ പാഠപുസ്തകങ്ങൾക്ക് മിതമായ നിരക്ക് നിശ്ചയിച്ച് തുക ഈടാക്കുന്നതിന് 13-02-2025-ന് ചേർന്ന നിർവാഹക സമിതി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. മലയാളം മിഷന് നോൺ പ്ലാൻ ഫണ്ട് വിഹിതം കുറവായതിനാൽ മലയാളം മിഷൻ അച്ചടിച്ചുവച്ചിരിക്കുന്ന പുസ്തകങ്ങൾ വില്പന നടത്തി തനത് ഫണ്ടിലേക്ക് തുക സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലയാളം മിഷൻ 100 ചാപ്റ്ററുകൾ പൂർത്തിയായത് സംബന്ധിച്ച പ്രഖ്യാപനം സാംസ്കാരിക വകുപ്പുമന്ത്രി ഓൺലൈനായി നിർവഹിച്ചിട്ടുണ്ട്. ആൻഡമാൻ നിക്കോബാർ ദ്വീപിൽ മലയാളം മിഷൻ ചാപ്റ്റർ പ്രവർത്തിച്ചുവരുന്നുണ്ട്. ലക്ഷദ്വീപിലെയും മറ്റിടങ്ങളിലെയും കേന്ദ്രീയ വിദ്യാലയങ്ങളിലും മലയാളം പഠനത്തിനായി 'കേവി മലയാളം' പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഹരിയാനയിലും മേഘാലയയിലും മലയാളം മിഷൻ ചാപ്റ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കാശ്മീർ, മണിപ്പൂർ എന്നീ സംസ്ഥാനങ്ങളിൽ മലയാളം മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു.

(ബി) മലയാളം മിഷന്റെ പ്രവർത്തനങ്ങൾ ഏതെല്ലാം വിദേശരാജ്യങ്ങളിൽ

വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

മലയാളം മിഷൻ പ്രവർത്തനങ്ങൾ താഴെപ്പറയുന്ന വിദേശ രാജ്യങ്ങളിലേക്ക്/പ്രവിശ്യകളിലേക്ക് വിപുലീകരിച്ചിട്ടുണ്ട്.

1. അബുദാബി
2. അജ്മാൻ
3. അരിസോണ
4. അറ്റ്ലാന്റ
5. ആസ്ട്രേലിയ
6. ഓസ്ട്രിയ
7. ബഹ്റൈൻ
8. ബംഗ്ലാദേശ്
9. ബെൽജിയം
10. ബെനിൻ
11. ബോട്സ്വാന
12. ബ്രൂണെ
13. കാലിഫോർണിയ

14. കാനഡ

15. ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ

16. ഡെന്മാർക്ക്

17. ദുബായ്

18. ഈജിപ്റ്റ്

19. ഫിൻലാൻഡ്

20. ഫ്രാൻസ്

21. ഫുജൈറ

22. ജർമ്മനി

23. ഘാന

24. ഗിനിയ

25. ഹെയ്തി

26. ഹോങ്കോങ്

27. ഇന്തോനേഷ്യ

28. അയർലൻഡ്

29. ഇറ്റലി

30. ഐവറി കോസ്റ്റ്

31. ജപ്പാൻ

32. കെനിയ

33. കുവൈറ്റ്

34. മലാവി

35. മലേഷ്യ

36. മൗറീഷ്യസ്

37. നമീബിയ

38. നെതർലാൻഡ്സ്

39. ന്യൂസിലാൻഡ്

40. നൈജീരിയ

41. നോർവെ

42. ഒമാൻ

43. പെൻസിൽവാനിയ

44. ഖത്തർ

45. റുവാണ്ട

46. സൗദി അറേബ്യ

47. ഷാർജ

48. സിംഗപ്പൂർ

49. സ്വീഡൻ

50. സ്വിറ്റ്സർലൻഡ്

51. തായ്വാൻ

52. ടാൻസാനിയ

53. ടെക്സസ്

54. ടോഗോ

55. ഉഗാണ്ട

56. ഉമ്മുൽ ഖുവൈൻ

57. യുണൈറ്റഡ് കിംഗ്ഡം

58. യുണൈറ്റഡ് സ്റ്റേറ്റ്സ്

59. വിയറ്റ്നാം

60. വിർജീനിയ

(സി) മിഷൻ ദേശീയതലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ

കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

സ്വീകരിച്ചുവരുന്നുണ്ട്. ഭാവിയിലും കാലോചിതമായ പരിഷ്കരണ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) അതിഥി തൊഴിലാളികളെയും അവരുടെ കുടുംബാംഗങ്ങളെയും മലയാളം പഠിപ്പിക്കുന്നതിന് 'അതിഥി മലയാളം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

മത്സ്യബന്ധന മേഖലയെ ആധുനികവൽകരിക്കാൻ പദ്ധതികൾ

13 (*373) ശ്രീ. എം. നൗഷാദ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയെ ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധന മേഖലയെ ആധുനികവൽക്കരിക്കുന്നതിന് മത്സ്യബന്ധന വകുപ്പ്, ഹാർബർ എഞ്ചിനീയറിങ് വകുപ്പ്, സാഫ്, മത്സ്യഫെഡ്, കേരള

സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>മത്സ്യബന്ധന വകുപ്പ്</u>:-

1. സമുദ്ര മത്സ്യബന്ധന യാനങ്ങളുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായി ദേശീയ വെസൽ കമ്മ്യൂണിക്കേഷൻ ആൻഡ് സപ്പോർട്ട് സിസ്റ്റത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 3563 യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലും (Motorised Mechanised) 2437 യന്ത്രവത്കൃതമല്ലാത്ത മത്സ്യബന്ധന യാനങ്ങളിലും (Motorised) ഉൾപ്പെടെ ആദ്യഘട്ടത്തിൽ ആകെ 6000 മത്സ്യബന്ധനയാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന 22.66 കോടി രൂപയുടെ PMMSY പദ്ധതി നടപ്പാക്കിവരുന്നു. ഇതിൽ 13.599 കോടി രൂപ കേന്ദ്ര വിഹിതവും 9.066 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. മുനമ്പം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 10 യന്ത്രവത്കൃത യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിച്ചു. ബാക്കിയുള്ള യാനങ്ങളിൽ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുഗമമായ മത്സ്യബന്ധനം

സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ മത്സ്യബന്ധന ബോട്ടുകളുടെ ആധുനികവൽക്കരണ പദ്ധതിയിലുൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം മരത്തടിയിൽ നിർമ്മിച്ചതും കാലപ്പഴക്കം ചെന്നതുമായ 30 യാനങ്ങളെ സ്റ്റീൽ നിർമ്മിതമായ യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളായി മാറ്റുന്നതിന്/നവീകരിക്കുന്നതിന് 9 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു. സ്വന്തം നിലയിൽ മത്സ്യബന്ധന യാനങ്ങൾ മാറ്റുന്നതിനോ നവീകരിക്കാനോ കഴിയാതെ ദൈനംദിന ഉപജീവനത്തിനായി ഇത്തരം മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്കാണ് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നത്. 50% നിരക്കിൽ പരമാവധി 15.00 ലക്ഷം രൂപ വരെ ഒരു യൂണിറ്റിന് സബ്സിഡി നൽകുന്ന പ്രസ്തുത പദ്ധതിയിൽ 23 പേർ ഗുണഭോക്താക്കളാകുകയും 12 യാനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിച്ചുവരുന്നു.

3. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ ആധുനിക യന്ത്രവത്കൃത ആഴക്കടൽ മത്സ്യബന്ധന രീതിയിലേക്ക്

പരിവർത്തനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY-യിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കൂടാതെ PMMSY 2023-24-ൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നതിനുള്ള 12 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭ്യമാകുകയും പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

4. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ നൽകുകയെന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി 320 FRP യാനങ്ങൾ യൂണിറ്റൊന്നിന് 2 ലക്ഷം രൂപ നിരക്കിൽ നീല വിപ്ലവം പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ PMMSY പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 200 FRP യാനങ്ങൾ, (എഞ്ചിനുകൾ, വല എന്നിവ ഉൾപ്പെടെ) യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിക്ക്

അംഗീകാരം നൽകി പൂർത്തീകരിച്ചു.

5. മണ്ണെണ്ണയുടെ വിലവർധനവും ലഭ്യതക്കുറവും മണ്ണെണ്ണ ഉപയോഗംമൂലം ഉണ്ടാകുന്ന മലിനീകരണവും പരിഗണിച്ച് മത്സ്യബന്ധന യാനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG, ഡീസൽ, തുടങ്ങിയ ഇന്ധനങ്ങളുപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പാക്കിവരുന്നു.

6. 1000 മണ്ണെണ്ണ എഞ്ചിനുകൾ 50% സബ്സിഡിയോടുകൂടി (പരമാവധി 50,000/-രൂപ) പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് പ്രകാരം മത്സ്യഫെഡ് മുഖാന്തരം നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ ഇതിനകം 377 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുമുണ്ട്. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എം.-കളും ഘട്ടം ഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽ.പി.ജി. ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എം.-കളാക്കി മാറ്റുന്നതിനുള്ള

പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

7. മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണം പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഫിഷ് ഫൈൻഡർ ഉള്ള Mounted type GPS-കൾ വിതരണം ചെയ്തിട്ടുണ്ട്. നൂതനമായ സോണാർ സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന GPS-കൾ മത്സ്യങ്ങളുടെ സാന്നിധ്യം കൃത്യമായി കണ്ടുപിടിക്കാൻ സഹായിക്കുന്നതിലൂടെ ഇന്ധനം ലാഭിക്കുന്നതിനും കൂടുതൽ മത്സ്യം ലഭിക്കുന്നതിനും സഹായിക്കുന്നു. 2017-18 വർഷം മുതൽ കടൽ സുരക്ഷ പദ്ധതിയിലുൾപ്പെടുത്തി 2295 എണ്ണം Hand held ജി.പി.എസ്.-ഉം 1473 Mounting Type ജി.പി.എസ്.-കൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിരവും സുരക്ഷിതവുമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് 2023-24-ൽ 836 VHF-കളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

8. പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിലേക്കും അതുവഴി ആഴക്കടലിൽ നിന്നുള്ള അധിക വിഭവങ്ങൾ പരമ്പരാഗത മേഖലയ്ക്ക് പ്രയോജനപ്പെടുത്തുന്നതിലേക്കുമായി 114 പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ

മത്സ്യബന്ധനത്തിന് അനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും നൽകുന്ന പദ്ധതി നടപ്പാക്കി.

9. ബോട്ടം ട്രോൾ നെറ്റുകളിൽ TED (Turtle Excluder Device) നിർബന്ധമാക്കിക്കൊണ്ട് കെ.എം.എഫ്.ആർ. റൂൾ ഭേദഗതി ചെയ്തിട്ടുണ്ട്. CIFT വികസിപ്പിച്ചെടുത്തിട്ടുള്ള ടി ഉപകരണങ്ങൾ ട്രോൾ നെറ്റുകളിൽ ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പരിശീലന പരിപാടികൾ MPEDA-NETFISH-ന്റെ നേതൃത്വത്തിൽ ജില്ലകളിൽ നടത്തിയിട്ടുണ്ട്. ട്രോൾ നെറ്റുകളിൽ TED ഘടിപ്പിക്കുന്നത് മത്സ്യബന്ധന സമയത്ത് ബൈക്യാച്ച് കുറയ്ക്കുന്നതിനും ഇന്ധനക്ഷമത കൂട്ടുന്നതിനും അതുവഴി വലയിൽ ലഭിക്കുന്ന മത്സ്യത്തിന്റെ അളവ് കൂട്ടി മത്സ്യബന്ധനം ലാഭകരമാക്കാൻ സഹായിക്കുന്നു.

10. തീരത്തെ അശാസ്ത്രീയ മത്സ്യബന്ധനം നിയന്ത്രിച്ച് വർധിച്ച മത്സ്യബന്ധന സമ്മർദം ഒഴിവാക്കുന്നതിനും ചെറുമത്സ്യങ്ങൾ വലകളിൽ അകപ്പെട്ട് മത്സ്യസമ്പത്ത് ശോഷിക്കുന്നത് തടയുന്നതിലേക്കുമായി കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ കെ.എം.എഫ്.ആർ. റൂൾ നടപ്പാക്കുകയും ചെയ്തതിന്റെ ഭാഗമായി ട്രോൾ നെറ്റുകളുടെ കോഡ്എൻഡിൽ സ്ക്വയർ മെഷ്

നിർബന്ധമാക്കുകയും 2019-20 സാമ്പത്തിക വർഷം മുതൽ മത്സ്യത്തൊഴിലാളികൾക്ക് സ്ക്വയർ മെഷ് കോഡ് എൻഡ് വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിവരികയും ചെയ്യുന്നു.

ഹാർബർ എഞ്ചിനീയറിങ് വകുപ്പ്:-

മത്സ്യബന്ധന ഇറമുഖങ്ങളുടെ ആധുനികവൽക്കരണത്തിന് അഞ്ച് പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിങ് ഹാർബറിന്റെ ആധുനികവൽക്കരണത്തിനായി 18.73 കോടി രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

2. കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിങ് ഹാർബറിന്റെ ആധുനികവൽക്കരണത്തിനായി 16.06 കോടി രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

3. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിങ് ഹാർബറിന്റെ ആധുനികവൽക്കരണത്തിനായി 20.90 കോടി രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

4. കാസർഗോഡ് ഫിഷിങ് ഹാർബറിലെ വിപുലീകരണത്തിനും

ആധുനികവൽക്കരണത്തിനുമായി 70.53 കോടി രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

5. തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി ഫിഷിങ് ഹാർബറിന്റെ വിപുലീകരണത്തിനും ആധുനികവൽക്കരണത്തിനുമായി 177.00 കോടി രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ മറ്റ് ഹാർബറുകളുടെ ആധുനികവൽക്കരണത്തിനായി പദ്ധതി രൂപരേഖകൾ തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>മത്സ്യഫെഡ്</u>:-

മത്സ്യമേഖലയെ ആധുനികവൽക്കരിക്കുന്നതിന് മത്സ്യഫെഡ് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ബ്ലൂ റെവല്യൂഷൻ പദ്ധതി - പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നാല് കോടി രൂപ അടങ്കൽ തുകയിൽ 200 മത്സ്യത്തൊഴിലാളികൾക്ക് രണ്ട് ലക്ഷം രൂപ വീതം വില വരുന്ന മറൈൻ പ്ലൈവുഡ് വള്ളങ്ങൾ

വിതരണംചെയ്തു.

2. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി - ഫൈബർ ഗ്ലാസ് വള്ളം, വല, എഞ്ചിൻ എന്നിവയ്ക്ക് 60% വായ്പയോടും 40% സബ്സിഡിയോടും കൂടി 100 മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് അഞ്ച് ലക്ഷം രൂപ വീതം നൽകുന്നതിന് അഞ്ച് കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതി നടപ്പാക്കി പൂർത്തീകരിച്ചു.

3. Towing Tractor നൽകുന്ന പദ്ധതി - മത്സ്യബന്ധന യാനങ്ങൾ കടലിലേക്ക് ഇറക്കുന്നതിനും കരയിലേക്ക് വലിച്ച് കയറ്റുന്നതിനും രണ്ട് സഹകരണ സംഘങ്ങൾക്ക് Towing Tractor നൽകുന്ന പദ്ധതി നടപ്പാക്കി. 33.34 ലക്ഷം രൂപ അടങ്കൽ തുകയിലുള്ള പദ്ധതി 75% സബ്സിഡിയും 25% ഗുണഭോക്തൃ വിഹിതവുമായിട്ടാണ് നടപ്പാക്കിയത്. ഇതിലേക്ക് 25 ലക്ഷം രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

4. NABARD RIDF പദ്ധതി - ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കി മൂല്യവർധിത ഉൽപന്നങ്ങളുടെ യൂണിറ്റിന് 520 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി നടപ്പാക്കിവരുന്നു. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

5. മത്സ്യം സംഭരിച്ച് കയറ്റുമതി ചെയ്യുന്നതിന് എറണാകുളം ജില്ലയിൽ പ്രവർത്തിച്ചുവരുന്ന മത്സ്യഫെഡ് - Matsyafed Ice & Freezing Plant (MIFP) ക്ക് NABARD RIDF പദ്ധതിയിലുൾപ്പെടുത്തി 774 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിച്ചു. പ്രവൃത്തികൾ ആരംഭിച്ചു.

6. ഓഖി പുനരധിവാസ പദ്ധതി - തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ മത്സ്യബന്ധന ഉപകരണങ്ങളും കടൽ സുരക്ഷാ ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ഇതിലേക്കായി 3,99,13,755 /- രൂപ ചെലവഴിച്ചു.

സാഫ് :-

മത്സ്യബന്ധന മേഖലയിലെ മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി നടപ്പാക്കിവരുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃവിഹിതവുമാണ്. ജില്ലകളിൽനിന്ന്

തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിര ആസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങളുടെ യൂണിറ്റുകളുടെ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട മാർക്കറ്റ് കണ്ടെത്തുന്നതിന്റെ ഭാഗമായി നൂതന മാർക്കറ്റിങ്ങ് സംവിധാനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് അവ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുന്നു. ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി മാർക്കറ്റിങ്ങും വില്പനയും മെച്ചപ്പെടുത്തുന്നതിനായി സാഫിന്റെ സപ്പോർട്ടിങ്ങ് ടീമിന്റെ സേവനം ലഭ്യമാക്കുന്നു. പുതിയ ടെക്നോളജിക്ക് അനുസരിച്ച് യൂണിറ്റുകളെ upgrade ചെയ്യുന്നതിനായി നൂതന ഉപകരണങ്ങളെപ്പറ്റി അവബോധം നൽകി ആവശ്യമായവ വാങ്ങുന്നതിന് ധനസഹായം നൽകുന്നു. ഉൽപന്നങ്ങളുടെ Packing, Labelling എന്നിവ മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു. കൂടാതെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ ചേർക്കുന്നു.

1. Common Facility Centre & Producer Company:- Fish & Fish Processing,

Food & Food Processing, Tailoring & Garments ഉൾപ്പെടുന്ന യൂണിറ്റുകളുടെ ഉൽപന്നങ്ങൾ ഉൾപ്പെടുത്തി ഓരോ കാറ്റഗറിക്കും ജില്ലാതലത്തിൽ പ്രത്യേക ക്ലസ്റ്ററുകൾ രൂപീകരിച്ച് യൂണിറ്റുകൾ ഒരേതരത്തിലുള്ള ഉല്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഗുണനിലവാരം ഉറപ്പുവരുത്തി Common Facility Centre-കളിൽ ശേഖരിച്ച് ഉൽപന്നങ്ങൾ ആകർഷകമായ പാക്കിങ്ങിലും ബ്രാന്റിങ്ങിലും വിപണിയിൽ എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. Digital marketing, Online sales, Product Promotion എന്നിവ വിപുലപ്പെടുത്തി സാഫ് ഉൽപന്നങ്ങൾ E-Commerce site-കളിൽ ലഭ്യമാക്കുന്നതിനും ഉൽപന്നങ്ങളുടെ ഒരു ഓൺലൈൻ സ്റ്റോർ ആരംഭിക്കാനും ലക്ഷ്യമിടുന്നു. കൂടാതെ ഉൽപന്നങ്ങളുടെ ബ്രാന്റിങിനും ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ഇതര സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നതിനും Buyer Seller Meet-കൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

2. <u>കടൽ കഫെ</u>:- മത്സ്യവിഭവങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഒരേ ബ്രാൻഡിൽ കടൽ കഫെ എന്ന പേരിൽ ഭക്ഷ്യ വിപണന ശൃംഖല ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. തീരദേശ ജില്ലകളിൽ ഒരു കേന്ദ്രീകൃത

കിച്ചൻ സജ്ജമാക്കിക്കൊണ്ട് പ്രധാന ലൊക്കേഷനുകളിൽ 25–30 Take–away കൗണ്ടറുകൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്. ഉപഭോക്താക്കളിലേക്ക് കടൽ കഫെ എത്തിക്കുന്നതിന്റെ ഭാഗമായി ആകർഷകമായും ഉണനിലവാരത്തിലും Take-away കൗണ്ടറുകൾ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ:-

മത്സ്യമേഖലയെ ആധുനികവൽക്കരിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കിഫ്ബി ധനസഹായത്തോടെ 51 മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിന് 142.16 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിക്കുകയും ചെയ്തുവരുന്നു.
2. കേന്ദ്ര-സംസ്ഥാന ധനസഹായത്തോടെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 വർഷത്തിൽ 356 ലക്ഷം രൂപ അടങ്കൽ തുകയിൽ കൊല്ലം ജില്ലയിൽ കരിക്കോട് മത്സ്യമാർക്കറ്റ്, 2017-18 വർഷത്തിൽ 159 ലക്ഷം രൂപ അടങ്കൽ തുകയിൽ മയ്യനാട് മത്സ്യമാർക്കറ്റ് നിർമ്മാണ

പദ്ധതിക്ക് അംഗീകാരം നൽകുകയും പദ്ധതി പൂർത്തിയാക്കി ഇത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.

3. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന ഫണ്ട് ട്രാഞ്ച - 25-ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ നെടുമൺകാവിൽ 502 ലക്ഷം രൂപയുടെ മത്സ്യ മാർക്കറ്റ് നിർമ്മാണത്തിന് അംഗീകാരം ലഭിച്ചു. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരണഘട്ടത്തിലാണ്.

4. സംസ്ഥാന സർക്കാർ ധനസഹായത്തോടെ ആലപ്പുഴ ജില്ലയിലെ നൂറനാട് പടനിലം പ്രദേശത്ത് മത്സ്യ മാർക്കറ്റ് നവീകരണത്തിനായി 150 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിരുന്നു. പദ്ധതി ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു.

5. കേന്ദ്ര-സംസ്ഥാന ധനസഹായത്തോടെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിലുൾപ്പെടുത്തി എറണാകുളം ജില്ലയിൽ ആലുവ മത്സ്യമാർക്കറ്റ് (അടങ്കൽത്തുക - 50 കോടി രൂപ), കോഴിക്കോട് ജില്ലയിൽ കോഴിക്കോട് മത്സ്യമാർക്കറ്റ് (അടങ്കൽത്തുക - 55.17 കോടി രൂപ) നിർമ്മാണ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. കൊല്ലം ശക്തികുളങ്ങരയിൽ പ്രവർത്തിച്ചുവരുന്ന മത്സ്യസംസ്കരണ യൂണിറ്റിൽ വൃത്തിയായ അന്തരീക്ഷത്തിൽ തികച്ചും ശുചിത്വപൂർണ്ണമായി വിവിധ മത്സ്യയിനങ്ങൾ സംസ്കരിച്ച് മൂല്യവർധിത മത്സ്യഉൽപന്നങ്ങളാക്കി വിവിധ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഗുണഭോക്താക്കൾക്ക് എത്തിച്ചുവരുന്നു. ഇവിടെ നിന്ന് മൂല്യവർധിത മത്സ്യഉൽപന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാന്റിൽ തദ്ദേശ വിപണിയിലും വിദേശ വിപണിയിലും എത്തിച്ചുവരുന്നു.

(ബി) കൊല്ലം ആസ്ഥാനമായി ഒരു ആധുനിക മത്സ്യബന്ധന - സംസ്കരണ - വിപണന ഹബ് സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ കൊല്ലം ജില്ലയിലെ ശക്തികുളങ്ങരയിൽ ഒരു മത്സ്യസംസ്കരണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ സാങ്കേതിക വിദ്യയുടെ സഹായത്തോടെ സംസ്കരിച്ച് സൗരോർജ ഡ്രൈയറിൽ ഉണക്കിയെടുക്കുന്ന ഗുണനിലവാരമുള്ള മൂല്യവർധിത മത്സ്യ ഉൽപന്നങ്ങൾ ഗുണഭോക്താക്കൾക്ക് എത്തിച്ചുനൽകുന്നു. ഇത് "Drish Kerala" ബ്രാന്റിൽ തദ്ദേശ വിപണികളിലും വിദേശ വിപണികളിലും വിപണനം

ചെയ്യുന്നു. പ്രത്യേകം പരിശീലനം ലഭിച്ച വനിതകൾ മുഖേനയാണ് പ്ലാന്റിൽ ഉൽപന്നനിർമ്മാണം നടത്തിവരുന്നത്.

(സി) മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനും അവയെ ലോകനിലവാരത്തിലേക്ക് ഉയർത്തുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനും അവയെ ലോകനിലവാരത്തിലേക്ക് ഉയർത്തുന്നതിനും മത്സ്യബന്ധന തുറമുഖങ്ങൾ ഗ്രീൻ/ബ്ലൂ സ്മാർട്ട് ഹാർബർ ആക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മത്സ്യബന്ധന തുറമുഖങ്ങൾ ഗ്രീൻ/ബ്ലൂ സ്മാർട്ട് ഹാർബർ മുഖേന ഉദ്ദേശിക്കുന്നത് നിലവിലെ ഊർജ സംവിധാനം പൂർണ്ണമായി സോളാർ/വിൻഡ് എനർജിയിലേക്ക് മാറ്റുക, മത്സ്യബന്ധന യാനങ്ങളിൽ ട്രാക്കിങ് സിസ്റ്റം (RFID) ഏർപ്പാടാക്കുക, മുഴുവൻ സമയം CCTV നിരീക്ഷണം ഏർപ്പാടാക്കുക, മത്സ്യത്തിന്റെ വിപണനം പൂർണ്ണമായും കമ്പ്യൂട്ടർ അധിഷ്ഠിത ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുക, ഹാർബറുകളിൽ മത്സ്യം കൈകാര്യം ചെയ്യുന്ന പ്രവൃത്തി പൂർണ്ണമായും യന്ത്രവൽക്കരണ സംവിധാനത്തിലേക്ക് മാറ്റുക, ഹാർബർ ശുചീകരണ പ്രവൃത്തികൾ പൂർണ്ണമായും യന്ത്രവൽക്കരിക്കുക, ഹാർബറിലുണ്ടാകുന്ന വേസ്റ്റ്

നീക്കം ചെയ്യുന്നതിന് ETP ഏർപ്പെടുത്തുക എന്നിവയാണ്.

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം ഗ്രീൻ-ബ്ലൂ പോർട്ടാക്കി നവീകരിക്കുന്ന പദ്ധതിക്ക് PMMSY പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭ്യമായിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന അജാനൂർ മത്സ്യബന്ധന തുറമുഖത്തിന്റെ പദ്ധതി രൂപരേഖയിൽ ഗ്രീൻ/ബ്ലൂ ഘടകങ്ങൾ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ നിലവിലെ ഹാർബറുകളും ഇനി നിർമ്മിക്കാനുദ്ദേശിക്കുന്ന ഹാർബറുകളും സ്മാർട്ട് & ഗ്രീൻ എന്ന രീതിയിൽ ആധുനിക സൗകര്യങ്ങളോടെ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ഡി) മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഗുണമേന്മയോടെ ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഗുണമേന്മയോടെ ഉപഭോക്താക്കൾക്ക് എത്തിച്ചുനൽകുന്നതിനും സർക്കാർ ധനസഹായത്തോടുകൂടി മത്സ്യബന്ധന വകുപ്പ്, സാഫ്, മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നിവ വഴി വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

മത്സ്യബന്ധന വകുപ്പ്:- മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടു വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും മത്സ്യം കേടാകാതെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 75% സബ്സിഡിയോടെ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. നാളിതുവരെ 3014 എണ്ണം ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 9 തീരദേശ ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുകഴിഞ്ഞു. 97 എണ്ണം ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ കൂടി വിതരണം ചെയ്യുന്നതിന് മത്സ്യഫെഡിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

മത്സ്യഫെഡ്:- മത്സ്യം കൂടുതൽ ലഭ്യമായ കാലയളവിൽ മത്സ്യം സംഭരിക്കുന്നതിന് മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ 9 തീരദേശ ജില്ലയിലും മത്സ്യസംഭരണ കേന്ദ്രങ്ങൾ (ബേസ് സ്റ്റേഷൻ) പ്രവർത്തിക്കുന്നുണ്ട്. സംഭരണ കേന്ദ്രങ്ങളിൽ മത്സ്യം സംഭരിച്ച് സൂക്ഷിക്കുന്നതിന് ഇൻസുലേറ്റഡ് ബോക്സുകൾ ലഭ്യമാണ്. ഇവിടെനിന്ന് മത്സ്യം മത്സ്യഫെഡ് ഫിഷ് മാർട്ടുകളും അന്തിപ്പച്ച യൂണിറ്റുകളും വഴി ഉപഭോക്താക്കൾക്ക് എത്തിച്ചുനൽകുന്നുണ്ട്. സംസ്ഥാന സർക്കാർ ധനസഹായത്തോടെ എയർകണ്ടീഷൻ സംവിധാനത്തോടുകൂടിയ 43

ഫിഷ് മാർട്ടുകളും സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള 17 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളും മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ ലഭ്യമാകുന്ന മത്സ്യത്തിൽ മായത്തിന്റെയും രാസവസ്തുക്കളുടെയും സാന്നിധ്യംകൂടി വരുന്ന സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കി ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി മത്സ്യഫെഡിന്റെ "തീരത്തുനിന്നും മാർക്കറ്റിലേക്ക്" (Coast to Market) പദ്ധതിയുടെ ഭാഗമായി അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് 2017 മുതൽ സഞ്ചരിക്കുന്ന മത്സ്യവിപണനശാലയായ "അന്തിപച്ച യൂണിറ്റ്" പ്രവർത്തിച്ചുവരുന്നു. മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ നിലവിൽ 15 അന്തിപ്പച്ച യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

മത്സ്യബന്ധനമേഖലയിൽ നിന്ന് മത്സ്യം ശേഖരിച്ച് മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനായി ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കി 5.2 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിക്ക് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-യും സെൻട്രൽ ട്യൂബർ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും (CTCRI) ആണ് സാങ്കേതിക സഹായം നൽകുന്നത്.

സാഫ്:- മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഗുണമേന്മയോടുകൂടി ഉപഭോക്താക്കൾക്ക് എത്തിച്ചുനൽകുന്നതിന് CIFT-യുമായി ചേർന്ന് ശീതീകരണ സംവിധാനത്തോട് കൂടിയ 20 മത്സ്യവിപണന കിയോസ്കുകൾ (Hygienic Refrigerated Mobile Fish Vending KIOSKS) മത്സ്യത്തൊഴിലാളി വനിതകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ധനസഹായം 15.41 ലക്ഷം രൂപ പദ്ധതി പ്രവർത്തനത്തിനായി CIFT-ക്ക് അനുവദിച്ചിട്ടുണ്ട്. ഇതുവഴി മത്സ്യം/മത്സ്യോൽപന്നങ്ങൾ ഉയർന്ന നിലവാരത്തിൽ വിറ്റഴിക്കുന്നതിനും മെച്ചപ്പെട്ട വരുമാനവും ഉൽപന്നങ്ങൾക്ക് മികച്ച വിലയും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണന കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്.

കൊച്ചിൻ ഷിപ്പ്യാർഡിന്റെ സഹകരണത്തോടെ CIFT രൂപകല്പന ചെയ്ത 26 ഹൈജീനിക്ക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിങ് കിയോസ്കുകൾ സാഫിന്റെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കി. ഇതിലേക്ക് ഗുണഭോക്തൃ വിഹിതമായി 11900 രൂപ ഗ്രൂപ്പുകളിൽനിന്ന് ഈടാക്കിയാണ് പദ്ധതി നടപ്പാക്കുന്നത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ,

കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പദ്ധതി നടപ്പാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. 20 കിയോസ്കുകൾ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 5 കിയോസ്കുകൾ വിതരണത്തിന് സജ്ജമായിട്ടുണ്ട്.

ഹാർബറുകളിൽനിന്ന് നേരിട്ട് മത്സ്യം ശേഖരിച്ച് ഗുണമേന്മയുള്ള മത്സ്യവും മത്സ്യ ഉൽപന്നങ്ങളും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് SAF Fish & Fish Processing Groups Category Federation രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന ഫെഡറേഷന്റെ നിയന്ത്രണത്തിൽ Fish Booth, Dry Fish, Fish processing units, Pickle, Ornamental Fish, Clam Processing, Peeling shed, Fish manure എന്നിങ്ങനെ 309 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സാഫ് വഴി ശേഖരിക്കുന്ന Prawns, Angovy, Sole Fish, Lizard fish, Shark, Silverbelly എന്നീ ഉണക്കമത്സ്യങ്ങൾ തീരമൈത്രി ബ്രാൻഡിൽ വിപണിയിൽ ലഭ്യമാണ്. ഇത് കേന്ദ്ര ഏജൻസിയായ Central Institute of Fisheries Technology (CIFT)-ൽ quality test നടത്തിയാണ് വിപണിയിൽ എത്തിക്കുന്നത്. ഈ ഉൽപന്നങ്ങൾക്ക് Exporting quality ഉറപ്പുവരുത്തിയിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ

ഉൾപ്പെടുത്തി മത്സ്യം ശേഖരിച്ച് വിവിധങ്ങളായ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 500 ലക്ഷം രൂപയുടെ പദ്ധതിക്ക് 12-07-2024-ലെ സ.ഉ. (സാധാ)393/2024/മത്സ്യ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന ചെറുകിട സംരംഭങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ:- ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ഉപഭോക്താക്കളിൽ എത്തിക്കുന്നതിന് കഴിയുമാറ് മത്സ്യവിപണന മേഖലയെ ശാക്തീകരിക്കുന്നതിന് കിഫ്ബി, നബാർഡ്, ബ്ലൂ റെവല്യൂഷൻ, പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതികളിലുൾപ്പെടുത്തി സംസ്ഥാനത്തുടനീളം 55 മത്സ്യവിപണന കേന്ദ്രങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇത് വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇവിടെ മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് Chill room സജ്ജീകരിക്കുന്നുണ്ട്. പദ്ധതി ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു.

മത്സ്യലഭ്യത കൂടുതലുള്ള കാലയളവിൽ മത്സ്യം സംഭരിച്ച് മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിന് എല്ലാ ഹാർബറുകളിലും കോൾഡ് സ്റ്റോറേജുകളും ഫ്രീസിങ് പ്ലാന്റുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ പരിഗണിച്ചുവരുന്നു.

യുവജനക്ഷേമ പ്രവർത്തനങ്ങൾ

14 (*374) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളുടെ ക്ഷേമത്തിനായി നിലവിൽ എന്തെല്ലാം സർക്കാർ സംവിധാനങ്ങളാണ് പ്രവർത്തിക്കുന്നത്; വിശദമാക്കുമോ?

യുവജനങ്ങളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങൾ, വേഗത്തിലും സുതാര്യവുമായ പരാതി പരിഹാരത്തിനായി നിരന്തരമായ ബോധവൽക്കരണപരിപാടികൾ, അദാലത്തുകൾ, ആരോഗ്യ ക്യാമ്പുകൾ, ലഹരിക്കെതിരെ ബോധവൽക്കരണ ക്യാമ്പയിൻ, കലാജാഥ, നിയമപരമായ സഹായം, കൗൺസിലിങ്, യുവജന ക്ലബ്ബുകളുടെ പ്രവർത്തനം എന്നിങ്ങനെ നിരവധി കർമ്മപദ്ധതികൾ കേരള സംസ്ഥാന യുവജന കമ്മീഷൻ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

(ബി) യുവജനങ്ങളുടെ ഇടയിൽ വർധിച്ചുവരുന്ന ലഹരി ഉപയോഗം, അക്രമവാസന എന്നിവയുടെ കാരണങ്ങൾ കണ്ടെത്തുന്നതിനായി പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിലെ നിഗമനങ്ങളും നിർദേശങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) യുവാക്കളിലെ ലഹരി ഉപയോഗവും അക്രമവാസനയും നിയന്ത്രിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(ബി & സി) യുവജനങ്ങളുടെ ഇടയിൽ വർധിച്ചുവരുന്ന ലഹരി ഉപയോഗം, അക്രമവാസന എന്നിവയുടെ കാരണങ്ങൾ കണ്ടെത്തുന്നതിനായി പഠനം നടത്തിയിട്ടില്ല. എന്നാൽ തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച് യുവജന കമ്മീഷൻ തയ്യാറാക്കിയ "Mental Health of Youth at Work" എന്ന പേരിലുള്ള പഠന റിപ്പോർട്ട് പ്രകാരം യുവജനങ്ങളുടെ തൊഴിലിടത്തിലെ മാനസിക സമ്മർദം നേരിടുന്നതിനായി മദ്യപിക്കുന്ന ശീലം യുവജനങ്ങൾക്കിടയിൽ കൂടി വരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

'No To Drugs' എന്ന മുദ്രാവാക്യമുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച

മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ യുവജനകാര്യ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30-ന് 140 നിയമസഭാമണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി 'ജനസഭ' എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. ലഹരി വിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐ.റ്റി. പ്രൊഫഷണലുകളുടെ ക്യാമ്പയിൻ എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപീകരിച്ച 'അവളിടം' യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ 'ഉയിർപ്പ്' എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ കലാജാഥയിൽ തെരുവു നാടകം, തെരുക്കൂത്ത്, ഫ്ലാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്.

സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരായി തിരുവനന്തപുരത്തുള്ള കരിമഠം, ചെങ്കൽച്ചൂള (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാരുടെ പങ്കാളിത്തത്തോടുകൂടി 'Real to Reel' എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും സംഘടിപ്പിക്കുകയുണ്ടായി. ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രം നിർമ്മിക്കുകയുണ്ടായി.

യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, ലഹരി എന്നിവയുടെ ഉപയോഗം തടയുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ യുവജന കമ്മീഷൻ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ, വായനാശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും ഈ പദ്ധതിയുടെ ഭാഗമായി ബോധവൽക്കരണപരിപാടികൾ കമ്മീഷൻ നടപ്പാക്കിവരുന്നു. കൂടാതെ ലഹരിക്കെതിരെ ബോധവൽക്കരണ ക്യാമ്പയിൻ/കലാജാഥ, നിയമപരമായ സഹായം, കൗൺസിലിങ്/ഹ്രസ്വ ചിത്രമത്സരം എന്നിവയും സംഘടിപ്പിച്ചുവരുന്നു.

മത്സ്യഫെഡ് വഴി നൽകുന്ന മണ്ണെണ്ണയുടെ സബ്സിഡി

15 (*375) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) 2011-2016-ലെ സർക്കാരിന്റെ കാലത്തെ അപേക്ഷിച്ച് മണ്ണെണ്ണയുടെ വില ക്രമാതീതമായി വർധിച്ചിട്ടും സബ്സിഡി വർധിപ്പിക്കാൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കുമോ?

മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഇന്ധനങ്ങളുടെ, പ്രത്യേകിച്ച് മണ്ണെണ്ണയുടെ വില വർധനവ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് താങ്ങാവുന്നതിലും അധികമാണ്. നിലവിൽ പൊതുവിപണിയിൽ മണ്ണെണ്ണയുടെ വില ലിറ്ററിന് 100.196 രൂപയും സിവിൽ സപ്ലൈസ് വകുപ്പ് വഴി വിതരണം ചെയ്യുന്ന സബ്സിഡി രഹിത മണ്ണെണ്ണയ്ക്ക് ലിറ്ററിന് 62.00 രൂപയുമാണ്. മണ്ണെണ്ണയുടെ വില ഇത്രയും ഉയർന്ന് നിൽക്കുന്നത് ഡീസലിന് 95.14 രൂപയും പെട്രോളിന് 106.26 രൂപയും ഉള്ളപ്പോഴാണ്. ഇത്തരമൊരു സാഹചര്യം

ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദുരിതത്തിലാക്കുന്ന ഈ വില വർധനവ് പരമ്പരാഗത മത്സ്യബന്ധന മേഖലയെ ദോഷകരമായി ബാധിക്കും. പെട്രോളിയം ഉൽപന്നങ്ങളുടെ വില നിർണ്ണയാവകാശം എണ്ണ കമ്പനികൾക്ക് നൽകിയതാണ് ഇതിന് മുഖ്യ കാരണം. പരമ്പരാഗത തൊഴിൽ എന്ന നിലയിലും ഏറെ പിന്നാക്കാവസ്ഥയിലുള്ള ഒരു മേഖല എന്ന പരിഗണന നൽകിയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ അത്രയും മണ്ണെണ്ണ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണമെന്ന് എം.പി.-മാരുടെ യോഗത്തിൽ നിരന്തരം ആവശ്യപ്പെടാറുണ്ട്. 2014 കാലഘട്ടത്തിൽ ഒരു ലിറ്റർ മണ്ണെണ്ണയുടെ പൊതു വിപണിയിലെ വില 52 രൂപയായിരുന്നതാണ് വർധിപ്പിച്ച് നിലവിൽ 100.196 രൂപയായിട്ടുള്ളത്. ഇതിനുപുറമെ സിവിൽ സപ്ലൈസ് വഴി വിതരണം ചെയ്യുന്ന സബ്സിഡി രഹിത മണ്ണെണ്ണക്കും വില വർധിക്കുന്ന സാഹചര്യമുണ്ടായി. മാത്രവുമല്ല സബ്സിഡി രഹിത മണ്ണെണ്ണയുടെ ലഭ്യതയിൽ വലിയ വെട്ടിക്കുറവാണ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുള്ളത്.

പൊതു വിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകിവരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ മത്സ്യഫെഡിന്റെ

മണ്ണെണ്ണ ബങ്കുകൾ വഴി പെർമിറ്റ് അടിസ്ഥാനത്തിൽ സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നു. നിലവിൽ 2015 ജൂലൈ മാസം മുതൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായുള്ള വെള്ള മണ്ണെണ്ണ മത്സ്യഫെഡ് വഴി ലിറ്ററിന് 25 രൂപ സബ്സിഡി എന്ന നിരക്കിൽ (ഡി.ബി.റ്റി. മുഖേന) സംസ്ഥാന സർക്കാർ വിതരണം ചെയ്യുവരുന്നു. യാനങ്ങളുടെ എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച് 10 HP വരെ 140 ലിറ്റർ, 10 HP മുതൽ 15 HP വരെ 150 ലിറ്റർ, 15 HP-ക്ക് മുകളിൽ 190 ലിറ്റർ എന്നിങ്ങനെയാണ് പെർമിറ്റ് ഉടമകൾക്ക് സബ്സിഡി മണ്ണെണ്ണ ലഭ്യമാക്കുന്നത്. ഇതുകൂടാതെ വിപണി നിരക്കിൽ 10 HP വരെയുള്ള എഞ്ചിനുകൾക്ക് 371 ലിറ്റർ വീതവും 15 HP വരെയുള്ള എഞ്ചിനുകൾക്ക് 614 ലിറ്റർ വീതവും 15 HP-യ്ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 820 ലിറ്റർ വീതവും മണ്ണെണ്ണ ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം നൽകിവരുന്നുണ്ട്. 2014-2015 കാലയളവിലാണ് ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡി തുക നിർണ്ണയിച്ചത്. കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച് നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർധിച്ച തോതിൽ ലഭ്യമാക്കുകയും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി ഉത്തരവാകുകയും ചെയ്തുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന സബ്സിഡി

വർധിപ്പിച്ച് നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേല്പപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടായിട്ടില്ല.

എന്നിരുന്നാലും മണ്ണെണ്ണയുടെ വിലവർധനവും ലഭ്യതക്കുറവും മണ്ണെണ്ണ ഉപയോഗം മൂലമുണ്ടാകുന്ന മലിനീകരണവും പരിഗണിച്ച് മത്സ്യബന്ധന യാനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG, ഡീസൽ തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പാക്കിവരുന്നു.

പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ മണ്ണെണ്ണയ്ക്ക് പകരം LPG ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ LPG കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്കായി പരീക്ഷണാടിസ്ഥാനത്തിൽ 7 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽനിന്നും തിരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ LPG

കിറ്റുകൾ വിതരണം ചെയ്യുകയും LOT അടിസ്ഥാനത്തിലുള്ള LPG കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തിയതിന്റെ ഭാഗമായി വിതരണോദ്ഘാടനം 22-01-2023-ന് നിർവഹിക്കുകയും ചെയ്തു. പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് ലഭ്യമായതനുസരിച്ച് LPG ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇന്ധനച്ചെലവിൽ 35% മുതൽ 55% വരെ കുറവ് ലഭിക്കുന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21-01-2023-ന് LPG കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു. മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ 75% സബ്സിഡിയോടുകൂടി LPG എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുന്നതിനായി 3 കോടി 55 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് 2023-24 സാമ്പത്തിക വർഷം ഭരണാനുമതി നൽകുകയും അതിൻപ്രകാരം പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് മുഖാന്തരം സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ 1000 മണ്ണെണ്ണ എഞ്ചിനുകൾ 50% സബ്സിഡിയോടുകൂടി (പരമാവധി 50,000/-രൂപ) പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 2023-24

സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി ആയത് പ്രകാരം മത്സ്യഫെഡ് മുഖാന്തരം നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ ഇതിനകം 377 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ട്. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എമ്മുകളും ഘട്ടംഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽ.പി.ജി. ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എമ്മുകളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

കൂടാതെ പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ മണ്ണെണ്ണ എഞ്ചിനുകൾക്ക് പകരം ഡീസൽ ഉപയോഗിക്കുന്നതിന് പര്യാപ്തമായ ഡീസൽ എഞ്ചിനുകൾ രൂപകല്പന ചെയ്യുന്നതിന് CIFT-ക്ക് പ്രൊപ്പോസൽ നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലുള്ള എഞ്ചിൻ രൂപകല്പന പൂർത്തിയായിട്ടുണ്ട്. പരീക്ഷണ ഓട്ടത്തിനുശേഷം ആയത് മത്സ്യത്തൊഴിലാളികൾക്ക് പരിചയപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്.

(ബി) മത്സ്യഫെഡ് വഴി നൽകുന്ന മണ്ണെണ്ണയുടെ സബ്സിഡി അൻപത് രൂപയാക്കി വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച് നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർധിച്ച തോതിൽ ലഭ്യമാക്കുകയും അതോടൊപ്പം മത്സ്യഫെഡിനെ

മണ്ണെണ്ണയുടെ മൊത്തവിതരണക്കരായി ഉത്തരവാകുകയും ചെയ്തുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന സബ്സിഡി വർധിപ്പിച്ച് നൽകാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേല്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടായിട്ടില്ല.

സാമൂഹിക പഠനമുറികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

16 (*376) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ മേഖലകളിലെ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ആരംഭിച്ച സാമൂഹിക പഠനമുറികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

പരിശോധിച്ചിട്ടുണ്ട്.

(ബി) പഠനമുറികളുടെ മേൽനോട്ടം വഹിക്കുന്ന ഫെസിലിറ്റേറ്റർമാരുടെ വേതനവും പഠനമുറികളിൽ വിതരണം ചെയ്യുന്ന ഭക്ഷണപദാർഥങ്ങളുടെ

ചെലവിനായുള്ള തുകയും യഥാസമയം നൽകാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ?

സാമൂഹ്യ പഠനമുറികളിലെ ഫെസിലിറ്റേറ്റർമാരുടെ ഓണറേറിയം, വിദ്യാർഥികളുടെ ലഘുഭക്ഷണത്തിനുള്ള തുക എന്നിവ ജില്ലാ ഓഫീസുകൾ മുഖേന അനുവദിച്ചുവരുന്നുണ്ട്. സാമൂഹ്യപഠനമുറി, വിദ്യാവാഹിനി, മോഡൽ പ്രീ സ്കൂളുകളുടെ പ്രവർത്തനം, ട്യൂട്ടോറിയൽ ഗ്രാന്റ് തുടങ്ങിയ പദ്ധതികൾക്കെല്ലാം തുക അനുവദിക്കുന്നത് ഒരു ശീർഷകത്തിൽ നിന്നുമായതിനാൽ തുക അനുവദിക്കുന്നതിലെ കാലതാമസം പരിഹരിച്ച് തുക വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സാമൂഹിക പഠനമുറികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പട്ടികവർഗ മേഖലയിലെ വിദ്യാർഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനും സമ്പൂർണ്ണമായ എൻറോൾമെന്റും റിട്ടെൻഷനും ഉറപ്പാക്കി ഉയർന്ന ഗ്രേഡുകളിൽ പരീക്ഷകൾ വിജയിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും പഠനത്തോടൊപ്പം സർഗാത്മക ശേഷികൾ

വികസിപ്പിക്കുന്നതിനും കരിയർ നൈപുണ്യപരിശീലനങ്ങൾ നൽകുന്നതിനും പട്ടികവർഗ മേഖലയിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള സാമൂഹിക പഠനമുറികൾ, ചില സ്ഥലങ്ങളിൽ ഫെസിലിറ്റേറ്റർമാരുടെ കൃത്യമായ ഇടപെടലുകളുടെ കുറവുകൾമൂലം ഉദ്ദേശിച്ച രീതിയിൽ പ്രവർത്തിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം 11-03-2025-ൽ വിളിച്ചുചേർക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

1. അടുത്ത അധ്യയന വർഷാരംഭത്തിൽ എല്ലാ കമ്മ്യൂണിറ്റി സ്റ്റഡി സെന്ററുകളും തുറന്നുപ്രവർത്തിപ്പിക്കുന്നതിനും ഇന്റർവ്യൂ നടത്തി ഫെസിലിറ്റേറ്റർമാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
2. കുട്ടികളെ പഠിപ്പിക്കേണ്ട വിഷയങ്ങൾ/പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഫെസിലിറ്റേറ്റർമാർക്ക് ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.
3. അടിസ്ഥാന സൗകര്യ വികസനം, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സർവീസ്/റിപ്പയർ എന്നിവ പ്രാദേശിക സർവീസ് സെന്ററുകൾ മുഖേന

ടൈബൽ ഓഫീസർമാർ നിർവഹിക്കേണ്ടതാണ്.

4. കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് വിക്ടേഴ്സ്/കൈറ്റ്/മഞ്ചാടി തുടങ്ങിയ ചാനലുകളുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

5. പഠനമുറികൾ അവധിക്കാലത്തുകൂടി തുറന്ന് പ്രവർത്തിക്കേണ്ടതും 2-3 പഠനമുറികൾ ചേർന്ന് വിജ്ഞാനോത്സവം പോലെയുള്ള പരിപാടികൾ സംഘടിപ്പിച്ച് വിവിധ വിഷയങ്ങളിൽ ക്ലാസുകളും പ്രാദേശിക പരിചയം ലഭിക്കുന്നതിന് ഉല്ലാസയാത്രകൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

6. പഠനമുറികളുടെ പ്രവർത്തനം ഏകീകരിക്കുന്നതിന് മാർഗരേഖ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

7. പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ ടൈബൽ ഓഫീസർമാരുടെ ഒരു ഓൺലൈൻ യോഗം വിളിച്ചുചേർത്ത് പഠനമുറികളുടെ പ്രവർത്തന മേൽനോട്ടത്തിന് കർശന നിർദേശം നൽകേണ്ടതാണ്.

8. സർക്കാർ സ്കൂൾ അധ്യാപകർ/സാമൂഹിക പ്രവർത്തകർ/എൻ.ജി.ഒ.-കൾ തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്തി കുട്ടികൾക്ക് അവധി ദിവസങ്ങളിൽ ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്.

മില്ലറ്റ് വില്ലേജ്, ഹരിത രശ്മി പദ്ധതികൾ

17 (*377) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ വിഭാഗങ്ങൾക്കിടയിലെ പോഷകാഹാരക്കുറവും ദാരിദ്ര്യവും പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പട്ടിക വർഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

ഭക്ഷ്യ സഹായ പദ്ധതി

പട്ടിക വർഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പട്ടികവർഗമേഖലയിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് ഭക്ഷ്യ സഹായ പദ്ധതി.

മൺസൂൺ, പ്രകൃതിക്ഷോഭങ്ങൾ, അത്യാഹിതങ്ങൾ, തുടങ്ങി പട്ടികവർഗക്കാർക്ക് തൊഴിൽ ഇല്ലാത്ത സമയങ്ങളിൽ അവർക്ക്

പോഷകാഹാരവും ഭക്ഷ്യസുരക്ഷയും ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു.

ഓരോ ഗോത്ര പ്രദേശത്തെയും ഭക്ഷണ രീതിയും അഭിരുചികളും മുൻഗണനകളും അടിസ്ഥാനമാക്കിയുള്ള ഭക്ഷ്യധാന്യങ്ങൾ ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ തലത്തിൽ ഒരു കുടുംബത്തിന് പരമാവധി 750/-രൂപയുടെ സാധനങ്ങൾ കിറ്റായി നൽകുന്നുണ്ട്.

മൺസൂൺ കാലയളവിൽ ജോലിയില്ലാതെ കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങളെയും വിധവകൾ കുടുംബനാഥരായുള്ള കുടുംബങ്ങൾക്കും അവിവാഹിതരായ അമ്മമാർക്കും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, സിക്കിൾസെൽ അനീമിയ രോഗികളുള്ള കുടുംബങ്ങൾ, മാനസിക വെല്ലുവിളികൾ നേരിടുന്ന ആളുകളുള്ള കുടുംബങ്ങൾ, പ്രത്യേക ദുർബലഗോത്രവർഗക്കാർ, പ്രകൃതി ദുരന്തങ്ങൾക്കിരയായവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. ഒരുവർഷത്തിൽ ഓരോ ജില്ലയിലും പരമാവധി 4 തവണ ടി പദ്ധതി നടപ്പാക്കിവരുന്നു.

കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ അഗളി, ഷോളയൂർ, പുതൂർ എന്നീ മൂന്ന് പഞ്ചായത്തുകളിലെ 192 ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് 2013

മുതൽ ആരംഭിച്ച ഒരു പദ്ധതിയാണിത്. അട്ടപ്പാടിയിൽ 2013-ലുണ്ടായ ശിശുമരണത്തിന്റെ പശ്ചാത്തലത്തിൽ പോഷകാഹാര ലഭ്യത ഉറപ്പാക്കുകയെന്ന ഉദ്ദേശത്തോടെ കുടുംബശ്രീ മുഖേനയാണ് ടി പദ്ധതി നടപ്പാക്കുന്നത്. വനിതാ ശിശു വികസന വകുപ്പും പട്ടികവർഗ വികസന വകുപ്പും 60:40 എന്ന അനുപാതത്തിൽ ടി പദ്ധതിക്ക് ഫണ്ട് ചെലവഴിച്ചുവരുന്നു.

ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 12 വയസ്സ് വരെയുള്ള കുട്ടികൾ, മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, കിടപ്പുരോഗികൾ, വൃദ്ധർ, വിധവകൾ എന്നിവരാണ് കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയുടെ ഗുണഭോക്താക്കൾ.

(ബി) അട്ടപ്പാടിയിലെ പട്ടികവർഗ സമൂഹങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി കൃഷി വകുപ്പും പട്ടികവർഗ വികസന വകുപ്പും സംയുക്തമായി ആരംഭിച്ച മില്ലറ്റ് വില്ലേജ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

മില്ലറ്റ് വില്ലേജ്

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പ് വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം മുതൽ 3 വർഷത്തേക്ക്

ആരംഭിച്ച പദ്ധതിയാണ് മില്ലറ്റ് വില്ലേജ് പദ്ധതി. അട്ടപ്പാടി പട്ടികവർഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പാക്കുന്ന മില്ലറ്റ് വില്ലേജ് അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലാണ് നടപ്പാക്കിയിട്ടുള്ളത്. പദ്ധതിയുടെ നിർവഹണ ചുമതല കൃഷി വകുപ്പിനാണ്. ആകെ പദ്ധതി തുകയായ 740.89 ലക്ഷം രൂപയിൽ പട്ടികവർഗ വികസന വകുപ്പിന്റെ വിഹിതം 540.89 ലക്ഷം രൂപയും കൃഷി വകുപ്പിന്റെ വിഹിതം 200 ലക്ഷം രൂപയുമാണ്.

ചെറുധാന്യ ഗ്രാമം പദ്ധതിയിലൂടെ 1429 ഹെക്ടർ സ്ഥലത്ത് ചെറുധാന്യകൃഷിയിലൂടെ 1331.06 ടൺ ഉൽപാദനവും ലഭിച്ചിട്ടുണ്ട്.

ചെറുധാന്യ ഗ്രാമം പദ്ധതിയിലൂടെ മാതൃകാ ഊര് വികസന പരിപാടി പ്രകാരം നാണ്യവിളകൾ, ഫലവൃക്ഷങ്ങൾ, ശീതകാല പച്ചക്കറി എന്നിവയുടെ നടീൽവസ്തുക്കളുടെ വിതരണം, കാർഷിക ഉപകരണങ്ങളുടെ വിതരണം, വനിതകൾക്ക് തേനീച്ച വളർത്തൽ, ധാന്യങ്ങൾ ഉണക്കുന്നതിനുള്ള കളം നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ പദ്ധതിയിൽ ആസൂത്രണം ചെയ്തത് അനുസരിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. കാട്ടേക്കാട്, വരഗംപ്പാടി, വല്ലവട്ടി എന്നീ ഊരുകളിൽ തേനീച്ചവേലി നിർമ്മാണം പൂർത്തീകരിച്ചു. 'അട്ടപ്പാടി തുവര',

'ആട്ടുകൊമ്പ് അവര' എന്നീ വിളകൾക്ക് ഭൗമ സൂചിക നിർണ്ണയം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ചെറുധാന്യ ഗ്രാമം പദ്ധതിയിലൂടെ പൂർത്തീകരിച്ചു.

മില്ലറ്റ് വില്ലേജ് പദ്ധതി പ്രകാരം രൂപീകരിച്ച കാർഷിക ഉൽപാദന സംഘടന ATFAM (അട്ടപ്പാടി ട്രൈബൽ ഫാർമേഴ്സ് അസോസിയേഷൻ ഫോർ മില്ലറ്റ്സ്) മുഖേന അട്ടപ്പാടി കർഷകർ ഉൽപാദിപ്പിക്കുന്ന ചെറുധാന്യങ്ങൾ സംഭരിച്ച്, സംസ്കരിച്ച്, ജൈവ സർട്ടിഫിക്കേഷൻ നൽകി പ്രാദേശികമായി ലഭിച്ചിരുന്ന വിലയെക്കാൾ കൂടുതൽ വില നൽകി വിപണിയിലെത്തിക്കാൻ സാധിച്ചു.

ചെറുധാന്യഗ്രാമം പദ്ധതിയിലൂടെ ജൈവകൃഷി രീതി വളർത്തിയെടുക്കുകയും കർഷകരുടെ കൃഷി സ്ഥലത്തിന് ജൈവ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് ജൈവ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചത്. തുടർച്ചയായ മൂന്ന് വർഷത്തെ പ്രവർത്തനഫലമായി നാൽപത് ഊരുകളിലെ 926 കർഷകരുടെ 741.97 ഹെക്ടർ കൃഷി സ്ഥലത്തിന് ജൈവ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.

അട്ടപ്പാടിയിൽ ഈ പദ്ധതി നടപ്പാക്കിയതിലൂടെ പട്ടികവർഗക്കാരായ

കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) പട്ടികവർഗക്കാരുടെ ഉടമസ്ഥതയിലുള്ള ഉപയോഗിക്കപ്പെടാത്ത ഭൂമിയിൽ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആരംഭിച്ച ഹരിത രശ്മി പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പട്ടികവർഗ വിഭാഗത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും ജീവനോപാധി വർധിപ്പിക്കുന്നതിനുമായി പട്ടികവർഗക്കാരുടെ കൈവശം തരിശായി കിടക്കുന്ന ഭൂമിയെ കൃഷിക്കുപയുക്തമാക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയാണ് ഹരിതരശ്മി.

പ്രാദേശികമായി കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും മേൽനോട്ടം വഹിക്കുന്നതും. എല്ലാ സഹായങ്ങളും ഈ സംഘങ്ങളുടെ നേതൃത്വത്തിലാണ് നടപ്പാക്കുന്നത്.

ഇത്തരത്തിൽ ഇടുക്കി, വയനാട് ജില്ലകളിലായി 157 സംഘങ്ങൾ പ്രവർത്തിക്കുന്നു. പദ്ധതികളുടെ ഭാഗമായി വിവിധതരം വിത്തുകൾ, പച്ചക്കറി തൈകൾ, ഔഷധ സസ്യങ്ങൾ, വാഴകൾ, വളങ്ങൾ, ജൈവകീടനാശിനികൾ, കൃഷിപരിപാലന ഉപകരണങ്ങൾ, മണ്ണ് പരിശോധന, വിവിധ തലങ്ങളിലുള്ള പരിശീലനങ്ങൾ, വിപണന സാധ്യതകൾ എന്നിവ കർഷകർക്ക് നൽകുന്നുണ്ട്.

ഗുണഭോക്താക്കളുടെ അഭിരുചിയും താല്പര്യവും മണ്ണിന്റെ ഘടനയും കണക്കിലെടുത്താണ് കൃഷിരീതികൾ നടപ്പാക്കുന്നത്. കാർഷിക വിദഗ്ധരെ ഉൾപ്പെടുത്തി പദ്ധതിയിലൂടെ രൂപീകരിച്ച കർഷക ഗ്രൂപ്പുകൾക്ക് കൃഷിരീതികൾ, ശാസ്ത്രീയ വിളവെടുപ്പ് രീതികൾ, വിത്തുകളുടെ പരിപാലനം, നഴ്സറി മാനേജ്മെന്റ് എന്നിവയിൽ പ്രായോഗിക പരിശീലനം നൽകുന്നു.

ആദിവാസി കേന്ദ്രങ്ങളിൽ സൗരോർജ പ്ലാന്റുകൾ

18 (*378) ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത ലൈൻ സ്ഥാപിക്കാൻ സാധ്യമല്ലാത്ത ആദിവാസി കേന്ദ്രങ്ങളിൽ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; ഇതിനായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാണോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. മുഖേന വൈദ്യുതീകരിക്കാൻ സാധിക്കാത്ത ആദിവാസി കേന്ദ്രങ്ങളിൽ ANERT മുഖേന സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി PM JANMAN (പ്രധാനമന്ത്രി

ജനജാതി ആദിവാസി ന്യായ മഹാ അഭിയാൻ) എന്ന പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലെ തേക്കടി അല്ലിമൂപ്പൻ, തേക്കടി അല്ലിമൂപ്പൻ അക്കരെ, കുരിയാർക്കുട്ടി, മലപ്പുറം ജില്ലയിലെ മാഞ്ചീരി എന്നീ 4 ആദിവാസി സമൂഹങ്ങളിലെ 98 വീടുകളിൽ സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സാധ്യതാ പഠനം നടത്തി പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും MNRE-യിൽ നിന്നും പ്രോജക്ടിന് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനായി കേന്ദ്രസർക്കാരിൽ നിന്നും 49 ലക്ഷം രൂപ (ഒരു വീടിന് 50,000/- രൂപ നിരക്കിൽ 98 വീടുകൾക്ക്) ധനസഹായം ലഭിക്കുന്നതിനുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ അധിക തുക സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി ആറുമാസത്തിനുള്ളിൽ നടപ്പാക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ, DA-JGUA (ധർതി ആബ ജൻജാതിയ ഗ്രാം ഉത്കർഷ് അഭിയാൻ) എന്ന പദ്ധതിയിലുൾപ്പെടുത്തി കെ.എസ്.ഇ.ബി.എൽ. വഴി വൈദ്യുതീകരിക്കാൻ സാധിക്കാത്ത ഇടുക്കി, വയനാട്, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ 24 വിദൂര ആദിവാസി സങ്കേതങ്ങളിലെ 750 വീടുകളിൽ സൗരോർജം

ഉപയോഗിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള സാധ്യതാ പഠനം പൂർത്തീകരിച്ചു. ഈ പദ്ധതിയുടെ പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വൈദ്യുതി എത്താത്ത ആദിവാസി വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വൈദ്യുതീകരിക്കാത്ത ആദിവാസി ഉന്നതികളിൽ വൈദ്യുതി എത്തിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ., അനെർട്ട് എന്നിവരുടെ സഹകരണത്തോടെ പട്ടികവർഗ വികസന വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. എന്നാൽ വൈദ്യുതീകരിക്കാത്ത ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എന്നിരുന്നാലും കോർപ്പസ് ഫണ്ട്, അടിയ, പണിയ, പ്രാക്തന വർഗങ്ങൾ തുടങ്ങി വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗക്കാർക്കുള്ള പ്രത്യേക പാക്കേജ്, ആദിവാസി പുനരധിവാസ മിഷൻ, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്നീ പദ്ധതികളിലുൾപ്പെടുത്തി വൈദ്യുതീകരിക്കാത്ത ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിന് ധനസഹായം അനുവദിക്കുന്നുണ്ട്.

മുതലപ്പൊഴിയിൽ സോയിൽ പൈപ്പിങും ഡ്രെഡ്ജിങും നടത്താൻ സ്ഥിരം സംവിധാനം

19 (*379) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി അഴിമുഖത്തുണ്ടായ അപകടങ്ങളിൽപ്പെട്ട് 73-ഓളം പേരുടെ ജീവനുകൾ പൊലിഞ്ഞ ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുതലപ്പൊഴി ഹാർബറിന്റെ അഴിമുഖത്തുണ്ടായ അപകടങ്ങളിൽപ്പെട്ട് 31 പേരുടെയും ഉൾക്കടലിലും സമീപ പ്രദേശങ്ങളിലുമായി 42 പേരുടെയും ജീവനുകൾ പൊലിഞ്ഞ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം ഗുരുതര സാഹചര്യത്തിലും സോയിൽ പൈപ്പിങും ഡ്രെഡ്ജിങും സ്ഥിരമായി നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമെന്ന് നൽകിയ ഉറപ്പ് പാലിക്കാൻ സാധിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) മുതലപ്പൊഴി അഴിമുഖത്ത് സോയിൽ പൈപ്പിങും ഡ്രെഡ്ജിങും സ്ഥിരമായി നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി

സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി & സി) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം ശാശ്വതമായി അപകട രഹിതമാക്കുന്നതിനെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ & പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-നെ ചുമതലപ്പെടുത്തിയിരുന്നു. CWPRS സമർപ്പിച്ച പഠന റിപ്പോർട്ട് പ്രകാരം മുതലപ്പൊഴി ഹാർബറിലെ പുലിമുട്ടിന്റെ നീളം 425 മീറ്റർ കൂടി വർധിപ്പിക്കുന്ന പക്ഷം തെക്കേ പുലിമുട്ടിന്റെ തെക്ക് ഭാഗത്ത് അടിയുന്ന മണ്ണ് ചാനലിൽ പ്രവേശിക്കുകയില്ലെന്ന് കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ പുലിമുട്ടിന്റെ നീളം കൂട്ടുന്നപക്ഷം ചാനലിൽ ആഴം ഉറപ്പാക്കുന്നതിനായി സാൻഡ് ബൈപാസിങ്ങ് അല്ലെങ്കിൽ ഡ്രഡ്ജിങ്ങിന്റെ സ്ഥിരംസംവിധാനം വേണ്ടിവരില്ല.

മേൽസൂചിപ്പിച്ച പഠനം നടത്തുന്നതിനുമുമ്പ് നടത്തിയ പഠനത്തിലാണ് സാൻഡ് ബൈപാസിങ്ങ് സംവിധാനം ശിപാർശ ചെയ്തിരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ സാൻഡ് ബൈപാസിങ്ങ് പദ്ധതി നടപ്പാക്കുന്നതിന് 11 കോടിരൂപയുടെ പ്രോജക്ട് റിപ്പോർട്ട് ഹാർബർ എഞ്ചിനീയറിങ്ങ് വകുപ്പ് തയ്യാറാക്കിയിരുന്നു. തുടർന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ 09-08-2023-ന് സ്ഥലം നേരിട്ട് സന്ദർശിക്കുകയും ഇതിനകം ലഭിച്ച CWPRS-ന്റെ പഠന

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതി നടപ്പാക്കിയാൽ മതിയെന്ന് അഭിപ്രായപ്പെടുകയും ചെയ്തിരുന്നു.

CWPRS സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുലിമുട്ടിന്റെ നീളം വർധിപ്പിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചത് പ്രകാരമുള്ള Green and Blue port ഘടകങ്ങൾ കൂടി ഉൾപ്പെടുത്തിയും 177 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിരുന്നു. പദ്ധതിക്ക് 01-11-2024-ന് കേന്ദ്ര സർക്കാരിന്റെയും 22-11-2024-ന് സംസ്ഥാന സർക്കാരിന്റെയും ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയിലുൾപ്പെട്ട താഴമ്പള്ളി ഭാഗത്തെ ടോയ്ലെറ്റ് ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള കരാറിൽ ഏർപ്പെട്ടുകഴിഞ്ഞു. പ്രധാന ഘടകമായ പുലിമുട്ടിന്റെ നീളം കൂട്ടൽ, പുലിമുട്ടുകളുടെ അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികളുടെ ദർഘാസ് ഇതിനകം ക്ഷണിച്ചുകഴിഞ്ഞു. ദർഘാസ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെട്ട് എത്രയുംവേഗത്തിൽ പ്രവൃത്തി ആരംഭിക്കുന്നതാണ്. ഒന്നര വർഷം കൊണ്ട് പുലിമുട്ടിന്റെ നീളം 425 മീറ്ററായി വർധിക്കുന്നതോടുകൂടി മുതലപ്പൊഴി ഹാർബറിന്റെ അഴിമുഖത്ത് അപകടങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്.

മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് പദ്ധതികൾ

20 (*380) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷത്തിന് കാരണമാകുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്നുവരുന്നതിന് വിവിധ കാരണങ്ങളാണുള്ളത്. വന്യമൃഗ ഇടനാഴികളുടെയും വനമേഖലയുടെയും ശിഥിലീകരണം, കാലാവസ്ഥാ വ്യതിയാനം, വനമേഖലകളിലെ മാലിന്യ നിക്ഷേപം, കാട്ടുതീ, വനമേഖലകളിലെ അശാസ്ത്രീയമായ ടൂറിസം പ്രവർത്തനങ്ങൾ/റോഡ് നിർമ്മാണം തുടങ്ങിയവ, വർധിച്ചുവരുന്ന ജനസാന്ദ്രത, വനമേഖലകളിൽ ജലത്തിന്റെയും ആഹാരത്തിന്റെയും ലഭ്യതക്കുറവ്, തെറ്റായ ഭൂവിനിയോഗം, വനമേഖലയോട് ചേർന്ന് കിടക്കുന്ന ഭൂപ്രദേശത്തെ കൃഷി രീതി, വന്യമൃഗങ്ങളെ ആകർഷിക്കുന്ന വിളകൾ, ഭൂപ്രദേശത്തിന്റെ കിടപ്പ്, കളകളുടെ ആധിക്യം, വന്യമൃഗങ്ങളെ ആകർഷിക്കാൻ ഭക്ഷണ പദാർഥങ്ങൾ നൽകുന്നത്,

വനമേഖലയോട് ചേർന്ന് പ്രവർത്തിക്കുന്ന അനധികൃത ഫാമുകൾ, ശരിയായ പരിപാലനമില്ലാതെ കാടുപിടിച്ച് കിടക്കുന്ന തോട്ടങ്ങളുടെ സാന്നിധ്യം തുടങ്ങി വിവിധ കാരണങ്ങളാലാണ് വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്നുവരുന്നത്.

(ബി) സംസ്ഥാനത്ത് വനം വകുപ്പിന്റെ ഏതൊക്കെ ഡിവിഷനുകളിലാണ് മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാനത്തെ 25 ടെറിറ്റോറിയൽ ഡിവിഷനുകളിലും 11 വൈൽഡ്‌ലൈഫ് ഡിവിഷനുകളിലും (ആകെ 36 ഡിവിഷനുകൾ) മനുഷ്യ-വന്യമൃഗ സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഡിവിഷനുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത സംഘർഷം ഫലപ്രദമായി കുറയ്ക്കുന്നതിന് പ്രതിരോധ, ലഘൂകരണ ശ്രമങ്ങൾക്കൊപ്പം ദീർഘകാലവും ഹ്രസ്വകാലവുമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് വനം വകുപ്പ് മറ്റു വകുപ്പുകളുമായി ചേർന്ന് വിവിധ പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. ഇപ്രകാരം നടപ്പാക്കിവരുന്ന പദ്ധതികളിലും നടപ്പാക്കാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉദ്ദേശിക്കുന്ന പദ്ധതികളിലും ദീർഘകാല പദ്ധതികളും ഹ്രസ്വകാല പദ്ധതികളും ഉൾപ്പെടുന്നു. ആയത് അനുബന്ധമായി ചേർക്കുന്നു.[+] സംസ്ഥാനത്തെ ആദിവാസി മേഖലകളടക്കമുള്ള ജനവാസ മേഖലകളിലെ വന്യജീവി സംഘർഷം പരിഹരിക്കാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ചുവടെ വിവരിക്കും പ്രകാരം വിവിധ പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്നുണ്ട്.

1. "മിഷൻ സോളാർ ഫെൻസിങ് 2024" - നിലവിൽ വിവിധയിടങ്ങളിൽ നിർമ്മിച്ചിരുന്നതും കേടുവന്ന് പ്രവർത്തനക്ഷമമല്ലാതിരുന്നതുമായ സോളാർ ഫെൻസിങുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി "മിഷൻ സോളാർ ഫെൻസിങ് 2024" എന്ന കർമ്മ പദ്ധതി നടപ്പാക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം 2024-25 വർഷത്തിൽ 848 കി.മീ. സോളാർ ഫെൻസിങ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.

2. വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചു. കുളങ്ങളും മറ്റുജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സസ്യങ്ങളെ ഉന്മൂലനം ചെയ്യും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

3. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കി.മീ. സോളാർ ഹാങ്ങിങ്ങ് ഫെൻസിങും 10 കി.മീ. റെയിൽ ഫെൻസിങും 0.11 കി.മീ. അയൺ ഫെൻസിങും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

4. വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിനായി സംസ്ഥാനത്തെ വിവിധ വനാതിർത്തികളിൽ 69.07 കി.മീ. ആനക്കിടങ്ങ്, 1.92 കി.മീ. ആനപ്രതിരോധ മതിൽ, 1.58 കി.മീ. കരിങ്കൽഭിത്തി, 2.09 കി.മീ. കയ്യാല എന്നീ പ്രതിരോധ നിർമ്മിതികൾ പണിതിട്ടുള്ളതാണ്.

5. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ച XXVII-ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമ്മിക്കുന്നതിനായി ലഭിച്ച 586.11 ലക്ഷം രൂപയുടെയും ട്രാഞ്ച XXIX-ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 ലക്ഷം രൂപയുടെയും പ്രവൃത്തികൾ നിർമ്മാണ പുരോഗതിയിലാണ്.

6. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച്

സ്റ്റാഫുകൾ നിരന്തര പട്രോളിങ്ങും പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിങ്ങും അന്തർ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിങ്ങും നടത്തുന്നുണ്ട്.

7. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 RRT-കൾ അടക്കം സംസ്ഥാനത്തുടനീളം 28 RRT-കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിങ്ങ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.റ്റി.-കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.

8. സംസ്ഥാനത്ത് ആകെ 273 പഞ്ചായത്തുകൾ വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്നവയാണ്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻഡ്സ്കേപ്പുകളെ ഹോട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗസംഘർഷ ലഘൂകരണ

നയം രൂപീകരിക്കുന്നതിന് 23-10-2024-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

9. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന RRT-കൾക്ക് സുരക്ഷാ ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവ ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവൃത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അംഗീകരിച്ചത് സർക്കാരിന്റെ പരിഗണനയിലാണ്.

10. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും, AI ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൻ പ്രകാരമുള്ള പ്രവൃത്തികൾ പുരോഗതിയിലാണ്.

11. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1-ൽനിന്നും

ഷെഡ്യൂൾ 2-ലേക്ക് മാറ്റുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇവയുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കി വരികയാണ്.

12. ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിന്റെ കാലാവധി 25-02-2024-ലെ സ.ഉ. (കൈ)നം.9/2024/വനം പ്രകാരം 28-05-2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരെ ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

13. ശല്യക്കാരായ കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് ഷൂട്ടർമാർക്ക്

നിശ്ചയിച്ചിട്ടുള്ള ഓണറേറിയം 1,500/- രൂപയായും കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെ ജഡം മറവുചെയ്യുന്നതിനുള്ള ചെലവ് 2,000/- രൂപയായും 07-03-2025-ലെ സർക്കാർ ഉത്തരവ് G.O.(Rt)No.108/2025/DMD പ്രകാരം നിശ്ചയിച്ചുനൽകിയിട്ടുണ്ട്.

14. പാമ്പുകൾ മൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "സർപ്പ" എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രാം പ്രകാരം 2024 വർഷത്തിൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

15. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റുവകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചുവരുന്നുണ്ട്.

16. ജനവാസ മേഖലയോട് ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

17. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേഴ്സ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

18. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 886 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽ നിന്ന് മാറിതാമസിക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

19. മനുഷ്യ-വന്യജീവി സംഘർഷ ബാധിതർക്കുള്ള നഷ്ടപരിഹാര രീതി പരിഷ്കരിക്കുന്നതിനും നഷ്ടപരിഹാരത്തുക കാലോചിതമായി വർധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

20. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിക്കുകയുണ്ടായി.

വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിതഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാകുന്നു.

21. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കുന്നതിലേക്കായി ഏർളി വാർണിങ് സിസ്റ്റം, എസ്.എം.എസ്. അലർട്ട് സിസ്റ്റം, തുടങ്ങിയ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

22. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

23. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

24. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട

മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

25. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുന്നതിനും നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി തത്സമയം ഏകോപിക്കുന്നതിനുമായി ഡിവിഷൻ തലത്തിൽ 36 കൺട്രോൾ റൂമുകളും (Divisional Forest Emergency Operations Centre – DFEOC), വനം വകുപ്പ് ആസ്ഥാനത്ത് സംസ്ഥാനതല കൺട്രോൾ റൂമും (State Forest Emergency Operations Centre – SFEOC) 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു.

26. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ചിട്ടുണ്ട്.

27. സംസ്ഥാനാതിർത്തി കടന്നെത്തി സംഘർഷമുണ്ടാക്കുന്ന വന്യജീവികളെ നിരീക്ഷിച്ച് പരസ്പരം വിവരങ്ങൾ കൈമാറുക, മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുക, കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ ചേർന്ന് അന്തർ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

28. വന്യമൃഗങ്ങളുടെ സമീപ്യത്തെ കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ്

നൽകുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിനും വനം വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾക്ക് പൊതുജന സഹകരണം ഉറപ്പാക്കുന്നതിനും വ്യാജ വിവരങ്ങൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കുന്നത് തടയുന്നതിനുമായി പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, ബ്രോഷറുകളും പാംപ്ലെറ്റുകളും വിതരണം ചെയ്യൽ, സോഷ്യൽ മീഡിയയിലൂടെ വിവരങ്ങൾ നൽകൽ തുടങ്ങിയവ നടപ്പാക്കിവരുന്നു.

29. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന വയനാട് ജില്ലയിൽ നേരിടുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്ന പ്രവർത്തനങ്ങൾക്കുപരി ഫലപ്രദമായ ഏകോപനത്തിനും മേൽനോട്ടത്തിനും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

30. ആധുനിക സാങ്കേതികവിദ്യയെ അടിസ്ഥാനപ്പെടുത്തിയുള്ള ഉപകരണങ്ങൾ സ്ഥാപിച്ചും മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് വിവരങ്ങൾ ശേഖരിച്ചും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തിയിട്ടുണ്ട്. ക്യാമറാ ട്രാപ്പുകൾ, റിയൽ ടൈം

മോണിറ്ററിങ് സിസ്റ്റം, വൈൽഡ് വാച്ച് മൊബൈൽ ആപ്ലിക്കേഷൻ മുതലായ സംവിധാനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

31. വനമേഖലകളിലെ വിവിധയിടങ്ങളിലായി 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും 574 വയലുകളും 308 മറ്റിതര ജലസ്രോതസിലും അധികമായി അടിഞ്ഞുകൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ, കൃഷിയിടങ്ങൾ തുടങ്ങിയവയിലെ കളകളും കുറ്റിക്കാടുകളും നീക്കം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

32. പറമ്പിക്കുളം, വയനാട് എന്നിവിടങ്ങളിലെ വനത്തിനുള്ളിലെ വയലുകളുടെ പരിപാലനത്തിന് നബാർഡ് മുഖേന ₹25 കോടി ലഭിച്ചിട്ടുണ്ട്. ഇവയുടെ തുടർപ്രവൃത്തികൾ പുരോഗമിക്കുന്നു.

33. സ്വാഭാവിക വനപുനഃസ്ഥാപന പദ്ധതി പ്രകാരം അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ ഡിവിഷനുകളിലെയും അംഗീകരിച്ച വർക്കിങ് പ്ലാനുകളിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുന്നതിനും പുതിയ വർക്കിങ് പ്ലാനുകളിൽ ഇക്കോ-റെസ്റ്റോറേഷൻ

പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5031 ഹെക്ടർ സ്ഥലത്ത് ടി പ്രവൃത്തികൾ നടപ്പാക്കിവരുന്നു. ആയതിൻ പ്രകാരം ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

34. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വോളന്റിയർമാർക്കും പരിശീലനം നൽകുന്നതിനായുള്ള മോഡ്യൂൾ ഇക്കാര്യത്തിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. അരിപ്പ, വാളയാർ എന്നിവിടങ്ങളിലെ സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിൽ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് പ്രസ്തുത പ്രായോഗിക വിദഗ്ധ പരിശീലനം നൽകിവരുന്നുണ്ട്.

35. ഇതോടൊപ്പം തന്നെ വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും നൽകിവരുന്നുണ്ട്. ഇതിലുപരിയായി 23-02-2025-ലെ സർക്കാർ ഉത്തരവ് (കൈ) നം.

8/2025/വനം പ്രകാരം 10 മിഷനുകൾ (Mission Real Time Monitoring, Mission Primary Response Teams, Mission Tribal Knowledge, Mission Food, Fodder & Water, Mission Bonnet Macaque, Mission Wild Pig, Mission SARPA, Mission Knowledge, Mission Solar Fencing and Mission Sensitization to Public) നടപ്പാക്കാനായി തീരുമാനിച്ചിട്ടുള്ളതാണ്. ആയതിൽ മിഷൻ ടൈബൽ നോളജ്, മിഷൻ നോളജ് എന്നിവ കെ.എഫ്.ആർ.ഐ., ടി.ബി.ജി.ആർ.ഐ. വൈൽഡ്ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, സാക്കോൺ തുടങ്ങി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണം, പഠനം എന്നിവ ലക്ഷ്യംവയ്ക്കുന്നു. കാലാവസ്ഥാ വ്യതിയാനംമൂലം വന്യമൃഗങ്ങളുടെ സ്വഭാവത്തിലുള്ള മാറ്റങ്ങൾ, സംഘർഷത്തിന് കാരണമാകുന്ന മറ്റ് വിവിധ കാരണങ്ങൾ, മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന പരമ്പരാഗത അറിവുകൾ എന്നിവ സംബന്ധിച്ച പഠനങ്ങൾക്ക് മുൻഗണന നൽകുന്നു.

(ഡി) പ്രസ്തുത സംഘർഷങ്ങൾ വർധിക്കുന്നത് കാരണം നഷ്ടപരിഹാര ക്ലെയിമുകളുടെ എണ്ണത്തിൽ ഗണ്യമായ വർധനവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

കഴിഞ്ഞ മൂന്ന് വർഷത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുള്ള

സംഘർഷങ്ങൾ കാരണം നഷ്ടപരിഹാര ക്ലെയിമുകളുടെ എണ്ണത്തിൽ വർധനവ് ഉണ്ടായിട്ടില്ലെന്ന് കാണുന്നു. ടി കാലയളവിലെ വിവിധ ക്ലെയിമുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

ജലസംഭരണികളിൽ അടിഞ്ഞുകൂടുന്ന ചെളിയും മണലും

21 (*381) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ ഒരു കാരണം ജലസംഭരണികളിൽ വൻതോതിൽ ചെളിയടിഞ്ഞ് കിടന്നതുമൂലം ഡാമുകളുടെ സംഭരണശേഷിയിൽ വന്ന കുറവാണെന്ന വിലയിരുത്തൽ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജലസംഭരണികളിൽ അടിഞ്ഞുകൂടുന്ന ചെളിയും മണലും യഥാസമയം നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എ & ബി) ചിമ്മിനി, വാഴാനി, മലങ്കര, തെന്മല, നെയ്യാർ, മലമ്പുഴ, മംഗലം, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, വാളയാർ, കാഞ്ഞിരപ്പുഴ, കുറ്റ്യാടി, കാരാപ്പുഴ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഴശ്ശി എന്നീ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലിന്റെ അളവ് KERI, പീച്ചി പഠനവിധേയമാക്കി തിട്ടപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

മലങ്കര ഡാമിൽ KERI, പീച്ചി, തൃശ്ശൂർ നടത്തിയിട്ടുള്ള ബാത്തിമെട്രിക് സർവെ പ്രകാരം യഥാർഥ സംഭരണശേഷിയുടെ 48.95% കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. ഈ അണക്കെട്ടിൽ അടിഞ്ഞ് കൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്ത് ജല സംഭരണശേഷി വർധിപ്പിക്കുന്നതിനും വെള്ളപ്പൊക്ക സാധ്യത കുറയ്ക്കുന്നതിനും വേണ്ടി ഡീസിൽറ്റേഷൻ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ചിമ്മിനി, വാഴാനി എന്നീ ഡാമുകളിൽ ചെളി അടിഞ്ഞുകൂടിയതുകാരണം സംഭരണ ശേഷിയിൽ കുറവ് വന്നിട്ടില്ല. കൂടാതെ തെന്മല, നെയ്യാർ എന്നീ ഡാമുകളിൽ നടത്തിയ പഠനത്തിൽ ജലസംഭരണ ശേഷി കുറവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. സംഭരണശേഷി കുറവ് വന്നിട്ടുള്ള ഡാമുകളിൽ എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള ഡീസിൽറ്റേഷൻ പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നെയ്യാർ ഡാമിലും തെന്മല ഡാമിലും പഠനം നടത്തി റിപ്പോർട്ട് ലഭ്യമായതനുസരിച്ച് ഡീസിൽറ്റേഷൻ നടത്തുന്നതിനുള്ള കരട് പ്രൊപ്പോസൽ

തയ്യാറാക്കിയിട്ടുണ്ട്.

ഭൂതത്താൻകെട്ട് ബാരേജിൽ ജലവിതരണത്തിനുശേഷം ഷട്ടറുകളെല്ലാം താഴ്ത്തിവയ്ക്കുന്നതിനാൽ ബാരേജിൽ ചെളിയും മണ്ണും അടിഞ്ഞു കിടക്കാറില്ല. KERI, പീച്ചി മുഖാന്തരം നടത്തിയ ഇന്റഗ്രേറ്റഡ് ബാത്തിമെട്രിക് സർവെ ആൻഡ് സബ്-ബോട്ടം പ്രൊഫൈലർ പഠനത്തിൽ മണിയാർ ബാരേജിൽ ചെളിയും മറ്റ് അവശിഷ്ടങ്ങളും ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയത് നീക്കം ചെയ്യുന്നതിനും വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും കോർസാംപ്ലിങ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മംഗലം, ചുള്ളിയാർ, വാളയാർ, മീങ്കര ഡാം.

മംഗലം ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തിയുടെ റീ-ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി Kerala Irrigation Infrastructure Development Corporation Ltd (KIIDC) ഏറ്റെടുത്ത് നടത്തിവരുന്നു. നിലവിൽ 64.90% sediment നീക്കം ചെയ്തിട്ടുണ്ട്.

മീങ്കര, വാളയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി Kerala State Mineral Development Corporation Ltd (KEMDEL) ഏറ്റെടുത്ത് നടത്തിവരുന്നു. മീങ്കര

ഡാമിൽനിന്ന് 53.50%, വാളയാർ ഡാമിൽനിന്ന് 30.59% ഡീസിൽറ്റേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

മലമ്പുഴ, കാഞ്ഞിരപ്പുഴ ഡാം

മലമ്പുഴ ഡാമിൽ KERI, PEECHI 2019-ൽ നടത്തിയ സെഡിമെന്റേഷൻ സ്റ്റഡി പ്രകാരം ചെളിയും മണലും നിറഞ്ഞ് ഡാമിന്റെ സംഭരണശേഷിയിൽ 27%, കാഞ്ഞിരപ്പുഴ ഡാമിൽ 24% കുറവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

കുറ്റ്യാടി ഡാം

കുറ്റ്യാടി ഡാമിൽ സംഭരണ ശേഷി അളക്കുന്നതിനുവേണ്ടി KERI, PEECHI-യുടെ നേതൃത്വത്തിൽ 2019 ഫെബ്രുവരിയിൽ നടത്തിയ സെഡിമെന്റേഷൻ സ്റ്റഡി പ്രകാരം ചെളിയും മണലും നിറഞ്ഞ് ഡാമിന്റെ സംഭരണശേഷിയിൽ 36% കുറവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. 2025 ഫെബ്രുവരി മാസം KERI, PEECHI Bathymetric survey പഠനം നടത്തിയിട്ടുണ്ട്. ആയതിന്റെ പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

കാരാപ്പുഴ, പഴശ്ശി, പോത്തുണ്ടി ഡാം

KERI, PEECHI നടത്തിയ സെഡിമെന്റേഷൻ സ്റ്റഡി പ്രകാരം ചെളിയും

മണലും നിറഞ്ഞ് ഡാമിന്റെ സംഭരണ ശേഷിയിൽ കാരാപ്പുഴ ഡാമിൽ 12%, പഴശ്ശി ഡാമിൽ 28%, പോത്തുണ്ടി ഡാമിൽ 8% കുറവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

അരുവിക്കര ഡാമിന്റെ റിസർവോയറിന്റെ സംഭരണശേഷി ചെളിയും മണലും അടിഞ്ഞ് ഏകദേശം 50 ശതമാനത്തോളം കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

സമുദ്രത്തിൽ കൂട് സ്ഥാപിച്ച് മത്സ്യകൃഷി

22 (*382) ശ്രീമതി ദെലീമ:
ശ്രീ. വി. ജോയി:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സമുദ്രത്തിൽ കൂട് സ്ഥാപിച്ച് മത്സ്യകൃഷി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയുടെ സാങ്കേതിക സഹായത്താലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇതിനായി നടത്തിയിട്ടുള്ള പ്രാഥമിക പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ഇതിൽ മുൻഗണന നൽകാൻ ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കുമോ?

(എ-സി) മാരികൾച്ചർ മേഖലയിൽ കേരളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 'സമുദ്രജല കൃഷി പ്രവർത്തനങ്ങൾ' എന്ന പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം 2405-00-103-70 (പി) എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. CMFRI വികസിപ്പിച്ചിട്ടുള്ള മാരികൾച്ചറിന് അനുയോജ്യമായുള്ള സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കൂടുകളിലെ മത്സ്യകൃഷി, അടിത്തട്ടിലെ മൊളസ്കൻ കൃഷി, കടൽ പായൽ കൃഷി എന്നിവ കേരളത്തിൽ നടപ്പാക്കുന്നതിനുള്ള സാധ്യതാ പഠന പ്രവർത്തനങ്ങൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്.

2023-24-ലെ സംസ്ഥാന ബജറ്റിലെ മത്സ്യബന്ധന മേഖലയെക്കുറിച്ചുള്ള പ്രഖ്യാപനങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ 29-03-2023- ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ, ഈ മേഖലയുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളുമായും ഒരു യോഗം വിളിക്കാനും സി.എം.എഫ്.ആർ.ഐ.-യിലെ ശാസ്ത്രജ്ഞനെ റിസോഴ്സ് പേഴ്സണായി

ഉൾപ്പെടുത്താനും പദ്ധതിക്കായുള്ള പ്രവർത്തന പദ്ധതി വികസിപ്പിക്കുന്നതിന് ഈ സ്ഥാപനങ്ങളിൽനിന്ന് സാങ്കേതിക സഹായം നേടാനും നിർദ്ദേശിച്ചു. അതനുസരിച്ച് ഫിഷറീസ് ഡയറക്ടറുടെ അധ്യക്ഷതയിൽ 16-05-2023-ന് കോഴിക്കോട് സി.എം.എഫ്.ആർ.ഐ.-യിൽവച്ച് CMFRI, CIBA, NIOT, RGCA, മത്സ്യഫെഡ് എന്നിവയുടെ പ്രതിനിധികളും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്ത ഒരു യോഗം ചേരുകയും സ്ഥലം തിരഞ്ഞെടുക്കൽ, ഡി.പി.ആർ. തയ്യാറാക്കൽ, പദ്ധതിയുടെ നടത്തിപ്പിന്റെ നിരീക്ഷണം എന്നിവ ഉൾപ്പെടെയുള്ള സാങ്കേതിക വിവരങ്ങൾക്കായി ഒരു സാങ്കേതിക സമിതി രൂപീകരിക്കാനും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 13-07-2023-ലെ സർക്കാർ ഉത്തരവ് (സാധാ)നം.573/2023/മത്സ്യ പ്രകാരം, ഫിഷറീസ് ഡയറക്ടർ ചെയർമാനായി ഒരു സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്.

2023 സെപ്റ്റംബർ 14 മുതൽ 15 വരെ NIOT, CMFRI ഉദ്യോഗസ്ഥർ, വകുപ്പ് ഉദ്യോഗസ്ഥർ, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ എന്നിവർ കോഴിക്കോട് ഫീൽഡ് സന്ദർശനം നടത്തി. കോഴിക്കോട് ജില്ലയിലെ ചോമ്പാലയിലും കൊയിലാണ്ടിയിലും കടൽത്തീരത്ത് നിന്ന് 3 കിലോമീറ്റർ അകലെ കൂടുകൾ സ്ഥാപിച്ച് മത്സ്യകൃഷി ചെയ്യുന്നതിന് ഉചിതമായ സ്ഥലം

കണ്ടെത്തുകയും സ്ഥലത്ത് കേജ് ഫാമിങ് നടപ്പാക്കുന്നതിനായി താൽപര്യമുള്ള രണ്ട് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു.

09-08-2023-ന് നടന്ന ആദ്യത്തെ സാങ്കേതിക സമിതി യോഗത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളും ഡി.പി.ആർ. തയ്യാറാക്കൽ, ആരാണ് ഏറ്റെടുക്കേണ്ടതെന്ന തീരുമാനങ്ങളും സൈറ്റ് തിരഞ്ഞെടുക്കൽ, ജോലിക്ക് അംഗീകാരം നൽകൽ തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങളും ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

a. ചോമ്പാല, കൊയിലാണ്ടി തുടങ്ങിയ സാധ്യതയുള്ള സ്ഥലങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കിടയിൽ പദ്ധതി ആശയത്തിന്റെ സ്വീകാര്യത തിരിച്ചറിയുന്നതിനും പദ്ധതിയെക്കുറിച്ച് അവരെ ബോധവൽക്കരിക്കുന്നതിനും പദ്ധതി ഏറ്റെടുക്കുന്നതിന് അനുയോജ്യമായ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളി സഹകരണ സംഘത്തെ തിരഞ്ഞെടുക്കുന്നതിനും ഫിഷറീസ് ഉത്തര മേഖല ജോയിന്റ് ഡയറക്ടറെയും മത്സ്യഫെഡിനെയും ചുമതലപ്പെടുത്തി.

b. ഡി.പി.ആർ. തയ്യാറാക്കൽ NIOT (National Institute of Ocean Technology) നിർവഹിക്കും. സമുദ്രശാസ്ത്ര പാരാമീറ്റർ സർവെ, സ്ഥലം

തിരഞ്ഞെടുക്കൽ, കൂടുകളുടെ നിർമ്മാണം, കൂടുകളുടെ വിന്യാസം, കൃഷി പരിപാലനം, കോബിയ, സീ ബാസ് തുടങ്ങിയ മത്സ്യ ഇനങ്ങളുടെ വിത്തുകളുടെ സംഭരണം എന്നിവയിൽ പദ്ധതി പൂർത്തിയാകുന്നതുവരെ NIOT സാങ്കേതിക സഹായം നൽകും.

c. കോബിയ വിത്തുകളുടെ ഉൽപാദനം, വിതരണം, തീറ്റ തിരഞ്ഞെടുക്കൽ, വളർച്ച നിരീക്ഷണം, രോഗ നിയന്ത്രണം എന്നിവയിൽ സി.എം.എഫ്.ആർ.ഐ. (Central Marine Fisheries Research Institute) സാങ്കേതിക സഹായം നൽകും.

രാമേശ്വരം/നോർത്ത് ബേ, പോർട്ട് ബ്ലെയറിലെ NIOT കേന്ദ്രങ്ങളിൽവച്ച് രണ്ട് മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് (10 മത്സ്യത്തൊഴിലാളികൾ) ഓപ്പൺ സീ കേജ് ഫാമിങ് വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നതിനുള്ള സന്നദ്ധത NIOT-യിൽ നിന്ന് ലഭിച്ചതിനെ തുടർന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളിൽ നിന്നുള്ള അംഗങ്ങൾക്ക് രാമേശ്വരം, മണ്ഡപം NIOT-യുടെ നിലവിൽ കൂട് കൃഷി നടക്കുന്ന സ്ഥലം സന്ദർശിച്ച് ഓപ്പൺ സീ കേജ് ഫാമിങ്ങിൽ പരിശീലനം നൽകി.

തുടർന്ന് 2,40,41,669/- രൂപയുടെ 'Pilot scale Demonstration of Open sea cage culture of finfish in Kerala coast' എന്ന പദ്ധതി പ്രൊപ്പോസൽ NIOT

സമർപ്പിച്ചിട്ടുണ്ട്. 'Pilot scale Demonstration of Open sea cage culture of finfish in Kerala coast' എന്ന പദ്ധതി പ്രൊപ്പോസൽ വർക്കിങ് ഗ്രൂപ്പിന് മുമ്പാകെ സമർപ്പിക്കുന്നതിനും 2024-25-ലെ SDG-യുടെ ആദ്യ ബാച്ചിൽ 'New Service' നടപടിക്രമങ്ങൾ നിരീക്ഷിക്കുന്നതിനും പദ്ധതിക്ക് ഭരണപരമായ അനുമതിയും Additional Authorisation മുഖാന്തരം ഫണ്ടും നൽകുന്നതിനുമായി ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ 17-07-2024-ലെ സ.ഉ.(അച്ചടി) നം.57/2024/ഫിൻ, 31-08-2024-ലെ സ.ഉ.(അച്ചടി) നം.76/2024/ഫിൻ എന്നീ ഉത്തരവുകൾ പ്രകാരമുള്ള പദ്ധതി വിഹിതങ്ങളുടെ പുനഃക്രമീകരണം കാരണം Departmental Working Group (DWG) പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ചില്ല.

2024 ഡിസംബർ 23-ന് ഹൈദരാബാദിലെ എൻ.എഫ്.ഡി.ബി.-യിൽ ഇന്ത്യാ ഗവൺമെന്റ് നടത്തിയ 'Mariculture Policy Framework for States' എന്ന ദേശീയ ശിൽപശാലയിൽ, മാരികൾച്ചറിൽ Sea Cage Farming-ന്റെ സാധ്യതകൾ പരിശോധിക്കുന്നതിനുള്ള നടപടികൾ കേരളം ഇതിനകം ആരംഭിച്ചിട്ടുണ്ടെന്നും 'Pilot scale Demonstration of Open sea cage culture of finfish in Kerala coast' എന്ന പദ്ധതി പ്രൊപ്പോസൽ കോഴിക്കോട് ജില്ലയിൽ തിരഞ്ഞെടുത്ത രണ്ട് സ്ഥലങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനായി 2,40,41,672/-

രൂപ അടങ്കൽ തുകയിൽ NIOT തയ്യാറാക്കിയ പദ്ധതി പ്രൊപ്പോസൽ സംസ്ഥാന പദ്ധതി പ്രകാരം നടപ്പാക്കുന്നതിനുള്ള നീക്കിയിരുപ്പ് നടപ്പുവർഷം നിലവിലില്ലാത്തതിനാൽ PMMSY പദ്ധതിയിൽ പ്രസ്തുത പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിനുള്ള സാധ്യത ആരായുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ മാരികൾച്ചർ പ്രവർത്തനങ്ങൾ എല്ലാ സംസ്ഥാനങ്ങളിലും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, 2024-25-ലെ PMMSY സ്കീം പ്രകാരം ഭരണപരമായ അംഗീകാരം അനുവദിക്കുന്നതിനുള്ള നിർദ്ദേശം ഒരു നോൺ-ബെനിഫിഷ്യറി ഘടകമായി പരിഗണിക്കാമെന്നും അതിനാൽ PMMSY SLAMC (PMMSY State Level Approval Monitoring Committee)-യുടെ അംഗീകാരം നേടിയശേഷം പ്രസ്തുത പദ്ധതി പ്രൊപ്പോസൽ NFDB-യ്ക്ക് സമർപ്പിക്കുന്നതിന് NFDB ചീഫ് എക്സിക്യൂട്ടീവ് നിർദ്ദേശിച്ചിരുന്നു.

ആയതുപ്രകാരം, NIOT തയ്യാറാക്കി സമർപ്പിച്ച 'Pilot scale Demonstration of Open sea cage culture of finfish in Kerala coast' എന്ന 2,40,41,672/- രൂപയുടെ പദ്ധതി പ്രൊപ്പോസൽ SLAMC-യുടെ അംഗീകാരത്തോടെ ഒരു നോൺ-ബെനിഫിഷ്യറി ഘടകമായി PMMSY സ്കീം പ്രകാരം ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി NFDB-ക്ക് സമർപ്പിക്കുന്നതിന് 20-01-2025-ൽ

ഫിഷറീസ് ഡയറക്ടർ സമർപ്പിക്കുകയും ആയത് SLAMC അംഗീകാരത്തോടെ NFDB-ക്ക് സമർപ്പിക്കുകയും പ്രസ്തുത പ്രൊപ്പോസൽ NFDB-യുടെ പരിഗണയിലുമാണ്. പ്രസ്തുത പദ്ധതിയിൽ കേന്ദ്ര വിഹിതമായി (60%) 144,25,003/- രൂപയും സംസ്ഥാന വിഹിതമായി (40%) 96,16,669/- രൂപയും ഉൾപ്പെടുന്നു. പദ്ധതിക്ക് അംഗീകാരം ലഭ്യമായാൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

യുവജനങ്ങളുടെ മാനസികശേഷി ഉറപ്പാക്കാൻ നടപടി

23 (*383) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്കിടയിൽ തൊഴിൽ സമ്മർദവും ആത്മഹത്യ പ്രവണതയും വർധിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്ത് സമസ്ത മേഖലകളിലും തൊഴിലെടുക്കുന്ന യുവാക്കൾ കടുത്ത മാനസിക സമ്മർദം നേരിടേണ്ടിവരുന്ന സാഹചര്യം ശാസ്ത്രീയ

പഠനങ്ങൾക്ക് വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ & ബി) ഉണ്ട്. യുവജനങ്ങൾക്കിടയിൽ ആത്മഹത്യാ പ്രവണത വർധിക്കുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെ 'മാനസികാരോഗ്യം ശക്തിപ്പെടുത്തുക' എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2024-25 സാമ്പത്തിക വർഷം തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച ഒരു ശാസ്ത്രീയ പഠനം 'Mental Health of Youth at Work' എന്ന പേരിൽ നടത്തി പഠന റിപ്പോർട്ട് കമ്മീഷൻ തയ്യാറാക്കിയിട്ടുണ്ട്. ഐ.റ്റി., ഗിഗ് ഇക്കോണമി, മീഡിയ, ഇൻഷ്വറൻസ്/ബാങ്കിങ്, റീട്ടെയിൽ/ ഇൻഡസ്ട്രിയൽ എന്നീ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന 18-നും 40-നും ഇടയിൽ പ്രായമുള്ള 1548 യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടാണ് സർവെ നടത്തിയത്. കമ്മീഷന്റെ ആഭിമുഖ്യത്തിൽ 18-നും 40-നും ഇടയിൽ പ്രായമുള്ള യുവജനങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ നടന്ന ആത്മഹത്യകളെ സംബന്ധിച്ചും പഠനം നടത്തുകയുണ്ടായി. എല്ലാ ജില്ലകളിലുമായി 800-ൽ അധികം ആത്മഹത്യകളെ സംബന്ധിച്ച് വിദഗ്ധ സംഘം ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട 195 എം.എസ്.ഡബ്ല്യൂ./സൈക്കോളജി

വിദ്യാർഥികളുടെ സഹായത്തോടുകൂടിയാണ് സർവെ നടത്തിയത്. ലോകത്താകെ യുവജനങ്ങൾക്കിടയിൽ ആത്മഹത്യകൾ വർധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സമാന അനുഭവങ്ങൾ പഠിച്ച് പരിഹാര മാർഗങ്ങൾ നിർദേശിക്കുന്ന തരത്തിലാണ് പഠന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. പഠന റിപ്പോർട്ട് കമ്മീഷൻ ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ടിൽ ഐ.ടി. (84.3%), മീഡിയ (83.5%) എന്നീ മേഖലകളിൽ തൊഴിലെടുക്കുന്ന യുവജനങ്ങളിലാണ് ഏറ്റവും കൂടുതൽ തൊഴിൽ സമ്മർദം റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ബാങ്കിങ്/ഇൻഷ്വറൻസ് മേഖലയിലെയും (80.6%), ഗിഗ് ഇക്കോണമിയിലെയും (75.5%) ജീവനക്കാരിൽ തൊഴിൽ സമ്മർദം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റീട്ടെയിൽ/വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർ താരതമ്യേന കുറഞ്ഞ തോതിലുള്ള തൊഴിൽ സമ്മർദമാണ് നേരിടുന്നത്. 30-39-നും ഇടയിൽ പ്രായമുള്ള യുവജനങ്ങളാണ് ഏറ്റവും കൂടുതൽ തൊഴിൽ സമ്മർദം അനുഭവിക്കുന്നത്. പുരുഷന്മാരെ (73.7%) അപേക്ഷിച്ച് സ്ത്രീകളാണ് (74.7%) കൂടുതൽ തൊഴിൽ സമ്മർദം അനുഭവിക്കുന്നത്. സർവെയുടെ ഭാഗമായ ജീവനക്കാരിൽ ഭൂരിഭാഗം ആളുകളും ജോലിഭാരം കാരണം തങ്ങളുടെ വർക്ക് ലൈഫ് ബാലൻസിൽ വിട്ടുവീഴ്ച ചെയ്യേണ്ടിവരുന്നതായി

കണ്ടെത്തിയിട്ടുണ്ട് (68.25%). ഇതിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിൽ നേരിയ വർധനവ് കാണുന്നുണ്ട്. സാമ്പത്തിക അരക്ഷിതാവസ്ഥയും 'വർക്ക് ലൈഫ് ബാലൻസ്' സംബന്ധമായ പ്രശ്നങ്ങൾ എന്നിവയാണ് മാനസിക സമ്മർദത്തിനുള്ള പ്രധാന കാരണമായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ജോലിയുമായി ബന്ധപ്പെട്ട സമ്മർദങ്ങളിൽ, ജോലിയുടെ സ്വഭാവം (ജോലിയുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങളും വിഭവങ്ങളും, സമയ സമ്മർദം, സമയപരിധികൾ, തൊഴിൽ അന്തരീക്ഷം, ഷെഡ്യൂൾ എന്നിവ) തൊഴിലാളികളിൽ തൊഴിൽ സമ്മർദത്തിന് ഏറ്റവും പ്രധാനപ്പെട്ട സംഭാവന നൽകുന്നതായി കണ്ടെത്തി. ജോലി സ്ഥലത്തെ വിവേചനം, നോൺ - ബൈനറി വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കിടയിൽ സമ്മർദത്തിന് കാരണമാകുന്ന പൊതുഘടകമായി കാണപ്പെടുന്നു. മാനസിക പ്രശ്നങ്ങളുണ്ടെന്ന് തിരിച്ചറിഞ്ഞിട്ടും പലരും അതിന് വേണ്ടത്ര പ്രാധാന്യം നൽകുകയോ വിദഗ്ധ ചികിത്സാ മാർഗങ്ങൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ വിപുലമായ തുടർപ്രവർത്തനങ്ങൾ യുവജന കമ്മീഷൻ ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) യുവാക്കൾ ജോലിഭാരവും സ്വകാര്യജീവിതവും സന്തുലിതമായി

കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച് ശാസ്ത്രീയ പഠനത്തിന്റെ ഭാഗമായി നടത്തിയ സർവെയുടെ ഭാഗമായി ജീവനക്കാരിൽ ഭൂരിഭാഗം ആളുകളും ജോലിഭാരം കാരണം തങ്ങളുടെ വർക്ക് ലൈഫ് ബാലൻസിൽ വിട്ടുവീഴ്ച ചെയ്യേണ്ടി വരുന്നതായും (68.25%) ഇതിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിൽ നേരിയ വർധനവ് കാണുന്നതായും സാമ്പത്തിക അരക്ഷിതാവസ്ഥ, 'വർക്ക് ലൈഫ് ബാലൻസ് ' സംബന്ധമായ പ്രശ്നങ്ങൾ എന്നിവയാണ് മാനസിക സമ്മർദത്തിനുള്ള പ്രധാന കാരണമെന്നും ജോലിയുമായി ബന്ധപ്പെട്ട സമ്മർദങ്ങളിൽ ജോലിയുടെ സ്വഭാവം (ജോലിയുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങളും വിഭവങ്ങളും, സമയ സമ്മർദം, സമയപരിധികൾ, തൊഴിൽ അന്തരീക്ഷം, ഷെഡ്യൂൾ എന്നിവ) തൊഴിലാളികളിൽ തൊഴിൽ സമ്മർദത്തിന് ഏറ്റവും പ്രധാനപ്പെട്ട സംഭാവന നൽകുന്നതായും ജോലിസ്ഥലത്തെ വിവേചനം, നോൺ - ബൈനറി വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കിടയിൽ സമ്മർദത്തിന് കാരണമാകുന്ന പൊതു ഘടകമാണെന്നും കണ്ടെത്തിയിട്ടുണ്ട്. പഠനത്തിലെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി, മാനസിക

ആരോഗ്യത്തിന് മുൻഗണന നൽകുന്ന, ജീവനക്കാർക്ക് കൂടുതൽ പിന്തുണ നൽകുന്നതും ഉൾക്കൊള്ളൽശേഷി ഉള്ളതുമായ ഒരു തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ആവശ്യമായ ശിപാർശകളും നിർദേശങ്ങളും കമ്മീഷന്റെ പഠന റിപ്പോർട്ട് മുന്നോട്ടുവയ്ക്കുന്നു.

(ഡി) യുവജനങ്ങളുടെ മാനസികനില തിരിച്ചറിഞ്ഞ് ആവശ്യമായ മാനസികശേഷി ഉറപ്പാക്കുന്നതിന് എന്തെല്ലാം ശിപാർശകളാണ് സംസ്ഥാന യുവജന കമ്മീഷൻ സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച 'Mental Health of Youth at Work' എന്ന പഠന റിപ്പോർട്ടിലെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി മാനസികാരോഗ്യത്തിന് മുൻഗണന നൽകുന്ന ജീവനക്കാർക്ക് കൂടുതൽ പിന്തുണ നൽകുന്നതും ഉൾക്കൊള്ളൽശേഷി ഉള്ളതുമായ ഒരു തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ചുവടെപ്പറയും പ്രകാരം പ്രധാനപ്പെട്ട ശിപാർശകൾ മുന്നോട്ടുവച്ചിട്ടുണ്ട്.

1. തൊഴിൽ സ്ഥാപനങ്ങളിൽ 'Recreational Corners' സ്ഥാപിക്കുക. ഇത് ജോലി സമ്മർദം ലഘൂകരിക്കാനും തിരക്കേറിയ ജോലി ഷെഡ്യൂളിൽ നിന്ന് ആശ്വാസം കണ്ടെത്താനും സഹായിക്കും.

2. തൊഴിലിടങ്ങളിൽ നിശ്ചിത ഇടവേളകളിൽ 'Stress Audit ' നടത്തുക. ജീവനക്കാരുടെ സമ്മർദനിലയും മൊത്തത്തിലുള്ള മാനസികാരോഗ്യ സ്ഥിതിയും നിരീക്ഷിക്കാൻ ഇത് സഹായിക്കും.

3. 'വർക്ക് ലൈഫ് ബാലൻസ്' പോളിസികൾ ഗവൺമെന്റിന്റെ നേതൃത്വത്തിൽ തൊഴിലിടങ്ങളിൽ നടപ്പാക്കുക.

4. 'Stress Management' സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കി ജീവിതത്തിലെ വ്യക്തിപരവും തൊഴിൽപരവുമായ വെല്ലുവിളികളെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ വരും തലമുറയെ പ്രാപ്തരാക്കുക.

5. ആഴ്ചയിൽ ഒരു മണിക്കൂർ എങ്കിലും 'Wellness Hour' തൊഴിലാളികൾക്കായി അനുവദിക്കുക. മാനസികാരോഗ്യം സംബന്ധിയായ ആശങ്കകളും മറ്റ് അനുബന്ധ പ്രശ്നങ്ങളും ചർച്ച ചെയ്യാനും പങ്കുവയ്ക്കാനും ഇതിലൂടെ സാധിക്കുന്നു.

6. സമ്മർദം കുറയ്ക്കുന്നതിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന സാമ്പത്തിക അച്ചടക്കത്തെ സംബന്ധിയായ (ബജറ്റിങ്, സമ്പാദ്യം, കടം കൈകാര്യം ചെയ്യൽ, നിക്ഷേപം) ശിൽപശാലകൾ സ്ഥാപനങ്ങൾ തൊഴിലാളികൾക്കായി ആസൂത്രണം ചെയ്തുനടപ്പാക്കേണ്ടതാണ്.

7. ജീവനക്കാരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താൻ മാനസികാരോഗ്യ വിദഗ്ധരെ (ഓർഗനൈസേഷൻ സൈക്കോളജിസ്റ്റിനെ) നിയമിക്കുന്നത് അടക്കമുള്ള കാര്യങ്ങളിൽ തൊഴിൽ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതുണ്ട്.

8. മാനസികാരോഗ്യ ഇൻഷ്വറൻസ് ആരോഗ്യ ഇൻഷ്വറൻസ് ആനുകൂല്യങ്ങളുടെ ഭാഗമായി സർക്കാർ നിയമംമൂലം ഉൾകൊള്ളിക്കേണ്ടതാണ്. ഇതിൽ തെറാപ്പി, കൗൺസിലിങ്, മാനസിക ചികിത്സ, മാനസികാരോഗ്യ സംബന്ധമായ അവധി എന്നിവയുള്ള പരിരക്ഷ ഉൾപ്പെടുത്തണം. ഇത് എല്ലാ ജീവനക്കാർക്കും സാമ്പത്തിക ഭാരമില്ലാതെ അവശ്യ പരിചരണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നു.

9. ജീവനക്കാരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിന് അടിസ്ഥാന ഫിറ്റ്നസ് സൗകര്യങ്ങൾ, മൈൻഡ്ഫുൾനെസ് പ്രോഗ്രാമുകൾ, സമ്മർദം കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കുന്ന വർക്ക്ഷോപ്പുകൾ തുടങ്ങിയ സംരംഭങ്ങൾ നടപ്പാക്കാൻ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതുണ്ട്.

മുതലപ്പൊഴി അഴിമുഖത്തെ മണൽ നീക്കം ചെയ്യാൻ നടപടി

24 (*384) ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറക്കല്ല് കൊണ്ടുപോകുന്നതിന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് മുതലപ്പൊഴി അഴിമുഖം ഉപയോഗിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായി കല്ലുകൾ ബാർജ് വഴി കടൽമാർഗം കൊണ്ടുപോകുന്നതിനായി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിൽ ഒരു ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന് M/s. അദാനി പോർട്ട്സ് ഹാർബർ എഞ്ചിനീയറിങ് വകുപ്പുമായി 10-04-2018-ൽ ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഭാഗമായുള്ള പുലിമുട്ടിന്റെ നിർമ്മാണത്തിന് ആവശ്യമായ കല്ലുകൾ ബാർജ് വഴി കടൽമാർഗം കൊണ്ടുപോകുന്നതിന് മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേ പുലിമുട്ടിന്റെ ഒരു ഭാഗം പൊളിച്ച് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിച്ച് കല്ലുകൾ വിഴിഞ്ഞത്തേക്ക് കൊണ്ടുപോയിട്ടുണ്ട്.

(ബി) ആയതിനുപകരമായി മുതലപ്പൊഴി അഴിമുഖത്തെ സോയിൽ

പൈപ്പിങും ഡ്രെഡ്ജിങും നടത്തുമെന്ന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സർക്കാരിന് രേഖാമൂലം ഉറപ്പ് നൽകിയിരുന്നോ;

(സി) എങ്കിൽ പ്രസ്തുത ഉറപ്പ് നാളിതുവരെ പാലിച്ചിട്ടില്ലെന്നത് വസ്തുതയാണോ;

(ഡി) ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മണ്ണ് നീക്കം ചെയ്യാൻ ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവെങ്കിലും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് പണം നൽകാത്തതിനാൽ മണൽ നീക്കം ചെയ്യാനുള്ള നടപടികൾ ആരംഭിക്കാനാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) മുതലപ്പൊഴി അഴിമുഖത്ത് സോയിൽ പൈപ്പിങ് നടത്തുമെന്ന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സർക്കാരിന് രേഖാമൂലം ഉറപ്പ് നൽകിയിട്ടില്ല. എന്നാൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായി കല്ലുകൾ ബാർജ് വഴി കടൽമാർഗം കൊണ്ടുപോകുന്നതിനായി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേ പുലിമുട്ടിന്റെ ഒരു ഭാഗം പൊളിച്ച് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന്റെ ഭാഗമായി M/s. അദാനി പോർട്ട്സുമായി ഹാർബർ എഞ്ചിനീയറിങ് വകുപ്പ് 10-04-2018-ൽ ഒപ്പുവച്ച ധാരണാപത്ര പ്രകാരം

M/s. അദാനി പോർട്ട്സ് അഴിമുഖത്ത് 5 മീറ്റർ ആഴം ഉറപ്പാക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു.

ടി ധാരണാപത്രത്തിന്റെ കാലാവധി 09-04-2021-ൽ അവസാനിച്ചിരുന്നു. വിഴിഞ്ഞം അന്തരാഷ്ട്ര തുറമുഖ നിർമ്മാണം 2021-ലും പൂർത്തിയാകാത്തതിനാൽ കല്ലുകൾ കൊണ്ടുപോകുന്നതിനായി ലോഡ് ഔട്ട് ഫെസിലിറ്റി തുടർന്നും ഉപയോഗിക്കേണ്ടിവന്ന സാഹചര്യത്തിൽ 3 വർഷത്തേക്കുകൂടി ധാരണാപത്രത്തിന്റെ കാലാവധി നീട്ടി നൽകി 12-04-2021-ൽ കരാർ ഭേദഗതിയിൽ ഏർപ്പെട്ടു. ടി കാലാവധിയിലും M/s. അദാനി പോർട്ട്സിന് ധാരണാപത്ര പ്രകാരമുള്ള ആഴം കൈവരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കാലാവധി 11-06-2024 വരെ വീണ്ടും ദീർഘിപ്പിച്ച് നൽകിയിരുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനുള്ള പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചതിനെ തുടർന്ന് മുതലപ്പൊഴി വഴിയുള്ള കല്ല് നീക്കം അവസാനിച്ചിരുന്നു. തുടർന്ന് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിനായി മുറിച്ച് മാറ്റിയ പുലിമുട്ട് AVPPL മുഖേന പുനഃസ്ഥാപിച്ചിട്ടുണ്ട്.

2018 മുതൽ 2024 വരെ പൂർണ്ണമായിട്ടല്ലെങ്കിലും ചാനലിൽ നിന്നും അഴിമുഖത്ത് നിന്നും മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി ഭാഗികമായി അദാനി

പോർട്ട്സ് നിർവഹിക്കുകയുണ്ടായി. എന്നാൽ 5 മീറ്റർ ആഴം പൂർണ്ണമായും ഉറപ്പാക്കാൻ AVPPL-ന് സാധിക്കാത്തതിനെ തുടർന്ന് മന്ത്രിതലത്തിലും വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിലും നിരന്തരം നടത്തിയ യോഗങ്ങളുടെ അടിസ്ഥാനത്തിൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന ഡ്രഡ്ജിങ് നടത്തുന്നതിനും അതിന് ആവശ്യമായ തുക AVPPL ഡെപ്പോസിറ്റ് ചെയ്യുന്നതിനും ധാരണയായിരുന്നു. തുടർന്ന് അഴിമുഖം ഡ്രഡ്ജ് ചെയ്യുന്നതിന് ഹാർബർ എഞ്ചിനീയറിങ് വകുപ്പ് 205 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി AVPPL-ന് നൽകി. 18-12-2024-ന് ചേർന്ന മന്ത്രിതല യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ AVPPL-ൽ നിന്നും ഫണ്ട് ലഭിക്കുമെന്ന അനുമാനത്തിൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് ദർഘാസ് ക്ഷണിക്കുകയും M/S. RTF Infrastructure Limited എന്ന സ്ഥാപനം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിനുള്ള തുക കണക്കാക്കി ഇൻവോയ്സ് 25-02-2025-ന് AVPPL-ന് നൽകിയിരുന്നു. മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും നിരന്തരമായി നടത്തിയ ഇടപെടലുകളെ തുടർന്ന് ഉടൻതന്നെ തുക അനുവദിക്കുന്നതാണെന്ന് 08-03-2025-ലെ കത്ത് പ്രകാരം AVPPL അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ്

നൽകി കരാറിലേർപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വന്യജീവി ആക്രമണങ്ങളിൽനിന്നും ആദിവാസികൾക്ക് സുരക്ഷ

25 (*385) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ ശല്യം രൂക്ഷമായ സാഹചര്യത്തിൽ ആദിവാസികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

വന്യമൃഗ ശല്യം രൂക്ഷമായ മേഖലകളിൽ പട്ടിക വർഗ്ഗക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി വനം വകുപ്പുമായി ചേർന്ന് സോളാർ ഫെൻസിങ്, കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ രാത്രികാല സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് പട്ടിക വർഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയും അനെർട്ട് മുഖേനയും എം.പി. ലാഡ്സ് പദ്ധതി പ്രകാരം വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയും വഴിവിളക്കുകൾ ഉന്നതികളിൽ സ്ഥാപിച്ചുവരുന്നു. ആദിവാസി പുനരധിവാസ

മേഖലകളിൽ ടി.ആർ.ഡി.എം. ഫണ്ടുപയോഗിച്ചും സുരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സോളാർ ഫെൻസിങ്, ആറളം പുനരധിവാസ മേഖലയിൽ ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ആവശ്യമായ ഇടങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. വന വിഭവങ്ങൾ ശേഖരിക്കുന്നതിനും കാർഷിക തൊഴിലുകളിൽ ഏർപ്പെടുന്നതിനും വിദ്യാർഥികൾക്ക് സ്കൂളുകളിൽ എത്തുന്നതിനും വന്യമൃഗങ്ങൾ സൃഷ്ടിക്കുന്ന സംഘർഷ മേഖലകൾ മനസ്സിലാക്കി പ്രതിരോധ പ്രവർത്തനം ഏറ്റെടുക്കുന്നതിനുള്ള സേഫ്റ്റി മാപ്പിങ് വനംവകുപ്പുമായി ചേർന്ന് നടത്തുന്നതാണ്.

(ബി) ആദിവാസികളുടെ വാസസ്ഥലങ്ങൾക്ക് ചുറ്റും ട്രഞ്ചും വൈദ്യുത വേലികളും നിർമ്മിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ആദിവാസികളുടെ വാസസ്ഥലങ്ങൾക്ക് ചുറ്റും ട്രഞ്ചും വൈദ്യുത വേലികളും നിർമ്മിക്കുന്നതിന് വനം വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. ആദിവാസി പുനരധിവാസ മേഖലകളിൽ ആവശ്യമായ ഇടങ്ങളിൽ വനം വകുപ്പ് മുഖേന ട്രഞ്ച് നിർമ്മിക്കുന്നതിനും ആദിവാസി പുനരധിവാസ വികസന മിഷന്റെ

ഫണ്ടുപയോഗിച്ച് വൈദ്യുതി വേലികൾ, ആന മതിൽ എന്നിവ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആദിവാസി മേഖലയിലെ വിദ്യാർഥികൾക്ക് സ്കൂളിൽ പോകുന്നതിനും മറ്റും സുരക്ഷിത വഴികൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ മേഖലകളിലെ കുട്ടികൾക്ക് സുരക്ഷിതമായി സ്കൂളിൽ പോകുന്നതിന് പട്ടികവർഗ വികസന വകുപ്പ് വിദ്യാവാഹിനി പദ്ധതി നടപ്പാക്കുന്നു. അത്തരത്തിൽ സൗകര്യം ഒരുക്കുന്നതിനോടൊപ്പം വകുപ്പിന്റെ MRS ഹോസ്റ്റലിൽ താമസസൗകര്യം നൽകി സ്കൂളിൽ പോകുന്നതിന് സൗകര്യം ഒരുക്കുന്നു.

അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

26 (*386) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യകൃഷി മേഖലയിലെ സംരംഭകരെ

പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മത്സ്യ കൃഷി മേഖലയിൽ സംരംഭകർക്ക് അവസരമൊരുക്കിക്കൊണ്ട് വിവിധ സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കിവരുന്നു. ജനകീയ മത്സ്യകൃഷി പദ്ധതി, പിന്നാമ്പുറങ്ങളിലെ മത്സ്യ വിത്തുൽപാദന യൂണിറ്റ് തുടങ്ങിയ വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളിലുൾപ്പെടുത്തി അലങ്കാര മത്സ്യകൃഷി യൂണിറ്റ്, ബയോഫ്ലോക്, മത്സ്യ സേവന കേന്ദ്രം, തുടങ്ങി വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. മത്സ്യകൃഷി സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് അക്വാകൾച്ചർ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന ഫിഷറീസ് വകുപ്പിന് കീഴിലുള്ള കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) അലങ്കാരമത്സ്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. അലങ്കാര മത്സ്യ കർഷകരെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കുന്നതിനായി കാവിൽ "ബയർ സെല്ലർ മീറ്റ്" 26-02-2021 മുതൽ എല്ലാ തിങ്കളാഴ്ചകളിലും സംഘടിപ്പിച്ചുവരുന്നു. ഇതിലൂടെ കർഷകർ ഉൽപാദിപ്പിക്കുന്ന അലങ്കാര മത്സ്യങ്ങൾ വിറ്റഴിക്കുന്നതിനും കർഷകർക്ക് പുതിയ

ഇനം മത്സ്യങ്ങളെ വാങ്ങുന്നതിനും സൗകര്യമുണ്ട്. മത്സ്യവിപണനത്തിൽ ഏർപ്പെടുന്നവർക്ക് ഈ മീറ്റിൽ നിന്നും വിവിധയിനം മത്സ്യങ്ങളും അലങ്കാര സസ്യങ്ങളും അക്വേറിയവും മറ്റ് അക്വേറിയം സാമഗ്രികളും വാങ്ങി ആവശ്യക്കാർക്ക് വിറ്റഴിക്കുന്നതിനും കഴിയുന്നു. ഈ മീറ്റ് നടത്തുകവഴി അലങ്കാര കർഷകർക്കും വിതരണക്കാർക്കും മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നു. അലങ്കാര മത്സ്യകൃഷിയിൽ ഏർപ്പെടുന്ന കർഷകർക്ക് പ്രോത്സാഹനവും വിപണന സാധ്യത വർധിക്കുന്നതിനും ഇത് സഹായകമാണ്. കോളേജ് വിദ്യാർഥികൾക്ക് പഠനഭാഗമായുള്ള ഇന്റേൺഷിഷ് ചെയ്യാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. മാത്രവുമല്ല യുവതീ യുവാക്കളായ അഭ്യസ്തവിദ്യർക്ക് സർക്കാരിന്റെ വിവിധ സ്ഥാപനങ്ങളിൽ പരിശീലനം നേടി സംരംഭകരാകാനുള്ള അവസരവും സംസ്ഥാന സർക്കാർ വിജ്ഞാന വ്യാപന പരിപാടി പ്രകാരം ഒരുക്കിയിട്ടുണ്ട്.

(ബി) കുറഞ്ഞ മുതൽമുടക്കിൽ മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്ന അലങ്കാര മത്സ്യകൃഷി വിപുലമായ തോതിൽ നടപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതി പ്രകാരം 796 അലങ്കാര മത്സ്യ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന

കമ്പനിയായ 'കാവിൽ'-ൽ എല്ലാ ആഴ്ചകളിലും ബയർ സെല്ലർ മീറ്റുകൾ നടത്തുന്നു. അലങ്കാര മത്സ്യ കർഷകർക്ക് അവർ ഉൽപാദിപ്പിക്കുന്ന മത്സ്യങ്ങൾ വിറ്റഴിക്കുന്നതിന് ഇതിലൂടെ അവസരം ലഭിക്കുന്നു. കൂടാതെ അലങ്കാര മത്സ്യങ്ങളെ ഹോംസ്റ്റഡ് യൂണിറ്റുകളിൽ നിന്നും ശേഖരിച്ച് എല്ലാ ആഴ്ചകളിലും 'കാവിൽ' വഴി വിപണനം നടത്തുന്നു. 'കാവിൽ' അലങ്കാര മത്സ്യകർഷകർക്ക് സാങ്കേതിക സഹായം, പരിശീലനം എന്നിവ നൽകിവരുന്നു. ഇതിലൂടെ ഗുണനിലവാരം ഉറപ്പുവരുത്തി അലങ്കാര മത്സ്യങ്ങളുടെ വിപണനത്തിന് കർഷകർ പ്രാപ്തരാകുന്നു. മത്സ്യരോഗനിർണ്ണയവും ജല ഗുണനിലവാര പരിശോധനകളും 'കാവിൽ' നടത്തുന്നുണ്ട്.

(സി) അലങ്കാര മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനുകൂടി പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; അലങ്കാരമത്സ്യ വിപണനത്തിന് സഹായകമായ അക്വാ ഷോകൾ എല്ലാ ജില്ലയിലും നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കർഷകരുടെ നേതൃത്വത്തിൽ ചെറിയ തരത്തിൽ അലങ്കാര മത്സ്യകൃഷിയുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആയതിന്

ഒരു ഏകീകൃത സംവിധാനവും മികച്ച ഏകോപനവും ആവശ്യമാണ്. അലങ്കാര മത്സ്യ കൃഷി പ്രോത്സാഹനം, വിപണനം, ബോധവൽക്കരണം എന്നിവ ലക്ഷ്യംവച്ച് സാധ്യമായ എല്ലാ ജില്ലകളിലും ഫിഷറീസ് വകുപ്പും അതിന് കീഴിലെ ഏജൻസികളും അക്വേറിയം സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇവയെ കാലികമായി പരിഷ്കരിക്കുന്നതിന് 'കാവിൽ' മുഖേന നടപടി കൈക്കൊള്ളുന്നതാണ്. കൂടാതെ 'കാവിൽ' പ്രവർത്തിച്ചുവരുന്ന സ്ഥലത്ത് മേൽ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയുമാറ് ഒരു ഹൈടെക് ഹാച്ചറി, പബ്ലിക്/ടണൽ അക്വേറിയം, അക്വാപാർക്ക്, മിനി ഓഡിറ്റോറിയം/കൺവെൻഷൻ സെന്റർ, സീഫുഡ് റസ്റ്റോറന്റ് & കഫ്റ്റേരിയ, മിനി ബിസിനസ്സ് ക്ലാസ്സ് ഹോട്ടൽ എന്നിവ ഉൾപ്പെടുത്തി സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് ഉദ്ദേശിച്ച് ഒരു പ്രൊപ്പോസൽ 'ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്-ൽ സമർപ്പിക്കുകയുണ്ടായി. ഈ പ്രൊപ്പോസലിൽ വിവിധ സ്ഥാപനങ്ങൾ താത്പര്യം പ്രകടിപ്പിക്കുകയുണ്ടായി.

2022-23-ൽ 'കാവിൽ' കാമ്പസിൽ ഒരു അക്വാഷോ സംഘടിപ്പിക്കുകയും വൻ ജനപങ്കാളിത്തം ഉണ്ടാകുകയും ചെയ്തു. എല്ലാ ജില്ലകളിലും അക്വാഷോ സംഘടിപ്പിക്കുന്നത് ഈ മേഖലയുടെ വളർച്ചയ്ക്കും ജനങ്ങളിൽ അവബോധം

വളർത്തുന്നതിനും സഹായകരമാകും എന്നതിനാൽ അക്കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്.

(ഡി) വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള അക്വേറിയങ്ങൾ കൃത്യമായി പരിപാലിക്കുന്നതിനും വരുമാന ലഭ്യത ഉറപ്പാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന അക്വേറിയങ്ങൾ കൃത്യമായി പരിപാലിക്കുന്നതിനും വരുമാന ലഭ്യത ഉറപ്പാക്കുന്നതിനും വേണ്ടി "ശുദ്ധജല അക്വേറിയങ്ങളുടെ പ്രവർത്തനവും നടത്തിപ്പും" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ശുദ്ധജല അക്വേറിയങ്ങളായ മലമ്പുഴ, കാരാപ്പുഴ എന്നിവയുടെ പ്രവർത്തനത്തിനും നടത്തിപ്പിനും ആയി 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം മലമ്പുഴ അക്വേറിയത്തിൽ 2.34 ലക്ഷം സന്ദർശകരും 62.35 ലക്ഷം രൂപയുടെ വരുമാനവും കാരാപ്പുഴ അക്വേറിയത്തിൽ 15941 സന്ദർശകരും 2.88 ലക്ഷം രൂപയുടെ വരുമാനവും ലഭിച്ചിട്ടുണ്ട്. തനത് വർഷം മലമ്പുഴ അക്വേറിയത്തിൽ 1.895 ലക്ഷം സന്ദർശകരും 50.469 ലക്ഷം രൂപയുടെ വരുമാനവും കാരാപ്പുഴ അക്വേറിയത്തിൽ 11012 സന്ദർശകരും 1.97 ലക്ഷം രൂപയുടെ വരുമാനവും ലഭിച്ചിട്ടുണ്ട്. 2023-24 വർഷം

മലമ്പുഴ അക്വേറിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവർത്തനങ്ങൾ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന നടപ്പാക്കി വരികയുംചെയ്യുന്നു.

സ്വാഭാവിക വനങ്ങളുടെ പരിപാലനം

27 (*387) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സ്വാഭാവികവനങ്ങളുടെ പരിപാലനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കർമ്മപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സ്വാഭാവികവനങ്ങളുടെ പരിപാലനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കർമ്മപദ്ധതികൾ ചുവടെ ചേർക്കുന്നു.

സ്വാഭാവികവനങ്ങളുടെ പരിപാലനത്തിനായി അക്കേഷ്യ, സെന്ന, യൂക്കാലിപ്റ്റസ്, മാഞ്ചിയം തുടങ്ങിയ പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ വിദേശ സസ്യങ്ങളും അവ

അടങ്ങിയ ഏകവിള തോട്ടങ്ങളും ഘട്ടംഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം നടത്തുന്നതിന് 17-12-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2021/വനം പ്രകാരം ഒരു നയരേഖ അംഗീകരിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.[+] ഇതിനോടനുബന്ധിച്ച് വിവിധ സർക്കിളുകളിലായി 5585.57 ഹെക്ടർ സ്ഥലത്ത് ആവാസവ്യവസ്ഥയ്ക്ക് ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ, സെന്ന തുടങ്ങിയ അധിനിവേശ സസ്യങ്ങളും വിദേശ ഏകവിള തോട്ടങ്ങളും ഘട്ടംഘട്ടമായി നീക്കം ചെയ്ത് പ്രസ്തുത പ്രദേശങ്ങളെ സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപിച്ച് വരികയാണ്.

അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന (സെന്ന) നിർമ്മാർജനവുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ആയതിൽ വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ 1748 ഹെക്ടറും വയനാട് നോർത്തേൺ ഡിവിഷനിൽ 100 ഹെക്ടറും പ്രദേശത്ത് ഇതിനോടകം മഞ്ഞക്കൊന്ന നീക്കം ചെയ്തിട്ടുള്ളതും ബാക്കിയുള്ളവ നീക്കം ചെയ്യാനുള്ള നടപടികൾ കൈക്കൊണ്ടുവരികയുമാണ്. സംരക്ഷണ വിഭാഗം ജീവനക്കാരെ ഫലപ്രദമായി വിനിയോഗിച്ചും നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമയബന്ധിതമായി പട്രോളിങ്ങ് നടത്തിയും വനസംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തിയും സുസ്ഥിര വനപരിപാലന പദ്ധതികൾ നടത്തിവരുന്നു.

(ബി) വനാതിർത്തികൾ സംരക്ഷിക്കുന്നതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വനാതിർത്തികൾ സംരക്ഷിക്കുന്നതിനായി സ്ഥിരം ജണ്ടകൾ നിർമ്മിച്ച് വനാതിർത്തികൾ വേർതിരിച്ചിട്ടുണ്ട്. വനാതിർത്തികളിൽ നിർമ്മിച്ച ജണ്ടകളുടെ ജി.പി.എസ്. റീഡിങ്ങ് ശേഖരിച്ച് ഡിജിറ്റലൈസേഷൻ ചെയ്യുന്നതിനുള്ള നടപടികൾ Standard Operating Procedure (SOP) യുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. കേരള സർക്കാരിന്റെ സർവെ ആൻഡ് ലാൻഡ് റെക്കോർഡ്സ് വകുപ്പ്, റവന്യൂ വകുപ്പ് എന്നിവയുമായി സഹകരിച്ച്, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫോറസ്റ്റ് മിനിസർവെ വിഭാഗം മാപ്പിങ്ങ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇവയ്ക്ക് പുറമെ നിരന്തരമായ പട്രോളിങ്ങ്, സംരക്ഷണ വിഭാഗം ജീവനക്കാരെ ഉപയോഗപ്പെടുത്തികൊണ്ടുള്ള കൃത്യമായ പരിശോധനകൾ

എന്നിവയും വനാതിർത്തികൾ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചുവരുന്നു.

(സി) വനപ്രദേശങ്ങളിന്മേലുള്ള കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

വനം കൈയേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ കൈയേറ്റം നടത്തിയവർക്ക് ഒഴിഞ്ഞ് പോകുന്നതിനുള്ള നോട്ടീസ് നൽകുകയും റവന്യൂ, പോലീസ് വകുപ്പുകളുടെ സഹായത്തോടെ കൈയേറ്റം ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൃത്യമായ ഇടവേളകളിൽ പട്രോളിങ്ങ്, ഏരിയാ മാപ്പിങ്ങ്, എന്നിവ നടത്തുന്നതിലൂടെ കൈയേറ്റങ്ങൾ കണ്ടുപിടിക്കുന്നതിനും ഒഴിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാനും സാധിക്കുന്നു. കൈയേറ്റം ഒഴിപ്പിച്ച സ്ഥലങ്ങളിൽ ജണ്ടകൾ/കയ്യാലകൾ എന്നിവ സ്ഥാപിച്ചും കൃത്യമായ പട്രോളിങ്ങ്, നിരീക്ഷണങ്ങൾ എന്നിവ നടത്തിയും തുടർ കൈയേറ്റങ്ങൾ ഒഴിവാക്കുന്നു.

കാട്ടുപന്നികളെയും കുരങ്ങുകളെയും നിയന്ത്രിക്കാൻ പദ്ധതി

28 (*388) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി

നൽകുമോ:

(എ) ജനവാസ മേഖലകളിൽ അതിക്രമിച്ച് കയറുന്ന കാട്ടുപന്നികളെ ദുരന്തനിവാരണ അതോറിറ്റി മുഖേന നിയന്ത്രിക്കുന്നതിനായി പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ജനവാസ മേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരെ ഓണററി വൈൽഡ് ലൈഫ് വാർഡനായി ചുമതലപ്പെടുത്തിയും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായി ചുമതലപ്പെടുത്തിയും 1972-ലെ വന്യജീവി (സംരക്ഷണം) നിയമപ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും ടി നിയമപ്രകാരം ഷെഡ്യൂൾ 2-ൽപെട്ട കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ഡെലിഗേറ്റ് ചെയ്തുകൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. 07-03-2024-ലെ ഉത്തരവ് നം. (കൈ) 4/2024/DMD പ്രകാരം മനുഷ്യ – വന്യമൃഗ സംഘർഷം പൊതുവിൽ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിച്ചിട്ടുണ്ട്.

കൂടാതെ, അപകടകാരികളായ കാട്ടുപന്നികളെ കൊല്ലുന്നതിന് അംഗീകൃത ഷൂട്ടർമാർക്കുള്ള ഓണറേറിയം 1500 രൂപ നിരക്കിലും കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം മറവുചെയ്യുന്നതിനുള്ള ചെലവിനത്തിൽ 2000 രൂപയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഫണ്ടിൽനിന്നും വകയിരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകാൻ 06-03-2025-ലെ GO(Rt)No.108/2025/DMD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ജനങ്ങളുടെ സൈ്വരജീവിതത്തിന് തടസ്സം സൃഷ്ടിക്കുന്ന കുരങ്ങുകളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന സംഘർഷങ്ങളുടെ യഥാർഥ കാരണങ്ങളും പൊതുവായും പ്രാദേശിക പ്രത്യേകതകൾക്ക് അനുസരിച്ച് വ്യത്യസ്തമായും പ്രതിവിധിയായി സ്വീകരിക്കാവുന്ന നടപടികൾ ഉൾക്കൊള്ളിച്ചും വിശദമായ പ്രപ്പോസൽ തയ്യാറാക്കി നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പ്രായോഗികമായി ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടുകൂടി 'Mission Bonnet Macaque' എന്ന പേരിൽ വനം വകുപ്പ് തയ്യാറാക്കിയ പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. നിലവിൽ നാടൻ കുരങ്ങുകൾ 1972-ലെ വന്യജീവി

(സംരക്ഷണം) നിയമത്തിന്റെ ഒന്നാം പട്ടികയിൽ ഉൾപ്പെടുന്ന വന്യജീവി ആയതിനാൽ ഇവയുടെ എണ്ണം നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. എന്നിരുന്നാലും കുരങ്ങുകളുടെ എണ്ണം ക്രമാതീതമായി പെരുകി സംഘർഷങ്ങൾക്ക് കാരണമാകുന്ന പ്രദേശങ്ങളിൽ, ഇവയെ നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടുന്നതുൾപ്പെടെയുള്ള നടപടികളും ഈ പദ്ധതി ലക്ഷ്യമിടുന്നു. ടി പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ വിശദമായ കർമ്മ പദ്ധതി തയ്യാറാക്കി വരുന്നുണ്ട്. ഈ രംഗത്തെ വിദഗ്ധരെ കണ്ടെത്തുകയും പ്രാരംഭ ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ടി മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ശിൽപശാല നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) നിലവിലുള്ള എല്ലാ നാട്ടാനകളുടെയും ജെനറ്റിക് ഡാറ്റാബേസ് ശേഖരിക്കാൻ ലക്ഷ്യമിട്ടുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനുവേണ്ടി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ ആണ് നാട്ടാനകളുടെ ജനറ്റിക് ഡാറ്റാ ബേസ് തയ്യാറാക്കുന്നത്. ആയതിന്റെ പുരോഗതി 20-02-2025-ൽ അവലോകനം ചെയ്തത് പ്രകാരം നിലവിൽ കേരളത്തിൽ ജീവിച്ചിരിക്കുന്ന 389 നാട്ടാനകളിൽ 39

എണ്ണത്തിന്റെ കൂടി ബയോളജിക്കൽ സാമ്പിളുകൾ ശേഖരിക്കാൻ ബാക്കിയുണ്ട്. ടി നാട്ടാനകളുടെ മദപ്പാട് മൂലമോ, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ മൂലമോ ആണ് സാമ്പിളുകൾ ശേഖരിക്കാൻ കഴിയാതിരുന്നത്. ആയതുകൂടി അടിയന്തരമായി ശേഖരിച്ച് അയച്ചുകൊടുക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അന്തിമ പുരോഗതി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

പട്ടികജാതി – പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമപദ്ധതികൾ

29 (*389) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഫലം താഴെത്തട്ടിൽ ഫലപ്രദമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനം പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ പുതിയ

സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിച്ച് സമയബന്ധിതമായാണ് നടപ്പാക്കിവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചാണ് പദ്ധതികളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ നടപ്പാക്കിവരുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് ടി വിഭാഗങ്ങൾക്ക് അവബോധം നൽകുന്നതിനായി പട്ടികജാതി പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിലെ താഴെ തട്ടിലുള്ളവരുടെ ഇടയിൽ പ്രവർത്തിച്ച് അവരുമായി ആശയവിനിമയം നടത്തുന്നതിന് പട്ടികജാതി പ്രൊമോട്ടർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. പട്ടികജാതി വിഭാഗങ്ങൾക്കായി വകുപ്പ് നടപ്പാക്കുന്ന ക്ഷേമ പദ്ധതികളുടെ ഫീൽഡ് തല പ്രയോജനക്ഷമത പരിശോധിക്കുന്നതിനും ദുർബല പുനരധിവാസ പദ്ധതിയുടെ മൈക്രോ പ്ലാനിങ് ഉൾപ്പെടെയുള്ള വികസന പദ്ധതികളുടെ പ്രവർത്തനത്തിനും മറ്റുമായി 60 കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരെ നിയമിച്ചുകൊണ്ട് 20-06-2022-ലെ സ.ഉ. (സാധാ)നം.671/2022/പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. സാമൂഹ്യമാധ്യമങ്ങൾ വഴി ക്ഷേമ പദ്ധതികളുടെ വിവരം പട്ടികജാതി

വിഭാഗങ്ങൾക്കിടയിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ വെബ് സൈറ്റിൽ പദ്ധതികളുടെ വിവരം ഉൾപ്പെടുത്തിയിട്ടുമുണ്ട്.

പട്ടികജാതി വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കും സാമ്പത്തിക ഉന്നമനത്തിനുമായി നടപ്പാക്കിവരുന്ന പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഡയറക്ടറേറ്റ് തലത്തിലും ജില്ലാ ബ്ലോക്ക് തലത്തിലും സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പദ്ധതികളുടെ കാര്യക്ഷമവും ഫലപ്രദവുമായ നിർവഹണം ഉറപ്പാക്കുന്നതിന് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും സെക്രട്ടേറിയറ്റ് തലത്തിലും സംസ്ഥാനതല പ്രതിമാസ പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നു. കൂടാതെ ഡയറക്ടറേറ്റ് തലത്തിൽ ജില്ലാ ഓഫീസർമാരുടെ ജില്ലാതല അവലോകനം ജില്ലാതലത്തിൽ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാരുടെ പദ്ധതി/സ്കീമുകൾ പ്രവർത്തനങ്ങളുടെ വിലയിരുത്തലും ഓരോ മാസവും നടത്തിവരുന്നുണ്ട്. ഇത്തരത്തിൽ പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഫലം താഴെത്തട്ടിൽ ഫലപ്രദമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

പട്ടികവർഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ

ഗുണഫലം താഴെത്തട്ടിൽ ഫലപ്രദമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

പട്ടികവർഗ വിഭാഗങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ, ആയതിലേക്കായി നീക്കിവച്ചിരിക്കുന്ന തുക ഉപയോഗപ്പെടുത്തി കൃത്യമായി സംസ്ഥാനത്തുടനീളം പട്ടികവർഗക്കാർ അധിവസിക്കുന്ന സ്ഥലങ്ങളിൽ നടപ്പാക്കിവരുന്നു. പട്ടികവർഗക്കാരുടെ ക്ഷേമ, വികസന പദ്ധതികൾ എല്ലാ വർഷവും തയ്യാറാക്കുന്നത് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാരുമായി ചർച്ച ചെയ്താണ്. ജില്ലാ ഓഫീസർമാർ ബന്ധപ്പെട്ട ഊരുകൂട്ടങ്ങളുമായി നിരന്തരം കൂടിയാലോചനകൾ നടത്തുന്നതിനാൽ ഈ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് അവബോധം ഉണ്ടായിരിക്കുന്നതാണ്. പട്ടികവർഗ വികസന വകുപ്പ് ശിൽപശാലകളും സെമിനാറുകളും സംഘടിപ്പിക്കാറുണ്ട്. ഇത്തരം വേദികളിൽനിന്നും ഉയർന്നുവരുന്ന നിർദേശങ്ങൾകൂടി കണക്കിലെടുത്താണ് പദ്ധതികൾ തയ്യാറാക്കുന്നത്. കൂടാതെ വകുപ്പിൽ എഞ്ചിനീയർമാരുടെയും ആരോഗ്യ മേഖലയിലെ വിദഗ്ധരുടെയും സേവനം ലഭ്യമായതിനാൽ അവരുടെ നിർദേശങ്ങൾകൂടി പദ്ധതികൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കാറുണ്ട്. കൂടാതെ വകുപ്പിന്റെ പ്രധാന പദ്ധതികളായ ഇ-ഗ്രാന്റ്സ്, ചികിത്സ സഹായം, വിദേശ

പഠന സ്കോളർഷിപ്പ് തുടങ്ങിയവ ഓൺലൈനായാണ് അനുവദിക്കുന്നത്. ഇതുകൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നു.

(ബി) പദ്ധതി വിനിയോഗത്തിലെ കുറവ് കണ്ടെത്തി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പ് വിവിധ തലങ്ങളിൽ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ ക്ഷേമ പദ്ധതികളുടെ നിർവഹണം സംബന്ധിച്ച പുരോഗതി വിലയിരുത്തപ്പെടുകയും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദേശങ്ങൾ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തുവരുന്നു. വകുപ്പിന്റെ ആഭ്യന്തര ഓഡിറ്റ് വിഭാഗം പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന എല്ലാ ക്ഷേമ പദ്ധതികളും വിശദമായി പരിശോധിക്കുകയും ന്യൂനത പരിഹാര നടപടികൾ നിർദേശിക്കുകയും ചെയ്തുവരുന്നു. പദ്ധതി നിർവഹണ പുരോഗതി കൈവരിക്കാത്ത സ്കീമുകൾ പ്രത്യേകം അവലോകനം ചെയ്യുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, ജില്ലാതലത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ മേൽനോട്ടത്തിൽ പദ്ധതി പുരോഗതി അവലോകന യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും

സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കാൻ നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ 20-05-2022-ലെ സ.ഉ.(കൈ)നം. 24/2022/SCSTDD ഉത്തരവ് പ്രകാരം മോണിറ്ററിങ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ 28-09-2021-ലെ സ.ഉ.(എം.എസ്.)11/2021/പ്ലാനിങ് ഉത്തരവ് പ്രകാരം എസ്.സി./എസ്.ടി. ഫണ്ടുകളുടെ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയുമായുള്ള ജില്ലാതല കമ്മിറ്റി പുനഃസംഘടിപ്പിച്ച് ഉത്തരവാകുകയും ടി കമ്മറ്റി മുഖേന പട്ടികജാതി വികസന പദ്ധതി പ്രോജക്ടുകൾ പ്രത്യേകം വിലയിരുത്തുകയും നിർവഹണം ത്വരിതഗതിയിലാക്കുന്നതിനുള്ള തുടർ നടപടികളും സ്വീകരിക്കുകയും ചെയ്തുവരുന്നു.

പട്ടികവർഗ വിഭാഗക്കാരുടെ പദ്ധതി വിനിയോഗത്തിലെ കുറവ് കണ്ടെത്തി പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. പട്ടികവർഗ വിഭാഗക്കാരുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികൾ നീതിപൂർവവും സമയബന്ധിതവുമായി പൂർത്തിയാക്കുന്നതിനും ഗുണഭോക്താക്കൾക്ക് ഫണ്ട് അക്കൗണ്ടിൽ ലഭ്യമാക്കുന്ന സംവിധാനം

ഏർപ്പെടുത്തിവരുന്നു.

2. 26-07-2024 മുതൽ വിവിധ ജില്ലകളിലായി ജില്ലാതല അവലോകന യോഗങ്ങൾ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ ജില്ലകളുടെ രണ്ടാംഘട്ട ജില്ലാതല അവലോകന യോഗങ്ങൾ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

3. ഊരുകൂട്ടങ്ങൾ യഥാസമയം ചേർന്ന് ഉപഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

4. ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

5. പട്ടികവർഗക്കാർക്ക് ലഭിക്കേണ്ട സേവനങ്ങൾ ഓൺലൈൻ മുഖാന്തരമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള പ്രൊമോട്ടർമാർ, സോഷ്യൽ വർക്കർമാർ എന്നിവരുടെ സഹായത്തോടെ ഗുണഭോക്താക്കൾക്ക് വിവിധ പദ്ധതികൾക്കായി യഥാസമയം അപേക്ഷകൾ സമർപ്പിക്കാൻ കഴിയുന്നുണ്ട്.

ഭൂഗർഭജല ലഭ്യത നിർണ്ണയിക്കുന്നതിനും വർധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ

30 (*390) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജല ലഭ്യത നിർണ്ണയിക്കുന്നതിനും അത് വർധിപ്പിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് net ground water availability കണ്ടെത്തുന്നതിന് സംസ്ഥാന ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി പഠനങ്ങൾ നടത്തിവരുന്നു. സംസ്ഥാനത്ത് പ്രാദേശികമായി ഭൂഗർഭ ജല ലഭ്യത നിർണ്ണയിക്കുന്നതിന് ഭൂജലത്തിനുള്ള അന്വേഷണവും വികസനവും എന്ന പ്ലാൻ പദ്ധതിയിലൂടെയും ഭൂഗർഭ ജല ലഭ്യത വർധിപ്പിക്കുന്നതിന് ഭൂജലസംരക്ഷണവും സംപോഷണവും എന്ന പ്ലാൻ സ്കീമുകളിൽ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുമായി ബന്ധപ്പെട്ട് ജലനിധിയിൻ കീഴിൽ ജല സംരക്ഷണത്തിനായി റഗുലേറ്റർ ചെക്ക് ഡാം, ചെറുകിട തടയണകൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar), കോണ്ടൂർ ബണ്ട്, കുളങ്ങളുടെ സംരക്ഷണം, കുടിവെള്ള

സ്രോതസ്സുകളുടെ സംരക്ഷണം, വ്യക്തിഗത കുടുംബങ്ങൾക്ക് പ്രയോജനം കിട്ടുന്ന 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികളും തുറന്ന കിണറുകൾ പുരപ്പുറ മഴവെള്ളം ശേഖരിച്ച് റീചാർജ് ചെയ്യും ഭൂജല സംരക്ഷണ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് അടിസ്ഥാനപരമായി എന്തെല്ലാം കാര്യങ്ങളാണ് പരിഗണിക്കപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ?

ഒരു പ്രദേശത്തെ ഭൂജലശാസ്ത്രം, മണ്ണിന്റെയും പാറയുടെയും ഭൗതിക സ്വഭാവം/ഘടന, ആ പ്രദേശത്തുള്ള ഭൂജല നിരപ്പിന്റെ ദീർഘകാല സ്വഭാവ രീതി, ദീർഘകാല ഭൂജല ലഭ്യത, ജലത്തിന്റെ ഉപയോഗവുമായി ബന്ധപ്പെടുത്തിയുള്ള ഗുണനിലവാരം, ഭൂജല മലിനീകരണത്തിനുള്ള സാധ്യത, അടുത്ത് സ്ഥിതി ചെയ്യുന്ന കിണറുമായി നിർദിഷ്ട കിണറിനുള്ള അകലം, ആ പ്രദേശത്തുള്ള കിണറുകളുടെ എണ്ണം, നിലവിലുള്ള കിണറുകളുമായി ഇടപെടാനുള്ള സാധ്യത, ജലം ഉപയോഗിക്കുന്നത് എന്ത് ആവശ്യത്തിനാണ് എന്നിവയുടെ അടിസ്ഥാനത്തിലാണ് ഭൂഗർഭ ജലലഭ്യത നിർണ്ണയിക്കുന്നത്.

ഒരു പ്രദേശത്ത് ലഭിക്കുന്ന മഴയുടെ അളവ്, കാർഷികം, വ്യാവസായികം, ഗാർഹികം എന്നിവയ്ക്കായി ഉപയോഗിക്കുന്ന ജലത്തിന്റെ അളവ്, ഒരു പ്രദേശത്ത്

എത്ര മാത്രം ഭൂജലം റീച്ചാർജ് ചെയ്യപ്പെടുന്നു എന്നതിന്റെ അളവ്, ഒരു പ്രദേശത്തെ ജല വിതാനത്തിലുള്ള വ്യതിയാനത്തിന്റെ അളവ് എന്നിവകൂടി കണക്കിലെടുത്താണ് ഭൂജല ലഭ്യത നിർണ്ണയിക്കുന്നത്.

ഭൂജല സംപോഷണ പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ മഴയുടെ അളവ്, ഭൂമിയുടെ ചരിവ്, മേൽ മണ്ണിന്റെ കനം, മണ്ണിന്റെ തരം എന്നിവ പരിഗണിക്കുകയും ഗുരുതര-അർദ്ധ ഗുരുതര ബ്ലോക്കുകളിൽ ഭൂജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് മുൻഗണന നൽകിയും സുരക്ഷിത ബ്ലോക്കുകൾ തൽസ്ഥിതി തുടരുന്നതിനുള്ള മറ്റുസംരക്ഷണ പ്രവർത്തനങ്ങൾ അവലംബിച്ചും മഴക്കാലത്ത് ഭൂനിരപ്പിൽനിന്നും ഭൂജല നിരപ്പിലേക്കുള്ള ആഴം 3 മീറ്ററിൽ കൂടുതലുള്ള പ്രദേശങ്ങളിൽ മാത്രം ഭൂജല വകുപ്പ് ഭൂജല സംപോഷണ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

KRWSA മുഖേന തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ലോക ബാങ്ക് ധനസഹായത്തോടെ ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ജലനിധി പദ്ധതികൾ നടപ്പാക്കിയ പഞ്ചായത്തുകളിൽ ജല ലഭ്യത ഉറപ്പാക്കുന്നതിനായി സമഗ്ര ജല സുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. അടിസ്ഥാനപരമായി വെള്ളത്തിന്റെ ദൗർലഭ്യം

അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ Ground water investigation നടത്തി കുടിവെള്ള സ്രോതസ്സ് തീരുമാനിച്ച് എത്ര കുടുംബങ്ങൾക്ക് നിർദേശിച്ച അളവിൽ ജലലഭ്യത ഉറപ്പുവരുത്താൻ സാധിക്കുമെന്ന് തീരുമാനിക്കുന്നു.

(സി) ഭൂഗർഭ ജലവിതാനത്തിലെ ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനായി നടത്തിയ പഠനഫലം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഭൂഗർഭ ജല വിതാനത്തിലെ ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനായി പ്രത്യേക പഠനങ്ങൾ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ ഭൂജല നിരപ്പിന്റെ ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കാൻ സംസ്ഥാനത്ത് ഉടനീളം ആകെ 1349 എണ്ണം നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ നിരീക്ഷണ കിണറുകളിൽനിന്ന് പ്രതിമാസ ജലനിരപ്പ് ശേഖരിക്കുകയും വിവിധ അനാലിസിസുകൾ നടത്തി വരികയുംചെയ്യുന്നു. കൂടാതെ സംസ്ഥാനത്തിന്റെ പ്രത്യേക ഭൂപ്രകൃതി കണക്കിലെടുത്ത് സുസ്ഥിര ഭൂജല വികസനത്തിനായി ഭൂജല സംപോഷണ പ്രവർത്തനങ്ങൾ വിപുലമായി വകുപ്പ് നടത്തിവരുന്നു. കൂടാതെ വകുപ്പിന്റെ ജലസംരക്ഷണ/ഭൂജലസംപോഷണ മാർഗങ്ങളും ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റുവകുപ്പുകളുടെ (മണ്ണ് സംരക്ഷണ വകുപ്പ്, MGNREGS,Etc...) വിവിധ പദ്ധതികളിലൂടെയും സംസ്ഥാനത്തെ ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ

ബ്ലോക്കുകളെ സുരക്ഷിത ബ്ലോക്കുകളായി കൊണ്ടുവരാൻ സഹായിക്കുന്നു.

(ഡി) ഗുരുതരമായ ജലശോഷണം ഏതൊക്കെ മേഖലകളിലാണെന്നത് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഭൂജല സമ്പത്തിന്റെ കണക്കെടുപ്പ് സംബന്ധിച്ച Ground Water estimation റിപ്പോർട്ട് 2023 പ്രകാരം ഭൂജല വിനിയോഗത്തിന്റെയും വാർഷിക ഭൂജല സംപോഷണത്തിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 3 ബ്ലോക്കുകൾ (ചിറ്റൂർ, മലമ്പുഴ, കാസർഗോഡ്) ഗുരുതര വിഭാഗത്തിലും 30 ബ്ലോക്കുകൾ അർദ്ധ ഗുരുതര വിഭാഗത്തിലും 119 ബ്ലോക്കുകൾ സുരക്ഷിത വിഭാഗത്തിലുമാണ്.

സംസ്ഥാന ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി ഭൂജല സ്രോതസ്സുകളുടെ കാലാനുസൃതമായ വിഭവ നിർണ്ണയം നടത്തിവരുന്നു. സംസ്ഥാനത്തെ ഭൂജല സമ്പത്ത്, ഭരണ നിർവഹണ ഘടകമായ വികസന ബ്ലോക്ക് അടിസ്ഥാനമാക്കിയാണ് തിട്ടപ്പെടുത്തുന്നത്. ഓരോ വർഷവും മഴയിൽനിന്നും മറ്റുസ്രോതസ്സുകളിൽനിന്നും പരിപോഷണം ചെയ്യപ്പെടുന്ന ജലത്തിന്റെ അടിസ്ഥാനത്തിലാണ് പ്രധാനമായും ഭൂജല സമ്പത്ത് കണക്കാക്കുന്നത്. ഭൂജല വിനിയോഗത്തിന്റെയും കിണറുകളിലെ ജലനിരപ്പിന്റെ ദീർഘകാലത്തെ ഗതിയും അടിസ്ഥാനമാക്കി ബ്ലോക്കുകളെ അമിത ചൂഷിതം,

ഗുരുതരം, അർദ്ധഗുരുതരം, സുരക്ഷിതം എന്നീ നാല് വിഭാഗത്തിൽ തരം തിരിച്ചിരിക്കുന്നു. മാർച്ച് 2023 വരെയുള്ള ഭൂജല സമ്പത്ത് കണക്കാക്കിയിട്ടുണ്ട്. ഏറ്റവും അവസാനമായി പുറത്തിറക്കിയ പഠന റിപ്പോർട്ട് പ്രകാരം ഭൂജല വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അമിത ചൂഷിത ബ്ലോക്കുകൾ ഇല്ല. എന്നാൽ ചിറ്റൂർ, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകൾ ഗുരുതര വിഭാഗത്തിൽ ഉൾപ്പെടുന്നു. 30 ബ്ലോക്കുകൾ അർദ്ധ ഗുരുതര വിഭാഗത്തിലും 119 ബ്ലോക്കുകൾ സുരക്ഷിത വിഭാഗത്തിലുമാണ്.

ഗുരുതര ബ്ലോക്കുകളായ പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകൾ, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് എന്നിവയാണ് സർക്കാർ നിലവിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ബ്ലോക്കുകൾ. ഇത്തരം പ്രദേശങ്ങളിൽ ഏത് തരം ഭൂജല വികസനത്തിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ഭൂജല ഉപയോഗം ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ശാസ്ത്രീയ പരിശോധനകളുടെ അടിസ്ഥാനത്തിലുള്ള ശിപാർശകളിന്മേൽ സംസ്ഥാന ഭൂജല അതോറിറ്റി നിരാക്ഷേപപത്രം നൽകിവരുന്നുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പൂഞ്ഞാർ മണ്ഡലത്തിലെ ആദിവാസി കുടുംബങ്ങൾ

1 (4498) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ എത്ര ആദിവാസി കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 2401 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

(ബി) ആയതിൽ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കുടുംബങ്ങൾക്ക് വീടും സ്ഥലവും അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഭൂരഹിത ഭവനരഹിതരായ 55 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി വാങ്ങി വിതരണം ചെയ്യുന്നതിനായി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ലൈഫ് മിഷൻ മുഖേന ഭൂമിയും വീടും ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

പൂഞ്ഞാർ മണ്ഡലത്തിലെ ഭൂരഹിതർ

2(4499) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട എത്ര ഭൂരഹിത കുടുംബങ്ങൾ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന വിവരം തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഇതിൽ എത്രപേർക്ക് ഭൂമി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

മറുപടി അനുബന്ധമായി ചേർക്കുന്നു.[+]

ലൈഫ് ഭവന പദ്ധതി

3(4500) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ പട്ടികജാതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വീട് നൽകിയിട്ടുണ്ടെന്ന വിശദവിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 1,48,956 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് അനുവദിച്ചു നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പട്ടികജാതി വികസന വകുപ്പ് ലൈഫ് ഭവന പദ്ധതിയിലേക്ക് നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ട്; സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് ലൈഫ് ഭവന പദ്ധതിയിലേക്ക് നാളിതുവരെ 1199.30 കോടി രൂപ നൽകിയിട്ടുണ്ട്. സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ആദിവാസി കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ വീട്

4(4501) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ ഭരണകാലത്ത് ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആദിവാസി കുടുംബങ്ങൾക്ക് വീട് വച്ച് നൽകിയിട്ടുണ്ട്; ഈയിനത്തിൽ ചെലവായ തുക എത്ര; പ്രസ്തുത കാലയളവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് പദ്ധതിയിലേക്ക് എത്ര തുക കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് (2021 മേയ് മുതൽ 28-02-2025 വരെ) ലൈഫ് ഭവന പദ്ധതി പ്രകാരം 21,371 പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം, വായ്പ വിഹിതം, സംസ്ഥാന വിഹിതം എന്നീ ഇനങ്ങളിലായി ആകെ 1094.82 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ടി കാലയളവിൽ 333 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

ഏറനാട് മണ്ഡലത്തിലെ സേഫ് പദ്ധതി

5(4502) <u>ശ്രീ. പി. കെ. ബഷീർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജകമണ്ഡലത്തിൽ ഭൂരഹിതരും ഭവന രഹിതരുമായ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഏറനാട് നിയോജകമണ്ഡലത്തിൽ 485 ഭ്രരഹിത പട്ടികജാതി കുടുംബങ്ങളും 114 ഭ്രരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്. ടി നിയോജകമണ്ഡലത്തിൽ 968 ഭവനരഹിത പട്ടികജാതി കുടുംബങ്ങളും 172 ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ സേഫ് പദ്ധതി പ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നാളിതുവരെ എത്ര വീടുകൾ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 159 ഗുണഭോക്താക്കൾക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 32 ഗുണഭോക്താക്കൾക്കും സേഫ് പദ്ധതി പ്രകാരം ഭവന പുനരുദ്ധാരണ/ നവീകരണത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്.

അട്ടപ്പാടി ഭൂമി കൈയേറ്റം

6(4503) <u>ശ്രീമതി കെ. കെ. രമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജരേഖ ഉണ്ടാക്കി അട്ടപ്പാടിയിലെ ആദിവാസി ഭൂമി കൈയേറ്റം

ചെയ്യുന്നതുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വകുപ്പ് ഏതൊക്കെ തലങ്ങളിലുള്ള അന്വേഷണങ്ങളാണ് നാളിതുവരെ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; ഈ അന്വേഷണങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

അട്ടപ്പാടിയിലെ ആദിവാസി ഭൂമി കൈയേറ്റം സംബന്ധിച്ച് പരാതി ലഭിക്കുമ്പോൾ ആയത് വകുപ്പിലെ ഫീൽഡ്തല ഉദ്യോഗസ്ഥർ പരിശോധിക്കുകയും കൈയൈറ്റം നടന്നത് സംബന്ധിച്ച് ഭൂരേഖകളുടെ അധികാരികത പരിശോധിച്ച് ഉറപ്പാക്കുന്നതിനും അനന്തര നടപടികൾ സ്വീകരിക്കുന്നതിനുമായി പരാതികൾ ജില്ലാ ഭരണകൂടത്തിന്റെയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ് ചെയ്തു വരുന്നത്.

അട്ടപ്പാടിയിൽ വ്യാജരേഖ ഉപയോഗിച്ച് ആദിവാസി ഭൂമി കൈയേറിയത് സംബന്ധിച്ച് അഗളി, മട്ടത്തുകാട്, വട്ടലക്കി ഫാമിൽ ശ്രീ. റ്റി. ആർ. ചന്ദ്രൻ (കൺവീനർ, ആദിവാസി ഭാരത് മഹാസഭ) ഉൾപ്പെടെയുള്ള 18 പേർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിൽ പരിശോധന നടത്തുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംഘം രൂപീകരിച്ച് വിഷയങ്ങൾ

പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സഹിതം വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ & റ്റി.ആർ.ഡി.എം. സ്പെഷ്യൽ ഓഫീസറുടെ 15-10-2024-ലെ എ/892/2024/ടി.ആർ.ഡി.എം. നമ്പർ ഉത്തരവ് പ്രകാരം പരിശോധന സംഘത്തെ നിയമിക്കുകയും പരിശോധന റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് പട്ടികവർഗ്ഗ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പട്ടികവർഗ്ഗ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനിയിലാണ്.

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിനായി ഭൂമി കൈയേറ്റം നിയന്ത്രിക്കാനും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകാനും നടപടി സ്വീകരിച്ചുവരുന്നു.

മങ്കട മണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും

7(4504) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്നും ഇതിൽ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്നും വ്യക്തമാക്കാമോ?

മങ്കട മണ്ഡലത്തിലെ മങ്കട ഗ്രാമപഞ്ചായത്തിൽ 9 പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിച്ചുവരുന്നു. ഇതിൽ ഭൂരഹിത ഭവനരഹിതരായ 3 കുടുംബങ്ങളുണ്ട്.

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് സ്ഥലവും വീടും അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

മങ്കട ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിതരായ 3 പട്ടികവർഗ്ഗ കുടുംബങ്ങളും രണ്ടാംഘട്ടം നിക്ഷിപ്ത വനഭൂമി വിതരണം പദ്ധതിയുടെ കരട് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി ലഭ്യമാകുന്നമുറയ്ക്ക് ലൈഫ് മിഷൻ മുഖേന വീട് നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വൈപ്പിൻ മണ്ഡലത്തിലെ സേഫ് പദ്ധതി

8(4505) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നാളിതുവരെയായി സേഫ് പദ്ധതി പ്രകാരം എത്ര വീടുകൾ നവീകരിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ 111 പട്ടികജാതി കുടുംബങ്ങൾക്കും 2 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സേഫ് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും മുഴുവൻ അപേക്ഷകളിലും തീരുമാനമെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്നും വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിൽ സേഫ് പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 269 അപേക്ഷകൾ ലഭ്യമായതിൽ പദ്ധതി മാനദണ്ഡപ്രകാരം അർഹരായ മുഴുവൻ പേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന അപേക്ഷകളുടെ അർഹതാ പരിശോധന നടന്നുവരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 4 അപേക്ഷകൾ ലഭ്യമായതിൽ 2 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന അപേക്ഷകർക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം അനുവദിച്ചുനൽകുന്നതാണ്.

(സി) സേഫ് പദ്ധതിയുടെ ധനസഹായ വിഹിതം ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

കുന്നത്തുനാട് മണ്ഡലത്തിലെ ലൈഫ് മിഷൻ

9(4506) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കുന്നത്തുനാട് മണ്ഡലത്തിൽ ലൈഫ് മിഷൻ വഴി എത്ര പട്ടികജാതി കുടുംബങ്ങൾക്ക് ഭവനങ്ങൾ ലഭ്യമാക്കിയെന്ന് പഞ്ചായത്തുതല കണക്ക് ലഭ്യമാക്കാമോ;

(ബി) പട്ടികജാതി കുടുംബങ്ങളിൽപ്പെട്ട എത്ര അപേക്ഷകർക്ക് ഇത്തരത്തിൽ ഭവനങ്ങൾ ലഭ്യമാക്കാനുണ്ടെന്ന് പഞ്ചായത്തുതല കണക്ക് വ്യക്തമാക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) അർഹരായ മുഴുവൻപേർക്കും ലൈഫ് മിഷൻ മുഖേന വേഗത്തിൽ ഭവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അർഹതയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണ ആനുകൂല്യം അനുവദിച്ച് നൽകിവരുന്നു.

മങ്കട മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും

10(4507) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്ര; തദ്ദേശ സ്ഥാപനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ സ്വന്തമായി ഭൂമിയും വീടുമില്ലാത്തതും ഭൂമിയും വീടും അനുവദിക്കാൻ സർക്കാരിന്റെ പദ്ധതികളിൽ നാളിതുവരെ ഉൾപ്പെട്ടിട്ടില്ലാത്തതുമായ കുടംബങ്ങൾ എത്ര; തദ്ദേശ സ്ഥാപനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) മങ്കട മണ്ഡലത്തിലെ മങ്കട ഗ്രാമപഞ്ചായത്തിൽ 9 പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിച്ചുവരുന്നു. ഇതിൽ ഭൂരഹിത ഭവനരഹിതരായ മൂന്ന് പട്ടികവർഗ്ഗ കുടുംബങ്ങളും രണ്ടാംഘട്ടം നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതിയുടെ കരട് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികജാതി കുടുംബങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത മണ്ഡലത്തിലെ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയും വീടുമനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

മങ്കട മണ്ഡലത്തിൽ വീടില്ലാത്ത മൂന്ന് പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കിയ ശേഷം വീട് അനുവദിക്കുന്നതാണ്. കൃത്യമായ അർഹത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതിയിലോ അല്ലെങ്കിൽ ലൈഫ് മിഷനിലോ ഉൾപ്പെടുത്തി ഭൂമിയും ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ഭവനവും അനുവദിക്കുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണ്ണംവീടും പദ്ധതി

11(4508) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണം വീടും പദ്ധതി പ്രകാരം ഗുണഭോക്താൾക്ക് ഭൂമി ലഭ്യമാക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

മണ്ണം വീടും എന്ന പേരിൽ ഒരു പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ 23-05-2023-ലെ സ.ഉ. (കൈ) നം.13/2023/പജപവവിവ പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

(ബി) റിയൽ എസ്റ്റേറ്റ് മാഫിയയും ഉദ്യോഗസ്ഥരും ചില ജന പ്രതിനിധികളും വാസയോഗ്യമല്ലാത്ത ഭൂമി നൽകി ഗുണഭോക്താക്കളെ കബളിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കെതിരെ അന്വേഷണം നടത്തുമോയെന്നും ഇപ്രകാരം സർക്കാരിനെയും ഗുണഭോക്താക്കളെയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കബളിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നും വിശദമാക്കാമോ?

വാസയോഗ്യമല്ലാത്ത ഭൂമി നൽകി ഗുണഭോക്താക്കളെ കബളിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് കുന്നിൻ ചരിവുകൾ, പാറക്കെട്ട് നിറഞ്ഞ പ്രദേശങ്ങൾ മണ്ണിട്ട് നികത്തിയത്, ഗതാഗത സൗകര്യമില്ലാത്ത താഴ്ന്ന പ്രദേശങ്ങൾ, ചതുപ്പ് പ്രദേശങ്ങൾ എന്നിവിടങ്ങളിൽ വീട് വയ്ക്കാൻ കഴിയുമോ എന്ന് വിശദമാക്കാമോ;

ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം എപ്രകാരമുള്ള ഭൂമിയാണ് തിരഞ്ഞെടുക്കേണ്ടത് എന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ 23-05-2023-ലെ സ.ഉ. (കൈ) നം.13/2023/പജപവവിവ പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്.

(ഡി) കഴക്കൂട്ടം മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച ഭൂമിയുടെ ഉപയോഗക്ഷമത സംബന്ധിച്ച് അന്വേഷണം നടത്തുമോയെന്ന് വിശദമാക്കാമോ?

കഴക്കൂട്ടം മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച ഭൂമിയുടെ ഉപയോഗക്ഷമത സംബന്ധിച്ച് പരാതികൾ/അപേക്ഷകൾ ലഭ്യമാകുന്നമുറയ്ക്ക് ആയത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതാണ്.

(ഇ) റിയൽ എസ്റ്റേറ്റ് മാഫിയയുമായി ചേർന്ന് നടത്തുന്ന ഇത്തരം തട്ടിപ്പ് തടയുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഭൂരഹിത പുനരധിവാസ പദ്ധതി നടത്തിപ്പിൽ ഉണ്ടായേക്കാവുന്ന തട്ടിപ്പുകൾ തടയുന്നതിന് പര്യാപ്തമായിട്ടുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 23-05-2023-ൽ സ.ഉ. (കൈ) നം. 13/2023/പജപവവിവ പുറപ്പെടുവിച്ചിട്ടുണ്ട്.

അരുവിക്കര മണ്ഡലത്തിലെ ഉന്നതികളിലേയ്ക്കുള്ള റോഡുകൾ

12(4509) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര നിയോജകമണ്ഡലത്തിലെ ഉന്നതികളിലേയ്ക്കുള്ള റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഏതെല്ലാം പ്രൊപ്പോസലുകളാണ് വകുപ്പിന്റെ പരിഗണനയിൽ ഉള്ളതെന്നും അവയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും തരംതിരിച്ച് അറിയിക്കുമോ?

അരുവിക്കര നിയോജകമണ്ഡലത്തിലെ അരുവിക്കരക്കോണം-അറവൻകോണം റോഡ് കോൺക്രീറ്റിങ് പുനരുദ്ധാരണം പദ്ധതിയുടെ 21,50,000/- രൂപയുടെ പ്രൊപ്പോസൽ പട്ടികജാതി വികസന വകുപ്പിൽ ലഭ്യമായിട്ടുണ്ട്. 2023-24 വർഷം തിരഞ്ഞെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ജില്ലാതല കമ്മിറ്റി നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ അതിനുശേഷം മുൻഗണന ക്രമം അനുസരിച്ച് പ്രസ്തുത പ്രൊപ്പോസൽ ജില്ലാതല കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

അരുവിക്കര നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ ഉന്നതികളിലേയ്ക്കുള്ള റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും നിലവിൽ പരിഗണനയിലില്ല.

മട്ടന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

13(4510) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ മട്ടന്നൂർ നിയോജക മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഉന്നതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

മട്ടന്നൂർ മണ്ഡലത്തിൽ 2016-21 സർക്കാരിന്റെ കാലത്ത് അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി നഗറുകൾ തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല. നിലവിലുള്ള സർക്കാരിന്റെ കാലത്ത് അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി 2022-23 വർഷത്തിൽ പടിയൂർ പഞ്ചായത്തിലെ മുയ്യേരി നഗറിനെ തിരഞ്ഞെടുത്തിരുന്നു. മോണിറ്ററിംഗ് കമ്മിറ്റി ചേർന്ന് പ്രവൃത്തികളുടെ മുൻഗണന ലിസ്റ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ എൽ.എസ്.ജി.ഡി.-യിൽനിന്നും എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

14(4511) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം തിരഞ്ഞെടുത്ത ഉന്നതികൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത ഉന്നതികളിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

(എ&ബി) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽ തിരഞ്ഞെടുത്ത ഉന്നതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

വർഷം	ഉന്നതി	നിലവിലെ സ്ഥിതി
2017-18	പെരിങ്ങൽകുത്ത്	പൂർത്തീകരിച്ചു.
	ആനക്കയം	2018-ലെ കാലവർഷക്കെടുതിയെ തുടർന്ന് ഉരുൾപൊട്ടൽ ഭീഷണിമൂലം നിവാസികൾ മാറി താമസിച്ച സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിച്ചു.
	രണ്ടുകൈ	പൂർത്തീകരിച്ചു.
	മാരാങ്കോട്	പൂർത്തീകരിച്ചു.
2020-21	പെരുമ്പാറ	MoU ഒപ്പ് വച്ചു. ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.
	മുക്കംപുഴ	
	പിള്ളപ്പാറ	പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.
	ഷോളയൂർ	
2022-23	വാഴച്ചാൽ	ഊരുകൂട്ടം ചേർന്ന് ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ട്.

(സി) പൂർത്തിയാകാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പൂർത്തിയാകാത്ത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അംബേദ്കർ ഗ്രാമ വികസന പദ്ധതി

15(4512) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി നഗറുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനായി നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ഏതൊക്കെ തരത്തിലുള്ള അടിസ്ഥാന സൗകര്യ പ്രവൃത്തികളാണ് ഈ നഗറുകളിൽ നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) പട്ടികജാതി നഗറുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനായി നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളും ഉൾപ്പെടുത്താവുന്ന പ്രവൃത്തികളും

16-01-2025-ലെ സ.ഉ.(കൈ) നം.4/2025/പജപവവിവ പ്രകാരം നിജപെടുത്തിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).+

(സി) ഈ പദ്ധതി പ്രകാരം 2023-24-ൽ എത്ര പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്; ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്; വിശദമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തിൽ 62 ഗ്രാമങ്ങളെ തെരഞ്ഞെടുത്തത് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ തെക്കെപടന്ന നഗർ നവീകരണം

16(4513) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം നടക്കുന്ന തെക്കെപടന്ന നഗർ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം നടക്കുന്ന തെക്കെപടന്ന നഗർ പ്രവൃത്തിയുടെ 40 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1) Hand rail protection to Puthiyapalam road.

2) Footpath come drainage (Rajan house to Korambi Padanna Road)

3) Construction of Drainage come footpath

4) Thekkepadanna Ushas Anganvadi

5) Chattipura Kandi Bhagavathi Kshetram drainage come footpath

6) Construction of toilet facility to Smt.Radha

2025 മേയ് 31-നകം പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്.

ഉടുമ്പൻചോല മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ നഗർ

17(4514) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ ആകെ എത്ര പട്ടികജാതി- പട്ടികവർഗ്ഗ നഗറുകൾ ഉണ്ട്; പഞ്ചായത്ത് തിരിച്ച് പേര് വിവരങ്ങൾ ലഭ്യമാക്കാമോ?

ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ പട്ടികജാതി നഗറുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങളും പട്ടികവർഗ്ഗ നഗറുകളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇവയിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നഗറുകൾ സംബന്ധിച്ച വിശദാംശം നൽകാമോ?

അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട പട്ടികജാതി നഗറുകൾ അനുബന്ധമായി ചേർക്കുന്നു.+

(സി) മണ്ഡലത്തിൽ ഇനിയും നവീകരിക്കാൻ ബാക്കിയുള്ള പട്ടികജാതി-പട്ടികവർഗ്ഗ നഗറുകളുടെ വിശദാംശവും ഓരോ നഗറിലും ഉൾപ്പെട്ട കുടുംബങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശവും നൽകാമോ?

മണ്ഡലത്തിൽ ഇനിയും നവീകരിക്കാനുള്ള പട്ടികജാതി നഗറുകളുടെയും പട്ടികവർഗ്ഗ നഗറുകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിലെ കാലതാമസം

18(4515) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി അനുവദിച്ചയിടങ്ങളിൽ പദ്ധതിയുടെ രൂപരേഖയും എസ്റ്റിമേറ്റും അംഗീകരിക്കുന്നതിൽ വരുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഊരുകൂട്ടം കൂടി പ്രവൃത്തികൾ നിശ്ചയിച്ച് നിർവ്വഹണ ഏജൻസികളെ ശിപാർശ ചെയ്ത് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ഈ സാഹചര്യത്തിലാണ് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി അനുവദിച്ചയിടങ്ങളിൽ പദ്ധതിയുടെ രൂപരേഖയും എസ്റ്റിമേറ്റും അംഗീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത്.

(ബി) എസ്റ്റിമേറ്റുകൾ ഡയറക്ടറേറ്റിൽനിന്നും ത്വരിതഗതിയിൽ അംഗീകരിച്ചു കിട്ടുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പ്രോജക്ട് ഓഫീസർ/ടൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കുന്ന എസ്റ്റിമേറ്റുകൾ സമയബന്ധിതമായി അംഗീകരിച്ചനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ നഗറുകൾ

19(4516) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ തഴക്കര, തെക്കേക്കര, ചുനക്കര, നൂറനാട്, പാലമേൽ, താമരക്കുളം, വള്ളിക്കുന്നം ഗ്രാമപഞ്ചായത്തുകളിലും മാവേലിക്കര നഗരസഭയിലുമായി എത്ര പട്ടികജാതി-പട്ടികവർഗ്ഗ നഗറുകൾ ഉണ്ടെന്നും അവയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ എണ്ണവും വ്യക്തമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ വള്ളിക്കുന്നം പട്ടികവർഗ്ഗ ഉന്നതി മാത്രമാണുള്ളത്. തഴക്കര, തെക്കേക്കര, നൂറനാട്, പാലമേൽ, താമരക്കുളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ പല സ്ഥലങ്ങളിലായാണ് താമസിച്ചുവരുന്നത്.

മാവേലിക്കര മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ നഗറുകളുടെയും കുടുംബങ്ങളുടെയും പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

അംബേദ്കർ ഗ്രാമം പദ്ധതി

20(4517) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉപ്പെടുത്തി എത്ര നഗറുകളുടെ നവീകരണ പ്രവൃത്തികൾ നടന്നുവരുന്നുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 2016-17 മുതൽ ആകെ 806 ഗ്രാമങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമായ 643 ഗ്രാമങ്ങൾക്ക് ഭരണാനുമതി നൽകിയതിൽ 418 ഗ്രാമങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 225 ഗ്രാമങ്ങളിൽ പ്രവർത്തികൾ നടന്നുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത ഏജൻസികൾ ഏതെല്ലാമെന്നും ഓരോ ഏജൻസിയും ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം എത്രയെന്നും വിശദമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ ജില്ലയിലും എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; നിർവഹണ ഏജൻസികൾക്ക് ഫണ്ട് നൽകാത്തതിനാൽ പദ്ധതി പ്രവൃത്തികൾ നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം ഓരോ ജില്ലയിലും പൂർത്തീകരിച്ച പ്രവൃത്തികളുടെ ശതമാനം അനുബന്ധമായി ചേർക്കുന്നു.+ ഏജൻസികൾക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രവൃത്തികൾ നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എങ്കിൽ എന്തുകൊണ്ടാണ് നിർവഹണ ഏജൻസികൾക്ക് ഫണ്ട് അനുവദിക്കാത്തതെന്നും അവർക്ക് നൽകാനുള്ള ഫണ്ട് എപ്പോൾ നൽകുമെന്നും വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അലോട്ട്മെന്റ് ലഭ്യമാക്കി ജില്ലകൾക്ക് ഫണ്ട് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അംബേദ്കർ ഗ്രാമം സമഗ്ര വികസന പദ്ധതി

21(4518) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംബേദ്കർ ഗ്രാമം സമഗ്ര വികസന പദ്ധതിയുടെ നിർവ്വഹണച്ചുമതല തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിങ് വിഭാഗത്തെ ഏൽപ്പിക്കുന്ന സാഹചര്യത്തിൽ പദ്ധതിയിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ ആനുകൂല്യ വിതരണത്തിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

അംബേദ്കർ ഗ്രാമം സമഗ്ര വികസന പദ്ധതിയുടെ നിർവ്വഹണച്ചുമതല തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിങ് വിഭാഗത്തെ ഏൽപ്പിക്കുന്ന സാഹചര്യത്തിൽ പദ്ധതിയിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ ആനുകൂല്യ വിതരണത്തിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ 16-01-2025-ലെ സ.ഉ.(കൈ)

നം. 4/2025/പജപവവിവ പ്രകാരം നിജപെടുത്തിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)+

പാറശ്ശാല മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ നഗറുകൾ

22(4519) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ നഗറുകളുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ നഗറുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഓരോ നഗറുകളിലുമുള്ള വീടുകളുടെ എണ്ണം, കുടിവെള്ള ലഭ്യത, ജലസ്രോതസ്സുകളുടെ തരം എന്നിവ വിശദമാക്കുമോ?

പ്രസ്തുത മണ്ഡലത്തിലെ എല്ലാ പട്ടികജാതി നഗറുകളിലും കുടിവെള്ള ലഭ്യതയുണ്ട്. ഓരോ പട്ടികജാതി നഗറുകളിലുമുള്ള വീടുകളുടെ എണ്ണം,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജലസ്രോതസ്സുകളുടെ തരം എന്നിവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങളും പട്ടികവർഗ്ഗ നഗറുകളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത നഗറുകളിൽ വീടില്ലാത്തവരുടെയും വാസയോഗ്യമായ വീടില്ലാത്തവരുടെയും വിവരങ്ങൾ ലഭ്യമാക്കുമോ?

പാറശ്ശാല മണ്ഡലത്തിലെ പട്ടികജാതി നഗറുകളിലെ വീടില്ലാത്തവരുടെയും വാസയോഗ്യമായ വീടില്ലാത്തവരുടെയും വിവരങ്ങളും പട്ടികവർഗ്ഗ നഗറുകളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(ഡി) കുടിവെള്ളം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങളില്ലാത്ത നഗറുകളുടെ പേരുവിവരങ്ങൾ വീടുകളുടെ എണ്ണം, പഞ്ചായത്ത് എന്നിവ തിരിച്ച് ലഭ്യമാക്കുമോ?

പാറശ്ശാല മണ്ഡലത്തിലെ എല്ലാ പട്ടികജാതി നഗറുകളിലും കുടിവെള്ളം ലഭ്യമാണ്. ആര്യങ്കോട് പഞ്ചായത്തിലെ മൂന്നാറ്റുമുക്ക് കീഴാറൂർ പട്ടികജാതി നഗർ ഒഴിച്ച് മറ്റെല്ലാ നഗറുകളിലും വൈദ്യുതി സൗകര്യമുണ്ട്. പട്ടികവർഗ്ഗ നഗറുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) റോഡ് സൗകര്യമില്ലാത്തതും ഗതാഗതയോഗ്യമല്ലാത്ത റോഡുകളുള്ളതുമായ നഗറുകളുടെ വിശദവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

അമ്പൂരി പഞ്ചായത്തിലെ കൊമ്പ, കുന്നത്തുമല, കള്ളുകാട്, കണ്ണമാമൂട്, തെന്മല, ചാക്കപ്പാറ എന്നീ പട്ടികവർഗ്ഗ നഗറുകൾ റോഡ് സൗകര്യങ്ങളില്ലാത്തതും ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ ഉള്ളതുമാണ്. പ്രസ്തുത മണ്ഡലത്തിലെ എല്ലാ പട്ടികജാതി നഗറുകളിലും റോഡ് സൗകര്യമുണ്ട്. ഗതാഗതയോഗ്യമല്ലാത്ത നഗറുകളുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(എഫ്) പ്രസ്തുത നഗറുകളിലേക്കുള്ള തകരാറിലായ ഏതെല്ലാം റോഡുകൾ അറ്റകുറ്റപ്പണികൾ നടത്താനുണ്ടെന്നും ഏതെല്ലാം റോഡുകളുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

റോഡ് അറ്റകുറ്റപ്പണികൾ ആവശ്യമായ പട്ടികജാതി-പട്ടികവർഗ്ഗ നഗറുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കുത്തുപറമ്പ് മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

23(4520) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ, പാട്യം പഞ്ചായത്തുകളിൽ അനുവദിച്ച അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(എ&ബി) 2017-18 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുത്ത പാട്യം പഞ്ചായത്തിലെ അമ്മാറമ്പ് നഗറിലെ 95 ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

2020-21 വർഷം പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുത്ത പാട്യം പഞ്ചായത്തിലെ കടവ്-മുണ്ടയോട് നഗറിലെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രയ്ക്ക് പി.എം.സി. വ്യവസ്ഥയിൽ പ്രവൃത്തികൾ നിർവ്വഹിക്കാൻ കഴിയില്ലായെന്ന് അറിയിച്ച സാഹചര്യത്തിൽ പാട്യം പഞ്ചായത്തിനെ നിർവ്വഹണ ഏജൻസിയായി

തെരഞ്ഞെടുത്തിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2022-23 വർഷം തെരഞ്ഞെടുത്ത തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ നരിക്കോട്ട്മല നഗറിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(സി) പാടൃം പഞ്ചായത്തിലെ കടവ് സങ്കേതം റോഡിന്റെ കോൺക്രീറ്റ് പ്രവൃത്തിയും തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ നരിക്കോട്ട്മല സങ്കേതത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തിയും ത്വരിതഗതിയിൽ യാഥാർഥ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ടി പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പിറവം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

24(4521) <u>ശ്രീ. അനൂപ് ജേക്കബ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ എത്ര പട്ടികജാതി, പട്ടികവർഗ്ഗ നഗറുകളാണുള്ളതെന്നും അവ ഏതെല്ലാമാണെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ പട്ടികജാതി നഗറിലും എത്ര കുടുംബങ്ങളാണ് താമസിക്കുന്നതെന്ന് വ്യക്തമാക്കാമോ; മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ ഫീസിബിലിറ്റി ഉള്ളവയും ഇല്ലാത്തവയുമായ നഗറുകളുടെ വിശദാംശം നൽകാമോ?

(എ&ബി) പിറവം മണ്ഡലത്തിലെ പട്ടികജാതി നഗറുകളുടെയും കുടുംബങ്ങളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു.[+]

പട്ടികവർഗ്ഗ കോളനികളുടെ വിശദാശം ചുവടെ ചേർക്കുന്നു.

പഞ്ചായത്ത്	ഉന്നതി	കുടുംബങ്ങളുടെ എണ്ണം
കൂത്താട്ടുകുളം	അർജ്ജുൻമല	32
ചോറ്റാനിക്കര	വെട്ടിക്കൽ	5
പിറവം	പോഴിമല	12
എടയ്ക്കാട്ടുവയൽ	എടയ്ക്കാട്ടുവയൽ	31
പാമ്പാക്കുട	കൈനി	3
മുളന്തുരുത്തി	കാവുമകൾ	9

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ മാനദണ്ഡപ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഫീസിബിളായത് കുറഞ്ഞത് 25 കുടുംബങ്ങളുള്ള നഗറുകളാണ്. എന്നാൽ കുടുംബങ്ങളുടെ എണ്ണം 25-ൽ കുറവുള്ള നഗറുകൾ ഉൾപ്പടുത്തേണ്ടുന്ന സാഹചര്യത്തിൽ അതേ വാർഡിലെയോ തൊട്ടടുത്ത വാർഡിലെയോ ഭൂമിശാസ്ത്രപരമായി ചേർക്കാവുന്ന ഒരു നഗറിനെക്കൂടി ഉൾപ്പെടുത്തി കുറഞ്ഞത് 25 കുടുംബങ്ങളുടെ ക്ലസ്റ്ററുകളായി പദ്ധതി നടപ്പിലാക്കാവുന്നതും പരമാവധി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതുമാണ്. ഇത്തരത്തിൽ നിർദ്ദേശിക്കപ്പെടുന്ന നഗറുകളിലെ ഗുണഭോക്താക്കളുടെ എണ്ണം 25-ൽ കുറവും ക്ലസ്റ്ററായി നടപ്പിലാക്കാനും കഴിയാത്ത സാഹചര്യമാണെങ്കിൽ ആനുപാതികമായി തുക കുറവ് ചെയ്ത് ഡി.പി.ആർ. തയ്യാറാക്കി പദ്ധതി നടപ്പിലാക്കാവുന്നതും ഇതിനായി കുടുംബങ്ങളുടെ എണ്ണം 20-24 വരെയാണെങ്കിൽ 75 ലക്ഷം രൂപയും 15-19 വരെയെങ്കിൽ 50 ലക്ഷം രൂപയും ചെലവഴിക്കാവുന്നതും കുടുംബങ്ങളുടെ എണ്ണം 15-ൽ താഴെയാണെങ്കിൽ അത്തരം നഗറുകളെ ക്ലസ്റ്ററിന്റെ ഭാഗമായി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാവുന്നതുമാണ്.

(സി) പ്രസ്തുത പദ്ധതി പ്രകാരം നവീകരിച്ച പട്ടികജാതി, പട്ടികവർഗ്ഗ

നഗരുകളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ?

അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം നവീകരിച്ച പട്ടികജാതി നഗരുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

പിറവം മണ്ഡലത്തിലെ പട്ടികവർഗ്ഗ ഉന്നതികളിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം നവീകരണ പ്രവൃത്തികൾ നടത്തിയിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതി പ്രകാരം പുതുതായി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള പട്ടികജാതി, പട്ടികവർഗ്ഗ നഗരുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

അംബേദ്കർ ഗ്രാമവികസന പദ്ധതി/അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ നിലവിൽ പിറവം മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ നഗരുകൾ ഉൾപ്പെട്ടിട്ടില്ല.

അരൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

25(4522) <u>ശ്രീമതി ദെലീമ:</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അത്തൂർ മണ്ഡലത്തിലെ വിവിധ നഗറുകളിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം അനുവദിച്ച തുക വിനിയോഗിക്കാതെ പാതിവഴിയിൽ നിർമ്മാണം നിർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ നിർമ്മാണം ഇഴഞ്ഞുനീങ്ങുന്ന ഇളയപാടം, ഉളവയ്പ് തുടങ്ങിയ നഗറുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇളയപാടം നഗറിന്റെ പ്രവൃത്തികൾ ചെയ്യുന്നതനുസരിച്ച് പാർട്ട് ബില്ലുകൾ അനുവദിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമായതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉളവയ്പ് നഗറിന്റെ നവീകരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള 2 പ്രവൃത്തികൾ ഒഴിവാക്കേണ്ടിവന്നിട്ടുള്ളതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18-03-2025-ൽ ചേർന്ന യോഗതീരുമാനപ്രകാരം പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

26(4523) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത നഗറുകൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത നഗറുകളിലെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദീകരിക്കാമോ?

(എ&ബി) ചാലക്കുടി മണ്ഡലത്തിൽനിന്നും 2016-17 സാമ്പത്തിക വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള നാല് ഗ്രാമങ്ങളിൽ പുലിപ്പാറക്കുന്ന്, കുറ്റിച്ചിറ വെസ്റ്റ്, കാഞ്ഞിരപ്പിള്ളി എന്നീ ഗ്രാമങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കലിക്കൽക്കുന്ന് ഗ്രാമത്തിന്റെ പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട്.

2019-20 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കുറ്റിച്ചിറ ഈസ്റ്റ് നഗറിന്റെ ഫൈനൽ ബിൽ ഏജൻസി സമർപ്പിച്ചിട്ടുണ്ട്. തുപ്പാപ്പിള്ളി നഗർ (2020-21) നഗറിന്റെ പദ്ധതി നിർവ്വഹണത്തിനായി നിർവ്വഹണ ഏജൻസിയെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ

ഉൾപ്പെടുത്തിയിട്ടുള്ള വൈലാത്ര നഗറിന്റെ നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞ് മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. കുർക്കമറ്റം ഗ്രാമത്തിൽ (2021-22) 11 വീടുകളുടെ വാട്ടർ പ്ലഫിംഗ് പൂർത്തീകരിക്കുകയും ഒന്നും രണ്ടും പാർട്ട് ബില്ലുകൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വി.ആർ. പുരം ഗ്രാമത്തിന്റെ (2021-22) നവീകരണത്തിനായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുവക്കാട്ട്കുന്ന് നഗർ (2022-23) കരട് എസ്റ്റിമേറ്റ് മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്.

കുന്നത്തുനാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

27(4524) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന പട്ടികജാതി നഗറുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

വീട്ടൂർ (2019-20), പുത്തേത്ത് മുകൾ (2021-22), പുളിയാമ്പിള്ളി മുകൾ (2021-22), സി.ആർ.എൽ. പീച്ചിങ്ങാചിറ (2022-23), മൂലേക്കുഴി (2023-24), എണ്ണക്കാമോളം (2024-25).

(ബി) പ്രസ്തുത നഗറുകളുടെ നവീകരണ പുരോഗതി വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഇതിൽ ഏതെല്ലാം നഗറുകളുടെ നവീകരണം പൂർത്തിയാക്കിയെന്നും പൂർത്തിയായ നഗറുകളിൽ പുതുതായി എന്തെല്ലാം പ്രവൃത്തികളാണ് നവീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കേണ്ടതെന്നും വിശദമാക്കാമോ?

വീട്ടൂർ, പുത്തേത്ത് മുകൾ, പുളിയാമ്പിള്ളി മുകൾ എന്നീ ഗ്രാമങ്ങൾ പൂർത്തിയായിട്ടുണ്ട്. പൂർത്തിയായ ഗ്രാമങ്ങളിൽ ഉൾപ്പെട്ട പുളിയാമ്പിള്ളി മുകൾ നഗറിൽ മൂന്ന് വീടുകളുടെ ഭവന പുനരുദ്ധാരണത്തിനും temple roof നവീകരണത്തിനുമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) നിലവിൽ ഏതെല്ലാം നഗറുകളിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും ഇവിടെ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും നവീകരണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

നിലവിൽ നഗറുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

മലമ്പുഴ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

28(4525) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മലമ്പുഴ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ നഗറുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് മലമ്പുഴ നിയോജക മണ്ഡലത്തിൽനിന്നും കുന്നംകാട് (2021-22), കാളാംതോട് (2021-22), ആലയംകോട് വെളുകാട് (2023-24) എന്നീ ഗ്രാമങ്ങളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതിയും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

കുന്നംകാട് ഗ്രാമത്തിലെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും കാളാംതോട് ഗ്രാമത്തിന് ഭരണാനുമതി നൽകിയിട്ടുമുണ്ട്. ആലയംകോട് വെളുകാട് ഗ്രാമത്തിലെ പ്രാഥമിക യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിളവൂർക്കൽ, പള്ളിച്ചൽ ഗ്രാമപഞ്ചായത്തുകളിലെ നഗറുകളുടെ നവീകരണം

29(4526) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ അനുമതി ലഭ്യമായ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ കവലോട്ടുകോണം നഗറിന്റെ നവീകരണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതിയും തുടർനടപടികളും വിശദമാക്കാമോ?

അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട കവലോട്ടുകോണം ഗ്രാമപദ്ധതി മാനദണ്ഡപ്രകാരം ഫീസിബിൾ അല്ലാത്തതിനാൽ സമീപത്തുള്ള

കുരിശുമുട്ടം ഗ്രാമംകൂടി ചേർത്ത് പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.

(ബി) പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ മുതുവല്ലൂർക്കോണം പറയർ വിളാകം നഗറിന്റെ നവീകരണത്തിന്റ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മുതുവല്ലൂർക്കോണം പറയർ വിളാകം നഗറിന്റെ എസ്റ്റിമേറ്റിലെ ന്യൂനത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എസ്.സി./എസ്.ടി. (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരമുള്ള കേസുകൾ

30(4527) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1989-ലെ എസ്.സി./എസ്.ടി. (അതിക്രമങ്ങൾ തടയൽ) നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 2016 മുതൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം, ജില്ല, വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസുകളിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര പേരെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടെന്നുമുള്ള വിവരം ലഭ്യമാണോ; എങ്കിൽ ലഭ്യമാക്കുമോ?

(എ&ബി) 1989-ലെ എസ്.സി./എസ്.ടി. (അതിക്രമങ്ങൾ തടയൽ) നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 2016 മുതൽ 12-03-2025 വരെ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരവും പ്രസ്തുത കേസുകളിൽ അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണവും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ള പ്രതികളുടെ എണ്ണവും ജില്ലയും വർഷവും തിരിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ

31(4528) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ നിരോധിക്കുന്ന നിയമം പ്രകാരം 2016 മുതൽ നാളിതുവരെ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് 2016 മുതൽ 2025 മാർച്ച് 12 വരെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

വർഷം	എണ്ണം
2016	1215
2017	1295
2018	1229
2019	1189
2020	1112
2021	1153
2022	1236
2023	1335
2024	1249
2025 (Up to 12-03-2025)	222

പൂഞ്ഞാർ മണ്ഡലത്തിലെ വനാവകാശരേഖ അപേക്ഷകൾ

32(4529) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

വനാവകാശരേഖ ലഭിക്കുന്നതിനായി പൂഞ്ഞാർ മണ്ഡലത്തിൽനിന്നും സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാത്ത അപേക്ഷകളുടെ എണ്ണവും പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശവും പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

വ്യക്തിഗത വനാവകാശരേഖ ലഭിക്കുന്നതിനായി പൂഞ്ഞാർ മണ്ഡലത്തിൽ ഉൾപ്പെടുന്ന മുണ്ടക്കയം, കോരുത്തോട്, എരുമേലി പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന 12 എഫ്.ആർ.സി.-കളിൽ നിന്നായി 96 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. വനാവകാശരേഖ ലഭിക്കുന്നതിനായി ടി അപേക്ഷകരുടെ വസ്തു അളന്ന് സർവ്വെ നടപടികൾ പൂർത്തിയാക്കി ലഭ്യമായ അപേക്ഷകൾ എസ്.ഡി.എൽ.സി. ചേരുന്നതിനായി സമർപ്പിച്ചിരിക്കുകയാണ്. ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത്	എഫ്.ആർ.സി.	അപേക്ഷകളുടെ എണ്ണം
മുണ്ടക്കയം	മുരിക്കുംവയൽ	25
	പുഞ്ചവയൽ	13
	പുലിക്കുന്ന്	1
എരുമേലി	കാളകെട്ടി	6
	പാക്കാനം	13

	എലിവാലിക്കര	1
	തുമരംപാറ	2
കോരുത്തോട്	കൊമ്പുകുത്തി	16
	കോസടി	10
	മാങ്ങാപ്പേട്ട	6
	ആനക്കല്ല്	3
ആകെ		96

സാമൂഹ്യവനാവകാശ രേഖ

33(4530) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര സാമൂഹ്യ വനാവകാശ രേഖകൾ വിതരണം നടത്തിയിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് 108 സാമൂഹ്യവനാവകാശ രേഖകൾ നൽകിയിട്ടുണ്ട്.

ജില്ല	നൽകിയ സാമൂഹ്യ വനാവകാശ രേഖകളുടെ എണ്ണം
തിരുവനന്തപുരം	48
കൊല്ലം	10

പത്തനംതിട്ട	0
കോട്ടയം	0
ഇടുക്കി	9
എറണാകുളം	0
തൃശ്ശൂർ	0
പാലക്കാട്	34
മലപ്പുറം	0
കോഴിക്കോട്	0
വയനാട്	7
കണ്ണൂർ	0
കാസർഗോഡ്	0
ആകെ	108

(ബി) വാമനപുരം മണ്ഡലത്തിൽ നാളിതുവരെ എത്ര സാമൂഹ്യവനാവകാശ രേഖകൾ വിതരണം നടത്തിയിട്ടുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

വാമനപുരം മണ്ഡലത്തിൽ നാളിതുവരെ 20 സാമൂഹ്യവനാവകാശ രേഖകൾ വിതരണം നടത്തിയിട്ടുണ്ട്.

പഞ്ചായത്ത്	സാമൂഹ്യ വനാവകാശ രേഖകളുടെ എണ്ണം
പെരിങ്ങമല	8
നന്ദിയോട്	8
പാങ്ങോട്	4
ആകെ	20

(സി) വനാവകാശ രേഖകൾ നൽകുന്നതിന്റെ ഭാഗമായുള്ള കമ്മ്യൂണിറ്റി ഫോറസ്റ്റ് റൈറ്റ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ 21 കമ്മ്യൂണിറ്റി ഫോറസ്റ്റ് റിസോഴ്സ് റൈറ്റ്സ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഫോറസ്റ്റ് റിസോഴ്സ് റൈറ്റ്സ് മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം സംബന്ധിച്ച് 12-09-2023-ൽ മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ് പുറത്തിറക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

നാദാപുരം മണ്ഡലത്തിലെ പഠനമുറി പദ്ധതി

34(4531) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ നാദാപുരം മണ്ഡലത്തിൽ എത്ര പഠനമുറികൾ നിർമ്മിച്ചുനൽകിയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാദാപുരം മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച പഠനമുറികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.

ക്രമ നം.	പഞ്ചായത്തിലെ പേര്	എണ്ണം
1	നരിപ്പറ്റ	2
2	വാണിമേൽ	4
3	മരുതോങ്കര	7
4	കാവുപാറ	1
5	എടച്ചേരി	1
6	കായക്കൊടി	2
7	വളയം	3
	ആകെ	20

ഉന്നതി ഓവർസീസ് സ്കോളർഷിപ്

35(4532) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് ഉന്നതവിദ്യാഭ്യാസ വായ്പയ്ക്കുള്ള ജാമ്യവ്യവസ്ഥകളിൽ ഇളവ് അനുവദിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് വായ്പ നൽകുന്ന പദ്ധതി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടില്ല.

(ബി) ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് 2021-22 മുതൽ എത്ര വിദ്യാർഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും എത്ര തുക നല്കിയിട്ടുണ്ടെന്നും അറിയിക്കുമോ?

2021-22 മുതൽ ഇതേവരെ 718 പട്ടികജാതി വിദ്യാർഥികൾക്ക് 134.70 കോടി രൂപയും, 45 പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് 9.67 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

പട്ടുവം മോഡൽ റെസിഡൻഷ്യൽ സ്കൂൾ

36(4533) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പട്ടുവം മോഡൽ റെസിഡൻഷ്യൽ സ്കൂളിന് 2024-25 സാമ്പത്തിക വർഷം ലഭിച്ച ഫണ്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ?

പദ്ധതി	അനുവദിച്ച

	തുക (രൂപയിൽ)
Running of MRS	1,37,00,000/-
Water Purifier	3,65,800/-
Well Protection Wall	3,80,000/-
Fire Extinguisher Refill	2,74,999/-
Water Tank	2,20,000/-
Waste Pit	3,40,000/-
Tour TA	3,000/-
Water Charges	4,200/-
Electricity charge	2,50,000/-
Telephone charges	12,500/-
Office expenses	13,000/-
SPC	1,00,000/-
NSS	75,000/-
Total	1,57,38,499

(ബി) പ്രസ്തുത സ്കൂളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

സ്കൂളിന്റെയും ഹോസ്റ്റലിന്റെയും നിലവിലെ അവസ്ഥ പരിശോധിച്ച് നവീകരണ പ്രവൃത്തികൾ ആവശ്യമുള്ളപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കി,

ഫണ്ടിന്റെ ലഭ്യതക്കുടി ഉറപ്പുവരുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

അരുവിക്കര മണ്ഡലത്തിലെ വിദ്യാവാഹിനി പദ്ധതി

37(4534) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര മണ്ഡലത്തിൽനിന്നും വിദ്യാവാഹിനി പദ്ധതിയിൽ ഉൾപ്പെടുത്തിയ എത്ര കുട്ടികൾക്ക് നിലവിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുവെന്ന വിവരം ഉന്നതികളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

അരുവിക്കര മണ്ഡലത്തിൽ വിദ്യാവാഹിനി പദ്ധതിയുടെ പ്രയോജനം നിലവിൽ 543 കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. ഉന്നതികളുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

അരുവിക്കര മണ്ഡലത്തിലെ വിദ്യാവാഹിനി പദ്ധതി

38(4535) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാവാഹിനി പദ്ധതി പ്രകാരം അനുവദിക്കേണ്ട തുക സമയബന്ധിതമായി നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ടെങ്കിൽ അരുവിക്കര നിയോജകമണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം നൽകേണ്ട കുടിശ്ശിക തുക എത്രയാണെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അരുവിക്കര നിയോജകമണ്ഡലത്തിൽ വിദ്യാവാഹിനി പദ്ധതി പ്രകാരം കുടിശ്ശിക ഇനത്തിൽ ഇനി 51,61,031/- രൂപയാണ് അനുവദിക്കാനുള്ളത്.

വടക്കാഞ്ചേരി മണ്ഡലത്തിലെ പഠനമുറി പദ്ധതി

39(4536) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വടക്കാഞ്ചേരി മണ്ഡലത്തിൽ എത്ര പഠനമുറികൾ ആരംഭിച്ചിട്ടുണ്ടെന്നും എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ച പഠനമുറികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.

ക്രമ നം.	പഞ്ചായത്തിന്റെ	എണ്ണം

	പേര്	
1	അവണൂർ	10
2	അടാട്ട്	17
3	കൈപ്പറമ്പ്	14
4	മുളംകുന്നത്ത്കാവ്	11
5	കോലാഴി	7
6	തോളൂർ	15
7	തെക്കുംകര	24
8	വടക്കാഞ്ചേരി	29
ആകെ		127

ആകെ 127 വിദ്യാർഥികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പുകൾ

40(4537) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ ഉൾപ്പെടെയുള്ള സ്കോളർഷിപ്പുകൾക്കായി ഓരോ വർഷവും ബജറ്റിൽ അനുവദിച്ച തുക എത്രയാണ്; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

2021-22 വർഷം മുതൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർഥികൾക്കായി പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ സ്കോളർഷിപ്പ് പദ്ധതികളുടെ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രീമെട്രിക് സ്കോളർഷിപ്പ്

	പട്ടികജാതി		പട്ടികവർഗ്ഗം	
വർഷം	ബജറ്റ് വിഹിതം (കോടി)	ചെലവഴിച്ച തുക (കോടി)	ബജറ്റ് വിഹിതം (കോടി)	ചെലവഴിച്ച തുക (കോടി)
2021-22	105. 1331	105. 1331	24. 4348	22. 2987
2022-23	110. 9818	110. 9818	20. 25	19. 6528
2023-24	87. 22	87. 1626	20. 25	19. 0388
2024-25	88. 8304	87. 1835	21. 325	18. 8597

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

	പട്ടികജാതി		പട്ടികവർഗ്ഗം	
വർഷം	ബജറ്റ് വിഹിതം (കോടി)	ചെലവഴിച്ച തുക (കോടി)	ബജറ്റ് വിഹിതം (കോടി)	ചെലവഴിച്ച തുക (കോടി)
2021-22	350. 4466	326. 7999	41. 3	38. 5163
2022-23	334. 828	201. 5166775	41. 3	37. 7637
2023-24	284. 363	282. 998575	56. 421	53. 2547
2024-25	406. 816	405.208008	54. 3	51. 1708

സമർത്ഥരായ വിദ്യാർഥികൾക്ക് പ്രത്യേക പ്രോത്സാഹനം/സ്പെഷ്യൽ ഇൻസെന്റീവ്

	പട്ടികജാതി		പട്ടികവർഗ്ഗം	
വർഷം	ബജറ്റ് വിഹിതം (കോടി)	ചെലവഴിച്ച തുക (കോടി)	ബജറ്റ് വിഹിതം (കോടി)	ചെലവഴിച്ച തുക (കോടി)
2021-22	7	8.20	1	0.99
2022-23	9	4.78	1	0.98
2023-24	8.50	5.15	1	0.6446
2024-25	8.50	5.70	1.15	0.6226

അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ്മെന്റ്

	പട്ടികജാതി		പട്ടികവർഗ്ഗം	
വർഷം	ബജറ്റ് വിഹിതം (കോടി)	ചെലവഴിച്ച തുക (കോടി)	ബജറ്റ് വിഹിതം (കോടി)	ചെലവഴിച്ച തുക (കോടി)
2021-22	3.39	3.67	0.5	0.2871
2022-23	5.00	3.34	0.85	0.2998
2023-24	4.50	2.91	0.85	0.3946
2024-25	4.50	1.58	0.85	0.3317

ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്

	പട്ടികജാതി		പട്ടികവർഗ്ഗം	
വർഷം	ബജറ്റ് വിഹിതം (കോടി)	ചെലവഴിച്ച തുക (കോടി)	ബജറ്റ് വിഹിതം (കോടി)	ചെലവഴിച്ച തുക (കോടി)
2021-22	17.97	17.97	2.4786	2.4786

2022-23	30.29	30.29	2.6530	2.6530
2023-24	50.41	50.41	16.225	16.225
2024-25	58.93	58.93	3	2.5

മണലൂർ മണ്ഡലത്തിലെ പഠനമുറി പദ്ധതി

41(4538) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്കുള്ള പഠനമുറി പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര പഠനമുറികൾ നിർമ്മിച്ചു നൽകി എന്ന് അറിയിക്കാമോ;

(ബി) മണലൂർ മണ്ഡലത്തിൽ ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മണലൂർ മണ്ഡലത്തിലെ പഠനമുറിയുടെ ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കാമോ;

(ഡി) മണലൂർ മണ്ഡലത്തിൽ പഠനമുറിക്കുവേണ്ടി അപേക്ഷിച്ച അർഹരായ മുഴുവൻ പേർക്കും പഠനമുറി അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(എ-ഡി) മണലൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്കുള്ള പഠനമുറി പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ 446 പഠനമുറികൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഇതിനായി 8,80,35,000/- (എട്ടുകോടി എൺപത് ലക്ഷത്തി മുപ്പത്തയ്യായിരം രൂപാ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. പഠനമുറിയുടെ ഗുണഭോക്താക്കളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+ അപേക്ഷ സമർപ്പിച്ച അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും പഠനമുറി ധനസഹായം അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ

42(4539) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സംസ്ഥാന സർക്കാർ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരത്തിൽ, പ്രത്യേകിച്ച് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ എത്രത്തോളം പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ് ആൺ-പെൺ വ്യത്യാസമില്ലാതെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി
2. 9, 10 ക്ലാസുകളിൽ പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി (75 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി).
3. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി.
4. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി.
5. സമർത്ഥരായ വിദ്യാർഥികൾക്ക് പ്രത്യേക പ്രോത്സാഹനം.
6. വിദേശപഠനത്തിനുള്ള ധനസഹായം
7. അന്യസംസ്ഥാന പഠനം.
8. ലാപ്ടോപ്പ് വിതരണം.
9. സിവിൽ സർവ്വീസ് പരിശീലനം.
10. കൊമേഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്.

11. സാമൂഹ്യപഠനമുറി.

12. ഗോത്രബന്ധു പദ്ധതി.

13. വിദ്യാവാഹിനി പദ്ധതി.

(ബി) ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഭാഗത്തിന് 2023-24-ൽ വിദ്യാഭ്യാസ മേഖലയിൽ പ്രധാനപ്പെട്ട എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ പ്രൊഫഷണൽ കോഴ്സുകൾ, പി.ജി./ഡിഗ്രി/ഡിപ്ലോമ കോഴ്സുകൾ തുടങ്ങിയവയിലെല്ലാം വിജയം കൈവരിക്കാൻ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് സാധിച്ചിട്ടുണ്ട്.

വിദേശ പഠന സ്കോളർഷിപ്പ്, കൊമേഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്, സിവിൽ സർവീസ് പരിശീലനം എന്നിവയിലൂടെ നിരവധി പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് വിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2023-24 സാമ്പത്തികവർഷം 7 പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് വിദേശപഠനത്തിനുള്ള സ്കോളർഷിപ്പ് അനുവദിച്ചുനൽകിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം 2 പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിനുള്ള സ്കോളർഷിപ്പ് അനുവദിച്ചുനൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം, തൊഴിൽ ഉന്നമനം എന്നിവ ലക്ഷ്യമാക്കി ആവിഷ്കരിച്ചിട്ടുള്ള സിവിൽ സർവീസ് പരിശീലനത്തിനായി മികച്ച പരിശീലന സ്ഥാപനങ്ങളിൽ 2023-24-ൽ 32 പട്ടികവർഗ്ഗ വിദ്യാർഥികൾ പരിശീലനം നേടിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങളിലൂടെ ധാരാളം അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതികൾക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. വകുപ്പ് നടത്തിയ ഏവിയേഷൻ മേഖലയിലെ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനം വിജയകരമായി പൂർത്തിയാക്കിയ കണ്ണൂർ സ്വദേശിനിയായ ഗോപിക ഗോവിന്ദന് എയർ ഇന്ത്യ എക്സ്പ്രസ്സിൽ പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നുള്ള ആദ്യ എയർഹോസ്റ്റസായി ജോലി ലഭിക്കുകയും ചെയ്തു.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്താൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ യൂണിസെഫ് നിലവാരത്തിലാക്കുന്നതിന് വിവിധ പദ്ധതികളിലൂടെ നടപടി സ്വീകരിച്ചുവരുന്നു. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി KDISC-മായി സഹകരിച്ച് മഞ്ചാടി, മഴവിൽ പദ്ധതിയും കൂടാതെ പ്രോജക്ട് ത്രൈവ് എന്നീ പദ്ധതികളും, വിവിധ നൈപുണ്യ വികസന പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ MRS-കളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ജില്ലാ കളക്ടർ അധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മറ്റിയും, സ്ഥലം എം.എൽ.എ. അധ്യക്ഷനായ ഉപദേശക സമിതിയും സംസ്ഥാനാടിസ്ഥാനത്തിൽ ഗവേണിങ് ബോഡിയും പ്രവർത്തനം വിലയിരുത്തുന്നു. ഹോസ്റ്റലുകളിൽ ഇപ്രകാരം സ്ഥലം എം.എൽ.എ. അധ്യക്ഷനായ ഉപദേശക സമിതിയും നിശ്ചിത സമയങ്ങളിൽ ചേർന്ന് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. കൂടാതെ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മറ്റ്

വിദ്യാഭ്യാസ സ്ഥാപനങ്ങളായ മോഡൽ പ്രീ സ്കൂൾ, സാമൂഹ്യപഠനമുറി, മറ്റ് പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ ഉദ്യോഗസ്ഥർ പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു.

ഉന്നതി പദ്ധതി

43(4540) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ൽ ഉന്നതി പദ്ധതി മുഖേന എത്ര പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിദ്യാർഥികൾ വിദേശത്ത് പഠിക്കാൻ പോയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

2024-ൽ ഉന്നതി പദ്ധതി മുഖേന വിദേശ പഠനത്തിനുപോയ പട്ടികവർഗ്ഗ വിദ്യാർഥികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

ജില്ല	പട്ടികവർഗ്ഗ വിദ്യാർഥികൾ
തിരുവനന്തപുരം	2
കോട്ടയം	2
ഇടുക്കി	6

എറണാകുളം	3
പാലക്കാട്	1
വയനാട്	1
കാസർഗോഡ്	1
ആകെ	16

2024-ൽ സർക്കാരിന്റെ ഉന്നതി പദ്ധതി മുഖേന ഒഡെപെക് വഴി 217 പട്ടികജാതി വിദ്യാർഥികൾ വിദേശത്ത് പഠിക്കാൻ പോയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ വിദേശ പഠന സ്കോളർഷിപ്പ് വകുപ്പ് വഴി തന്നെ തെരഞ്ഞെടുത്ത് നൽകുകയാണ് ചെയ്യുന്നത്.

(ബി) പ്രസ്തുത വിദ്യാർത്ഥികൾ ഏതൊക്കെ രാജ്യങ്ങളിൽ ഏതൊക്കെ കോഴ്സുകളാണ് പഠിക്കാൻ പോയത് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

2024 വർഷം ഉന്നതി വിദേശപഠന പദ്ധതി മുഖേന പട്ടികവർഗ വിദ്യാർഥികൾ പഠനം നടത്തുന്ന രാജ്യം, കോഴ്സ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്രമ നം.	രാജ്യം	കോഴ്സ്
1	യു.കെ.	MSc ബിസിനസ്സ് ഡാറ്റ അനലിറ്റിക്സ്
2		MA ക്രിമിനോളജി & ക്രിമിനൽ ജസ്റ്റിസ്
3		MSc കൊഗ്നിറ്റീവ് ന്യൂറോ സയൻസ്
4		MlSC ഇന്റർനാഷണൽ സപ്ലൈ ചെയിൻ മാനേജ്മെൻറ്
5		MSc സിവിൽ എഞ്ചിനിയറിംഗ് വിത്ത് ഫ്യൂച്ചർ കൺസ്ട്രക്ഷൻ ടെക്നോളജീസ്
6		MA സോഷ്യൽ പോളിസി
7		MSc എൻവിയോൺമെൻറൽ സയൻസ്
8		MA ഗ്ലോബലൈസേഷൻ ആൻഡ് സസ്റ്റെയ്നബിൾ ഡെവലപ്മെന്റ്
9		MSc അഡ്വാൻസ്ഡ് ഡാറ്റ സയൻസ്
10		MSc പബ്ലിക് ഹെൽത്ത് ആൻഡ് ഹെൽത്ത് പ്രൊമോഷൻ
11		MSc കൺസ്ട്രക്ഷൻ പ്രൊജക്റ്റ് മാനേജ്മെൻറ്
12		MSc അപ്ലൈഡ് മറൈൻ സയൻസ്
13		MSc കൺസ്ട്രക്ഷൻ പ്രൊജക്റ്റ് മാനേജ്മെൻറ് വിത്ത് ഇൻഡസ്ട്രി പ്ലേസ്മെന്റ്
14	ആസ്ട്രേലിയ	മാസ്റ്റർ ഓഫ് മെക്കാനിക്കൽ എഞ്ചിനീയറിംഗ് -പ്രൊഫഷണൽ
15		മാസ്റ്റർ ഓഫ് മറൈൻ ബയോളജി

പട്ടികജാതി വിദ്യാർഥികൾ പഠനം നടത്തുന്ന രാജ്യങ്ങളും കോഴ്സുകളുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഉന്നതി പദ്ധതിയുമായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉന്നതി വിദേശപഠന പദ്ധതിയുമായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശരാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനത്തിനായി നൽകുന്ന ഉന്നതി-ഓവർസീസ് സ്കോളർഷിപ്പിനുള്ള വ്യവസ്ഥകൾ പരിഷ്കരിച്ച് 05-03-2025-ലെ സ.ഉ. (അച്ചടി)1/2025/പജപവവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഉന്നതി പദ്ധതിയുമായി ബന്ധപെട്ടുള്ള പരാതികൾ പരിഹരിച്ച് പുതിയ നിബന്ധനകൾ ഇറക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉന്നതി വിദേശപഠന പദ്ധതിയുമായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

പട്ടികജാതി പട്ടികവർഗ വിദ്യാർഥികൾക്ക് വിദേശരാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനത്തിനായി നൽകുന്ന ഉന്നതി-ഓവർസീസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്കോളർഷിപ്പിനുള്ള വ്യവസ്ഥകൾ പരിഷ്കരിച്ച് 05-03-2025-ലെ സ.ഉ. (അച്ചടി)1/2025/പജപവവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ലംപ്സം ഗ്രാന്റ്/സ്കോളർഷിപ്പ്

44(4541) <u>ശ്രീ. യു. എ. ലത്തീഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർഥികൾക്ക് ലംപ്സംഗ്രാന്റ്/സ്കോളർഷിപ്പ് ഇനങ്ങളിൽ ഓരോ ക്ലാസിലും എത്ര തുകയാണ് അനുവദിക്കുന്നതെന്നുള്ള (ഒന്നാം ക്ലാസ് മുതൽ പി.എച്ച്.ഡി. വരെ) വിവരം ലഭ്യമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് അർഹ വിഭാഗ വിദ്യാർഥികൾക്കായി അനുവദിക്കുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നിവയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.[+] ഇതിന് പുറമെ അനുവദിക്കുന്ന സ്കോളർഷിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഇ-ഗ്രാന്റ്സ് പ്രീ മെട്രിക് സ്കോളർഷിപ്പ്</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Component	Amount	Class
പ്രൈമറി/സെക്കണ്ടറി എയ്ഡ് (പ്രതി വർഷം)	2000	1-8
സ്റ്റൈപ്പന്റിന് പുറമെ പട്ടികജാതിയിലെ ദുർബല വിഭാഗ/ പട്ടികവർഗ്ഗത്തിലെ പ്രാക്തന ഗോത്ര വർഗ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് മാത്രം പ്രതിമാസം സ്റ്റൈപ്പന്റ്	200	1-10
ട്യൂഷൻ ഫീസ് റീ ഇമ്പേഴ്മെന്റ് (അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർഥികൾക്ക്പ്രതി വർഷം)	₹1333/-	LP/UP
	₹2000/-	HighSchool
വിദ്യാലയ വികാസ് നിധി (കേന്ദ്രീയ വിദ്യാലയങ്ങളിലെ വിദ്യാർഥികൾക്ക് പ്രതി വർഷം)	₹5000/	1-2
	₹6000/-	3-10

ഇതിനുപുറമെ 9, 10 ക്ലാസുകളിലെ വാർഷിക വരുമാനം 2.5 ലക്ഷം വരെയുള്ള പട്ടികജാതി വിഭാഗ വിദ്യാർഥികളിൽ പ്രതിവർഷം ഡേ സ്കോളർക്ക് 3,500/- രൂപയും ഹോസ്റ്റലർക്ക് 7,000/- രൂപയും പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികളിൽ പ്രതിവർഷം ഡേ സ്കോളർക്ക് 3,000/- രൂപയും ഹോസ്റ്റലർക്ക് 6,250/- രൂപയും അനുവദിക്കുന്നു. എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ള ആരോഗ്യ ഹാനിക്കിടയാക്കുന്ന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതരായ 1 മുതൽ 10 ക്ലാസ് വരെ പഠിക്കുന്ന വിദ്യാർഥികളിൽ പ്രതിവർഷം ഡേ സ്കോളർക്ക് 3,500/- രൂപയും ഹോസ്റ്റലർക്ക് 8000/- രൂപയും (ക്ലാസ് 3 മുതൽ 10 വരെ) അനുവദിക്കുന്നു.

പോസ്റ്റ് മെടിക് സ്കോളർഷിപ്പ്

14. ഹയർ സെക്കൻഡറിതലം മുതലുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ്പിനത്തിൽ സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable fees ഉം, ഹോസ്റ്റൽ ഫീസായി സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് പ്രതിവർഷം 35000/- രൂപയും സ്വാശ്രയ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് പ്രതിവർഷം 45000/- രൂപയും, പ്രൈവറ്റ് ഹോസ്റ്റലർക്ക് 15000/- രൂപയും അനുവദിക്കുന്നു. പട്ടികജാതി-പട്ടികവർഗ വിഭാഗ വിദ്യാർഥികളിൽ പ്രതി വർഷം ഡേ സ്കോളർക്ക് 8,500/- രൂപയും ഹോസ്റ്റലർക്ക് പോക്കറ്റ് മണിയായി 2,000/- രൂപയും അനുവദിക്കുന്നു.

ഇതിനുപുറമെ വാർഷിക വരുമാനം 2.5 ലക്ഷം വരെയുള്ള പട്ടികജാതി/ പട്ടികവർഗ വിഭാഗ വിദ്യാർഥികൾക്ക് അക്കാഡമിക് അലവൻസ് കോഴ്സ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിരക്കുകൾ അനുവദിക്കുന്നു.

	പട്ടികജാതി		പട്ടികവർഗ്ഗം	
കോഴ്സ് ഗ്രൂപ്പ്	ഹോസ്റ്റലർ	ഡേ സ്കോളർ	ഹോസ്റ്റലർ	ഡേ സ്കോളർ
ഗ്രൂപ്പ് 1	13500/-	7000/-	15,000/-	8,500/-
ഗ്രൂപ്പ് 2	9500/-	6500/-	11,400/-	8,500/-
ഗ്രൂപ്പ് 3	6000/-	3000/-	11,200/-	8,500/-
ഗ്രൂപ്പ് 4	4000/-	2500/	10,000/-	8,500/-

Ph.D., M.Phil., M.Tech., M.lit. തുടങ്ങിയ കോഴ്സുകളിൽ യു.ജി.സി./ ഗേറ്റ് പാസാകാത്ത വിദ്യാർഥികൾക്ക് യു.ജി.സി. കാലാകാലങ്ങളിൽ അനുവദിക്കുന്ന തുകയുടെ 75 ശതമാനം നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും അനുവദിക്കുന്നു.

1-8 ക്ലാസുകളിലെ പിന്നാക്ക വിഭാഗ വിദ്യാർഥികൾക്ക് കെടാവിളക്ക് സ്കോളർഷിപ്പായി 1500/- രൂപയും 9, 10 ക്ലാസുകളിലെ പിന്നാക്ക വിഭാഗ വിദ്യാർഥികൾക്ക് 4000/- രൂപയും ഹയർ സെക്കണ്ടറി തലത്തിൽ 5000/- രൂപയും പോസ്റ്റ് മെടിക് തലത്തിൽ ഇതര സംസ്ഥാന പഠനത്തിനായി പരമാവധി 20,000/- രൂപയും അനുവദിക്കുന്നു.

(ബി) 2023-24 അധ്യയന വർഷം പ്രീമെടിക്, പോസ്റ്റ് മെടിക് സ്കോളർഷിപ്പിന് തെരെഞ്ഞെടുക്കപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർഥികളുടെ എണ്ണം ഓരോ വിഭാഗം തിരിച്ച് ലഭ്യമാക്കുമോ?

2023-24 അധ്യയന വർഷം പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭ്യമായ പട്ടികജാതി വിദ്യാർഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

പദ്ധതി	ഗുണഭോക്താക്കളുടെ എണ്ണം		
	പട്ടികജാതി	പട്ടികവർഗ്ഗം	പിന്നാക്ക വിഭാഗം
പ്രീ മെട്രിക് സ്കോളർഷിപ്പ്	Lumpsum grant-3,57,697 Stipend-12,526 EducationAid-2,62,577	77,269	3,22,988
9,10 ക്ലാസുകളിലെ വാർഷിക വരുമാനം 2.5 ലക്ഷം വരെയുള്ളത്	52,807	8, 267	19,322
പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്	1,54,174	13, 053402068	4,02,068
എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ള ആരോഗ്യഹാനിക്കിടയാക്കുന്ന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതരായ 1 മുതൽ 10-ാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർഥികളുടേത്	367		

(സി) 2023-24 അധ്യയന വർഷത്തെ പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്/ലംപ്സംഗ്രാന്റ് വിതരണം ചെയ്തതിന് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്ന് എത്ര രൂപയാണ് വേണ്ടിവന്നതെന്ന് വിശദമാക്കാമോ?

2023-24 അധ്യയന വർഷം പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് ,പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾക്കായി വിതരണം ചെയ്ത തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി	തുക (കോടി)		
	പട്ടികജാതി	പട്ടികവർഗ്ഗം	പിന്നാക്ക വിഭാഗം
പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്	281.23	53. 2547	676. 45
സ്റ്റേറ്റ് പ്രി മെട്രിക് സ്കോളർഷിപ്പ്	79	16. 4971	41. 24365
9,10 ക്ലാസുകളിലെ വാർഷിക വരുമാനം 2.5 ലക്ഷം വരെയുള്ളത്	7. 2	2. 5417	12. 6234
എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ള ആരോഗ്യഹാനിക്കിടയാക്കുന്ന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതരായ 1 മുതൽ 10 ക്ലാസ് വരെ വരെ പഠിക്കുന്ന വിദ്യാർത്ഥികളുടേത്	12 ലക്ഷം		

(ഡി) 2025-26-ലെ ബജറ്റിൽ എത്ര തുകയാണ് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക്/പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2025-26 ബഡ്ജറ്റ് വിഹിതത്തിൽ പട്ടികജാതി വിഭാഗവിദ്യാർത്ഥികളുടെ പ്രീമെട്രിക്/പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണത്തിനായി 2025-26 വർഷത്തെ ബഡ്ജറ്റ് വിഹിതം ചുവടെ ചേർക്കുന്നു.

പദ്ധതി	തുക (കോടി)		
	പട്ടികജാതി	പട്ടികവർഗ്ഗം	പിന്നാക്ക വിഭാഗം
പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്	374. 07	54. 3	385
സ്റ്റേറ്റ് പ്രി മെട്രിക് സ്കോളർഷിപ്പ്	173. 5	17. 3250	40
9,10 ക്ലാസുകളിലെ വാർഷിക വരുമാനം 2.5 ലക്ഷം വരെയുള്ളത്	8	40	20
എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ള ആരോഗ്യഹാനിക്കിടയാക്കുന്ന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതരായ 1 മുതൽ 10 ക്ലാസ് വരെ വരെ പഠിക്കുന്ന വിദ്യാർത്ഥികളുടേത്	10 ലക്ഷം		

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർഥികൾക്കുള്ള ഗ്രാന്റ്

45(4542) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് നിലവിൽ നൽകിവരുന്ന ലംപ്സംഗ്രാന്റിന്റെയും സ്റ്റൈപ്പന്റിന്റെയും തുകകൾ എന്നു മുതൽ പരിഷ്കരിക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

09-01-2020-ലെ സ.ഉ.(അച്ചടി)നം.1/2020/പജപവവിവ പട്ടികവർഗ്ഗ വിദ്യാർഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 20 ശതമാനം നിരക്കിൽ വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു.

പ്രീ മെട്രിക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിച്ചുകൊണ്ട് 26-12-2023-ലെ സ.ഉ.(അച്ചടി) നം.9/2023/പജപവവിവ, 05-01-2023-ലെ സ.ഉ.(അച്ചടി)നം. 1/20203/പജപവവിവ, 05-01-2023-ലെ സ.ഉ.(അച്ചടി)നം. 2/20203/പജപവവിവ എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

കോതമംഗലം മണ്ഡലത്തിലെ പ്രീമെട്രിക് ഹോസ്റ്റൽ

46(4543) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്തും പിണവൂർകുടിയിലും കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) രണ്ട് ഹോസ്റ്റലുകളുടെയും നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) കോതമംഗലം നിയോജകമണ്ഡലത്തിലെ നേര്യമംഗലത്തും പിണവൂർകുടിയിലും കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഹോസ്റ്റൽ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിച്ച് ഭൂമി ലഭ്യമായിട്ടുണ്ട്. ടി രണ്ട് ഹോസ്റ്റലുകളുടെയും നിർമ്മാണം

വേഗത്തിൽ ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഏക വരുമാനദായകന്റെ മരണത്തിലുള്ള ധനസഹായം

47(4544) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏക വരുമാന ദായകന്റെ മരണത്തിലുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിച്ച് ഉത്തരവായ എത്ര ഗുണഭോക്താക്കൾക്ക് എത്ര തുക നൽകാൻ കുടിശികയുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

ദേവികുളം മണ്ഡലത്തിൽ പുതിയ മോഡൽ റെസിഡൻഷ്യൽ സ്കൂൾ

48(4545) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ പുതുതായി മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ദേവികുളം മണ്ഡലത്തിൽ പുതുതായി മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ബി) ഇല്ലെങ്കിൽ മണ്ഡലത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികജാതി വികസന വകുപ്പിനുകീഴിൽ ഇടുക്കി ജില്ലയിൽ പീരുമേട്, കുട്ടിക്കാനത്ത് ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തിച്ചുവരുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ദേവികുളം നിയമസഭാ മണ്ഡലത്തിൽ മൂന്നാർ മോഡൽ റെസിഡൻഷ്യൽ സ്കൂൾ (ബോയ്സ്) പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഈ സ്ഥാപനത്തിൽ പെൺകുട്ടികൾക്കുകൂടി പ്രവേശനം അനുവദിക്കാൻ സാധിക്കുമോയെന്നും പരിശോധിച്ചുവരുന്നു.

പൈലറ്റ്, ഡ്രോൺ പൈലറ്റ് കോഴ്സുകൾ

49(4546) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികൾക്ക് പൈലറ്റ്, ഡ്രോൺ പൈലറ്റ് കോഴ്സുകൾ പഠിക്കുന്നതിന് വകുപ്പ് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമി നടത്തുന്ന കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിന് വിങ്സ് പദ്ധതി മുഖേന സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. ഈ പദ്ധതിയിലൂടെ 3 പട്ടികജാതി വിദ്യാർഥികൾക്കും 2 പട്ടികവർഗ്ഗ വിദ്യാർഥികൾക്കും 1 ഒ.ഇ.സി. വിദ്യാർഥിക്കും ഓരോ അധ്യയന വർഷവും സ്കോളർഷിപ്പ് അനുവദിക്കുന്നു. നിലവിൽ ഇരുത്തിയാറര ലക്ഷത്തോളം രൂപയാണ് കോഴ്സ് ഫീസായി ഒരു വിദ്യാർഥിക്ക് ഗഡുക്കളായി അനുവദിക്കുന്നത്.

(ബി) അത്തരത്തിൽ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

17 പട്ടികജാതി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതിൽ 14 പട്ടികജാതി വിദ്യാർഥികൾ പരിശീലനം പൂർത്തിയാക്കുകയും 3 വിദ്യാർഥികൾ പരിശീലനം നടത്തുകയും ചെയ്യുന്നു. സ്കോളർഷിപ്പ് അനുവദിച്ച മൂന്ന് പട്ടികവർഗ്ഗ വിദ്യാർഥികൾ പരിശീലനം നടത്തി വരുന്നു.

വിങ്സ് പദ്ധതി

50(4547) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ആധുനിക കാലഘട്ടത്തിലെ മികച്ച തൊഴിലുകൾ നേടിയെടുക്കുന്നതിനുള്ള ശേഷിയും പരിശീലനവും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആധുനിക കാലഘട്ടത്തിലെ തൊഴിലുകൾ നേടിയെടുക്കുന്നതിനുവേണ്ടി വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് നൈപുണ്യ വികസന പരിശീലനം നടപ്പിലാക്കിവരുന്നുണ്ട്. സാങ്കേതികം, ഇലക്ട്രിക്കൽ, വിവര, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം നൈപുണ്യ വികസന പരിശീലന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ

വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഉറപ്പാക്കുന്നുണ്ട്. കൂടാതെ പരിശീലനം നേടുന്നവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനും ഇത് സഹായകരമാകുന്നു. കൂടാതെ കൊമേർസ്യൽ പൈലറ്റ് കോഴ്സിന് പരിശീലനം നൽകി കൊമേഴ്സ്യൽ Air Craft പൈലറ്റ് മേഖലയിലുള്ള തൊഴിൽ അവസരങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി വിങ്സ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരെ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി ഓണറേറിയത്തോടുകൂടി വിവിധ വകുപ്പുകൾക്കുകീഴിൽ 2 വർഷ കാലയളവിലേക്ക് നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്). ടി പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിവരുന്നു. എൻജിനീയറിങ്, നഴ്സിങ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അധ്യാപനം, ക്ലാർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഓണറേറിയത്തോടുകൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടു വർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന

കാലയളവിൽ അതതു മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക ട്രെയിനിങ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

(ബി) വ്യോമയാന മേഖലയിലെ മികച്ച തൊഴിലുകൾ നേടുന്നതിന് പ്രാപ്തരാക്കുന്ന വിവിധ കോഴ്സുകൾ പഠിക്കുന്നതിനായി പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങളെ സഹായിക്കുന്ന വിങ്സ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

17 പട്ടികജാതി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതിൽ 14 പട്ടികജാതി വിദ്യാർഥികൾ പരിശീലനം പൂർത്തിയാക്കുകയും 3 വിദ്യാർഥികൾ പരിശീലനം നടത്തുകയും ചെയ്യുന്നു. സ്കോളർഷിപ്പ് അനുവദിച്ച മൂന്ന് പട്ടികവർഗ്ഗ വിദ്യാർഥികൾ പരിശീലനം നടത്തിവരുന്നു.

(സി) പ്രസ്തുത പദ്ധതി പ്രകാരം ഉന്നത വിദ്യാഭ്യാസവും പരിശീലനവും ലഭിക്കുന്നതിനായി ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പിന്തുടരുന്നതെന്ന് വ്യക്തമാക്കുമോ;

തിരുവനന്തപുരം രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമി നടത്തുന്ന സുതാര്യമായ യോഗ്യത പരീക്ഷയിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ ഉയർന്ന റാങ്കോടുകൂടി യോഗ്യത നേടുന്നവരിൽ ഏറ്റവും കുറവ് വരുമാനമുള്ള വിദ്യാർഥികൾക്ക് മുൻഗണന നൽകികൊണ്ട് ഓരോ അധ്യയന വർഷവും തിരഞ്ഞെടുക്കുന്ന 3 പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കും 2 പട്ടികവർഗ്ഗ വിഭാഗം വിദ്യാർഥികൾക്കും ഒരു ഒ.ഇ.സി. വിദ്യാർഥിക്കും സ്ഥാപനത്തിൽ കൊമേർസ്യൽ ലൈസൻസ് കോഴ്സ് പഠനത്തിനായി സ്കോളർഷിപ്പ് അനുവദിക്കുന്നു.

(ഡി) വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ ലഭിക്കുന്നതിനുള്ള കോഴ്സുകളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർഥികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ?

പരിശീലനത്തിന് ആവശ്യമായ തുക പരിശീലനത്തിന്റെ പുരോഗതി വീക്ഷിച്ച ശേഷം ഘട്ടംഘട്ടമായി അനുവദിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പുകൾ

51(4548) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത സ്കോളർഷിപ്പുകൾ കൃത്യമായി ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; ഇല്ലെങ്കിൽ അത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗ വിദ്യാർഥികളുടെ പ്രീമെടിക് സ്കോളർഷിപ്പ്/ പോസ്റ്റ്മെടിക് സ്കോളർഷിപ്പുകൾ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് അനുവദിച്ചുവരുന്നത്. ആയതിനാൽ തുക വിദ്യാർഥിക്ക് ലഭ്യമായോ എന്ന് ഇ-ഗ്രാന്റ്സ് പോർട്ടൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുഖേന അറിയാനും ഉറപ്പുവരുത്താനും സാധിക്കുന്നതാണ്. പ്രോജക്ട് ഓഫീസർമാർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന ലഭ്യമാകുന്ന മറ്റ് സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷയിന്മേൽ തുകയുടെ ലഭ്യത അനുസരിച്ച് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചുനൽകുന്നുണ്ട്. ആയത് വിദ്യാർഥികൾക്ക് ലഭ്യമായെന്ന് പ്രൊജക്ട് ഓഫീസർമാർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന ഉറപ്പുവരുത്തുന്നുമുണ്ട്.

പട്ടികജാതി വികസന വകുപ്പ്

ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന അനുവദിച്ചുവരുന്ന സ്കോളർഷിപ്പുകൾ വിദ്യാർഥിക്ക് ലഭ്യമായോ എന്ന് ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന അറിയാനും ഉറപ്പുവരുത്താനും സാധിക്കുന്നതാണ്.

മറ്റ് സ്കോളർഷിപ്പ് പദ്ധതികളും കൃത്യമായി വിദ്യാർഥികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(സി) കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപ്പഞ്ചായത്തിൽ കുമാരി സിജിമോൾ കെ. (കല്ലിൽ ഹൗസ്, തെണ്ടപ്പറമ്പ, കല്ലിക്കണ്ടി പോസ്റ്റ്) 2015-16 അധ്യയന വർഷത്തിൽ കണ്ണൂർ അഞ്ചരക്കണ്ടി കോളേജ് ഓഫ് ഫാർമസിയിലെ വിദ്യാർഥിനിയായിരുന്ന സമയത്ത് ടിയാൾക്ക്

ലഭിക്കേണ്ട ഇ-ഗ്രാന്റ്സ് ഇതുവരെ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ടിയാളുടെ അപേക്ഷയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുമാരി സിജിമോൾ കെ. എന്ന വിദ്യാർഥിനിയുടെ 2015-16 അധ്യയന വർഷത്തെ ഇ-ഗ്രാന്റ്സ് ലഭ്യമാകാത്തത് സംബന്ധിച്ച് സ്ഥാപന മേധാവിയുടെയും വിദ്യാർഥിയുടെയും അപേക്ഷ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിരുന്നു. സ്ഥാപനം യഥാസമയം ക്ലെയിം ചെയ്യാത്തതിനാലാണ് 2015-16 അധ്യയന വർഷത്തെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് പ്രസ്തുത വിദ്യാർഥിനിക്ക് ലഭ്യമാകാതെ വന്നിട്ടുള്ളത്.

പ്രസ്തുത ക്ലെയിമുകൾ (ഇ-ഗ്രാന്റ്സ് പഴയ സൈറ്റ് പ്രകാരമുള്ള) മാന്വലായി ലഭ്യമാക്കുന്നതിനായി കണ്ണൂർ ജില്ലാ ഓഫീസുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപന മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കൾ

52(4549) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ നിയോഗിച്ച ഗ്രലാത്തി കമ്മീഷൻ ഏത് തീയതിയിലാണ് വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട ആവശ്യങ്ങളും ശിപാർശയും വകുപ്പ് ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

(എ&ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (GIFT) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും പ്രസ്തുത സ്ഥാപനം വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) വ്യാവസായിക പരിശീലന വകുപ്പിലെ ഐ.ടി.ഐ.-കളുടെ മാതൃകയിൽ പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ.-കളിൽ സ്റ്റാഫ്

പാറ്റേൺ പരിഷ്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യാവസായിക പരിശീലന വകുപ്പിലെ ഐ.ടി.ഐ.-കളുടെ മാതൃകയിൽ പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ.-കളിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ പട്ടികജാതി വകുപ്പിലെ തിരഞ്ഞെടുത്ത ഐ.ടി.ഐ.-കളിൽ കോഴ്സ്, സ്റ്റാഫ് പാറ്റേൺ പരിഷ്കരണം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഉത്തര, ദക്ഷിണ മേഖല ടെയിനിങ് ഇൻസ്പെക്ടർ ഓഫീസുകളിലെയും വകുപ്പ് ഡയറക്ടറേറ്റിലെയും നാല് ടെക്നിക്കൽ തസ്തികകൾ നിർത്തലാക്കി അവ ക്ലറിക്കൽ തസ്തികകളാക്കി മാറ്റുന്നതിന് ഭരണ പരിഷ്കാര കമ്മീഷൻ സമർപ്പിച്ചിട്ടുള്ള ശിപാർശ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും നിലവിലുള്ള സ്റ്റാഫ് പാറ്റേണിൽ തന്നെ കുറവുള്ളപ്പോൾ പ്രസ്തുത ശിപാർശയിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഉത്തര, ദക്ഷിണമേഖല ടെയിനിങ് ഇൻസ്പെക്ടർ ഓഫീസുകളിലെയും വകുപ്പ് ഡയറക്ടറേറ്റിലെയും

ടെയിനിങ് ഇൻസ്ട്രക്ടർമാരുടെ മൂന്ന് ടെക്നിക്കൽ തസ്തികകൾ നിർത്തലാക്കി പകരം ക്ലറിക്കൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും ദക്ഷിണമേഖല ടെയിനിങ് ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ടെക്നിക്കൽ തസ്തികയായ അസിസ്റ്റന്റ് ടെയിനിംഗ് ഇൻസ്പെക്ടർ തസ്തിക നിർത്തലാക്കി പകരം സീനിയർ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കുന്നതിനും ഭരണ പരിഷ്കാര കമ്മീഷൻ സമർപ്പിച്ചിട്ടുള്ള ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിന്മേൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ ശിപാർശകൾ ലഭ്യമാക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) 2016-17 മുതൽ 2025 ഫെബ്രുവരി വരെ പുതിയ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള എത്ര ഐ.ടി.ഐ.-കൾ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഉണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

പട്ടിജാതി വികസന വകുപ്പിന്റെ കീഴിൽ ഉത്തര മേഖലയിൽ 2016-17 മുതൽ 2025 ഫെബ്രുവരി വരെ പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള 18 ഐ.ടി.ഐ.-കൾ നിലവിലുണ്ട്.

(എഫ്) 2016-17 മുതൽ പട്ടികജാതി വികസന വകുപ്പിന്റെ ഏതെല്ലാം ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ എലത്തൂർ ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, വെൽഡർ എന്നീ ട്രേഡുകളും തൃശ്ശൂർ ജില്ലയിലെ വി.ആർ. പുരം ഐ.ടി.ഐ.-യിൽ ഇലക്ട്രീഷ്യൻ ട്രേഡും പാലക്കാട് ജില്ലയിലെ മംഗലം ഐ.ടി.ഐ.-യിൽ സർവ്വെയർ ട്രേഡും തിരുവനന്തപുരം ജില്ലയിലെ മരിയാപുരം ഐ.ടി.ഐ.-യിൽ മെക്കാനിക് മോട്ടോർ വെഹിക്കിൾ, സർവ്വെയർ എന്നീ ട്രേഡുകളും തിരുവനന്തപുരം ജില്ലയിലെ വർക്കല ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്ന ട്രേഡും പത്തനംതിട്ട ജില്ലയിലെ പന്തളം ഐ.ടി.ഐ.-യിൽ മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഇലക്ട്രീഷ്യൻ എന്നീ ട്രേഡുകളും പുതുതായി ആരംഭിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ മാവേലിക്കര ഐ.ടി.ഐ.-യിൽ നിലവിലുണ്ടായിരുന്നതും കാലഹരണപ്പെട്ടതുമായ മെക്കാനിക് റേഡിയോ & ടെലിവിഷൻ (MRTV) എന്ന ട്രേഡ് നിർത്തലാക്കി പകരം ഇലക്ട്രോണിക്സ് മെക്കാനിക് എന്ന ട്രേഡും ആരംഭിച്ചിട്ടുണ്ട്.

മാടായി ഐ.ടി.ഐ.-യിൽ ഫിറ്റർ, ഇലക്ട്രീഷ്യൻ കോഴ്സുകൾ

53(4550) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.-യിൽ ഫിറ്റർ, ഇലക്ട്രീഷ്യൻ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.-യിൽ ഫിറ്റർ, ഇലക്ട്രീഷ്യൻ എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

തളിക്കുളം ബ്ലോക്കിൽ പ്രീമെട്രിക് ഹോസ്റ്റൽ

54(4551) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏങ്ങണ്ടിയൂർ ഗ്രാമപ്പഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന പ്രീ-മെട്രിക്ക് ഹോസ്റ്റൽ തളിക്കുളം ബ്ലോക്കിൽതന്നെ പുനരാരംഭിക്കുന്നതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ദേശീയപാത 66 വികസനവുമായി ബന്ധപ്പെട്ട് ഏങ്ങണ്ടിയൂർ പ്രീമെട്രിക് ഹോസ്റ്റലിന്റെ ആകെയുള്ള 20 സെന്റ് കോമ്പൗണ്ടിൽനിന്നും 4 സെന്റ് കെട്ടിടഭാഗം പൊളിച്ചുമാറ്റിയിട്ടുണ്ട്. ടി ഹോസ്റ്റലിന് പുതിയ കെട്ടിടം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് കെട്ടിടനിർമ്മാണത്തിന് തുടർനടപടികൾ സ്വീകരിക്കുന്നതിന് തൃശ്ശൂർ ജില്ല പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ജോലിയുള്ള സ്ത്രീകൾക്കായി ഹോസ്റ്റലുകൾ

55(4552) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇത് എപ്പോൾ പ്രയോഗത്തിൽ വരുത്താൻ കഴിയുമെന്നും വിശദമാക്കാമോ?

സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിൽ (തിരുവന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ) ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി ഹോസ്റ്റലുകൾ

ആരംഭിക്കാൻ 2022-23 സാമ്പത്തികവർഷം 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൻപ്രകാരം പ്രാരംഭ ചെലവുകൾക്കായി 5 ലക്ഷം രൂപാവീതം ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് അനുവദിച്ചുനൽകിയിരുന്നു. എന്നാൽ ബന്ധപ്പെട്ട ജില്ലകളിൽ അനുയോജ്യമായ സ്ഥലത്ത് ഹോസ്റ്റലിനായി കെട്ടിടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആയത് കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

പട്ടികജാതി യുവാക്കൾക്ക് സുസ്ഥിര വരുമാനം സാധ്യമാക്കാൻ പദ്ധതി

56(4553) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി യുവാക്കൾക്ക് വിദേശത്തുൾപ്പെടെ തൊഴിൽ മേഖല കണ്ടെത്തി സുസ്ഥിര വരുമാനം സാധ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തൊഴിൽ മേഖലകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

(എ&ബി) ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്. വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ ആരോഗ്യം, ഏവിയേഷൻ, പ്ലാസ്റ്റിക്, വ്യവസായം, കയർ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനുതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പിലാക്കിവരുന്നു. ഇത്തരം നൈപുണ്യ വികസന പരിശീലന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലെയ്സ്മെന്റും ഉറപ്പാക്കുന്നുണ്ട്. ഇത്തരം നൈപുണ്യ വികസന പരിശിലനങ്ങളിലൂടെ പരിശീലനം നേടുന്നവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനും ഇത് സഹായകരമാകുന്നു. കൂടാതെ പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ തേടി പോകുന്നതിനുള്ള യാത്രാ സംബന്ധമായ ചെലവുകൾക്കുമായി ഒരു

ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന വിദേശ തൊഴിൽ ധനസഹായ പദ്ധതിയും നടപ്പിലാക്കിവരുന്നു.

(സി) ഈ പരിശീലന പരിപാടിയുടെ ഗുണം ലഭിക്കുന്നതിനായി എല്ലാ ജില്ലയിലും ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് വകുപ്പ് നടപ്പിലാക്കുന്ന നൈപുണ്യ വികസന പരിശീലന പരിപാടികളിലേയ്ക്ക് എല്ലാ ജില്ലയിൽ ഉൾപ്പെടുന്നവർക്കും അപേക്ഷ സമർപ്പിക്കാൻ സാധിക്കുന്നതാണ്. KASE, KELTRON, CIPET തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ/മികച്ച ട്രാക് റിക്കോർഡുള്ള സ്വകാര്യ സ്ഥാപനങ്ങൾ മുഖേന പരിശീലന സ്ഥാപനങ്ങളുടെ ക്യാമ്പസുകളിൽ വച്ചാണ് പ്രസ്തുത പരിശീലനം നൽകിവരുന്നത്.

ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ ഓണറേറിയം

57(4554) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-ൽ നിശ്ചയിച്ച പട്ടികജാതി വികസന ഓഫീസുകളിലെ ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ പ്രതിമാസ ഓണറേറിയം പതിനായിരം രൂപ എന്നത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് ഓഫീസ് പ്രവർത്തനങ്ങളിൽ പ്രാവീണ്യം നൽകുന്നതിനുള്ള ഒരു പദ്ധതി എന്ന നിലയ്ക്കാണ് വകുപ്പിനുകീഴിലുള്ള വിവിധ ഓഫീസുകളിൽ ക്ലറിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുള്ളത്. പരിശീലനത്തോടൊപ്പം ഓണറേറിയമായി പതിനായിരം രൂപയും നൽകിവരുന്നു. പ്രസ്തുത തുക വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

ജാതി സർട്ടിഫിക്കറ്റ് നൽകാൻ നടപടി

58(4555) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യമായി ഒരു പ്രത്യേക സമുദായക്കാരായി ജീവിച്ചുവരികയും അറിവില്ലായ്മ കാരണം സ്കൂൾ രേഖകളിൽ ഉയർന്ന ജാതിയായി രേഖപ്പെടുത്തുകയും ചെയ്ത കുടുംബങ്ങളിലെ പുതിയ തലമുറയിൽപ്പെട്ടവർ സ്കൂൾ രേഖകളിൽ യഥാർത്ഥ

ജാതിയാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിൽ അവർക്ക് സംവരണ ആനുകൂല്യങ്ങൾ ലഭിക്കാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് നിയന്ത്രണമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ജാതി സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള 'Competent Authority' പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് താലൂക്ക് തഹസിൽദാരും മറ്റുള്ളവർക്ക് വില്ലേജ് ഓഫീസർ/തഹസിൽദാർ എന്നിവരുമാണ്. ഇതിനായി വില്ലേജ് ഓഫീസർ അപേക്ഷകന്റെയും മാതാപിതാക്കളുടെയും ജാതി സംബന്ധിച്ച രേഖകൾ പരിശോധിക്കുകയും വിശദമായ പ്രാദേശികാന്വേഷണം നടത്തി വില്ലേജ് ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 'Competent Authority' അപേക്ഷകർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുകയുമാണ് ചെയ്യുന്നത്. അപേക്ഷകന് മുൻപ് ലഭിച്ച ജാതി/മത സർട്ടിഫിക്കറ്റ് കൈവശമുണ്ട് എന്നതുകൊണ്ട് മാത്രം അയാൾ പ്രസ്തുത ജാതിയിൽ ഉൾപ്പെടുന്നുവെന്ന് അനുമാനിക്കാനാവില്ല. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ജാതി സംബന്ധിച്ച അപേക്ഷകളിൽ എന്തെങ്കിലും തർക്കമുള്ള പക്ഷം ഇത്തരം വിഷയങ്ങൾ പരിശോധിക്കുന്നതിനുള്ള പ്രത്യേക സർക്കാർ ഏജൻസിയായ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന

ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) ഈ വിഷയത്തിൽ വിശദമായ നരവംശശാസ്ത്ര അന്വേഷണം നടത്തണമെന്ന് തഹസിൽദാർ ആവശ്യപ്പെടുകയും കിർത്താഡ്സിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ യഥാർഥ ജാതി സർട്ടിഫിക്കറ്റ് നൽകുകയുമാണ് ചെയ്യുന്നത്. പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കുന്നപക്ഷം ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് തടസ്സമൊന്നുമില്ല. എന്നാൽ പാരമ്പര്യമായി ഒരു പ്രത്യേക സമുദായക്കാരായി ജീവിച്ചുവരുകയും അറിവില്ലായ്മ കാരണം സ്കൂൾ രേഖകളിൽ ഉയർന്ന ജാതിയായി രേഖപ്പെടുത്തുകയും ചെയ്ത കുടുംബങ്ങളിലെ പുതിയ തലമുറയിൽപ്പെട്ടവർ സ്കൂൾ രേഖകളിൽ യഥാർത്ഥ ജാതിയാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നതുകൊണ്ട് മാത്രം അവർക്ക് സംവരണാനുകൂല്യങ്ങൾ ലഭിക്കണമെന്നില്ല. മുകളിൽ സൂചിപ്പിച്ച നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ ഇവരുടെ യഥാർഥ ജാതി തെളിയിക്കപ്പെട്ടാൽ ഇവർക്ക് സംവരണാനുകൂല്യം ലഭിക്കുന്നതാണ്. കാരണം പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ വിഷയത്തിൽ 1996-ലെ കേരള (പട്ടികജാതി പട്ടിക ഗോത്രവർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്ടിലെ സെക്ഷൻ 10 പ്രകാരം ഒരാൾ ആ ജാതിയിലോ

ഗോത്രവർഗ്ഗത്തിലോപെട്ട ആളാണെന്ന് തെളിയിക്കേണ്ട ബാധ്യത അയാൾക്കുതന്നെയാണ്.

(ബി) ശരിയായ ജാതിയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെടുന്ന പക്ഷം സ്കൂൾ രേഖകൾ പരിഗണിച്ച് ജാതി സർട്ടിഫിക്കറ്റ് നൽകാൻ റവന്യൂ ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടോ?

കേവലം സ്കൂൾ രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജാതി മാത്രം പരിഗണിച്ചല്ല 'Competent Authority' ആയ വില്ലേജ് ഓഫീസർ/ തഹസിൽദാർ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. അപേക്ഷകന്റെയും മാതാപിതാക്കളുടെയും ജാതി സംബന്ധിച്ച രേഖകൾ പരിശോധിച്ചും വിശദമായ പ്രാദേശികാന്വേഷണം നടത്തിയും ആവശ്യമുള്ളപക്ഷം അപേക്ഷകന്റെ അതേ ജാതി/മത വിഭാഗത്തിൽപ്പെട്ട അയൽസാക്ഷികളിൽ നിന്നും മൊഴികൾ ശേഖരിച്ച് ആയതു പരിശോധിച്ചും വില്ലേജ് ഓഫീസർ തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വില്ലേജ് ഓഫീസർ/ തഹസിൽദാർ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കേസുകളിൽ കിർത്താഡ്സിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി അതിന്റ അടിസ്ഥാനത്തിലും തഹസിൽദാർ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാറുണ്ട്.

(സി) ഇത്തരം വിഷയങ്ങൾ പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ?

പിന്നാക്ക വിഭാഗക്കാരുടെയും മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗക്കാരുടെയും ജാതി തെളിയിക്കുന്നതിന് റവന്യൂ ഉദ്യോഗസ്ഥർ നടത്തുന്ന പ്രാദേശിക അന്വേഷണം തന്നെയാണ് സംവിധാനം. 1996-ലെ കേരള (പട്ടികജാതി പട്ടികഗോത്രവർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്ട് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ജാതി നിർണ്ണയം സംബന്ധിച്ച വിശദമായ നരവംശശാസ്ത്ര അന്വേഷണം നടത്താൻ പ്രത്യേക സർക്കാർ ഏജൻസിയായ കിർത്താഡ്സിനോട് തഹസിൽദാർ ആവശ്യപ്പെടുകയും കിർത്താഡ്സ് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ യഥാർത്ഥ ജാതി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. ഈ വിഷയത്തിൽ അപേക്ഷകന് അതൃപ്തിയുള്ളപക്ഷം അപ്പീൽ നൽകുന്നതിനും സംവിധാനമുണ്ട്.

(ഡി) ഹിന്ദു മതത്തിലെ വാണിയൻ സമുദായത്തിൽ ഉൾപ്പെടുകയും സ്കൂൾ രേഖകളിൽ ഹിന്ദു വാണിയൻ എന്ന് രേഖപ്പെടുത്തുകയും എന്നാൽ മാതാപിതാക്കളുടെ സ്കൂൾ രേഖകളിൽ ഹിന്ദു നായർ എന്ന് രേഖപ്പെടുത്തിയതിന്റെ

പേരിൽ, പ്രാദേശിക അന്വേഷണത്തിൽ ഹിന്ദു വാണിയൻ ആണെന്ന് ബോധ്യപ്പെട്ടിട്ടും ജാതി നിർണ്ണയിച്ചു നൽകാൻ പിന്നാക്ക വിഭാഗ വികസന വകുപ്പിന് കൈമാറിയ കുമാരി ആര്യ കെ. എസ്., D/o. ശശിധരൻ കുറിഞ്ചാലിൽ എന്നയാളുടെ ഫയലിന്മേൽ അടിയന്തര തീരുമാനമുണ്ടാവുന്നതിന് നടപടി സ്വീകരിക്കുമോ?

കുമാരി ആര്യ കെ. എസ്.-ന്റെ സ്കൂൾ സർട്ടിഫിക്കറ്റിൽ ഹിന്ദു വാണിയാൻ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സർട്ടിഫിക്കറ്റുകളിൽ ഹിന്ദു നായർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്കൂൾ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ജാതിയിൽ സംശയമുള്ളപക്ഷം ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് പ്രാദേശിക അന്വേഷണം നടത്തിയതിനുശേഷം പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് അനുവാദിക്കാവുന്നതാണ്. ആയതിനാൽ കുമാരി ആര്യ കെ. എസ്.-ന് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന പക്ഷം പ്രാദേശിക അന്വേഷണം നടത്തി റിപ്പോർട്ട് പ്രകാരം യഥാർത്ഥ ജാതി സർട്ടിഫിക്കറ്റ് അനുവദിച്ചുനൽകാവുന്നതാണെന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ കോഴിക്കോട് തഹസിൽദാരെ അറിയിച്ചിട്ടുണ്ട്.

കിർത്താഡ്സിലെ ജീവനക്കാർ

59(4556) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കിർത്താഡ്സ് എന്ന സ്ഥാപനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഗസറ്റഡ്, നോൺ ഗസറ്റഡ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കിർത്താഡ്സിൽ ആകെ 53 ജീവനക്കാരുണ്ട്. ആയതിൽ 17 ഗസറ്റഡ് ഉദ്യോഗസ്ഥരും 29 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരുമാണുള്ളത്.

(ബി) ഫീൽഡ് ജീവനക്കാർ എത്ര; അവരുടെ ജോലി സംബന്ധിച്ച് മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കിർത്താഡ്സിൽ സാങ്കേതിക വിഭാഗത്തിൽ നിലവിൽ ജോലി ചെയ്യുന്ന 28 ജീവനക്കാരും ഫീൽഡ് തലത്തിൽ ജോലി നിർവ്വഹിക്കാറുണ്ട്. അവരുടെ ജോലി സംബന്ധിച്ച് നിലവിൽ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

(സി) പ്രസ്തുത ഓഫീസിൽ കരാർ, ദിവസക്കൂലി പ്രകാരം എത്ര പേർ ജോലി ചെയ്തുവരുന്നു; ജില്ല എംപ്ലോയ്മെന്റ് മുഖേന ജോലി ചെയ്യുന്നവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കിർത്താഡ്സിൽ നിലവിൽ 17 കരാർ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ജില്ലാ എംപ്ലോയ്മെന്റ് മുഖേന ആരുംതന്നെ ജോലി ചെയ്യുന്നില്ല.

(ഡി) ഇവരുടെ വേതനം, മറ്റു അലവൻസുകൾ ഉൾപ്പടെ കഴിഞ്ഞ നാല് വർഷം ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കിർത്താഡ്സിൽ നിലവിലുള്ള കരാർ ജീവനക്കാർക്ക് വേതനം ഇനത്തിൽ ആകെ 10,84,527/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പൂഞ്ഞാർ മണ്ഡലത്തിലെ കോർപ്പസ് ഫണ്ട്

60(4557) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി-പട്ടികവർഗ വികസന വകുപ്പ് അനുവദിച്ച കോർപ്പസ് ഫണ്ട് ഏതൊക്കെ പദ്ധതികൾക്കാണ് ഉപയോഗിച്ചിട്ടുള്ളതെന്നും

ആയതിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ തരംതിരിച്ച് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ 2021-22, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിൽ കോർപ്പസ് ഫണ്ട് പദ്ധതികൾ ഇല്ല. 2022-23, 2023-24 എന്നീ വർഷങ്ങളിലെ പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

പട്ടികവർഗ വികസന വകുപ്പ് പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതി വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

ആദിവാസി മേഖലയിലെ എൻ.ജി.ഒ.

61(4558) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് ആദിവാസി മേഖലയിൽ എത്ര എൻ.ജി.ഒ.-കൾ പ്രവർത്തിക്കുന്നുണ്ട്; ഏതൊക്കെ; നബാർഡ്, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവരിൽനിന്നും ഇവർക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; ആർക്കൊക്കെ എത്രവീതം ലഭിച്ചിട്ടുണ്ടെന്ന് 2021 മുതലുള്ള കണക്കുകൾ ലഭ്യമാക്കാമോ?

കേന്ദ്ര സർക്കാർ, മറ്റ് സർക്കാർ വകുപ്പുകൾ, നബാർഡ് എന്നിവരിൽനിന്നും സന്നദ്ധ സംഘടനകൾക്ക് നൽകുന്ന ധനസഹായങ്ങൾ പട്ടികവർഗ വികസന വകുപ്പ് മുഖേനയല്ല നൽകിവരുന്നത്. ആയതിനാൽ ഇത്തരം എൻ.ജി.ഒ.-കളുടെ വിവരങ്ങൾ ലഭ്യമല്ല.

എന്നാൽ കേന്ദ്ര സർക്കാരിന്റെ എൻ.ജി.ഒ. ഗ്രാന്റ് പദ്ധതി മുഖേന ആനുകൂല്യം ലഭിക്കണമെങ്കിൽ എൻ.ജി.ഒ.-കൾ ലഭ്യമാക്കുന്ന അപേക്ഷകൾ വകുപ്പ് പരിശോധിച്ച് സംസ്ഥാന സർക്കാർ മുഖേന കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും അപ്രകാരം അംഗീകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ ബന്ധപ്പെട്ട എൻ.ജി.ഒ.-കൾക്ക് കേന്ദ്ര സർക്കാർ നേരിട്ട് ധനസഹായം അനുവദിച്ചുനൽകുകയുമാണ് ചെയ്യുന്നത്.

കേന്ദ്ര സർക്കാരിന്റെ എൻ.ജി.ഒ. പോർട്ടൽ പ്രകാരം ലഭ്യമായ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് വിവാഹ ധനസഹായം

62(4559) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് വിവാഹ ധനസഹായത്തിന് നീക്കിവച്ചിട്ടുള്ള തുകയും അനുവദിച്ച തുകയും എത്രയാണെന്നത് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ?

2021 മുതൽ നാളിതുവരെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് വിവാഹ ധനസഹായത്തിന് നീക്കിവച്ചിട്ടുള്ള തുകയും അനുവദിച്ച തുകയും സാമ്പത്തിക വർഷം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത കാലയളവിൽ വിവാഹ ധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ള പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലെ സ്ത്രീകളുടെ എണ്ണവും അതിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനസഹായം ലഭ്യമാക്കിയവരുടെ എണ്ണവും ജില്ല, വർഷം എന്നിവ തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) 2021 മുതൽ നാളിതുവരെ അപേക്ഷിച്ചിട്ടും വിവാഹ ധനസഹായം ലഭ്യമാകാത്ത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകളുടെ എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) അപേക്ഷ നൽകിയിട്ടും വിവാഹ ധനസഹായം ലഭ്യമാകാത്തവർക്ക് വിവാഹശേഷം ആയത് ലഭ്യമാകുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ വിവാഹ ധനസഹായ പദ്ധതി പ്രകാരം വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കുമ്പോഴാണ് ധനസഹായം അനുവദിക്കുന്നത്. ആയതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്നവർക്ക് അർഹത പരിശോധിച്ച് വിവാഹശേഷം ധനസഹായം അനുവദിക്കുന്നതാണ്.

(ഇ) അപേക്ഷ നൽകിയിട്ടും വിവാഹ ധനസഹായം ലഭ്യമാക്കാതിരിക്കാനുള്ള കാരണങ്ങൾ എന്താണ്; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷ നൽകിയിട്ടും വിവാഹ ധനസഹായം ലഭ്യമാക്കാതിരിക്കുന്നത് സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലാണ്.

പാലക്കാട് ജില്ലയിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

63(4560) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ ഏതെല്ലാം പട്ടികജാതി നഗറുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ;

(ബി) മേൽപ്പറഞ്ഞതിൽ എത്ര നഗറുകളുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) മറ്റ് നഗറുകളുടെ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുമെന്നും നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

വന്യജീവി ആക്രമണത്തിൽ ജീവഹാനി

64(4561) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണത്തെ തുടർന്ന് 2016 മുതൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർക്ക് ജീവഹാനി ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇവരുടെ ആശ്രിതർക്ക് ധനസഹായമായി എത്ര രൂപയാണ് വകുപ്പിൽനിന്നും അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

(എ&ബി) 2016 മുതൽ നാളിതുവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 118 പേരും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 114 പേരും മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ മരണപ്പെട്ടിട്ടുണ്ട്. ഇവരുടെ ആശ്രിതർക്കായി ആകെ 1140.955 ലക്ഷം രൂപ വനം വന്യജീവി വകുപ്പ് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ മരണപ്പെടുന്ന വ്യക്തികൾ കുടുംബത്തിലെ ഏക വരുമാനദായകനും വനം വകുപ്പിൽ നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ധനസഹായം ലഭ്യമാകാത്തതുമായ സാഹചര്യങ്ങളിൽ പട്ടികജാതി

വികസന വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തി 2 ലക്ഷം രൂപ അനുവദിക്കുന്നതിന് സാധിക്കുന്നതാണ്. എന്നാൽ നാളിതുവരെ ഇത്തരത്തിൽ വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതരുടെ അപേക്ഷകൾ ടി പദ്ധതിയിൽ പരിഗണിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിൽ ലഭ്യമായിട്ടില്ല.

വന്യജീവികളുടെ ആക്രമണത്തെ തുടർന്ന് ജീവഹാനി സംഭവിക്കുന്ന പട്ടികവർഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അടിയന്തര ധനസഹായമായി 5000/- രൂപ നൽകിവരുന്നുണ്ട്. ഇത്തരത്തിൽ 3,40,000/- രൂപ പട്ടികവർഗ വികസന വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ ചികിത്സാ ധനസഹായം

65(4562) <u>ശ്രീ. ജോബ് മൈക്കിൾ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വികസന വകുപ്പ് മുഖേന ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വികസന വകുപ്പ് മുഖേന ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിന്ന് 133 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; ധനസഹായം ലഭിച്ചവരുടെ വിശദാംശം നൽകാമോ?

108 പേർക്ക് 32,24,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ധനസഹായം ലഭിച്ചവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

മൺപാത്ര നിർമ്മാണ സമുദായങ്ങളെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി

66(4563) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേളാൻ, കുശവൻ, കുലാല, കുംഭാരൻ, കാടൻ, ആന്ധ്ര നായർ, ആന്ധ്രർ നായർ തുടങ്ങിയ പരമ്പരാഗത മൺപാത്ര നിർമ്മാണ സമുദായങ്ങളെ പട്ടികജാതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരമ്പരാഗതമായി മൺപാത്ര നിർമ്മാണ തൊഴിലിൽ ഏർപ്പെടുന്ന സമുദായങ്ങൾ സംസ്ഥാനത്തിന്റെ പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്ന് കിർത്താഡ്സ് റിപ്പോർട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗങ്ങളെ പട്ടികജാതിയിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇവർക്ക് പി.എസ്.സി. നിയമനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ദേവസ്വം നിയമനങ്ങളിലും ആവശ്യമായ സംവരണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേനയുള്ള ഉദ്യോഗ സംവരണത്തിനായി ടി സമുദായങ്ങളെ residual OBC-യിൽ ഉൾപ്പെടുത്തി ക്ലാസ് IV തസ്തികകളിൽ 6% സംവരണവും ക്ലാസ് IV ഒഴികെയുള്ള തസ്തികകളിൽ 3% സംവരണവും അനുവദിക്കുന്നുണ്ട്. സമാന സംവരണം ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റ് വഴിയുള്ള നിയമനങ്ങളിലും അനുവദിക്കുന്നുണ്ട്.

(സി) ഇവർക്ക് പ്രൊഫഷണൽ, ഹയർ സെക്കണ്ടറി കോഴ്സുകൾക്ക് നൽകി വരുന്ന സംവരണം തുടർന്നും നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന (SEBC) സമുദായങ്ങളിൽ ഉൾപ്പെടുത്തി ടി സമുദായങ്ങൾക്ക് നിലവിൽ നൽകിവരുന്ന സംവരണത്തിന് മാറ്റം വരുത്തിയിട്ടില്ല.

ലൈഫ് പദ്ധതി

67(4564) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിലൂടെ നാളിതുവരെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർക്ക് വീട് ലഭ്യമായിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ലൈഫ് പദ്ധതിയിലൂടെ 06-03-2025 വരെ 1,48,956 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് അനുവദിച്ചുനൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ ലൈഫ് പദ്ധതിയിലൂടെ 06-03-2025 വരെ 52,009 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിച്ചു നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വിഭാഗങ്ങളിലെ കുട്ടികൾക്കായി എത്ര പഠനമുറികൾ നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന നാളിതുവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 40,238 വിദ്യാർഥികൾക്ക് പഠനമുറി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. പട്ടികവർഗ വിഭാഗങ്ങൾക്കായി പഠനമുറി പദ്ധതി നടപ്പിലാക്കുന്നില്ല.

വൈഷിൻ മണ്ഡലത്തിലെ ലാൻഡ് ബാങ്ക് പദ്ധതി

68(4565) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികവർഗക്കാർക്ക് ഭൂമി വാങ്ങിനൽകുന്ന ലാൻഡ് ബാങ്ക് പദ്ധതിയിലേയ്ക്ക് ഏറ്റെടുത്ത വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ പഞ്ചായത്തിലെ 32.10 ആർസ് ഭൂമി അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

എറണാകുളം ജില്ലയിൽ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം കൊച്ചി

താലൂക്കിലെ എളങ്കുന്നപ്പുഴ വില്ലേജിൽ ഉൾപ്പെട്ട 32.10 ആർസ് വസ്തുവിൽ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ചാപ്പ കടപ്പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ടി സ്ഥലത്ത് അതിർത്തി കല്ല് സ്ഥാപിക്കുന്നതിനും ഭവന നിർമ്മാണം, ഇന്റേണൽ റോഡ് നിർമ്മാണം എന്നീ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ച് നൽകുന്നതിനും എറണാകുളം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 27-11-2024-ന് ചേർന്ന ബെനിഫിഷറി ഐഡന്റിഫിക്കേഷൻ കമ്മിറ്റി യോഗത്തിൽ ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തുകയും ടി സ്ഥലത്ത് മണ്ണ് പരിശോധന നടത്തുന്നതിന് 1,90,000/- രൂപ 19-02-2025-ൽ അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി പ്ലോട്ടുകളായി തിരിക്കാനും പ്ലോട്ടുകൾക്ക് പട്ടയം അനുവദിക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പ്രസ്തുത ഭൂമി നിലവിൽ കൊച്ചി താലൂക്ക് സർവ്വേയർ തയ്യാറാക്കിയ സ്കെച്ച് പ്രകാരം 15 പ്ലോട്ടുകളാക്കി തിരിച്ചിട്ടുള്ളതും ആയതിൽ താമസിക്കാൻ തയ്യാറാണെന്ന് അറിയിച്ച ചാപ്പ കടപ്പുറത്തെ 4 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുംവരുന്നു. കൂടാതെ എളങ്കുന്നപ്പുഴ

ഗ്രാമപഞ്ചായത്തിലെ ഭൂരഹിതരായ 6 കുടുംബങ്ങളെയും പ്ലോട്ട് നൽകി പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഭൂമിക്ക് അർഹരായ ഗുണഭോക്താക്കളെ കണ്ടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്കാണ് പ്രസ്തുത ഭൂമി പ്ലോട്ടായി തിരിച്ച് പട്ടയം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ടി ഭൂമിയിൽ താമസിക്കാൻ സമ്മതം അറിയിച്ച 10 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നിലവിൽ സമ്മതം അറിയിച്ചിട്ടുള്ള അർഹരായ ഗുണഭോക്താക്കൾ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ചാപ്പ കടപ്പുറത്ത് താമസിക്കാൻ സമ്മതം അറിയിച്ചിട്ടുള്ള അർഹരായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സിദ്ധാർത്ഥൻ - പുതിയനികത്തിൽ
2. പോളി - പുതിയനികത്തിൽ
3. ഓമന (ദേവകി) - മാങ്കുഴി
4. അനിത രാധാകൃഷ്ണൻ - തട്ടാംവെളിയിൽ

ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ഭൂരഹിതരായ മറ്റു പട്ടികവർഗ്ഗക്കാർ

1. സുനിത – പുതിയനികത്തിൽ

2. മദനൻ - മാവുങ്കത്തറ

3. രേഷ്മ പി.ആർ - അഞ്ചുപറക്കണ്ടത്തിൽ

4. രാജീവ് - തെരുവയിൽ

5. സുജ – അറക്കപറമ്പ്

6. രാജേഷ് - പുതിയനികത്തിൽ

കുന്നത്തുനാട് മണ്ഡലത്തിലെ ഭൂരഹിത പുനരധിവാസ പദ്ധതി

69(4566) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിനായി പട്ടികജാതി കുടുംബത്തിൽപ്പെട്ട എത്രപേർ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അപേക്ഷ സമർപ്പിച്ചതിൽ എത്ര അപേക്ഷകർക്ക് ഭൂമി ലഭ്യമാക്കിയെന്നും ഇനി എത്ര പേർക്ക് ഭൂമി ലഭ്യമാക്കാനുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

അപേക്ഷ സമർപ്പിച്ചതിൽ 18 പേർക്ക് ഭൂമി ലഭ്യമാക്കി. ശേഷിക്കുന്ന 180 പേർക്ക് ലഭ്യമാക്കാനുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(സി) അർഹരായ മുഴുവൻ ആളുകൾക്കും വേഗത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഗുണഭോക്താക്കൾക്ക് വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയും ലൈഫ് മിഷൻ മുഖേനയും ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ

70(4567) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

മണ്ഡലം	പട്ടികജാതി കുടുംബങ്ങളുടെ എണ്ണം	പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം
കാസർഗോഡ്	3453	2174
ഉദുമ	2119	4987
കാഞ്ഞങ്ങാട്	1083	9021
തൃക്കരിപ്പൂർ	2959	2170
മഞ്ചേശ്വരം	3219	3664
ആകെ	12833	22016

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് സ്വന്തമായി സ്ഥലവും വീടും ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

ആകെയുള്ള 12833 പട്ടികജാതി കുടുംബങ്ങളിൽ 10829 കുടുംബങ്ങൾക്കും 22016 പട്ടികവർഗ്ഗ കുടുംബങ്ങളിൽ 19572 കുടുംബങ്ങൾക്കും സ്വന്തമായി വീടും സ്ഥലവുമുണ്ട്.

(സി) സ്വന്തമായി സ്ഥലവും വീടുമില്ലാത്ത കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും അവർ എത്ര കാലമായി ആ അവസ്ഥയിൽ കഴിയുന്നുവെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

മണ്ഡലം	പട്ടികജാതി കുടുംബങ്ങളുടെ എണ്ണം	പട്ടികവർഗ കുടുംബങ്ങളുടെ എണ്ണം
കാസറഗോഡ്	480	27
ഉദുമ	419	82
കാഞ്ഞങ്ങാട്	277	419
തൃക്കരിപ്പൂർ	428	90
മഞ്ചേശ്വരം	400	52
ആകെ	2004	670

(ഡി) പട്ടികജാതി-പട്ടികവർഗ നഗറുകളിൽ അല്ലാതെ പ്രസ്തുത വിഭാഗങ്ങൾ മറ്റിടങ്ങളിൽ താമസിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു പ്രദേശമാണെന്നും എത്ര കുടുംബങ്ങൾ അവിടെ താമസിക്കുന്നുണ്ടെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ നഗറുകളിൽ അല്ലാതെ മറ്റിടങ്ങളിൽ താമസിക്കുന്ന പട്ടികജാതി, പട്ടികവർഗ വിഭാഗക്കാരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

മണ്ഡലം	പട്ടികജാതി കുടുംബങ്ങളുടെ	പട്ടികവർഗ കുടുംബങ്ങളുടെ

	എണ്ണം	എണ്ണം
കാസറഗോഡ്	547	193
ഉദുമ	527	161
കാഞ്ഞങ്ങാട്	546	64
തൃക്കരിപ്പൂർ	458	19
മഞ്ചേശ്വരം	354	276
ആകെ	2432	713

(ഇ) കാസർഗോഡ് ജില്ലയിലെ പട്ടികജാതി-പട്ടികവർഗ നഗറുകൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

വിശദാശം അനുബന്ധമായി ചേർക്കുന്നു.+

ഒറ്റപ്പാലം മണ്ഡലത്തിലെ ഭൂരഹിത പുനരധിവാസ പദ്ധതി

71(4568) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഒറ്റപ്പാലം മണ്ഡലത്തിൽ അർഹരായി കണ്ടെത്തിയ പട്ടികജാതി-പട്ടികവർഗ കുടുംബങ്ങളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒറ്റപ്പാലം മണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ ഭൂരഹിത ഭവനരഹിതരായ 2 പട്ടികവർഗ കുടുംബങ്ങളുണ്ട്. പട്ടികജാതി കുടുംബങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

നാദാപുരം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

72(4569) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) 2016 മുതൽ നാളിതുവരെ നാദാപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി അനുവദിച്ചതെന്നും ഒരോ പദ്ധതിക്കും ഏത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികജാതി നഗറുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് നാളിതുവരെയുള്ള പുരോഗതി അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) നാദാപുരം നിയോജകമണ്ഡലത്തിലെ വില്യംപാറ (2021-22), നാവോത്ത്കുന്ന് (2023-24) എന്നീ ഗ്രാമങ്ങളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ വില്യംപാറ നഗറിലെ നവീകരണത്തിനായി ഏജൻസി ലഭ്യമാക്കിയ 96,20,410/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും പ്രവൃത്തി ആരംഭിച്ചിട്ടുമുണ്ട്. നാവോത്ത്കുന്ന് നഗറിന്റെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മണ്ഡലത്തിൽ നാളിതുവരെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ ഓരോ ഉന്നതിയിലും എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന വിശദാംശം നൽകാമോ?

വില്യംപാറ നഗർ നവീകരണ പ്രവൃത്തനങ്ങളുടെ ഏജൻസി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം ടി ഗ്രാമത്തിൽ 28 പട്ടികജാതി കുടുംബങ്ങളും 3 ജനറൽ കുടുംബങ്ങളുമുണ്ട്. നാവോത്ത്കുന്ന് നഗറിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(ഇ) കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ ഓടോംകാട്, വലിയപറമ്പ് പട്ടികവർഗ്ഗ ഉന്നതികൾക്ക് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം അനുവദിച്ച പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

കാവിലുംപാറ പഞ്ചായത്തിലെ വലിയപറമ്പത്ത്, പൊയിൽ ഉന്നതികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് വഴി നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ പൊയിൽ ഉന്നതിയിലെ വികസന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വലിയപറമ്പത്ത് ഉന്നതിയിലെ വികസന പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.

മണലൂർ മണ്ഡലത്തിലെ പട്ടികജാതി സഹകരണ സംഘങ്ങൾ

73(4570) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്?

മണലൂർ മണ്ഡലത്തിൽ 7 പട്ടികജാതി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയതിൽ 5 സംഘങ്ങൾ പ്രവർത്തിച്ചുവരുന്നതുമാണ്.

(ബി) പ്രസ്തുത സംഘങ്ങളുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.+

കുന്നത്തുനാട് മണ്ഡലത്തിലെ നഗറുകളുടെ നവീകരണം

74(4571) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ പുത്തൻകുരിശ് പഞ്ചായത്തിലെ മൂലേക്കുഴി, സി.ആർ.എൽ., പട്ടികജാതി നഗറുകളുടെ നവീകരണവുമായി ബന്ധപ്പെട്ട ഏജൻസിയെ മാറ്റുന്നതിനുവേണ്ടി നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതിയെ മാറ്റി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് കുന്നത്തുനാട് എം.എൽ.എ.-യുടെ ശിപാർശ പ്രകാരം നിർവ്വഹണ ചുമതല നൽകിയിരുന്നു. മൂന്നുവർഷം കഴിഞ്ഞിട്ടും ഏജൻസി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിനെ മാറ്റി ജില്ലാ നിർമിതിയെതന്നെ ചുമതല

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏൽപ്പിക്കുന്നതിന് എം.എൽ.എ. വീണ്ടും ശിപാർശ നൽകിയിട്ടുണ്ട്. ആയതിന്മേൽ ഡയറക്ടറേറ്റ് തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത നഗരുകളുടെ നവീകരണ ഏജൻസിയെ മാറ്റുന്ന നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) കാലതാമസമൊഴിവാക്കി ജില്ലാ നിർമ്മിതിയെ നവീകരണ ഏജൻസിയായി നിശ്ചയിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) എം.എൽ.എ.-യുടെ ശിപാർശ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

കോങ്ങാട് മണ്ഡലത്തിലെ പദ്ധതികൾ

75(4572) <u>ശ്രീമതി ശാന്തകുമാരി കെ.:</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ, പിന്നാക്ക സമുദായക്ഷേമ വകുപ്പുകൾക്കുകീഴിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾക്കുകീഴിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പിന്നാക്ക വിഭാഗങ്ങൾക്കായി കോങ്ങാട് മണ്ഡലം കേന്ദ്രീകരിച്ച് പ്രത്യേകമായി പദ്ധതികളൊന്നും നടപ്പിലാക്കി വരുന്നില്ല.

കോളയാട്-ആറളം മേഖലയിൽ വിനോദ സഞ്ചാര കേന്ദ്രം

76(4573) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോളയാട്-ആറളം മേഖലകൾ കേന്ദ്രീകരിച്ച് പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ തനത് കലാരൂപങ്ങളും പൈതൃകവും സംരക്ഷിക്കുന്നതിനും ഇവർക്ക് വരുമാന യോഗ്യമാകുംവിധം വയനാട് എൻ ഊര് മാതൃകയിൽ ഒരു ടൂറിസ്റ്റ് സ്പോട്ട് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുമോ?

എൻ ഊര് മാതൃകയിൽ ടൂറിസ്റ്റ് സ്പോട്ട് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2024-25 വർഷത്തെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ആറളം ഫാമിൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി 294.60 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

പദ്ധതികൾക്ക് അനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി

77(4574) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പിനുകീഴിൽ നിർദ്ദേശിക്കപ്പെടുന്ന വിവിധ വികസന പദ്ധതികൾക്ക് അനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ വികസന വകുപ്പ്

പട്ടികവർഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന എല്ലാ തുടർപദ്ധതികൾക്കും വാർഷിക പദ്ധതിയുടെ ആദ്യപാദത്തിൽ തുടർ ഭരണാനുമതി (Comprehensive AS) സർക്കാർ ലഭ്യമാക്കുന്നുണ്ട്. കൂടാതെ മുൻ വർഷങ്ങളിലെ പദ്ധതികൾ കമ്മിറ്റഡ് ലയബിലിറ്റിയായി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവുകൾ റീവാലിഡേറ്റ് ചെയ്ത് ലഭ്യമാക്കുന്നുണ്ട്.

തുടർ പ്രവർത്തനങ്ങൾ അല്ലാത്തവ അതാത് ശീർഷകങ്ങളിൽ ഉൾപ്പെടുത്തി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി സമർപ്പിക്കുകയും ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

റോഡ്, പാലം തുടങ്ങിയ പ്രവൃത്തികൾക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ ഭരണാനുമതിക്കായി സമർപ്പിക്കുകയും ആയതിന് ഭരണാനുമതി ലഭ്യമാകുന്നമുറയ്ക്ക് അതാത് പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുകയും ചെയ്യുന്നു.

സർക്കാർ ഭരണാനുമതി ലഭിക്കേണ്ട എല്ലാ പദ്ധതികൾക്കും ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി വകുപ്പ് സ്വീകരിച്ചുവരുന്നു.

<u>പട്ടികജാതി വികസന വകുപ്പ്</u>

ഓരോ വർഷവും സാമ്പത്തിക വർഷത്തിന്റെ ആദ്യമാസംതന്നെ വകുപ്പിന്റെ വികസന ക്ഷേമ പദ്ധതികൾക്ക് തുടരാനുമതി ഉത്തരവ് ലഭിക്കുന്നതിനായി സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും ഭരണാനുമതി നൽകുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുന്നു. പ്രത്യേക അനുമതി

ആവശ്യമുള്ള വികസന പദ്ധതികൾ Working Group-ൽ സമർപ്പിച്ച് Working Group-ന്റെ അനുമതിയുടെ പശ്ചാത്തലത്തിൽ സർക്കാർ ഉത്തരവ് നൽകുന്ന മുറക്ക് പദ്ധതി നിർവഹണം ആരംഭിക്കുകയും ചെയ്യുന്നു. യഥാസമയം Working Group മീറ്റിംഗുകൾ നടത്തി ആയതിന്റെ തീരുമാനങ്ങൾക്കനുസൃതമായി സർക്കാർ ഉത്തരവ് ലഭ്യമാക്കി നിർദ്ദേശിക്കപ്പെടുന്ന വികസന പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ കഴിയുന്നു.

(ബി) വകുപ്പിനുകീഴിൽ വികസന പദ്ധതികളുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ വികസന വകുപ്പ്

പട്ടികവർഗ വിഭാഗങ്ങൾക്കിടയിൽ നടത്തുന്ന പ്രവർത്തനങ്ങൾ അവരുടെ സാമൂഹിക സാമ്പത്തിക മേഖലകളിൽ ഉളവാക്കുന്ന മാറ്റങ്ങൾ ഉറപ്പുവരുത്തുവാൻ നിലവിൽ വിവിധ തലത്തിൽ സംവിധാനങ്ങളുണ്ട്.

ഓരോ സങ്കേതങ്ങളിലുമുള്ള ഊരുകൂട്ടങ്ങൾ അതത് പ്രദേശത്തെ വികസന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും മേൽനോട്ടത്തിലും

ഇടപെടലുകൾ നടത്തുന്ന രീതിയിൽ ശാക്തീകരിക്കപ്പെട്ടിട്ടുണ്ട്. ഇവ കൂടാതെ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിലുള്ള സമിതികൾ, പട്ടികവർഗ്ഗ ജില്ലാതല മോണിറ്ററിംഗ് സമിതി എന്നിവയും പദ്ധതികൾ ഗുണഭോക്താക്കൾക്കുതന്നെ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പദ്ധതികളുടെ ധനവ്യയം സംബന്ധിച്ച് പ്ലാൻ സ്പേസ് സംവിധാനം വഴി സംസ്ഥാനതലത്തിൽ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ ഓരോ ജില്ലകളിലും വികസന പ്രവർത്തനങ്ങൾ വിലയിരുത്താൻ വകുപ്പുതലത്തിലെ നിയന്ത്രണ ഉദ്യോഗസ്ഥർക്ക് ഓരോ ജില്ലയുടെയും ചുമതല നൽകി, ആയത് അവലോകനം ചെയ്ത് അർഹരായ ഗുണഭോക്താക്കൾക്ക് സാമൂഹിക, സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

16-05-2023-ലെ സ.ഉ.(കൈ)നം.11/2023 പജപവവിവ പ്രകാരം 2 വർഷം കാലാവധിയിലേയ്ക്കാണ് എസ്.ടി. പ്രൊമോട്ടർമാരെ നിലവിൽ വകുപ്പിൽ നിയമിച്ചിരിക്കുന്നത്. ഇവർക്കായി 2024 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ 5 ഘട്ടങ്ങളിലായി മൂന്ന് ദിവസം ദൈർഘ്യമുള്ള ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ്, മറ്റ് വിവിധ

വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ നടത്തുന്ന വിവിധ പദ്ധതികളെയും പരിപാടികളെയും കുറിച്ച് വ്യക്തമായി അവബോധം സൃഷ്ടിക്കുന്നതിനും അവരിൽ നേതൃപാടവം, സന്നദ്ധസേവനം, വ്യക്തിത്വ വികസനം, ഡിജിറ്റൽ സാങ്കേതികവിദ്യയെക്കുറിച്ചുള്ള അറിവ് എന്നിവ വർധിപ്പിക്കുന്നതിനാവശ്യമായ പരിശീലനവുമാണ് എസ്.ടി. പ്രൊമോട്ടർമാർക്ക് നൽകിയത്.

പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന മേഖലകളിൽ വികസനത്തിന്റെ കണ്ണിയായി പ്രവർത്തിക്കുക, പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവത്കരിക്കുക, സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പടികവർഗക്കാർക്ക് ആവശ്യമായ സഹായങ്ങൾ നൽകുക തുടങ്ങിയവയാണ് എസ്.ടി. ഹെൽത്ത് പ്രൊമോട്ടർമാരുടെ പ്രധാന ചുമതലകൾ. ഈ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നതിനാവശ്യമായ പരിശീലനം എസ്.ടി. ഹെൽത്ത് പ്രൊമോട്ടർമാർക്ക് നൽകിയിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ്

വികസന പദ്ധതികളുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വിവിധ തലങ്ങളിൽ റിവ്യൂ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ടി യോഗങ്ങളിൽ എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുകയും തുടർന്ന് ഓരോ മാസവും ബഹുമാനപ്പെട്ട മന്ത്രി ഓൺലൈനായി അവലോകനയോഗം നടത്തുകയും പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനും നിർവ്വഹണത്തിലെ തടസങ്ങളും പ്രതിസന്ധികളും ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ വകുപ്പ് ഡയറക്ടർ ജില്ലാതല ഉദ്യോഗസ്ഥരുടെയും ജില്ലാ ഓഫീസർമാർ ബ്ലോക്ക്തല നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പ്രതിമാസ അവലോകന യോഗങ്ങൾ നടത്തുന്നു. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ അധ്യക്ഷതയിൽ അവലോകന യോഗം നടത്തി പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്.

കിർത്താഡ്സിന്റെ പ്രവർത്തനം

78(4575) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചേറായൂരിലെ കിർത്താഡ്സ് എന്ന സ്ഥാപനം എത്ര ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്; ആയതിന്റെ ഉടമസ്ഥാവകാശം വില്ലേജ് രേഖകൾ പ്രകാരം ആരുടെ കൈവശത്തിലാണ്; വിശദമാക്കാമോ?

വില്ലേജ് രേഖകൾ പ്രകാരം കിർത്താഡ്സ് വകുപ്പിന്റെ പേരിലുള്ള സ്ഥലത്തിന്റെ വിസ്തീർണം 1 ഹെക്ടർ 2162 ആർസ് ആണ്.

(ബി) കിർത്താഡ്സ് മുഖേന പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി കഴിഞ്ഞ അഞ്ച് വർഷം സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കിർത്താഡ്സ് മുഖേന പിന്നാക്ക വിഭാഗങ്ങളുടെ (ഒ.ബി.സി.) ഉന്നമനത്തിനായി പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല.

(സി) പ്രസ്തുത പദ്ധതികളിൽ ആദിവാസി മേഖലയിലെ ഊരുകൂട്ടങ്ങളുടെ പങ്കാളിത്തം ജില്ല തിരിച്ചുള്ള കണക്ക് സഹിതം വ്യക്തമാക്കാമോ?

ബാധകമല്ല.

(ഡി) ഭാവിയിൽ വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ?

അടുത്ത സാമ്പത്തികവർഷം കിർത്താഡ്സ് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.[+]

ബജറ്റ് വിഹിതത്തിൽ വെട്ടിക്കുറവ്

79(4576) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് ബജറ്റിൽ അനുവദിച്ചിരുന്ന തുകയിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും വെട്ടിക്കുറച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് 2024-25 സാമ്പത്തിക വർഷം ബജറ്റ് തുകയിൽ മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2024-25 വർഷത്തിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ ബജറ്റ് വിഹിതമായ 1607.18 കോടി രൂപ 920.17 കോടി രൂപയായി പുനഃക്രമീകരണം ചെയ്തിട്ടുണ്ട്.

ചട്ടം 300 പ്രകാരമുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് ആനുകൂല്യങ്ങൾക്കായി വകയിരുത്തിയ തുക പ്ലാൻ പ്രയോറൈറ്റൈസേഷൻ പ്രകാരം ക്രമീകരിച്ചിട്ടില്ല. (വർക്സ് ആൻഡ് ബിൽഡിംഗ്സ് (ബജറ്റ് വിഹിതം-6 കോടി) എന്ന പദ്ധതി പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കുന്നതായതിനാൽ ടി പദ്ധതിയും പ്ലാൻ പ്രയോറൈറ്റൈസേഷനിൽ ഉൾപ്പെടുത്തിയിട്ടില്ല. 25-01-2025-ലെ സ.ഉ.(സാധാ)നം. 61/2025/SCSTD പ്രകാരം ബാക്കി തുകയായ 1370.06 {1607.18 കോടി - (231.12 കോടി + 6 കോടി)} കോടി രൂപ 920.17 കോടി രൂപയായി പുന:ക്രമീകരണം ചെയ്തിട്ടുണ്ട്.)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2024-25 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ വകയിരുത്തിയ ആകെ പദ്ധതി തുകയായ 65400.05 ലക്ഷം രൂപയിൽനിന്നും 11176 ലക്ഷം രൂപ 27 പദ്ധതികളിലായി കുറവ് വരുത്തിയിട്ടുണ്ട്.

കിർത്താഡ്സ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

80(4577) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കിർത്താഡ്സ് മുഖേന 2024-ൽ നടപ്പിലാക്കിയ പദ്ധതികൾ, പ്രോഗ്രാമുകൾ എന്നിവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) നെറ തിങ്ക 2024 പദ്ധതിയിൽ എത്ര ഊരുക്കൂട്ടങ്ങൾ പങ്കെടുത്തിട്ടുണ്ട്; പങ്കെടുത്ത ഊരുക്കൂട്ടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നെറ തിങ്കയിൽ ഗോത്രവിഭാഗക്കാരെ ഉൾപ്പെടുത്തി സ്റ്റാളുകൾ സജ്ജീകരിക്കുകയാണ് ചെയ്തത്. ഇത് ഊരുക്കൂട്ടങ്ങൾ അടിസ്ഥാനപ്പെടുത്തി ആയിരുന്നില്ല.

(സി) പ്രസ്തുത പദ്ധതിക്ക് വകുപ്പ് ചെലവാക്കിയ തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നെറ തിങ്കയ്ക്കായി ഇതുവരെ ചെലവായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. തദ്ദേശീയ കലാമേള - 37.4 ലക്ഷം

2. തദ്ദേശീയ ഭക്ഷണം - 8.78 ലക്ഷം

3. തദ്ദേശീയ വൈദ്യം - 9.23 ലക്ഷം

4. തദ്ദേശീയ പെയിന്റിംഗ് - 3.32 ലക്ഷം

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണം

81(4578) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ നവജാതശിശു സംരക്ഷണത്തെക്കുറിച്ചുള്ള അറിവ് മെച്ചപ്പെടുത്തുന്നതിനും നവജാതശിശു മരണനിരക്ക് കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലകളിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനും നവജാതശിശു സംരക്ഷണത്തെക്കുറിച്ചുള്ള അറിവ് മെച്ചപ്പെടുത്തുന്നതിനും നവജാത ശിശുമരണങ്ങൾ കുറയ്ക്കുന്നതിനുമായി പട്ടികവർഗ്ഗ

വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ജനനീജന്മരക്ഷ പദ്ധതി

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അമ്മയ്ക്കും കുഞ്ഞിനും വേണ്ട പരിചരണം ഉറപ്പാക്കുന്നതിനും പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ജനനീ ജന്മരക്ഷാ പദ്ധതി. ഈ പദ്ധതി പ്രകാരം ഗർഭാവസ്ഥയിലെ മൂന്നാം മാസം മുതൽ 18 മാസത്തേക്ക് പ്രതിമാസം 2000/- രൂപ ധനസഹായം അനുവദിക്കുന്നു.

- വാത്സല്യ സ്പർശം പദ്ധതി

അട്ടപ്പാടിയിൽ കഴിഞ്ഞ കാലങ്ങളിലുണ്ടായ നവജാത ശിശുമരണങ്ങളിൽ ഏറിയവയും മിൽക്ക് ആസ്പിറേഷൻ മൂലമാണെന്ന് ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നവജാത ശിശുക്കളുടെ അമ്മമാർക്ക് രാത്രികാലങ്ങളിൽ മുലയൂട്ടൽ അപകടരഹിതമാക്കുന്നതിന് സഹായിക്കുന്നതിനായി വേണ്ട പരിശീലനവും അവബോധവും നൽകുന്നതിനായി അഗളി, ഷോളയൂർ, പുതൂർ ഗ്രാമപഞ്ചായത്തുകളിലായി ഒന്നു വീതം ഫീൽഡ് നഴ്സുമാരെ വാത്സല്യ സ്പർശം പദ്ധതിയിലുൾപ്പെടുത്തി നിയമിച്ചിട്ടുണ്ട്.

പോഷകാഹാര ലഭ്യത വിവിധ പദ്ധതികളിലൂടെ ഉറപ്പുവരുത്തിയിട്ടുണ്ട്.

പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തി കൗൺസിലിങ് നൽകിവരുന്നു.

ഗർഭിണികൾക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ നൽകിവരുന്നു.

സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

സിക്കിൾസെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2500/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്.

പ്രതിരോധ കുത്തിവയ്പ് നൽകൽ, വിളർച്ചയുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും പ്രത്യേക സ്ക്രീനിങ് ക്യാമ്പുകൾ നടത്തിവരുന്നു. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കും അയൺ, ഫോളിക് ആസിഡ്, വിറ്റാമിനുകൾ എന്നിവ കൃത്യമായി വിതരണം ചെയ്ത് വരികയും ചെയ്യുന്നു.

ട്രൈബൽ ഹെൽത്ത് ആൻഡ് ന്യൂട്രീഷ്യൻ കൺസൾട്ടന്റ്:

അട്ടപ്പാടി ഉൾപ്പെടെയുള്ള പട്ടികവർഗ മേഖലകളിലെ ആരോഗ്യ പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ ഒരു കൺസൾട്ടന്റിനെ (Tribal Health and Nutrition

Consultant) നിയമിച്ച് തുടർനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

- ഊരിന്റെ താരാട്ട് പദ്ധതി

അട്ടപ്പാടിയിലെ ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി പട്ടികവർഗ വികസന വകുപ്പും പാലക്കാട് ജില്ലാ ഭരണകൂടവും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "ഊരിന്റെ താരാട്ട്" പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ക്യാമ്പയിനുകളും ബോധവൽകരണ ക്യാമ്പുകളും പരിശീലനവും നടപ്പിലാക്കിവരുന്നുണ്ട്.

ഊരിന്റെ താരാട്ട് പദ്ധതിയുടെ ഭാഗമായി അട്ടപ്പാടി മേഖലയിലെ ഗർഭസ്ഥ ശിശുവിനും അമ്മയ്ക്കും ആവശ്യമായ നിയോനാറ്റൽ (നവജാത ശിശു സംരക്ഷണ) കിറ്റ് വിതരണം ചെയ്യുന്നതിനായി "സ്നേഹപൂർവം അമ്മയ്ക്ക്" എന്ന പദ്ധതി ആവിഷ്കരിക്കുകയും കിറ്റ് വിതരണം ചെയ്തുവരികയും ചെയ്തിട്ടുണ്ട്.

കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പാലക്കാട് മെഡിക്കൽ കോളേജിൽ നിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അധികമായി ഒരു ആംബുലൻസിന്റെ സേവനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടുപയോഗപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്.

അട്ടപ്പാടിയിൽ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം

എത്തിക്കുന്നതിനായി ഹെൽപ് ഡസ്ക് രൂപീകരിച്ച്, 24 മണിക്കൂർ സേവനം ലഭ്യമാക്കി വരുന്നുണ്ട്.

അട്ടപ്പാടി ഐ.റ്റി.ഡി.പി.-യുടെ ആംബുലൻസ് സർവീസ് 24 മണിക്കൂർ ലഭ്യമാക്കിയിട്ടുണ്ട്.

അട്ടപ്പാടി പി.വി.റ്റി.ജി. മേഖലയിലെ ആരോഗ്യ കാര്യങ്ങളിൽ നേരിട്ട് ഇടപെടുന്നതിനായി വകുപ്പിന്റെ കീഴിൽ പുതിയൊരു മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രധാന ആരോഗ്യസ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കാമോ; ഈ സ്ഥാപനങ്ങൾ 2023-24-ൽ ആരോഗ്യ മേഖലയിൽ ലഭ്യമാക്കിയ സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ക്ലിനിക്കുകളുടെ സേവനം ഉപയോഗപ്പെടുത്തി നിശ്ചിത ഇടവേളകളിൽ ഉന്നതികൾ, ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് മരുന്ന് വിതരണം, ബോധവൽകരണം, വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എന്നിവ നൽകിവരുന്നുണ്ട്. കൂടാതെ ഒ.പി. ക്ലിനിക്, ആയുർവേദ ആശുപത്രി/ഡിസ്പെൻസറികൾ, എ.എൻ.എം. സെന്ററുകൾ എന്നിവ വഴി ചികിത്സയും മരുന്ന് വിതരണവും വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികളും നൽകിവരുന്നുണ്ട്.

കുറ്റ്യാടി മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

82(4579) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 2021 ജൂൺ മുതൽ നാളിതുവരെ പട്ടികജാതി കോർപ്പസ് ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ചതും നടന്നുവരുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ എന്ന് പൂർത്തിയാകുമെന്നും വിശദാംശങ്ങൾ സഹിതം അറിയിക്കാമോ;

(ബി) ഏത് ഏജൻസികൾ വഴിയാണ് പ്രസ്തുത പ്രവൃത്തികളുടെ നിർവഹണം നടത്തുന്നതെന്ന് വിശദമാക്കാമോ?

(എ & ബി) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷം തിരുവള്ളൂർ പഞ്ചായത്തിലെ തുരുത്തി-മാഹി കനാൽ റോഡ് പ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തികളുടെ നിർവഹണം നടത്തുന്നത് തദ്ദേശസ്വയംഭരണ വകുപ്പ് (LSGD) സബ് ഡിവിഷൻ തോടന്നൂർ ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്.

ഭവന നിർമ്മാണ പദ്ധതികൾ

83(4580) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ, ആദിവാസി മേഖലകളിൽ ഏതെല്ലാം ഭവന നിർമ്മാണ ധനസഹായ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന നിർമ്മാണം നിലവിൽ ലൈഫ് ഭവന പദ്ധതി പ്രകാരമാണ് നടപ്പിലാക്കുന്നത്.

ആദിവാസി മിഷൻ മുഖേനയും ഭ്രരഹിതരായ പട്ടികവർഗ വിഭാഗക്കാർക്ക് ഭ്രമിയും ഭവന നിർമ്മാണത്തിന് ധനസഹായവും നൽകിവരുന്നു. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഭവന നവീകരണത്തിനായി സേഫ് പദ്ധതിയും വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ എത്ര കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതികൾ വഴി ഭവനനിർമ്മാണ സഹായം ലഭ്യമാക്കിയെന്നും എത്ര ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ 127956 പട്ടികജാതി വിഭാഗക്കാർക്കും 52009 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവനം അനുവദിച്ചിട്ടുണ്ട്. ഇതിൽ 117913 പട്ടികജാതി കുടുംബങ്ങൾക്കും 44223 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ബാലുശ്ശേരി മണ്ഡലത്തിലെ ഭ്രരഹിതർ

84(4581) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ സ്വന്തമായി ഭ്രമിയില്ലാത്ത എത്ര

എസ്.സി., എസ്.ടി. കുടുംബങ്ങളുണ്ട്; ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിൽ ഭൂരഹിതരായ 209 പട്ടികജാതി കുടുംബങ്ങളുണ്ട്. ഗ്രാമപഞ്ചായത്തുകൾ തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പഞ്ചായത്ത്	ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ഭൂമി ലഭിക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം
1	ഉണ്ണികുളം	21
2	ഉള്ളിയേരി	18
3	നടുവണ്ണൂർ	27
4	കോട്ടൂർ	26
5	കൂരാച്ചുണ്ട്	7
6	ബാലുശ്ശേരി	10
7	പനങ്ങാട്	23
8	അത്തോളി	77
9	കായണ്ണ	0
ആകെ		**209**

ബാലുശ്ശേരി മണ്ഡലത്തിൽ ഭൂരഹിതരായ 17 പട്ടികവർഗ കുടുംബങ്ങളുണ്ട്. ഗ്രാമപഞ്ചായത്തുകൾ തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത്	ഭൂരഹിതരായ പട്ടികവർഗ

	കുടുംബങ്ങളുടെ എണ്ണം
കോട്ടൂർ	4
ബാലുശ്ശേരി	2
ഉണ്ണികുളം	3
പനങ്ങാട്	4
കായണ്ണ	3
കൂരാച്ചുണ്ട്	1
ആകെ	**17**

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിന് ലൈഫ് ലിസ്റ്റ് പ്രകാരമുള്ള അപേക്ഷകരുടെ അർഹത പരിശോധിച്ച് തുക ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യം പട്ടികജാതി വികസന വകുപ്പ് മുഖേനയും തദ്ദേശ സ്ഥാപനങ്ങൾ മുഖേനയും നൽകിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഭൂവുടമകളിൽ നിന്നും അപേക്ഷ ക്ഷണിച്ച് ജില്ലാ കളക്ടർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 5 ഭൂവുടമകളുടെ അപേക്ഷ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. മേൽ അപേക്ഷകരിൽ 3 പേരുടെ ഭൂമി

വാസയോഗ്യവും കൃഷിയോഗ്യവുമാണെന്ന് പഞ്ചായത്ത്തല കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി ജില്ലാതല കമ്മിറ്റി പരിശോധിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പാറശ്ശാല മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

85(4582) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പാറശ്ശാല മണ്ഡലത്തിലെ എത്ര നഗറുകളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഓരോ നഗറിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഓരോ നഗറിലും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അറിയിക്കാമോ;

(സി) നിലവിൽ എത്ര നഗറുകളിൽ പദ്ധതി പൂർത്തിയായെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതി പൂർത്തീകരിക്കാത്ത നഗറുകളിലെ നിലവിലെ സ്ഥിതി

വ്യക്തമാക്കാമോ?

(എ-ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 സാമ്പത്തിക വർഷത്തിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ നിന്നും എ.കെ.ജി. ഗ്രാമം, മലഞ്ചൂറ്റ് ഗ്രാമം എന്നിവയെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എ.കെ.ജി. ഗ്രാമം നവീകരണത്തിനായി 99,00,755/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും 20 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭവന പുനരുദ്ധാരണം - 17 എണ്ണം, ഹൈമാസ്റ്റ് ലൈറ്റ്, നടപ്പാത കോൺക്രീറ്റ്, compound wall & roof work at graveyard, ഡ്രെയിനേജ് വർക്ക് എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുള്ളതിൽ ഭവന പുനരുദ്ധാരണം പുരോഗതിയിലാണ്. മലഞ്ചൂറ്റ് ഗ്രാമം നവീകരണത്തിനായി 96,38,034/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭവന പുനരുദ്ധാരണം - 16 എണ്ണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, റോഡ് വർക്ക്, ഡ്രെയിനേജ്, പൊതുകിണർ നവീകരണം എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുള്ളതിൽ ഭവന നവീകരണം 8 വീടുകളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) മുഴുവൻ നഗറുകളിലും പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിർവഹണ ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട്.

വടക്കാഞ്ചേരി മണ്ഡലത്തിലെ ഭൂ-ഭവനരഹിതർക്ക് വീട്

86(4583) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂ-ഭവനരഹിതർക്ക് വാസയോഗ്യമായ വീട് നിർമ്മിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ?

സംസ്ഥാന സർക്കാരിന്റെ സമഗ്ര പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് 2018 മുതൽ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂ-ഭവനരഹിതരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയെന്നതിന്റെ

വിശദവിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

(ബി & സി) പ്രസ്തുത മണ്ഡലത്തിൽ ഭൂരഹിത ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർ ഇല്ല. എന്നാൽ 2 പേർ ഭൂമിയുള്ള ഭവനരഹിതരായി തെക്കുംകര ഗ്രാമപഞ്ചായത്തിലുണ്ട്. ഈ സർക്കാരിന്റെ കാലത്ത് രണ്ട് കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന വീട് നിർമ്മിച്ചു നൽകിയിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ദേവികുളം മണ്ഡലത്തിലെ ഭൂ-ഭവനരഹിതർ

87(4584) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂ-ഭവനരഹിതരായ ആളുകൾക്ക് വാസയോഗ്യമായ വീട് നിർമ്മിച്ചുനൽകുന്നതിന് ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂ-ഭവനരഹിതരായവർക്ക് നിലവിൽ ലൈഫ് ഭവന പദ്ധതി മുഖേന വാസയോഗ്യമായ വീട് നിർമ്മിച്ച് നൽകുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ദേവികുളം മണ്ഡലത്തിലെ ഭൂ-ഭവനരഹിതരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

പഞ്ചായത്ത്	ഭൂരഹിത ഭവന രഹിതരായ പട്ടിക ജാതിക്കാരുടെ എണ്ണം	ഭൂരഹിത ഭവന രഹിതരായ പട്ടിക വർഗക്കാരുടെ എണ്ണം
മാങ്കുളം	5	1
ദേവികുളം	2024	-
മറയൂർ	196	2
ചിന്നക്കനാൽ	353	-
മൂന്നാർ	2245	-
കാന്തല്ലൂർ	96	36
വട്ടവട	51	-
പള്ളിവാസൽ	311	1
അടിമാലി	97	4
ബൈസൺവാലി	12	9
വെള്ളത്തൂവൽ	36	1
ആകെ	**5426**	**54**

(സി) ഇതിൽ എത്ര കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകിയെന്നതിന്റെ വിശദാംശം പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

ഭവനനിർമ്മാണം പൂർത്തീകരിച്ച പട്ടികജാതി വിഭാഗക്കാരുടെ വിശദാശം ചുവടെ ചേർക്കുന്നു.

പഞ്ചായത്ത്	ഭവനനിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം
മാങ്കുളം	2
ദേവികുളം	2
മറയൂർ	37
ചിന്നക്കനാൽ	6
മൂന്നാർ	7
കാന്തല്ലൂർ	21
വട്ടവട	1
പള്ളിവാസൽ	5
അടിമാലി	10
ബൈസൺവാലി	2
വെള്ളത്തൂവൽ	5
ആകെ	**98**

ദേവികുളം മണ്ഡലത്തിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിലെ 4 പട്ടികവർഗ്ഗ കുടുംബങ്ങളെയും അടിമാലി ഗ്രാമപഞ്ചായത്തിലെ ഒരു പട്ടികവർഗ കുടുംബത്തെയും ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ദേവികുളം മണ്ഡലത്തിലെ ചികിത്സാ ധനസഹായം

88(4585) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗങ്ങൾക്ക് നൽകിയിട്ടുള്ള ചികിത്സാ ധനസഹായത്തിന്റെ വിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 997 പേർക്ക് ചികിത്സാ ധനസഹായമായി 1,86,53,000-രൂപയും 2025 ഫെബ്രുവരി വരെ പട്ടികവർഗ വിഭാഗക്കാർക്ക് 92,33,914/- രൂപയും അനുവദിച്ചിട്ടുണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ചികിത്സാ ധനസഹായ പദ്ധതികളൊന്നും നടപ്പിലാക്കിവരുന്നില്ല.

ഏകവരുമാന ദായകന്റെ മരണത്തിലുള്ള ധനസഹായം

89(4586) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏക വരുമാനദായക കുടുംബത്തിലെ കുടുംബനാഥൻ/നാഥ മരണപ്പെട്ടാൽ ലഭിക്കുന്ന ധനസഹായം സർക്കാർതലത്തിൽ പാസ്സായി രണ്ട് വർഷമായിട്ടും കുടുംബത്തിന് തുക ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിന് അനുവദിക്കുന്ന ഫണ്ടിന്റെ അപര്യാപ്തതമൂലം സമയബന്ധിതമായി തുക അനുവദിച്ച് നൽകാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ ഹെൽത്ത് കെയർ ശീർഷകത്തിൽ വകയിരുത്തുന്ന തുകയിൽ നിന്നുമാണ് ഏകവരുമാനദായകൻ മരണപ്പെട്ടാൽ അനുവദിക്കുന്ന ധനസഹായം, ചികിത്സ സഹായം എന്നിവയ്ക്കുള്ള ഫണ്ട് കണ്ടെത്തുന്നത്. ശീർഷകത്തിൽ ലഭ്യമാകുന്ന തുക ചികിത്സ അപേക്ഷകൾക്ക് വേണ്ടിയും അനുവദിക്കേണ്ടി വരുന്നതുമൂലം അപേക്ഷകളിൽ കുടിശ്ശിക ഉണ്ടാകുന്നുണ്ട്.

ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മുൻഗണനാ ക്രമത്തിൽ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിന് പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഏക വരുമാനദായകന്റെ മരണംമൂലം കഷ്ടതയനുഭവിക്കുന്ന പട്ടികവർഗ കുടുംബങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് യഥാസമയം അനുവദിച്ച് വരുന്നുണ്ട്.

(ബി) ഇത്തരത്തിലുള്ള കുടുംബങ്ങൾക്ക് തുക വേഗത്തിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മുൻഗണനാ ക്രമത്തിൽ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആലത്തൂർ മണ്ഡലത്തിലെ സേഫ് പദ്ധതി

90(4587) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ സേഫ് പദ്ധതിയിലുൾപ്പെടുത്തി ആർക്കൊക്കെയാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അർഹരായ ഗുണഭോക്താക്കളെ തുടർന്നും സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ & ബി) ആലത്തൂർ മണ്ഡലത്തിൽ സേഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികജാതി വിഭാഗങ്ങളുടെ വിവരങ്ങളും പട്ടികവർഗ വിഭാഗങ്ങളുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

പട്ടികജാതി കുടുംബങ്ങൾക്കുള്ള ധനസഹായം

91(4588) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സദയം മറുപടി നൽകുമോ:

2021 ജൂൺ മാസം മുതൽ നാളിതുവരെയായി കുറ്റ്യാടി നിയോജക മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിൽ ഏക വരുമാനദായകൻ മരണപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് നൽകിയ ധനസഹായം സംബന്ധിച്ചും പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിച്ച ചികിത്സാസഹായം സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ പഞ്ചായത്ത് തലത്തിൽ ലഭിച്ച അപേക്ഷകളുടെ എണ്ണത്തിന്റെയും അനുവദിച്ച തുകയുടെയും അടിസ്ഥാനത്തിൽ വിശദമാക്കാമോ?

2021 ജൂൺ മാസം മുതൽ നാളിതുവരെയായി കുറ്റ്യാടി നിയോജക മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിൽ ഏക വരുമാനദായകൻ മരണപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് നൽകിയ ധനസഹായം സംബന്ധിച്ചും പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിച്ച ചികിത്സാസഹായം സംബന്ധിച്ചും പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി

92(4589) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം സഹായം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതിനായി എത്ര തുക അനുവദിച്ചുവെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം സഹായം അനുവദിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിവരവും അനുവദിച്ച തുകയുടെ വിവരവും അനുബന്ധമായി ചേർക്കുന്നു+.

പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ശാക്തീകരണം

93(4590) ഡോ. കെ. ടി. ജലീൽ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ ശാക്തീകരിക്കുന്നതിനും അവരുടെ സവിശേഷ സാമൂഹിക-സാമ്പത്തിക വെല്ലുവിളികൾക്ക് പരിഹാരം കാണുന്നതിനും സാമ്പത്തിക വികസന പ്രക്രിയയിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പരമ്പരാഗത സമ്പ്രദായങ്ങളെ ആധുനിക ജീവിതലക്ഷ്യങ്ങളുമായി സമന്വയിപ്പിച്ച് സാമൂഹ്യനീതിയും സാമ്പത്തികസമത്വവും ഉറപ്പാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

(എ & ബി) കേരളത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, സംസ്കാരം, സാമ്പത്തികം തുടങ്ങി എല്ലാ മേഖലകളിലും പട്ടികവർഗ്ഗക്കാരെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന് സാധിച്ചിട്ടുണ്ട്. പരമ്പരാഗത രീതിയിൽനിന്നും മാറി ആധുനിക വിദ്യാഭ്യാസ രംഗത്തും തൊഴിൽ മേഖലയിലും പട്ടികവർഗ സമൂഹത്തിന് ഏറെ മുന്നേറാൻ സാധിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്തും വൈജ്ഞാനിക പഠന മേഖലകളിലും വിദേശ പഠനകാര്യത്തിലും ഐ.റ്റി.-നിർമ്മിതബുദ്ധി-സാങ്കേതിക മേഖലകളിലും ഏവിയേഷൻ, ഓട്ടോമൊബൈൽ, ആരോഗ്യം എന്നീ മേഖലകളിലും കൂടുതൽ പഠനാവസരങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിലൂടെ പട്ടികവർഗ്ഗക്കാരെ ശാക്തീകരിക്കുന്നതിനും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

പരമ്പരാഗത സമ്പ്രദായങ്ങളെ ആധുനിക ജീവിത ലക്ഷ്യങ്ങളുമായി സമന്വയിപ്പിച്ച് സാമൂഹ്യനീതിയും സാമ്പത്തികസമത്വവും ഉറപ്പാക്കുന്നതിന് സഹായകമായ ചുവടെപ്പറയുന്ന നിരവധി പ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയിട്ടുണ്ട്.

* പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഉന്നത വിദ്യാഭ്യാസ രംഗത്തും സ്കിൽ ഡെവലപ്മെന്റ് മേഖലയിലും കൂടുതൽ തുക വകയിരുത്തി മികച്ച പ്രതിഭകളെ വാർത്തെടുക്കുന്നതിനും തൊഴിൽ സാധ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ പേർക്ക് ഉന്നതവിദ്യാഭ്യാസ രംഗത്തും വിദേശ പഠന മേഖലയിലും അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

* ഡിജിറ്റൽ ലൈബ്രറികൾ മുതലായ സൗകര്യങ്ങൾ ഒരുക്കുകവഴി ഡിജിറ്റൽ പഠനം സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

* സാമൂഹ്യ പഠനമുറികൾവഴി കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി കൈവരിക്കാനും അഭ്യസ്തവിദ്യർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചു.

* ടൈബൽ പ്ലസ് മുഖേന തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞു.

* SAFE പദ്ധതി മുഖേന കൂടുതൽ വീടുകൾ വാസയോഗ്യമാക്കാൻ സാധിച്ചു.

* ഓരോ പട്ടികവർഗ്ഗ പ്രദേശത്തിന്റെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഓരോ കുടുംബത്തിനും പ്രത്യേകമായും സങ്കേതത്തിന് പൊതുവായും വികസനം ലഭ്യമാകുന്ന രീതിയിൽ സൂക്ഷ്മതല ആസൂത്രണത്തിനായുള്ള സർവെ പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കിവരുന്നു.

* പട്ടികവർഗ്ഗ സമൂഹത്തിന് അന്യമായിരുന്ന വിദേശപഠനം, വിദേശത്ത് തൊഴിൽ, വ്യോമയാന മേഖലയിലെ തൊഴിലുകൾ എന്നിവ അനുഭവവേദ്യമാക്കുകവഴി പൊതുസമൂഹവുമായുള്ള അന്തരം കുറച്ചുകൊണ്ടുവരാൻ സാധിച്ചു.

* വകുപ്പ് മുഖേനയുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായും DBT മുഖേന അനുവദിച്ചുവരുന്നു. എല്ലാവർക്കും ബാങ്ക് അക്കൗണ്ട് ലഭ്യമാക്കുന്നതിനും ആധാർ അധിഷ്ഠിത സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിൽ പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിൽ നൽകുന്ന ABCD ക്യാമ്പയിനിലൂടെ വയനാട്, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ എല്ലാവർക്കും പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാക്കി. ശേഷിക്കുന്ന ജില്ലകളിൽ ഈ പ്രവർത്തനം ത്വരിതപ്പെടുത്തിവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം

94(4591) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എ. രാജ:

ശ്രീ. കെ. എം. സച്ചിൻദേവ്:

ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ-പിന്നാക്ക വിഭാഗങ്ങളുടെ അഭിവൃദ്ധിക്കായി വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, തൊഴിൽ, അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന നൽകി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ-പിന്നാക്ക വിഭാഗങ്ങളുടെ അഭിവൃദ്ധിക്കായി വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, തൊഴിൽ, അടിസ്ഥാനസകര്യ വികസനം എന്നിവയ്ക്ക് മുൻഗണന നൽകി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

വിദ്യാഭ്യാസം

1. പ്രീ-മെട്രിക്ക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി

2. ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി.

3. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് പോസ്റ്റ് മെട്രിക്

ഹോസ്റ്റലുകൾ, സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

4. ഇതര സംസ്ഥാന പഠനം

5. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി.

6. സമർഥരായ വിദ്യാർഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

7. മെഡിക്കൽ/എഞ്ചിനീയറിങ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം

8. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.

9. ലാപ്ടോപ്പ് വിതരണം

10. പഠനമുറി പദ്ധതി

11. ഗോത്രബന്ധു പദ്ധതി

12. ഗോത്ര സാരഥി (വിദ്യാവാഹിനി) പദ്ധതി

13. സിവിൽ സർവീസ് പരീക്ഷാ പരിശീലനം

14. വിങ്ങ്സ്-വൈമാനിക പരിശീലന പരിപാടി

15. നൈപുണ്യ വികസന പരിശീലന പരിപാടികൾ

16. അഭിഭാഷക ധനസഹായം.

17. പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം.

18. കെടാവിളക്ക് സ്കോളർഷിപ്പ്

പാർപ്പിടം

1. ലൈഫ് മിഷൻ മുഖാന്തരം ഭവന നിർമ്മാണം

2. സേഫ് പദ്ധതി

3. ദുർബല വിഭാഗ പുനരധിവാസ പദ്ധതി

തൊഴിൽ

1. സ്വയം തൊഴിൽ പദ്ധതി

2. സാങ്കേതിക വിദ്യാഭ്യാസം നേടിയവർക്ക് അപ്രന്റീസ്ഷിപ്പ്

3. ടൂൾ കിറ്റ്

4. വിദേശ തൊഴിൽ ധനസഹായ പദ്ധതി.

5. ട്രേസ് പദ്ധതി

6. സ്വാശ്രയ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായ പദ്ധതി

ആരോഗ്യ പദ്ധതി

1. ചികിത്സാ ധനസഹായം

2. സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി

3. സിക്കിൽ സെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം

4. ദുരിതാശ്വാസനിധി

5. ജനനി ജന്മരക്ഷാ പദ്ധതി

6. ട്രൈബൽ പാരാമെഡിക്സ് ട്രെയിനി

7. KATADI Initiative (Kerala Accelerated Tribal Ability Development & Inclusion Initiative).

8. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

9. ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും

10. ഊരിന്റെ താരാട്ട്

11. ആംബുലൻസ് സേവനം

12. ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട് വയനാട്

<u>അടിസ്ഥാനസൗകര്യ വികസനം</u>

1. അംബേദ്ക്കർ ഗ്രാമ പദ്ധതി.

2. ഭൂമി വാങ്ങൽ ധനസഹായം/ഭൂരഹിത പുനരധിവാസ പദ്ധതി.

3. ഇന്റേണൽ റോഡ്/ഫുട് പാത്ത്

4. കുടിവെള്ള സൗകര്യങ്ങൾ

5. വൈദ്യുതീകരണം/വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം

6. സോളാർ തെരുവ് വിളക്ക്

7. സാനിറ്റേഷൻ

8. ഡ്രെയിനേജ് സൗകര്യങ്ങൾ

9. മാലിന്യ നിർമ്മാർജനം

10. ഇറിഗേഷൻ

11. അടുക്കളത്തോട്ടം

12. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം ഹോർട്ടികൾച്ചർ/ വീവിംഗ് കരകൗശലം

13. ഇന്റർനെറ്റ് കണക്ടിറ്റിവിറ്റി സൗകര്യങ്ങൾ

14. സാംസ്കാരിക നിലയം, വായനശാല എന്നിവയുടെ നിർമ്മാണവും സജ്ജീകരണവും

15. കുംഭാര നഗർ അടിസ്ഥാന സൗകര്യ വികസനം

(ബി) വിവിധ വകുപ്പുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ജില്ലകളിലെ വികസന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാര നിർദ്ദേശങ്ങൾ

നൽകുന്നതിനുമായി ജില്ലാതല അവലോകനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;?

ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാതല അവലോകന യോഗം നടത്തിയിട്ടുണ്ട്. കൂടാതെ എസ്.സി./എസ്.ടി. ഫണ്ടുകളുടെ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയുമായുള്ള ജില്ലാ തലകമ്മറ്റി പുനഃസംഘടിപ്പിക്കുകയും ടി കമ്മിറ്റി മുഖേന പദ്ധതി പ്രോജക്ടുകൾ പ്രത്യേകം വിലയിരുത്തുകയും നിർവഹണം ത്വരിതഗതിയിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. പദ്ധതി വിനിയോഗത്തിലെ കുറവ് കണ്ടെത്തി പരിഹരിക്കുന്നതിന് വകുപ്പ് തലത്തിലും ഡയറക്ടറേറ്റ് തലത്തിലും ജില്ലാ വികസന ഓഫീസർമാർ മുഖേനയും അവലോകനയോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ചെലവ് കുറവായ പദ്ധതികൾ പ്രത്യേകം അവലോകനം ചെയ്യുകയും ആവശ്യമായ ഇടപെടലുകൾ സ്വീകരിക്കുകയും ചെയ്യുന്നു. പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുവാൻ നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിങ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് എല്ലാ ജില്ലാ വികസന ഓഫീസർമാർ/അസിസ്റ്റന്റ് ജില്ലാ

ഓഫീസർമാർ എന്നിവർക്ക് അനുമതി നൽകിയിട്ടുണ്ട്.

കൈപ്പമംഗലം മണ്ഡലത്തിലെ സേഫ് പദ്ധതി

95(4592) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സേഫ് പദ്ധതിയിൽ കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ എത്ര ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്; പ്രസ്തുത ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കാനുള്ള നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കുമോ?

ഭവനപൂർത്തീകരണവും ഭവന പുനരുദ്ധാരണവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന സേഫ് പദ്ധതിയിൽ കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ അർഹരായ 140 പട്ടികജാതി ഗുണഭോക്താക്കളിൽ 93 പേർക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 47 ഗുണഭോക്താക്കൾക്ക് മാർച്ച് 31-ന് മുമ്പ് ധനസഹായം അനുവദിക്കുന്നതിനായി കരാർ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സേഫ് പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം കൈപ്പമംഗലം മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അർഹരായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

കുലാലൻ, കുലാല, കുലാല നായർ വിഭാഗങ്ങൾക്ക് സംവരണം

96(4593) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ കുലാലൻ, കുലാല, കുലാല നായർ എന്നീ പേരുകളിൽ അറിയപ്പെടുന്ന വിഭാഗത്തിൽപെട്ടവർക്ക് G.O. (Ms)No.10/2014/BCDD ഉത്തരവ് പ്രകാരം വിദ്യാഭ്യാസ സംവരണം അനുവദിച്ചിട്ടുണ്ടെങ്കിലും ഇതിൽ ചില പേരുകൾ ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തത് കാരണം ഇവരിൽ പലർക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കാത്തതും ഇ-ഗ്രാന്റ് ലഭിക്കാത്തതും പ്ലസ് വൺ അഡ്മിഷൻ ലഭിക്കാതെ വരുന്നതുമായ സാഹചര്യം പരിശോധിക്കുകയുണ്ടായോ?

ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 23-05-2014-ലെ G.O. (Ms)No.10/2014/BCDD നമ്പർ ഉത്തരവ് പ്രകാരം വിവിധ പ്രൊഫഷണൽ

കോളേജുകളിലും ഹയർ സെക്കൻഡറി സ്കൂളുകളിലും ഒ.ഇ.സി.-ക്കും ഒ.ബി.എച്ച്.-ൽ ഉൾപ്പെട്ട 30 സമുദായങ്ങൾക്കും സംവരണം അനുവദിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവ് പ്രകാരം മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ ഒ.ഇ.സി.-യിൽ ഉൾപ്പെട്ട കുശവൻ, കുലാലൻ, കുലാല നായർ, കുംഭാരൻ, വേളൻ, ഓടൻ, കുലാല, ആന്ത്രാ നായർ, ആന്ധ്രർ നായർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവർക്ക് 1% സംവരണം അനുവദിച്ചിട്ടുണ്ട്. മേൽ സമുദായങ്ങളിലെ കുലാല, കുലാല നായർ എന്നീ പേരുകൾ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലായെങ്കിലും, 30-03-2022-ലെ സ.ഉ.(സാധാ)നം.29/2022/പി.വി.വി.വ. പ്രകാരം കുലാല സമുദായത്തെ ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എസ്.ഇ.ബി.സി. പട്ടികയിൽ വ്യക്തത വരുത്തി ലാൻഡ് റവന്യൂ കമ്മീഷണർക്ക് ഡയറക്ടർ തലത്തിൽ കത്ത് നൽകിയത് എന്നാണ്; പ്രസ്തുത കത്തിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

പുതുതായി ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയതും സമുദായ നാമത്തിൽ മാറ്റം വരുത്തിയതുമായ സമുദായങ്ങളെ ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ ഉൾപ്പെടുത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് 27-01-2025-ൽ പിന്നാക്ക

വിഭാഗ വികസന വകുപ്പ് ഡയറക്ടർ കത്ത് നൽകിയിരുന്നു. ആയതിന്മേൽ നടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുതായി ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയതും സമുദായ നാമത്തിൽ മാറ്റം വരുത്തിയതുമായ സമുദായങ്ങളെല്ലാം നിലവിൽ ഇ-ഡിസ്ട്രിക്ടിലെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യവും സംസ്ഥാനത്തെ ഒ.ഇ.സി. പട്ടിക പരിഷ്കരിക്കുന്നതിനുള്ള നടപടിയും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

30-03-2022-ലെ സ.ഉ.(സാധാ)നം.29/2022/പി.വി.വി.വ. പ്രകാരം കുലാല സമുദായത്തെ ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒ.ഇ.സി. പട്ടിക പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ഡി) മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ ഒരേ വിഭാഗത്തിൽപ്പെടുന്നവർക്ക് വ്യത്യസ്ത ആനുകൂല്യങ്ങൾ ലഭിക്കുന്ന സാഹചര്യം പരിഹരിക്കുന്നത് സംബന്ധിച്ച് 9-11-2021-ൽ നിയമസഭയിൽ ഉറപ്പ് നൽകിയ ശേഷവും പ്രസ്തുത വിഷയത്തിൽ പരിഹാരം ഉണ്ടാകാത്തതിന്റെ കാരണങ്ങൾ പരിശോധിച്ച് പരിഹാരം കൈക്കൊള്ളുന്നതിന് അടിയന്തര നടപടി

സ്വീകരിക്കുമോ?

കുലാല, കുലാല നായർ, കുശവൻ എന്നിവ ഒരേ സമുദായങ്ങളാണോ എന്നത് പരിശോധിച്ച് ഉപദേശം നൽകാൻ പിന്നാക്ക വിഭാഗ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ലോൺ കുടിശ്ശിക

97(4594) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവശത അനുഭവിക്കുന്ന വായ്പക്കാരുടെ ലോൺ കുടിശ്ശിക എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ എത്ര രൂപയുടെ സഹായങ്ങൾ എത്ര ഗുണഭോക്താക്കൾക്ക് നൽകി; വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവശത അനുഭവിക്കുന്ന വായ്പക്കാർക്കായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന LDRF (Loanees Distress Relief Fund) പദ്ധതി പ്രകാരം നാളിതുവരെ 893 ഗുണഭോക്താക്കൾക്കായി 9.75 കോടി രൂപ

ഇളവ് നൽകിയിട്ടുണ്ട്. 2021-2022 വർഷം 233 ഗുണഭോക്താക്കൾക്കായി 1.95 കോടി രൂപയും 2022-2023 വർഷം 128 ഗുണഭോക്താക്കൾക്കായി 1.33 കോടി രൂപയും 2023-2024 വർഷം 256 ഗുണഭോക്താക്കൾക്കായി 2.98 കോടി രൂപയും 2024-2025 വർഷം 276 ഗുണഭോക്താക്കൾക്കായി 3.49 കോടി രൂപയുമാണ് ഇളവ് അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത കൂടിശ്ശികയിൽ ഇളവ് അനുവദിക്കാൻ അർഹതയുള്ളവരെ കണ്ടെത്തുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; അദാലത്തുകൾ സംഘടിപ്പിച്ചാണോ ഇളവ് അനുവദിച്ച് നൽകുന്നത്?

LDRF പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ അർഹതയുള്ളവരെ കണ്ടെത്തുന്നത് കോർപ്പറേഷന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗീകരിച്ച LDRF സ്കീം മാനദണ്ഡങ്ങൾ പ്രകാരമാണ്. വായ്പ എടുത്ത ഗുണഭോക്താക്കളുടെ /കുടുംബാംഗങ്ങളുടെ മരണം, ഗുരുതര രോഗം, അത്യാഹിതം തുടങ്ങിയവമൂലം വായ്പാ തിരിച്ചടവ് നടത്തുന്നതിന് ശേഷിയില്ലാത്ത ഉപഭോക്താക്കൾക്കായാണ് പദ്ധതി രൂപകൽപന ചെയ്തിട്ടുള്ളത്. ബോർഡ് രൂപീകരിച്ച സബ്കമ്മിറ്റിയുടെ അദാലത്തുകളിലാണ് LDRF അപേക്ഷകൾ പരിഗണിക്കുന്നത്.

നബാർഡ് സഹായത്തോടെ സൗരോർജ്ജ തൂക്കുവേലി

98(4595) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം, തൃശ്ശൂർ ജില്ലകളിലെ മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിലെ മനുഷ്യ – വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സൗരോർജ തൂക്കുവേലി സ്ഥാപിക്കുന്നതിന് നബാർഡിൽനിന്നും എത്ര രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതി യിൽ (Tranche XXIX Financial year 2023-24) ഉൾപ്പെടുത്തി 1344.69 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയ സമിതിയിലുൾപ്പെട്ടവർ ആരൊക്കെയെന്ന് വ്യക്തമാക്കാമോ; പൊതുമരാമത്ത് വകുപ്പിലെയും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെയും സാങ്കേതിക വിദഗ്ധർ പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെട്ടിരുന്നുവോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്ക് Kerala Police Housing and Construction Corporation Limited ആണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. മേൽ പ്രവൃത്തിക്ക് 16-03-2024-ലെ G.O.(Rt)-No.142/2024/F&WLD പ്രകാരം 1344.69 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. അപ്രകാരം ടെൻഡർ ചെയ്ത അവസരത്തിൽ ടെൻഡറിൽ ആരും തന്നെ പങ്കെടുക്കാതിരുന്നതിനെ തുടർന്ന് ഒരോ ഡിവിഷനുകളിലെയും പ്രവൃത്തികൾ പ്രത്യേകമായി ചെയ്യുവാൻ തീരുമാനിക്കുകയുണ്ടായി. 5 കോടി രൂപയ്ക്ക് മുകളിൽ വരുന്ന പ്രവൃത്തികൾക്ക് മാത്രമെ സർക്കാർതല സാങ്കേതിക അനുമതി ലഭ്യമാക്കേണ്ടതുള്ളൂ. മലയാറ്റൂർ, ചാലക്കുടി ഡിവിഷനുകളിലെ പ്രവൃത്തികൾ 5 കോടി രൂപയ്ക്ക് താഴെയുള്ള പ്രവൃത്തികളായതിനാൽ സാങ്കേതിക അനുമതി അക്രഡിറ്റഡ് ഏജൻസി ആയ KPHCC -യ്ക്ക് തന്നെ നൽകിയിട്ടുള്ളതാണ്.

747.06 ലക്ഷം രൂപയുടെ വാഴച്ചാൽ ഡിവിഷനുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് 07-10-2024-ലെ G.O.(Rt) No.439/2024/F&WLD പ്രകാരം സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. (ഭരണാനുമതിയുടേയും സാങ്കേതികാനുമതിയുടേയും ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാങ്കേതികാനുമതി നൽകിയ സമിതിയിലുൾപ്പെട്ടവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. അഡീഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ് (ചെയർമാൻ)

2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്), തിരുവനന്തപുരം.

3. ശ്രീ. രാജേഷ്. ആർ, അഡീഷണൽ ടെക്നിക്കൽ എഞ്ചിനീയർ, അനെർട്ട്, തിരുവനന്തപുരം.

4. ശ്രീ. വിദ്യാധരൻ പി., PWD എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ (റിട്ടയേർഡ്) തിരുവനന്തപുരം.

5. ശ്രീ. അജിത് മുഹമ്മദ് ഷാ, പ്രോജക്ട് എഞ്ചിനീയർ, KPHCC.

6. ശ്രീ. സുജിത് കുമാർ, ചീഫ് എഞ്ചിനീയർ, KPHCC.

(സി) പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കരാർ നൽകിയിരിക്കുന്നത് ആർക്കെന്നും അവർ സമാന പ്രവൃത്തി ചെയ്ത് മുൻപരിചയമുള്ളവരാണോയെന്ന് പരിശോധിച്ചിരുന്നോയെന്നും വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ മേൽനോട്ട ചുമതല ആർക്കാണെന്നും പ്രസ്തുത ഉദ്യോഗസ്ഥൻ സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തിയാണോയെന്നും

വെളിപ്പെടുത്തുമോ?

പ്രസ്തുത പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ട്. കരാർ നൽകിയിട്ടുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു.

• ചാലക്കുടി ഡിവിഷൻ - ശ്രീ. പോൾ വാഴക്കാല, വാഴക്കാല ഹൗസ്, ഒല്ലൂർ, തൃശ്ശൂർ.

• വാഴച്ചാൽ ഡിവിഷൻ - ശ്രീ. അലൻ വിൽസൺ, തളിയത്ത് ഹൗസ്, നീലേശ്വരം പി.ഒ., എറണാകുളം.

മലയാറ്റൂർ ഡിവിഷൻ - ശ്രീ. അലൻ വിൽസൺ, തളിയത്ത് ഹൗസ്, നീലേശ്വരം പി.ഒ., എറണാകുളം.

ടി പ്രവൃത്തിയുടെ നിർവഹണ ചുമതല അക്രഡിറ്റഡ് ഏജൻസിയായ Kerala Police Housing and Construction Corporation Limited (KPHCC) -ന് നൽകിയിട്ടുള്ളതാണ്. ടി പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചതും കരാറുകാർ സമാന പ്രവൃത്തി ചെയ്ത് മുൻപരിചയമുള്ളവരാണോയെന്ന് പരിശോധിച്ചിട്ടുള്ളതും Kerala Police Housing and Construction Corporation Limited ആണ്.

പ്രസ്തുത പ്രവൃത്തിയുടെ മേൽനോട്ട ചുമതല Kerala Police Housing and

Construction Corporation Limited-ലെ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരാണ് വഹിക്കുന്നത്.

ആലത്തൂർ നിയോജകമണ്ഡലത്തിൽ വനംവകുപ്പ് മുഖാന്തിരം നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

99(4596) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ വനംവകുപ്പ് മുഖാന്തരം നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നും ഓരോന്നിനും ചെലവായ തുക എത്രയെന്നും വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ?

(എ & ബി) നിലവിലെ സർക്കാർ അധികാരമേറ്റശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, ഓരോന്നിനും ചെലവായ തുക, ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഈ സാമ്പത്തികവർഷം ഏറ്റെടുത്ത് നടത്താനുദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശം നൽകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലത്തൂർ നിയോജകമണ്ഡലത്തിൽ ഈ സാമ്പത്തികവർഷം ഏറ്റെടുത്ത് നടത്താനുദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	പ്രവൃത്തിയുടെ പേര്	തുക (ലക്ഷത്തിൽ)	നിലവിലെ അവസ്ഥ
2024-25	മേമല മുതൽ പോത്തൻതോട് വരെയുള്ള ഭാഗത്ത് 2 കി.മി. ദൂരത്തിൽ സൗരോർജ തൂക്കുവേലി നിർമ്മാണം	15.52	നിർമ്മാണം പുരോഗമിച്ചു വരുന്നു.
	ആലത്തൂർ റെയ്ഞ്ചിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ (അഞ്ച് വിവിധ സ്ഥലങ്ങളിലായി) 10.5 കി.മീ. ദൂരത്തിൽ സൗരോർജ നിർമ്മാണം	87.695	നിർമ്മാണം പുരോഗമിച്ചു വരുന്നു.

മലമ്പുഴ നിയോജകമണ്ഡലത്തിലെ വനംവകുപ്പിന്റെ ഫെൻസിങ് പ്രവൃത്തികൾ

100(4597) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിലും കൃഷിയിടങ്ങളിലുമുണ്ടാകുന്ന വന്യജീവി ആക്രമണം തടയുന്നതിനായി ഫെൻസിങ് ചെയ്യുന്ന പ്രവൃത്തികൾ വനംവകുപ്പ് നടത്തിവരുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതും പാലക്കാട് വനം

ഡിവിഷന് കീഴിൽ വരുന്നതുമായ ഒലവക്കോട്, വാളയാർ റെയ്ഞ്ചുകളുടെ പരിധിയിൽ NABARD Tranche XXVIII പദ്ധതിയിൽ 13.50 കീ.മീറ്റർ ദൂരത്തിലും NABARD Tranche XXXI പദ്ധതിയിൽ 23 കീ.മീറ്റർ ദൂരത്തിലും സൗരോർജ്ജ തൂക്കുവേലികൾ നിർമ്മിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത പ്രവൃത്തി നടത്തിവരുന്നത്; പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കണ്ടൽക്കാടുകളുടെ സർവെ

101(4598) ശ്രീമതി കാനത്തിൽ ജമീല:താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലാശയങ്ങളോട് ചേർന്ന് നിൽക്കുന്ന കണ്ടൽക്കാടുകളുടെ സർവെ നടത്താൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ജലാശയങ്ങളോട് ചേർന്ന് നിൽക്കുന്ന കണ്ടൽക്കാടുകളുടെ സർവെ വനം വകുപ്പ് നേരിട്ട് നടത്തിയിട്ടില്ല. എന്നാൽ കേരള ഫോറസ്റ്റ് റിസർച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചിയും കേരള വനം വകുപ്പും സംയുക്തമായി നടത്തിയ 'Scoping study to develop people-inclusive livelihood based governance strategy for the long term conservation of mangrove forests of Kerala' അടിസ്ഥാനമാക്കി തയ്യാറാക്കിയ ഡിസംബർ 2022-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്താകെ 1000 Sq.m.-ന് മുകളിൽ വിസ്തൃതിയുള്ള കണ്ടൽക്കാടുകൾ 1798.25 ഹെക്ടർ ആണെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) സ്വകാര്യ ഭൂമിയിലെ ഇത്തരത്തിലുള്ള കണ്ടൽക്കാടുകൾ നശിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സ്വകാര്യഭൂമിയിലെ ഇത്തരത്തിലുള്ള കണ്ടൽക്കാടുകൾ നശിപ്പിക്കപ്പെടുന്നത് പലയിടങ്ങളിലും വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതത് പ്രദേശങ്ങൾ ഉൾപ്പെടുന്ന ടെറിട്ടോറിയൽ റെയ്ഞ്ച് ഓഫീസ് ആയതിന്മേൽ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇത്തരത്തിലുള്ള കണ്ടൽക്കാടുകൾ സംരക്ഷിത വനമേഖലയായി പ്രഖ്യാപിക്കുമോ; വിശദമാക്കാമോ?

കണ്ടൽക്കാടുകളുടെ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് അത്തരം

പ്രദേശങ്ങളിൽ ചിലത് കണ്ടൽ റിസർവുകളായി പ്രഖ്യാപിച്ച് സംരക്ഷിച്ചുവരുന്നുണ്ട്.

ഏറനാട് മണ്ഡലത്തിൽ വനത്തോട് ചേർന്ന സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി

102(4599) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തോട് ചേർന്ന സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര പേരാണ് അപേക്ഷ നൽകിയതെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ?

ആദിവാസി ഇതര വിഭാഗത്തിൽപ്പെടുന്നവരുടെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി (നവകിരണം) നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിലെ ചാലിയാർ പഞ്ചായത്തിൽനിന്ന് നിലവിൽ 190 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഏറനാട് മണ്ഡലത്തിൽനിന്നും അപ്രകാരം ലഭിച്ച അപേക്ഷകളിൽ തീർപ്പ് കൽപിച്ചവ എത്രയെന്നും ഭൂമി വിട്ടുകൊടുത്തതിനുള്ള പ്രതിഫലം നൽകിയത് എത്രപേർക്ക് എന്നുമുള്ള കണക്കുകൾ ലഭ്യമാക്കാമോ;

വ്യക്തമാക്കാമോ?

ആദ്യ ഘട്ടത്തിൽ അപേക്ഷകൾ നൽകിയ 190 അപേക്ഷകരിൽ പദ്ധതിയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കപ്പെട്ട 75 അപേക്ഷകളാണ് ഉണ്ടായിരുന്നത്. ആയതിൽ 22 പേർക്ക് മുഴുവൻ തുകയും നൽകി തീർപ്പ് കൽപിച്ചിട്ടുണ്ട്. ശേഷിക്കുന്ന 53 അപേക്ഷകർക്ക് നിലവിൽ ഒന്നാം ഗഡു തുക നൽകിയിട്ടുണ്ട്. ടി 53 പേർ ഒന്നാം ഗഡു തുക കൈപ്പറ്റി ഭൂമി സർക്കാരിലേക്ക് വിട്ടു നൽകിയവരാണ്. അവർക്കുള്ള രണ്ടാം ഗഡു തുക നൽകാനുണ്ട്.

കിഫ്ബി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അനുവദിച്ച തുകയിൽ നിന്നും ആകെയുള്ള 190 അപേക്ഷകരിൽ മേൽ 75 പേർ കഴിച്ചു ബാക്കിയുള്ള അപേക്ഷകളിൽ നടപടിക്രമം പൂർത്തീകരിച്ച 24 അപേക്ഷകർക്ക് ഒന്നാം ഗഡു തുക അനുവദിക്കുന്നതിന് വേണ്ടിയുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലമ്പൂർ, ചാലിയാർ, ചേരിയം കുന്നത്ത് ശ്രീ. വിനോദ് കുമാർ മുതൽ പേർ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ചേരിയംകത്ത് സെറ്റിൽമെന്റിലെ ശ്രീ. വിനോദ് കുമാർ മുതൽപേർ ഉൾപ്പെടെ നിലമ്പൂർ നോർത്ത് ഡിവിഷനിൽ നവകിരണം പദ്ധതി പ്രകാരം ഭൂമി

വിട്ടു നൽകുവാൻ അപേക്ഷ നൽകിയവരുടെയും താൽപര്യമുള്ളവരുടെയും വിവരങ്ങൾ കിഫ്ബി മൂന്നാം ഘട്ടത്തിൽ തുക അനുവദിച്ച് നൽകുന്നതിന് വേണ്ടി പ്രൊപ്പോസൽ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ലയൺ സഫാരി പാർക്ക് തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

103(4600) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഉത്തരവിനെ തുടർന്ന് പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ വന്യജീവിസങ്കേതത്തിലെ ലയൺ സഫാരി പാർക്ക് അടച്ചുപൂട്ടിയത് തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ലയൺ സഫാരി പാർക്കിന് കുറഞ്ഞത് 20 ഹെക്ടർ സ്ഥലം ആവശ്യമാണെന്ന് കേന്ദ്രമൃഗശാല അതോറിറ്റിയുടെ 21-11-1996-ലെ മാർഗനിർദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. നെയ്യാർ ലയൺ സഫാരി പാർക്ക് പ്രവർത്തിച്ചിരുന്നത് 4 ഹെക്ടർ മാത്രമുള്ള സ്ഥലത്തായതിനാൽ ടി പാർക്കിന്റെ അംഗീകാരം അന്തിമമായി കേന്ദ്ര മൃഗശാല അതോറിറ്റി 22-06-2022-ന് റദ്ദ് ചെയ്തിട്ടുള്ളതാണ്.

23-11-2024-ന് ബഹുമാനപ്പെട്ട പാറശ്ശാല എം.എൽ.എ. ബഹുമാനപ്പെട്ട

കേന്ദ്ര വനം മന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രമൃഗശാല അതോറിറ്റിയുടെ 2009-ലെ Recognition of Zoo Rules-ലെ വ്യവസ്ഥകൾ പ്രകാരം ഡി.പി.ആർ.-ഉം അപേക്ഷയും പുതുതായി സമർപ്പിക്കാൻ കേന്ദ്രമൃഗശാല അതോറിറ്റി നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയത് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി സ്ഥല പരിശോധനയും ഉദ്യോഗസ്ഥതല ചർച്ചയും നടന്നുവരുന്നു.

(ബി) പ്രസ്തുത ലയൺ സഫാരി പാർക്ക് സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ 10-01-2025-ലെ 11-1/2024-cza-part 16 ഫയൽ നമ്പർ പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ നൽകിയ കത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രമൃഗശാല അതോറിറ്റിയുടെ 10-01-2025-ലെ 11-1/2024-cza part-16 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ചർച്ച ചെയ്യുന്നതിനായി 06-02-2025-ന് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേരുകയുണ്ടായി.

(സി) ഇതിലേക്കായുള്ള ഡി.പി.ആർ. എന്നത്തേക്ക് തയ്യാറാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

മേൽ വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടികളെ സംബന്ധിച്ചും നിയമവശങ്ങൾ സംബന്ധിച്ചും വിശദമായ പരിശോധന ആവശ്യമുണ്ട്.

(ഡി) പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ വന്യജീവി സങ്കേതത്തിൽ വനം വകുപ്പിന് കീഴിൽ 20 വർഷത്തിലധികമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ; തസ്തിക തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ വന്യജീവിസങ്കേതത്തിൽ വനം വകുപ്പിന് കീഴിൽ 20 വർഷത്തിലധികമായി 8 പ്രൊട്ടക്ഷൻ വാച്ചർമാർ എൻ.എം.ആർ. വ്യവസ്ഥയിൽ നിലവിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കുന്നുണ്ട്.

(ഇ) ഇതേ വിഭാഗത്തിൽ ജോലി നോക്കിയിരുന്ന എത്ര ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

14-05-2015-ലെ G.O(MS) No.29/2015/F&WLD 13-11-2019-ലെ G.O(MS)No.31/2019/F&WLD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം വനം വകുപ്പിൽ 20 വർഷത്തിലധികം തുടർച്ചയായി ജോലി ചെയ്തതിന്റെ

അടിസ്ഥാനത്തിൽ പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ വന്യ ജീവിസങ്കേതത്തിലെ 14 പേരെ സൂപ്പർ ന്യൂമററിയായി വാച്ചർ തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(എഫ്) വനം വകുപ്പിന് കീഴിൽ ഇരുപത് വർഷത്തിലധികമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വനം വകുപ്പിൽ 20 വർഷത്തിൽ കൂടുതലായി ദിവസവേതനത്തിൽ ജോലി ചെയ്തുവന്നവരും 01-09-2013-ൽ 56 വയസ്സ് കഴിയാത്തവരുമായ 135 ജീവനക്കാരെ, 14-05-2015-ലെ സ.ഉ(കൈ)നം.29/2015/വനം പ്രകാരം വാച്ചർ തസ്തിക സൂപ്പർന്യൂമററി സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിരുന്നു. മേൽ ഉത്തരവിൽ ഉൾപ്പെടാതെ പോയതും സ്ഥിരപ്പെടുത്തുവാൻ അർഹത ഉള്ളതുമായ ജീവനക്കാരെ തുടർന്നുള്ള വിവിധ കാലഘട്ടങ്ങളിൽ വാച്ചർ തസ്തിക സൂപ്പർന്യൂമററി സൃഷ്ടിച്ച് വകുപ്പിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

വനം വകുപ്പിന് കീഴിൽ ഇരുപത് വർഷത്തിലധികമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ശിപാർശകൾ ഒന്നും നിലവിൽ സർക്കാരിന്റെ

പരിശോധനയിൽ ഇല്ല.

പാമ്പു കടിയേറ്റ് മരിച്ചവർക്ക് ധനസഹായം

104(4601) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുള്ളൻപന്നിയുടെയും കാട്ടുപന്നിയുടെയും ആക്രമണം നേരിടുന്നപക്ഷം വനം വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

മുള്ളൻ പന്നിയുടെയും കാട്ടുപന്നിയുടെയും ആക്രമണത്താൽ പരുക്കോ നാശനഷ്ടമോ ഉണ്ടാകുന്നപക്ഷം 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽ പ്രകാരം, ആവശ്യമായ രേഖകൾ സഹിതം ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴി നഷ്ടപരിഹാരത്തിനായി അപേക്ഷിക്കേണ്ടതാണ്. അക്ഷയ സെന്ററുകളിൽ ഈ സേവനം ലഭ്യമാണ്. ചികിത്സയ്ക്ക് ചെലവായ തുക പരമാവധി ഒരു ലക്ഷം രൂപ വരെ നഷ്ടപരിഹാരമായി അനുവദനീയമാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ചെലവിന് ഉയർന്ന പരിധി ബാധകമല്ല. മുള്ളൻ പന്നിയുടെയും കാട്ടുപന്നിയുടെയും ആക്രമണത്തിൽ മരണപ്പെടുന്നപക്ഷം

മരണപ്പെട്ടയാളുടെ ആശ്രിതർ ടി റൂൾസ് പ്രകാരം, ആവശ്യമായ രേഖകൾ സഹിതം ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴി നഷ്ടപരിഹാരത്തിനായി അപേക്ഷിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അനന്തരാവകാശ സർട്ടിഫിക്കറ്റും മറ്റ് രേഖകളും ഉള്ളടക്കം ചെയ്യേണ്ടതാണ്. ആയത് സമർപ്പിക്കുന്നപക്ഷം, നിലവിൽ പത്ത് ലക്ഷം രൂപ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്.

(ബി) പാമ്പു കടിയേറ്റ് മരിച്ചവരുടെ ആശ്രിതർക്ക് വനം വകുപ്പ് മുഖേന ധനസഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കാമോ?

പാമ്പുകടിയേറ്റ് മരണം സംഭവിക്കുന്നപക്ഷം, മരണപ്പെട്ടയാളുടെ ആശ്രിതർ 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽ പ്രകാരം, ആവശ്യമായ രേഖകൾ സഹിതം ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴി നഷ്ടപരിഹാരത്തിനായി അപേക്ഷിക്കേണ്ടതാണ്. അക്ഷയ സെന്ററുകളിൽ ഈ സേവനം ലഭ്യമാണ്. അപേക്ഷയോടൊപ്പം അനന്തരാവകാശ സർട്ടിഫിക്കറ്റും മറ്റ് രേഖകളും ഉള്ളടക്കം ചെയ്യേണ്ടതാണ്. വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്ന

കേസുകളിൽ അനന്തരാവകാശികൾക്ക് രണ്ട് ലക്ഷം രൂപ നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

വനഭൂമി കൈയേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

105(4602) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾ വനഭൂമി കൈയേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സ്വകാര്യ വ്യക്തികൾ വനഭൂമി കൈയേറുന്നതും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതും തടയുന്നതിന് സ്ഥിരം ജണ്ടകെട്ടി വനാതിർത്തി വേർതിരിക്കുന്ന നടപടിയാണ് സ്വീകരിക്കുന്നത്. വനാതിർത്തികളിൽ നിലവിൽ നിർമ്മിച്ച ജണ്ടകളുടെ ജി.പി.എസ്. റീഡിങ് ശേഖരിച്ച് ഡിജിറ്റലൈസേഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിനായി ഒരു Standard Operating Procedure (SOP) തയ്യാറാക്കുകയും ആയതിന്റെ ഭാഗമായി അത്യാധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മാപ്പിങ് നടത്തിവരുന്നുമുണ്ട്. വനമേഖലകളിൽ നിരന്തരമായ പട്രോളിങ്, ഏരിയ മാപ്പിങ്, ക്യാമറ ട്രാപ്പിങ്,

ഡ്രോൺ നിരീക്ഷണം എന്നിവയും വനംകൈയേറ്റം തടയുന്നതിന് മുൻകരുതൽ മാർഗങ്ങളായി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റ കാലംമുതൽ നാളിതുവരെ എത്ര ഹെക്ടർ വനഭ്രമിയിൽ കൈയേറ്റം നടന്നിട്ടുണ്ട്; ഇതിൽ എത്ര ഹെക്ടർ ഒഴിപ്പിച്ചു; ഇനി എത്ര ഹെക്ടർ ഒഴിപ്പിക്കാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

2022-23 വർഷത്തെ ഭരണ റിപ്പോർട്ട് പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ 12.2648 ഹെക്ടർ വനഭ്രമി കൈയേറ്റം നടന്നിട്ടുണ്ട്. ആയത് ഒഴിപ്പിച്ചിട്ടില്ല. ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ടൽക്കാടുകൾ റിസർവ് വനമായി പ്രഖ്യാപിക്കുന്നത്

106(4603) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി പ്രാധാന്യള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ എന്നിവ റിസർവ് വനമായി പ്രഖ്യാപിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ; കേരളത്തിൽ എത്ര കണ്ടൽക്കാടുകൾ ഇപ്രകാരം റിസർവ് വനമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

പരിസ്ഥിതി സംരക്ഷണ പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ

എന്നിവ 1961-ലെ കേരള വന നിയമത്തിലെ സെക്ഷൻ 3 പ്രകാരം റിസർവ് വനമായി പ്രഖ്യാപിക്കാറുണ്ട്.

കേരള വനനിയമത്തിലെ സെക്ഷൻ 4 പ്രകാരം സംരക്ഷിക്കേണ്ട പ്രദേശത്തെ നിർദിഷ്ട സംരക്ഷിത വനമായി വിജ്ഞാപനം ചെയ്യുന്നതോടുകൂടി റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമം ആരംഭിക്കുന്നു. തുടർന്ന്, പ്രസ്തുത നിയമത്തിലെ സെക്ഷൻ 6 മുതലുള്ള വിവിധ ഘട്ടങ്ങൾക്കുശേഷം സെക്ഷൻ 19 പ്രകാരം നിർദിഷ്ട സംരക്ഷിത വനപ്രദേശം റിസർവ് വനമായി അന്തിമ വിജ്ഞാപനം ചെയ്യുന്നു.

കേരളത്തിൽ 3 കണ്ടൽക്കാടുകൾ ഇപ്രകാരം റിസർവ് വനമാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1. കാസർഗോഡ് - 54.695 ഹെക്ടർ

2. കണ്ണൂർ - 226 ഹെക്ടർ

3. തൃശ്ശൂർ (ഒരുമനയൂർ) –3.3853 ഹെക്ടർ

(ബി) വനനിയമപ്രകാരം പ്രൊപ്പോസ്ഡ് റിസർവ് വനമായി വിജ്ഞാപനം ചെയ്തിട്ടുള്ള കണ്ടൽക്കാടുകളുടെ വിസ്തീർണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

വനനിയമപ്രകാരം പ്രൊപ്പോസ്ഡ് റിസർവ് വനമായി വിജ്ഞാപനം

ചെയ്തിട്ടുള്ള കണ്ടൽക്കാടുകൾ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

1. എറണാകുളം(പുതുവൈപ്പ്) – 65.83 ഹെക്ടർ

2. തൃശ്ശൂർ (വെൺമനാട്) – 94.77 ഹെക്ടർ

3. കോഴിക്കോട് (ചെറുവണ്ണൂർ, കടലുണ്ടി, വള്ളിക്കുന്ന്, ഇരിങ്ങൽ)- 36.437 ഹെക്ടർ

4. കണ്ണൂർ (എരഞ്ഞോളി) - 2.0630 ഹെക്ടർ

തിരുവനന്തപുരം വനം ഡിവിഷനിലെ ജണ്ട നിർമ്മാണ അഴിമതി

107(4604) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ തിരുവനന്തപുരം വനം ഡിവിഷനിൽപ്പെട്ട പാലോട് റെയ്ഞ്ചിലെ ഇരുന്നൂറ്റിപ്പതിനെട്ട് ജണ്ടകളുടെ നിർമ്മാണച്ചെലവ് വഴിയുണ്ടായ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ ഈടാക്കാത്തതിനുള്ള കാരണം വെളിപ്പെടുത്തുമോ?

തിരുവനന്തപുരം വനം ഡിവിഷനിൽപ്പെട്ട റെയ്ഞ്ചിലെ ഇരുന്നൂറ്റിപ്പതിനെട്ട് ജണ്ടകളുടെ നിർമ്മാണച്ചെലവ് വഴിയുണ്ടായ നഷ്ടം ഉത്തരവാദികളായ

ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കിയിട്ടില്ല. നഷ്ടോത്തരവാദിത്വം തിട്ടപ്പെടുത്തി സർക്കാർ നഷ്ടം ഈടാക്കുന്നതിന് സർക്കിൾ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കുറ്റാരോപിതനായ ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം/കാറ്റഗറി മാറ്റം നൽകാനുള്ള നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നഗര വനപദ്ധതി

108(4605) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ എവിടെയെല്ലാമാണ് നഗര വനങ്ങൾ സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ ചുവടെ കൊടുക്കുന്ന സ്ഥലങ്ങളിൽ നഗരവനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

1. ദേവസ്വം ബോർഡ് ഹയർ സെക്കൻഡറി സ്കൂൾ, തകഴി.

2. ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ, മാവേലിക്കര.

3. എസ്. എൻ. സെൻട്രൽ സ്കൂൾ, കായംകുളം.

4. ബിഷപ്പ്മൂർ കോളേജ്, മാവേലിക്കര.

5. പോലീസ് സ്റ്റേഷൻ, ചേർത്തല.

6. സെന്റ് ആന്റണീസ് ഹൈസ്കൂൾ, കൊക്കോതമംഗലം.

7. ആംഡ് ഫോഴ്സസ് ഹെഡ്ക്വാർട്ടർ,ആലപ്പുഴ.

(ബി) നഗര വനപദ്ധതി പ്രകാരം ഏതെല്ലാം വൃക്ഷത്തൈകളാണ് നട്ടുപിടിപ്പിക്കുന്നതെന്നും അവയുടെ പരിപാലന ചുമതല ആർക്കെന്നും വിശദമാക്കുമോ?

നഗരവനം പദ്ധതി പ്രകാരം നട്ടുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+. നഗരവനം പദ്ധതി പ്രകാരം നട്ടുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ പരിപാലന ചുമതല അതത് സ്ഥാപനങ്ങൾക്കാണ്.

മന്ത്രിസഭയുടെ അംഗീകാരത്തോടെ വനം വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

109(4606) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ ധനകാര്യ വകുപ്പ് വിയോജിപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രേഖപ്പെടുത്തിയിട്ടും മന്ത്രിസഭയുടെ അംഗീകാരത്തോടെ വനം വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, പ്രവർത്തനങ്ങൾ, തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

നിലവിലെ സർക്കാർ ധനകാര്യ വകുപ്പ് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടും മന്ത്രിസഭയുടെ അംഗീകാരത്തോടെ എടുത്ത തീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) മേൽ സൂചിപ്പിച്ച ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റിമാർക്സ് എന്തായിരുന്നുവെന്ന് അറിയിക്കുമോ; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യതയുണ്ടായെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഊരിനുണർവ് കാടിനുണർവ് പദ്ധതി

110(4607) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി പ്രകൃതികളുടെ ഉന്നമനത്തിനായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രഖ്യാപിച്ചിരുന്ന 'ഊരിനൊണർവ് കാടിനൊണർവ്' പദ്ധതിയുടെ വിശദാംശം നൽകാമോ?

2014-ൽ അന്ന് നിലവിലുണ്ടായിരുന്ന സർക്കാരിന്റെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് നടപ്പിലാക്കിയ മിഷൻ 676 പദ്ധതിയുടെ ഭാഗമായി കാടിനകത്തുള്ള ആദിവാസി ഉന്നതിയുടെ ഉന്നമനത്തിനായി നടപ്പിലാക്കിയതാണ് ഊരിനൊണർവ് കാടിനൊണർവ് പദ്ധതി.

(ബി) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയിൽ നിലവിൽ പ്രവർത്തനങ്ങളൊന്നും നടന്നുവരുന്നില്ല. ആദിവാസി ഉന്നതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രസ്തുത പദ്ധതിയിൽ കൂടിവെള്ള ലഭ്യത, യാത്രാസൗകര്യം മെച്ചപ്പെടുത്തൽ, വീടുകളുടെ അറ്റകുറ്റപ്പണി, വൈദ്യുതീകരണം, ആരോഗ്യ കാര്യങ്ങൾ, വിദ്യാഭ്യാസ ഉന്നമനം, സാമൂഹിക ആവശ്യങ്ങൾക്കുള്ള കേന്ദ്രം, ജൈവ പച്ചക്കറി പ്രോത്സാഹനം, കന്നുകാലിവളർത്തൽ പ്രോത്സാഹനം, തേനീച്ച വളർത്തൽ, തൊഴിൽ പരിശീലനം, വന്യമൃഗശല്യ പ്രതിരോധ പ്രവർത്തനം തുടങ്ങി വിവിധ മേഖലകളിലുള്ള പ്രവൃത്തികളായിരുന്നു ഉദ്ദേശ്യ ലക്ഷ്യം.

(സി) പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു+.

പാമ്പ് വിഷബാധ ജീവഹാനി രഹിത കേരളം പദ്ധതി

111(4608) ശ്രീമതി ശാന്തകുമാരി കെ.:താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പ് നടപ്പിലാക്കുന്ന പാമ്പ് വിഷബാധ ജീവഹാനി രഹിത കേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധ്യക്ഷനായ സംസ്ഥാന വന്യജീവി ബോർഡിന്റെ 23-10-2024-ന് നടന്ന നാലാമത് മീറ്റിങ്ങിൽ "പാമ്പ് വിഷബാധ ജീവഹാനി രഹിത കേരളം" എന്ന പദ്ധതിക്ക് അംഗീകാരം നൽകി. സംസ്ഥാനത്ത് വ്യാപകമായി ചർച്ച ചെയ്യപ്പെടുന്ന, വന്യജീവി സംഘർഷങ്ങൾ മൂലമുള്ള മരണങ്ങളിൽ ഭൂരിഭാഗവും പാമ്പുകടിയേറ്റുള്ള മരണങ്ങളാണ് എന്നതാണ് ഇത്തരത്തിൽ ഒരു പദ്ധതിക്ക് പ്രേരണയായത്. പാമ്പുകൾമൂലമുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി 2020 ആഗസ്റ്റിലാണ് വനം വകുപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രമങ്ങളാരംഭിച്ചത്. അതിന്റെ ഭാഗമായി പാമ്പുകളെ പിടിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ അംഗീകരിച്ച് നടപ്പിൽവരുത്തുകയും മാർഗനിർദേശങ്ങൾ പാലിച്ച് സുരക്ഷിതമായി റെസ്ക്യൂ ചെയ്യുന്നതിനുള്ള പരിശീലനം വോളന്റിയർമാർക്കായി സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിക്കുകയും SARPA എന്ന മൊബൈൽ ആപ്ലിക്കേഷൻ രൂപകല്പന ചെയ്യുകയും ചെയ്തു. ഈ ഉദ്യമങ്ങളിലൂടെ 2019-ൽ പാമ്പുകടിയേറ്റ് 123 മരണങ്ങളുണ്ടായ അവസ്ഥയിൽനിന്നും 2024-ൽ 30 മരണങ്ങളായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും പാമ്പുകടിമൂലമുള്ള മരണം പൂർണ്ണമായും ഒഴിവാക്കുന്നതിന് നിരവധി വകുപ്പുകളുടെ ഏകോപനവും സജീവമായ ഇടപെടലും ആവശ്യമാണ്. ഈ ആശയം മുൻനിർത്തിയാണ് "പാമ്പ് വിഷബാധ ജീവഹാനി രഹിത കേരളം" എന്ന പദ്ധതിക്ക് തുടക്കംകുറിച്ചത്. പാമ്പ് വിഷബാധയേറ്റുള്ള മരണങ്ങൾ അഞ്ചുവർഷംകൊണ്ട് പൂർണ്ണമായും ഇല്ലാതാക്കുക, ആദ്യ രണ്ടു വർഷത്തിൽ മരണനിരക്ക് നിലവിലുള്ളതിന്റെ പകുതിയായി കുറയ്ക്കുക എന്നതാണ് പദ്ധതി ലക്ഷ്യംവയ്ക്കുന്നത്. SDMA, വനം, ആരോഗ്യം, തദ്ദേശ സ്വയംഭരണം, റവന്യൂ, മൃഗസംരക്ഷണം, വിദ്യാഭ്യാസം എന്നീ വകുപ്പുകളാണ് ഈ ലക്ഷ്യപ്രാപ്തിക്കായുള്ള പ്രധാന സഹായക വകുപ്പുകൾ. 23-10-2024-ന് ചേർന്ന സംസ്ഥാന വന്യജീവി ബോർഡ്

യോഗം പദ്ധതി അംഗീകരിക്കുകയും മറ്റു വകുപ്പുകളുമായി സഹകരിച്ച് കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ സംസ്ഥാന വന്യജീവി ബോർഡ് മെമ്പർ സെക്രട്ടറി കൂടിയായ ചീഫ് വൈൽഡ് ലൈഫ് വാർഡനെ അധികാരപ്പെടുത്തുകയും ചെയ്തു.

(ബി) പാമ്പുകളെ പിടികൂടുന്നതിന് ഇതുവരെ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് പാമ്പിനെ പിടികൂടുന്നതിനുള്ള ലൈസൻസ് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

പാമ്പുകളെ പിടികൂടുന്നതിന് ഇതുവരെ 5343 പേർക്ക് പരിശീലനം നൽകുകയും അതിൽ 3072 പേർക്ക് പാമ്പിനെ പിടികൂടുന്നതിനുള്ള ലൈസൻസ് നൽകുകയും ചെയ്തിട്ടുണ്ട്.

ഹാജിയാർ പള്ളിയിൽ വനംവകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലെ പദ്ധതികൾ

112(4609) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ ഹാജിയാർ പള്ളിയിൽ വനംവകുപ്പിന്റെ അധീനതയിലുള്ള ഒരു ഹെക്ടർ ഭൂമിയിൽ ആരംഭിക്കാൻ

ഉദ്ദേശിക്കുന്ന പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ബൊട്ടാണിക്കൽ ഗാർഡൻ, ഇക്കോ പാർക്ക്, ഇക്കോ ഷോപ്പ്, ബട്ടർഫ്ലൈ പാർക്ക്, ബാംബൂ സെറ്റം എന്നിവ ആരംഭിക്കുന്നതിന് തുക വകയിരുത്തിയിട്ടും പദ്ധതി വൈകുന്നതിലെ കാരണം വ്യക്തമാക്കാമോ;

(സി) ഫണ്ടിന്റെ അപര്യാപ്തത പരിഹരിച്ച് പ്രസ്തുത പദ്ധതികൾ യാഥാർഥ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

(എ-സി) മലപ്പുറം നിയോജകമണ്ഡലത്തിലെ ഹാജിയാർ പള്ളിയിൽ വനം വകുപ്പിന്റെ അധീനതയിലുള്ള ഒരു ഹെക്ടർ ഭൂമിയിൽ ചിത്രശലഭ ഉദ്യാനം, ബാംബൂ സെറ്റം, ജൈവവൈവിധ്യപാർക്ക് തുടങ്ങിയവ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് സാമൂഹ്യ വനവൽകരണ വിഭാഗം ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന "കൽപ്പതരു" എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രവൃത്തികൾ, കേന്ദ്രസർക്കാരിന്റെ "നഗരവാടിക" എന്ന പദ്ധതിയിൽക്കൂടി ഉൾപ്പെടുത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ഇതിലേക്കായി ഫണ്ട് നിലവിൽ ലഭ്യമായിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക്

പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്.

വൻ ധൻ വികാസ് കേന്ദ്രങ്ങൾ

113(4610) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ എത്ര വൻ ധൻ വികാസ് കേന്ദ്രങ്ങൾ (വി.ഡി.വി.കെ.) രൂപീകരിച്ചിട്ടുണ്ടെന്നും ഇതിനായി അനുവദിച്ച തുകയും നടന്ന പ്രവർത്തനങ്ങളും വിശദമാക്കാമോ?

സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ 20 വന വികസന ഏജൻസികളുടെ നേതൃത്വത്തിൽ 31 VDVK-കൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനായി 402.25 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ച്, 201.125 ലക്ഷം രൂപ സംസ്ഥാന വന വികസന ഏജൻസിക്ക് ഒന്നാം ഗഡുവായി അനുവദിച്ചിട്ടുണ്ട്. തുക പൂർണ്ണമായും പദ്ധതി നടത്തിപ്പിനായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

വനാശ്രിത ഗോത്ര സമൂഹത്തിന് ശാസ്ത്രീയമായ വനവിഭവ സംസ്കരണം, മൂല്യവർധനവ് എന്നിവയിൽ പരിശീലനം നൽകുന്നതോടൊപ്പം ആവശ്യമായ യന്ത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനുള്ള സഹായവും ഈ പദ്ധതി വഴി നൽകുന്നു. VDVK അംഗങ്ങളായ 8138 വനാശ്രിതർക്ക്

പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. നാളിതുവരെ 60-ൽപരം മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തിയതിലൂടെ 50.34 ലക്ഷം രൂപയുടെ വാർഷിക വിറ്റുവരവ് നേടുന്നതിന് വൻ ധൻ വികാസ് കേന്ദ്രങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത കേന്ദ്രങ്ങൾ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ടെന്നും ഏതെല്ലാം പദ്ധതികൾ ഓരോ സ്ഥലത്തും നടപ്പാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ 7 വൻ ധൻ വികാസ് കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

2016 മുതൽ ആരംഭിച്ച ഫോറസ്റ്റ് സ്റ്റേഷനുകൾ

114(4611) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കേരളത്തിൽ പുതുതായി എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2016 മുതൽ നാളിതുവരെ വനം വകുപ്പ് ഡിപ്പോകളിൽ നിന്നും എത്രകോടി രൂപയുടെ മരങ്ങളാണ് വില്പന നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

1914.6475 കോടി രൂപയുടെ മരങ്ങളാണ് വില്പന നടത്തിയിട്ടുള്ളത്.

വിനോദസഞ്ചാരികളെ വനങ്ങളിലേയ്ക്ക് ആകർഷിക്കാൻ നടപടി

115(4612) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളെ വനങ്ങളിലേക്ക് ആകർഷിക്കുന്നതിനായി വനം വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വനം വികസന കോർപ്പറേഷൻ പ്രധാനമായി അതിന്റെ കീഴിലുള്ള വനഭൂമിയിലെ നാണ്യവിള തോട്ടങ്ങളിലും വനവിളത്തോട്ടങ്ങളിലും സമീപ വനഭൂമിയിലും മാത്രമാണ് ഇക്കോടൂറിസം നടത്തുന്നത്. വനങ്ങളിലെ ഇക്കോ ടൂറിസം വനം വകുപ്പാണ് നടപ്പിലാക്കുന്നത്. നിലവിൽ അരിപ്പ (തിരുവനന്തപുരം), ഗവി (പത്തനംതിട്ട), വാഗമൺ, മീശപുലിമല (മൂന്നാർ -ഇടുക്കി), പകുതിപാലം

(നെല്ലിയാമ്പതി-പാലക്കാട്) എന്നിവിടങ്ങളിലായി 5 ഇക്കോ ടൂറിസം കേന്ദ്രങ്ങൾ കേന്ദ്ര സർക്കാർ അംഗീകരിച്ച മാനേജ്മെന്റ് പ്ലാൻ അടിസ്ഥാനത്തിൽ വനമേഖലയിൽ കെ.എഫ്.ഡി.സി. നടത്തിവരുന്നു. ടൂറിസം പ്രോഗ്രാമിന്റെ ഭാഗമായി താമസ സൗകര്യം ഗൈഡഡ് ട്രക്കിങ്, ഭക്ഷണം, സഫാരി എന്നിവ ഗസ്റ്റിന് നൽകിവരുന്നുണ്ട്. ബുക്കിങ്ങിനായി www.kfdcecotourism.com എന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

വയനാട് ജില്ലയിലെ മാനന്തവാടി കമ്പമല തേയില തോട്ടത്തിൽ ഇക്കോ ടൂറിസം നടത്തുന്നതിന് കെട്ടിടം, ടെന്റ് തുടങ്ങിയ സൗകര്യങ്ങൾ ഉള്ളതാണ്. എന്നാൽ എസ്റ്റേറ്റിൽ മാവോയിസ്റ്റ് സംഘം വന്നുപോകുന്നത് ടൂറിസം നടത്തുന്നതിന് ഭീഷണി ഉയർത്തിയിരുന്നതിനാൽ നിർത്തിവച്ചത് പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ചെറുതോണിക്ക് സമീപത്തായി മണിയാറൻ കുടിയിലെ കുട്ടക്കുഴി കാപ്പി തോട്ടത്തിൽ പുതുതായി ഇക്കോ ടൂറിസം നടത്തുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതാണ്. പദ്ധതി തുടങ്ങുന്നതിനു ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

നെല്ലിയാമ്പതിയിൽ വിള ശേഖരണത്തിനായി വനം വകുപ്പ് കൈമാറിയിട്ടുള്ള മീര ഫ്ലോറിസ് എസ്റ്റേറ്റിൽ (196 ha) അടഞ്ഞുകിടക്കുന്ന

കെട്ടിടങ്ങളിൽ ടൂറിസം നടത്തുന്നതിന് അനുമതി തേടിക്കൊണ്ടുള്ള പ്രൊപ്പോസൽ പരിശോധനയിലാണ്.

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ പരിസ്ഥിതിക്കും പ്രകൃതിക്കുമിണങ്ങുന്ന തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

KFDC-യുടെ ഇക്കോ ടൂറിസം പദ്ധതികളുമായി ബന്ധപ്പെട്ട് നടത്തുന്ന നിർമ്മാണ പ്രവൃത്തികളെല്ലാംതന്നെ പരിസ്ഥിതിക്കും പ്രകൃതിക്കും ഇണങ്ങുന്ന തരത്തിലാണ് നടത്തുന്നത്. പഴയ കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ മാത്രം നടത്തി പുനരുദ്ധരിച്ചുകൊണ്ടും താത്കാലിക ടെന്റുകളുമാണ് സന്ദർശകർക്ക് താമസത്തിനായി ഒരുക്കുന്നത്. കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുകയോ ഭൂപ്രകൃതിക്ക് യാതൊരു വിധ മാറ്റമോ വരുത്തുന്നില്ല.

(സി) ഈ പദ്ധതികളുടെ നടത്തിപ്പുമായി സഹകരിക്കുന്നത് ഏതെല്ലാം ഏജൻസികളാണെന്നും ഇതിനായി ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ടൂറിസം കെട്ടിടങ്ങളുടെ പുനരുദ്ധാരണം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, കേരള പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (KPHCC), നിർമിതി കേന്ദ്രം എന്നിവ വഴി

അരിപ്പ, ഗവി, മീശപ്പുലിമല, കമ്പമല എന്നിവിടങ്ങളിൽ നിർവഹിച്ചിട്ടുണ്ട്. ഗവി ഡിവിഷന്റെ കീഴിലുള്ള വാഗമൺ ഹിൽസ് ഗാർഡന്റെ വിപുലീകരണത്തിനായി വിശദമായ പ്രോജക്ട് (DPR) തയ്യാറാക്കുന്നതിനായി ക്യാപിറ്റൽ എഞ്ചിനീയറിങ് കൺസൾട്ടൻസി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്.

സ്റ്റാഫിന്റെയും തൊഴിലാളികളുടെയും ട്രെയിനിങ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (KITTS) എന്ന സ്ഥാപനം വഴി നിർവഹിച്ചിട്ടുണ്ട്. ഇക്കോ ടൂറിസം വെബ്സൈറ്റ് വെബ്29.കോം, ശ്യാം ഫ്യൂച്ചർ ടെക്; കൊൽക്കത്ത എന്നി സ്ഥാപനങ്ങൾ വഴി നടത്തിപ്പും പുനരുദ്ധാരണവും ചെയ്തിട്ടുണ്ട്.

വിവിധ ട്രാവൽ ഏജൻസികൾ, തേക്കടി ടൂറിസം പ്രൊമോഷൻ കൗൺസിൽ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിൽ സഹകരിക്കുന്നു. വനം വകുപ്പ്, സംസ്ഥാന വനം വികസന ഏജൻസി, ഇക്കോ ടൂറിസം ഡയറക്ടറേറ്റ് എന്നിവ ധനസഹായം, അനുമതികൾ, സഹകരണം എന്നിവ നൽകുന്നു.

വനം ടൂറിസം പദ്ധതികൾ

116(4613) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനം ടൂറിസം പദ്ധതികളും അവയുടെ വിശദാംശവും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഇക്കോ ടൂറിസം സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) വനം ടൂറിസം വിപുലപ്പെടുത്തുന്നതിനായി കഴിഞ്ഞ പത്ത് വർഷം സ്വീകരിച്ച നടപടികൾ അറിയിക്കാമോ; വിശദമാക്കാമോ?

സംസ്ഥാനത്തെ ഇക്കോടൂറിസം കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ പത്ത് വർഷമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1) സംസ്ഥാനത്തെ എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ പണമിടപാടുകൾ പൂർണമായും ഓൺലൈനിലേക്ക് മാറ്റുകയും കൂടാതെ വിനോദസഞ്ചാരികൾക്ക് ഓൺലൈൻ ഇടപാടുകൾ സുഗമമാക്കുന്നതിനുവേണ്ടി എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും POS മെഷീനുകൾ സ്ഥാപിക്കുകയും ചെയ്തു.

2) ഇക്കോ ടൂറിസം സെന്ററുകളിലേക്കുള്ള റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തി വിനോദ സഞ്ചാരികൾക്ക് സുഗമമായ യാത്ര സൗകര്യം ഒരുക്കിയിട്ടുണ്ട്.

3) ഇക്കോടൂറിസം കേന്ദ്രങ്ങളിലേക്കുള്ള വിനോദ സഞ്ചാരികളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർധനവിനനുസരിച്ച് നിലവിലുള്ള കുടിവെള്ള സൗകര്യങ്ങൾക്കും ടോയ്ലെറ്റ് സൗകര്യങ്ങൾക്കും പുറമെ കൂടുതൽ ടോയ്ലെറ്റുകളും കുടിവെള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

4) പ്ലാസ്റ്റിക് തുടങ്ങിയ മാലിന്യങ്ങൾ അലക്ഷ്യമായി ഉപേക്ഷിക്കുന്നത് തടയുവാൻ ബോധവൽകരണ ബോർഡുകളും മുന്നറിയിപ്പ് ബോർഡുകളും കൂടുതൽ വേസ്റ്റ് ബിന്നുകളും സ്ഥാപിക്കുകയും നിരീക്ഷണത്തിനായി കൂടുതൽ CCTV ക്യാമറകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

വിവിധ വനം ഡിവിഷനുകളിൽ നടത്തിയ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം ഡിവിഷന് കീഴിലെ പൊൻമുടി ഇക്കോടൂറിസം കേന്ദ്രത്തിലെത്തുന്ന സഞ്ചാരികൾക്കായി 3-D തീയറ്റർ, കുളത്തുപ്പുഴ വന മ്യൂസിയത്തിൽ കളരി ഓഡിറ്റോറിയം, ടിമ്പർ മ്യൂസിയം, ഓഗ്മെന്റഡ് റിയാലിറ്റി ഷോ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനത്തോടുകൂടിയ വർച്വൽ ഷോ, ടൈബൽ ഹട്ട് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കുളത്തുപ്പുഴ മ്യൂസിയത്തിൽ സന്ദർശകർക്കായി കഫറ്റീരിയയും വനോൽപന്നങ്ങൾ വിൽക്കുന്ന വനശ്രീ ഇക്കോഷോപ്പും പ്രവർത്തിച്ചുവരുന്നു.

2. കോന്നി ഇക്കോ ടൂറിസം സെന്ററിൽ FDA ഫണ്ടുപയോഗിച്ച് 3D-തീയറ്റർ, എലിഫന്റ് മ്യൂസിയം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അടവി ഇക്കോടൂറിസത്തിന്റെ ഭാഗമായ പേരുവാലിയൽ ആരണ്യകം കഫേ പുനർനിർമ്മിച്ചിട്ടുണ്ട്.

3. മൂന്നാർ ഡിവിഷനിലെ ചൊക്രമുടിയിൽ Bison Trail Trekking എന്ന ട്രക്കിങ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്.

4. നിലമ്പൂർ നോർത്ത് ഡിവിഷനിലെ ചാലിയാർ വ്യൂ ഇക്കോ ടൂറിസം കേന്ദ്രത്തിന്റെ Old DFO Bungalow-ന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും കനോലി ഇക്കോ ടൂറിസം കേന്ദ്രത്തിൽ ചാലിയാർ പുഴയ്ക്ക് കുറുകെ ഉണ്ടായിരുന്ന പ്രളയത്തിൽ നശിച്ച തൂക്കുപാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

5. മണ്ണാർക്കാട് ഡിവിഷന് കീഴിലെ ശിരുവാണി ഇക്കോ ടൂറിസം സെന്റർ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പുനരാരംഭിച്ചിട്ടുണ്ട്.

6. ധോണി ഇക്കോടൂറിസത്തിന്റെ ഭാഗമായി ധോണിയിലുള്ള കവറക്കുന്ന് ബംഗ്ലാവ് നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പൊതു ജനങ്ങൾക്ക് താമസത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്.

7. നെന്മാറ ഡിവിഷനിലെ കേശവൻപാറ ഇക്കോ ടൂറിസത്തിന് കീഴിൽ സർക്കാർ ഏറ്റെടുത്ത റോസറി, ഇത്തംപാറ എന്നീ എസ്റ്റേറ്റ് ബംഗ്ലാവുകൾ കേന്ദ്രീകരിച്ച് Paid Nature Study Centre ആരംഭിച്ചിട്ടുണ്ട്.

8. സൗത്ത് വയനാട് ഡിവിഷന് കീഴിൽ ആനച്ചോല കാറ്റുകുന്ന് ട്രക്കിങ് പുതുതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

9. പെരിയാർ ഈസ്റ്റ് ഡിവിഷനിലെ തേക്കടിയിൽ നിലവിലുള്ള 13 ഇക്കോടൂറിസം പരിപാടികൾ തുടരുന്നതോടൊപ്പം പെരിയാർ ക്രൂയിസ്, ഇടപ്പാളയം നൈറ്റ്സ്, ബഗ്ഗി സഫാരി എന്നീ 3 പുതിയ ഇക്കോ ടൂറിസം പരിപാടികൾ ആരംഭിച്ചിട്ടുണ്ട്.

10. മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന് കീഴിൽ ഇരവികുളം ദേശീയോദ്യാനത്തിന്റെ ദൃശ്യഭംഗി ആസ്വദിക്കാവുന്ന 360 ഡിഗ്രി വീഡിയോ ദൃശ്യാവിഷ്കാരമുള്ള ഒരു വർച്വൽ റിയാലിറ്റി സെന്റർ, വിശാലമായ പാർക്കിങ് സൗകര്യം, സുവനീർ ഷോപ്പ്, ലഘു ഭക്ഷണശാലകൾ, പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനും ഭിന്നശേഷി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഗോൾഫ് കാർട്ട് ഇലക്ട്രിക് വാഹന സഫാരി, ഭിന്നശേഷി സൗഹൃദ ശുചിമുറി, കാഴ്ച പരിമിതർക്കായുള്ള ബ്രയിൽ

ലിപിയിലുള്ള ബ്രോഷറുകൾ, കേൾവി പരിമിതർക്ക് ആംഗ്യ ഭാഷയിലുള്ള വീഡിയോ തുടങ്ങിയ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

11. ഇടുക്കി ഡിവിഷനിലെ ഇടുക്കി വന്യജീവി സങ്കേതത്തിൽ 10, 19 വാഹകശേഷിയുള്ള രണ്ട് പുതിയ ബോട്ടുകൾ വാങ്ങുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. തോട്ടേക്കാട്ടു പക്ഷി സങ്കേതത്തിൽ വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും വേണ്ടി ബാറ്ററിയിൽ പ്രവർത്തിക്കുന്ന ബഗ്ഗികാർ സൗകര്യം ഏർപ്പെടുത്തുകയും പുതിയതായി സിലോൺ ഫ്രോഗ് മൗത്ത് നേച്ചർ ട്രേയിൽ ആരംഭിച്ചിട്ടുമുണ്ട്.

12. പീച്ചി ഡിവിഷന് കീഴിലെ ചിമ്മിനി ഇക്കോടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടമായി MLA ഫണ്ടിൽ നിന്ന് ഭരണാനുമതി ലഭിച്ച 50 ലക്ഷം രൂപയ്ക്ക് Toilet block, signage board, കുടിവെള്ള പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചൂലന്നൂർ മയിൽ സങ്കേതത്തിൽ "Revamping Chulannur Ecotourism under Peechi FDA" എന്ന പദ്ധതിക്ക് ഇക്കോ ടൂറിസം ക്ലിയറിങ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതും ചൂലന്നൂർ മയിൽ മ്യൂസിയം നിർമ്മാണം നടന്നുവരുന്നതുമാണ്.

13. പറമ്പിക്കുളം കടുവാ സങ്കേതത്തിൽ ഇക്കോടൂറിസ വികസനത്തിനായി പുതുതായി 2 പേർക്ക് താമസിക്കാവുന്ന ടിമ്പർ ന്യക്ക് എന്ന പാക്കേജും 2 പേർക്ക് താമസിക്കാവുന്ന മൂന്ന് ടെന്റഡ് റ്റസ്റ്റ് പാക്കേജും ബൈസൈക്കിൾ റൈഡും ആരംഭിച്ചിട്ടുണ്ട്.

14. അഗസ്ത്യവനം ബൈയോളജിക്കൽ പാർക്ക് (ABP) സർക്കിളിന് കീഴിലെ കോട്ടൂർ ആന പുനരധിവാസ കേന്ദ്രം പൂർണ്ണ സജ്ജമാക്കി നാടിന് സമർപ്പിക്കുകയും കോട്ടൂർ മുതൽ കാപ്പുകാട് വരെയുള്ള റോഡ് നവീകരിച്ച് സഞ്ചാരയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. കോട്ടൂർ ABP റെയ്ഞ്ചിൽ ഇക്കോടൂറിസം വിപുലീകരിക്കുന്നതിനും സഞ്ചാരികൾക്ക് കൂടുതൽ സൗകര്യപ്രദമായും അപകടരഹിതമായും ബോട്ട് യാത്ര നടത്തുന്നതിനും കാപ്പുകാടിൽ പുതിയ ബോട്ട് ജെട്ടി നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഇക്കോ ടൂറിസം പദ്ധതി

117(4614) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപ്പഞ്ചായത്തിലെ പുതുവൈപ്പ്, വളപ്പ് ബീച്ചുകളിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി

എറണാകുളം സോഷ്യൽ ഫോറസ്റ്റ് ഡിവിഷൻ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

(എ & ബി) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ പുതുവൈപ്പ്, വളപ്പ് ബീച്ചുകളിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി എറണാകുളം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ 48 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഇക്കോ ടൂറിസം ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം അടങ്കൽ തുക 30 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ എറണാകുളം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് പ്രോജക്ട് നടപ്പിലാകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

ഫോറസ്റ്റ് റെയ്ഞ്ചർ തസ്തികകൾ

118(4615) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ വനം വകുപ്പിൽ എത്ര ഫോറസ്റ്റ് റെയ്ഞ്ചർ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്; പ്രസ്തുത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ 14 റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. അതിൽ 4 റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ പ്രൊമോഷൻ തസ്തികയുടെ വിഭാഗത്തിൽപ്പെടുന്നവയാണ്. ബാക്കിയുള്ള 10 തസ്തികകൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

റാപ്പിഡ് റെസ്പോൺസ് സംഘത്തിന് അമിത ജോലിഭാരം

119(4616) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ശല്യം തടയാൻ വനംവകുപ്പിൽ രൂപീകരിച്ച റാപ്പിഡ് റെസ്പോൺസ് സംഘത്തിന് അമിത ജോലിഭാരംമൂലം ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ കാലയളവുകളിൽ റാപ്പിഡ്

റെസ്പോൺസ് ടീം (ആർ.ആർ.ടി.) വിന്യസിച്ചിട്ടുണ്ട്. 31-05-2024-ലെ സ.ഉ. (കൈ)നം. 23/2024/വനം പ്രകാരം രൂപീകരിച്ച ഒൻപത് ആർ.ആർ.ടി.-കൾ ഉൾപ്പെടെ വനം വകുപ്പിൽ സംസ്ഥാനത്ത് നിലവിൽ 28 ആർ.ആർ.ടി.-കൾ ആണ് പ്രവർത്തിക്കുന്നത്. പുതുതായി രൂപീകരിച്ച ഒൻപത് ആർ.ആർ.ടി.-കളിൽ ഓരോന്ന് വീതം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് ഡ്രൈവർ, പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ആകെയുള്ള 28 ആർ.ആർ.ടി.-കളിൽ ചിലതിൽ ആവശ്യമായ തസ്തികകൾ നിലവിലില്ലായിരുന്നു. എന്നാൽ 12-12-2024-ലെ സ.ഉ.(സാധാ) നം. 519/2024/വനം പ്രകാരം പ്രകാരമുള്ള ആർ.ആർ.ടി.-കളിലേക്ക് ആവശ്യമായ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് വാച്ചർ എന്നീ തസ്തികകൾ പുനർവിന്യസിച്ചും ജോലി ക്രമീകരണ വ്യവസ്ഥയിലും ജീവനക്കാരെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് അധിക ചുമതല നൽകിയും ആർ.ആർ.ടി.-കളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

(ബി) റാപ്പിഡ് റെസ്പോൺസ് ടീമിന്റെ അംഗബലം ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വനം വകുപ്പിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന 28 ആർ.ആർ.ടി.-കളിൽ എട്ട് ആർ.ആർ.ടി.-കളിലാണ് ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സ്ഥിരം തസ്തികകൾ ഉണ്ടായിരുന്നത്. ബാക്കിയുള്ള 20 ആർ.ആർ.ടി.-കളിൽ തൊട്ടടുത്ത ഫോറസ്റ്റ് സ്റ്റേഷനിലെ/ഡിപ്പോയിലെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് അധിക ചുമതലയാണ് നൽകിയിരിക്കുന്നത്. ആർ.ആർ.ടി.-കളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി പോസ്റ്റ് അപ്ഗ്രഡേഷനിലൂടെ 20 ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

വനംവകുപ്പിന് കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ

120(4617) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം വകുപ്പിന് കീഴിൽ നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, തസ്തിക, കൈപ്പറ്റുന്ന വേതനം എന്നിവയുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനം വകുപ്പിലെ ജീവനക്കാർ

121(4618) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനം വകുപ്പിൽ എത്ര സ്ഥിരം, താൽക്കാലിക, കരാർ ജീവനക്കാരുണ്ട്; തസ്തിക, ജില്ല എന്നിവ തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ?

വനം വകുപ്പിൽ ജോലി നോക്കുന്ന സ്ഥിരം, താൽക്കാലിക, കരാർ ജീവനക്കാരുടെ തസ്തിക, ജില്ല എന്നിവ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) കഴിഞ്ഞ വർഷം കേന്ദ്ര സർക്കാരിൽ നിന്നും വകുപ്പിന് എത്ര തുക സാമ്പത്തിക സഹായം ലഭിച്ചിരുന്നുവെന്നതിന്റെ കണക്കുകൾ ലഭ്യമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തിൽ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര വിഹിതമായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) വനം വകുപ്പിൽ മറ്റ് വകുപ്പുകളിൽ നിന്നും എത്ര ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നു എന്നതിന്റെ കണക്കുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കാമോ?

മറ്റ് വകുപ്പുകളിൽ നിന്നും ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ ഉൾപ്പെടെ ഏഴ് ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വനം വകുപ്പിൽ ജോലി ചെയ്യുന്നുണ്ട്.

(ഡി) വനംവകുപ്പിൽ നിന്നും എത്ര ജീവനക്കാർ മറ്റ വകുപ്പുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട് എന്നതിന്റെ കണക്കുകൾ ലഭ്യമാക്കാമോ?

വനം വകുപ്പിൽ നിന്നും 33 ജീവനക്കാർ (ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ ഉൾപ്പെടെ) മറ്റ വകുപ്പുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്.

അനുമതി ഇല്ലാതെ മുറിച്ച മരങ്ങളുടെ എണ്ണം

122(4619) ശ്രീ. എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ കേരളത്തിലെ വിവിധ വനം റേഞ്ചുകളിൽ നിന്നും മൊത്തം എത്ര ഈട്ടി, തേക്ക്, എബണി, ചന്ദനം എന്നീ മരങ്ങൾ മുറിച്ചു മാറ്റിയെന്ന് വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കേരളത്തിലെ വിവിധ വനം റേഞ്ചുകളിൽ നിന്നും മുറിച്ച് മാറ്റിയ ഈട്ടി, തേക്ക്, എബണി, ചന്ദനം എന്നീ

മരങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

തേക്ക് - 642492

ഈട്ടി – 22549

എബണി – 0

ചന്ദനം - 15277

(ബി) പ്രസ്തുത കാലയളവിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടിയും അനുമതി ഇല്ലാതെയും മുറിച്ച മരങ്ങളുടെ എണ്ണം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

പ്രസ്തുത കാലയളവിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടിയും അനുമതി ഇല്ലാതെയും മുറിച്ച മരങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

അനുമതിയോടെ മുറിച്ചവ – 675160

അനുമതി ഇല്ലാതെ മുറിച്ചവ – 5158

ഫോറസ്റ്റി വർക്കുകൾക്കുള്ള കോൺട്രാക്ട് സിസ്റ്റം

123(4620) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ ഫോറസ്റ്റി വർക്കുകൾക്ക് കോൺട്രാക്ട് സിസ്റ്റം

ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സർക്കാരിന്റെ 20-05-2017-ലെ G.O.(Ms) No.26/2017/F&WLD നമ്പർ ഉത്തരവ് പ്രകാരം വനം വകുപ്പിലെ ഫോറസ്ട്രി വർക്കുകൾക്ക് കോൺട്രാക്ട് സിസ്റ്റം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു+.

(ബി) കോൺട്രാക്ട് സിസ്റ്റം നിലവിൽ വന്നതിനുശേഷം ഫോറസ്ട്രി വർക്കുകളുടെ കോൺട്രാക്ട് കരാറിലേർപ്പെട്ട വിരമിച്ച വനം വകുപ്പ് ജീവനക്കാരുടെ പേര് വിവരവും പ്രവൃത്തികളുടെ അടങ്കൽ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ?

കോൺട്രാക്ട് സിസ്റ്റം നിലവിൽ വന്നതിനുശേഷം ഫോറസ്ട്രി വർക്കുകളുടെ കോൺട്രാക്ട് കരാറിലേർപ്പെട്ട വിരമിച്ച വനം വകുപ്പ് ജീവനക്കാരുടെ പേര് വിവരവും പ്രവൃത്തികളുടെ അടങ്കൽ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു+.

(സി) ഇത്തരം പ്രവൃത്തികൾ സർക്കാർ ജീവനക്കാരൻ വിരമിച്ച് രണ്ടു വർഷത്തിനകം ഏറ്റെടുക്കുന്നതിന് നിലവിലെ സർവീസ് ചട്ടപ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണോയെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് സർവീസ് ചട്ട പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുള്ളതായി കാണുന്നില്ല. സർക്കാരിന്റെ നിർദ്ദേശ പ്രകാരം വനം വകുപ്പിലെ ജോലികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ലൈസൻസ് നൽകുന്നതിൽനിന്നും വനം വകുപ്പിൽനിന്നും വിരമിച്ച ജീവനക്കാരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. എന്നിരുന്നാലും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ സർവീസിൽ നിന്നും വിരമിച്ച ചില ജീവനക്കാർ ഇത്തരം പ്രവൃത്തികൾ ചെയ്യുവരുന്നു.

കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

124(4621) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

തടിയുടേയും നാണ്യ വിളകളുടേയും ഉൽപാദനവും വില്പനയും ഇക്കോ ടൂറിസം പ്രവർത്തനം എന്നിവയാണ് കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രധാന പ്രവർത്തനങ്ങൾ.

(ബി) മൂന്നാർ കെ.എഫ്.ഡി.സി. ഓഫീസിനുകീഴിൽ 2021-22 വർഷം മുതൽ

നാളിതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങളും ഇതിനായി ചെലവഴിച്ച തുകയും വർഷം തിരിച്ച് വിശദമാക്കാമോ?

മൂന്നാർ ഡിവിഷന് കീഴിൽ ഇക്കോ ടൂറിസത്തിന്റെ ഭാഗമായി താമസസൗകര്യം ഒരുക്കുന്ന റോഡോമാൻഷന്റെയും ബേസ് ക്യാമ്പിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 14-09-2023-ലെ G.O(RT)No. 471/2023/TSM ഉത്തരവ് പ്രകാരം, 32 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. ടൂറിസം വകുപ്പിന്റെ 19-10-2023-ലെ ET/140/2023 നമ്പർ ഉത്തരവ് പ്രകാരം 12,80,000/- രൂപ ലഭിച്ചിട്ടുള്ളതുമാണ്. ബാക്കി 19,20000/- രൂപ ലഭിക്കാനുണ്ട്. മേൽ പ്രവൃത്തികൾ അക്രഡിറ്റഡ് സ്ഥാപനമായ കേരള പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (KPHCC) മുഖേന പൂർത്തീകരിച്ചിട്ടുള്ളതാണ്. മാങ്കുളം സബ് യൂണിറ്റ് ഓഫീസും അനുബന്ധ കെട്ടിടങ്ങളും 2023-24 വർഷം 24 ലക്ഷം രൂപ ചെലവഴിച്ച് കേരള ഹൗസിങ് ബോർഡ് മുഖേന പുനരുദ്ധരിച്ചിട്ടുള്ളതാണ്.

മറ്റുപ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു+.

വനവുമായി അതിര് പങ്കിടുന്ന പട്ടയഭൂമിയുടെ ക്രയവിക്രയത്തിനുള്ള നിരാക്ഷേപ പത്രം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

125(4622) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവുമായി അതിര് പങ്കിടുന്ന പട്ടയഭൂമി ക്രയവിക്രയം നടത്തുന്നതിന് വനം വകുപ്പിന്റെ നിരാക്ഷേപ പത്രം വേണമെന്ന വ്യവസ്ഥ നിലവിലുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ നിരാക്ഷേപ പത്രം വേണമെന്ന് പ്രതിപാദിക്കുന്നത് എവിടെയാണെന്ന് വ്യക്തമാക്കാമോ?

വനവുമായി അതിര് പങ്കിടുന്ന പട്ടയഭൂമി ക്രയവിക്രയം നടത്തുന്നതിന് വനം വകുപ്പിന്റെ നിരാക്ഷേപ പത്രം ഹാജരാക്കേണ്ടതുണ്ടെന്ന നിർദേശം രജിസ്ട്രേഷൻ ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയ്ഞ്ചിൽ 2019-2021 വർഷങ്ങളിലെ ജണ്ട നിർമ്മാണത്തിലെ അപാകത കാരണം ഇപ്രകാരമുള്ള നിരാക്ഷേപ പത്രം നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാധാരണ ജനത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന പ്രസ്തുത പ്രശ്നം പരിഹരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയ്ഞ്ചിലെ 2019-2021 വർഷങ്ങളിലെ ജണ്ട നിർമ്മാണ വിഷയവുമായി ബന്ധപ്പെട്ട് ഒരാളുടെ

അപേക്ഷയിന്മേൽ നിരാക്ഷേപ പത്രം നൽകിയിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനാതിർത്തി പുനർ നിർണ്ണയം നടത്തുന്ന മുറയ്ക്ക് ടി പ്രശ്നം പരിഹരിക്കാൻ സാധിക്കും.

കനോഷി വ്യവസ്ഥ

126(4623) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കനോപ്പി മേഖലകളെ സംബന്ധിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ കനോപ്പി (Tree cover) സംബന്ധിച്ച് വനംവകുപ്പ് വിവരശേഖരണം നടത്തിയിട്ടില്ലെങ്കിലും ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യ (FSI) നിർണ്ണയം നടത്തിയിട്ടുണ്ട്. ഇവ സംസ്ഥാന വനംവകുപ്പ് ഉപയോഗപ്പെടുത്തിവരുന്നു.

(ബി) കനോപ്പി സംവിധാനത്തിന്റെ ഗുണപരമായ സവിശേഷതയെക്കുറിച്ച് എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(സി) പരിസ്ഥിതി സന്തുലനത്തിന് കനോപ്പി വ്യവസ്ഥയുടെ പങ്ക് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

(ബി & സി) കേരള വനംവകുപ്പിന്റെ സഹകരണത്തോടെ പീച്ചിയിലെ വന ഗവേഷണ കേന്ദ്രം, കനോപ്പി വ്യവസ്ഥയുടെ സവിശേഷതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. പഠന വിവരങ്ങൾ വനംവകുപ്പ് ഉപയോഗപ്പെടുത്തിവരുന്നു.

(ഡി) നിലവിലുള്ള കനോപ്പി വ്യവസ്ഥയെ കൂടുതൽ വിപുലമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഏകവിള തോട്ടങ്ങൾ ഒഴിവാക്കി തദ്ദേശീയ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചും വിവിധ പദ്ധതികളിലൂടെ ശുഷ്കമായ വനങ്ങളുടെ പുനരുജ്ജീവനം നടത്തിയും നിലവിലുള്ള കനോപ്പി വ്യവസ്ഥയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) നഗരങ്ങളിൽ കൂടുതൽ പ്രദേശത്ത് കനോപ്പി സംവിധാനം വ്യാപിപ്പിക്കുന്നതിന് ടൂറിസം വകുപ്പുമായി ഏകോപിച്ച് പ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ?

നിലവിൽ ടൂറിസം വകുപ്പുമായി ചേർന്ന് നഗരങ്ങളിൽ കനോപ്പി സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വനം വകുപ്പ് വിഭാവനം ചെയ്തിട്ടില്ല. എന്നാൽ നഗരവനം, വിദ്യാവനം, സ്ഥാപന വനവൽകരണം തുടങ്ങിയ പദ്ധതികളിലൂടെ നഗരങ്ങളിലെ കനോപ്പി വ്യവസ്ഥയുടെ

ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സാമൂഹ്യ വനവൽകരണ വിഭാഗം മുഖേന സ്വീകരിച്ചുവരുന്നുണ്ട്.

വന്യജീവി സെൻസസ്

127(4624) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എന്നാണ് അവസാനമായി വന്യജീവി സെൻസസ് നടന്നിട്ടുള്ളതെന്ന് അറിയിക്കുമോ; അടുത്ത വന്യജീവി സെൻസസ് എന്ന് നടക്കുമെന്ന് വ്യക്തമാക്കുമോ?

വന്യജീവി സെൻസസ് എന്ന നിലയിൽ എല്ലാ വന്യ മൃഗങ്ങൾക്കുമായി ഒരുമിച്ച് ഒരു കണക്കെടുപ്പ് പ്രക്രിയ നടത്താറില്ല. ഇടവേളകളിൽ പോപ്പുലേഷൻ എസ്റ്റിമേഷനാണ് നടത്താറുള്ളത്. കാട്ടാനകളുടെ പോപ്പുലേഷൻ എസ്റ്റിമേഷൻ അവസാനമായി 2024 വർഷത്തിലും കടുവകളുടെയും പുലികളുടെയും പോപ്പുലേഷൻ എസ്റ്റിമേഷൻ 2022 വർഷത്തിലുമാണ് അവസാനമായി കേരളത്തിലുടനീളം നടന്നിട്ടുള്ളത്. കൂടാതെ സംസ്ഥാനത്ത് എല്ലാ വർഷവും വരയാടുകളുടെ കണക്കെടുപ്പ് നടത്തിവരുന്നു. കടുവകളുടെ കണക്കെടുപ്പ് നാല് വർഷത്തിലൊരിക്കലും വരയാടുകളുടേത് വർഷാവർഷവും ആനകൾക്ക് All India

Synchronized Elephant Population Estimation അഞ്ച് വർഷം കൂടുമ്പോഴുമാണ് സാധാരണയായി നടത്താറുള്ളത്.

(ബി) വന്യജീവി സെൻസസ് പ്രകാരം ഏതെങ്കിലും വന്യജീവികളുടെ എണ്ണം ക്രമാതീതമായി കൂടുകയോ കുറയുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ലഭ്യമായ കണക്കുകളനുസരിച്ച് കേരളത്തിൽ വന്യജീവികളുടെ എണ്ണം ക്രമാതീതമായി കൂടുകയോ കുറയുകയോ ചെയ്തിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. ഭൂപ്രകൃതി, കാലാവസ്ഥ, ലാൻഡ്സ്കേപ്പ്, ജലഭക്ഷണ ലഭ്യത എന്നിവയ്ക്കനുസൃതമായി വന്യമൃഗങ്ങൾ ദേശാടനം നടത്തുന്നത് സ്വാഭാവികമാകയാൽ പ്രാദേശികമായ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. എന്നാൽ കേരളം ഉൾപ്പെടുന്ന തെക്കൻ സംസ്ഥാന മേഖലകളിൽ വന്യജീവികളുടെ എണ്ണം ഏറക്കുറെ സ്ഥിരതയുള്ളതായിട്ടാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്.

വന്യജീവി ശല്യമുള്ള കോഴിക്കോട് ജില്ലയിലെ ഹോട്ട് സ്പോട്ടുകൾ

128(4625) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി-മനുഷ്യസംഘർഷം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളെ

സൂചിപ്പിക്കുന്ന കോഴിക്കോട് ജില്ലയിലെ ഹോട്ട് സ്പോട്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വന്യമൃഗ സംഘർഷ ബാധിത പ്രദേശങ്ങളെ അതിന്റെ തീക്ഷ്ണതയുടെ അടിസ്ഥാനത്തിൽ ഹോട്ട്സ്പോട്ടുകളായും സംഘർഷ ബാധിത പഞ്ചായത്തുകളായും തരംതിരിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ വന്യമൃഗ സംഘർഷം തീക്ഷ്ണമായ ഹോട്സ്പോട്ടുകൾ ഒന്നും തന്നെ നിലവിലില്ലാത്തതാകുന്നു. എന്നാൽ കോഴിക്കോട് ജില്ലയിൽ കാവിലുംപാറ, ചക്കിട്ടപ്പാറ, കോട്ടൂർ, നടുവണ്ണൂർ, പനങ്ങാട്, കോടഞ്ചേരി, ഓമശ്ശേരി, താമരശ്ശേരി, കൂടരഞ്ഞി, കട്ടിപ്പാറ, മുക്കം, ചാത്തമംഗലം, മാവൂർ, തിരുവമ്പാടി, പുതുപ്പാടി, കാരശ്ശേരി, മടവൂർ, കൊടുവള്ളി, കൊടിയത്തൂർ, കാക്കൂർ, ചേളന്നൂർ, കിഴക്കോത്ത്, കുന്ദമംഗലം എന്നീ പഞ്ചായത്തുകളിൽ മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ നിലവിലുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇവിടങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷ മേഖലകളെ ഭൂപ്രകൃതി, ഭൂവിനിയോഗം, കാലാവസ്ഥ, സാമൂഹിക പ്രത്യേകതകൾ, അടിസ്ഥാന സൗകര്യങ്ങൾ

എന്നിവയ്ക്കനുസരിച്ച് 12 ലാൻഡ്സ്കേപ്പുകളായി തിരിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷത്തിന്റെ തീവ്രതയനുസരിച്ച് നിശ്ചയിച്ചിട്ടുള്ള ഹോട്ട്സ്പോട്ടുകൾ ഒന്നുംതന്നെ കോഴിക്കോട് ജില്ലയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും വന്യമൃഗ സംഘർഷ ബാധിത പഞ്ചായത്തുകൾ ഉൾപ്പെടുന്ന വയനാട് ലാൻഡ്സ്കേപ്പിൽ കോഴിക്കോട് ജില്ലയിലെ ഏതാനും പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുള്ളതാണ്. ഹോട്ട്സ്പോട്ടുകളായി കണ്ടെത്തിയിട്ടുള്ള ലാൻഡ്സ്കേപ്പിന് അനുയോജ്യമായി മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി വിവിധ വകുപ്പുകളും പ്രാദേശിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ലാൻഡ്സ്കേപ്പ് തല മാസ്റ്റർപ്ലാൻ തയ്യാറാക്കി അതനുസരിച്ചുള്ള സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ലാൻഡ്സ്കേപ്പുതല മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വന്യമൃഗങ്ങളെ മൃഗശാലകൾക്ക് നൽകാൻ നടപടി

129(4626) ശ്രീ തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനവാസമേഖലയിൽ സ്ഥിരമായി എത്തുന്ന വന്യമൃഗങ്ങളെ പിടികൂടി

പുതിയതായി രൂപീകരിക്കുന്ന മൃഗശാലകൾക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ജനവാസമേഖലയിൽ സ്ഥിരമായി എത്തുന്ന വന്യമൃഗങ്ങളെ പിടികൂടി പുതിയതായി രൂപീകരിക്കുന്ന മൃഗശാലകൾക്ക് നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

വന്യമൃഗ ആക്രമണം പ്രതിരോധിക്കാൻ സോളാർ വേലികളും കിടങ്ങുകളും

130(4627) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജനവാസമേഖലയോട് ചേർന്നുകിടക്കുന്ന വനമേഖലയിൽ നിന്നും വന്യമൃഗങ്ങൾ കടന്നുവന്ന് നാശം വിതയ്ക്കുന്നത് പതിവായ സാഹചര്യത്തിൽ, അത് തടയുന്നതിനായി സോളാർ വേലികളോ കിടങ്ങുകളോ നിർമ്മിക്കാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനായി നിലവിലുള്ള പദ്ധതികളും അതിന്റെ നടപടിക്രമങ്ങളും അറിയിക്കുമോ?

സംസ്ഥാനത്ത് ജനവാസമേഖലയിലെ ചേർന്നുകിടക്കുന്ന വനമേഖലയിൽ നിന്നും വന്യമൃഗങ്ങൾ കടന്നുവരുന്നത് തടയുന്നതിനായി സോളാർ വേലികളും കിടങ്ങുകളും ലഭ്യമായ ഫണ്ടുപയോഗിച്ച് നിർമ്മിച്ച് വരുന്നുണ്ട്. കൂടാതെ മനുഷ്യ-

വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ചുവടെ ചേർക്കുന്ന ഫണ്ടുകളും ഉപയോഗിക്കുന്നുണ്ട്.

കിഫ്ബി ഫണ്ടുപയോഗിച്ച് സോളാർ ഫെൻസിങ്, ആന പ്രതിരോധ മതിൽ, റെയിൽ ഫെൻസ് എന്നീ പ്രതിരോധ പ്രവൃത്തികൾ വിവിധ വനം ഡിവിഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നോർത്ത് വയനാട് ഡിവിഷനിൽ 4.68 കി.മീ. (4 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്), സൗത്ത് വയനാട് ഡിവിഷനിൽ 11.32 കി.മീ. (4.5 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്) ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിംഗ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ നോർത്ത് വയനാട്, സൗത്ത് വയനാട്, വയനാട് വൈൽഡ്‌ലൈഫ്, നിലമ്പൂർ (സൗത്ത്) എന്നീ ഡിവിഷനുകളിലായി 142 കി.മീ. സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിനായി ടെൻഡർ ക്ഷണിക്കുകയും പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. സംസ്ഥാനത്ത് ജനവാസ മേഖലയോട് ചേർന്നുകിടക്കുന്ന വനമേഖലയിൽനിന്നും വന്യമൃഗങ്ങൾ കടന്നുവന്നു നാശം വിതയ്ക്കുന്നത് പതിവായ സാഹചര്യത്തിൽ, അത് തടയുന്നതിനായി സോളാർ വേലികൾ, കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിന് നബാർഡ്

ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കേരള വനം വകുപ്പ് മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി വിശദമായ പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കി സംസ്ഥാന സർക്കാർ മുഖാന്തരം നബാർഡിന് സമർപ്പിക്കുകയും നബാർഡ് അംഗീകരിക്കുന്ന പദ്ധതികൾ സർക്കാർ അനുവാദത്തോടെ പദ്ധതി പ്രവർത്തനത്തിന് നിലവിലുള്ള നിബന്ധനകൾ പാലിച്ച് നടപ്പിലാക്കിവരുന്നു.

സർക്കാർ അംഗീകാരം നൽകി നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

നബാർഡ് ട്രാഞ്ച് 28

ഈസ്റ്റേൺ സർക്കിളിന് കീഴിൽ വരുന്ന നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത്, മണ്ണാർക്കാട്, പാലക്കാട്, നെന്മാറ എന്നീ വനം ഡിവിഷനുകളിൽ 586.11 ലക്ഷം രൂപ ചെലവിൽ 101.50 കി.മീറ്റർ സൗരോർജ തൂക്കുവേലിയുടെ നിർമ്മാണം.

നബാർഡ് ട്രാഞ്ച് 29

സെൻട്രൽ സർക്കിളിന് കീഴിൽ വരുന്ന ചാലക്കുടി, വാഴച്ചാൽ, മലയാറ്റൂർ എന്നീ വനം ഡിവിഷനുകളിൽ 1344.69 ലക്ഷം രൂപ ചെലവിൽ 108 കി.മീറ്റർ സൗരോർജ തൂക്കുവേലിയുടെ നിർമ്മാണം.

ഹൈറേഞ്ച് സർക്കിളിന് കീഴിൽ വരുന്ന കോട്ടയം, മൂന്നാർ, മറയൂർ, മാങ്കുളം എന്നീ വനം ഡിവിഷനുകളിൽ 1410.49 ലക്ഷം രൂപ ചെലവിൽ 116.29 കി.മീറ്റർ സൗരോർജ തൂക്കുവേലി, 14.30 കി.മീറ്റർ ആന പ്രതിരോധ കിടങ്ങ് എന്നിവയുടെ നിർമ്മാണം. ഈസ്റ്റേൺ സർക്കിളിന് കീഴിൽ വരുന്ന മണ്ണാർക്കാട്, പാലക്കാട്, നെന്മാറ എന്നീ വനം ഡിവിഷനുകളിൽ 1054.68 ലക്ഷം രൂപ ചെലവിൽ 136 കി.മീറ്റർ സൗരോർജ തൂക്കുവേലിയുടെ നിർമ്മാണം.

നോർത്തേൺ സർക്കിളിന് കീഴിൽവരുന്ന കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, സൗത്ത് വയനാട് എന്നീ വനം ഡിവിഷനുകളിൽ 1159.67 ലക്ഷം രൂപ ചെലവിൽ 146.80 കി.മീറ്റർ സൗരോർജ തൂക്കുവേലിയുടെ നിർമ്മാണം.

സതേൺ സർക്കിളിന് കീഴിൽവരുന്ന തിരുവനന്തപുരം, തെന്മല, അച്ചൻകോവിൽ, പുനലൂർ, കോന്നി, റാന്നി എന്നീ വനം ഡിവിഷനുകളിൽ 1233.49 ലക്ഷം രൂപ ചെലവിൽ 49.70 കി.മീറ്റർ സൗരോർജ തൂക്കുവേലി, 89.05 കി.മീറ്റർ സൗരോർജ വേലി, 40.10 കി.മീറ്റർ ആന പ്രതിരോധ കിടങ്ങ് എന്നിവയുടെ നിർമ്മാണം.

നബാർഡ് ട്രാഞ്ച് 30

ഫീൽഡ് ഡയറക്ടർ, കോട്ടയത്തിന് കീഴിൽവരുന്ന മൂന്നാർ

വൈൽഡ്‌ലൈഫ്, ഇടുക്കി വൈൽഡ്‌ലൈഫ്, പെരിയാർ ഈസ്റ്റ്, പെരിയാർ വെസ്റ്റ് എന്നീ വനം ഡിവിഷനുകളിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനും ആവാസവ്യവസ്ഥ പരിപാലന പ്രവർത്തനങ്ങൾ, വിവിധ പ്രതിരോധ മാർഗങ്ങൾ, ആർ.ആർ.റ്റി.-യുടെ ശാക്തീകരണം എന്നിങ്ങനെയുള്ള പ്രവൃത്തികൾക്കായി അംഗീകരിച്ചിട്ടുള്ള 1319.249 ലക്ഷം രൂപയുടെ പദ്ധതിയിൽ 77.20 കി.മീറ്റർ സൗരോർജ തൂക്കു വേലി, 24.27 കി.മീറ്റർ ആന പ്രതിരോധ കിടങ്ങ് എന്നിവയുടെ നിർമ്മാണം/നവീകരണ പ്രവൃത്തികൾ ഉൾപ്പെടുന്നു.

വാമനപുരം മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം

131(4628) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ വന്യമൃഗ ആക്രമണംമൂലം കൃഷിനാശം സംഭവിച്ചവർക്ക് നാളിതുവരെ നൽകിയ നഷ്ടപരിഹാരത്തുകയുടെയും എത്രപേർക്കാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളത് എന്നതും സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷംമൂലം കൃഷിനാശം സംഭവിച്ചവർക്ക് നാളിതുവരെ നൽകിയിട്ടുള്ള

നഷ്ടപരിഹാരം സംബന്ധിച്ച വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണവും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

വാമനപുരം മണ്ഡലത്തിലെ പാലോട് ഫോറസ്റ്റ് റെയ്ഞ്ച് പരിധിയിൽ വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശത്തിന്റെ നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളിൽ പാങ്ങോട് ഗ്രാമപഞ്ചായത്തിൽ 6 എണ്ണവും വാമനപുരം ഗ്രാമപഞ്ചായത്തിൽ 3 എണ്ണവും പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ 7 എണ്ണവും തീർപ്പാക്കാനുണ്ട്.

2025-ൽ ലഭ്യമായ അപേക്ഷകളിൽ ഫീൽഡ് പരിശോധന നടന്നുവരുന്നു. പൂർത്തിയാകുന്നമുറയ്ക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്യുവാൻ സാധിക്കും.

(സി) ഏതെല്ലാം പ്രധാന വിളകൾക്കാണ് നഷ്ടപരിഹാരം നൽകുന്നതെന്നും നഷ്ടപരിഹാരത്തുക വർധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നും വിശദമാക്കുമോ?

നെല്ല്, തെങ്ങ്, വാഴ, റബ്ബർ, കമുക്, കശുമാവ്, കൊക്കോ, കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കപ്പ/മരച്ചീനി, കപ്പലണ്ടി//കടല, എള്ള്, പച്ചക്കറികൾ, ജാതി,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രാമ്പൂ, ഏലം, വെറ്റില, ധാന്യങ്ങൾ, കിഴങ്ങ് വിളകൾ, കരിമ്പ്, കൈതച്ചക്ക, തീറ്റപ്പുല്ല്, മൾബറി, പൂകയില, പരുത്തി എന്നീ കൃഷി/വിളകൾക്കാണ് മനുഷ്യ വന്യമൃഗ സംഘർഷം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നത്. നഷ്ടപരിഹാരത്തുകയിൽ കാലാനുസൃതമായി വർധന വരുത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി ചെലവഴിച്ച തുക

132(4629) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംസ്ഥാനത്തെ വന്യമൃഗശല്യം നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള ഫണ്ടുകൾ ഏതെല്ലാമെന്ന് ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; ഇതിൽ ഓരോ ഫണ്ടിൽ നിന്നും എത്ര രൂപ വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ മനുഷ്യ വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് മാത്രമായി കഴിഞ്ഞ 10 വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ IDWH-Outside PA(60:40)-ലെ കേന്ദ്രവിഹിതമായി 1895.156 ലക്ഷം രൂപ ലഭിച്ചിട്ടുള്ളതും ആയതിൽ 1490.57 ലക്ഷം രൂപ ചെലവായിട്ടുള്ളതുമാണ്.

(ബി) വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി ഇക്കാലയളവിൽ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി സംസ്ഥാന സർക്കാരിന്റെ തനത് പദ്ധതികളായ Measures to Reduce Man-Animal Conflict& Relief to Victims എന്നിവയും IDWH-Outside PA, എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന വിഹിതവും ചേർത്ത് കഴിഞ്ഞ 10 വർഷത്തിൽ സംസ്ഥാന സർക്കാർ 24020.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. സംസ്ഥാന പദ്ധതികളുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

മേൽ പ്രതിപാദിച്ചത് കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രോജക്ട് ടൈഗർ IDWH - വയനാട് സന്ദ്ര പുനരധിവാസ പദ്ധതി തുടങ്ങിയവയിലുള്ള വിവിധ പ്രവൃത്തികളിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവൃത്തി ഒരു ഘടകമായി പരിഗണിച്ച് കേന്ദ്രവും സംസ്ഥാനവും തുക വകയിരുത്താറുണ്ട്.

മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം തടയുന്നതിനായുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ

133(4630) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം തടയുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ എന്തൊക്കെ മുന്നറിയിപ്പ് സംവിധാനങ്ങൾ എവിടെയൊക്കെ ഏർപ്പെടുത്തിയിട്ടുണ്ട്; ഇതിനായി ആകെ ചെലവഴിച്ച തുക എത്ര; വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ വനമേഖലയോട് ചേർന്നുവരുന്ന എല്ലാ ജനവാസ പ്രദേശങ്ങളിലും വനത്തിലൂടെ കടന്നുപോകുന്ന പാതകളിലും മുന്നറിയിപ്പ് സംവിധാനങ്ങൾ ഒരുക്കിയിട്ടുള്ളതാണ്.

മാങ്കുളം ഡിവിഷനുകീഴിൽ കമ്പനിക്കുടി, ആനക്കുളം എന്നിവിടങ്ങളിലും ചാലക്കുടി പത്തയേറിലും കാസർഗോഡ് ഡിവിഷനിലും എ.ഐ. ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

ചാലക്കുടി ഡിവിഷനിലെ തുമ്പൂർമുഴിയിൽ ഏർളി വാണിങ് സിസ്റ്റം ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

വനമേഖലയോട് ചേർന്നുള്ള ജനവാസമേഖലകളിൽ വന്യമൃഗങ്ങളുടെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ RRT ടീമുകൾ നേരിട്ട് ആവശ്യമായ മുന്നറിയിപ്പുകൾ നൽകിവരുന്നു.

മനുഷ്യ-വന്യമൃഗ സംഘർഷ സാധ്യത കൂടുതലായിട്ടുള്ള പ്രദേശങ്ങളിൽ SMS

അലെർട്ട് സിസ്റ്റം പ്രവർത്തിക്കുന്നുണ്ട്.

കാസർഗോഡ് ഡിവിഷനിൽ അനിഡേഴ്സ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ ഹൈ റെസല്യൂഷൻ തെർമൽ ക്യാമറയും വന്യമൃഗ സാന്നിധ്യം തിരിച്ചറിയാൻ ഉപയോഗിച്ചുവരുന്നു.

നോർത്ത് വയനാട്, കാസർഗോഡ് ഡിവിഷനുകളിൽ ക്യാമറ ട്രാപ്പുകളും ഡ്രോണുകളും ഉപയോഗിച്ചുള്ള നിരീക്ഷണവും മുന്നറിയിപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സൗത്ത് വയനാട് ഡിവിഷനിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡിജിറ്റൽ സ്മാർട്ട് ഫെൻസ് സ്ഥാപിച്ചിട്ടുണ്ട്.

മൂന്നാർ ഡിവിഷനിലും സൗത്ത് വയനാട് ഡിവിഷനിലും തദ്ദേശവാസികളായ സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി പ്രൈമറി റെസ്പോൺസ് ടീമുകൾ രൂപീകരിക്കുകയും വന്യമൃഗ സാന്നിധ്യത്തെക്കുറിച്ച് സമയോചിതമായ മുന്നറിയിപ്പുകൾ നൽകുന്നതുകൂടാതെ സന്ദർഭോചിതമായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തുവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷ സാധ്യത നിലനിൽക്കുന്ന വനമേഖലയുമായി അതിർത്തി പങ്കിടുന്ന എല്ലാ പഞ്ചായത്തുകളിലും ഇത്തരം തിരഞ്ഞെടുത്ത

തദ്ദേശീയ സന്നദ്ധ പ്രവർത്തകരുടെ പ്രൈമറി റെസ്പോൺസ് ടീമുകൾ രൂപീകരിച്ചുവരുന്നു.

പേപ്പാറ വന്യജീവി സങ്കേതത്തിനുകീഴിൽ വരുന്ന പാണ്ടിപ്പത്ത്, നാച്ചിയാർമൊട്ട എന്നിവിടങ്ങളിൽ റിയൽടൈം മോണിറ്ററിങ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്.

വനം വകുപ്പ് ആസ്ഥാനത്ത് സ്റ്റേറ്റ് ഫോറസ്റ്റ് എമർജൻസി ഓപ്പറേഷന സെന്ററും 36 ഡിവിഷനുകളിൽ ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകളും സ്ഥാപിക്കുകയും വന്യമൃഗ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ സ്വീകരിക്കേണ്ട നടപടികൾ ഏകോപിപ്പിക്കുയും നിരീക്ഷിക്കുകയും മുന്നറിയിപ്പ് ഉൾപ്പെടെയുള്ള ലഘൂകരണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ചെയ്യുന്നുണ്ട്.

മുന്നറിയിപ്പ് സംവിധാനങ്ങൾ ഒരുക്കുന്നതിലേക്കായി 95.06 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാകുന്നു.

(ബി) ഇപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ ഫലപ്രദമാകാത്തതിന്റെ കാരണം വിശദമാക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിന്റെ ഭാഗമായി

വനമേഖലയോട് ചേർന്ന് ഏർപ്പെടുത്തിയിട്ടുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ ഫലപ്രദമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മുന്നറിയിപ്പ് സംവിധാനങ്ങളെ അവഗണിച്ചതുകാരണം അനിഷ്ട സംഭവങ്ങൾ ഉണ്ടായിട്ടുള്ളതാണ്.

നാട്ടാനകളുടെ ആക്രമണത്തിന് നഷ്ടപരിഹാരം

134(4631) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാട്ടാനകളുടെ ആക്രമണത്തിൽ നാശനഷ്ടം സംഭവിക്കുന്നവർക്കും കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്കും നഷ്ടപരിഹാരം നൽകുന്നതിന് സർക്കാർതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നാട്ടാനകളുടെ ആക്രമണത്തിൽ നാശനഷ്ടം സംഭവിക്കുന്നവർക്കും കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്കും നഷ്ടപരിഹാരം നൽകേണ്ടുന്ന ഉത്തരവാദിത്വം ആന ഉടമകളിലും ഉത്സവ കമ്മിറ്റികളിലും നിക്ഷിപ്തമാണ്. ആയതിനാൽ നാട്ടാനകളുടെ ആക്രമണംമൂലം ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്ക് വനം വകുപ്പ് സാമ്പത്തിക സഹായമൊന്നും നൽകുന്നില്ല.

വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് നടപടികൾ

135(4632) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വർധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് കേന്ദ്ര സർക്കാർ പാസ്സാക്കിയിട്ടുള്ള ഏതൊക്കെ നിയമങ്ങൾ/നിർദേശങ്ങളാണ് സംസ്ഥാന സർക്കാരിന് പ്രതിസന്ധി സൃഷ്ടിക്കുന്നതെന്ന് വ്യക്തമാക്കുമോ; അവയുടെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ ഷെഡ്യൂൾ 1-ൽ ഉൾപ്പെടുന്ന, മനുഷ്യ ജീവന് ഭീഷണിയായ വന്യമൃഗത്തെ മയക്കുവെടിവച്ചോ അല്ലാതെയോ പിടികൂടുന്നതിനും മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതിനും മറ്റുമായി പ്രസ്തുത നിയമത്തിലെ സെക്ഷൻ 11(1)(a) പ്രകാരമാണ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഉത്തരവ് പുറപ്പെടുവിക്കുന്നത്. ഇത്തരം നടപടികൾ സ്വീകരിക്കുമ്പോൾ, കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ വന്യജീവി വിഭാഗവും നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയും കാലാകാലങ്ങളിൽ നിർദേശിക്കുന്ന മാർഗരേഖകളും പുറപ്പെടുവിക്കുന്ന Standard Operating Procedure (SOP)-ഉം കർശനമായി പാലിക്കേണ്ടതുണ്ട്. കൂടാതെ, ഇത് ചിലപ്പോഴൊക്കെ കാലതാമസത്തിനിടയാക്കാറുണ്ട്. പ്രസ്തുത നിയമത്തിലെ ഷെഡ്യൂൾ II-ൽ ആയിരുന്ന നാടൻകുരങ്ങുകളെ വന്യജീവി (സംരക്ഷണം)

നിയമത്തിന്റെ ഷെഡ്യൂൾ-I-ലേക്ക് മാറ്റിയതും ഷെഡ്യൂൾ II-ൽ ഉൾപ്പെട്ട കാട്ടുപ്പന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിച്ചിട്ടില്ലാത്തതും വന്യമൃഗങ്ങളെ ഫലപ്രദമായ രീതിയിൽ പ്രതിരോധിക്കുന്നതിന് തടസ്സമാകുന്നു. ടി നിയമം അനുയോജ്യമായ രീതിയിൽ ഭേദഗതി ചെയ്യുന്നതിനുള്ള പ്രമേയം 2024 ഫെബ്രുവരി മാസം 14-ന് നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കി കേന്ദ്ര സർക്കാരിന് 27-02-2024-ൽ സമർപ്പിച്ചിരുന്നതുമാണ്. 1972-ലെ വന്യജീവി (സംരക്ഷണം) കേന്ദ്ര നിയമത്തിന്റെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു+.

ഷൂട്ടർമാരുടെ യോഗ്യതകൾ

136(4633) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസമേഖലയിൽ ഇറങ്ങുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്ന ഷൂട്ടർമാർക്ക് നൽകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ജനവാസമേഖലയിൽ ഇറങ്ങുന്ന അപകടകാരികളായ കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്ന അംഗീകൃത ഷൂട്ടർമാർക്ക് 18-05-2020-ലെ G.O.(Rt) No.111/2020/F&WLD പ്രകാരം കാട്ടുപന്നി ഒന്നിന് 1,000/- രൂപ നിരക്കിലാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രതിഫലം നൽകി വന്നിരുന്നത്. നിലവിൽ 06-03-2025-ലെ G.O.(Rt) No.108/2025/DMD പ്രകാരം അപകടകാരികളായ കാട്ടുപന്നികളെ കൊല്ലുന്നതിന് അംഗീകൃത ഷൂട്ടർമാർക്കുള്ള ഓണറേറിയം 1500 രൂപ നിരക്കിലും കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം മറവു ചെയ്യുന്നതിനുള്ള ചെലവിനത്തിൽ 2000 രൂപയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഫണ്ടിൽനിന്നും വകയിരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ഷൂട്ടർമാർക്ക് വേണ്ട യോഗ്യതകൾ എന്താണെന്നും ആരാണ് ഷൂട്ടർമാരെ നിയമിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഫോറസ്റ്റ് റെയ്ഞ്ച് പരിധിയിലുള്ള തോക്ക് ഉപയോഗിക്കാൻ ലൈസൻസുള്ളവരും കാട്ടുപന്നികളെ കൊല്ലാൻ സന്നദ്ധരായ വ്യക്തികളുടെ ഒരു പാനൽ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ വൈൽഡ്ലൈഫ് വാർഡൻ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിന് വനം വകുപ്പ്/പോലീസ്/മറ്റ് യൂണിഫോം സർവീസിൽപ്പെട്ട ഉദ്യോഗസ്ഥർ, തോക്ക് ഉപയോഗിക്കാൻ ലൈസൻസുള്ള വ്യക്തികൾ എന്നിവരെ എംപാനൽ ചെയ്യുന്നതാണ്. ടി എംപാനൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾ

കാട്ടുപന്നികളെ വെടിവച്ച് കൊല്ലാൻ യോഗ്യരാണ്. ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ്ലൈഫ് വാർഡൻ ആണ് കാട്ടുപന്നികളെ വെടിവച്ച് കൊല്ലാൻ യോഗ്യതയുള്ള ഷൂട്ടർമാരെ മേൽ എംപാനൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്.

(സി) കേരളത്തിൽ എത്ര ഷൂട്ടർമാർ ഉണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

(ഡി) കഴിഞ്ഞ ഒൻപത് വർഷക്കാലം കേരളത്തിൽ ഷൂട്ടർമാർ വെടിവച്ച് കൊന്ന കാട്ടുപന്നികളുടെ എണ്ണം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

(സി & ഡി) കേരളത്തിലെ ഷൂട്ടർമാരുടെ മണ്ഡലം തിരിച്ചുള്ള എണ്ണവും കഴിഞ്ഞ ഒൻപത് വർഷക്കാലം കേരളത്തിൽ ഷൂട്ടർമാർ വെടിവച്ച് കൊന്ന കാട്ടുപന്നികളുടെ മണ്ഡലം തിരിച്ചുള്ള എണ്ണവും അനുബന്ധമായി ചേർക്കുന്നു+.

ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ആറാട്ടുകടവിലെ ആനയുടെ ആക്രമണം

137(4634) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ ആറാട്ടുകടവിൽ ആനയുടെ ആക്രമണത്തിൽ പത്മനാഭൻ എന്ന വ്യക്തി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മരണപ്പെട്ടിരുന്നോ; എങ്കിൽ ഏതു വർഷം, ഏതു തീയതിയിലാണ് സംഭവം നടന്നത്; വ്യക്തമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ആറാട്ടുകടവിലെ പുതിയവിട്ടിൽ പത്മനാഭൻ എന്ന വ്യക്തി കർണ്ണാടക സംസ്ഥാനത്തിലെ വാഗമണ്ഡലം പോലീസ് സ്റ്റേഷൻ പരിധിയിൽ 09-08-2019-ന് കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടതായി വിവരം ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വ്യക്തിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നഷ്ടപരിഹാരം നാളിതുവരെ നൽകാതിരുന്നതെന്ന് വിശദമാക്കാമോ?

കണ്ണൂർ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ താമസക്കാരനായിരുന്ന പുതിയ വീട്ടിൽ പത്മനാഭൻ എന്നയാൾ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടത് കർണ്ണാടക സംസ്ഥാനത്തുവച്ചാകയാൽ ടിയാന്റ ഭാര്യ ശ്രീമതി ബീന മാമൂട്ടിൽ നഷ്ടപരിഹാരത്തിന് സമർപ്പിച്ചിട്ടുള്ള അപേക്ഷ നിലവിലെ നഷ്ടപരിഹാരത്തിനായുള്ള വ്യവസ്ഥകൾ പ്രകാരം പരിഗണിക്കുവാൻ സാധിച്ചിട്ടില്ല.

(സി) ടിയാന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം

പരിഗണനയിലുണ്ടോ; അറിയിക്കാമോ?

പ്രസ്തുത വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി നഷ്ടപരിഹാരം നൽകുന്നതിനായുള്ള അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

അരുവിക്കര മണ്ഡലത്തിൽ വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം

138(4635) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നൽകുന്ന നഷ്ടപരിഹാര തുക ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ എത്രപേർക്കാണ് അനുവദിച്ചിട്ടുള്ളതെന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങളും തരം തിരിച്ച് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷത്തിന് ഇരയായവർക്ക് അനുവദിച്ച നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഇനി എത്രപേർക്കാണ് നഷ്ടപരിഹാരത്തുക അനുവദിക്കാനുള്ളതെന്നും പ്രസ്തുത തുക സംബന്ധിച്ച വിശദവിവരവും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറിയിക്കുമോ?

ഇനി 14 പേർക്ക് കൂടി നഷ്ടപരിഹാരത്തുക അനുവദിക്കാനുണ്ട്. ആയതിൽ 8 പേരുടെ അപേക്ഷയിൽ ഫീൽഡ് പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അർഹമായ തുക ഇവർക്ക് നൽകുവാൻ സാധിക്കും. ശേഷിക്കുന്ന 6 പേരുടെ അപേക്ഷയിന്മേൽ ഫീൽഡ് വെരിഫിക്കേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിന് സാധിക്കും.

ആറളം ഫാമിലെ വന്യമൃഗ ശല്യം

139(4636) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം ഫാമിൽ വന്യമൃഗശല്യം രൂക്ഷമായതിനെ തുടർന്ന് പ്രദേശവാസികൾക്ക് തൊഴിലെടുക്കാനും കൃഷി ചെയ്യാൻപോലും സാധിക്കാത്ത അവസ്ഥയാണെന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോയെന്ന് അറിയിക്കുമോ?

കണ്ണൂർ ജില്ലയിലെ 7000 ഏക്കറോളംവരുന്ന ആറളം ഫാമിലെ 3500 ഏക്കറാണ് വനം വകുപ്പ് ആദിവാസികൾക്കായി പതിച്ചുനൽകിയത്. ഭൂമി

പതിച്ച് കിട്ടിയവരിൽ പകുതിയോളംപേർ ടി സ്ഥലം കൃഷിക്കായും താമസത്തിനായും ഉപയോഗിച്ചുവരുന്നു. ഫാമിലെ ഒഴിഞ്ഞ സ്ഥലങ്ങൾ മരങ്ങളും അടിക്കാടുകളും വളർന്ന് വനസമാനമായി നിലനിൽക്കുകയാണ്. ഫാം സ്ഥിതിചെയ്യുന്നത് ആറളം വന്യജീവി സങ്കേതത്തിന്റെ ഫ്രിഞ്ച് എരിയയിലായതിനാൽ വന്യജീവികൾ ഫാമിലും പുനരധിവാസ മേഖലയിലും എത്താറുണ്ട്. ആറളം ഫാമിലെ വന്യമൃഗ സാന്നിധ്യം വനംവകുപ്പ് ഗൗരവത്തിലെടുക്കുകയും മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിന് സാധ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വേനൽ കനക്കുന്നതോടെയാണ് കശുമാങ്ങ തേടിയും പുഴയിലെ വെള്ളം തേടിയും കാട്ടാനകൾ ആറളം ഫാമിലെ ജനവാസ മേഖലകളിലേക്ക് പതിവായി ഇറങ്ങുന്നതെന്നത് വസ്തുതയല്ലേ?

പ്രകൃത്യാലുള്ളതും മനുഷ്യ നിർമ്മിതവുമായ ജല സ്രോതസ്സുകൾ കാട്ടിനുള്ളിൽ ഉണ്ടെങ്കിലും വേനലിലെ ജലദൗർലഭ്യവും കശുമാങ്ങയുടെ ലഭ്യതയും കാരണം ആനകൾ ഫാമിലേക്ക് ഇറങ്ങിവരാറുണ്ട്.

(സി) മുഖ്യമന്ത്രിയുടെ മേൽനോട്ടത്തിൽ രണ്ട് വകുപ്പുമന്ത്രിമാരുടെയും സബ്കളക്ടറുടെയും നേതൃത്വത്തിൽ ഉപസമിതി രൂപീകരിച്ചിട്ടും ഒരു വർഷം

കൊണ്ട് പൂർത്തിയാക്കേണ്ട ആനമതിലിന്റെ 30 ശതമാനം പ്രവൃത്തി മാത്രമാണ് ഒന്നര വർഷമായിട്ടും പൂർത്തിയാക്കാൻ സാധിച്ചതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ആറളം വന്യജീവി സങ്കേതവും ടൈഗർ റീഹാബിലിറ്റേഷൻ ഡെവലപ്മെന്റ് മിഷൻ (ടി.ആർ.ഡി.എം.) -ന്റെ കീഴിലുള്ള ആറളം പുനരധിവാസ മേഖലയിൽ വളയംചാൽ മുതൽ പൊട്ടിച്ചപ്പാറ വരെ പൊതുമരാമത്ത് വകുപ്പ് മുഖേന 10.5 കി.മീ. ദൂരത്തിൽ ടി.ആർ.ഡി.എം. ആണ് ആനമതിൽ നിർമ്മാണം നടത്തുന്നത്. ആനമതിൽ നിർമ്മാണ പ്രവൃത്തി നിലവിൽ നാല് കിലോമീറ്ററോളം ദൂരത്തിൽ പൂർത്തീകരിച്ചിട്ടുള്ളതും നിർമ്മാണം ദ്രുതഗതിയിലാക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും ആറളം ഫാമിൽ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ അടിയന്തര ഇടപെടൽ ആവശ്യമായതിനാൽ ആനമതിൽ നിർമ്മാണം പൂർത്തിയാക്കുന്നതുവരെ പഞ്ചായത്തിന്റെ തനത് ഫണ്ടുപയോഗിച്ച് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ അനെർട്ട് മുഖാന്തരം അടിയന്തരമായി ഹാങ്ങിങ്ങ് ഫെൻസിങ് സ്ഥാപിക്കാനും സോളാർ ഫെൻസ് സ്ഥാപിക്കാനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

കൂരാച്ചുണ്ട് പഞ്ചായത്തിലെ വനാതിർത്തികളിൽ ഫെൻസിങ് സ്ഥാപിക്കാൻ നടപടി

140(4637) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ വനാതിർത്തിയോട് ചേർന്നുള്ള ജനവാസ മേഖലയിൽ വന്യജീവികൾ ഇറങ്ങുന്നത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ വനാതിർത്തിയിൽ സ്ഥിതിചെയ്യുന്ന അമ്പലക്കുന്ന് ആദിവാസി നഗർ, KSEB കോളനി, പഞ്ചവടിപാലം എന്നീ ഭാഗങ്ങളിൽ 4650 മീറ്റർ ദൂരത്തിൽ സോളാർ ഫെൻസിങ് സ്ഥാപിച്ചും വാച്ചറുടെ സേവനം ഉപയോഗപ്പെടുത്തിയും പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. കക്കയം ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ സാറ്റലൈറ്റ് RRT രൂപീകരിച്ച് പ്രവർത്തനത്തിനായി ബൊലേറോ ക്യാമ്പർ വാഹനവും 3 ജീവനക്കാരെയും 4 ദിവസക്കൂലി വാച്ചർമാരെയും നിയോഗിച്ചിട്ടുണ്ട്. കക്കയം വാലി ഭാഗത്ത് 2 കി.മീ. ദൂരത്തിൽ സോളാർ ഫെൻസിങ് സ്ഥാപിക്കുന്നതിന് ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫെൻസിങ് നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുവാൻ

സാധിക്കും.

(ബി) പ്രസ്തുത പ്രദേശത്ത് എത്ര കിലോമീറ്റർ ദൂരത്തിൽ ഫെൻസിങ് സ്ഥാപിക്കാനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ വനാതിർത്തിയിൽ സ്ഥിതിചെയ്യുന്ന അമ്പലക്കുന്ന് ആദിവാസി നഗർ മുതൽ കരിയാത്തംപാറ 30-ാം മൈൽ വരെ 10 കി.മീ. ദൂരത്തിൽ ഹാങ്ങിങ്ങ് ഫെൻസിങ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

(സി) കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ പൂർണ്ണമായും ഫെൻസിങ് സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എത്ര കിലോമീറ്റർ ദൂരത്തിലാണ് ഇനി ഇവിടെ ഫെൻസിങ് സ്ഥാപിക്കാനുള്ളത്; വിശദമാക്കാമോ?

കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളായ ഓട്ടപ്പാലം, കാളങ്ങാലി, മണ്ടോപ്പാറ, കല്ലാനോട്, തോണിക്കടവ് ഭാഗങ്ങളിൽ 15 കി.മീ. ദൂരത്തിൽ ഹാങ്ങിങ് ഫെൻസ് സ്ഥാപിച്ചാൽ പെരുവണ്ണാമൂഴി റിസർവോയർ കടന്ന് ജനവാസ മേഖലകളിൽ കാട്ടാനകളെത്തുന്നത് തടയാനാകും. അമ്പലക്കുന്ന് ആദിവാസി നഗർ മുതൽ

കരിയാത്തുംപാറ 30-ാം മൈൽ വരെയുള്ള 10 കി.മീ. കൂടാതെ ടി 15 കി.മീ. ദൂരത്തിലാണ് ഇനി ഈ പ്രദേശത്ത് ഫെൻസിങ് സ്ഥാപിക്കാൻ ബാക്കിയുള്ളത്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കും.

കോതമംഗലം, മൂന്നാർ മേഖലകളിൽ വന്യജീവി ശല്യ പ്രതിരോധം

141(4638) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം, മൂന്നാർ, മലയാറ്റൂർ വനം ഡിവിഷനുകളുടെ കീഴിൽ കോതമംഗലം മണ്ഡലത്തിൽ വന്യജീവി ശല്യം പ്രതിരോധിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ?

കോതമംഗലം മണ്ഡലത്തിൽ വന്യജീവി ശല്യം പ്രതിരോധിക്കുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

കോതമംഗലം ഡിവിഷൻ

കോതമംഗലം ഡിവിഷനിലെ കോതമംഗലം മണ്ഡലത്തിലുൾപ്പെട്ട കവളങ്ങാട്, കീരംപാറ പഞ്ചായത്തുകളിൽ വന്യജീവി സാന്നിധ്യം കണ്ടെത്തിയിട്ടുള്ള ഇടങ്ങളിൽ രാത്രികാലങ്ങളിൽ അവയുടെ സാന്നിധ്യം

തിരിച്ചറിയുന്നതിനായി പൊതുവഴികളിൽ വഴിവിളക്കുകൾ സ്ഥാപിക്കുകയും അതോടൊപ്പം പാതയ്ക്കിരുവശവുമുള്ള അടിക്കാടുകൾ വെട്ടിത്തെളിക്കുകയും ചെയ്തിട്ടുള്ളതാണ്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി രാത്രിയും പകലും വാച്ചർമാരെ നിയോഗിച്ചിട്ടുള്ളതും കാട്ടാനകൾ കടന്നുവരുന്ന മേഖലകളിൽ സോളാർ ഫെൻസിങ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

നബാർഡ് പദ്ധതി മുഖേന ഭ്രതത്താൻകെട്ട് മുതൽ കൂട്ടിക്കൽ വരെയും തട്ടേക്കാട് മുതൽ കുരികുളം വരെയും 90.18 ലക്ഷം രൂപ ചെലവിൽ 8 കി.മി. ദൂരത്തിൽ ഹാങ്ങിങ് സോളാർ ഫെൻസിങ്ങിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുള്ളതാണ്. RKVY പദ്ധതി മുഖേന ഇഞ്ചത്തൊട്ടി തുക്കുപാലം മുതൽ ഓവുങ്ങൽ കടവ് വരെ 15 കി.മി. ദൂരത്തിൽ 1,27,47,000/- രൂപ ചെലവിൽ ഹാങ്ങിങ് സോളാർ ഫെൻസ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കൃഷി വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. മനുഷ്യ-വന്യ ജീവി സംഘർഷം അതിരൂക്ഷമായി നിലനിൽക്കുന്ന സാഹചര്യത്തിൽ കോതമംഗലം വനം ഡിവിഷനിൽ പുതുതായി രൂപീകരിച്ചിട്ടുള്ള RRT-യുടെ പ്രവർത്തനങ്ങൾ ഊർജിതമായി നടന്നുവരുന്നു. 24 മണിക്കൂറും പ്രവർത്തനസജ്ജമായി ഡിവിഷണൽ എമർജൻസി ഓപ്പറേഷൻ സെന്റർ

പ്രവർത്തിക്കുന്നു. ജനജാഗ്രതാ സമിതികളും ടി പഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുണ്ട്. കർഷകർ, ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്തി മനുഷ്യ-വന്യമൃഗ സംഘർഷത്തിന് പരിഹാരം കാണുന്നതിനായി ജനജാഗ്രതാ സമിതികൾ ചേർന്ന് ടി യോഗങ്ങളിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കോതമംഗലം മണ്ഡലത്തിൽ കോതമംഗലം റെയ്ഞ്ചിലെ ജനങ്ങൾ സഞ്ചരിക്കുന്ന വിവിധ റോഡുകളിൽ വന്യമൃഗ സാന്നിധ്യം തിരിച്ചറിയുന്നതിനായി 10.5 ഹെക്ടർ വിസ്തൃതിയിൽ വിസ്താ ക്ലിയറൻസ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

മൂന്നാർ ഡിവിഷൻ

മൂന്നാർ ഡിവിഷനുകീഴിലെ കോതമംഗലം നിയോജകമണ്ഡലത്തിൽപ്പെടുന്ന കുട്ടമ്പുഴ, കവളങ്ങാട് പഞ്ചായത്തുകൾ മാത്രമാണ് മൂന്നാർ ഫോറസ്റ്റ് ഡിവിഷനിൽ നേര്യമംഗലം റെയ്ഞ്ചിന്റെ പരിധിയിൽ വരുന്നത്. ടി പഞ്ചായത്തുകളിൽ വന്യജീവി ശല്യം പ്രതിരോധിക്കുന്നതിനായി സോളാർ ഫെൻസിങ്, സോളാർ ലൈറ്റുകൾ, ആന പ്രതിരോധ കിടങ്ങുകൾ, ആർ.ആർ.ടി.-യുടെ സേവനം, വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ, ജനജാഗ്രതാ സമിതികൾ, ഏർലി വാർണിങ് എസ്.എം.എസ്. അലർട്ട് സിസ്റ്റം എന്നിവ ഏർപ്പെടുത്തുകയും മിഷൻ സോളാർ

ഫെൻസിങ് - 2024 ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്.

മലയാറ്റൂർ ഡിവിഷൻ

കോതമംഗലം മണ്ഡലത്തിലെ മലയാറ്റൂർ ഡിവിഷനിലുൾപ്പെട്ട കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കർഷകർ, ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്തി മനുഷ്യ-വന്യമൃഗ സംഘർഷത്തിന് പരിഹാരം കാണുന്നതിനായി ജനജാഗ്രതാ സമിതികൾ വിളിച്ചുചേർത്ത് ടി യോഗങ്ങളിലെ നിർദേശങ്ങൾ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സൗരോർജ വേലികളുടെ നിർമ്മാണം, നിലവിലുള്ള സൗരോർജ വേലികൾ കൂടുതൽ ഫലപ്രദമായി സൗരോർജ തൂക്കുവേലികളാക്കി നവീകരിക്കൽ, താൽക്കാലിക വാച്ചർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങളിൽ അടിയന്തര ഇടപെടൽ നടത്തുന്നതിലേയ്ക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ഡിവിഷൻ ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഡിവിഷൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ

ഫോഴ്സിന്റെ സേവനവും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി ഉപയോഗപ്പെടുത്തിവരുന്നു.

ഈ സർക്കാർ കാലയളവിൽ മേൽ പഞ്ചായത്തുകളിൽ നടപ്പിലാക്കിയ പ്രധാന പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

പഞ്ചായത്ത് ഫണ്ടുപയോഗിച്ച് കപ്പേളപ്പടി മുതൽ പൂയംകുട്ടിവരെ 5.6 ലക്ഷം രൂപ ചെലവിൽ 2 കിലോമീറ്റർ ദൂരത്തിലും മെഡിസിൻ പ്ലാന്റേഷൻ മുതൽ കുതിരമുടി വരെ 2.94 ലക്ഷം രൂപ ചെലവിൽ ഒരു കിലോമീറ്റർ ദൂരത്തിലും സൗരോർജവേലി നിർമ്മിക്കുന്നതിന്റെ ടെൻഡർ നടപടി പുരോഗമിച്ചുവരുന്നു. നിലവിലുള്ളതും പ്രവർത്തനക്ഷമമല്ലാത്തതുമായ സൗരോർജവേലികൾ മിഷൻ ഫെൻസിങ് പദ്ധതിയിലുൾപ്പെടുത്തി എൻ.ജി.ഒ.-കളുടെയും കോളേജ് വിദ്യാർഥികളുടെയും സഹകരണത്തോടുകൂടി പരമാവധി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(ബി) ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോതമംഗലം റെയ്ഞ്ചിന് കീഴിൽ പൂച്ചകുത്ത്-ചേരമല, കളപ്പാറ മുതൽ വെളിയച്ചാൽ വരെ 8 കി.മീ. ദൂരത്തിൽ ഹാങ്ങിങ് സോളാർ ഫെൻസിങ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ആരംഭ ഘട്ടത്തിലാണ്. മൂന്നാർ ഡിവിഷനിൽ ഉൾപ്പെട്ടുവരുന്ന കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ, കവളങ്ങാട് പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ സ്ഥിതി താഴെ വിവരിക്കുന്നു.

നേര്യമംഗലം റെയ്ഞ്ചിൽ വരുന്ന കുട്ടമ്പുഴ പഞ്ചായത്തിൽ 13-ാം വാർഡിൽ വന്യമൃഗ സംഘർഷം പരിഹരിക്കുന്നതിന് RKVY ഫണ്ടുപയോഗിച്ച് ഈന്തല്യംപാറ, മുനിപ്പാറ തേക്ക് പ്ലാൻഷൻ - 3 കി.മീറ്റർ, മുനിപ്പാറ തേക്ക് പ്ലാൻറേഷൻ - ഇഞ്ചത്തൊട്ടി തേക്ക് പ്ലാൻറേഷൻ 1.5 കി.മീറ്റർ, ഇഞ്ചത്തൊട്ടി ഫോറസ്റ്റ് സ്റ്റേഷൻ മുതൽ മുതുവാൻപാറ വരെ 2 കി.മീറ്റർ, മുതുവാൻപാറ മുതൽ മെഴുക്കുമാലി തേക്ക് പ്ലാൻറേഷൻ വരെ 4.5 കി.മീറ്റർ - ആകെ 11 കി.മീറ്ററിൽ 4 കി.മീറ്റർ പ്രവർത്തനക്ഷമമായിട്ടുള്ളതും 3 കി.മീറ്റർ ഉടനടി പ്രവർത്തനക്ഷമമാക്കുന്നതും ബാക്കിയുള്ള ദൂരം പ്രവൃത്തികൾ പുരോഗമിച്ചുവരുന്നതുമാണ്. കവളങ്ങാട് പഞ്ചായത്തിലെ ചെമ്പൻകുഴി ഹാങ്ങിങ് ബ്രിഡ്ജ് മുതൽ മണിയൻപാറ വരെയുള്ള 1 കി.മീറ്റർ സോളാർ ഫെൻസിങ് NABARD Scheme XXIX-ൽ ഉൾപ്പെടുത്തിയുള്ള പ്രവർത്തനത്തിന്റെ തുടർച്ചയായി വരുന്നതാണ്. ആയത് NABARD-ന്റെ വർക്ക് പൂർത്തിയാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്.

സ്കീമിൽ ഉൾപ്പെടുത്തി കരിമണൽ റിവർ സൈഡിൽ 3.2 കി.മീറ്റർ സോളാർ ഫെൻസിങ്, നീണ്ടപാറ റോഡ് സൈഡ് - ഹാങ്ങിങ് സോളാർ ഫെൻസിങ് - 400 മീറ്റർ എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതാണ്.

വെളിയത്ത് പറമ്പ് - 4 കി.മീറ്റർ എലിഫന്റ് പ്രൂഫ് ട്രഞ്ച് പ്രവൃത്തി ആംരഭിച്ചിട്ടുള്ളതും ആയത് പൂർത്തിയായശേഷം മുത്തനാമ്മുടി - 4 കി.മീറ്റർ എലിഫന്റ് പ്രൂഫ് ട്രഞ്ച് നിർമ്മാണം ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ബാക്കിയുള്ള ചുവടെ പറയുന്ന പ്രവൃത്തികൾ അവാർഡ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

1. വലിയക്കാച്ചേരി - മുതുവാൻപാറ - ഹാങ്ങിങ് സോളാർ ഫെൻസിങ് - 750 മീറ്റർ.

2. മുത്തനാമ്മുടി - മുക്കം ഭാഗം - ഹാങ്ങിങ് സോളാർ ഫെൻസിങ് - 2.5 കി.മീറ്റർ.

3. അനന്തൻകുടി റിവർ ഇ.പി.റ്റി - അനന്തൻകുടി ഈസ്റ്റ് - ഹാങ്ങിങ് സോളാർ ഫെൻസിങ് - 1 കി.മീറ്റർ.

4. ആർ.എസ്.പി ഹിൽ ഏരിയ - ഹാങ്ങിങ് സോളാർ ഫെൻസിങ്- 1.4 കി.മീറ്റർ.

നേര്യമംഗലം റെയ്ഞ്ച് പരിധിയിൽ നിലവിലുണ്ടായിരുന്ന സോളാർ ഫെൻസിങ് പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി മിഷൻ ഫെൻസിംഗ് 2024 പദ്ധതി പ്രകാരം കുട്ടമ്പുഴ പഞ്ചായത്തിൽ 18.68 കി.മീ. പ്രവർത്തനരഹിതമായ ഫെൻസിങുകൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന സാഹചര്യത്തിൽ മൂന്നാർ വനം ഡിവിഷനിലെ നേര്യമംഗലം റെയ്ഞ്ചിൽ ഉരുളൻതണ്ണി, വാളറ, നഗരമ്പാറ ഫോറസ്റ്റ് സ്റ്റേഷനുകളിലായി 3 ആർ.ആർ.റ്റി.-കൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ മൂന്നാർ ഡിവിഷനിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന ഒരു ഡിവിഷണൽ എമർജൻസി ഓപ്പറേഷൻ സെന്ററും പ്രവർത്തിക്കുന്നുണ്ട്.

കോതമംഗലം മണ്ഡലത്തിൽ മലയാറ്റൂർ ഡിവിഷനിലുൾപ്പെട്ട പ്രദേശത്ത് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് കപ്പേളപ്പടി മുതൽ പൂയംകുട്ടിവരെ 5.6 ലക്ഷം രൂപ ചെലവിൽ 2 കിലോമീറ്റർ ദൂരത്തിലും മെഡിസിൻ പ്ലാന്റേഷൻ മുതൽ കുതിരമുടി വരെ 2.94 ലക്ഷം രൂപ ചെലവിൽ ഒരു കിലോമീറ്റർ ദൂരത്തിൽ സൗരോർജവേലി നിർമ്മിക്കുന്നതിന്റെ ടെൻഡർ നടപടി പുരോഗമിച്ചുവരുന്നു.

(സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്

ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പദ്ധതികൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

വന്യജീവി ആക്രമണംമൂലം പരിക്ക് പറ്റിയവരുടെ വിവരങ്ങൾ

142(4639) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2010 മുതൽ നാളിതുവരെ വന്യജീവി ആക്രമണംമൂലം പരിക്ക് പറ്റിയവരുടെ പേര് വിവരങ്ങളും മേൽവിലാസവും നൽകിയ സഹായധനവും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ 2010-11 മുതൽ 31-01-2025 വരെ സംസ്ഥാനത്ത് പരിക്കേറ്റവരുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

മനുഷ്യ-വന്യമൃഗ സംഘർഷവുമായി ബന്ധപ്പെട്ട് സംഭവങ്ങൾ ഉണ്ടാകുമ്പോൾ അതത് ഫോറസ്റ്റ് ഡിവിഷനുകൾ മുഖേന അടിയന്തരമായി ധനസഹായം/നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ പരിക്ക് പറ്റിയിട്ടുള്ളവരുടെ വിശദാംശങ്ങളും ഇവർക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടുള്ള സഹായധനവും സംബന്ധിച്ച വർഷം തിരിച്ചുള്ള കണക്കും വിവിധ ഫോറസ്റ്റ് ഡിവിഷനുകളിൽ നിന്നും ശേഖരിച്ചുവരികയാണ്.

മലമ്പുഴ മണ്ഡലത്തിൽ വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം

143(4640) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ മലമ്പുഴ മണ്ഡലത്തിൽ വന്യജീവി ആക്രമണത്താൽ പരിക്ക് പറ്റിയവരുടെയും മരണപ്പെട്ടവരുടെയും എണ്ണം എത്രയെന്ന് അറിയിക്കുമോ?

2021 മുതൽ നാളിതുവരെ മലമ്പുഴ മണ്ഡലത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ 10 പേർ മരണപ്പെടുകയും 36 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ കാലയളവിൽ മലമ്പുഴ മണ്ഡലത്തിൽ വന്യജീവി ആക്രമണത്തിന് ഇരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമായി എത്ര തുക നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും ഇനി എത്ര തുക നൽകാൻ ബാക്കിയുണ്ടെന്നും അറിയിക്കുമോ?

ഈ കാലയളവിൽ മലമ്പുഴ മണ്ഡലത്തിൽ മനുഷ്യ-വന്യമൃഗ

സംഘർഷങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് 30 ലക്ഷം രൂപ നൽകിയിട്ടുണ്ട്. നിയമാനുസൃത രേഖകൾ ഹാജരാക്കാത്തതിനെ തുടർന്ന് മരണമടഞ്ഞവരുടെ ആശ്രിതർക്ക് 5 അപേക്ഷകളിലായി 14 ലക്ഷം രൂപ നൽകുവാനുണ്ട്.

മലമ്പുഴ മണ്ഡലത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ പരിക്കേറ്റവർക്ക് 19.14 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. എട്ട് അപേക്ഷകളിലായി നിലവിൽ 7.61 ലക്ഷം രൂപ നൽകുവാനുമുണ്ട്.

കാട്ടുപന്നി ആക്രമണം തടയാൻ നടപടി

144(4641) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുപന്നി ആക്രമണംമൂലം മരണം അടക്കമുള്ള സംഭവങ്ങളുണ്ടാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ഗൗരവത്തോടെ കാണുന്നുണ്ട്.

(ബി) വള്ള്യായി അരുണ്ട കിഴക്കയിൽ കർഷകനായ ശ്രീധരന്റെ ദാരുണമരണം അടക്കം കാട്ടുപന്നി ആക്രമണത്തിൽ നിരവധി പേർ മരിക്കുന്നതും

പരിക്കേൽക്കുന്നതുമായ സംഭവങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ കാട്ടുപന്നിയുടെ ആക്രമണം തടയാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജനവാസ മേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരെയും സെക്രട്ടറിമാരെയും ഹോണററി വൈൽഡ് ലൈഫ് വാർഡന്മാരായും ഓതറൈസ്ഡ് ഓഫിസർമാരായും ചുമതലപ്പെടുത്തിക്കൊണ്ട് 31-05-2022-ലെ സർക്കാർ ഉത്തരവ് (സാധാ) 239/2022/വനം പ്രകാരം ഉത്തരവാകുകയും നിലവിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം അവർക്ക് ഡെലിഗേറ്റ് ചെയ്തുകൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവിന്റെ കാലാവധി 28-05-2024 മുതൽ ഒരു വർഷത്തേക്കുംകൂടി ദീർഘിപ്പിച്ചുകൊണ്ട് 25-02-2024-ലെ സർക്കാർ ഉത്തരവ് (കൈ) 09/2024/വനം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 21-05-2024-ലെ KFDHQ/3331/2021-CWW/WL11 നമ്പർ ഉത്തരവ്

പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. നാട്ടിലിറങ്ങി ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനുള്ള ഓണറേറിയം 1,500/- രൂപയായും ജഡം മറവു ചെയ്യുന്നതിനുള്ള തുക 2,000/- രൂപയായും 06-03-2025-ലെ GO (Rt) No. 108/2025/DMD പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

നിലവിലെ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിന്റെ ഭാഗമായി 26-02-2025-ലെ സർക്കാർ ഉത്തരവ് (കൈ)നം.8/2025/വനം പ്രകാരം സംസ്ഥാനത്തെ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളെ വിവിധോന്മുഖങ്ങളായ 10 പ്രത്യേക യജ്ഞങ്ങളായി തിരിച്ച് ഓരോ യജ്ഞവും വ്യാഖ്യാനിച്ച് ഓരോന്നിനും സംസ്ഥാന/റീജിയണൽ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഇതിൽ ഒരു യജ്ഞം മിഷൻ വൈൽഡ് പിഗ് ആകുന്നു. കാട്ടുപന്നികളുടെ എണ്ണം നിയന്ത്രിക്കുന്നതിനും ജനവാസ മേഖലയിലേക്ക് അവ ആകർഷിക്കപ്പെടുന്നത് നിയന്ത്രിക്കുന്നതിനുമുള്ള വിവിധ നടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുമാണ് ഈ യജ്ഞം വഴി ഉദ്ദേശിക്കുന്നത്.

വന്യജീവി ആക്രമണംമൂലം മരണപ്പെട്ടവർ

145(4642) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം 2010 മുതൽ നാളിതുവരെ മരണമടഞ്ഞവരുടെ പേരും മേൽവിലാസവും സർക്കാർ നൽകിയ ധനസഹായവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ 2010-11 മുതൽ 31-01-2025 വരെ സംസ്ഥാനത്ത് മരണമടഞ്ഞവരുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

മനുഷ്യ-വന്യമൃഗ സംഘർഷവുമായി ബന്ധപ്പെട്ട് സംഭവങ്ങൾ ഉണ്ടാകുമ്പോൾ അതത് ഫോറസ്റ്റ് ഡിവിഷനുകൾ മുഖേനയാണ് അടിയന്തരമായി ധനസഹായം/നഷ്ടപരിഹാരം നൽകിവരുന്നത്. മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ ജീവഹാനി സംഭവിച്ചവരുടെ വിശദാംശങ്ങളും ഓരോരുത്തരുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുള്ള ധനസഹായവും സംബന്ധിച്ച വിവരം ബന്ധപ്പെട്ട ഫോറസ്റ്റ് ഡിവിഷനുകളിൽനിന്നും ശേഖരിച്ചുവരികയാണ്.

മണ്ണാർക്കാട് കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം

146(4643) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ ശല്യംമൂലമുള്ള കൃഷി നാശത്തിന് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് എന്ന ഉത്തരവ് പ്രകാരവും കാലാകാലങ്ങളിൽ ടി ഉത്തരവിലെ ഭേദഗതി പ്രകാരവുമാണ് മനുഷ്യ-വന്യമൃഗ സംഘർഷത്തിലെ കൃഷി നാശങ്ങൾക്കുള്ള നഷ്ടപരിഹാരം നൽകിവരുന്നത്. കൃഷി നാശങ്ങൾക്ക് കണക്കാക്കപ്പെടുന്ന തുകയുടെ 100% പരമാവധി ഒരു ലക്ഷം രൂപവരെ നഷ്ടപരിഹാരം നൽകിവരുന്നു. ഇപ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷംമൂലമുള്ള കൃഷിനാശത്തിന് ഒരു അപേക്ഷകന് ഒരു വർഷം പരമാവധി നാല് തവണവരെ നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

(ബി) 2016 മുതൽ മണ്ണാർക്കാട് മണ്ഡലത്തിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചതുമൂലം കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കർഷകർക്ക് നൽകിയിട്ടുണ്ട്; നൽകിയ തുകയുടെ വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

മണ്ണാർക്കാട് ഡിവിഷൻ പരിധിയിൽ മണ്ണാർക്കാട് മണ്ഡലത്തിൽ മനുഷ്യ-

വന്യമൃഗ സംഘർഷത്തിൽ കൃഷിനാശത്തിനുള്ള നഷ്ടപരിഹാത്തിനായി നൽകിയിട്ടുള്ള അപേക്ഷ പരിശോധിച്ച് അർഹരായവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഒരു ഫോറസ്റ്റ് റെയ്ഞ്ചിന് കീഴിൽ ഒന്നിൽക്കൂടുതൽ പഞ്ചായത്തുകൾ ഉള്ളതിനാൽ റെയ്ഞ്ച് അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) അപേക്ഷ നൽകിയ കർഷകരിൽ പലർക്കും നാളിതുവരെ നഷ്ടപരിഹാരം ലഭ്യമായിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് അടിയന്തരമായി നഷ്ടപരിഹാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ആവശ്യമായ രേഖകൾ സഹിതം സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അർഹമായ നഷ്ടപരിഹാരത്തുക ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നൽകിവരുന്നുണ്ട്.

ഉത്സവത്തിന് ആന എഴുന്നള്ളിപ്പിനുള്ള മാനദണ്ഡങ്ങൾ

147(4644) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്സവത്തിന് ആന എഴുന്നള്ളിപ്പിന് എന്തെല്ലാം മാനദണ്ഡങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

2012-ലെ കേരള നാട്ടാന (പരിപാലനവും, കാര്യകർതൃത്വവും)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചട്ടങ്ങളിലെയും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 20-03-2013-ലെ 2853/ഡി2/2013/വനം നമ്പർ സർക്കുലറിലെയും 27-04-2022-ലെ ഡി2/312/2018-വനം നമ്പർ സർക്കുലറിലെയും നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും അനുസരിച്ചാണ് ചട്ടപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ മോണിറ്ററിങ് കമ്മിറ്റികൾ സംസ്ഥാനത്ത് ഉത്സവങ്ങൾക്ക് ആനകളെ എഴുന്നള്ളിപ്പിക്കുന്നതിന് അനുമതി നൽകുന്നത്. ആയതിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+. 2012-ലെ ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പുതിയ ചട്ടങ്ങളുടെ കരട് തയ്യാറാക്കി വരുന്നുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഉത്സവങ്ങൾക്കിടയിൽ മാത്രം ആനകളുടെ ആക്രമണത്തിൽ എത്ര ജീവൻ നഷ്ടപ്പെട്ടുവെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാട്ടാനകളുടെ ആക്രമണത്തിൽ 18 ആളുകളുടെ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്.

(സി) മരിച്ചവരുടെ ആശ്രിതർക്ക് എന്ത് നഷ്ടപരിഹാരം നൽകിവരുന്നു എന്ന് വിശദമാക്കാമോ?

(ഡി) എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി&ഡി) നാട്ടാനകളുടെ ആക്രമണംമൂലം ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകേണ്ടുന്ന ഉത്തരവാദിത്വം ആന ഉടമകളിൽ നിക്ഷിപ്തമാണ്. ആയതിനാൽ നാട്ടാനകളുടെ ആക്രമണംമൂലം ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്ക് വനം വകുപ്പ് സാമ്പത്തിക സഹായമൊന്നും നൽകുന്നില്ല.

പേരാമ്പ്ര മണ്ഡലത്തിൽ വന്യമൃഗശല്യം തടയുന്നതിനുള്ള നടപടികൾ

148(4645) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപാറ പഞ്ചായത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന വന്യമൃഗശല്യം തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നിലവിൽ വകുപ്പ് തലത്തിൽ നടന്നുവരുന്നതെന്ന് വിശദമാക്കുമോ?

(എ & ബി) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ജനവാസമേഖലയിലിറങ്ങി മനുഷ്യരുടെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുള്ളതിൻ പ്രകാരം ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പെരുവണ്ണാമൂഴി കേന്ദ്രീകരിച്ച് സാറ്റലൈറ്റ് RRT രൂപീകരിക്കുകയും മുഴുവൻ സമയവും RRT-യുടെ സേവനം ഉപയോഗപ്പെടുത്തി വരികയും ചെയ്യുന്നുണ്ട്.

പെരുവണ്ണാമൂഴി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്നതും ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ വരുന്നതുമായ രണ്ടാം ചീളി, ആലമ്പാറ, ഉണ്ടനൂല, പന്നിക്കോട്ടൂർ ഭാഗത്തും, കൂവ്വപ്പൊയിൽ, പെരുവണ്ണാമൂഴി, ചെങ്കോട്ടക്കൊല്ലി, സീതപ്പാറ, പയ്യാനിക്കോട്ട ഭാഗത്തും 10 വർഷങ്ങൾക്ക് മുമ്പേ സ്ഥാപിച്ച സൗരോർജവേലികൾക്ക് കാലപ്പഴക്കം സംഭവിച്ചതിനാൽ ആയതിനുപകരമായി 18 കി.മീ. ദൂരത്തിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി സൗരോർജ തൂക്കുവേലി നിർമ്മിക്കുന്ന പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. ജനപങ്കാളിത്തത്തോടെ പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് ചക്കിട്ടപ്പാറ, കൂരാച്ചുണ്ട്, പനങ്ങാട് എന്നിവിടങ്ങളിലായി മൂന്ന് ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷം പ്രതിരോധിക്കാൻ ജനകീയസമിതികൾ

149(4646) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:

ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഏറ്റവും രൂക്ഷമായ പ്രദേശങ്ങളെ ഹോട്ട്സ്പോട്ടുകളായി കണ്ട് അവിടങ്ങളിലെ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ജനപ്രതിനിധികൾ ഉൾപ്പെട്ട ജനകീയ സമിതികൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് തദ്ദേശീയ തലത്തിൽ നേതൃത്വം നൽകുന്നതിനും ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും പ്രാതിനിധ്യം ഉറപ്പാക്കി കാര്യക്ഷമമായ ഏകോപനം കൊണ്ടുവരുന്നതിനും അതിലൂടെ മികവുറ്റ സേവനം ജനങ്ങളിൽ എത്തിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റ് അഥവാ ചെയർപേഴ്സൺമാരുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്ത് ജനജാഗ്രതാ സമിതികൾ രൂപീകരിക്കുവാൻ 07-02-2017-ലെ സർക്കാർ ഉത്തരവ് (സാ.ധാ) നമ്പർ 51/2017/വനം പ്രകാരം ഉത്തരവായിരുന്നു. ആയതിൻ പ്രകാരം സംസ്ഥാനത്ത് 280 ജനജാഗ്രതാ സമിതികൾ പ്രദേശികതലത്തിൽ

പ്രവർത്തിച്ചുവരുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം, ആവാസ വ്യവസ്ഥയിൽ ഉണ്ടാകുന്ന ശോഷണം തുടങ്ങിയ വിവിധ കാരണങ്ങളാൽ ജനവാസ മേഖലയിൽ വന്യമൃഗ സാന്നിധ്യംമൂലം ഉണ്ടാകുന്ന മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യേണ്ട വിഷയമാണെന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് 07-03-2024-ലെ സ.ഉ (കൈ)നമ്പർ 12/2024/ വനം പ്രകാരം സംസ്ഥനതലത്തിലും ജില്ലാതലത്തിലും പ്രദേശിക തലത്തിലുമായി നാല് സമിതികൾ രൂപീകരിച്ചിരുന്നു. ഇത്തരത്തിൽ രൂപീകരിക്കപ്പെട്ട പ്രദേശിക സമിതിയുടെ ഘടനയും ജനജാഗ്രതാ സമിതിയുടെ നാളിതുവരെയുള്ള പ്രവർത്തന പരിചയവും സംയോജിപ്പിച്ചുകൊണ്ട്, ജനജാഗ്രതാ സമിതികളെ പുനഃസംഘടിപ്പിക്കുന്നതിന് 12-03-2025-ലെ സ.ഉ.(സാധാ)നം.104/2025/വനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജനപ്രതിനിധികൾ ഉൾപ്പെട്ട ജനജാഗ്രതാ സമിതികൾ പുനഃസംഘടിപ്പിക്കണമെന്നുള്ള നിർദേശം വനംവകുപ്പിലെ എല്ലാ ഫീൽഡ് ഓഫീസുകൾക്കും നൽകിയിട്ടുണ്ട്.

(ബി) വന്യജീവി സംഘർഷങ്ങൾ രൂക്ഷമായ ഗ്രാമപഞ്ചായത്തുകളിൽ സന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിൽ പ്രൈമറി റെസ്പോൺസ് ടീമിനെ

രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

ഉദ്ദേശിക്കുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിനുവേണ്ടി 10 വിവിധോന്മുഖ പരിഹാര പദ്ധതികൾ (10 Missions) അംഗീകരിച്ചും അവ നടപ്പാക്കുന്നതിനുമായി സംസ്ഥാന/റീജിയണൽ നോഡൽ ഓഫീസർ-മാരെ നിയോഗിച്ചും 26-02-2025-ലെ സ.ഉ (കൈ) നം.08/2025/F&WLD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ പത്ത് മിഷനുകളിൽ പ്രധാനപ്പെട്ട ഒന്നാണ് മിഷൻ PRT (Mission Primary Response Team). മനുഷ്യ-വന്യമൃഗ സംഘർഷം റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ആർ.ആർ.ടി., മറ്റ് സംവിധാനങ്ങൾ എന്നിവ എത്തിച്ചേരുന്നതിനുമുമ്പ് സത്വരമായി ഇടപെട്ട് സുരക്ഷിതമായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ആരംഭിക്കുക എന്നതായിരിക്കും മേൽപ്പറഞ്ഞ പ്രൈമറി റെസ്പോൺസ് ടീമിന്റെ ചുമതല. 07-03-2024-ലെ സ.ഉ(കൈ)നം.12/2024/വനം പ്രകാരം രൂപീകരിക്കപ്പെട്ട ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള സമിതിയുടെ 27-02-2025-ൽ നടന്ന യോഗത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം നിലനിൽക്കുന്ന എല്ലാ പ്രദേശങ്ങളിലും പ്രാദേശിക പരിജ്ഞാനമുള്ള സന്നദ്ധരായ തദ്ദേശവാസികളെ ഉൾപ്പെടുത്തി പ്രൈമറി റെസ്പോൺസ് ടീമുകളെ രൂപീകരിച്ച് അവർക്കാവശ്യമായ

മാർഗനിർദേശങ്ങളും പ്രായോഗിക പരിശീലനവും നൽകി സജ്ജമാക്കുവാൻ നിർദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സന്നദ്ധരായ തദ്ദേശവാസികളിൽനിന്നും യോഗ്യരായവരെ തിരഞ്ഞെടുത്ത് പ്രൈമറി റെസ്പോൺസ് ടീമുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) വന്യജീവി ആക്രമണങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനു വേണ്ടി വനംവകുപ്പ് ദുരന്തനിവാരണ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദീകരിക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷത്തെ 07-03-2024-ന് സർക്കാർ ഉത്തരവ് നം. (കൈ)4/2024/DMD പ്രകാരം "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിക്കുകയുണ്ടായി. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയുള്ള പ്രവർത്തനം ഇതിലൂടെ സാധ്യമാകുന്നു.

- സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഫണ്ടുപയോഗിച്ച് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വനം വകുപ്പ് ആസ്ഥാനത്ത് സ്റ്റേറ്റ് ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററും 36 വനം ഡിവിഷനുകളിൽ

ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ സജ്ജമാക്കുന്നതിന് 372.796 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

- നാട്ടിലിറങ്ങി ജീവനും സ്വത്തിനും ഭീഷണിയുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനുള്ള ഓണറേറിയം 1,500/- രൂപയും ജഡം മറവു ചെയ്യുന്നതിനുള്ള തുക 2,000/- രൂപയും നൽകുന്നതിന് 06-03-2025-ലെ GO(Rt)No. 108/2025/DMD പ്രകാരം ഉത്തരവായിട്ടുണ്ട്. ദുരന്തനിവാരണ അതോറിറ്റി ടി തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി നൽകുന്നു.
- RRT-കൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനും ട്രൂൾ റൂമുകൾ സജ്ജീകരിക്കുന്നതിനും RRT ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുമായി മൂന്ന് കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും ആയത് SDMA-യുടെ പരിഗണനയിലുമാണ്.
- വനം വകുപ്പിൽ നിലവിലുള്ള വിവിധ വൈൽഡ് ലൈഫ് വെറ്ററിനറി യൂണിറ്റുകൾ ശാക്തീകരിക്കുന്നതിന് 2.26 കോടി രൂപയുടെ പ്രൊപ്പോസൽ

സമർപ്പിച്ചിട്ടുള്ളതും ആയത് SDMA-യുടെ പരിഗണനയിലുമാണ്.

വയനാട് വന്യജീവി സങ്കേതത്തിൽ നിന്നും കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുവാൻ നടപടി

150(4647) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് വന്യജീവി സങ്കേതത്തിനകത്ത് അധിവസിക്കുന്ന കുടുംബങ്ങളെ വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ 14 സെറ്റിൽമെന്റുകളിലുള്ള 800 കുടുംബങ്ങളിൽ അർഹതപ്പെട്ട 643 കുടുംബങ്ങൾ അനുയോജ്യമായ മറ്റു സ്ഥലങ്ങളിലേക്ക് മാറി താമസിക്കുവാൻ സന്നദ്ധത അറിയിച്ചതിനെത്തുടർന്ന് കേന്ദ്രാവിഷ്കൃത പദ്ധതിയായ Integrated Development of Wildlife Habitats (IDWH – CSS 60:40) പ്രകാരം "വയനാട് സന്നദ്ധ പുനരധിവാസ പദ്ധതി" നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം നാളിതുവരെ 445 അർഹതാ കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യുകയും അതിൽ 333 കുടുംബങ്ങൾ ഇതിനകം സംരക്ഷിത മേഖലയിൽനിന്നും കൂടുതൽ മെച്ചപ്പെട്ടതും സുരക്ഷിതവുമായ സ്ഥലത്തേക്ക് സ്വയം മാറി താമസിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി 2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതമായ 922.50 ലക്ഷം രൂപ പദ്ധതിയുടെ നോഡൽ ഓഫീസറായ വയനാട് ജില്ലാ കളക്ടറുടെ SNA അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

ബാലുശ്ശേരി മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ

151(4648) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന് കീഴിലെ ഏതെല്ലാം പ്രവൃത്തികൾ നിലവിൽ പൂർത്തിയായിട്ടുണ്ട്; ഗ്രാമ പഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ 2021 സാമ്പത്തിക വർഷം മുതൽ ജലസേചന വകുപ്പ് മുഖാന്തരം വിവിധ ഫണ്ടുകളുപയോഗപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന് കീഴിൽ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്നും ഇവ എപ്പോൾ പൂർത്തീകരിക്കാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിയുമെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പ് മുഖാന്തരം വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി നിലവിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട്

152(4649) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) അട്ടപ്പാടിയിലെ ആദിവാസികൾ ഉൾപ്പെടെയുള്ളവരുടെ കൃഷിക്കും ശുദ്ധജലത്തിനും വേണ്ടിയുള്ള പ്രസ്തുത പദ്ധതി പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(എ & ബി) അട്ടപ്പാടി ജലസേചന പദ്ധതിയുടെ (AIP) ഭാഗമായുള്ള ഡാം പണിയുന്നതിന് മുന്നോടിയായി Environmental clearance, Forest clearance, wild

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

life clearance തുടങ്ങിയ നിയമാനുസൃതമായ അനുമതികൾ കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിൽ (MoEF & CC) നിന്നും ലഭ്യമാക്കേണ്ടതുണ്ട്. ആയതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അട്ടപ്പാടി ജലസേചന പദ്ധതിയുടെ വിശദമായ പദ്ധതി രേഖ (DPR), കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ, കാവേരി വിധി നടപ്പിലാക്കുവാൻ നിയോഗിച്ചിട്ടുള്ള "കാവേരി വാട്ടർ മാനേജ്മെന്റ് അതോറിറ്റി (CWMA)" യുടെ പദ്ധതിയിന്മേലുള്ള അഭിപ്രായം ആവശ്യമാണെന്ന് കേന്ദ്ര ജല കമ്മീഷൻ (CWC) അറിയിക്കുകയുണ്ടായി. ഇതിനെത്തുടർന്ന്, വിശദമായ പദ്ധതി രേഖ (DPR), കാവേരി വാട്ടർ മാനേജ്മെന്റ് അതോറിറ്റി (CWMA)-ക്ക് സമർപ്പിക്കുകയും കേരള സർക്കാർ ആവശ്യപ്പെട്ട പ്രകാരം 04-04-2024-ലെ 29-ാം CWMA-യുടെ യോഗത്തിൽ, "അട്ടപ്പാടി പദ്ധതിയുടെ വിശദമായ പദ്ധതി രേഖ (DPR)-ന്മേലുള്ള ചർച്ച" അജണ്ടയായി ഉൾപ്പെടുത്തുകയുമുണ്ടായി.

CWMA-യിലെ മറ്റ് പ്രതിനിധികളായ, തമിഴ്നാടിന്റെയും കർണ്ണാടകയുടെയും പുതിയ പദ്ധതികളിന്മേൽ CWMA സ്വീകരിച്ച തീരുമാനങ്ങൾ പോലെ തന്നെ, അട്ടപ്പാടി ജലസേചന പദ്ധതിയുടെ DPR ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി കേരളത്തിന് തിരികെ നൽകുവാൻ CWMA പ്രസ്തുത

യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ഈ വിവരങ്ങൾ കാണിച്ചുകൊണ്ട്, അനന്തര നടപടികൾക്കായി കേരളം CWC-യെ സമീപിക്കുകയുണ്ടായി. എന്നാൽ, 29-ാം CWMA-യുടെ യോഗത്തിനുശേഷം, തമിഴ്നാട് സർക്കാർ 24-04-2024-ന്, അട്ടപ്പാടി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് തങ്ങൾക്ക് കേരള സർക്കാരിൽ നിന്നും ചില വിശദാംശങ്ങൾ ലഭിക്കുവാനുണ്ടെന്നും ആയതിനാൽ, തമിഴ്നാട് സർക്കാരിന്റെ അനുമതി കൂടാതെ, അട്ടപ്പാടി ജലസേചന പദ്ധതിക്ക് CWC-യുടെ അനുമതി നൽകരുതെന്നും CWC ചെയർമാനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനെ തുടർന്ന്, അട്ടപ്പാടി ജലസേചന പദ്ധതിയിന്മേലുള്ള CWMA-യുടെ അഭിപ്രായം ആവശ്യമാണെന്ന് 29-11-2024-ന് CWC വീണ്ടും കേരള സർക്കാരിനെ അറിയിക്കുകയുണ്ടായി.

കേരളം സമർപ്പിച്ച DPR-ലെ ചില സാങ്കേതിക കാര്യങ്ങളിൽ വ്യക്തത വരുത്തുവാൻ CWC നിർദേശിച്ചതിനാൽ, ആയതിനുവേണ്ടിയുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ, പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതികൾ നേടിയെടുക്കുന്നതിനുള്ള നടപടികളും വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

ഗുരുവായൂർ മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

153(4650) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ വിവിധ ഇറിഗേഷൻ വകുപ്പുകൾ മേജർ, മൈനർ, അഡീഷണൽ മെക്കാനിക്കൽ വിഭാഗങ്ങളിലായി നടപ്പിലാക്കുന്ന പദ്ധതികൾ, അവയുടെ അടങ്കൽ തുക, പദ്ധതിയുടെ പുരോഗതി എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ വിവിധ ഇറിഗേഷൻ വകുപ്പുകൾ മേജർ, മൈനർ, അഡീഷണൽ മെക്കാനിക്കൽ വിഭാഗങ്ങളിലായി നടപ്പിലാക്കുന്ന പദ്ധതികൾ, അവയുടെ അടങ്കൽ തുക, പദ്ധതിയുടെ പുരോഗതി എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) കടപ്പുറം, ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തുകളിൽ ഉപ്പ് വെള്ളം തടയുന്നതിന് ഏതെല്ലാം സ്ഥലങ്ങളിലാണ് സ്ലൂയിസ് നിർമ്മിക്കേണ്ടതെന്ന് ഇറിഗേഷൻ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഉണ്ട്. കടപ്പുറം ഗ്രാമപഞ്ചായത്തിലെ വാർഡ് 9-ലെ പാലംകടവിലും മുക്കുകടവിലും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായുള്ള 2 സ്ലൂയിസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നുണ്ട്. ഏങ്ങണ്ടിയൂർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഞ്ചായത്തിൽ വാർഡ് 9-ൽ മീൻകടവ് സ്ലൂയിസിന്റെ നിർമ്മാണ പ്രവൃത്തിയുടെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പി.സി. കനാലിൽ നിന്ന് ഉപ്പു വെള്ളം കയറുന്നത് തടയുന്നതിന്റെ ഭാഗമായി കടപ്പുറം പഞ്ചായത്തിൽ, എടത്തോട് സ്ലൂയിസ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സുബ്രഹ്മണ്യംകടവ് തോട് സ്ലൂയിസ് നിർമ്മാണം നടന്നുവരുന്നു. ചേറ്റുവ പുഴയുടെ വലതു കരയിൽ ആസാദ് റോഡിൽ സ്ലൂയിസ് നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി

154(4651) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ വിശദാംശം നൽകാമോ?

കാർഷിക വിളകളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനും നാണ്യ വിളകളുടെ പ്രോത്സാഹനത്തിനും ലഭ്യമായ ജലം ഡ്രിപ്പ്, സ്പ്രിംഗ്ലർ സംവിധാനങ്ങൾ ഉപയോഗിച്ച് കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും ജലനഷ്ടം കുറയ്ക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ വളരെയധികം ഊന്നൽ നൽകുന്ന പദ്ധതിയാണ് കെ. എം. മാണി ഊർജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി.

വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സംസ്ഥാന വ്യാപകമായി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തന രീതി തയ്യാറാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർപേഴ്സണായും അഗ്രികൾചറൽ പ്രൊഡക്ഷൻ കമ്മീഷണർ കൺവീനറായും ഒരു സമഗ്ര വിദഗ്ധ സമിതി - Micro Irrigation Implementation and Coordination Committee (MIICC) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നയം രൂപീകരിക്കുന്നതിനുവേണ്ടി ചീഫ് (അഗ്രി) പ്ലാനിങ് ബോർഡ്, ചെയർമാനായി ഡ്രാഫ്റ്റിങ് കമ്മിറ്റി രൂപീകരിക്കുകയും ആയത് പ്രകാരം തയ്യാറാക്കിയ കരട് നയം സർക്കാരിന്റെ പരിഗണനയിലുമാണ്.

നിലവിൽ ജലസേചന വകുപ്പിന് കീഴിൽ നിർവഹിച്ചുവരുന്ന 3 കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വയനാട് പുൽപ്പള്ളി പഞ്ചായത്തിലെ ദാസനക്കര മൈക്രോ ഇറിഗേഷൻ പദ്ധതി (261.5 ലക്ഷം) - ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

2. വയനാട് ജില്ലയിലെ മുട്ടിൽ പഞ്ചായത്തിലെ വാഴവറ്റ-ചീപ്രം കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ സ്കീമിന്റെ 4 പ്രവൃത്തികൾക്ക് 585.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

3. കോട്ടയം കുറവിലങ്ങാട് പഞ്ചായത്തിലെ മൈക്രോ ഇറിഗേഷൻ പദ്ധതി

(173 ലക്ഷം) - ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

സംസ്ഥാന ബജറ്റ് വിഹിതം ഉപയോഗിച്ച് പാലക്കാട് ജില്ലയിലെ കരടിപ്പാറയിൽ ₹3.10 കോടിയുടെ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ധനസഹായം ഉപയോഗിച്ച് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.)-ൽ ഉൾപ്പെട്ട കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ സ്കീമുകളായ പാലക്കാട് ജില്ലയിലെ മൂങ്കിൽമട (₹6.79 കോടി), വലിയേരി (₹3.88 കോടി), നാവിതൻകുളം (₹3.00 കോടി), കുന്നംകാട്ടുപതി (₹5.21 കോടി), വയനാട് ജില്ലയിലെ അത്തിച്ചാൽ – മുണ്ടൻകൊല്ലി (₹2.65 കോടി) എന്നീ പദ്ധതികളും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് കെ.എം. മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ നടപ്പിലാക്കാൻ തീരുമാനിച്ച തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ (₹2.00 കോടി), എറണാകുളം ജില്ലയിലെ കുട്ടിത്താനാൽ (₹5.27 കോടി), പത്തനംതിട്ട ജില്ലയിലെ സീതത്തോട് (₹2.85 കോടി), ഇടുക്കി ജില്ലയിലെ വണ്ടന്മേട് (₹3.10 കോടി), കാമാക്ഷി-പാറക്കടവ് (₹3.23 കോടി), കോഴിക്കോട് ജില്ലയിലെ കാഞ്ഞിരമുഴി (₹5.08 കോടി) തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ

കെ.ഐ.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ പദ്ധതികൾ നടപ്പിലാക്കി വരികയാണ്.

മേൽപ്പറഞ്ഞ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ കൂടാതെ കെ.ഐ.ഐ.ഡി.സി. മുഖേന 'ഇടുക്കി ജില്ലയിലെ കൽവരി മൗണ്ടിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി - ഒന്നാം ഘട്ടം (സിവിൽ പ്രവൃത്തികൾ) – (₹498 ലക്ഷം)' 06-03-2025-ന് ടെൻഡർ ചെയ്തിട്ടുണ്ട്. 'കാമാക്ഷി പഞ്ചായത്തിലെ നെല്ലിപ്പാറയിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ തുടർ പ്രവർത്തനം (₹2 കോടി)' എന്ന പദ്ധതിയുടെ കരാർവച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇടുക്കി ജില്ലയിലെ കാമാക്ഷി പഞ്ചായത്തിലെ കൽവരി മൗണ്ടിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി - രണ്ടാം ഘട്ടത്തിന് (മൈക്രോ ഇറിഗേഷൻ പ്രവൃത്തികൾ) 4,93,70,835.00 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ; വ്യക്തമാക്കുമോ?

(ബി & സി) പട്ടാമ്പി മണ്ഡലത്തിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികളൊന്നും നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. മണ്ഡലത്തിൽ നിലവിൽ പുതിയ മൈക്രോ ഇറിഗേഷൻ പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല.

ഏറനാട് മണ്ഡലത്തിലെ ജലവിഭവ വകുഷ് പദ്ധതികൾ

155(4652) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ ഏറനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ പേര്, ഭരണാനുമതി നൽകിയ തുക, പദ്ധതികളുടെ പുരോഗതി എന്നിവയെപ്പറ്റിയുള്ള വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) നിലവിലെ സർക്കാർ ഏറനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങളും അനുവദിച്ച പദ്ധതികളുടെ പേര്, ഭരണാനുമതി നൽകിയ തുക, പദ്ധതികളുടെ പുരോഗതി എന്നിവയെപ്പറ്റിയുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

അഴീക്കോട് മണ്ഡലത്തിലെ ജലസേചന വകുഷ് പ്രവൃത്തികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

156(4653) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

(എ & ബി) അഴീക്കോട് മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു+.

വടക്കാഞ്ചേരി മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

157(4654) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിൽ 2020-21 വർഷം മുതൽ നാളിതുവരെ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി ബജറ്റിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കുമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ 2020-21 വർഷം മുതൽ നാളിതുവരെ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി ബജറ്റിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് പ്രവൃത്തികൾ

158(4655) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർകോട് ജില്ലയിൽ പുഴകളും ജലാശയങ്ങളും മലിനമാകാതെ സംരക്ഷിക്കാനും കൈയേറ്റങ്ങൾ തടയാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ?

പലസ്ഥലങ്ങളിലും പുഴകളുടെയും തോടുകളുടെയും മറ്റ് ജലാശയങ്ങളുടെയും അതിർത്തി നിർണ്ണയിച്ചിട്ടില്ല. റീ സർവെ പൂർത്തീകരിച്ചാൽ മാത്രമെ കൈയേറ്റം നടന്നിട്ടുണ്ടോയെന്ന് മനസ്സിലാക്കാൻ സാധിക്കൂ. മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ Water Conservation Act 2018 പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. തദ്ദേശസ്ഥാപനങ്ങളുടെ കീഴിൽ വരുന്ന ജലാശയങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ വിവരം ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിച്ച് നടപടിയെടുക്കാൻ ആവശ്യപ്പെടുന്നതാണ്.

പൊല്യൂഷൻ കൺട്രോൾ ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഇറിഗേഷൻ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി മീറ്റിംഗ് നടത്തി NGT-യിൽ

ഉൾപ്പെട്ട നദികളെ മാലിന്യ മുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ജല സ്രോതസ്സുകളുടെ അതിർത്തി നിർണ്ണയിച്ച് കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായും റവന്യൂ/സർവെ/പോലീസ്/പഞ്ചായത്ത് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് ജില്ലാ കളക്ടർ അധ്യക്ഷനായി സർവെ സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സർവെ സെൽ അതിർത്തി നിർണ്ണയിക്കുന്ന മുറയ്ക്ക് കൈയേറ്റം തടയാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ചെത്തുവാഹിനി പുഴയിലേക്ക് മാങ്ങോട് ലാറ്റക്സ് ഫാക്ടറിയിൽ നിന്ന് മലിനജലം ഒഴുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. പ്രസ്തുത സ്ഥലം സന്ദർശിച്ച് മലിനജലം ഒഴുക്കുന്നത് നിർത്തലാക്കിയിരുന്നു. ഇക്കാര്യത്തിൽ ഇനിയൊരു അലംഭാവം കാണിക്കുകയാണെങ്കിൽ കർശന നിയമനടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചുകൊണ്ട് കമ്പനി അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ട്.

ജലനിധി പദ്ധതികൾ നടപ്പിലാക്കിയപ്പോൾത്തന്നെ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും മാലിന്യ മുക്തമാക്കുന്നതിനും യുക്തി സഹമായ വിനിയോഗത്തിനും ഉള്ള ബോധവൽകരണ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി ചെയ്തിട്ടുണ്ട്.

ജലനിധി പദ്ധതികളുടെ നടത്തിപ്പും പരിപാലനവും ബന്ധപ്പെട്ട ഗുണഭോക്തൃ സമിതികളുടെ ചുമതലയിലാണ് നടക്കുന്നത്.

ജലനിധി ശുദ്ധജല വിതരണ ശുചിത്വ പദ്ധതികൾ നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തുകളിലും സമീപപ്രദേശങ്ങളിലും ജല ദുരുപയോഗം, മലിനീകരണം തടയുക എന്നീ വിഷയങ്ങളെക്കുറിച്ച് ബോധവൽകരണം നടത്തുന്നതിനായി സന്നദ്ധ സംഘടനകൾ, ഗുണഭോക്തൃ സമിതികൾ, തുടങ്ങിയവരെ ഉൾപ്പെടുത്തി ബോധവൽകരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

കേരള ജല അതോറിറ്റിയുടെ ജലവിതരണ പദ്ധതികളുടെ സ്രോതസ്സുകളിൽ നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്താറുണ്ട്.

(ബി) റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

1) ഹോസ്ദുർഗ് താലൂക്കിൽ നീലേശ്വരം മുനിസിപ്പാലിറ്റിയിൽ പൊടോതുരുത്തി കായക്കീൽ ഭഗവതി ക്ഷേത്രത്തിന് സമീപം കാര്യങ്കോട് പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി (40 ലക്ഷം) -കരാറുകാരന് സൈറ്റ് കൈമാറിയിട്ടുള്ള പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്.

2) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിൽ കിഴക്കേമുറി എന്ന സ്ഥലത്ത് ഏരിഞ്ഞിക്കീൽ പാലത്തിനു മുകൾവശത്ത് കാര്യങ്കോട് പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി (21 ലക്ഷം)- കരാറുകാരന് സൈറ്റ് കൈമാറിയിട്ടുള്ള പ്രവൃത്തി ആരംഭഘട്ടത്തിലാണ്.

3) കാസർഗോഡ് ജില്ലയിൽ പുത്തിഗെ ഗ്രാമപഞ്ചായത്തിൽ ശ്രീ മഹാലിംഗേശ്വര ക്ഷേത്രത്തിനു സമീപം അംഗഡിമൊഗർ-ദേലംപാടി എന്ന സ്ഥലത്ത് പുത്തിഗെ പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി റീച്ച്- 1 (50 ലക്ഷം)-കരാറുകാരന് സൈറ്റ് കൈമാറി, പ്രവൃത്തി ആരംഭഘട്ടത്തിലാണ്.

തിരുനെല്ലി തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം

159(4656) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി നഗരസഭയിലെ തിരുനെല്ലി പതിനാറാം ഡിവിഷനിൽ ടെക്നിക്കൽ ഹൈസ്കൂളിന് സമീപം എൻ.എച്ച്.766-നോടും മൂന്നര സെന്റ് കോളനിയോടും ചേർന്നുള്ള നടവഴിയും കൾവർട്ടും തകർന്നതിനെ തുടർന്ന് തോടിന്റെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ആവശ്യകത, സ്വഭാവം, ഫണ്ടിന്റെ ലഭ്യത, പൊതുഉപയോഗം എന്നിവ പരിഗണിച്ച് ഉചിതമായ ശീർഷകത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

(എ-സി) സുൽത്താൻ ബത്തേരി നഗരസഭയിലെ തിരുനെല്ലി പതിനാറാം ഡിവിഷനിൽ ടെക്നിക്കൽ ഹൈസ്കൂളിന് സമീപം എൻ.എച്ച്. 16-നോടും മൂന്നര സെന്റ് കോളനിയോടും ചേർന്നുള്ള നടവഴിയും കൾവെർട്ടും തകർന്നതിനെത്തുടർന്ന് തോടിന്റെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശാസ്ത്രീയ ജലവിഭവ പരിപാലനം

160(4657) ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീതടങ്ങളിലെ ജല സന്തുലിതാവസ്ഥ വിലയിരുത്തിക്കൊണ്ട് ഹൈഡ്രോമേറ്റഡ് ശൃംഖലയുടെ സാന്ദ്രത വർധിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

Flood Early Warning System Project-ൽ ഉൾപ്പെടുത്തി International Centre for Free and Open-Source Software (ICFOSS) മുഖേന Hydromet ഉപകരണങ്ങളായ Automatic Rain Gauge (ARG) (മഴവെള്ളം അളക്കുന്നതിനുള്ള ഉപകരണം), Automatic Water Level Recorder (AWLR) (പുഴയിലെ വെള്ളത്തിന്റെ ലെവൽ അളക്കുന്നതിനുള്ള ഉപകരണം) എന്നിവ Install ചെയ്യാനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ജലസ്രോതസ്സുകളിലും ജലസംഭരണികളിലുമുള്ള ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

ജല അതോറിറ്റിയുടെ വിവിധ ജലവിതരണ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് അടക്കം 86 ജല ഗുണനിലവാര പരിശോധനാ ലാബുകൾ വിവിധ ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു. ഈ പരിശോധന ഫലം കേന്ദ്ര ജലശക്തി മന്ത്രാലയത്തിന് കീഴിലുള്ള WQMIS (Water Quality Management Information System) സൈറ്റിൽ അപ്ലോഡ് ചെയ്യുന്നു. ഇതിൽ മലിനീകരിക്കപ്പെട്ട സാമ്പിളുകളുണ്ടെങ്കിൽ അത് DWSM (District Water and Sanitation Mission) മെമ്പർ സെക്രട്ടറിക്ക് പരിശോധിക്കാവുന്നതും ഇതിനുള്ള പ്രതിവിധികൾ സ്വീകരിച്ചതിനുശേഷം റി-ടെസ്റ്റ് ചെയ്യുന്നതിനുവേണ്ടി നിർദേശിക്കാവുന്നതുമാണ്. ഇത്തരം നിർദേശം ലഭിച്ചുകഴിഞ്ഞാൽ ജലഗുണനിലവാര പരിശോധന ലാബുകൾ, മലിനീകരിക്കപ്പെട്ടിരുന്ന അതേസ്ഥലത്തുനിന്നുതന്നെ വീണ്ടും സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നതും പരിശോധനാ ഫലം സൈറ്റിൽ അപ്ലോഡ് ചെയ്യുകയും ജലഗുണനിലവാരം മെച്ചപ്പെടുത്തുന്ന നടപടികൾ അതത് പദ്ധതികളുടെ മേൽനോട്ടം നിർവഹിക്കുന്ന വിവിധ ഓഫീസുകൾ സ്വീകരിക്കുകയും ചെയ്യുന്നതുമാണ്.

ഭൂജല ഗുണനിലവാരം, ഭൂജല വിതാനം എന്നിവയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കുവാൻ സംസ്ഥാനത്തുടനീളം 1349 നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ നിരീക്ഷണ കിണറുകളിൽനിന്ന് മഴക്കാലത്തിന് ശേഷമുള്ളതും മുമ്പുള്ളതുമായ സാമ്പിളുകൾ ശേഖരിക്കുകയും ആയത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് റീജണൽ ലാബുകളുടെ സഹായത്തോടെ ഗുണനിലവാര പരിശോധന നടത്തിവരികയും ചെയ്യുന്നു. നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ സഹായത്തോടുകൂടി 28 ലക്ഷം രൂപ ചെലവിൽ 28 സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലെ കെമിസ്ട്രി ലാബ് ജലഗുണനിലാവാര പരിശോധന നടത്താൻ കഴിയുന്ന വിധം നവീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു സഞ്ചരിക്കുന്ന ജല പരിശോധനാ ലാബ് സജ്ജമാക്കുകയും ഇതുപയോഗിച്ച് എല്ലാ ജില്ലകളിലും ജലഗുണ നിലവാര പ്രശ്നങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ള ഒരു ബ്ലോക്ക് തിരഞ്ഞെടുത്ത്, ആയതിൽ ഒരു സ്ക്വയർ കിലോമീറ്റർ ഗ്രിഡ് അടിസ്ഥാനത്തിൽ സാമ്പിളുകൾ ശേഖരിച്ച് ജലഗുണനിലവാരം പരിശോധിച്ച് ഡാറ്റാബേസ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

ഐ.ഡി.ആർ.ബി. കാര്യാലയത്തിന്റെ ഉപകാര്യാലയമായ ഫീൽഡ് സ്റ്റഡീസ് സർക്കിൾ, തൃശ്ശൂർ കാര്യാലയത്തിന് കീഴിൽ എൻ.എച്ച്.പി. ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാട്ടർ ക്വാളിറ്റി ലെവൽ-2 ലാബിൽ സംസ്ഥാനത്തെ എല്ലാ പുഴകളിലെയും റിവർഗേജ് സ്റ്റേഷനുകളിലെയും ജലം ശേഖരിച്ച് (ദ്വൈമാസ ക്രമത്തിൽ) വിവിധ ജല ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ ഏതാനും ഡാമുകളിലെ ജലവും ഇതേരീതിയിൽ പരിശോധിച്ചുവരുന്നുണ്ട്. നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന് കീഴിൽ തൃശ്ശൂർ കോർപ്പറേഷനിലെ ജലസ്രോതസ്സുകളിലും ജലസംഭരണികളിലുമുള്ള ജലത്തിന്റെ ഗുണനിലവാര പഠനവുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ മേയർ, കൗൺസിലർമാർ, സി.ഡബ്ല്യു.ആർ.ഡി.എം. ശാസ്ത്രജ്ഞർ, കമ്മ്യൂണിറ്റി മെഡിസിൻ, ജില്ലാ മെഡിക്കൽ ഓഫീസർ, ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർ, ഭൂജലവകുപ്പ് ജില്ലാ ഓഫീസർ, ജില്ലാ എൻവയോൺമെന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ജലഗുണനിലവാര ബോധവൽകരണ ശില്പശാല നടത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ നീർച്ചാലുകൾ ജനകീയമായി വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി 'ഇനി ഞാനൊഴുകട്ടെ' എന്ന പേരിൽ ഒരു ക്യാമ്പയിൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഇതുവരെ 90039 കി.മീ. നീളത്തിൽ നീർച്ചാലുകൾ പുനരുജ്ജീവിപ്പിക്കപ്പെട്ടിട്ടുണ്ട്. കിണറുകളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് ജനങ്ങളുടെ ആശങ്കയകറ്റുന്നതിനും ജല ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്തെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരു ഹയർ സെക്കൻഡറി സ്കൂളിൽ വീതം പ്രാഥമിക ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപന പദ്ധതി വിഹിതം, ആർ.കെ.ഐ. ഫണ്ട് എന്നിവ വിനിയോഗിച്ച് സംസ്ഥാനത്ത് നാളിതുവരെ 319 ലാബുകൾ ഇത്തരത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'യുടെ ഭാഗമായി നദീതടത്തിനകത്തുവരുന്ന ചെറു നീർത്തടങ്ങളെ ആധാരമാക്കി തയ്യാറാക്കിയിട്ടുള്ള 'സംയോജിത നീർത്തട പ്ലാനുകൾ' റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി തയ്യാറാക്കി ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന്

വേണ്ടിയുള്ള മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പുഴകളിലെ ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തുടർച്ചയായ മോണിറ്ററിങ് നടത്തിവരുന്നു. കൂടാതെ, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപമെന്റ്&മാനേജ്മെന്റ്, കോഴിക്കോട് എന്ന സ്ഥാപനവും പുഴകളിലെ ജലഗുണനിലവാര പരിശോധന നടത്തുകയും റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

'ജലനിധി' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ സാമൂഹ്യ കുടിവെള്ള പദ്ധതികളുടെ ഉടമസ്ഥാവകാശം അതത് ഗ്രാമപഞ്ചായത്തിനും ഗുണഭോക്തൃ സമിതികൾക്കുമാണ്. കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികൾ നിർവഹിച്ചുവരുന്നു.

നദികളിലെ എക്കലും ചെളിയും മണലും നീക്കം ചെയ്യുന്നതിന് നടപടി

161(4658) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്കലും ചെളിയും മണലും നിറഞ്ഞതിനാൽ നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുന്നതും അതിനാൽ വെള്ളപ്പൊക്കമുണ്ടായി നാശനഷ്ടങ്ങളുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവമ്പാടി മണ്ഡലത്തിൽ ഇത്തരത്തിലുള്ള എത്ര പ്രദേശങ്ങളിൽ ഇവ നീക്കം ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തിരുവമ്പാടി നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന വിവിധ പുഴകളിലായി 14 സ്ഥലങ്ങളിലായി എക്കലും ചെളിയും അടിഞ്ഞുകൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് നീക്കം ചെയ്യുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർക്ക് വിശദവിവരങ്ങൾ അടങ്ങിയ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(സി) മഴക്കാലത്തിന് മുൻപുതന്നെ ഇത്തരം പ്രദേശങ്ങളിലെ എക്കലും ചെളിയും മണലും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രളയാനന്തരം പുഴകളിൽ അടിഞ്ഞുകൂടിയ എക്കലും ചെളിയും മണലും Turn key അടിസ്ഥാനത്തിൽ നീക്കം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ ജലസേചന വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

കുന്ദമംഗലം മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട് പദ്ധതി

162(4659) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച ഏതൊക്കെ പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) കുന്ദമംഗലം മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

പൂനൂർ പുഴയുടെ സംരക്ഷണം

163(4660) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോഴിക്കോട് നഗരത്തിലൂടെ കടന്നുപോകുന്ന പൂനൂർ പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ പൂനൂർ പുഴ സംരക്ഷണത്തിനുവേണ്ടി പാർശ്വഭിത്തി കെട്ടുന്നതിനും മാലിന്യം നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

(എ&ബി) കോഴിക്കോട് കോർപ്പറേഷനിലെ ചെലവൂർ തോണിക്കടവത്ത് പൂനൂർ പുഴയുടെ ഇടതുകര സംരക്ഷിക്കുന്നതിനായി RMF ഫണ്ട് ഉപയോഗിച്ച് 'RMF- Urgent Protection works to the left bank of Poonurpuzha at Thonikkadavathu-Chelavoor in Kozhikode Corporation' എന്ന 80 ലക്ഷം രൂപയുടെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്.

കോഴിക്കോട് കോർപ്പറേഷനിലെ തണ്ണീർപ്പന്തലിൽ പൂനൂർ പുഴ സംരക്ഷണ പ്രവൃത്തിക്കായി കോഴിക്കോട് കോർപ്പറേഷൻ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ വിവിധ പുഴകളിൽ അടിയന്തരമായി നടപ്പിലാക്കേണ്ട ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ പട്ടിക ഫണ്ട് ലഭ്യമാക്കുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത

ലിസ്റ്റിൽ പൂന്തുർ പുഴയിലെ വിവിധ ഭാഗങ്ങളിലായി നടപ്പിലാക്കേണ്ട ഡീസിൽറ്റേഷൻ പ്രവൃത്തികളും ഉൾപ്പെടുന്നുണ്ട്. കൂടാതെ പൂന്തുർ പുഴയുടെ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കേണ്ട പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തികളുടെ മുൻഗണനാലിസ്റ്റ് തയ്യാറാക്കിവരുന്നു.

മലപ്പുറം മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

164(4661) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിശദാംശം നൽകാമോ; ഓരോ പ്രവൃത്തിയുടെയും പുരോഗതി വ്യക്തമാക്കാമോ?

മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളും അവയുടെ പുരോഗതിയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

(ബി) തോട് നവീകരണം, പാർശ്വഭിത്തി സംരക്ഷണം, തടയണ നിർമ്മാണം, കനാൽ നിർമ്മാണം എന്നിവയ്ക്കുവേണ്ടി പ്രൊപ്പോസലുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിച്ച പുതിയ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദാംശം നൽകാമോ?

തോട് നവീകരണം, പാർശ്വഭിത്തി സംരക്ഷണം, തടയണ നിർമ്മാണം, കനാൽ നിർമ്മാണം എന്നിവയ്ക്കുവേണ്ടി ഫണ്ട് അനുവദിച്ചിട്ടുള്ള പുതിയ പദ്ധതികളും ഉത്തരവുകളുടെ പകർപ്പുകളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

കുറ്റ്യാടി മണ്ഡലത്തിലെ തോടുകളുടെ സംരക്ഷണം

165(4662) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ തോടുകളുടെ സംഭരണശേഷിയാണ് മണ്ണ് മൂടിക്കിടന്ന് കുറഞ്ഞുപോയതെന്ന് വിശദമാക്കാമോ;

(ബി) ഇത്തരം തോടുകൾ കണ്ടെത്തുന്നത് ഏത് രേഖകൾ പരിശോധിച്ചാണെന്നും ഇവയുടെ വിശദാംശം മൈനർ ഇറിഗേഷൻ വകുപ്പിന്റെ രേഖകളിൽ സൂക്ഷിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ചെറുകിട ജലസേചന വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന തോടുകൾ ഒന്നുംതന്നെയില്ല. കുറ്റ്യാടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള കാപ്പുങ്കര തോട്, മണിയൂർ പഞ്ചായത്തിലെ ചെരണ്ടത്തൂർ ചിറയിലെ തോടുകൾ, ചെരണ്ടത്തൂർ ചിറ എൽ.ഐ. സ്കീമിനോടനുബന്ധിച്ച പാടശേഖരത്തിലെ നടുത്തോടുകൾ എന്നിവയിൽ മണ്ണ് മൂടിക്കിടന്ന് സംഭരണശേഷി കുറഞ്ഞുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരം തോടുകൾ ജലസംഭരണ യോഗ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നത് വിശദമാക്കാമോ?

കുറ്റ്യാടി ഗ്രാമപഞ്ചായത്തിലെ കാപ്പുങ്കര തോട്, മണിയൂർ പഞ്ചായത്തിലെ ചെരണ്ടത്തൂർ ചിറയിലെ തോടുകൾ, ചെരണ്ടത്തൂർ ചിറ എൽ.ഐ. സ്കീമിനോടനുബന്ധിച്ച പാടശേഖരത്തിലെ നടുത്തോടുകൾ എന്നിവയിൽ Emergency Monsoon Preparedness-ൽ ഉൾപ്പെടുത്തി ചെളി നീക്കം ചെയ്തിട്ടുണ്ട്.

(ഡി) കൂടിവെള്ള ലഭ്യത കുറയുന്ന സാഹചര്യത്തിൽ ഇത്തരം തോടുകൾ നികത്തപ്പെടാതെ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

തോടുകൾ നികത്തപ്പെടാതെ സംരക്ഷിക്കപ്പെടേണ്ടത് പഞ്ചായത്ത്, റവന്യൂ വകുപ്പുകളുടെ ഏകോപനത്തിൽ നടപ്പിലാക്കേണ്ട വിഷയമാണ്.

കോതമംഗലം നഗരസഭയിൽ അക്വാഡക്ടിന്റെ ഉയരം കൂട്ടാൻ നടപടി

166(4663) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നഗരസഭയിലെ മലയിൻകീഴ് ആനക്കല്ല് ഭാഗത്ത് പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായുള്ള അക്വാഡക്ട് കാലപ്പഴക്കംമൂലം അപകടാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാലപ്പഴക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അക്വാഡക്ട് അപകടാവസ്ഥയിലല്ല.

(ബി) കോതമംഗലം നാടുകാണി റോഡിന് കുറുകെ കടന്നുപോകുന്ന ഈ അക്വാഡക്ടിന്റെ ഉയരക്കുറവുമൂലം പ്രസ്തുത റോഡിലൂടെ വലിയ വാഹനങ്ങൾക്ക് കടന്നുപോകുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ടി ഭാഗത്തെ റോഡിലൂടെ ബസ്, ലോറികൾ ഉൾപ്പെടെയുള്ള വാഹനങ്ങളും കടന്നുപോകുന്നതാണ്. വലിയ രീതിയിൽ ഭാരം കയറിയ വാഹനങ്ങൾ കടന്നുപോകുന്നതിന് മാത്രമാണ് തടസ്സമുള്ളത്.

(സി) അക്വാഡക്ടിന്റെ ഉയരം കൂട്ടുകയോ അല്ലെങ്കിൽ അക്വാഡക്ടിന് പകരമായി ഈ പ്രദേശത്ത് കനാൽ നിർമ്മിക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലിവിലെ സാഹചര്യത്തിൽ അക്വാഡക്ട് ഉയർത്താൻ സാധിക്കുകയില്ല. അക്വാഡക്ടിന് പകരം സൈഫൺ നിർമ്മിക്കാൻ കോതമംഗലം ബ്രാഞ്ച് കനാലിന്റെ ഘടനയ്ക്ക് (hydraulic particulars) മാറ്റം വരുത്തേണ്ടിവരും. ആയതിനാൽ ടി വിഷയത്തിൽ ഇൻവെസ്റ്റിഗേഷൻ നടത്തി സാങ്കേതിക സാധ്യത പരിശോധിക്കേണ്ടതുണ്ട്.

കോട്ടായി-അയ്യൻകുളം നവീകരണം

167(4664) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇറിഗേഷൻ പ്ലാൻ ഫണ്ട് 2024-25-ൽ ഉൾപ്പെടുത്തിയ കോട്ടായി-അയ്യൻകുളം നവീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഇറിഗേഷൻ പ്ലാൻ ഫണ്ട് 2023-24-ൽ ഉൾപ്പെടുത്തിയ തൃശ്ശൂർ മണ്ഡലത്തിലെ കോട്ടായി-അയ്യൻകുളം നവീകരണം എന്ന പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വയ്ക്കുകയും പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം 16-10-2025 ആണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി. ഈ കുളത്തിന് സമീപത്തുകൂടി മലമ്പുഴ ജലസേചന പദ്ധതിയുടെ കാഡ കനാൽവഴി രണ്ടാമത്തെ വിളയ്ക്ക് ജലസേചനം

നടത്തുന്നതുമൂലം പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. മലമ്പുഴ കനാൽ ജല വിതരണം 06-03-2025-ന് അവസാനിച്ച സാഹചര്യത്തിൽ, കുളത്തിലെ വെള്ളം വറ്റിച്ച് കുളത്തിലെ ചെളിയും മണ്ണും മാറ്റുന്നതിനായി Initial Levels എടുത്ത്, CTE-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രവൃത്തി മാർച്ച് മാസത്തിൽത്തന്നെ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കോട്ടക്കൽ കൃഷിഭവൻ പരിധിയിലെ സമഗ്ര ജലസേചന പദ്ധതി

168(4665) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടക്കൽ കൃഷിഭവൻ പരിധിയിൽ നെൽകൃഷിയും പച്ചക്കറി കൃഷിയും വിപുലപ്പെടുത്തുന്നതിനായി കൃഷിഭവന്റെ പരിധിയിലുള്ള ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ച് പുതിയ കൈത്തോടുകളും നീർച്ചാലുകളും ചിറകളും നിർമ്മിക്കുകയും നിലവിലുള്ളവ നവീകരിക്കുകയും ചെയ്യുന്നതുൾപ്പടെയുള്ള ഒരു സമഗ്ര ജലസേചന പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്മേൽ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

കോട്ടക്കൽ കൃഷിഭവന്റെ പരിധിയിൽ നെൽകൃഷിയും പച്ചക്കറി കൃഷിയും വിപുലപ്പെടുത്തുന്നതിനായി കൃഷിഭവന്റെ പരിധിയിലുള്ള ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ച് പുതിയ കൈത്തോടുകളും നീർച്ചാലുകളും ചിറകളും നിർമ്മിക്കുകയും നിലവിലുള്ളവ നവീകരിക്കുകയും ചെയ്യുന്നതുൾപ്പടെയുള്ള ഒരു സമഗ്ര ജലസേചന പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു.

കല്ലട ഇറിഗേഷൻ പ്രോജക്ട് കനാൽ അറ്റകുറ്റപണികൾക്ക് നടപടി

169(4666) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന കല്ലട ഇറിഗേഷൻ പ്രോജക്ട് കനാൽവഴി വേനൽക്കാലത്ത് ജലം ഒഴുക്കി വിടുന്നതിനായി കനാൽ വൃത്തിയാക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ചവറ, കുന്നത്തൂർ മണ്ഡലങ്ങളിൽക്കൂടി കടന്നു പോകുന്ന കെ.ഐ.പി. കനാലുകൾ 6 ലക്ഷം രൂപയുടെ പ്രവൃത്തിയിൽ ഉൾപ്പെടുത്തി വൃത്തിയാക്കിയിട്ടുണ്ട്.

എന്നാൽ അറ്റകുറ്റപ്പണികൾ നടത്തുവാനുള്ള ഫണ്ട് നിലവിൽ ലഭ്യമല്ല. കാലപ്പഴക്കംമൂലം കനാലുകൾ കേടുപാടുകൾ വന്ന അവസ്ഥയിലാണ്. അറ്റകുറ്റപ്പണികൾ നടത്തിയാൽ മാത്രമെ ജലവിതരണം സുഗമമായി നടത്തുവാൻ സാധിക്കുകയുള്ളൂ.

(ബി) വരുന്ന മാസങ്ങളിൽ വരൾച്ച രൂക്ഷമാകുമെന്നതിനാൽ ചവറ ഭാഗത്തെ പ്രസ്തുത കനാലിൽക്കൂടി ജലം ഒഴുക്കി വിടുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ചവറ മണ്ഡലത്തിലെ കനാലുകളിൽക്കൂടി വാട്ടർ കലണ്ടർ പ്രകാരമുള്ള ജലവിതരണം നടത്തുന്നതാണ്.

കോൾനിലങ്ങൾ സംരക്ഷിക്കാൻ നടപടി

170(4667) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾനിലങ്ങൾ സംരക്ഷിക്കുന്നതിനും ഉപ്പുവെള്ളം കയറി നെൽകൃഷി നശിക്കുന്നതൊഴിവാക്കുന്നതിനും കോൾച്ചാലുകളിലെ ചണ്ടിയും കുളവാഴയും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനും 2024-25 സാമ്പത്തിക വർഷത്തിൽ എത്ര തുക വകയിരുത്തിയെന്ന് അറിയിക്കാമോ?

കോൾനിലങ്ങൾ സംരക്ഷിക്കുന്നതിനും ഉപ്പുവെള്ളം കയറി നെൽ കൃഷി നശിക്കുന്നത് ഒഴിവാക്കുന്നതിനും കോൾ ചാലുകളിലെ ചണ്ടിയും കുളവാഴയും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനുമായി 2024-25 സാമ്പത്തിക വർഷത്തിൽ 238.07 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കോൾച്ചാലുകളിലെ ചണ്ടിയും കുളവാഴയും നീക്കം ചെയ്യുന്നതിന് തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

കോൾ ചാലുകളിലെ ചണ്ടിയും കുളവാഴയും നീക്കം ചെയ്യുന്നതിന് തൃശ്ശൂർ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിന് കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പ്രവൃത്തികൾക്ക് നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

പ്രസ്തുത പ്രവൃത്തികൾക്ക് 96,19,693/- രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

പഴശ്ശി കനാലിന്റെ ചോർച്ച പരിഹരിക്കാൻ നടപടി

171(4668) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പഴശ്ശി കനാൽ കടന്നുപോകുന്ന വിവിധ പ്രദേശങ്ങളിൽ ചോർച്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത് പരിഹരിച്ച് കനാലിനെ പൂർണ്ണതോതിൽ ജലവിതരണത്തിന് സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

2018-19 മുതൽ 2024-25 വരെ ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് കനാലിലൂടെയുള്ള ജലവിതരണം സാധ്യമാകുന്ന രീതിയിൽ നവീകരിക്കുകയും ആയതിന്റെ ആദ്യ ട്രയൽ റൺ 20-04-2022-ന് മെയിൻ കനാൽ ചെയിനേജ് 0/000 കീലോമീറ്റർ മുതൽ ചെയിനേജ് 5/500 കിലോമീറ്റർ വരെയും, രണ്ടാം ഘട്ട ടെസ്റ്റ് റൺ 20-03-2023-ന് മെയിൻ കനാൽ ചെയിനേജ് 0/000 കീലോമീറ്റർ മുതൽ ചെയിനേജ് 13/500 കിലോമീറ്റർ വരെയും മൂന്നാം ഘട്ട ടെസ്റ്റ് റൺ മെയിൻ കനാൽ ചെയിനേജ് 42/500 കിലോമീറ്റർ (പറശ്ശിനിക്കടവ്) വരെയും മാഹി ബ്രാഞ്ച് കനാലിലൂടെയും അനുബന്ധ ഫീൽഡ് ബോത്തികളിലൂടെയും ജലവിതരണം നടത്തുവാനും സാധിച്ചിട്ടുണ്ട്. 2025 വർഷത്തെ ജലവിതരണം 06-01-2025-ന് ആരംഭിക്കുകയും മെയിൻ കനാൽ ചെയിനേജ് 42/500 കിലോമീറ്റർ (പറശ്ശിനിക്കടവ്) വരെയും അനുബന്ധ ഫീൽഡ്

ബോത്തികളിലൂടെയും ജലവിതരണം നടത്തുവാനും 31-01-2025-ന് മാഹി ബ്രാഞ്ച് കനാലിലൂടെയുള്ള അനുബന്ധ ഫീൽഡ് ബോത്തികളിലൂടെയും ജലവിതരണം നടത്തുവാനും സാധിച്ചു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതിയുടെ ബാക്കിയുള്ള കനാലുകൾ നവീകരിക്കുന്നതാണ്.

എ.സി. കനാലിനെ നദിയുമായി സംയോജിപ്പിക്കാൻ നടപടി

172(4669) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ.സി. കനാൽ നെടുമുടിവരെ നീട്ടി നദിയുമായി സംയോജിപ്പിക്കുവാനുള്ള സ്വാമിനാഥൻ കമ്മീഷന്റെ ശിപാർശ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

എ.സി. കനാൽ നവീകരണം സംബന്ധിച്ച് 2007-ൽ എം.എസ്. സ്വാമിനാഥൻ ഫൗണ്ടേഷൻ വിശദമായ ഒരു പഠനം നടത്തിയിട്ടുണ്ട്. ഒന്നാംകര മുതൽ പള്ളാത്തുരുത്തി വരെയുള്ള കനാൽ ഭാഗത്തെ സമീപവാസികൾ വസിക്കുന്ന ഭൂമി റവന്യൂ ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് കൈയേറ്റങ്ങൾ തടഞ്ഞും കൂടാതെ പുനരധിവാസം നടത്തിക്കൊണ്ട് നിലംനികത്തൽ നീക്കിക്കൊണ്ടും പാടശേഖരത്തിനുള്ളിൽ താമസിക്കുന്ന ആളുകളുടെ

സഞ്ചാരസ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ട് നിർമ്മാണം പൂർത്തീകരിച്ച് മനയ്ക്കച്ചിറ മുതൽ പള്ളാത്തുരുത്തി വരെ കനാൽ തുറന്നുകൊണ്ട് പ്രളയജലം ഒഴുക്കിവിടാൻ കഴിയുമെന്ന് സ്വാമിനാഥൻ കമ്മീഷന്റെ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.

20.33 കിലോമീറ്റർ നീളമുള്ള എ.സി. കനാലിന്റെ മനയ്ക്കച്ചിറ മുതൽ ഒന്നാംകര വരെയുള്ള 11.78 മീറ്റർ നീളമുള്ള ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ മങ്കൊമ്പ് ഒന്നാംകര മുതൽ പള്ളാത്തുരുത്തി വരെ തുറക്കുന്നതുകൊണ്ട് കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിവാരണത്തിന് കാര്യമായ പ്രയോജനം ലഭിക്കില്ല എന്ന് ഐ.ഐ.ടി. സംഘത്തിന്റെ പഠനത്തിൽ വിലയിരുത്തിയിട്ടുണ്ടെങ്കിലും കനാലിന്റെ രണ്ടാം ഘട്ടമായ ഒന്നാംകര മുതൽ നെടുമുടി വരെയുള്ള ഭാഗത്തെ കൈയേറ്റങ്ങളെല്ലാം ഒഴിപ്പിച്ച് കനാലിന്റെ ആഴവും വീതിയും പുനഃസ്ഥാപിച്ച് ജലസംഭരണശേഷി വർധിപ്പിക്കുന്നതുവഴി സമീപ പാടശേഖരങ്ങളിലെ കാർഷികോല്പാദനത്തിന്റെ അഭിവൃദ്ധിക്ക് പ്രയോജനപ്പെടുത്തുവാനുംവേണ്ടി എ.സി. കനാൽ രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി ഒന്നാംകര മുതൽ നെടുമുടി വരെയുള്ള 3.42 കിലോമീറ്റർ ഭാഗം ഉൾപ്പെടുത്തി 170 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിൽ ലഭിച്ചിരുന്നു. ആയതിൽ വിശദമായ

എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകിയിരിക്കുകയാണ്. നെടുമുടി മുതൽ പള്ളാത്തുരുത്തി വരെയുള്ള 5.13 കിലോമീറ്റർ നീളമുള്ള മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ വിശദമായ പഠനത്തിനുശേഷം മാത്രം പരിഗണിക്കാവുന്നതാണ്.

ഡാം സേഫ്റ്റി അതോറിറ്റിയുടെ നിർദേശങ്ങൾ

173(4670) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളുടെ സുരക്ഷിതത്വം സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഡാം സേഫ്റ്റി അതോറിറ്റി നൽകിയിട്ടുള്ള നിർദേശങ്ങൾ എന്തൊക്കെയാണ്; ഇവയിൽ ഏതൊക്കെ നിർദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളുടെ സുരക്ഷിതത്വം സംബന്ധിച്ച് മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ കേരള ഡാം സേഫ്റ്റി അതോറിറ്റിയും കേരള സ്റ്റേറ്റ് ഡാം സേഫ്റ്റി ഓർഗനൈസേഷനും നടത്തിയ പരിശോധനകളിന്മേൽ നൽകിയ നിർദ്ദേശങ്ങളും ഇതിന്മേൽ സ്വീകരിച്ച നടപടികളും അനുബന്ധങ്ങളായി ഉള്ളടക്കം ചെയ്യുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അയ്യപ്പൻകുടം ഡാം അഭിവൃദ്ധിപ്പെടുത്തൽ പദ്ധതി

174(4671) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇറിഗേഷൻ പ്ലാൻ ഫണ്ട് 2024-25-ൽ ഉൾപ്പെടുത്തിയ അയ്യപ്പൻകുടം ഡാം അഭിവൃദ്ധിപ്പെടുത്തൽ പദ്ധതി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഇറിഗേഷൻ പ്ലാൻ ഫണ്ട് 2023-24-ൽ ഉൾപ്പെടുത്തിയ അയ്യപ്പൻകുടം ഡാം അഭിവൃദ്ധിപ്പെടുത്തൽ പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. നിലവിൽ പ്രവൃത്തിയുടെ മുപ്പത് ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്.

കേരള ഡാം സുരക്ഷാ അതോറിറ്റി പഠന റിപ്പോർട്ട്

175(4672) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ വന്നശേഷം ഏതെല്ലാം ഡാമുകളിലാണ് കേരള ഡാം സുരക്ഷ അതോറിറ്റി നേരിട്ട് പരിശോധന നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ നിയമം, 2003 പ്രകാരം നിലവിൽവന്ന കേരള ഡാം സേഫ്റ്റി അതോറിറ്റി (KDSA) കേരളത്തിലെ

ഡാമുകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട പരിശോധനകളും യോഗങ്ങളും നടത്തിയിരുന്നു. എന്നാൽ 2021 ഡിസംബറിൽ കേന്ദ്ര ഡാം സേഫ്റ്റി നിയമം, 2021 നിലവിൽ വന്നതോടെ KDSA പ്രവർത്തനരഹിതമാവുകയും 2022 നവംബറിൽ ചീഫ് എഞ്ചിനീയർ, സിവിൽ ഡാം സേഫ്റ്റി, KSEBL ചെയർപേഴ്സൺ ആയിട്ടുള്ള കേരള സ്റ്റേറ്റ് ഡാം സേഫ്റ്റി ഓർഗനൈസേഷൻ (SDSO) നിലവിൽ വരികയും ചെയ്തു.

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ജലവിഭവ വകുപ്പിന് കീഴിലുള്ള 16 ഡാമുകളിൽ കേരള ഡാം സേഫ്റ്റി അതോറിറ്റി നേരിട്ട് പരിശോധന നടത്തിയിട്ടുണ്ട്. SDSO നിലവിൽ വന്നതിനുശേഷം ജലവിഭവ വകുപ്പിന് കീഴിലുള്ള 22 സ്പെസിഫൈഡ് ഡാമുകളിൽ പരിശോധന നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഡാം സുരക്ഷ സംബന്ധിച്ച വിശദമായ പഠനത്തിനായി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഡാം സുരക്ഷ സംബന്ധിച്ചുള്ള പഠനത്തിനായി ഏജൻസികളെയൊന്നും ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ അടിയന്തര സ്വഭാവമുള്ള സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ അറ്റകുറ്റ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻഗണനാടിസ്ഥാനത്തിൽ 4700-80-800-97-02-PV DSO & DSM എന്ന ശീർഷകത്തിൽനിന്നും തുക കണ്ടെത്തി നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കിയ ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(സി) പഠന റിപ്പോർട്ടിന്റെയും പരിശോധനയുടെയും അടിസ്ഥാനത്തിൽ ഡാം സുരക്ഷ അതോറിറ്റി നൽകിയ ശിപാർശകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

പരിശോധനയുടെ അടിസ്ഥാനത്തിൽ കേരള ഡാം സേഫ്റ്റി അതോറിറ്റി നൽകിയ ശിപാർശകൾ കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തി കേരള നിയമസഭ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് e-niyamasabha.in പോർട്ടലിലും അപ്ലോഡ് ചെയ്തിട്ടുണ്ട്. പരിശോധനയുടെ അടിസ്ഥാനത്തിൽ കേരള ഡാം സേഫ്റ്റി ഓർഗനൈസേഷൻ നൽകിയ ശിപാർശകൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.[+]

(ഡി) പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത ശിപാർശകളിൻന്മേൽ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.+

പെരുവണ്ണാമൂഴി ഡാമിന്റെ സംഭരണശേഷി

176(4673) ശ്രീ. ടി. പി .രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൃഷിക്കും കുടിവെള്ളത്തിനും വൈദ്യുതി ഉല്പാദനത്തിനും സ്രോതസ്സായ പെരുവണ്ണാമൂഴി ഡാമിന്റെ സംഭരണശേഷി എത്രയെന്ന് വ്യക്തമാക്കാമോ?

പെരുവണ്ണാമൂഴി ഡാമിന്റെ Full reservoir level 44.41 മീറ്ററാണ്. ആയതിന് ആനുപാതികമായ gross storage capacity 120.52 Mm^3 ആണ്. ശ്രീ. ബാലകൃഷ്ണൻ, വാഴയിൽ വീട്, മുതുകാട് എന്നവരുടെ വീട്ടിലേയ്ക്ക് വെള്ളം കയറിയതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C)No. 35287/2005 എന്ന കേസിന്മേലുള്ള 16-02-2016-ലെ അന്തിമവിധിയുടെ അടിസ്ഥാനത്തിലാണ് ഡാമിലെ പരമാവധി ജലനിരപ്പ് 42.70 മീറ്റർ വരെ ആയി നിജപ്പെടുത്തിയിട്ടുള്ളത്. 42.70 മീറ്ററിന് മുകളിലായാൽ പ്രസ്തുത കേസിലെ കക്ഷിയുടെ പുരയിടത്തിലേയ്ക്ക് വെള്ളം കയറുമെന്നതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പ്രസ്തുത വിധി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കുന്നതിന്റെ ഭാഗമായി 42.70 മീറ്ററിന് മുകളിൽ നിലവിൽ വെള്ളം സംഭരിക്കാറില്ല.

(ബി) ഡാമിന്റെ സംഭരണശേഷി കുറയുന്നത് പ്രസ്തുത ഡാമിനെ ആശ്രയിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികളെ ഭാവിയിൽ ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത ഡാമിൽ അടിഞ്ഞുകൂടുന്ന മണലും ചെളിയും മാറ്റുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

ധാരാളം മണ്ണും ചെളിയും അടിഞ്ഞുകൂടുന്നതിനാൽ പെരുവണ്ണാമൂഴി ഡാമിന്റെ സംഭരണശേഷിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഡാമിന്റെ സംഭരണശേഷി ഗണ്യമായി കുറയുന്നതുവഴി വർഷാവർഷങ്ങളിൽ നടപ്പിലാക്കിവരുന്ന കുറ്റ്യാടി ജലസേചന പദ്ധതിയുടെ ജലവിതരണത്തെയും ഡാമിനെ ആശ്രയിച്ച് നിലനിൽക്കുന്ന Kerala Water Authority-യുടെ വിവിധ പദ്ധതികളെയും സാരമായി ബാധിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ കൃഷിയുടെയും കുടിവെള്ളത്തിന്റെയും മുഖ്യസ്രോതസ്സായ പെരുവണ്ണാമൂഴി ഡാമിന്റെ സംഭരണശേഷി കുറയുന്നത് കോഴിക്കോട് ജില്ലയെ വരൾച്ചയിലേയ്ക്ക് നയിക്കാൻ

സാധ്യതയുണ്ട്. പെരുവണ്ണാമൂഴി ഡാമിൽ അടിഞ്ഞുകൂടുന്ന മണലും ചെളിയും മാറ്റുന്നതിന്റെ ഭാഗമായ sand, silt എന്നിവയുടെ sampling analysis-നുവേണ്ടിയുള്ള 27.82 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരത്തിന്റെ കാര്യാലയത്തിൽ പരിശോധിച്ചുവരികയാണ്. 2025 ഫെബ്രുവരി മാസം KERI, PEECHI Bathymetric survey പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്കലും ചെളിയും എടുത്തുമാറ്റുന്ന തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്.

പാലാ മണ്ഡലത്തിലെ ചകിണിയാം തടം ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മാണം

177(4674) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ മണ്ഡലത്തിലെ ചകിണിയാം തടം ഭാഗത്ത് കളത്തുകടവ് തോടിന് കുറുകെയുള്ള ചകിണിയാം തടം ചെക്ക് ഡാം-കം=ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള നിജസ്ഥിതി വ്യക്തമാക്കാമോ; ബ്രിഡ്ജ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പാലാ മണ്ഡലത്തിലെ ചകിണിയാം തടം ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിനുള്ള

ഭരണാനുമതിക്കായി ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

കോട്ടക്കൽ മണ്ഡലത്തിലെ തോടുകളുടെ സംരക്ഷണ ഭിത്തി നിർമ്മാണം

178(4675) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ പുഞ്ചപ്പാടം തോട്, പൈങ്കണ്ണൂർ തോട് എന്നിവയുടെ സംരക്ഷണ ഭിത്തി നിർമ്മാണവും തോടുകളുടെ നവീകരണവും എന്ന പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ ചീഫ് എഞ്ചിനീയർ (ജലസേചനം) സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) കോട്ടക്കൽ മണ്ഡലത്തിലെ പുഞ്ചപ്പാടം തോട്, പൈങ്കണ്ണൂർ തോട് എന്നിവയുടെ സംരക്ഷണ ഭിത്തി നിർമ്മാണവും തോടുകളുടെ നവീകരണവും എന്ന പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാരിന്റെ കാലയളവിൽ കോട്ടക്കൽ മണ്ഡലത്തിൽ തോടുകൾക്ക് സംരക്ഷണ ഭിത്തി കെട്ടുന്നതിനായി എത്ര പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടെന്നും ഇവയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ കോട്ടക്കൽ നിയോജകമണ്ഡലത്തിൽ തോടുകൾക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളും അവയുടെ നിലവിലെ അവസ്ഥയും അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

കൊന്നഞ്ചേരി-കക്കത്തോട് ബണ്ട് പ്രവൃത്തി

179(4676) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇറിഗേഷൻ പ്ലാൻ ഫണ്ട് 2024-25-ൽ ഉൾപ്പെടുത്തിയ കൊന്നഞ്ചേരി-കക്കത്തോട് ബണ്ട് നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കൊന്നഞ്ചേരി കക്കത്തോട് ബണ്ട് നിർമ്മാണ പ്രവൃത്തിക്ക് ഇറിഗേഷൻ പ്ലാൻ ഫണ്ട് 2023-24-ൽ ഉൾപ്പെടുത്തിയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തി ആരംഭിക്കുകയും പകുതി ഭാഗത്തെ മണ്ണുപണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രവൃത്തി 5 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്.

കടൽഭിത്തികളുടെയും പുലിമുട്ടുകളുടെയും നിർമ്മാണം

180(4677) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ കടൽഭിത്തികളും പുലിമുട്ടുകളും ശക്തമായ കടൽക്ഷോഭത്തെ പ്രതിരോധിക്കുന്നതിന് പര്യാപ്തമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിലെ കടൽഭിത്തികളും പുലിമുട്ടുകളും ശക്തമായ കടൽക്ഷോഭത്തെ പ്രതിരോധിക്കുന്നതിന് പര്യാപ്തമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിസ്ഥിതിക്ക് അനുയോജ്യമായ തരത്തിൽ കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കുന്നത് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കേരള തീരദേശങ്ങളുടെ സംരക്ഷണത്തിന്റെ ഭാഗമായി അനുയോജ്യമായ തീരസംരക്ഷണ പ്രവൃത്തി നടപ്പിലാക്കുന്നതിനായി NCCR (National Centre for Coastal Research) എന്ന സ്ഥാപനം ശാസ്ത്രീയമായ പഠനം നടത്തി തീരദേശ

മാനേജ്മെന്റ് പ്ലാനിന്റെ (SLMP) കരട് സമർപ്പിക്കുകയും 13-02-2025-ൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ Technical Advisory Committee അംഗങ്ങളുടെ ഒരു മീറ്റിങ് നടത്തുകയും draft SLMP റിപ്പോർട്ട് സംബന്ധിച്ച അഭിപ്രായങ്ങളും നിർദേശങ്ങളും NCCR-ന് നൽകുകയും ചെയ്തിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

എറിയാട് ഗ്രാമപഞ്ചായത്തിൽ പുലിമുട്ട് നിർമ്മിക്കാൻ നടപടി

181(4678) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ എറിയാട് ഗ്രാമപഞ്ചായത്തിലെ തീരശോഷണം ഒഴിവാക്കാൻ എടുത്ത നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

എറിയാട് തീരദേശമേഖല ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി National Centre for Coastal Research (NCCR) പഠനം നടത്തിയിട്ടുള്ളതും റിപ്പോർട്ട് ലഭ്യമായിട്ടില്ലാത്തതുമാണ്. 2021-22 സാമ്പത്തിക വർഷം മുതൽ എറിയാട് പഞ്ചായത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എറിയാട് ഗ്രാമപഞ്ചായത്തിലെ കടലോര പ്രദേശങ്ങളിലെ തീരശോഷണം ഒഴിവാക്കാൻ ചെന്നൈ ഐ.ഐ.ടി.-യുടെ സഹായത്തോടെ പുലിമുട്ട് നിർമ്മിക്കാൻ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കാമോ?

എറിയാട് ഗ്രാമപഞ്ചായത്തിലെ കടലോര പ്രദേശങ്ങളിലെ തീരശോഷണം ഒഴിവാക്കാൻ ചെന്നൈ ഐ.ഐ.ടി.-യുടെ സഹായത്തോടെ പുലിമുട്ട് നിർമ്മിക്കാൻ പഠനം നടത്തിയിട്ടില്ല.

(സി) തീരശോഷണം രൂക്ഷമായ എറിയാട് ഗ്രാമപഞ്ചായത്തിലെ തീരപ്രദേശത്ത് പുലിമുട്ട് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

NCCR പഠന റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരമുള്ള തീരസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്.

മഞ്ചേശ്വരം മണ്ഡലത്തിൽ കടൽക്ഷോഭം തടയാൻ നടപടി

182(4679) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ കടൽക്ഷോഭം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിൽ കടൽക്ഷോഭം തടയുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.+ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

(ബി) ഇതുസംബന്ധിച്ച് ഏതെങ്കിലും വിദഗ്ധസംഘം പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വേൾഡ് ബാങ്കുമായി ബന്ധപ്പെട്ട പദ്ധതികളുടെ ഭാഗമായുള്ള മിഷൻ ഡയറക്ടറേറ്റ് സംഘം 06-01-2025-ന് കാസർഗോഡ് ജില്ലയിൽ വരുന്ന കണ്വതീർഥ, പെരിങ്ങടി, കോയിപ്പാടി, പെർവാഡ്, നാങ്കി-കൊപ്പളം എന്നീ കടപ്പുറങ്ങൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

മേപ്പാടം മൂതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

183(4680) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മണ്ഡലത്തിലെ മേപ്പാടം മൂതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേപ്പാടം മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവൃത്തി ടെൻഡർ ചെയ്തപ്പോൾ Single tender മാത്രമെ ലഭിച്ചിട്ടുള്ളുവെന്ന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ അറിയിച്ചതിനെത്തുടർന്ന് സർക്കാർ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടെൻഡർ reject ചെയ്ത് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുകയും സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും റീകാസ്റ്റ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെൻഡർ ചെയ്യുകയും ചെയ്തു. ആദ്യ ടെൻഡറിൽ പ്രതികരണമൊന്നും ലഭിച്ചില്ല. രണ്ടാമത്തെ ടെൻഡറിൽ ശ്രീ. സുലൈമാൻ എം.-ൽനിന്ന് 1,25,74,186/- രൂപ എന്ന ക്വാട്ട് നിരക്കിൽ സിംഗിൾ ബിഡ് ലഭിച്ചു. ഈ ക്വാട്ട് നിരക്ക് എസ്റ്റിമേറ്റ് PAC-യെക്കാൾ 21.77% കൂടുതലായതിനാൽ റീടെൻഡർ ചെയ്തു. മൂന്നാം ഇ-ടെൻഡറിൽ അതേ ബിഡ്ഡർ മുൻ ബിഡിലെ അതേ നിരക്കിൽ ക്വാട്ട് ചെയ്തു. പ്രവൃത്തിയുടെ ആവശ്യകത പരിഗണിച്ച് കരാറുകാരൻ ക്വാട്ട് ചെയ്ത തുകയായ 1,53,11,393.30 രൂപയ്ക്ക് (estimate PAC-യെക്കാൾ 21.77% കൂടുതൽ) അംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

പൂമല ഡാമിന്റെ സ്പിൽവേയ്ക്ക് സമീപം സ്റ്റീൽ പാലം നിർമ്മാണം

184(4681) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്ന് തുടർനടപടികൾക്കായി ഡാം സേഫ്റ്റി അതോറിറ്റിക്ക് കൈമാറിയ പൂമല ഡാമിന്റെ സ്പിൽവേയ്ക്ക് സമീപം സ്റ്റീൽ പാലം നിർമ്മിക്കുന്നതിന് തൃശ്ശൂർ ഡി.ടി.പി.സി. നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പൂമല ഡാമിന്റെ കിഴക്കേ ഭാഗത്ത് 15 മീറ്റർ വീതിയിലും 16 മീറ്റർ നീളത്തിലും വിനോദ സഞ്ചാരികൾക്കായി ഒരു സ്റ്റീൽ ബ്രിഡ്ജ് നിർമ്മിക്കുന്നതിനാവശ്യമായ പ്രവൃത്തിക്കായി DTPC തൃശ്ശൂർ അപേക്ഷ സമർപ്പിച്ചിരുന്നു. ഡാമിന്റെ സ്പിൽവേയുടെ downstream-ൽ ഡാം ഷട്ടറിൽനിന്നും 14 മീറ്റർ മാറി സ്പിൽവേ കനാലിന് കുറുകെയാണ് സ്റ്റീൽ ബ്രിഡ്ജ് ഉദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ പൂമല ഡാമിന്റെ സ്ട്രക്ചറിനും spillway കനാലിന്റെ പാർശ്വഭിത്തികൾക്കും കേടുപാടുണ്ടാക്കാതെയും ഡാമിന്റെ പ്രവർത്തനത്തിനും പരിപാലനത്തിനും തടസ്സംവരാത്ത വിധത്തിലും മണ്ണ്

പരിശോധനക്കായി മാത്രമുള്ള അനുമതിക്കായിട്ടുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.

ഉളിയത്ത് കടവ് ആർ.സി.ബി. പദ്ധതി

185(4682) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ നിരവധി ഗ്രാമപഞ്ചായത്തുകളിലെ പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതും കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നഗരസഭയെയും കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിക്കുന്നതുമായ നിർദിഷ്ട ഉളിയത്ത് കടവ് ആർ.സി.ബി. പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ഡി.പി.ആർ.-ന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലത്തുതന്നെ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-ഡി) ഉളിയംകടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. ലഭ്യമാക്കിയ ഡിസൈൻ അനുസരിച്ച് 85.40 കോടി രൂപയുടെ ഡി.പി.ആർ. NABARD RIDF XXIX-ൽ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നെങ്കിലും അംഗീകാരം ലഭിക്കാത്തതിനാൽ നബാർഡിന്റെ XXXI-ൽ പരിഗണനയ്ക്കായി പുതിയ നിരക്കിലുള്ള ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള ജല ലഭ്യത

186(4683) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം പ്രതിവർഷം എത്ര എം.സി.എഫ്.ടി. ജലമാണ് സംസ്ഥാനത്തിന് ലഭിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; 2021 മുതൽ പ്രസ്തുത കരാർ പ്രകാരമുള്ള ജലം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം ഒരു ജലവർഷത്തിൽ (ജൂലൈ 1-ജൂൺ 30) മണക്കടവ് വിയറിൽ പ്രളയജലം ഒഴികെ കേരളത്തിന് 7.25 ടി.എം.സി. ജലം ലഭിക്കേണ്ടതാണ്. ഒരു ജലവർഷത്തിൽ കേരള ഷോളയാർ

പവർഹൗസിൽ 12.3 ടി.എം.സി. ജലം കേരളത്തിന് ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിലെയും ലോവർ നീരാർ ഡാമിന്റെയും തനത് നീരൊഴുക്ക് 16.5 ടി.എം.സി.-യിൽ (ബാഷ്പീകരണ നഷ്ടം ഉൾപ്പെടെ) കൂടുതലാവുകയാണെങ്കിൽ 2.5 ടി.എം.സി. വരെ ജലം കേരളത്തിന് ചിറ്റൂർ പുഴയിലേയ്ക്കും ബാക്കി ജലം ചാലക്കുടി പുഴയിലേയ്ക്കും നൽകേണ്ടതാണ്. കൂടാതെ ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാർ വിയറിലെ തനത് നീരൊഴുക്കും കേരളത്തിന് അർഹതപ്പെട്ടതാണ്. 2020-2021 ജലവർഷം മുതൽ ചില വർഷങ്ങളിലൊഴികെ പ്രസ്തുത കരാർ പ്രകാരമുള്ള ജലം ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കരാർ പ്രകാരം ജലം ലഭ്യമാകാത്ത സാഹചര്യമാണ് നിലവിലുള്ളതെങ്കിൽ ഇതിനെതിരെ എന്തെങ്കിലും നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കൊടിയ വരൾച്ച അനുഭവപ്പെടുന്ന വർഷങ്ങളിൽ ഒഴികെ പൊതുവെ കേരളത്തിന് PAP-യിൽനിന്നും കരാർ പ്രകാരമുള്ള ജലം ലഭിച്ചുവരുന്നുണ്ട്. 2012-13 ജലവർഷത്തിൽ കേരളത്തിന് അർഹതപ്പെട്ട ജലം പി.എ.പി.-യിൽനിന്ന് ലഭിച്ചില്ല. തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനങ്ങളെക്കുറിച്ച് ചർച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യാൻ കേരള സർക്കാർ 30-01-2013-ന് വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ, കരാർ ലംഘനങ്ങൾക്കെതിരെ നിയമനടപടികളുമായി മുന്നോട്ടുപോകാനാണ് പൊതുവെ ധാരണയായത്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേരളത്തിന്റെ അന്തർ സംസ്ഥാന ജല ഉപദേശക കമ്മിറ്റി അംഗങ്ങളുമായും മുല്ലപ്പെരിയാർ കേസിൽ കേരളത്തിനുവേണ്ടി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ വാദിക്കുന്ന മുതിർന്ന അഭിഭാഷകരുമായും കൂടിയാലോചിച്ച ശേഷം 16-04-2013-ന് തമിഴ്നാടിനെതിരായി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഒരു അസ്സൽ അന്യായവും (2/2013), ഒരു ഇടക്കാല ഹർജിയും (01/2013) ഫയൽ ചെയ്യുകയുണ്ടായി. ഈ കേസ് നിലവിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്. കരാർ പ്രകാരമുള്ള ജലം ലഭിക്കുന്നതിനുവേണ്ടി സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ പൂർണമായി സംരക്ഷിച്ചുകൊണ്ട് തമിഴ്നാടുമായി ചർച്ചകൾ ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലും നടത്തി കേരളത്തിന് അർഹതപ്പെട്ട ജലവിഹിതം ലഭിക്കുന്നതിനുള്ള ശ്രമങ്ങളാണ് കേരളം പൊതുവെ സ്വീകരിച്ചുവരുന്നത്.

കോൾ നിലങ്ങളിലെ ചണ്ടിയും കുളവാഴയും നീക്കം ചെയ്യുന്ന പ്രവൃത്തി

187(4684) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കോൾ നിലങ്ങളിലെ ചാലുകളിൽ അടിഞ്ഞുകൂടിയ ചണ്ടിയും കുളവാഴയും നീക്കം ചെയ്യുന്നതിന് 2024-25 വർഷത്തെ എം.&ആർ. ഓഫ് അദർ ഇറിഗേഷൻ വർക്സ് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

മണലൂർ മണ്ഡലത്തിലെ 2024-25 വർഷത്തെ M&R of other Irrigation works ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്നും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

അമ്പലപ്പുഴ മണ്ഡലത്തിലെ മാത്തേരി, പുന്നപ്ര പ്രദേശങ്ങളിലെ പുലിമുട്ട് നിർമ്മാണം

188(4685) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അമ്പലപ്പുഴ മണ്ഡലത്തിലെ മാത്തേരി മുതൽ പുന്തല വരെയും പുന്നപ്ര മുതൽ ആലപ്പുഴ വരെയുമുള്ള തീരപ്രദേശത്തെ പുലിമുട്ട് നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

അമ്പലപ്പുഴ മണ്ഡലത്തിലെ മാത്തേരി മുതൽ പുന്തല വരെയും പുന്നപ്ര മുതൽ ആലപ്പുഴ വരെയുമുള്ള തീരപ്രദേശങ്ങളിൽ ബാത്തിമെട്രിക് പഠനം നടത്തുകയും ആയതിന്റെ ഡിസൈൻ ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

വെണ്മണി വില്ലേജിൽ വരട്ടാർ നദിക്ക് കുറുകെയായുള്ള ബണ്ട് നിർമ്മാണം

189(4686) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെണ്മണി വില്ലേജിൽ വരട്ടാർ നദിക്ക് കുറുകെയായുള്ള ബണ്ടിന്റെ നിർമ്മാണത്തിലെ അശാസ്ത്രീയത പ്രദേശവാസികൾക്ക് പ്രതിസന്ധി സൃഷ്ടിക്കുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

വെൺമണി പഞ്ചായത്തിലെ പുത്താറ്റിൻകര ഭാഗത്ത് അച്ചൻകോവിലാറ്റിൽനിന്നും ഏകദേശം 30 മീറ്റർ മാറി സ്ഥിതി ചെയ്യുന്ന കരിങ്കൽ ബണ്ട് 40 വർഷം മുൻപ് നിർമ്മിച്ചിട്ടുള്ളതാണെന്ന് പ്രദേശവാസികൾ

അഭിപ്രായപ്പെടുന്നുണ്ടെങ്കിലും ആയത് ഏത് ഡിപ്പാർട്ട്മെന്റ് മുഖേന നിർമ്മിച്ചിട്ടുള്ളതാണെന്നും ആയതിന്റെ കാലപ്പഴക്കം സംബന്ധിച്ചുള്ള വിശദാംശങ്ങളും ജലസേചന വകുപ്പിന്റെ രേഖകൾ പരിശോധിച്ചതിൽനിന്നും ലഭ്യമല്ല. ഏകദേശം 20 മീറ്റർ നീളത്തിൽ പണി കഴിപ്പിച്ചിട്ടുള്ളതും ബണ്ടിന്റെ മുകൾ ഭാഗത്ത് 4 മീറ്റർ വീതിയിലും 2 മീറ്റർ ഉയരത്തിലുമായി സ്ഥിതി ചെയ്യുന്ന ടി ബണ്ട് അച്ചൻകോവിലാറ്റിലെ ജലനിരപ്പിൽനിന്നും ഏകദേശം 6-7 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. പ്രസ്തുത ബണ്ടിന്റെ നിർമ്മാണത്തിലെ അശാസ്ത്രീയത സംബന്ധിച്ച് നാളിതുവരെയും പരാതികളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത വിഷയത്തിൽ സർക്കാർ കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ഗൗരവമായ ഇടപെടൽ നടത്തി പ്രശ്നപരിഹാരത്തിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) ബാധകമല്ല.

വാമനപുരം ഇറിഗേഷൻ പ്രോജക്ട് പുനരുജ്ജീവിപ്പിക്കാൻ നടപടി

190(4687) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ കുടിവെള്ള വിതരണത്തിനായി വാമനപുരം നദിയിൽ സ്ഥാപിച്ചിട്ടുള്ള മിനി ചെക്ക് ഡാമുകളുടെയും കിണറുകളുടെയും വിവരം നൽകാമോ?

വാമനപുരം മണ്ഡലത്തിലെ കുടിവെള്ള വിതരണത്തിനായി വാമനപുരം നദിയിൽ അരുവിക്കര, പാലോട്, വാമനപുരം എന്നീ സ്ഥലങ്ങളിൽ കിണറുകളും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ പൂവൻപാറയിലും പെരിങ്ങമ്മല പഞ്ചായത്തിൽ പാലോട്-ഉം ഓരോ തടയണകൾ വീതവും നിലവിലുണ്ട്.

(ബി) പ്രസ്തുത നദിയിൽനിന്നുള്ള ജലം ഏതെല്ലാം കുടിവെള്ള പദ്ധതികൾവഴി എത്ര കുടുംബങ്ങൾക്കാണ് ലഭ്യമാക്കുന്നത്; വിശദമാക്കാമോ?

വാമനപുരം നദിയിൽനിന്നും താഴെ പറയുന്ന പദ്ധതികൾവഴി ഏകദേശം 53425 കുടുംബങ്ങൾക്ക് ജലം ലഭ്യമാക്കുന്നുണ്ട്.

1. CWSS to കല്ലറ, പാങ്ങോട്, പനവൂർ, പുല്ലമ്പാറ, വെമ്പായം

2. ARWSS ഇടക്കോട് & Adjoining Villages

3. കിളിമാനൂർ-പഴയകുന്നുമ്മേൽ മടവൂർ കുടിവെള്ള പദ്ധതി

4. നഗരൂർ ഗ്രാമീണ ശുദ്ധജല പദ്ധതി

5. പുളിമാത്ത് ശുദ്ധജല വിതരണ പദ്ധതി

6. UWSS to ആറ്റിങ്ങൽ അഴൂർ കിഴവിലം

7. CWSS to വക്കം-അഞ്ചുതെങ്ങ്

8. WSS to ടെക്നോസിറ്റി

9. RWSS to വാമനപുരം

10. RWSS to നെല്ലനാട്

11. 15 MlLD KllFB ഡ്രിങ്കിങ് വാട്ടർ സപ്ലൈ to Coastal Panchayath of Chirayinkil Constituency

12. RWSS to Karavaram

13. CWSS to Varkala & Adjoining Villages

14. CWSS to വിതുര,തൊളിക്കോട്

15. RWSS to പാലോട്

(സി) വേനൽക്കാലത്ത് പ്രസ്തുത നദി വറ്റി വരളുന്നതുമൂലം ജല ലഭ്യതയ്ക്ക് മറ്റെന്തെങ്കിലും ബദൽ മാർഗങ്ങൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വേനൽകാലത്ത് വാമനപുരം നദിയിലെ ജലലഭ്യത കുറയുന്നതനുസരിച്ച് വർഷകാലത്ത് ലഭിക്കുന്ന അധിക ജലം ശേഖരിച്ചുനിർത്തി ജലലഭ്യത

ഉറപ്പുവരുത്തുന്നതിനുവേണ്ടി വാമനപുരം നദിയിൽ ആനാകുടി, വാവുപുര, പുഴവൂർ പുഴക്കടവ്, അയിലം എന്നിവിടങ്ങളിൽ തടയണ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈനിനായി IDRB-ക്ക് നൽകിയിട്ടുണ്ട്. ഇതിൽ ആനാകുടി, പുഴവൂർ പുഴക്കടവ് എന്നീ ചെക്ക് ഡാമുകളുടെ നിർമ്മാണ ചുമതല KIIDC-ന് നൽകിയിട്ടുണ്ട്.

(ഡി) കടുത്ത ജലക്ഷാമം മുൻനിർത്തി നിർത്തിവെച്ചിട്ടുള്ള വാമനപുരം ഇറിഗേഷൻ പ്രോജക്ട് പുനരുജ്ജീവിപ്പിക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

(ഡി&ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഏറ്റെടുത്ത സ്ഥലത്തുനിന്നും 14.86 ഏക്കർ സ്ഥലം ജലസേചന വകുപ്പിന്റെ അറിവോ സമ്മതമോ കൂടാതെ zero landless people പദ്ധതി പ്രകാരം ഭൂരഹിതരായ 415 പേർക്ക് കൊടുത്തിട്ടുള്ളതാണ്. ഇതുകൂടാതെ 1.5 ഏക്കർ സ്ഥലം കെ.ടി.ഡി.സി-ക്കും കൈമാറിയിട്ടുണ്ട്. എന്നിരുന്നാലും വാമനപുരം ഇറിഗേഷൻ പ്രോജക്ട് ഏരിയയിലെ land use pattern, crop pattern തുടങ്ങിയവയിൽ വ്യത്യാസം

വന്നതിനാൽ പദ്ധതിയുടെ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആയതനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കല്ല്യാശ്ശേരി മണ്ഡലത്തിലെ ഉപ്പുവെള്ള പ്രതിരോധ ബണ്ടുകളുടെ നിർമ്മാണ പുരോഗതി

191(4688) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ 2022-23 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ ഉപ്പുവെള്ള പ്രതിരോധ ബണ്ടുകളുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ 10 ഗ്രാമപഞ്ചായത്തുകളിലെ (കല്ല്യാശ്ശേരി, കണ്ണപുരം, ചെറുകുന്ന്, മാട്ടൂൽ, മാടായി, ചെറുതാഴം, കുഞ്ഞിമംഗലം, കടന്നപ്പള്ളി പാണപ്പുഴ, ഏഴോം, പട്ടുവം) ഉപ്പുവെള്ള പ്രതിരോധ ബണ്ടുകളുടെ നിർമ്മാണത്തിന് 80 ലക്ഷം രൂപ വകയിരുത്തുകയും 31-03-2023-ലെ സ.ഉ.(സാധാ)നമ്പർ 355/2023/WRD പ്രകാരം 15 പ്രവൃത്തികൾക്കായി 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

കല്യാശ്ശേരി മണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) കണ്ണപുരം ഗ്രാമപഞ്ചായത്തിലെ പുഞ്ചവയലിലെ നെൽകൃഷിയും പാടങ്ങൾക്ക് സമീപത്തെ പറമ്പുകളിലെ ഫലവൃക്ഷത്തൈകളും ഉപ്പുവെള്ളം കയറി നശിക്കുന്നത് കണക്കിലെടുത്ത് ആയത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കണ്ണപുരം ഗ്രാമപഞ്ചായത്തിൽ കുപ്പംപുഴയുടെ ഇടത് കരയിൽ ഐയ്യോത്ത് മുത്തപ്പൻ ക്ഷേത്രം മുതൽ തെക്കുമ്പാട് പാലം വരെ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കുന്നതിനായി 460 ലക്ഷം രൂപയുടെ DPR ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

തീരദേശ മേഖലയിലെ വെള്ളക്കെട്ട് പരിഹരിക്കാൻ നടപടി

192(4689) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരദേശ മേഖലയിലെ വേലിയേറ്റംമൂലമുണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

തീരദേശ മേഖലയിലെ വെള്ളക്കെട്ട് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

കടൽതീര പ്രദേശങ്ങളിലെ വേലിയേറ്റംമൂലമുണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിന്റെ ഭാഗമായി വിവിധ കടലാക്രമണ പ്രതിരോധ പ്രവൃത്തികളായ കടൽഭിത്തി നിർമ്മാണം, പുലിമുട്ട് നിർമ്മാണം, ഗാബിയോൺ കോർവാൾ, ജിയോബാഗ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണം എന്നിവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കാറുണ്ട്.

എറണാകുളം ജില്ലയിലെ ഇടക്കൊച്ചി മേഖലയിൽ കായലിൽ അടിഞ്ഞുകൂടിയ എക്കലും ചെളിയും നീക്കം ചെയ്ത് വേലിയേറ്റംമൂലമുണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കി പ്രദേശവാസികളുടെ ദുരിതം ശാശ്വതമായി പരിഹരിക്കുന്നതിനായി വിഭാവനം ചെയ്ത ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ പ്രദേശവാസികൾ ഉന്നയിച്ച പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്.

1. GENERAL – Side Protection work – Protecting the sides of Edakochy, Palluruthy, Kumbalam Kayal in Kumbalam Grama Panchayath and Cochin Corporation in Thripunithura Assembly constituency – Construction of 2 Nos. of concrete sluices and side protection work of Kaithapuzhakayal in ward No. 16 of Kumbalam Panchayath in Ernakulam District – General Civil Work– Rs. 1.181 Cr.

2. GENERAL – side protection work – Protecting the sides of Edakochi, Palluruthy, Kumbalam Kayal in Kumbalam Grama Panchayath and Cochin corporation in Thripunithura Assembly Constituency – Construction of 2 Nos. of concrete sluices in Edakochi and side protection works of Kayal near Perumpadappu – Kumbalangi bridge in ward No. 15, 16, 17, 18 and 19 of Cochin Corporation in Ernakulam District – General Civil Work – Rs. 3.34 Cr.

3. GENERAL – side protection work – Protecting the sides of Edakochy, Palluruthy, Kumbalam kayal in Kumbalam Grama Panchayath and Cochin Corporation in Thripunithura Assembly constituency – Construction of side protection works of Perumpadappu kayal in ward 18 and 20 of Cochin Corporation in Ernakulam District – General Civil Work – Rs. 0.329 Cr.

മുമ്പ് 4.85 കോടി രൂപയുടെ ഒറ്റ പ്രവൃത്തിയായി ഭരണാനുമതി ലഭിച്ചിരുന്ന പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി മൂന്ന് വ്യത്യസ്ത പ്രവൃത്തികളാക്കി വിഭജിക്കുകയും ടി പ്രവൃത്തികളുടെ 4.85 കോടി രൂപയുടെ ഡി.പി.ആർ. ഭരണാനുമതി പുനഃക്രമീകരിച്ച് നൽകുന്നതിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. ഇതുകൂടാതെ എറണാകുളം ജില്ലയിൽ ഇടക്കൊച്ചി അരൂർ ബ്രിഡ്ജ് മുതൽ പെരുമ്പടപ്പ് കുമ്പളങ്ങി ബ്രിഡ്ജ് വരെയും പെരുമ്പടപ്പ് കുമ്പളങ്ങി ബ്രിഡ്ജ് മുതൽ കണ്ണമാലി പ്രദേശം വരെയുമുള്ള വേമ്പനാട് കായലിന്റെ ആഴം വർധിപ്പിക്കുവാനായി താഴെ പറയുന്ന രണ്ട് പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

1. GENERAL - FLOOD CONTROL VEMBANAD - Deepening of Vembanad Kayal from Edakochi-Aroor bridge to Perumbadappu - Kumbalangi bridge in Ernakulam District - General Civil work Rs. 950.00 Lakh.

2. GENERAL - FLOOD CONTROL VEMBANAD - Deepening of Vembanad Kayal from Perumbadappu - Kumbalangi bridge to Kannamali side on Ernakulam District- General Civil work -Rs. 452.00 Lakh.

ടി പ്രവൃത്തികൾ ടേൺ കീ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ 28-11-2024-ലെ സർക്കാർ ഉത്തരവ് (കൈ)നം. 7/2024/CSIND പ്രകാരം വേമ്പനാട് കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്തുനിന്ന് ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയപാത (National Highway) 66-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി ദേശീയപാതാ അതോറിറ്റി (National Highway Authority of India - NHAI)-യ്ക്ക് വില ഈടാക്കാതെ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി സർക്കാർ ഉത്തരവ് മാതൃകയാക്കി മേൽപ്പറഞ്ഞ കായൽ പ്രദേശത്തെ അമിതമായി അടിഞ്ഞുകൂടിയ എക്കലും ചെളിയും ഡ്രഡ്ജ് ചെയ്ത് സമാന രീതിയിൽ ദേശീയപാതാ അതോറിറ്റിയുടെ (National Highway Authority of India – NHAI)-യുടെ പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

കൊല്ലങ്കോട് മുതൽ കാപ്പിൽ വരെയുള്ള ഭാഗങ്ങളിൽ വേലിയേറ്റംമൂലമുണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിനും തീരശോഷണം തടയുന്നതിനുമായി നിലവിൽ കരിങ്കല്ല് ഉപയോഗിച്ചും പുലിമുട്ട് നിർമ്മിച്ചും ജിയോബാഗ് ഉപയോഗിച്ചും തീരശോഷണം തടയുന്നതിനായുള്ള സംരക്ഷണ

ഭിത്തി നിർമ്മാണം നടത്തിവരുന്നു. കൂടാതെ തെക്കേ കൊല്ലങ്കോട് മുതൽ പൂവാർപൊഴി വരെയുള്ള തീരം സംരക്ഷിക്കുന്നതിന് ടെട്രോപോഡ് സാങ്കേതികവിദ്യ ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി KIIDC മുഖേന നടപ്പിലാക്കുന്നതിനായി പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

National Centre for Coastal Research (NCCR)-നെ ചുമതലപ്പെടുത്തി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശംഖുമുഖം തീരത്തിന് സമാന്തരമായി തീരത്തുനിന്നും 150 മീറ്റർ മാറി Offshore break water system നിർമ്മിക്കുന്നതിനുള്ള ഡിസൈൻ ലഭ്യമായതനുസരിച്ച് 120 മീറ്റർ നീളമുള്ള 6 ബ്രേക്ക് വാട്ടറുകൾ 80 മീറ്റർ അകലത്തിൽ കടലിൽ നിർമ്മിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് (ശംഖുമുഖം ബീച്ചിന്റെ ഇരുവശത്തും (റോഡുൾപ്പെടെ) സംരക്ഷിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതുകൊണ്ട് 1120 മീറ്റർ നീളത്തിൽ തീരപ്രദേശം സംരക്ഷിക്കുവാൻ സാധിക്കും. ഇതിനായി 71.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.) സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

അരൂർ മണ്ഡലത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി 'Restoration of Ecosystem - Rejuvenation of water bodies surrounding Vembanad lake in Aroor LAC Phase I' എന്ന 28.79 കോടി രൂപയുടെ പ്രവൃത്തി ഭരണാനുമതി ലഭിക്കുന്നതിനായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

ആലപ്പാട് പഞ്ചായത്തിൽ വേലിയേറ്റംമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനായി അടിയന്തര തീരസംരക്ഷണ പ്രവൃത്തിയായി 2024-25-ൽ ജിയോബാഗ് ഉപയോഗിച്ചുള്ള മൂന്ന് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തീരദേശ മേഖലയിലെ വേലിയേറ്റംമൂലമുണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി നവകേരള സദസ്സിൽ ഉൾപ്പെടെ ലഭിച്ചിട്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ 12 പ്രവൃത്തികൾക്കായി 875.7 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

പുഴകളുടെ തീരങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള നിയന്ത്രണം

193(4690) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പുഴകളുടെ തീരങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും അവയുടെ അതിർത്തിയിൽ സംരക്ഷണഭിത്തി കെട്ടുന്നതിനും ജലവിഭവ വകുപ്പ് എന്തെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകളോ സർക്കുലറുകളോ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി നിലകൊള്ളുന്ന പുഴയുടെ തീരങ്ങൾ കെട്ടിസംരക്ഷിക്കുന്നതിനുള്ള പുഴതീര സംരക്ഷണ പ്രവൃത്തികൾക്കാണ് ജലസേചന വകുപ്പ് മുൻഗണന നൽകുന്നത്. ജലസേചന വകുപ്പ് മുഖേനയല്ലാതെ ഇത്തരം പ്രവൃത്തികൾ നടത്തുമ്പോൾ ജലസേചന വകുപ്പിൽനിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. പുഴയുടെ തീരങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും അവയുടെ അതിർത്തിയിൽ സംരക്ഷണഭിത്തി കെട്ടുന്നതിനായും നിലവിലെ വാട്ടർ കൺസർവേഷൻ ആക്ട് അനുസരിച്ചും റവന്യൂ രേഖകൾ അനുസരിച്ചും അനുമതി നൽകുന്ന നടപടികൾ സ്വീകരിക്കാറുണ്ട്. പുഴയോരത്തെ ഫ്ലഡ് പ്ലെയിൻ ഏരിയയ്ക്കുള്ളിൽ കളിസ്ഥല നിർമ്മാണം വെള്ളപ്പൊക്കത്തിന് കാരണമാകുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയന്ത്രണമുണ്ട്.

കയ്പമംഗലം മണ്ഡലത്തിലെ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികൾ

194(4691) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിൽ മൈനർ, മേജർ ഇറിഗേഷൻ വിഭാഗങ്ങളുടെ ഏതെല്ലാം പ്രവൃത്തികൾക്കാണ് നിലവിൽ ഭരണാനുമതി ലഭിച്ചതെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കാമോ; പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

(എ&ബി) കയ്പമംഗലം മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങളും ഭരണാനുമതിയുടെ പകർപ്പുകളും അനുബന്ധമായി ചേർക്കുന്നു.[+]

(സി) മണ്ഡലത്തിൽ മൈനർ, മേജർ ഇറിഗേഷൻ വിഭാഗങ്ങൾക്ക് കീഴിൽ മുൻസർക്കാരിന്റെ കാലയളവിൽ അനുമതി ലഭിച്ചതും വിവിധ ഘട്ടങ്ങളിലായി പ്രവൃത്തി പുരോഗമിച്ചുവരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻസർക്കാരിന്റെ കാലയളവിൽ അനുമതി നൽകിയ പദ്ധതികളിൽ, പുരോഗമിച്ചുവരുന്ന പദ്ധതികൾ ഒന്നും തന്നെയില്ല.

ഭൂഗർഭജല സംരക്ഷണം

195(4692) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രൗണ്ട് വാട്ടറിന്റെ അളവിൽ വർഷാവർഷം കുറവ് അനുഭവപ്പെടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാനത്തൊട്ടാകെ നിർമ്മിച്ചിരിക്കുന്ന 1350 നിരീക്ഷണ കിണറുകളിലൂടെ പ്രതിമാസ ഭൂജല വിതാന ഡാറ്റ ശേഖരിച്ചുവരുന്നു. തുറന്ന കിണറുകളിലെ ജലവിതാന ഡാറ്റയുടെ അടിസ്ഥാനത്തിൽ വേനൽക്കാലത്ത് ജലവിതാനം താഴുന്നതായും തുടർന്നുള്ള മഴയിൽ ജലവിതാനം പൂർവസ്ഥിതിയിൽ ആകുന്നതുമായാണ് കണ്ടുവരുന്നത്. ജലവിതാനത്തിൽ പ്രകടമായതും സ്ഥായിയായതുമായ കുറവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ഭൂജല വിതാനം ഉയർത്തുന്നതിനും സുസ്ഥിര ഭൂജല ലഭ്യത ഉറപ്പുവരുത്തുന്നതിനും

വകുപ്പിന്റെ പ്ലാൻ പദ്ധതിയായ ഭൂജല സംരക്ഷണവും സംപോഷണവും പദ്ധതിയിൽ ഉൾപ്പെടുത്തി കൃത്രിമ ഭൂജല സംപോഷണ പ്രവൃത്തികൾ സംസ്ഥാനത്തൊട്ടാകെ വകുപ്പ് നടപ്പിലാക്കിവരുന്നു. ഭൂജല വിതാനം കുറഞ്ഞ മേഖലകളിൽ ശാസ്ത്രീയമായ പഠനങ്ങൾ നടത്തി പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ റീചാർജ് പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുകയും അപ്രകാരം മേൽക്കൂരവഴിയുള്ള മഴവെള്ളക്കൊയ്ത്തിലൂടെ ഇറന്ന കിണർ/റീചാർജ് പിറ്റുകൾ/കുഴൽക്കിണർ എന്നിവയിലൂടെയുള്ള ഭൂജല സംപോഷണം, ചെറിയ തടയണയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിലൂടെ വകുപ്പ് നടപ്പാക്കിവരികയും ചെയ്യുന്നു. ഭൂജല സമ്പത്തിന്റെ കണക്കെടുപ്പ് സംബന്ധിച്ച Ground Water estimation റിപ്പോർട്ട് പ്രകാരം ഇരുതര, അർധഇരുതര വിഭാഗത്തിൽ ഉൾപ്പെടുന്ന ബ്ലോക്കുകളിലെ ഭൂജല സംപോഷണ പദ്ധതികൾക്ക് വകുപ്പ് പ്രാധാന്യം നൽകിവരുന്നുണ്ട്. 2016-17 മുതൽ 2023-24 വരെ ഭൂജല വകുപ്പ് 1051 വിവിധ ഭൂജല സംപോഷണ പ്രവൃത്തികൾ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

ഭൂജല സുസ്ഥിരത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ഭൂജല അതോറിറ്റി നിരാക്ഷേപപത്രം നൽകിവരുന്ന വ്യാവസായിക/അടിസ്ഥാന

സൗകര്യ വികസന പദ്ധതികളിൽ കൃത്രിമ ഭ്രജല സംപോഷണ മാർഗങ്ങൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നിരാക്ഷേപപത്ര വ്യവസ്ഥകളുടെ ഭാഗമായി നൽകുകയും ആയത് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(സി) മഴവെള്ളം ഉപയോഗയോഗ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മഴവെള്ളം ഉപയോഗയോഗ്യമാക്കുന്നതിനായി വകുപ്പിന്റെ പ്ലാൻ പദ്ധതിയായ ഭ്രജല സംരക്ഷണവും സംപോഷണവും പദ്ധതിയിൽ ഉൾപ്പെടുത്തി, മേൽക്കൂരവഴിയുള്ള മഴവെള്ളക്കൊയ്ത്തിലൂടെ തുറന്ന കിണർ/റീചാർജ് പിറ്റുകൾ/കുഴൽക്കിണർ എന്നിവയിലൂടെയുള്ള ഭ്രജല സംപോഷണ പ്രവൃത്തികൾ വകുപ്പ് നടപ്പിലാക്കിവരുന്നു.

ഗാർഹിക കിണറുകളെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുന്ന പദ്ധതിയുടെ ഭാഗമായി വീടുകളുടെ മേൽക്കൂരയിൽ പെയ്തിറങ്ങുന്ന മഴവെള്ളം ശാസ്ത്രീയമായി ശേഖരിച്ച് ശുദ്ധീകരിച്ച് കിണറുകളിലേയ്ക്ക് ഒഴുക്കി വിടുന്നതുമൂലം കിണറുകളിലെ ജലവിതാനം ഉയരുകയും ആയതുമൂലം ഭ്രഗർഭജലത്തിന്റെ അളവിൽ വർധനവുണ്ടാകുകയും ചെയ്യുന്നു.

കുട്ടനാട്ടിൽ കുഴൽക്കിണറുകൾ സ്ഥാപിക്കാൻ നടപടി

196(4693) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം രൂക്ഷമായ കുട്ടനാട്ടിൽ കൂടുതൽ കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കുടിവെള്ളക്ഷാമം രൂക്ഷമായ കുട്ടനാട് നിയോജകമണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി 2017 കാലയളവ് മുതൽ 2025 ഫെബ്രുവരി മാസം വരെ ഏകദേശം 26 കുഴൽക്കിണർ നിർമ്മാണങ്ങൾ, 15 ചെറുകിട കുടിവെള്ള പദ്ധതികൾ എന്നിവ ഭൂജലവകുപ്പ് ആലപ്പുഴ ജില്ലാ ഓഫീസ് മുഖാന്തരം പൂർത്തീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി എന്നിവയ്ക്ക് കൈമാറിയിട്ടുണ്ട്. നിലവിൽ ഭൂജലവകുപ്പ് ആലപ്പുഴ ജില്ലാ ഓഫീസ് മുഖാന്തരം കുട്ടനാട് നിയോജകമണ്ഡലത്തിൽ അനുമതി ലഭിച്ച എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ നിന്നുള്ള അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ഫീസിബിലിറ്റി പഠനം നടത്തി കൂടുതൽ കുഴൽക്കിണർ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കുഴൽക്കിണർ നിർമ്മിക്കുന്നതിന് വേഗത്തിൽ അനുമതി ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

നിലവിൽ ഭൂജല പര്യവേഷണത്തിനായി ആലപ്പുഴ ജില്ലാ ഓഫീസിൽ ലഭിച്ചിട്ടുള്ള അപേക്ഷകളെല്ലാം തീർപ്പാക്കിയിട്ടുണ്ട്. പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അടിയന്തര പ്രാധാന്യം നൽകി ഭൂജല പര്യവേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) കുട്ടനാട്ടിൽ നിർമ്മിക്കുന്ന കുഴൽക്കിണറുകൾക്ക് കൂടുതൽ സബ്സിഡി നൽകാൻ നടപടിയുണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വകുപ്പിന്റെ മാനദണ്ഡങ്ങളനുസരിച്ച് സ്വകാര്യ വ്യക്തികൾക്ക് കാർഷിക ആവശ്യങ്ങൾക്കായി ബന്ധപ്പെട്ട കൃഷിഭവനിൽനിന്നും അനുവദിക്കുന്ന ചെറുകിട നാമമാത്ര കർഷകൻ എന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കുഴൽക്കിണർ നിർമ്മാണത്തിലെ ഡ്രില്ലിങ് ചാർജ് ഇനത്തിൽ 50% സബ്സിഡി അനുവദിക്കുന്നുണ്ട്.

ജലസംരക്ഷണ പ്രവർത്തനങ്ങൾ

197(4694) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിൽ നടന്ന നവകേരള സദസ്സിൽ ഉയർന്നുവന്ന വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദേശങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിൽ നടന്ന നവകേരള സദസ്സിൽ നെയ്യാർ ഇറിഗേഷൻ പ്രോജക്ട് (NIP) കനാൽ ബണ്ട് ഗതാഗത യോഗ്യമാക്കണമെന്ന ആവശ്യം ലഭിച്ചിരുന്നു. ആയതിന് ജലസേചന വകുപ്പുവക ഭൂമിയുടെ അതിർത്തി നിർണ്ണയിക്കേണ്ടതായിട്ടുണ്ട്. കൂടാതെ, 3 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിനായി കനാലിന്റെ വശങ്ങൾ ബലപ്പെടുത്തേണ്ടതുമുണ്ട്. 2.5 മീറ്റർ വീതിയിൽ വരുന്ന ബണ്ട് ഗതാഗത യോഗ്യമാക്കുന്നതിന് ഏകദേശം 4.5 കോടി രൂപ ആവശ്യമായിവരുമെന്ന് കണക്കാക്കുന്നു.

കാട്ടാക്കട മണ്ഡലത്തിൽ നടന്ന നവകേരള സദസ്സിൽ ജലസേചന വിഭാഗവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

ജൽജീവൻ പ്രോജക്ടുകളിൽ റോഡ് റെസ്റ്റോറേഷൻ ചാർജ് ഉൾപ്പെടുത്തുവാൻ നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

198(4695) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ റോഡ് റെസ്റ്റോറേഷൻ ചാർജ്ജുകൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആദ്യത്തെ മൂന്ന് ഘട്ടങ്ങളിൽ ജൽജീവൻ മിഷനിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ പി.ഡബ്ല്യു.ഡി. റോഡുകൾ പുന:സ്ഥാപിക്കുന്നതിനുള്ള തുക അനുവദിച്ചിരുന്നുവെങ്കിലും പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള തുക മാത്രമെ അനുവദിച്ചിരുന്നുള്ളൂ. അതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. നാലും അഞ്ചും ഘട്ടങ്ങളിൽ ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുകയ്ക്കുകൂടി അനുമതി ലഭ്യമായി. കൂടാതെ ആദ്യ മൂന്ന് ഘട്ടത്തിൽ ഉൾപ്പെട്ട പ്രവൃത്തികളിലെ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനായി അധികമായി 1351.20 കോടി രൂപയുടെ (പൂർത്തീകരിച്ച പ്രവൃത്തികൾക്കൊഴികെ) ഭരണാനുമതി നൽകി.

(ബി) പദ്ധതി നിർവഹണം പൂർത്തിയായ നിരവധി ഗ്രാമപഞ്ചായത്തുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി പൊളിച്ച റോഡുകൾ അടിയന്തര പ്രാധാന്യത്തോടെ പൂർവസ്ഥിതിയിലാക്കാൻ നടപടി സ്വീകരിക്കുമോ?

ജൽജീവൻ മിഷൻ പദ്ധതി നിർവഹണം പൂർത്തിയായ ഗ്രാമപഞ്ചായത്തുകളിൽ പൊളിച്ച റോഡുകൾ അടിയന്തര പ്രാധാന്യത്തോടെ പൂർവസ്ഥിതിയിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജൽജീവൻ മിഷൻ പ്രവൃത്തികൾക്കായി കുഴികളെടുക്കുമ്പോൾ പൈപ്പ് ലൈൻ സ്ഥാപിച്ച ഉടൻതന്നെ റോഡുകളുടെ താൽക്കാലിക പുനരുദ്ധാരണവും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള പുനരുദ്ധാരണവും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കടുത്തുരുത്തി മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി സഞ്ചാരയോഗ്യമല്ലാതായ റോഡുകൾ നവീകരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഏതെല്ലാം റോഡുകൾക്ക് ഫണ്ട് അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ജൽജീവൻ മിഷൻ ഫണ്ട് ലഭ്യതയനുസരിച്ച് പ്രവൃത്തികൾക്കുള്ള ഫണ്ട്

അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഫണ്ട് അനുവദിച്ച റോഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിന് നടപടി

199(4696) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലിനമാക്കപ്പെട്ട ജലസ്രോതസ്സുകൾ ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് കേരളത്തിലെ 21 നദീഭാഗങ്ങൾ വലിയതോതിലുള്ള മലിനീകരണത്തിന് വിധേയമായിട്ടുണ്ട്. ഇവയെ മലിനീകരണത്തിന്റെ തോതനുസരിച്ച് പ്രയോറിറ്റി I മുതൽ V വരെയായി തരംതിരിച്ചിട്ടുണ്ട്. OA 673/2018 എന്ന കേസിലെ ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളിലെ ജലം കുറഞ്ഞത് കുളിക്കാൻ ഉപയോഗിക്കുന്ന തരത്തിലെങ്കിലും അനുയോജ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി ഇവ മാലിന്യ മുക്തമാക്കാൻ നിർദേശം നൽകിയിരുന്നു. ഇതുപ്രകാരമുള്ള ആക്ഷൻ പ്ലാൻ വിവിധ വകുപ്പുകളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏകോപനത്തോടെ തയ്യാറാക്കി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ നടത്തിയ പ്രവൃത്തികളുടെ ഫലമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് പ്രകാരം 21 മലിനമായ നദീഭാഗങ്ങളിൽ 11 മലിനമായ നദീഭാഗങ്ങൾ നീക്കം ചെയ്തതായും 8 പുതിയ റീച്ചുകൾ ചേർത്തതായും പരാമർശിക്കുന്നു. മലിനമായ നദീഭാഗങ്ങളുടെ എണ്ണം നിലവിൽ 18 ആണ്.

(ബി) പ്രസ്തുത ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് നദികളെ മലിനീകരണത്തിന്റെ (BOD - Biological Oxygen Demand in mg/L) അടിസ്ഥാനത്തിൽ 5 ആയി തരം തിരിക്കുന്നു:

Priority I - >30 mg/L

Priority II - 20 mg/L to 30 mg/L

Priority III - 10 mg/L to 20 mg/L

Priority IV - 6 mg/L to 10 mg/L

Priority V - 3 mg/L to 6 mg/L

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ജലസേചന വകുപ്പിന്റെയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെയും പ്രവർത്തനഫലമായി ജലഗുണനിലവാരം മെച്ചപ്പെടുത്തിയതിനാൽ താഴെപ്പറയുന്ന 4 നദികളുടെ മുൻഗണനാ വിഭാഗത്തെ താഴ്ന്ന മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റി. കേരളത്തിൽ ഇപ്പോൾ മുൻഗണനയുള്ള (Priority-I) നദികൾ ഇല്ല.

1. Karamana at Thiruvananthapuram - Priority III (from Priority-I)

2. Manimala at Alappuzha - Priority V (from Priority IV)

3. Pamba at Pathanamthitta - Priority V (from Priority IV)

4. Kadambrayar at Ernakulam - Priority V (from Priority IV)

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ (Central Pollution Control Board) പുതുക്കിയ കരട് റിപ്പോർട്ടിൽ നദികളുടെ ജലഗുണനിലവാരത്തിന്റെ നിലവിലെ സ്ഥിതിയുടെ അടിസ്ഥാനത്തിൽ നീക്കം ചെയ്ത 11 നദികൾ ചുവടെ ചേർക്കുന്നു:

Mogral at Kasaragod, Kuppam, Peruvamba, Ramapuram, Kavvayi at Kannur, Bharathapuzha, Bhavani at Palakkad, Kutiyadi at Kozhikode, Kecheri, Karuvannur, Puzhakkal at Thrissur.

പുതുതായി ചേർത്ത 8 പുതിയ റീച്ചുകൾ

Neyyar (Priority-lV), Vamanapuram (Priority-lV), Ayroor (Priority-V), Mamom (Priority-V), Chalakudy (Priority-V), Kalpathipuzha (Priority-V), Korayar (Priority-V), Pullur (Priority-V).

കേരള ജല അതോറിറ്റിയുടെ ജലവിതരണ പദ്ധതികളുടെ സ്രോതസ്സുകൾ മലിനമാക്കുന്നുണ്ടോ എന്നത് നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്താറുണ്ട്. കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ള സ്രോതസ്സിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എസ്.ആർ.ഐ. (സ്റ്റേറ്റ് റെഫറൽ ഇൻസ്റ്റിറ്റ്യൂട്ട്) ലാബും 14 ജില്ലാ ലാബുകളും 71 ഉപജില്ലാ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. ഏത് സ്രോതസ്സിൽനിന്നുമെടുക്കുന്ന ജലമായാലും കുടിവെള്ളമായി വിതരണം ചെയ്യുമ്പോൾ ശുദ്ധീകരിച്ചും അണുവിമുക്തമാക്കിയുമാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

ബോർഡ് നാഷണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിങ് പ്രോഗ്രാമിന്റെയും (NWMP) (209 സ്റ്റേഷനുകൾ) സ്റ്റേറ്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിങ് പ്രോഗ്രാമിന്റെയും (SWMP) (135 സ്റ്റേഷനുകൾ) ഭാഗമായി കേരളത്തിലെ വിവിധ സ്ഥലങ്ങളിലായി 344 സ്റ്റേഷനുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. കിണറുകളിലെ സാമ്പിളുകളും പരിശോധിച്ച് അവശ്യമെങ്കിൽ നിർദേശം നൽകിവരുന്നു. വാർഷിക ഡയറക്ടറി എല്ലാവർഷവും പ്രസിദ്ധീകരിക്കുന്നു. പരിശോധനാഫലം ബോർഡിന്റെ വെബ്സൈറ്റിലും ലഭ്യമാണ്. ഗുണനിലവാരം പാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി നദികൾക്ക് കുറുകെ നിർമ്മിച്ചിട്ടിട്ടുള്ള പാലങ്ങളിൽ കമ്പിവേലി നിർമ്മാണം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ജലസേചന വകുപ്പ് നടപ്പിലാക്കാറുണ്ട്. ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്.

വാണിജ്യ, വ്യവസായ സ്ഥാപനങ്ങളും മറ്റും മാലിന്യങ്ങൾ പുറന്തള്ളുന്നത് സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ, ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ കേസ് കൊടുക്കുകയും ഇവയിൽ പോലീസ് ഉദ്യോഗസ്ഥർ തുടർ അന്വേഷണം നടത്തി നിയമ നടപടികൾ സ്വീകരിക്കാറുമുണ്ട്. 2018-ലെ ഭേദഗതി നിയമം പ്രകാരം ശിക്ഷ/പിഴ വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം പോലീസ് അധികൃതർക്ക് നൽകുന്ന പരാതിയിൻമേൽ അന്വേഷണം നടത്തി, ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്യേണ്ടതാണ്. 3 വർഷം വരെ തടവും പരമാവധി 2 ലക്ഷം രൂപ പിഴയുമാണ് കുറ്റം തെളിഞ്ഞാൽ ശിക്ഷയായി ലഭിക്കുന്നത്. കാലാകാലങ്ങളിൽ ഇത്തരം കാര്യങ്ങൾ ചെയ്യുന്നവർക്കെതിരെ വകുപ്പ് ശിക്ഷാ നടപടികൾ സ്വീകരിക്കാറുണ്ട്.

മലിനമായ നദികളുടെ പുനരുജ്ജീവനത്തിന്റെ ഭാഗമായി ഈ പറയുന്ന പ്രധാനപ്പെട്ട CSTP/STP-IA പൂർത്തിയാക്കി.

- 5 MLD STP, മെഡിക്കൽ കോളേജ്, തിരുവനന്തപുരം.

- 5 MLD STP, വിത്ത് സെപ്റ്റേജ്, ട്രീറ്റ്മെന്റ് ഫെസിലിറ്റി എളംകുളം കൊച്ചി, എറണാകുളം.
- 3 MLD STP, ചക്കുകം, ഗുരുവായൂർ, തൃശ്ശൂർ
- STP, കോഴിക്കോട് മെഡിക്കൽ കോളേജ് (2 MLD New, 2 MLD old, 1 MLD & 0.5 MLD)

നിർമ്മാണത്തിലിരിക്കുന്ന പ്രധാന പദ്ധതികൾ:

- 12 MLD STP, കുരീപ്പുഴ, കൊല്ലം
- 1.5 MLD STP, ഒറ്റപ്പാലം മുനിസിപ്പാലിറ്റി, പാലക്കാട്

പ്രൊപ്പോസൽ സ്റ്റേജിലുള്ള പ്രധാന പദ്ധതികൾ:

- 4 STPs (Integrated Water Transport System Project) at Elamkulam (17.5 MLD), Vennala (24 MLD), Muttar (16.5 MLD), Perandur (19 MLD), 27 MLD STP with Sewage Network at Sarovaram, Kozhikode.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുടെ പരിധിയിൽ വരുന്ന വ്യവസായശാലകൾക്കും ബഹുനില സമുച്ചയങ്ങൾക്കും മതിയായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയാണ് പ്രവർത്തനാനുമതി ബോർഡ് നൽകുന്നത്. ഇവയുടെ കാര്യക്ഷമത

നിരീക്ഷിച്ചുവരുന്നതുമാണ്. ഗുണനിലവാരം പാലക്കാത്തതായി കണ്ടെത്തുമ്പോൾ തുടർ നടപടികൾ സ്വീകരിക്കാറുണ്ട്.

കർമ്മപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മറ്റ് ഡിപ്പാർട്ടുമെന്റുകൾ നടപ്പിലാക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നു:

- അനധികൃത ഡിസ്ചാർജ് തടയുന്നതിനായി പലയിടങ്ങളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വീടുതോറുമുള്ള ഖരമാലിന്യങ്ങളുടെയും വസ്തുക്കളുടെയും ശേഖരണം നടത്തിവരുന്നുണ്ട്. നിയമങ്ങളുടെ ലംഘനം ശ്രദ്ധയിൽപ്പെടുന്ന ഘട്ടങ്ങളിൽ പിഴചുമത്തുകയും ചെയ്യാറുണ്ട്.
- രാത്രി നിരീക്ഷണത്തിനുള്ള സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.
- മലിനജല ശുചീകരണ യന്ത്രങ്ങൾ ഉപയോഗിച്ച് തോടുകൾ ശുദ്ധീകരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- മാലിന്യ നിർമ്മാർജനം തടയുന്നതിനായി കർമ്മ പദ്ധതി പ്രകാരം വേലികെട്ടി നദീതീരങ്ങൾ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) ജലസ്രോതസ്സുകൾ മലിനമാക്കുന്നതുമായി ബന്ധപ്പെട്ട് 2021 മുതൽ നാളിതുവരെ പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ഡി&ഇ) ജലസ്രോതസ്സുകളുടെ മലിനീകരണവുമായി ബന്ധപ്പെട്ട് ലഭിച്ച പ്രധാനപ്പെട്ട പരാതിയും പരാതികളിന്മേൽ സ്വീകരിച്ച നടപടിയും അനുബന്ധമായി ചേർക്കുന്നു.+

ജലവിഭവ വകുപ്പിന് കീഴിൽ കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ

200(4697) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാരിന്റെ കാലത്ത് ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പദ്ധതിക്കും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തിയുടെയും പുരോഗതി സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ?

നിലവിലെ സർക്കാരിന്റെ കാലത്ത് ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവയ്ക്ക് അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തികളുടെ പുരോഗതിയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

201(4698) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

തഴക്കര കുടിവെള്ള പദ്ധതി, മാവേലിക്കര, തഴക്കര, ചെട്ടികുളങ്ങര ജൽജീവൻ മിഷൻ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി മാവേലിക്കര മണ്ഡപത്തിൻ കടവിൽ പുതിയതായി 10 മീ. വ്യാസമുള്ള ഇൻടേക്ക് വെൽ, മാവേലിക്കര കേരള വാട്ടർ അതോറിറ്റിയുടെ പി.എച്ച്. സെക്ഷൻ ഓഫീസ് കോമ്പൗണ്ടിൽ 30 MLD ശുദ്ധീകരണശാല, തഴക്കരയിൽ 11 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി എന്നിവ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ ഇൻടേക്ക് വെൽ, 11 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി എന്നീ പ്രവൃത്തികൾ ദർഘാസ് നടപടികൾ പൂർത്തീകരിച്ചെങ്കിലും നാഷണൽ ജൽജീവൻ മിഷനിൽനിന്നുള്ള അനുമതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമാകാനുണ്ട്. കൂടാതെ 30 MLD ശുദ്ധീകരണശാലയുടെ ദർഘാസ് പലതവണ ക്ഷണിച്ചെങ്കിലും കരാറുകാർ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് 24-03-2025 വരെ ദർഘാസ് തീയതി ദീർഘിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ തഴക്കര പഞ്ചായത്തിൽ ജലവിതരണ പൈപ്പുകൾ ദീർഘിപ്പിക്കുന്നതിനും ഗാർഹിക കണക്ഷൻ നൽകുന്നതിനുമുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ശുദ്ധജല ടാങ്കിന്റെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

തഴക്കരയിൽ പുതിയതായി പണികഴിക്കുന്ന 11 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാഷണൽ ജൽജീവൻ മിഷനിൽനിന്നും 16-08-2024-നുശേഷമുള്ള പുതിയതായി ആരംഭിക്കേണ്ട പ്രവൃത്തികൾക്കുള്ള അനുമതി ലഭ്യമാകാനുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ദർഘാസ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാഷണൽ ജൽജീവൻ മിഷനിൽനിന്നും 16-08-2024-നുശേഷമുള്ള പുതിയതായി ആരംഭിക്കേണ്ട പ്രവൃത്തികൾക്കുള്ള നൽകുവാനുള്ള അനുമതി ലഭ്യമാകാനുണ്ട്.

(ഡി) തഴക്കര ഗ്രാമപഞ്ചായത്തിലെ കന്നിമേൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

തഴക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് 10-ലെ കന്നിമേൽ കോളനിക്ക് മാത്രമായി ഒരു കുടിവെള്ള പദ്ധതി വേണമെന്ന തഴക്കര ഗ്രാമപഞ്ചായത്തിന്റെ ആവശ്യപ്രകാരം 1.40 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി നടപ്പിലാക്കുന്നതിനായി 31-01-2022 ൽ പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും തമ്മിൽ ഉടമ്പടിയുണ്ടാക്കുകയും ചെയ്തു. അച്ചൻകോവിലാറിന് സമീപം കിണർ, പമ്പ്ഹൗസ്, ഇൻസ്പെക്ഷൻ ഗാലറി, 200 mm DI പമ്പിങ് മെയിൻ, ഉപരിതല സംഭരണിയുടെ നിർമ്മാണം, പമ്പ്സെറ്റ് സ്ഥാപിക്കൽ, PWD Road Restoration Charge, Consultancy Charge, Soil Investigation Charge എന്നിവയായിരുന്നു ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരുന്നത്. പ്രസ്തുത പ്രവൃത്തിക്ക് പലതവണ ദർഘാസ് ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്തതിനെ തുടർന്ന് ഡെപ്പോസിറ്റ് തുക തിരികെ കൊടുക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

ടി വിഷയത്തിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിനെ തുടർന്ന് പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് 'പ്രൈസ്-3'-യിൽ

തയ്യാറാക്കുകയും തഴക്കര ഗ്രാമപഞ്ചായത്തിന്റെ 23-03-2023-ലെ കത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് രണ്ട് ഭാഗങ്ങൾ ആക്കുകയും ആദ്യ ഭാഗത്തിൽ 4 മീറ്റർ വ്യാസമുള്ള കിണർ, പമ്പ് ഹൗസ്, ഇൻസ്പെക്ഷൻ ഗാലറി, പമ്പ് സെറ്റ് സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുത്തി 54,45,000/- രൂപയുടെ എസ്റ്റിമേറ്റും, രണ്ടാം ഭാഗത്തിൽ പമ്പിങ് മെയിൻ, ഉന്നതജല സംഭരണി എന്നിവ ഉൾപ്പെടുത്തി 96,16,000/- രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കി. ആകെ 1,50,61,000/- രൂപ ആയതിനാൽ അധികമായ 10,61,000/- രൂപ അടയ്ക്കുന്നതിനുള്ള ഡിമാൻഡ് നോട്ടീസ് പഞ്ചായത്തിന് നൽകിയിട്ടുമുണ്ട്.

പ്രവൃത്തിയുടെ ആദ്യ ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി മൂന്നുതവണ ദർഘാസ് ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്തതിനെ തുടർന്ന് റദ്ദ് ചെയ്യുകയാണുണ്ടായത്. നാലാമത്തെ ദർഘാസിൽ ലഭിച്ച ഏക ഓഫർ അനുവദിക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തു. എന്നാൽ സാമ്പത്തിക പരാധീനതമൂലം പ്രവൃത്തി ഏറ്റെടുക്കുവാൻ സാധ്യമല്ലെന്ന് പ്രസ്തുത കരാറുകാരൻ അറിയിച്ചതിനെ തുടർന്ന് വർക്ക് ഓർഡർ റദ്ദ് ചെയ്യുകയും, നിരത ദ്രവ്യമായ 50,000/- രൂപ പിടിച്ചെടുക്കുകയും, ടിയാനെതിരെ തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. തുടർന്ന് വീണ്ടും രണ്ടുതവണ ദർഘാസ് ക്ഷണിച്ചിട്ടും

ആരും പങ്കെടുക്കാത്തതിനെതുടർന്ന് റദ്ദുചെയ്തു. തുടർന്ന് എസ്റ്റിമേറ്റ് റീ-കാസ്റ്റ് ചെയ്ത് പുതിയ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ചു. ആദ്യ ദർഘാസിൽ ആരും പങ്കെടുക്കാത്തതിനാൽ റദ്ദ് ചെയ്തു. പുനഃദർഘാസിൽ, ദർഘാസ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 17-03-2025 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

നെയ്യാറ്റിൻകര മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

202(4699) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര മണ്ഡലത്തിൽ അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ, നെയ്യാറ്റിൻകര നഗരസഭ എന്നീ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് ജൽജീവൻ പദ്ധതി പ്രകാരം ഓരേ പ്രദേശത്തും ഭരണാനുമതി പ്രകാരം അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് ജൽജീവൻ പദ്ധതി പ്രകാരം ഭരണാനുമതി അനുവദിച്ച തുക ചുവടെ ചേർക്കുന്നു:

	പഞ്ചായത്ത്	ഭരണാനുമതി അനുവദിച്ച തുക

		(ലക്ഷത്തിൽ)
1	അതിയന്നൂർ	3458.19
2.	തിരുപുറം	1681.70
3.	ചെങ്കൽ	9324.37
4.	കാരോട്	9435.89
5.	കുളത്തൂർ	7135.77

പാറശ്ശാല മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ

203(4700) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി എത്ര ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാനുണ്ടെന്നും ആയതിലേയ്ക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പാറശ്ശാല മണ്ഡലത്തിൽ ജൽജീവൻ മിഷന്റെ പുരോഗതി പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കാമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകും എന്നുള്ള വിവരം ലഭ്യമാക്കാമോ?

(എ&ബി) വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.+

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കിവരുന്നതും അനുമതി ലഭിച്ചിട്ടുള്ളതുമായ പദ്ധതികളുടെ പ്രവർത്തന പുരോഗതി, അനുവദിച്ച തുക, തൽസ്ഥിതി ഉൾപ്പടെയുള്ള വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കിവരുന്നതും അനുമതി ലഭിച്ചിട്ടുള്ളതുമായ പദ്ധതികളുടെ പ്രവർത്തന പുരോഗതി, അനുവദിച്ച തുക, തൽസ്ഥിതി ഉൾപ്പടെയുള്ള വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധങ്ങളായി ചേർക്കുന്നു.+

(ഡി) ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും കേടായ പൈപ്പ്ലൈനുകൾ റിപ്പെയർ ചെയ്യുന്നതിനുമായി വിവിധ പി.ഡബ്ല്യൂ.ഡി., പഞ്ചായത്ത് റോഡുകൾ വെട്ടിപ്പൊളിച്ചശേഷം അവ റിപ്പെയർ ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ജൽജീവൻ മിഷനിൽ ആദ്യത്തെ മൂന്ന് ഘട്ടങ്ങളിൽ ഭരണാനുമതി നൽകിയ പദ്ധതികളിൽ PWD റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള തുക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചിരുന്നുവെങ്കിലും പഞ്ചായത്ത് റോഡുകൾ താൽകാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള തുക മാത്രമെ അനുവദിച്ചിരുന്നുള്ളൂ. അതനുസരിച്ച് പൈപ്പ്ലൈൻ സ്ഥാപിച്ചശേഷം പഞ്ചായത്ത് റോഡുകൾ താൽകാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. നാലും അഞ്ചും ഘട്ടങ്ങളിൽ ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുകയ്ക്കുകൂടി അനുമതി നൽകുകയുണ്ടായി. കൂടാതെ ആദ്യത്തെ മൂന്ന് ഘട്ടത്തിൽ ഉൾപ്പെട്ട പ്രവൃത്തികളിലെ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനായി അധികമായി (പൂർത്തീകരിച്ച പ്രവൃത്തികൾക്കൊഴികെ) ഭരണാനുമതിയും നൽകി. പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനായി അംഗീകാരം നൽകിയ പ്രവൃത്തികളും കേരള വാട്ടർ അതോറിറ്റി കരാർ ചെയ്ത് നടപ്പിലാക്കിവരുന്നു. റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ ഉൾപ്പെടുത്താത്ത പ്രവൃത്തികളിൽ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ ലഭ്യമായ ഭരണാനുമതി തുകയ്ക്കുള്ളിൽനിന്ന് നടപ്പിലാക്കാവുന്നതാണ്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുറോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ

പുനഃസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ജൽജീവൻ മിഷൻ പ്രവൃത്തികളുമായി ബന്ധപ്പെട്ട റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകൾ നേരിട്ട് നടപ്പിലാക്കുന്ന സാഹചര്യത്തിൽ പ്രവൃത്തികൾ നടപ്പിലാക്കാനായി കരാറിലേർപ്പെടുന്ന കരാറുകാരനെ പി.എഫ്.എം.എസ്. പോർട്ടലിൽ വെണ്ടറായി ഉൾപ്പെടുത്തി ബില്ലുകൾ ജൽജീവൻ മിഷന്റെ മാർഗരേഖയ്ക്കനുസരിച്ച് നിലവിലെ സീനിയോറിറ്റിയിൽ നൽകാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഇനിയും റിപ്പയർ ചെയ്യാനുള്ള റോഡുകളുടെ പ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

PWD റോഡുകളുടെ റെസ്റ്റോറേഷൻ, പൈപ്പ്ലൈൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് PWD തന്നെയാണ് ചെയ്യുന്നത്. പഞ്ചായത്ത് റോഡിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം റോഡുകൾ റെസ്റ്റോറേഷൻ ചെയ്യുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി

204(4701) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച് സംസ്ഥാന/ജില്ലാ തലങ്ങളിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ ജില്ലാതല പ്രവൃത്തികളുടെ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ജലജീവൻ മിഷന്റെ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച് സംസ്ഥാന/ജില്ലാ തലങ്ങളിൽ നിരന്തരം വിലയിരുത്തുന്നുണ്ട്. പദ്ധതി നിർവഹണം സംബന്ധിച്ച് പുരോഗതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ പദ്ധതി പുരോഗതി അവലോകനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ നിരന്തരം അവലോകനം നടത്തി പദ്ധതി നിർവഹണത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. കൂടാതെ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പദ്ധതി അവലോകനം നടത്തി നിർവഹണത്തിന് തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി നിർവഹണം പൂർത്തിയാക്കുന്നതിനുള്ള

നടപടികൾ കൈക്കൊള്ളുന്നുണ്ട്. പദ്ധതിയുടെ ജില്ലതിരിച്ചുള്ള പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതി കേന്ദ്രസർക്കാർ നീട്ടി നൽകിയിട്ടുള്ള കാലയളവിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ കാലാവധി 2028 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) നിലവിൽ കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാനം നൽകേണ്ട വിഹിതം ഈ പദ്ധതിക്ക് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ കേന്ദ്രവിഹിതത്തിന് ആനുപാതികമായി സംസ്ഥാനവിഹിതം ലഭിച്ചിട്ടുണ്ട്. ഇതുവരെ കേന്ദ്രവിഹിതമായി 5610.30 രൂപയും സംസ്ഥാനവിഹിതമായി 5533.27 രൂപയും ലഭിച്ചിട്ടുണ്ട്.

(ഡി) കുടിശ്ശിക നൽകാത്തത് കാരണം പല കരാറുകാരും പ്രവൃത്തി ചെയ്യുന്നതിന് തയ്യാറാകുന്നില്ലെന്നതും പലരും നിർദിഷ്ട കാലയളവിൽ പ്രവൃത്തി പൂർത്തിയാക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നൽകാനുള്ള കുടിശ്ശിക നൽകുന്നതിന് സത്വരനടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് കരാറുകാരുടെ ബിൽതുക മുൻഗണനാടിസ്ഥാനത്തിൽ നൽകിവരുന്നു. കരാറുകാരുടെ കുടിശ്ശിക നൽകുന്നതിനും പദ്ധതികൾ കേന്ദ്രസർക്കാർ ദീർഘിപ്പിച്ച് നൽകിയ കാലയളവിൽത്തന്നെ പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മലപ്പുറം ജില്ലയിലെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങളെ സംബന്ധിച്ച പുരോഗതി വിലയിരുത്തുന്നതിന് മന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മറ്റ് വകുപ്പ് തലവന്മാരുടെയും യോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലെ ഉൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ ജൽജീവൻ മിഷൻ പ്രവർത്തനങ്ങളും വിവിധതലങ്ങളിൽ അവലോകനയോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തിവരുന്നു. മന്ത്രിയുടെ ഓഫീസിൽനിന്നും നേരിട്ട് മലപ്പുറം ജില്ലയിലെയും പുരോഗതി വിലയിരുത്തുന്നതിന് അവലോകനയോഗം നടത്തിയിട്ടുണ്ട്. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മറ്റ് വകുപ്പുതലവന്മാരുടെയും യോഗം തുടർന്നും വിളിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ജൽജീവൻ മിഷൻ

205(4702) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൽജീവൻ മിഷന്റെ പുരോഗതിയിൽ കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ പിന്നിലാണെന്നത് വസ്തുതയാണോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

ദേശീയ തലത്തിൽ 2019-ൽ ജൽജീവൻ മിഷൻ പദ്ധതി ആരംഭിച്ചെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020 ഒക്ടോബറിലാണ്. പദ്ധതി ആരംഭിക്കുമ്പോൾ കേരളത്തിലെ ഗ്രാമീണ വീടുകളിൽ കവറേജ് 25%-ൽ താഴെയായിരുന്നു. എന്നാൽ മറ്റ് പല സംസ്ഥാനങ്ങളിലും ഇത് 50% കവിഞ്ഞിരുന്നു. ഇതുകൂടാതെ, കേരളത്തിൽ ഗ്രാമീണ-നഗര അതിർത്തികൾ വേർതിരിച്ചെടുക്കാൻ കഴിയാത്ത രീതിയിലുള്ള ആവാസ വ്യവസ്ഥയുമുണ്ട്. കേരളത്തിൽ പ്രധാനമായും ഉപരിതല ജലസ്രോതസ്സുകൾ അടിസ്ഥാനമാക്കിയുള്ള സുസ്ഥിരമായ ബൃഹത് പദ്ധതികളാണ് നടപ്പിലാക്കുന്നത്. കൂടാതെ, ദേശീയതലത്തിലെ മാനദണ്ഡങ്ങളിൽ (പ്രതിദിനം ആളോഹരി 50 ലിറ്റർ)നിന്ന് വ്യത്യസ്തമായി, കേരളത്തിൽ പ്രതിദിനം ആളോഹരി 100 ലിറ്റർ ആവശ്യകത അടിസ്ഥാനമാക്കിയുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. പദ്ധതി

ആരംഭിക്കുമ്പോൾ പല പ്രദേശങ്ങളിലും കുടിവെള്ള വിതരണ പദ്ധതികൾ ഇല്ലായിരുന്നു. ആയതിനാൽ പല ഇടങ്ങളിലും പുതുതായി പദ്ധതികൾ ആവിഷ്കരിക്കേണ്ടിവന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസം, പൊതുനിരത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ദേശീയപാത, പൊതുമരാമത്ത്, റെയിൽവേ, വനം മുതലായ വിവിധ ഏജൻസികളിൽനിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം തുടങ്ങിയവ പദ്ധതി നിർവഹണത്തിൽ കാലതാമസം വരുത്തിയിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് താരതമ്യേന ബൃഹത് പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ ഉല്പാദന ഘടകങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ കൂടുതൽ കുടിവെള്ള കണക്ഷനുകൾ നൽകുവാൻ സാധിക്കുകയുള്ളൂ.

മണലൂർ നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷന്റെ കീഴിൽ ചെയ്ത പ്രവൃത്തികൾ

206(4703) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷന്റെ കീഴിൽ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം നൽകാമോ?

മണലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന വിവിധ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങളും പ്രവൃത്തി പുരോഗതി വിവരിക്കുന്ന പട്ടികയും അനുബന്ധങ്ങളായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിച്ചതുമൂലം പഞ്ചായത്ത് റോഡുകൾക്കുണ്ടായ കേടുപാടുകൾ തീർത്ത് പൂർവസ്ഥിതിയിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പ്രവൃത്തിയുടെ ഭാഗമായി പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിനുവേണ്ടി കുഴിച്ചിട്ടുള്ള ഗ്രാമപഞ്ചായത്ത് റോഡുകളുടെ റെസ്റ്റോറേഷൻ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. അരിമ്പൂർ പഞ്ചായത്തിൽ നിലവിലെ ജെ.ജെ.എം. പ്രവൃത്തിയിൽ 14.500 കി.മീ. നീളത്തിൽ ടാറിങ് പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

2. മണലൂർ പഞ്ചായത്തിൽ 8.43 കി.മീ. ജി.എസ്.ബി. സ്ഥാപിച്ചിട്ടുണ്ട്. 0.20 കി.മീ. നീളത്തിൽ ടാറിങ് പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. വാടാനപ്പള്ളി പഞ്ചായത്തിൽ ജെ.ജെ.എം. ഫേയ്സ് 1 ചെയ്ത റോഡുകളുടെ താത്കാലിക പുനഃസ്ഥാപനത്തിനാണ് അനുമതി ലഭ്യമായിരുന്നത്.

4. ചൂണ്ടൽ പഞ്ചായത്തിൽ 3.32 കി.മീ. റോഡുകൾ ഭാഗികമായി/ പൂർണ്ണമായി സഞ്ചാരയോഗ്യമാക്കി.

5. കണ്ടാണശ്ശേരി പഞ്ചായത്തിൽ 7.27 കി.മീ. GSB/WMM പ്രവൃത്തികളും 6.8 കി.മീ. ടാറിങ് പ്രവൃത്തികളും പൂർത്തീകരിച്ചു.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര വീടുകളിൽ കുടിവെള്ളം എത്തിക്കാനായെന്നും ഇനി എത്ര വീടുകളിൽ കുടിവെള്ളം എത്തിക്കാൻ ബാക്കിയുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) അവശേഷിക്കുന്ന പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ കാലാവധി 2028 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സമയത്തിനുള്ളിൽ ടി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാട്ടർ അതോറിറ്റി എ.ഡി.ബി.-യുടെ സഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി

207(4704) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി എ.ഡി.ബി.-യുടെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ ഒന്നാം ഘട്ടമായി കൊച്ചിയിൽ നടപ്പിലാക്കുന്ന 24*7 കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഏത് സ്ഥാപനമാണ്; എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്?

ADB-യുടെ ടെക്നിക്കൽ അസിസ്റ്റൻസ് കൺസൾട്ടന്റായ Jalakam Solutions Private Limited എന്ന സ്ഥാപനമാണ് കൊച്ചി കോർപ്പറേഷൻ പ്രദേശത്തെ ജലവിതരണ സംവിധാനത്തെക്കുറിച്ച് KWA-യുടെ സഹായത്തോടെ 2017-ൽ പലവിധ ഡാറ്റകൾ ശേഖരിച്ചും വിവിധ രേഖകളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായ വിശകലനം നടത്തിയും എ.ഡി.ബി.-യുടെ സഹായത്തോടെ കൊച്ചിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 24x7 കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ADB മാർഗനിർദേശങ്ങളും സമാന പ്രവൃത്തികളുടെ ആഗോള നിലവാര മാനദണ്ഡങ്ങളും അനുസരിച്ചും Preliminary Study നടത്തിയുമാണ് ADB കൺസൾട്ടന്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. GST

ഉൾപ്പടെ 1135.3 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ADB കൺസൾട്ടന്റ് തയ്യാറാക്കിയത്. ടി എസ്റ്റിമേറ്റിനെ സൂചകമാക്കിയാണ് കേരള വാട്ടർ അതോറിറ്റി, TS (സാങ്കേതികാനുമതി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. GST ഉൾപ്പടെ 945.2 കോടി രൂപയുടെ സാങ്കേതികാനുമതിയാണ് നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത എസ്റ്റിമേറ്റ് സർക്കാർ അംഗീകരിച്ച ഷെഡ്യൂൾ ഓഫ് റേറ്റിന് വ്യത്യസ്തമായ നിരക്കിൽ ഉള്ളതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

പ്രസ്തുത എസ്റ്റിമേറ്റ് സർക്കാർ അംഗീകരിച്ച ഷെഡ്യൂൾ ഓഫ് റേറ്റിന് വ്യത്യസ്തമായ നിരക്കിൽ ഉള്ളതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സർക്കാർ അംഗീകരിച്ചിട്ടുള്ള PRICE -3.0 പ്രകാരം 2018 Schedule of rates അനുസരിച്ചാണ് TS എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. അംഗീകരിച്ച Schedule of rates ഇല്ലാത്ത ഇനങ്ങൾക്ക് Observed data തയ്യാറാക്കുകയാണ് നിലവിൽ ചെയ്തുവരുന്നത്. ഇപ്രകാരം Schedule of rates ഇല്ലാത്ത ഇനങ്ങൾക്ക് Observed data തയ്യാറാക്കിട്ടുണ്ട്. KWA തയ്യാറാക്കിയ എസ്റ്റിമേറ്റ് നിരക്ക് കൺസൾട്ടന്റ് തയ്യാറാക്കിയ എസ്റ്റിമേറ്റിനേക്കാൾ വളരെ താഴെയാണ്. കൂടാതെ പ്രസ്തുത പദ്ധതിയുടെ ടെൻഡർ Item Rate ടെൻഡർ ആകയാൽ, ആദ്യ വർഷത്തിലെ

വിശദമായ പഠനത്തിനും വിവരശേഖരണങ്ങൾക്കുംശേഷം തയ്യാറാക്കിയ Schedule അനുസരിച്ചു യഥാർഥത്തിൽ ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് മാത്രമായിരിക്കും പണം നൽകുന്നത്. KWA തയ്യാറാക്കിയ TS എസ്റ്റിമേറ്റ് അടിസ്ഥാനമാക്കിയാണ് ടെൻഡർ നടപടികളിലേയ്ക്ക് പോയിട്ടുള്ളത്. TS എസ്റ്റിമേറ്റുകളുടെ General Abstract അനുബന്ധമായി ചേർക്കുന്നു.+

(സി) കൊച്ചി നഗരത്തിലെ ജലവിതരണം സ്വകാര്യ കമ്പനിയെ ഏല്പിക്കുമ്പോൾ നിലവിൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്ന വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ പുനർവിന്യാസം ഏത് രീതിയിൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

ടി പദ്ധതിയിൽ കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖലയുടെയും അനുബന്ധ ഘടകങ്ങളുടെയും നവീകരണവും പരിപാലനവും കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ ദർഘാസ് ലഭിക്കുന്ന കരാറുകാരൻവഴി നടപ്പാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ മേൽനോട്ടത്തിലും അംഗീകാരത്തോടെയുമാണ് പ്രവൃത്തികൾ നടപ്പിലാക്കുക. പ്രസ്തുത പദ്ധതിയുടെ ദർഘാസിന് സർക്കാരിന്റെ അംഗീകാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടില്ലാത്തതിനാൽ കേരള വാട്ടർ അതോറിറ്റി ജീവനക്കാരെ പുനർവിന്യസിക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടില്ല.

താന്നിക്കോട് മല കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി

208(4705) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ താന്നിക്കോട് മല കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പ്രവൃത്തിയുടെ ഭാഗമായി 224 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കാനുള്ളതിൽ 140 കിലോമീറ്റർ സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഭൂമിയേറ്റെടുക്കലിന് ഏതൊക്കെ ഗ്രാമപഞ്ചായത്തുകളാണ് തുക നൽകിയിട്ടുള്ളത്; ഏതൊക്കെ ഗ്രാമപഞ്ചായത്തുകളാണ് തുക ലഭ്യമാക്കാൻ ബാക്കിയുള്ളത്; വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ ജലസംഭരണി സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി ചാത്തമംഗലം ഗ്രാമപഞ്ചായത്ത് ആരംഭിച്ച

അക്കൗണ്ടിലേയ്ക്ക് ചാത്തമംഗലം, ഉണ്ണികുളം, മടവൂർ, കിഴക്കോത്ത്, കോടഞ്ചേരി എന്നീ പഞ്ചായത്തുകൾ വിഹിതം ലഭ്യമാക്കിയിട്ടുണ്ട്. താമരശ്ശേരി, പുതുപ്പാടി, കട്ടിപ്പാറ എന്നീ ഗ്രാമപഞ്ചായത്തുകൾ തുക വകയിരുത്തിയിട്ടില്ല.

(സി) പണം നൽകുന്നതിൽ ഏതെങ്കിലും തദ്ദേശസ്ഥാപനം വിമുഖത പ്രകടിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

താമരശ്ശേരി, പുതുപ്പാടി, കട്ടിപ്പാറ എന്നീ ഗ്രാമപഞ്ചായത്തുകളിലെ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണം നടന്നുവരുന്നു. ആയത് പൂർത്തീകരിച്ചാൽ മാത്രമെ പണം നൽകുകയുള്ളുവെന്ന് ഈ പഞ്ചായത്തുകൾ അറിയിച്ചിട്ടുണ്ട്.

ആലുവ മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

209(4706) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയുടെ ഭാഗമായി ആലുവ മണ്ഡലത്തിൽ കുഴിച്ച ഏതെല്ലാം റോഡുകൾ പൂർവസ്ഥിതിയിലാക്കാനുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

കീഴ്മാട് പഞ്ചായത്തിൽ ചാലക്കൽ തടിയിട്ടപറമ്പ്, കുട്ടമശ്ശേരി, ചുണങ്ങംവേലി എന്നീ റോഡുകൾ പൂർവസ്ഥിതിയിലാക്കാനുണ്ട്. എടത്തല

പഞ്ചായത്തിൽ കൊച്ചിൻ ബാങ്ക് മണലിമുക്ക് റോഡിന്റെ കുറച്ചുഭാഗവും മുതിരക്കാട്ട് മുഗൾ തൈയ്ക്കാവ് റോഡ്, എവർഗ്രീൻ റോഡ് എന്നിവയും പൂർവസ്ഥിതിയിലാക്കാനുണ്ട്.

(ബി) റോഡുകൾ പൂർവസ്ഥിതിയിലാക്കിയതിന് കരാറുകാർക്ക് എത്ര തുകയാണ് കുടിശ്ശികയായി നൽകാനുള്ളതെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

കീഴ്മാട് പഞ്ചായത്തിൽ 76,88,259/- രൂപയും എടത്തല പഞ്ചായത്തിൽ 2,62,476/- രൂപയും റോഡുകൾ പൂർവസ്ഥിതിയിലാക്കിയതിന് കരാറുകാർക്ക് കുടിശ്ശികയായി നൽകാനുണ്ട്.

(സി) പ്രസ്തുത കുടിശ്ശിക കൊടുത്തുതീർക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. പദ്ധതിയുടെ കുടിശ്ശികകൾ സംസ്ഥാനതലത്തിലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണ് വിതരണം ചെയ്യുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സീനിയോറിറ്റി ലിസ്റ്റ് ആസ്പദമാക്കി ജൽജീവൻ മിഷനിലെ കുടിശ്ശികകൾ തീർപ്പാക്കുന്നതാണ്.

ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി

210(4707) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിക്കായി കിഫ്ബി ധനസഹായത്തോടെ ജല ശുദ്ധീകരണശാല, ജല സംഭരണി, പ്രധാന പൈപ്പ്ലൈൻ എന്നീ പ്രധാന ഘടകങ്ങൾ പൂർത്തിയായിട്ടുണ്ട്. പദ്ധതി കമ്മീഷൻ ചെയ്യുന്നതിനായി റോ വാട്ടർ പമ്പ് ഹൗസിൽ പുതുക്കിയ കെ.എസ്.ഇ.ബി. കണക്ഷൻ ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ നിലവിലെ വൈദ്യുതി കുടിശ്ശിക അടവാക്കാത്തതിനാൽ കെ.എസ്.ഇ.ബി. കണക്ഷൻ ലഭിച്ചിട്ടില്ല. കണക്ഷൻ ലഭിക്കുന്നമുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്.

(ബി) പദ്ധതിയുടെ ഭാഗമായി ഇരിമ്പിളിയം പഞ്ചായത്തിൽ രണ്ടാംഘട്ട പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ?

കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഇരിമ്പിളിയം പഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടാംഘട്ടമായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി 529 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൻപ്രകാരം 2 പാക്കേജുകളാക്കി ക്രമീകരിച്ച് പ്രവൃത്തി നടന്നുവരുന്നു. നിലവിൽ ആകെ 80% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) എടയൂർ പഞ്ചായത്തിലെ താണിയപ്പൻകുന്ന് പ്രദേശത്ത് ജൽജീവൻ മിഷന്റെ ഭാഗമായി കഞ്ഞിപ്പുര-കാടാമ്പുഴ-വട്ടപ്പറമ്പ് റോഡിലും കഞ്ഞിപ്പുര-കൂടാരമടം-പള്ളിക്കണ്ടം റോഡിലും പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ തൽസ്ഥിതി അറിയിക്കുമോ; പ്രസ്തുത റോഡുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനായുള്ള ബാങ്ക് ഗ്യാരണ്ടി തുക പി.ഡബ്ല്യു.ഡി-ക്ക് അടവാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി എടയൂർ പഞ്ചായത്തിലെ താണിയപ്പൻകുന്ന് പ്രദേശത്ത് ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ കഞ്ഞിപ്പുര-കാടാമ്പുഴ-വട്ടപ്പറമ്പ് റോഡിലും കഞ്ഞിപ്പുര-കൂടാരമടം-പള്ളിക്കണ്ടം റോഡിലും പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി 16,400

രൂപയുടെയും 2,28,000/- രൂപയുടെയും രണ്ട് ബാങ്ക് ഗ്യാരണ്ടികൾ പൊതുമരാമത്ത് വകുപ്പ് അധികാരികൾക്ക് കൈമാറിയിട്ടുണ്ട്. റോഡ് കട്ടിങ് അനുമതി ലഭ്യമായിട്ടില്ല.

കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

211(4708) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ഉപ്പുവെള്ളം കയറിയ സാഹചര്യത്തിലും കുടിവെള്ള ലഭ്യത കുറഞ്ഞ സാഹചര്യത്തിലും ബുദ്ധിമുട്ടുന്ന കുട്ടനാടൻ ജനതയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് നിയോജകമണ്ഡലത്തിലെ 13 പഞ്ചായത്തുകളിൽ കാവാലം, പുളിങ്കുന്ന് ഒഴികെയുള്ള പഞ്ചായത്തുകളിൽ നിലവിലുള്ള കുടിവെള്ള പദ്ധതികൾ മുഖേന കുടിവെള്ള കണക്ഷനുകളിൽ ജലവിതരണം സാധ്യമാക്കുന്നുണ്ട്. കുടിവെള്ള കണക്ഷനുകൾ ഇല്ലാത്ത മേഖലകളിലേയ്ക്ക് പഞ്ചായത്തുകൾക്ക് ടാങ്കർ സപ്ലൈ നടത്തുന്നതിനാവശ്യമായ വെൻഡിങ് പോയിന്റുകൾ പള്ളാത്തുരുത്തി ട്യൂബ് വെൽ പമ്പ്ഹൗസ്, കിടങ്ങറ (OHSR) ഓഫീസ്, നീരേറ്റുപുറം ജലശുദ്ധീകരണശാല എന്നിവിടങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഈ വെൻഡിങ് പോയിന്റുകളിൽനിന്നും പഞ്ചായത്തുകൾക്ക് ജലം ശേഖരിച്ച് വിതരണം

ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കുവേണ്ടി കിഫ്ബി ധനസഹായത്തോടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി 9 പാക്കേജുകളായി നടപ്പാക്കിവരുന്നു. കൂടാതെ ജൽജീവൻ മിഷൻ പ്രവൃത്തികളിൽ ഉൾപ്പടുത്തി കുട്ടനാട് താലൂക്കിലെ വിവിധ പഞ്ചായത്തുകളിൽ വാട്ടർ കണക്ഷൻ നൽകുന്ന പ്രവൃത്തികളും നടന്നുവരുന്നു. കിഫ്ബി പദ്ധതിയുടെ പൂർത്തീകരണത്തോടുകൂടി മാത്രമെ ജൽജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) കുട്ടനാടിന്റെ വിവിധ മേഖലകളിൽ കുടിവെള്ളം എത്തിക്കുന്നതിന് കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക ടീമിനെ സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

വാട്ടർ കിയോസ്കുകൾ സ്ഥാപിക്കൽ, ടാങ്കർ വാട്ടർ സപ്ലൈ, താത്കാലിക തടയണകളുടെ നിർമ്മാണം പോലുള്ള പ്രവൃത്തികൾ വരൾച്ച ലഘൂകരണത്തിനുവേണ്ടി സ്വീകരിക്കാറുണ്ട്. ജില്ലാ അധികാരി, ജില്ലാ ജലശുചിത്വ മിഷൻ ചെയർമാൻ, ദുരന്ത നിവാരണ അതോറിറ്റി എന്നീ നിലകളിൽ

കളക്ടറുമായി സംയോജിച്ചാണ് ടി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്. നിലവിൽ കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക ടീമിനെ സജ്ജമാക്കിയിട്ടില്ല. ആവശ്യമെന്നുകാണുന്ന പക്ഷം ആയത് പരിശോധിക്കാവുന്നതാണ്.

തീരദേശ മേഖലകളിൽ ജപ്പാൻ കുടിവെള്ളം ലഭിക്കുന്നതിന് നടപടി

212(4709) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തിയ തോട്, തുറവൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ തീരദേശ മേഖലകളിൽ ജപ്പാൻ കുടിവെള്ളം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉദ്യോഗസ്ഥരുടെ അലംഭാവംമൂലം നിരന്തരമായി തീരദേശ മേഖലകളിൽ കുടിവെള്ളം ലഭിക്കാതിരിക്കുന്ന വിഷയത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ചേർത്തല താലൂക്കിൽ കുത്തിയതോട്, തുറവൂർ എന്നീ പഞ്ചായത്തുകൾ ഒഴികെ ബാക്കി എല്ലാ പഞ്ചായത്തുകൾക്കും പ്രത്യേകമായി ഉന്നതതല ജല സംഭരണിയുണ്ട്. എന്നാൽ കുത്തിയതോടിനും തുറവൂരിനുംകൂടി ചേർത്ത് ഒരു ഉന്നതതല ജല സംഭരണി മാത്രമാണുള്ളത്. അതിനാൽതന്നെ കുത്തിയതോട് പഞ്ചായത്തിൽ തുടർച്ചയായ ജലവിതരണം സാധ്യമാകുന്നില്ല. തൻമൂലം

കുത്തിയതോട് പഞ്ചായത്തിന്റെ വാലറ്റപ്രദേശമായ ഒന്നാം വാർഡിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. നിലവിൽ ലൈൻ വാൽവുകൾ ക്രമീകരിച്ചാണ് ഇവിടേയ്ക്ക് വെള്ളം എത്തിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ കുറച്ചു ദിവസമായി കുടിവെള്ള ക്ഷാമം രൂക്ഷമായതിനെത്തുടർന്ന് ദിവസങ്ങളോളം നടത്തിയ വിശദമായ പരിശോധനയിൽ ഒന്നാം വാർഡിലേയ്ക്കുള്ള റോഡിൽ ഒരു കലുങ്കിനടിയിലുണ്ടായ ലീക്ക് കണ്ടെത്തുകയും ഉടൻതന്നെ അത് പരിഹരിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

വെള്ളക്കര കുടിശ്ശിക

213(4710) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-നുശേഷം എത്ര തവണ വെള്ളക്കരം വർധിപ്പിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്; ഓരോ തവണയും എത്ര രൂപ വീതമാണ് വർധിപ്പിച്ചത്; ഇതുവഴി ഓരോ തവണയും എത്ര തുക അധികമായി ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2016-നുശേഷം നാളിതുവരെ ആകെ 3 തവണ വാട്ടർ ചാർജ് വർധിപ്പിച്ചിട്ടുണ്ട്. അവ താഴെ പറയും പ്രകാരമാണ്:

- 10-02-2021-ലെ G.O.(MS)No. 9/2021/WRD ഉത്തരവ് പ്രകാരം 01-04-2021 മുതൽ 5 ശതമാനം വാട്ടർ ചാർജ് വർധിപ്പിച്ചിട്ടുണ്ട്.

- 10-02-2021-ലെ G.O.(MS)No. 9/2021/WRD ഉത്തരവ് പ്രകാരം 01-04-2022 മുതൽ 5 ശതമാനം വാട്ടർ ചാർജ് വർധിപ്പിച്ചിട്ടുണ്ട്.

- 03-02-2023-ലെ G.O.(MS)No. 11/2023/WRD ഉത്തരവ് പ്രകാരം 2023-ൽ പൊതുടാപ്പുകൾ ഉൾപ്പെടെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ലിറ്ററിന് ഒരു പൈസ വീതവും വാട്ടർ ചാർജ് വർധനവ് വരുത്തിയിട്ടുണ്ട്.

നിരക്ക് വർധനവിലൂടെ ഓരോ തവണയും സമാഹരിക്കാൻ കഴിഞ്ഞ അധിക വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. (നിരക്ക് വർദ്ധനവിന് ശേഷം ഉപഭോക്താക്കളുടെ എണ്ണത്തിൽ വന്ന വ്യതിയാനം ഉൾപ്പെടെ)

സാമ്പത്തിക വർഷം	ഡിമാൻഡ് (എൽ. എസ്.ജി.ഡി. ഉൾപ്പെടെ) (കോടിയിൽ)	വ്യത്യാസം (കോടിയിൽ)
2021-22	694.30	
2022-23	784.47	2022 ഏപ്രിലിലെ നിരക്ക് വർധനവിലൂടെ ഡിമാൻഡിൽ 90.17 കോടി രൂപയുടെ വർധനവുണ്ടായി.
2023-24	1434.45	2023 ഫെബ്രുവരിയിലെ നിരക്ക് വർധനവിലൂടെ ഡിമാൻഡിൽ 649.98 കോടി രൂപയുടെ വർധനവുണ്ടായി.
2024-25		2023 ഫെബ്രുവരിയിലെ നിരക്ക് വർധനവിനുശേഷം വാട്ടർ ചാർജ് വർധിപ്പിച്ചിട്ടില്ലാത്തതിനാൽ വാട്ടർ ചാർജ് വർധനവ് കാരണം

		ഡിമാൻഡിൽ വർധനവുണ്ടായിട്ടില്ല.

(ബി) സംസ്ഥാനത്ത് എത്ര രൂപയുടെ വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്; വൻ തുക കുടിശ്ശിക വരുത്തിയ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ കമ്പനികൾ എന്നിവയുടെ വിശദാംശം കുടിശ്ശിക തുക ഉൾപ്പടെ ലഭ്യമാക്കുമോ?

2025 ജനുവരി മാസത്തിലെ ഡി.സി.ബി. പ്രകാരം സംസ്ഥാനത്ത് 1908.33 കോടി രൂപ വാട്ടർ ചാർജ് ഇനത്തിൽ പിരിച്ചെടുക്കാനുണ്ട്.

വൻ തുക കുടിശ്ശിക വരുത്തിയ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ കമ്പനികൾ എന്നിവയുടെ വിശദാംശങ്ങൾ (കുടിശ്ശിക തുക ഉൾപ്പടെ) അനുബന്ധമായി ചേർക്കുന്നു.+

(സി) കുടിശ്ശിക ഒടുക്കാത്തതിന്റെ പേരിൽ ഏതെങ്കിലും സർക്കാർ വകുപ്പുകളുടെയോ പൊതുമേഖലാ സ്ഥാപനങ്ങളുടെയോ സ്വകാര്യ കമ്പനികളുടെയോ കണക്ഷൻ കട്ട് ചെയ്തിട്ടുള്ള കേസുകൾ ഉണ്ടോ; എങ്കിൽ ഒരു വർഷത്തിനിടയിലുള്ള ഇത്തരം കേസുകളുടെ വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുടിശ്ശിക അടക്കാത്തതിന്റെ പേരിൽ വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ കമ്പനികൾ എന്നിവയുടെ കണക്ഷനുകൾ വിച്ഛേദിച്ചിട്ടുണ്ട്. അത്തരത്തിൽ കഴിഞ്ഞ ഒരു വർഷക്കാലയളവിനുള്ളിൽ വിച്ഛേദിച്ചിട്ടുള്ള 1646 (പതിനായിരം രൂപയ്ക്ക് മേൽ കുടിശ്ശികയുള്ളത്) കണക്ഷനുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

തീരദേശ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി

214(4711) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പല പദ്ധതികളും കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

തീരദേശ മേഖലകളിൽ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ മേഖല ചീഫ് എഞ്ചിനീയർമാരുടെയും വിശദമായ റിപ്പോർട്ട് അനുസരിച്ച് കാലതാമസം നേരിടുന്ന പദ്ധതികളുടെ വിവരണങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്.

മട്ടന്നൂർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ

215(4712) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) മട്ടന്നൂർ മണ്ഡലത്തിലെ കിഫ്ബി മുഖേന നടന്നുവരുന്ന കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടന്നുവരുന്ന കുടിവെള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു.+

ഉടുമ്പൻചോല മണ്ഡലത്തിലെ ജൽജീവൻ മിഷൻ

216(4713) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലെ ജൽജീവൻ മിഷൻ പദ്ധതികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

(ബി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ പഞ്ചായത്ത് തിരിച്ച് വിശദാംശം നൽകാമോ?

പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് താഴെപ്പറയുന്ന തടസ്സങ്ങൾ നേരിടുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കരുണാപുരം പഞ്ചായത്തിലെ കാറ്റാടിപ്പാടത്തിന് സമീപം കുരിശുമല ഭാഗത്ത് ബ്രേക്ക് പ്രഷർ ടാങ്ക് പണിയുന്നതിന് 2 സെന്റ് സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല.

ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ രാജാക്കാട്, രാജകുമാരി, സേനാപതി എന്നീ പഞ്ചായത്തുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ബൈസൺവാലി പഞ്ചായത്തിലെ തേക്കുംകാനത്ത് ടാങ്ക് നിർമ്മിക്കുന്നതിനാവശ്യമായ 15 സെന്റ് സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭ്യമായെങ്കിൽ മാത്രമെ ടാങ്ക് നിർമ്മാണം പൂർത്തിയാക്കി മേൽപഞ്ചായത്തുകളിലെ കുടിവെള്ള വിതരണ പദ്ധതികൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

ബൈസൺവാലി പഞ്ചായത്തിലെതന്നെ ജോസ് ഗിരിയിൽ ടാങ്ക് നിർമ്മിക്കുന്നതിനാവശ്യമായ 5.5 സെന്റ് സ്ഥലം ബൈസൺവാലി ഗ്രാമപഞ്ചായത്ത് വിട്ടുനൽകാമെന്ന് പഞ്ചായത്ത് റെസല്യൂഷൻ പാസാക്കി തന്നിട്ടുള്ളതാണ്. ടി സ്ഥലത്ത് എത്തുന്നതിനുള്ള വഴി സ്വകാര്യവ്യക്തിയുടെ പട്ടയഭൂമിയിൽക്കൂടിയായതിനാൽ ടി വിഷയത്തിൽ പഞ്ചായത്ത് ഇടപെട്ട് തീരുമാനത്തിലെത്തേണ്ടതുണ്ട്.

രാജാക്കാട്-രാജകുമാരി എന്നീ പഞ്ചായത്തുകളിലെ വിവിധ റോഡുകളിലൂടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി KRFB, KSTP തുടങ്ങിയ ഏജൻസികളിൽനിന്നും ലഭിക്കേണ്ടതുണ്ട്.

ദേശീയപാതയായ NH-85 കൊച്ചി-ധനുഷ്കോടി റോഡിലൂടെ ശാന്തൻപാറ, രാജകുമാരി, സേനാപതി പഞ്ചായത്തുകളിൽ ശുദ്ധജലം എത്തിക്കുന്നതിനായി ബോഡിമെട്ട് വ്യൂ പോയിന്റ് മുതൽ ആനയിറങ്കൽ ബോട്ടിങ് കേന്ദ്രം (119/635 to 136/135) വരെ 17 Km പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി NHAI-യിൽനിന്നും ലഭിക്കേണ്ടതായിട്ടുണ്ട്.

(സി) ഉടുമ്പൻചോല മണ്ഡലത്തിൽ ജൽജീവൻ പദ്ധതി പ്രകാരം നാളിതുവരെ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ച് വിശദാംശം നൽകാമോ?

ജൽജീവൻ മിഷൻ പദ്ധതി പ്രകാരം ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ നല്കിയ കുടിവെള്ള കണക്ഷനുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഉടുമ്പൻചോല മണ്ഡലത്തിലെ ജൽജീവൻ പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരണ തീയതി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ കാലാവധി കേന്ദ്ര സർക്കാർ 2028 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സമയപരിധിക്കുള്ളിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

ജൽജീവൻ മിഷന്റെ പ്രവർത്തനം

217(4714) ശ്രീ. പി. മമ്മിക്കുട്ടി:

ശ്രീ. പി. നന്ദകുമാർ:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ മുഖേന നിലവിൽ എത്ര ശതമാനം ഗ്രാമീണ കുടുംബങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ജൽജീവൻ മിഷൻ ആരംഭിക്കുന്നതിനുമുൻപ് 01-04-2020-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 17.50 ലക്ഷം വീടുകളിലാണ് കുടിവെള്ള കണക്ഷൻ ഉണ്ടായിരുന്നത് (25.06%). ജൽജീവൻ പദ്ധതിയിലൂടെ 54.45 ലക്ഷം കണക്ഷൻ നൽകാനായി ഭരണാനുമതി നൽകിയതിൽ 20.87 ലക്ഷം കണക്ഷനുകൾ നൽകി. ഇത് ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ കണക്ഷനുകളുടെ 38.33 ശതമാനം വരും. നിലവിൽ സംസ്ഥാനത്ത്

ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.37 ലക്ഷംവീടുകളിൽ കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട് (55%).

(ബി) ഏതൊക്കെ നിയമസഭാ മണ്ഡലങ്ങളിലും പഞ്ചായത്തുകളിലും ഗ്രാമീണ കണക്ഷനുകളുടെ കവറേജ് നൂറ് ശതമാനമെന്ന ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ?

100% കവറേജ് കൈവരിച്ചിട്ടുള്ള നിയമസഭാ മണ്ഡലങ്ങളുടെയും പഞ്ചായത്തുകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

തുമ്പത്തടം കിണർ നിർമ്മാണം

218(4715) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയുടെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ ജലസ്രോതസ്സായി കണ്ടെത്തിയ തുമ്പത്തടം കിണർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

പദ്ധതിയുടെ കിണർ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പമ്പ് സെറ്റ് പ്രവർത്തിപ്പിക്കാനാവശ്യമായ വൈദ്യുതി കണക്ഷനുവേണ്ടി 14-10-2024-ന് കെ.എസ്.ഇ.ബി.-ക്ക് പണം ഒടുക്കിയിട്ടുണ്ട്. കിണറിലേയ്ക്ക് ജലലഭ്യത ഉറപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരുത്തുവാനാവശ്യമായ തടയണയുടെ ഡിസൈൻ അംഗീകരിക്കുന്നതിനുവേണ്ടി മണ്ണ് പരിശോധന നടത്തുവാൻ ജലസേചന വകുപ്പിന് കത്ത് നൽകി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഐ.ഡി.ആർ.ബി. മണ്ണ് പരിശോധന നടത്തുന്നതിനായി സൈറ്റ് ഇൻസ്പെക്ഷൻ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) പദ്ധതി തുടങ്ങാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

പദ്ധതിയുടെ തടയണയുടെ ഡിസൈനിൽ ഭേദഗതികൾ ആവശ്യമായതുകൊണ്ടാണ് കാലതാമസം നേരിട്ടത്.

(സി) നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മണ്ണ് പരിശോധന നടത്തി ഡിസൈൻ അംഗീകാരം ലഭ്യമാക്കി എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ നൂതന പദ്ധതികൾ

219(4716) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ നൂതനമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

പരമ്പരാഗത ജലശുദ്ധീകരണ പ്രക്രിയകളിൽനിന്നും വ്യത്യസ്തമായി പ്ലേറ്റ് സെറ്റ്ലർ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ജലശുദ്ധീകരണശാലകൾ ജലജീവൻ മിഷൻ പദ്ധതിവഴി നടപ്പിലാക്കുന്നുണ്ട്. പുതുതായി നിർമ്മിക്കുന്ന ഭൂരിഭാഗം ജലശുദ്ധീകരണശാലകളും പൂർണ്ണമായും SCADA (സൂപ്പർവൈസറി കൺട്രോൾ ആൻഡ് ഡാറ്റാ അക്വിസിഷൻ) സാങ്കേതികവിദ്യയിലാണ് പ്രവർത്തനസജ്ജമാക്കുന്നത്. ഇതുകൂടാതെ ശുദ്ധജലത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിനായി ഇലക്ട്രോ മാഗ്നെറ്റിക് മീറ്ററുകൾ അടക്കമുള്ള നൂതന ഉപകരണങ്ങൾ വിതരണ ശൃംഖലകളിലും പമ്പിങ് ട്രാൻസ്മിഷൻ പൈപ്പുകളിലും സ്ഥാപിക്കാനുള്ള നടപടികൾ പ്രവൃത്തികളുടെ ഭാഗമായി ഉൾക്കൊള്ളിക്കുന്നുണ്ട്. പ്രധാനപ്പെട്ട റോഡുകളിൽ ചെറിയ വ്യാസമുള്ള പൈപ്പ്ലൈനുകൾ സ്ഥാപിക്കുമ്പോൾ റോഡിന് സാരമായി കേടുപാടുകൾ സംഭവിക്കാതിരിക്കാനായി നവസാങ്കേതികവിദ്യയായ HDD (ഹൊറിസോണ്ടൽ ഡയറക്ഷൻ ഡ്രില്ലിങ്) അടക്കമുള്ളവ ഉപയോഗപ്പെടുത്തിവരുന്നു. ജല വിതരണത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന

പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ തിരഞ്ഞെടുക്കപ്പെട്ട ശുദ്ധീകരണശാലകളിലും പരിസരപ്രദേശങ്ങളിലും സുരക്ഷ ഉറപ്പാക്കുന്നതിനായി സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ശബരിമല തീർഥാടകർക്ക് ആവശ്യമായ കുടിവെള്ളം എത്തിക്കുവാൻ വാട്ടർ അതോറിറ്റി നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

ME 1200 മണ്ഡല മകരവിളക്ക് സീസണിൽ പമ്പ-ശബരിമല ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.

ശബരിമല അയ്യപ്പ ഭക്തർക്ക് ശുദ്ധജല വിതരണം നടത്തുവാൻ കേരള വാട്ടർ അതോറിറ്റിയുടെ 13 MLD ഉത്പാദനശേഷിയുള്ള കുടിവെള്ള പദ്ധതി ശബരിമലയിൽ പ്രവർത്തിച്ചു. പമ്പ ത്രിവേണിയിൽ സ്ഥിതിചെയ്യുന്ന ഇൻടെയ്ക്ക് പമ്പ് ഹൗസിൽനിന്നും പ്രഷർഫിൽട്ടർവഴി ശുദ്ധീകരിച്ച് ജലം പമ്പയിൽ സ്ഥിതിചെയ്യുന്ന ഭൂതല സംഭരണിയിൽ ശേഖരിച്ച് ക്ലോറിനേഷൻ നടത്തി പമ്പാമേഖലയിലും നീലിമലബോട്ടം പമ്പ് ഹൗസിലും തുടർന്ന് നീലിമലടോപ്പ് പമ്പ് ഹൗസ്, അപ്പാച്ചിമേട് പമ്പ് ഹൗസ് വഴി ശരംകുത്തി സംഭരണിയിലും

സന്നിധാനം ദേവസ്വം സംഭരണികളിലേയ്ക്കും ശേഖരിച്ച് സന്നിധാനത്തും കാനനപാതയിലും ജലവിതരണം ക്രമീകരിച്ചു.

പമ്പ മുതൽ ശരംകുത്തി വരെ 8 സംഭരണികളിലായി ഏകദേശം 68 ലക്ഷം ലിറ്റർ ജലം സംഭരിച്ച് വിതരണം നടത്തി. ശബരിമല, പാണ്ടിത്താവളം എന്നിവിടങ്ങളിൽ 1.90 MLD ജലം ട്രാവൻകൂർ ദേവസ്വം ബോർഡ് 7 ടാങ്കുകളിലായി സംഭരിച്ച് വിതരണം നടത്തി.

പമ്പ മുതൽ സന്നിധാനം വരെ താൽകാലിക ടാപ്പുകൾ സ്ഥാപിക്കുകയും ദേവസ്വം ബോർഡിന്റെ കിയോസ്കുകളിലേയ്ക്കും ശൗചാലയങ്ങളിലേയ്ക്കും മറ്റ് എല്ലാ സർക്കാർ, അർധ സർക്കാർ, ദേവസ്വം ബോർഡ് സ്ഥാപനങ്ങളിലേയ്ക്കും കേരളാവാട്ടർ അതോറിറ്റി ശുദ്ധജലം എത്തിച്ചു. സമാന്തരപാതയായ സ്വാമി അയ്യപ്പൻ റോഡിൽ ശുദ്ധജല വിതരണത്തിന് വിതരണക്കുഴലുകൾ സ്ഥാപിച്ച് ചരൽമേട് അഞ്ചാം വളവ് വരെയും ദേവസ്വം ബോർഡ് സ്ഥാപിച്ച ഇ-ടോയ്ലറ്റ്, കിയോസ്ക്, പൊതുടാപ്പുകൾ എന്നിവയിലും ആവശ്യാനുസരണം ജല വിതരണം നടത്തി.

ശബരിമല തീർഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ശബരിമലയിൽ കേരള ജല അതോറിറ്റി റിവേഴ്സ് ഓസ്മോസിസ്

പ്ലാൻറുകൾ സ്ഥാപിച്ച് ശുദ്ധീകരിച്ച് കിയോസ്കുകളിലൂടെ ജലം വിതരണം നടത്തി. മണിക്കൂറിൽ 35000 ലിറ്റർ ശുദ്ധജലം ഈ പ്ലാന്റുകൾവഴി വിതരണം ചെയ്യുന്നതിന് സാധിക്കുന്നതാണ്. ടി പ്ലാന്റുകളിൽനിന്നും പൈപ്പുകൾ സ്ഥാപിച്ച് 106 കിയോസ്കുകളിൽ 270 ടാപ്പുകൾവഴി തീർഥാടകർക്ക് കുടിവെള്ളം വിതരണം നടത്തി.

RO പ്ലാന്റുകളിൽനിന്നും ലഭിക്കുന്ന ജലത്തെ ചൂട്/തണുപ്പ്/സാധാരണ എന്നീ മൂന്ന് അവസ്ഥകളിൽ വിതരണം നടത്തുവാൻ സാധിക്കുന്ന 3 ഹോട്ട്/കോൾഡ്/നോർമൽ വാട്ടർ കിയോസ്കുകൾ തയ്യാറാക്കിയിരുന്നു.

നിലയ്ക്കൽ ബേസ് ക്യാമ്പിൽ കേരള വാട്ടർ അതോറിറ്റിയുടെ 1000 lph ശേഷിയുള്ള മൂന്ന് RO പ്ലാൻറുകൾക്കുപുറമെ ടാറ്റ കൺസൾട്ടൻസി സ്ഥാപിച്ച 1000 lph ശേഷിയുള്ള ഇരുപത്തി അഞ്ച് RO പ്ലാൻറുകളിൽനിന്നുള്ള ജലം വിതരണം നടത്തുന്നതിന് ഏകദേശം 20 km നീളത്തിൽ PVC പൈപ്പുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തിയിരുന്നു.

നിലവിൽ നിലയ്ക്കലിൽ ജലവിതരണ പദ്ധതി പ്രാവർത്തികമായിട്ടില്ലാത്തതിനാൽ ദേവസ്വം ബോർഡിന്റെ ആവശ്യാനുസരണം പമ്പയിൽനിന്നും ടാങ്കർ ലോറിയിൽ നിലയ്ക്കലിൽ കുടിവെള്ളം എത്തിച്ചുനൽകി.

നിലയ്ക്കലിൽ 65 ലക്ഷം ലിറ്റർ ജലം സംഭരിക്കുന്നതിനായി ദേവസ്വം ബോർഡിന്റെ 40 ലക്ഷം ലിറ്റർ ടാങ്കിന് പുറമെ, കേരള വാട്ടർ അതോറിറ്റി 5 ലക്ഷത്തിന്റെ 3 സ്റ്റീൽ ടാങ്കുകളും 5000 ലിറ്ററിന്റെ 215 HDPE ടാങ്കുകളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. പെരുനാട് പഞ്ചായത്തിലെ വിവിധ ഇടത്താവളങ്ങളിൽ പഞ്ചായത്ത് നിർദേശിക്കുന്ന പ്രകാരം കുടിവെള്ളമെത്തിക്കുന്ന പ്രവൃത്തിയും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയിരുന്നു. ഇടത്താവളമായ പന്തളം, റാന്നി, വടശ്ശേരിക്കര തുടങ്ങിയ സ്ഥലങ്ങളിൽ സുഗമമായ കുടിവെള്ള വിതരണം നടപ്പാക്കിവരുന്നു. കൂടാതെ ശബരിമല തീർഥാടകർക്ക് ആവശ്യമായ കുടിവെള്ളം ഇടത്താവളങ്ങളായ വൈക്കം മഹാദേവ ക്ഷേത്രത്തിലും കടുത്തുരുത്തി തളിയിൽ മഹാദേവ ക്ഷേത്രത്തിലും കണക്ഷൻവഴിയും കോട്ടയം തിരുനക്കര മഹാദേവ ക്ഷേത്രത്തിൽ 5000 L ടാങ്ക് വച്ച് 6 ടാപ്പുകൾവഴിയും ഏറ്റുമാനൂർ മഹാദേവ ക്ഷേത്രത്തിൽ നിലവിലുള്ള 5000 L-ന്റെ 2 ടാങ്കുകൾവഴിയും മുടക്കം കൂടാതെ കുടിവെള്ളം എത്തിച്ചുനൽകിയിട്ടുണ്ട്.

കൂടാതെ ശബരിമല തീർഥാടകർ ധാരാളം എത്തിച്ചേരുന്ന സ്ഥലങ്ങളിലും ഇടത്താവളങ്ങളിലും വാൽവ് ക്രമീകരണങ്ങളിലൂടെ ജലലഭ്യത ഉറപ്പുവരുത്താറുണ്ട്. കൂടാതെ ചെങ്ങന്നൂർ റെയിൽവെ സ്റ്റേഷൻ, ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി.

ബസ് സ്റ്റാൻഡ്, ശ്രീമഹാദേവ ക്ഷേത്രം ചെങ്ങന്നൂർ, വണ്ടിമല ദേവസ്ഥാനം, ചെങ്ങന്നൂർ മുൻസിപ്പാലിറ്റി വക ഭക്തജനങ്ങൾക്കുവേണ്ടി വിരിവയ്ക്കുന്ന സ്ഥലം എന്നിവിടങ്ങളിൽ താത്കാലിക ടാപ്പുകൾ സ്ഥാപിച്ചും തീർഥാടകർക്ക് ആവശ്യമായ കുടിവെള്ളലഭ്യത ഉറപ്പുവരുത്താറുണ്ട്. കൂടാതെ മകരവിളക്ക് ദിവസവും (14-01-2025), തൊട്ടുമുന്നേയുള്ള ദിവസവും (13-01-2025) പുല്ലുമേട്, പരുന്തുംപാറ, പാഞ്ചാലിമേട് പ്രദേശങ്ങളിൽ 5 പോളി എഥിലീൻ വാട്ടർ ടാങ്കുകൾ വീതം സ്ഥാപിച്ചും തീർഥാടകർക്ക് ആവശ്യമായ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തിയിരുന്നു.

ജലവിതരണം കാര്യക്ഷമമാക്കാൻ പദ്ധതികൾ

220(4717) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കംചെന്ന പൈപ്പുകളും മോട്ടോറുകളും മാറ്റിസ്ഥാപിക്കാത്തതുമൂലം ജലവിതരണത്തിലുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഈ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം?

നിരന്തരം പൈപ്പ് പൊട്ടൽ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും കാലപ്പഴക്കംചെന്ന സിമൻറ് പൈപ്പ്ലൈനുകൾ മാറ്റി ജലവിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനുമായി കിഫ്ബി, അമൃത്, ജൽജീവൻ മിഷൻ,

ഡെപ്പോസിറ്റ്, സ്റ്റേറ്റ് പ്ലാൻ എന്നീ പദ്ധതികളിലുൾപ്പെടുത്തി വിവിധ പ്രവൃത്തികൾ ക്രമീകരിച്ചിട്ടുണ്ട്.

കിഫ്ബി- കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനായി 11 സർക്കിളുകളുടെ കീഴിലായി (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, കൊച്ചി, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) കിഫ്ബിയിൽനിന്നും 430.233 കോടി രൂപയുടെ ഫണ്ടിങ് അനുമതി ലഭിച്ചിട്ടുണ്ട്.

അമൃത് 1.0- പദ്ധതിയിലൂടെ 1376.62 കോടി രൂപയുടെ 206 ജലവിതരണ പദ്ധതികൾക്ക് അനുമതി ലഭിച്ചതിൽ ഏകദേശം 265.9 കോടി രൂപയുടെ പദ്ധതികൾ നവീകരണ പ്രവൃത്തികൾക്ക് വേണ്ടിയുള്ളവയാണ്. ആയതിന്റെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.+

അമൃത് 2.0- പദ്ധതിയുടെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി (SWAP 1 & 2) 1674.80 കോടി രൂപയുടെ 159 കടിവെള്ള വിതരണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾ കേരളത്തിലെ 6 കോർപ്പറേഷനുകളിലും 87 മുനിസിപ്പാലിറ്റികളിലുമായി പുരോഗമിച്ചുവരുന്നുണ്ട്. അതത് ULB-കളിൽ കാലപ്പഴക്കംചെന്ന പൈപ്പ്ലൈനുകളും മറ്റ് അനുബന്ധ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഘടകങ്ങളും മാറ്റുന്ന പ്രവൃത്തിയും, നവീകരിക്കുന്ന പ്രവൃത്തികളും മേൽപ്രവൃത്തികളിൽത്തന്നെ ഉൾപ്പെടുത്തി നടത്തിവരുന്നുണ്ട്.

സ്റ്റേറ്റ് പ്ലാൻ- കാലപ്പഴക്കം ചെന്ന പൈപ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ 360 കോടി രൂപയുടെ 598 പ്രവൃത്തികൾക്ക് അനുമതി ലഭിച്ചു. ഇതിൽ 74.62 കോടി രൂപയുടെ 270 പ്രവൃത്തികൾ പൂർത്തീകരിച്ചു. 121.96 കോടി രൂപയുടെ 119 പ്രവൃത്തികൾ നടന്നുവരുന്നു, ബാക്കി പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

(ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഏതൊക്കെ പദ്ധതികൾ ഇതിനകം കമ്മീഷൻ ചെയ്തുവെന്നും വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പൈപ്പ് മാറ്റിയിടുന്ന പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+ ഇതിനോടകം 51 പൈപ്പ് മാറ്റിയിടുന്ന പ്രവൃത്തികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. അതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃതിൽ ഉൾപ്പെട്ട ജലവിതരണ പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടത്ര വേഗതയില്ലെന്ന ആക്ഷേപം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

അമൃത് 1.0 പദ്ധതിയിലൂടെ 1376.62 കോടി രൂപയുടെ 206 ജലവിതരണ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചു. ഇവയിൽ 1137.14 കോടി രൂപയുടെ 186 ജലവിതരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

അമൃത് 2.0 പദ്ധതിയുടെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി (SWAP 1 & 2) 1674.80 കോടി രൂപയുടെ 159 കുടിവെള്ള വിതരണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു. ഇതിൽ 60 പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് പ്രവൃത്തികൾ പല ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

ഇതുകൂടാതെ മൂന്നാമത്തെ ഘട്ടമായി (SWAP-3) 446.68 കോടി രൂപയുടെ 61 കുടിവെള്ള വിതരണ പ്രവൃത്തികൾക്കുകൂടി 2024 അവസാനത്തിൽ ഭരണാനുമതി നൽകി. ഈ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ ഉദ്യോഗസ്ഥതലത്തിൽ പ്രവൃത്തികളുടെ അവലോകനം നടത്താറുണ്ട്. സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുവാൻ കരാറുകാർക്ക് നിർദ്ദേശം നൽകാറുണ്ട്. മറ്റ് വകുപ്പുകളുടെ അനുമതി ആവശ്യമുള്ള പ്രവൃത്തികളിൽ മറ്റ് വകുപ്പുകളുമായി സംയോജിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കാറുണ്ട്.

ആലത്തൂർ മണ്ഡലത്തിലെ കുടിവെള്ള കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ

221(4718) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കുടിവെള്ള കണക്ഷനുവേണ്ടി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ eTapp പ്രാബല്യത്തിൽ വന്നതുമുതൽ ആകെ 1477 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 1405 എണ്ണം JJM കണക്ഷനും ബാക്കി 72 എണ്ണം eTapp വഴി നൽകിയിട്ടുള്ളതുമാകുന്നു. 2025-ൽ കുഴൽമന്ദം സെക്ഷന് കീഴിൽ തേൻകുറിശ്ശി

പഞ്ചായത്തിൽ 7 എണ്ണം, കുഴൽമന്ദം പഞ്ചായത്തിൽ 39 എണ്ണം എന്നിങ്ങനെയാണ് കുടിവെള്ള കണക്ഷനുവേണ്ടി ലഭിച്ചിട്ടുള്ള അപേക്ഷകൾ.

(ബി) നിലവിലെ അപേക്ഷകളിൽ വാട്ടർ കണക്ഷൻ നൽകുവാൻ സാധിക്കാത്ത അപേക്ഷകളുടെ എണ്ണം എത്രയാണെന്നും അതിന്റെ കാരണം എന്താണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

കിഴക്കഞ്ചേരി പഞ്ചായത്തിൽ 15 എണ്ണം കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ ഇല്ലാത്തതിനാൽ വാട്ടർ കണക്ഷൻ നൽകാൻ കഴിയാത്തവയാണ്. കൂടാതെ 11 അപേക്ഷകൾ അപേക്ഷകർ കണക്ഷൻ തുക അടയ്ക്കാത്തതിനാൽ കണക്ഷൻ നൽകിയിട്ടില്ല.

തേൻകുറിശ്ശി പഞ്ചായത്തിൽ 13 അപേക്ഷകളിലും കുഴൽമന്ദം പഞ്ചായത്തിൽ 2 അപേക്ഷകളിലും കണക്ഷൻ നൽകുവാൻ സാധിച്ചിട്ടില്ല. ഉപഭോക്താക്കൾ വിവിധ കാരണങ്ങളാൽ കണക്ഷൻ തുക അടയ്ക്കാത്തതിനാലാണ് കണക്ഷൻ നൽകാത്തത്.

ജൽജീവൻ പദ്ധതിക്കായി കുഴിയെടുത്ത റോഡുകളുടെ പുനരുദ്ധാരണം

222(4719) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൽജീവൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള എത്ര റോഡുകളിൽ കുഴിയെടുത്തിരുന്നുവെന്ന് ഗ്രാമപഞ്ചായത്ത് തിരിച്ച് വിവരം നൽകുമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി കുഴികൾ എടുത്തിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.+

വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

223(4720) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ കുടിവെള്ള ക്ഷാമം ദിനംപ്രതി രൂക്ഷമായിക്കൊണ്ടിരിക്കുന്നതിന് കാരണം വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളംകുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം, എടവനക്കാട്, കുഴുപ്പിള്ളി, പള്ളിപ്പുറം എന്നീ തീരദേശ പഞ്ചായത്തുകളിൽ ശുദ്ധജലവിതരണം നടത്തുന്നത് ചൊവ്വര, ആലുവ ജലശുദ്ധീകരണ ശാലകളിൽനിന്നുമുള്ള വെള്ളമാണ്. ചൊവ്വര ജലശുദ്ധീകരണശാലയിലും പറവൂർ പമ്പ് ഹൗസിലും വൈദ്യുതി തടസ്സംമൂലമോ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മറ്റ് അറ്റകുറ്റപ്പണികൾക്കായോ പമ്പിങ് നിർത്തുന്നതുമൂലം വെള്ളത്തിന്റെ അളവിലുണ്ടാകുന്ന കുറവ് പ്രസ്തുത പഞ്ചായത്തുകളിലെ വിതരണ ശൃംഖലയുടെ അറ്റത്തുള്ളവർക്ക് ശുദ്ധജലക്ഷാമം ഉണ്ടാകാൻ കാരണമാകുന്നുണ്ട്. കൂടാതെ ആലുവ ജലശുദ്ധീകരണ ശാലയിൽനിന്നും വടുതല പമ്പ് ഹൗസ് മുഖേന വൈപ്പിനിലേയ്ക്ക് പമ്പ് ചെയ്യുന്ന വെള്ളത്തിന്റെ അളവിലുണ്ടാകുന്ന കുറവും ശുദ്ധജലക്ഷാമത്തിന് കാരണമാകുന്നുണ്ട്. നിലവിൽ വൈപ്പിനിൽ വിതരണത്തിനായി അവശ്യംവേണ്ട 42 MLD വെള്ളത്തിൽ ശരാശരി 35.50 MLD വെള്ളമാണ് വിതരണത്തിനായി ലഭിക്കുന്നത്. 6.50 MLD വെള്ളത്തിന്റെ കുറവ് നിലവിലുണ്ട്. കൂടതെ പമ്പിങ് നിർത്തുന്നതുമൂലമുണ്ടാകുന്ന വെള്ളത്തിന്റെ അളവിലുള്ള കുറവും ശുദ്ധജലക്ഷാമം ഉണ്ടാകാൻ കാരണമാകുന്നുണ്ട്. മുപ്പത്തടം ജലശുദ്ധീകരണ ശാലയിൽനിന്നും കടമക്കുടി പഞ്ചായത്തിന് ഏകേദശം 1.5 MLD ജലം വിതരണം ചെയ്യുന്നുണ്ട്. മുളവുകാട് പഞ്ചായത്തിൽ കുടിവെള്ള വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ട്.

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നിലവിൽ നടപ്പിലാക്കിവരുന്നതും നിർദേശിക്കപ്പെട്ടിട്ടുള്ളതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നിലവിൽ നടപ്പിലാക്കിവരുന്നതും നിർദേശിക്കപ്പെട്ടിട്ടുള്ളതുമായ പദ്ധതികളെക്കുറിച്ച് അനുബന്ധമായി ചേർക്കുന്നു.+

(സി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി എറണാകുളം ഗസ്റ്റ് ഹൗസിൽവച്ച് ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിലും വാട്ടർ അതോറിറ്റി മധ്യമേഖല ചീഫ് എഞ്ചിനീയറുടെ സാന്നിധ്യത്തിലും ചേർന്ന വിവിധ യോഗങ്ങളിലെ തീരുമാനപ്രകാരമുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി എറണാകുളം ഗസ്റ്റ് ഹൗസിൽവച്ച് ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിലും വാട്ടർ അതോറിറ്റി മധ്യമേഖല ചീഫ് എഞ്ചിനീയറുടെ സാന്നിധ്യത്തിലും ചേർന്ന വിവിധ യോഗങ്ങളിലെ തീരുമാനപ്രകാരമുള്ള പ്രവൃത്തികളെക്കുറിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

വള്ളിക്കുന്ന് മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

224(4721) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ജൽജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈൻ ഇടുന്നതിന് വള്ളിക്കുന്ന് മണ്ഡലത്തിൽ നിലവിൽ എത്ര റോഡുകൾ പൊളിച്ചിട്ടിരിക്കുകയാണ്; അവയുടെ വിശദാംശങ്ങൾ നൽകാമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വള്ളിക്കുന്ന് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 59 കി.മീറ്റർ റോഡുകളിലൂടെയും 221 കി.മീറ്റർ പഞ്ചായത്ത് റോഡുകളിലൂടെയും പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി കുഴിയെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകൾ റെസ്റ്റോർ ചെയ്യാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ജൽജീവൻ മിഷൻ ഫണ്ടിൽനിന്നും വള്ളിക്കുന്ന്, തേഞ്ഞിപ്പാലം, ചേലേമ്പ്ര പഞ്ചായത്തുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റി മലപ്പുറം പി.എച്ച്. സർക്കിൾ സൂപ്രണ്ടിങ് എഞ്ചിനീയർക്ക് സാമ്പത്തികാനുമതി (FS) നൽകിയിട്ടുണ്ട്.

ചേലേമ്പ്ര – 1054.00 ലക്ഷം രൂപ

വള്ളിക്കുന്ന് – 1189.00 ലക്ഷം രൂപ

തേഞ്ഞിപ്പാലം – 493.40 ലക്ഷം രൂപ

പെരുവള്ളൂർ പഞ്ചായത്തിലെ പൈപ്പ്ലൈൻ സ്ഥാപിക്കാൻ പൊളിച്ച ഭാഗം റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നതിന് (73 കി.മീ. റോഡ്) ജൽജീവൻ മിഷൻ പെരുവള്ളൂർ പാക്കേജ് 2-ൽ ഉൾപ്പെടുത്തി പ്രവൃത്തി ദർഘാസ് ചെയ്തിട്ടുണ്ട്.

പള്ളിക്കൽ പഞ്ചായത്തിലെ ഫേസ് 2-ൽ ഉൾപ്പെടുത്തി പൈപ്പ്ലൈൻ സ്ഥാപിക്കാൻ പൊളിച്ച ഭാഗം (23 കി.മീ.) റോഡ് പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) റെസ്റ്റോറേഷനുവേണ്ടി ലഭിച്ച ഫണ്ടുപയോഗിച്ച് ഗതാഗതയോഗ്യമല്ലാത്ത റോഡിന്റെ ഫുൾ വിഡ്ത്തിൽ റെസ്റ്റോർ ചെയ്യാൻ പാടില്ല എന്ന നിയമം നിലവിലുണ്ടോ?

ജൽജീവൻ മിഷൻ പ്രവൃത്തിക്ക് ലഭിച്ച ഭരണാനുമതി പ്രകാരം പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി പൊളിച്ച ഭാഗം മാത്രം പുനരുദ്ധരിക്കുന്നതിനാണ് ഫണ്ട് ലഭ്യമായിട്ടുള്ളത്.

(ഡി) ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ റെസ്റ്റോറേഷനുവേണ്ടി വകയിരുത്തിയ തുക റോഡുകളുടെ പരിപാലന ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയാൽ പൈപ്പ്ലൈൻ

സ്ഥാപിക്കാൻ പൊളിച്ച ഭാഗം ജൽജീവൻ മിഷൻ ഫണ്ടുപയോഗിച്ചും ശേഷിക്കുന്ന ഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് സംരക്ഷണ ഫണ്ടുപയോഗിച്ചും ഫുൾ വിഡ്ത്തിൽ റെസ്റ്റോർ ചെയ്യുവാൻ സാധിക്കും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനായി ജൽജീവൻ മിഷനിൽ അംഗീകാരം ലഭിച്ച പ്രവൃത്തികൾ KWA കരാർ ചെയ്ത് നടപ്പിലാക്കിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി എടുക്കുന്ന കുഴിയുടെ വീതിയിൽ റോഡുകൾ പുനർനിർമ്മിക്കുന്നതിനുള്ള തുകയ്ക്കാണ് ജൽജീവൻ മിഷനിൽ അനുമതി ലഭിച്ചിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് റോഡ് റെസ്റ്റോറേഷൻ പൈപ്പ്ലൈൻ പ്രവൃത്തിയുടെ ഭാഗമായും അധിക പ്രവൃത്തിയായും പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിർവഹണ ഏജൻസി മുഖേനയും അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും റോഡ് റെസ്റ്റോറേഷൻ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത

റോഡുകളുടെ പുനഃസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കുലർ 08-01-2024-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ജൽജീവൻ മിഷൻ പ്രവൃത്തികളുമായി ബന്ധപ്പെട്ട റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ ജൽജീവൻ മിഷൻ പദ്ധതിയിൽ ലഭിച്ച ഭരണാനുമതി പ്രകാരമുള്ള രീതിയിൽ റെസ്റ്റോറേഷൻ ഗ്രാമപഞ്ചായത്തുകൾ നേരിട്ട് നടപ്പിലാക്കുന്ന സാഹചര്യത്തിൽ പ്രവൃത്തികൾ നടപ്പിലാക്കാനായി കരാറിൽ ഏർപ്പെടുന്ന കരാറുകാരനെ പി.എഫ്.എം.എസ്. പോർട്ടലിൽ വെണ്ടറായി ഉൾപ്പെടുത്തി ബില്ലുകൾ ജൽജീവൻ മിഷന്റെ മാർഗരേഖകൾക്കനുസരിച്ച് നിലവിലെ സീനിയോറിറ്റിയിൽ നൽകാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കുടിവെള്ള പൈപ്പുകളിലെ ചോർച്ച തടയാൻ നടപടി

225(4722) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതി ഉൾപ്പെടെ പൈപ്പിലൂടെയുള്ള കുടിവെള്ള വിതരണം വ്യാപകമായതോടെ പൈപ്പ്ലൈനുകൾ പല സ്ഥലത്തും പൊട്ടിയൊലിച്ച് കുടിവെള്ളം പാഴായി പോകുന്ന സംഭവങ്ങൾ വർധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനും

പൈപ്പുകളിലെ ചോർച്ച വേഗത്തിൽ പരിഹരിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കുടിവെള്ളം പാഴായി പോകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപെട്ടാൽ സമയബന്ധിതമായിത്തന്നെ കുടിവെള്ള വിതരണം പുനഃസ്ഥാപിക്കാറുണ്ട്. നിലവിൽ പ്രിമോ, എ.സി., കാസ്റ്റ് അയൺ, എച്ച്.ഡി.പി.ഇ., പി.വി.സി., ഡി.ഐ. എന്നിങ്ങനെ വിവിധ തരത്തിലുള്ള പൈപ്പുകൾ മുഖേന കേരള വാട്ടർ അതോറിറ്റി ജലവിതരണം നടത്തിവരുന്നു. 90 വർഷം പഴക്കമുള്ളതും പുതുതായി സ്ഥാപിക്കപ്പെട്ടതുമായ പൈപ്പുകൾ വരെ ഇക്കൂട്ടത്തിലുണ്ട്. നിലവിലുള്ള കാലഹരണപ്പെട്ട പൈപ്പ്ലൈനുകളിലാണ് കൂടുതലായും പൊട്ടലുകൾ സംഭവിക്കുന്നത്. കൂടാതെ ജലത്തിന്റെ മർദവ്യത്യാസം കാരണവും റോഡ്/മറ്റ് സർവീസ് ലൈനുകൾ സ്ഥാപിക്കുന്നതിനായി കുഴിക്കുന്നതിനിടയിൽ പൈപ്പ് പൊട്ടലുകളോ ലീക്കുകളോ ഉണ്ടാകാറുണ്ട്. പൈപ്പ് പൊട്ടൽ ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനത്തിനടക്കം കേരള വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനായി 24x7 പ്രവർത്തിക്കുന്ന കേന്ദ്രീകൃത കാൾ സെന്റർ (1916-Toll free), അക്വലൂം തുടങ്ങിയ സംവിധാനങ്ങൾ നിലവിലുണ്ട്. ഇത്തരം വിവരങ്ങൾ ഓഫീസുകളിലോ സ്റ്റാഫിനെയോ നേരിട്ട് അറിയിക്കുന്നതിനായി ഫോൺ

നമ്പറുകൾ ഔദ്യോഗിക വെബ്സൈറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കായുള്ള റണ്ണിങ് കോൺട്രാക്ട്/മറ്റ് വർക്കുകൾവഴിയോ ബ്ലൂ ബ്രിഗേഡ് സംവിധാനം മുഖേനയോ പൈപ്പ്ലൈനുകളിലെ പൊട്ടലുകൾ/ലീക്കുകൾ യഥാസമയം പരിഹരിച്ച് കുടിവെള്ള വിതരണം പുനഃസ്ഥാപിക്കാറുണ്ട്. ലൈൻ വാൽവുകളുടെ ക്രമീകരണംവഴി പൈപ്പിലൂടെ കടത്തിവിടുന്ന ജലത്തിന്റെ അളവും മർദവും ക്രമീകരിച്ച് പൈപ്പ് പൊട്ടലുകൾ നിയന്ത്രിക്കാറുണ്ട്. കൂടാതെ ജൽജീവൻ മിഷൻ, അമൃത്, സ്റ്റേറ്റ് പ്ലാൻ എന്നിങ്ങനെയുള്ള വിവിധങ്ങളായ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി പഴക്കംചെന്ന പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് മുൻപായി അവ ഫാക്ടറിയിൽ വച്ചുതന്നെ പരിശോധിക്കുകയും അവ സ്ഥാപിച്ചതിനുശേഷം പ്രഷർ ടെസ്റ്റ് നടത്തി ചോർച്ചകൾ ഇല്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(ബി) കുടിവെള്ള കണക്ഷൻ വർധിച്ചതിനനുസരിച്ച് വാട്ടർ അതോറിറ്റിയുടെ മെയിന്റനൻസ് വിഭാഗത്തിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള വാട്ടർ അതോറിറ്റിയിൽ കാലാനുസൃതമായി കുടിവെള്ള കണക്ഷനുകൾ വർധിക്കുന്നതനുസരിച്ച് മെയിന്റനൻസ് വിഭാഗത്തിൽ കൂടുതൽ ജീവനക്കാരെ ആവശ്യമാകുന്ന സാഹചര്യം കണക്കിലെടുത്ത് വൈജ്ഞാനിക ഭരണ നിർവഹണത്തിന്റെ ഭാഗമായി ചില തസ്തികകൾ പരിവർത്തനം ചെയ്ത് ആവശ്യമായ തസ്തികകളുടെ എണ്ണം വർധിപ്പിക്കുന്ന/സൃഷ്ടിക്കുന്ന വിഷയം കേരള വാട്ടർ അതോറിറ്റിയിൽ പരിശോധിച്ചുവരുന്നു.

(സി) പൈപ്പ് പൊട്ടുന്നതും കുടിവെള്ള വിതരണം തടസ്സപ്പെടുന്നതും പൊതുജനങ്ങൾക്ക് അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രത്യേക സംവിധാനവും അവ കുറ്റമറ്റ രീതിയിൽ പരിഹരിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ വാട്ടർ അതോറിറ്റിയുടെ ആസ്ഥാനത്ത് പ്രത്യേക സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പൈപ്പ് പൊട്ടിയാലും കുടിവെള്ള വിതരണം തടസ്സപ്പെട്ടാലും കേരള വാട്ടർ അതോറിറ്റിയെ അറിയിക്കാൻ പൊതുജനങ്ങൾക്കായി ടോൾ ഫ്രീ നമ്പറായ 1916-ഉം 24x7 പ്രവർത്തിക്കുന്ന കേന്ദ്രീകൃത കാൾ സെന്റർ സംവിധാനവും നിലവിലുണ്ട്. കൂടാതെ അക്വാലൂം സോഫ്റ്റ്വെയർ മുഖേന നേരിട്ടും

പൊതുജനങ്ങൾക്ക് പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിങ്ങ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ എന്നിവരുടെയെല്ലാം സി.യു.ജി. നമ്പറുകൾ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. അതോടൊപ്പം പൊതുജനങ്ങൾക്ക് കേരള വാട്ടർ അതോറിറ്റിക്ക് ഇ-മെയിൽ/Whatsapp ചെയ്യുന്നതിനും സംവിധാനമുണ്ട്. ഇവയെല്ലാം കൃത്യമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് കേന്ദ്ര ഓഫീസുകളിൽനിന്നും പരിശോധിക്കുന്നുണ്ട്.

കാസർഗോഡ് മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി കുത്തിപ്പൊളിച്ച റോഡുകൾ

226(4723) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് കുത്തിപ്പൊളിച്ച റോഡുകൾ ഏതൊക്കെയാണെന്ന് മുൻസിപ്പാലിറ്റി/പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് കുഴിയെടുത്ത റോഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത റോഡുകൾ കുത്തിപ്പൊളിച്ചത് കാരണം പൊതുമരാമത്ത് വകുപ്പിനും പഞ്ചായത്തുകൾക്കുമുണ്ടായ നഷ്ടം എത്രയാണെന്ന് റോഡുകൾ തിരിച്ച് വ്യക്തമാക്കാമോ?

എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ളം നൽകാനായി ലക്ഷ്യമിട്ട് പഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. ഈ പദ്ധതിയുടെ 15% വിഹിതം പഞ്ചായത്തുകളാണ് വഹിക്കേണ്ടത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് പൈപ്പുകൾ സ്ഥാപിക്കുവാനായി റോഡുകൾ കുഴിക്കേണ്ടിവരുമ്പോൾ റോഡുകളുടെ റെസ്റ്റോറേഷൻ തുകകൂടി ജൽജീവൻ മിഷൻ ഭരണാനുമതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തുകളിൽനിന്ന് നൽകിയ റസല്യൂഷൻ പ്രകാരമാണ് ജൽജീവൻ മിഷൻ പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയോടെയാണ് പൊതുമരാമത്ത് റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നത്. ജൽജീവൻ മിഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി നടപ്പിലാക്കുന്നതുവഴി പൊതുമരാമത്ത് വകുപ്പിനും പഞ്ചായത്തുകൾക്കും നഷ്ടം സംഭവിച്ചിട്ടില്ല.

(സി) റോഡുകൾ കുത്തിപ്പൊളിച്ച് പൈപ്പ് സ്ഥാപിച്ചുകഴിഞ്ഞാൽ പ്രസ്തുത റോഡുകൾ പൂർവസ്ഥിതിയിലാക്കേണ്ട ഉത്തരവാദിത്വം ആരുടേതാണെന്ന് വ്യക്തമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി റോഡിലൂടെ പൈപ്പ് സ്ഥാപിക്കേണ്ടിവരുമ്പോൾ പൈപ്പിടുന്നതിന് കുഴിക്കുന്ന ഭാഗം പൂർവസ്ഥിതിയിലാക്കാനായുള്ള തുകയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആർ.ബി. കനാൽവഴിയുള്ള ജലവിതരണം

227(4724) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മൂലത്തറ ഡാമിൽനിന്നും ഓരോ ജലവർഷവും പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിക്കുന്ന 7.25 ടി.എം.സി. ജലത്തിൽനിന്നും എത്ര അളവാണ് ആർ.ബി. കനാലിലൂടെ വിതരണം ചെയ്യുന്നതെന്ന് അറിയിക്കുമോ?

ഓരോ ജലവർഷവും തമിഴ്നാട്ടിൽനിന്നും പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ലഭിക്കുന്ന ജലം കൃഷിയുടെ ആവശ്യകതയനുസരിച്ച് മൂലത്തറ ഇടതുകര,

വലതുകര, ചിറ്റൂർപുഴയിലുള്ള ജലസേചന സ്കീമുകളിലെ ആയക്കെട്ട് പ്രദേശങ്ങളിൽ വിതരണം നടത്തിവരുന്നു. ആയത് എത്ര അളവ് വീതമാണെന്ന് തരം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

(ബി) 2010-11 മുതൽ 2023-24 വരെയുള്ള ഓരോ ജലവർഷവും ആർ.ബി. കനാൽവഴി എത്ര ദിവസം വീതം ജലവിതരണം നടത്തിയിട്ടുണ്ടെന്നും വിതരണം നടത്തിയ ജലത്തിന്റെ അളവും ലഭ്യമാക്കുമോ?

2010-11 മുതൽ 2023-24 വരെ ഓരോ ജലവർഷവും വലതുകര കനാൽവഴി ജലവിതരണം നടത്തിയ ദിവസങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+] കൃഷികളുടെ ആവശ്യകതയനുസരിച്ചും അതത് സമയങ്ങളിൽ മണക്കടവിൽ ലഭ്യമാകുന്ന വെള്ളത്തിന്റെ ലഭ്യതയ്ക്കനുസരിച്ചും വലതുകര, ഇടതുകര, ചിറ്റൂർപുഴയിലുള്ള ജലസേചന പദ്ധതികളിലെ ആയക്കെട്ട് പ്രദേശങ്ങൾക്കും കൂടിവെള്ള പദ്ധതികൾക്കും ജലവിതരണം നടത്തിവരുന്നു. തമിഴ്നാട്ടിൽനിന്നും പി.എ.പി. കരാർ പ്രകാരം മണക്കടവിൽ ഓരോ ദിവസവും ലഭിക്കുന്ന ആകെ വെള്ളത്തിന്റെ അളവ് രേഖപ്പെടുത്തുന്നതല്ലാതെ മൂലത്തറ റഗുലേറ്ററിൽനിന്നും വിവിധ പദ്ധതികളിലേയ്ക്ക് ജലവിതരണം നടത്തുന്നതും കൂടിവെള്ള പദ്ധതികൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിതരണം ചെയ്യുന്നതുമായ വെള്ളത്തിന്റെ അളവ് തരംതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

(സി) മൂലത്തറ ഡാമിൽനിന്നും ചിറ്റൂർപുഴ പ്രദേശങ്ങളിൽ ജലവിതരണം നടത്തിവരുന്നത് ഏത് ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കാമോ?

മൂലത്തറ ഡാമിൽനിന്നും ചിറ്റൂർപുഴ പ്രദേശങ്ങളിൽ ജലവിതരണം നടത്തിവരുന്നത് 20-02-2010-ലെ സ.ഉ.(കൈ)നം. 15/2010 ജ.വി.വ. പ്രകാരമാണ്.

കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതി

228(4725) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതിയുടെ ഭാഗമായ ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം, ഗാർഹിക കണക്ഷനുകൾ നൽകൽ, പൈപ്പ്ലൈൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കായി തയ്യാറാക്കിയ 132.65 കോടി രൂപയുടെ പ്രൊപ്പോസൽ നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

നബാർഡിൽ ഗ്രാമീണ മേഖലയിൽ വിഭാവനം ചെയ്യുന്ന പദ്ധതികളാണ് ഉൾപ്പെടുത്തുന്നത്. അതിനാൽ പ്രസ്തുത പദ്ധതി നബാർഡിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതല്ല.

(ബി) പ്രസ്തുത പ്രൊപ്പോസൽ നബാർഡിന്റെ പദ്ധതിയിലോ മറ്റേതെങ്കിലും പദ്ധതികളിലോ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതിയുടെ ഭാഗമായി 132.65 കോടിയുടെ പ്രൊപ്പോസൽ 2022-23-ൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നതിന് സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം ഭരണാനുമതി നൽകുവാൻ കഴിഞ്ഞില്ല.

ജലവിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന് നടപടി

229(4726) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരന്തരം പൈപ്പ് പൊട്ടലുണ്ടാകുന്നത് ഒഴിവാക്കുന്നതിനും കാലപ്പഴക്കംചെന്ന സിമന്റ് പൈപ്പ്‌ലൈനുകൾ മാറ്റി ജലവിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനും പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിരന്തരം പൈപ്പ് പൊട്ടലുണ്ടാകുന്നത് ഒഴിവാക്കുന്നതിനും കാലപ്പഴക്കംചെന്ന പൈപ്പ്ലൈനുകൾ മാറ്റി ജലവിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനും കിഫ്ബി, സ്റ്റേറ്റ് പ്ലാൻ, അമൃത്, JJM, Deposit എന്നിവയിലുൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) കിഫ്ബിയുടെ സാമ്പത്തിക സഹായം ഇക്കാര്യത്തിനായി തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കിഫ്ബിയിൽ ഉൾപ്പെടുത്തി പഴയ AC/Premo പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 11 സർക്കിളുകളുടെ കീഴിലായി (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, കൊച്ചി, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) 430.233 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) കിഫ്ബിയുടെ അനുമതി ലഭിച്ച ശുദ്ധജല പദ്ധതികളുടെ വിശദാംശവും ആകെ എത്ര തുകയാണ് കിഫ്ബിവഴി ലഭിച്ചതെന്നുമുള്ള വിശദാംശവും വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി ധനസഹായത്തോടെ നാളിതുവരെ 5399.608 കോടി രൂപയുടെ 77 കുടിവെള്ള പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അവയിൽ 4969.375 കോടി രൂപയുടെ 66 കുടിവെള്ള പദ്ധതികളും 430.233 കോടി രൂപയുടെ 11 സർക്കിളുകളിലെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃർത്തികളും ഉൾപ്പെട്ടിട്ടുണ്ട്. ശുദ്ധജല വിതരണ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഇതിൽ ഏതൊക്കെ പദ്ധതികളുടെ പ്രവർത്തനം ഇതിനകം പൂർത്തീകരിച്ചു എന്നറിയിക്കാമോ?

894.45 കോടി രൂപയുടെ 26 കുടിവെള്ള പദ്ധതികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന 121 പ്രവൃത്തികളിൽ 214.86 കോടി രൂപയുടെ 51 പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കുടിവെള്ളത്തിന്റെ ഗുണനിലവാരം

230(4727) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് ജനകീയ പങ്കാളിത്തത്തോടെ ഗാർഹിക ആവശ്യത്തിനുപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം വീടുകളിലെത്തി പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം വ്യക്തമാക്കുമോ?

ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം വീടുകളിലെത്തി പരിശോധിക്കുന്ന സംവിധാനം നിലവിൽ വകുപ്പിൽ നടപ്പിലാക്കിയിട്ടില്ല. എന്നാൽ ജൽജീവൻ മിഷന്റെ ഭാഗമായി ജലനിധിയും കേരള വാട്ടർ അതോറിറ്റിയും ചേർന്ന് സംസ്ഥാനത്തെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളുടെയും ഗുണനിലവാരം ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് പരിശോധന നടത്തിവരുന്നു. പഞ്ചായത്തുതലത്തിൽ വോളന്റിയർമാരെ തിരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.

വെള്ളത്തിന്റെ ഗുണനിലവാരം വീടുകളിലെത്തി പരിശോധിക്കുന്ന സംവിധാനം ആവശ്യകതയനുസരിച്ച് ഭാവിയിൽ ഏർപ്പെടുത്താവുന്നതാണ്.

നാദാപുരം മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

231(4728) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ പത്ത് പഞ്ചായത്തുകളിലായി ജൽജീവൻ മിഷൻ നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

നാദാപുരം മണ്ഡലത്തിലെ 10 പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പദ്ധതിയിൻ കീഴിൽ കണക്ഷൻ നൽകുന്ന പ്രവൃത്തികൾക്കായി 395.19 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതുപ്രകാരം നാദാപുരം മണ്ഡലത്തിലെ ജൽജീവൻ മിഷന്റെ പഞ്ചായത്ത് തിരിച്ചുള്ള പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭാഗമായ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും വാട്ടർ ടാങ്കുകളുടെയും നിർമ്മാണ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

നാദാപുരം മണ്ഡലത്തിലെ തൂണേരി, വാണിമേൽ, വളയം, നാദാപുരം, കായക്കൊടി, നരിപ്പറ്റ എന്നീ പഞ്ചായത്തുകളിൽ ജലവിതരണം നടത്തിവരുന്നത് നിലവിലുള്ള കുന്നുമ്മലും സമീപ വില്ലേജുകൾക്കുംവേണ്ടിയുള്ള പദ്ധതിയുടെ വാട്ടർ ട്രീന്റ്മെന്റ് പ്ലാന്റിൽനിന്നും നിലവിലുള്ള ടാങ്കുകൾവഴിയുമാണ്. നിരവധി തവണ മരുതോങ്കര, കാവിലുംപാറ പഞ്ചായത്തുകളിലെ ടാങ്കുകൾ നിർമ്മിക്കാനുള്ള പ്രവൃത്തികളുടെ ടെൻഡർ വിളിച്ചെങ്കിലും ഓഫർ ലഭ്യമായിട്ടില്ല. മരുതോങ്കര,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാവിലുംപാറ പഞ്ചായത്തുകളിൽ ജലവിതരണം നടത്തേണ്ടുന്ന വാട്ടർ ട്രീന്റ്മെന്റ് പ്ലാന്റ് പെരുവണ്ണാമൂഴിയിലാണ്. ട്രീന്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പെരുവണ്ണാമൂഴിയിൽനിന്നും മരുതോങ്കര ബൂസ്റ്റർ സ്റ്റേഷനിലേയ്ക്കുള്ള ട്രാൻസ്മിഷൻ പൈപ്പ്ലൈൻ, മരുതോങ്കര ടാങ്കിൽനിന്നും കാവിലുംപാറ ടാങ്കിലേയ്ക്കുള്ള ട്രാൻസ്മിഷൻ പൈപ്പ്ലൈൻ എന്നിവയുടെ പ്രവൃത്തികളും നിരവധി തവണ ടെൻഡർ ചെയ്തുവെങ്കിലും ഓഫർ ലഭ്യമായിട്ടില്ല.

എടച്ചേരി പഞ്ചായത്തിൽ ജലവിതരണം നടത്തേണ്ടത് ഏറാമലയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയിൽനിന്നാണ്. ഈ പദ്ധതിയുടെ ശുദ്ധീകരണശാലയുടെയും പ്രധാന പൈപ്പ്ലൈനുകളുടെയും പ്രവൃത്തികൾ നടന്നുവരുന്നു.

എടച്ചേരി പഞ്ചായത്തിൽ ജലവിതരണം നടത്തേണ്ടുന്ന ജലസംഭരണി നിലവിലുള്ള ടാങ്ക് പൊളിച്ചുമാറ്റി നിർമ്മിക്കാനാണ് വിഭാവനം ചെയ്തത്. എന്നാൽ പ്രസ്തുത സ്ഥലത്തേയ്ക്ക് റോഡ് നിർമ്മിക്കാനുള്ള സ്ഥലം ഇതേവരെ ലഭ്യമായിട്ടില്ല. നിരവധി തവണ പഞ്ചായത്തുതലത്തിൽ യോഗങ്ങൾ ചേർന്നെങ്കിലും സ്ഥലം ലഭ്യമായിട്ടില്ല.

നരിപ്പറ്റ പഞ്ചായത്തിലെ തിന്നൂർ വില്ലേജിലേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവൃത്തികൾ ആരംഭിച്ചെങ്കിലും വിലങ്ങാട് ഉരുൾപൊട്ടൽമൂലം വീണ്ടും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കുന്നുമ്മൽ പഞ്ചായത്തിലേയ്ക്കും സമീപ പഞ്ചായത്തിലേയ്ക്കുമുള്ള കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായി നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 27 MLD ജലശുദ്ധീകരണശാലയിൽ നിന്നുമാണ് ചെക്യാട് പഞ്ചായത്തിലേയ്ക്ക് ജലവിതരണം നടത്തുന്നത്. ചെക്യാട് പഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന 12.5 LL ടാങ്കിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പുതുപ്പള്ളി മണ്ഡലത്തിലെ ജൽജീവൻ മിഷൻ

232(4729) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങളുടെ നിലവിലെ നിർവഹണ പുരോഗതി, പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതി എന്നീ വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാമോ?

പുതുപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പ്രവൃത്തികൾ 9 പാക്കേജുകളായി തിരിച്ചിട്ടുണ്ട്. ടി പാക്കേജുകളിലെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പദ്ധതിയിൽ 182.84 കി.മീ. പൈപ്പ്‌ലൈൻ

സ്ഥാപിക്കേണ്ടതിൽ 94.69 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു. 8289 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി ഭരണാനുമതി ലഭിച്ചതിൽ 872 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി.-യിൽനിന്നും റോഡ് കട്ടിങ് അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന ജോലികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ ഭാഗമായി കീഴാറ്റുകുന്ന്, ഇരവിനെല്ലൂർ, പരിയാരം എന്നിവിടങ്ങളിൽ നിർമ്മിക്കേണ്ട 8 ദശലക്ഷം, 4.5 ദശലക്ഷം, 2.5 ദശലക്ഷം ശേഷിയുള്ള ഉന്നതതല ജലസംഭരണികളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്ത് റോഡ് പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ലഭിച്ച ഭരണാനുമതി തുക ഉപയോഗിച്ച് പഞ്ചായത്ത് നേരിട്ട് ടി പുനഃസ്ഥാപന പ്രവൃത്തി നടത്തിക്കൊള്ളാമെന്ന് ആവശ്യപ്പെട്ടതിൻപ്രകാരം ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിലവിൽ പഞ്ചായത്തുതലത്തിൽ വിഭാവനം ചെയ്തുവരുന്നു. പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതി 30-06-2026.

വാകത്താനം ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പ്രവൃത്തികൾ 8 പാക്കേജുകളായി തിരിച്ചിട്ടുണ്ട്. ആയതിൽ മൂന്ന് പാക്കേജുകൾ നിലവിൽ ടെൻഡർ ഘട്ടത്തിലാണ്. ടി പാക്കേജുകൾക്ക് കരാറുകാരെ ലഭിച്ചിട്ടുണ്ട്.

എഗ്രിമെന്റ് നടപടി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടിവെള്ള കണക്ഷൻ നൽകലും ബാക്കി പാക്കേജുകളിലെ പ്രവൃത്തികളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പദ്ധതിയിൽ വാകത്താനം ഗ്രാമപഞ്ചായത്തിൽ 162.38 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതിൽ 113.2 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു. 8774 കൂടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള ഭരണാനുമതി നൽകിയതിൽ 250 കണക്ഷനുകൾ നൽകിയിട്ടുണ്ട്. നിലവിൽ PWD/KRFB-യിൽനിന്നും റോഡ് കട്ടിങ് അനുമതി ലഭിക്കുവാനുണ്ട്. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ 45% പൂർത്തീകരിച്ചു. പദ്ധതിയിൽ മൂന്ന് ജലസംഭരണികൾ നിർമ്മിക്കേണ്ടതായുണ്ട്. രണ്ട് ജലസംഭരണിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. പെരുകുന്നിൽ നിർമ്മിക്കേണ്ട 13 ദശലക്ഷം ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി ഡിസൈൻ സ്റ്റേജിലാണ്. ഉടൻ നിർമ്മാണം ആരംഭിക്കുന്നതാണ്.

പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതി 30-06-2026.

പാമ്പാടി ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പ്രവൃത്തികൾ 11 പാക്കേജുകളായി തിരിച്ചിട്ടുണ്ട്. ആയതിൽ രണ്ട് പാക്കേജുകൾ നിലവിൽ ടെൻഡർ ഘട്ടത്തിലാണ്. ടി പാക്കേജുകൾക്ക് കരാറുകാരെ ലഭിച്ചിട്ടുണ്ട്.

എഗ്രിമെന്റ് നടപടി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബാക്കി പാക്കേജുകളിലെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്ത് റോഡ് പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ലഭിച്ച ഭരണാനുമതി തുക ഉപയോഗിച്ച് പഞ്ചായത്ത് നേരിട്ട് ടി പുനഃസ്ഥാപന പ്രവൃത്തി നടത്തിക്കൊള്ളാമെന്ന് ആവശ്യപ്പെട്ടത് പ്രകാരം ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിലവിൽ പഞ്ചായത്ത്തലത്തിൽ വിഭാവനം ചെയ്തുവരുന്നു. പദ്ധതിയിൽ 250.72 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതിൽ 209 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു. 8000 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി ഭരണാനുമതി ലഭിച്ചതിൽ 1164 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പണികൾ 78.83% പൂർത്തീകരിച്ചു.

പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതി 31-03-2027.അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പ്രവൃത്തികൾ 6 പാക്കേജുകളായി തിരിച്ചിട്ടുണ്ട്. ആയതിൽ പാക്കേജ് 3-ന്റെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ബാക്കി പാക്കേജുകളിലെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പദ്ധതിയിൽ 163.4 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതിൽ 64.6 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു. 8320 കുടിവെള്ള കണക്ഷനുകൾ

നൽകുന്നതിനായി ഭരണാനുമതി ലഭിച്ചതിൽ 1622 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പണികൾ 49% പൂർത്തീകരിച്ചു. പി.ഡബ്ല്യു.ഡി.-യിൽനിന്നും റോഡ് കട്ടിങ് അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന ജോലികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ ഭാഗമായി ഇളപ്പാനിയിൽ 8 LL ശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കേണ്ടതായുണ്ട്. ആയത് ഡിസൈൻ സ്റ്റേജിലാണ്. 8.8 കി.മീ പഞ്ചായത്ത് റോഡ് പുനഃസ്ഥാപന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതി 31-03-2027.

അകലക്കുന്നം പഞ്ചായത്തിലെ പ്രവൃത്തികളിൽ-

1. ചെങ്ങളം പൂവത്തിളപ്പ് ശുദ്ധജല വിതരണ ശൃംഖല സ്ഥാപിക്കൽ പ്രവൃത്തികൾ 98% പൂർത്തീകരിച്ചു. 31-08-2025-ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2. പാദുവ ടാങ്കിൽനിന്നുള്ള വിതരണ ശൃംഖല സ്ഥാപിക്കൽ പ്രവൃത്തികൾ 98% പൂർത്തീകരിച്ചു.

3. കരിമ്പാനി ടാങ്കിൽനിന്നുള്ള വിതരണ ശൃംഖല സ്ഥാപിക്കൽ പ്രവൃത്തി 95% പൂർത്തീകരിച്ചു.

4. മുത്തോലി പ്ലാന്റ് ഇടമുള ബൂസ്റ്റിങ് സ്റ്റേഷൻ നവീകരണം പ്രവൃത്തി പൂർത്തീകരിച്ചു.

5. അകലക്കുന്നം പഞ്ചായത്തിലെ വിവിധ വാർഡുകളിലെ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തി ദർഘാസ് നടപടികൾ പൂർത്തീകരിച്ചെങ്കിലും വർക്ക് ഓർഡർ നൽകുവാൻ നാഷണൽ ജൽജീവൻ മിഷന്റെ അനുമതി ലഭിക്കേണ്ടതുണ്ട്.

കുരോപ്പട പഞ്ചായത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ 20% പ്രവൃത്തികൾ പൂർത്തീകരിച്ചു. 31-12-2026-ൽ പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

മണർകാട് പഞ്ചായത്തിൽ പൈപ്പ്ലൈൻ സ്ഥാപിക്കൽ 89% പ്രവൃത്തികൾ പൂർത്തീകരിച്ചു. 31-05-2026-ൽ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ജൽജീവൻ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രസ്തുത മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ഏതെല്ലാം റോഡുകളാണ് ജല അതോറിറ്റി ഏറ്റെടുത്തിട്ടുള്ളത്; ഇതിൽ ഏതെല്ലാം റോഡുകളിൽ പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്; പൈപ്പ്ലൈൻ പ്രവൃത്തികൾ പൂർത്തികരിച്ചശേഷം ഏതൊക്കെ റോഡുകളിൽ റെസ്റ്റോറേഷൻ നടത്താനുണ്ടെന്നും റെസ്റ്റോറേഷൻ

നടത്തിയശേഷം പൊതുമരാമത്തിന് കൈമാറിയ റോഡുകൾ ഏതൊക്കെയാണെന്നുമുള്ള വിവരം നൽകാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) ഇതിൽ ജല അതോറിറ്റിയുടെ ഫണ്ടുപയോഗിച്ച് റെസ്റ്റോറേഷൻ നടത്താനുള്ള റോഡുകൾ ഏതൊക്കെയെന്നും ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ എന്നുമുള്ള വിശദാംശം നൽകുമോ?

മേൽപ്പറഞ്ഞ ഏറ്റെടുത്ത റോഡുകളെല്ലാം ജൽജീവൻ മിഷൻ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളിൽ ഫണ്ട് വകയിരുത്തിയിട്ടുള്ളതാണ്.

(ഡി) ഫണ്ട് ലഭ്യമല്ലാത്ത പക്ഷം റോഡുകൾ റെസ്റ്റോറേഷൻ നടത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളോടൊപ്പംതന്നെ താൽകാലിക പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിവരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പൂർണ്ണമായി പുനരുദ്ധാരണം നടത്തുന്നതാണ്.

കേരള വാട്ടർ അതോറിറ്റിയുടെ ഭൂമിയിൽ കളിസ്ഥലം നിർമ്മിക്കൽ

233(4730) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ മൂഴിക്കൽ പ്രദേശത്ത് വാട്ടർ അതോറിറ്റിയുടെ ഭൂമി കളിസ്ഥലം നിർമ്മിക്കുന്നതിനായി ലഭ്യമാക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത അപേക്ഷ പരിശോധിച്ചുവരുന്നു. കോഴിക്കോട് താലൂക്കിൽ ചെലവൂർ വില്ലേജിൽ 5/1B2/1/1C2, 5/1A2 എന്നീ സർവെ നമ്പറുകളിൽപ്പെട്ട ഭൂമിയിലാണ് മൂഴിക്കൽ പ്ലാന്റും ബന്ധപ്പെട്ട പൈപ്പ്ലൈൻ റോഡും സ്ഥിതി ചെയ്യുന്നത്. ഈ പ്ലാന്റ് നിലവിൽ മാവൂർ പ്ലാന്റിൽനിന്നും പമ്പിങിന് തടസ്സം വരുന്ന സമയങ്ങളിൽ മെഡിക്കൽ കോളേജിലേയ്ക്ക് വെള്ളം പമ്പ് ചെയ്യുന്നതിന് ഉപയോഗിക്കുന്നു. നിലവിൽ കോഴിക്കോട് കോർപ്പറേഷനിലെ ഉയരം കൂടിയ പ്രദേശങ്ങളായ കാശ്മീർകുന്ന്, കട്ടയാട്ട് പറമ്പ്, കോരക്കുന്ന്, വള്ളിയക്കാട് എന്നീ ഭാഗങ്ങളിൽ നിലവിൽ ബാലമന്ദിരം ടാങ്കിൽനിന്നാണ് ജലവിതരണം നടത്തുന്നത്. ഈ പ്രദേശങ്ങളിൽ മുഴുവൻ സമയവും ജലവിതരണം നടത്താൻ സാധിക്കാത്ത അവസ്ഥയാണ്. രാത്രി സമയങ്ങളിൽ മാത്രമാണ് ഈ പ്രദേശങ്ങളിൽ

പൂർണ്ണമായും വെള്ളം ലഭിക്കുന്നത്. ഇത് പരിഹരിക്കാനായി മൂഴിക്കലിൽ ബൂസ്റ്റർ സ്റ്റേഷൻ നിർമ്മിച്ച് കാശ്മീർകുന്നിലേയ്ക്ക് പമ്പ് ചെയ്യാനുള്ള പദ്ധതി തയ്യാറാക്കിവരുന്നു. ആയതിനായി പ്രസ്തുത സ്ഥലമാണ് ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. കൂടാതെ സമീപത്ത് പൂന്തുർ പുഴ ഉള്ളതിനാൽ ഇവിടം കേന്ദ്രീകരിച്ച് ഭാവിയിൽ കൂടിവെള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടിവരും.

കോഴിക്കോട് ജില്ലയിലെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ

234(4731) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാർക്ക് പണം നൽകാതിരുന്നതിനാൽ കോഴിക്കോട് ജില്ലയിലെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കരാറുകാർക്ക് നിലവിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മുൻഗണനാപട്ടിക പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലിൽ പണം നൽകിവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി വിവിധ തലത്തിലുള്ള അവലോകന യോഗങ്ങൾ നടത്തുകയും പദ്ധതി പുരോഗതി

വിലയിരുത്തുകയും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നിർദേശങ്ങൾ കരാറുകാർക്ക് നൽകുകയും ചെയ്തുവരുന്നുണ്ട്.

(സി) തിരുവമ്പാടി മണ്ഡലത്തിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും ഇവ പൂർത്തീകരിച്ച് എപ്പോൾ കുടിവെള്ള വിതരണം നിർവഹിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

തിരുവമ്പാടി മണ്ഡലത്തിൽ കാരശ്ശേരി, കൊടിയത്തൂർ, തിരുവമ്പാടി പഞ്ചായത്തുകളിൽ JJM പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കാരശ്ശേരി-68%, കൊടിയത്തൂർ-65%, തിരുവമ്പാടി-90%, പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കാരശ്ശേരി 50 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്കിന്റെ പ്രവൃത്തി 60% പൂർത്തീകരിച്ചു. ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി KSTP, KRFB, PWD റോഡുകളിൽ റോഡ് കട്ടിങ് പെർമിഷൻ ലഭിക്കേണ്ടതുണ്ട്. ടി റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നമുറയ്ക്ക് പൈപ്പ്ലൈനുകൾ സ്ഥാപിച്ച് പദ്ധതി പൂർത്തിയാക്കി ജലവിതരണം സാധ്യമാക്കാവുന്നതാണ്. പുതുപ്പാടി പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന JJM പ്രവൃത്തി 70% പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 197 km വിതരണ ശൃംഖല, 8244 HTC എന്നിവ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. 22 ലക്ഷം ലിറ്റർ ജലസംഭരണിയുടെ പ്രവൃത്തി 95%

പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ എടുത്തുവച്ച കല്ല്, ചുരം ഭാഗം, മരുതിലാവ് എന്നീ പ്രദേശങ്ങളിലേയ്ക്കുള്ള വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നുണ്ട്. എന്നാൽ ജലസംഭരണികൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല.

ചാത്തമംഗലം പഞ്ചായത്തിൽ നിർമ്മിക്കുന്ന ജലശുദ്ധീകരണ ശാലയിൽനിന്നും താന്നിക്കോട് മലയിൽ സ്ഥാപിക്കാനുള്ള ജലസംഭരണിയിലേയ്ക്ക് വെള്ളം പമ്പുചെയ്ത് എത്തിച്ചാണ് പുതുപ്പാടി ഉൾപ്പെടെയുള്ള 8 പഞ്ചായത്തുകളിലേയ്ക്ക് വെള്ളം വിതരണം ചെയ്യേണ്ടത്. പ്രസ്തുത ജലസംഭരണി നിർമിക്കുവാൻ ആവശ്യമായ സ്ഥലം വാങ്ങുന്നതിനായി പുതുപ്പാടി പഞ്ചായത്ത് തങ്ങളുടെ വിഹിതം അടവാക്കിയിട്ടില്ല. ടി ജലസംഭരണിയുടെ നിർമ്മാണവും ദേശീയപാത-766-ലൂടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കി ടി പ്രവൃത്തിയും പൂർത്തീകരിച്ചാൽ മാത്രമെ പുതുപ്പാടി പഞ്ചായത്തിൽ ജലവിതരണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. 2026 ഡിസംബർ മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

വാമനപുരം നദിയിലെ ജലവിതരണ പദ്ധതികൾ

235(4732) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നദിയിലെ ജലവിതരണ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതികളിലൂടെ വർഷം മുഴുവനും സുഗമമായ ജലവിതരണം ഉറപ്പാക്കാൻ കഴിയുന്നുണ്ടോ?

വാമനപുരം നദിയിലെ ജലവിതരണ പദ്ധതികൾ താഴെ ചേർക്കുന്നവയാണ്:

1. CWSS to വിതുര തൊളിക്കോട്

2. RWSS to പാലോട്

3. CWSS to കല്ലറ, പാങ്ങോട്, പനവൂർ, പുല്ലംപാറ, വെമ്പായം

4. ARWSS Edakkode & Adjoining Villages

5. കിളിമാനൂർ-പഴയകുന്നുമ്മേൽ-മടവൂർ കുടിവെള്ള പദ്ധതി

6. നഗരൂർ ഗ്രാമീണ ശുദ്ധജല പദ്ധതി

7. പുളിമാത്ത് ശുദ്ധജല വിതരണ പദ്ധതി

8. UWSS to ആറ്റിങ്ങൽ, അഴൂർ, കിഴുവിലം

9. CWSS to വക്കം-അഞ്ചുതെങ്ങ്

10. WSS to ടെക്കോസിറ്റി

11. RWSS to വാമനപുരം

12. RWSS to നെല്ലനാട്

13. 15 MLD KIIFB ഡ്രിങ്കിങ് വാട്ടർ സപ്ലൈ പ്രോജക്ട്

14. CWSS to Varkala & Adjoining Villages

15. RWSS to Karavaram

ഇവയിൽ CWSS to വിതുര തൊളിക്കോട്, RWSS to പാലോട് എന്നീ പദ്ധതികളിൽ വർഷം മുഴുവൻ സുഗമമായി ജലവിതരണം നടത്താൻ സാധിക്കുന്നുണ്ട്. എന്നാൽ ഇവയൊഴികെയുള്ള മറ്റ് 13 പദ്ധതികളിലൂടെ വർഷം മുഴുവനും സുഗമമായ ജലവിതരണം ഉറപ്പാക്കാൻ സാധിക്കുന്നില്ല. താത്കാലിക ബണ്ടുകൾ സ്ഥാപിച്ച് വേനൽക്കാലത്ത് പരിഹാരം കാണാറുണ്ട്.

(ബി) വാമനപുരം നദിയിലെ ജലക്ഷാമം പരിഹരിക്കുന്നതിനായി അണക്കെട്ട് നിർമ്മിക്കുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

വാമനപുരം നദിയിൽ അണക്കെട്ട് നിർമ്മിക്കാനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ വാമനപുരം നദിയിലെ ജലക്ഷാമം പരിഹരിക്കുന്നതിനായി 4 ചെക്ക് ഡാമുകളുടെ പ്രൊപ്പോസൽ പരിഗണനയിലുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

നം.	പ്രവൃത്തിയുടെ പേര്	റിമാർക്സ്
1	General - Construction of check dam to the downstream of Ayilam bridge in Mudakkal Panchayath	ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
2	General – Check dam across Vamanapuram river in Vavupura near Ezhuperthankayam pump house in Vithura Panchayath	
3	General - Check dam across Vamanapuram river in Anakudy in Vamanapuram Panchayath	KIIDC മുഖേനയാണ് നടപ്പിലാക്കുന്നത്.
4	General - Check dam across Vamanapuram river in Puzhavoor Puzhakadavu in Attingal Municipality	

ജൽജീവൻ പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ പുനരുദ്ധാരണം

236(4733) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാദാപുരം മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള എത്ര റോഡുകൾ കുഴിച്ചിരുന്നുവെന്ന് ഗ്രാമപഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ?

ജൽജീവൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാദാപുരം മണ്ഡലത്തിൽ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിനായി കുഴിയെടുത്തിട്ടുള്ള പഞ്ചായത്തുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. ചെക്യാട് - 78 റോഡുകൾ

2.മരുതോങ്കര - 198 റോഡുകൾ

3. കായക്കൊടി - 23 റോഡുകൾ

4. കാവിലുംപാറ - 162 റോഡുകൾ

5. തൂണേരി - 51 റോഡുകൾ

6. വളയം - 156 റോഡുകൾ

7. വാണിമേൽ - 75 റോഡുകൾ

8. നാദാപുരം - 67 റോഡുകൾ

9. എടച്ചേരി - 79 റോഡുകൾ

10.നരിപ്പറ്റ - 37 റോഡുകൾ

(ബി) ഇതിൽ എത്ര റോഡുകൾ ജലവിഭവ വകുപ്പ് നേരിട്ട് പുനരുദ്ധരിച്ചിട്ടുണ്ടെന്നും ശേഷിക്കുന്നവ എന്നത്തേയ്ക്ക് പുനരുദ്ധരിക്കുമെന്നും അറിയിക്കുമോ?

പൈപ്പ്ലൈൻ സ്ഥാപിച്ചതിനുശേഷം പുനരുദ്ധരിച്ച റോഡുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

1. മരുതോങ്കര - 42 റോഡുകൾ

2. കായക്കൊടി - 14 റോഡുകൾ

3. കാവിലുംപാറ - പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്

4. തുണേരി - 22 റോഡുകൾ

5. വളയം - 59 റോഡുകൾ

6. വാണിമേൽ - 30 റോഡുകൾ

7. നാദാപുരം - 15 റോഡുകൾ

8. എടച്ചേരി - 5 റോഡുകൾ

9. നരിപ്പറ്റ - 25 റോഡുകൾ

10. ചെക്യാട് -63 റോഡുകൾ

ശേഷിക്കുന്ന പഞ്ചായത്ത് റോഡുകൾ പുനരുദ്ധാരണം നടത്താനുള്ള പ്രവൃത്തികൾ ടെൻഡർ ചെയ്ത് കരാറുകാർക്ക് ഉത്തരവ് നൽകിയിട്ടുണ്ട്.

വെള്ളക്കര കുടിശ്ശിക

237(4734) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്ങളുടേതല്ലാത്ത കാരണത്താൽ വാട്ടർ അതോറിറ്റിയുടെ വെള്ളക്കര കുടിശ്ശിക ഈടാക്കപ്പെട്ട സാഹചര്യമുണ്ടായാൽ ഉപഭോക്താവ് സമീപിക്കേണ്ടത് ഏതൊക്കെ ഓഫീസുകളെയാണെന്ന് വിശദമാക്കാമോ?

വാട്ടർ ചാർജ് കുടിശ്ശിക സംബന്ധിച്ച പരാതികൾക്ക് ഉപഭോക്താവിന് ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയറെ സമീപിക്കാവുന്നതാണ്. ടി ഓഫീസിൽ പരാതി പരിഹരിച്ചില്ലെങ്കിൽ സബ് ഡിവിഷൻ ഓഫീസിലെ അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയും ഡിവിഷൻ ഓഫീസിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ/റവന്യൂ ഓഫീസർ എന്നിവരെയും സമീപിക്കാവുന്നതാണ്. തുടർന്നും പരാതി നിലനിൽക്കുന്നെങ്കിൽ സൂപ്രണ്ടിങ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ എന്നീ ഓഫീസ് മേധാവികൾക്കും ഇവിടെയും

പരിഹരിക്കപ്പെട്ടില്ലെങ്കിൽ മാനേജിങ് ഡയറക്ടർക്കും പരാതി സമർപ്പിക്കാവുന്നതാണ്.

(ബി) ഇതുസംബന്ധിച്ച് ശ്രീ. സുബൈർ വൈദ്യർകണ്ടി, കുറ്റ്യാടി സമർപ്പിച്ച നിവേദനത്തിൽ ആശ്വാസകരമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രീ. വൈദ്യർകണ്ടി സുബൈറിന്റെ പേരിലുള്ള ART/514/D നമ്പർ വാട്ടർ കണക്ഷനിൽ 01-02-2012 മുതൽ 28-07-2018 വരെയുള്ള വാട്ടർ ചാർജ് കുടിശ്ശികയായ 56,053/- രൂപ അടയ്ക്കാത്തതിനാലാണ് 28-07-2018-ൽ കണക്ഷൻ വിച്ഛേദിച്ചത്. അധിക വാട്ടർ ചാർജ് ബിൽ സംബന്ധിച്ച് ശ്രീ. വൈദ്യർകണ്ടി സുബൈർ ഉത്തര മേഖല ചീഫ് എഞ്ചിനീയർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2020-ൽ നടന്ന റവന്യൂ അദാലത്തിൽ അദ്ദേഹത്തിന്റെ അപേക്ഷ പരിഗണിക്കുകയും അദാലത്ത് ബഞ്ച് വാട്ടർ ചാർജ് കുടിശ്ശികയായ 56,053/- രൂപയിൽനിന്നും 14,451/- രൂപ കുറവ് ചെയ്ത് 41,602/- രൂപയായി തീരുമാനിക്കുകയും പ്രസ്തുത തുക 5 തവണകളായി അടയ്ക്കുന്നതിനുള്ള സൗകര്യം അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ, അദാലത്ത് തീരുമാനം പ്രസ്തുത ഉപഭോക്താവ് അംഗീകരിക്കാതിരിക്കുകയും 31-03-2021-ന് 10,000/- രൂപ വാട്ടർ ചാർജ് ഇനത്തിൽ അടയ്ക്കുകയും ചെയ്തു. തുടർന്നും കുടിശ്ശിക

നിലനിൽക്കുന്നതിനാലാണ് 19-05-2023-ൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചത്. റവന്യൂ വകുപ്പിന്റെ നിർദേശപ്രകാരം 13-01-2024-ന് DD No. 436278, തീയതി: 06-09-2024 പ്രകാരം 4,163/- രൂപ ടിയാൻ അടച്ചിട്ടുണ്ട്. നിലവിൽ കൺസ്യൂമർ നമ്പർ: ART/514/D എന്ന വാട്ടർ കണക്ഷനിൽ 27,439/- രൂപ കുടിശ്ശികയുണ്ട്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുകഴിഞ്ഞ കണക്ഷനിൽ റവന്യൂ വകുപ്പ് അറിയാതെ കുടിശ്ശിക തുക ഈടാക്കുവാൻ പാടില്ലെന്ന് റവന്യൂ റിക്കവറി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് കണക്ക് പ്രകാരം ഉപഭോക്താവിനെ അറിയിച്ചിട്ടുള്ളതാകുന്നു.

പേരാമ്പ്ര സബ് ഡിവിഷന്റെ പരിധിയിൽ റവന്യൂ റിക്കവറിക്കായി ശിപാർശ ചെയ്തിട്ടുള്ള ഉപഭോക്താക്കൾക്കായി 2025 മാർച്ച് 22 ശനിയാഴ്ച ഒരു അദാലത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അദാലത്തിൽ പങ്കെടുക്കുന്നതിന് ശ്രീ. സുബൈറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അദാലത്ത് ബെഞ്ച് ടി പരാതി വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലെ പട്ടികജാതി കുടുംബങ്ങൾക്കുള്ള കുടിവെള്ളം

238(4735) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ മുനിസിപ്പൽ പരിധിയിൽ വരുന്ന കോട്ടാശ്ശേരി, മൂച്ചിക്കുണ്ട് പട്ടികജാതി നഗറുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വാട്ടർ അതോറിറ്റിയും അമൃത് പദ്ധതിയും വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൊണ്ടോട്ടി നഗരസഭയിൽ അമൃത് പദ്ധതിയിൽ 14000 കണക്ഷൻ നൽകുന്ന പ്രവൃത്തി മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത കണക്ഷൻ നൽകുവാനുള്ള ഉല്പാദന ഘടകങ്ങൾ ഉൾപ്പടെയുള്ള അനുബന്ധ പ്രവൃത്തികൾ KIIFB-യിലാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിനായി 108.698 കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തികൾ 5 പാക്കേജുകളായി നടപ്പിലാക്കിവരുന്നു. ഇതിൽ 4 പാക്കേജുകളുടെ പ്രവൃത്തി 95% പൂർത്തീകരിച്ചതാണ്. ചാർജിംഗ്, കമ്മീഷനിംഗ് പ്രവൃത്തികൾ വൈദ്യുതി കണക്ഷൻ ലഭിച്ചാൽ മാത്രമെ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് KSEB-യിൽ ഡെഡിക്കേറ്റഡ് ഫീഡർ ലൈനിന്റെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. കൊണ്ടോട്ടി മുനിസിപ്പാലിറ്റി കിഫ്ബി പദ്ധതിയിൽ പാക്കേജ് 3B-യിൽ കോട്ടാശ്ശേരി, മൂച്ചിക്കുണ്ട് പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി ശ്യാംജിനഗർ എന്ന പ്രദേശത്ത് 1 ലക്ഷം ലിറ്റർ കപ്പാസിറ്റി വരുന്ന Sump-cum-

Pumphouse, അമ്പലപ്പടി പ്രദേശത്തും ചെരുപ്പടിപ്രദേശത്തും 0.75 ലക്ഷം ലിറ്റർ കപ്പാസിറ്റി വീതംവരുന്ന രണ്ട് Sump-cum-Pumphouse, മൂച്ചിക്കുണ്ട് പ്രദേശത്തും വളയംകണ്ടം പ്രദേശത്തും 0.70 ലക്ഷം ലിറ്റർ കപ്പാസിറ്റി വീതംവരുന്ന രണ്ട് OHSR-ഉം കൂടാതെ ഈ റിസർവോയറിലേയ്ക്കുള്ള പമ്പിങ്മെയിൻ, ഈ ഭാഗങ്ങളിലേയ്ക്കുള്ള വിതരണ ശൃംഖലയുടെ പ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ടാങ്കുകളുടെ പ്രവൃത്തികൾക്കുവേണ്ടി ശ്യാംജിനഗറിലും ചെരുപ്പടിയിലും സൈറ്റ് ക്ലിയറൻസ് പ്രവൃത്തികളും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ടാങ്കുകളുടെയും വിതരണ ശൃംഖലയുടെയും പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ നടന്നുവരുന്ന അമൃത് പദ്ധതിയിൽനിന്നും ഈ പ്രദേശത്ത കുടിവെള്ള കണക്ഷനുകൾ (FHTC-കൾ) നൽകാൻ സാധിക്കുന്നതാണ്.

(ബി) കുടിവെള്ളക്ഷാമം രൂക്ഷമായ ഈ പ്രദേശങ്ങളിൽ മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ പര്യാപ്തമാണോയെന്ന് വ്യക്തമാക്കുമോ?

കുടിവെള്ളക്ഷാമം രൂക്ഷമായ ഈ പ്രദേശങ്ങളിൽ മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ വിതരണ ശൃംഖലയുടെ പ്രവൃത്തികൾ കിഫ്ബി പദ്ധതിയിൽ ഭരണാനുമതി തുകയുടെ അപര്യാപ്തത കാരണം

ഉൾപ്പെടുത്തുവാൻ സാധിച്ചിരുന്നില്ല. ആയതിനാൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന അമൃത്, കിഫ്ബി പ്രവൃത്തികൾക്ക് പുറമെ 3.50 കോടി രൂപയുടെ പ്രൊപ്പോസൽ അമൃതിൽ അനുമതിക്കായി സമർപ്പിക്കുകയും, ആയത് SWAP-3 ബഫർ ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) ഈ രണ്ട് പ്രദേശങ്ങളിലെ മുഴുവൻ വീടുകളിലും നിലവിലെ പദ്ധതികളിൽനിന്നും കുടിവെള്ളം എത്തിക്കുമെന്നത് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കോട്ടശ്ശേരി, മൂച്ചിക്കുണ്ട് പ്രദേശങ്ങളിലെ മുഴുവൻ വീടുകളിലും വെള്ളമെത്തിക്കുന്നതിന് പര്യാപ്തമായ വിതരണ ശൃംഖല നിലവിൽ നടന്നുകൊണ്ടിരിക്കുന്ന കിഫ്ബി, അമൃത് പദ്ധതികളിൽ പൂർത്തീകരിക്കാൻ സാധിക്കില്ല. ആയതിന് അഡീഷണലായി സമർപ്പിച്ച 3.50 കോടി അമൃത് പ്രൊപ്പോസൽ അംഗീകാരം ലഭിച്ച് പ്രാവർത്തികമാക്കേണ്ടതുണ്ട്. ടി പദ്ധതി SWAP-3 ബഫർ ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിന് നിലവിലെ പ്രവൃത്തികളിൽ ബാലൻസ് തുക ലഭ്യമാകുന്ന സാഹചര്യത്തിൽ ബഫർ ലിസ്റ്റിലുള്ള പ്രൊപ്പോസലുകൾക്ക് അനുമതി ലഭ്യമാകും.

ഒറ്റപ്പാലം മണ്ഡലത്തിലെ കുടിവെള്ള വിതരണം

239 (4736) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാം; ഓരോ പ്രവൃത്തിയും എത്ര ശതമാനം പൂർത്തീകരിച്ചുവെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വിശദമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിലെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളും അതിന്റെ പൂർത്തീകരണ ശതമാനവും പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ തിരിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

അരുവിക്കര മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

240(4737) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൽജീവൻ പദ്ധതിയിലുൾപ്പെടുത്തി അരുവിക്കര മണ്ഡലത്തിലെ എത്ര വീടുകളിലാണ് നാളിതുവരെ കുടിവെള്ള കണക്ഷൻ നൽകിയിട്ടുള്ളതെന്നും ഇതിലെത്ര ശതമാനം വീടുകളിൽ കുടിവെള്ളം എത്തിച്ചിട്ടുണ്ടെന്നും പഞ്ചായത്ത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരിച്ച് അറിയിക്കുമോ?

ജൽജീവൻ പദ്ധതിയിലുൾപ്പെടുത്തി അരുവിക്കര മണ്ഡലത്തിൽ നാളിതുവരെ 31804 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുള്ള എല്ലാ വീടുകളിലും കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത്	JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ
അരുവിക്കര	4720
ആര്യനാട്	3083
കുറ്റിച്ചൽ	1712
പൂവച്ചൽ	5081
തൊളിക്കോട്	3991
ഉഴമലക്കൽ	2340
വെള്ളനാട്	6735
വിതുര	4142
ആകെ	**31804**

പാലാ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

241(4738) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ വാട്ടർ അതോറിറ്റിയുടെ കീഴിൽ ആരംഭിച്ച വിവിധ കുടിവെള്ള

പദ്ധതികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; പുതിയ കുടിവെള്ള പദ്ധതികൾ ഈ വർഷം നടപ്പിലാക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പാലാ വാട്ടർ അതോറിറ്റിയുടെ കീഴിൽ ആരംഭിച്ച വിവിധ കുടിവെള്ള പദ്ധതികളുടെ നിജസ്ഥിതി അനുബന്ധമായി ചേർക്കുന്നു. +

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെങ്കിലും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുവാൻ കാലതാമസം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

മണ്ഡലത്തിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുവാൻ കാലതാമസം നേരിടുന്നുണ്ട്.

ജൽജീവൻ മിഷനിൽ ഉൾപ്പെട്ട മീനച്ചിൽ മലങ്കര കുടിവെള്ള പദ്ധതി പ്രവൃത്തിക്ക് റോഡുകളുടെ കട്ടിങ് അനുമതിക്കായി റോ പോർട്ടലിൽ അപേക്ഷ നൽകി joint inspection നടത്തിയെങ്കിലും അനുമതി ലഭ്യമായിട്ടില്ല. ഇത് പദ്ധതിയുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്.

ഫണ്ടിന്റെ അഭാവവും പദ്ധതികളുടെ പുരോഗതിയെ കാര്യമായി ബാധിക്കുന്നുണ്ട്. കരൂർ പഞ്ചായത്തിലെ വർക്കുകൾക്ക് കരാറുകാരെ ലഭിക്കുന്നതിന് താമസം നേരിടുന്നുണ്ട്. മീനച്ചിൽ പദ്ധതിയിൽ പ്രവർത്തനാനുമതി നൽകിയ രണ്ട് പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെട്ടിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലാ മുനിസിപ്പാലിറ്റി XXII-വാർഡിനായി നടപ്പിലാക്കിവരുന്ന പൂതക്കുന്ന് കുടിവെള്ള പദ്ധതിയുടെ കിണറിനോട് ചേർന്നുള്ള സംരക്ഷണഭിത്തി ഇടിഞ്ഞതിനാൽ കിണറിന്റെ നിർമ്മാണ പ്രവർത്തനത്തിന് തടസ്സം നേരിട്ടിരുന്നു. ടി സംരക്ഷണ ഭിത്തി പുനർനിർമ്മിച്ച് ഇതിനോടകം തന്നെ നിർമ്മാണ പ്രവർത്തികൾ പുനരാരംഭിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതികൾ കരാറുകാരുടെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും ഏകോപനത്തോടെ വേണ്ട മുന്നൊരുക്കങ്ങൾ നടത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

കാട്ടാക്കട പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം

242(4739) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പഞ്ചായത്തിലെ പല ഭാഗത്തും കുടിവെള്ളം ലഭിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കിള്ളിപ്പാറയിൽ നിന്നും കാട്ടാക്കട വഴി നെയ്യാറ്റിൻകരയിലേക്ക് കൊണ്ടു പോകുന്ന കുടിവെള്ളം തുങ്ങാംപാറ വച്ചിട്ടുള്ള വാൽവ് കൺട്രോൾ ചെയ്ത്

കാട്ടാക്കട നിവാസികൾക്ക് നൽകണമെന്ന മുൻകാല തീരുമാനം നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇതിനായുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

കാളിപ്പാറ പദ്ധതിയിൽ നിന്നും കാട്ടാക്കട, കള്ളിക്കാട്, ഒറ്റശേഖരമംഗലം, അമ്പൂരി, വെള്ളറട, മലയിൻകീഴ്, മാറനല്ലൂർ എന്നീ പഞ്ചായത്തുകളിൽ പൂർണ്ണമായും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി, കുറ്റിച്ചൽ, പൂവച്ചൽ, ആര്യനാട്, പെരുങ്കടവിള, തിരുപുറം, അതിയന്നൂർ, കാരോട്, ചെങ്കൽ, കുളത്തൂർ, പാറശ്ശാല എന്നീ പഞ്ചായത്തുകളിൽ ഭാഗികമായും ശുദ്ധ ജല വിതരണം നടത്തിവരുന്നു.

കാളിപ്പാറയിൽ നിന്നും കാട്ടാക്കട വഴി നെയ്യാറ്റിൻകരയിലേക്ക് പോകുന്ന മെയിൻ ലൈനിൽ നിന്നും തുങ്ങാംപാറയിൽവെച്ച് ഇന്റർകണക്ഷൻ ചെയ്താണ് കാട്ടാക്കട പഞ്ചായത്തിലെ കിള്ളി, കണ്ടല, പൊറ്റവിള, ചെട്ടിക്കോണം, അമ്പലത്തിൻ കാല, കാരിഞ്ചൽ, മേച്ചിറ, തേവുപാറ എന്നീ സ്ഥലങ്ങളിൽ ശുദ്ധ ജലം എത്തിക്കുന്നത്. അതുപോലെ കാട്ടാക്കട കോളേജ് ജംഗ്ഷനിൽ മെയിൻ ലൈനിൽ നിന്നും ഇന്റർകണക്ഷൻ ചെയ്ത കാട്ടാക്കട, ചാരുപാറ, പ്ലാവൂർ, കുരുതംകോട്, പൂഴനാട്, മകാരമല എന്നീ സ്ഥലങ്ങളിലും വെള്ളമെത്തിക്കുന്നുണ്ട്. ഇത്കൂടാതെ ജലക്ഷാമം രൂക്ഷമാകുന്ന അവസരങ്ങളിൽ കാട്ടാക്കട

പഞ്ചായത്തിലെ ഉയരം കൂടിയ മേഖലകളിൽ വെള്ളം എത്തിക്കുന്നതിനുവേണ്ടി ളങ്ങാംപാറ വാൽവ് കൺട്രോൾ ചെയ്യ ജലം എത്തിക്കാറുണ്ട്. ജെ.ജെ.എം.-പദ്ധതിയിലുൾപ്പെടുത്തി ളങ്ങാംപാറ അമ്പലത്തിൻകാല റോഡിൽ ഒരു ഇന്റർകണക്ഷൻ പ്രവൃത്തി കൂടെ ക്രമീകരിച്ചിട്ടുണ്ട്. അത് പൂർത്തിയാകുന്ന മുറയ്ക്ക് പൊറ്റവിള, മാവുവിള, ചെട്ടിക്കോണം, കാരിഞ്ചൽ, കാനകോട്, കാഞ്ഞിരംവിള എന്നീ സ്ഥലങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്.

ഫിഷറീസ് മേഖലയ്ക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുക

243(4740) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ ബഡ്ജറ്റിലും ഫിഷറീസ് മേഖലയ്ക്കായി നീക്കിവച്ച തുക എത്രയാണ്; അതിൽ അനുവദിച്ച തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

2016-17 സാമ്പത്തിക വർഷം മുതൽ നാളിതു വരെ ഓരോ ബജറ്റിലും ഫിഷറീസ് മേഖലയ്ക്കായി നീക്കി വച്ച തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	ബജറ്റിൽ വകയിരുത്തിയ തുക	അനുവദിച്ച തുക (അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചത് ഉൾപ്പെടെ)	ചെലവഴിച്ച തുക
(തുക ലക്ഷത്തിൽ)			
2016-2017	56780.44	81288.72	65496.72
2017-2018	78544.72	80512.36	70597.82
2018-2019	83342.62	67084.83	62630.56
2019-2020	71644.12	56333.17	47424.23
2020-2021	62839.20	70397.31	56576.47
2021-2022	62553.84	87919.97	77619.44
2022-2023	62591.43	84755.20	70405.17
2023-2024	68650.12	75969.18	67713.23
2024-2025 (12/03/2025 വരെ)	66904.08	63198.89	57667.14

മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായുള്ള പദ്ധതികൾ

244 (4741) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. മുകേഷ്:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി മത്സ്യ ബോർഡ് പദ്ധതികളിൽ നടപ്പാക്കിയ പരിഷ്കരണങ്ങൾ എന്തെല്ലാമെന്ന്

വിശദമാക്കാമോ?

മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിലുള്ള പദ്ധതികളിൽ പരിഷ്കരണങ്ങൾ നടത്തുകയും പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക വിവരശേഖരണവുമായി ബന്ധപ്പെട്ട് നടക്കുന്ന സർവെ എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്; ഈ സർവെയുടെ ഭാഗമായി എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നത്; വ്യക്തമാക്കാമോ?

സാമൂഹിക സാമ്പത്തിക സെൻസസ് 2023-ന്റെ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. സെൻസസ് റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. കേരളത്തിലെ കടൽ മേഖലയിലും ഉൾനാടൻ മേഖലയിലുമുൾപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥയെ സംബന്ധിക്കുന്ന വിവരശേഖരണത്തിനായി ഫിഷറീസ് വകുപ്പ് ഓരോ 10 വർഷം കൂടുമ്പോഴും Socio Economic Census നടത്തി വരുന്നു. 2013-ലാണ് അവസാനമായി ഈ സർവെ നടത്തിയിട്ടുള്ളത്. 2013 വരെ സാമ്പിൾ സർവെ രീതിയിലാണ് വിവര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശേഖരണം നടത്തിയിരുന്നത്. എന്നാൽ 2023 വർഷത്തിൽ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും വിവരശേഖരണം ഉറപ്പാക്കുന്ന രീതിയിലാണ് സെൻസസ് നടത്തിയത്. കേരളത്തിലെ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെയും 100% GIS (Geographic Information System) അധിഷ്ഠിത ഡാറ്റയാണ് ഈ സെൻസസിലൂടെ ശേഖരിച്ചത്.

(സി) പ്രസ്തുത സർവെയിലൂടെയുള്ള വിവരശേഖരണം ഏതെല്ലാം രൂപത്തിൽ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

ഈ സെൻസസിലൂടെ ശേഖരിച്ച മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച സാമ്പത്തിക സാമൂഹിക ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച തിരിച്ചറിയൽ വിവരങ്ങൾ

2. കുടുംബാംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ

3. ഭവനത്തെ സംബന്ധിച്ച വിവരങ്ങൾ

4. ഗാർഹിക സൗകര്യങ്ങൾ

5. സാമ്പത്തികം

6. വായ്പയെ സംബന്ധിച്ച വിവരങ്ങൾ

7. മത്സ്യബന്ധന ഉപകരണങ്ങളെ സംബന്ധിച്ച വിവരങ്ങൾ

8. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത.

മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന നൂതന പദ്ധതികൾ ആവിഷ്കരിക്കുക, ഫിഷറീസ് വകുപ്പ് വഴിയും ഏജൻസികൾ വഴിയും നൽകുന്ന ധനസഹായം, സേവനങ്ങൾ, മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവ സമയബന്ധിതമായി യഥാർത്ഥ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് സർവെയിലൂടെയുള്ള വിവരശേഖരണം പ്രയോജനപ്പെടുത്തുന്നത്.

മത്സ്യ ഉൽപാദനം വർധിപ്പിക്കാൻ നടപടി

245(4742) ശ്രീ എം നൗഷാദ്:
ശ്രീ ഡി. കെ മുരളി:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ മത്സ്യ മേഖലയുടെ പങ്ക് എത്രയെന്നും അത് വർധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ ആഭ്യന്തര

ഉൽപാദനത്തിന്റെ 1.51% മത്സ്യമേഖലയിൽ നിന്നാണ്. സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷിയിലൂടെ മത്സ്യോൽപാദനം വർധിപ്പിക്കുന്നതിനായി സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത പദ്ധതികളിലുൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിൽ മത്സ്യകൃഷി, മത്സ്യ വിഭവ പരിപാലനം, രോഗനിർണ്ണയം തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം മത്സ്യ ഇനങ്ങളിലും മത്സ്യകൃഷി രീതികളിലും വൈവിധ്യവൽക്കരണം നടപ്പിലാക്കി പരമ്പരാഗത മത്സ്യകൃഷി രീതികളായ ഒരു നെല്ലും ഒരു മീനും, കാർപ്പ് മത്സ്യകൃഷി, കുളങ്ങളിലെ മത്സ്യ /ചെമ്മീൻ കൃഷി, നൂതന മത്സ്യ കൃഷി രീതികളായ ബയോഫ്ലോക്ക്, RAS, കൂടുകളിലെ മത്സ്യ കൃഷി ഉൾപ്പെടെ വിവിധയിനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ മത്സ്യകൃഷിക്ക് അനുയോജ്യമായതും എന്നാൽ നിലവിൽ തരിശ് കിടക്കുന്നതുമായ പൊതുജലാശയങ്ങൾ/ തോടുകൾ/കനാലുകൾ എന്നിവ വൃത്തിയാക്കി പരിസ്ഥിതി സൗഹൃദ രീതിയിൽ തടയണ കെട്ടിയും വലവളപ്പുകൾ നിർമ്മിച്ചും തദ്ദേശീയ മത്സ്യവിത്ത് നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകൾ അവലംബിച്ച് എംബാങ്ക്മെന്റ് മത്സ്യകൃഷിയും വല വളപ്പുകളിലെ കൃഷിയും (പെൻ കൾച്ചർ) പദ്ധതിയും നടപ്പിലാക്കിവരുന്നു. സംയോജിത മത്സ്യവിഭവ പരിപാലന പദ്ധതി

(Integrated Fishery Management in Inland Aquatic Ecosystem)-യുടെ ഭാഗമായി കാർപ്പ്, ചെമ്മീൻ, കരിമീൻ കുഞ്ഞുങ്ങളെ വാമനപുരം, അഷ്ടമുടി, വേമ്പനാട്, കരുവന്നൂർ-ചേറ്റുവ, കടലുണ്ടി. കുറ്റ്യാടി, ധർമടം-അഞ്ചരക്കണ്ടി എന്നീ ജലാശയങ്ങളിൽ നിക്ഷേപിക്കുകയും വേമ്പനാട്, അഷ്ടമുടി കായലുകളിലും വാമനപുരം നദിയിലും മത്സ്യ/കക്ക സംരക്ഷിത പ്രദേശങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഉൾനാടൻ മത്സ്യമേഖലാ വിഭവ സംരക്ഷണത്തിന്റെ ഭാഗമായി ഉൾനാടൻ പെട്രോളിങ്ങ് ശക്തമാക്കുകയും നിരോധിത മത്സ്യബന്ധന ഉപകരണങ്ങൾ/മത്സ്യബന്ധന മാർഗങ്ങൾ അവലംബിക്കുന്നവരിൽ നിന്നും പിഴ ചുമത്തുകയും ചെയ്യുന്നു. ജലസംഭരണികളിലെ മത്സ്യകൃഷി പദ്ധതി പ്രകാരം സംസ്ഥാനത്തെ 12 റിസർവോയറുകളിൽ പ്രതിവർഷം കാർപ്പ്, തദ്ദേശീയ ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചുവരുന്നു. PMMSY പദ്ധതിയിലുൾപ്പെടുത്തി ADAK മുഖേന പത്തനംതിട്ട ജില്ലയിലെ കക്കി, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി, വയനാട് ജില്ലയിലെ കാരാപ്പുഴ, ബാണാസുര സാഗർ, തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, ഇടുക്കി, തൃശ്ശൂർ ജില്ലയിലെ പീച്ചി എന്നീ ജലസംഭരണികളിലായി കൂടുകളിലെ മത്സ്യകൃഷി പദ്ധതി (Participatory Integrated Fisheries Development of selected Reservoirs

in Kerala) നടപ്പിലാക്കിവരുന്നു. മത്സ്യ രോഗങ്ങൾ കണ്ടെത്തുന്നതിനും വ്യാപനം തടയുന്നതിനും രോഗ നിർണ്ണയത്തിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സംസ്ഥാനത്ത് 9 അക്വാട്ടിക് അനിമൽ ഹെൽത്ത് ലാബുകളും കൂഫോസിന്റെ കീഴിൽ സ്റ്റേറ്റ് റഫറൽ ലാബും പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമെ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2020-21 മുതൽ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിലുൾപ്പെടുത്തി വിവിധ മത്സ്യകൃഷി പദ്ധതികളായ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂടു കൃഷി, കുളങ്ങളിലെ ഓരുജല കൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് എന്നീ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഉൾനാടൻ, സമുദ്ര മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനായി മത്സ്യ തൊഴിലാളികളുടെ കൂടി പങ്കാളിത്തം ഉറപ്പാക്കിയ പ്രവർത്തനങ്ങളും നടപ്പാക്കുന്നു. വലിപ്പമെത്താത്ത മത്സ്യങ്ങളെയും പൊരുന്ന മത്സ്യങ്ങളെയും പിടിക്കുന്നത് തടയാൻ ശക്തമായ പരിശോധനകളും നടത്തിവരുന്നു.

(ബി) മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഉൽപാദന മേഖലയിൽ മത്സ്യകൃഷിയുടെ വിഹിതം വർധിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ

ഇതു വർധിപ്പിക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

വിവിധ പദ്ധതികളിലൂടെ മത്സ്യകൃഷിയിലും മത്സ്യയിനങ്ങളിലും വൈവിധ്യവൽകരണം സാധ്യമാക്കിയത് വഴി ഉൽപാദന മേഖലയിൽ ഉൾനാടൻ മത്സ്യകൃഷിയുടെ വിഹിതം വർധിച്ചിട്ടുണ്ട്. 2017-18-ൽ ഉൾനാടൻ മത്സ്യോൽപാദനം 1.89 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2023-24-ൽ 2.51 ലക്ഷം മെട്രിക് ടൺ ആയി വർധിച്ചു. ഇതിൽ മത്സ്യകൃഷിയിൽ നിന്നുള്ള ഉൽപാദനത്തിന്റെ പങ്ക് 2017-18-ൽ 24198 മെട്രിക് ടണ്ണിൽ നിന്നും 2023-24 -ൽ 40852 മെട്രിക് ടൺ ആയി വർധിച്ചു.

(സി) മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് വർധിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനത്തിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2015-16 സാമ്പത്തിക വർഷത്തിൽ മത്സ്യ തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം 89939/-രൂപയിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തിൽ 145321/-രൂപയായി വർധിച്ചിട്ടുണ്ട്.

കൂട് മത്സ്യകർഷകർക്ക് നഷ്ടപരിഹാരം

246(4743) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024 മേയ് മാസം 20-ന് പെരിയാറിൽ വ്യാവസായിക മാലിന്യങ്ങൾ ഒഴുകിയെത്തിയതിനെ തുടർന്ന് മത്സ്യകൃഷിക്ക് നാശം സംഭവിച്ച 'കൂട്' മത്സ്യകർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നഷ്ടപരിഹാര വിതരണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

2024 മേയ് മാസം 20-ന് പെരിയാറിൽ മാലിന്യങ്ങൾ ഒഴുകിയെത്തിയതിനെ തുടർന്ന് മത്സ്യകൃഷിക്ക് നാശം സംഭവിച്ച 'കൂട്' മത്സ്യകർഷകർക്ക് നഷ്ടപരിഹാരം അനുവദിച്ച് നൽകിയിട്ടില്ല.

മത്സ്യങ്ങൾ കൂട്ടത്തോടെ ചത്ത് പൊങ്ങിയതിനെ തുടർന്ന് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും വകുപ്പിന്റെ നിർദേശപ്രകാരം കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയുടെ (കുഫോസ്) സർവൈലൻസ് ടീം പ്രസ്തുത സ്ഥലത്തെ ജലം, മത്സ്യം, മണൽ എന്നീ സാമ്പിളുകളെടുത്ത് പരിശോധന നടത്തിയിരുന്നു. പ്രസ്തുത പരിശോധന റിപ്പോർട്ടിൽ, ജല മലിനീകരണംമൂലം

മത്സ്യ കർഷകർക്ക് മത്സ്യ കൃഷിയിലുണ്ടായ നാശനഷ്ടത്തിന്റെ കണക്കും അവർ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടും ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾപ്പടുത്തിയിട്ടുണ്ട്. കൂട് മത്സ്യകൃഷി, ഓരു ജല മത്സ്യകൃഷി, എംബാങ്ക്മെന്റ് മത്സ്യകൃഷി എന്നിവയ്ക്ക് സംഭവിച്ച നാശനഷ്ടം 703.6628 ലക്ഷം രൂപയായി കണക്കാക്കിയിട്ടുണ്ട്. മത്സ്യ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന വിഷയം സർക്കാർ പരിഗണിച്ചുവരികയാണ്.

പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

247(4744) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളും തുകയും അവ ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം

(Development of Micro Enterprises)

കേരളത്തിലുടനീളം ഈ പദ്ധതി നടപ്പിലാക്കുന്നു. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്തു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായി ഗ്രാന്റ് അനുവദിക്കുന്നു. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിച്ചു.

പദ്ധതി	**യൂണിറ്റുകളുടെ എണ്ണം**	**ചെലവഴിച്ച തുക**
ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം	2	4,00,000/-

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസന പദ്ധതിയിൽ ആരംഭിച്ച

യൂണിറ്റുകൾ നന്നായി പ്രവർത്തിച്ചുവരുന്നു. ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

മത്സ്യഫെഡ് മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി.) ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി.)

(എ) മത്സ്യബന്ധന ഉപകരണ വായ്പ

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം മത്സ്യബന്ധന ഉപകരണ വായ്പ നൽകിവരുന്നു. പ്രസ്തുത വായ്പ 2018-2019 വർഷം മുതൽ പലിശ രഹിതമായിട്ടാണ് നടപ്പിലാക്കിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പയ്യന്നൂർ മണ്ഡലത്തിൽ 10 മത്സ്യബന്ധന ഗ്രൂപ്പിലെ 29 അംഗങ്ങൾക്കായി 29.22 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട് പ്രസ്തുത വായ്പയുടെ തിരിച്ചടവ് 98 ശതമാനമാകുന്നു.

(ബി) പ്രവർത്തന മൂലധന വായ്പ

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനായി സഹകരണ സംഘങ്ങൾ തീരദേശ മത്സ്യലേലം നടപ്പിലാക്കിവരുന്നു. മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗ്രൂപ്പുകളെ തീരദേശ ലേല സമ്പ്രദായത്തിൽ കൊണ്ടുവരുന്നതിനുമായി ഐ.എഫ്.ഡി.പി.-പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പയ്യന്നൂർ മണ്ഡലത്തിൽ ഒരു സഹകരണ സംഘത്തിന് 4 ലക്ഷം രൂപ പ്രവർത്തന മൂലധന വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത വായ്പയുടെ തിരിച്ചടവ് 87 ശതമാനമാകുന്നു.

2. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.)/ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള വായ്പാ പദ്ധതികൾ

എ) മൈക്രോഫിനാൻസ് വായ്പ

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി.-യുടെയും എൻ.എ.ഡി.എഫ്.സി-യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തുവരുന്നു.

ഒരാൾക്ക് പരമാവധി 60,000/-രൂപ വരെ 5 ശതമാനം പലിശ നിരക്കിൽ 2

വർഷത്തെ തിരിച്ചടവ് കാലാവധിയിലാണ് പ്രസ്തുത വായ്പ നൽകിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പയ്യന്നൂർ മണ്ഡലത്തിൽ ഒരു സഹകരണ സംഘത്തിലെ രണ്ട് സ്വയം സഹായ ഗ്രൂപ്പുകളിലെ 26 അംഗങ്ങൾക്ക് 7.80 ലക്ഷം രൂപ മൈക്രോഫിനാൻസ് വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത വായ്പയുടെ തിരിച്ചടവ് 100 ശതമാനമാകുന്നു.

(ബി) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി

ഈ പദ്ധതി വഴി മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് വിവിധ ഘട്ടങ്ങളിലായി പലിശ രഹിത വായ്പ വിതരണം ചെയ്തുവരുന്നു. ആദ്യ വായ്പ 10000/രൂപ ഒരു വർഷ കാലാവധിയിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി 20,000/-രൂപ വിതരണം ചെയ്തുവരുന്നു. പലിശ രഹിത വായ്പയുടെ വിതരണത്തിനാവശ്യമായ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ ബജറ്റിൽ വകയിരുത്തി അനുവദിച്ച് നൽകുകയും ചെയ്യുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പയ്യന്നൂർ

മണ്ഡലത്തിൽ രണ്ട് സഹകരണ സംഘങ്ങളിലായി അഞ്ച് പ്രവർത്തന ഗ്രൂപ്പിലെ 16 അംഗങ്ങൾക്ക് 2.75 ലക്ഷം രൂപ പലിശ രഹിത വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത വായ്പയുടെ തിരിച്ചടവ് 100 ശതമാനമാകുന്നു.

3. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ ഈ പദ്ധതി വഴി പയ്യന്നൂർ മണ്ഡലത്തിൽ 3 പേർക്ക് ആകെ 70,921/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

പ്രധാനമന്ത്രി മത്സ്യസമ്പദ യോജന

ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെ മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ ജനകീയ മത്സ്യകൃഷി, പ്രധാനമന്ത്രി മത്സ്യ സമ്പദായോജന എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ശുചിത്വ സാഗരം സുന്ദരതീരം

248(4745) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നൽകുമോ:

(എ) 'ശുചിത്വ സാഗരം സുന്ദരതീരം' പദ്ധതി എന്താണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതി പ്രകാരം മാലിന്യം എങ്ങനെ നിർമ്മാർജനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

കടലിനെയും കടലോരത്തെയും പ്ലാസ്റ്റിക് മുക്തമാക്കി സ്വാഭാവിക ആവാസ വ്യവസ്ഥ വീണ്ടെടുക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് 'ശുചിത്വ സാഗരം സുന്ദരതീരം' പദ്ധതി. മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ, മറ്റ് സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ തുടങ്ങി മുഴുവൻ ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ കടലും, തീരവും പ്ലാസ്റ്റിക് മുക്തമാക്കുക എന്നതാണ് ശുചിത്വ സാഗരം പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. സാധ്യമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ചുള്ള ബോധവൽകരണ പ്രവർത്തനങ്ങളാണ് ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കുന്നത്. 2022 ജൂൺ മാസം 8-ന് സംസ്ഥാനതല ഉദ്ഘാടനത്തോടുകൂടി ഒന്നാംഘട്ട ബോധവൽകരണ കാമ്പയിൻ ആരംഭിച്ചു.

സെമിനാറുകൾ, ബിറ്റ് നോട്ടീസുകൾ, ബ്രോഷറുകൾ, കലാപരിപാടികൾ, റോഡ് ഷോകൾ, ബൈക്ക് റാലികൾ, മെഴുകുതിരി ജാഥ, കടലോര നടത്തം, കുടുംബയോഗങ്ങൾ, വിദ്യാർത്ഥികൾക്കുള്ള ക്വിസ് മത്സരങ്ങൾ, ചിത്രരചനാ മത്സരങ്ങൾ, സോഷ്യൽ മീഡിയ, എഫ്.എം. റേഡിയോ വഴിയുള്ള പ്രചരണം എന്നിവയിലൂടെയാണ് പ്രധാനമായും ബോധവൽകരണ പരിപാടികൾ സംഘടിപ്പിച്ചത്. കേരളത്തിലെ 9 തീരദേശ ജില്ലകളിലും ഇത്തരം പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

ഒരു ദിവസം നീണ്ടുനിൽക്കുന്ന പ്ലാസ്റ്റിക് മാലിന്യ ശേഖരണവും അതിന്റെ പുനരുപയോഗവുമാണ് രണ്ടാം ഘട്ടത്തിൽ നടക്കുന്നത്. 590 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന കേരളത്തിന്റെ കടൽത്തീരം പ്ലാസ്റ്റിക് മുക്തമാക്കുക എന്നതാണ് ഈ ഘട്ടത്തിന്റെ ലക്ഷ്യം. ആയതിലേയ്ക്ക് ഓരോ കിലോമീറ്റർ വീതം ഗ്രിഗിൾ മാപ്പ് ചെയ്ത് അടയാളപ്പെടുത്തും. ഓരോ കിലോമീറ്ററിലും ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് 25 സന്നദ്ധ പ്രവർത്തകർ വീതം ഉൾപ്പെടുന്ന 600 ആക്ഷൻ ഗ്രൂപ്പുകളെ സജ്ജമാക്കുന്നതാണ്. ഓരോ ആക്ഷൻ ഗ്രൂപ്പുകളും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് അതാത് ആക്ഷൻ കേന്ദ്രങ്ങളിൽ സംഭരിക്കുകയും ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ, തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ചുമതലയിൽ ഷ്രെഡിങ് യൂണിറ്റുകളിലേയ്ക്ക് മാറ്റി ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്യും.

ഹാർബറുകൾ കേന്ദ്രീകരിച്ച് കടലിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണവും പുനരുപയോഗവും തുടർ കാമ്പയിനും ആണ് മൂന്നാം ഘട്ടത്തിൽ സംഘടിപ്പിക്കുന്നത്. 2018 മുതൽ നീണ്ടകര ഹാർബർ കേന്ദ്രീകരിച്ച് ട്രോൾ ബോട്ട് ഉടമകളുടെയും തൊഴിലാളികളുടെയും സഹകരണത്തോടെ 'ശുചിത്വ സാഗരം' എന്ന പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ട്രോൾ വലകളിൽ കുടുങ്ങി ബോട്ടുകളിലേയ്ക്ക് എത്തിപ്പെടാറുണ്ട്. അങ്ങനെ എത്തിപ്പെടുന്ന പ്ലാസ്റ്റിക് തിരികെ കടലിലേക്ക് വലിച്ചെറിയാതെ പ്രത്യേകമായി നൽകുന്ന ബാഗുകളിലാക്കി കരയിലെത്തിക്കുകയും ഹാർബറിൽവെച്ച് പദ്ധതി പ്രവർത്തകർ അത് ഏറ്റുവാങ്ങി വൃത്തിയാക്കി റീസൈക്ലിങിന് വിധേയമാക്കി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതാണ് ശുചിത്വ സാഗരം പദ്ധതി. ലോക ശ്രദ്ധ പിടിച്ചുപറ്റിയ ഈ പദ്ധതി സംസ്ഥാനത്തെ പൂർണ്ണ തോതിൽ പ്രവർത്തിക്കുന്ന മറ്റ് 20 ഹാർബറുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കും. കടലും തീരവും പ്ലാസ്റ്റിക് മുക്തമാക്കുന്നതിനായി ഒന്നും രണ്ടും ഘട്ടങ്ങളിൽ നടപ്പിലാക്കുന്ന വിവിധങ്ങളായ

പ്രവർത്തനങ്ങൾ പ്രാദേശിക സർക്കാരുകളുടെ സഹകരണത്തോടെ തുടർ വർഷങ്ങളിലും നടപ്പിലാക്കുന്നതാണ്.

കാമ്പയിൻ വിജയകരമായി നടപ്പിലാക്കുന്നതിന് സംസ്ഥാനതല, ജില്ലാതല, തദ്ദേശസ്വയംഭരണ സ്ഥാപനതല കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും പദ്ധതിയിൽ പങ്കാളികളാകുന്ന വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഫിഷറീസ് അഡീഷണൽ ഡയറക്ടർ അദ്ധ്യക്ഷയായുള്ള ഒരു സംസ്ഥാനതല കാമ്പയിൻ സെല്ലും രൂപീകരിച്ചിട്ടുണ്ട്.

മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന വകുപ്പ് എന്ന നിലയിൽ ഫിഷറീസ് വകുപ്പ് കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ്, വിനോദസഞ്ചാര വകുപ്പ്, പരിസ്ഥിതി വകുപ്പ്, ഹാർബർ എൻജിനീയറിങ് വകുപ്പ്, മത്സ്യഫെഡ് എന്നിവയിലെ ജില്ലാതല, പഞ്ചായത്ത്/വില്ലേജ്തല ഉദ്യോഗസ്ഥർക്കാണ് പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രധാന ചുമതല. കൂടാതെ യൂത്ത് മിഷൻ, ഹരിത കേരള മിഷൻ, ഹരിതകർമ്മ സേന, ശുചിത്വ മിഷൻ, നെഹ്റു യുവകേന്ദ്ര, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, സാഫ്, കുടുംബശ്രീ, NCC, NSS, KSCADC, സ്റ്റേറ്റ് യൂത്ത് വെൽഫയർ ബോർഡ്, മത്സ്യ ബോർഡ്, KUFOS, MPEDA-NETFISH,

മത്സ്യമേഖലയിലെ വിവിധ ട്രേഡ് യൂണിയനുകൾ, ബോട്ട് ഉടമ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സാമുദായിക സാംസ്കാരിക സംഘടനകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കും.

പദ്ധതിക്കായി രൂപീകരിക്കുന്ന ആക്ഷൻ ഗ്രൂപ്പുകൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് അതാത് ആക്ഷൻ കേന്ദ്രങ്ങളിൽ സംഭരിക്കുകയും ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ചുമതലയിൽ ഷ്രെഡിങ് യൂണിറ്റുകളിലേയ്ക്ക് മാറ്റി ശാസ്ത്രീയമായി സംസ്കരിച്ച് ടാറിംഗ് തുടങ്ങിയ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ടോ; തീരദേശം കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ ഫിഷറീസ് വകുപ്പിന് പുറമെ മറ്റ് ഏതൊക്കെ വകുപ്പുകളെ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. കേരളത്തിന്റെ തെക്കെ അറ്റം മുതൽ വടക്കെ അറ്റം വരെയുള്ള 9 തീരദേശ ജില്ലകളുടെ കടൽ തീരത്താണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതിയുടെ പ്രാരംഭ പ്രവർത്തനമായ പ്രചരണ

ബോധവൽകരണ പ്രവർത്തനങ്ങൾ 9 തീരദേശ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഫിഷറീസ് വകുപ്പിന് പുറമെ തദ്ദേശ സ്വയംഭരണ വകുപ്പ്, വിനോദസഞ്ചാര വകുപ്പ്, പരിസ്ഥിതി വകുപ്പ്, ഹാർബർ എൻജിനീയറിംഗ് വകുപ്പ് എന്നീ വകുപ്പുകളെക്കൂടി ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ യൂത്ത് മിഷൻ, ഹരിത കേരള മിഷൻ, ഹരിതകർമ്മ സേന, ശുചിത്വ മിഷൻ, നെഹ്റു യുവകേന്ദ്ര, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, സാഫ്, കുടുംബശ്രീ, NCC, NSS, KSCADC, സ്റ്റേറ്റ് യൂത്ത് വെൽഫയർ ബോർഡ്, മത്സ്യഫെഡ്, മത്സ്യ ബോർഡ്, KUFOS, MPEDA-NETFISH, മത്സ്യമേഖലയിലെ വിവിധ ട്രേഡ് യൂണിയനുകൾ, ബോട്ട് ഉടമ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സാമുദായിക, സാംസ്കാരിക സംഘടനകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണവും പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്.

പ്രധാനമന്ത്രി മത്സ്യസമ്പദ യോജന പദ്ധതി

249 (4746) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി പ്രകാരം, പര്യാപ്തമായ കേന്ദ്ര സഹായം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ?

2020 മുതൽ 2025 വരെയുള്ള കാലയളവ് വരെ 320637 ലക്ഷം രൂപക്ക് പദ്ധതി നൽകിയിരുന്നുവെങ്കിലും 125414 ലക്ഷം രൂപക്കുള്ള പദ്ധതി അടങ്കൽ തുക മാത്രമാണ് അംഗീകരിച്ചത്. ഇതിൽ കേന്ദ്ര വിഹിതമായ 52998.54 ലക്ഷം രൂപയിൽ 26835.79 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് .

(ബി) സംസ്ഥാനം സമർപ്പിച്ചിട്ടുള്ള എല്ലാ പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇനിയും അംഗീകാരം ലഭിക്കാനുള്ള പദ്ധതികളുടെ വിവരം ലഭ്യമാക്കുമോ?

സംസ്ഥാനം സമർപ്പിച്ച അംഗീകാരം ലഭിക്കാനുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) 2020 മുതൽ 2025 വരെയുള്ള കാലഘട്ടത്തിൽ പ്രസ്തുത പദ്ധതികൾക്കായി എത്ര തുക കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടെന്നും ഇനി എത്ര തുക ലഭിക്കാനുണ്ടെന്നുമുള്ള വിശദ വിവരം ലഭ്യമാക്കുമോ?

2020 മുതൽ 2025 വരെയുള്ള കാലയളവിൽ 125414 ലക്ഷം രൂപയ്ക്കുള്ള പദ്ധതി അടങ്കൽ തുക അംഗീകരിച്ചു. ഇതിൽ കേന്ദ്ര വിഹിതമായ 52998.54

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലക്ഷം രൂപയിൽ 26835.79 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.+

തീരദേശ വികസന പ്രവർത്തനങ്ങൾ

250(4747) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ കിഫ്ബി മുഖേന തീരദേശ വികസനത്തിനായി എത്ര തുകയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 2016 മുതൽ നാളിതുവരെ കിഫ്ബി ധനസഹായത്തോടെ തീരദേശ വികസനത്തിനായി 553.69 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 135.39 കോടി രൂപയുടെ തീരസംരക്ഷണ പദ്ധതികൾ
2. 66.74 കോടി രൂപയുടെ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ
3. 142.56 കോടി രൂപയുടെ മത്സ്യമാർക്കറ്റ് നവീകരണ പദ്ധതികൾ
4. 209.00 കോടി രൂപയുടെ മത്സ്യബന്ധന തുറമുഖ പദ്ധതികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പിറവം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ തീരദേശവികസനവുമായി ബന്ധപ്പെട്ട് എത്ര തുകയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

തീരദേശ വികസനവുമായി ബന്ധപ്പെട്ട പദ്ധതികളൊന്നും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയിട്ടില്ല.

(സി) ഈ മണ്ഡലത്തിൽ പുതിയ ഏതെല്ലാം പ്രവൃത്തികൾ നടപ്പിലാക്കാൻ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ?

ആവശ്യങ്ങളും, അപേക്ഷകളും വിലയിരുത്തി പദ്ധതികൾ നടപ്പാക്കുന്നത് പരിഗണിക്കുന്നതാണ്.

അക്വാകൾച്ചർ പ്രൊമോട്ടർ, അക്വാകൾച്ചർ കോർഡിനേറ്റർ

251(4748) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്വാകൾച്ചർ പ്രൊമോട്ടർ, അക്വാകൾച്ചർ കോ-ഓർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന എത്ര പേരാണുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ ആകെ 398 അക്വാകൾച്ചർ പ്രൊമോട്ടർമാരും 53 പ്രോജക്ട് കോ-ഓർഡിനേറ്റർമാരും വിവിധ ജില്ലകളിലായി ജോലി ചെയ്യ വരുന്നു.

(ബി) പ്രസ്തുത പ്രൊമോട്ടർ/കോർഡിനേറ്റർമാരുടെ ജോലി എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന മത്സ്യകൃഷി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുമായി അക്വാകൾച്ചർ പ്രൊമോട്ടർമാരുടെയും പ്രോജക്ട് കോ-ഓർഡിനേറ്റർമാരുടെയും സേവനം പ്രയോജനപ്പെടുത്തുന്നു. മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിന് കർഷകരെ സഹായിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരാണ് ഇവർ. മത്സ്യകൃഷിയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി കർഷകരുമായി നേരിട്ട് ബന്ധപ്പെടുകയും വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി വിവരങ്ങൾ കർഷകരിൽ എത്തിക്കുക, ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കർഷകർക്കുണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുക, കർഷകരെ സഹായിക്കുക എന്നിവയാണ് പ്രൊമോട്ടർമാരിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യം. ക്ലസ്റ്ററുകൾ തിരിച്ചാണ് ജില്ലയിൽ മത്സ്യകൃഷി പദ്ധതികൾ

നടപ്പിലാക്കിവരുന്നത്. ഓരോ ക്ലസ്റ്ററിലെയും പഞ്ചായത്തുകളിൽ മത്സ്യകൃഷി പദ്ധതികളുടെ ഏകോപന ചുമതല പ്രോജക്ട് കോർഡിനേറ്റർമാർക്കാണ്.

(സി) തിരുവനന്തപുരം ജില്ലയിൽ എത്ര പേർ പ്രസ്തുത ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ; എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ 6 അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരും, 24 അക്വാകൾച്ചർ പ്രൊമോട്ടർമാരും ജോലി ചെയ്തുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അക്വാകൾച്ചർ പ്രൊമോട്ടർ		
ക്രമ നം.	ജോലിചെയ്തു വരുന്ന ക്ലസ്റ്റർ	എണ്ണം
1	വർക്കല	1
2	ചിറയിൻകീഴ്	4
3	പുത്തൻതോപ്പ്	2
4	തിരുവനന്തപുരം	2
5	വിഴിഞ്ഞം	3
6	കാട്ടാക്കട	4
7	പെരുങ്കടവിള	3
8	നെടുമങ്ങാട്	1
9	പൂവാർ	3
10	പള്ളം	1
	ആകെ	**24**

അക്വാകൾച്ചർ കോ-ഓർഡിനേറ്റർ		
ക്രമ നം.	ജോലി ചെയ്യ വരുന്ന ക്ലസ്റ്റർ	എണ്ണം
1	വർക്കല	1
2	ചിറയിൻകീഴ്	1
3	പുത്തൻതോപ്പ്	1
4	തിരുവനന്തപുരം വിഴിഞ്ഞം	1
5	കാട്ടാക്കട	1
6	പെരുങ്കടവിള നെടുമങ്ങാട്	1
	ആകെ	6

മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം

252(4749) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മത്സ്യത്തൊഴിലാളിക്ക് ഒരു ദിവസം എത്ര വരുമാനം ലഭിക്കുന്നുണ്ടെന്ന കണക്ക് ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ?

ലഭ്യമല്ല.

(ബി) മത്സ്യത്തൊഴിലാളികൾക്ക് വരുമാനം ലഭിക്കാത്ത ദിവസങ്ങൾ ഏതാണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അതിതീവ്ര ചുഴലിക്കാറ്റുപോലുള്ള കാലാവസ്ഥ മുന്നറിയിപ്പുമൂലം കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത ദിവസങ്ങളിലും എല്ലാവർഷവും ജൂൺ 10 മുതൽ ജൂലൈ 31 വരെ 52 ദിവസക്കാലം ട്രോളിങ് നിരോധനമേർപ്പെടുത്തുന്ന സമയങ്ങളിൽ യന്ത്രവൽകൃത യാനങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതിനാൽ അത്തരം യാനങ്ങളിലെ തൊഴിലാളികൾക്ക് ആ സമയത്ത് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. എന്നാൽ പരമ്പരാഗത യാനങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനത്തിലേർപ്പെടുന്നതിന് ജൂൺ 10 മുതൽ ജൂലൈ 31 വരെ 52 ദിവസക്കാലം വിലക്ക് ഏർപ്പെടുത്തിയിട്ടില്ല.

(സി) വരുമാനമില്ലാത്ത ദിവസങ്ങളിൽ പട്ടിണി കൂടാതെ ജീവിക്കാൻ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്താണെന്ന് വിശദമാക്കാമോ?

കേരള തീരത്ത് മത്സ്യബന്ധനം നടത്തരുതെന്ന് ദുരന്തനിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ദീർഘകാല കാലാവസ്ഥാ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും മത്സ്യബന്ധന നിരോധന സമയത്തും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യ റേഷനുൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ

മുന്നറിയിപ്പ്, കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 (SDRF, CMDRF) കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021-ലെ കാലാവസ്ഥാ മുന്നറിയിപ്പുമൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

2021-22-ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊളിലാളികൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021-ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്.

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് 30-07-2020-ലെ സ.ഉ(സാധാ) നം.210/2020/ഭ.പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2021 മേയ് മാസം മുതൽ 2022 ജനുവരി മാസം വരെ 1,34,863 സൗജന്യ ഭക്ഷ്യ കിറ്റുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്.

19-01-2023-ന് ചേർന്ന മന്ത്രിസഭാ യോഗ തീരുമാനപ്രകാരം 2022 ഏപ്രിൽ, മെയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ്

സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പുമൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് 1,66,756 സമുദ്ര-അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 20-01-2023-ലെ സ.ഉ(സാധാ)നം.64/2023/മ.ഇ.വ നമ്പർ ഉത്തരവിലെ നിർദ്ദേശപ്രകാരം, റവന്യൂ വകുപ്പ് (29-01-2023 ലെ സ.ഉ(സാധാ) നം.476/2023/റ.വ പ്രകാരം) ഫിഷറീസ് ഡയറക്ടറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് 50.027 കോടി രൂപ അനുവദിച്ച് നൽകുകയും ആയത് അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളി /അനുബന്ധ തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ് 'തണൽ' പദ്ധതി. ഫിഷറീസ്-തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം FIMS-ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കും 1350/-രൂപ നിരക്കിൽ ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് പൂരക വേതനം നൽകിവരുന്നുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ അവരുടെ ജീവ സന്ധാരണത്തിനായും സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടിയും മത്സ്യത്തൊഴിലാളി സമ്പാദ്യസമാശ്വാസ പദ്ധതി നടപ്പാക്കി

വരുന്നു. ഒരു നിശ്ചിത തുക (പരമാവധി 1,500/-രൂപ) വീതം പദ്ധതിയിൽ അംഗമാകുന്നവരിൽ നിന്നും ശേഖരിക്കുകയും പിന്നീട് മൈൻ മേഖലയിലെ പഞ്ചമാസങ്ങളായ മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഇൻലാന്റ് മേഖലയിലെ പഞ്ചമാസങ്ങളായ ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ വിഹിതമായ യഥാക്രമം 1500/-രൂപ വീതം ഉൾപ്പെടുത്തി ആകെ 4,500/- രൂപ ഗ്രണഭോക്താക്കൾക്ക് അനുവദിക്കുന്നു.

(ഡി) മത്സ്യബന്ധനത്തിന് വിലക്കില്ലാത്ത സമയത്ത് വൻ മത്സ്യക്കൂട്ടവുമായി തിരിച്ചുവരാമെന്ന പ്രതീക്ഷയോടെ ആഴക്കടലിലേക്ക് പോകുന്നവർ നിരാശയോടെ വലിയ മാനസിക പ്രയാസവും സാമ്പത്തിക നഷ്ടവും സഹിച്ച് തിരിച്ചുവരേണ്ടിവരുന്ന സന്ദർഭങ്ങളിൽ തൊഴിലാളികളെ സർക്കാരിന് എങ്ങനെ സംരക്ഷിക്കാനും ആശ്വസിപ്പിക്കാനും കഴിയുമെന്ന് ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇത്തരം സന്ദർഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മത്സ്യബന്ധന യാനങ്ങളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള വർധനവ്, ചെറു മത്സ്യബന്ധനം എന്നിവ ഭാവിയിൽ ഇത്തരം സാഹചര്യം സൃഷ്ടിക്കുവാൻ കാരണമായേക്കാം. അത് മനസ്സിലാക്കി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനുള്ള നടപടികളാണ് ഫിഷറീസ് വകുപ്പ്

സ്വീകരിച്ചു വരുന്നത്.

ഫിഷറീസ് വകുപ്പിന്റെ പ്രവർത്തന മികവിന് ലഭിച്ച പുരസ്കാരം

253(4750) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ മുൻനിർത്തി കേന്ദ്ര സർക്കാരിൽനിന്നും പ്രസ്തുത രംഗത്തെ മികച്ച സംസ്ഥാനത്തിനുള്ള പുരസ്കാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്.

2024 നവംബർ 21-ലെ ലോക മത്സ്യ ദിനത്തോടനുബന്ധിച്ച് ഡൽഹിയിൽ നടന്ന ചടങ്ങിൽ മികച്ച സംസ്ഥാനങ്ങൾക്കും ജില്ലയ്ക്കും അവാർഡുകൾ ഏർപ്പെടുത്തുകയുണ്ടായി. ഇതിൽ ഏറ്റവും മികച്ച മറൈൻ സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിന് ലഭിച്ചു. കൂടാതെ ഏറ്റവും മികച്ച മറൈൻ ജില്ലയായി കൊല്ലവും തെരഞ്ഞെടുക്കപ്പെട്ടു.

(ബി) സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ എന്തെല്ലാം പദ്ധതി

പ്രവർത്തനങ്ങളുടെ ഫലമായാണ് പ്രവർത്തന മികവിനുള്ള ഈ അംഗീകാരം ലഭിച്ചതെന്ന് അറിയിക്കുമോ?

കേന്ദ്ര പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയുടെ (PMMSY) നടത്തിപ്പിനും മത്സ്യ സമ്പത്ത് സംരക്ഷണത്തിനും പരിപാലനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും കേരളം കാണിച്ച മാതൃകയ്ക്കാണ് അവാർഡ് ലഭിച്ചത്.

(സി) മുൻകാലങ്ങളിൽ ഇത്തരത്തിൽ ഫിഷറീസ് വകുപ്പിന് പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഇല്ല.

ബാക്ക് യാർഡ് സീഡ് പ്രൊഡക്ഷൻ യൂണിറ്റ് പദ്ധതി

254(4751) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമീൻ, വരാൽ തുടങ്ങിയ തദ്ദേശീയ മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപാദനത്തിന് കർഷകരുമായി ചേർന്ന് നടപ്പാക്കിയ ബാക്ക് യാർഡ് സീഡ്

പ്രൊഡക്ഷൻ യൂണിറ്റ് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 2023-24 സാമ്പത്തിക വർഷം 278 പുതിയ കരിമീൻ, വരാൽ മത്സ്യ വിത്തുൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുകയും 591 യൂണിറ്റുകൾക്ക് തുടർ സഹായം നൽകുകയും ചെയ്തു. ഇതിൽ നിന്നും 104.93 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം 235 പുതിയ യൂണിറ്റുകൾ സ്ഥാപിക്കുകയും 472 യൂണിറ്റുകൾക്ക് തുടർ സഹായം നൽകുകയും ചെയ്തു. യൂണിറ്റുകളിൽ നിന്നും 111.73 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ 2023-24 വർഷത്തിൽ എത്ര മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

2023-24 വർഷത്തിൽ 104.93 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	**ജില്ല**	**മത്സ്യവിത്തുകൾ (എണ്ണം ലക്ഷത്തിൽ)**
1	തിരുവനന്തപുരം	14.076
2	കൊല്ലം	22.40

3	പത്തനംതിട്ട	1.127
4	ആലപ്പുഴ	17.907
5	കോട്ടയം	8.6658
6	എറണാകുളം	28.52
7	തൃശ്ശൂർ	4.464
8	മലപ്പുറം	1.435
9	കോഴിക്കോട്	2.50
10	വയനാട്	1.76
11	കണ്ണൂർ	0.70
12	കാസർഗോഡ്	1.375
	ആകെ	104.93

(സി) ഇത്തരം മത്സ്യക്കൃഷി ഉൽപാദനം നടത്തുന്ന കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ?

"പിന്നാമ്പുറങ്ങളിലെ മത്സ്യ വിത്തുൽപാദന യൂണിറ്റ്" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് പുതിയ യൂണിറ്റുകൾ സ്ഥാപിക്കുകയും മുൻവർഷങ്ങളിൽ സ്ഥാപിച്ചിട്ടുള്ള യൂണിറ്റുകൾക്ക് തുടർ സഹായവും നൽകിവരുന്നു. ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് 3 ലക്ഷം രൂപ ചെലവുവരും. പുതിയ യൂണിറ്റുകൾക്ക് ആദ്യ വർഷം ആകെ ചെലവിന്റെ 40% ആയ ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ സബ്സിഡി ആയി ലഭിക്കും. മുൻവർഷങ്ങളിൽ സ്ഥാപിച്ചിട്ടുള്ള യൂണിറ്റുകൾക്ക്

പ്രവർത്തന ചെലവിന്റെ 20% ആദ്യ വർഷവും (16800/-രൂപ കരിമീൻ യൂണിറ്റുകൾക്കും 16000/-രൂപ വരാൽ യൂണിറ്റുകൾക്കും) 10% രണ്ടാം വർഷവും (8400/-രൂപ കരിമീൻ യൂണിറ്റുകൾക്കും 8000/-രൂപ വരാൽ യൂണിറ്റുകൾക്കും) ധനസഹായമായി നൽകുന്നു.

ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കാവശ്യമായ വിത്തുകൾ ടി കർഷകരിൽ നിന്നും ലഭ്യമാക്കുന്നതുവഴി കർഷകർക്ക് ഒരു വരുമാനദായക സംരംഭമായി ഇതിനെ നിലനിർത്തുവാനും സംസ്ഥാനത്ത് മത്സ്യകൃഷി വ്യാപകമാക്കുന്നതിനും കഴിയുന്നു.

വേമ്പനാട്ട് കായൽ സംരക്ഷിക്കുന്നതിനുള്ള നടപടി

255(4752) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാംസർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വേമ്പനാട്ട് കായൽ സംരക്ഷിക്കുന്നത് സംബന്ധിച്ച് കുഫോസ് സമർപ്പിച്ച റിപ്പോർട്ടിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

വേമ്പനാട് കായലിലെ ആവാസവ്യവസ്ഥ പുന:സ്ഥാപിക്കാനുള്ള

മുൻഗണനാ തലത്തിലുള്ള പ്രവർത്തന പദ്ധതിയാണ് കേഫോസ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. ആയതിൽ പ്രളയജലം പുറംതള്ളുന്നതിന്റെ ശേഷി മെച്ചപ്പെടുത്തൽ, വേമ്പനാടിന്റെ ജല സംഭരണ ശേഷി മെച്ചപ്പെടുത്തൽ, നദികളുടെയും തോടുകളുടെയും ഒഴുക്കിന്റെ ശക്തി മെച്ചപ്പെടുത്തൽ, ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, വിഭവ ലഭ്യത വർധിപ്പിക്കൽ, കായൽ പരിപാലനത്തിനുള്ള പദ്ധതികൾ എന്നിവ സംബന്ധിച്ച നിർദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേഫോസ് സമർപ്പിച്ച റിപ്പോർട്ടിലെ നിർദേശങ്ങൾ നടപ്പാക്കുന്നതോടുകൂടി തണ്ണീർമുക്കം സ്പിൽവെയുടെ പുറന്തള്ളൽ ശേഷി മെച്ചപ്പെടുകയും കായംകുളത്തിനും അന്ധകാരനാഴിക്കും ഇടയിലുള്ള തീരപ്രദേശത്തെ വെള്ളപ്പൊക്കവും പ്രളയവും പരിഹരിക്കപ്പെടുകയും ചെല്ലാനം പ്രദേശത്തുണ്ടാകുന്ന മിന്നൽ പ്രളയം ഗണ്യമായി കുറയുകയും നെൽകൃഷിയിൽ നിന്നും ഉയർന്ന ലാഭവും കൂടുതൽ തൊഴിലവസരങ്ങളും ലഭിക്കുകയും കുട്ടനാട്ടിലെ കായൽ നിലങ്ങളുടെ അരിക്കൽ ശേഷി വീണ്ടെടുക്കുകയും വേമ്പനാട്ട കായലിന്റെ ആഴം ചുരുങ്ങിപ്പോകുന്നത് തടുക്കാനും വേനൽക്കാലത്ത് കിണറുകൾ വറ്റുന്നത് തടയാനും ഒഴുക്കിന്റെ ശക്തി മെച്ചപ്പെടുമ്പോൾ വെള്ളത്തിലെ കളകൾ കുറയുകയും വെള്ളക്കെട്ടിനു

പരിഹാരമാകുകയും ജലത്തിന്റെ ഗുണമേന്മ മെച്ചപ്പെടുകയും മാലിന്യങ്ങൾ കായലിൽനിന്നും വേഗം നിർമാർജനം ചെയ്യപ്പെടുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി നിർദേശങ്ങൾ നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനവും ഇടപെടലും ഉണ്ടാകേണ്ടതുണ്ട്. റിപ്പോർട്ട് വിശദമായി പരിശോധിച്ച് ആയതിലെ നിർദേശങ്ങളിന്മേൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കാലാവസ്ഥാ വ്യതിയാനംമൂലമുള്ള തിക്തഫലങ്ങൾ മുൻപെങ്ങും ഇല്ലാത്തവിധം രൂക്ഷമായിട്ടുള്ളതിനാൽ വേമ്പനാട് കായലിന്റെയും വേമ്പനാട് കായലിന്റെ കൈവഴി പ്രദേശങ്ങളിലും അധിവസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി ഇതു സംബന്ധിച്ച് സമർപ്പിച്ച കുഫോസിന്റേതുൾപ്പടെയുള്ള പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വേമ്പനാട് കായൽ സംരക്ഷിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

വേമ്പനാട് കായലിന്റെയും വേമ്പനാട് കായലിന്റെ കൈവഴി പ്രദേശങ്ങളിലും അധിവസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി ഇതു സംബന്ധിച്ച് സമർപ്പിച്ച കുഫോസിന്റേതുൾപ്പെടെയുള്ള പഠന റിപ്പോർട്ടുകൾ പരിശോധിച്ച് വേമ്പനാട് കായൽ സംരക്ഷിക്കുന്നതിനായി

ഇതര വകുപ്പുകളുടെ ഇടപെടൽകൂടി ഉറപ്പുവരുത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വേമ്പനാട് കായലും ഇതിനോട് ചേർന്ന് കിടക്കുന്ന ചെമ്മീൻ കെട്ടുകൾ നടത്തുന്ന കൃഷിയിടങ്ങളും വേണ്ട രീതിയിൽ സംരക്ഷിക്കാത്തതിനാലും സജീകരണങ്ങൾ ഏർപ്പെടുത്താത്തതിനാലും വൈപ്പിൻ, പശ്ചിമ കൊച്ചി, കൊച്ചി മേഖലകളിലെ ജനവാസകേന്ദ്രങ്ങളിൽ മുൻപെങ്ങുമില്ലാത്തവിധം ഓരുവെള്ളം കയറുന്നതുമൂലം പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾക്കും നാശനഷ്ടങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾക്കും പരിഹാരം കാണാൻ തുക വകയിരുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത പ്രദേശത്ത് താമസിക്കുന്നവരുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനാവശ്യമായ പ്രവൃത്തികൾക്കായി തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) വിവിധ വകുപ്പുകളുടെ ഏകോപനവും ഇടപെടലും ഇക്കാര്യത്തിൽ ഉറപ്പാക്കും. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പുനർഗേഹം പദ്ധതി

256(4753) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി 647 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും കാരോട് 128 കുടുംബങ്ങൾക്കും ബീമാപ്പള്ളിയിൽ 20 കുടുംബങ്ങൾക്കും ഫ്ലാറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിൽ എത്ര കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ 4116 ഗുണഭോക്താക്കൾ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം വർക്കല നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ; എത്ര പേർക്ക് വീടോ സാമ്പത്തിക ആനുകൂല്യമോ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

വർക്കല നിയോജക മണ്ഡലത്തിൽ 31 കുടുംബങ്ങൾ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. 31 കുടുംബങ്ങൾക്കും വസ്തുവിനും വീടിനും വേണ്ടി സാമ്പത്തിക ആനുകൂല്യം നൽകിയിട്ടുണ്ട്. 30 കുടുംബങ്ങൾ വീട് പണി

പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്. ശേഷിക്കുന്ന ഒരു കുടുംബം ഒന്നാം ഘട്ടം തുക കൈപ്പറ്റിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് വേണ്ടിയുള്ള പദ്ധതി

257(4754) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ഫിഷിംഗ് ഹാർബറുകളുടെയും തുറമുഖങ്ങളുടെയും നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലും ഉപജീവന സൗകര്യങ്ങളും ആവാസ വ്യവസ്ഥയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് വേണ്ടിയുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

വിഴിഞ്ഞം തുറമുഖ നിർമ്മാണം സംബന്ധിച്ച പരിസ്ഥിതി പഠന റിപ്പോർട്ട് അനുസരിച്ചും കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ വിലയിരുത്തലുകളനുസരിച്ചും വിഴിഞ്ഞം തുറമുഖ നിർമ്മാണം തീരശോഷണത്തിന് കാരണമാകുകയില്ലെന്നാണെങ്കിലും പദ്ധതിയിതര സമീപ പ്രദേശങ്ങളിൽ ഭാവിയിൽ തീരശോഷണം ഉണ്ടായാൽ ബാധിക്കപ്പെട്ടേക്കാവുന്നവരുടെ പുനരധിവാസത്തിനായി അനുയോജ്യമായ പദ്ധതികൾക്ക് വിനിയോഗിക്കാവുന്ന

തരത്തിൽ 475 കോടി രൂപയുടെ ഭരണാനുമതി നല്കി 11-11-2015-ലെ സ.ഉ(കൈ) നം.55/2015/മത്സ്യ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുനരധിവാസ പാക്കേജ് ജില്ലാകളക്ടറുടെ നേതൃത്വത്തിലുള്ള ഉപജീവനാഘാത അപ്പലേറ്റ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നടപ്പിലാക്കുവാനും ഉത്തരവിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഫിഷറീസ് വകുപ്പിൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിക്കുന്നതിന് അനുമതി നൽകി 22-07-2017-ലെ സ.ഉ (കൈ) നം. 16/2017/മത്സ്യ പ്രകാരം ഉത്തരവായിട്ടുണ്ട്.

വിഴിഞ്ഞം പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുമായി ചർച്ചകൾ നടത്തി 30.37 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കി യഥാസമയം പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന് സമർപ്പിച്ചിരുന്നു. മേൽ പദ്ധതികളിൽ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിലൂടെ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുവാൻ സഹായിക്കുമെന്ന നിലയിൽ തീരക്കടലിൽ കൃത്രിമപാരുകൾ നിക്ഷേപിക്കുന്ന പദ്ധതിക്ക് 28-09-2019-ലെ സ.ഉ (സാധാ) നം. 713/2019/മത്സ്യ പ്രകാരം 3.7563 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 7 മത്സ്യ ഗ്രാമങ്ങളിലെ തീരക്കടലിൽ കൃത്രിമ പാരുകൾ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി പ്രൊപ്പോസലുകൾ പുതുക്കി വിശദമാക്കി സമർപ്പിക്കുവാൻ 27-09-2022-ൽ ചേർന്ന തുറമുഖ സെക്രട്ടറിയുടെ യോഗത്തിൽ നിർദേശിച്ചതിൻ പ്രകാരം 560.285 കോടി രൂപയുടെ പദ്ധതി പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

27-07-2017-ൽ കൂടിയ ജില്ലാ കളക്ടർ ചെയർമാനായ വിഴിഞ്ഞം തുറമുഖ ഉപജീവനാഘാത നിർണ്ണയ അപ്പീൽ കമ്മിറ്റി തീരുമാനപ്രകാരം പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനെ വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട നഷ്ടപരിഹാര നിർണ്ണയത്തിനുള്ള അന്വേഷണങ്ങൾക്കായി ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരം ജീവനോപാധി നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട എല്ലാ അന്വേഷണ നടപടിക്രമങ്ങളും നിർവ്വഹിക്കുന്നത് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റാണ്.

LIAC അപ്പീൽ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ്, ജീവനോപാധി നഷ്ട പരിഹാരവുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിക്കുകയും അന്വേഷണ റിപ്പോർട്ടുകൾ LIAC Appellate (AC LIAC) കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം തേടുകയും ചെയ്തുവരുന്നു.

LIAC അപ്പീൽ കമ്മിറ്റി അംഗീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ

സർക്കാർ അംഗീകാരത്തോടെ നാളിതുവരെ വിതരണം ചെയ്ത ജീവനോപാധി നഷ്ടപരിഹാരത്തിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.+

EIA റിപ്പോർട്ടിൽ പുനരധിവാസത്തിനായി 8.564 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ, നാളിതുവരെ 107.26 കോടി രൂപ ജീവനോപാധി നഷ്ടപരിഹാര ഇനത്തിൽ സർക്കാർ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട ജീവനോപാധി നഷ്ടപരിഹാരം സംബന്ധിച്ച് വിഴിഞ്ഞം തെക്കുംഭാഗം ജമാഅത്ത് കമ്മിറ്റി ഉന്നയിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം ലഭിക്കാത്ത ചിപ്പി തൊഴിലാളികളുടെയും കരമടിത്തൊഴിലാളികളുടെയും പി.ഐ.യു. നടത്തിയ പുനഃപരിശോധനയിൽ 9 കരമടി ഉടമകൾക്കും 172 കരമടി തൊഴിലാളികൾക്കും വിഴിഞ്ഞം നോർത്ത് ഭാഗത്ത് നിന്നും **പദ്ധതി പ്രദേശത്ത് സീസണിൽ പോയി ചിപ്പി ശേഖരിക്കുന്നവരായ 34 തൊഴിലാളികളും ഉൾപ്പെടെ ആകെ 215 പേർക്ക്** അർഹതയുള്ളതായി കണ്ടെത്തിയിരുന്നു. 12-09-2024-ലെ സ.ഉ.(സാധാ) നം.610/2024/മത്സ്യ പ്രകാരം കരമടി വിഭാഗത്തിൽ ആകെ 181 പേർക്ക് ഒരാൾക്ക് 3 ലക്ഷം രൂപ എന്ന ക്രമത്തിൽ 5,43,00,000/-(അഞ്ചു കോടി നാല്പത്തി മൂന്ന് ലക്ഷം രൂപ) രൂപയും 11-10-2024-ലെ സ.ഉ.(സാധാ) നം.688/2024/മത്സ്യ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരം 34 ചിപ്പി തൊഴിലാളികൾക്ക് ഒരാൾക്ക് 2 ലക്ഷം രൂപ എന്ന ക്രമത്തിൽ 68,00,000/- (അറുപത്തിയെട്ട് ലക്ഷം രൂപ) രൂപയും സർക്കാർ നഷ്ടപരിഹാരം അനുവദിച്ചു ഉത്തരവായിട്ടുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് വിഴിഞ്ഞം സൗത്ത് (കോട്ടപ്പുറം) മത്സ്യ ഗ്രാമത്തിലെ അഞ്ചു കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് ഒരാൾക്ക് ഒരു ലക്ഷം രൂപ എന്ന ക്രമത്തിൽ അഞ്ചു ലക്ഷം രൂപ (5x1,00,000) നഷ്ടപരിഹാരമായി 03-10-2024-ലെ സ.ഉ.(സാധാ) നം.669/2024/മത്സ്യ പ്രകാരം അനുവദിച്ചു സർക്കാർ ഉത്തരവായിട്ടുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് വിഴിഞ്ഞം സൗത്ത് (കോട്ടപ്പുറം) മത്സ്യ ഗ്രാമത്തിലെ കട്ടമരം ജീവനോപാധി നഷ്ടപരിഹാരം സംബന്ധിച്ച ഒന്നാംഘട്ട റിപ്പോർട്ടിൽ അനർഹർ എന്ന് കണ്ടെത്തിയ 48 പേർക്ക് കൂടി അർഹതാ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി 29-11-2024 ലെ സ.ഉ.(സാധാ) നം.834/2024/മത്സ്യ പ്രകാരം നഷ്ടപരിഹാരം അനുവദിച്ചു സർക്കാർ ഉത്തരവായിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളെ തുടർന്ന് തൊഴിലും വരുമാനവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക്

കൈത്താങ്ങ് എന്ന നിലയിൽ പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി നിരവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ പ്രധാന മേഖലകളിലെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

ആരോഗ്യം

കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ (CHC)

നിലവിലെ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ (CHC) 100 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഫിഷറീസ് വകപ്പിന്റെ 4.82 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ഫണ്ടിന് പുറമേ പോർട്ട് നിർമ്മാണ കമ്പനിയുടെ 2.97 കോടി രൂപയും ഉൾപ്പെടെ ആകെ 7.79 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

KASE (Kerala Academy for Skill And Excellence) മുഖേനയുള്ള തൊഴിൽ പരിശീലനം

വിഴിഞ്ഞം മേഖലയിലെ യുവതീ യുവാക്കൾക്ക് തൊഴിൽ ലഭ്യമാകുന്നതിനായി തൊഴിൽ പരിശീലനവും നടത്തുന്ന പദ്ധതി KASE മുഖാന്തരം നടപ്പിലാക്കാൻ പി.ഐ.യു. നടപടി സ്വീകരിച്ചു വരുന്നു. ഇതിലേക്കായി ആദ്യ

ഘട്ടമെന്ന നിലയിൽ വിഴിഞ്ഞം കേന്ദ്രമാക്കി ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കാൻ ₹53000/- വിഴിഞ്ഞം തുറമുഖ കമ്പനി അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം KASE-മായി ചേർന്ന് ഓറിയന്റേഷൻ പ്രോഗ്രാം നടത്താൻ നിശ്ചയിച്ചിട്ടുണ്ട്.

മത്സ്യബന്ധന തുറമുഖ വികസനവും നവീകരണവും

നിലവിലെ മത്സ്യബന്ധന തുറമുഖം ആധുനികവൽക്കരിച്ച്, ആവശ്യമായ സൗകര്യങ്ങളോടുകൂടിയും ആവശ്യമായ അധിക ഫിഷ് ലാൻഡിങ് സൗകര്യങ്ങളും, ബർത്തുകളും, അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുവാനുള്ള പദ്ധതി പരിഗണനയിലാണ്.

മണ്ണെണ്ണ വിതരണം

വിഴിഞ്ഞം തുറമുഖ നിർമാണവുമായി ബന്ധപെട്ടു വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തു നിന്ന് പുറപ്പെടുന്നതും, വിഴിഞ്ഞം സൗത്ത്, വിഴിഞ്ഞം നോർത്ത്, അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 2353 ബോട്ടുകൾക്ക് താൽക്കാലികമായി ചുറ്റി വളഞ്ഞ് പോകേണ്ടതിനാൽ പുലിമുട്ട് നിർമ്മാണ കാലയളവായ 2 വർഷത്തേക്ക് മത്സ്യഫെഡ് മുഖാന്തിരം മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള പാക്കേജിന് 10-11-2017 ലെ സ.ഉ.

(കൈ)നം.25/2017/മത്സ്യ പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും അതനുസരിച്ച് അർഹതയുള്ളവർക്ക് മണ്ണെണ്ണ വിതരണം മത്സ്യഫെഡ് നടത്തുകയും ചെയ്തിട്ടുണ്ട്.

ആഴക്കടൽ മത്സ്യബന്ധനം

മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് നിർമ്മിച്ചിട്ടുള്ളതും ഫിഷറീസ് വകുപ്പ് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളതുമായ ആഴക്കടൽ മത്സ്യബന്ധന യാനങ്ങളിൽ രണ്ടിൽ കുറയാത്ത എണ്ണം യാനങ്ങളും നിലവിലുള്ള യാനങ്ങൾക്കു പകരമായി കൂടുതൽ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് നിർമ്മിച്ചിട്ടുള്ള ഫൈബർ ഗ്ലാസ് വള്ളങ്ങളും വിഴിഞ്ഞം സൗത്ത് പ്രദേശവാസികൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇവർക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് പരിശീലനം നല്കുന്നതും പരിഗണിച്ചു വരികയാണ്.

പകൽവീട്

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന മോണിറ്ററിംഗ് കമ്മിറ്റിയുടെ സജീവ

പരിഗണനയിലുള്ള വിഷയമാണ് കോട്ടപ്പുറം മേഖലയിലെ പകൽ വീട്. ഭൂമി ഏറ്റെടുക്കുന്നതിനായി 19-01-2023-ലെ സ.ഉ.(സാധാ) നം. 59/2023/മ.ഇ.വ പ്രകാരം നൽകിയ ഭരണാനുമതി പുതുക്കി സ്ഥലം ഏറ്റെടുക്കുന്നതിന് 1,44,28,793/-രൂപയും പകൽ വീടിന്റെ നിർമ്മാണത്തിനായി പകൽ വീട് നിർമ്മിക്കുന്നതിന് കണ്ടെത്തിയ സ്ഥലം മാറ്റണമെന്ന് ഇടവക ആവശ്യപ്പെട്ടതിനെ തുടർന്ന് മേൽപറഞ്ഞ ഉത്തരവ് റദ്ദാക്കുകയും പകരമായി പുതിയ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

ASAP മുഖേനയുള്ള വിദ്യാർഥികൾക്കുള്ള പരിശീലനം

തിരുവനന്തപുരം ജില്ലയിൽ വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലും ഐ.റ്റി യിലും പരിശീലനം നൽകുന്നതിനായി വലിയ വേളി മുതൽ കൊല്ലങ്കോട് വരെയുള്ള മത്സ്യഗ്രാമങ്ങൾ ഉൾപ്പെടുന്ന റവന്യൂ വില്ലേജുകളിലെ ഫിഷറീസ് വകുപ്പ് വിദ്യാഭ്യാസം ആനുകൂല്യം അനുവദിക്കുന്ന ഹയർസെക്കണ്ടറി സ്കൂളുകളുടെ വിവരങ്ങൾ ആവശ്യമായ തുടർ നടപടിക്കായി ASAP-നു കൈമാറിയതനുസരിച്ചു ASAP നൽകിയ 36,00,000/- രൂപയുടെ പ്രൊപോസൽ തുടർ നടപടിക്കായി VISL-ന് കൈമാറിയിട്ടുണ്ട്. ഇക്കാര്യത്തിൽ ASAP, VISL എന്നിവരുമായി ചേർന്ന് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

മത്സ്യത്തൊഴികൾക്കുള്ള ആശങ്കകൾ ദൂരീകരിച്ച് തുറമുഖത്തിന്റെ സുഗമമായ പ്രവർത്തനത്തിന് അവരുടെ സഹകരണം ഉറപ്പുവരുത്തുന്നതിനുമായി നഷ്ടപരിഹാര പുനരധിവാസ ആവശ്യങ്ങൾ പരിഗണിച്ച് പദ്ധതികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനു PIU-ഉം ഫിഷറീസ് വകുപ്പും സർക്കാരും നടപടികൾ സ്വീകരിച്ചു വരുന്നു.+

(ബി) ഇത്തരം നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ളവരുടെ ഉപജീവന മാർഗ്ഗം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ തുറമുഖ നിർമ്മാണ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) തുറമുഖ നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെയും കടൽക്ഷോഭം മൂലം വീടുകൾ നഷ്ടപ്പെട്ടവരെയും സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി പാർപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് പുനർഗേഹം. പദ്ധതി മാർഗരേഖ പ്രകാരം തുറമുഖ നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മത്സ്യത്തൊഴിലാളികളെ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ ടി മത്സ്യത്തൊഴിലാളികളെ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തിയിട്ടില്ല.

പൊക്കാളിപ്പാടങ്ങളിലെ ചെമ്മീൻ കൃഷി

258(4755) ശ്രീ. എം. എം. മണി:
ശ്രീ. പി. മമ്മിക്കുട്ടി:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊക്കാളി പാടങ്ങളിൽ മത്സ്യ/ചെമ്മീൻ കൃഷി ഒരു വിളയായി നടപ്പാക്കുന്നതിനെന്തെങ്കിലും പദ്ധതി നിലവിലുണ്ടോ?

ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2023-24 വർഷം ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ 7467.99 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കി. നടപ്പു വർഷം ആലപ്പുഴ ജില്ലയിൽ നാളിതുവരെ 2187 ഹെക്ടർ പാടശേഖരങ്ങളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തരിശു കിടക്കുന്ന പൊക്കാളിപ്പാടങ്ങളിൽ വനാമി ചെമ്മീൻ

പോലെയുള്ള അത്യുൽപ്പാദന ശേഷിയുള്ളതും കയറ്റുമതി മൂല്യമുള്ളതുമായ ഇനങ്ങൾ കൃഷി ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

തരിശ്ശു കിടക്കുന്ന പൊക്കാളിപ്പാടങ്ങളിൽ വനാമി ചെമ്മീൻ കൃഷി സാധ്യമാക്കുന്നതിന് കൃഷി വകുപ്പുമായുള്ള സമന്വയം ആവശ്യമാണ്. ഇതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇത്തരം കൃഷിക്കനുയോജ്യമായ പ്രദേശം കൃത്യമായി കണ്ടെത്തി സംസ്ഥാന ബഡ്ജറ്റിൽ നിന്നും മതിയായ തുക വകയിരുത്തി വനാമി ചെമ്മീൻ കൃഷി പ്രോത്സാഹനത്തിന് നടപടി സ്വീകരിച്ചു വരുന്നു .

മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്ത സമയങ്ങളിൽ തൊഴിലും ജീവനോപാധിയും നൽകാൻ നടപടി

259(4756) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ ജനങ്ങൾക്ക് മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്ത സമയങ്ങളിൽ തൊഴിലും ജീവനോപാധിയും നൽകാൻ എന്തൊക്കെ ഇടപെടലാണ് നടത്തുന്നതെന്ന് വിശദമാക്കാമോ?

അതിതീവ്ര ചുഴലിക്കാറ്റുപോലുള്ള കാലാവസ്ഥ മുന്നറിയിപ്പുമൂലം

മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ കാലം തൊഴിൽ നഷ്ടപ്പെടുകയാണെങ്കിൽ പ്രസ്തുത കാലത്ത് തൊഴിൽ ദിനങ്ങൾക്ക് ആനുപാതികമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകി വരാറുണ്ട്.

അതുപോലെ ട്രോളിങ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകുന്നുണ്ട്. കൂടാതെ ട്രോൾബാൻ കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും 4500/-രൂപ ധനസഹായം നൽകുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിൽ 1500/-രൂപ കേന്ദ്ര സർക്കാർ വിഹിതവും 1500/-രൂപ ഉണഭോക്തൃ വിഹിതവുമാണ്. കൂടാതെ സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ് 'തണൽ' പദ്ധതി. ഫിഷറീസ് - തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം FIMS-ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ

തൊഴിലാളികൾക്കും 1350/-രൂപ നിരക്കിൽ പ്രതിവർഷം പഞ്ചമാസക്കാലത്ത് ധനസഹായം നൽകി വരുന്നു. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 (SDRF, CMDRF) കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 ലെ കാലാവസ്ഥാ മുന്നറിയിപ്പുമൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021-22-ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (KFWFB)-യുടെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021-ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്.

2022-ലെ എപ്രിൽ, മേയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് 1,66,756 സമുദ്ര അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 20-01-2023-ലെ സ.ഉ(സാധാ)നം.64/2023/മ.ഇ.വ ഉത്തരവിലെ നിർദ്ദേശപ്രകാരം റവന്യൂ വകുപ്പ് (29-01-2023-ലെ സ.ഉ.(സാധാ)നം476/2023/ റ.വ.) ഫിഷറീസ് ഡയറക്ടറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് 50.027

കോടി രൂപ അനുവദിച്ചു നൽകിയിരുന്നു. ടി തുക ബന്ധപ്പെട്ട ജില്ലാ ഓഫീസർ മുഖാന്തരം അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുകയുണ്ടായി.

സംസ്ഥാനത്ത് തീരദേശ ജനങ്ങൾക്ക് മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്ത സമയങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി) പ്രകാരവും ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി)/ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നിവയുടെ ധനസഹായത്തോടെയും മത്സ്യത്തൊഴിലാളികൾക്ക് തുടർച്ചയായി മത്സ്യബന്ധനോപകരണ വായ്പ നൽകി വരുന്നുണ്ട്.

(ബി) മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

സാഫ് മുഖേന മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. Alternative & Supportive Livelihood Opportunity and Empowerment of fisherwomen in Kerala

പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ)

2. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി)

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ)

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകളെയുൾപ്പെടുത്തി ഈ പദ്ധതിയിലൂടെ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നു. ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാൻറ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽനിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു. രണ്ട് ഘട്ടങ്ങളിലായാണ് യൂണിറ്റുകൾക്ക് ഗ്രാൻറ് അനുവദിക്കുന്നത്. സ്ഥിരാസ്ഥികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരം തൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കും. യൂണിറ്റുകളുടെ സുസ്ഥിര

നിലനിൽപ്പിനായുള്ള ഘടകങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(1) ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും സൂപ്പർമാർക്കറ്റുകൾക്കും കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾക്കും സീ ഫുഡ് റസ്റ്റോറൻറുകൾക്കും 1.50 ലക്ഷം രൂപ വരെ പലിശരഹിത റിവോൾവിംഗ് ഫണ്ട് നൽകുന്നു.

(2) യൂണിറ്റുകൾക്ക് സാങ്കേതിക വിദ്യ നവീകരണം, പുതിയ ഉപകരണങ്ങൾ വാങ്ങുക, യൂണിറ്റ് നവീകരണം എന്നിവയ്ക്കായി 50000 രൂപ വരെ ടെക്നോളജി ഇംപ്രൂവ്മെൻറ് നൽകുന്നു.

(3) ഗ്രൂപ്പുകൾക്കായി 5 ലക്ഷം രൂപ വരെയുള്ള ബാങ്ക് ലോണിന് 5% പലിശ സബ്സിഡി അനുവദിക്കുന്നു.

(4) ആകർഷകമായ പാക്കിംഗിലും ലേബലിംഗിലും യൂണിറ്റുകളുടെ ഉൽപന്നങ്ങൾക്ക് Branding & Marketing സംവിധാനം ഒരുക്കുന്നു.

(5) ഗ്രൂപ്പുകളുടെ ഉല്പന്നങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി മേളകളിലും എക്സിബിഷനുകളിലും പങ്കെടുപ്പിക്കുന്നു. അതുവഴി അവരുടെ ഉല്പന്നങ്ങൾക്ക് നല്ല വിപണി കണ്ടെത്തുന്നതിന് സഹായിക്കുന്നു.

(6) യൂണിറ്റുകളുടെ ഉല്പന്നങ്ങൾ Online Marketing & Sale സംവിധാനത്തിൽ കണ്ടുവരുന്നതിന് സഹായിക്കുന്നു.

<u>ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി)</u>

മത്സ്യ അനുബന്ധ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ

മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽനിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന JLG പദ്ധതി നടപ്പിലാക്കി. ടി പദ്ധതിയിലൂടെ 5 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ആരംഭിക്കുന്നത്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10,000/-രൂപ വീതം (ഒരു ഗ്രൂപ്പിന് 50,000/- രൂപ) വരെ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു.

റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കും എന്നതിനാൽ പ്രവർത്തന മൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പു വരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. റിവോൾവിംഗ് ഫണ്ട് കൃത്യമായി തിരിച്ചടക്കുന്ന യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20000 രൂപ) വരെ തുടർ ഘട്ടങ്ങളിൽ അനുവദിക്കുന്നു.

ഇവ കൂടാതെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന മറ്റ് പദ്ധതികൾ താഴെ ചേർക്കുന്നു.

Common Facility Centre & Producer Company

Fish & Fish Processing, Food & Food Processing, Tailoring & Garments ഉൾപ്പെടുന്ന യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി ഓരോ കാറ്റഗറിക്കും

ജില്ലാതലത്തിൽ പ്രത്യേക ക്ലസ്റ്ററുകൾ രൂപീകരിച്ച് യൂണിറ്റുകൾ ഒരേതരത്തിലുള്ള ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഗുണനിലവാരം ഉറപ്പുവരുത്തി ഈ ഉൽപ്പന്നങ്ങൾ Common Facility Centre-കളിൽ ശേഖരിക്കുന്നതിനും ഇങ്ങനെ ശേഖരിക്കുന്ന ഉൽപന്നങ്ങൾ ആകർഷകമായ പാക്കിംഗിലും ബ്രാൻഡിലും വിപണിയിൽ എത്തിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഉൽപന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് ആവശ്യമായ Technical Support, Managerial assistance, Manpower, Logistics, Branding & Marketing മുതലായ handholding support നൽകുന്നതാണ്. ഓരോ ക്ലസ്റ്ററുകളിലും ഉൾപ്പെട്ട യൂണിറ്റുകൾക്ക് ആവശ്യമായ Skill Upgradation Training-കൾ നൽകുന്നതാണ്. Digital marketing, Online sales, Product Promotion എന്നിവ വിപുലപ്പെടുത്തി സാഫ് ഉൽപ്പന്നങ്ങൾ e-commerce site-കളിൽ ലഭ്യമാക്കുന്നതിനും ഉൽപന്നങ്ങളുടെ ഒരു ഓൺലൈൻ സ്റ്റോർ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഉൽപ്പന്നങ്ങളുടെ ബ്രാൻഡിങിനും ജനങ്ങളിലേക്ക് എത്തിക്കുന്നതിനും മറ്റ് സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നതിനും Buyer Seller Meet കൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

കടൽ കഫെ

മത്സ്യവിഭവങ്ങൾക്ക് പ്രധാന്യം നൽകിക്കൊണ്ട് ഒരേ ബ്രാൻഡിൽ കടൽ കഫെ എന്ന പേരിൽ ഭക്ഷ്യ വിപണന ശ്യംഖല ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. തീരദേശ ജില്ലകളിൽ ഒരു കേന്ദ്രീകൃത കിച്ചൻ സജ്ജമാക്കിക്കൊണ്ട് പ്രധാന ലോക്കേഷനുകളിൽ 25–30 Take–away കൗണ്ടറുകൾ ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൂടുതൽ ഉപഭോക്താക്കളിലേക്ക് കടൽ കഫെ എത്തിക്കുന്നതിന്റെ ഭാഗമായി ആകർഷകമായും ഗുണനിലവാരത്തിലും Take–away കൗണ്ടറുകൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു.

മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി മത്സ്യഫെഡ് വഴി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി)/ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള വായ്പ പദ്ധതികൾ

(1) ടേം വായ്പകൾ

മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് വിവിധ തൊഴിൽ സംരംഭങ്ങളേറ്റെടുത്ത് നടത്തുന്നതിനായി ടേം വായ്പകൾ നൽകി വരുന്നു. ഈ

പദ്ധതി പ്രകാരം ആറ് ശതമാനം പലിശ നിരക്കിൽ 5 വർഷം കാലാവധിയ്ക്കാണ് വായ്പ നൽകി വരുന്നത്.

(2) മൈക്രോ ഫിനാൻസ് വായ്പ

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.എം.ഡി.എഫ്.സി.-യുടെയും, എൻ.ബി.സി.എഫ്.ഡി.സി.-യുടെയും ധനസഹായത്തോടെ മൈക്രോ ഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000/-രൂപ വരെ 5% പലിശ നിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിലാണ് പ്രസ്തുത വായ്പ നൽകി വരുന്നത്.

(3) പലിശ രഹിത വായ്പ പദ്ധതി

ഈ പദ്ധതി വഴി മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് വിവിധ ഘട്ടങ്ങളിലായി പലിശ രഹിത വായ്പ വിതരണം ചെയ്തുവരുന്നു. ആദ്യ വായ്പ 10,000/-രൂപ 1 വർഷ കാലാവധിയിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി 20,000/-രൂപ വിതരണം ചെയ്തുവരുന്നു. പലിശ രഹിത വായ്പയുടെ വിതരണത്തിനാവശ്യമായ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. -എന്നീ സ്ഥാപനങ്ങളിൽ

നിന്നും ലഭ്യമാക്കുകയും വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ ബജറ്റിൽ വകയിരുത്തി അനുവദിച്ച് നൽകുകയും ചെയ്യുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

സർക്കാർ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പുതിയ കെട്ടിട നിർമ്മാണം

260(4757) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ സർക്കാർ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി തീരദേശ വികസന കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ നിയോജക മണ്ഡലത്തിലെ ചാവക്കാട് ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ 3.45 ലക്ഷം രൂപയുടെ മെയിന്റനൻസ് വർക്ക് 2019-20 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ 2013-14 സാമ്പത്തിക വർഷത്തിൽ പതിമൂന്നാം ധനകാര്യ കമ്മീഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 132 ലക്ഷം രൂപ അടങ്കൽ തുകയിൽ ചാവക്കാട് ഗവണ്മെന്റ്

റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ പുതിയ അക്കാഡമിക് ബ്ലോക്ക്, സോളാർ ഹൈമാസ്റ്റ് ലൈറ്റ്, ബയോഗ്യാസ് പ്ലാന്റ്, സ്കൂളിലാവശ്യമായ ഫർണിച്ചറുകളും ഉപകരണങ്ങളും വിതരണം ചെയ്യൽ എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പത്ത് സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഘട്ടംഘട്ടമായി നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സ്കൂളിന്റെയും വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

തീരദേശത്തെ മാലിന്യനിർമ്മാർജനം

261(4758) ശ്രീ കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ടി.ഐ.മധുസൂദനൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വസാഗരം സുന്ദരതീരം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?

കടലിനെയും കടലോരത്തെയും പ്ലാസ്റ്റിക് മുക്തമാക്കി സ്വാഭാവിക ആവാസ വ്യവസ്ഥ വീണ്ടെടുക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് 'ശുചിത്വ സാഗരം സുന്ദര തീരം പദ്ധതി'. മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ, മറ്റ് സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ തുടങ്ങി മുഴുവൻ ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ കടലും, തീരവും പ്ലാസ്റ്റിക്ക് മുക്തമാക്കുക എന്നതാണ് ശുചിത്വ സാഗരം പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. സാധ്യമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ചുള്ള ബോധവൽകരണ പ്രവർത്തനങ്ങളാണ് ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കുന്നത്. 2022 ജൂൺ മാസം 8-ന് സംസ്ഥാനതല ഉദ്ഘാടനത്തോടുകൂടി ഒന്നാം ഘട്ടമായ ബോധവൽക്കരണ കാമ്പയിൻ ആരംഭിച്ചു. സെമിനാറുകൾ, ബിറ്റ് നോട്ടീസുകൾ, ബ്രോഷറുകൾ, കലാപരിപാടികൾ, റോഡ് ഷോകൾ, ബൈക്ക് റാലികൾ, മെഴുകുതിരി ജാഥ,

കടലോര നടത്തം, കുടുംബയോഗങ്ങൾ, വിദ്യാർത്ഥികൾക്കുള്ള ക്വിസ്സ് മത്സരങ്ങൾ, ചിത്രരചനാ മത്സരങ്ങൾ, സോഷ്യൽ മീഡിയ, എഫ്. എം. റേഡിയോ വഴിയുള്ള പ്രചരണം എന്നിവയിലൂടെയാണ് പ്രധാനമായും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചത്.

ഒരു ദിവസം നീണ്ടുനിൽക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണവും അതിന്റെ പുനരുപയോഗവുമാണ് രണ്ടാം ഘട്ടത്തിൽ നടക്കുന്നത്. 590 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന കേരളത്തിന്റെ കടൽത്തീരം പ്ലാസ്റ്റിക് മുക്തമാക്കുന്നതിന് പ്ലാസ്റ്റിക് നിർമാർജ്ജന യജ്ഞം സംഘടിപ്പിയ്ക്കാൻ ഉദ്ദേശിക്കുന്നു. ആയതിലേയ്ക്ക് ഓരോ കിലോമീറ്റർ വീതം ഗ്രഗിൾ മാപ്പ് ചെയ്ത് അടയാളപ്പെടുത്തുന്നതിനും, ഓരോ കിലോമീറ്ററിലും ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് 25 സന്നദ്ധ പ്രവർത്തകർ വീതമുൾപ്പെടുന്ന 600 ആക്ഷൻ ഗ്രൂപ്പുകളെ സജ്ജമാക്കുന്നതിനും, ഓരോ ആക്ഷൻ ഗ്രൂപ്പുകളും ശേഖരിയ്ക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് അതാത് ആക്ഷൻ കേന്ദ്രങ്ങളിൽ സംഭരിയ്ക്കുകയും ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ചുമതലയിൽ ഷ്രെഡിങ് യൂണിറ്റുകളിലേയ്ക്ക് മാറ്റി ശാസ്ത്രീയമായി സംസ്കരിയ്ക്കുകയും ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ശുചിത്വ സാഗരം സുന്ദര തീരം

പദ്ധതിയുടെ ആദ്യ രണ്ട് ഘട്ടങ്ങൾ പൂർത്തീകരിക്കുന്നതിന് 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടം 2025 ഏപ്രിൽ 11 -ന് നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ആയത് 9 തീരദേശ ജില്ലകളിലും നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരികയും ചെയ്യുന്നു.

ഹാർബറുകൾ കേന്ദ്രീകരിച്ച് കടലിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണവും, പുനരുപയോഗവും, തുടർ ക്യാമ്പയിനും ആണ് മൂന്നാം ഘട്ടത്തിൽ സംഘടിപ്പിയ്ക്കുന്നത്. 2018 വർഷം മുതൽ നീണ്ടകര ഹാർബർ കേന്ദ്രീകരിച്ച് ട്രോൾ ബോട്ട് ഉടമകളുടെയും തൊഴിലാളികളുടെയും സഹകരണത്തോടെ 'ശുചിത്വ സാഗരം' എന്ന പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ട്രോൾ വലകളിൽ കുടുങ്ങി ബോട്ടുകളിലേയ്ക്ക് എത്തിപ്പെടാറുണ്ട്. അങ്ങനെ എത്തിപ്പെടുന്ന പ്ലാസ്റ്റിക് തിരികെ കടലിലേയ്ക്ക് വലിച്ചെറിയാതെ പ്രത്യേകമായി നൽകുന്ന ബാഗുകളിലാക്കി കരയിലെത്തിക്കുകയും ഹാർബറിൽവെച്ച് പദ്ധതി പ്രവർത്തകർ അത് ഏറ്റുവാങ്ങി വൃത്തിയാക്കി റീസൈക്ലിംഗിന് വിധേയമാക്കി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതാണ് ശുചിത്വ സാഗരം പദ്ധതി. ലോക ശ്രദ്ധ പിടിച്ചുപറ്റിയ ഈ

പദ്ധതി സംസ്ഥാനത്തെ പൂർണ്ണ തോതിൽ പ്രവർത്തിക്കുന്ന മറ്റ് 20 ഹാർബറുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുക എന്നതാണ് മൂന്നാംഘട്ടത്തിൽ വിഭാവനം ചെയ്യുന്നത്. കടലും തീരവും പ്ലാസ്റ്റിക് മുക്തമാക്കുന്നതിനായി ഒന്നും രണ്ടും ഘട്ടങ്ങളിൽ നടപ്പാക്കുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ പ്രാദേശിക സർക്കാരുകളുടെ സഹകരണത്തോടെ തുടർവർഷങ്ങളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ക്യാമ്പയിൻ വിജയകരമായി നടപ്പിലാക്കുന്നതിന് സംസ്ഥാനതല, ജില്ലാതല, തദ്ദേശസ്വയംഭരണ സ്ഥാപനതല കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും പദ്ധതിയിൽ പങ്കാളികളാകുന്ന വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഫിഷറീസ് അഡീഷണൽ ഡയറക്ടർ അധ്യക്ഷയായുള്ള ഒരു സംസ്ഥാനതല ക്യാമ്പയിൻ സെല്ലും രൂപീകരിച്ചിട്ടുണ്ട്.

മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന വകുപ്പ് എന്ന നിലയിൽ ഫിഷറീസ് വകുപ്പും കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ്, വിനോദസഞ്ചാര വകുപ്പ്, പരിസ്ഥിതി വകുപ്പ്, ഹാർബർ എൻജിനീയറിംഗ് വകുപ്പ്, മത്സ്യഫെഡ് എന്നിവയിലെ ജില്ലാതല, പഞ്ചായത്ത്/വില്ലേജ്തല ഉദ്യോഗസ്ഥർക്കാണ്

പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രധാന ചുമതല. കൂടാതെ യൂത്ത് മിഷൻ, ഹരിതകേരള മിഷൻ, ഹരിതകർമ്മ സേന, ശുചിത്വ മിഷൻ, നെഹ്റു യുവകേന്ദ്ര, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, സാഫ്, കുടുംബശ്രീ, NCC, NSS, KSCADC, സ്റ്റേറ്റ് യൂത്ത് വെൽഫയർ ബോർഡ്, മത്സ്യ ബോർഡ്, KUFOS, MPEDA-NETFISH, മത്സ്യമേഖലയിലെ വിവിധ ട്രേഡ് യൂണിയനുകൾ, ബോട്ട് ഉടമ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സാമുദായിക, സാംസ്കാരിക സംഘടനകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ തീരദേശ ജില്ലകളിലും ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റികളും, പഞ്ചായത്ത് തല കോ-ഓർഡിനേഷൻ കമ്മിറ്റികളും രൂപീകരിയ്ക്കുകയും യോഗം ചേർന്ന് പ്രചാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. പ്രചാരണത്തിന്റെ ഭാഗമായി എല്ലാ മറൈൻ ജില്ലകളിലും കടലോര നടത്തം, മെഴുക് തിരി ജാഥകൾ, സെമിനാറുകൾ, ക്വിസ് മത്സരങ്ങൾ, ചിത്രരചനാ മത്സരങ്ങൾ, ഉപന്യാസ മത്സരങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. 2022-ലെ ഓണാഘോഷത്തിന്റെ ഭാഗമായി

നടന്ന ഘോഷയാത്രയിൽ ശുചിത്വ സാഗരം പദ്ധതിയുമായി ബന്ധപ്പെട്ട് അവതരിപ്പിച്ച ഫ്ലോട്ടിന് സംസ്ഥാന സർക്കാർ വകുപ്പുകൾ തമ്മിലുള്ള മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി. കൂടാതെ ലോക മത്സ്യകർഷക ദിനത്തിന്റെ ഭാഗമായി 2022 നവംബർ 18 മുതൽ 22 വരെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽവച്ച് നടന്ന മത്സ്യോത്സവത്തിൽ ടി പദ്ധതിയുടെ പ്രചരണാർഥം തയ്യാറാക്കിയ സ്റ്റാളിന് ഒന്നാം സ്ഥാനം ലഭിച്ചു. സ്കൂൾ കോളേജ് വിദ്യാർഥികളുടെ ഇടയിലും മത്സ്യത്തൊഴിലാളി മേഖലകളിലും അവബോധം സൃഷ്ടിക്കുന്നതിന് ഒന്നാംഘട്ട പ്രവർത്തനങ്ങളിലൂടെ ഇതിനകം സാധിച്ചിട്ടുണ്ട്.

രണ്ടാം ഘട്ടത്തിലേയ്ക്കുള്ള സന്നദ്ധ പ്രവത്തകരുടെ രജിസ്ട്രേഷൻ ആരംഭിക്കുകയും ഇതിനകം 1000-ത്തോളം പേർ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് ശുചിത്വസാഗരം പദ്ധതി 5-8-2017 മുതൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ കടലിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളും ബോട്ടുകളുടെ വലകളിൽ കുടുങ്ങുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളും ശക്തികുളങ്ങര ഭാഗത്തുനിന്ന് പോകുന്ന ബോട്ടുകളിൽ ശേഖരിച്ച് ശക്തികുളങ്ങര ഭാഗത്ത് എത്തിച്ച് വൃത്തിയാക്കി ഷെഡ്ഡ് ചെയ്ത് ടാറിങ് പ്രവൃത്തികൾക്ക് ഉപയോഗിച്ചുവരുന്നു. കൂടാതെ പ്ലാസ്റ്റിക് തരം

തിരിച്ച് സർക്കാരിന്റെ തന്നെ സംരംഭമായ Clean Kerala Company-ക്ക് നൽകുന്നുണ്ട്.

(ബി) ഹാർബറുകളിലെയും ലാൻഡിങ് സെന്ററുകളിലെയും മാലിന്യ നിർമ്മാർജനത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുവെന്ന് വിശദമാക്കുമോ?

മത്സ്യബന്ധന തുറമുഖങ്ങളിൽ ടോൾ ഏറ്റെടുക്കുന്ന കരാറുകാർ മുഖേന മാലിന്യ നിർമ്മാർജ്ജനം ചെയ്തുവരുന്നു. ഹാർബറിൽ ടോൾ എടുക്കുന്ന കരാറുകാരൻ മുഖേന സംഭരിച്ചുവച്ചിരിക്കുന്ന മാലിന്യങ്ങൾ എംപാനൽ ചെയ്ത കരാറുകാരൻ വഴി നീക്കം ചെയ്യുന്നതിനുള്ള നടപടി (ടി വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തി) സ്വീകരിക്കുന്നതാണ്. വികസനം നടപ്പാക്കി വരുന്ന തിരഞ്ഞെടുക്കപ്പെട്ട ഹാർബറുകളിൽ ആധുനിക രീതിയിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതുസംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നിരന്തര യോഗങ്ങളും നടത്തിവരുന്നുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പ് മുഖാന്തരം ഹാർബറുകൾ, ഫിഷ് ലാൻഡിങ് സെന്ററുകൾ, മത്സ്യഗ്രാമം, മാർക്കറ്റ് എന്നിവിടങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു.

(സി) എല്ലാ ഹാർബറുകളിലും മാലിന്യ സംസ്കരണ സംവിധാനം

ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. വിഴിഞ്ഞം, മുതലപ്പൊഴി, തങ്കശ്ശേരി, നീണ്ടകര, കായംകുളം, ചെല്ലാനം, ചേറ്റുവ, പൊന്നാനി, താനൂർ, ബേപ്പൂർ, വെള്ളയിൽ, പുതിയാപ്പ, കൊയിലാണ്ടി, ചോമ്പാൽ, തലായ്, മോപ്പിള ബേ എന്നീ ഹാർബറുകളിൽ നിലവിൽ നടന്നുവരുന്ന പദ്ധതികളിലുൾപ്പെടുത്തി ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിനുള്ള ബിന്നുകൾ ഒരു മാസത്തിനുള്ളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഹാർബറിൽ ടോൾ എടുക്കുന്ന കരാറുകാരൻ മുഖേന സംഭരിച്ചു വച്ചിരിക്കുന്ന മാലിന്യങ്ങൾ എംപാനൽ ചെയ്ത കരാറുകാരൻ വഴി നീക്കം ചെയ്യുന്നതിനുള്ള നടപടി (ടി വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തി) സ്വീകരിക്കുന്നതാണ്.

തങ്കശ്ശേരി ഹാർബറിൽ നിക്ഷേപിച്ചിരിക്കുന്ന മാലിന്യങ്ങളിൽ (Legacy waste) ഏകദേശം 120 ടൺ മാലിന്യം ക്ലീൻ കേരള കമ്പനി മുഖേന നീക്കം ചെയ്യുകയും ശേഷിക്കുന്ന 1000 ടൺ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള 80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 07-03-2025-ൽ ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

നീണ്ടകര ഹാർബറിൽ ഫിഷ് വേസ്റ്റ് പ്രോസസ്സിങ് പ്ലാന്റ് സ്വകാര്യ

പങ്കാളിത്തത്തോടെ സ്ഥാപിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ പരിശോധിച്ചുവരുന്നു.

തോട്ടപ്പള്ളി ഹാർബറിൽ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിനുള്ള ബിന്നുകൾ സ്ഥാപിക്കുകയും ടോൾ ഏറ്റെടുത്ത കരാറുകാരൻ എംപാനൽ ചെയ്ത കരാറുകാരനുമായി കരാറിലേർപ്പെട്ട് മാലിന്യങ്ങൾ നീക്കം ചെയ്തുവരുന്നു.

കണ്ണൂർ അഴീക്കൽ ഹാർബറിൽ ബിന്നുകൾ സ്ഥാപിച്ച് ഹരിത കർമ്മസേന മാലിന്യം ശേഖരിച്ച് നിർമ്മാർജനം ചെയ്തുവരുന്നു.

ഷിറിയ റിവർ ടെയ്നിങ് പ്രവൃത്തി

262(4759) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷിറിയ റിവർ ടെയ്നിങ് പ്രവൃത്തിക്കായി സി.ആർ.ഇസഡ്. അനുമതി ലഭ്യമാക്കാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിലെ ഷിറിയ റിവർ ടെയിനിങ് പ്രവൃത്തിക്കായി 26-02-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നം.122/2021/പി&ഇഎ പ്രകാരം

2430 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് കാലതാമസം ഒഴിവാക്കുന്നതിനായി CRZ Clearance അംഗീകാരം ഉടനടി ലഭ്യമാകുമെന്ന അനുമാനത്തിൽ പ്രവൃത്തി ഏർപ്പാടാക്കുകയും ചെയ്തിരുന്നു.

മേൽ പ്രവൃത്തിയുടെ CRZ Clearance ലഭ്യമാക്കുന്നതിനുള്ള അപേക്ഷ 09-02-2022-ന് KCZMA-യ്ക്ക് സമർപ്പിച്ചു. 26-02-2022-ന് നടന്ന CRZ Clearance Committee-യിൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന നടപ്പിലാക്കിയ മാതൃകാപഠന റിപ്പോർട്ട് ഏതെങ്കിലും അംഗീകൃത ഏജൻസിയെക്കൊണ്ട് വെറ്റ് ചെയ്ത് സമർപ്പിക്കാൻ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.ഐ.ടി. മദ്രാസിനെ ഇതിനായി ചുമതലപ്പെടുത്തുകയും 2023 ഫെബ്രുവരി മാസത്തിൽ ഐ.ഐ.ടി. മോഡൽ സ്റ്റഡി റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. ടി റിപ്പോർട്ട് CRZ Clearance ലഭിക്കുന്നതിനായി 16-03-2023-ൽ KCZMA-ക്ക് സമർപ്പിച്ചു. 30-06-2023-ന് കൂടിയ KCZMA-യുടെ 129-മത് മീറ്റിങ്ങിൽ വീണ്ടും ഒരു മോഡൽ സ്റ്റഡി നടത്താൻ നിർദേശിച്ചിരുന്നു. എന്നാൽ പിന്നീട് 15-09-2023-ന് കൂടിയ KCZMA-യുടെ 131-മത് യോഗത്തിൽ അപേക്ഷ വീണ്ടും പരിഗണിക്കുകയും കേരള സർക്കാർ സംസ്ഥാനത്തെ തീര പ്രദേശം മുഴുവനായും ഉൾപ്പെടുത്തി തയ്യാറാക്കുന്ന Comprehensive Shoreline Management Plan-ന്റെ അംഗീകാരം

ലഭിച്ചതിനുശേഷം മാത്രമെ ഷിറിയ റിവർ ടെയിനിങ്ങ് പദ്ധതിയുടെ CRZ Clearance പരിഗണിക്കാൻ കഴിയുകയുള്ളൂവെന്ന് തീരുമാനിച്ചതായി KCZMA അറിയിക്കുകയും ചെയ്തു. തുടർന്ന് CRZ Clearance ലഭിക്കുന്നതിനുള്ള കാലതാമസം കാരണം 23-12-2023-ന് കൂടിയ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് - Implementation Committee-യുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ 16-03-2024-ലെ സർക്കാർ ഉത്തരവ് (സാധാ) നം.105/2024/പി&ഇഎ പ്രകാരം പദ്ധതിയുടെ ഭരണാനുമതി റദ്ദ് ചെയ്തു. CRZ clearance ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

യുവതീയുവാക്കളെ മത്സ്യകൃഷിയിലേക്ക് ആകർഷിക്കുന്നതിന് സഹായം

263(4760) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യകൃഷിയിലൂടെ പ്രധാനമായും ഏതെല്ലാം മത്സ്യ ഇനങ്ങളെയാണ് വളർത്തുന്നത്?

നൈൽ തിലോപ്പിയ, ആസ്സാംവാള, വരാൽ, കറൂപ്പ്, കാരി, മുഷി, മഞ്ഞക്കൂരി, കരിമീൻ, കല്ലുമ്മേക്കായ, കാരചെമ്മീൻ, നാരൻ ചെമ്മീൻ, വനാമി ചെമ്മീൻ, ആറ്റുകൊഞ്ച്, കട്ല, രോഹു, മൃഗാൽ, സൈപ്രിനസ്, ഗ്രാസ് കാർപ്പ്, കാളാഞ്ചി

എന്നീ ഇനങ്ങളാണ് കൂടുതലായി മത്സ്യകൃഷിക്ക് ഉപയുക്തമാക്കുന്നത്.

(ബി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷിയിലൂടെ ഒരു വർഷം ശരാശരി എത്ര ടൺ മത്സ്യമാണ് ഉൽപാദിപ്പിക്കുന്നത്; ഇത് ആഭ്യന്തര ആവശ്യത്തിന്റെ എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷിയിലൂടെ 2023-24 വർഷം 40852 മെട്രിക് ടൺ മത്സ്യം ഉൽപാദിപ്പിച്ചിട്ടുണ്ട്. ഇത് ആഭ്യന്തര ആവശ്യത്തിന്റെ ഏകദേശം 5 ശതമാനം വരും.

(സി) യുവതീയുവാക്കളെ മത്സ്യകൃഷിയിലേക്ക് ആകർഷിക്കുന്നതിനും അതിലൂടെ അവർക്ക് മികച്ച വരുമാനം കണ്ടെത്താൻ പ്രാപ്തരാക്കുന്നതിനും എന്തെല്ലാം സാങ്കേതിക സാമ്പത്തിക സഹായങ്ങളാണ് വകുപ്പ് നൽകി വരുന്നത്; വിശദാംശം ലഭ്യമാക്കുമോ?

യുവതീ യുവാക്കളെ മത്സ്യകൃഷിയിലേക്ക് ആകർഷിക്കുന്നതിനും അതിലൂടെ അവർക്ക് മികച്ച വരുമാനം കണ്ടെത്താൻ പ്രാപ്തരാക്കുന്നതിനും സംസ്ഥാനത്ത് സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതി, പിന്നാമ്പുറങ്ങളിലെ മത്സ്യവിത്ത് ഉൽപാദന യൂണിറ്റ് തുടങ്ങിയ വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികൾ നിലവിലുണ്ട്. കൂടാതെ നൂതന മത്സ്യകൃഷിരീതികളുമായി ബന്ധപ്പെട്ട

പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനവും ധനസഹായവും നൽകുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യസമ്പദ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി അലങ്കാര മത്സ്യ യൂണിറ്റ്, ബയോഫ്ലോക്ക് തുടങ്ങി വിവിധങ്ങളായ മത്സ്യകൃഷി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മത്സ്യകൃഷി മേഖലയിൽ പ്രവർത്തിച്ചുവരുന്ന നൂതന മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കുന്ന യുവകർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനായി ഫിഷറീസ് വകുപ്പ് അക്വാകൾച്ചർ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

ഉൾനാടൻ മത്സ്യങ്ങളുടെ പ്രജനനം വർധിപ്പിക്കുന്നതിന് നടപടി

264(4761) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ഉൾനാടൻ മത്സ്യയിനങ്ങളാണ് വംശനാശ ഭീഷണി നേരിടുന്നതായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ ശുദ്ധജല മത്സ്യങ്ങളിൽ 53 എണ്ണം വംശനാശ ഭീഷണിയിലുള്ളവയാണ്. അതുകൂടാതെ, ഏഴിനം ശുദ്ധജല മത്സ്യയിനങ്ങൾ വംശനാശ ഭീഷണിയോടടുത്ത് നിൽക്കുന്നവയുമാണ്. മത്സ്യയിനങ്ങളുടെ വിവരം

അനുബന്ധമായി ചേർക്കുന്നു.[+]

(ബി) ഇവയുടെ പ്രജനനം വർധിപ്പിക്കുന്നതിനും ലഭ്യത ഉറപ്പുവരുത്തുന്നതിനും പരിഗണന നൽകുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

പരിഗണന നൽകുന്നതാണ്. നിരവധി വംശനാശ ഭീഷണി നേരിടുന്ന മത്സ്യങ്ങളുടെ കൃത്രിമ പ്രജനനത്തിനുള്ള സാങ്കേതിക വിദ്യ കുഫോസ് മുഖേന വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇവയുടെ കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് പൊതുജലാശയത്തിൽ നിക്ഷേപിക്കുന്ന പരിപാടികൾ വകുപ്പിന്റെ സഹായത്തോടെ നടന്നുവരുന്നുണ്ട്.

വംശനാശ ഭീഷണിയിലുള്ള തദ്ദേശീയ മത്സ്യയിനമായ 'മഞ്ഞക്കൂരി'യുടെ കൃത്രിമപ്രജനന സാങ്കേതികവിദ്യ കേരള ഫിഷറീസ് സമുദ്രപഠനസർവകലാശാല (കുഫോസ്) വികസിപ്പിച്ചെടുക്കുകയും ചാലക്കുടി നദിയിലെ പെരിങ്ങൽക്കുത്ത് അണക്കെട്ട്, ശാസ്താംകോട്ട തടാകം എന്നിവിടങ്ങളിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. 'ആശ്ചര്യപരൽ' എന്ന വംശനാശഭീഷണി നേരിടുന്ന മത്സ്യത്തിന്റെ കൃത്രിമ പ്രജനന സാങ്കേതികവിദ്യ ഫിഷറീസ് സമുദ്രപഠന സർവകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതുകൂടാതെ, വംശനാശ ഭീഷണിയിലുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെമ്പൻകൂരൽ, ചോരക്കനിയാൻ പരൽ, മൊടോൺ, കറുകഴുത്തൻ മഞ്ഞക്കൂരി എന്നിവയുടെ വിത്തുൽപ്പാദനത്തിനുള്ള ഒരു പദ്ധതി കേരള ജൈവ വൈവിധ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്

നാടൻ മത്സ്യങ്ങളുടെ സംരക്ഷണത്തിനും തദ്ദേശവാസികളുടെ ഉപജീവനത്തിനും ഉതകുന്ന രീതിയിൽ ഇടമലയാർ വനമേഖലയിൽ വനം - വന്യജീവി വകുപ്പ്, വൈദ്യുതി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ഒരു തദ്ദേശീയ മത്സ്യവിത്തുൽപാദനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സർവകലാശാല നടത്തിയിട്ടുണ്ട്.

മത്സ്യ ലഭ്യത ഉറപ്പ് വരുത്താൻ നടപടി

265(4762) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലാവസ്ഥാ വ്യതിയാനങ്ങളുടെയും മറ്റും ഭാഗമായി കടൽ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നത് കണക്കിലെടുത്ത് മത്സ്യ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഉൾനാടൻ മത്സ്യകൃഷി വ്യാപകമാക്കുന്നതിനും അതിലൂടെ ശുദ്ധജല മത്സ്യങ്ങളുടെ

ലഭ്യത ഉണ്ടാക്കിയെടുക്കുന്നതിനും എന്തെല്ലാം നടപടികളാണ് മത്സ്യവകുപ്പ് സ്വീകരിച്ച് വരുന്നത്; വിശദാംശം ലഭ്യമാക്കുമോ?

കാലാവസ്ഥാ വ്യതിയാനങ്ങളുടെയും മറ്റും ഭാഗമായി കടൽ മത്സ്യ സമ്പത്ത് കുറഞ്ഞുവരുന്നത് കണക്കിലെടുത്ത് സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും മത്സ്യോൽപാദനം വർധിപ്പിക്കുന്നതിനുമായി സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി/ജനകീയ മത്സ്യകൃഷി പദ്ധതി, ഉൾനാടൻ ജല ആവാസ വ്യവസ്ഥ സംയോജിത മത്സ്യ വിഭവ പരിപാലനം, ജലവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും, കേരള റിസർവോയർ ഫിഷറീസ് വികസന പദ്ധതി, പിന്നാമ്പുറങ്ങളിലെ മത്സ്യ വിത്ത് ഉൽപാദന യൂണിറ്റ് തുടങ്ങിയ വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളും, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യസമ്പദ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി വിവിധ മത്സ്യ കൃഷി പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടി മത്സ്യകൃഷി രീതികൾക്ക് ആവശ്യമായ ഗുണമേന്മയുള്ള മത്സ്യ വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഹാച്ചറികളിലെ മത്സ്യ വിത്തുൽപാദനം വർധിപ്പിക്കുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

266(4763) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികമേഖലയിൽ ഗണ്യമായ പങ്കുവഹിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തെ സംബന്ധിച്ച് എന്തെങ്കിലും പഠനമോ വിലയിരുത്തലുകളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ മുഖ്യപങ്ക് വഹിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തെ സംബന്ധിച്ച് പഠിക്കുന്നതിനായി ഓരോ പത്തുവർഷം കൂടുമ്പോഴും ഫിഷറീസ് വകുപ്പ് സാമൂഹിക - സാമ്പത്തിക സെൻസസ് നടത്തിവരുന്നു. കേരളത്തിലെ കടൽ മേഖലയിലും ഉൾനാടൻ മേഖലയിലും തൊഴിലെടുക്കുന്ന മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥയെ സംബന്ധിച്ചാണ് വിവര ശേഖരണം നടത്തുന്നത്. 2023 വർഷത്തിൽ എല്ലാ മത്സ്യതൊഴിലാളി കുടുംബങ്ങളുടെയും 100% GIS (Geographic

Information System) അധിഷ്ഠിത വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത്. സെൻസസ് റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മത്സ്യത്തൊഴിലാളികൾക്ക് സാമൂഹിക-സാമ്പത്തിക-ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ പുരോഗതി കൈവരിക്കാൻ സഹായകമായി സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷം 26-12-2019-ലെ സർക്കാർ സ.ഉ(സാധാ)നം.1009/2019/മത്സ്യ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കിവരുന്നു. ഇത്തരത്തിൽ മാറിതാമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം

രൂപയാണ്. പുനർഗേഹം പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും 20-12-2021-ലെ G.O (P) No. 130/2021/TAXES, 20-12-2021-ലെ G.O (P) No. 131/2021/TAXES (അസാധാരണ ഗസ്റ്റ് S.R.O നം.962&963) എന്നിവ പ്രകാരവും ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ചെലവാകുന്ന തുകകൂടി ഇപ്രകാരം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.

വേലിയേറ്റ രേഖയിൽനിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗനിർദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം അനുവദിക്കുന്നതിനുള്ള പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും 05-01-2024-ലെ സ.ഉ. (കൈ) നം.1/2024/F&P നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

പദ്ധതി പ്രകാരം 9098 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4414 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3812 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2446 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. 1366 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), കൊല്ലം ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128) എന്നീ കെട്ടിട സമുച്ചയങ്ങൾ (ആകെ 390) നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

ഇപ്രകാരം 2836 കുടുംബങ്ങളെ (2446+390) പൂർണ്ണമായും പുനരധിവസിപ്പിച്ചിട്ടുണ്ട്.

പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾക്കായി ആലപ്പുഴ ജില്ലയിലെ മണ്ണംപുറത്ത് 204 ഫ്ലാറ്റുകൾ, തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (400), മലപ്പുറം ജില്ലയിലെ നിറമരുതൂർ (16), പൊന്നാനി ഫേസ് II (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

കടകംപള്ളിയിൽ ഭരണാനുമതി ലഭിച്ച 168 ഫ്ലാറ്റുകളുടെയും വലിയതുറ സെന്റ് ആന്റണീസിൽ ഭരണാനുമതി ലഭിച്ച (24) ഫ്ലാറ്റുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. വിവിധ ജില്ലകളിലായി പദ്ധതി പ്രകാരം പുനരധിവസിപ്പിക്കേണ്ട ഗുണഭോക്താക്കൾക്കായി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി എല്ലാ വർഷവും 'തീരോന്നതി' പദ്ധതിയിലുൾപ്പെടുത്തി മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും തുടർ ചികിത്സ നിർദ്ദേശവും സൗജന്യ മരുന്നുവിതരണവും ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. തീരദേശ വിദ്യാഭ്യാസ മേഖലയിലെ ഉന്നമനത്തിനായി വിദ്യാഭ്യാസ ആനുകൂല്യവും സ്കോളർഷിപ്പുകളും നല്കി വരുന്നുണ്ട്. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളായ പ്രീ മെടിക്ക് സ്കോളർഷിപ്പ്, പോസ്റ്റ് മെടിക് സ്കോളർഷിപ്പ് എന്നിവയും 'വിദ്യാതീരം' പദ്ധതിയിലൂടെ സൗജന്യ മെഡിക്കൽ എൻടൻസ് കോച്ചിങ്, സൗജന്യ സിവിൽ സർവീസ് കോച്ചിങ്,

NIT/IIT കോച്ചിങ്, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്, ഫർണിച്ചർ തുടങ്ങിയവയുടെ വിതരണം എന്നിവയും നടപ്പിലാക്കി വരുന്നു. ദത്തെടുക്കൽ പദ്ധതിപ്രകാരം രക്ഷിതാക്കൾ രണ്ടും രോഗബാധിതരായി കിടപ്പിലായതോ മരണമടഞ്ഞതോ ആയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം നൽകിവരുന്നുണ്ട്. കൂടാതെ തൊഴിൽ തീരം പദ്ധതിവഴി മത്സ്യത്തൊഴിലാളി വിഭാഗങ്ങളിലെ തൊഴിലന്വേഷകരായ മുഴുവൻ ആളുകളെയും വൈജ്ഞാനിക തൊഴിൽ മേഖലയിൽ എത്തിക്കുന്നതിനും, തൊഴിൽ മേളകളുൾപ്പടെ നടത്തി ഒരു കുടുംബത്തിൽ നിന്നും ഒരാൾക്ക് മത്സ്യബന്ധനം അല്ലാതെ ഒരു തൊഴിൽ ഉറപ്പാക്കാനും അതുവഴി മത്സ്യതൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനും ലക്ഷ്യമിടുന്നു. ജില്ലയിൽ ഫിഷറീസ് വകുപ്പ് നേരിട്ട് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായി റസിഡൻഷ്യൽ സ്കൂൾ നടത്തുന്നുണ്ട്. ടി സ്കൂളിൽ എല്ലാ ആധുനിക പഠന സൗകര്യങ്ങളും സൗജന്യമായി നൽകി മികച്ച പഠന നിലവാരം ഉറപ്പാക്കുന്നു. മത്സ്യത്താഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഭാവിയിൽ മികച്ച കോഴ്സുകൾ തെരഞ്ഞെടുക്കാൻ സഹായിക്കും വിധം കരിയർ ഗൈഡൻസ് ക്യാമ്പുകൾ, ബോധവൽക്കരണ കാമ്പുകൾ എന്നിവ

നടത്തുന്നുണ്ട്.

മത്സ്യത്തൊഴിലാളി വനിതകൾക്ക് സാമൂഹിക, സാമ്പത്തിക, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ പുരോഗതി കൈവരിക്കുവാൻ സഹായകമായി സാഫ് മുഖേന സ്വീകരിച്ചുവരുന്ന പ്രധാന പദ്ധതികൾ താഴെ ചേർക്കുന്നു.

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ.)

മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്ഥിരതൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനായി 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകളെയുൾപ്പെടുത്തി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു. ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കും. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക്‌ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു. രണ്ട് ഘട്ടങ്ങളിലായാണ് യൂണിറ്റുകൾക്ക് ഗ്രാൻഡ് അനുവദിക്കുന്നത്. സ്ഥിരാസ്ഥികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട

സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരം തൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കും. യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പിനായി പലിശരഹിത റിവോൾവിങ് ഫണ്ട്, ടെക്നോളജി ഇംപ്രൂവ്മെന്റ്, ബാങ്ക് ലോണിന് പലിശ സബ്സിഡി എന്നീ ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി.)

മത്സ്യ അനുബന്ധ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന JLG project പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെയുൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിച്ചിരിക്കുന്നത്. ഗ്രൂപ്പ് അംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/-രൂപ വീതം ഒരു ഗ്രൂപ്പിന് 50000/-രൂപ പലിശ രഹിത റിവോൾവിങ് ഫണ്ടായി നൽകുന്നു. റിവോൾവിങ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കും എന്നതിനാൽ പ്രവർത്തനമൂലധനത്തിന്റെ

ലഭ്യത നീണ്ടകാലത്തേക്ക് ഉറപ്പുവരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. ഈ യൂണിറ്റുകൾക്ക് അനുവദിച്ച റിവോൾവിങ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20000 രൂപ) വരെ തുടർ ഘട്ടങ്ങളിൽ അനുവദിക്കുന്നു.

ഡിജിറ്റൽ മീഡിയ ആൻഡ് മാർക്കറ്റിങ്

മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ള 55 അഭ്യസ്തവിദ്യരായ വനിതകൾക്ക് ASAP (Additional Skill Acquisition Programme Kerala) മുഖേന Digital Media & Marketing-ൽ 3 മാസത്തെ Online Course നൽകി. സാഫ് യൂണിറ്റുകളിൽ 6 മാസത്തെ ഫീൽഡുതല പ്രായോഗിക പരിശീലനവും നൽകി.

മത്സ്യത്തൊഴിലാളികൾക്ക് സാമൂഹിക, സാമ്പത്തിക, ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ പുരോഗതി കൈവരിക്കുന്നതിനായി ചുവടെപ്പറയുന്ന പദ്ധതികൾ മത്സ്യഫെഡ് വഴി നടപ്പിലാക്കിവരുന്നു.

1. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി.) ധന സഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി.)

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണ വായ്പ

നൽകിവരുന്നു. പ്രസ്തുത വായ്പ 2018-2019 വർഷം മുതൽ പലിശ രഹിതമായിട്ടാണ് നടപ്പിലാക്കിവരുന്നത്.

2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.)/ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള വായ്പ പദ്ധതികൾ.

a) ടേം വായ്പകൾ

മത്സ്യത്തൊഴിലാളികൾക്ക് വിവിധ തൊഴിൽ സംരംഭങ്ങളേറ്റെടുത്ത് നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ നൽകിവരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ ആറ് ശതമാനം പലിശ നിരക്കിൽ മൂന്ന് വർഷ കാലാവധിയിലും സ്വയം തൊഴിൽ സംരഭങ്ങൾക്ക് നൽകുന്ന വായ്പ അഞ്ച് വർഷം കാലാവധിയിലുമാണ് വിതരണം ചെയ്തുവരുന്നത്.

ബി) മൈക്രോ ഫിനാൻസ് വായ്പ

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ

സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി.-യുടെയും എൻ.എം.ഡി.എഫ്.സി.-യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തുവരുന്നു. ഒരാൾക്ക് പരാമാവധി 60000/- രൂപ വരെ 5 ശതമാനം പലിശ നിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിലാണ് പ്രസ്തുത വായ്പ നൽകിവരുന്നത്.

സി) പലിശ രഹിത വായ്പ പദ്ധതി

ഈ പദ്ധതിവഴി മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് വിവിധ ഘട്ടങ്ങളിലായി പലിശ രഹിത വായ്പ വിതരണം ചെയ്തുവരുന്നു. ആദ്യ വായ്പ 10000/രൂപ ഒരു വർഷ കാലാവധിയിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി 20000/-രൂപ വിതരണം ചെയ്തുവരുന്നു. പലിശ രഹിത വായ്പയുടെ വിതരണത്തിനാവശ്യമായ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുകയും വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ ബജറ്റിൽ വകയിരുത്തി അനുവദിച്ച് നൽകുകയും ചെയ്യുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഡി) മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കിവരുന്നു.

ഇ) വിദ്യാഭ്യാസ അവാർഡ് മികവ്

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കളിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടുന്നവർക്ക് വിദ്യാഭ്യാസ അവാർഡ് (ക്യാഷ് അവാർഡും സ്മരണികയും) നൽകിവരുന്നു.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി സാമൂഹിക, സാമ്പത്തിക, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ പുരോഗതി കൈവരിക്കുന്നതിനുവേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ടി മത്സ്യബോർഡിന്റെ തുടക്കം മുതൽ നടപ്പാക്കിവരുന്ന പദ്ധതിയാണിത്. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം പൂർണ്ണമായും സർക്കാരിൽ നിന്നും ലഭിക്കുന്നു. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ലെന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

2. <u>മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം</u>

മത്സ്യബന്ധന സമയത്തോ, തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരിക്കുകയും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ആശ്രിതർക്ക് നൽകുന്ന സാമ്പത്തിക സഹായം 1,00,000/- രൂപയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. വിവാഹ ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 25,000/- രൂപയാണ്.

4. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി

മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരണമടയുമ്പോൾ ശവസംസ്കാര ചെലവുകൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം നൽകുന്ന സാമ്പത്തിക സഹായം 2,000/-രൂപയാണ്.

5. വാർദ്ധക്യകാല പെൻഷൻ

വാർധക്യകാലത്ത് വരുമാന മാർഗമൊന്നുമില്ലാതെ കഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 1600/- രൂപയാണ്.

6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായ പദ്ധതി

അപകടംമൂലം താൽക്കാലികമായി തൊഴിൽ ചെയ്യാൻ കഴിയാതെ വരുന്ന

കാലത്തേക്ക് ഉപജീവനത്തിനുള്ള ആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പരമാവധി 500/- രൂപയാണ് ധനസഹായം.

7. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി.

മത്സ്യത്തൊഴിലാളികൾ ഏത് സാഹചര്യത്തിൽ മരിച്ചാലും ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 15,000/- രൂപയാണ്.

8. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്

വിദ്യാഭ്യാസ പുരോഗതി നേടുന്നതിന് മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർഥികൾക്ക് പ്രോത്സാഹനം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി.

ക്യാഷ് അവാർഡ് തുക

1. സംസ്ഥാന തലത്തിൽ എല്ലാ വിഷയങ്ങളിലും A+ നേടുന്നവർക്ക്- 5,000/-രൂപ
2. സംസ്ഥാന തലത്തിൽ 9 വിഷയങ്ങളിൽ A+ നേടുന്നവർക്ക് - 4,000/- രൂപ
3. സംസ്ഥാന തലത്തിൽ 8 വിഷയങ്ങളിൽ A+ നേടുന്നവർക്ക് - 3,000/- രൂപ
4. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർഥികൾക്ക് (ഓരോ സ്കൂളിലെയും) 3,000/-രൂപ

ക്യാഷ് അവാർഡിനു പുറമെ മെറിറ്റ് സർട്ടിഫിക്കറ്റുകളും മൊമെന്റോയും

നൽകുന്നതാണ്.

9. കുടുംബ സംവിധാന പദ്ധതി

വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും പുരുഷൻമാർക്കും സാമ്പത്തിക സഹായം നൽകിക്കൊണ്ട് കുടുംബ സംവിധാനത്തിന് പ്രോത്സാഹനം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 500/- രൂപയാണ്.

10. മാരകരോഗ ചികിത്സാ പദ്ധതി

മാരകരോഗങ്ങൾ പിടിപെട്ട് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ധ ചികിത്സയ്ക്കുവേണ്ട ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള പരമാവധി ധനസഹായം 50,000/-രൂപയാണ്.

പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും

1. ഹൃദ്രോഗം പരമാവധി 50,000/- രൂപ

2. വൃക്കരോഗം പരമാവധി 50,000/- രൂപ

3. ക്യാൻസർ പരമാവധി 50,000/- രൂപ

4. തലച്ചോറിലെ ട്യൂമർ പരമാവധി 50,000/- രൂപ

5. തളർവാതം പരമാവധി 12,000/- രൂപ

6. ചികിത്സിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം പരമാവധി 5,000/- രൂപ.

11. ചെയർമാൻസ് റിലീഫ് ഫണ്ട്

അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾമൂലവും പ്രകൃതി ക്ഷോഭങ്ങൾമൂലവും ദുരിതമനുഭവിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. അപകടംമൂലം ഗുരുതരമായ പരുക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുക, അപകടംമൂലം മത്സ്യത്തൊഴിലാളി മരണമടയുകയും കുടുംബാംഗങ്ങൾക്ക് നിത്യവൃത്തിക്ക് മാർഗമില്ലാതാവുകയും ചെയ്യുക, അപകടംമൂലമുള്ള രക്ഷാ പ്രവർത്തനങ്ങളിലേർപ്പെട്ട് പരിക്കുപറ്റുക, തീപിടുത്തം മുതലായവ നിമിത്തം വീടിനും വീട്ടുപകരണങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിക്കുക, അഭയാർഥി ക്യാമ്പുകളിൽ പ്രവേശിപ്പിക്കപ്പെടുക, പാമ്പ്, പേ നായ എന്നിവ കടിച്ചതുമൂലവും തീപ്പൊള്ളലേറ്റും ഇലക്ട്രിക് ഷോക്കേറ്റും അടിയന്തര ചികിത്സ വേണ്ടി വരിക, മത്സ്യബന്ധന വേളയിൽ കാണാതാകുന്നവരുടെ കുടുംബത്തിന് ദുരിതമുണ്ടാവുക തുടങ്ങിയ അവസരങ്ങളിൽ സാഹചര്യത്തിന്റെ ഗൗരവമനുസരിച്ച് 500/-രൂപ മുതൽ പരമാവധി 5,000/—രൂപ വരെ ധനസഹായം അനുവദിക്കുന്നു.

12. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ക്ഷേമം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. മത്സ്യത്തൊഴിലാളി വനിതകൾക്കും മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷാ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ധനസഹായതുക 750/- രൂപയാണ്.

13. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി. ഹയർ സെക്കൻഡറി (+2) വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ലഭിക്കുന്ന വിദ്യാർഥികൾക്ക് ഈ പദ്ധതി പ്രകാരം പ്രോത്സാഹന ധനസഹായം 5000/- രൂപയാണ്.

14. വിധവ പെൻഷൻ

മത്സ്യത്തൊഴിലാളികളുടെ മരണംമൂലം നിരാലംബരായി തീരുന്ന അവരുടെ ഭാര്യമാർക്ക് ആശ്വാസ ധനസഹായമെന്ന നിലയിൽ പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. മത്സ്യബോർഡിൽ വിഹിതമടച്ച് അംഗത്വമെടുത്തശേഷം വാർധക്യകാല പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ

തുക ഒരു ഗഡുപോലും കൈപറ്റുന്നതിനു മുമ്പായി മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 1600/- രൂപ നൽകിവരുന്നു.

15. കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി

മത്സ്യത്തൊഴിലാളികളുടെ മക്കളിൽ കായിക മത്സരങ്ങളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ഗ്രൂപ്പ് അടിസ്ഥാനത്തിലും വിജയം കൈവരിക്കുന്നവർക്ക് ക്യാഷ് അവാർഡും മെറിറ്റ് സർട്ടിഫിക്കറ്റും മെമന്റോയും നൽകുന്നു.

എ) ദേശീയതലത്തിൽ (വ്യക്തിഗതം)

ഒന്നാം സ്ഥാനം നേടുന്നവർക്ക് : 10,000/- രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക് : 8,000/- രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക് : 5,000/- രൂപ

ബി) ദേശീയതലത്തിൽ (ഗ്രൂപ്പ് അടിസ്ഥാനത്തിൽ)

ഒന്നാം സ്ഥാനം നേടുന്നവർക്ക് : 8,000/- രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക് : 5,000/- രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക് : 3,000/- രൂപ

സി) സംസ്ഥാനതലത്തിൽ (വ്യക്തിഗതം)

ഒന്നാം സ്ഥാനം നേടുന്നവർക്ക് : 5,000/- രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക് : 3,000/- രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക് : 2,000/- രൂപ

ഡി) സംസ്ഥാനതലത്തിൽ /ഗ്രൂപ്പ് അടിസ്ഥാനത്തിൽ)

ഒന്നാം സ്ഥാനം നേടുന്നവർക്ക് : 3,000/- രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക് : 2,000/- രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക് : 1,000/- രൂപ

16. ബോർഡിന്റെ പ്രത്യേക ധനസഹായം-

ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ നിശ്ചിത തുക ധനസഹായമായി ബോർഡ് യോഗത്തിന്റെ തീരുമാന പ്രകാരം അനുവദിക്കുന്നു.

പ്രത്യേക പദ്ധതികൾ

1. തണൽ

സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളി -അനുബന്ധ തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ്

തണൽ. ഫിഷറീസ്-തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം FIMS-ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും 1350/-രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

2. സാന്ത്വനതീരം

മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെയും അനുബന്ധതൊഴിലാളികളുടെയും പെൻഷണർമാരുടെയും തുടർ ചികിൽസ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് സാന്ത്വനതീരം പദ്ധതി. ഈ പദ്ധതി പ്രകാരം ഡയാലിസിസ്, കാൻസർ ചികിത്സ, തളർവാതം, കിടപ്പുരോഗം, സ്ത്രീ സംബന്ധമായ രോഗങ്ങൾ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള ചികിത്സ, കരൾ രോഗത്തിനുള്ള ചികിത്സ, ഓട്ടിസം/മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ചികിത്സ എന്നിവയ്ക്കുള്ള തുടർ ചികിത്സ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്. സാന്ത്വനതീരം പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികൾക്കുള്ള പുതിയ പദ്ധതികൾ

1. സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായി ധനസഹായം നൽകുന്ന പദ്ധതി.

MBBS, BDS, BAMS, BHMS, പാരാമെഡിക്കൽ കോഴ്സുകൾ എന്നീ പ്രൊഫഷണൽ മെഡിക്കൽ കോഴ്സുകൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭ്യമാകാത്തതിനാൽ സ്വാശ്രയ കോളേജുകളിലോ വിദേശത്തോപോയി പഠിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

2. ക്ഷേമനിധി അംഗങ്ങളുടെ ഭാര്യക്കും/ഭർത്താവിനും മൈനറായ കുട്ടികൾക്കും മാരകരോഗം സംഭവിച്ചാൽ ചികിത്സാ സഹായം നൽകുന്നതിനുള്ള പദ്ധതി.

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും കുടുംബത്തിന് മികച്ച ചികിത്സ ഉറപ്പുവരുത്തുന്നതിനും മാരകരോഗം മൂലമുണ്ടാകാവുന്ന അപ്രതീക്ഷിത സാമ്പത്തിക പ്രതിസന്ധികളിൽ താങ്ങാകുന്നതിനുംവേണ്ടി മത്സ്യ അനുബന്ധത്തൊഴിലാളികളുടെയും ഭാര്യക്കോ ഭർത്താവിനോ 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്കോ മാരകരോഗ ചികിത്സയ്ക്കായി പരമാവധി 25000 രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

3. ഗ്രന്ഥശാല നവീകരിക്കുന്നതിനുള്ള പദ്ധതി

ഗ്രന്ഥശാലകൾ നവീകരിക്കുന്നതുവഴി ലക്ഷ്യബോധ്യമുള്ള മത്സ്യത്തൊഴിലാളി സമൂഹത്തെ വാർത്തെടുക്കുന്നതിനും അതുവഴി നാടിന്റെ സാംസ്കാരിക ഉന്നമനത്തിനും വേണ്ടിയുള്ള പദ്ധതിയാണിത്. പ്രസ്തുത പദ്ധതിക്കായി ഫിഷറീസ് ഓഫീസ് പരിധിയിലെ തിരഞ്ഞെടുക്കപ്പെടുന്ന ഗ്രന്ഥശാലയ്ക്ക് 20,000/-രൂപ വീതം ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നു.

4. മത്സ്യബോർഡിനുവേണ്ടി രക്ഷാസേന രൂപീകരിക്കൽ

പെട്ടെന്നുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങളും അപകട സാധ്യതകളും മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനും അപകട സാഹചര്യത്തിൽ പ്രവർത്തിക്കുന്നതിനുമായി രക്ഷാസേനയെ രൂപീകരിക്കുന്ന പദ്ധതിയാണിത്.

5. മത്സ്യ, അനുബന്ധത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി

മത്സ്യബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങളും ക്ഷേമനിധി ബോർഡ് മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങളും മത്സ്യ, അനുബന്ധത്തൊലാളി സമൂഹത്തിൽ എത്തിക്കുന്നതിനും അവരിൽ ആയത് സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. ഓരോ ജില്ലകളിലും പദ്ധതി

നടത്തിപ്പിനായി ജില്ലാ അടിസ്ഥാനത്തിൽ 15,000/- രൂപ ബന്ധപ്പെട്ട റീജിയണൽ എക്സിക്യൂട്ടീവിന് അനുവദിക്കുന്നു.

6. മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി

അപകടങ്ങളിൽപ്പെടുന്ന യാനങ്ങൾക്കും അവയിലെ ഉപകരണങ്ങൾക്കും ഉണ്ടാകാവുന്ന നഷ്ടം നികത്തുന്നതിനായി മത്സ്യബന്ധന യാനങ്ങൾക്കും വല തുടങ്ങിയ മത്സ്യബന്ധന ഉപകരണങ്ങൾക്കും അപകടങ്ങളിൽ നഷ്ടം സംഭവിക്കുമ്പോൾ ഉടമസ്ഥർക്കുണ്ടാകുന്ന നഷ്ടം ലഘൂകരിക്കുന്നതിന് പരമാവധി ഒരു ലക്ഷം രൂപ വരെ ആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

7. കായിക വിനോദ മത്സരത്തിൽ ഉന്നത വിജയം നേടുന്നവർക്ക് തുടർപരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി

സംസ്ഥാന തലത്തിലും ദേശീയ തലത്തിലുമുള്ള മത്സരങ്ങളിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ വിജയിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും മക്കൾക്ക് അംഗീകൃത പരിശീലകനിൽനിന്നും അംഗീകൃത പരിശീലന സ്ഥാപനത്തിൽനിന്നും തുടർ പരിശീലനം നേടുന്നതിനായി ഒരു ഗുണഭോക്താവിന് 50,000/- രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

8. <u>അന്താരാഷ്ട്ര കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന് യാത്രാചെലവിനായി ധനസഹായം നൽകുന്ന പദ്ധതി</u>

ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കളിൽ ദേശീയതലത്തിലും സംസ്ഥാനതലത്തിലും വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കായിക മേഖലയിൽ മികച്ച വിജയം നേടി അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടിയ മികച്ച കായിക പ്രതിഭകൾ യാത്രാചെലവിനത്തിൽ വരുന്ന ഭാരിച്ച സാമ്പത്തിക ബാധ്യതമൂലം ഇത്തരം മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കാതെ വരുന്ന അവസരങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ഇത് പരിഹരിക്കുന്നതിനായി ഇത്തരം പ്രതിഭകൾക്ക് യാത്രാചെലവിനായി ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടിയ കായിക പ്രതിഭകളുടെ യാത്രാച്ചെലവിനായി പരമാവധി ഒരാൾക്ക് ഒരു ലക്ഷം രൂപയാണ് ധനസഹായം അനുവദിക്കുന്നത്.

9. <u>അംഗവൈകല്യം സംഭവിച്ച തൊഴിലാളിക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം</u>

മത്സ്യബന്ധനത്തിൽ/അനുബന്ധത്തൊഴിലിൽ ഏർപ്പെടുന്നതിനിടെയുള്ള അപകടത്തിൽ അംഗവൈകല്യം സംഭവിച്ച് തൊഴിൽ ചെയ്യാൻ

സാധിക്കാത്തവർക്ക് തൊഴിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതിയിൽ ഒരു ഗുണഭോക്താവിന് നൽകുന്ന ധനസഹായം 25,000/- രൂപയാണ്.

10. 60 വയസ്സ് കഴിഞ്ഞവരെ ആദരിക്കുന്നതിനുള്ള പദ്ധതി

ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി വിരമിച്ച 60 വയസ്സ് പൂർത്തിയാക്കിയ ക്ഷേമനിധി ബോർഡ് അംഗങ്ങളെ ആദരിക്കുന്നതിനുള്ള പദ്ധതിയാണിത്. ഓരോ ഫിഷറീസ് ഓഫീസിനും പദ്ധതി നടത്തിപ്പിനായി പരമാവധി 10,000/- രൂപ അനുവദിക്കുന്നതാണ്.

11. പ്രതിഭകളെ ആദരിക്കുന്ന പദ്ധതി

കലാ, വിദ്യാഭ്യാസ രംഗങ്ങളിൽ കഴിവ് തെളിയിച്ചിട്ടുള്ള പ്രതിഭകളെ ആദരിക്കുന്നതിനുള്ള പദ്ധതിയാണിത്. ഓരോ ജില്ലയിലും പദ്ധതി നടത്തിപ്പിനായി പരമാവധി 40,000/- രൂപ അനുവദിക്കുന്നു.

12. ചെയർമാന്റെ ദുരിതാശ്വാസ നിധി

അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾമൂലവും പ്രകൃതി ക്ഷോഭങ്ങൾമൂലവും ദുരിതമനുഭവിക്കേണ്ടി വരുന്ന മത്സ്യ, അനുബന്ധത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനായി ബോർഡ്

ചെയർമാൻ അനുവദിക്കുന്ന അടിയന്തര ധനസഹായ പദ്ധതിയാണിത്. പരമാവധി 25,000/- രൂപ അനുവദിക്കുന്നു.

13. ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർധിപ്പിക്കൽ.

ക്ഷേമനിധി അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി നിലവിലെ ഫിഷറീസ് ഓഫീസുകളുടെ പരിമിതികൾ പരിഹരിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, ഫിഷറീസ് സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ ധനസഹായം ലഭ്യമാക്കി നടപ്പാക്കുന്ന പദ്ധതിയാണിത്.

മത്സ്യ വിഭവ സംരക്ഷണവും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും മുൻനിർത്തി കെ.എം.എഫ്.ആർ. ആക്ട് കാലോചിതമായി പരിഷ്കരിക്കുകയും കെ.എം.എഫ്.ആർ. ചട്ടങ്ങൾ രൂപീകരിച്ച് പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കുകയും പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിൽ മത്സ്യബന്ധന സമ്മർദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും 250 HP വരെ എഞ്ചിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്ക്

മാത്രമായി തീരക്കടലിൽ (കരയിൽ നിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. പേഴ്സ് സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നീ നശീകരണ മത്സ്യബന്ധന രീതികൾ KMFR Act, KMFR Rules എന്നിവയുടെ അടിസ്ഥാനത്തിൽ നിരോധിച്ചു. നിയമ ലംഘനങ്ങൾക്ക് വർധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്തുപ്രവർത്തിക്കുന്ന ബോട്ട് ബിൽഡിങ് യാർഡുകൾക്കും മത്സ്യബന്ധന വല നിർമ്മാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർധിപ്പിച്ച് കാലാകാലങ്ങളിൽ നടപ്പിലാക്കിവരുന്നു. ചെറുമത്സ്യങ്ങളെ പിടിച്ച് വളത്തിനും മറ്റുമായി ഉപയോഗപ്പെടുത്തുന്നത് മത്സ്യ ശോഷണത്തിന് ഹേതുവാകുമെന്ന് മനസ്സിലാക്കി CMFRI-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തീരക്കടലിൽ സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (MLS) നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് ശക്തമായി നടപ്പിലാക്കിവരികയും ചെയ്യുന്നു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി ആരംഭിക്കുകയും തുടർന്നു വരികയും ചെയ്യുന്നു. വിവിധ മത്സ്യ വർഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് കണ്ടൽക്കാടുകൾ വച്ച്

പിടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സമുദ്ര മത്സ്യബന്ധന മേഖലയിൽ വിഭവ പരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ത്രിതല മാനേജ്മെന്റ് സംവിധാനമായ സംസ്ഥാന, ജില്ലാ, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ മത്സ്യബന്ധന മേഖലയിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പങ്കാളിത്ത മാനേജ്മെന്റ് സിസ്റ്റം (Participatory Management System) നിലവിൽ വന്നിട്ടുള്ള ആദ്യ സംസ്ഥാനമാണ് കേരളം. ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യസമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കും തീരദേശവാസികൾക്കും ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിന് ഫിഷിങ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ പ്രധാന പങ്ക് വഹിക്കുന്നു. ഈ പ്രവർത്തനങ്ങളിൽ കൂടി എല്ലാം മത്സ്യത്തൊഴിലാളികൾക്കും സുസ്ഥിരമായ ഒരു മത്സ്യബന്ധനം ഉറപ്പാക്കുകയും അതുവഴി അവരുടെ സാമ്പത്തിക പുരോഗതിക്ക് സഹായിക്കുകയും ചെയ്യുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുഗമമായ മത്സ്യബന്ധനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യബന്ധന ബോട്ടുകളുടെ

ആധുനികവൽകരണ പദ്ധതി നടപ്പിലാക്കിവരുന്നു. മരത്തടിയിൽ നിർമ്മിച്ചതും 40 അടിയിൽ താഴെ മൊത്തം നീളമുള്ളതും 200 HP-യിൽ താഴെ പ്രൊപ്പൽഷനുള്ള സ്റ്റീൽ നിർമ്മിതമായതും ആയ ചെറിയ യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങൾ ഘട്ടം ഘട്ടമായി മാറ്റുന്നതിന്/നവീകരിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. സ്വന്തം നിലയിൽ മത്സ്യബന്ധന യാനങ്ങൾ മാറ്റുന്നതിനോ നവീകരിക്കാനോ കഴിയാതെ ദൈനംദിന ഉപജീവനത്തിനായി ഇത്തരം മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രയോജനം ചെയ്യും. പദ്ധതി പ്രകാരം 50% നിരക്കിൽ പരമാവധി 15.00 ലക്ഷം രൂപ വരെ ഒരു യൂണിറ്റിന് സബ്സിഡി നൽകും. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ ആധുനിക യന്ത്രവൽകൃത ആഴക്കടൽ മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിലുൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ, എഞ്ചിൻ, വല

എന്നിവ വിതരണം ചെയ്യുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി 520 FRP യാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

പരമ്പരാഗത മത്സ്യബന്ധനമേഖല നേരിടുന്ന പ്രതിസന്ധികളിൽ ഏറ്റവും പ്രധാനം മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന എഞ്ചിനുകൾക്കാവശ്യമായ മണ്ണെണ്ണയുടെ ലഭ്യതക്കുറവും വില വർധനയും മലിനീകരണവുമാണ്. ഈ സാഹചര്യം മറികടക്കുന്നതിന് മത്സ്യബന്ധന യാനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധന മേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു. പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ മണ്ണെണ്ണയ്ക്ക് പകരം LPG ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ LPG കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ നിന്നും തിരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ LPG കിറ്റുകൾ വിതരണം

ചെയ്യുകയും LOT അടിസ്ഥാനത്തിലുള്ള LPG കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തിയതിന്റെ ഭാഗമായി 22-01-2023-ന് വിതരണോദ്ഘാടനം നിർവഹിച്ചു. പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് ലഭ്യമായതനുസരിച്ച് LPG ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇന്ധനച്ചെലവിൽ 35% മുതൽ 55% വരെ കുറവ് ലഭിക്കുന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21-01-2023-ന് LPG എഞ്ചിൻ ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മത്സ്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു. മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ 75% സബ്സിഡിയോടുകൂടി LPG എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുന്നതിനായി 3 കോടി 55 ലക്ഷം രൂപയുടെ (2023-24 സാമ്പത്തിക വർഷം) ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് മത്സ്യഫെഡ് മുഖാന്തരം തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 1000 മണ്ണെണ്ണ എഞ്ചിനുകൾ 50% പരമാവധി 50,000/-രൂപ) സബ്സിഡിയോടുകൂടി പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് പ്രകാരം മത്സ്യഫെഡ്

മുഖാന്തരം നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ 377 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ട്. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എമ്മുകളും ഘട്ടം ഘട്ടമായി എൽ.പി.ജി. ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എമ്മുകളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിലേക്കും അതുവഴി ആഴക്കടലിൽ നിന്നുള്ള അധിക വിഭവങ്ങൾ പരമ്പരാഗത മേഖലയ്ക്ക് പ്രയോജനപ്പെടുത്തുന്നതിലേക്കുമായി പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് അനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും 75% സബ്സിഡി നൽകുന്ന പദ്ധതി 2023-24-ൽ നടപ്പിലാക്കി, 114 പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായി.

Motorisation of Country Crafts പദ്ധതിയിലുൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40 HP വരെയുള്ള എഞ്ചിൻ വാങ്ങുന്നതിന് പരമാവധി 30,000/-രൂപ വരെ സബ്സിഡി അനുവദിക്കുന്ന പദ്ധതി മത്സ്യഫെഡ് വഴി നടപ്പാക്കിവരുന്നു. കൂടാതെ Subsidy for suitable components for Fishing Gear പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് വല വാങ്ങുന്നതിന്

മത്സ്യഫെഡ് മുഖേന പദ്ധതി നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിലൂടെ സമുദ്രജീവികളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും പാരിസ്ഥിതിക വെല്ലുവിളികൾ കുറയ്ക്കുന്നതിനും അതിലൂടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിനുമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന 2011-12 സാമ്പത്തിക വർഷം മുതൽ വിവിധ തീരപ്രദേശങ്ങളിൽ കൃത്രിമപാര് നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

2011-12 സാമ്പത്തിക വർഷം മുതൽ 2021-22 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിലായി ആകെ 4190 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചുകഴിഞ്ഞു. തുടർന്ന് 2023-24 സാമ്പത്തിക വർഷം “കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസനവും ഉപജീവന മാർഗം പ്രോത്സാഹിപ്പിക്കലും" എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ PMMSY പദ്ധതിയിലുൾപ്പെടുത്തി 13.02 കോടി രൂപയുടെ അംഗീകാരം ലഭ്യമായിരുന്നു. തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യഗ്രാമങ്ങളിൽ 150 മോഡ്യൂളുകൾ വീതം ആകെ 6300 കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനാണ്

പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനോടകം 6300 കൃത്രിമപ്പാരുകളുടെയും നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. "കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള തീരത്ത് സുസ്ഥിര മത്സ്യബന്ധനവും ഉപജീവന മാർഗങ്ങളുടെയും വർധിപ്പിക്കൽ" എന്ന PMMSY പദ്ധതിയുടെ രണ്ടാം ഘട്ടം കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 96 മത്സ്യഗ്രാമങ്ങളിലായി നടപ്പാക്കുന്നതിന് 29.76 കോടി രൂപയുടെ പ്രൊപ്പോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 60% ആയ 17.856 കോടി രൂപ കേന്ദ്ര വിഹിതവും 40% ആയ 11.904 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. കൂടാതെ പ്രസ്തുത പദ്ധതിയുടെ മൂന്നാം ഘട്ടം മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 96 മത്സ്യഗ്രാമങ്ങളിലായി നടപ്പാക്കുന്നതിന് 25.8285 കോടി രൂപയുടെ പ്രൊപ്പോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 60% ആയ 15.4971 കോടി രൂപ കേന്ദ്ര വിഹിതവും 40% ആയ 10.3314 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. കൂടാതെ കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്ന പദ്ധതിയോടനുബന്ധിച്ച് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB) മുഖാന്തരം നടപ്പാക്കുന്ന "സീ റാഞ്ചിങ്" പദ്ധതി പ്രകാരം 3 കോടി

രൂപയുടെ (100% കേന്ദ്ര വിഹിതം) പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കൃത്രിമപ്പാരുകൾ നിക്ഷേപിച്ചിട്ടുള്ള തിരഞ്ഞടുക്കപ്പെട്ട 10 ലൊക്കേഷനുകളിലായി 10 ലക്ഷം പോമ്പാനോ/കോബിയ എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് ഫിഷറീസ് വകുപ്പ് നടപടികൾ ആരംഭിച്ചുകഴിഞ്ഞു. തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്ന കൃത്രിമമായ ആവാസവ്യവസ്ഥ വഴി ലഭിക്കുന്ന മത്സ്യങ്ങളെ കൂടാതെ പ്രസ്തുത പദ്ധതി പ്രകാരം നിക്ഷേപിക്കപ്പെടുന്ന വാണിജ്യ പ്രാധാന്യമേറിയ മത്സ്യ കുഞ്ഞുങ്ങൾ കൂടി ആകുമ്പോൾ മേൽ പ്രദേശങ്ങളിൽ നിന്നും ജില്ലയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അധികമായി മത്സ്യങ്ങൾ ലഭിക്കുകയും അതിലൂടെ അവർക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിലുള്ള വരുമാന വർധനവും സാധ്യമാക്കുന്നതാണ്. മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും കേടാകാത്ത മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 75% സബ്സിഡിയോടെ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നാളിതുവരെ 3014 എണ്ണം

ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 9 തീരദേശ ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുകഴിഞ്ഞു. 97 എണ്ണം ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾകൂടി വിതരണം ചെയ്യുന്നതിന് മത്സ്യഫെഡിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. മത്സ്യം കേടാകാതെ വില്പന നടത്താൻ കഴിയുന്നതുവഴി മത്സ്യത്തിന് നല്ല വില ലഭിക്കുകയും ആയത് മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക നില പുരോഗമിക്കാൻ സഹായിക്കുകയും ചെയ്യും.

കൂടാതെ പൊതുജലാശയങ്ങളിലെ മത്സ്യയിനങ്ങളെ സംരക്ഷിക്കുന്നതിനും വർധിപ്പിക്കുന്നതിനും അതുവഴി പ്രാദേശിക മത്സ്യത്തൊഴിലാളികളുടെ വരുമാനം വർധിപ്പിച്ച് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് പ്രോഗ്രാം (റാഞ്ചിംഗ്) പദ്ധതി, റിസർവോയർ ഫിഷറീസ് പദ്ധതി, വേമ്പനാട് കായൽ മത്സ്യ സംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

(സി) ഇതിനായി പുതുതായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

സാഫ് മുഖേന മത്സ്യത്തൊഴിലാളി വനിതകൾക്കായി Alternative & Supportive Livelihood Opportunity and Empowerment of fisherwomen in Kerala

പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

1. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ.)

2. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി.)

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ.)

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ഈ പദ്ധതിയിലൂടെ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു. ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കും. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽനിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യും. രണ്ട് ഘട്ടങ്ങളിലായാണ് യൂണിറ്റുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരം

തൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കും. യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പിനായി ഘടകങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

a. ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും സൂപ്പർ മാർക്കറ്റുകൾക്കും കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾക്കും സീ ഫുഡ് റസ്റ്റോറന്റുകൾക്കും 1.50 ലക്ഷം രൂപ വരെ പലിശരഹിത റിവോൾവിങ് ഫണ്ട് നൽകുന്നു.

b. യൂണിറ്റുകൾക്ക് സാങ്കേതിക വിദ്യ നവീകരണം, പുതിയ ഉപകരണങ്ങൾ വാങ്ങുക, യൂണിറ്റ് നവീകരണം എന്നിവയ്ക്കായി 50000 രൂപ വരെ ടെക്നോളജി ഇംപ്രൂവ്മെന്റ് നൽകുന്നു.

c. ഗ്രൂപ്പുകൾക്കായി 5 ലക്ഷം രൂപ വരെയുള്ള ബാങ്ക് ലോണിന് 5% പലിശ സബ്സിഡി അനുവദിക്കുന്നു.

d. ആകർഷകമായ പാക്കിങിലും ലേബലിങിലും യൂണിറ്റുകളുടെ ഉൽപന്നങ്ങൾക്ക് Branding & Marketing സംവിധാനം ഒരുക്കുന്നു.

ഗ്രൂപ്പുകളുടെ ഉൽപന്നങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി മേളകളിലും എക്സിബിഷനുകളിലും പങ്കെടുപ്പിച്ച് അതുവഴി അവരുടെ ഉൽപന്നങ്ങൾക്ക് നല്ല വിപണി കണ്ടെത്തുന്നതിന് സഹായിക്കുന്നു.

യൂണിറ്റുകളുടെ ഉൽപന്നങ്ങൾക്ക് Online Marketing & Sale സംവിധാനത്തിൽ കൊണ്ടുവരുന്നതിന് സഹായിക്കുന്നു. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി. മത്സ്യ അനുബന്ധ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക്

അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന JLG project പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിച്ചിരിക്കുന്നത്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തന മൂലധനമായി ഒരംഗത്തിന് 10000/-രൂപ വീതം ഒരു ഗ്രൂപ്പിന് 50000/- രൂപ പലിശരഹിത റിവോൾവിങ് ഫണ്ടായി നൽകുന്നു. റിവോൾവിങ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കുമെന്നതിനാൽ നീണ്ടകാലത്തേക്ക് പ്രവർത്തന മൂലധനത്തിന്റെ ലഭ്യത ഉറപ്പുവരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. ഈ യൂണിറ്റുകൾക്ക് അനുവദിച്ച റിവോൾവിങ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20000 രൂപ) വരെ തുടർ ഘട്ടങ്ങളിൽ അനുവദിക്കുന്നു. കൂടാതെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെചേർക്കുന്നു.

Common Facility Centre & Producer Company

Fish & Fish Processing, Food & Food Processing, Tailoring & Garments

ഉൾപ്പെടുന്ന യൂണിറ്റുകളുടെ ഉൽപന്നങ്ങൾ ഉൾപ്പെടുത്തി ഓരോ കാറ്റഗറിക്കും ജില്ലാതലത്തിൽ പ്രത്യേക ക്ലസ്റ്ററുകൾ രൂപീകരിച്ച് യൂണിറ്റുകൾ ഒരേതരത്തിലുള്ള ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഗുണനിലവാരം ഉറപ്പുവരുത്തി ഈ ഉൽപന്നങ്ങൾ Common Facility Centre-കളിൽ ശേഖരിക്കുന്നതിനും ഇങ്ങനെ ശേഖരിക്കുന്ന ഉൽപന്നങ്ങൾ ആകർഷകമായ പാക്കിങ്ങിലും ബ്രാൻഡിലും വിപണിയിൽ എത്തിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഉൽപന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് ആവശ്യമായ Technical Support, Managerial assistance, Manpower, Logistics, Branding & Marketing മുതലായ hand holding support നൽകുന്നതാണ്. ഓരോ ക്ലസ്റ്ററുകളിലും ഉൾപ്പെട്ട യൂണിറ്റുകൾക്ക് ആവശ്യമായ Skill Upgradation Training -കൾ നൽകുന്നതാണ്. Digital marketing, Online sales, Product Promotion എന്നിവ വിപുലപ്പെടുത്തി സാഫ് ഉൽപന്നങ്ങൾ E-Commerce site-കളിൽ ലഭ്യമാക്കുന്നതിനും ഉൽപന്നങ്ങളുടെ ഒരു ഓൺലൈൻ സ്റ്റോർ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഉൽപന്നങ്ങളുടെ ബ്രാന്റിങും ജനങ്ങളിലേക്ക് എത്തിക്കുന്നതിനും മറ്റ് സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നതിനും Buyer Seller Meet-കൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

കടൽ കഫെ

മത്സ്യവിഭവങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഒരേ ബ്രാൻഡിൽ കടൽ കഫെ എന്ന പേരിൽ ഭക്ഷ്യ വിപണന ശൃംഖല ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. തീരദേശ ജില്ലകളിൽ ഒരു കേന്ദ്രീകൃത കിച്ചൻ സജ്ജമാക്കിക്കൊണ്ട് പ്രധാന ലോക്കേഷനുകളിൽ 25-30 Take away കൗണ്ടറുകൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടുതൽ ഉപഭോക്താക്കളിലേക്ക് കടൽ കഫെ എത്തിക്കുന്നതിന്റെ ഭാഗമായി ആകർഷകമായും ഗുണനിലവാരത്തിലും Take away കൗണ്ടറുകൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു.

മത്സ്യബോർഡ് വഴി ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ ചുവടെ ചേർക്കുന്നു.

<u>അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ</u>

1. മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളികളിൽ നിന്നും വാർഷിക വിഹിതം സ്വീകരിച്ച് വിരമിക്കുന്ന വേളയിൽ തിരികെ നൽകുന്ന പദ്ധതി. (അടച്ച തുകയുടെ പകുതി ചേർത്ത് തിരികെ നൽകുന്നു)
2. ക്ഷേമനിധി അംഗങ്ങൾക്ക് ആനുകൂല്യം നൽകുന്നതിനായി മത്സ്യബോർഡിലേക്ക് crowd funding, തുടങ്ങിയവയിലൂടെ ധനസമാഹരണത്തിനായുള്ള പദ്ധതി.
3. ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി നടപ്പിലാക്കുന്ന

സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ അക്കൗണ്ടുകളിൽ ചെലവഴിക്കപ്പെടാതെ വിവിധ അക്കൗണ്ടുകളിലായി അവശേഷിക്കുന്ന തുക മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി (9.69 കോടി)

4. മത്സ്യബോർഡ് ക്ഷേമനിധി അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച പദ്ധതി (1115 കോടി)

5. മത്സ്യത്തൊഴിലാളികൾക്ക് മാത്രമുള്ള ചില ക്ഷേമപദ്ധതികൾ അനുബന്ധ തൊഴിലാളികൾക്കും അനുവദിക്കുന്നതിനുള്ള പദ്ധതി.

6. ഇൻഷ്വറൻസ് അദാലത്തിൽ പരിഗണിക്കപ്പെട്ട അപേക്ഷകളിൽ ഇൻഷ്വറൻസ് ഗ്രിവൻസ് സെൽ നിരസിച്ച ക്ലെയിമുകൾക്ക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ (98 ലക്ഷം)

7. മത്സ്യബന്ധനത്തിനിടെ അപകടംമൂലം കാണാതാകുന്ന/മരണപ്പെടുന്ന മത്സ്യബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി(പുതുക്കിയത് 4 കോടി രൂപ)

8. മത്സ്യബന്ധനത്തിനിടെ അപകടംമൂലം കാണാതാകുന്ന/മരണപ്പെടുന്ന മത്സ്യബോർഡിൽ അംഗത്വമില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി (12.5 ലക്ഷം രൂപ)

9. മത്സ്യബോർഡ് ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നതിനുള്ള പദ്ധതി (14.7 ലക്ഷം) 2025-26 സാമ്പത്തിക വർഷം 10 കോടി രൂപ ചെലവിൽ 500 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഭവനങ്ങൾ

പുനരുദ്ധാരണം നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന കടൽ മണൽഖനനം

267(4764) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ കടൽത്തീരങ്ങളിൽ മണൽഖനനം നടത്തുന്നതിനുള്ള കേന്ദ്രസർക്കാർ തീരുമാനം മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നതിനെക്കുറിച്ച് സർക്കാരോ മറ്റ് സർക്കാർ ഏജൻസികളോ പഠനം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

കേരളാ സർവകലാശാല ഒരു പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്.

2025 ജനുവരി 19-ന് ഒറീസ്സയിലെ ഭുവനേശ്വറിൽ നടന്ന അറുപത്തിനാലാമത് സെൻട്രൽ ജിയോളജിക്കൽ പ്രോഗ്രാമിങ് ബോർഡിൽ മണൽ ഖനന വിഷയം ചർച്ചയ്ക്ക് വരികയും കേന്ദ്ര ഖനി സെക്രട്ടറിയായ ശ്രീ. കാന്തറാവു ഐ.എ.എസ്. ടി വിഷയത്തിൽ കേരളത്തിന് ഉത്കണ്ഠയുള്ളതായി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി എന്ന സ്ഥാപനത്തോട് ഓഫ്ഷോർ മൈനിങ്

സംബന്ധിച്ച പാരിസ്ഥിതിക വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതായി അറിയുന്നു.

അന്തിഷച്ച പദ്ധതി

268(4765) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യഫെഡിന്റെ അന്തിപ്പച്ച പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിൽ ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി മത്സ്യഫെഡിന്റെ 'തീരത്തുനിന്ന് മാർക്കറ്റിലേക്ക്' (Coast to Market) പദ്ധതിയുടെ ഭാഗമായി അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് അന്നന്നു തന്നെ ലഭ്യമാക്കുന്നതിനായി മത്സ്യഫെഡ് 2017 മുതൽ സഞ്ചരിക്കുന്ന മത്സ്യ വിപണനശാലയായ "അന്തിപ്പച്ച യൂണിറ്റ്" പ്രവർത്തിച്ചുവരുന്നു. മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ നിലവിൽ 17 അന്തിപ്പച്ച യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 140 നിയോജകമണ്ഡലത്തിലും എം.എൽ.എ.

ഫണ്ടിൽ നിന്ന് അന്തിപ്പച്ച പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കൊല്ലം ശക്തികുളങ്ങര സി.പി.സി.-യിൽ അന്തിപ്പച്ച യൂണിറ്റുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകൾക്ക് വിജിലൻസ് അന്വേഷണം നടന്നുവരികയാണ്.

കയ്പമംഗലം മണ്ഡലത്തിൽ പുനർഗേഹം പദ്ധതി

269(4766) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ ഉണ്ട്; വ്യക്തമാക്കാമോ?

കയ്പമംഗലം മണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിൽ 350 ഗുണഭോക്താക്കളുണ്ട്.

(ബി) ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

350 ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും 311 ഗുണഭോക്താക്കൾക്ക്

ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

(സി) പുനർഗേഹം പദ്ധതിയുടെ ലിസ്റ്റിൽപെടാത്ത അർഹരായവരെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. പുനർഗേഹം പദ്ധതി മാർഗനിർദേശ പ്രകാരം നിലവിൽ തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും എന്നാൽ 2018-19-ൽ ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെടാത്തവരും ഉണ്ടെങ്കിൽ അതത് ഡെപ്യൂട്ടി ഡയറക്ടറുടെ വ്യക്തവും വിശദവുമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാതല അപ്രൂവൽ കമ്മിറ്റിയുടെ (DLAC) അംഗീകാരത്തിന് വിധേയമായി ബന്ധപ്പെട്ട ജില്ലയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിക്കാവുന്നതാണ്.

അഷ്ടമുടിക്കായലിലെ മത്സ്യസമ്പത്തിന്റെ ശോഷണം

270(4767) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഷ്ടമുടിക്കായലിൽ മണ്ണടിഞ്ഞ് ആഴം കുറയുന്നതും കൈയേറ്റവും നിമിത്തം

മത്സ്യസമ്പത്തിന് കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മത്സ്യബന്ധനത്തെ ആശ്രയിച്ച് കഴിയുന്ന തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അഷ്ടമുടി കായലിലെ കൈയേറ്റവും മലിനീകരണവും മത്സ്യസമ്പത്തിനെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇതിന് പരിഹാരമായി 2019-22 കാലയളവിൽ അഷ്ടമുടി കായലിന്റെ സംരക്ഷണത്തിനായി മത്സ്യ വിത്ത് നിക്ഷേപിക്കുകയും 3 കക്ക സംരക്ഷണ സങ്കേതം, 5 മത്സ്യ സംരക്ഷണ സങ്കേതങ്ങൾ എന്നിവ രൂപീകരിക്കുകയും കണ്ടൽ തൈകൾ വച്ച് പിടിപ്പിക്കുകയും ചെയ്തു. ഉൾനാടൻ ജല ആവാസ വ്യവസ്ഥ സംയോജിത മത്സ്യ വിഭവ പരിപാലനം പദ്ധതി - 2022 വർഷം മുതൽ നടപ്പിലാക്കിവരുന്നു. അഷ്ടമുടി കായലിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്താൻ ഉതകുന്നതുമായ പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതിയിലൂടെ മത്സ്യ/ചെമ്മീൻ വിത്ത് നിക്ഷേപിക്കുകയും കക്ക/മത്സ്യ സംരക്ഷണ സങ്കേതത്തിന്റെ പുനരുദ്ധാരണവും പരിപാലനവും നടത്തുന്നു.

ഈ വർഷം 20 ലക്ഷം മത്സ്യ, ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.

അഷ്ടമുടി കായലിലെയും ജില്ലയിലെ മറ്റ് ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യസമ്പത്തിൽ ഈയടുത്ത കാലങ്ങളിലായി ഗണ്യമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. സ്വാഭാവിക ആവാസ വ്യവസ്ഥകൾക്കുണ്ടായ നാശം, അശാസ്ത്രീയ മത്സ്യബന്ധന മാർഗങ്ങളായ വിഷവസ്തുക്കൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം, മടവലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം, മല്ലികക്ക വാരൽ, ളപ്പും പടലും ഉപയോഗിച്ചുള്ള മത്സ്യബന്ധനം, ഊത്തപിടുത്തം (പുതുമഴയുമായി ബന്ധപ്പെട്ട് മത്സ്യങ്ങളുടെ പ്രജനന കാലയളവിലെ മത്സ്യബന്ധനം) എന്നിവ ഉൾനാടൻ മത്സ്യബന്ധനത്തിന് വലിയ നാശം വരുത്തിവയ്ക്കുന്ന ചില മത്സ്യബന്ധന രീതികളാണ്. ഇത്തരത്തിൽ നടത്തുന്ന അനധികൃത മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അഷ്ടമുടി കായലിൽ പട്രോളിങ് ശക്തമാക്കിയിട്ടുണ്ട്.

മത്സ്യ മേഖലയിലെ അനുബന്ധ തൊഴിലാളികളുടെ വിവര ശേഖരണം

271(4768) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മത്സ്യ മേഖലയിൽ അനുബന്ധ തൊഴിലുകളിലേർപ്പെട്ട്

ഉപജീവനം നയിക്കുന്ന തൊഴിലാളികളുടെ വിവര ശേഖരണം നടത്തിയിട്ടുണ്ടോ; ഇവരുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

2013-ൽ സംസ്ഥാനത്ത് മത്സ്യമേഖലയിൽ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും സാമൂഹിക സാമ്പത്തിക സർവെ നടത്തിയിട്ടുണ്ട്. ഓരോ 10 വർഷം കൂടുമ്പോഴാണ് സാമൂഹിക സാമ്പത്തിക സർവെ നടത്തുന്നത്. 2023-ൽ സാമൂഹിക സാമ്പത്തിക സെൻസസ് (മുഴുവൻ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും വിവരശേഖരണം) ആയാണ് നടത്തിയത്.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2024 വർഷത്തിൽ രജിസ്റ്റർ ചെയ്ത അനുബന്ധ തൊഴിലുകളിൽ ഏർപ്പെട്ട് ഉപജീവനം നയിക്കുന്ന 77431 അനുബന്ധ തൊഴിലാളികളാണ് ഉള്ളത്. അവരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മത്സ്യത്തൊഴിലാളി സമൂഹം നേരിടുന്ന പിന്നാക്കാവസ്ഥ

272(4769) ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മത്സ്യത്തൊഴിലാളി സമൂഹം പിന്നാക്കാവസ്ഥ നേരിടുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ:

(ബി) ഈ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉണ്ട്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മത്സ്യത്തൊഴിലാളി സമൂഹം നേരിടുന്ന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി)തീരദേശ മേഖലകളിൽ വീട്, ശുദ്ധജലം, വിദ്യാഭ്യാസം, തൊഴിൽ എന്നിവ ഉറപ്പുവരുത്താനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

തീരദേശ മേഖലകളിൽ വീട്, ശുദ്ധജലം, വിദ്യാഭ്യാസം, തൊഴിൽ എന്നിവ ഉറപ്പുവരുത്താനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജനകീയ മത്സ്യകൃഷി

273(4770) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ മത്സ്യകൃഷി പദ്ധതിയിൽ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ടവരുടെ വേതനം കുടിശ്ശികയായിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ജോലി ചെയ്യുന്ന പ്രോജക്ട് കോ-ഓർഡിനേറ്റർമാരുടെയും പ്രൊമോട്ടർമാരുടെയും വേതനയിനത്തിൽ കുടിശ്ശികയായ തുക അധിക ധനാനുമതി പ്രകാരം സർക്കാരിൽനിന്നും അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ 2025 ജനുവരി മാസം വരെയുള്ള വേതനമനുവദിച്ച് നൽകുകയും ഫെബ്രുവരി മാസത്തെ വേതനം ജില്ലകൾക്ക് അനുവദിക്കുന്നതിന് നടപടി കൈകൊണ്ടിട്ടുമുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം മത്സ്യകർഷകർക്ക് ലഭിക്കേണ്ട സബ്സിഡി മുഴുവൻ വിതരണം ചെയ്തിട്ടുണ്ടോ; സബ്സിഡി വിതരണം ചെയ്യുന്നതിന്

അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രസ്തുത പദ്ധതി പ്രകാരം മത്സ്യകർഷകർക്ക് ലഭിക്കേണ്ട സബ്സിഡി പൂർണമായും വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കി ജില്ലാ ഫിഷറീസ് ഓഫീസുകൾ മുഖേന സബ്സിഡി വിതരണം ചെയ്യുന്നതിനുള്ള നടപടി ഫിഷറീസ് ഡയറക്ടർ സ്വീകരിച്ച് വരുന്നു.

മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന

274(4771) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനകളുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

1) ധനകാര്യ പരിശോധന (എൻ.റ്റി.എ.)വകുപ്പ് നടത്തിയ പരിശോധനയിൽ മത്സ്യബന്ധന വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ നിലനിർത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ 1,06,67,250/- രൂപയും ട്രഷറി അക്കൗണ്ടിൽ തിരിച്ചറിയാൻ

സാധിക്കാത്തതായി 17,45,31,044/- രൂപയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്ത ദുരിതാശ്വാസ നിധിയുടെ ബാക്കി തുകയിനത്തിൽ സബ് ഓഫീസുകളിൽ നിന്ന് സറണ്ടർ ചെയ്ത 12,63,52,494/- രൂപയും ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തി. പ്രസ്തുത തുകകൾ സർക്കാരിൽ തിരിച്ചടയ്ക്കുന്നതിന് ശിപാർശ ചെയ്തിരുന്നു.

ഫിഷറീസ് ഡയറക്ടറിൽ നിലവിലുള്ള STSB- 701011400000189 നമ്പർ അക്കൗണ്ടിൽ ആകെ നീക്കിയിരിപ്പുള്ള 31,80,68,784/- രൂപയിൽ 17,45,31,044/- രൂപ ഏതാവശ്യത്തിന് നിക്ഷേപിച്ചുവെന്നത് ഫയലുകളും അക്കൗണ്ടുകളും പരിശോധിച്ചതിൻ പ്രകാരം ടി തുകകൾ ഏതൊക്കെ ആവശ്യത്തിന് നിക്ഷേപിച്ചതായി കണ്ടെത്തിയിട്ടുണ്ടെന്നും ആയതിൽ ചെലവഴിക്കാതെ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകകൾ തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം CMDRF ഇനത്തിൽ 8,34,89,000/- ഉൾപ്പെടെ ആകെ 10,60,26,527/- രൂപ ഫിഷറീസ് ഡയറക്ടർ സർക്കാരിലേക്ക് തിരിച്ചടച്ച വിവരം അറിയിച്ചിട്ടുണ്ട്.

2) ധനകാര്യ പരിശോധന (എൻ.റ്റി-ജി) വകുപ്പ് നടത്തിയ

പരിശോധനയിലെ കണ്ടെത്തലുകളും അതിന്മേൽ നാളിതുവരെ സർക്കാർ സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

(i) കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഔദ്യോഗിക വാഹന ദുരുപയോഗം സംബന്ധിച്ച് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.സതീശൻ പി.വി.-യിൽ നിന്നും ആകെ 53,040/- രൂപ ഈടാക്കുന്നതിന് പുറമെ അദ്ദേഹത്തിനെതിരെ ഉചിതമായ അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

(ii) സർക്കാർ വാഹനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുവാനും മറ്റും ധനകാര്യ ഐ.ടി. വിഭാഗം രൂപകൽപ്പന ചെയ്ത 'വീൽസ്' (വെഹിക്കിൾ മാനേജെന്റ് ആൻഡ് ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം) ഡാറ്റാബേസിൽ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഔദ്യോഗിക വാഹനത്തിന്റെ വിവരങ്ങൾ കാലികമാക്കാതെ വീഴ്ച വരുത്തിയ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.സതീശൻ പി. വി.-ക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.

ധനകാര്യ (എൻ.റ്റി.എ) വകുപ്പിന്റെ മേൽ ശിപാർശ സംബന്ധിച്ച വിഷയത്തിന്മേൽ സർക്കാർ നടപടി ചുവടെ ചേർക്കുന്നു.

കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. സതീശൻ പി.വി.-യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിന ശിക്ഷ നൽകുന്നതിനുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കുറ്റാരോപണ പത്രിക, കുറ്റാരോപണ മെമ്മോ എന്നിവ 30-11-2023-ന് നൽകുകയുണ്ടായി. സർക്കാരിന് നഷ്ടമായ 53,040/- രൂപ ട്രഷറിയിൽ ഒടുക്കി ചെലാൻ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഫിഷറീസ് ഡയറക്ടറിൽ നിന്ന് 15-10-2024-ലെ ശ്രീ. സതീശൻ പി.വി.-യ്ക്ക് നോട്ടീസ് നൽകിയിരുന്നുവെങ്കിലും ടിയാൻ തുക ഒടുക്കിയിട്ടില്ല. 16-10-2024-ൽ രേഖപ്പെടുത്തിയിട്ടുള്ള മറുപടിയിൽ പ്രതിവാദപത്രിക സമർപ്പിച്ചിരുന്നുവെന്ന് അവകാശപ്പെടുന്നുവെങ്കിലും ആയതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. അതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(iii) ഭൂരഹിതരും ഭവനരഹിതരായവരുമായ മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിടത്തിനായി 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിനാണ് സർക്കാർ ധനസഹായം നൽകുന്നത് എന്നുമാത്രമെ 18-08-2016-ലെ 525/2016/മ.ഇ.വ. നമ്പർ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളൂ. ഒന്നിലധികം ഗുണഭോക്താക്കൾക്ക് ഒരേ സ്ഥലത്ത് വസ്തു വിഭജിച്ച് നൽകേണ്ടിവരുന്ന

സന്ദർഭങ്ങളിൽ റോഡ് സൗകര്യം കൂടി ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്. റോഡ് സൗകര്യം ഏർപ്പെടുത്തുന്ന വിഷയം സംബന്ധിച്ച് സർക്കാർ ഉത്തരവിൽ പരാമർശങ്ങളില്ലെന്നതിനാൽ സംസ്ഥാനത്തെ ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിനും നിർമ്മാണത്തിനും ധനസഹായം നൽകുന്ന BIF-HDF പദ്ധതിയിലെ മാർഗനിർദേശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന 07-12-2016-ലെ സ.ഉ. (സാധാ) നം. 875/2016/മ.ഇ.വ ഉത്തരവിൽ റോഡ് സൗകര്യം ആവശ്യമായിവരുന്ന ഗുണഭോക്താക്കൾക്ക് റോഡ് സൗകര്യം ഉൾപ്പെടെ 3 സെന്റ് ഭൂമി അനുവദിക്കുന്നതാണെന്ന കൃത്യമായ നിർദേശം ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പരിഷ്കരിക്കേണ്ടതാണെന്ന് ധനകാര്യ(എൻ.റ്റി.എ.) വകുപ്പ് ശിപാർശ ചെയ്തു.

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ മാറ്റിത്താമസിപ്പിക്കുന്ന പുനർഗേഹം പദ്ധതി മാത്രമാണ് ഫിഷറീസ് വകുപ്പിൽ നിലവിലുള്ളത്. മറ്റ് ഭവന പദ്ധതികൾ ലൈഫ് മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. ഭാവിയിൽ ഫിഷറീസ് വകുപ്പ് മുഖേന ഭവന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ധനകാര്യവകുപ്പ് അന്വേഷണം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിലെ മേൽ നിർദേശത്തിൽ പ്രതിപാദിച്ചപോലെ

റോഡ് സൗകര്യം ആവശ്യമായി വരുന്ന ഗ്രണഭോക്താക്കൾക്ക് റോഡ് സൗകര്യം ഉൾപ്പെടെ 3 സെന്റ് ഭൂമി അനുവദിക്കുന്നതാണെന്ന കൃത്യമായ നിർദ്ദേശം മാർഗനിർദ്ദേശത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(iv) ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് വസ്തു വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 2017 മുതൽ വസ്തു ലഭിച്ച ഗ്രണഭോക്താക്കൾ സാമ്പത്തിക സഹായത്തിന്റെ ഒന്നാം ഗഡു ലഭിച്ച തീയതി മുതൽ 12 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. അല്ലാത്തപക്ഷം എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള പലിശ സഹിതം ഭവന നിർമ്മാണത്തിനായി ലഭിച്ച തുക തിരിച്ചടയ്ക്കേണ്ടതാണെന്നും ഗ്രണഭോക്താക്കളുടെ ഭവനത്തിന്റെ 10% എങ്കിലും ഫിഷറീസ് ജില്ലാ ഓഫീസർ നേരിട്ട് അന്വേഷണം നടത്തേണ്ടതുമാണെന്നും സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകൾ കാസർഗോഡ് ജില്ലയിൽ പാലിക്കപ്പെട്ടിട്ടില്ല. ഭരണവകുപ്പ് ഈ വിഷയത്തിന്മേൽ ഉചിതനടപടി സ്വീകരിക്കുന്നതിനായി ശിപാർശ ചെയ്തിട്ടുണ്ട്.

ഈ വിഷയത്തിന്മേൽ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(v) കുഫോസിൽ (KUFOS) 9,87,35,240/- രൂപയുടെ സ്ഥിരം

നിക്ഷേപത്തിന് നിലവിൽ SBI നൽകിക്കൊണ്ടിരിക്കുന്ന പലിശ നിരക്ക് (6.8%) ട്രഷറി പലിശ നിരക്കിനെക്കാൾ (7.50) കുറവാണെന്ന് കണ്ടെത്തി. ടി തുക കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ട്രഷറിയിലേയ്ക്ക് മാറ്റി നിക്ഷേപിക്കുന്നതിനും നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്.

ധനകാര്യ(എൻ.റ്റി.എ.) വകുപ്പിന്റെ മേൽ ശിപാർശയിന്മേൽ നടപടി റിപ്പോർട്ട് ലഭ്യമാക്കാൻ കുഫോസ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇതിൽ മത്സ്യഫെഡുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ ഉണ്ടായിരുന്നോ; എങ്കിൽ അതിന്മേൽ നാളിതുവരെ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യഫെഡിൽ 3 ധനകാര്യ പരിശോധനകൾ നടത്തിയിട്ടുണ്ട്.

1. കൊല്ലം ജില്ലയിലെ കോമൺ പ്രീ പ്രോസസിങ് സെന്ററിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് ധനകാര്യ (പരിശോധന എൻ.റ്റി.ഇ.) വകുപ്പ് നടത്തിയ പരിശോധന റിപ്പോർട്ടിന്മേൽ മത്സ്യഫെഡും വകുപ്പും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

2. മത്സ്യഫെഡ് മുഖേനയുള്ള സബ്സിഡി മണ്ണെണ്ണ വിതരണത്തിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്രമക്കേടുകൾ സംബന്ധിച്ച് നടത്തിയിട്ടുള്ള ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

3. മത്സ്യഫെഡിന്റെ ലാഭം/തനത് ഫണ്ട് എന്നിവ ട്രഷറി നിക്ഷേപങ്ങളാക്കി മാറ്റണമെന്നത് സംബന്ധിച്ചും ധനകാര്യ പരിശോധന വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. ആയതു പ്രകാരം ലഭ്യമാക്കിയ അന്വേഷണ കുറിപ്പ് 1, 2 എന്നിവയ്ക്ക് നൽകിയിട്ടുള്ള മറുപടി അനുബന്ധമായി ചേർക്കുന്നു.+

മുനക്കക്കടവ് ഫിഷ് ലാൻഡിങ് സെന്ററിന്റെ വിപുലീകരണം

275(4772) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനക്കക്കടവ് ഫിഷ് ലാൻഡിങ് സെന്ററിന്റെ വിപുലീകരണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2023-24 സാമ്പത്തിക വർഷം മുനയ്ക്കക്കടവ് ഫിഷ് ലാൻഡിങ് സെന്ററിന്റെ വിപുലീകരണത്തിന് 0.8602 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 155 ലക്ഷം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയുടെ പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം നിലവിൽ ഇക അനുവദിക്കാനായില്ല.

(ബി)പ്രസ്തുത സെന്ററിൽ അനുവദിച്ച ഫ്ലോട്ടിംഗ് ജെട്ടിയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഫ്ലോട്ടിംഗ് ജെട്ടി നിർമ്മിക്കുന്നതിന് സാഗർ മാല പദ്ധതിയിൽ 11.67 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ സാങ്കേതിക അനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ടെണ്ടർ നടപടിക്കുശേഷം ഭരണാനുമതിക്കും ഫണ്ടിനുമായി വീണ്ടും കേന്ദ്രസർക്കാരിനെ സമീപിക്കുന്നതിനാണ് കേന്ദ്ര സർക്കാർ നിർദേശിച്ചിരിക്കുന്നത്.

മഞ്ചേശ്വരം മത്സ്യബന്ധന ഇറമുഖം സജ്ജമാക്കാൻ നടപടി

276(4773) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മത്സ്യബന്ധന ഇറമുഖം പൂർണ്ണ തോതിൽ സജ്ജമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത തുറമുഖത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി Special Assistance to States for Capital Investment പദ്ധതിയിലുൾപ്പെടുത്തി മഞ്ചേശ്വരം ഹാർബർ ബ്രിഡ്ജ് നിർമ്മാണത്തിനായി 28.00 കോടി രൂപയുടെയും ബെർത്തിങ് ഫെസിലിറ്റിക്കായി 6.89 കോടി രൂപയുടെയും പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. പ്രസ്തുത പ്രൊപ്പോസലിൽ മഞ്ചേശ്വരം ഹാർബർ ബ്രിഡ്ജ് നിർമ്മാണം, അപ്രോച്ച് റോഡ് നിർമ്മാണം എന്നിവയും ബെർത്തിങ് ഫെസിലിറ്റിയിൽ 2.00 കോടി രൂപയുടെ ഡ്രഡ്ജിങ് പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ മഞ്ചേശ്വരം ഹാർബർ ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി നബാർഡ് ആർ.ഐ.ഡി.എഫ്.XXXI-ൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുവാനായി ഹാർബർ എഞ്ചിനീയറിങ് വകുപ്പ് പ്രെപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ടി പ്രെപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണയിലാണ്.

(സി)പ്രസ്തുത പ്രവൃത്തികൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പദ്ധതികൾക്ക് അംഗീകാരം നൽകുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുന്നതാണ്.

അഴീക്കോട് മണ്ഡലത്തിലെ മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ നടത്തുന്ന പ്രവൃത്തികൾ

277(4774) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്):-

കണ്ണൂർ ജില്ലയിലെ അഴിക്കോട് മണ്ഡലത്തിൽ സാഫ് നടത്തുന്ന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു

യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിച്ചു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽനിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾ സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്തു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്ഥികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിച്ചു. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് സാഫ് മുഖേന സീഫുഡ് റസ്റ്റോറൻറ് പദ്ധതി നടപ്പിലാക്കി. ഗുണമേന്മയുള്ളതും ആരോഗ്യകരവുമായ കടൽ മത്സ്യവിഭവങ്ങൾ തനത് രുചിയോടെ തയ്യാറാക്കി ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ടി മണ്ഡലത്തിൽ ഒരു സീഫുഡ് റസ്റ്റ്റോറന്റ് പ്രവർത്തിച്ചുവരുന്നു. Seafood Restaurant രൂപീകരിക്കുന്നതിനായി 5 ലക്ഷം രൂപ (പദ്ധതിയുടെ 75%) ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

2024 -25 സാമ്പത്തിക വർഷത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വികസനം പദ്ധതി നടപ്പിലാക്കുന്നതിനായി അപേക്ഷ ക്ഷണിച്ചുവെങ്കിലും ഗ്രൂപ്പായി പ്രവർത്തിക്കുന്നതിന് തയ്യാറായിട്ടില്ല.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ

അഴീക്കോട് മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും നിലവിലത്തെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു+.

ഹാർബർ എഞ്ചിനീയറിങ് വകുപ്പ്

ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന താഴെ വിശദീകരിക്കുന്ന പദ്ധതികളാണ് നടന്നു വരുന്നത്.

1. തീരദേശ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

2. നബാർഡ് പ്രവൃത്തികൾ

3. പോർട്ട് അനുബന്ധ പ്രവൃത്തികൾ

4. ഹാർബറിന്റെ അടിസ്ഥാന സൗകര്യവികസന പ്രവൃത്തികൾ പദ്ധതികളുടെ വിവരങ്ങളും നിലവിലത്തെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.+

മത്സ്യഫെഡ്

അഴീക്കോട് മണ്ഡലത്തിൽ മത്സ്യഫെഡിന് കീഴിൽ അന്തിപച്ച യൂണിറ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സഞ്ചരിക്കുന്ന മത്സ്യ വിപണന വാഹനം) പ്രവർത്തിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി

278(4775) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി ലഭ്യമാക്കുന്നുണ്ടോ; സബ്സിഡിയിനത്തിൽ എത്രമാസത്തെ കുടിശ്ശിക മത്സ്യത്തൊഴിലാളികൾക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

സബ്സിഡി നൽകുന്നുണ്ട്. 2015 ജൂലൈ മാസം മുതൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായുള്ള വെള്ള മണ്ണെണ്ണ മത്സ്യഫെഡ് വഴി ലിറ്ററിന് 25 രൂപ സബ്സിഡി എന്ന നിരക്കിൽ (ഡി.ബി.റ്റി. മുഖേന) സംസ്ഥാന സർക്കാർ വിതരണം ചെയ്തുവരുന്നു. യാനങ്ങളുടെ എഞ്ചിന്റെ കുതിരശക്തിയ്ക്കനുസരിച്ച് 10 HP -വരെ 140 ലിറ്റർ, 10 HP മുതൽ 15 HP വരെ 150 ലിറ്റർ, 15 HP-ക്ക് മുകളിൽ 190 ലിറ്റർ എന്നിങ്ങനെയാണ് പെർമിറ്റ് ഉടമകൾക്ക് സബ്സിഡി മണ്ണെണ്ണ ലഭ്യമാക്കുന്നത്.

സബ്സിഡി ഇനത്തിൽ കുടിശ്ശിക തുക നൽകാനില്ല. 2024-2025

സാമ്പത്തിക വർഷം സബ്സിഡി ഇനത്തിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി 25 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽനിന്നും 2025 ജനുവരി മാസം വരെ മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകളിൽനിന്ന് മണ്ണെണ്ണ വാങ്ങിയ പെർമിറ്റ് ഉടമകൾക്ക് വാങ്ങിയ മണ്ണെണ്ണയ്ക്ക് അനുബന്ധമായ സബ്സിഡി ഡി.ബി.റ്റി. മുഖേന നല്കിയിട്ടുണ്ട്. 2025 ഫെബ്രുവരി മാസം മത്സ്യഫെഡിന്റെ ബങ്കുകളിൽനിന്നും മണ്ണെണ്ണ വാങ്ങിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് മത്സ്യഫെഡ് ലഭ്യമാക്കുന്ന മുറയ്ക്ക് അതത് ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നതാണ്.

(ബി) മത്സ്യഫെഡ് വഴി നൽകുന്ന മണ്ണെണ്ണ ആവശ്യത്തിന് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മത്സ്യഫെഡ് വഴി നൽകുന്ന മണ്ണെണ്ണ ആവശ്യത്തിന് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പൊതുവിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകി വരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകൾ വഴി പെർമിറ്റ് അടിസ്ഥാനത്തിൽ സബ്സിഡി നിരക്കിൽ വെള്ള

മണ്ണെണ്ണ വിതരണം ചെയ്യുന്നു. 10 HP-വരെയുള്ള എഞ്ചിനുകൾക്ക് 140 ലിറ്റർ, 15 HP-വരെയുള്ള എഞ്ചിനുകൾക്ക് 150 ലിറ്റർ, 15 HP-യ്ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 190 ലിറ്റർ എന്നിങ്ങനെയാണ് വെള്ള മണ്ണെണ്ണയുടെ വിതരണം. ഇത് കൂടാതെ വിപണി നിരക്കിൽ 10 HP-വരെയുള്ള എഞ്ചിനുകൾക്ക് 371 ലിറ്റർ വീതവും, 15 HP-വരെയുള്ള എഞ്ചിനുകൾക്ക് 614 ലിറ്റർ വീതവും, 15 HP-യ്ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 820 ലിറ്റർ വീതവും മണ്ണെണ്ണ ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം മത്സ്യഫെഡ് വഴി നൽകി വരുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷം 5332.70 KL സബ്സിഡി മണ്ണെണ്ണ മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു.

മണ്ണെണ്ണയുടെ വിലവർധനവും ലഭ്യതക്കുറവും മണ്ണെണ്ണ ഉപയോഗംമൂലം ഉണ്ടാകുന്ന മലിനീകരണവും പരിഗണിച്ച് മത്സ്യബന്ധന യാനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG, ഡീസൽ തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു.

പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ മണ്ണെണ്ണയ്ക്ക് പകരം LPG ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ LPG കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി പരീക്ഷണാടിസ്ഥാനത്തിൽ 7 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽനിന്നും തിരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ LPG കിറ്റുകൾ വിതരണം ചെയ്തു. LOT അടിസ്ഥാനത്തിലുള്ള LPG കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തിയതിന്റെ ഭാഗമായി 22-01-2023-ന് വിതരണോദ്ഘാടനം നിർവഹിക്കുകയും ചെയ്തു. പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് ലഭ്യമായതനുസരിച്ച് LPG ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇന്ധനച്ചെലവിൽ 35% മുതൽ 55% വരെ കുറവ് ലഭിക്കുന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21-01-2023-ന് LPG കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു. മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ 75% സബ്സിഡിയോടുകൂടി LPG

എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുന്നതിനായി 3 കോടി 55 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് 2023-24 സാമ്പത്തിക വർഷം ഭരണാനുമതി നൽകുകയും അതിൻപ്രകാരം പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് മുഖാന്തരം സ്വീകരിച്ചിട്ടുമുണ്ട്.

കൂടാതെ 1000 മണ്ണെണ്ണ എഞ്ചിനുകൾ 50% സബ്സിഡിയോടുകൂടി (പരമാവധി 50,000/-രൂപ) പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് പ്രകാരം മത്സ്യഫെഡ് മുഖാന്തരം നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ ഇതിനകം 377 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുമുണ്ട്. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എമ്മുകളും ഘട്ടം ഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽ.പി.ജി. ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എമ്മുകളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

കൂടാതെ പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ മണ്ണെണ്ണ എഞ്ചിനുകൾക്ക് പകരം ഡീസൽ ഉപയോഗിക്കുന്നതിന് പര്യാപ്തമായ ഡീസൽ എൻജിനുകൾ രൂപകൽപന ചെയ്യുന്നതിന് CIFT (Central Institute of Fisheries Technology)-യ്ക്ക് പ്രൊപ്പോസൽ നൽകിയിരുന്നു. ആയതിന്റെ

അടിസ്ഥാനത്തിലുള്ള എഞ്ചിൻ രൂപകൽപ്പന പൂർത്തിയായിട്ടുണ്ട്. പരീക്ഷണ ഓട്ടത്തിനുശേഷം ആയത് മത്സ്യത്തൊഴിലാളികൾക്ക് പരിചയപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

(സി) മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്ന മണ്ണെണ്ണയുടെ സബ്സിഡി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ മത്സ്യഫെഡ് മുഖേന ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ സംസ്ഥാന സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ട്. 10 വർഷത്തിന് താഴെ കാലപ്പഴക്കമുള്ള 14502 എഞ്ചിനുകൾക്കാണ് സബ്സിഡി നൽകുന്നത്. എഞ്ചിൻ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ പ്രതിമാസം 140 മുതൽ 190 ലിറ്റർ വരെ മണ്ണെണ്ണയാണ് ഇത്തരത്തിൽ അനുവദിക്കുന്നത്. നിലവിൽ സബ്സിഡി നൽകി വരുന്ന 14502 എഞ്ചിനുകളുടെ പ്രവർത്തനത്തിന് മാത്രമായി ഒരു ലക്ഷം കിലോ ലിറ്ററിലധികം മണ്ണെണ്ണ ആവശ്യമാണ്.

കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച് നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർധിച്ച തോതിൽ ലഭ്യമാക്കുകയും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി ഉത്തരവാകുകയും ചെയ്തുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന സബ്സിഡി വർധിപ്പിച്ച്

നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേൽപറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല.

കുരിക്കുളം ഇക്കോ ഹാച്ചറിയുടെ നിർമ്മാണം

279(4776) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കീരമ്പാറ ഗ്രാമപ്പഞ്ചായത്തിലെ കുരിക്കുളം ഇക്കോ ഹാച്ചറിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഫാച്ചറിയിലെ (കുരിക്കുളം ഇക്കോ ഹാച്ചറി) നിർമ്മാണ പ്രവത്തനങ്ങളിൽ 20m x 10m x 1.8m വിസ്തൃതി ഉള്ള 24 സിമന്റ് ടാങ്കുകൾ (6 എണ്ണം വീതമുള്ള 4 ബ്ലോക്കുകൾ) നിർമ്മാണം പൂർത്തീകരിച്ചു. 160 മീറ്റർ റോഡ് പൂർത്തിയായി.

(ബി) എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഇവിടെ നടന്നു വരുന്നത്;

വിശദീകരിക്കാമോ?

വിഭാവനം ചെയ്ത പ്രോജക്ടിൽ ബാക്കിയുള്ള 38mx26mx1.5m വിസ്തൃതിയുള്ള ഒരു മൺ കുളത്തിന്റെ പ്രവൃത്തി, മത്സ്യക്കുഞ്ഞുങ്ങളെ പാക്ക് ചെയ്യുന്ന 1000 sq.ft. കെട്ടിടം, ഇലക്ട്രിക്കൽ, ടാങ്കുകളിലെ എയറേഷൻ എന്നീ പ്രവൃത്തികൾ നടന്നുവരുന്നു .

(സി) പ്രസ്തുത ഇക്കോ ഹാച്ചറിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

കാർപ്പ് ഇനത്തിൽപ്പെട്ട കട്ല, രോഹു, മൃഗാൽ എന്നീ മത്സ്യ ഇനങ്ങളെയാണ് പ്രധാനമായും പരിപാലിച്ച് പോരുന്നത്. എറണാകുളം ജില്ലയിലും സമീപ ജില്ലകളിലും ഫിഷറീസ് വകുപ്പിന്റെ വിവിധ പദ്ധതികൾക്കും, സ്വകാര്യ വ്യക്തികൾക്കും ഇവയെ വിതരണം ചെയ്യുന്നു. 2024-25 വർഷത്തെ ടാർജറ്റ് 50 ലക്ഷമാണ്. ഇതിൽ 47.80 ലക്ഷം എണ്ണം മത്സ്യക്കുഞ്ഞുങ്ങളെ നാളിതുവരെ ഉൽപാദിപ്പിക്കുവാൻ സാധിച്ചു.

(ഡി) പ്രസ്തുത ഹാച്ചറി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പൂർണ്ണമായി പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പ്രസ്തുത ഹാച്ചറി പൂർണ്ണമായി പ്രവർത്തന സജ്ജമാക്കാനാവശ്യമായ

നടപടികൾ സ്വീകരിക്കുന്നതാണ്. 2019 ജൂലൈയിൽ സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് (ഫിർമ)-ൽ നിന്ന് ഫിഷറീസ് വകുപ്പിന് ഹാച്ചറി കൈമാറുന്ന സമയം 8 നഴ്സറി കുളങ്ങളും ഒരു റിയറിങ് കുളവും ഒരു ബ്രൂഡ് സ്റ്റോക്ക് കുളവും മാത്രമാണ് ഉണ്ടായിരുന്നത്. നിലവിൽ നബാർഡ് RIDF ധനസഹായത്തോടെ 5 സെന്റ് വീതമുള്ള 24 കുളങ്ങൾ, ഒരു എർത്തേൺ കുളം, പാക്കിങ് ഷെഡ് യൂണിറ്റ് എന്നിവ നിർമ്മിക്കുകയും ജനറേറ്റർ, എയറേഷൻ, ലൈറ്റ് സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്തു. ഹാച്ചറിയുടെ ഉൽപാദനം 10 ലക്ഷത്തിൽ നിന്ന് 47.80 ലക്ഷമായി ഉയർന്നിട്ടുണ്ട്. ഇവയൊക്കെ ഹാച്ചറിയുടെ പുരോഗതിയുടെ സൂചകങ്ങളാണ്. ഈ വർഷം 50 ലക്ഷം മത്സ്യക്കുഞ്ഞുങ്ങൾ എന്ന ഭൗതിക ലക്ഷ്യം കൈവരിക്കുന്നതാണ്. ജില്ലയിലെ മത്സ്യകർഷകർക്ക് ആവശ്യമായ 50 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ വർഷംതോറും ഉൽപാദിപ്പിച്ച് വിതരണം ചെയ്യാൻ കഴിയും. ഹാച്ചറിയിൽ എത്തിച്ചേരുന്ന കർഷകർക്ക് ആവശ്യമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടത്തിവരുന്നു.

ഫിഷ് ഫാമുകളുടെ സി.എ.എ. ലൈസൻസ് വിശദാംശങ്ങൾ

280(4777) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ വി ജോയി:
ശ്രീ. കെ.കെ. രാമചന്ദ്രൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫിഷ് ഫാമുകൾക്കാണ് കോസ്റ്റൽ അക്വകൾച്ചർ അതോറിറ്റി ലൈസൻസ് ലഭ്യമായിട്ടുള്ളതെന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

കോസ്റ്റൽ അക്വകൾച്ചർ അതോറിറ്റി ലൈസൻസ് ലഭ്യമായിട്ടുള്ള സംസ്ഥാനത്തെ ഫിഷ് ഫാമുകളുടെ വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

ജില്ല	ഫാമുകളുടെ എണ്ണം
തിരുവനന്തപുരം	10
കൊല്ലം	29
ആലപ്പുഴ	295
എറണാകുളം	384
കോട്ടയം	1
തൃശ്ശൂർ	374
മലപ്പുറം	---
കോഴിക്കോട്	28
കണ്ണൂർ	88
കാസർഗോഡ്	1
ആകെ	**1,210**

(ബി) സി.എ.എ. ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ?

കോസ്റ്റൽ അക്വാകൾച്ചർ ഫാമുകളുടെ രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി പ്രോസസ് ചെയ്യുന്നതിനും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഡിജിറ്റലായി നൽകുന്നതിനും കർഷകരെ സഹായിക്കുന്നതിന് ദേശീയ തലത്തിൽ ഏകജാലക സംവിധാനം വികസിപ്പിച്ചെടുത്തിട്ടുള്ളതാണ്. ആയതിലൂടെ സി.എ.എ. ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാവുന്നതാണ്.

2 ഹെക്ടർ വരെ വിസ്തൃതിയുള്ള ഫാമുകൾക്ക് രജിസ്ട്രേഷനുള്ള അപേക്ഷ സി.എ.എ.-യ്ക്ക് നേരിട്ട് സമർപ്പിക്കാവുന്നതും 2 മുതൽ 5 ഹെക്ടർ വരെ വിസ്തൃതിയുള്ള ഫാമുകളുടെ അപേക്ഷ സബ് ഡിവിഷണൽ ലവൽ കമ്മിറ്റിയുടെ ശിപാർശ സഹിതവും 5 ഹെക്ടറിന് മുകളിൽ വിസ്തൃതിയുള്ള ഫാമുകളുടെ അപേക്ഷ ജില്ലാതല കമ്മിറ്റിയുടെ ശിപാർശ സഹിതവും സി.എ.എ.-യ്ക്ക് സമർപ്പിച്ച് അനുമതി നേടാവുന്നതാണ്. പുതുതായി രജിസ്റ്റർ ചെയ്യാനുള്ള കർഷകർക്കും രജിസ്ട്രേഷൻ പുതുക്കാനുള്ള കർഷകർക്കും മത്സ്യഭവനുകൾ മുഖേന നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ കാലതാമസം ഉണ്ടാകുന്നില്ല.

(സി) സി.എ.എ. ലൈസൻസുള്ള എത്ര ഫാമുകളാണ് കേരളത്തിൽ വനാമി ചെമ്മീൻ കൃഷി നടത്തിവരുന്നതെന്ന് ഫാം വിസ്തൃതി ഉൾപ്പെടെയുള്ള വിവരം

ലഭ്യമാക്കുമോ?

കേരളത്തിൽ വനാമി ചെമ്മീൻ കൃഷി നടത്തിവരുന്ന സി.എ.എ. ലൈസൻസ് ഉള്ള ഫാമുകളുടെ വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

ജില്ല	വനാമി ഫാമുകളുടെ എണ്ണം	വിസ്തൃതി (ഹെക്ടറിൽ)
തിരുവനന്തപുരം	.....	.....
കൊല്ലം	18	25.79
ആലപ്പുഴ	1	1.2
എറണാകുളം	--	--
കോട്ടയം	1	1.5
തൃശ്ശൂർ	15	25.33
മലപ്പുറം	--	--
കോഴിക്കോട്	....	.....
കണ്ണൂർ	48	75.166
കാസർഗോഡ്	1	4.00
ആകെ	84	132.986

ഗുരുവായൂർ മണ്ഡലത്തിലെ അന്തിഷ്ച പദ്ധതി

281(4778) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജക മണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രത്യേക

വികസനഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന അന്തിപ്പച്ച പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ:

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ&ബി) ഗുരുവായൂർ നിയോജക മണ്ഡലത്തിൽ എം.എൽ.എ. -യുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന അന്തിപ്പച്ച പദ്ധതിയിൽ വാഹനം വാങ്ങിക്കാൻ പ്രൊഫോർമ ഇൻവോയ്സ് സഹിതം GeM-ൽ നിന്നും പർച്ചേയ്സ് ചെയ്യുന്നതിനുള്ള മുൻകൂർ അഡ്വാൻസ് ആവശ്യപ്പെട്ടുകൊണ്ട് തൃശ്ശൂർ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തുക അനുവദിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കും.

കല്ലാനോട് ഫിഷ് ഹാച്ചറി

282(4779) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലാനോട് ഫിഷ് ഹാച്ചറിയിൽ എത്ര മത്സ്യക്കുളങ്ങളാണ് നിലവിലുള്ളത്; ഇവ പ്രതിവർഷം എത്ര മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നുണ്ട്; വിശദമാക്കാമോ?

കല്ലാനോട് ഫിഷ് ഹാച്ചറിയിൽ 43 മത്സ്യക്കുളങ്ങളാണ് നിലവിൽ ഉള്ളത്. ഇവിടെ പ്രതിവർഷം 52.75 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നുണ്ട്.

(ബി) കല്ലാനോട് ഫിഷ് ഹാച്ചറിയുടെ രണ്ടാംഘട്ട വികസനപ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; എത്ര കോടി രൂപയുടെ പ്രവൃത്തിയാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്; വിശദമാക്കാമോ?

കല്ലാനോട് ഹാച്ചറിയുടെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾക്കായി ഇറിഗേഷൻ വകുപ്പിന്റെ 2 ഹെക്ടർ ഭൂമി ഫിഷറീസ് വകുപ്പിന് പെർമിസ്സിവ് വ്യവസ്ഥയിൽ വിട്ടു നൽകിയിട്ടുള്ളതാണ്. കല്ലാനോട് ഹാച്ചറിയുടെ രണ്ടാംഘട്ട വികസന പദ്ധതികൾക്കായി NABARD RIDF-ൽ ഉൾപ്പെടുത്തി 1981 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ RIDF വിഹിതം 1881.95 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതം 99.05 ലക്ഷം രൂപയുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ് നടത്തുന്നത്.

ഇതിൽ 21 കുളങ്ങൾ, ഹാച്ചറി കെട്ടിടം, സൈഡ് പ്രൊട്ടക്ഷൻ കനാൽ & എർത്തേൺ ബണ്ട്, Internal Roads തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 1278.50 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ഏർപ്പാടാക്കുകയും ഇൻവെസ്റ്റിഗേഷൻ വർക്ക് (Boring & Sample Collection) പൂർത്തീകരിക്കുകയും വെർട്ടിക്കൽ പോണ്ടുകളുടെയും സെമി നാച്ചുറൽ പോണ്ടുകളുടെയും പ്രവൃത്തികൾ നടന്നു വരികയുംചെയുന്നു. പ്രസ്തുത പ്രവൃത്തി 2026 ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ഹാച്ചറി കെട്ടിടം, റി-സർക്കുലേഷൻ ഷെഡ്, എയറേഷൻ, വൈദ്യുതീകരണം മുതലായ അനുബന്ധ പ്രവൃത്തികൾക്ക് സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

നിലവിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്ക് ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ളതും പദ്ധതി പ്രദേശത്തോട് ചേർന്ന് കിടക്കുന്നതുമായ 1.326 ഹെക്ടർ ഭൂമികൂടി ഇറിഗേഷൻ വകുപ്പിൽ നിന്നും ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

283(4780) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിന്റെ ഭാഗമായി ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങളും മത്സ്യത്തീറ്റയും ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഗുണമേന്മയുള്ള മത്സ്യകുഞ്ഞുങ്ങളെ കർഷകർക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഹാച്ചറികളിൽ വിവിധയിനം മത്സ്യ, ചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തി കർഷകർക്ക് വിതരണം ചെയ്യുവരുന്നു. കർഷകരുടെ പങ്കാളിത്തത്തോടുകൂടി ഗുണമേന്മയുള്ള തദ്ദേശീയ മത്സ്യങ്ങളായ കരിമീൻ, വരാൽ എന്നിവയുടെ വിത്തുകൾ ഉൽപാദിപ്പിക്കുന്നതിനായി 'പിന്നാമ്പുറങ്ങളിലെ മത്സ്യവിത്തുല്പാദന യൂണിറ്റുകൾ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ മത്സ്യവിത്ത് ഹാച്ചറികളെയും സീഡ് ഫാമുകളെയും സംസ്ഥാന മത്സ്യവിത്ത് നിയമത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിനായി സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം മുഖേന

രജിസ്ട്രേഷൻ നടത്തിവരുന്നു. മത്സ്യവിത്തുകളുടെ സാമ്പിളുകൾ ശേഖരിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അക്വാട്ടിക് അനിമൽ ഹെൽത്ത് ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. അഡാക് മുഖേന ഗുണമേന്മയുള്ള മത്സ്യതീറ്റ കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

(ബി)മത്സ്യങ്ങളെ ബാധിക്കുന്ന രോഗങ്ങൾ കണ്ടെത്തുന്നതിനും രോഗവ്യാപനം തടയുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മത്സ്യങ്ങളെ ബാധിക്കുന്ന രോഗങ്ങൾ കണ്ടെത്തുന്നതിനും രോഗവ്യാപനം തടയുന്നതിനും സംസ്ഥാനത്ത് മത്സ്യ രോഗങ്ങളുടെ നിരീക്ഷണം, രോഗനിർണ്ണയം, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനുമായി പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, പാലക്കാട് ജില്ലയിലെ മലമ്പുഴ, മലപ്പുറം ജില്ലയിലെ ഉണ്ണ്യാൽ, കോഴിക്കോട് ജില്ലയിലെ വെസ്റ്റ് ഹിൽ, വയനാട് ജില്ലയിലെ തളിപ്പുഴ എന്നിവിടങ്ങളിലായി 7 അക്വാട്ടിക് ആനിമൽ ഹെൽത്ത് സർവയലൻസ് ലാബുകൾ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

ഇതിനുപുറമെ എറണാകുളം ജില്ലയിലെ തേവരയിലും തിരുവനന്തപുരം ജില്ലയിലെ ഓടയത്തുമായി രണ്ട് റീജണൽ ലാബുകളും പനങ്ങാട് കേരള

ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയിൽ (കുഫോസ്) ഒരു റഫറൽ ലാബും പ്രവർത്തിച്ചുവരുന്നു. ടി ലാബുകളിൽ മത്സ്യ/ചെമ്മീനുകളുടെ വൈറസ് രോഗ നിർണയത്തിനായുള്ള പി.സി.ആർ. ടെസ്റ്റുകളും ബാക്ടീരിയ രോഗ നിർണയത്തിനായുള്ള മൈക്രോ ബയോളജി ടെസ്റ്റുകളും മത്സ്യകൃഷി ചെയ്യുന്ന ജലം/മണ്ണിന്റെ രാസഭൗതിക ഗുണങ്ങൾ തുടങ്ങിയ എല്ലാ പരിശോധനകളും നടത്തുന്നതിനുള്ള സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഫീൽഡ് തലത്തിൽ മത്സ്യജല ഗുണനിലവാര പരിശോധനകൾക്കായി മൊബൈൽ അക്വാക്ലിനിക് പ്രവർത്തിക്കുന്നു. നാഷണൽ സർവയലൻസ് പ്രോഗ്രാം ഓൺ അക്വാട്ടിക് ആനിമൽ ഹെൽത്ത് ഡിസീസസ് (NSPAAD)-ന്റെ ഭാഗമായി കുഫോസ് റഫറൽ ലാബ് കർഷകർ റിപ്പോർട്ട് ചെയ്യുന്ന മത്സ്യരോഗങ്ങൾ പരിശോധിച്ചു പ്രതിവിധികൾ നിർദേശിക്കുന്നു. ഇതിനായി കുഫോസിലെയും ഫിഷറീസ് വകുപ്പിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റി രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു.

കുട്ടനാട്ടിൽ ഉൾനാടൻ മത്സ്യലഭ്യത ഉറപ്പുവരുത്തൽ

284(4781) ശ്രീ. തോമസ് കെ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കായൽ പാടശേഖരങ്ങളിൽ കൂടുതൽ നാടൻ മത്സ്യ ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിൽ നാടൻ മത്സ്യലഭ്യത വർധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് 'സംയോജിത മത്സ്യ വിഭവ പരിപാലന പദ്ധതി' 2022-25 വർഷങ്ങളിൽ ആലപ്പുഴ കോട്ടയം ജില്ലകളിലായി നടപ്പിലാക്കി. പദ്ധതിയുടെ ഭാഗമായി വേമ്പനാട് കായലിൽ വിവിധ പഞ്ചായത്തുകളുടെ പരിധിയിൽ 20 മത്സ്യസങ്കേതങ്ങളും 17 കക്ക സംരക്ഷണ യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. മത്സ്യസങ്കേതങ്ങളും കക്ക സംരക്ഷണ യൂണിറ്റുകളും തനത് മത്സ്യങ്ങൾക്ക് പ്രജനനത്തിന് ആവശ്യമായ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതുമൂലം മത്സ്യ സമ്പത്തിൽ ഗണ്യമായ വർധനവ് ഉണ്ടായിട്ടുണ്ട്.

ഇതിന് പുറമേ ജനകീയ മത്സ്യകൃഷി (JMK), സംയോജിത മത്സ്യ വിഭവ പരിപാലന പദ്ധതി എന്നിവ പ്രകാരം കുട്ടനാടൻ പ്രദേശത്ത് മത്സ്യവിത്ത് നിക്ഷേപവും നടത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം നാടൻ മത്സ്യങ്ങളായ കരിമീൻ, പൂമീൻ, ആറ്റു കൊഞ്ച് തുടങ്ങിയ ഇനങ്ങളെയാണ് നിക്ഷേപിച്ചിട്ടുള്ളത്.

നാടൻ മത്സ്യകൃഷി പ്രോത്സാഹനത്തിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും നാടൻ മത്സ്യ ഇനങ്ങളായ കരിമീൻ വരാൽ എന്നിവയുടെ വിത്തുൽപാദനത്തിനുമായി കർഷകരുടെകൂടി പങ്കാളിത്തത്തോടെ മത്സ്യ വിത്തുൽപ്പാദന യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്താകെ 2023-24 വർഷം 278 പുതിയ യൂണിറ്റുകൾ സ്ഥാപിക്കുകയും 591 യൂണിറ്റുകൾക്ക് തുടർ സഹായം നൽകുകയും ചെയ്തിട്ടുണ്ട്. 104.93 ലക്ഷം മത്സ്യ കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 235 പുതിയ യൂണിറ്റുകൾ സ്ഥാപിക്കുകയും 472 യൂണിറ്റുകൾക്ക് തുടർ സഹായം നൽകുകയും ചെയ്തിട്ടുണ്ട് . 111.73 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മത്സ്യതൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും ആയത് മൈൻ/ഉൾനാടൻ എന്ന് വേർതിരിവ് ഇല്ലാതെ മത്സ്യബോർഡ് മുഖേന നടപ്പാക്കി വരികയും ചെയ്യുന്നു.

മത്സ്യ മാർക്കറ്റുകളെ ആധുനിക മാർക്കറ്റുകളായി ഉയർത്തുന്നതിന് നടപടി

285(4782) ശ്രീ സി കെ ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ ഏതെല്ലാം മത്സ്യ മാർക്കറ്റുകളാണ് ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിന് തിരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കിഫ്ബി ധനസഹായത്തോടെ, പാറശ്ശാല മണ്ഡലത്തിൽ പനച്ചമൂട് മത്സ്യ മാർക്കറ്റിനെയാണ് ആധുനിക മത്സ്യ മാർക്കറ്റായി ഉയർത്തുന്നതിന് തിരഞ്ഞെടുത്തിരിക്കുന്നത്.

(ബി) കിഫ്ബി ഫണ്ട് വിനിയോഗിച്ച് മത്സ്യ മാർക്കറ്റുകളെ ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണ്; വിശദാംശം അറിയിക്കാമോ;

നിലവിലുള്ള മത്സ്യ മാർക്കറ്റുകൾ ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിനായി പ്രദേശത്തെ ആവശ്യങ്ങളും സാധ്യതകളും അടിസ്ഥാനമാക്കി പഠനം നടത്തി അതിൻപ്രകാരം തയ്യാറാക്കിയ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ അംഗീകാരത്തിനും ധനാനുമതിക്കുമായി സമർപ്പിക്കുന്നു.

(സി) പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; ഇതിന്റെ ഭാഗമായി എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ?

2408.73 ച.മീറ്റർ വിസ്തൃതിയിൽ ഒരു ഇരുനില മാർക്കറ്റ് കെട്ടിടമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. രണ്ടു നിലകളിലായി മത്സ്യ വിൽപനക്കായി വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ഒരു ലേല ഹാൾ, മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ചിൽ റൂം സൗകര്യം, ഒരു മൾട്ടി പർപ്പസ് ഹാൾ, ദിവസ കച്ചവടക്കാർക്കുള്ള കച്ചവട സ്ഥലം, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം റെസ്റ്റ് റൂം സൗകര്യം, ടോയ്ലെറ്റുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

നിലവിൽ ഗ്രൗണ്ട് ഫ്ലോറിന്റെ സ്ട്രക്ചറൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 2025 മെയ് മാസത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആഴക്കടൽ ഖനനം

286(4783) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ കേരള തീരങ്ങളിൽ നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ആഴക്കടൽ ഖനനത്തിനെതിരെ സംസ്ഥാനം കേന്ദ്രവുമായി ഏതൊക്കെ തരത്തിൽ എന്നൊക്കെയാണ് ആശയവിനിമയം നടത്തിയിട്ടുള്ളതെന്നും അവയുടെ പകർപ്പും ലഭ്യമാക്കുമോ?

കേന്ദ്ര ഖനി മന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ 2023 ഫെബ്രുവരി 9-ന് നൽകിയ നോട്ടിഫിക്കേഷൻ പ്രകാരം ഓഫ് ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്ട് - 2002 (OAMDR Act) ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നതായി കേന്ദ്ര സർക്കാർ അറിയിക്കുകയും പൊതുജനങ്ങൾക്കും സംസ്ഥാന സർക്കാരുകൾക്കും ആയതിനെകുറിച്ച് അഭിപ്രായം അറിയിക്കുന്നതിന് 2023 മാർച്ച് 11 വരെ സമയം അനുവദിക്കുകയും

ചെയ്തിരുന്നു. ഭേദഗതി ആക്ട് കേരളത്തിലെ മത്സ്യമേഖലയെയും മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണത്തെയും പ്രതികൂലമായി ബാധിക്കുമെന്ന് ബോധ്യപ്പെടുകയും കടൽ തട്ട് ഖനനം ചെയ്യുന്നതിനായി നിർദിഷ്ട നിയമം ഭേദഗതി ചെയ്യുന്നതിനുള്ള തീരുമാനം ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയും ചെയ്തിരുന്നു. കടൽ ഖനനം ഏറെ സാമ്പത്തിക മുതൽ മുടക്കും സാങ്കേതിക പിൻബലവും ആവശ്യമുള്ള മേഖലയാണ്. ഈ മേഖലയിലേക്ക് കടന്നുവരുന്നത് തീർച്ചയായും വൻകിട കുത്തക കമ്പനികളായിരിക്കും. വൻകിട കമ്പനികളുടെ ലാഭത്തിനായി പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണ മാർഗവും സാധാരണ ജനങ്ങളുടെ പോഷക സ്രോതസ്സും ഇല്ലാതാക്കുന്നത് തീരപ്രദേശത്ത് അരക്ഷിതാവസ്ഥയ്ക്ക് കാരണമാകുമെന്ന കാര്യത്തിൽ സംശയമില്ല. വിഷയം സംബന്ധിച്ച് സംസ്ഥാനത്തിന്റെയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും ആശങ്കകൾ കൃത്യമായി കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആഴക്കടൽ മണൽ ഖനനം ചെയ്യുന്ന പദ്ധതി ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി നിലവിലുള്ള സർക്കാരിന്റെ കാലയളവിൽ കേന്ദ്ര ഖനി മന്ത്രാലയത്തിന് 11-03-2023-ന് B3/71/2023-FandPD നമ്പർ പ്രകാരം കത്ത്

അയച്ചിട്ടുണ്ട്. (കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു).+

ഖനനത്തിനുള്ള ടെൻഡർ നടപടിക്കായി 11-01-2025-ന് കേന്ദ്രമന്ത്രാലയം കൊച്ചിയിൽ സംഘടിപ്പിച്ച ശില്പശാലയിൽ കേന്ദ്ര മൈൻസ് സെക്രട്ടറി മുൻപാകെ സംസ്ഥാന വ്യവസായ വകുപ്പ് സെക്രട്ടറി സംസ്ഥാനത്തിന്റെ നയപരമായ നിലപാടും നിലവിലെ ആശങ്കയും അറിയിച്ച് ഒബ്ജക്ഷൻ നോട്ട് അവതരിപ്പിക്കുകയും ചെയ്തു. ടി വിഷയത്തിലെ സംസ്ഥാനത്തിന്റെ ആവശ്യം 2025 ജനുവരി 19-ന് ഒറീസ്സയിലെ ഭുവനേശ്വറിൽ നടന്ന അറുപത്തിനാലാമത് സെൻട്രൽ ജിയോളജിക്കൽ പ്രോഗ്രാമിങ് ബോർഡിൽ ചർച്ചയ്ക്ക് വരികയും കേന്ദ്ര ഖനി സെക്രട്ടറിയായ ശ്രീ. കാന്തറാവു ഐ.എ.എസ്. ടി വിഷയത്തിൽ കേരളത്തിന് ഉത്കണ്ഠയുള്ളതായി അറിയിച്ച വിവരം യോഗത്തിൽ അവതരിപ്പിക്കുകയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി എന്ന സ്ഥാപനത്തോട് ഓഫ്ഷോർ മൈനിങ് സംബന്ധിച്ച പാരിസ്ഥിതിക വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 13-02-2025 -ൽ ആഴക്കടൽ മണൽ ഖനനമെന്ന പ്രോജക്ട് ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിശദമായ കത്ത് സംസ്ഥാന വ്യവസായ വകുപ്പ് സെക്രട്ടറി കേന്ദ്ര ഖനി സെക്രട്ടറിക്ക് അയച്ചിട്ടുണ്ട് (കത്തിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പകർപ്പ് അനുബന്ധമായി ചേർക്കുന്നു).+

ആഴക്കടൽ ധാതുഖനനവുമായി ബന്ധപ്പെട്ട വിഷയത്തിൽ സംസ്ഥാനത്തിന്റെ എതിർപ്പും ഖനനം നടത്തുന്നതിനുള്ള നടപടികൾ നിർത്തിവയ്ക്കണമെന്നും കേന്ദ്ര ഫിഷറീസ് വകുപ്പുമന്ത്രിയോടും കേന്ദ്ര ഖനി വകുപ്പുമന്ത്രിയോടും 27-02-2025-ലെ കത്ത് പ്രകാരം സംസ്ഥാന ഫിഷറീസ് വകുപ്പുമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. (ടി കത്തുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു).+

കൂടാതെ കേരളത്തിന്റെ സമ്പദ്ഘടനയെയും പാരിസ്ഥിതിക സന്തുലനത്തെയും പ്രതികൂലമായി ബാധിക്കുന്ന ആഴക്കടൽ ധാതുഖനനം ഉടൻ ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ട് കേരള മുഖ്യമന്ത്രി 04-03-2025-ന് കേരള നിയമസഭയിൽ അവതരിപ്പിച്ച പ്രമേയം ഏകകണ്ഠമായി പാസ്സാക്കിയിട്ടുള്ളതാണ്.

(ബി) അനന്തകാലമായി വരുമാന സ്രോതസ്സായി നിലകൊള്ളുന്നതും തുടർന്നും വരുമാന സ്രോതസായി വളരെക്കാലം നിലനിർത്താൻ കഴിയുന്നതുമായ മത്സ്യ സമ്പത്തിനും സമുദ്രജീവ ആവാസ വ്യവസ്ഥയ്ക്കും കടുത്ത ആഘാതം ഏൽപിക്കുന്നതും ദീർഘകാല ഫലം പരിശോധിച്ചാൽ ആഴക്കടൽ ഖനനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊണ്ടുണ്ടാകുന്ന വരുമാനത്തെ മറികടക്കാൻ കഴിയുന്നതാണ് മത്സ്യസമ്പത്തിൽ നിന്നുള്ള വരുമാനം എന്നും കരുതുന്നുണ്ടോ;

(സി) എങ്കിൽ ആഴക്കടൽ ഖനനം കൊണ്ടുണ്ടാകാൻ ഇടയുള്ള പാരിസ്ഥിതിക ആഘാതം ശാസ്ത്രീയമായി പഠിക്കുന്നതിനും പഠന റിപ്പോർട്ട് യുദ്ധകാലാടിസ്ഥാനത്തിൽ തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(ബി & സി) ഉണ്ട്. നിലവിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി എന്ന സ്ഥാപനത്തോട് ഓഫ്ഷോർ മൈനിങ് സംബന്ധിച്ച പാരിസ്ഥിതിക വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനുള്ള നിർദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്.

തകർന്ന മത്സ്യബന്ധന യാനങ്ങൾക്ക് നഷ്ടപരിഹാരം

287(4784) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ കടൽ ക്ഷോഭത്തിലും മറ്റും തകർന്ന മത്സ്യബന്ധന യാനങ്ങളുടെ നഷ്ടപരിഹാരത്തിനായി എത്ര പേർ അപേക്ഷ

സമർപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ:

(ബി) പ്രസ്തുത അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; നഷ്ടപരിഹാരം എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ആലപ്പുഴ മണ്ഡലത്തിൽ കടൽക്ഷോഭത്തിലും മറ്റും തകർന്ന മത്സ്യബന്ധന യാനങ്ങളുടെ നഷ്ടപരിഹാരത്തിനായി നാളിതുവരെ 23 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത 23 അപേക്ഷകളിൽ, 7 അപേക്ഷകർക്ക് 2018 മൺസൂണിന് ശേഷം സംസ്ഥാനത്ത് വിവിധ ജില്ലകളിലുണ്ടായ രൂക്ഷമായ കടലാക്രമണ നാശനഷ്ടങ്ങൾക്കായി 27-08-2020, 10-12-2021 എന്നീ തീയതികളിലെ സ.ഉ.(കൈ) 15/2020/മത്തുവ, സ.ഉ.(കൈ) 23/2021/മത്തുവ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 7,81,924/-രൂപ അനുവദിച്ചിട്ടുണ്ട്.

06-09-2020, 07-09-2020 എന്നീ തീയതികളിൽ ഉണ്ടായ കടൽക്ഷോഭത്തിൽ മത്സ്യബന്ധന യാനങ്ങൾക്കും വല ഉൾപ്പെടെയുള്ള മത്സ്യബന്ധന ഉപകരണങ്ങൾക്കും സംഭവിച്ച നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരത്തിനായി 5 അപേക്ഷകൾ ലഭ്യമായിരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ

cmo.kerala.gov.in എന്ന വെബ് സൈറ്റ് വഴി ഓൺലൈൻ ആയോ ബന്ധപ്പെട്ട അക്ഷയ കേന്ദ്രം മുഖേനയോ സെക്രട്ടറിയേറ്റിലെ straight forward-ലേക്ക് തപാൽ മാർഗമോ നേരിട്ടോ സമർപ്പിക്കുന്നതിന് അപേക്ഷകർക്ക് നിർദേശം നൽകുകയും ആയത് പ്രകാരം അപേക്ഷകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ നേരിട്ട് സമർപ്പിക്കുന്ന അപേക്ഷകൾക്ക് റവന്യൂ വകുപ്പിൽ നിന്നും അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടാണ് തുക അനുവദിക്കുന്നത്. 09-10-2023-ന് ഉണ്ടായ അപകടത്തിൽ മത്സ്യബന്ധനയാനം നഷ്ടമായതിനെ തുടർന്ന് CMDRF-ൽ നേരിട്ട് അപേക്ഷ സമർപ്പിച്ച ഒരു അപേക്ഷകന് റവന്യൂ വകുപ്പ് മുഖേന സി.എം.ഡി.ആർ.എഫ്.-ൽ നിന്നും 90,000/- രൂപ അനുവദിച്ചിട്ടുണ്ട്. തുടർന്ന് മറ്റ് കടൽക്ഷോഭങ്ങളിൽ നാശനഷ്ടം സംഭവിച്ചതുമായി ബന്ധപ്പെട്ട് ജില്ല ഓഫീസിൽ ലഭിച്ച 5 അപേക്ഷകൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരം ലഭ്യമാകുന്നതിന് cmo.kerala.gov.in എന്ന വെബ് സൈറ്റ് വഴി ഓൺലൈൻ ആയോ ബന്ധപ്പെട്ട അക്ഷയ കേന്ദ്രം മുഖേനയോ സെക്രട്ടറിയേറ്റിലെ straight forward-ലേക്ക് തപാൽ മാർഗമോ നേരിട്ടോ സമർപ്പിക്കേണ്ടതാണെന്ന് നിർദേശം നൽകിയിട്ടുണ്ട്.

2018 മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന യാനങ്ങൾക്കുള്ള

ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ അംഗമായിട്ടുള്ള 5 മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് വകുപ്പിൽ ക്ലെയിം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 3 അപേക്ഷകൾക്ക് ആകെ 1,15,040 രൂപ ക്ലെയിം തുകയായി അനുവദിച്ചിട്ടുണ്ട്, ബാക്കി 2 അപേക്ഷകൾക്ക് ഇൻഷ്വറൻസ് ക്ലെയിം അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പുനർഗേഹം പദ്ധതി

288(4785) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി യു.പ്രതിഭ:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയുടെ പ്രാരംഭത്തിൽ ഉണ്ടായിരുന്ന നിർവഹണ മാർഗനിർദേശം, അർഹതാ മാനദണ്ഡങ്ങൾ എന്നിവയിൽ എന്തെല്ലാം ഭേദഗതികളാണ് കൊണ്ടുവന്നിട്ടുള്ളത്?

പുനർഗേഹം പദ്ധതിയുടെ പ്രാരംഭത്തിൽ ഉണ്ടായിരുന്ന നിർവഹണ മാർഗനിർദേശം, അർഹതാ മാനദണ്ഡങ്ങൾ എന്നിവയിൽ ചുവടെ പറയുന്നവയിൽ

ഭേദഗതികൾ കൊണ്ടു വന്നിട്ടുള്ളതാണ്.

l. 12-02-2021-ലെ സ.ഉ (കൈ)നം.6/2021/മത്സ്യ എന്ന ഉത്തരവിലൂടെ 16-12-2017-ലെ സർക്കാർ ഉത്തരവ് (കൈ) നം. 29/2017/മത്സ്യ പ്രകാരം ഭൂമി വില നിശ്ചയിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ പുനർഗേഹം പദ്ധതിക്കുകൂടി ബാധകമാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം ഭൂമി വില നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. (എ) ഭൂമിയുടെ വില നിശ്ചയിച്ചു നൽകുന്നതിനായി സമീപപ്രദേശത്ത് 3 വർഷത്തിനുള്ളിൽ ആധാരം ചെയ്തിട്ടുള്ള മൂന്ന് വസ്തുക്കളുടെ പ്രമാണം പരിശോധിക്കുകയും അതിൽ സമാന സ്വഭാവമുള്ള വസ്തുവിന്റെ വില ബേസിക് വാല്യൂ ആയി കണക്കാക്കി സ്ഥലത്തിന്റെ ബേസിക് വാല്യൂവിനെ നിശ്ചിത മൾട്ടിപ്ലിക്കേഷൻ ഫാക്ടർ കൊണ്ട് ഗുണിച്ച് പരമാവധി 100 സൊളേഷൻകൂടി കൂട്ടി സ്റ്റാറ്റ്യൂട്ടറി വാല്യൂ കണ്ടെത്തി അങ്ങനെ കണക്കാക്കപ്പെടുന്ന സ്റ്റാറ്റ്യൂട്ടറി വിലയെക്കാൾ 100% വരെ അധിക വില നെഗോഷിയേറ്റ് ചെയ്ത് നിശ്ചയിക്കുന്ന തുക 6,00,000/-(ആറു ലക്ഷം) രൂപയിൽ അധികരിക്കാൻ പാടില്ല. ആയത് നിശ്ചയിച്ചു നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും ബന്ധപ്പെട്ട തഹസീൽദാർ,

ഡെപ്യൂട്ടി കളക്ടർ (ലാൻഡ് അക്വിസിഷൻ) ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളുമായ കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു.

(ബി) സ്റ്റാറ്റ്യൂട്ടറി വിലയേക്കാളും 100%-ത്തിൽ അധികരിച്ച തുക നിശ്ചയിച്ച് നൽകേണ്ട കേസുകളിൽ ഫിഷറീസ് സെക്രട്ടറി ചെയർമാനും ഫിഷറീസ് ഡയറക്ടർ കൺവീനറും ഫിനാൻസ്, റവന്യൂ എന്നീ വകുപ്പുകളിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു.

II. 07-01-2020-ലെ സ.ഉ (സാധാ) നം.13/2020/മത്സ്യ പ്രകാരമുള്ള പുനർഗേഹം പദ്ധതി നിർവഹണ മാർഗനിർദേശങ്ങളിൽ 18-10-2020-ലെ സ.ഉ (സാധാ) നം. 602/2020/മത്സ്യ പ്രകാരം ചുവടെ പറയുന്ന ഭേദഗതികൾ വരുത്തിയിരുന്നു.

1. ജില്ലാ ഓഫീസർമാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ DLMC കഴിഞ്ഞ ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരം ആവശ്യമായ തുക ജില്ലാ ഫിഷറീസ് ഓഫീസറുടെ STSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതാണ്.

2. ടി തുക രജിസ്ട്രേഷൻ നടക്കുന്ന ദിവസമോ പ്രമാണം സൂക്ഷ്മ പരിശോധന

നടക്കുന്ന ദിവസമോ തന്നെ DBT ആയോ അക്കൗണ്ട് പേയീ ചെക്കായോ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് രജിസ്ട്രേഷൻ ചാർജ്ജുകളും ഭൂഉടമയുടെ അക്കൗണ്ടിലേക്ക് ഭൂമി വിലയും നൽകേണ്ടതാണ്.

പുനർഗേഹം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നിലവിലുള്ള 07-01-2020-ലെ സ.ഉ (സാധാ) നം. 13/2020/മത്സ്യ പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ബന്ധപ്പെട്ട ഖണ്ഡികകളിൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി 25-10-2021-ലെ സ.ഉ (സാധാ) നം. 562/2021/മത്സ്യ പ്രകാരം ഉത്തരവായിട്ടുണ്ട്.

മാർഗ നിർദേശത്തിലെ ക്രമ നം.	**നിലവിലെ മാർഗനിർദേശം**	**ഭേദഗതി മാർഗനിർദേശം**
II.2	ഗുണഭോക്താവ് അവരുടെ ഭൂമി പരിത്യജിക്കേണ്ടതും പിൽക്കാലത്ത് പ്രസ്തുത സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനവും നടത്തുകയില്ല എന്ന് ഫിഷറീസ് വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്	നിലവിലുള്ള ഭൂമി ഉടമയുടെ പേരിൽ തന്നെ നിലനിർത്തി കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ഈ സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനവും നടത്തുകയില്ല എന്ന് ഫിഷറീസ് വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടി പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി

		നൽകുവാൻ പാടില്ലാത്തതും ആകുന്നു.
II.13	ഗുണഭോക്താക്കൾ നിലവിലുള്ള കെട്ടിടം സ്വന്തം നിലയിൽ പൊളിച്ചു മാറ്റേണ്ടതും വസ്തു റിലിങ്ക്വിഷ് ചെയ്യേണ്ടതുമാണ്. എന്നാൽ 5 സെന്റിനു മുകളിൽ ഭൂമി ഉള്ള ഗുണഭോക്താക്കൾക്ക് നിബന്ധനകൾക്ക് വിധേയ-മായി ടി സ്ഥലം കൃഷിക്ക് ഉപയോഗിക്കാവുന്നതുമാണ്. ടി സ്ഥലത്ത് യാതൊരു വിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ അനുവദിക്കുന്നതല്ല.	ഗുണഭോക്താക്കൾ നിലവിലുള്ള കെട്ടിടം സ്വന്തം നിലയിൽ പൊളിച്ച് മാറ്റേണ്ടതാണ്.
III.4	ഒന്നാംഘട്ട ധന സഹായം കൈപ്പറ്റി 12 മാസത്തിന് ഉള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അനുവദിച്ച ധനസഹായത്തിന് 18% പലിശ സഹിതം ഗുണഭോക്താവ് തിരിച്ചടക്കേണ്ടതാണ്.	ഒന്നാംഘട്ട ധന സഹായം കൈപ്പറ്റി 12 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഗുണഭോക്താവ് കൈപ്പറ്റിയ തുക തിരിച്ചടക്കേണ്ടതാണ്.
V	ഗുണഭോക്താവ് 2 സെന്റിൽ	ഗുണഭോക്താവ് 2 സെന്റിൽ കുറയാത്ത

	കുറയാത്ത ഭൂമിയും 500 സ്ക്വയർഫീറ്റിൽ കുറയാത്ത വാസയോഗ്യമായ ഭവനം വാങ്ങുന്ന പക്ഷം 23-08-2019-ലെ സർക്കാർ ഉത്തരവ് G.O(MS) No.25/2019/DMD പ്രകാരം 10 ലക്ഷം രൂപയുടെ സഹായം നൽകാവുന്നതാണ്. പ്രസ്തുത ഭൂമിയുടെ അനുയോജ്യത Inter Department Team (I.D.T) പരിശോധിക്കേണ്ടതാണ്. പ്രസ്തുത ഭവനത്തിന്റെ സുരക്ഷിതത്വം, ഉറപ്പ്, ശൗചാലയ സൗകര്യം എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയോ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പലെയോ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനും മത്സ്യഭവൻ ഓഫീസറും അടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റി സാക്ഷ്യപ്പെടുത്തേണ്ടതാണ്. പദ്ധതി ധനസഹായം	ഭൂമിയും 400 സ്ക്വയർ ഫീറ്റിൽ കുറയാത്ത വാസയോഗ്യമായ ഭവനം വാങ്ങുന്ന പക്ഷം സർക്കാർ ഉത്തരവ് G.O(MS) No.25/2019/DMD തീയതി 23.08.2019 പ്രകാരം 10 ലക്ഷം രൂപയുടെ സഹായം നൽകാവുന്നതാണ്. പ്രസ്തുത ഭൂമിയുടെ അനുയോജ്യത Inter Department Team (IDT) പരിശോധിക്കേണ്ടതാണ്. പ്രസ്തുത ഭവനത്തിന്റെ സുരക്ഷിതത്വം, ഉറപ്പ്, ശൗചാലയ സൗകര്യം എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയോ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പലെയോ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനും മത്സ്യഭവൻ ഓഫീസറും അടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റി സാക്ഷ്യപ്പെടുത്തേണ്ടതാണ്. പദ്ധതി ധനസഹായം ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് ശേഷം മാത്രം അനുവദിക്കുക.

	ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് ശേഷം മാത്രം അനുവദിക്കുക.	

IV. പുനർഗേഹം പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും 20-12-2021-ലെ G.O (P) No.130/2021/TAXES & 20-12-2021-ലെ G.O (P) No.131/2021/TAXES (അസാധാരണ ഗസ്റ്റ് നം. 962/2021 &963/2021) എന്നിവ പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്.

V. വേലിയേറ്റ രേഖയിൽനിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും നിലവിൽ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതും സർവേ ലിസ്റ്റിൽ ഉൾപ്പെട്ടതുമായ 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗനിർദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് 05-01-2024-ലെ സ.ഉ. (കൈ) നം. 1/2024/F&P നമ്പർ പ്രകാരം സർക്കാർ

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ആയവ നടപ്പാക്കുമ്പോൾ വന്ന മാറ്റങ്ങൾ വ്യക്തമാക്കാമോ?

1. 16-12-2017-ലെ സ.ഉ (കൈ) നം. 29/2017/മതുവ ഉത്തരവിലെ ഭൂമി വില നിശ്ചയിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ പുനർഗേഹം പദ്ധതിക്ക് കൂടി ബാധകമാക്കിയ ഉത്തരവ്

പുനർഗേഹം പദ്ധതിയുടെ നടത്തിപ്പിനുള്ള മാർഗരേഖകൾ നിശ്ചയിച്ചു കൊണ്ടുള്ള 07-01-2020-ലെ സ.ഉ (സാധാ) നം. 13/2020/മതുവ ഉത്തരവിൽ ഭൂമി വില നിശ്ചയിച്ച് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ പുനർഗേഹം പദ്ധതിപ്രകാരം ഭൂമി മൂല്യനിർണയത്തിനായി സ്വീകരിക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച സ്പഷ്ടീകരണം ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 16-12-2017-ലെ സ.ഉ (കൈ) നം. 29/2017/മതുവ ഉത്തരവിലെ ഭൂമി വില നിശ്ചയിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ പുനർഗേഹം പദ്ധതിക്കുകൂടി ബാധകമാക്കി 12.02.2021-ലെ സ.ഉ (കൈ) നം. 6/2021/മതുവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം ഭൂമി വില നിശ്ചയിക്കുന്നതിന് വ്യക്തമായ നടപടി ക്രമങ്ങൾ പാലിക്കാനും പദ്ധതി

പ്രവർത്തനം സുഗമമാക്കുവാനും കഴിഞ്ഞിട്ടുണ്ട് .

2. 07-01-2020-ലെ സ.ഉ (സാധാ) നം. 13/2020/മത്സ്യ പ്രകാരമുള്ള പുനർഗേഹം പദ്ധതി നിർവഹണ മാർഗനിർദേശങ്ങളിൽ 18-10-2020-ലെ സ.ഉ (സാധാ) നം. 602/2020/മത്സ്യ പ്രകാരം വരുത്തിയ ഭേദഗതികൾ.

ജില്ലാ ഓഫീസർമാർ സമർപ്പിക്കുന്ന ധനസഹായ ശിപാർശ PIU ഓഫീസിൽ നിന്നും ഫിഷറീസ് അഡീഷണൽ ഡയറക്ടർ മുഖേന ഡയറക്ടർക്ക് സമർപ്പിക്കുന്നത് പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവ് അനുസരിച്ച് DBT ആയി തുക അനുവദിക്കുകയായിരുന്നു പതിവ്. ഇപ്രകാരം ജില്ലാ ഓഫീസ്, PIU, ഫിഷറീസ് ഡയറക്ടറേറ്റ് എന്നീ ഓഫീസുകളിലെ വിവിധതലങ്ങളിലൂടെ കടന്ന് പദ്ധതി ആനുകൂല്യം വിതരണം ചെയ്യുന്നത് കാലതാമസത്തിന് കാരണമാകുന്നതിനാലാണ് ഈ ഭേദഗതിയിലൂടെ ആവശ്യമായ തുക ജില്ലാ ഓഫീസർമാർക്ക് നൽകാനും അവിടെ നിന്നുതന്നെ DBT ആയി തുക വിതരണം ചെയ്യാനും നിർവഹണ മാർഗനിർദേശങ്ങളിൽ മാറ്റം വരുത്തിയത് ധനസഹായ വിതരണം ത്വരിതപ്പെടുത്തുവാനും പദ്ധതിയെ ആകർഷകവും പദ്ധതി നിർവഹണം കൂടുതൽ സുഗമമാക്കുവാനും കഴിഞ്ഞിട്ടുണ്ട്.

3. പുനർഗേഹം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നിലവിലുള്ള 07-

01-2020-ലെ സ.ഉ (സാധാ) നം. 13/2020/മതുവ പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ II.2, II.13, III.4, V-എന്നീ ബന്ധപ്പെട്ട ഖണ്ഡികകളിൽ 25-10-2021-ലെ സ.ഉ (സാധാ) നം. 562/2021/മതുവ പ്രകാരം വരുത്തിയ ഭേദഗതിയുടെ ഫലമായി സ്വന്തം ഉടമസ്ഥതയിലുള്ള ഭൂമി പരിത്യജിക്കാതെ തന്നെ പുനർഗേഹം പദ്ധതി പ്രകാരമുള്ള പുനരധിവാസത്തിലൂടെ ഭൂമിയും ഭവനവും ലഭിക്കുമെന്ന വിധത്തിൽ ഉണ്ടായ ഭേദഗതി പദ്ധതിയെ കൂടുതൽ ആകർഷകവും പദ്ധതി നിർവഹണം കൂടുതൽ സുഗമമാക്കാനും കഴിഞ്ഞിട്ടുണ്ട് .

ഭവന നിർമ്മാണം 12 മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയാത്ത ഗുണഭോക്താക്കളെ അനുവദിച്ച തുകയുടെ 18% പലിശയിൽ നിന്നും ഒഴിവാക്കിയത് ഏതെങ്കിലും കാരണത്താൽ ഭവന നിർമ്മാണം ആരംഭിക്കാൻ കഴിയാതെ വരുന്ന ഗുണഭോക്താക്കൾക്ക് അധിക സാമ്പത്തിക ബാധ്യതയിൽ നിന്നും സുരക്ഷിതത്വം നൽകുന്നു. ഭേദഗതി പദ്ധതിയെ കൂടുതൽ ആകർഷകവും പദ്ധതി നിർവഹണം കൂടുതൽ സുഗമമാക്കാനും സഹായിച്ചിട്ടുണ്ട്

ധന സഹായത്തിൽ കുറവ് വരുത്താതെ വാങ്ങുന്ന ഭവനത്തിന്റെ കുറഞ്ഞ വിസ്തീർണം 500 സ്ക്വയർ ഫീറ്റിൽ നിന്നും 400 സ്ക്വയർ ഫീറ്റായി കുറവ് ചെയ്ത് ഭേദഗതി വരുത്തിയത് പദ്ധതിയെ കൂടുതൽ ആകർഷകമാക്കുവാനും പദ്ധതി

നിർവഹണം കൂടുതൽ സുഗമമാക്കാനും സഹായിച്ചിട്ടുണ്ട്.

4. പുനർഗേഹം പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷൻ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും 20-12-2021-ലെ G.O (P) No. 130/2021/TAXES, G.O (P) No. 131/2021/TAXES, 20-12-2021-ലെ അസാധാരണ ഗസ്റ്റ് നം. 962/2021 & 963/2021 എന്നിവ പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്.

പുനർഗേഹം പദ്ധതി പ്രകാരം സുരക്ഷിത മേഖലയിലേക്ക് മാറി താമസിക്കുവാൻ തയ്യാറാകുന്ന ഗുണഭോക്താവിന് വ്യക്തിഗത ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുവാനും ഭവന നിർമ്മാണത്തിനും കൂടി പരമാവധി 10 ലക്ഷം രൂപയുടെ ധനസഹായം ലഭ്യമാകുന്നതാണ്. ഭൂമി വില 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയും അടക്കം പരാമാവധി 10 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഭൂമി വില 6 ലക്ഷം രൂപയിൽ കുറവാണ് ചെലവാകുന്നതെങ്കിൽ ബാക്കി തുക 4 ലക്ഷം രൂപയോട് ചേർത്ത് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. ഭൂമി രജിസ്ട്രേഷനുവേണ്ടി അനുവദിക്കുന്ന 6 ലക്ഷം രൂപയിൽ നിന്നുമാണ് രജിസ്ട്രേഷൻ ഫീസും, സ്റ്റാമ്പ് ഡ്യൂട്ടിയും ഈടാക്കിയിരുന്നത്. ഈ ഫീസ് ഒഴിവാക്കിയതോടുകൂടി ആ തുക കൂടി

ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാൻ കഴിയുന്നതാണ്. ഇത് പദ്ധതിയെ കൂടുതൽ ആകർഷകവും പദ്ധതി നിർവഹണം കൂടുതൽ സുഗമമാക്കാനും സഹായിച്ചിട്ടുണ്ട്.

5. വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത് സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗനിർദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് 05-01-2024-ലെ സ.ഉ.(കൈ) നം.1/2024/F&P നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പദ്ധതി മാർഗരേഖ പ്രകാരം വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും പദ്ധതി ഗുണഭോക്താക്കളായി പരിഗണിക്കാമെങ്കിലും അപേക്ഷകനോ പങ്കാളിക്കോ 50 മീറ്ററിനുള്ളിലല്ലാതെ ഭൂമിയില്ലായെന്ന് നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ

സത്യവാങ്മൂലം അപേക്ഷകൻ സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സർവേ ലിസ്റ്റിൽ ഉൾപ്പെടുകയും വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുപുറത്ത് ഭൂമി ഉണ്ടെന്ന കാരണത്താൽ പദ്ധതിയുടെ ഭാഗമാകുവാൻ സാധിക്കാത്തതുമായ കുടുംബങ്ങളും കടലാക്രമണ ഭീതിയിലാണ്. സ്വന്തമായി ഭവനം നിർമ്മിക്കുന്നതിനുള്ള സാമ്പത്തികം കണ്ടെത്തുവാൻ സാധിക്കാത്ത ഇവർക്കായി പുനർഗേഹം പദ്ധതിയിൽ ഭവനനിർമ്മാണത്തിനുള്ള ആനുകൂല്യമായി നൽകുന്ന 4,00,000/-(നാല് ലക്ഷം രൂപ) അനുവദിക്കുന്ന പക്ഷം സുരക്ഷിത മേഖലയിലെ സ്വന്തം ഭൂമിയിൽ ഭവനം നിർമ്മിച്ച് മാറി താമസിക്കുവാൻ സാധിക്കും. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് സർവേ ലിസ്റ്റിൽ ഉൾപ്പെട്ടതും സുരക്ഷിത മേഖലയിൽ സ്വന്തമായി ഭൂമി ഉള്ളവരുമായ 355 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ ആനുകൂല്യം നൽകുന്നതിന് ഈ ഭേദഗതിയിലൂടെ കഴിയുന്നതാണ്.

വർക്കല മണ്ഡലത്തിൽ ഹാർബർ എഞ്ചിനിയറിംഗ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ

289(4786) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ തീരദേശ റോഡുകളുടെ നിലവാരമുയർത്തുന്നതിന് മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലവയളവുകളിൽ ഹാർബർ എഞ്ചിനിയറിങ് വകുപ്പുമുഖേന എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ?

ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിലുൾപ്പെടുത്തി വർക്കല നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ ആകെ 75 തീരദേശ റോഡുകളുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഭരണാനുമതി ലഭിച്ച എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുവാനുണ്ടെന്ന് വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച ഇടവ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിലെ പൂത്തകുളം റോഡ് പ്രവൃത്തിയുടെ സ്ഥലം പഞ്ചായത്തിൽ നിന്നും കൈമാറി ലഭിച്ചിട്ടില്ലാത്തതിനാൽ ടി പ്രവൃത്തി സാങ്കേതികാനുമതി നൽകി ഏർപ്പാടാക്കിയിട്ടില്ല. മറ്റ് എല്ലാ പ്രവൃത്തികൾക്കും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്തിട്ടുണ്ട്.

(സി) സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുവാൻ പ്രവൃത്തികളുണ്ടെങ്കിൽ അതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ?

2024-25 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച, ഇടവ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിലെ പൂത്തകുളം റോഡ് പ്രവൃത്തിക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ലഭ്യമാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

മുതലപ്പൊഴി ഹാർബർ അപകടങ്ങൾ ഒഴിവാക്കൽ

290(4787) ശ്രീ വി ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി ഹാർബറിൽ അപകടങ്ങളൊഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ:

(ബി) മുതലപ്പൊഴിയിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണ് യഥാസമയം മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

(എ & ബി) മുതലപ്പൊഴി തുറമുഖത്ത് അടിക്കടി ഉണ്ടാകുന്ന അപകടങ്ങൾ

സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 31-07-2023-ൽ ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രി, ബഹു. ഗതാഗതവകുപ്പ് മന്ത്രി, ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിധ്യത്തിൽ ഉന്നതലയോഗം ചേരുകയും യുദ്ധകാലാടിസ്ഥാനത്തിൽ ചാനലിൽ ചിതറിക്കിടക്കുന്ന കല്ലുകളും ടെട്രാപോഡുകളും നീക്കം ചെയ്യുന്നതിനും ചാനലിൽ അഞ്ച് മീറ്റർ ഡ്രഡ്ജ് ചെയ്ത് ആഴം ഉറപ്പാക്കുന്നതിനും ഹൈമാസ്റ്റ് സോളാർ ലൈറ്റുകൾ, ബോയ എന്നിവ സ്ഥാപിക്കുന്നതിനും ലൈഫ്ഗാർഡ്, ആംബുലൻസ് എന്നിവയുടെ സ്ഥിരം സേവനം ഉറപ്പാക്കുന്നതിനുള്ള നടപടികളുൾപ്പെടെയുള്ള തീരുമാനങ്ങൾ കൈകൊള്ളുകയുണ്ടായി. ആയത് പ്രകാരം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ടിന്റെ നിർമ്മാണത്തിനാവശ്യമായ കല്ല് കൊണ്ട് പോകുന്നതിനായി M/s. അദാനി പോർട്ട്സുമായി കരാറിലേർപ്പെട്ട ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ M/s. അദാനി ലോങ് ബൂം ക്രെയിൻ ഉപയോഗിച്ച് ചാനലിൽ ചിതറിക്കിടക്കുന്ന കല്ലുകളും ടെട്രാപോഡുകളും നീക്കം ചെയ്യുന്ന പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. 4 ഹൈമാസ്റ്റ് സോളാർ ലൈറ്റുകൾ തെക്കേ പുലിമുട്ടിലും വടക്കേ പുലിമുട്ടിലുമായി സ്ഥാപിച്ചിട്ടുണ്ട്. രക്ഷാ പ്രവർത്തനം സുഗമമാക്കുന്നതിന് പ്രധാന റോഡിൽനിന്നും വടക്കേ പുലിമുട്ടിലേയ്ക്ക് റോഡ്

നിർമ്മിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ് മുഖേന ലൈഫ് ഗാർഡുമാരെ നിയോഗിക്കുകയും ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനുള്ള കല്ലുകൾ ബാർജ് വഴി കടൽ മാർഗം കൊണ്ടുപോകുന്നതിന് മുതലപ്പൊഴി ഹാർബറിന്റെ തെക്കേ പുലിമുട്ട് പൊളിച്ച് 2018-ൽ ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുകയുണ്ടായി. 2018 മുതൽ 2024 വരെയുള്ള ധാരണാപത്രപ്രകാരം മുതലപ്പൊഴി ഫിഷിങ് ഹാർബറിലെ മൗത്തിലും ചാനലിലും 5 മീറ്ററും ഹാർബർ ബേസിനിൽ 3 മീറ്ററും ആഴം M/s. അദാനി വിഴിഞ്ഞം പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് (AVPPL) ഉറപ്പാക്കേണ്ടതാണെന്ന് വ്യവസ്ഥയുണ്ടായിരുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനുള്ള പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചതിനെ തുടർന്ന് മുതലപ്പൊഴി വഴിയുള്ള കല്ല് നീക്കം അവസാനിച്ചിരുന്നു. തുടർന്ന്, കല്ലുകൾ കയറ്റുന്നതിന് ഉണ്ടാക്കിയ ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിനായി മുറിച്ച് മാറ്റിയ പുലിമുട്ട് AVPPL മുഖേന പുന:സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ 5 മീറ്റർ ആഴം പൂർണ്ണമായും ഉറപ്പാക്കാൻ AVPPL-ന് സാധിക്കാത്തതിനെ തുടർന്ന് മന്ത്രിതലത്തിലും വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിലും നിരന്തരം നടത്തിയ യോഗങ്ങളുടെ അടിസ്ഥാനത്തിൽ

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഡ്രഡ്ജിങ് നടത്തുന്നതിനും അതിന് ആവശ്യമായ തുക AVPPL ഡെപ്പോസിറ്റ് ചെയ്യുന്നതിനും ധാരണയായിരുന്നു. തുടർന്ന് അഴിമുഖം ഡ്രഡ്ജ് ചെയ്യുന്നതിന് ഹാർബർ എഞ്ചിനീയറിങ് വകുപ്പ് 205 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി AVPPL-ന് നൽകി. 18-12-2024-ന് ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ AVPPL-ൽ നിന്നും ഫണ്ട് ലഭിക്കുമെന്ന അനുമാനത്തിൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് ദർഘാസ് ക്ഷണിക്കുകയും M/S RTF Infrastructure Limited എന്ന സ്ഥാപനം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിനുള്ള തുക കണക്കാക്കി ഇൻവോയ്സ് 25-02-2025-ന് AVVPL-ന് നൽകിയിരുന്നു. മന്ത്രിമാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരമായി നടത്തിയ ഇടപെടലുകളെ തുടർന്ന് ഉടൻ തന്നെ തുക അനുവദിക്കുന്നതാണെന്ന് 08-03-2025-ലെ കത്ത് പ്രകാരം AVPPL അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി കരാറിലേർപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം ശാശ്വതമായി അപകട രഹിതമാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 22-10-2022-ലെ

സ.ഉ. (സാധാ) നം. 660/2022/മ.ഇ.വ. പ്രകാരം പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-നെ ചുമതലപ്പെടുത്തിയിരുന്നു. CWPRS സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുലിമുട്ടിന്റെ നീളം വർധിപ്പിക്കുന്നതിനും മറ്റു അടിസ്ഥാന സൗകര്യ വികസനത്തിനും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചത് പ്രകാരമുള്ള Green and Blue port ഘടകങ്ങൾ കൂടി ഉൾപ്പെടുത്തിയും ഹാർബർ എഞ്ചിനീയറിങ് വകുപ്പ് 177 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുകയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തതോടെ പ്രധാന മന്ത്രി മത്സ്യ സമ്പദ യോജനയിലുൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. പദ്ധതിക്ക് 01-11-2024-ന് കേന്ദ്ര സർക്കാരിന്റെയും 22-11-2024-ന് സംസ്ഥാന സർക്കാരിന്റെയും ഭരണാനുമതി നൽകിയിട്ടുണ്ട്. തെക്കെ പുലിമുട്ടിന്റെ നീളം 420 മീറ്റർ വർധിപ്പിക്കൽ, പുലിമുട്ടുകളുടെ അറ്റകുറ്റപ്പണികൾ, ഡ്രെഡ്ജിങ്, പെരുമാതുറ ഭാഗത്തെ വാർഫ്, ഓക്ഷൻ ഹാൾ എന്നിവയുടെ നീളം കൂട്ടൽ, കടമുറികൾ, ലോഡിങ് ഏരിയ, പാർക്കിങ് ഏരിയ എന്നീ ഘടകങ്ങളും താഴമ്പള്ളി ഭാഗത്ത് ഓക്ഷൻ ഹാളിന്റെ നീളംകൂട്ടൽ, ടോയിലെറ്റ് ബ്ലോക്ക് നിർമ്മാണം, കടമുറികൾ, വിശ്രമമുറികൾ,

ലോഡിങ് ഏരിയ, പാർക്കിങ് ഏരിയ, ആന്തരിക റോഡ് എന്നീ ഘടകങ്ങളും വൈദ്യുതീകരണ ജലവിതരണ സംവിധാനം, ഗ്രീൻ ആൻഡ് ബ്ലൂ പോർട്ട് എന്നീ ഘടകങ്ങളും പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതി പ്രകാരമുള്ള പ്രവൃത്തിയിലുൾപ്പെട്ട താഴമ്പള്ളി ഭാഗത്തെ ടോയ്‌ലെറ്റ് ബ്ലോക്കിന്റെ നിർമാണത്തിനുള്ള കരാറിൽ ഏർപ്പെട്ട് കഴിഞ്ഞു. പ്രധാന ഘടകമായ പുലിമുട്ടിന്റെ നീളം കൂട്ടൽ, പുലിമുട്ടുകളുടെ അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികളുടെ ദർഘാസ് ഇതിനകം ക്ഷണിച്ച് കഴിഞ്ഞു. ദർഘാസ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കരാറിലേർപ്പെട്ട് എത്രയുംവേഗത്തിൽ പ്രവൃത്തി ആരംഭിക്കുന്നതാണ്.

സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) – ന്റെ പഠന റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്ന പ്രകാരം തെക്കെ പുലിമുട്ടിന്റെ നീളം 425 മീറ്റർ വർധിക്കുന്നതോട് കൂടി മുതലപ്പൊഴി ഹാർബറിന്റെ അഴിമുഖത്ത് ഉണ്ടാകുന്ന അപകടങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്.

മുതലപ്പൊഴി അഴിമുഖത്ത് അടിഞ്ഞുകൂടിയ മണ്ണ്

291(4788) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) അപകടങ്ങൾ പതിവായ മുതലപ്പൊഴി അഴിമുഖത്ത് മണ്ണ് അടിഞ്ഞുകൂടിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്യാൻ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

മുതലപ്പൊഴി അഴിമുഖത്ത് അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി & സി)മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം ശാശ്വതമായി അപകട രഹിതമാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 22-10-2022 ലെ സ.ഉ. (സാധാ) നം. 660/2022/മ.തു.വ പ്രകാരം പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) -നെ ചുമതലപ്പെടുത്തിയിരുന്നു. CWPRS സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുലിമുട്ടിന്റെ നീളം വർധിപ്പിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചത് പ്രകാരമുള്ള Green and Blue port ഘടകങ്ങൾ കൂടി ഉൾപ്പെടുത്തിയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 177

കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുകയും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തതോടെ പ്രധാനമന്ത്രി മത്സ്യ സമ്പദായോജനയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. പദ്ധതിക്ക് 01-11-2024 -ന് കേന്ദ്ര സർക്കാരിന്റെയും 22-11-2024-ന് സംസ്ഥാന സർക്കാരിന്റെയും ഭരണാനുമതി നൽകിയിട്ടുണ്ട്. തെക്കേ പുലിമുട്ടിന്റെ നീളം 420 മീറ്റർ വർധിപ്പിക്കൽ പുലിമുട്ടുകളുടെ അറ്റകുറ്റപ്പണികൾ, ഡ്രെഡ്ജിംഗ്, പെരുമാതുറ ഭാഗത്തെ വാർഫ്, ഓക്ഷൻ ഹാൾ എന്നിവയുടെ നീളം കൂട്ടൽ, കടമുറികൾ, ലോഡിംഗ് ഏരിയ, പാർക്കിംഗ് ഏരിയ എന്നീ ഘടകങ്ങളും താഴമ്പള്ളി ഭാഗത്ത് ഓക്ഷൻ ഹാളിന്റെ നീളംകൂട്ടൽ, ടോയ്ലെറ്റ് ബ്ലോക്ക് നിർമ്മാണം, കടമുറികൾ, വിശ്രമമുറികൾ, ലോഡിംഗ് ഏരിയ, പാർക്കിംഗ് ഏരിയ, ആന്തിരക റോഡ് എന്നീഘടകങ്ങളും വൈദ്യുതീകരണ ജലവിതരണ സംവിധാനം, ഗ്രീൻ ആന്റ് ബ്ലൂ പോർട്ട് എന്നീ ഘടകങ്ങളും പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതി പ്രകാരമുള്ള പ്രവൃത്തിയിൽ ഉൾപ്പെട്ട താഴമ്പള്ളി ഭാഗത്തെ ടോയിലെറ്റ് ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള കരാറിൽ ഏർപ്പെട്ടു കഴിഞ്ഞു. പ്രധാന ഘടകമായ പുലിമുട്ടിന്റെ നീളം കൂട്ടൽ, പുലിമുട്ടുകളുടെ അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികളുടെ

ദർഘാസ് ഇതിനകം ക്ഷണിച്ചു കഴിഞ്ഞു. ദർഘാസ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കരാറിലേർപ്പെട്ട് എത്രയും വേഗത്തിൽ പ്രവൃത്തി ആരംഭിക്കുന്നതാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായി കല്ലുകൾ ബാർജ് വഴി കടൽ മാർഗം കൊണ്ടുപോകുന്നതിനായി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്ത് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന്റെ ഭാഗമായി M/s അദാനി പോർട്സുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 10-04-2018-ൽ ഒപ്പുവെച്ച ധാരണാപത്ര പ്രകാരം 2018 മുതൽ 2024 വരെ പൂർണ്ണമായിട്ടല്ലെങ്കിലും ഭാഗികമായി ചാനലിൽ നിന്നും അഴിമുഖത്ത് നിന്നും മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി അദാനി പോർട്ട്സ് നിർവഹിക്കുകയുണ്ടായി.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനുള്ള പുലിമുട്ടിന്റെ നിർമാണം പൂർത്തീകരിച്ചതിനെ തുടർന്ന് മുതലപ്പൊഴി വഴിയുള്ള കല്ല് നീക്കം അവസാനിച്ചിരുന്നു. തുടർന്ന്, കല്ലുകൾ കയറ്റുന്നതിന് ഉണ്ടാക്കിയ ലോഡ് ഔട്ട് ഫെസിലിറ്റി നിർമിക്കുന്നതിനായി മുറിച്ച് മാറ്റിയ പുലിമുട്ട് AVPPL മുഖേന പുന:സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ 5 മീറ്റർ ആഴം പൂർണമായും ഉറപ്പാക്കാൻ AVPPL -ന് സാധിക്കാത്തതിനെ തുടർന്ന് മന്ത്രിതലത്തിലും വകുപ്പ് സെക്രട്ടറിയുടെ

അധ്യക്ഷതയിലും നിരന്തരം നടത്തിയ യോഗങ്ങളുടെ അടിസ്ഥാനത്തിൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന ഡ്രഡ്ജിങ് നടത്തുന്നതിനും അതിന് ആവശ്യമായ തുക AVPPL ഡെപ്പോസിറ്റ് ചെയ്യുന്നതിനും ധാരണയായിരുന്നു. തുടർന്ന് അഴിമുഖം ഡ്രഡ്ജ് ചെയ്യുന്നതിന് ഹാർബർ എഞ്ചിനീയറിങ് വകുപ്പ് 205 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി AVPPL-ന് നൽകി. 18-12-2024 -ന് ചേർന്ന യോഗത്തിലെ തിരുമാനത്തിന്റെ അടിസ്ഥാനത്തിൽ AVPPL-ൽ നിന്നും ഫണ്ട് ലഭിക്കുമെന്ന അനുമാനത്തിൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് ദർഘാസ് ക്ഷണിക്കുകയും M/S RTF Infrastructure Limited എന്ന സ്ഥാപനം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിനുള്ള തുക കണക്കാക്കി ഇൻവോയ്സ് 25-02-2025-ന് AVPPL-ന് നൽകിയിരുന്നു. മന്ത്രിമാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരമായി നടത്തിയ ഇടപെടലുകളെ തുടർന്ന് ഉടൻ തന്നെ തുക അനുവദിക്കുന്നതാണെന്ന് 08-03-2025-ലെ കത്ത് പ്രകാരം AVPPL അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി കരാറിലേർപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു.

കല്ല്യാശ്ശേരി മണ്ഡലത്തിലെ തീരദേശ റോഡുകൾ

292(4789) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന തീരദേശ റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ?

(ബി) മണ്ഡലത്തിലെ ഏതൊക്കെ തീരദേശ റോഡുകളുടെ വിശദമായ എസ്റ്റിമേറ്റുകളാണ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്; അവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കൊയിലാണ്ടി ഹാർബറിലേക്കുള്ള ഗതാഗതമാർഗ്ഗം

293(4790) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഹാർബറിലേക്കുള്ള പ്രധാന ഗതാഗത മാർഗമായ കൊയിലാണ്ടി-കാപ്പാട് റോഡ് പുതുക്കി പണിയുന്നതിനാവശ്യമായ നടപടികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി)പ്രസ്തുത റോഡ് പുതുക്കി പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ & ബി) കൊയിലാണ്ടി ഹാർബറിലേക്കുള്ള പ്രധാന ഗതാഗത മാർഗമായ കൊയിലാണ്ടി-കാപ്പാട് റോഡ് പുതുക്കി പണിയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൊയിലാണ്ടി മുതൽ കാപ്പാട് വരെ 6.00 കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശ റോഡിലെ കൊയിലാണ്ടി മുതൽ വലിയമങ്ങാട് (ഏഴുകുടിക്കൽ) വരെയുള്ള 3060 മീറ്റർ റോഡിന്റെ പ്രവൃത്തിക്കായി 141.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ ഉടൻതന്നെ സ്വീകരിക്കുന്നതാണ്.

ബാക്കിയുള്ള 3 കിലോമീറ്ററോളം വരുന്ന വലിയ മങ്ങാട് മുതൽ കാപ്പാട് വരെയുള്ള ഭാഗത്ത് സീവാൾ പൂർണ്ണമായും തകർന്ന അവസ്ഥയിലാണ്. സീ വാളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇറിഗേഷൻ വകുപ്പ് മുഖാന്തരമാണ് നടപ്പിലാക്കുന്നത്. ഇറിഗേഷൻ വകുപ്പ് സീവാളിന്റെ നിർമ്മാണം പൂർത്തിയാക്കുന്ന

മുറയ്ക്ക് സീവാളിന്റെ ഉയരം, ഘടന, നിലവിലെ റോഡിൽ നിന്നുമുള്ള അകലം എന്നിവയൊക്കെ കണക്കിലെടുത്ത് ആവശ്യമുള്ള ഭാഗങ്ങളിൽ അധികമായി പ്രൊട്ടക്ഷൻ പ്രവൃത്തികൾകൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ കാണിപ്പുഴ-പള്ളിമുക്ക് റോഡ് നിർമ്മാണം

294(4791) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ കാണിപ്പുഴ-പള്ളിമുക്ക് റോഡിന്റെ നിർമ്മാണത്തിനായി മത്സ്യബന്ധന വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആകെ 1900 മീറ്റർ നീളമുള്ള കാഞ്ഞിപ്പുഴ, പള്ളിമുക്ക് പറയന്റ് കിഴക്കേതിൽ ജംഗ്ഷൻ റോഡ് നിർമ്മാണ പ്രവൃത്തിയുടെ ഒന്നാംഘട്ട പുനരുദ്ധാരണം 617 മീറ്റർ നീളത്തിൽ 31-12-2022-ൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന പൂർത്തീകരിച്ചു. തുടർന്ന് ടി പ്രവൃത്തിയുടെ ശേഷിക്കുന്ന ഭാഗത്തെ പുനരുദ്ധാരണത്തിനായുള്ള രണ്ടാംഘട്ട പ്രവൃത്തികൾക്കായി 123.00 ലക്ഷം

രൂപയുടെ എസ്റ്റിമേറ്റ് ഹാർബർ 56 എഞ്ചിനീയറിങ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം ഭരണാനുമതി നൽകാൻ കഴിഞ്ഞില്ല.

പയ്യന്നൂരിൽ ഫിഷറീസ് കോളേജിന് പുതിയ കെട്ടിടം

295(4792) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ പ്രവർത്തിച്ചുവരുന്ന ഫിഷറീസ് കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിൽ പയ്യന്നൂർ താലൂക്ക് കോറോം വില്ലേജിൽ റീ സർവെ 32/1-ൽ ഉൾപ്പെട്ട 2.5375 ഹെക്ടർ ഭൂമി, റീ സർവെ 33/1-ൽ ഉൾപ്പെട്ട 2.5560 ഹെക്ടർ ഭൂമി (ആകെ 5.0935 ഹെക്ടർ ഭൂമി) കുഫോസിന് സൗജന്യ നിരക്കായ ആർ ഒന്നിന് 100 രൂപ നിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിന് നൽകിയിരുന്നു. തുടർന്ന്, ജൂലൈ 2024-ൽ 30 വർഷത്തേക്കുള്ള കരാറിൽ കണ്ണൂർ ജില്ലാ കളക്ടർ ഒപ്പിടുകയും ചെയ്തു.

നിലവിൽ ടി സ്ഥലത്തേക്ക് യാത്ര സൗകര്യത്തിനും മറ്റുമായി 10 മീറ്റർ വീതിയിൽ റോഡ് നിർമ്മാണം നടത്തുന്നതിന് സ്ഥലം ഏറ്റെടുക്കൽ നടന്നുവരുന്നു. ഇത് അന്തിമ ഘട്ടത്തിലാണ്. കോളേജ് നിർമ്മാണത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനു വേണ്ടി accredited agency-യെ തിരഞ്ഞെടുക്കാൻ ടെൻഡർ നടപടികൾ പൂർത്തികരിച്ചു. KITCO-യെ ആണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തിരഞ്ഞെടുത്തിരിക്കുന്നത്. മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ പുരോഗമിക്കുന്നു.

(ബി) കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ?

2024-25 വർഷത്തെ പദ്ധതിയിനത്തിൽ 118 ലക്ഷം രൂപ കോളേജിന്റെ പ്രാഥമിക നിർമ്മാണ പ്രവൃത്തികൾക്കും മാസ്റ്റർ പ്ലാൻ തയ്യാറാക്കലിനുമായി (compound wall, front gate, quarry muck filling, inter locking, tiling, digging, open well, soil investigation test and master plan preparation) വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികൾ

296(4793) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം അറിയിക്കാമോ?

(എ & ബി) കണ്ണൂർ ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>കണ്ണൂർ വാഗ്ഭടാനന്ദ സാംസ്കാരിക സമുച്ചയം</u>

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ പാട്യം വില്ലേജിൽ ഉൾപ്പെട്ട 3.04 ഏക്കർ ഭൂമിയിൽ വാഗ്ഭടാനന്ദന്റെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേക്ക് വാസ്തുവിദ്യാ ഗുരുകുലം തയ്യാറാക്കി സമർപ്പിച്ച കൺസപ്റ്റ് നോട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

2. <u>കണ്ണൂർ തളിപ്പറമ്പ് തീയേറ്റർ കോംപ്ലക്സ്</u>

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ മൊറാഴ വില്ലേജിൽ തീയേറ്റർ കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഭൂമി കൈമാറി കിട്ടുന്നതിലേക്ക് 03-03-25-ന്

കണ്ണൂർ കളക്ടർക്ക് സാംസ്കാരിക വകുപ്പ് റിക്വിസിഷൻ ഫോം അയച്ചിട്ടുണ്ട്.

3. ധർമ്മടം തീയറ്റർ കോംപ്ലക്സ് നിർമ്മാണം

ധർമ്മടം പഞ്ചായത്തിൽ കെ.എസ്.എഫ്.ഡി.സി. നിർവഹണ ഏജൻസിയായിട്ടുള്ള തിയേറ്റർ കോംപ്ലക്സ്, നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് ആദ്യ ഗഡുവായി 7,45,000 രൂപയും രണ്ടാം ഗഡുവായി 52,55,000 രൂപയും തുടർന്ന് 2,53,00,000 രൂപയും കെ.എസ്.എഫ്.ഡി.സി.-ക്ക് അനുവദിച്ചുനൽകി.

4.പിണറായി ദക്ഷിണേന്ത്യൻ സാംസ്കാരിക കേന്ദ്രം

പിണറായി വില്ലേജിൽ ദക്ഷിണേന്ത്യൻ സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിന് സർവെ നമ്പർ 17-ലെ 4.5 ഏക്കർ ഭൂമി കൈമാറിക്കിട്ടിയിട്ടുണ്ട്. അധിക ഭൂമി ഏറ്റെടുക്കുന്നതിനായി സർവെ നമ്പർ 2,18-ൽ പ്പെട്ട കണ്ടൽ കാടുകൾ ഒഴികെയുള്ള 5.45 ഏക്കർ ഭൂമി നിർമ്മാണേതര പ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി [18-01-2025-ലെ സ.ഉ(സാധാ) നം.154/2025/ആർ.ഡി പ്രകാരം] ലഭിച്ചിട്ടുണ്ട്. ആയതിന്മേലുള്ള തുടർനടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

5. ചെറുശ്ശേരി സ്മാരകം

മഹാകവി ചെറുശ്ശേരിക്ക് കണ്ണൂർ ചിറയ്ക്കൽ കിഴക്കേക്കര മതിലകം ക്ഷേത്രത്തിന്റെ സ്ഥലത്ത് സ്മാരകം നിർമ്മിക്കുന്നതിന് കിഴക്കേക്കര മതിലകം ക്ഷേത്രം വക സ്ഥലത്തിന്റെ ഉപയോഗാനുമതിക്കായുള്ള സമ്മതപത്രം ലഭ്യമായിട്ടുണ്ട്. ടി സ്മാരക നിർമ്മാണത്തിന്റെ എസ്.പി.വി. ആയി കേരള കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെയും ഡി.പി.ആർ., കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന്റെ മേൽ നോട്ടച്ചുമതല വാസ്തുവിദ്യാ ഗുരുകുലത്തിനെയും ഏൽപ്പിച്ചിട്ടുണ്ട്. KSCADC ലഭ്യമാക്കിയ DPR സർക്കാർ പരിശോധിച്ചുവരുന്നു.

6. <u>മട്ടന്നൂർ ഡിഫറന്റ് ആർട്ട് അക്കാദമി ആൻഡ് കൾച്ചറൽ സെന്റർ</u>

മട്ടന്നൂർ ഡിഫറന്റ് ആർട്ട് അക്കാദമി ആൻഡ് കൾച്ചറൽ സെന്റർ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷനെ നിർവഹണ ഏജൻസിയായി ഉത്തരവായിട്ടുണ്ട്. മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ ഭൂമി ടി നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിന് തയ്യാറാണെന്ന ഭരണസമിതി തീരുമാനം ലഭ്യമായിട്ടുണ്ട്.

കേരള സ്റ്റേറ്റ് കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അധിക ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി ലഭ്യമായതിനെത്തുടർന്ന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

കോട്ടയം ജില്ലയിൽ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

297(4794) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക വകുപ്പ് കോട്ടയം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിലെ മാന്നാനത്ത് ചാവറ കുര്യാക്കോസ് അച്ചൻ സ്മാരക മ്യൂസിയം നിർമ്മാണത്തിനായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ഒരു കോടി പ്രഖ്യാപിച്ചിരുന്നു. ടി സ്മാരക മ്യൂസിയ നിർമ്മാണത്തിനായി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കോട്ടയം ജില്ലയിൽ ലളിതാംബിക അന്തർജനത്തിന്റെ നാമധേയത്തിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിനായി ചങ്ങനാശ്ശേരി താലൂക്കിൽ കങ്ങഴ വില്ലേജിലെ 5 ഏക്കർ സ്വകാര്യഭൂമി സാംസ്കാരിക വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ട്. എന്നാൽ കിഫ്ബി ഫണ്ട് അപര്യാപ്തമായതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ബി)ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചതെന്നും ആയതിൽ എത്ര തുക ചെലവഴിച്ചുവെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ മണ്ഡലത്തിലെ മാന്നാനത്ത് ചാവറ കുര്യാക്കോസ് അച്ചൻ സ്മാരക മ്യൂസിയം നിർമ്മാണത്തിനായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ഒരു കോടി പ്രഖ്യാപിച്ചിരുന്നു. ടി സ്മാരക മ്യൂസിയ നിർമ്മാണത്തിന് 07-12-2023-ലെ സ.ഉ(സാധാ) നം.629/2023/സാം.കാ.വ ഉത്തരവ് പ്രകാരം 20,00,000/-(ഇരുപത് ലക്ഷം രൂപ മാത്രം) അനുവദിക്കുകയും ടി തുക സ്ഥാപനത്തിന്റെ എസ്.റ്റി.എസ്.ബി. അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുമുണ്ട്. കൂടാതെ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ചങ്ങനാശ്ശേരി താലൂക്കിൽ കങ്ങഴ വില്ലേജിലെ ബ്ലോക്ക് നം.20-ൽ 90/1, 90/1-1 എന്നീ സർവെ നമ്പരുകളിൽ ഉൾപ്പെട്ട 5 ഏക്കർ സ്വകാര്യഭൂമി കിഫ്ബി അനുവദിച്ച 6,47,93,200/- രൂപയും സ്പെഷ്യൽ തഹസിൽദാർ എൽ.എ. (കിഫ്ബി) കോട്ടയം വൈക്കത്തിന് അനുവദിച്ച് നൽകേണ്ട 45,36,826/-രൂപയും വിനിയോഗിച്ചുകൊണ്ട് വകുപ്പ് ഏറ്റെടുത്തു. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചെറുശ്ശേരി സ്മാരക നിർമ്മാണ പ്രവൃത്തി

298(4795) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ബജറ്റ് ഫണ്ടിൽ അനുവദിച്ചിട്ടുള്ള ചെറുശ്ശേരി സ്മാരക നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭരണാനുമതി ത്വരിതഗതിയിൽ ലഭ്യമാക്കുന്നതിന് നാളിതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(എ – സി) മഹാകവി ചെറുശ്ശേരി സ്മാരക നിർമ്മാണത്തിന്റെ എസ്.പി.വി. ആയി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെ നിയമിച്ചുകൊണ്ടും ഡി.പി.ആറും കൺസപ്റ്റ് നോട്ടും തയ്യാറാക്കുന്നതിന്റെ മേൽനോട്ടത്തിന് വാസ്തുവിദ്യാ ഗുരുകുലത്തെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ്

കോർപ്പറേഷൻ ലഭ്യമാക്കിയ ഡി.പി.ആറിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ നൽകിയ ഭരണാനുമതിയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

രായിരനെല്ലൂർ തീർത്ഥാടന കേന്ദ്രം സംരക്ഷിക്കുന്നതിന് നടപടി

299(4796) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിൽ ഉൾപ്പെടുന്ന രായിരനെല്ലൂർ തീർത്ഥാടന കേന്ദ്രം സംരക്ഷിക്കുന്നതിന് സംസ്കാരിക വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ ഷാർജ പ്രോജക്ട്

300(4797) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ വൈക്കം മുഹമ്മദ് ബഷീർ സ്മാരകം ഉൾപ്പെടെയുള്ള ഷാർജ പ്രോജക്ട് പദ്ധതി നടപ്പിലാക്കുന്നതിന് സ്ഥലം ഏറ്റെടുക്കാൻ തീരുമാനമെടുത്തിരുന്നോ; വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) ഷാർജ കൾച്ചറൽ സെന്റർ, അന്താരാഷ്ട്ര കൺവെൻഷൻ & എക്സിബിഷൻ സെന്റർ എന്നിവ സ്ഥാപിക്കുന്നതിനായി കോഴിക്കോട് താലൂക്കിൽ ഒളവണ്ണ വില്ലേജിൽ 30 ഏക്കർ 40 സെന്റ് ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഷാർജ ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ചശേഷം മാത്രം നടപ്പാക്കുന്നതിനായി മാറ്റിവച്ചിട്ടുണ്ട്.

ഉള്ളിയേരി വില്ലേജിലെ റീസർവെ നം.24/1-ൽപ്പെട്ട 20.07 ഏക്കർ ഭൂമിയിൽ നിന്നും 5 ഏക്കർ ഭൂമി സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിന് ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. കെ.എസ്.എഫ്.ഡി.സി. എം.ഡി.-യുമായി ചേർന്ന്

സംയുക്ത പരിശോധന നടത്തി ഭൂമിയുടെ അനുയോജ്യത നിർണ്ണയിച്ച് റിപ്പോർട്ട് നൽകാൻ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

പാലക്കാട് ജില്ലയിൽ നവോത്ഥാന കേന്ദ്രം

301(4798) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നവോത്ഥാന നായകരുടെ പേരിൽ ജില്ലകളിൽ നവോത്ഥാന കേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എവിടെയാണ് നവോത്ഥാന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിലെ യാക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 181-ൽ റീസർവെ നമ്പർ 4-ൽപെട്ട 5 ഏക്കർ ഭൂമിയിലാണ് നവോത്ഥാന നായകനായ വി.ടി. ഭട്ടതിരിപ്പാടിന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിച്ചിട്ടുള്ളത്.

കേരള കലാമണ്ഡലത്തിലെ റിട്ടയേർഡ് അദ്ധ്യാപകരുടെ പരാതി പരിഹരിക്കാൻ നടപടി

302(4799) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-03-2011-ലെ ജി.ഒ.(പി)നം. 29/2011/സി.എൽ.എ.ഡി. പ്രകാരം കേരള കലാമണ്ഡലത്തിൽ 15 വർഷത്തെ സേവനം പൂർത്തിയാക്കിയ 33 അധ്യാപകരുടെ യു.ജി.സി. ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിൽ അപാകതകളുണ്ടെന്ന് ഫോറം ഓഫ് കലാമണ്ഡലം യൂണിവേഴ്സിറ്റി റിട്ടയേർഡ് ടീച്ചേഴ്സ് (എഫ്.കെ.യു.ആർ.റ്റി.) എന്ന സംഘടന നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യു.ജി.സി. ശമ്പള പരിഷ്കരണം ബാധകമായവർക്ക് യഥാസമയം അപാകതകളില്ലാതെ ശമ്പള പരിഷ്കരണം ലഭ്യമാകാത്തതിനാൽ കലാമണ്ഡലത്തിലെതന്നെ സംസ്ഥാന സർക്കാരിന്റെ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ലഭിച്ച ക്ലാസ് 4 ജീവനക്കാർക്ക് ലഭിച്ച ഡി.സി.ആർ.ജി., പെൻഷൻ കമ്മ്യൂട്ടേഷൻ ആനുകൂല്യങ്ങളുടെ പകുതി പോലും മേല്പറഞ്ഞ യു.ജി.സി. അധ്യാപകർക്ക് റിട്ടയർമെന്റ് സമയത്ത് ലഭിച്ചില്ല എന്ന പരാതി പരിശോധിച്ച് ഇതുസംബന്ധിച്ച അപാകതകൾ അടിയന്തരമായി പരിഹരിക്കുന്നതിന്

നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഉണ്ട്. ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് സാംസ്കാരിക വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇന്ദുചൂഡൻ സ്മാരക സാംസ്കാരിക നിലയം

303(4800) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മണ്ഡലത്തിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ ഇന്ദുചൂഡൻ സ്മാരക സാംസ്കാരിക നിലയത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

തൃശ്ശൂർ മണ്ഡലത്തിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ ഇന്ദുചൂഡൻ സ്മാരക സാംസ്കാരിക നിലയം കെട്ടിടം നിർമ്മിക്കുന്നതിന് കാവശ്ശേരി ഗ്രാമപഞ്ചായത്തിന് 25 ലക്ഷം രൂപ (11-05-2020-ലെ സ.ഉ.(സാധാ)നമ്പർ 215/2020/സാം.കാ.വ.) അനുവദിച്ചിരുന്നു. ടി സ്മാരക നിർമ്മാണത്തിനായി കാവശ്ശേരി ഗ്രാമപഞ്ചായത്ത് സമർപ്പിച്ച ആകെ തുകയുടെ പ്രൊപ്പോസൽ (120 ലക്ഷം രൂപ) പ്രകാരമുള്ള ബാക്കി തുകയായ 95,00,000/- (തൊണ്ണൂറ്റി അഞ്ച്

ലക്ഷം രൂപ മാത്രം) അനുവദിക്കുന്നത് സംബന്ധിച്ചും ഭരണാനുമതി ലഭ്യമാകുന്നത് സംബന്ധിച്ചുള്ള വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകം

304(4801) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിനായി സാംസ്കാരിക വകുപ്പ് മുഖ അനുവദിച്ചിട്ടുള്ള ഏതെല്ലാം പ്രവൃത്തികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ ലക്കിടി കിള്ളിക്കുറിശ്ശിമംഗലത്തു പ്രവർത്തിക്കുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനയിൽ 2205-00-102-77-74 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും 50,00,000/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് 17-09-2020-ലെ (സാധാ) 354/2020/സാം.ക.വ. പ്രകാരം 4202-04-800-92-

PV എന്ന ശീർഷകത്തിൽ 1,96,80,000/-രൂപയുടെ ഭരണാനുമതി നൽകിയും ഉത്തരവായിരുന്നു. പദ്ധതിയുടെ നിർവഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് സഹിതം സാംസ്കാരിക വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. തുടർന്ന് അക്രഡിറ്റഡ് ഏജൻസിക്ക് അനുവദിക്കേണ്ട 20 ശതമാനം മൊബിലൈസേഷൻ അഡ്വാൻസ് തുക അനുവദിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സാംസ്കാരിക ക്ഷേമനിധി ബോർഡ് നൽകുന്ന പെൻഷൻ

305(4802) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക ക്ഷേമനിധി ബോർഡ് നൽകിവരുന്ന പെൻഷൻ എത്രയാണെന്നും ഈ പെൻഷൻ എത്രപേർക്ക് നൽകുന്നുണ്ടെന്നും അറിയിക്കാമോ?

ക്രമ നം.	പെൻഷൻ ഇനം	പെൻഷൻ തുക	നൽകുന്നവരുടെ എണ്ണം (2024 ഡിസംബർ മാസം പെൻഷൻ അനുവദിച്ച പ്രകാരം)
1	സൂപ്പറാന്വേഷൻ പെൻഷൻ	4000/-	4106
2	കുടുംബ പെൻഷൻ	1100/-	337
3	അവശതാ പെൻഷൻ	1100/-	6

(ബി) പ്രസ്തുത പെൻഷനുവേണ്ടി പുതുതായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 2024 ഡിസംബർ മാസം വരെയുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ട്. ഓരോ മാസവും 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് സൂപ്പർ ആന്വേഷൻ പെൻഷനുവേണ്ടിയുള്ള അപേക്ഷ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പെൻഷൻകാരുടെ എണ്ണത്തിൽ മാറ്റം വരും. 2025 ജനുവരി മാസത്തെ സൂപ്പറാന്വേഷൻ പെൻഷനുവേണ്ടി നിലവിൽ (12-03-2025 വരെ) 16 അപേക്ഷകളും കുടുംബ പെൻഷനുവേണ്ടി 5 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. അവശതാ പെൻഷനുവേണ്ടി അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

തീയേറ്ററുകളിൽ സെൻസർ ബോർഡ് നിഷ്കർഷിക്കുന്ന പ്രായപരിധി മാനദണ്ഡം ഉറപ്പാക്കുന്നതിന് നടപടി

306(4803) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമകൾ കാണുന്നതിന് സെൻസർ ബോർഡിന്റെ സർട്ടിഫിക്കറ്റിൽ നിഷ്കർഷിക്കുന്ന പ്രായപരിധി മാനദണ്ഡം തീയേറ്ററുകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ;

(ബി) പ്രസ്തുത സംവിധാനം നിലവിലില്ലെങ്കിൽ ആയത് നടപ്പിലാക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) സിനിമകൾക്ക് സെൻസർ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റിലെ മാനദണ്ഡങ്ങൾ പ്രകാരം പ്രദർശനം നടത്തുന്നതിന് തീയേറ്ററുകൾക്കും പ്രദർശനം നടത്തുന്നവർക്കും നിയമപരമായ ബാധ്യതയുണ്ട്. ഇക്കാര്യം കർശനമായി പാലിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദേശം നൽകുന്നതാണ്.

ചലച്ചിത്രങ്ങളിലെ വയലൻസ് രംഗങ്ങൾ ഒഴിവാക്കുന്നതിന് നടപടി

307(4804) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയലൻസ് പ്രമേയമാക്കിയുള്ളതും പല രംഗങ്ങളിലും ലഹരി ഉപയോഗിക്കുന്നതുമായുള്ള ചലച്ചിത്രങ്ങൾ യുവാക്കളിലും കുട്ടികളിലും ആക്രമണോത്സുകതയ്ക്കും ലഹരി ഉപയോഗിക്കുന്നതിനും പ്രചോദനമാകുന്നുവെന്ന സാമൂഹിക വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുട്ടികളെയും യുവാക്കളെയും സ്വാധീനിക്കുന്ന വിധത്തിലുള്ള ഇത്തരം സീനുകൾ സിനിമകളിൽ നിന്നും നീക്കം ചെയ്യുന്നതിന് സെൻസർ ബോർഡുകൾക്ക് നിർദേശം നൽകുമോ; വ്യക്തമാക്കുമോ?

കുട്ടികളെയും യുവാക്കളെയും സ്വാധീനിക്കുന്ന വിധത്തിൽ ലഹരി ഉപയോഗം, വയലൻസ് എന്നിവ പ്രതിപാദിക്കുന്ന സീനുകൾക്ക് സിനിമകളിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സെൻസർ ബോർഡിന് നിർദേശം നൽകുന്നതിനായി സർക്കാർ കേന്ദ്ര വാർത്താവിതരണ മന്ത്രാലയത്തെ സമീപിക്കുന്നതാണ്. ഇതുസംബന്ധിച്ച് സർക്കാരിൽ ലഭ്യമായ പരാതികൾ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ (CBFC) തിരുവനന്തപുരം റീജിയണൽ ഓഫീസിൽ ഇതിനകം നൽകിയിട്ടുണ്ട്. CBFC ആസ്ഥാനം മുഖേന ഈ വിഷയം കേന്ദ്ര വാർത്താ വിതരണ മന്ത്രാലയത്തിന്റെ

ശ്രദ്ധയിൽപ്പെടുത്തുന്നതിന് CBFC റീജിയണൽ ഓഫീസിൽനിന്നും നിർദേശം നൽകിയിട്ടുണ്ട്.

(സി) ഇത്തരം രംഗങ്ങൾ സ്വമേധയാ നീക്കുന്നതിനും ഭാവിയിൽ ഇത്തരം ദൃശ്യങ്ങളുള്ള ചലച്ചിത്രങ്ങൾക്ക് പ്രാധാന്യം നൽകാതിരിക്കാനും ചലച്ചിത്ര മേഖലയിലെ വിവിധ സംഘടനകളുമായി ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യങ്ങൾ ചലച്ചിത്ര മേഖലയിലെ സംഘടനകളുമായി സർക്കാർ ചർച്ച നടത്തുന്നതാണ്.

സിനിമകളിലെ ലഹരി, വയലൻസ് ദൃശ്യങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

308(4805) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ വർധിച്ചുവരുന്ന ലഹരിമരുന്ന് ഉപയോഗത്തിനും അക്രമങ്ങൾക്കും ചില സിനിമകൾ പ്രചോദനമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) സിനിമകളിൽ കണ്ടുവരുന്ന ലഹരി ഉപയോഗവും വയലൻസ് ദൃശ്യങ്ങളും നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(എ & ബി) സമൂഹത്തിൽ വർധിച്ചു വരുന്ന ലഹരി മരുന്ന് ഉപയോഗത്തിനും അക്രമങ്ങൾക്കും ചില സിനിമകൾ പ്രചോദനമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സെൻസർ ബോർഡാണ് ഇത്തരം സിനിമകളുടെ സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് എന്നതിനാൽ ഇത്തരത്തിലുള്ള ചില പരാതികൾ സർക്കാരിൽ ലഭിക്കുകയും ആയത് സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ (CBFC) തിരുവനന്തപുരം റീജിയണൽ ഓഫീസിൽ അറിയിക്കുകയും ചെയ്തിരുന്നു. CBFC ആസ്ഥാനം മുഖേന ഈ വിഷയം കേന്ദ്ര വാർത്താവിതരണ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് തിരുവനന്തപുരം റീജിയണൽ ഓഫീസിൽനിന്നും നിർദേശം നൽകിയിട്ടുണ്ട്.

സിനിമകളിലെ ലഹരി ഉപയോഗം, അക്രമം എന്നിവ പ്രതിപാദിക്കുന്ന രംഗങ്ങൾക്ക് സ്വയം നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട സിനിമാ സംഘടനകളുമായി സർക്കാർ ചർച്ച നടത്തുന്നതാണ്.

ഏറനാട് മണ്ഡലത്തിലെ യുവജനക്ഷേമ പദ്ധതികൾ

309(4806) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ യുവജനകാര്യ വകുപ്പും യുവജന ക്ഷേമ ബോർഡും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ:

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ശാസ്ത്ര ക്വിസ്

2022-2023 വർഷങ്ങളിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഏറനാട് മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ ഹൈസ്കൂൾ തലത്തിലും തുടർന്ന് ഹൈസ്കൂൾതല മത്സര വിജയികളെ ഉൾപ്പെടുത്തി ഏറനാട് നിയമസഭാ മണ്ഡലത്തിലും ശാസ്ത്ര ക്വിസ് മത്സരം സംഘടിപ്പിച്ചു. 2022-ൽ

നിയമസഭാതലത്തിൽ IOHSS എടവണ്ണ സ്കൂൾ വിജയികളായി. 2023-ൽ ജി.എച്ച്.എസ്. പന്നിപ്പാറ സ്കൂളിലെ വിദ്യാർഥികൾ വിജയികളായി.

കലാജാഥ

അവളിടം ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരായി മലപ്പുറം ജില്ലയിലെ 16 നിയോജകമണ്ഡലങ്ങളിലായി 2024 ഫെബ്രുവരി 11 മുതൽ 14 വരെ സംഘടിപ്പിച്ച 'ഉയിർപ്പ്' കലാജാഥ 2024 ഫെബ്രുവരി 13-ന് അരീക്കോട് മണ്ഡലത്തിലെ അരീക്കോട് ബസ് സ്റ്റാൻഡിൽ പരിപാടി അവതരിപ്പിച്ചു.

ലോക പരിസ്ഥിതി ദിനം

2024 ജൂൺ 5-ന് ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ മലപ്പുറം ജില്ലാതല ഉദ്ഘാടനം ഏറനാട് നിയോജകമണ്ഡലത്തിലെ എടവണ്ണ ആമസോൺ വ്യൂ പോയിന്റിൽ വച്ച് സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി വൃക്ഷത്തൈ നടുകയും ആമസോൺ വ്യൂ പോയിന്റ് ശുചീകരണവും സംഘടിപ്പിച്ചു.

(സി) പ്രസ്തുത മണ്ഡലത്തിൽ പുതിയതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ തുടർ പദ്ധതികളാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

സംഘടിപ്പിക്കുന്നത്.

യുവജനക്ഷേമ ബോർഡിൽ നിന്നും നൽകിയ കരാർ വർക്കുകൾ

310(4807) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിൽനിന്നും സെവൻ സ്റ്റാർ ഗ്രാഫിക്, അഴകത്ത് വീട്, വേങ്കവിള, പഴകുറ്റി പി.ഒ., നെടുമങ്ങാട് എന്ന സ്ഥാപനത്തിന് വിവിധ കരാറുകളിലും കോൺട്രാക്ട് വർക്കുകളിലുമായി ആകെ എത്ര രൂപ അനുവദിച്ചു നൽകിയിട്ടുണ്ടെന്നുള്ള വിവരം ഇനം, തീയതി, തുക എന്നിവ തിരിച്ച് ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും സെവൻ സ്റ്റാർ ഗ്രാഫിക്സ്, അഴകത്ത് വീട്, വേങ്കവിള, പഴകുറ്റി പി.ഒ, നെടുമങ്ങാട് എന്ന സ്ഥാപനത്തിന് അനുവദിച്ച് നൽകിയിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	തീയതി	അനുവദിച്ച തുക

ലേഔട്ട് നിർവഹിച്ച വകയിൽ	2018 ഡിസംബർ	15,000/-രൂപ
	2019 ജനുവരി	15,000/- രൂപ
	2019 ഫെബ്രുവരി	17,000/- രൂപ
	2019 ഏപ്രിൽ - മെയ്	17,000/- രൂപ
	2019 ജൂൺ	15,000/- രൂപ
	2019 ജൂലൈ	15,000/- രൂപ
	2019 ആഗസ്റ്റ്	15,000/- രൂപ
	2019 സെപ്തംബർ	15,000/- രൂപ
ആകെ		1,24,000/- രൂപ

ഈ സർക്കാരിന്റെ കാലത്ത് ടി സ്ഥാപനത്തിന് തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

(ബി) പ്രസ്തുത സ്ഥാപനത്തിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽനിന്നും വർക്കുകൾ/കോൺട്രാക്ടുകൾ/കരാറുകൾ എന്നിവ നൽകിയത് സ്റ്റോർ പർച്ചേസ്/കേരള ഫിനാൻഷ്യൽ കോഡ് എന്നീ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചാണോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന് യുവജനക്ഷേമ ബോർഡിൽ നിന്നും വിവിധ കരാറുകളും വർക്കുകളും മറ്റും നൽകിയത് ഇവരുടെ മുൻപരിചയം കണക്കിലെടുത്താണോയെന്ന് അറിയിക്കാമോ; അല്ലെങ്കിൽ എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് വർക്കുകൾ നൽകിയിട്ടുള്ളതെന്ന്

അറിയിക്കാമോ?

(ബി & സി) യുവത മാഗസിനുള്ള ലേ ഔട്ട് നിർവഹിക്കുന്നതിലേക്ക് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുകയും ലഭിച്ച ക്വട്ടേഷനുകളിൽ നിന്നും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾ

311(4808) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഇതിൽ ശമ്പളം, മറ്റ് പദ്ധതികൾ എന്നിങ്ങനെ ഓരോ വർഷവും കമ്മീഷൻ ചെലവഴിച്ച തുക എത്രയാണെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

യുവജനങ്ങൾക്കിടയിൽ ലഹരി വ്യാപനം തടയാൻ നടപടി

312(4809) ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾ ലഹരിയിലേക്കും അമിത മദ്യപാനത്തിലേക്കും തിരിയുന്നതിന്റെ കാരണം യുവജനകാര്യ വകുപ്പ് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ?

പരിശോധനാ വിധേയമാക്കിയിട്ടുണ്ട്. തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച് കേരള സംസ്ഥാന യുവജന കമ്മീഷൻ തയ്യാറാക്കിയ Mental Health of Youth at Work എന്ന പേരിലുള്ള പഠന റിപ്പോർട്ട് പ്രകാരം തൊഴിലിടങ്ങളിലെ മാനസിക സമ്മർദം നേരിടുന്നതിനായി ലഹരിയുടെ ഉപയോഗം യുവജനങ്ങൾക്കിടയിൽ കൂടി വരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) യുവജനങ്ങൾക്കിടയിൽ ലഹരി വ്യാപനം തടയുന്നതിന്റെ ഭാഗമായി നടത്തുന്ന ഇടപെടൽ എന്തൊക്കെയാണെന്നും ഇവ കാര്യക്ഷമമാണോയെന്നും വ്യക്തമാക്കുമോ;

(സി) യുവജനങ്ങൾക്കിടയിൽ ലഹരി വ്യാപനം വർധിക്കുന്നത് തടയാനായി വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

(ബി & സി)'No To Drugs' എന്ന മുദ്രാവാക്യമുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച മയക്കു മരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ യുവജന കാര്യ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30-ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി 'ജനസഭ' എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരി വിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യരംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. കൂടാതെ, 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടുനിന്ന വിവിധങ്ങളായ കാമ്പയിനുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരിവിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ടെക്നോപാർക്ക്,

ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐറ്റി പ്രൊഫഷണലുകളുടെ കാമ്പയിൻ എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപീകരിച്ച 'അവളിടം' യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ "ഉയിർപ്പ് എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ കലാജാഥയിൽ തെരുവുനാടകം, തെരുക്കൂത്ത്, ഫ്ലാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദുഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരായി തിരുവനന്തപുരത്തുള്ള കരിമഠം, ചെങ്കൽച്ചൂള (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാർക്കിടയിൽ Real to Reel എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും സംഘടിപ്പിക്കുയുണ്ടായി. ലഹരിക്കെതിരെയുള്ള ബോധവൽകരണത്തിന്റെ ഭാഗമായി ഒരു ലഘുപ്രചരണ ചിത്രവും നിർമ്മിക്കുകയുണ്ടായി.

സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, ലഹരി എന്നിവയുടെ ഉപയോഗം തടയുന്നതിനാവശ്യമായ ബോധവൽകരണ പരിപാടികൾ സംസ്ഥാനത്തെ എല്ലാ

ജില്ലകളിലെയും കോളേജുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബുകൾ, വായനാശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും കമ്മീഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ലഹരിയ്ക്കെതിരെ ബോധവൽകരണ കാമ്പയിൻ/കലാജാഥ, നിയമപരമായ സഹായം, കൗൺസിലിങ്/ഹ്രസ്വ ചിത്രമത്സരം എന്നിവയും സംഘടിപ്പിച്ചുവരുന്നു.

മദ്യം, മയക്കുമരുന്ന് ഉപയോഗം പോലുള്ള സാമൂഹ്യ വിപത്തുകൾക്കെതിരെ ജില്ലകൾ കേന്ദ്രീകരിച്ച് യുവജന ജാഗ്രതാ സമിതികൾ രൂപീകരിച്ച് കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിപുലമായ രീതിയിൽ ബോധവൽകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. എല്ലാ ജില്ലകളിലും ജില്ലയിലെ വിദ്യാർഥി-യുവജന സംഘടനാ പ്രതിനിധികൾ, സർവകലാശാല, കോളേജ് യൂണിയൻ ഭാരവാഹികൾ, നാഷണൽ സർവീസ് സ്കീം, എൻ.സി.സി. പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് ജില്ലാതലത്തിൽ ജാഗ്രതാസഭ യോഗം സംഘടിപ്പിക്കുന്നത്.

യുവാക്കൾ നടത്തുന്ന അതിക്രമങ്ങൾ തടയാൻ കർമ്മ പരിപാടി

313(4810) ശ്രീ. എ. പി. അനിൽ കുമാർ
ശ്രീ. അൻവർ സാദത്ത്
ഡോ. മാത്യു കുഴൽനാടൻ
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കൾ നടത്തുന്ന ക്രൂരമായ അതിക്രമങ്ങൾ വർധിക്കുന്നത് യുവജനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) യുവാക്കളുടെ ഇടയിൽ കുറ്റകൃത്യങ്ങൾ വർധിക്കുന്നത് തടയാൻ മറ്റു വകുപ്പുകളുമായി ചേർന്ന് യുവജനകാര്യ വകുപ്പ് കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദമാക്കുമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 'No To Drugs' എന്ന മുദ്രാവാക്യമുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ യുവജനകാര്യ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30-ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി 'ജനസഭ' എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം

തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. മന്ത്രിമാർ, എം.എൽ.എ.-മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. കൂടാതെ 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടുനിന്ന വിവിധങ്ങളായ കാമ്പയിനുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരി വിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ട്രാൻസ്ജെൻഡേഴ്സ് വിഭാഗങ്ങളിലുള്ളവരുടെ കാമ്പയിൻ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐ.റ്റി. പ്രൊഫഷണലുകളുടെ കാമ്പയിൻ എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ യുവജനക്ഷേമ ബോർഡ് രൂപീകരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ 'ഉയിർപ്പ്' എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ കലാജാഥയിൽ തെരുവു നാടകം, തെരുക്കൂത്ത്, ഫ്ലാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൃഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്.

സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരായി

തിരുവനന്തപുരത്തുള്ള കരിമഠം, ചെങ്കൽച്ചൂള (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാർക്കിടയിൽ ' Real to Reel' എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും സംഘടിപ്പിക്കുകയുണ്ടായി. ലഹരിക്കെതിരെയുള്ള ബോധവൽകരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രം നിർമ്മിക്കുകയുണ്ടായി.

കൂടാതെ കേരള സംസ്ഥാന യുവജനകമ്മീഷൻ മുഖേന യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, ലഹരി എന്നിവയുടെ ഉപയോഗം തടയുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും ഈ പദ്ധതിയുടെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ കമ്മീഷൻ നടപ്പാക്കിവരുന്നു. അതോടൊപ്പം സൈബർ കുറ്റകൃത്യങ്ങൾക്കെതിരായും ട്രാഫിക് നിയമലംഘനങ്ങൾക്കെതിരായും കമ്മീഷൻ ബോധവൽകരണ പരിപാടികൾ നടത്തിവരുന്നു. കൂടാതെ ലഹരിക്കെതിരെ ബോധവൽക്കരണ കാമ്പയിൻ/കലാജാഥ, നിയമപരമായ സഹായം, കൗൺസിലിങ്/ഹ്രസ്വ ചിത്ര മത്സരം എന്നിവയും സംഘടിപ്പിച്ചുവരുന്നു.

യുവത മാസികയുമായി ബന്ധപ്പെട്ട പരാതിന്മേലുള്ള നടപടി

314(4811) ഡോ. മാത്യൂ കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും പുറത്തിറക്കിയിരുന്ന യുവത മാസികയുമായി ബന്ധപ്പെട്ട് ബോർഡിലെ ഒരു ജീവനക്കാരൻ ബിനാമി സ്ഥാപനം വഴി സാമ്പത്തിക ക്രമക്കേട് നടത്തിയതായുള്ള ആരോപണം ശ്രദ്ധയിൽപ്പെടുകയോ ആയത് സംബന്ധിച്ച് പരാതി ലഭിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ?

ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽനിന്നും പുറത്തിറക്കിയിരുന്ന യുവത മാസികയുടെ പേരിൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് വിവിധ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ശ്രീ. ധർമ്മദാസ് ഡി. വിജിലൻസ് ഡയറക്ടർക്ക് സമർപ്പിച്ച പരാതി പരിശോധിച്ച് ബോർഡിന്റെ ആറാമത് ഡയറക്ടർ ബോർഡ് യോഗ തീരുമാനപ്രകാരം യുവത മാസികയുടെ ലേ ഔട്ട് നിർവഹിക്കുന്നതിന് വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ

ക്ഷണിക്കുകയും ആയത് പ്രകാരം ലഭിച്ച ക്വട്ടേഷനുകളിൽ നിന്നും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനമായ സെവൻ സ്റ്റാർ ഗ്രാഫിക്സിന് ലേ ഔട്ട് ജോലികൾ നിർവഹിക്കുന്നതിനായി വർക്ക് ഓർഡർ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം വർക്കുകൾ സമയബന്ധിതമായി ചെയ്യുകയും വർക്ക് ഓർഡറിൽ പറഞ്ഞ പ്രകാരമുള്ള നിരക്ക് സ്ഥാപനത്തിന് നൽകുകയും ചെയ്തെന്നും ടി സ്ഥാപനത്തിന് ലേ ഔട്ട് നിർവഹിക്കുന്നതിന്റെ ചുമതല മാത്രമാണ് നൽകിയിട്ടുള്ളതെന്നും പരാതിയിൽ പരാമർശിച്ചിട്ടുള്ളതുപോലെ പ്രിന്റിങ് ജോലികൾ ടി സ്ഥാപനത്തിന് നൽകിയിട്ടില്ലെന്നും നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചാണ് ടി സ്ഥാപനത്തിന് ലേ ഔട്ടിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുള്ളതെന്നും യുവത മാസിക ലേ ഔട്ട് നിർവഹിച്ചതിന് പ്രതിഫലമായി ചെക്കുകൾ നൽകിയിട്ടില്ലെന്നും സെവൻ സ്റ്റാർ എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളതെന്നും ബോർഡ് മെമ്പർ സെക്രട്ടറി അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ മേൽ വിവരം അപേക്ഷകനായ ശ്രീ. ധർമ്മദാസ് ഡി. -യെയും വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറെയും അറിയിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിന്മേൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിനോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളതും ബോർഡിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പരാതിയിൽ കഴമ്പില്ലെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്.

(സി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് വിജിലൻസിൽ നിന്നും എന്തെങ്കിലും നിർദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദേശത്തിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ശ്രീ. ധർമ്മദാസ് ഡി., കാഞ്ഞിരംപാറ, തിരുവനന്തപുരം എന്നയാൾ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയിൽ നൽകിയ പരാതിയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനാണ് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ ശിപാർശ ചെയ്തിരുന്നത്. ആയതിൻമേൽ നടപടി സ്വീകരിച്ച് നടപടി വിവരം അപേക്ഷകനായ ശ്രീ. ധർമ്മദാസ് ഡി.-യെയും വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറെയും അറിയിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).+

യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

315(4812) ശ്രീ. റോജി എം. ജോൺ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

യുവജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഒരു അർധ ജുഡീഷ്യൽ സംവിധാനമാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ. യുവജനങ്ങളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങൾ, വേഗത്തിലും സുതാര്യവുമായ പരാതി പരിഹാരത്തിനായി നിരന്തരമായ ബോധവൽകരണ പരിപാടികൾ, അദാലത്തുകൾ, ആരോഗ്യകാമ്പുകൾ എന്നിങ്ങനെ നിരവധി കർമ്മപദ്ധതികൾ യുവജന കമ്മീഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. സംസ്ഥാനത്ത് യുവജനങ്ങൾക്കായി കേരള സംസ്ഥാന യുവജന കമ്മീഷൻ മുഖാന്തരം നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ പറയുന്നവയാണ്.

(i) കോളേജുകൾ, വായനശാലകൾ സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ വിവിധയിടങ്ങളിൽ യുവജനങ്ങൾക്കുള്ള ബോധവൽകരണ പരിപാടികൾ
(ii) ജില്ലാതല അദാലത്തുകൾ
(iii) ദേശീയ സെമിനാർ

(iv) യൂത്ത് ഐക്കൺ അവാർഡ്.

(v) പാർശ്വവൽകൃത യുവജനങ്ങളുടെ ശാക്തീകരണം/ആരോഗ്യ കാമ്പ്

(vi) യുവജനങ്ങൾക്കുള്ള സൗജന്യ നിയമ സഹായം 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ'

(vii) ഇ.എം.എസ്. മെമ്മോറിയൽ ഇന്റർയൂണിവേഴ്സിറ്റി പ്രസംഗം, ചെസ്സ് എന്നീ മത്സരങ്ങളും യുവജനദിന പരിപാടികളും

(viii) യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം (ഗ്രീൻ യൂത്ത് പദ്ധതി, യുവകർഷക സംഗമം, ജോബ് ഫെസ്റ്റുകൾ)

(ix) സ്ത്രീധനത്തിനെതിരെയും ലഹരിക്കെതിരെയും ബോധവൽകരണ കാമ്പയിൻ/കലാജാഥ, നിയമപരമായ സഹായം, കൗൺസിലിങ്.

(ബി) യുവജനങ്ങൾക്കിടയിൽ വർധിച്ചുവരുന്ന ലഹരി ഉപയോഗം, മാനസിക സംഘർഷം, അതിക്രമങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനായി കമ്മീഷൻ നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ?

യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, ലഹരി എന്നിവയുടെ ഉപയോഗവും തടയുന്നതിനാവശ്യമായ ബോധവൽകരണ പരിപാടികൾ കമ്മീഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. യുവജനങ്ങൾക്കിടയിൽ ആത്മഹത്യാ പ്രവണത വർധിക്കുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെ 'മാനസികാരോഗ്യം ശക്തിപ്പെടുത്തുക' എന്ന ലക്ഷ്യത്തോടെ യുവജന കമ്മീഷന്റെ

ആഭിമുഖ്യത്തിൽ 18-നും 40-നും ഇടയിൽ പ്രായമുള്ള യുവജനങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ നടന്ന ആത്മഹത്യകൾ പഠന വിധേയമാക്കി. എല്ലാ ജില്ലകളിലുമായി 800 ഓളം ആത്മഹത്യകളെ സംബന്ധിച്ച് വിദഗ്ധ സംഘം ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട എം.എസ്.ഡബ്ല്യൂ./സൈക്കോളജി വിദ്യാർഥികളുടെ സഹായത്തോടുകൂടിയാണ് സർവേ നടത്തിയത്. ലോകത്താകെ യുവജനങ്ങൾക്കിടയിൽ ആത്മഹത്യകൾ വർധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സമാന അനുഭവങ്ങൾ പഠിച്ചു പരിഹാരമാർഗങ്ങൾ നിർദേശിക്കുന്ന തരത്തിലാണ് പഠന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. പഠന റിപ്പോർട്ട് കമ്മീഷൻ ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ട്.

നിലവിൽ യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുള്ള ശാസ്ത്രീയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുവതലമുറയെ ഇത്തരം മാനസികാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾക്ക് സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചുവരുന്നു. ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ വിപുലമായ തുടർ പ്രവർത്തനങ്ങൾ യുവജന

കമ്മീഷൻ ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കാൻ കമ്മീഷൻ ഉദ്ദേശിക്കുന്നു. യൂത്ത് എമ്പവർമെന്റ്, 'മെന്റൽ റിസീലിയൻസ്, ഹാപ്പിനസ്സ്: ചാലഞ്ചസ് ആൻഡ് പോസിബിലിറ്റീസ്' എന്ന വിഷയത്തിൽ യുവജന കമ്മീഷൻ അക്കാദമികമായ സാധ്യതക്ക് പുറത്ത് യുവജനങ്ങളുടെ മാനസിക പ്രശ്നങ്ങളെ സമഗ്രമായി അഭിസംബോധന ചെയ്യുക എന്ന ലക്ഷ്യത്തോടെ 2024 ജനുവരി 31, ഫെബ്രുവരി 1 തീയതികളിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. ആ ചർച്ചകളുടെ സംവാദങ്ങളുടെയും തുടർച്ച എന്ന നിലയിലും വിപുലീകരണം എന്ന നിലയിലും 2025 മാർച്ച് 3, 4 തീയതികളിൽ 'Modern World of Work and Youth Mental Health' എന്ന വിഷയത്തിൽ കഴക്കൂട്ടം ടെക്നോപാർക്കിൽ വച്ച് യുവജന കമ്മീഷൻ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. ദേശീയ സെമിനാറിനോടൊപ്പം മുഴുവൻ ജില്ലകളിലും സർവകലാശാലകളിലും പ്രാദേശിക ഇടങ്ങളിലും ആത്മഹത്യ പ്രതിരോധത്തിനായി സെമിനാറുകളും സംഘടിപ്പിക്കുന്നു. അർധ ജുഡീഷ്യറി സ്ഥാപനം എന്ന നിലയിൽ യുവജനങ്ങളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങൾ, വേഗത്തിലും സുതാര്യവുമായ പരാതി പരിഹാരത്തിനായി നിരന്തരമായ അദാലത്തുകൾ, ആരോഗ്യകാമ്പുകൾ എന്നിങ്ങനെ നിരവധി കർമ്മപദ്ധതികൾ യുവജന കമ്മീഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

യുവജനങ്ങൾക്ക് സൗജന്യനിയമസഹായത്തിനായി 18001235310 എന്ന ടോൾഫ്രീ നമ്പരും യുവജന കമ്മീഷൻ ഒരുക്കിയിട്ടുണ്ട്.

കൂടാതെ 2024-25 സാമ്പത്തിക വർഷം തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച ഒരു ശാസ്ത്രീയ പഠനം നടത്തുകയും Mental Health of Youth at Work എന്ന പേരിൽ തയ്യാറാക്കിയ പഠന റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഐ.റ്റി., ഗിഗ് ഇക്കോണമി, മീഡിയ, ഇൻഷ്വറൻസ്/ബാങ്കിങ്, റീട്ടെയിൽ/ ഇൻഡസ്ട്രിയൽ എന്നീ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന 18-നും 40-നും ഇടയിൽ പ്രായമുള്ള 1548 യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടാണ് സർവേ നടത്തിയത്.

(സി) കമ്മീഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ?

കമ്മീഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായാണ് നടക്കുന്നത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും യുവജനങ്ങൾക്കായി ബോധവൽകരണ പരിപാടികൾ കമ്മീഷൻ

നടപ്പാക്കിവരുന്നു. കൂടാതെ സൈബർ കുറ്റകൃത്യങ്ങൾക്കെതിരായും ട്രാഫിക് നിയമ ലംഘനങ്ങൾക്കെതിരായും ബോധവൽകരണ പരിപാടികളും കമ്മീഷൻ നടത്തിവരുന്നു. അതോടൊപ്പം ലഹരിക്കെതിരെ ബോധവൽകരണ കാമ്പയിൻ/കലാജാഥ, നിയമപരമായ സഹായം, കൗൺസിലിങ്/ഹ്രസ്വ ചിത്രമത്സരം എന്നിവയും സംഘടിപ്പിച്ചുവരുന്നു. വിവിധ മേഖലകളിലുള്ള ഇടപെടൽ കാരണം യുവജനങ്ങളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങൾ, വേഗത്തിലും സുതാര്യവുമാക്കാൻ കമ്മീഷന് കഴിയുന്നുണ്ട്.

യുവജനങ്ങൾക്കായി തൊഴിൽ സംരംഭക പദ്ധതികൾ

316(4813) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ യുവജനങ്ങൾക്കായി തൊഴിൽ സംരംഭക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

യുവജനക്ഷേമ ബോർഡിന്റെ പ്രധാന പദ്ധതികളിലൊന്നായ "അവളിടം ക്ലബ്ബ്" എന്ന പദ്ധതി പ്രകാരം വനിതകൾക്ക് തയ്യൽ പരിശീലനം. കേക്ക് നിർമ്മാണം, ബ്യൂട്ടീഷ്യൻ കോഴ്സ്, പേപ്പർബാഗ് നിർമ്മാണം, വീഡിയോ

എഡിറ്റിങ്, എൽ.ഇ.ഡി. ബൾബ് നിർമ്മാണം, ഭിന്നശേഷി കുട്ടികളെ പരിചരിക്കുക, ക്ലൗൺകൃഷി, മെഴുകുതിരി നിർമ്മാണം, ഗാർഡനിങ് എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച യുവതികളിൽ പലരും സ്വന്തമായി തൊഴിൽ ചെയ്യുന്നുണ്ട്. "എന്റെ തൊഴിൽ എന്റെ അഭിമാനം" എന്ന പദ്ധതിയുടെ ഭാഗമായി കേരള നോളജ് ഇക്കോണമി മിഷൻ യുവജനക്ഷേമ ബോർഡിന്റെ സഹകരണത്തോടുകൂടി സ്റ്റെപ് അപ് രജിസ്ട്രേഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട് യുവതീ യുവാക്കൾക്ക് പരിശീലനം നൽകിയിരുന്നു.

കേരള സംസ്ഥാന യുവജന കമ്മീഷൻ, യുവജനങ്ങൾക്കുള്ള ക്ഷേമം കണക്കിലെടുത്ത് കമ്മീഷൻ നിരവധി പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കമ്മീഷന്റെ ചുമതലകളുടെ നിർവഹണത്തിന്റെ ഭാഗമായി തൊഴിലന്വേഷകരെയും തൊഴിൽദാതാക്കളെയും കണ്ടെത്തുന്നതിനായി എല്ലാ വർഷവും ജോബ് ഫെസ്റ്റുകൾ സംഘടിപ്പിക്കാറുണ്ട്. ഈ പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ നിരവധി യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കാൻ കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം ടി പദ്ധതിയുടെ ഭാഗമായി വിവിധ ഇടങ്ങളിൽ നടത്തിയ ജോബ് ഫെസ്റ്റുകളിലായി ആകെ 66 കമ്പനികളും 2360 ഉദ്യോഗാർഥികളും പങ്കെടുക്കുകയും 408 പേർക്ക് ജോലി ലഭ്യമാകുകയും ചെയ്തു.

2022-23 സാമ്പത്തിക വർഷം വിവിധയിടങ്ങളിൽ നടത്തിയ ജോബ് ഫെസ്റ്റുകളിലായി ആകെ 209 തൊഴിൽ ദാതാക്കളും 4835 ഉദ്യോഗാർഥികളും പങ്കെടുക്കുകയും 984 പേരെ സെലക്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ടി പദ്ധതിയുടെ ഭാഗമായി വിവിധയിടങ്ങളിൽ നടത്തിയ ജോബ് ഫെസ്റ്റുകളിലായി ആകെ 202 തൊഴിൽ ദാതാക്കളും 5800 ഉദ്യോഗാർഥികളും പങ്കെടുക്കുകയും 855 പേരെ സെലക്ട് ചെയ്യുകയും ചെയ്തിരുന്നു. ഈ സാമ്പത്തിക വർഷം കമ്മീഷന്റെ പദ്ധതി വിഹിതം 50% ആയി കുറച്ചിട്ടുള്ള സാഹചര്യത്തിൽ ഈ പദ്ധതി ഈ വർഷം ഒരു ജില്ലയിൽ മാത്രമെ സംഘടിപ്പിക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത പദ്ധതി 2025 മാർച്ച് മാസത്തിൽ കോട്ടയം ജില്ലയിൽ സംഘടിപ്പിക്കും.

Content creators-നുള്ള വർക്ക് ഷോപ്പ്

ഈ സാമ്പത്തിക വർഷം Bridging Dots Media solutions pvt എന്ന സ്ഥാപനവുമായി സഹകരിച്ചു content creators-നുള്ള ഒരു ഏകദിന വർക്ക് ഷോപ്പ് സംഘടിപ്പിച്ചത് വഴി ഈ മേഖലയിൽ കടന്നുവരുന്ന പുതിയ തൊഴിൽ സംരംഭകർക്ക് ആവശ്യം വേണ്ട പരിശീലനം നൽകി.

(ബി) യുവജനങ്ങളുടെ ഉന്നമനത്തിനായി എന്തൊക്കെ സെമിനാറുകൾ

നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

യുവജനങ്ങളുടെ ഉന്നമനത്തിനായി യുവജനക്ഷേമ ബോർഡ് വിവിധ സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവാഹപൂർവ കൗൺസിലിങ്ങ്, സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ബോധവൽകരണ സെമിനാറുകൾ, ലഹരിവിരുദ്ധ സെമിനാറുകൾ, ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ യുവജനക്ഷേമ ബോർഡിന്റെ സഹകരണത്തിൽ മാലിന്യ നിർമ്മാർജനം ചെയ്യുന്നത് സബന്ധിച്ച് യുവതീ - യുവാക്കളെ ബോധവാന്മാരാക്കുന്നതിനായുള്ള സെമിനാറുകൾ, യുവജനക്ഷേമ ബോർഡിന്റെ യുവശക്തി പദ്ധതിയുടെ ഭാഗമായി ബ്ലോക്ക്തല യൂത്ത് കോ-ഓർഡിനേറ്റർമാർ, ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ, ടീം കേരള - അവളിടം സംസ്ഥാന കോ-ഓർഡിനേറ്റർമാർ, മുനിസിപ്പാലിറ്റി-കോർപ്പറേഷൻ കോ-ഓർഡിനേറ്റർമാർ, ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർമാർ, സ്പെഷ്യൽ ഓഫീസർ, സംസ്ഥാന - ജില്ലാ ഓഫീസ് ജീവനക്കാർ എന്നിവർക്ക് പദ്ധതി നിർവഹണം, വിവിധ പരിപാടികളുടെ സംഘാടനം തുടങ്ങിയവയിൽ പരിശീലനം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന യുവജന കമ്മീഷൻ മുഖേന നടത്തിവരുന്ന സെമിനാറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ദേശീയ സെമിനാറുകൾ

യുവാക്കളുടെ സർഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചുകൊണ്ട് ഉന്നത നിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിലും അവരുടെ സാധ്യതകളും കഴിവുകളും കണ്ടെത്തുന്നതിലേക്കും ആവശ്യമായ അവബോധം ഉണ്ടാക്കുന്നതിലേക്കുമായാണ് കമ്മീഷൻ നാഷണൽ സെമിനാർ സംഘടിപ്പിക്കുന്നത്. വിവിധ മേഖലകളിൽപ്പെട്ട വിദഗ്ധന്മാരുടെയും യുവജനങ്ങളുടെയും കാഴ്ചപ്പാടുകൾ മനസ്സിലാക്കുന്നതിനും കമ്മീഷന്റെ തുടർ പ്രവർത്തനത്തിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനും യുവജനങ്ങളുടെ അവകാശങ്ങൾ, ലിംഗ സമത്വം തുടങ്ങിയ വിഷയങ്ങളിൽ യുവജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി സംസ്ഥാനത്തെ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തിയാണ് ദേശീയ സെമിനാർ സംഘടിപ്പിക്കുന്നത്. സെമിനാറിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക് യുവജനങ്ങളുടെ മാനസികവും സാമൂഹികവുമായ വികാസത്തിനുവേണ്ട, ഏറ്റവും അടിസ്ഥാനപരമായ ധാരണകൾ സ്വരൂപിക്കാനും വ്യക്തിയുടെയും സമൂഹത്തിന്റെയും മാനസിക ആരോഗ്യത്തെയും ആനന്ദത്തെയും സംബന്ധിച്ച വസ്തുതകളെ ശാസ്ത്രീയമായും രാഷ്ട്രീയമായും വിശകലനം ചെയ്യാനും

സാധിക്കുന്നതാണ്.

2021-22 സാമ്പത്തിക വർഷം ടി പദ്ധതിയുടെ ഭാഗമായി 20-11-2021-ന് “Reproductive Choice of Women, a Fundamental Right“ എന്ന വിഷയത്തിൽ മാർ ഗ്രിഗോറിയസ് കോളേജ് ഓഫ് ലോയും യുവജന കമ്മീഷനും സംയുക്തമായി ഇന്റർനാഷണൽ സെമിനാർ സംഘടിപ്പിച്ചു.

2022 മാർച്ച് 17-ന് തിരുവനന്തപുരം, കെ.റ്റി.ഡി.സി. മാസ്കറ്റ് ഹോട്ടലിൽ വച്ച് 'Rebuilding the youth – Kerala towards a knowledge society' എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു. 75 തിരഞ്ഞെടുക്കപ്പെട്ട ഡെലിഗേറ്റ്സ് ടി സെമിനാറിൽ പങ്കെടുത്തു. 2022-23 സാമ്പത്തിക വർഷം ടി പദ്ധതിയുടെ ഭാഗമായി ദേശീയ സെമിനാറിന്റെ കർട്ടൻ റെയ്സർ 2023 ജനുവരി 14-ന് കൊല്ലത്ത് വച്ച് സംഘടിപ്പിച്ചു. ഹവാന സർവകലാശാലയിലെ ഇക്കണോമിക്സ് പ്രൊഫസറായ ഡോ. എസ്തഫാനിയ ഉവേര ടി പരിപാടിയിൽ മുഖ്യ അതിഥിയായി പങ്കെടുത്തു. ദ്വിദിന ദേശീയ യുവജന സെമിനാർ 2023 ജനുവരി 13, 14 തീയതികളിൽ കൊല്ലം, തേവള്ളി ജലദർശിനി ഓഡിറ്റോറിയത്തിൽവച്ച് സംഘടിപ്പിച്ചു. 'ഓൾട്ടർനേറ്റീവ്, റെസിസ്റ്റൻസ്, യൂത്ത്' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിൽ ദേശീയ, അന്തർദേശീയ

വ്യക്തിത്വങ്ങൾ ക്ലാസുകൾ നയിച്ചു. സാംസ്കാരിക യുവജനകാര്യ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ സെമിനാർ ഉദ്ഘാടനം ചെയ്തു. 2023-24 സാമ്പത്തിക വർഷം ടി പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന യുവജന കമ്മീഷൻ 'യൂത്ത് എംപവർമെന്റ്, മെന്റൽ റിസീലിയൻസ്, ഹാപ്പിനസ്സ്: ചലഞ്ചസ് ആൻഡ് പോസിബിലിറ്റീസ്" എന്ന വിഷയത്തിൽ 2024 ജനുവരി 31, ഫെബ്രുവരി 1 തീയതികളിൽ തിരുവനന്തപുരത്തുവച്ച് ഒരു നാഷണൽ യൂത്ത് സെമിനാർ സംഘടിപ്പിച്ചു. രണ്ട് ദിവസങ്ങളിലായി തിരുവനന്തപുരം പ്രിയദർശിനി പ്ലാനറ്റോറിയം കോൺഫറൻസ് ഹാളിൽ നടത്തപ്പെട്ട ഈ ദേശീയ യുവജന സെമിനാർ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഈ പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം തിരുവനന്തപുരം ടെക്നോപാർക്കിൽവച്ച് 2025 മാർച്ച് 3, 4 തീയതികളിലായി Modern World of Work and Youth Mental Health എന്ന പേരിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു.

ജില്ലാതല സെമിനാറുകൾ

സ്ത്രീധനത്തിനെതിരെയും ലഹരിക്കെതിരെയും ഉള്ള ബോധവൽകരണ കാമ്പയിൻ/കലാജാഥ, നിയമപരമായ സഹായം, കൗൺസിലിങ്/ഹ്രസ്വ

ചിത്രമത്സരം എന്ന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും എല്ലാ വർഷവും വിവിധ വിഷയങ്ങളിൽ ബോധവൽകരണ സെമിനാറുകൾ സംഘടിപ്പിക്കാറുണ്ട്.

ലഹരി ഉപയോഗത്തിനെതിരെ യുവജന സംഘടനകളെ ശക്തിപ്പെടുത്തുന്നതിന് നടപടി

317(4814) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യൂ ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്കും വിദ്യാർഥികൾക്കുമിടയിൽ വർധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം തടയാൻ യുവജനക്ഷേമ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ലഹരി വസ്തുക്കളുടെ വർധിച്ചുവരുന്ന ഉപയോഗംമൂലം സമൂഹത്തിലുണ്ടാകുന്ന അരക്ഷിതാവസ്ഥ മാറ്റുന്നതിനായി യുവജന സംഘടനകളെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മയക്കുമരുന്ന് ഉപയോഗം പോലുള്ള സാമൂഹ്യ വിപത്തുകൾക്കെതിരെ വാർഡുകൾ കേന്ദ്രീകരിച്ച് യുവജന ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ - സി) 'No To Drugs' എന്ന മുദ്രാവാക്യമുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച, മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30-ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി 'ജനസഭ' എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. മന്ത്രിമാർ, എം.എൽ.എ.-മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യരംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള ടീം കേരള, അവളിടം യുവതി ക്ലബ്ബ്, യൂത്ത് ക്ലബ്ബ്, ട്രാൻസ്ജെൻഡർ ക്ലബ്ബ്, കാർഷിക ക്ലബ്ബ് എന്നിവയിലെ മുഴുവൻ അംഗങ്ങളുടെയും അതത് നിയമസഭാ

മണ്ഡലത്തിലെ സ്കൂൾ, കോളേജ് വിദ്യാർഥികളുടെ പങ്കാളിത്തവും പ്രസ്തുത പരിപാടിയിൽ ഉറപ്പുവരുത്തുകയുണ്ടായി. കൂടാതെ 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടുനിന്ന വിവിധ കാമ്പയിനുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരിവിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ട്രാൻസ്ജെൻഡേഴ്സ് വിഭാഗങ്ങളിലുള്ളവരുടെ കാമ്പയിൻ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐ.റ്റി. പ്രൊഫഷണലുകളുടെ കാമ്പയിൻ, മയക്കുമരുന്നിനെതിരായി സൈക്കിൾ/ബൈക്ക് റാലി എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപീകരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ 'ഉയിർപ്പ്' എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. 15 യുവതികൾ അടങ്ങുന്ന സംഘമാണ് ഓരോ ജില്ലയിലും കലാജാഥയിൽ പങ്കെടുത്തത്. ഈ കലാജാഥയിൽ തെരുവുനാടകം, തെരുക്കൂത്ത്, ഫ്ലാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദുഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്.

സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരെയായി

തിരുവനന്തപുരത്തുള്ള കരിമഠം, ചെങ്കൽച്ചൂള (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാരുടെ പങ്കാളിത്തത്തോടുകൂടി 'Real to Reel' എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും സംഘടിപ്പിക്കുയുണ്ടായി. ലഹരിക്കെതിരെയുള്ള ബോധവൽകരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രവും നിർമ്മിക്കുകയുണ്ടായി.

യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, ലഹരി എന്നിവയുടെ ഉപയോഗം തടയുന്നതിനാവശ്യമായ ബോധവൽകരണ പരിപാടികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും കേരള സംസ്ഥാന യുവജന കമ്മീഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ലഹരിക്കെതിരെ ബോധവൽകരണ കാമ്പയിൻ/കലാജാഥ, നിയമപരമായ സഹായം, കൗൺസിലിങ്/ഹ്രസ്വ ചിത്രമത്സരം എന്നിവയും സംഘടിപ്പിച്ചുവരുന്നു.

മയക്കുമരുന്ന് ഉപയോഗം പോലുള്ള സാമൂഹ്യ വിപത്തുകൾക്കെതിരെ ജില്ലകൾ കേന്ദ്രീകരിച്ച് യുവജന ജാഗ്രതാ സമിതികൾ രൂപീകരിച്ച് കമ്മീഷന്റെ

ആഭിമുഖ്യത്തിൽ വിപുലമായ രീതിയിൽ ബോധവൽകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. എല്ലാ ജില്ലകളിലും ജില്ലയിലെ വിദ്യാർഥി - യുവജന സംഘടനാ പ്രതിനിധികൾ, സർവകലാശാല, കോളേജ് യൂണിയൻ ഭാരവാഹികൾ, നാഷണൽ സർവീസ് സ്കീം, എൻ.സി.സി. പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് ജില്ലാതലത്തിൽ ജാഗ്രതാസഭ യോഗം സംഘടിപ്പിക്കുന്നത്.

അനുബന്ധം 3

(1) മണിമല വില്ലേജിലെ റവന്യൂ ഭൂമി സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് ഡോ. എൻ. ജയരാജ് എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ബ്ലോക്ക് 21-ൽ റീസർവേ നം.136/3-ൽപ്പെട്ട 1.1475 ഹെക്ടർ പാറ പുറമ്പോക്ക് ഭിന്നശേഷിക്കാർക്ക് പുനരധിവാസ ഗ്രാമം ആരംഭിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി ടി വസ്തുവിലുള്ള കൈയേറ്റങ്ങൾ തഹസിൽദാർ ഒഴിപ്പിച്ചിട്ടുള്ളതും സ്കെച്ച്, മഹസ്സർ എന്നിവ തയ്യാറാക്കിയിട്ടുള്ളതുമാണ്. ഭൂമി കൈമാറ്റ പ്രൊപ്പോസൽ സമർപ്പിക്കുന്നതിലേക്ക് ടി വസ്തുവിലുള്ള വൃക്ഷങ്ങളുടെ വില നിർണ്ണയിക്കുന്നതിന് കോട്ടയം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്

തഹസിൽദാർ കത്ത് നൽകിയിട്ടുള്ളതാണ്.

ടി വസ്തുവിലുള്ള മരങ്ങളുടെ വില നിർണ്ണയിക്കുന്നതിന് വനം വകുപ്പിൽനിന്നും ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തിയിട്ടുള്ളതും ഭിന്നശേഷിക്കാർക്ക് പുനരധിവാസ ഗ്രാമം ആരംഭിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനായി ടി സ്ഥലത്തുനിൽക്കുന്ന മരങ്ങളുടെ വാല്യുവേഷൻ നടത്തി 10-03-2025-ന് തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി മൂല്യനിർണ്ണയ റിപ്പോർട്ട് പരിശോധിച്ച് ഭൂമി കൈമാറ്റ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടി കാഞ്ഞിരപ്പള്ളി തഹസിൽദാർ സ്വീകരിച്ചുവരികയാണ്. ടി പ്രൊപ്പോസൽ സമയബന്ധിതമായി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുന്നതും പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായാലുടൻ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതുമാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

(2) കസബ ശാന്തിനഗർ നിവാസികളുടെ പട്ടയ പ്രശ്നം സംബന്ധിച്ച് ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിൽ പുതിയങ്ങാടി വില്ലേജിൽ ശാന്തി നഗറിൽ 1988 മുതൽ 2010 വരെയുള്ള വിവിധ വർഷങ്ങളിലായി 1-11-462, 1-5-162 എന്നീ ടൗൺ സർവെ ഫീൽഡുകളിലും അതിനോട് ചേർന്ന് കിടക്കുന്ന സർവെ ചെയ്യാത്ത കടൽ പുറമ്പോക്ക് ഭൂമികളിലുമായി നിരവധി കുടുംബങ്ങൾക്ക് സർക്കാർ ഭൂമി

പതിച്ചു നൽകിയിരുന്നു. പതിച്ചു നൽകിയ ഭൂമികൾക്കിടയിലുള്ള പല ഭാഗങ്ങളിലുമായി ധാരാളം പേർ പിന്നീട് കൈയേറി കുടിൽകെട്ടി താമസിക്കുകയും ചെയ്തു. പതിച്ചു നൽകിയ ഭൂമിയിൽ വളരെ ശോചനീയമായ സാഹചര്യത്തിൽ കഴിഞ്ഞുവന്നിരുന്ന 214 കുടുംബങ്ങൾക്ക് സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി 2011-ൽ KSHB വഴി വീടുകൾ നിർമ്മിച്ചുനൽകിയിരുന്നു. ഭൂരിഭാഗം പട്ടയങ്ങളിലും സർവെ നമ്പറോ അതിരുകളോ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പട്ടയ ഭൂമി ഏതെന്ന് പരിശോധിക്കാതെ കൈവശക്കാരിൽനിന്ന് സമ്മത പത്രം വാങ്ങിയാണ് KSHB വീട് നിർമ്മിച്ച് നൽകിയത്. പ്രസ്തുത വീടുകൾ എല്ലാം ഏകദേശം ഒരേ വിസ്തീർണത്തിൽ ഉള്ളവയായിരുന്നുവെങ്കിലും പട്ടയത്തിൽ രേഖപ്പെടുത്തിയ വിസ്തീർണ്ണം കണക്കിലെടുക്കാതെ വീട് നിർമ്മിച്ച് നൽകിയതിനാൽ ഭൂരിഭാഗം വ്യക്തികൾക്കും പട്ടയത്തിൽ രേഖപ്പെടുത്തിയതിൽനിന്ന് വിഭിന്നമായ വിസ്തീർണ്ണത്തിലുള്ള ഭൂമിയാണ് ലഭ്യമായത്. സർവെ ചെയ്ത ഭൂമിയിൽ പട്ടയം ലഭിച്ച കുടുംബത്തിന് സർവെ ചെയ്യാത്ത കടൽ പുറമ്പോക്ക് ഭൂമിയിലും സർവെ ചെയ്യാത്ത കടൽ പുറമ്പോക്ക് ഭൂമിയിൽ പട്ടയം ലഭിച്ച കുടുംബത്തിന് സർവെ ചെയ്ത ഭൂമിയിലും വീട് വച്ച് നൽകുകയും പട്ടയം ലഭിച്ച കുടുംബത്തിന് വീട് വെച്ച് നൽകാതെയും പട്ടയം ഇല്ലാതെ കൈയേറി താമസിച്ച ഭൂമിയിൽ വീട് വച്ച് നൽകുകയും ചെയ്തിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾ കാരണം പട്ടയം ലഭിച്ച കുടുംബങ്ങൾക്ക് പോലും കൈവശ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള

രേഖകൾ നൽകാൻ കഴിയാത്ത സ്ഥിതിവിശേഷമാണുള്ളത്.

നിലവിൽ 327 കുടുംബങ്ങൾ വീട് വച്ചോ കുടിൽകെട്ടിയോ താമസിച്ചുവരുന്നുണ്ട്. ഇവരിൽ 271 കുടുംബങ്ങൾ വിവിധ സമയങ്ങളിലായി പട്ടയം ലഭിച്ചവരാണ്. 56 കുടുംബങ്ങൾ പട്ടയം ഒന്നുമില്ലാതെ ഭൂമി കൈയേറി വീട്/കുടിൽ നിർമ്മിച്ച് താമസിച്ചുവരുന്നവരാണ്. ഇവരിൽ 214 കുടുംബങ്ങൾക്കാണ് KSHB വഴി വീട് വച്ച് നൽകിയിട്ടുള്ളത്. കടൽ ഭിത്തിക്ക് 30 മീറ്ററിനുള്ളിലുള്ള ഭൂമിയിൽ പോലും KSHB വഴി വീട് നിർമ്മിച്ചുനൽകിയിട്ടുണ്ട്. കോളനിയിലെ വീട് നിൽക്കുന്ന മുഴുവൻ ഭൂമിയും സർവെ ചെയ്ത് ഓരോ വീട് /കുടിലിന്റെയും സ്ഥാനം നിർണയിച്ചിട്ടുള്ളതാണ്.

ശാന്തിനഗർ കോളനി സ്ഥിതി ചെയ്യുന്ന ഭാഗത്ത് കടൽ ഭിത്തി വളരെ ദുർബലമായതിനാൽ കടൽ ഭിത്തിയിൽനിന്നും ഏതാണ്ട് 50 മീറ്ററിനുള്ളിലുള്ളവരെ ഏതാണ്ട് എല്ലാ വർഷവും കടൽ ക്ഷോഭം കാരണം മാറ്റിപ്പാർപ്പിക്കാറുള്ളതാണ്. ആയതിനാൽതന്നെ പട്ടയ പ്രശ്നം പരിഹരിക്കുന്നതിനായി പഴയ പട്ടയം റദ്ദ് ചെയ്ത് നിലവിൽ കൈവശം വെച്ചുവരുന്ന വിസ്തീർണ്ണത്തിനും ഭൂമിക്കും അനുസരിച്ച് അർഹത പരിശോധിച്ച് പുതിയ പട്ടയം നൽകിക്കൊണ്ട് മാത്രം ഈ കോളനിയിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. ശാന്തി നഗർ കോളനിയിലെ നാലിലൊന്ന് കുടുംബങ്ങൾ മാത്രമാണ് മത്സ്യത്തൊഴിൽ ഉപജീവനമാർഗ്ഗം ആക്കിയിട്ടുള്ളത്. ബാക്കിയുള്ളവരിൽ ഭൂരിഭാഗവും കോഴിക്കോട് ബീച്ച് പരിസരത്തും മറ്റും വിവിധ

സ്ഥാപനങ്ങളിലും കൂലിവേലയും മറ്റു നഗരാധിഷ്ഠിത ജോലികളും ചെയ്തു ജീവിച്ചുവരുന്നവരുമാണ്. ആയതിനാൽ നിലവിലുള്ള ജീവിതവൃത്തിയുമായി ബന്ധപ്പെട്ട പരിസരങ്ങളിൽനിന്ന് അകലെയുള്ള സ്ഥലങ്ങളിലേക്ക് മാറിത്താമസിക്കാൻ ഭൂരിപക്ഷം പേരും സന്നദ്ധരല്ല. കടൽ ഭിത്തിക്ക് 50 മീറ്ററിനുള്ളിൽ താമസിച്ചുവരുന്ന 202 കുടുംബങ്ങളിൽ 32 പേർ മാത്രമാണ് പുനർഗേഹം പദ്ധതി വഴിയുള്ള പുനരധിവാസത്തിന് സമ്മതം അറിയിച്ചിട്ടുള്ളത്. എന്നാൽ അവരിൽ തന്നെ 12 പേർക്ക് KSHB വഴി മുമ്പ് വീട് നിർമ്മിച്ചു നൽകിയിട്ടുള്ളതാണ്.

പുനർഗേഹം പദ്ധതിയിൽ അനുവദിക്കുന്ന 10 ലക്ഷം രൂപ കൊണ്ട് പരിസര പ്രദേശങ്ങളിൽ ഒന്നും ഭൂമി വാങ്ങി വീട് വയ്ക്കാൻ കഴിയാത്തതുകൊണ്ടാണ് അവർക്ക് ഈ പദ്ധതിയിൽ താൽപര്യമില്ലാത്തത്. ആയതിനാൽ പുനർഗേഹം പദ്ധതി വഴി 10 ലക്ഷം രൂപ നൽകിക്കൊണ്ടും ഈ കോളനിയിലെ പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിയില്ല.

ശാന്തി നഗറിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്നതിനായി ഒന്നിലേറെ വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. പുനരധിവാസ വിഷയത്തിൽ കൈവശക്കാരുടെ അഭിപ്രായം കൂടെ കണക്കിലെടുത്തുകൊണ്ട് മാത്രമേ ഇക്കാര്യം അന്തിമമായി പരിഹരിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ ഇക്കാര്യത്തിൽ സ്ഥല പരിശോധന നടത്തി താമസക്കാരുടെ അഭിപ്രായം കൂടി ലഭ്യമാക്കി ഒരു

റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്.

റിപ്പോർട്ട് ലഭ്യമായതിനുശേഷം ബന്ധപ്പെട്ട എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് ബഹു. അംഗത്തിന്റെ സാന്നിധ്യത്തിൽ ഒരു യോഗം ചേരാവുന്നതാണ്.

(3) കല്ല്യാശ്ശേരിയിലെ റഗുലേറ്റർ-കം-ബ്രിഡ്ജിന് പുതിയ ഷട്ടർ സ്ഥാപിക്കുന്നത് സംബന്ധിച്ച് ശ്രീ. എം. വിജിൻ, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

കല്ല്യാശ്ശേരി മണ്ഡലത്തിലെ 10 ഗ്രാമപഞ്ചായത്തുകളിലെ (കല്ല്യാശ്ശേരി, കണ്ണപുരം, ചെറുകുന്ന്, മാട്ടൂൽ, മാടായി, ചെറുതാഴം, കുഞ്ഞിമംഗലം, കടന്നപ്പള്ളി പാണപ്പുഴ, ഏഴോം, പട്ടുവം) ഉപ്പുവെള്ള പ്രതിരോധ ബണ്ടുകളുടെ നിർമ്മാണത്തിന് 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 80 ലക്ഷം രൂപ വകയിരുത്തുകയും 31-03-2023 തീയതിയിലെ സ. ഉ. (സാധാ) നമ്പർ 355/2023/WRD പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ഭരണാനുമതി നൽകിയ 15 പ്രവൃത്തികളിൽ 9 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 5 പ്രവൃത്തികൾ പുരോഗതിയിലുമാണ്. ഒരു പ്രവൃത്തി ചെയ്യാനുദ്ദേശിച്ച സ്ഥലത്ത് പഞ്ചായത്ത് മുഖേന SWECB നിർമ്മിച്ചതുകൊണ്ട് പ്രസ്തുത പ്രവൃത്തി നടപ്പാക്കാൻ സാധിക്കാത്തതിനാൽ ആയത് റദ്ദ് ചെയ്തിട്ടുണ്ട്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന മേഖലകളിലേക്കുള്ള ഉപ്പുവെള്ള പ്രതിരോധാവശ്യാർഥം മുട്ടിൽ കാപ്പ് റഗുലേറ്റർ-കം-

ബ്രിഡ്ജ്, മുണ്ടപ്രം ആർ.സി.ബി. എന്നീ 2 പ്രവൃത്തികൾ വിഭാവനം ചെയ്തിരുന്നു. ഇതിൽ മുട്ടിൽ കാപ്പ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും അനുബന്ധ രേഖകളും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-യുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഐ.ഡി.ആർ.ബി.-യിൽ നിന്നും ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

മാടായി പഞ്ചായത്തിലെ നിലവിലുള്ള വെള്ളച്ചാൽ SWECB-യുടെ പുനർ നിർമ്മാണം, മൂലക്കീൽ ബണ്ട് റിപ്പയർ എന്നീ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്മേൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. വെള്ളിക്കീൽപുഴ (കുറ്റിക്കോൽ പുഴ) പ്രദേശത്ത് ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ ഇരിണാവ് റഗുലേറ്റർ-കം-ബ്രിഡ്ജ് 1964-ൽ ഡിപ്പാർട്ട്മെന്റ് നിർമ്മിച്ചതാണ്. കാലപ്പഴക്കം കൊണ്ടും വർഷങ്ങളായി ഉപ്പുവെള്ളവുമായുള്ള നിരന്തര സമ്പർക്കം കാരണവും ആർ.സി.ബി.-യുടെ ഷട്ടറുകൾ പൂർണ്ണമായും നശിച്ച് ഉപയോഗശൂന്യമാണ്. കൂടാതെ പാലത്തിന്റെ പല ഭാഗങ്ങളിലും കോൺക്രീറ്റ് പൊട്ടിപ്പൊളിഞ്ഞ് പോയതായും കാണുന്നുണ്ട്. നിലവിൽ പൊതുമരാമത്ത്

വിഭാഗം പ്രസ്തുത ആർ.സി.ബി.-ക്ക് മുകൾ ഭാഗത്തായി പാലം നിർമ്മിച്ചിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള ആർ.സി.ബി. റഗുലേറ്റർ മാത്രമായി നിലനിർത്തിയാൽ മതിയാകും. ഉപയോഗശൂന്യമായ ഷട്ടർ മാറ്റി പുതിയ ഷട്ടർ സ്ഥാപിക്കണമെങ്കിൽ നിലവിലുള്ള ആർ.സി.ബി.-യുടെ ബലക്ഷയം പരിശോധിക്കേണ്ടതായിട്ടുണ്ട്. 12-02-2025-ൽ KERI, Peechi അധികൃതർ പ്രസ്തുത സ്ഥലത്ത് പരിശോധന നടത്തിയിട്ടുണ്ട്. പരിശോധന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക്, ആയതിന്മേലുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(4) എൻ.എച്ച്.-66-ൽ കായംകുളത്തെ അടിപ്പാത-മേൽപ്പാലം നിർമ്മാണം സംബന്ധിച്ച് ശ്രീമതി യു. പ്രതിഭ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

Sl. No.	Type	Location	Chainage	Size	Remarks
1.	VUP	Ochira	460+765	1 x 22.9 x 5.5	CA
2.	SVUP	Kayamkulam, Krishnapuram	459+425	1 x7 x 4	CA
3.	SVUP	Kayamkulam, KPAC Junction	458+325	1 x 7 x 4	CA
4.	VUP	Kayamkulam KSRTC	456+520	1 x 22.9x 5.5	CA
5.	VUP	Kayamkulam KSRTC	456+495	1 x 22.9 x 5.5	COS-3
6.	LVUP	Kayamkulam ONK Junction	455+765	1 x 15 x 4.5	Change of span length from 12 m to 15 m for LVUP in

					COS-3
7.	LVUP	Puthen road	453+520	1 x 13.8	CA